ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഉത്തരം തയ്യാറായിട്ടില്ല എന്നു പറഞ്ഞ ചോദ്യത്തിനു ഒരു സപ്ലിമെന്ററി ചോദ്യം ചോദിക്കാൻ അനുവദിക്കാമോ?

മി. സ്പീക്കർ : ഉത്തരം തയ്യാറായിട്ടില്ലെന്നു പറഞ്ഞ ചോദ്യങ്ങൾക്കു അവയോടനുബന്ധിച്ച് വല്ല വിവരങ്ങളും അറിയണമെന്നുണ്ടെങ്കിൽ അവയെ സംബന്ധിച്ച് സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കുന്നതിൽ തെറ്റില്ല.

ശ്രീ. പി. കെ. യശോധരൻ : കാളേജു യൂണിയൻ അനുവദിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രക്ഷോഭണങ്ങൾക്ക് എന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. എ. താണുപിള്ള : ന്യായമാണെന്നു കാണുന്നതായാൽ നിശ്ചയമായിട്ടും പരിഹാരം ഉണ്ടാക്കുന്നതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : വിവരങ്ങൾ മുഴുവനും കിട്ടിയിട്ടില്ലെന്നു പറയുകയുണ്ടായി. എന്നാൽ കിട്ടിയ വിവരങ്ങൾ എന്തെല്ലാമാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള : ഒരു ചോദ്യത്തിനു ആസ്പദമായ മുഴുവൻ വിവരങ്ങളും കിട്ടാതെ, കിട്ടിയതു വച്ചുകൊണ്ട് ഒരു മറുപടി പറയുന്നതു വിഹിതമാണെന്നു തോന്നുന്നില്ല. ഇവയെ സംബന്ധിച്ചുള്ള ഉത്തരം മുഴുവനും ഇനി ഒരവസരത്തിൽ സഭയെ ധരിപ്പിക്കാം.

Housing Scheme.

*7. [8] **Shri T. P. Sitaraman :** Will the Chief Minister be pleased to state :

(*a*) whether the Central Government have allotted to this State ten lakhs of rupees for housing scheme ; and

(*b*) did this Government not make use of this amount and why ?

Minister for Finance **(Shri P. S. Nataraja Pillai) :**

(*a*) Yes.

(*b*) No. As the terms stipulated by the Government of India were not acceptable to the factory owners they did not co-operate with the scheme and the scheme could not therefore be implemented.

Shri Panampilli Govinda Menon : May I know the terms stipulated by the Government of India in making this grant ?

Shri. P. S. Nataraja Pillai : An interest-free loan of Rs. 10 lakhs was drawn by this Government from the Central Government towards an industrial housing scheme of the Government of India for 1951-52. When the scheme was taken to the factory owners, it was found that some of the terms stipulated by the Government of India, particularly that in respect of the ultimate ownership of the buildings, were not acceptable to them. They, therefore, failed to co-operate with the scheme and consequently the scheme could not be implemented.

Shri Panampilli Govinda Menon : May I know whether there was anything in the scheme under which the Government were in a position to force the factory owners to accept the scheme?

Shri P. S. Nataraja Pillai : As far as I know, there is absolutely no provision to compel the factory owners to accept the scheme.

Shri Panampilli Govinda Menon : May I know when exactly this grant was drawn by this Government ?

Shri P. S. Nataraja Pillai : I am sorry, I am not able to give the exact date.

Shri Panampilli Govinda Menon : May I know whether subsequently the Government of India have introduced a modified housing scheme ?

Shri P. S. Nataraja Pillai : Subsequently the Government of India have introduced a modified scheme called the "Subsidised Industrial Housing Scheme", which is calculated to be more advantageous, as according to this, 50% of the cost of construction will be given as a subsidy and 50% as loan at 4½% interest.

Shri M. P. Menon : May I know whether before the modified scheme was sanctioned by the Government of India, representatives of the Trade Unions and factory owners were approached by this Government ?

Shri P. S. Nataraja Pillai : As far as I am able to gather from the papers before me, they have approached leading factory owners in different parts of the State and there was no sufficient response.

Shri M. P. Menon : May I know whether Trade Union representatives were approached by the Government ?

Shri P. S. Nataraja Pillai : It was a question of inducing the factory owners to advance money. Perhaps Government have not approached the Trade Unions.

Shri M. P. Menon : On the question of industrial housing scheme, did the Government receive any representation from any Trade Union ?

Shri P. S. Nataraja Pillai : That was not the question involved in this matter. It was a question of factory owners putting up houses for industrial works. That is a scheme distinct from the one the hon. member states now.

Shri M. P. Menon : May I know whether the original scheme is not part of the modified scheme ?

Shri P. S. Nataraja Pillai : The present question relates to the industrial housing scheme as conceived by the Government of India in 1951-52. That conception was to induce the factory owners to build houses on the basis of the loan granted by the Government of India under the industrial housing scheme. For that scheme, the factory owners were not prepared.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സ്കീം അനുസരിച്ച് മുതലാളികളെ സമീപിച്ചതു് ഏതു ഉദ്യോഗസ്ഥനാണ് ?

Shri P. S. Nataraja Pillai : I do not know.

ശ്രീ. ടി. കെ. ദിവാകരൻ : ഏതെങ്കിലും സ്ഥലത്തെ മുതലാളികളെ വിളിച്ചുകൂട്ടി ഈ സ്കീമിനെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായിട്ടുണ്ടോ?

Shri P. S. Nataraja Pillai : That fact is not available in the papers with me now.

ശ്രീ. ടി. കെ. ദിവാകരൻ : ഈ തുക ഇപ്പോഴും ലാപ്സായിപ്പോയിരിക്കയാണോ, അതോ മോഡിഫൈ ചെയ്ത് വീണ്ടും ഉൾപ്പെടുത്തിയിരിക്കയാണോ?

Shri P. S. Nataraja Pillai : Steps are being taken to have it included within the modified scheme.

Community Projects.

*8. [9] **Shri T. P. Sitaraman :** Will the Chief Minister be pleased to state :

(*a*) how much amount has been spent in each community project area ; and

(*b*) in what way ?

Chief Minister (**Shri A. Thanu Pillai**):

(*a*) Neyyattinkara-Vilavancode Rs. 6,26,943
Kunnathunad-Chalakudi Rs. 5,29,212

(*b*) The expenditure was incurred under the following heads:

Neyyattinkara-Vilavancode.

	Rs.	As.	Ps.
A. Project Headquarters			
(*a*) Pay of officers and establishment	1,29,980	4	4
(*b*) Contingencies such as construction of office garage, maintenance of jeeps, etc.	85,953	5	5
B. Agricultural & Animal Husbandry	76,209	14	5
C. Irrigation	24,859	2	8
D. Reclamation	3,129	6	1
E. Public Health & Rural Sanitation	1,00,605	4	9
F. Education	15,596	1	2
G. Social Education	5,766	6	11
H. Communications	71,243	13	0
I. Rural Arts, Crafts & Industries	1,14,598	13	8
Total	6,26,942	8	5

Kunnathunad-Chalakudi.

	Rs.	As.	Ps.
A. Project Headquarters			
(*a*) Pay of officers and Establishment	1,17,800	8	0
(*b*) Contingencies such as construction of office garage, maintenance of jeeps, etc.	52,665	13	7
B. Agriculture and Animal Husbandry	83,808	7	8
C. Irrigation	89,808	7	8
D. Reclamation	...		
E. Health and Sanitation	33,347	8	7
F. Education	6,742	5	11
G. Social Education	11,535	0	9

H. Communication	1,22,608	1	4
I. Arts and Crafts	5,971	1	9
Debt Head R-Loans and Advances	4,925	0	0
Total	5,29,212	7	3

Shri T. P. Sitaraman : May I know whether there has been any contribution from the public to carry out the schemes in the Community Project ?

Shri A. Thanu Pillai : There has been no contribution.

ശ്രീ. കെ. സി. ജോര്‍ജ്ജ് : കമ്മ്യൂണിററി പ്രോജക്ററ് ഏരിയായില്‍ ഏററവും കൂടിയ ശമ്പളം എത്രയാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതിനു പ്രത്യേകം ഒരു ചോദ്യംവന്നാല്‍ മറുപടി പറയാം.

ശ്രീ. കെ. സി. ജോര്‍ജ്ജ് : കമ്മ്യൂണിററി പ്രോജക്ററ് ഏരിയായില്‍ ശമ്പളയിനത്തില്‍ ൪ ലക്ഷം രൂപ ചിലവായി എന്ന് പറഞ്ഞു.

ശ്രീ. എ. താണുപിള്ള : നാലു ലക്ഷം രൂപ ചിലവായി എന്നു ഞാന്‍ പറഞ്ഞില്ല. നെയ്യാററിന്‍കര-വിളവങ്കോട്ട് കമ്മ്യൂണിററി ഏരിയായില്‍ ൩,൨൩,൯൪൩ രൂപ ചിലവായി എന്നും അതില്‍ എസ്ററാബ്ലിഷ്മെന്റിന്റെ ശമ്പളം ഇനത്തില്‍ ൮,൨൬,൯൬൦ രൂപ ചിലവായി എന്നുമാണ് ഞാന്‍ പറഞ്ഞതു്.

ശ്രീ. കെ. സി. ജോര്‍ജ്ജ് : ഈ ശമ്പളയിനത്തില്‍ ചിലവായതില്‍ ഏററവും കൂടിയ ശമ്പളം എത്രയാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതിന്റെ ഇന്‍ഫര്‍മേഷന്‍ ഇപ്പോള്‍ എന്റെ കൈവശമില്ല.

ശ്രീ. എന്‍. രാഘവക്കുറുപ്പ്: കമ്മ്യൂണിററി പ്രോജക്ററ് പ്രവര്‍ത്തനങ്ങളുടെ ചിലവു മുഴുവന്‍ ഈ സര്‍ക്കാര്‍തന്നെയാണോ വഹിച്ചിട്ടുള്ളതു്?

ശ്രീ. എ. താണുപിള്ള : ആദ്യമേ നിശ്ചയിച്ചതനുസരിച്ച് ഒരു വീതം ഗവണ്മെന്റ് ചിലവാക്കേണ്ടതുണ്ട്. ആ വീതമനുസരിച്ച് ഒരു തുക ഗവണ്മെന്റ് ചിലവാക്കിയിട്ടുണ്ട്.

ശ്രീ. എന്‍. രാഘവക്കുറുപ്പ് : ആ വീതം എത്രയാണെന്നു പറയുവാന്‍ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള : നോട്ടീസ്സ് വേണം.

ശ്രീ. ജെ. എ. ഭട്ട്: ഓരോ കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനത്തിനും അതാതു ദേശവാസികളുടെ പ്രോത്സാഹനം എത്രത്തോളം ഗവണ്മെൻറിന് നൽകിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനെക്കുറിച്ചുള്ള വിവരങ്ങൾ എന്റെ കൈവശമില്ല.

തൊഴിലില്ലാത്ത വ്യവസായത്തൊഴിലാളികളുടെ സെൻസസ്സ്.

* നം. [20] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സ്റ്റേററിൽ തൊഴിലില്ലാത്തവരായ വ്യവസായത്തൊഴിലാളികളുടെ (കശുനട്ട്, കയർ, ഓട്, കൈത്തറി തുടങ്ങിയ വ്യവസായശാലകളിൽ) സെൻസസ്സ് എടുക്കാൻ ഗവണ്മെൻറ് തയ്യാറാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്): അതേക്കുറിച്ച് ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. ആർ. സുഗതൻ: ആലോചിക്കുവാൻ എത്രകാലം വേണ്ടിവരും?

ശ്രീ. പി. കെ. കുഞ്ഞ്: ആലോചനയ്ക്കു് ഒരു കാലനിർണ്ണയം ചെയ്യുവാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. സുഗതൻ: ഈ രാജ്യത്തെ കയർ തൊഴിലാളി സംഘടനകൾ ഈ അഭിപ്രായം ഗവണ്മെൻറിനെ അറിയിച്ചതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ: ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിലില്ലാത്തവരുടെ ഒരു സെൻസസ്സ് എടുക്കാതെ ഫലപ്രദമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഈ ചോദ്യത്തിൽ അതു് ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ലേബർഡിപ്പാർട്ടുമെൻറിൽ ഒരു സ്റ്റാററിസ്റ്റിക്കൽ സെക്ഷൻ ഉണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ആ സ്റ്റാററിസ്റ്റിക്കൽ സെക്ഷനിൽ നിന്നു് വിവരം ശേഖരിച്ച് സെൻട്രൽ ഗവണ്മെൻറിലേയ്ക്കു് റിപ്പോർട്ടു ചെയ്യാറുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഉണ്ടായിരിക്കാം.

ചീഫ്സെക്രട്ടറിയുടെ ഉദ്യോഗകാലാവധി.

* ൮൦. [൧൧] ശ്രീ. ആർ സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിലെ ചീഫ്സെക്രട്ടറി, ഉദ്യോഗം ഒഴിഞ്ഞു പോകണമെന്ന് ഇവിടത്തെ കാവൽഗവണ്മെൻറ് ഉത്തരവു പാസ്സാക്കിയോ;

(ബി) അങ്ങനെയൊരു ആർഡർ പാസ്സാക്കാനുണ്ടായ കാരണം വിശദമാക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉവ്വ്.

(ബി) ഇപ്പോഴത്തെ ചീഫ് സെക്രട്ടറിയുടെ കാലാവധി ൧൯-൩-൧൯൫൪ വരെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടാണ് അങ്ങനെ ഗവണ്മെൻറ് ഉത്തരവു പാസ്സാക്കിയതു്.

ശ്രീ. ആർ സുഗതൻ: ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽനിന്ന് ഒരാളെ നാമിനേറ്റചെയ്യ കാര്യത്തിൽ ചീഫ്സെക്രട്ടറിയും കാവൽ മന്ത്രിസഭയും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഉണ്ടായതായി ഫയലിൽ കാണുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ചീഫ്സെക്രട്ടറിയുടെ കാലാവധി ഉത്തരവൊന്നും പാസ്സാക്കിയില്ലെങ്കിൽ മാർച്ച് ൧൯-ാംനു- അവസാനിക്കുമായിരുന്നു എന്ന് ഗവണ്മെൻറിന് അറിയാമോ?

ശ്രീ. എ. താണുപിള്ള: ഫയലിൽനിന്നു മനസ്സിലാകുന്നതു് അങ്ങനെയാണ്. അതുകൊണ്ടു് അതിനുമുമ്പു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഉത്തരവു പാസ്സാക്കേണ്ടതു് ആവശ്യമായിരുന്നു. അതിനുമുമ്പ് വേറൊരു ഗവണ്മെൻറ് രൂപീകരിക്കാൻ താമസം നേരിട്ടതുകൊണ്ടു് അദ്ദേഹത്തിൻെറ കാലാവധി ഒരുമാസത്തേയ്ക്കു് ഗവണ്മെൻറ നീട്ടിയിട്ടുള്ളതായും കാണുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ചീഫ്സെക്രട്ടറിയുടെ കാലാവധി ഒരു മാസത്തേയ്ക്കുകൂടി നീട്ടിയതു് കാവൽ ഗവണ്മെൻറായിരുന്നോ?

ശ്രീ. എ. താണുപിള്ള: ആയിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അങ്ങനെ ചെയ്തതു് ഇനി വരുന്ന ഗവണ്മെൻറിന് അതിൽ ഒരു തീരുമാനംചെയ്യാനുള്ള സാവകാശം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നോ?

ശ്രീ. എ. താണുപിള്ള: അതേ.

ശ്രീ. എം. പി. മേനോൻ: ഒരു മാസം നീട്ടുന്നതിന് ഇവിടത്തെ ഗവണ്മെൻറ് അനുകൂലമല്ലായിരുന്നുവെന്നും സെൻട്രൽ ഗവണ്മെൻറിൻെറ നിർദ്ദേശംമൂലമാണ് അങ്ങനെ ചെയ്തതെന്നും കേൾക്കുന്നതു് ശരിയാണോ?

ശ്രീ. ഏ. താണുപിള്ള: ഈ ഫയൽവച്ചു നോക്കിയാൽ അതു് ശരിയായിരിക്കുകയില്ല.

കൈത്തറി നെയ്ത്തു വ്യവസായം.

✱ ൧൧. [൧൨] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്തു വ്യവസായം ഉദ്ധരിക്കുന്ന കാര്യത്തിൽ ഇതിനകം കേന്ദ്രത്തിൽനിന്നും എന്തുമാത്രം സഹായം ലഭിച്ചിട്ടുണ്ടു്; ഇനി എന്തുമാത്രം പ്രതീക്ഷിക്കുന്നു;

(ബി) കൈത്തറി വ്യവസായങ്ങൾക്കു് കൂടുതൽ ചെലവുണ്ടാകുന്ന കാര്യത്തിൽ സക്കാരിനു് എന്തെങ്കിലും ചെയ്യാൻ കഴിയുമോ;

(സി) കൈത്തറി നെയ്ത്തുകാർക്കു് അടിയന്തിരാശ്വാസം നല്കാൻ സക്കാരിനു കഴിയുമോ; എങ്കിൽ ഏതു രീതിയിൽ?

Minister for Finance (**Shri P. S. Nataraja Pillai**): The answer is not ready, Sir. This is a very important matter. I want to place before the House full information on the matter. It has not been possible to gather the same.

ശ്രീ. കെ. സി. ജോർജ്ജ്: ഈ സംഗതിയെപ്പററി കാലാകാലങ്ങളിൽ ഗവണ്മെൻറിനു് റിപ്പോർട്ടു കിട്ടുകയില്ലേ?

ശ്രീ. പി. എസ്. നടരാജപിള്ള: കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു പറയാം.

നെയ്യാർ അണയുടെ പണി.

✱ ൧൨. [൧൩] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ അണയുടെ പണി എത്രത്തോളമായി;

(ബി) ഈ പദ്ധതിക്കുവേണ്ടി ഇതുവരെ വന്നിട്ടുള്ള ചെലവെത്ര; ഇനി എത്ര വേണ്ടിവരും; എത്ര കാലംകൊണ്ടു് പണി പൂർത്തിയാകും?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഏ. അച്ചുതൻ):

(എ) ൯൩൫ അടി ദൈർഘ്യമുള്ള അണയുടെ ൬൫൦ അടി ജോലികൾ പൂർത്തിയായിട്ടുണ്ടു്. ൨൨ മൈൽ നീളമുള്ള വലതുഭാഗത്തെ തോടിൻെറ ഏഴു മൈലിലെ ജോലികൾ മിക്കവാറും തീൎന്നിട്ടുണ്ടു്. അതിനടുത്ത മൂന്നു മൈലുകളിലും തോടിൻെറ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ൧൯൫൮ ഫെബ്രുവരിവരെ ൨,൭൭,൭൩,൫൬൯ രൂപ ചെലവായിട്ടുണ്ടു്. ഈ അണയുടെയും തോടിൻെറയും ജോലി പൂർത്തിയാകുന്നതിനു് ഇനിയും ൧,൧൮,൧൬,൮൩൧ രൂപ ആവശ്യമാണു്. ഈ ജോലികൾ ൧൯൫൩—൫൪-ൽ പൂർത്തിയാക്കാമെന്നു് പ്രതീക്ഷിക്കുന്നു.

ശ്രീ. ഡി. വിവേകാനന്ദൻ: ഈ പദ്ധതി വളരെ സാവധാനത്തിൽ ആണ് പോകുന്നതെന്ന ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ?

ശ്രീ. എ. അച്ചുതൻ: ബോദ്ധ്യമില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒരുകോടി പതിന്നാലുലക്ഷം രൂപ ആവശ്യമുണ്ടെന്നു പറഞ്ഞതു് ലഫ്റ്റ്ബേങ്ക് ചാനലിനും കൂടിയുള്ള ചെലവിനാണോ?

ശ്രീ. എ. അച്ചുതൻ: അതു് ലഫ്റ്റ്ബാങ്ക് ചാനൽ ഉൾപ്പെടാതെയുള്ള പണികൾക്കാണെന്നു തോന്നുന്നു. തൽക്കാലം റൈററ്ബാങ്ക് ചാനലാണു് എടുത്തിട്ടുള്ളതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ലഫ്റ്റ്ബാങ്ക് ചാനലിൻെറ ഇൻവെസ്റ്റിഗേഷൻ ആയിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: ലഫ്റ്റ്ബാങ്ക്ചാനൽ അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുവാനാണു് നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാർ: റൈററ്ബാങ്ക് ചാനൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിനാണു് തീരുമാനിച്ചിട്ടുള്ളതെന്നു അറിയാമോ?

ശ്രീ. എ. അച്ചുതൻ: അതു് അന്വേഷിച്ചുവേണം പറയുവാൻ.

അഴുകൽ തൊണ്ടു്.

*൮൩ [൮൪] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ക്ഌപ്തമായ വിലയ്ക്കു് അഴുകൽതൊണ്ടു് കയർ സഹകരണസംഘം മുഖാന്തിരം ഉൽപ്പാദകർക്കു് ലഭിക്കുവാൻ വേണ്ട നടപടികൾ നടത്തുവാൻ തയ്യാറാകുമോ?

Minister for Finance (**Shri P. S. Nataraja Pillai**): The answer is not ready.

കയർ മിനിമം വേജസ് കമ്മിററി റിപ്പോർട്ടു്.

*൮൪. [൮൫] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മിനിമം വേജസ് കമ്മിററിയുടെ റിപ്പോർട്ടു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടി എന്തായി?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ): ഉത്തരം ലഭിച്ചിട്ടില്ല.

ശ്രീ. ജെ. എ. ഭട്ടു്: ഈ ചോദ്യങ്ങൾക്കെല്ലാം തക്ക സമയത്തു മറുപടി അയച്ചിട്ടില്ലെങ്കിൽ അതിനുത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കുമോ?

ശ്രീ എ. അച്ചുതൻ : അങ്ങനെ നടപടി എടുക്കേണ്ടതാണെന്നു തോന്നുന്നില്ല.

ശ്രീ. ജെ. എ. ഭട്ട് : അവരുടെ പേരിൽ നടപടി എടുക്കേണ്ട തല്ലേ?

ശ്രീ. എ. അച്ചുതൻ : ഈ ഗവണ്മെൻറ തൽക്കാലം അതിന് ഒരു ങ്ങിയിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഏതു ചോദ്യത്തിനുള്ള മറുപടിയാണു ഇവിടെ പറഞ്ഞതെന്നു മനസ്സിലാകുന്നില്ല.

മി. സ്പീക്കർ : ചോദ്യം ൧൪-ൻെറ മറുപടിയാണ്.

ശ്രീ. യു. നീലകണ്ഠൻ : പ്രധാനപ്പെട്ട ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിനുള്ള ഉത്തരങ്ങൾ ഈ സഭയിൽ നൽകിയില്ലെങ്കിൽ വളരെ സങ്കടമാണ്.

ശ്രീ. എ. അച്ചുതൻ : മുഴുവൻ വിവരവും കിട്ടിയിട്ടില്ല. അതു കൊണ്ടാണു മറുപടി പറയുവാൻ നിവൃത്തിയില്ലാതെ വന്നതു്.

ഗവണ്മെൻറാഫീസുകൾക്ക് എടുത്തിട്ടുള്ള വാടകക്കെട്ടിടങ്ങൾ.

※ ൧൫. [൧൬] ശ്രീ. ററി. ഓ. ബാവാ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആലുവായിൽ ഗവണ്മെൻറാഫീസുകൾക്കായി വാടകയ്ക്കു് എടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ൧൯൫൬-൫൭-ൽ മൊത്തം എത്ര രൂപ വാടക കൊടുത്തിട്ടുണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ): ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന ഫിഗർ പറയുന്നതിന് വേണ്ട ഉത്തരം കിട്ടിയിട്ടില്ല.

Visit of National Congress Leaders

※16. [17] **Shri M. P. Menon :** Will the Chief Minister be pleased to state :

(*a*) what has been the expenditure incurred by the State Government in connection with the recent visit of (1) Shri Jawaharlal Nehru ; (2) Shri Morarji Desai ; (3) Shri C. Rajagopalachari ; and

(*b*) what was the purpose of the above visits ?

Shri A. A. D. Luiz : On a point of order, Sir. This question is very similar to question Nos. 2 and 3, already answered on the floor of the House today. I would invite the attention of the Speaker to *May*, Chapter XVI (page 338) dealing with inadmissible

questions which reads as follows : "Repeating in substance questions already answered or to which an answer has been refused." I would also invite attention to Rule 23 of the Rules of Procedure of this House. I request the favour of a ruling whether questions may be repeated.

Mr. Speaker : It is not desirable to repeat questions. Therefore we will pass on to question No. 17.

Chief Secretary

*17. [18] **Shri M. P. Menon** : Will the Chief Minister be pleased to state whether Government's attention has been drawn to a report appearing in the *Times of India* dated 10-3-1954 about the Chief Secretary being asked to relinquish office on March 12 ?

Shri A. A. D. Luiz : On a point of order, Sir. May I know whether newspaper reports can be used as basis of questions ? The question refers to something that appeared in a newspaper.

Mr. Speaker : This is only drawing the attention of the Government to a report. Such questions can be put.

Shri N. Raghava Kurup : On a point of order, Sir. According to the rules, questions are allowed after careful scrutiny by the Speaker. As such, when the Speaker has used his discretion, is it open to a member to question that discretion ?

Mr. Speaker : Certainly not.

Chief Minister (**Shri A. Thanu Pillai**) : The answer to the question is : "Yes".

Shri M. P. Menon : Is the allegation that the State Government defied the directive of the Central Government ?

Shri Panampilli Govinda Menon : Before the report referred to is placed before the House, is it open to the hon. member to refer to the allegations contained therein ?

Mr. Speaker : No, the report should be before the House, if you want to refer to the allegation contained in it.

Shri M. P. Menon : On a point of information, Sir. If the Chief Minister is prepared to give the answer why not allow him to do so ?

Shri A. Thanu Pillai : When a document which is to be discussed is not before the House, we cannot discuss it. But I can say in regard to this matter, that this Government did not ignore any directive of the Central Government.

ശ്രീ. നെഹ്റുവിന്റെ തിരുവിതാംകൂർ-കൊച്ചി പര്യടനം.

* ൧൭. [൧൯] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. ജവഹർലാൽ നെഹ്റു, ൧൯൫൪ ഫെബ്രുവരിയിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിലും സഞ്ചരിച്ചതു സംബന്ധിച്ചു തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റിന് എത്ര സംഖ്യ ചെലവായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : ഗവണ്മെന്റ്, പ്രധാനമന്ത്രിയുടെ രക്ഷാനടപടികൾക്ക് വേണ്ട ചിലവു മാത്രം വഹിച്ചു. മറ്റുള്ള ഏർപ്പാടുകൾ മുഴുവനും കോൺഗ്രസ്സ് പാർട്ടി ചെയ്യുകയോ അല്ലെങ്കിൽ ആ വകയ്ക്കു ചെലവഴിക്കേണ്ട സംഖ്യ മുൻകൂറായി കൊടുക്കുകയോ ചെയ്തു. കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : എന്റെ ചോദ്യം കോൺഗ്രസ്സ് പ്രസിഡന്റിനെപ്പറ്റിയാണ്. ഉത്തരം പറഞ്ഞിരിക്കുന്നതു് പ്രധാനമന്ത്രിയെപ്പറ്റിയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രധാനമന്ത്രി സ്റ്റേറ്റ് സന്ദർശിക്കുമ്പോൾ ഉള്ള—

Shri T. K. Krishnan : Sir, on a point of order. I should think,—

Shri Panampilli Govinda Menon : The Member cannot raise his point of order in the middle of a sentence.

ഇൻഡ്യൻ പ്രധാനമന്ത്രി ഓരോ പ്രധാനപ്പെട്ട സ്റ്റേറ്റുകൾ സന്ദർശിക്കുമ്പോൾ അവരുടെ യാത്രച്ചെലവിനും മറ്റുമായി അതാതു സ്റ്റേറ്റുകൾ തന്നെയാണ് ചെലവു ചെയ്യേണ്ടതെന്നു ഇൻഡ്യാ ഗവണ്മെന്റു തന്നെ നിർദ്ദേശിച്ചിട്ടുണ്ടോ? പബ്ലിക്ക് മീറ്റിംഗുകളിൽ ഹാജരാകുന്ന അവസരങ്ങളിലും അതാതു സ്റ്റേറ്റുകൾ ആണ് പണം ചെലവു ചെയ്യാറുള്ളതു് എന്ന് ഒരു സർക്കുലർ ഇല്ലേ?

ശ്രീ. എ. താണുപിള്ള : പ്രധാനമന്ത്രിയുടെ സന്ദർശനവേളയിൽ മീറ്റിംഗുകളിൽ ഹാജരാകുന്ന സ്ഥലങ്ങളിൽ പ്ലാറ്റ്ഫാറം പൊക്കത്തിൽ ഉണ്ടാക്കണമെന്നും അതിനുള്ള ചെലവ് സ്റ്റേറ്റ് ഗവണ്മെന്റുകൾ തന്നെ വഹിക്കണമെന്നും ആണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പബ്ലിക്ക് മീറ്റിംഗുകളിൽ പ്രസംഗിക്കുന്നതിന് പ്ലാറ്റ്ഫാറം ഇത്ര പൊക്കത്തിൽ വേണമെന്ന് നിശ്ചയിച്ചിട്ടുള്ളതു് അറിയാമോ?

ശ്രീ എ. താണുപിള്ള : ശരിയായ രക്ഷാനടപടികൾ വേണമെന്നുണ്ട്, അതുകൊണ്ടാണ് ഇത്ര പൊക്കത്തിൽ പ്ലാറ്റ്ഫാറം വേണമെന്നു നിശ്ചയിട്ടുള്ളതു്.

ശ്രീ. ടി. എസ്. രാമസ്വാമി: പ്ലാറ്റ്ഫാറം ഇത്ര പൊക്കത്തിൽ വേണമെന്ന പ്രൊപ്പോസൽ ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: പ്ലാറ്റ്ഫാറം പൊക്കി കെട്ടിയില്ലെങ്കിൽ രക്ഷയില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. എ. താണുപിള്ള: അങ്ങിനെയല്ല മനസ്സിലാക്കേണ്ടതു്.

Written Answers.

Satyagraha Campaign launched by the C. A. P. T. A.

*19. [20] **Dr. N. K. Kumaran:** Will the Chief Minister be pleased to state:

(*a*) whether the Government have taken note of the recent Satyagraha campaign launched by the C.A. P. T. A. members; and

(*b*) whether the Government propose to take any action in the matter?

Chief Minister (**Shri A. Thanu Pillai**):

(*a*) Government were aware of the Satyagraha launched by the C. A. P. T. A. Members.

(b) The matter is engaging the attention of Government.

Stock position of rice and paddy.

*20. [21] **Shri Avira Tharakan:** Will the Chief Minister be pleased to state:

(*a*) the stock position of rice and paddy with the Government as on 28-2-1954; and

(*b*) the quantity of rice distributed over and above the quota during January and February 1954?

Chief Minister (**Shri A. Thanu Pillai**):

(*a*) Rice	..	57,694 tons.
Paddy	..	5,284 tons (in terms of rice.)

(*b*) No extra ration was issued in January and in the first week of February. From 7-2-1954 a quantity of 3 ozs. rice per adult per day is being issued as extra ration at economic cost over and above the basic ration. The quantity issued during the three weeks ended 27-2-1954 is 850 tons.

പ്രസവകാലവേതനം.

* ൨൧. [൨൨] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പ്രസവകാലവേതന ആക്റ്റിൻ പ്രകാരം ഇൻസ്പെക്റ്റർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

തദ്ദേശസ്വയംഭരണാരോഗ്യമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മുണ്ടക്കയം ലാക്കപ്പിൽ തൂങ്ങിമരണം.

* ൨൨. [൨൩] ശ്രീ. കെ. ചന്ദ്രശേഖരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯-൧൧-൫൩-ൽ മുണ്ടക്കയം ലാക്കപ്പിൽ ചെറിയാൻ തോമസ്സ് തൂങ്ങിമരിച്ചുനിന്നതായി കാണപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലാക്കപ്പുമരണത്തെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണഫലമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) പൊൻകുന്നം മജിസ്ട്രേട്ട് ഇൻക്വസ്റ്റ് തയ്യാറാക്കിയ ശേഷം സംഭവത്തെപ്പറ്റി അന്വേഷണങ്ങൾ നടത്തി.

(സി) സംഭവം ആത്മഹത്യയാണെന്ന് വെളിപ്പെട്ടു.

UNSTARRED QUESTIONS.

General Election.

1. (1) **Shri T. P. Sitaraman:** Will the Chief Minister be pleased to state:

(*a*) how many political parties contested the present elections and what are they;

(*b*) what all political parties contested in the last general elections ;

(*c*) how many votes each party has obtained in the two general elections; and

(*d*) what is the percentage of each ?

Answer.

(*a*) Six.

1. Indian National Congress
2. Praja Socialist Party
3. Communist Party of India
4. Revolutionary Socialist Party
5. Travancore Tamil Nad Congress; and
6. Bharatiya Jan Sangh.

(*b*)
1. Indian National Congress
2. Socialist Party
3. Revolutionary Socialist Party
4. Tamil Nad Congress Party
5. Travancore Tamil Nad Congress Party
6. Tamil Nad People's Front
7. Kerala Socialist Party
8. Travancore-Cochin Republican Praja Party
9. Cochin Party.

1. *General Elections of* 1951.

(*c*)
1. Indian National Congress. 12,04,364
2. Socialist Party. 4,85,194
3. Revolutionary Socialist Party. 1,18,333
4. Tamil Nad Congress Party. 47,054
5. Travancore Tamil Nad Congress Party. 2,01,118
6. Tamil Nad People's Front. 4,025
7. Kerala Socialist Party. 73,981
8. Travancore-Cochin Republican Praja Party. 53,034
9. Cochin Party. 59,535
10. Independents. 11,51,555
11. Invalid votes. 42,445.

2. *General Elections of* 1954.

1. Indian National Congress. 17,62,820
2. Praja Socialist Party. 6,32,623
3. Communist Party of India. 6,52,613
4. Revolutionary Socialist Party. 2,12,354
5. Travancore Tamil Nad Congress. 2,37,411
6. Bharathiya Jan Sangh. 403
7. Independents. 3,91,612
8. Invalid votes. 18,740.

1. *General Elections of* 1951.

(*d*) 1. Indian National Congress. 35 per cent.
2. Socialist Party. 14.1 per cent.
3. Revolutionary Socialist Party. 3.4 per cent.
4. Tamil Nad Congress Party. 1.4 per cent.
5. Travancore Tamil Nad Congress Party. 5.8 per cent.
6. Tamil Nad People's Front 0.1 per cent.
7. Kerala Socialist Party. 2.2 per cent.
8. Travancore-Cochin Republican Praja Party. 1.5 per cent.
9. Cochin Party. 1.7 per cent.
10. Independents. 33.5 per cent.
11. Invalid. 1.2 per cent.

2. *General Elections of* 1954.

1. Indian National Congress. 45.1 per cent.
2. Praja Socialist Party. 16.2 per cent.
3. Communist Party of India. 16.7 per cent.
4. Revolutionary Socialist Party. 5.4 per cent.
5. Travancore Tamil Nad Congress. 6.1 per cent.
6. Bharatiya Jan Sangh 0.01 per cent.
7. Independents. 10.0 per cent.
8. Invalid. 0.5 per cent.

കല്ലൂർ വില്ലേജിലെ അധഃകൃത കാളനി.

൨. [൨] ശ്രീ. ററി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിൽ അധഃകൃത കാളനിസ്ഥലത്തു എത്ര കിണറുകളുണ്ടു്;

(ബി) കിണറുകളിൽ വെള്ളമില്ല എന്ന സ്ഥിതി അറിയാമോ

(സി) വെള്ളം കിട്ടുമാറാക്കുവാൻ വേണ്ട നടപടികൾ ഉടൻ എടുക്കുമോ?

ഉത്തരം.

(എ) മൂന്നു്.

(ബി) രണ്ടു കിണറുകളിൽ വെള്ളം കുറവാണെന്നും മൂന്നാമത്തേതിൽ വെള്ളം ഉണ്ടെന്നും അറിയാം.

(സി) വേണ്ട നടപടി എടുത്തുവരുന്നു.

പാലിയം മലയാളം സ്കൂൾ കെട്ടിടം.

൩. [൪] ശ്രീ. റ്റി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്ക് തൃശ്ശൂർ പാലിയം മലയാളം സ്കൂൾ കെട്ടിടം വളരെ ശോചനീയാവസ്ഥയിലാണെന്ന് ഗവണ്മെന്റിന് അറിയാമോ;

(ബി) ഓടുമേഞ്ഞു് കെട്ടിടം നന്നാക്കുവാൻ വേണ്ട നടപടി എടുക്കുമോ;

(സി) അടിഭാഗങ്ങളും സിമെന്റോ ഇഷ്ടികയോകൊണ്ടു് വൃത്തിആക്കിക്കുമോ?

ഉത്തരം.

(എ) അറിവില്ല.

(ബി-സി) ഈ സ്കൂൾ കെട്ടിടത്തിന്റെ സ്ഥിതിയെപ്പറ്റി വേണ്ട അന്വേഷണം നടത്തി ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

സ്കൂൾ ബിൽഡിംഗ് ഗ്രാന്റ്.

൪. [൭] ശ്രീ. ടി. ഓ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ നിർമ്മിച്ചു് ഗവണ്മെന്റിലേയ്ക്കു് വിട്ടുകൊടുത്ത താഴെക്കാണുന്ന സ്കൂളുകൾക്ക് ബിൽഡിംഗ് ഗ്രാന്റ് കൊടുത്തിട്ടുണ്ടോ;

(൧) വടക്കേ വാഴക്കുളം പ്രൈമറിസ്കൂൾ.

(൨) എടത്തല പ്രൈമറിസ്കൂൾ.

(൩) തെക്കേവാഴക്കുളം പ്രൈമറിസ്കൂൾ.

(ബി) ഉണ്ടെങ്കിൽ എത്ര വീതം കൊടുത്തു?

ഉത്തരം

(എ) (൧) കൊടുത്തിട്ടുണ്ടു്.

(൨) ഇല്ല.

(൩) ഇല്ല.

(ബി) വടക്കേ വാഴക്കുളം പ്രൈമറിസ്കൂളിന് ൪,൪൪൮ രൂപ ൮ അണ കൊടുത്തിട്ടുണ്ടു്.

Primary Schools.

5. [8] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) The number of Primary Schools conducted by private agencies in the State;

(*b*) Of this, the number that are under individual management and the number that are managed by corporate bodies; and

(*c*) The number that are conducted by religious institutions ?

Answer.

(*a*) 1931.

(*b*) 1. The number of Primary Schools that are under individual management—892.

2. The number that are managed by Corporate bodies—1039.

(*c*) Of the 1931 those conducted by religious institutions are 1132.

Drinking Water for Mattancherry.

6. [9] **Shri M. P. Menon**: Will the Chief Minister be pleased to state :

(*a*) whether there are frequent complaints from the residents of Mattancherry about the shortage of drinking water ; and

(*b*) what steps have been taken to improve the situation ?

Answer.

(*a*) Yes.

(*b*) to augment the supply to a small extent, the pumping, coagulating and filtering capacity at the Head Works at Chowwara are being increased. But these steps will only partially solve the problem. A comprehensive Scheme for improving water supply to Ernakulam, Mattancherry etc., is under consideration.

Opening of a Dispensary.

7 [10] **Dr. N. K. Kumaran** : Will the Chief Minister be pleased to state :

(*a*) whether any representation was made by the people of Kanjiramattam and adjoining villages in the Kanayannur constituency, regarding the opening of a dispensary at Aryankavu ; and

(*b*) if so, what action if any has been taken by Government so far on the same ?

Answer.

(*a*) Yes.

(*b*) the request was rejected.

വിദ്യാർത്ഥിശിക്ഷണം.

൨൭. [൧൩] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കാളേജുകളിൽനിന്നായി (പ്രൈവറ്റ് കാളേജുകൾ ഉൾപ്പെടെ) ൧൯൫൩-൫൪ വിദ്യാഭ്യാസവർഷത്തിൽ എത്ര വിദ്യാർത്ഥികളെ ശിക്ഷണനടപടികളെടുത്ത് പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) ഇവരുടെ പേരുവിവരവും ഏതു കാളേജിൽനിന്ന് എന്നും വെളിപ്പെടുത്താമോ ?

(സി) വിധ്വംസകപ്രവർത്തനങ്ങളിലൊ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തനങ്ങളിലൊ ഏർപ്പെടുന്നുവെന്ന കാരണം പറഞ്ഞോ ഏതെങ്കിലും ഹരിജനവിദ്യാർത്ഥിയെ കാളേജിൽ നിന്നും പുറത്താക്കുകയൊ വിദ്യാഭ്യാസ സൌജന്യങ്ങൾ പിൻവലിക്കുകയോ ചെയ്തിട്ടുണ്ടോ ?

(ഡി) ഉണ്ടെങ്കിൽ ആരെയെല്ലാം ? ഏതേതു കാളേജുകളിൽ നിന്ന് ?

ഉത്തരം.

(എ) ഇതിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരവും ശേഖരിച്ചുവരുന്നു കിട്ടിയിടത്തോളമുള്ള വിവരങ്ങളിൽനിന്നു വിദ്യാർത്ഥിയൂണിയൻ അനുവദിക്കുന്നതു സംബന്ധിച്ച് പണിമുടക്കിയതിന് ൨൩ വിദ്യാർത്ഥികളെയും പരീക്ഷയ്ക്ക് അനാശാസ്യനടപടികൾക്കായി ഒരു വിദ്യാർത്ഥിയെയും പിരിച്ചു വിട്ടിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ പേരുവിവരവും അവർ പഠിച്ചിരുന്ന കാളേജിന്റെ പേരും താഴെ കൊടുത്തിരിക്കുന്നു:

എൻ. എസ്സ്. എസ്സ്. ഹിന്ദുകാളേജ്, ചങ്ങനാശ്ശേരി.

൧. ശ്രീ. ടി. എസ്സ്. ശങ്കരനാരായണയ്യർ
൨. ,, എം. അബ്ദുൽ ഹമീദ്
൩. ,, സക്കറിയാ കുര്യൻ
൪. ,, ഒ. എൻ. തോമസ് രാജൻ
൫. ,, പി. വി. ഉണ്ണികൃഷ്ണപിള്ള
൬. ,, കെ. ഏ. രാമൻപിള്ള

എൻ. എസ്സ്. എസ്സ്. കാളേജ്, പന്തളം.

൧. ശ്രീ. പി. ഗംഗാധരൻപിള്ള
൨. ,, ജി. കൃഷ്ണൻകുട്ടിനായർ
൩. ,, എ. എൻ. വിശ്വംഭരൻ

യൂണിവേഴ്സിററി കാളേജ്, തിരുവനന്തപുരം.

൧. ശ്രീ. പി. രാധാകൃഷ്ണൻ
൨. ,, ബി. കേശവൻ നായർ

മഹാത്മാഗാന്ധികാളേജ്, തിരുവനന്തപുരം.

൧. ശ്രീ. ഡി. ഡേവിഡ്
൨. ,, കെ. എൻ. രാമൻ
൩. ,, സി. ആർ. നാരായണപിഷാരടി
൪. ,, സി. ശ്രീരഞ്ജൻ
൫. ,, യു. സോമശേഖരൻ നായർ
൬. ,, ജി. സോമനാഥൻ
൭. ,, എം. കെ. ജനാർദ്ദനൻ നായർ
൮. ,, യു. പ്രേമചന്ദ്രദത്ത
൯. ,, പി. കെ. ഗോപാലകൃഷ്ണപിള്ള
൧൦. ,, എൻ. നീലകണ്ഠൻ പോററി
൧൧. ,, കെ. സുകുമാരൻ നായർ
൧൨. ,, എസ്സ്. കുമരേശപിള്ള

സ്കോട്ട് ക്രിസ്ത്യൻകാളേജ്, നാഗർകോവിൽ.

൧. അഗസ്റ്റർ അന്തോണി

(സി)-യും (ഡി)-യും ഇതിനെപ്പററിയുള്ള വിവരങ്ങറം ശേഖരിച്ചുകൊണ്ടിരിക്കയാണ്.

Adjournment motion regarding unemployment among labourers engaged in cashewnut factories.

Mr. Speaker : Order, Order. Question time is over.

12 Noon.]

ഒരു അഡ്ജോൺമെൻറ മോഷൻെറ നോട്ടീസ് ലഭിച്ചിട്ടുണ്ട്.

കൊല്ലത്തെ പ്രമുഖ കശുഅണ്ടിവ്യവസായങ്ങളായ മെ. എ. ററി കെ. എം. ആൻറ് സൺസ്, കെ. എം. കെ. ആൻറ് സൺസ്, ഓറിയൻററൽ എക്സ്പോർട്ടേഴ്സ്, എം. പി. ഗോവിന്ദൻ ആൻറ് സൺസ്,

തുടങ്ങിയ കമ്പനികൾ അവരുടെ അൻപതിൽപരം കശുവണ്ടി വ്യവസായശാലകൾ തുറന്നു പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതുമൂലം കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, ചിറയിൻകീഴ്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലായി ൨൫൦൦൦-ൽ പരം തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന പൊതുപ്രാധാന്യമുള്ളതും അടിയന്തിരവുമായ സ്ഥിതിഗതികളെപ്പറ്റി ചർച്ചചെയ്യുവാൻ സഭാനടപടികൾ നിറുത്തിവക്കണമെന്നഭ്യർത്ഥിക്കുന്നു. സ്റ്റേറ്റ്മെൻറും ഉണ്ട്. ശ്രീ. ടി. കെ. ദിവാകരൻെറ അടിയന്തിരപ്രമേയമാണ്. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ സഭയുടെ മുമ്പിൽ വയ്ക്കാനുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

Minister for Local Self Government (**Shri P. K. Kunju**) : Sir, I am not in possession of necessary information at present and hence I am not in a position to enlighten the House on the matter.

മി. സ്പീക്കർ : നാളെ വിവരങ്ങൾ ശേഖരിക്കാൻ ഒക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : നാളെയോ മററന്നാളോ ശേഖരിക്കാൻ കഴിയും.

മി. സ്പീക്കർ : ഈ അടിയന്തിരപ്രമേയം സംബന്ധിച്ചു വേണ്ട വിവരങ്ങൾ ശേഖരിച്ചു് മന്ത്രി സഭയിൽ കൊണ്ടുവരുന്നതോടുകൂടി ഇതു് അനുവദിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതാണ്. അതു നാളെയോ മററന്നാളോ ആയിരിക്കുന്നതാണ്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഒരു പായിൻറ് ആഫ് ഓർഡർ. ഒരു അടിയന്തിരപ്രമേയം അഡ്മിസ്സിബിൾ ആണെങ്കിൽ പ്പിന്നെ അതു അഡ്ജേൺ ചെയ്യാമോ?

മി. സ്പീക്കർ : ഞാൻ admissibility യെപ്പററി ഇപ്പോൾ തീർച്ച ചെയ്തിട്ടില്ല.

Shri N. Raghava Kurup : Should it not be postponed to a particular day; or should it be postponed to an indefinite period?

Mr. Speaker : It is not postponed indefinitely. അതു നാളെയോ മററന്നാളെയോ ഡിസൈഡുചെയ്യുന്നതാണ്.

ശ്രീ. കെ. സി. ജാർജ് : അഡ്ജേൺമെൻറ മോഷൻ അടിയന്തിരമായ ഒരു സംഗതിയാണെന്നുള്ളനിലക്ക് കുറേ ദിവസത്തേയ്ക്കു അതു നീക്കിവക്കുന്നതു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ : കുറെ ദിവസത്തേക്കു മാററിവച്ചിട്ടില്ല.

Panel of Chairmen.

Mr. Speaker : Under Rule 7 of the Travancore-Cochin Legislative Assembly Rules, I hereby nominate Shri K. M. Korah and Shri K. Balakrishnan to be the Panel of Chairmen for this session.

Papers laid on the table.

Chief Minister **(Shri A. Thanu Pillai):** Sir, under Article 213 (2) read with Article 238 of the Constitution of India, I lay on the table * the Evacuee Interest (Separation) Travancore-Cochin Supplementary Ordinance, 1953 (Ordinance IV of 1953) promulgated by His Highness the Rajpramukh on the 31st October 1953.

Sir, under Article 213 (2) read with Article 238 of the Constitution of India, I lay on the table * the Travancore-Cochin Public Debt Ordinance, 1953 (Ordinance V of 1953) promulgated by His Highness the Rajpramukh on the 31st October 1953.

I beg to lay on the table * a copy of the amendment to the Travancore-Cochin Public Service Commission (Consultation) Regulations, 1952, made by the Rajpramukh under Article 320 (3) of the Constitution, as required by Article 320 (5) thereof.

I beg to lay on the table * a copy of the Rules made by Government under Section 6 of the Travancore-Cochin Payment of Salaries and Allowances Act, 1951, (Act XIV of 1951) as required by Section 10 (2) thereof.

Minister for Finance **(Shri P. S. Nataraja Pillai)** : Sir, I beg to lay on the table * the Finance Accounts 1951-52 of the Government of Travancore-Cochin and the Audit Report 1952.

The Holdings. (Stay of Execution Proceedings) Amendment Bill.

Minister for Finance **(Shri P. S. Nataraja Pillai) :** Sir, I beg to introduce the Holdings) (Stay of Execution Proceedings) (Amendment) Bill.

Shri A .Atchuthan: I second it.

Mr. Speaker: The Holdings (Stay of Execution Proceedings) (Amendment) Bill stands introduced.

Shri P. S. Nataraja Pillai: I move that the Holdings (Stay of Execution Proceedings (Amendment) Bill may be taken into consideration at once.

Sir, the original Act was passed in 1950. In the first instance it was thought necessary to stay execution proceedings for a period of one year so that by that period necessary land legislation could be brought into being. Being a knotty problem, it was found necessary to extend the period of the Bill by one year every time

---

* Placed on the Library table.

the period elapsed. Thus we have passed Act I of 1951, Act VII of 1952 and Act IV of 1953. This Act, as it stands today, will expire on the 25th of March 1954. Government have not been in a position to frame a proper land legislation till now. Hence it is found necessary to extend the time by another year more. I can assure the House that Government will not ask for any further extension of time, and in the meanwhile Government will place before the House a suitable measure for land legislation. Therefore, I would request the House to take these factors into consideration and give its sanction for the extension of time for one year more. The Bill only Seeks to amend Section 4 of the existing Act by the substitution of the words "five years" for the words "four years". That is the only provision in this Bill and it is necessitated by the above circumstances which have been stated by me. As is stated in the Statement of Objects and Reasons, the present Bill merely seeks to extend the period for one year more. So, I would request the House to take these facts into consideration and pass the Bill.

Mr. Speaker: Any hon. Member wishes to speak on the Bill?

Shri M. P. Menon: Sir, I beg to move the following amendment to the Bill.

Mr. Speaker: We cannot take up any amendment now.

Shri P. S. Nataraja Pillai : Sir, I raise a point of order. Even if it is an amendment, is that in order ?

Mr. Speaker : We are not at amendments, now.

ശ്രീ. കെ. എം. ചാണ്ടി : സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഇതിന്റെ വ്യാപ്തി അല്പം വർദ്ധിപ്പിക്കണമെന്നും ഗവൺമെന്റിനോടപേക്ഷിക്കുന്നു. ഈ ബിൽ ഇതിനുമുമ്പ് ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ള ഒന്നുരണ്ടവസരങ്ങളിൽ ഇതിന്റെ ആവശ്യം ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതും ഒരു പ്രാവശ്യം ഇതിന്റെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഈ നിയമം ഇപ്പോൾ നീട്ടിക്കൊണ്ടുപോകുന്നത് നമ്മുടെ രാജ്യത്തെ കുടിയാനവന്മാരെ സംബന്ധിച്ചിടത്തോളം—അവരുടെ വസ്തു ഉടമ സംബന്ധിച്ചിടത്തോളം—ആവശ്യമായ ഉറപ്പുകൊടുത്ത് നിയമനിർമ്മാണം ചെയ്യുന്നതുവരെ അവരെ ആ വസ്തുക്കളുടെ ജന്മിമാർ ഒഴിപ്പിക്കരുതെന്നുമുള്ള ഉദ്ദേശത്തോടുകൂടിയാണ്. ഈ നാട്ടിൽ ഇപ്പോൾ വരുത്തുവാൻ പോകുന്ന ഭൂനയപരിഷ്കാരങ്ങൾക്കനുസരണമായി ഈ ബില്ലിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നു ഞാൻ ഗവൺമെന്റിനെ അറിയിച്ചുകൊള്ളുന്നു.

ഇതിന്റെ വ്യാപ്തിയിൽ ഒററി ആധാരക്കാരായ കുടിയാന്മാർക്കുകൂടി രക്ഷ നൽകുന്ന തരത്തിൽ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടതാണ്. ഈ നാട്ടിൽ വളരെ അധികമാളുകൾ കാണയാധാരങ്ങൾമൂലവും ഒററി ആധാരങ്ങൾ പ്രകാരവും പത്തും അൻപതും നൂറും കൊല്ലങ്ങളായി വ

ക്കും അനുഭവിച്ചുവരുന്ന കുടിയാന്മാരാണു്. ഇന്നു് അപ്രകാരം അനുഭവിച്ചുവരുന്നവരെ ഒഴിപ്പിച്ചുകൊടുക്കുന്നതിനായിട്ടുള്ള നടപടികൾ നടന്നുവരുന്നതായി ഗവണ്മെന്റിനും അറിയാവുന്നതാണു്. ഗവണ്മെന്റിന്റെ കക്ഷിയിൽപ്പെട്ട നേതാക്കന്മാരും പല സ്ഥലങ്ങളിലും ഇങ്ങനെ ഒഴികുടിയാന്മാരുടെ പ്രക്ഷോഭണങ്ങൾക്കു് നേതൃത്വം കൊടുക്കുന്നതായിട്ടു് ട്രഷറി ബഞ്ചുകളിലിരിക്കുന്നവർക്കും അറിയാവുന്നതാണു്. പാവപ്പെട്ട കൃഷിക്കാരെ ഇറക്കിവിടുന്നതിനിടയാകാതെ സമഗ്രമായ ഒരു ഭൂനയ പരിഷ്കാരം വരുന്നതുവരെ ഒരു കരുതൽ നടപടിയായിട്ടു് ഒഴികുടിയാന്മാരെ അവരുടെ ഭൂമികളിൽനിന്നും ഇറക്കിവിടാതിരിക്കത്തക്കവിധം ഈ ബില്ലിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടപേക്ഷിക്കുന്നു.

ശ്രീ. ടി. ഭാസ്കരപിള്ള: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണു്. ഈ ബില്ലു് ഏററവും പുരോഗമനപരമായതുകൊണ്ടല്ല, കൃഷിക്കാർക്കു ക്ഷേമകരമായ വ്യവസ്ഥകൾ ഇതിൽ ഉണ്ടെന്നുള്ള വിശ്വാസത്തിലുമല്ല, ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. ഇന്നു കൃഷിക്കാർ ഭൂനയത്തിലുള്ള ക്രമക്കേടുകൾകൊണ്ടു് വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടു്. അതിനല്പം ആശ്വാസമുണ്ടാകുമെന്നുള്ളതുകൊണ്ടാണു് ഞാൻ ഇതിനെ അനുകൂലിക്കാൻ തയാറായതു്. ഈ ബില്ലിനകത്തു് വളരെ അധികം പോരായ്മകളുണ്ടു്, ൧൯൫൦-ൽ ആണു് ഈ ബിൽ ആദ്യമായി ഇവിടെ അവതരിപ്പിച്ചതു്. അതിനുശേഷം പല പ്രാവശ്യം ഇതിന്റെ കാലാവധി നീട്ടുകയുണ്ടായി. എന്നാൽ ഇവിടത്തെ ഭൂനയം സംബന്ധിച്ചു് അടിയന്തിരമായി ഒരു നിയമനിർമ്മാണം ഉണ്ടാക്കാമെന്നു് അന്നത്തെ മന്ത്രിസഭ ഈ സഭയ്ക്കു് ഉറപ്പുതന്നിട്ടുണ്ടു്. തുടർച്ചയായി ഈ ബിൽ ഇവിടെ നീട്ടിക്കൊണ്ടുപോകുന്നതിനെപ്പററിയും ഈ സഭയിൽ വിമർശനം ഉണ്ടായിട്ടുണ്ടു്. നിർഭാഗ്യവശാൽ ഇവിടെ വാഗ്ദാനങ്ങൾ അല്ലാതെ പ്രവർത്തനങ്ങൾ കാണുന്നില്ല. അതുകൊണ്ടു് പുതിയ മന്ത്രിസഭയെ ഒരു കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതെന്താണെന്നുവച്ചാൽ അടിയന്തിരമായി ഈ ഭൂനയ പ്രശ്നംസംബന്ധിച്ചു് ഒരു നിയമനിർമ്മാണം ഉണ്ടാക്കണമെന്നും ഇനിയും ഈ ബില്ലിന്റെ കാലാവധി നീട്ടുന്നതിനു് ഇടവരരുതെന്നും ഉള്ളതാണു് എന്നാൽ ഇന്നത്തെ മന്ത്രിസഭ രൂപമെടുത്ത സാഹചര്യങ്ങളിൽ ഇതിന്റെ കാലാവധി ഇനിയും നീട്ടേണ്ടിവരുമെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. ഇന്നു് വളരെ അധികം സങ്കടങ്ങളും കഷ്ടനഷ്ടങ്ങളും കൃഷിക്കാരായ ഞങ്ങൾ ഈ പ്രശ്നം പരിഹരിക്കാത്തതുമൂലം അനുഭവിക്കുന്നുണ്ടു്.

ഈ നിയമംകൊണ്ടു് ഒഴിപ്പിക്കലിനെ തടയാമെങ്കിലും, സാധാരണക്കാരായ കൃഷിക്കാർക്കാണു് ഇതുകൊണ്ടു് മെച്ചമുള്ളതെന്നു ഗവണ്മെന്റു അവകാശപ്പെടുന്നുണ്ടെങ്കിലും, ഇതിൽ അടങ്ങിയിട്ടുള്ള പ്രശ്നം വളരെ സങ്കീർണ്ണസ്വഭാവത്തോടുകൂടിയാണെന്നുള്ളതു ഓർക്കേണ്ടതാണു്. ഞാൻ വന്നിട്ടുള്ള മദ്ധ്യതിരുവിതാംകൂറിലെ അവസ്ഥയെടുക്കുകയാണെങ്കിൽ നാം ഇന്നു മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന ഭൂവുടമപ്രശ്നത്തിലെ ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധത്തിലെ കുഴപ്പത്തിനു് ന്യായമായ പരിഹാരം ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു കാണാൻ കഴിയും. ഈ നിയമം

[ശ്രീ. ടി. ഭാസ്കരപിള്ള]

കൊണ്ടു് ജന്മിക്കെതിരായ ഒരു നിലയല്ല പലസ്ഥലത്തും അനുഭവപ്പെട്ടിരിക്കുന്നതു്. പാവപ്പെട്ട കൃഷിക്കാരുടെ മക്കളെ കാളേജുകളിൽ അയയ്ക്കുന്നതിനോ, അല്ലെങ്കിൽ വീട്ടാവശ്യത്തിനുവേണ്ടിയോ വസ്തുക്കൾ ഒററിക്കും മററും കൊടുക്കേണ്ടിവരുന്നുണ്ടു്. അവ ഒഴിപ്പിക്കാൻ പാടില്ലെന്നുവന്നാൽ അത്തും ദയനീയമാണു്. ഇങ്ങനെയുള്ള സങ്കീർണ്ണമായ പല പ്രശ്നങ്ങളും പരിഹരിക്കുന്നതിനു് ഒരു ഭൂനയബില്ലുകൊണ്ടു മാത്രമെ ശക്കുകയുള്ളുവെന്നു എനിക്കറിയാം. ഏററവും അടിയന്തിരമായി നടപ്പിൽ വരുത്തേണ്ട ഒരു നിയമമാണിതു്. പഴയതിൽനിന്നും വ്യത്യസ്ഥമായ ഒരു മന്ത്രിസഭയാണു് ഇപ്പോൾ ഉള്ളതെന്നു് പുതിയ മന്ത്രിസഭ അവകാശപ്പെടുന്നുണ്ടെങ്കിൽ എത്രയും വേഗത്തിൽ ഒരു ഭൂവുടമ പരിഷ്കരണബിൽ ഇവിടെ പാസ്സാക്കിയെ തീരൂ. തൽക്കാലം വസ്തു ഒഴിപ്പിക്കലിനെ തടയുന്നതിനാണു ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്. ഇതോടൊപ്പംതന്നെ അടിയന്തിരമായ ശ്രദ്ധയെ അർഹിക്കുന്ന മററു പരിതഃസ്ഥിതികളും ഇവിടെയുണ്ടെന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണു് ഞാൻ ഇത്രയും പറഞ്ഞതു്.

കൊല്ലം-എറണാകുളം റയിൽവേയ്ക്കുവേണ്ടി ഇന്നു സർവ്വേ നടന്നുകൊണ്ടിരിക്കുകയാണു്. അവിടെയുള്ള ഭൂമിയിൽ അധികം ഭാഗവും ജന്മിവക വസ്തുക്കളാണു്. വളരെ അധികം ഭൂമിയും സാധുക്കളായ കർഷകർ കൈവശംവച്ചുകൊണ്ടു ജന്മിഭോഗംകെട്ടുന്നുവരുന്നവയാണു്. അങ്ങനെയുള്ള വളരെ അധികം കൃഷിക്കാർ ഈ റയിൽവേ കടന്നുപോകുന്ന സ്ഥലത്തുണ്ടു്. ഈ നിയമംമൂലം അത്തരം വസ്തുക്കൾ ഒഴിപ്പിക്കുവാനോ അല്ലെങ്കിൽ തനിക്കു് അനുകൂലമായ വിധത്തിൽ മുതലാക്കുവാനോ ജന്മികൾക്കു സാധിക്കുന്നില്ല. ഇങ്ങനെ ബാധപ്പെട്ടുകൊണ്ടിരിക്കുന്ന ജന്മിമാർക്കു് നല്ലൊരു സൗകര്യം ഇപ്പോൾ കൈവന്നിരിക്കുകയാണു്. കാരണം നിയമമനുസരിച്ചു റയിൽവേയ്ക്കു് എടുക്കുന്ന സ്ഥലങ്ങളുടെ പൊന്നുംവില ജന്മിക്കാണു് കിട്ടുക. ഒരുദാഹരണം പറഞ്ഞാൽ, കായംകുളം റെയിൽവേ സ്റ്റേഷൻ, പെരുങ്ങാലി എന്ന സ്ഥലത്താണു ഉണ്ടാക്കുന്നതു്. അതിലേക്കു് അവിടെനിന്നും ൨൦ ഏക്കറോളം സ്ഥലം എടുക്കുന്നുണ്ടു്. ആ വസ്തുവിൽ ൫൦-ൽപരം കുടുംബങ്ങൾ താമസിക്കുന്നുണ്ടു്. ഈ വസ്തുക്കളിൽ ഏറിയ ക്കൂറും അകവൂർ മനക്കാരുടെ വകയാണു്. ഈ വസ്തുക്കൾ കണ്ടിട്ടുപോലുമില്ലാത്ത അകവൂർ മനക്കാർക്കു് അതിന്റെ പൊന്നുംവില ഈടാക്കാനുള്ള സൗകര്യം ഇപ്പോൾ വന്നിരിക്കുന്നു. ഈ ഘട്ടത്തിൽ അതിനെ തടയുവാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണു്. ഈ ബില്ലിന്റെ പരിധിയിൽ ഈ വക കാര്യങ്ങളൊന്നും ഉൾപ്പെടുന്നില്ല. അക്കാര്യം ഞാൻ ഈ അവസരത്തിൽ പറഞ്ഞതു് തൽക്കാലം ഒരു ആർഡിനൻസ് മുഖേന ആയാലും അതിനെ തടയുന്ന കാര്യത്തിൽ ഗവണ്മെന്റ് വേണ്ട നടപടി നടത്തുവാനാണു്. ഇങ്ങനെ സങ്കീർണ്ണമായ ഭൂപ്രശ്നത്തിൽ സാധാരണക്കാരായ കൃഷിക്കാർക്കു് ക്ഷേമം ഉണ്ടാകുന്നതിനുവേണ്ടി, ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങൾക്കും ഗുണപ്രദമായ ഒരു ഭൂനിയമം ഇവിടെ ഉണ്ടാകുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ഒ. പി. മേനോൻ: സർ, ഞാനും ഈ ബില്ലിനെ സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം അനുകൂലിക്കുന്നു. ഈ മാർച്ചു് ൨൫-ാം

തീയതി ഈ നിയമത്തിന്റെ കാലാവധി അവസാനിക്കുന്നതുകൊണ്ടു് ഈ ബില്ലിൽ എന്തെല്ലാം പോരായ്മകൾ ഉണ്ടെങ്കിലും അനുകൂലിക്കാതെ ഇരിക്കാൻ നിവൃത്തിയില്ല. ഈ നിയമം മൂലം ഈ നാട്ടിലെ ജന്മി കുടിയാൻ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാകുന്നില്ലായെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോടു ഞാനും യോജിക്കുന്നു. മുമ്പിലത്തെ മന്ത്രിസഭ പിടിച്ചുകൊണ്ടിരുന്ന ചരടു് ഏതെന്നു് അന്വേഷിച്ചു കണ്ടുപിടിച്ചു് വീണ്ടും അതേ രൂപത്തിൽത്തന്നെ ആ ചരടു് വലിച്ചുകൊണ്ടുപോകാൻ ശ്രമിക്കാതെ പുതിയ അദ്ധ്യായങ്ങൾതന്നെ തുറക്കുവാൻ ഈ മന്ത്രിസഭ ആരംഭിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ നാട്ടിലെ ജനത പ്രതീക്ഷാനിർഭരമായ ആവേശത്തോടുകൂടി ജനകീയ ആധിപത്യത്തിനു വേണ്ടി തെരഞ്ഞെടുപ്പുകാലത്തുണ്ടായ അനുകൂലമായ കാററത്തു് ഒരു പട്ടം പറപ്പിക്കയുണ്ടായി. ആ പട്ടം കുറെയധികം ഉയന്നു പറന്നുവെങ്കിലും ഇന്നു കാൺഗ്രസ്സിന്റെ മുള്ളുവേലികൾക്കിടയിൽപ്പെട്ടു കുരുങ്ങിക്കിടക്കുകയാണു്. എങ്കിലും ആന കൊടുക്കിലും ആശകൊടുക്കരുതെന്നുള്ള ആപ്തവാക്യത്തെ മുൻനിറുത്തിക്കൊണ്ടു് ഏതെങ്കിലും ഒരു നല്ലകാര്യം ചെയ്യുവാൻ ഇന്നത്തെ മന്ത്രിസഭയ്ക്കു് ഒരവസരം ഉണ്ടാക്കിക്കൊടുക്കുന്നതിൽ ഞങ്ങൾക്കു് എതിരില്ല.

ഈ ബില്ലിൽ ഒരു പ്രൊവൈസോ ഉണ്ടു്. ഭൂമിക്കു് ഏതെങ്കിലും കാരണത്താൽ കൈവശക്കാരൻ കേടുപാടുകൾ വരുത്തുകയാണെങ്കിൽ അവന്റെ കൈവശത്തിൽ നിന്നും വസ്തു ഒഴിപ്പിക്കുവാനുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടു്. അതുപോലെതന്നെ ഈ നിയമം നടപ്പിലായതിനു ശേഷം പാട്ടം കുടിശ്ശിഖ വരുത്തിയിട്ടുണ്ടെങ്കിൽ ആ അടിസ്ഥാനത്തിലും വസ്തു ഒഴിപ്പിക്കുവാൻ വിരോധമില്ല. ഈ രണ്ടു വകുപ്പുകളും ഇവിടെ ത്ത കൃഷിക്കാക്കു് ഒരു കൈകൊണ്ടുകിട്ടുന്ന ആനുകൂല്യം മറെറകൈകൊണ്ടു തട്ടിക്കളയുന്ന ഫലത്തെയാണു് ഉണ്ടാക്കിയിരിക്കുന്നതു്. വർഷത്തിന്റെ ആധിക്യം കൊണ്ടു് എവിടെയെങ്കിലും ഒരു വരമ്പുപൊട്ടിപ്പോയാൽ അതു് ഒരു കേടാണെന്നുള്ള കാരണംകൊണ്ടു വസ്തു ഒഴിപ്പിക്കാം. ഇങ്ങനെയുള്ള പോരായ്മകൾ മാറേറണ്ടതാണു്. കുറെക്കൂടി പരിഷ്കൃതമായും കുറെക്കൂടി യഥാർത്ഥമായ ആശ്വാസം കൃഷിക്കാക്കു നൽകത്തക്ക രീതിയിലും ഒരു ഭൂപരിഷ്കരണ ബിൽ കൊണ്ടുവന്നു പാസ്സാക്കാൻ ഗവണ്മെന്റിന്റെ സത്വരശ്രദ്ധ ഉടനെ പതിയണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

<u>ശ്രീ. എൻ. ജി. ചാക്കോ</u>: സർ. ഈ നിയമം ൧൯൫൦-ൽ പാസ്സാക്കിയതാണു്. അതിനുശേഷം ഇതിന്റെ കാലാവധി ഓരോ കൊല്ലമായി നീട്ടിക്കൊണ്ടുപോകുകയാണു് ചെയ്തിരിക്കുന്നതു്. ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഹോൾഡിംഗ്സിനെപ്പററി വിവരണം കൊടുക്കുന്നുണ്ടു്. ഹോൾഡിംഗ്സിനു് ഈ ആക്ടിൽ ഡിഫൈൻചെയ്തിരിക്കുന്നതു് ഇപ്രകാരമാണു്:

> "Holding" means any immovable property held under a single transaction by which a lease-hold right in the property is created and possession of the property is transferred by one person in favour of another, but shall not include varom or pathivarom.

ശ്രീ. പി. എസ്. നടരാജപിള്ള: ആ ഡഫനിഷൻ ബില്ലിലുള്ളതു് ആണോ? ആക്ടിലുള്ളതാണോ?

ശ്രീ. ററ്. ൻ. ജി. ചാക്കോ: ആക്ടിലുള്ളതാണു്. ഈ ഡഫനിഷൻ അനുസരിച്ചു വളരെ പരിമിതമായ കാര്യങ്ങൾ മാത്രമേ ഈ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. ഏതായാലും സാധുക്കളായ കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി പെട്ടെന്നു് ഇതിന്റെ കാലാവധി നീട്ടേണ്ടതാണെന്നു് ഈ മന്ത്രിസഭ വിചാരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഈ നിയമം കൊണ്ടു ജനങ്ങൾക്കു ഗുണമുണ്ടായിട്ടുണ്ടെന്നുള്ളതിൽ തക്കമില്ല. പത്തനംതിട്ട താലൂക്കിൽ ഈ നിയമം പാസ്സാക്കിയതുമൂലം എത്രയോ സാധു കർഷകന്മാക്കു് വസ്തു ഒഴിഞ്ഞുകൊടുക്കാതെ ഇപ്പോഴും കൈവശത്തിൽ വച്ചുകൊണ്ടിരിക്കാൻ സാധിച്ചിട്ടുണ്ടു്. അതിനാൽ ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മീനച്ചൽമെംബർ ഈ ബില്ലിന്റെ വ്യാപ്തിയിൽ ഒററിയും കാണവുംകൂടി ഉൾപ്പെടുത്തണമെന്നു പറയുകയുണ്ടായി. ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരുടെ പക്കൽ നിന്നും ഭൂമി നഷ്ടപ്പെട്ടുപോകാതിരിക്കുവാനുള്ള ഒരു താൽക്കാലിക നടപടിയായിട്ടു അതിന്റെ കാലാവധി നീട്ടുന്നതിനു വേണ്ടി മാത്രം കൊണ്ടുവന്ന ഒരു ബില്ലാണിതു്. ഭൂപ്രശ്നത്തെപ്പററി സമഗ്രമായി അന്വേഷിച്ചു അവശ്യം വേണ്ട പരിഹാരത്തോടുകൂടി താമസിയാതെതന്നെ ഒരു ഭൂനയ ബില്ല് ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ നിലയ്ക്കു് അങ്ങനെയുള്ള യാതൊരു വ്യവസ്ഥകളും ഉൾപ്പെടുത്താതെ ബില്ല് ഇതേ നിലയിൽതന്നെ പാസ്സാക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൌരി: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നതോടൊപ്പം ഒന്നുരണ്ടു സംഗതികൾ ഇന്നു ട്രഷറിബഞ്ചുകളിലിരിക്കുന്ന മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ആഗ്രഹമുള്ളതുകൊണ്ടു് ഇപ്പോൾ സംസാരിക്കുകയാണു്. കഴിഞ്ഞകൊല്ലം ഈ ആക്ററുതന്നെ സെലക്ററു കമ്മിററിക്കു അയക്കുകയും സെലക്ററുകമ്മിററി ആക്ററിൽ ചില അമെൻഡുമെൻറു ഇവിടെ കൊണ്ടുവരികയും ഉണ്ടായി. ഇപ്പോൾ ഇവിടെ ഈ ബിൽ അവതരിപ്പിച്ച മന്ത്രിസഭ, അന്നു പ്രതിപക്ഷമായിരുന്നു സംസാരിച്ചപ്പോൾ ആ ഭേദഗതികൾക്കു് കൂടുതൽ എതിർപ്പു പ്രകടിപ്പിച്ചതു് ഇന്നത്തെ Treasury Bench-ൽ ഇരിക്കുന്നവരാണു്. അടുത്തുതന്നെ ഒരു ഭൂനയപരിഷ്കരണബിൽ അവതരിപ്പിക്കുവാൻ ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടെന്നും അന്നു് ഈ പ്രശ്നത്തെപ്പററി സമഗ്രമായി ചിന്തിച്ചു പരിഹാരം വരുത്തുവാൻ ശ്രമിക്കാമെന്നും അന്നത്തെ മന്ത്രിയും പറയുകയുണ്ടായി. അതിൽ ചില ആശങ്കകൾ തോന്നുന്നതിനാൽ ചില സംഗതികൾ മന്ത്രിസഭയുടെ അറിവിനായി വയ്ക്കുകയാണു്.

കഴിഞ്ഞകൊല്ലത്തെ വാദപ്രതിവാദവേളയിൽ ഹോൾഡിംഗ്സിനെപ്പററി ഗംഭീരമായ വാദപ്രതിവാദം നടന്നു. കാണസ്വഭാവമുള്ള ഒററിയും കാണവും ഈ ഹോൾഡിംഗ്സിന്റെ വ്യാഖ്യാനപരിധിക്കു

ളളിൽപ്പെടുത്തണമെന്ന് അന്ന് വാദിക്കയുണ്ടായി. ആ വാദത്തെ വളരെ ശക്തിയായി എതിർത്ത അന്നത്തെ പ്രതിപക്ഷമാണ് ഇന്ന് ട്രഷറിബെഞ്ചുകളിലിരിക്കുന്നത്. ഒററിവസ്തുക്കളെപ്പററി പറയുമ്പോൾ ഒരു കാര്യംകൂടി ആലോചിക്കേണ്ടതുണ്ട്. എല്ലാ സ്ഥലത്തും ഒററിയുടെ സ്വഭാവം ഒന്നായിരിക്കുകയില്ല. തിരുവനന്തപുരത്തോ അല്ലെങ്കിൽ പൊൻകുന്നത്തോ ഉള്ളപോലെയല്ല മററു സ്ഥലങ്ങളിൽ ഒററിയാധാരങ്ങൾ നടത്തിയിരിക്കുന്നത്. ഒററിയുടെ സ്വഭാവമെന്ത്? അതിൽ ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധമെന്താണ്? കുടിപാർപ്പുസ്വഭാവം അവരുടെ ബന്ധത്തിൽ ആവിർഭവിക്കുന്നുണ്ടോ; ഭൂമിയുമായി ബന്ധമുള്ള കൃഷിക്കാരനാണോ എന്നെല്ലാം നോക്കിവേണം fixity of Tenure നിശ്ചയിക്കുവാൻ. ഈ ബന്ധത്തിൽ ഗവണ്മെൻറു കാര്യമായി ശ്രദ്ധിക്കേണ്ടതും അദ്ധ്വാനിക്കുന്ന കർഷകന് ഭൂമിയിൽ സ്ഥിരാവകാശം ഉണ്ടാക്കികൊടുക്കേണ്ടതും രാജ്യത്തിൻെറ കടമയാണെന്നുള്ളതിൽ തർക്കമില്ല. അതിലേയ്ക്ക് ആവശ്യമായ ഒരു ബിൽ എത്രയും വേഗത്തിൽ ഗവണ്മെൻറുഭാഗത്തു നിന്നും അവതരിപ്പിക്കുമെന്നു ഞാൻ കരുതുന്നു അതേസമയംതന്നെ, ഈ ബില്ലിനു ശ്രീ. എം. പി. മേനോൻ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൂടി വരുത്തികൊണ്ടു ഈ ബില്ല് പാസ്സാക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. ഈ proviso എടുത്തുകളയേണ്ടതാണ്. കാരണം, ഹൈക്കോടതിയിലെ റൂളിംഗ്സു മുഖേന proviso അർത്ഥമല്ലാതായിട്ടുണ്ട്. ഈ നിയമത്തിന് ഇന്നയിന്ന പോരായ്മകളുണ്ട്, അതു് മാററേണ്ടതാണെന്നു ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. ആക്ററു പാസ്സായതിനു ശേഷം കുടിശ്ശിക വരുത്തിയിട്ടുള്ള റെൻറു കെട്ടിവച്ചുകഴിഞ്ഞാൽ വസ്തു ഒഴിപ്പിക്കുവാൻ പാടില്ലെന്നു ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. പക്ഷെ നിയമം അതു സമ്മതിക്കുന്നതല്ല. ഒരു വസ്തുവിൽ പാട്ടക്കാരൻ എന്തെങ്കിലും കേടുവരുത്തിയാൽ ആ കാരണം കൊണ്ട് വസ്തു ഒഴിപ്പിക്കാമെന്നു പറയുന്നുണ്ട്. ചേർത്തലയിലെ അനുഭവം വച്ചുനോക്കുകയാണെങ്കിൽ ഈ വകുപ്പ് അതിൻെറ ഉദ്ദേശത്തിനു വളരെ എതിരാണെന്നു കാണാം. ചേർത്തലയിലെ ഒരു സംഭവം ഞാൻ പറയുകയാണ്. കുട്ടി മരിച്ചു ദഹിപ്പിക്കുന്നതിനുവേണ്ടി പാട്ടക്കാരൻകപ്പലുമാവിൻെറ കമ്പു മുറിച്ചതു ഒരു വേസ്റ്റാണെന്നും അതുകൊണ്ട് വസ്തു ഒഴിപ്പിക്കേണ്ടതാണെന്നുമാണ് കോടതിവിധിയുണ്ടായിട്ടുള്ളതു്. അടുത്തുതന്നെ ഒരു ഭൂപരിഷ്കരണബില്ല് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതുകൊണ്ട് ഇന്നു കൈവശത്തിലിരിക്കുന്ന ഭൂമി യഥാർത്ഥ കൃഷിക്കാരൻെറ കൈവശത്തിൽ നിന്നും പോകാതിരിക്കാൻ വേണ്ടിയെങ്കിലും ശ്രീ. എം. പി. മേനോൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയോടുകൂടി ഈ ബില്ല് പാസ്സാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതോടൊപ്പം ഞാൻ മുമ്പുപറഞ്ഞ പോരായ്മകൾക്കു തക്കതായ പരിഹാരങ്ങൾ ഇനി വരാൻ പോകുന്ന ഭൂനയബില്ലിൽ ഉണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

Shri C. K. Ramachandran Nair : Sir, on the assurance that a permanent Bill and a comprehensive Land Bill is to be introduced shortly in the Legislature, I support the Bill in the form in which it has been introduced here and I strongly plead for the passing of it. The definition of the word 'holding' is embodied in it and to my mind it is being worked on satisfactory lines.

[Shri C. K. Ramachandran Nair]

I would like to make a few remarks on this occasion. I do not remember who moved this amendment. There were some references made here that the amendment is intended to please the Congress Party. That insinuation is wrong. As a member of the P. S. P., I am proud of our present Cabinet. I want to assure Members of other parties that we are not at all anxious to please the Congress. We do not want to stick to office at any cost. We are ready to relinquish office and go. I feel pained and rather stunned at the implication made here. There was a situation here when the formation of a ministry was almost impossible and in the absence of an alternative we took this step. Our leader, in my opinion, has acted very wisely in taking the step which he has taken.

ശ്രീ. പി. എൻ. ശങ്കരക്കുറുപ്പ്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ബില്ലിനെപ്പററി സംസാരിക്കുമ്പോൾ മററുകാര്യങ്ങൾ സംസാരിക്കുന്നതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഇറലവൻറായി സംസാരിക്കുന്നതു കൂടാതെ കഴിഞ്ഞാൽകൊള്ളാം.

Shri C. K. Ramachandran Nair : This is not irrelevant, Sir. Statements made derogatory to the good name of our leader cannot be allowed to pass without protest. I admit I have no experience of Assembly practice. But I feel I have a right to express what I feel. I feel that we are Leftists as much as any other Leftist, and I want to stress that we are not the henchmen of the Congress. Any sober-minded person must feel that the step taken by us was the right step. With these words, I oppose the form in which the amendment is moved. I lend my whole-hearted support to the Bill.

ശ്രീ. കെ. കരുണാകരൻ: സർ, എനിക്കു് ബില്ലിന്റെ കാലാവധിയെക്കുറിച്ചാണു് രണ്ടുവാക്കു പറയുവാനുള്ളതു്. ഒരു കൊല്ലംമുമ്പു് ഇതുപോലുള്ള ഒരു ബിൽ അവതരിപ്പിച്ച അവസരത്തിൽ ഇന്നത്തെ പ്രധാനമന്ത്രി അന്നു് എതിർപക്ഷത്തിരുന്നുകൊണ്ടു് പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണു്. ഒരു കൊല്ലം കാലാവധി ആവശ്യമില്ലെന്നും ഒരു വ്യക്തമായ ഭൂനയം കൊണ്ടുവരുന്നതിനു് ആറുമാസത്തെ സമയം മതിയാകുമെന്നും മററും അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നു. ഈ ഗവണ്മെൻറ പരിഷ്കരിച്ച ഒരു ഭൂനയം കൊണ്ടുവരുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. അതു രാജ്യത്തിന്റെ ആവശ്യവുമാണു്. എന്റെ പാർട്ടി പുരോഗമനപരമായ ഭൂമിപരിഷ്കരണത്തിനു സന്നദ്ധമാണു്. കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽ ആയതു വ്യക്തമാക്കിയിട്ടുണ്ടു്. അതിനുള്ള നടപടികളും കുറെയെല്ലാം നടത്തികഴിഞ്ഞിട്ടുണ്ടു്. ആയതുകൊണ്ടു കാലതാമസമെന്യേ കർഷകന്റെ എല്ലാ താൽപര്യങ്ങളെയും പരിരക്ഷിക്കുവാൻ പര്യാപ്തമായ ഒരു ബില്ലിനെ ഞാൻ പ്രതീക്ഷിക്കുന്നു. അതുണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. പക്ഷെ ഇതിനു് ഒരു ഭേദഗതി

കൊണ്ടുവരുന്നതുതന്നെ സാഹസമാണെന്നുള്ള ഇടതുപക്ഷത്തിന്റെ അഭിപ്രായം കേൾക്കുമ്പോൾ ആ തരത്തിലൊരു ബില്ലുണ്ടാകുമോ എന്നു് ശങ്കിക്കുന്നു. ആറുമാസംകൊണ്ടു് ഒരു ഭൂനയം കൊണ്ടുവരുന്നതിനുള്ള സാദ്ധ്യത നമുക്കുണ്ടു്. ഒരു കമ്മീഷനെ നിശ്ചയിക്കാതെതന്നെ വേണ്ടിടത്തോളം വിവരങ്ങൾ ശേഖരിച്ചിട്ടുള്ള എത്രയോ രേഖകൾ ഇന്നു് നമ്മുടെ സർക്കാരിന്റെ കൈവശമുണ്ടു്. അതുകൊണ്ടു് ബില്ലിന്റെ കാലാവധി ഒരു കൊല്ലം എന്നുള്ളതു് ചുരുക്കണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഒരു കൊല്ലം എന്നുള്ളതിനു് എന്തോ ഒരു അറം ഉള്ളതായി തോന്നുന്നു. ഇതിനു മുമ്പും ഇങ്ങനെ ഓരോ കൊല്ലം വീതം നീട്ടി നീട്ടി കാര്യം ഉദ്ദേശിച്ചരീതിയിൽ നടക്കാതിരുന്നിട്ടുണ്ടു്. അതുകൊണ്ടു് ആ അറം സംഭവിക്കാതെ പോകട്ടെ എന്നു് ഞാൻ ആഗ്രഹിക്കുന്നു. എന്റെ പാർട്ടി ആറു മാസംകൊണ്ടു് ഒരു ഭൂപരിഷ്കരണബിൽ കൊണ്ടുവരാൻ സന്നദ്ധമാണു്. അതിനാൽ ഒരു കൊല്ലം എന്നുള്ളതു ആറുമാസമായി ചുരുക്കുന്നതിനു വേണ്ട നടപടികൾ നടത്തണമെന്നു് ഒന്നുകൂടെ അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. ടി ടി. കേശവൻശാസ്ത്രി : സർ, ഈ ബില്ലിനെ, ഈ അത്യാവശ്യനടപടിയെ അനുകൂലിക്കുന്നു. ഓർത്താൽ കാര്യങ്ങൾ പലതും സന്ദർഭംകൊണ്ടു് പറയാനുണ്ടു്. അതു് പ്രധാനമന്ത്രിക്കും നിയമസഭാസാമാജികന്മാർക്കും പറയാവുന്നതാണു്. ശ്രീ. കരുണാകരൻ പ്രസ്താവിച്ചതുപോലെ കാലാവധി ഒരുകൊല്ലം എന്നുള്ളതു കുറച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹക്കാരനാണു് ഞാനും. ഒരു വർഷക്കാലത്തേയ്ക്കു് ഈ നടപടി നിറുത്തിവയ്ക്കാനും ഭൂനയപരിഷ്ക്കാരം ആ കാലത്തിനുള്ളിൽ കൊണ്ടുവരുവാനും പുതിയ മന്ത്രിസഭ ശ്രമിക്കുമെന്നു കാണുന്നതു് സന്തോഷപ്രദം തന്നെ. അതുകൊണ്ടു് ഇതുപോലുള്ള കാര്യം ഗാഢമായി ചിന്തിച്ചു് തീരുമാനിക്കേണ്ടതാണു്. കാൺഗ്രസ്സ് പാർട്ടി അധികാരത്തിൽ ഇരുന്നപ്പോൾ തുടങ്ങിവച്ച ഒരു ബില്ലാണിതു്. സോഷ്യലിസ്റ്റ് ഗവണ്മെന്റ് ഇതു് പിമ്പോട്ടു കൊണ്ടുപോകാതിരുന്നാൽ കൊള്ളാം. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

Shri P. S. Nataraja Pillai : When I said that this Government will try to bring in a legislation, I made a deviation from the previous announcement. At the present time, we propose to solve the agrarian problem by making a few reforms in regard to the relations between the tenant and the landlord, fixity of tenure, fixing of rent and so on. The basic land policy will be laid down at a later stage.

I am thankful for the valuable observations made by hon. Members from different parts of the House about the difficulties of the definitions and the effect of the judicial decisions made on this Act. They will certainly be taken into consideration when a bill is introduced. The only thing which I want to request the hon. Members of this House is, that they should accept the Bill which we will bring forward. At present, we are discussing a Bill to extend the time, and I request that the House may be pleased to accept this motion now.

The question that the Holdings (Stay of Execution Proceedings) (Amendment) Bill be taken into consideration, was put and carried.

Mr. Speaker : I shall now take up the Bill clause by clause. Clause 2.

Clause 2

Shri M. P. Menon : Sir I move:

Add at the end of section 2 of the amending Bill the following:

"and the proviso (a) be deleted".

സർ, ഈ ഭേദഗതി അവതരിപ്പിക്കുന്നതുകൊണ്ടു് സ്വാഭാവികമായി നിയമതടസ്സം വരുമെന്നു വിചാരിക്കേണ്ടതില്ല. അതായതു് ഈ ഭേദഗതി ഒറിജിനൽ ആക്ടിന്റെ പരിധിയിലേയ്ക്കു കടക്കുന്ന ഒന്നല്ല. ഈ ബില്ലിന്റെ ൨-ാംവകുപ്പിൽ ആക്ടിലെ ൪-ാംവകുപ്പിലുള്ള പ്രൊവൈസോ എടുത്തു കളയണമെന്നു്, ഏതാനും വാക്കുകൾ കൂട്ടിച്ചേർക്കണമെന്നുള്ളതാണു് ഭേദഗതി. ൧൯൫൦ മാർച്ചിനു ശേഷം പാട്ടക്കുടിശ്ശിക വന്നാൽ ഒഴിപ്പിക്കാമെന്നുള്ളതുകൊണ്ടു് പലക്കും ഈ നിയമം ഒരു കൊല്ലത്തേയ്ക്കുകൂടി നീട്ടിയാൽ സഭയോ, അവതാരകനോ ഉദ്ദേശിക്കുന്ന ഗുണം നാട്ടിലെ സാധുകർഷകർക്കു് ലഭിക്കാൻ ഇടയില്ല. അതിനാലാണു ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നതു്.

Shri P. S. Nataraja Pillai: Sir, I rise to a point of order. After all, the Bill has only two clauses. I shall read the second clause. "In Section 4 of the Holdings (Stay of Execution Proceedings) Act, 1950 (Act VIII of 1950) as amended by Acts I of 1951, VII of 1952 and IV of 1953, for the words 'four years', the words 'five years' "shall be substituted." The amendment of the hon. Member is "Add at the end of section 2 of the amending Bill, the following: and the proviso (a) be deleted." First of all, there is no proviso in the Bill. The amendment will not threfore relate to this Bill. An amendment must relate to the Bill. That point alone is sufficient to give a ruling that the amendment is out of order.

Further, the Objects and Reasons of the present Bill is to extend the period by one year and nothing more. It is an accepted general principle of legislation that an amendment to a Bill should not go beyond the ambit of that Bill. This House is committed to the Objects and Reasons by passing through the First and Second Readings of the Bill. So the House is committed to its principle. The present Bill is intended to extend the period only by one year. On that ground as well, this amendment cannot stand. I request the Chair to consider whether the amendment is in order.

Mr. Speaker: The amendment is beyond the scope of the Amending Bill. So I rule it out of order.

Shri N. Raghava Kurup: Sir, I rise to a point of order. Sanction was given by the Chair to move the amendment. I would like to get a ruling from the Chair whether subsequently it can rule it out of order. The amendment is now before the House. I want to know whether the Chair can rule it out of order when once it has given sanction to move it.

Mr. Speaker: I was just trying to know what the amendment was. The Chair has got the power to rule it out of order before it is moved.

The question that clause 2 stand part of the Bill was put and carried.

The clause was added to the Bill.

CLAUSE 1

The question that clause 1 stand part of the Bill was put and carried.

The clause was added to the Bill.

Preamble and Title.

The question that the Title and Preamble stand part of the Bill was put and carried.

The Title and Preamble were added to the Bill.

Shri P. S. Nataraja Pillai: I move that the Bill be finally passed.

Shri A. Achuthan: I second it.

The motion was put and carried.

The Bill was passed.

Demands for Supplementary Grants for 1953-54.

Mr. Speaker: Hon. members might have seen from the agenda that the Budget for the next financial year will have to be introduced to-day at 5 P. M. Therefore I suggest that the discussion on the Supplementary Demand may be closed by that time. If discussion is not finished by that time, I shall put all the outstanding supplementary demands to the vote of the House at 4. 55 P. M. so that the next item may be taken up precisely at 5 P. M.

Demand I—13 Other Taxes and Duties.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, I move for a supplementary grant of Rs. 19,243 under Demand I. This total amount is distributed under six different items. The first item is for Rs. 1,350, second for Rs. 603, third for Rs. 850, fourth for Rs. 8,000, fifth for Rs. 3,800 and the sixth for Rs. 4,640. The necessity for this supplementary demand is given in the note circulated to the hon. Members. At this stage I think the House will take into consideration the situation and the peculiar circumstances that existed in the country just at the close of the financial year. I assure the hon. Members that all possible scrutiny was made to see that the amounts included are such amounts which are absolutely necessary. I request the House to sanction this grant.

Shri A. Achuthan: I second it.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, സെയിൽടാക്സ് ഡിപ്പാർട്ടുമെന്റിലേക്ക് ൧൩൫൦ രൂപാ സപ്ലിമെന്ററി ഗ്രാന്റായി ആവശ്യപ്പെട്ടിരിക്കുന്നു. കച്ചവടക്കാർക്കു കൂടുതൽ വൈഷമ്യങ്ങൾക്ക് ഇടയാക്കുന്ന ഈ വില്പനനികുതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യാനായി തൽക്കാലത്തേയ്ക്ക് ഒരു കമ്മിറ്റിയെ നിയമിച്ചു എന്നല്ലാതെ ആ കമ്മിറ്റി എന്തെല്ലാം ചെയ്തുവെന്നു കച്ചവടക്കാർക്ക് അറിവില്ല. അവരുടെ റിപ്പോർട്ടു അനുസരിച്ച് നിയമത്തിൽ ഭേദഗതിയും വന്നിട്ടില്ല. കൂടുതലായി രണ്ടു അപ്പലേറ്റ അസിസ്റ്റന്റ സെയിൽസ് ടാക്സ് കമ്മീഷണറന്മാരെ നിയമിച്ചിട്ടുള്ളതായും അവർക്ക് ശമ്പളവും അലവൻസും കൊടുത്തതായും കാണുന്നു. ഉദ്യോഗസ്ഥന്മാർ ശരിയായി ജോലിചെയ്യുകയാണെങ്കിൽ അവർക്ക് ശമ്പളവും അലവൻസും കൊടുക്കുന്നതു ശരിയാണ്. പക്ഷെ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു അവർക്ക് ശമ്പളംകൊടുക്കുന്നതു പോരായ്മയായിട്ടാണ് തോന്നുന്നത്. ഈ കാര്യങ്ങളെല്ലാം ഗവൺമെന്റ ശ്രദ്ധിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ ഗ്രാന്റിനെ അനുകൂലിക്കുന്നു.

Mr. Speaker: The House will now adjourn for lunch and meet again at 2 P. M.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

Minister for Finance (**Shri P. P. Nataraja Pillai**) : Under Demand No. I, I have moved for a supplementary grant of Rs. 19,243 comprising six items. There was some observation from the other side. A committee was appointed to go into the question of sales tax and its report has come to the Government. The expenditure was incurred in connection with the working of the Sales Tax Enquiry Committee. I request the House to sanction the grant.

The question that a supplementary sum not exceeding Rs. 19,243 be granted under Demand No. I—Other Taxes and Duties—was put and carried.

The grant was made.

Demand IV—Stamps.

Minister for Finance (**Shri P. S. Nataraja Pillai**) ; I move for a supplementary grant of Rs. 33,000 under Demand No. IV 9 stamps (c) General (a) Stamp Manufactory—Contingencies—Purchase of watermarked paper. This is necessitated by the purchase of watermarked paper for the printing of stamps. The purchase was made during the year and so we have to pay the amount. This amount was not included in the budget. I request that the House may be pleased to sanction the amount.

Shri A. Achuthan : I second it.

ശ്രീ. കെ. മഞ്ഞനാംപ്പിള്ള: സർ, തിരുവിതാംകൂർ-കൊച്ചിയിലുള്ള സ്റ്റാമ്പു ഡ്യൂട്ടിയിൽ തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടായിട്ടുള്ള നിരക്കിനെ ഏകീകരിക്കണമെന്ന് ഒരപേക്ഷ മാത്രമേ ഈ ഗ്രാന്റിനെ സംബന്ധിച്ചിടത്തോളം എനിക്കുള്ളു.

Shri P. S. Nataraja Pillai: It is a matter which can be gone into.

The question that a supplementary sum not exceeding Rs. 33,000 be granted under Demand IV—9. Stamps (c) General (a) Stamp manufactory—Contingencies—Purchase of watermarked paper, was put and carried.

The grant was made.

Demand VIII—Other Revenue Expenditure Financed from ordinary revenues.

Minister for Works and Transport (**Shri A. Achuthan**) : Sir, I move for a supplementary grant of Rs. 15,00,000 under Demand VIII 18, Other Revenue Expenditure financed from ordinary revenues A. Irrigation Works (1) Works for which no capital accounts are kept (i) and (ii) Works and extensions and improvements, and under Demand VIII 18. A. (1) (v) Tools and Plant. The explanation is given in the schedule. I request that the House be pleased to sanction the demand.

Minister for Local Self Goverument (**Shri P. K. Kunju**) : I second it.

ശ്രീ. ചമ്പാരപ്പള്ളി പി. നാരായണൻ പോററി: സർ, ഈ സപ്ലി മെൻററി ഗ്രാന്റിനെപ്പററി ഒന്നുരണ്ടു സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കുട്ടനാടൻ ഡ...

[ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻ പോററി.]

ലപ്പമെൻറ സ്കീമും കരിലാൻഡ് റിക്ലമേഷൻ സ്കീമും ഇങ്ങനെ രണ്ടു പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായിട്ട് ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കുവേണ്ടി, വിശേഷിച്ച് സംസ്ഥാനത്തെ ആഹാരപ്രശ്നം പരിഹരിക്കുന്നതിന് ഉപയുക്തമായ ഈ പദ്ധതികൾക്കുവേണ്ടി, വളരെകുറച്ച് തുക മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. ഈ രണ്ടു ജോലികളും നിർവ്വഹിക്കുന്ന സ്ഥലത്തുനിന്നും വരുന്ന ആളാണ് ഞാൻ. കുട്ടനാട്ടിലെ സ്പിൽവെ ജോലി സംബന്ധിച്ച് ഇൻഡ്യൻപ്രധാനമന്ത്രിതന്നെ സ്ഥലത്തുവന്ന് പരിശോധിക്കുകയുണ്ടായിട്ടുണ്ട്. സ്പിൽവെ ജോലികൾ ശരിയായവിധം നിർവ്വഹിക്കുന്നതായാൽ അതുകൊണ്ട് ഉദ്ദേശിക്കുന്ന സാദ്ധ്യത ഉണ്ടാകണമെന്ന് അദ്ദേഹംതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ ജോലി നിർവ്വഹണത്തിനു ഉത്തരവാദപ്പെട്ടവർ പല കുംഭകോണങ്ങളും വരുത്തിയിട്ടുണ്ടെങ്കിലും അവയൊന്നും ചുമതലപ്പെട്ട ഗവണ്മെൻറുദ്യോഗസ്ഥന്മാർ പരിശോധിക്കുകയോ ഈ ജോലി മുൻപോട്ടു കൊണ്ടുപോകുന്നതിനു ശരിയായ വിധത്തിലുള്ള താൽപ്പര്യം പ്രകടിപ്പിക്കുകയോ ചെയ്യുകാണുന്നില്ല. സിമൻറ ചാക്കുകളെ സംബന്ധിച്ചിടത്തോളം പല തരത്തിലുള്ള അഴിമതികളും കൺട്രാക്ടറന്മാർ ചെയ്തുവരുന്നുണ്ട്. ഈ കുഴപ്പങ്ങളെ സംബന്ധിച്ച് ഞങ്ങൾ ഈ വകുപ്പിൻെറ ചുമതല വഹിച്ചിരുന്ന മുൻമന്ത്രിയോട് പരാതിപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും യാതൊരു പരിഹാരവും ഉണ്ടായതായിട്ടറിവില്ല. കേവലം ലാഭത്തെ മാത്രം മുൻനിറുത്തി പ്രവർത്തിക്കുന്ന ഈവിധ കൺട്രാക്ടറന്മാരുടെ കയ്യിൽ രാജ്യക്ഷേമത്തിനു ഉതകത്തക്കവിധത്തിൽ വൻതുക ചെലവാക്കി നടത്താൻ ഉദ്ദേശിക്കുന്ന ജോലികളുടെ ചുമതല ഏൽപ്പിക്കുന്നത് തികച്ചും ആപൽക്കരമാണ്. ഈ ജോലികൾക്കുവേണ്ടി അനേകലക്ഷം രൂപ ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്. ധാരാളം ചെലവാക്കി കഴിയുകയും ചെയ്തു. ആ സ്ഥിതിക്കു ചെലവാക്കാനുദ്ദേശിക്കുന്ന ഈ വൻതുകകൾ അതർഹിക്കുന്ന പ്രയോജനം ജനങ്ങൾക്കുണ്ടാകണമെന്നുള്ള ഉദ്ദേശത്തെ മുൻനിറുത്തി ഗവണ്മെൻറ് വേണ്ട നടപടികൾ കൈക്കൊള്ളണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഗ്രാൻറിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ: സപ്ലിമെൻററി ഗ്രാൻറ നമ്പർ എട്ടിനെ സംബന്ധിച്ച് ഒരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തണമെന്നു എനിക്കാഗ്രഹമുണ്ട്. അതായത് മുൻപ് അഞ്ചുതെങ്ങ് മദ്രാസ് ഗവണ്മെൻറിൻെറ കൈവശത്തായിരുന്നപ്പോൾ അവിടെ ഒരു പാലം പണിയുന്നതിനുവേണ്ടി ജനങ്ങളിൽനിന്നും ഏകദേശം പതിന്നാലായിരം രൂപ വരെ പിരിച്ചെടുക്കുകയുണ്ടായി. എന്നാൽ പാലംപണി സാംഗ്ഷൻ ആയിട്ടും നാളിതുവരെയായി യാതൊന്നും അവിടെ നടന്നതായിട്ടു കാണുന്നില്ല. പൊതുജനങ്ങൾക്ക് ഏററവും അത്യാവശ്യമായ ഈ കാര്യം ഇനിയും വച്ചുതാമസിപ്പിക്കാതെ ഗവണ്മെൻറിൽനിന്നും സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ഒരപേക്ഷയുണ്ട്. ഞാൻ ഗ്രാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഈ സപ്ലിമെൻററി ഗ്രാൻറിനെപ്പററി പറയുമ്പോൾ ഇന്നു നിലവിലിരിക്കുന്ന പുതിയ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഒന്നുരണ്ടു സംഗതികൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്.

കഴിഞ്ഞ ആറുകൊല്ലക്കാലത്തെ ഭരണരീതി നോക്കുകയാണെങ്കിൽ തിരുവിതാംകൂറിലെ തമിഴ് പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് നീതിയും ന്യായവും നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്ന് കാണാൻ കഴിയും. സർ, പ്രധാനമായി ഇറിഗേഷനെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ കോടിക്കണക്കിനുള്ള തുകയാണ് ഈ കാലഘട്ടത്തിൽ തിരുവിതാംകൂറിൽ ചെലവാക്കിയിട്ടുള്ളത്. ഇത്രയും വൻതുക ചെലവാക്കിയിരിക്കെ അതിന്റെ നന്മ അല്പമെങ്കിലും ലഭിക്കുന്നതിനുള്ള അവകാശം തമിഴ് പ്രദേശത്തെ ജനങ്ങൾക്കു നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്ന് കഴിഞ്ഞ ആറു വർഷത്തെ ഭരണം തെളിയിക്കുന്നുണ്ട്. ഇപ്പോൾ മൈനർ ഇറിഗേഷൻ പദ്ധതിക്കുവേണ്ടി അഞ്ചുലക്ഷത്തിൽ ചില്വാനം രൂപ കൂടുതൽ ആവശ്യപ്പെട്ടുകൊണ്ടാണ് ഈ ഗ്രാൻറ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. മൈനർ ഇറിഗേഷൻ സംസ്ഥാനത്ത് ഏററവും അത്യന്താപേക്ഷിതമാണ്; അനുവദിക്കേണ്ടതുമാണ്. എന്നാൽ സംസ്ഥാനമൊട്ടാകെയുള്ള ജനങ്ങൾക്ക് ഒരുപോലെ പ്രയോജനപ്പെടത്തക്ക വിധത്തിൽ ഈ തുകകൾ വിനിയോഗിക്കേണ്ടതാണെന്നു മാത്രമേ ഞാൻ അഭിപ്രായപ്പെടുന്നുള്ളൂ. സർ, നെയ്യാററിൻകര, വിളവംകോട്ട താലൂക്കുകളിൽ മൈനർ ഇറിഗേഷൻകൊണ്ടു മാത്രമാണ് കൃഷി നടത്തേണ്ടിയിരിക്കുന്നത്. അതല്ലാതെ മററു യാതൊരു വഴികളും അവിടെയില്ല. നെയ്യാററിൻകര താലൂക്കിൽ ൨൩൩൫൦ ഏക്കറും വിളവംകോട്ട താലൂക്കിൽ ൨൦,൦൦൦ ഏക്കറും നിലങ്ങൾ ഇറിഗേഷൻ കുളങ്ങൾകൊണ്ടുവേണം കൃഷിനടത്തേണ്ടതു്. ഈ സ്ഥലങ്ങളിൽ കൃഷിക്കുപയുക്തമായി അനവധി കുളങ്ങളുണ്ട്, നെയ്യാററിൻകര താലൂക്കിൽ ൯൦൦ കുളവും വിളവംകോട്ട താലൂക്കിൽ ൧൦൦ കുളവും നിലവിലുണ്ടെന്ന് ഇറിഗേഷൻ വകുപ്പിന്റെ കണക്കുകളിൽ കാണുന്നുണ്ട്. എന്നാൽ ഈ കുളങ്ങളെല്ലാം ഇപ്പോൾ നികന്നു വെറും പന്തടികളങ്ങളായി കിടക്കുകയാണ്. ഈ കുളങ്ങൾ കുഴിപ്പിച്ചു കൃഷിക്കൾക്ക് ഉപയോഗയോഗ്യമാക്കിത്തീർക്കേണ്ടതു് അത്യാവശ്യമായ കാര്യമാണ്. കഴിഞ്ഞ ബഡ്ജററിൽ ലിഫ്ററ ഇറിഗേഷനും മൈനർ ഇറിഗേഷനും കൂടി ൨ ലക്ഷത്തിൽ ചില്വാനം രൂപ കൊള്ളിച്ചിട്ടുണ്ട്, അതുപോലെതന്നെ വിളത്തറ സ്കീമിനുവേണ്ടി ഒരു ലക്ഷം രൂപയും കൊള്ളിച്ചിട്ടുണ്ട്. വിളത്തറ ലിഫ്ററ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം രണ്ടുലക്ഷംരൂപ വേണ്ടിവരുമെന്ന് ആദ്യം എസ്റ്റിമേറെറടുത്തു. ൪൦,൦൦൦ രൂപ ചെലവുചെയ്തു ഇലക്ട്രിസിററി ജോലി പൂർത്തിയാക്കുകയും ചെയ്തു. ഇതിലേയ്ക്കുവേണ്ടി കഴിഞ്ഞവർഷം കൊള്ളിച്ചിട്ടുണ്ടായിരുന്ന ഒരു ലക്ഷം രൂപ ഗവണ്മെൻറുതന്നെ ഈ ജോലിക്കു വിനിയോഗിക്കാതെ വേറെ എന്തോ ജോലിക്കായി ചെലവാക്കുകയാണുണ്ടായതു്. ഇറിഗേഷനെ സംബന്ധിച്ച് വിശേഷിച്ചും തെക്കൻ തിരുവിതാംകൂറിൽ വളരെ അനാസ്ഥയാണ് ഗവണ്മെൻറ് കാണിക്കുന്നതെന്ന് ഊന്നിപ്പറയാൻ ഞാൻ ഈയവസരം വിനിയോഗിച്ചുകൊള്ളുന്നു. സർ, ജനായത്തഭരണം ആരംഭിച്ചതു ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലാണ്. അങ്ങനെ പട്ടം താണുപിള്ള മുഖ്യമന്ത്രിയായി ഭരണഭാരം കൈയേററപ്പോൾ തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾക്ക് വളരെ ദുരിതങ്ങളും മർദ്ദനങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അന്ന് തെക്കൻ തിരുവിതാംകൂറുകാരോട്ട ചെയ്ത അനീതികൾക്കു ഒരു പ്രായശ്ചിത്തം ചെയ്യുന്നതിനുള്ള

ശ്രീ. എ. കുഞ്ഞൻനാടാർ

ഒരു സന്ദർഭമാണ് ഇപ്പോൾ അദ്ദേഹത്തിനു ലഭ്യമായിരിക്കുന്നതു്. ഈ അവസരം വേണ്ടതുപോലെ ഇപ്പോഴത്തെ ഗവണ്മെൻറ് ഉപയോഗിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. നെയ്യാററിൻകര വിളവങ്കോടു മുതലായ താലൂക്കുകളിലെ കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ ഇനിയെങ്കിലും തുടരാതിരിക്കാൻ ഗവണ്മെൻറിൻെറ സത്വരദൃഷ്ടി പതിയണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എത്രത്തോളം വിഷമങ്ങളാണ് തെക്കൻ തിരുവിതാംകൂറുകാർ അനുഭവിച്ചുകൊണ്ടിരുന്നതെന്ന് ശ്രീ. പട്ടം താണുപിള്ളയ്ക്കുതന്നെ നേരിട്ടറിയാവുന്നതാണ്. അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോൾ നെയ്യാററിൻകര താലൂക്കിൽ ഏതാനും കുളങ്ങൾ കൃഷിക്കുവേണ്ടി കുഴിപ്പിച്ചിട്ടുണ്ടു്. പക്ഷെ ഇന്നവയെല്ലാം മണ്ണുവീണു നികന്നുകഴിഞ്ഞിരിക്കുകയാണ്. ഞാൻ അല്പസമയത്തിനുള്ളിൽ ഏതാനും ചില സംഗതികളെപ്പററി മാത്രമേ പറയണമെന്നു വിചാരിക്കുന്നുള്ളു. ഈ പുതിയ ഗവണ്മെൻറിൽനിന്നും പറയത്തക്ക ഗുണം തെക്കൻ തിരുവിതാംകൂറിൽ ഉണ്ടാകും എന്നുള്ള വലിയ പ്രതീക്ഷകളൊന്നും എനിക്കില്ല. കാരണം പൊതുജനങ്ങളുടെ പൊതുവായുള്ള അഭിപ്രായത്തെ ആദരിക്കാത്ത ഒരു ഗവണ്മെൻറാണ് ജനായത്തത്തിൻെറ പേരിൽ ഇവിടെ ഭരണം നടത്തുന്നതു്. ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ അടിയന്തിരപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം പല നിവേദനങ്ങളും പരാതികളും പുറപ്പെടുവിക്കുകയും അവയൊന്നും ശരിയായ വിധത്തിൽ പരിഹരിക്കാതിരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ജനാധിപത്യഭരണമല്ല ഇവിടെ നടക്കുന്നതു് എന്നും ഒരു ഏകാധിപത്യഭരണമാണ് നടക്കുന്നതു് എന്നുമാണ് കാണുന്നതു്. ഏതു ഗവണ്മെൻറു ഇവിടെ വന്നാലും ഏതു പാർട്ടി ഭരിച്ചാലും ഞങ്ങളുടെ ഗതി ഇതുതന്നെയാണ്. അതുകൊണ്ടു് ഗവണ്മെൻറിൻെറ ഭരണം മേലാൽ പൊതുജനങ്ങൾക്കു് സ്വാഗതാർഹമാണെന്നു് തോന്നത്തക്കവിധത്തിൽ ജനാധിപത്യമര്യാദ ഓർത്തു് ജനകീയ അഭിപ്രായത്തെ ആദരിച്ചു് തിരുവിതാംകൂർ തമിഴ് നാട്ടിലെ ജനങ്ങളോടു ചെയ്ത അനീതികൾ പരിഹരിക്കപ്പെടണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഡിമാൻഡിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. മഞ്ജനാഥപ്രഭു: സർ, മൂവാററുപുഴ താലൂക്കിൽ രണ്ടു പദ്ധതികൾ നടപ്പാക്കുവാൻ ഗവണ്മെൻറു ഉദ്ദേശിച്ചിരുന്നതായി തോന്നുന്നു. വാഴപ്പള്ളി സ്കീം എന്ന ഒരു സ്കീം അവിടെ ഉണ്ടായിരുന്നു. ആ സ്കീമിൻെറ പ്രവർത്തനത്തിനുവേണ്ടി സ്ഥലംപോലും ഗവണ്മെൻറിൽനിന്ന് ഒന്നുംവിലയ്ക്കെടുത്തിട്ടില്ല. അവിടത്തെ കൃഷിയാവശ്യത്തിന് ഗവണ്മെൻറു പലതും ചെയ്തുവെങ്കിലും ഇപ്പോൾ അവിടെ കൃഷി ചെയ്യുന്നില്ല. കാരണം പുഴയിൽനിന്നു് വെള്ളം കിട്ടാത്തതാണ്. വെള്ളം പമ്പുചെയ്യുന്നതിനു് ഇൻജിൻ ആവശ്യപ്പെട്ടാൽ അതും കിട്ടുന്നില്ല. ഗവണ്മെൻറ് രണ്ടു ചെറിയ പദ്ധതികൾ അവിടെ നടപ്പാക്കിട്ടു് അവ രണ്ടും യാതൊരു പ്രയോജനവുമില്ലാതെ കിടക്കുകയാണ്. മേലാലെങ്കിലും അവിടെ കൃഷിക്കാവശ്യമായ വെള്ളം കിട്ടുവാൻ വേണ്ട ഏർപ്പാടു് ചെയ്യുന്നതിന് ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു് ഓർമ്മിപ്പിച്ചുകൊണ്ടു് ഈ ധനാഭ്യർത്ഥന പാസ്സാക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, വളരെ അധികം ഇറിഗേഷൻ പ്രവർത്തനം കൊണ്ടുമാത്രം കൃഷി നടത്തുന്ന ഒരു താലൂക്കാണ് ചിററൂർ താലൂക്ക്. അണക്കെട്ടിൽനിന്നുള്ള വെള്ളം കൊണ്ടുമാത്രം കൃഷിചെയ്യുവാനുള്ള സാദ്ധ്യത ഇന്ന് അവിടെ ഇല്ലാതായിരിക്കുകയാണ്. നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യം കിട്ടാതെ നാം വിഷമിക്കുന്ന ഒരവസരമാണിത്. വളരെ കുറഞ്ഞ ഒരു തുക അവിടെ ചെലവാക്കുകയാണെങ്കിൽ ഇന്ന് ഭക്ഷ്യധാന്യത്തെ സംബന്ധിച്ചിടത്തോളമുള്ള ആ കുറവ് നികത്തുവാൻ സാധിക്കും. അതിനെ സംബന്ധിച്ച് ഗവണ്മെൻറ മുമ്പാകെ നിവേദനം നടത്തിയിട്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഈ കാര്യത്തിൽ ഇന്നത്തെ മന്ത്രിസഭയും ഈ നിയമസഭയും പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, മീനച്ചിൽ താലൂക്ക് എന്നു പറയുന്ന ഒരു സ്ഥലം തിരുവിതാംകൂർ സംസ്ഥാനത്തുള്ളതായി ഇവിടെ എല്ലാവർക്കും അറിയാമോ എന്നു ഞാൻ സംശയിക്കുന്നു. ഇറിഗേഷനെ സംബന്ധിച്ചിടത്തോളമുള്ള യാതൊരു വേലയും അവിടെ നടന്നുകാണാത്തതിൽനിന്നു അങ്ങിനെ ഒരു സ്ഥലം തിരുവിതാംകൂർ സംസ്ഥാനത്തുള്ളതായി അധികമാരും അറിഞ്ഞിരിക്കയില്ലെന്നാണ് അനുമാനിക്കേണ്ടതു്. ഞങ്ങൾ മന്ത്രിയുടെ സീററിനു ആളുകളെ അയയ്ക്കാറുണ്ട്. എന്നാൽ അവർ ആരും ഇവിടെ വന്നുകഴിഞ്ഞാൽ പിന്നെ മീനച്ചിലിൻെറ കൃഷികാര്യങ്ങളെപ്പററി ഒന്നും അന്വേഷിക്കാറില്ല. മിസ്റ്റർ ജോണിനെ ഞങ്ങൾ അയച്ചതാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : മിസ്റ്റർ ജോണിനെ മന്ത്രിയാക്കിയതു് ആരാണ്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മിസ്റ്റർ ജോണിനെ നിയമസഭാമെംബറാക്കിയതു് ഞങ്ങളാണ്.

ഇപ്പോഴത്തെ പുതിയ മന്ത്രിസഭ വലിയ പ്രതീക്ഷകളോടും വലിയ വാഗ്ദാനങ്ങളോടും കൂടിയാണ് പുറപ്പെട്ടിരിക്കുന്നതു്. പ്രതീക്ഷകളും വാഗ്ദാനങ്ങളുമെല്ലാം ഫലത്തിൽ വരുമ്പോൾ വളരെ കുറഞ്ഞുപോകുന്നതായിട്ടാണ് സാധാരണ കണ്ടുവരുന്നതു്. അങ്ങിനെ വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അവരോടു അപേക്ഷിക്കുന്നു. കഴിഞ്ഞ ഒരമ്പതുകൊല്ലക്കാലമായി ഇറിഗേഷനെ സംബന്ധിച്ച് വേണ്ടിവന്നിരുന്നതും ഗവണ്മെൻറിൻെറ കൈവശം ഉണ്ടായിരുന്നതുമായ തുകകൾ എല്ലാം തന്നെ തെക്കൻതിരുവിതാംകൂറിൽ ചെലവാക്കുകയാണ് ഗവണ്മെൻറ് ചെയ്തിട്ടുള്ളതു്. അങ്ങിനെ ഒരു സ്ഥലത്തുതന്നെ ഇറിഗേഷനു വേണ്ടിയുള്ള തുകകൾ വീണ്ടും ചെലവാക്കുന്നതു ശരിയാണോ എന്നു തോന്നിപ്പോകുന്നു.

ശ്രീ. എ. ചിദംബരനാഥനാടാർ : ഉച്ചയ്ക്കു ഉണ്ണുവാനുള്ള അരി എവിടെനിന്നാണ്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നാഞ്ചിനാട്ടിൽ നെല്ലുണ്ടാകുന്നതു് നിങ്ങളുടെ കഴിവുകൊണ്ടുതന്നെയല്ല. അവിടത്തെ ഭൂപ്രകൃതിയും ജലസേചനസൌകര്യവും മൂലമാണു്.

എന്നാൽ മീനച്ചിൽ, മൂവാററുപുഴ മുതലായ താലൂക്കുകളിൽ കൃഷിക്കാർ വളരെ കഷ്ടപ്പാടുകൾ സഹിച്ചാണു് കൃഷി നടത്തുന്നതു്. അവിടെ ഇരുപതും മുപ്പതും അടി ആഴമുള്ള ഒരു കിണററിൽനിന്നും വെള്ളം വേറെ ഒരു കിണററിൽ തേക്കുകുട്ടകൊണ്ടു കോരിഒഴിച്ചു അവിടെനിന്നു വേറൊരു കിണററിലാക്കി, അവിടെനിന്നു മറെറാരു കിണററിലാക്കി അങ്ങനെ വെള്ളം വളരെ മുകളിൽ അയച്ചിട്ടാണു് കൃഷി നടത്തിക്കൊണ്ടിരിക്കുന്നതു്. ഞങ്ങളുടെ നാട്ടിലെ കൃഷിക്കാരുടെ ഈ വക കഷ്ടപ്പാടുകൾ തെക്കൻതിരുവിതാംകൂറിലെ ആളുകൾ കണ്ടിട്ടില്ല. തിരുവിതാംകൂർ-കൊച്ചിയുടെ മററു താലൂക്കുകളിലേയ്ക്കു അവർ കടന്നിട്ടില്ല. അവിടങ്ങളിലെ നെൽകൃഷിസമ്പ്രദായങ്ങൾ കണ്ടിട്ടുമില്ല.

അടുത്ത കാലത്തായി ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോന്റെ ശ്രമഫലമായി ഗവണ്മെന്റിനു തെക്കൻ തിരുവിതാംകൂറിലുണ്ടായിരുന്ന ശ്രദ്ധ ഒന്നു വടക്കോട്ടു മാററിയിട്ടുണ്ടു്. അതായതു് ചാലക്കുടിക്കും മററും അതു പോയിട്ടുണ്ടു്. അതുപോലെതന്നെ ഗവണ്മെന്റിന്റെ ശ്രദ്ധ മദ്ധ്യതിരുവിതാംകൂറിന്റെ നേരെ ഒന്നു പതിയുന്ന കാര്യത്തിൽ ഈ പുതിയ മന്ത്രിസഭ ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നെല്ലു വർദ്ധിപ്പിക്കേണ്ട സാഹചര്യത്തിൽ നോക്കുന്നതായാൽ വെള്ളം കൃഷിയ്ക്കു വളരെ ആവശ്യമായിട്ടാണു് ഇരിക്കുന്നതു്. മീനച്ചിൽതാലൂക്കിൽ നദിയും വെള്ളവുമുണ്ടു്. ആ വെള്ളം ഏതാനും അടി ഉയർത്തി കൃഷിയ്ക്കു ഉപയുക്തമാക്കണം. അവിടെ കൃഷിക്കു വേണ്ട സൌകര്യം ചെയ്തുകൊടുക്കുന്നതായാൽ നാഞ്ചിനാട്ടിൽനിന്നു കിട്ടുന്നപോലെ നെല്ലു് അവിടെനിന്നും ലഭിക്കുന്നതാണു്. അതുകൊണ്ടു് ഞങ്ങളുടെ നാട്ടിലും ലിഫ്ററു് ഇറിഗേഷൻ സ്കീം അനുവദിക്കണമെന്നു് പുതിയ മന്ത്രിസഭയെ ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. എ. അച്യുതൻ: സർ, ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ചു് ബഹു: മെമ്പർമാർക്കു് പൊതുവേ അനുകൂലമായ അഭിപ്രായം ഉള്ളതായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ അവർ ഓരോരുത്തരും ചില അഭിപ്രായങ്ങൾ അവരുടെ പ്രാദേശികാവശ്യങ്ങളെ മുൻനിറുത്തി ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അമ്പലപ്പുഴ മെമ്പർ കരിലാൻറു് റിക്ലമേഷനെ സംബന്ധിച്ചു് അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. അതു ന്യായമായ ഒരഭിപ്രായമാണു്. മററു പല ആവശ്യങ്ങളെപ്പററിയും ബഹുമാനപ്പെട്ട മെമ്പർമാർ അഭിപ്രായം രേഖപ്പെടുത്തിയെങ്കിലും അവരുടെ അഭിപ്രായം അനുസരിച്ചുള്ള ഇനങ്ങൾക്കല്ല ഈ തുക ചിലവാക്കുവാൻ ഉദ്ദേശിക്കുന്നതെന്നു ഞാൻ അവരെ അറിയിച്ചുകൊള്ളുന്നു. കുട്ടനാട്ടു് ഡവലപ്പുമെൻറു് സ്കീം അനുസരിച്ചുള്ള സ്പിൽവേയ്ക്കാണു് ഇതിൽ ഒരു തുക ചിലവാക്കാൻ ഉദ്ദേശിക്കുന്നതു്. ൨ ലക്ഷം രൂപാ നെയ്യാർ ഡാമിന്റെ പണികൾക്കാണു്. മററുള്ള തുക മൈനർ ഇറിഗേഷൻ പണികൾക്കാണു്. അതുകൊണ്ടു് ഈ ധനാഭ്യർത്ഥന അനുവദിച്ചുതരണമെന്നു് അപേക്ഷിക്കുന്നു.

The question that a supplementary sum not exceeding Rs. 15,00,000 be granted under Demand VIII-18, Other Revenue Expenditure financed from ordinary revenues.—A Irrigation works (i) Works for which no capital accounts are kept—(i) and (ii) Works and extensions and improvements, and Demand VIII—18-A (I) (V) Tools and Plant—was put and carried.

The grant was made.

Demand IX—25 (A) (c) Government Hospitality Organisation

Chief Minister (**Shri A. Thanu Pillai**) : Sir, I move that a sum not exceeding Rs. 23,000 be granted under Demand IX-25 (A) (c) Government Hospitality Organisation (ii) Aranya Nivas.

സർ, ഈ തുക അരണ്യനിവാസ് ഹോട്ടൽ സംബന്ധിച്ചു് ആവശ്യപ്പെടുകയാണു്. അങ്ങനെ ഒരു ഹോട്ടൽ തേക്കടിയിൽ തുറന്നിട്ടുള്ളതാണു്. തേക്കടിയിൽ ഒരു വനസംരക്ഷണസ്ഥലം ഉള്ളതായി ബഹുമാനപ്പെട്ട മെംബർമാക്കറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അതിന്റെ അടുത്തായിട്ടു ഈ ഹോട്ടൽ തുറക്കേണ്ടതിന്റെ ആവശ്യംവന്നതു് വിശേഷിച്ചു്, വിദേശങ്ങളിൽനിന്നു വരുന്ന ടൂറിസ്റ്റുകളുടെ സൌകര്യം കൂടി ഉദ്ദേശിച്ചാണു്. നമ്മുടെ നാട്ടിൽ ധാരാളം ടൂറിസ്റ്റുകൾ വരുന്നതിനും അതുകൊണ്ടു് പലപ്രകാരത്തിലും ഉപകാരം ഉണ്ടാകുന്നതിനും ഇടയാകുമെന്നു കണ്ടു് തുറന്നിട്ടുള്ളതാണു് ഈ അരണ്യനിവാസ് ഹോട്ടൽ. ൧൯൫൩-ാമാണ്ടു് നവംബർ ൨൦-ാംനു ഈ ഹോട്ടൽ തുറന്നു. ഗവണ്മെന്റിൽനിന്നു തന്നെ കമ്മേഴ്സ്യൽ രീതിയിൽ നടത്തിവരുന്ന ഒരു സ്ഥാപനമാണു്. അതിനു വേണ്ട തുക മുൻകൂട്ടി ബഡ്ജറ്റിൽ അനുവദിച്ചുവാങ്ങുവാൻ സാധിച്ചില്ല. അതിനുവേണ്ടി ൨൩,൦൦൦ രൂപ കണ്ടിജൻസി ഫണ്ടിൽനിന്നു എടുത്തു് ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. ഇന്ന ഇനങ്ങൾക്കാണു് ആ സംഖ്യ ഉപയോഗപ്പെടുത്തിയതെന്നുള്ള വിവരം ഈ സപ്ലിമെന്ററി ഫൈനാൻഷ്യൽ സ്റ്റേറ്റുമെന്റിന്റെ ൧൩-ാം വകുപ്പിൽ കൊടുത്തിട്ടുണ്ടു്. അങ്ങനെ ചെലവു ചെയ്ത തുക തിരിയേ കണ്ടിജൻസി ഫണ്ടിലേയ്ക്കു ഇടുന്നതിനു് ഈ സഭയുടെ അനുവാദം വേണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്, അതു അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഇത്ര തിടുക്കത്തിൽ ഈ ഹോട്ടൽ ഉണ്ടായ കാരണം എന്താണു് ?

ശ്രീ. എ. താണുപിള്ള: അതു് ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നിയതുകൊണ്ടു്, അതു തുടങ്ങുന്നതിനു താമസിക്കേണ്ട എന്നു കരുതി തുടങ്ങിയതാണു്.

ശ്രീ. ടി. എ. മജീദ്; കഴിഞ്ഞ ബഡ്ജറ്റിൽ ഇതിനു തുകയില്ലായിരുന്നു. ആ സ്ഥിതിക്കു് ഇത്ര തിടുക്കത്തിൽ ഇതു തുടങ്ങുവാൻ കാരണമെന്താണെന്നാണു് ചോദിച്ചതു്.

ശ്രീ എ. താണുപിള്ള : നമ്മുടെ നാട്ടിൽ ധാരാളം വിദേശികൾ വരുന്നതു് നാട്ടിനു ഗുണമാണു്. ഇതു തുടങ്ങണമെന്നു തീരുമാനിച്ച അവസരത്തിൽ നിയമസഭയുണ്ടായിരുന്നില്ല. അതുകൊണ്ടാണു് നിയമസഭയുടെ അനുവാദം കൂടാതെ തുടങ്ങിയതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഗവണ്മെൻറ ഹാസ്പിററാലിററി ഓർഗനൈസേഷൻ (ii) അരണ്യ നിവാസ് എന്ന ഇനത്തിലേയ്ക്കു ൫൩,൦൦൦ രൂപ വേണമെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ മീനിയൽസിൻെറ ശമ്പളച്ചെലവു വകയ്ക്കു് ൫൧൫൪ രൂപയും മററിനങ്ങളിലേയ്ക്കു് ൧൭,൩൯൫ രൂപയും ഒക്കെ ഇതിൽ ചേർത്തുകാണുന്നുണ്ടു്. ഈ വക സംഖ്യകളൊന്നും ബഡ്ജററിൽ കൊള്ളിച്ചിരുന്നില്ലേ ?

ശ്രീ. എ. താണുപിള്ള : ഏതു ജോലികളും പുതിയതായി തുടങ്ങുമ്പോൾ അതിലേയ്ക്കു് പലയിനങ്ങളിലുമായി കുറെ ചെലവുകൾ വരും. ഈ തേക്കടിയിലെ അരണ്യ നിവാസ് ഹോട്ടലിൻെറ പണിക്കുള്ള സംഖ്യ ൧൯൫൩-൫൪-ലെ ബഡ്ജററിൽ സ്പെസിഫിക്കായി അലോട്ടുചെയ്തിരുന്നില്ല. അതുകൊണ്ടാണു് അഡ്വാൻസായി കണ്ടിജൻസി തുടങ്ങിയ ഇനങ്ങളിൽനിന്നും സംഖ്യ എടുത്തു ചെലവാക്കേണ്ടിവന്നിട്ടുള്ളതു്. ഇപ്പോൾ ആ അഡ്വാൻസ് സംഖ്യ 'റിക്കൂപ്പ്' ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടാണു് ഈ ൫൩,൦൦൦ രൂപയുടെ ധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളതു്. ഇതു് ഈ സഭ ദയവായി അനുവദിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള : ഒരു മുറിക്കു ൪൦ രൂപയും മററും വാടകപ്പിച്ചിരിക്കുന്നതു കുറച്ചു് ൫൦ രൂപയാക്കിയാൽ ഈ സഭയിലെ മെമ്പർമാക്കുതന്നെയും അവിടെ പോയി താമസിക്കണമെന്നുണ്ടെങ്കിൽ അതൊരു സഹായമായിരിക്കുകയില്ലേ ? കൂടുതൽ ചെലവു ചെയ്യുവാൻ കഴിയുന്നവക്കു മാത്രമല്ലേ ഇപ്പോൾ അവിടെ ഉപയോഗിക്കുവാൻ സാധ്യമുള്ളു. അങ്ങിനെ വല്ലതും ഗവണ്മെൻറു് നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അങ്ങിനെയൊന്നുമില്ല. ധാരാളം പണമുള്ളവർ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളുവെന്നു് ഗവണ്മെൻറുദ്ദേശിച്ചിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : എല്ലാവക്കും ഉപയോഗിക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയതായിരിക്കണം അതെന്നു് ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

ശ്രീ. എ. താണുപിള്ള : ഇങ്ങനെയുള്ള നല്ല കാര്യങ്ങൾ എല്ലാവക്കും ഉപയോഗിക്കുവാൻ കഴിയുന്നവിധത്തിലുള്ളതായിരിക്കണമെന്നു് ഗവണ്മെൻറിനു് അഭിപ്രായമുണ്ടു്, ഇതു് ഒരു നല്ല കാര്യമാണെന്നു തോന്നിയിട്ടാണു് ഗവണ്മെൻറ തുടങ്ങിയിട്ടുള്ളതു്. ഇതിനെപ്പററി ഈസ്സഭ നല്ലവണ്ണം ആലോചിച്ചു് ഈ ഗ്രാൻറ പാസാക്കിത്തരണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

Minister for Finance (**Shri P. S. Nataraja Pillai**) : I second it.

ശ്രീ. ടി. കെ. ദിവാകരൻ : ഈ ഗ്രാന്റിനെ അനുകൂലിച്ചുകൊണ്ടു ഒന്നുരണ്ടുകാര്യങ്ങൾ പറയുവാൻ എനിക്കാഗ്രഹമുണ്ടു്. വെളിയിൽ നിന്നുവരുന്നയാത്രക്കാരെ താമസിപ്പിക്കുവാൻ വേണ്ടി തേക്കടിയിൽ ഇങ്ങനെയൊരുഹോട്ടൽ ഉണ്ടാവണമെന്നു ബഡ്ജററുവർഷത്തിന്റെ മദ്ധ്യത്തിൽ ഗവണ്മെന്റു തീരുമാനിക്കുകയും അതു് അവിടെ പണിയുകയുമാണു് ചെയ്തിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചിയിൽ വരുന്ന യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചാണു് ഇങ്ങനെയുള്ള ഹോട്ടലുകൾ ഗവണ്മെന്റു തുടങ്ങി നടത്തുന്നതെങ്കിലും മുൻപു ഇതേ ഉദ്ദേശത്തോടു് തുടങ്ങിയ മിക്കഹോട്ടലുകളിലും ആവക ഉദ്ദേശങ്ങൾ ഇപ്പോൾ ശരിയായി പാലിക്കുന്നില്ല. മുമ്പു സ്ഥാപിച്ചതായ പല ഹോട്ടലുകളും ഇപ്പോൾ ഒരു മുൻ കാൺഗ്രസ്സ് പ്രസിഡന്റ് ചെയർമാനായുള്ള ട്രാവൽ ബ്യൂറോയ്ക്കും മററുമായി വിട്ടുകൊടുക്കുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെയുള്ള ഹോട്ടലുകൾ ഏറെറടുത്തു നടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ ഗവണ്മെന്റ് കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. ഗവണ്മെന്റിന്റെ കീഴിൽ തുടങ്ങിയ ഇത്തരം പല സ്ഥാപനങ്ങളിലേയും ജീവനക്കാർക്കു്, അവ മററുള്ളവരുടെ ചുമതലയിൽ വിട്ടുകൊടുത്തിട്ടുള്ളതുമൂലം ശമ്പളംപോലും കഴിഞ്ഞ ആറുമാസമായി ശരിയായി കിട്ടാതെ വിഷമിക്കേണ്ടിവരുന്നുണ്ടു്. അതുകൊണ്ടു് ഗവണ്മെന്റ് തേക്കടിയിലെ ഈ അരണ്യ നിവാസ് ഹോട്ടലിൽ പുറമെനിന്നുള്ള യാത്രക്കാരെ ആകർഷിക്കുന്നതിനു് ശ്രമിക്കുന്നതോടൊപ്പം തന്നെ മസ്കാട്ട്, കേപ്പ് തുടങ്ങിയ മററു ഹോട്ടലുകളുടെ കാര്യത്തിലും യാത്രക്കാരുടെ സൗകര്യത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള എന്റെ അഭിപ്രായത്തെ ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. എം. പി. മേനോൻ : ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട കൊല്ലം മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ ഹോട്ടലുകളിലും പുറമെ നിന്നു വരുന്ന യാത്രക്കാർക്കു അവരുടെ ധനസ്ഥിതിയെ പരിഗണിച്ചു് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണെന്നിരുന്നാലും ഈ നാട്ടിലെ യാത്രക്കാർക്കും കൂടി ഈ അരണ്യ നിവാസിൽ താമസിച്ചു ശുദ്ധവായു ശ്വസിക്കുന്നതിനും തണുത്ത വെള്ളം കുടിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ട കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടപേക്ഷിക്കുന്നു. സഞ്ചാരികൾക്കു താമസിക്കുന്നതിനു പററിയ തരത്തിൽ ഈ സ്ഥലത്തിനടുത്തു് ഒരു കൊട്ടാരമുണ്ടെന്നാണു് അറിയുന്നതു്. അങ്ങിനെയുള്ള കെട്ടിടങ്ങളും കൂടി ഈവക ആവശ്യങ്ങൾക്കു രൂപാന്തരപ്പെടുത്തുവാൻ കഴിയുമെങ്കിൽ വലിയ ചെലവുണ്ടാകുന്നതുമല്ല. അതുകൊണ്ടു് അത്തരം നടപടികൾ മേലാലെങ്കിലും ഗവണ്മെന്റ് എടുക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇതു് ഗവണ്മെന്റു നേരിട്ടു നടത്തുന്ന ഹോട്ടലാണോ ?

ശ്രീ. എ. താണുപിള്ള : ഗവണ്മെന്റു നടത്തുകയാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇതിനു് "അരണ്യ നിവാസ്" എന്നോ "ആരണ്യ നിവാസ്" എന്നോ ഏതു പേരാണു് ഖണ്ഡിതമായി നിശ്ചയിച്ചിട്ടുള്ളതു് ?

<u>ശ്രീ. എ. താണുപിള്ള</u> : "അരണ്യനിവാസ്" എന്നാണ്.

<u>ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി</u> : ഉച്ചാരണത്തിൽ പദം മാറാത്ത തരത്തിൽ കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു പേരു നിശ്ചയിക്കാമോ?

<u>ശ്രീ. എ. താണുപിള്ള</u> : ഈ സ്റ്റേറ്റിലെ ഹോട്ടലുകളിൽ യാത്രക്കാരെ കൂടുതൽ താമസിപ്പിക്കുന്നതിനു അസൗകര്യങ്ങളുണ്ടെന്നും അക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നും മററുമുള്ള ബഹുമാനപ്പെട്ട മെംബർമാരുടെ ഉപദേശം ഗവൺമെന്റ് വളരെ കാര്യമായി സ്വീകരിച്ചു പ്രവർത്തിക്കുന്നതാണ്. അരണ്യനിവാസിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ നടത്തേണ്ടത് ഗവൺമെന്റിന്റെ പ്രധാന കടമയായി തീർന്നിരിക്കുന്നതിനാൽ മെംബർമാരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കയും മററു പ്രസ്ഥാനങ്ങൾ ഇതിലേയ്ക്കു വിട്ടുകൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കുന്നതാണെന്നു് ഉറപ്പു പറയുകയും ചെയ്തുകൊള്ളുന്നു. ഈ കാര്യത്തിൽ പണം ധാരാളം ചെലവിടുവാൻ സൌകര്യമില്ലാത്തവരുടെ കാര്യത്തെ സംബന്ധിച്ചും ഗവൺമെന്റ് വേണ്ടവിധം പ്രവർത്തിക്കുന്നതാണ്. അതുകൊണ്ടു് ഈ ധനാഭ്യർത്ഥനയെ അനുവദിച്ചുതരണമെന്നപേക്ഷിക്കുന്നു.

<u>ശ്രീ. എൻ. നാരായണക്കുറുപ്പു്</u> : ഇതിൽ നിന്നു് ഗവൺമെന്റിനു് ഒരു കൊല്ലത്തിൽ എത്ര ആദായമുണ്ടാകുമെന്നു പറയാമോ?

<u>ശ്രീ എ താണുപിള്ള</u> : അതിനെപ്പററിയുള്ള കണക്കുകൾ എന്റെ കൈയിൽ ഇപ്പോൾ ഇല്ല.

The question that a supplementary sum not exceeding Rs. 23,000 be granted under Demand IX—25 (a) (c) Government Hospitality Organisation (ii) Aranya Nivas – was put and carried.

The grant was made.

Demand IX—25. D (c) Board of Revenue—Contingencies.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, I move that a Supplementary sum not exceeding Rs. 25,800 be granted under Demand IX—25. D (c) Board of Revenue—Contingencies.

Shri A. Atchuthan : I second it.

Shri P. S. Nataraja Pillai : Sir, it will be seen from the notes circulated that the cost of putties and jemakals etc. supplied to the subordinates of the Excise Department has not been paid. These were ordered and supplied, and as such the expenditure is inescapable. I request that this amount may also be sanctioned.

<u>ശ്രീ. കെ. മഞ്ജനാഥപ്രഭു</u> : ആകെയുള്ള ൨൫,൮൦൦ രൂപയിൽ Equipment and clothing വകയ്ക്കു മാത്രമായി ൨൪,൫൦൦ രൂപയുടെ ചെലവിനെപ്പററി പറഞ്ഞിട്ടുണ്ടു്. പട്ടീസ്, ജമക്കാളം വകയ്ക്കുള്ള തുക ഇതിൽ പറഞ്ഞിട്ടില്ല. അതിന്റെ തുക എത്രയാണെന്നു് അറിഞ്ഞാൽ കൊള്ളാം.

Shri P. S. Nataraja Pillai : The cost of putties alone comes to Rs. 20,440. That is the major item.

ശ്രീ. കെ. മഞ്ജുനാഥപ്രഭു : ഫൻ ൧൯൫൬-൫൭ വർഷത്തിലേയ്ക്കുള്ള സപ്ലൈ ചെയ്തുകഴിഞ്ഞിട്ടുണ്ടോ?

Shri P. S. Nataraja Pillai : Yes, It would not be fit and proper to raise this question at this stage when we have to pay the amount to the contractor who has supplied the articles. Further, I am not at present in a position to give information as to the name of the contractor and on which basis the contract was given. I will certainly go into the question with particular reference to the system adopted in giving the contract, whether it was by inviting tender and so on.

The question that a supplementary sum not exceeding Rs. 25,800 be granted under Demand IX—25. D (c) Board of Revenue—contingencies—was put and carried.

The grant was made.

Demand XI—25. General Administration (C) Elections (a) Other Election charges.

Chief Minister (**Shri A. Thanu Pillai**) : Sir, I move that a Supplementary sum not exceeding Rs. 10,80,700 be granted under Demand XI—25. General Administration (C) Elections (a), Other Election charges.

ഈ ബഡ്ജററിൽ എലക്ഷൻ സംബന്ധമായി മൂന്നു ലക്ഷത്തിൽ ചില്വാനം രൂപ മാത്രമാണ് കൊള്ളിച്ചിട്ടുള്ളതു്. എന്നാൽ ഈ തുണ്ട ബഡ്ജററ് പാസ്സാക്കിയതിനുശേഷമാണ് ഇവിടെ ഒരു ജനറൽ എലക്ഷൻെറ ആവശ്യം നേരിട്ടതു് എന്നു് എല്ലാ മെംബറന്മാക്കും അറിയാം. ഈ എലക്ഷൻ നടത്തുന്നതിനായിട്ടു് കണ്ടിജൻസി ഫണ്ടിൽ നിന്നും പതിനാലുലക്ഷം രൂപ എടുത്തിട്ടുണ്ടു്. അതിൽ പത്തുലക്ഷത്തിഎൺപതിനായിരത്തി എഴുനൂറുരൂപ മാത്രമാണ് എലക്ഷൻസംബന്ധമായി ചെലവു വന്നതു്. ബാക്കി മൂന്നു ലക്ഷത്തിപത്തൊൻപതിനായിരത്തി മുന്നൂറുരൂപ തിരിച്ചടച്ചിട്ടുണ്ടു്. അങ്ങിനെ ചെലവായ തുക തിരിച്ചു കണ്ടിജൻസി ഫണ്ടിലേയ്ക്കു അടക്കുന്നതിനായിട്ടു സഭയുടെ അനുവാദമാണ് ചോദിച്ചിട്ടുള്ളതു്. ഈ എലക്ഷൻ സംബന്ധമായി ധാരാളം ചെലവുണ്ടെന്നും എല്ലാവക്കുമറിയാം. ഏതായാലും ഈ അഭ്യർത്ഥന ഈ സഭ പാസ്സാക്കിത്തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Minister for Finance (**Shri P. S. Nataraja Pillai**): second it.

ശ്രീ. പി. കെ. യശോധരൻ : സർ, ഈ അഭ്യർത്ഥനയെ എതിർക്കേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ടു്. അധികാരത്തിലിരുന്ന ഒരു കക്ഷിയുടെ അധാർമ്മികമായ പ്രവൃത്തികൾമൂലം ഉണ്ടാക്കിവച്ചിട്ടുള്ള പ്രവർത്തനത്തിൻെറ

[ശ്രീ. പി. കെ. യശോധരൻ]

ഫലമായിട്ടാണ് ഈ പത്തുലക്ഷം രൂപ ഇപ്പോൾ ചെലവാക്കേണ്ടിവന്നത്. അന്ന് ഈ സഭയിലിരുന്ന ആർക്കും തന്നെ ഇങ്ങനെ ഒരു അനാവശ്യമായ ചെലവ് അതായത് ഈ എലക്ഷൻ വേണമെന്നുള്ള ആഗ്രഹമില്ലായിരുന്നു. അവർ ആവശ്യപ്പെട്ടനുസരിച്ചല്ല ഇങ്ങനെ ഒന്ന് ഈ രാജ്യത്തു വരുത്തിവെച്ചത്. എന്നാൽ അന്ന് അധികാരത്തിലിരുന്ന കക്ഷിയിൽ ഈ സഭയിലെ അംഗങ്ങൾക്ക് വിശ്വാസമില്ലെന്നും ആ കക്ഷിക്ക ഇവിടെ സ്ഥാനമില്ലെന്നും ഞങ്ങൾക്ക് നിങ്ങളെ വിശ്വാസമില്ല എന്ന പ്രമേയം പാസ്സാക്കിയ അവസരത്തിലും ജനാധിപത്യപരമല്ലാതെയും ധിക്കാരപരമായും നിയമവിരുദ്ധമായും ഞങ്ങൾ ഭരിക്കും എന്നു പറഞ്ഞു നിയമസഭ പിരിച്ചുവിട്ടതിന്റെ ഫലമായിട്ടാണ് ഇങ്ങനെ ഒരു അനാവശ്യച്ചെലവുണ്ടാകാനിടവന്നിട്ടുള്ളത്. അതിനുപുറമെ ഈ രാജ്യത്ത് വലിച്ചുവച്ചതായ വിനകളെ പററിയും നാം ഓർക്കേണ്ടതാണ്. ഈ നാട്ടിലെ സമാധാനത്തെയും ശാന്തതയേയും അങ്ങേയററം ഉലച്ചിട്ടുണ്ട്. നിയമസമാധാനത്തെ അങ്ങേയററം താറുമാറാക്കിയിട്ടുണ്ട്. ഭരണകക്ഷി സ്വന്തം പിണിയാളുകളെ സൃഷ്ടിച്ച് അവർക്ക് മദ്യവും ചോറും പണവും കൊടുത്ത് നാട്ടിൽ അക്രമപ്രവർത്തനങ്ങൾ നടത്തി. അവർ നാട്ടിൽ അന്യായവും അക്രമവും പ്രവർത്തിക്കുകയും സമാധാനപ്രിയരായ ജനങ്ങളെ മർദ്ദിക്കുകയും അമ്മപെങ്ങൾമാരെ ആക്ഷേപിക്കുകയും മററു പലവിധ നീചപ്രവർത്തനങ്ങൾവഴി വോട്ടു സമ്പാദിക്കുവാൻ ശ്രമിച്ചു എന്നുള്ള സംഗതിയും നാം ഓർക്കേണ്ടതാണ്. ഗുണ്ടകളെക്കൊണ്ടു ഭയപ്പെടുത്തിയെന്നുള്ളതും ജനങ്ങളെ പ്രലോഭനങ്ങൾവഴി സ്വാധീനപ്പെടുത്തിയെന്നുള്ളതും നാം മനസ്സിലാക്കേണ്ടതാണ്. അന്യായമായി നാട്ടിൻപുറങ്ങളിൽ പോലീസിനെ അയച്ചു തിരഞ്ഞെടുപ്പിൽ ഈ കക്ഷിക്കുവേണ്ടി വോട്ടുചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തി അനാവശ്യമായ ചെലവു വരുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള അനേകം കേസ്സുകൾ ഇന്നും നിലവിലുണ്ട്. അങ്ങിനെ ഈ നാട്ടുകാരുടെ സമാധാനജീവിതത്തെ ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനമാണ് അന്നവർ നടത്തിയിട്ടുള്ളത്. ആ പ്രവർത്തനങ്ങളാണ് ഇതിനെല്ലാം കാരണമായിട്ടുള്ളത്. അതുകൊണ്ടാണ് ഇപ്പോൾ ഈ തുക അനുവദിക്കരുതെന്നു ഞങ്ങൾ പറയുന്നത്. വാസ്തവത്തിൽ ഇത് അനുവദിക്കാൻ പാടില്ല. നാമല്ല അതിനുത്തരവാദികൾ. നാം പറഞ്ഞിട്ടല്ല. നാം അറിഞ്ഞുകൊണ്ടല്ല, അതുകൊണ്ട് ഈ തുക അനുവദിക്കാൻ പാടില്ല എന്നാണ് എനിക്കു പറയാനുള്ളത്.

Shri A. A. D. Luiz : May I know from Government whether the Central Government will not bear the expenses under this item?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അവിടെ പറയുന്നതു ഇവിടെ കേൾക്കുന്നില്ല എന്നൊന്നറിയിച്ചാൽ കൊള്ളാം.

Shri A. A. D. Luiz : May I know from Government whether the Central Government will not bear the expenses under this item?

ശ്രീ. എ. താണുപിള്ള: ഈ തിരഞ്ഞെടുപ്പിന്റെ ചെലവ് സെൻട്രൽഗവണ്മെന്റ വഹിക്കുന്നില്ല. അതു് ഇവിടത്തെ ഗവണ്മെന്റ മാത്രമാണു് വഹിക്കുന്നതു്. ഈ ചെലവു് വഹിച്ചതിന്റെ ഫലമായിട്ടു ഇവിടെ വന്നിട്ടുള്ള മെംബറന്മാർ ഈ തുക അനുവദിക്കുന്നതല്ല എന്നു പറയുന്നതിനെപ്പററി എനിക്കൊന്നും പറയാനില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: മീനച്ചിൽ നടന്ന പാർലമെന്റ് എലക്ഷന ഈ ഗവണ്മെന്റിൽ നിന്നും വല്ല ചെലവും വന്നിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു് സെൻട്രൽഗവണ്മെന്റ വഹിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അതു നോക്കണം.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ആ സംഖ്യ ഈ പത്തുലക്ഷത്തിൽ ശിഷ്ടം രൂപയിൽ ഉൾപ്പെട്ടുമോ?

ശ്രീ. എ. താണുപിള്ള: ഈ ജനറൽ എലക്ഷൻ ചെലവു പ്രത്യേകമായിട്ടാണു് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: മററതു് ഇതിൽ ഉൾപ്പെടുകയില്ലെന്നാണോ വിശ്വസിക്കേണ്ടതു്?

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പായിന്റ് ആഫ് ആർഡർ. ഇവിടെ ഒരു സംഗതിയെപ്പററി ഡിസ്കഷൻ നടന്നുകൊണ്ടിരിക്കുമ്പോൾ ഇങ്ങനെ മററു വിഷയങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾ ചോദിക്കാമോ?

മി. സ്പീക്കർ: Relevant ആയിട്ടുള്ള ചോദ്യങ്ങൾ ചോദിക്കാം.

ശ്രീ. ഇഡിക്കുള ഇഡിക്കുള: കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് ഇവിടെ പല സംഗതികളും ഉന്നയിക്കാനുണ്ടെങ്കിലും ഒരു കാര്യം മാത്രം ഇവിടെ വ്യക്തമാക്കാനാണു് ഞാനുദ്ദേശിക്കുന്നതു്. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിന്റെ ചെലവിലേയ്ക്കായി പതിനാലു ലക്ഷം രൂപയോളം ചെലവാകും എന്നുദ്ദേശിച്ചു എങ്കിലും അത്രയും തുക ചെലവാകാതെയിരുന്നതുകൊണ്ടും അതിൽ ഒരു മൂന്നു ലക്ഷം രൂപയെങ്കിലും തിരിയെ മാററിവച്ചിരിക്കുന്നതിനാലും ഈ തുക അനുവദിക്കണമെന്നാണു് എന്റെ അഭിപ്രായം. ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, നിയമസഭ പിരിച്ചുവിടുകയും പുതിയ സാഹചര്യങ്ങൾ ഉണ്ടാകുകയും കാരണമാണു് ഈ ചെലവു് നേരിടേണ്ടിവന്നതു് എന്നുള്ളതു് ഈ സഭയിലെ എല്ലാവർക്കും അറിയാവുന്നതാണു്. ഈ നിയമസഭ പിരിച്ചുവിട്ടു് അടുത്ത ഒരു തിരഞ്ഞെടുപ്പു നടത്തി വീണ്ടും ശക്തമായ ഭൂരിപക്ഷം സമ്പാദിച്ചു് ഒരു മന്ത്രിസഭയുണ്ടാക്കി അധികാരത്തിൽ പററിക്കൂടാം എന്നുള്ള ബലമായ വിശ്വാസത്തോടുകൂടി ജെന്നിംഗ്സു് സായ്പിന്റെ പേരിൽ കാൺഗ്രസ്സു ഗവണ്മെന്റ് തിരഞ്ഞെടുപ്പു നടത്തുകയാണു് ചെയ്തിട്ടുള്ളതു്. വിധിവൈപരീത്യത്താൽ അന്നു് ഈ എലക്ഷനവേണ്ടി ചെലവാക്കിയിട്ടുള്ള തുക ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് ഇവിടെകൊണ്ടുവന്നു് പാസ്സാക്കേ

[ശ്രീ. ടി. കെ. ദിവാകരൻ]

ണ്ടതായിട്ടാണ് വന്നിരിക്കുന്നത്. എന്നിരുന്നാൽത്തന്നെയും ഒരു കാര്യം എനിക്ക് പറയാനുള്ളത് പി. എസ്സ്. പി. ഇന്നെടുത്തിരിക്കുന്ന നയം അന്നെടുത്തിരുന്നു എങ്കിൽ ഈ പത്തു ലക്ഷത്തോളം രൂപ ചെലവാക്കാതെ നമുക്ക് ലാഭമുണ്ടാകുമായിരുന്നു എന്നുള്ളതാണ്.

ശ്രീ എം. വി. ചെറിയാൻ: പി. എസ്സ്. പി. അന്ന് ഒരു തിരഞ്ഞെടുപ്പാണ് വേണ്ടതെന്നു പറഞ്ഞതറിയാമോ?

ശ്രീ. ടി. കെ. ദിവാകരൻ: അറിയാം. ഇന്ന് പി. എസ്സ്. പിം കോൺഗ്രസ്സിന്റെ ജനറൽ ആൻഡ് റെസ്പോൺസീവ് സഹകരണത്തോടുകൂടി അധികാരത്തിലിരിക്കുന്ന ഒരു പാർട്ടിയായിത്തീർന്നിരിക്കുന്നു എന്നാണു ഞാൻ പറഞ്ഞത്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ ഭാഷയിൽ ഹതഭാഗ്യയായ ഈ രാജ്യത്തിന്, പത്തു ലക്ഷത്തോളം രൂപ അനാവശ്യമായി ചെലവാക്കേണ്ടി വന്നു. അന്ന് ജന്നിംഗ്സിനെ അഭയം തേടാതെ പി. എസ്സ്. പി. യും ഈ സഹായം കാൺഗ്രസ്സ് വാഗ്ദാനം ചെയ്തിരുന്നുവെങ്കിൽ ഇത്രയും ഭീമമായ ഒരു സംഖ്യ നമുക്ക് ലാഭമാകുമായിരുന്നു എന്നു മാത്രവുമല്ല എലക്ഷനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ള അക്രമങ്ങളും അനീതികളും നാട്ടിലുണ്ടാകാതെ ഇരിക്കുകയും ചെയ്യുമായിരുന്നു. ഏതായാലും ഈ പത്തു ലക്ഷം രൂപയും ചെലവാക്കിയിട്ടുള്ളത് ഈ സഭ അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ പത്തു ലക്ഷം രൂപ ചെലവിന്റെ പേരിൽ പല രാഷ്ട്രീയ പ്രവർത്തകരുടേയും നയം മാററങ്ങൾ മനസ്സിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇന്നു നാം ഇവിടെ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. പല പുതിയ ഗൂഢതന്ത്രങ്ങളുടേയും രാഷ്ട്രീയ തന്ത്രങ്ങളുടേയും ഫലമായിട്ടാണ് ഇപ്പോൾ ഒരു മന്ത്രിസഭ ഉണ്ടായിരിക്കുന്നത്. മുമ്പ് അധികാരത്തിലിരുന്ന കക്ഷിയുടെ ഭരണത്തിന്റെ ഫലമായി ഇവിടെ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണിയുടെ വിളയാട്ടമാണ് നടന്നുവന്നിരുന്നത്. അവരുടെ അക്രമാസക്തമായ വിളയാട്ടങ്ങൾ നാം കണ്ടുകഴിഞ്ഞിരിക്കുകയാണ്. തിരഞ്ഞെടുപ്പിൽക്കൂടി പത്തു ലക്ഷം രൂപ ചെലവാക്കി അന്ന് അധികാരത്തിലിരുന്ന കക്ഷി ഇന്നു പ്രതിപക്ഷത്തിന്റെ അവകാശത്തിനു വേണ്ടി മല്ലടിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും ഇന്ന് ഈ തിരഞ്ഞെടുപ്പു കഴിഞ്ഞതോടുകൂടി ഭരണഭാരം ഏറെറടുക്കുന്നതിന് പത്തൊൻപതു പേർ മാത്രമാണ് ഉള്ളതെന്നും നാം ഓർക്കേണ്ടതാണ്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയെ സഹായിച്ചു എന്നുള്ള പേരിൽ ജനങ്ങളുടെ മേൽ എടുത്തിട്ടുള്ള കേസുകളെപ്പററി ഇന്നധികാരത്തിലിരിക്കുന്ന പാർട്ടി ഒരന്വേഷണം നടത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അധികാരത്തിലിരുന്ന പാർട്ടിക്കെതിരായി പ്രവർത്തിച്ചു എന്നുള്ളതുകൊണ്ട് പലരുടെ പേരിലും കള്ളമായി കേസുകൾ എടുത്തിട്ടുണ്ട്. തിരഞ്ഞെടുപ്പുവേളയിൽ നമ്മുടെ സംസ്കാരത്തിനും അന്തസ്സിനും യോജിക്കാത്ത തരത്തിൽ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണിക്കാർ നടത്തിയ അക്രമപ്രവർത്തനങ്ങളെക്കുറിച്ചും ഇന്നത്തെ മന്ത്രിസഭ കാര്യമായി ചിന്തിക്കണമെന്ന് എനിക്കഭിപ്രായമുണ്ട്.

അതുപോലെതന്നെ ഈ തിരഞ്ഞെടുപ്പിൽ ക്രമക്കേടുകൾ കാണിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിൽ അവരുടെ പേരിലും—ഉദ്യോഗസ്ഥന്മാരെപ്പററി പല ഭാഗങ്ങളിൽനിന്നും പരാതികൾ ഉണ്ടായിട്ടുണ്ട്—അങ്ങിനെ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾക്കുവേണ്ടി പരസ്യമായി നടന്ന് വോട്ടു പിടിച്ചിട്ടുള്ളവരെപ്പററിയും സമഗ്രമായ അന്വേഷണം നടത്തണമെന്നു ഇന്ന് അധികാരത്തിലിരിക്കുന്ന കക്ഷിയോടാവശ്യപ്പെടുന്നു. ഇത്രയും കാര്യങ്ങൾ മാത്രമാണ് എനിക്കു ഇതേപ്പററി പറയുവാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സംസാരിച്ചുകൊണ്ടിരുന്ന മെമ്പർ ഇരുന്നു കഴിഞ്ഞതിൽ പിന്നീടു് ചോദ്യം ചോദിക്കാമോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചു സംസാരിച്ചപ്പോൾ കഴിഞ്ഞ തിരഞ്ഞെടുപ്പ് കോൺഗ്രസ്സ് ഗവണ്മെൻറ ആവശ്യമില്ലാതെ രാജ്യത്തിൻെറ തലയിൽ
3 P. M. കെട്ടിവച്ചതാണെന്ന് ബഹുമാനപ്പെട്ട ചില മെമ്പർമാർ പറയുകയുണ്ടായി. കഴിഞ്ഞതിരഞ്ഞെടുപ്പ് കോൺഗ്രസ്സുകാർക്ക് ആവശ്യമായിരുന്നു. ഇതേ സംഗതിതന്നെ വിശ്വാസപ്രമേയം പരാജയപ്പെട്ടപ്പോൾ അന്നത്തെ പ്രതിപക്ഷനേതാവായ ശ്രീ. ടി. വി. തോമസ്സ് ചൂണ്ടിക്കാണിക്കുകയുണ്ടായി. വിശ്വാസപ്രമേയം പരാജയപ്പെട്ടുവെങ്കിലും അസംബ്ലി പിരിച്ചുവിടേണ്ട ആവശ്യമില്ലെന്നും ഒരു തിരഞ്ഞെടുപ്പ് ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമല്ലായിരിക്കണമെന്നും അങ്ങനെ ഒരു ഇഷ്യൂ ഇല്ലെന്നും തമിഴ്നാട് കോൺഗ്രസ്സുകാർ കോൺഗ്രസ്സിൻെറ കൂട്ടുകെട്ടിൽ നിന്നും പിരിഞ്ഞിട്ടുണ്ടെങ്കിൽ അതു് കോൺഗ്രസ്സിനെയും തമിഴ്നാടു കോൺഗ്രസ്സിനെയും ബാധിക്കുന്ന ഒന്നാണെന്നും രാജ്യത്തെ ബാധിക്കുന്ന ഒരു ഇഷ്യൂ ആകുകയില്ലെന്നും അതുകൊണ്ടു് യാതൊരു കാരണവശാലും നിയമസഭ പിരിച്ചുവിടേണ്ടതില്ലെന്നും ശ്രീ. ടി. വി. തോമസ് അന്നു പറയുകയുണ്ടായി. കോൺഗ്രസ്സ് സിക്രട്ടറിയായിരുന്ന ശ്രീ. സദാശിവൻപിള്ള അതിന് മറുപടി പറഞ്ഞു. ഇഷ്യൂ ഇല്ലെന്നു പറയുന്നതു് തെററാണ്; തിരുവിതാംകൂറിലെ ചില താലൂക്കുകൾ മദ്രാസിൽ ചേർക്കണമെന്ന് ഒരു കൂട്ടർ വാദിക്കുന്നുണ്ടു്; എന്തുതന്നെ വന്നാലും ഞങ്ങൾ അതനുവദിക്കാൻ പോകുന്നില്ല; അതുകൊണ്ടു് ആ ഇഷ്യൂ ജനങ്ങളുടെ മുമ്പാകെ വച്ചു് തിരഞ്ഞെടുപ്പു നടത്താൻ പോകുകയാണ് എന്നു പറഞ്ഞു. അതുകൊണ്ടു് യഥാർത്ഥത്തിൽ ഇവിടത്തെ കോൺഗ്രസ്സ്, തമിഴ്നാടു കോൺഗ്രസ്സിനോടു പ്രഖ്യാപിച്ച ഒരു കുരിശുയുദ്ധമായിരുന്നു കഴിഞ്ഞ തിരഞ്ഞെടുപ്പ്. അതിൻെറ ഫലമെന്തായിരുന്നുവെന്ന് ഇതിനകം കോൺഗ്രസ്സുകാർ വേണ്ടപോലെ മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഇന്നു കാലത്തു് ഒരു കോൺഗ്രസ്സ് മെമ്പറോടു ഞാൻ പറയുകയുണ്ടായി നിങ്ങൾ ഭയപ്പെടേണ്ട; ഇനി ഒരു തിരഞ്ഞെടുപ്പുവന്നാൽ നിങ്ങൾക്കു ഭരിക്കാമെന്ന്; ഇനി ഒരു തിരഞ്ഞെടുപ്പിൽ നിങ്ങളുടെ അംഗസംഖ്യ പത്തൊൻപതാകും; അതു

[ശ്രീ. എ. കുഞ്ഞൻ നാടാർ.]

കൊണ്ടു് ഭരിക്കുവാനുള്ള അവകാശം നിങ്ങൾക്കു കിട്ടും; എന്നു പറയുകയുണ്ടായി. (ചിരി) തമിഴ്‌നാട്ടുപ്രശ്നം ഈ രാജ്യത്തെ സകല പാർട്ടികളെയും ഇവിടത്തെ ഗവൺമെൻറിനെയും സാരമായി സ്പർശിക്കുന്ന ഒരു പ്രശ്നമാണു്. ജനകീയത്തിന്റെ പേരിലാണു് ഇവിടെ ഭരണം നടത്തുന്നതെങ്കിൽ തിരുവിതാംകൂർ തമിഴ്‌നാട്ടിലെ ജനങ്ങൾ ഒന്നിലധികം തവണ വിധിയെഴുതിയിരിക്കുകയാണു്, തങ്ങളെ തമിഴ്‌നാട്ടിനോടു ചേർക്കണമെന്നു്. മലയാളികൾക്കു് ഐക്യകേരളമുണ്ടാക്കാൻ അവകാശമുണ്ടെങ്കിൽ ഐക്യതമിഴകം ഉണ്ടാക്കുവാനുള്ള അവകാശം എന്തുകൊണ്ടു് തമിഴർക്കില്ല. ഇതാണു് തമിഴ്‌നാടു കാൺഗ്രസ്സിന്റെ ഇഷ്യൂ. അതു വകവയ്ക്കാതെ ഈ രാജ്യം ഞങ്ങളുടെ കാരണവന്മാരുടെ വകയാണു്; നിങ്ങൾ ഇവിടത്തെ കൂലിവേലക്കാരാണു് എന്നെല്ലാം പറഞ്ഞതുകൊണ്ടു ഒരു പ്രയോജനവുമില്ല. അതു ഡെമാക്രസിയല്ല. ഡെമാക്രസിയുടെ നിഷേധമാണു്. ഈ കുരിശുയുദ്ധത്തിൽ തിരുവിതാംകൂർ തമിഴ്‌നാടു കാൺഗ്രസ്സു് അംഗങ്ങളെ തോൽപ്പിക്കുവാൻ മദ്രാസിൽനിന്നു ചില ആഭാസന്മാരെ കാൺഗ്രസ്സുകാർ ഇവിടെ കൊണ്ടുവരുകയുണ്ടായി. ഇതിനെല്ലാം തമിഴ്‌നാട്ടിലെ ജനങ്ങൾ തക്കതായ മറുപടി പ്രവൃത്തിരൂപത്തിൽതന്നെ പറഞ്ഞിട്ടുണ്ടു്. ഒരു ജനകീയ ഗവൺമെൻറാണു് ഇവിടെ പ്രവർത്തിക്കുന്നതെങ്കിൽ ജനങ്ങളുടെ ഈ തീരുമാനത്തെ അംഗീകരിക്കുക. അതു് അംഗീകരിച്ചില്ലെങ്കിൽ തിരുവിതാംകൂർ തമിഴ്‌നാട്ടിലെ ജനങ്ങൾ ഒന്നല്ല, ഒൻപതു തിരഞ്ഞെടുപ്പു നടത്താൻ തയ്യാറാണു്. ഇവിടത്തെ തമിഴ്‌നാട്ടുഭാഗങ്ങൾ പോയാൽ ഐക്യകേരളത്തിനു് സാമ്പത്തികമായ ഒരു നിലനിൽപ്പു് ഉണ്ടാകുന്നതല്ല എന്നുള്ളതായിരുന്നു കാൺഗ്രസ്സുകാരുടെ ഇന്നുവരെയുള്ള വാദം. എന്നാൽ ഇപ്പോഴത്തെ വാദം അതല്ല തമിഴ്‌നാടു വിട്ടാൽ ഐക്യകേരളം ഒരു കമ്മ്യൂണിസ്റ്റ രാജ്യമായിപ്പോകും, അതുകൊണ്ടു് വിടുകയില്ല എന്നായിരിക്കുന്നു. ഇത്തരം വാദങ്ങൾ ഒരു ജനകീയ ചിന്താഗതിക്കു് ഒരിക്കലും യോജിച്ചതല്ല. ഇതിലും പ്രധാനമായ ഒരു സംഗതികൂടി എനിക്കിവിടെ പറയാനുണ്ടു്. രാഷ്ട്രീയ കക്ഷികൾക്കു് രാജ്യം ഭരിക്കുക, അധികാരം പിടിച്ചെടുക്കുക എന്നതിനുപരിയായി ഒരു വലിയ കർത്തവ്യമുണ്ടു്. അതു് ജനങ്ങൾക്കു് ഡെമോക്രസിയിലുള്ള വിശ്വാസം വളർത്തുക എന്നുള്ളതാണു്. അതു് ഇന്നത്തെ ഏററവും ഒരു വലിയ ആവശ്യമാണു് തിരുവിതാംകൂർ തമിഴ്‌നാട്ടിനെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ജനകീയക്കാർ തമിഴർക്കു് ഡെമോക്രസി നിഷേധിച്ചിരിക്കുകയാണു്. തമിഴ്‌നാട്ടിലെ ജനങ്ങൾക്കു് ഡെമോക്രസിയിലുള്ള വിശ്വാസംതന്നെ കുറഞ്ഞു കുറഞ്ഞല്ലേ വരുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പു് കാൺഗ്രസ്സുകാരെ സംബന്ധിച്ചിടത്തോളം ഒരാവശ്യമായിരുന്നാലും ഈ രാജ്യത്തെ ജനങ്ങൾക്കു് അതൊരാവശ്യമായിരുന്നില്ല. ഒരു കാര്യം സൂക്ഷിച്ചാൽ നിങ്ങൾക്കു കാണുവാൻ കഴിയും. കഴിഞ്ഞ അസംബ്ലിയിൽ ഞാൻ ഒരംഗമായിരുന്നു. ഇന്നു പല പാർട്ടികളിലും പുതിയ പലപല അംഗങ്ങളെയാണു് കാണുന്നതു്. എന്നാൽ അന്നു തമിഴ്‌നാടു കാൺഗ്രസ്സിലെ അംഗങ്ങളായിരുന്ന എട്ടുപേരും അതേ നിയോജകമണ്ഡലങ്ങളിൽ നിന്നുതന്നെ പതിനായിരവും പതിനയ്യായിരവും വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു ഇവിടെ വന്നിരിക്കുകയാണു്. ഇനിയും ഒരു എലക്ഷൻ വയ്ക്കു

ന്നപക്ഷം ഞങ്ങളുടെ എണ്ണവും പത്തൊൻപതാകാൻ നോക്കുമെന്നു പറഞ്ഞുകൊണ്ടു് ഈ തുക അനുവദിക്കരുതെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന, ജനകീയഭരണത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ കക്ഷിക്കു അന്തസ്സോടുകൂടി ചെയ്തുതീർക്കാൻ സാധിച്ച കാര്യങ്ങളാണു് ഇവിടെ ചെയ്തിട്ടുള്ളതു്. തിരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം മുഴുവൻതന്നെയും കാൺഗ്രസ്സിന്റെ പേരിൽ വച്ചുകെട്ടുമെങ്കിൽ അതിൽ ഞാൻ അഭിമാനം കൊള്ളുകയാണു്. കാരണം, കാൺഗ്രസ്സ് ജനാധിപത്യത്തിൽ വിശ്വസിക്കുന്നതുകൊണ്ടു് ഈ രാജ്യത്തിന്റെ ഭാവിഭാഗധേയത്തെപ്പററി നിർണ്ണയിക്കുവാനുള്ള അവകാശം ഈ രാജ്യത്തിലെ പൗരന്മാർക്കു തന്നെയാണു ഉള്ളതെന്നു തീരുമാനിച്ചതിൽ അഭിമാനം കൊള്ളാമെന്നുള്ളതുകൊണ്ടാണു്. ഈ രാജ്യത്തിന്റെ ഭാവി അനിശ്ചിതമായി കിടന്നപ്പോഠം, ഇവിടത്തെ ഭരണഭാരം കയ്യേൽക്കുവാൻ ഈ സഭയിലെ ഭൂരിപക്ഷത്തിന്റെ പിൻബലമുള്ള യാതൊരു കക്ഷിയും മുന്നോട്ടുവരാൻ ഇല്ലാതിരുന്നപ്പോഠം എടുത്ത ഒരു നടപടിയായിരുന്നു വീണ്ടും തിരഞ്ഞെടുപ്പു നടത്തുകയെന്നുള്ളതു് ജനകീയസമ്പ്രദായപ്രകാരം അതു് ഉത്തമമായ ഒരു നടപടിയാണെന്നാണു് എന്റെ അഭിപ്രായം. നിയമസഭ പിരിച്ചുവിട്ടുകൊണ്ടു് വീണ്ടും അധികാരത്തിൽ വരുവാൻവേണ്ടി മററു ഏതെങ്കിലും പാർട്ടിയുമായി കൂട്ടുപിടിക്കുവാൻ കാൺഗ്രസ്സു ശ്രമിച്ചിരുന്നില്ല. ഇവിടെ ഇപ്പോഠം നടന്ന തിരഞ്ഞെടുപ്പിനു് യഥാർത്ഥത്തിൽ ഉത്തരവാദികഠം ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുകയില്ലെന്നു പറഞ്ഞ കക്ഷിതന്നെയാണു്. കഴിഞ്ഞ നിയമസഭയിൽ അധികാരത്തിലിരിക്കുന്ന കക്ഷിക്കു എതിരായി വിശ്വാസപ്രമേയം പരാജയപ്പെടുത്തിയതിൽ പങ്കെടുത്തകക്ഷികഠം ഭരണഭാരം ഏറെറടുക്കുവാൻതയ്യാറായിരുന്നില്ല ഇന്നു ഭരണഭാരംഏററിരിക്കുന്ന പി. എസ്സ്. പി. യിൽ അന്നു പത്തുപേർ മാത്രമാണുണ്ടായിരുന്നതു് അവർ അധികാരം ഏറെറടുക്കുവാൻ കൂട്ടാക്കിയില്ല. മററു കക്ഷികഠംക്കു് സംഖ്യാവുമായിരുന്നില്ല. അതിനാൽ ഗത്യന്തരമില്ലാതെ, മററു യാതൊരു പോംവഴിയും കാണാതെ പുതിയ തിരഞ്ഞെടുപ്പു നടത്തേണ്ടതായി വന്നു.

ഒരു പക്ഷെ, തെരഞ്ഞെടുപ്പിനെ ഇപ്പോഠം എതിർക്കുന്നവർ ഉദ്ദേശിച്ചിരുന്ന നിലയിലാണു കാര്യങ്ങഠം നടന്നിരുന്നതെങ്കിൽ അവരിപ്പോഠം ഈ ധനാഭ്യർത്ഥനയെ എതിർക്കുമായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു. തെരഞ്ഞെടുപ്പിൽ കൈക്കൊണ്ട, നിർമ്മാണാത്മകമല്ലാത്ത മനോഭാവത്തോടുകൂടി തെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനെ എതിർത്ത ആളുകഠംക്കു് അവർ ഉദ്ദേശിച്ച തരത്തിൽ ഒരു ഗവണ്മെൻറു രൂപീകരിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഈ തെരഞ്ഞെടുപ്പിനെ അവർ എതിർക്കുമായിരുന്നില്ല. ഇന്നും സ്വന്തംകാര്യം നടക്കാത്തതിൽ നിരാശപ്പെട്ടുകൊണ്ടു് അവർ തെരഞ്ഞെടുപ്പിനെ പഴി പറയുകയാണു്. ഏതായാലും ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ ഒരു കാര്യം വ്യക്തമായിട്ടുണ്ടു്. കഴിഞ്ഞതവണത്തെ തെരഞ്ഞെടുപ്പിനെക്കാഠം കാൺഗ്രസ്സിനു ഇത്തവണ ന്യ ലക്ഷം ജനങ്ങളുടെ പിൻബലം കൂടുതലായി ലഭിച്ചുവെന്നുള്ളതാണു് അതു്. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

[ശ്രീ. കെ. കരുണാകരൻ.]

ഈ ഉപധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു് തെരഞ്ഞെടുപ്പുകാലത്തു നടന്ന ആക്രമണങ്ങളെപ്പറ്റിയും ഐക്യമുന്നണിയിലെ ചില മെംബർമാർ പറയുകയുണ്ടായി. ഈ ആക്രമണങ്ങളെല്ലാം അന്നു അധികാരത്തിലിരുന്ന കക്ഷിയാണു ചെയ്തതെന്നു ആക്ഷേപിക്കുന്നതും കേട്ടു. ആ ആക്ഷേപം സാധാരണ ഉണ്ടാകാറുള്ളതാണു്. അവർ ചെയ്യാൻ പോകുന്നകാര്യങ്ങളും ചെയ്യണമെന്നു ആഗ്രഹിക്കുന്ന അക്രമങ്ങളും എതിരാളിയുടെ തലയിൽ കെട്ടിവയ്ക്കുകയെന്നുള്ളതു് അവരുടെ ഒരു പതിവാണു്. അവർ ചെയ്യാൻ പോകുന്ന അനീതികളും അക്രമങ്ങളും എതിരാളികൾ ചെയ്യുന്നതായി അവർ പറയും. എന്നിട്ടു അവർതന്നെ അതു ചെയ്യും. ഇവർ അനവധി അക്രമങ്ങൾ ഈ തെരഞ്ഞെടുപ്പിൽ ചെയ്തിട്ടുണ്ടെന്നു എനിക്കു ധൈര്യമായി പറയുവാൻ കഴിയും. അങ്ങനെ പല ഭാഗത്തുനിന്നും പരാതികളുണ്ടായിട്ടുണ്ടു്. ഈവക അനീതികളുടേയും, അക്രമങ്ങളുടേയും ചുമതലകളിൽനിന്നു രക്ഷനേടുവാൻവേണ്ടി, ജനങ്ങളുടെ മുമ്പാകെ നല്ലപിള്ള ചമയുവാൻവേണ്ടി, പല അടവുകളും അവർ കാണിക്കുന്നുണ്ടു്. അതിലൊന്നാണു അക്രമങ്ങളെപ്പറ്റിയുള്ള ആരോപണവും.

ഏതായാലും തെരഞ്ഞെടുപ്പു് ഒരാവശ്യമുള്ള കാര്യമായിരുന്നതുകൊണ്ടു് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സർ, ഇത്രയേറെ രാഷ്ട്രീയമായ വാദപ്രതിവാദങ്ങൾ നടക്കുമെന്നുള്ള വിചാരത്തോടുകൂടിയല്ല ഈ ഡിമാൻഡു് അവതരിപ്പിച്ചിട്ടുള്ളതു് എന്നു ഞാൻ കരുതുന്നു. ഏതായാലും പാർട്ടികൾതമ്മിൽ അന്യോന്യം—അനവസരത്തിൽതന്നെ എന്നു പറയേണ്ടിയിരിക്കുന്നു—ആരോപണ പ്രത്യാരോപണങ്ങൾ നടത്തുവാനുള്ള ഒരു സന്ദർഭമായി ഇതു പരിണമിച്ചതിൽ ഞാൻ വ്യസനിക്കുന്നു. ഉപധനാഭ്യർത്ഥന കൊണ്ടുവരുവാനുള്ള കാരണമുണ്ടാക്കിത്തീർത്തതു് അധികാരത്തിലിരുന്ന കക്ഷികളാണോ, മറ്റു കക്ഷിയാണോ എന്നുള്ളതിനെപ്പറ്റി ഇങ്ങനെ ഒരപഗ്രഥനം നടത്തേണ്ടയാവശ്യമുണ്ടെന്നും അതിനൊരുസന്ദർഭം ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ടെന്നും എനിക്കു തോന്നുന്നില്ല. നിർഭാഗ്യവശാൽ, സ്പീക്കർ അങ്ങനെയൊരു അവസരം കൊടുത്തുകഴിഞ്ഞസ്ഥിതിയ്ക്കു ഞാൻ ഉൾപ്പെട്ട ഐക്യമുന്നണിക്കക്ഷിയുടെ ഈ വിഷയത്തെ സംബന്ധിച്ചുള്ള നിലപാടിനെപ്പറ്റിയും ഒന്നുരണ്ടു വാക്കുകൾ പറയാതെ നിവൃത്തിയില്ലെന്നു വന്നിരിക്കുന്നു.

എനിക്കു മുമ്പു സംസാരിച്ച ബഹുമാന്യ മെംബർ, ഇങ്ങനെ ഒരു തെരഞ്ഞെടുപ്പിന്റെ ആവശ്യം സൃഷ്ടിച്ചതു് യഥാർത്ഥത്തിൽ കാൺഗ്രസ്സു് അല്ലെന്നും അഥവാ ആണെന്നു വന്നാൽതന്നെയും വളരെ അന്തസ്സോടുകൂടിയാണു കാൺഗ്രസ്സു് അങ്ങനെ ചെയ്തതെന്നും സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശ്വാസം അതാണു്. എനിക്കതിൽ അദ്ദേഹത്തോടു ബഹുമാനവും ഉണ്ടു്. പക്ഷെ വിശ്വാസവും പരമാർത്ഥവും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ചുകൂടി അദ്ദേഹം കാര്യമായി ചിന്തിക്കുമെങ്കിൽ, ഒരുപക്ഷെ ഐവർ ജന്നിംഗ്സിനെ അല്ല ലോകത്തുള്ള ആരെയൊക്കെ കൂട്ടുപിടിച്ചാലും ശരി, പാർലമെന്ററി നടപടികളനുസരിച്ചു വിശ്വാസപ്രമേയം പരാജയപ്പെട്ട ആ നിമിഷത്തിൽ അധികാരത്തിൽനിന്നു മാറാതെയിരുന്നതു് ശരിയായ

ഒരു നടപടി ആയിരുന്നില്ലായെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെടാൻ പ്രയാസമില്ല. കാൺഗ്രസ്സിനു് ഭരിക്കുവാൻ അധികാരമില്ലെന്നു തെരഞ്ഞെടുക്കപ്പെട്ട സഭയിലെ ഭൂരിപക്ഷം ആളുകൾ അവരുടെ വോട്ടുകൊണ്ടു രേഖപ്പെടുത്തി. അതു പറഞ്ഞ യവസരത്തിൽ അധികാരത്തിൽ പിടിച്ചുതൂങ്ങിക്കൊണ്ടിരുന്നകക്ഷി രാജിവച്ചു് ജനങ്ങളുടെ തീരുമാനത്തെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ആയിരുന്നു വേണ്ടതു്. അതു ചെയ്തിരുന്നെങ്കിൽ അദ്ദേഹത്തിന്റെ അവകാശവാദം ശരിയാകുമായിരുന്നു. ആ പാരമ്പര്യത്തെ ചവിട്ടിത്തേച്ചു് ആവശ്യമില്ലാത്ത കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ചതിനുശേഷം ഇപ്പോൾ പറയുകയാണു അതു് ഏററവും അന്തസ്സായ ഒരു പ്രവൃത്തിയാണെന്നു്. അറിവുകേടു് എന്നല്ലാതെ, വിവരക്കേടു എന്നല്ലാതെ ഇതിനു മറുപടിപറയുവാൻ വേറെ യാതൊരു വാക്കും ഏററവും നല്ല ഭാഷയിൽ കാണുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടു്: സർ, വിവരക്കേടു എന്നു പറയുന്നതു പാർലമെൻററിയാണോ?

മി. സ്പീക്കർ: അല്ലെന്നു തോന്നുന്നില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: തെരഞ്ഞെടുപ്പിൽ നടന്ന അഴിമതികളെപ്പററിയോ ഇരുകൂട്ടരും കാണിച്ചിട്ടുള്ള വിക്രിയകളെപ്പററിയോ അന്വേഷിക്കാൻ ഇന്നധികാരത്തിലിരിക്കുന്ന ഗവണ്മെൻറു തയ്യാറാകുമെങ്കിൽ ഞാൻ മണലൂർ മെംബർക്കു് ഒരു ചലഞ്ചു് ഓഫർ ചെയ്തുകൊള്ളുന്നു. അതു മറെറാന്നുമല്ല, ഇന്നു അധികാരത്തിലിരിക്കുന്ന ഗവണ്മെൻറു് ഒരു നിഷ്പക്ഷക്കമ്മീഷൻ മുഖേന ഒരു പരസ്യാന്വേഷണം നടത്തട്ടെ. തിരുവിതാംകൂറിലെ ൫൫൧ നിയോജകമണ്ഡലങ്ങളിലും ഏതു പാർട്ടിയാണു് അക്രമങ്ങൾ പ്രവർത്തിച്ചിട്ടുള്ളതെന്നും, ഏതു പാർട്ടിയാണു് അവരുടെ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം വോട്ടു് സമ്പാദിക്കാൻ ശ്രമിച്ചിട്ടുള്ളതെന്നും അറിയാം. അങ്ങനെ ഒരു നിഷ്പക്ഷാന്വേഷണം നടത്തുകയാണെങ്കിൽ അധികാരത്തിലിരുന്ന പാർട്ടി ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് വോട്ടു് സമ്പാദിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതിലേയ്ക്കു് നിരാക്ഷേപമായ തെളിവുകൊടുക്കാൻ ഞങ്ങൾ തയ്യാറാണു്. ആ ചലഞ്ചു് അദ്ദേഹം സ്വീകരിക്കാൻ തയ്യാറുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്? അങ്ങനെ ഗുണ്ടാപ്രവർത്തനവും ഗവണ്മെൻറുമിഷ്യനറിയെ ഉപയോഗിച്ചു് വോട്ടുപിടിത്തവും മര്യാദകേടാണെങ്കിൽ അതിനുള്ള ഒന്നാംസ്ഥാനം കാൺഗ്രസ്സ്‌കാർക്കും അവരുടെ പാർട്ടിക്കുംതന്നെ കിട്ടും. രണ്ടായാലും ഇന്നധികാരത്തിലിരിക്കുന്ന ഗവണ്മെൻറു്, ഇന്നത്തെ ഭൂരിപക്ഷത്തിന്റെ നേതാവായ ബഹുമാനപ്പെട്ട പട്ടംതാണുപിള്ള അവർകൾ ഇതു സംബന്ധമായി ഒരു നിഷ്പക്ഷാന്വേഷണം നടത്തുകയാണെങ്കിൽ അക്രമങ്ങളും മര്യാദകേടുകളും ആരുടെ ഭാഗത്തായിരുന്നു എന്നും അക്രമരാഹിത്യവും മര്യാദയും ആരുടെ ഭാഗത്തായിരുന്നു എന്നും നീതി ആരുടെ ഭാഗത്തെന്നും നീതികേടു ആരുടെ ഭാഗത്തെന്നും തെളിയിക്കാൻ കഴിയും. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഗ്രാൻറു് ഒരു ഔപചാരികമായ ഒന്നാണു്. ചെലവു ചെയ്തു കഴിഞ്ഞു. വലിയ വാദപ്രതിവാദങ്ങൾ ഒന്നും കൂടാതെ യാഥാർത്ഥ്യങ്ങളെ മാത്രം ആസ്പദമാക്കിക്കൊണ്ടുള്ള ചർച്ചകൾക്കുശേഷം അവരവരുടെ ആവശ്യങ്ങൾ നടത്താനുള്ള മററു കാര്യങ്ങളിൽ പ്രവേശിക്കേണ്ട ഈ അവസരത്തിൽ ഈ ധനാഭ്യർത്ഥന പാസാക്കുന്നതിനു ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിനുണ്ടായ ചെലവ് അനുവദിക്കാനാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ എനിക്കു അറിയാൻ കഴിഞ്ഞ ചില പരമാർത്ഥങ്ങൾ ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നു. കാൺഗ്രസ്സുകാർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വളരെ വൃത്തികേടുകൾ ചെയ്തിട്ടുണ്ട്. എന്റെ അനുഭവം വച്ചുകൊണ്ട് ഞാൻ ഇതു പറയുകയാണ്. പാർലമെൻററി നിയോജകമണ്ഡലങ്ങൾ വിഭജനംചെയ്ത കാര്യത്തിൽതന്നെ ഓരോരുത്തരും അവരവരുടെ പാക്കററമണ്ഡലങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ട മുൻകരുതലുകൾ എടുത്തിരുന്നു. മുൻകിടന്ന കാൺഗ്രസ്സുകാരിൽ ചിലർക്കു ചില സീററുകൾ കിട്ടുകയില്ലെന്നു വിചാരിച്ച് നിയോജകമണ്ഡലങ്ങളുടെ വിഭജനകാര്യത്തിൽ അനാവശ്യമായി ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അതു് ഒന്നാമത്തെ വൃത്തികേട്. നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങൾക്കും ഭരിക്കുന്ന കക്ഷിയിൽ വിശ്വാസമില്ലെന്നു അവിതർക്കിതമായ വിധത്തിൽ രേഖപ്പെടുത്തിയതിനുശേഷം വീണ്ടും ഭരണസാരഥ്യം വഹിച്ചുകൊണ്ട് ൻ മാസക്കാലത്തോളം തുടർന്നുഭരിച്ചതു് രണ്ടാമത്തെ വൃത്തികേട്. എനിക്കു തോന്നുന്നതു് ഈ കാൺഗ്രസ്സുകക്ഷിക്കു് അവരിൽ വിശ്വാസമില്ലെന്നു രേഖപ്പെടുത്തിയശേഷം രാജ്യഭരണം തുടർന്നുകൊണ്ടുപോകുന്നതിന് എന്തെങ്കിലും ഏർപ്പാടുകൾചെയ്തു ഭരണത്തിൽനിന്നും മാറിയിരുന്നുവെങ്കിൽ ഇന്നു കിട്ടിയതിൽനിന്നും കൂടുതൽ സ്ഥാനങ്ങൾ അവർക്കു കിട്ടുമായിരുന്നു എന്നാണ്.

ശ്രീ. എൻ. ജി. ചാക്കോ: ഒരു മാസം മുമ്പുവരെ ബഹുമാനപ്പെട്ട മെംബർ കാൺഗ്രസ്സ് പഞ്ചായത്തിലെ മെംബർ അല്ലായിരുന്നോ?

ശ്രീ. ജോസഫ് ചാഴിക്കാട്: ഒരു മാസം മുമ്പുവരെയല്ല ഇപ്പോഴും പഞ്ചായത്തു മെമ്പറാണ്. കാൺഗ്രസ്സിലെ മെംബറായിട്ടില്ല.

ശ്രീ. കെ. എം. ചാണ്ടി: കാൺഗ്രസ്സ് ടിക്കററിൽ നിന്നാണോ മെംബർ ജയിച്ചതു്?

ശ്രീ. ജോസഫ് ചാഴിക്കാട്: അല്ല.

ശ്രീ. കെ. എം. ചാണ്ടി: കാൺഗ്രസ്സ് ടിക്കററിനു് അപേക്ഷിച്ചിരുന്നില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്: ഇല്ല. എന്റെ സ്ഥലത്തുള്ള പഞ്ചായത്തു് നിലവിലിരിക്കുന്ന ഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ച് നടത്തിക്കൊണ്ടു പോകാമെന്നു ഞാൻ സമ്മതം കൊടുത്തിട്ടുണ്ട്. പക്ഷെ അതു കാൺഗ്രസ്സ് മെംബറായിട്ടല്ല, ഇപ്പോഴും കാൺഗ്രസ്സ് മെംബറായിട്ടില്ല.

ഇങ്ങനെ അധികാരത്തിൽ തുടർന്നുകൊണ്ടുപോയതുകൊണ്ടാണ് അവർക്കു കുറെ സ്ഥാനങ്ങൾ നഷ്ടപ്പെടാൻ ഇടയായതു്.

പിന്നൊന്നു് ഇലക്ഷൻ ആരംഭിച്ചശേഷം ഒരു വിരുദ്ധമുന്നണി കാൺഗ്രസ്സിന്റെ ഒളിച്ചുപ്പാട്ടായി ഇറങ്ങിയതാണ്. ഞാനും ഒരു റോമൻകത്തോലിക്ക് സിറിയൻക്രിസ്ത്യനാണ്. വിരുദ്ധമുന്നണി രാജ്യത്തു്

പ്രവർത്തിച്ചുകൊണ്ടിരുന്നു. സത്യം പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് ഇതു പറയുന്നതു്. സത്യം പറയേണ്ടതു് ആവശ്യമാണെന്നും ഞാൻ വിചാരിക്കുന്നു. ആ പ്രവർത്തനങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽ എത്രമാത്രം ഉപദ്രവങ്ങൾ ചെയ്തു എന്നു് എനിക്കു നല്ലവണ്ണം അറിയാം. മതംഎന്നതു് കാൺഗ്രസ്സുകാരുടെ വകയായിരുന്നു എന്നാണു് തോന്നിയതു്. മതം കാളപ്പെട്ടിയുടെ വകയാണെന്നു് സ്ഥാപിക്കുകയായിരുന്നു അവർ ചെയ്തതു്. കാളപ്പെട്ടിയിൽ വോട്ടുചെയ്തില്ലെങ്കിൽ നരകത്തിൽ പോകുമെന്നുപോലും അവരിൽ ചിലർ പറയുകയുണ്ടായി. അങ്ങിനെയുള്ള ധാരാളം വൃത്തികേടുകൾ കാൺഗ്രസ്സുകാർ ചെയ്തിട്ടുണ്ടെന്നു് എനിക്കു് നേരിട്ടറിയാം. ഒരു സത്യവാംഗ്മൂലം അതിലേയ്ക്കു് ഹാജരാക്കാനും ഞാൻ തയ്യാറാണു്. ഈവക സംഗതികൾ കാൺഗ്രസ്സു് പ്രവർത്തനങ്ങൾക്കു് വലിയ ദോഷം ചെയ്തിട്ടുണ്ടു്. ഒരു സംഗതി എന്റെ സ്നേഹിതന്മാരോടു പറയേണ്ടതുണ്ടു്:

The evil that men do lives after them
But the good is oft interred with their bones

എന്നാണു് ഷെയിക്ക്സ്പീയർ പറയുന്നതു്. അതായതു് കാൺഗ്രസ്സു് ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ വളരെ കുററങ്ങളും വൃത്തികേടുകളും അവർ ചെയ്തിട്ടുണ്ടു്. നല്ലസംഗതികളും ചിലതെല്ലാം ചെയ്തിട്ടുണ്ടു്. ഈ ഇലക്ഷൻ നടത്തിയതുതന്നെ ഒരു നല്ല സംഗതിയല്ലേ എന്നു് ആലോചിച്ചു നോക്കണം. ഈ ഇലക്ഷൻ നടത്തിയില്ലെങ്കിൽ നിങ്ങളിൽ പലരും ഇവിടെ കാണുമായിരുന്നോ? ഇപ്പോൾ പുത്തനായി വന്നിട്ടുള്ളവർ അവരോടു കൃതജ്ഞതയുള്ളവരായിരിക്കണം. അവരുടെ വിജയത്തിനുവേണ്ടി പല ചീത്തസംഗതികളും ചെയ്തിട്ടുണ്ടു്. കൂടുതൽ ചീത്തസംഗതികൾ ചെയ്തിട്ടുള്ളതു് കാൺഗ്രസ്സുകാരാണോ ഐക്യമുന്നണിക്കാരാണോ എന്നും എനിക്കു നല്ല തീർച്ചയില്ല. ഐക്യമുന്നണിക്കാർ എന്റെ നിയോജകമണ്ഡലത്തിൽ വന്നിട്ടില്ലാത്തതുകൊണ്ടു് അവർ എന്തെല്ലാം വൃത്തികേടുകൾ ചെയ്തിട്ടുണ്ടെന്നു എനിക്കു് അറിവില്ല. പണം ചെലവാക്കിക്കഴിഞ്ഞതിനുശേഷമാണു് അനുവാദം ചോദിക്കാൻ വന്നിരിക്കുന്നതു്. അപ്പോൾ പിന്നെ എന്താണു് പറയുക. നിവൃത്തിയുണ്ടായിരുന്നെങ്കിൽ അനുവദിച്ചുകൊടുക്കാൻ പാടില്ലാത്തതായിരുന്നു. യാതൊരു നിവൃത്തിയുമില്ലാത്ത അവസരത്തിൽ അനുവദിച്ചുകൊടുക്കുകമാത്രമേ കരണീയമായിട്ടുള്ളൂ.

ശ്രീ. കെ. മഞ്ജുനാഥപ്രഭു : സർ, ഒരു തെരഞ്ഞെടുപ്പു നടത്തിയ വകയിൽ ൧൦ ലക്ഷത്തിൽ ചില്വാനം രൂപ ചെലവായതിലേയ്ക്കുള്ള ഒരു ഗ്രാൻറാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇൻഡ്യൻ ഭരണഘടനയോടു കൂറു പ്രഖ്യാപിച്ച മെംബറന്മാർ ആ ഭരണഘടനയിലുള്ള ചില വകുപ്പുകൾ വായിച്ചാൽ ഈ തെരഞ്ഞെടുപ്പു എങ്ങനെ ഉണ്ടായി എന്നു് അറിയാൻ കഴിയും. ഈ രാജ്യത്തു ഒരു നിയമസഭ ആവശ്യമാണു്. അതിലേയ്ക്കു വേണ്ടി ചെലവു ചെയ്തിട്ടുള്ള തുക അനുവദിച്ചു കൊടുക്കേണ്ടതുമാണു്. ആ നിലയിൽ ഈ ഗ്രാൻറു പാസ്സാക്കിക്കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഐക്യമുന്നണിയോടുകൂടി കാൺഗ്രസ്സിന്റെ പ്രതിപക്ഷമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പി. എസ്സ്. പി. യാണ് ഇന്ന് ഭരണം നടത്തുന്നത്. അവർ ഒരു നിഷ്പക്ഷകമ്മീഷൻ വച്ച് തെരഞ്ഞെടുപ്പിൽ നടന്ന അഴിമതികളേയും അക്രമങ്ങളേയുംപററിയുള്ള വസ്തുത അടുത്ത അവസരത്തിൽതന്നെ ശേഖരിച്ച് ഈ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരുമെന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു. ആ നിലയിൽ ഇവിടെ ഉണ്ടായ വെല്ലുവിളിയെ ഞങ്ങൾ സ്വീകരിക്കുന്നു. ഇപ്പോഴും എന്തെല്ലാം അക്രമങ്ങളും അനീതികളുമാണ് നടക്കുന്നതെന്ന് ജനങ്ങൾക്കറിയാം. ഒരു ലക്ഷത്തിൽപരം വോട്ട് കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ കിട്ടിയതിൽ കാൺഗ്രസ്സിന് കൂടുതലായി കിട്ടിയിട്ടുള്ളതുതന്നെ ആരുടെ ഭാഗത്തായിരുന്നു ജനങ്ങൾ എന്നുള്ളതിനു് ഒരു തെളിവാണ്. കൊച്ചി വിഭാഗത്തിൽ എന്തെല്ലാം അക്രമങ്ങൾ ഈ ഐക്യമുന്നണി കൂട്ടുകെട്ടുകാർ ചെയ്തിട്ടുണ്ടെന്നു എല്ലാവർക്കുമറിയാം. തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർക്കുപോലും ഭീഷണിക്കത്തുകൾ കിട്ടിയിട്ടുണ്ട്. എത്രയോ ഭീഷണിക്കത്തുകൾ ഞങ്ങൾ ഇതിനുമുമ്പും കണ്ടിട്ടുണ്ട്. ഞങ്ങൾക്ക് അതിൽനിന്നും കരകയറാനുള്ള കഴിവുമുണ്ട്. ഈ മാതിരി ഭീഷണികളൊന്നും ഇനി നടക്കാൻ പോകുന്നില്ല.

ഇവിടെ വിരുദ്ധമുന്നണിയെപ്പററി പറയുകയുണ്ടായി. കാൺഗ്രസ്സിന്റെ ഒരു ഭാഗവുമല്ല അതു്. അങ്ങനെ ഒരു സംഘടന ഇവിടെ ഉണ്ടു്. അതൊരു രാഷ്ട്രീയസംഘടന അല്ലെന്നു അവർതന്നെ പറഞ്ഞിട്ടുമുണ്ടു്. ഞങ്ങളെ അവർ സഹായിച്ചിട്ടുണ്ടെങ്കിൽ അതു അവരുടെ പേരിലുള്ള അപരാധമാണോ എന്നു തീരുമാനിക്കേണ്ടതു് ജനങ്ങളാണു്. ശ്രീ. ചാഴിക്കാടൻ ഞങ്ങൾക്ക് കൂടുതൽ സീററുകൾ കിട്ടാനുള്ള ചില ഉപദേശങ്ങൾ എല്ലാം നൽകുകയുണ്ടായി. ഏതായാലും ഞങ്ങൾ ഇവിടെ ഉണ്ടായ വെല്ലുവിളിയെ സ്വീകരിച്ചിരിക്കുന്നു. ഈ ഗവണ്മെന്റു ഒരു ഹൈക്കോർട്ട് ജഡ്ജിമാർ അടങ്ങുന്ന നിഷ്പക്ഷകമ്മിററിയെ വച്ച് അതിനവേണ്ട തെളിവു ശേഖരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതിലേയ്ക്കു് ഞാൻ ആവശ്യപ്പെടുകയും ചെയ്തുകൊള്ളുന്നു. ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : വിരുദ്ധമുന്നണി ഇലക്ഷൻകാലത്തു നാടുതോറും നടന്നു പ്രസംഗിച്ചുകൊണ്ടിരുന്നതു് കാൺഗ്രസ്സുകാർ ക്ഷണിക്കാതെയാണെന്നാണോ മെമ്പർ പറയുന്നതു് ?

ശ്രീ. ടി. പി. സീതാരാമൻ : ക്ഷണിച്ചിട്ടുണ്ടാവാം. അല്ലാതെയും പ്രസംഗങ്ങൾ നടന്നിരിക്കാം. എല്ലാ വിധത്തിലും അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ടു്. അതിൽ തെററുമില്ല.

ശ്രീ. യു. നീലകണ്ഠൻ : മന്ത്രിമാർ നിയോജകമണ്ഡലങ്ങൾതോറും സഞ്ചരിക്കുന്നതിന് സ്റ്റേററുകാർ ഉപയോഗിച്ചിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ആ ചെലവൻസുംകൂടി ഈ ഇലക്ഷൻ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker : This is not the time for questions and answers.

ശ്രീ. വി. ജെ. ജോസഫ്: വിശാലമുന്നണി ഒരു നിരോധിക്കപ്പെട്ട സംഘടനയാണോ, അതല്ല ഈ രാജ്യത്ത് പ്രവർത്തനം നടത്താൻ അവകാശമുള്ള ഒരു സംഘടനയാണോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker : That question need not be answered.

ശ്രീ. എ. താണുപിള്ള: ഈ തുക അനുവദിക്കാതിരിക്കുന്നതിനു യാതൊരു കാരണങ്ങളും ബഹുമാനപ്പെട്ട മെംബറന്മാരിൽ ആരുംതന്നെ ഇവിടെ പറഞ്ഞതായി കാണുന്നില്ല. ഇപ്പോൾ കഴിഞ്ഞ എലക്ഷനെ സംബന്ധിച്ച് പല പ്രസ്താവനകളും ഇവിടെ കേട്ടു. എനിക്ക് പറയുവാനുള്ളത്, ഈ സന്ദർഭം അക്കാര്യത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾക്ക് ഉള്ളതല്ലെന്നാണ്. എലക്ഷൻ വേണമോ വേണ്ടയോ എന്നുള്ള ഒരു പ്രശ്നം ഉണ്ടായിരുന്നു. ഏതായാലും എലക്ഷൻ നടന്നു കഴിഞ്ഞു. എലക്ഷനിൽ നടന്ന കൊള്ളരുതായ്മകൾ ഇവിടെ വാദവിഷയമാക്കരുതെന്നാണ് എന്റെ അഭിപ്രായം. എലക്ഷൻ സംബന്ധമായി ചില കേസ്സുകൾ ഉണ്ടായിട്ടുണ്ട്. അതേപ്പററി ഗവണ്മെന്റ് ശ്രദ്ധിക്കണമെന്നു ശ്രീ. ററി. കെ. ദിവാകരൻ ഇവിടെ പറയുകയുണ്ടായി. ഏതു കേസ്സുകളെപ്പററിയും വേണ്ട സന്ദർഭത്തിൽ അന്വേഷണം നടത്തുകയും, വേണ്ടതു ചെയ്യുകയും ചെയ്യേണ്ടതു ഗവണ്മെന്റിന്റെ കടമയാണ്. ഈ പ്രത്യേക പരിതസ്ഥിതിയിൽ അവയെപ്പററി ഗവണ്മെന്റ് ആലോചിക്കാമെന്നു മാത്രമെ എനിക്കു പറയുവാനുള്ളു. എലക്ഷനെ സംബന്ധിച്ചുള്ള മററു പ്രസ്താവനകളെല്ലാം ഒഴിവാക്കിയിരുന്നാൽതന്നെയും ബഹുമാനപ്പെട്ട മെംബറന്മാർക്ക് യാതൊരു നഷ്ടവും ഉണ്ടാകുകയില്ലായിരുന്നു. എന്നുമാത്രമല്ല ഈ ഡിമാൻറിനെപ്പററിയുള്ള ചർച്ച കുറെക്കൂടി നന്നായിരിക്കുകയും ചെയ്യുമായിരുന്നു. ഈ ഡിമാൻറ് അനുവദിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 10,80,700 be granted under Demand XI—25. General Administration C Elections (a) Other Election Charges—was put and carried.

The grant was made.

Demand XII—25 F.—Pay of Officers, Contingencies etc.

Minister for Finance (**Shri P. S. Nataraja Pillai**): Sir, I move under Demand XII—25 F. Pay of Officers, Contingencies etc. for a grant of Rs. 28,600, comprising of seven items. This is a demand necessitated by the decision of the Reserve Bank of India to have their treasury chests in our Divisional Treasuries and some taluk treasuries, and also for meeting the salary of the District Collectors who are made I. A. S. Officers. There was disparity in their grade. District Collectors were upgraded to the I. A. S. cadre. There was disparity in their pay, and an additional amount for that purpose had to be provided. Then some additional expenditure were incurred on account of postage and telephone charges which were in arrears

[Shri P S. Nataraja Pillai]
for some time and had to be paid; and necessary adjustments had to be made. When the new posts were created, the establishments had to be increased and their pay and dearness allowance had to be provided for. As will be seen on a perusal of the list supplied, all the items of expenditure have already been incurred. I therefore request the House to sanction the amount.

Chief Minister (**Shri A. Thanu Pillai**): I second it.

The questson that a supplementary sum not exceeding Rs. 28,600 be granted under Demand XII—25 F. Pay of Officers, Contingencies, etc. was put and carried.

The grant was made.

Demand XII 25.—General Aministration—
H.—Miscellaneous.

Chief Minister (**Shri A. Thanu Pillai**): I beg to move a supplementary grant of Rs. 46,300 under Demand No. XII—General Administration—H. Miscellaneous (a) Miscellaneous—Services Advisory Committee.

സർവ്വീസ് അഡൈ്വസറി കമ്മിററി, തിരുവിതാംകൂർ-കൊച്ചി സംയോജനത്തെ തുടൎന്ന് ഡിപ്പാർട്ടുമെൻറുകളിലെ സിവിലിസ്റ്റ് തയ്യാറാക്കുന്നതിനും, നാമനിർദ്ദേശങ്ങൾ ചെയ്യു സ്ഥാനങ്ങൾ നിർദ്ദേശിക്കുന്നതിനും, വേണ്ടവണ്ണം ആലോചിച്ച് ഇൻറഗ്രേഷൻ ശരിപ്പെടുത്തുന്നതിനും, അതിനെ തുടൎന്നുള്ള റിക്കാർഡുകൾ ശരിയാക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്. ൧൯൫൩-ലെ ബഡ്ജററ പാസ്സാക്കിയതിനുശേഷമാണ് ഈ കമ്മിററി രൂപീകരിച്ചതു്. അതുകൊണ്ടു ഈ കമ്മിററിയുടെ ചെലവിലേയ്ക്കാവശ്യമുള്ള തുക ഈയാണ്ടത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. എന്നാൽ കമ്മിററി പ്രവൎത്തനം നടത്തിയിട്ടുമുണ്ടു്. ആദ്യമായി മുഴുവൻ സമയവും ജോലിചെയ്യുന്ന ചില ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഏതാനും മാസം കഴിഞ്ഞതിനുശേഷം അവരിൽ ചിലരെ അവരുടെ സ്ഥിരം ജോലികൾക്ക തിരിച്ചയയ്ക്കുകയും, കമ്മിററിയിലെ ജോലിയുംകൂടി 'പാർട്ട ടൈം' ആയി ചെയ്യുന്നതിനു വ്യവസ്ഥ ചെയ്യുകയും ചെയ്തു. അതു സംബന്ധമായുള്ള ചെലവുകൾക്കുവേണ്ടിയാണ് ഈ സപ്ലിമെൻററി ഗ്രാൻറ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ കമ്മിററിയുടെ ജോലി തുടൎന്നുകൊണ്ടു പോകണമെന്നാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളതു്. അതിനാവശ്യമുള്ള ൪൬,൩൦൦ രൂപാ ൧൯൫൪ ഫെബ്രുവരി അവസാനംവരെയുള്ള കാലത്തേയ്ക്കാണ്. മാർച്ചുമുതലുള്ള ചെലവു അടുത്ത ആണ്ടത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. അതിനാൽ ഈ തുക ഈ സഭ അനുവദിക്കണമെന്നാണ് എൻെറ അപേക്ഷ.

Minister for Finance (**Shri P. S. Nataraja Pillai**:) I second it.

ശ്രീ. കെ. മഞ്ജുനാഥ പ്രഭു: ഈ സർവ്വീസ് അഡൈ്വസറി കമ്മിററി എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും സംയോജനം ഇതുവരെ പൂൎത്തിയാക്കിയിട്ടില്ല. അതു കഴിയുന്നതും വേഗത്തിൽ പൂൎത്തിയാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ സപ്ലിമെൻററി ഗ്രാൻറിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: കഴിയുന്നതും വേഗത്തിൽ ഈ സംയോജനം പൂർത്തിയാക്കാമെന്നും നിവൃത്തിയുള്ളിടത്തോളം കാലതാമസം വരുത്തുകയില്ലെന്നും ഞാൻ ബഹുമാനപ്പെട്ട മെംബറന്മാരെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ: സംയോജനം നടന്നുകഴിഞ്ഞ ഡിപ്പാർട്ടുമെൻറുകളിൽ പല അഴിമതികളും നടന്നിട്ടുണ്ടെന്നു പരാതിയുണ്ട്. അതിനുവേണ്ട നിവാരണനടപടികൾ നടത്തുമോ?

ശ്രീ. എ. താണുപിള്ള: ആ വക സംഗതികളെപ്പററി അന്വേഷിക്കാനുള്ള സമയം ഈ മന്ത്രിസഭയ്ക്കു ഇതേവരെ ലഭിച്ചിട്ടില്ല. സാധാരണ ഗതിയിൽ ഒരു ഗവണ്മെൻറ ചെയ്തിട്ടുള്ള തീരുമാനങ്ങൾ, അടുത്തു വരുന്ന ഗവണ്മെൻറ ഭേദഗതി ചെയ്യുന്നതു ശരിയല്ല. അത്യാവശ്യമായി വേണ്ടിവരുന്ന കാര്യങ്ങൾ മാത്രമെ മാററം വരുത്തുകയുള്ളുവെന്നുമുള്ള സംഗതി എല്ലാവരും അറിഞ്ഞിരിക്കണം. ഈ കാര്യത്തിൽ ആവശ്യമുണ്ടെന്നു കാണുന്നപക്ഷം വേണ്ട മാററം വരുത്താമെന്നുമാത്രം ഞാൻ ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. അതു ന്യായമായിരിക്കുകയും ചെയ്യും.

The question that a supplementary sum not exceeding Rs.46,300 be granted under Demand XII—25— General Administration—H. Miscellaneous (a) Miscellaneous—Services Advisory Committee—was put and carried.

The grant was made.

Demand XIII—27 (b) Law Officers.

Chief Minister **(Shri A. Thanu Pillai)**: Sir, I move for a grant ft Rs. 16,500 under Demand No. XIII. That is covered by items 21, 22, 23 and 24 in the Schedule of Supplementary Demand for Grants, circulated to Members.

ഈ തുകകൾ പലയിനങ്ങളിലായിട്ടാണ കൊള്ളിച്ചിട്ടുള്ളതു്. അതായതു്, ലാ ആഫീസേഴ്സിന്റെ ശമ്പളംവകയ്ക്കു ൨൧-ാം ഐററത്തിൽ കൊള്ളിച്ചിട്ടുള്ള ൧൧൦൦ രൂപയും, അവരുടെ എസ്റ്റാബ്ലിഷ്മെൻറ ചെലവിനു ൨൨-ാമത്തു ഐററമായി കൊള്ളിച്ചിട്ടുള്ള ൫,൦൩൦ രൂപയും, ലാ ആഫീസർമാരുടെ ക്ഷാമബത്ത മുതലായ അലവൻസുകൾക്കവേണ്ടി ൨൩-ാമത്തു ഐററത്തിൽ കൊള്ളിച്ചിട്ടുള്ള ൨,൧൪൦ രൂപയും, അവരുടെ കണ്ടിൻജൻസി ചെലവുകൾക്കായി ൨൪-ാമത്തു ഐററത്തിൽ കൊള്ളിച്ചിട്ടുള്ള ൭,൦൦൦ രൂപയും ഈ സപ്ലിമെൻററി ഗ്രാൻറിൽ ഉൾപ്പെടുന്നു. ഈ ൧൬,൫൦൦ രൂപ ആവശ്യപ്പെട്ടിട്ടുള്ളതു് എന്തിനാണെന്നു് ഇവിടെ വിതരണം ചെയ്തിട്ടുള്ള ഫൈനാൻഷ്യൽ സ്റ്റേറമെൻറിന്റെ അനുബന്ധത്തിൽനിന്നും മനസ്സിലാക്കാം.

ന്യൂ ഡെൽഹിയിൽ, ഇവിടത്തെ ഗവണ്മെൻറ അപ്പുഴപ്പോൾ വരുന്ന കേസ്സുകളെപ്പററി വേണ്ടതുചെയ്യുന്നതിനു് ഒരു അഡ്വക്കേററിനെ നിയമിച്ചിട്ടുണ്ടു്. കൂടാതെ ഒരു ഗവണ്മെൻറ പ്ലീഡറെയും അവിടെ നിയമിച്ചിട്ടുണ്ടു്. അതിലേയ്ക്കുള്ള ശമ്പളച്ചെലവാണു് ൨൧-ാം ഐററത്തിൽ കൊള്ളിച്ചിട്ടുള്ളതു്.

[ശ്രീ. എ. താണുപിള്ള]

അതുപോലെ തന്നെ ഡിമാൻറ ൨൨-ൽ കാണുന്ന ൧൦൩൦ രൂപയും ന്യൂഡെൽഹിയിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഗവണ്മെൻറ് അഡ്വൈസറിൻെറ സ്റ്റാഫ് ഇനത്തിലുള്ള ചെലവിലേയ്ക്കാണ്. ഡിമാൻറ ൨൩-ൽ കൊടുത്തിട്ടുള്ള ൨൭൪൦ രൂപ ആ ആഫീസിൽ ജോലിചെയ്യുന്ന സിൽബന്തികളുടെ ക്ഷാമബത്ത മുതലായ കാര്യങ്ങൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള തുകയാണ്. അതുപോലെ ഡിമാൻറ നമ്പർ ൨൪-ൽ കൊള്ളിച്ചിരിക്കുന്ന ൫൦൦൦ രൂപ മുൻപിലത്തെ ഗവണ്മെൻറ് ഡെൽഹിയിൽ ചെയ്തിരുന്ന ഒരു വ്യവസ്ഥയുടെ ഫലമായിട്ടുള്ള ചെലവുകൾക്കുവേണ്ടിയാണ്. അതായത് ഈ ഗവണ്മെൻറിൻെറ സെൻട്രൽ ഏജൻസി എന്ന ഒരു ഏർപ്പാട് ഡെൽഹിയിൽ ചെയ്തിട്ടുണ്ടായിരുന്നു. എല്ലാം സ്റ്റേററുകളിലുമുള്ള കേസുകളെ സംബന്ധിച്ച് ഓരോ സ്റ്റേററിൽ നിന്നും ഡെൽഹിയിലുള്ള സോളിസിറ്റേഴ്സ് വകുപ്പിലേയ്ക്ക് ഇന്നയിന്ന തുകകൾ കൊടുക്കണമെന്നുണ്ട്. ആ കൂട്ടത്തിൽപ്പെട്ടതാണ് ഈ ൫൦൦൦ രൂപ. ഈ തുകകളെല്ലാം കൊടുത്തു കഴിഞ്ഞിട്ടുള്ളതാണ്. ആയതിനാൽ ഇതുകളൊക്കെ സഭ അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇപ്പോൾ ഡെൽഹിയിലേയ്ക്ക് നിയമിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന് മുൻപ് ഈ ഗവണ്മെൻറിൽ ഉദ്യോഗമുണ്ടായിരുന്നോ?

ശ്രീ. എ. താണുപിള്ള: മുൻപ് അദ്ദേഹം ഉദ്യോഗസ്ഥനായിരുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അന്ന് അദ്ദേഹത്തിനു എന്തു ശമ്പളമുണ്ടായിരുന്നു എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ൩൦൦ രൂപ ശമ്പളമുണ്ടായിരുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഡെൽഹിയിൽ ഉദ്യോഗം വഹിക്കാൻ പോയതുമുതൽ എന്തുശമ്പളമാണ് കൊടുത്തു വരുന്നത്?

ശ്രീ. എ. താണുപിള്ള: ൫൦൦ രൂപയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ൩൦൦-ൽനിന്നും ൫൦൦ രൂപയായി കയററം ചെയ്തു നിയമിക്കാൻ വല്ല പ്രത്യേക കാരണമുണ്ടോ?

ശ്രീ. എ. താണുപിള്ള: പ്രത്യേക കാരണമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും ശമ്പളത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അദ്ദേഹത്തിനു ഡെൽഹിയിൽത്തന്നെ താമസിച്ചു ജോലി ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട് ശമ്പളം കൂടുതലാണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അദ്ദേഹം ഡെൽഹിയിൽ പോയതിനു പകരം ഇവിടെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ടോ എന്നു അറിഞ്ഞുകൂടാ.

Minister for Finance (**Shri P. S. Nataraja Pillai**) : I second it.

ശ്രീ. എം. പി. മേനോൻ: സർ, ഈ ധനാഭ്യർത്ഥനയെ ഒരു നിവൃത്തിയുമില്ലാത്തതുകൊണ്ട് അനുകൂലിക്കുകയാണ് ചെയ്യുന്നത്. ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഭരണകക്ഷിക്ക് പരാജയമുണ്ടായത് ഇങ്ങനെയുള്ള ആശ്രിതവാത്സല്യവും ബന്ധുപക്ഷപാതവും കൊണ്ടാണെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇന്നത്തെ മുഖ്യമന്ത്രിക്കു അറിയാൻ കഴിയാത്ത പല കാര്യങ്ങളും ഇങ്ങനെയുള്ള നിയമനങ്ങളുടെ പുറകിൽ ഉണ്ടെന്നുള്ളത് അറിയാവുന്നവർ ചുരുക്കമല്ല. ഈ സംസ്ഥാനത്തിന്റെ അഡ്വക്കേറ്റായി ഡെൽഹിയിൽ ജോലിചെയ്യാൻ തയ്യാറാണെന്ന് പല വിദഗ്ദ്ധന്മാരും ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടായിരുന്നു. അവരിൽ ഏതാനുംപേർ സുപ്രീം കോടതിയിൽ വ്യവഹരിച്ച് വിജയം നേടിയിട്ടുള്ള സമർത്ഥന്മാരാണ്. അവരെയെല്ലാം അവഗണിച്ചുകൊണ്ട് നടത്തിയിട്ടുള്ള ഈ നിയമനത്തിന്റെ പുറകിൽ പലതും കണ്ടേയ്ക്കാം. വാസ്തവത്തിൽ ഇത്തരത്തിലുള്ള ഒരു ഉദ്യോഗത്തിന്റെ ആവശ്യം തന്നെ ന്യൂഡെൽഹിയിൽ ഉണ്ടോയെന്നുള്ള കാര്യം സംശയമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിക്കുന്ന, അല്ലെങ്കിൽ സംസ്ഥാനത്തിന്, താൽപ്പര്യമുള്ള, ഏതെങ്കിലും കേസുകൾ നടക്കണമെന്നുണ്ടെങ്കിൽ എറണാകുളത്തിരിക്കുന്ന അഡ്വക്കേറ്റ് ജനറൽ ഡെൽഹിയിൽ പോകാൻ സന്നദ്ധനായിരിക്കെ, അതിൻ പുറമെ ൫൦൦ രൂപാ ശമ്പളക്കാരനെ ൭൦൦ രൂപാ ശമ്പളക്കാരനാക്കി ഡെൽഹിയിലേയ്ക്ക് പറഞ്ഞയക്കുകയാണ് ചെയ്തത്. നമ്മുടെ സംസ്ഥാനത്തിനു താൽപ്പര്യമുള്ള ഏതു തരം കേസായാലും വളരെ തുച്ഛമായ പ്രതിഫലത്തിന്മേൽ വാദിക്കാൻ അവിടെയുള്ള അഡ്വക്കേറ്റന്മാർ തയ്യാറാണ്. അവർക്ക് ഈ വക കാര്യങ്ങളൊന്നും അത്ര പുതുമയുമല്ല. ഈ വകയ്ക്കുവേണ്ടി ഇപ്പോൾ ചെലവായിക്കൊണ്ടിരിക്കുന്നതിൽ നിന്നും ഒരു വലിയ തുക ആണ്ടുതോറും നമ്മുടെ ഖജനാവിൽ മിച്ചം വയ്ക്കുകയും ചെയ്യാമായിരുന്നു. ഇന്നത്തെ ഗവണ്മെൻറിൽ നിന്നും ഇങ്ങനെയുള്ള വൃത്തികേടുകൾ ഉണ്ടാകരുതെന്നും, കഴിയുന്നതും വേഗത്തിൽ നിലവിലുള്ള സകലവിധ അഴിമതികളും അനീതികളും അവസാനിപ്പിക്കണമെന്നും, അതോടുകൂടി ഞാൻ മുൻപറഞ്ഞ ഉദ്യോഗംതന്നെ നിറുത്തൽ ചെയ്യുകയും ചെയ്യുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

The question that a supplementary sum not exceeding Rs. 16,500 be granted under Demand XIII—27 (b) Law Officers—was put and carried.

The grant was made.

Demand XIV—28 Jails and Convict Settlements.

Chief Minister (**Shri A. Thanu Pillai**) : Sir, I move that a sum of Rs. 25,000 be granted under Demand XIV—28 Jails and Convict Settlements (a) Jails (i) Jails—Contingencies—Dieting charges.

[ശ്രീ. എ. താണുപിള്ള]

ഇതിനോടുകൂടി അനുബന്ധിച്ചിട്ടുള്ള സ്റ്റേറ്റുമെൻറിൽ നിന്നും ഈ തുക ഏതിനുവേണ്ടിയാണു കൊള്ളിച്ചിരിക്കുന്നതു് എന്നു് വ്യക്തമായി കാണാവുന്നതാണു്. അതായതു്, ജയിലുകളിലുള്ള പുള്ളികളുടെ ആഹാര സാധനങ്ങൾക്കു വേണ്ടിവരുന്ന ചെലവുകൾക്കാണു് ഈ തുക ആവശ്യപ്പെടുന്നതു്. ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്ന തുകയ്ക്കുപുറമെ ആവശ്യപ്പെട്ടുകൊണ്ടുള്ള തുകയാണു് ഇതു്. അതുകൊണ്ടു് ഇതു് അനുവദിക്കണമെന്നപേക്ഷിക്കുന്നു.

Minister for Finance **(Shri P. S. Nataraja Pillai):** I second it.

ശ്രീ. സി. കെ. വിശ്വനാഥൻ: സംസ്ഥാനത്തുള്ള ജയിലുകളിലുള്ള തടവുകാരുടെ ആഹാരസാധനച്ചെലവുകൾക്കായി കൊണ്ടുവന്നിട്ടുള്ള ഈ ഡിമാൻറിനെ അനുകൂലിക്കുന്നതോടുകൂടി ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ജയിലുകളിൽ കിടക്കുന്ന തടവുകാർക്കു പൊതുവെ ആഹാരസൗകര്യം മോശമായിട്ടാണിരിക്കുന്നതു്. ഇവയെ സംബന്ധിച്ചു് പല പരാതികളും ഗവണ്മെൻറിലേയ്ക്കു് കിട്ടിയിട്ടുമുണ്ടു് ആഹാരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ തടവുകാരെന്നോ മററു തടവുകാരെന്നോ ഉള്ള യാതൊരു വിവേചനവുമില്ല. ജയിലിനകത്തുള്ള സ്ഥിതിഗതികളെപ്പററി നല്ലവണ്ണം അറിവുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ സന്നിഹിതനായിരിക്കുന്ന സ്ഥിതിക്കു് ഞാൻ ഇവയെ കൂടുതലായി പ്രത്യേകിച്ചു് എടുത്തു പറയണമെന്നു് വിചാരിക്കുന്നില്ല. രാഷ്ട്രീയ തടവുകാരുടെ ജയിൽ ജീവിതം മനുഷ്യോചിതമായ രീതിയിൽ കഴിച്ചുകൂട്ടുന്നതിനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഡിമാൻറിനെ അനുകൂലിക്കുന്നു.

Shri N. Raghava Kurup: Does this include the administration of sub-jails?

ശ്രീ. എ. താണുപിള്ള: ഇതു് ജയിലിനകത്തു കിടക്കുന്ന കാൺവിക്ടു് സെററിൽമെൻറുകാർക്കുള്ള ആഹാരച്ചെലവിനെ സംബന്ധിച്ചതാണു്.

ശ്രീ. പി. കെ. യശോധരൻ: സർ, ഭാഗ്യം കൊണ്ടോ നിർഭാഗ്യം കൊണ്ടോ കൂടെക്കൂടെ എനിക്കു ജയിലിൽ കിടക്കേണ്ടിവന്നിട്ടുണ്ടു്.

Shri N. Raghava Kurup: Sir, the answer to my question has not been furnished fully. The Chief Minister was on his legs giving the answer, when he is being interrupted.

ശ്രീ. എ. താണുപിള്ള: ഈ ഡിമാൻറു് സബ്ജയിലിൽ കിടക്കുന്ന പുള്ളികൾക്കുള്ള ആഹാരച്ചെലവിലേയ്ക്കുള്ളതല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ആലപ്പുഴ സബ്ജയിലിൽ കിടക്കുന്ന രാഷ്ട്രീയതടവുകാരിൽ നിന്നും ചില പരാതികൾ അവരുടെ ആഹാരകാര്യങ്ങളെ സംബന്ധിച്ചു് എനിക്കു കിട്ടിയിട്ടുണ്ടു്. കഴിഞ്ഞ ബഡ്ജററിൽ അതിലേയ്ക്കു് അനുവദിച്ചിട്ടുള്ള സംഖ്യ തീർന്നുപോകുകയും

കൂടുതൽ സംഖ്യ അനുവദിച്ചുകിട്ടാതെ ആഹാരം കൊടുക്കുന്നതിനു് അധികാരമില്ലാത്തതുകൊണ്ടു് ജയിലധികൃതർ ആ കാര്യത്തെപ്പററി യാതൊന്നും ഗൗനിക്കാതെയുമാണു് ഇരുന്നിട്ടുള്ളതെന്നു് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ആ ജയിലിൽക്കിടക്കുന്ന പുന്നപ്രക്കേസ്സിലെ പ്രതികളിൽ ചിലരുടെ കേസുകൾ വാദിച്ചുകൊണ്ടിരുന്ന അഡ്വക്കേററു് ഈ കാര്യം കോടതിയെ ധരിപ്പിക്കയുണ്ടായി. ഇതിനെ സംബന്ധിച്ചു് യാതൊന്നും ചെയ്യാൻ കോടതിക്കു് അധികാരമില്ലെന്നാണു് മറുപടി കൊടുത്തിട്ടുള്ളതു്. ആണ്ടുതോറും ലക്ഷക്കണക്കിനു തുകകൾ ബഡ്ജററു് സാംക്ഷൻ കൂടാതെ ചെലവാക്കാൻ യാതൊരു മടിയും കാണിക്കാത്ത ഈ ഗവണ്മെൻറു ജയിലിലെ ഇരുമ്പഴിക്കുള്ളിൽ കിടന്നുവലയുന്ന ഈ കൂട്ടർക്കു് ഒരു വിധമെങ്കിലും ജീവിക്കുവാനുള്ള ആഹാരം കൊടുക്കാൻ സൗകര്യപ്പെടുത്താത്തതു് കഷ്ടമായിപ്പോയിയെന്നേ പറയാനുള്ളു. ഈ കാര്യത്തിൽ നാട്ടുകാർക്കു് വളരെ അമർഷം ഉണ്ടെന്നുള്ള കാര്യവും ഇവിടെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. രംഗനാഥപ്രഭു : സർ, സംസ്ഥാനത്തുള്ള എല്ലാ ജയിലുകളിലും കിടപ്പുള്ള പുള്ളികളുടെ ആഹാരങ്ങളെ സംബന്ധിച്ചും മററും ഒരു പരിഷ്കാരം വരുത്തിയാൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. ടി. ഭാസ്കരൻപിള്ള : സർ, ജയിലിനകത്തു് നടക്കുന്ന അഴിമതികളേയും തടവുകാർക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ആഹാരങ്ങളുടെ നിലപാടിനെയുംപററി ജയിലിനകത്തുനിന്നുതന്നെ പുറത്തുവന്നിട്ടുള്ള ഏതാനും വ്യക്തികളിൽ നിന്നു് എനിക്കു് പല സംഗതികളും അറിയാൻ ഇടയായിട്ടുണ്ടു്. വളരെ ദയനീയമായ വിധത്തിലാണു് രാഷ്ട്രീയതടവുകാരോടു് ജയിൽ അധികാരികൾ പെരുമാറുന്നതു് എന്നു് ഞാൻ ഇവിടെ പറയുമ്പോൾ ജയിലിൽകിടന്നു് തഴക്കമുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർക്കെല്ലാവർക്കും ഏതാണ്ടു് ഊഹിക്കാവുന്നതാണു്. വിശേഷിച്ചും രാഷ്ട്രീയ തടവുകാരുടെ ആഹാരക്രമത്തെ സംബന്ധിച്ചിടത്തോളം അധികാരികൾ ഒരു രാഷ്ട്രീയ പകപോക്കലോടുകൂടിയാണു് അവരോടു പെരുമാറിക്കൊണ്ടിരിക്കുന്നതു്. പുന്നപ്ര—വയലാർ സഖാക്കളെപ്പററി മാത്രമല്ല ഞാൻ ഈ പറയുന്നതു്. ശൂരനാടു്, ചവറ, ഇടപ്പള്ളി മുതലായ സ്ഥലങ്ങളിൽ നടന്നിട്ടുള്ള കേസുകളെ സംബന്ധിച്ചു് ജയിലിൽ അടയ്ക്കപ്പെട്ട തടവുകാരെപ്പററിയുമാണു്. പുതിയ മന്ത്രിസഭ ഇവിടെ രൂപമെടുത്തതിൻെറ ഫലമായിട്ടു് ഈ വിധ അനീതികൾ മേലാലും തുടർന്നുപോവുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ഇതേയവസരത്തിൽ ഈ കാര്യത്തോടനുബന്ധിച്ച മറെറാരു കാര്യംകൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നതു് സംഗതമാണെന്നു വിചാരിക്കുന്നു. മുൻപിലത്തെ ഗവണ്മെൻറു് രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുകയെന്ന രാഷ്ട്രീയ മര്യാദകാണിച്ചില്ല. ഭരണപരമായി എന്തെങ്കിലും മാററം വന്നാൽ ഏതൊരു ഗവണ്മെൻറും ചെയ്യുന്ന സാമാന്യമര്യാദയാണു് തടവുകാരെ മോചിപ്പിക്കുകയെന്നതു്. എന്തെങ്കിലും ഭരണമാററം വന്നു എന്നു് ജനങ്ങൾ മനസ്സിലാക്കുന്നതുതന്നെ തടവുകാരുടെ മോചനത്തോടെയാണു്. ജയിലിനകത്തുകിടക്കുന്ന തടവുകാരുടെ ദുരിതങ്ങൾക്കും കഷ്ടതകൾക്കും പരിഹാരമുണ്ടാക്കാൻ ഉടനടി നടപടി

[ശ്രീ. ടി. ഭാസ്കരൻപിള്ള]

നടത്തണമെന്നും എല്ലാ രാഷ്ട്രീയതടവുകാരേയും മോചിപ്പിച്ച് ആ തരത്തിലുള്ള ചെലവു കുറയ്ക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു. പുതിയ ഗവണ്മെൻറ് വേണ്ട നടപടി ചെയ്യുമെന്നാശിച്ചുകൊണ്ട്, സർ, ഈ ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സർ, ജയിലിൽ കിടക്കുന്ന പുള്ളികളെ ശിക്ഷിക്കുന്ന രീതിയെക്കുറിച്ച് ചില സംഗതികൾ സഭയുടെ മുമ്പിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പരിഷ്കൃതമെന്നഭി
4 P. M. മാനിക്കുന്ന ഒരു ഗവണ്മെൻറിനുപോലും, മനുഷ്യത്വം ഉണ്ടെന്നു അഭിമാനിക്കുന്ന ഒരു ഗവണ്മെൻറിനുപോലും, ഒരിക്കലും ചെയ്യുവാൻ പാടില്ലാത്തതും ഒരു ഗവണ്മെൻറും ചെയ്യാത്തതുമായ അത്ര ക്രൂരതരമായ ചില പ്രവൃത്തികൾ ഇവിടത്തെ ജയിലിൽ ചെയ്തിട്ടുണ്ട്. ഡിസിപ്ലിൻ എന്ന പേരിൽ മുക്കാലിൽകെട്ടി അടിക്കുക, ക്രച്ച്വിലങ്ങ് ഇടുക, തടിവിലങ്ങിടുക എന്നുവേണ്ട നമുക്കു കേട്ടാൽ നാണം തോന്നുന്ന, മനുഷ്യത്വമുള്ളവരുടെ രക്തത്തെ ഉറഞ്ഞു കട്ടിപിടിപ്പിക്കുന്ന തരത്തിലുള്ള പല ശിക്ഷകളും ഇന്നു ജയിൽനിയമത്തിനുള്ളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. കഴിഞ്ഞ മന്ത്രിസഭയിലുണ്ടായിരുന്ന ചില അംഗങ്ങൾ ജയിലിലെ ഈ ക്രൂരതരമായ ശിക്ഷകൾ കണ്ടറിഞ്ഞിട്ടുവള്ളരാണ്. തങ്ങൾക്കു് അധികാരം കിട്ടിയാൽ ഈ ശിക്ഷാസമ്പ്രദായം മാററുന്നതാണെന്നു അവർ പ്രതിജ്ഞ ചെയ്തിരുന്നു. എന്നാൽ അവർ അധികാരത്തിൽ വന്നപ്പോൾ പണ്ടുണ്ടായിരുന്നതിലും എത്രയോ ക്രൂരതരമായ ശാസനകളാണ് അവർ ചെയ്തിട്ടുള്ളതു്! ഇതിനു മുമ്പിലത്തെ പട്ടംമന്ത്രിസഭയുടെ കാലത്തു് ഒരു ജയിൽ ഇൻസ്പെക്ടർ ഉണ്ടായിരുന്നു. അദ്ദേഹം ക്രൂരത ഒരു കലാവിദ്യയായി അഭ്യസിച്ച് ഉന്നത ബിരുദം നേടിയ ഒരാളായിരുന്നു. തടവുശിക്ഷ അനുഭവിക്കുന്ന ആൾ ഏതെങ്കിലും പരാതി ബോധിപ്പിച്ചാൽ ആ തടവുകാരനു ഒന്നുകിൽ ക്രച്ച്വിലങ്ങ്, അല്ലെങ്കിൽ തടിവിലങ്ങ്, അതുമല്ലെങ്കിൽ മുക്കാലിൽകെട്ടി അടി, അതുമല്ലെങ്കിൽ പോലീസുഭാഷയിലുള്ള അസഭ്യം ഇതായിരുന്നു അനുഭവം. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നു കോൺഗ്രസ്സ് ബഞ്ചിലിരിക്കുന്ന ഒരാൾ പറയുകയുണ്ടായി, ജയിൽ പരിഷ്കരണത്തിനുവേണ്ടി ഒരു കമ്മിററിയെ വച്ചിട്ടുണ്ടെന്നു്. അവർ പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവലിയുടെ ഒരു പ്രതി എനിക്കും കിട്ടിയിട്ടുണ്ട്. ഈ ജയിൽ പരിഷ്ക്കരണക്കമ്മിററി ഉന്നയിച്ചിട്ടുള്ള പ്രസ്താവലി കണ്ടാൽ "ഞങ്ങൾ ഇങ്ങനെയൊക്കെ നോക്കി" എന്നു ജനങ്ങളോടു പറയുവാനുള്ള ഒരു വെറും വിദ്യയല്ലെ അതു് എന്നു തോന്നിപ്പോകുന്നു. ഈ ൭൫,൦൦൦ രൂപയുടെ കാര്യത്തെപ്പററിയും എനിക്കു സംശയമുണ്ട്. കോൺഗ്രസ് ഗവണ്മെൻറ് ഇരുന്നതുവരെ തടവുകാർക്ക് ആഹാരം കൊടുത്തു എന്നു പറയുന്നതിനു് ഉപയോഗിച്ച സംഖ്യയാണിതു്. കോൺഗ്രസ്സ് ഗവണ്മെൻറ് ഇരുന്നതുവരെ ഒരൊററ നേരമെങ്കിലും മർദ്ദനം അനുഭവിക്കാതെ തടവുകാർ ആഹാരം കഴിച്ചു കാണുമോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. ഈ സഭാനേതാവിനോട് എനിക്കു പറയുവാനുള്ളതു് അദ്ദേഹം മററയാതൊരു പരിഷ്ക്കാരവും ഈ രാജ്യത്തു നടപ്പാക്കാൻ ഉടനടി പ്രവർത്തിച്ചില്ലെങ്കിലും തടവുകാരുടെമേൽ ഇന്നുള്ള ചില നടപടികൾ അവസാനിപ്പിക്കുവാൻ പ്രത്യേകം നോക്കണമെന്നാണ്. ഇതിനു് ഒട്ടും കാലവിളംബം വരുത്തുവാനും പാടില്ല.

പുന്നപ്ര-വയലാർ, ശൂരനാട്, ഈ കേസ്സുകളിലെ പ്രതികളിൽ പലരും രണ്ടും മൂന്നും ജീവപര്യന്തങ്ങൾക്ക് ശിക്ഷിച്ചിട്ടാണ് അവർ ജയിലിൽ ഇരിക്കുന്നത്. അവർ വിചാരണയിലിരുന്നപ്പോൾ പോലീസ്സിൽ അനുഭവിച്ചിട്ടുള്ള മർദ്ദനങ്ങൾക്കും അവസാനമില്ല. ആഹാരംപോലും ഇല്ലാത്ത രീതിയിലാണ് അവർ ഇന്നവിടെ കഴിഞ്ഞുകൂടുന്നത്. ഇതിനെ പരിഗണിച്ച് ഉടനടി ചെയ്യേണ്ടത്, അവർക്ക് ശരിയായ ആഹാരം കൊടുക്കുകയും മർദ്ദനം ഇല്ലാതാക്കുകയുമാണ്. അതു് ഉടനെ ചെയ്യുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. യശോധരൻ : സർ, ഇവിടത്തെ ജയിലിനെക്കുറിച്ച് ഒന്നു രണ്ടു കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു ജയിലിൽ കിടക്കുന്ന ആളുകൾക്ക് തൃപ്തികരമായി ആഹാരം കഴിക്കുവാൻ സാധിക്കുന്നില്ല എന്ന പരമാർത്ഥം ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പലവിധത്തിൽ മർദ്ദനം അനുഭവിച്ച് അവശരായിൽ കിടക്കുന്ന ആളുകൾക്ക് പലവിധത്തിലുള്ള സാധനങ്ങൾ കൂട്ടിക്കലർത്തിയിട്ടുള്ള ശാപ്പാടുകളാണു കൊടുക്കുന്നത്. കഴിക്കാൻപാടുള്ള ആഹാരമാണോ എന്നൊന്നും നോക്കാതെ ആഹാരം അടിച്ചേൽപ്പിക്കുന്ന ഒരു സമ്പ്രദായമാണു കാണുന്നത്. ചിലക്ക് കഞ്ഞിയായിരിക്കും ആവശ്യം. മററു ചിലക്ക് പാലോ ചൌവ്വരിയോ ആയിരിക്കും ആവശ്യം. എന്നാൽ അതൊന്നും നോക്കാതെ ജയിൽ അധികൃതക്ക് ഇഷ്ടമുള്ള ആഹാരം അടിച്ചേൽപ്പിക്കുന്നതായിട്ടാണു കാണുന്നത്. ജയിൽ അധികൃതരും കൺട്രാക്ററും കൂടി ഇന്നു ജയിൽപുള്ളികൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചൂഷണം നടത്തുന്ന ഒരു ഏർപ്പാട് ഒരു അനുഭവസ്ഥനെന്നുള്ള നിലയിൽ എനിക്കറിവുള്ളതാണ്. ഒരു തടവുപുള്ളിക്ക് ഒന്നര രൂപ ആഹാരത്തിനു വച്ചിട്ടുണ്ടെങ്കിൽ നിശ്ചയമായും അര രൂപയ്ക്കുള്ള ആഹാരം പോലും കിട്ടുന്നില്ല. അതിന്റെ ഒരു ഓഹരി ജയിൽ അധികൃതരും കൺട്രാക്ററും കൂടി വീതിച്ചെടുക്കുന്ന ഒരു ഏർപ്പാട് ആണ് അവിടെയുള്ളത്. ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ട ചുമതലയാണ് ഈ പുതിയ ഗവണ്മെൻറിനുള്ളത്. ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചു വിപ്ലവകരമായ ഒരു മാററം വരുത്തുകയാണെങ്കിൽ അതു് ഈ രാജ്യത്തോടു ചെയ്യുന്ന വലിയൊരു നല്ല കാര്യമായിരിക്കുമെന്നു പുതിയ മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. എ. താണുപിള്ള : സർ, ജയിൽ താമസക്കാർക്കുള്ള വിഷമതകളെപ്പററി ബഹുമാനപ്പെട്ട മെംബർമാർ പറഞ്ഞിട്ടുള്ള ആക്ഷേപങ്ങൾ സംബന്ധമായി കഴിയുന്നതും പ്രവർത്തിക്കുവാൻ ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണെന്നു ഞാൻ മെംബർമാർക്ക് ഉറപ്പു നൽകിക്കൊള്ളുന്നു. അതിൽ കൂടുതൽ ഒന്നും പറയാനില്ല. ഈ ധനാഭ്യർത്ഥന അനുവദിച്ചുതരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

The question that a supplementary sum not exceeding Rs. 25,000 be granted under Demand XIV—28. Jails and Convict Settlements (a) Jails—(i) Jails Contingencies—Dieting charges—was put and carried.

The grant was made.

Demand XXI—40—Agriculture (f) (i) Agricultural Schools—Agricultural Training Institute, Ollukara.

Minister For Finance (**Shri P. S. Nataraja Pillai**) : Sir, I move that a supplementary sum not exceeding Rs. 68,130 be granted under Demand XXI—40—Agriculture (f) (i) Agricultural Schools—Agricultural Training Institute, Ollukara.

Sir, the marginal note explains that three or four months after the last budget was passed by the Legislature, in consultation and on the recommendation of the Planning Commission, this Government had to start an Agricultural Training School at Ollukara to train up Grama Sevaks. For that purpose, we had to appoint officers and other necessary staff. We had also to incur contingent expenses as shown along with the notes printed at the end. It was an expenditure which was not anticipated. It was an expenditure which had to be incurred after the budget was prepared. It was an expenditure which the Government thought it necessary to incur in the interests of the State. It was in the interests of the State to develop the country by doing actual field work. For that, it was found that it would be better to appoint trained men. In these circumstances, I trust that the House will accept the motion and pass the grant.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: ൧൯൫൩ സെപ്റ്റംബർ അവസാനം വരെയുള്ള സംഖ്യയാണ് ഈ ൬൮,൧൩൦ രൂപ എന്നു കാണുന്നുണ്ട്. എന്നാൽ ഇതിൽ ചെലവു ചെയ്തിട്ടുള്ളതു് കണ്ടിജൻസി ഇനത്തിലേയ്ക്കുള്ള ൪൧,൮൯൦ രൂപയും കൂടി ചേർത്താണ്. ഇതിൽ കണ്ടിജൻസിക്കു മാത്രമായി ഇത്രയും തുക ചെലവു വന്നിട്ടുള്ളതു് എന്തടിസ്ഥാനത്തിലാണ്?

Shri P. S. Nataraja Pillai: The position is, it was decided to sart the institute in June and Government thought that the legislature will contiune to function. But things were otherwise. Government then decided to divert some funds for the carrying on of the institution as the House had to be dissolved in September. There was no possibility of drawing funds from other items. The Agriculture Department Budget had to be reviewed. The expenditure had to be cut short in certain items under that Budget to meet expenses for this item. The expenditure is for the months, June to September, and the same has to be met from regular savings.

Then as to the doubt about the contingency provided, I am not now in a position to give details. The hon. Members are aware that there are clear financial rules for meeting contingency expenditure,

The expenses might have been iccurred under contingencies for putting up sheds or for buying the necessary furniture for the institution. In these circumstances, I trust the House will pass the grant.

Chief Minister (**Shri A. Thanu Pillai**) : I second it.

ശ്രീ. കെ. മഞ്ജനാഥപ്രഭു : കൂടുതൽ ചെലവു വരുത്തുന്ന ഡിപ്പാർട്ടുമെൻറുകളിൽ ഒന്നാണ് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറ്. മററിനങ്ങളിലേയ്ക്കുള്ള സംഖ്യ ചെലവായിക്കഴിഞ്ഞാൽ കണ്ടിജൻസി ഇനത്തിലുള്ള സംഖ്യയുംകൂടി എടുത്ത് വേറെ ചെലവുകൾ നടത്തുവാൻ കഴിയുന്നതാണ്. അങ്ങനെ ചെലവുചെയ്യുന്നതുപോലും ആരാണ്; എന്തധികാരത്തോടുകൂടിയാണ്; എപ്പോഴാണ്; എന്താവശ്യത്തിനാണ് ചെലവു ചെയ്യുന്നത്, എന്നുകൂടി അന്വേഷിക്കേണ്ടതാണ്. അതുകൊണ്ട് ഇങ്ങനെയുള്ള ചെലവുകൾ സമയാസമയം നോക്കി ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

Shri P. S. Nataraja Pillai : I wish to add a word in this connection. The development plans and their working are under the control of the National Planning scheme,and off and on, some plan of work is decided upon and carried on. That cannot be anticipated in the Travancore-Cochin State. When this development plan was started in Central-Travancore the idea was to establish some more centres here. When that decision was taken, necessity to work it was felt by Government. As this is a matter that happened occasinoally and not in the regular course of events, the procedure outlined by me was adopted for meeting the expenditure.

The question that Government be granted a supplementary sum not exceeding Rs. 68,130 under Demand XXI—40 Agriculture (f) (i) Agricultural Schools—Agricultural Training Institute, Ollukara—was put and carried.

The grant was made.

Demand XXVII—50—Civil Works (b) Original Works—Communications.

Minister for Works and Transport (**Shri A. Achutan**) : Sir, I move for a supplementary grant of Rs. 10,00,000 under Demand XXVII—50 Civil Works (b) Original Works—Communications (vii) Special Surfacing Fund Works.

൧൧൨൭-൨൮ വർഷത്തിലേയ്ക്കു ബഡ്ജററിൽ ഇതിലേയ്ക്കു തുക കൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ തുക മതിയാകാതെ വരുമെന്ന് നേരത്തെ അറിയാമായിരുന്നില്ല. പിന്നീടു കൂടുതൽ ജോലികൾ ചെയ്യേണ്ടതായിട്ടു വന്നു. അങ്ങിനെയുള്ള കൂടുതൽ ജോലികൾ ചെയ്യുന്നതിനുവേണ്ടിയാണ്

[ശ്രീ. എ. അച്ചുതൻ]

പോരാതെവന്നിട്ടുള്ള ഈ സംഖ്യ ആവശ്യപ്പെടുന്നതു്. അതുകൊണ്ടു് ഈ തുക അനുവദിക്കേണ്ടതാവശ്യമാണെന്നാണു് ഞാൻ പറയുന്നതു്. ഈ സഭ ദയവായി ഇതു് അനുവദിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥന കൊണ്ടുവരുന്നു.

Minister for Local Self-Government (**Shri P. K. Kunju**) : I second it.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നതോടുകൂടി ഒരു പ്രധാനപ്പെട്ട കാര്യം എനിക്ക പറയുവാനുണ്ടു്. സംസ്ഥാനത്തിലെ എല്ലാ താലൂക്കുകളിലേയും റോഡുകൾ, പ്രത്യേകിച്ചു പത്തനംതിട്ട താലൂക്കിലെ കുമ്പഴ—കോഴഞ്ചേരി, ഓമല്ലൂർ—പരിയാരം, മണ്ണാറകുളഞ്ഞി—റാന്നി, തുമ്പമൺ—കോഴഞ്ചേരി, ഓമല്ലൂർ—പന്തളം മുതലായ പ്രധാന റോഡുകൾ പലതും ഗ്രാവൽ ചെയ്യാതെയും, മെററൽ ചെയ്യാതെയും വളരെ മോശമായിട്ടാണ കാണുന്നതു്. ഈ ധനാഭ്യർത്ഥന അനുവദിക്കുന്നതോടുകൂടി തന്നെ ഈ റോഡുകളുടെ കാര്യം ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ : ഈ ധനാർഭ്യത്ഥനയെ ഞാൻ അനുകൂലിക്കുന്നു. കാലാകാലങ്ങളിൽ വേണ്ടപോലെയുള്ള സംരക്ഷണകളും ആവശ്യമായ പരിഗണനകളുമില്ലാതെ ഈ സംസ്ഥാനത്തെ പല സ്ഥലങ്ങളിലേയും റോഡുകൾ കാണപ്പെടുന്നുണ്ടു്. ഇതിനെല്ലാം കൂടുതൽ തുക ചെലവുചെയ്തു നന്നാക്കേണ്ട കടമ ഗവണ്മെൻറിനുണ്ടു്. നിയമസഭയിലെ പല അംഗങ്ങളും തെരഞ്ഞെടുപ്പുകാലത്തു് ഈ റോഡുകൾ ധാരാളം സന്ദർശിച്ചിട്ടുള്ളതിനാൽ അവയുടെ സ്ഥിതിയെപ്പററി നല്ലപോലെ അറിയുവാൻ കഴിഞ്ഞിട്ടുള്ളതാണു്. ഈ റോഡുകളിൽകൂടി സഞ്ചരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ അവർക്ക ധാരാളം അനുഭവപ്പെട്ടിട്ടുണ്ടു്. ഈ ധനാഭ്യർത്ഥന അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട മെംബർക്കുതന്നെ നല്ലപോലെ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണു്. വോട്ടു സമ്പാദിക്കേണ്ട ആവശ്യത്തിനുവേണ്ടിയും പല സ്ഥലങ്ങളിലേയും റോഡുകൾ നന്നാക്കാമെന്നു പ്രാമിസു് ചെയ്തുകൊടുത്തിട്ടുണ്ടു്. ഞാൻ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിൽ മാത്രമല്ല മററുപല മെംബർമാരും ഇതിൻെറ ആവശ്യം അർഹിക്കുന്നവരായി ഉണ്ടു്. മുൻ മന്ത്രിസഭയും ഭരണകക്ഷിയുടെ പേരിൽ തെരഞ്ഞെടുപ്പുകാലത്തു് ഈ രാജ്യത്തെ മിക്ക റോഡുകളും സന്ദർശിച്ചിട്ടുണ്ടു്. അതുകൊണ്ടു റോഡുകളുടെ ആവശ്യത്തിനു വേണ്ടിയുള്ള ഈ തുക അനുവദിക്കേണ്ടതാണെന്നും, അതു ശരിയായി വിനിയോഗിക്കേണ്ടതാണെന്നുമുള്ള എൻെറ അപേക്ഷയെ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലും കൂടി റോഡുകൾക്ക പ്രാധാന്യമുള്ളതുകൊണ്ടു ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. മഞ്ജുനാഥപ്രഭു : ഈ രാജ്യത്തെ ഇടുങ്ങിയ പല സ്ഥലങ്ങളിലും കൂടുതൽ ഉപയോഗപ്രദമായ പല റോഡുകളും ഉള്ളതായി ആവക സ്ഥലങ്ങൾ സന്ദർശിച്ചാൽ കാണുവാൻ സാധിക്കും. ഏതു നിലയി

ലായാലും റോഡുകളുടെ കാര്യത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാതെ നിവൃത്തിയില്ല. ടൌണുകളിലെ റോഡുകളും മററും നന്നാക്കുന്നതിനു അവിടത്തെ മുൻസിപ്പാലിററികളുമായി ആലോചിക്കുകയും നാട്ടുമ്പുറങ്ങളിൽ കൃഷിക്കാരുമായി ധനവിനിമയത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും മററും ചെയ്താൽ റോഡുകൾ നന്നാക്കുന്നതിനു കൂടുതൽ സൌകര്യമായിരിക്കും. അതുകൊണ്ടു് ഈ നിയമസഭയും ഗവണ്മെൻറും അക്കാര്യത്തിൽ ഗൌരവമായി ആലോചിച്ചു പ്രവൎത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ധനാഭ്യൎത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പു്: സർ, ഞാൻ അഭ്യൎത്ഥനയെ അനുകൂലിക്കുന്നു. അമ്പലപ്പുഴ താലൂക്കിൽ വെള്ളത്താൽ ചുററപ്പെട്ട കുട്ടനാട്ടിൽ മുൻപിനാലെ ഉള്ള റോഡു്, തിരുവല്ല—എടത്വാ റോഡാണു്. അതിന്റെ സ്ഥിതി ഏററവും ശോചനീയമാണു്. വെള്ളപ്പൊക്കക്കാലത്തു്, റോഡിൽ വെള്ളം കയറി ഒഴുകും. തിരുവല്ലാ മുതൽ എടത്വാ വരെയുള്ള റോഡിനു വാസ്തവത്തിൽ വീതി വളരെ കുറവാണു്. അവിടെ പ്രൈവററ ബസ്സ്സൎവ്വീസുകൾ അനുവദിച്ചിട്ടുണ്ടു്. ബസ്സിന്റെ പൈസകൾക്കു രണ്ടുവശത്തും, നാലിഞ്ചിൽ കൂടുതൽ റോഡിനു സ്ഥലമില്ല. ഇത്ര വീതി കുറഞ്ഞ റോഡുകളിൽ ബസ്സുകൾ ഓടുന്നതനുവദിച്ചതുതന്നെ അപകടമാണു്. ഏതായാലും ആ റോഡിനു വീതി കൂട്ടിയും പൊക്കിയും ടാറിടേണ്ടതത്യാവശ്യമാണു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിന്റെ ഖജനാവിൽ കൂടുതൽ പണം അടയ്ക്കുന്ന കുട്ടനാടൻ ഭാഗത്തെ പ്രധാന റോഡു് എന്ന നിലയിൽ ഇക്കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടു്, ഏററവും വേഗം തിരുവല്ലാ—എടത്വാ റോഡു് നന്നാക്കിച്ചുതരണമെന്നാണു് എനിക്കു് ആദ്യമായി പറയാനുള്ളതു്.

ഇതുകൂടാതെ ഏകദേശം ൩൦ കൊല്ലക്കാലമായിട്ടു് അമ്പലപ്പുഴ—തിരുവല്ലാ റോഡിന്റെ പണി പൂൎത്തിയാക്കുന്നകാൎയ്യം ഞങ്ങൾ ഈ നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ളതാണു്. അമ്പലപ്പുഴ താലൂക്കു് മെമ്പറായിരുന്ന ശ്രീ. പി. കെ. നാരായണപിള്ളയുടെ കാലംമുതൽ ആ റോഡു പൂൎത്തിയാക്കിത്തരണമെന്നുള്ള കാൎയ്യം ആവൎത്തിച്ചാവൎത്തിച്ചു പറയുകയും അതിനു ശേഷം അദ്ദേഹത്തിന്റെ പിന്നാലെ ഈ സഭയിൽ വന്നിട്ടുള്ള എല്ലാ ആളുകളും ഈ റോഡിന്റെ ദയനീയസ്ഥിതിയെപ്പററി പറയുകയും ചെയ്തിട്ടുണ്ടു്. ശ്രീ. ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്നപ്പോൾ ആ സ്ഥലത്തു വരികയും ആ റോഡിന്റെ സ്ഥിതി മനസ്സിലാക്കുകയും അതിലുണ്ടായിട്ടുള്ള വിടവുകളും മടകളും നികത്തി നന്നാക്കാമെന്നു പറയുകയുമുണ്ടായി. എന്നാൽ അതു നന്നാക്കാതെ ഇരുന്നതുകൊണ്ടു അദ്ദേഹം കണ്ട മടകൾക്കു് "മന്ത്രിമട" എന്നുള്ള പേരുപോലും ഇപ്പോൾ വന്നിട്ടുണ്ടു്. എന്റെ മാന്യസ്നേഹിതനായ ശ്രീ. കളത്തിൽ വേലായുധൻനായരും ആ റോഡു നന്നാക്കാം എന്നും മടകൾ നികത്താമെന്നും പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹംപോലുമതു ചെയ്തിട്ടില്ല. അതുകൊണ്ടു് ഇപ്പോൾ ആ റോഡിലെ മടകൾക്കു "കളത്തിൽ മട" എന്നു പേരിട്ടാൽതന്നെ അതിനു വലിയ തെററില്ല. എന്നാൽ അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ പല റോഡുകളും ടാറിടുകയും പലതും നന്നാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. ... നംപുരത്തുള്ള സകല റോഡുകളും അദ്ദേഹം ടാറിടുവിച്ചി

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

ട്ടുണ്ടു്. അതുമാത്രമല്ല കൊല്ലംമുതൽ അരൂർവരെയുള്ള റോഡുകൾ നന്നാക്കുകയും ഭംഗിയാക്കിയിടുകയും ചെയ്തിട്ടുണ്ടു്. അതിലേയ്ക്കദ്ദേഹത്തോടു നന്ദിപറയുകയും ചെയ്തുകൊള്ളുന്നു. ഇതൊക്കെയാണെങ്കിലും അമ്പലപ്പുഴ-തിരുവല്ലാറോഡിന്റെ കാര്യത്തിൽ അദ്ദേഹം യാതൊരു താല്പര്യവും കാണിച്ചില്ലെന്നുള്ളതു ഖേദകരമാണു്. ഇന്നത്തെ മന്ത്രിസഭയെങ്കിലും ഏററവും പുരാതനവും അത്യാവശ്യവും ആയ തിരുവല്ലം-അമ്പലപ്പുഴ റോഡ് അടുത്ത പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തിയാക്കി, നാട്ടുകാരുടെ ആവശ്യം നിറവേററിക്കൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: പത്തനാപുരത്തും ചാലക്കുടിയിലും ഉള്ള റോഡുകൾ എല്ലാം നന്നാക്കുകയും ടാറിടുകയും ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. പത്തനംതിട്ട താലൂക്കിൽനിന്നും വിശിഷ്യാ റാന്നിയിൽനിന്നും മററു താലൂക്കുകളിലേതിനേക്കാളും തിരുവിതാംകൂർ-കൊച്ചി ഖജനാവിൽ പണം വന്നുചേരുന്നുണ്ടു്. മുമ്പു് അധികാരത്തിലിരുന്നവരും ഇന്നു പ്രതിപക്ഷകക്ഷികളായിട്ടുള്ളവരുമായ നേതാക്കന്മാരുടെ അടുത്തും കഴിഞ്ഞ തെരഞ്ഞെടുപ്പുകാലങ്ങളിലും ഈ തിരഞ്ഞെടുപ്പുകാലത്തും റാന്നിയുടെ ആവശ്യങ്ങൾ പല ആവൃത്തി അറിയിച്ചിട്ടുണ്ടു്. തിരഞ്ഞെടുപ്പുകാലത്തുതന്നെ പലസ്ഥലത്തും കാറുകൾ പോകാൻ സാദ്ധ്യമല്ലാത്തതുമൂലവും സഞ്ചാരയോഗ്യമായ റോഡുകളുടെ കുറവുകൊണ്ടും ജനങ്ങൾക്കു ചെന്നെത്തുവാൻപോലും സാദ്ധ്യമല്ലാതെ വന്നുപോയിട്ടുണ്ടു്. കാൺഗ്രസ്സുകാർക്കു പല സൗകര്യങ്ങളുമുള്ളതുകൊണ്ടു പല സ്ഥലത്തും ചെന്നെത്തുവാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് റാന്നിയിലെ റോഡുകളുടെ കാര്യം പ്രത്യേകമോർക്കണമെന്നു അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ആർ. പ്രകാശം: ഞാൻ ഒരു പ്രത്യേക റോഡിന്റെ കാര്യവും പറയാൻ തുടങ്ങുകയല്ല. ഒരു പ്രത്യേക താലൂക്കിന്റെ കാര്യം പറയാൻ തുടങ്ങുകയാണു്. ആ കാര്യങ്ങൾ പറയുന്നസമയത്തു് അതിനു എനിക്കു് അവകാശമുണ്ടെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ പറയുന്നതിതാണു്. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഞങ്ങൾ ചിറയിൻകീഴ് താലൂക്കിൽനിന്നും കാൺഗ്രസുകാരെ തിരഞ്ഞെടുത്തയച്ചില്ല. അവിടത്തെ മൂന്നു നിയോജകമണ്ഡലങ്ങളിലും 1951-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ കാൺഗ്രസുകാർ തോൽക്കുകയാണു് ചെയ്തിട്ടുള്ളതു്. അതിന്റെ ഫലമായി അവിടെ രണ്ടുകൊല്ലക്കാലമായി യാതൊരു മരാമത്തുപണിയും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. അവിടെ അഞ്ചുതെങ്ങിൽ ഒരു പാലം പണിയിക്കുന്നതിലേയ്ക്കു് പതിനാലായിരം രൂപ ജനങ്ങൾ പിരിച്ചുകൊടുത്തു. എന്നിട്ടും ആ പാലം പണിചെയ്യാതെയിരിക്കുകയാണു്. അഞ്ചുതെങ്ങിൽ പഞ്ചായത്തു തിരഞ്ഞെടുപ്പിനു വോട്ടുപിടിക്കാൻ വന്ന പഴയ മരാമത്തുമന്ത്രി കളത്തിൽ വേലായുധൻനായർ പറയുകയുണ്ടായി കാൺഗ്രസ്സിനു് വോട്ടുചെയ്താൽ നിങ്ങൾക്കിപ്പോൾ അഞ്ചുതെങ്ങുപാലം പണിതുകിട്ടുമെന്നു്. എന്നാൽ ജനങ്ങൾ കാൺഗ്രസ്സിനു് വോട്ടുചെയ്തില്ല. അതിനാൽ ആ നാട്ടുകാർക്കു ഇന്നും അഞ്ചുതെങ്ങുപാലം പണിതുകൊടുത്തിട്ടില്ല. കഴിഞ്ഞ ബഡ്ജററിൽ അതിനു പണം കൊള്ളിച്ചിട്ടുണ്ടായിരുന്നെങ്കിലും അതിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. അതു ഇപ്പോൾ ആരംഭി

ക്കേണ്ട എന്നു ആരോ വിളിച്ചുപറഞ്ഞിട്ടുണ്ടെന്നും കേൾക്കുന്നു. എന്തായാലും ഇതുവരെ അവിടെ റോഡോ പാലമോ ഒന്നും പണികൾ ആരംഭിച്ചിട്ടില്ല. കാൺഗ്രസുകാർ അവിടെ നിന്നും ജയിച്ചുവരാത്തതുകൊണ്ടായിരിക്കാം. അതുകൊണ്ടു എനിക്കും എന്നെപ്പോലെയുള്ളവക്കും ഇവിടെ വരാൻസാധിച്ചതിൽ എനിക്കു വളരെ കൃതജ്ഞതയാണുള്ളതു്. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടുവന്ന എനിക്കും അവിടത്തെ ആവശ്യങ്ങൾ ഇവിടെ അറിയിക്കേണ്ട ഒരു കടമ ഉള്ളതുകൊണ്ടു ഞാൻ ആവശ്യപ്പെടുകയാണു്. രാഷ്ട്രീയമായി റോഡിന്റെ കാര്യം പരിഗണിക്കരുതെന്നു്. റോഡിന്റെ കാര്യത്തിൽ രാഷ്ട്രീയം കൊണ്ടുവരാതെ വേണ്ട നടപടികൾ ഉടനെ എടുത്തില്ലെങ്കിൽ പഴയ മന്ത്രിസഭയുടെ ഫലമായിരിക്കും പുതിയ മന്ത്രിസഭയ്ക്കും വന്നുചേരുന്നതെന്നു ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ഈ സ്പെഷ്യൽ സർഫസിംഗ് ആഫ് റോഡിന്റെ കാര്യത്തിൽ ആററിങ്ങൽ മുനിസിപ്പാലിററിയുടെ ചെയർമാൻ എന്ന നിലയിൽ എനിക്കു ചില കാര്യങ്ങൾ അനുസ്മരിപ്പിക്കുവാനുണ്ടു്. അൻപതിനായിരം രൂപ മാത്രമാണു് അവിടത്തെ മുനിസിപ്പാലിററിക്കു വരവുള്ളതു്. ഇത്രയും വരവുള്ള ഒരു മുനിസിപ്പാലിററി അവിടെ റോഡു ടാർ്ഇടണം എന്നു പറഞ്ഞപ്പോൾ അതിനു മറുപടിയായി ശ്രീ. കളത്തിൽ വേലായുധൻ നായർ പറഞ്ഞതു് അവിടെ ടാറിടുന്നതിലേയ്ക്കു് ചെലവുള്ള ഇരുപത്തയ്യായിരം രൂപയിൽ പകുതി ഞങ്ങളുടെ മുനിസിപ്പാലിററി വഹിക്കണമെന്നു്. ഇതു സംദ്ധ്യമാണോ എന്നുള്ളതു ഈ പുതിയ മന്ത്രിസഭ ആലോചിക്കണം. വരവു കുറവുള്ള മൈനർ മുനിസിപ്പാലിററിക്കകത്തുള്ള റോഡു ടാർ ഇടണമെന്നു പറയുമ്പോൾ അതിനു ഗവണ്മെൻറിലേയ്ക്കു ഓഹരി കൊടുക്കണമെന്നു പറഞ്ഞാൽ സാദ്ധ്യമാകുമോ? അങ്ങനെ ആവശ്യപ്പെടരുതെന്നു ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണു്. ഒരു സ്ഥലത്തു മരാമത്തുവേലകൾ നടത്തുന്നതിനു് അവിടത്തെ രാഷ്ട്രീയകാര്യങ്ങൾ പരിഗണിക്കേണ്ട കാര്യമില്ല. അവിടെ ഐക്യമുന്നണിക്കാരോ, ആർ. എസ്. പി.ക്കാരൊ, കെ. എസ്. പി.ക്കാരൊ ആരുമായിക്കൊള്ളട്ടെ. അതല്ല നോക്കേണ്ടതു്. അവിടത്തെ ആവശ്യങ്ങളുടെ പേരിൽ, റോഡാവശ്യമുണ്ടെങ്കിൽ റോഡുകൊടുക്കണം, പാലംവേണമെങ്കിൽ അതു പണിയിക്കണം. അല്ലാതെ അവിടത്തെ രാഷ്ട്രീയം നോക്കരുതു്. അങ്ങനെയുള്ള ദുഷ്ടബുദ്ധികൂടാതെ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാനീയഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഇതൊരു ഉപധനാഭ്യർത്ഥനയാണല്ലോ. ഞാൻ ഇതിനെ അനുകൂലിക്കുന്നു. ഇവിടെ നടന്ന പ്രസംഗങ്ങൾ ശ്രദ്ധിച്ചതിൽ ഓരോരുത്തരും അവരവരുടെ പ്രാദേശികാവശ്യങ്ങളെ വിശദീകരിക്കുന്ന രീതിയാണു കാണുന്നതു്. ഞങ്ങളും ഓരോ നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണു്. കുട്ടനാട്ടുത്തി നിയോജകമണ്ഡലത്തിൽ ഇതുപോലെയുള്ള പല പ്രാദേശികാവശ്യങ്ങളും ഉന്നയിക്കുവാനുണ്ടു്. ഉപധനാഭ്യർത്ഥന അവതരിപ്പിച്ചു പാസാക്കുന്ന അവസരത്തിൽ ഇങ്ങനെ എല്ലാ പ്രാദേശികാവശ്യങ്ങളും പറയുകയാണെങ്കിൽ എല്ലാപേരും ഈ രംഗത്തു വരാതിരിക്കാൻ നിവൃത്തിയില്ല. പ്രാദേശികാവശ്യങ്ങൾ തിരുവിതാംകൂർ-കൊച്ചിസംസ്ഥാനത്തു് ഇല്ലാതെ

[ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി]

ഒരു ഇടവും കാണുകയില്ല. യഥാസമയം ആവശ്യങ്ങൾ അറിയിക്കാമെന്നു വിചാരിക്കുന്നു. തൽക്കാലം ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. ടി. പി. സീതാരാമൻ: പ്രാദേശികമായിട്ടുള്ള ആവശ്യങ്ങൾ എല്ലാം നേരിടുവാൻ ഒരു ഗവണ്മെന്റിനും സാദ്ധ്യമല്ല. ദരിദ്രന്മാരായ ആളുകൾ നിറഞ്ഞ ഈ രാജ്യത്തെ ഗവണ്മെന്റും ദാരിദ്ര്യമുള്ളതാണ്. ഈ രാജ്യത്ത് വേണ്ടിടത്തോളം റോഡുകളും തോടുകളും കുളങ്ങളും ഇല്ല എന്ന് എല്ലാവർക്കുമറിയാം. ആയതിനുവേണ്ടി ഓരോ താലൂക്കിലും ഓരോ വർക്ക്സ് കമ്മിറ്റികൾ നിയമിച്ചിട്ടുണ്ട്. അവർ പല വർക്ക്സും ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ചു പല പണികളും നടത്തിയിട്ടുമുണ്ട്. എന്നാൽ ചില പണികൾക്ക് വേണ്ടിടത്തോളം പണം അനുവദിച്ചിട്ടില്ല എന്നും അനുവദിച്ചിട്ടുള്ളതുതന്നെ യഥാവിധി നടത്തുന്നില്ല എന്നും പരാതി ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഈ അവസരത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ പ്രാദേശികാവശ്യങ്ങളെപ്പറ്റിയും പറയാതിരിക്കാൻ നിവൃത്തിയില്ല. അതായതു പുതുക്കാട്ടു-തൊട്ടിപ്പാൾ റോഡിന്റെ പണി സംബന്ധിച്ചുള്ളതാണ്. അവിടെ കുറെ കൊല്ലങ്ങൾക്കുമുമ്പായി ആരംഭിച്ചിട്ടുള്ള പണി ഇന്നും പൂർത്തിയാകാതെയിരിക്കുന്നു. ഒരു മൈൽ മാത്രം ഈ പണി പൂർത്തിയാക്കുകയാണെങ്കിൽ ആറു മൈൽ ദൂരമുള്ള മുളങ്ങ് എന്ന സ്ഥലവുമായി എളുപ്പത്തിൽ സഞ്ചാരസൌകര്യമുണ്ടാകുന്നതാണ്. ഇന്നത്തെ പാർലമെന്റു പ്രതിപക്ഷനേതാവ് എ. കെ. ഗോപാലനും എന്റെ പ്രതിസ്ഥാനാർത്ഥിയായ സി. അച്യുതമേനോനും ഒളിവിലിരുന്ന കാലത്തു വളരെക്കാലം അവിടെ താമസിച്ചുവന്നതാണ്. ആ സ്ഥലത്തിനു പലതുകൊണ്ടും ഒരു പ്രാധാന്യമുണ്ടാകാൻ എളുപ്പമുണ്ട്. അവിടെയും ഇതുപോലെ മുപ്ലിയം-നന്തിപുലം പാലവും തൃക്കൂർ-മണലി റോഡ് മുതലായതിലും വേണ്ടതൊന്നും ചെയ്തിട്ടില്ല. അവയ്ക്കായി ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ അടിയന്തിരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

Shri C. K. Ramachandran Nair : Sir, these grievances are not particular to any one locality. In my constituency certain bridges were promised to be constructed. In fact, during every election, such promises are made, but those promises are hardly ever fulfilled. For instance, the Punthala bridge in our place, the Ministers had promised to construct. It is an important bridge on an approach road to the main road—the Venmony-Kulanada road. The erstwhile Minister visited the place and promised to construct a concrete bridge there. Now I understand that that idea has been dropped and they intend to put up a wooden bridge there. I have other complaints also to make but this is not the time to make them. I do not want to take much of the time of the House, and therefore I content myself with these remarks.

ശ്രീ. ടി. ഒ. ബാവ: സർ, ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നതോടുകൂടി ഞങ്ങളുടെ പ്രദേശമായ കുന്നത്തുനാട് താലൂക്കിലെ ഗ്രാമഭാഗ

ങ്ങൾ വളരെ നാളായി അവഗണിക്കപ്പെട്ടുവരികയാണെന്നുള്ള വിവരം കൂടി അറിയിച്ചുകൊള്ളുന്നു. പട്ടണപ്രദേശങ്ങളിൽ ഗതാഗതത്തിനു വേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടു്. ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചു ഗവണ്മെന്റ യാതൊന്നും ശ്രദ്ധിക്കുന്നില്ല. കുന്നത്തുനാട്ടു താലൂക്കിലെ അതിപ്രധാനമായ ഒരു പകുതിയാണു് തൃക്കാക്കരവില്ലേജു്. ഇരുപത്തയ്യായിരത്തിൽപരം ആളുകൾ അവിടെ അധിവസിക്കുന്നുണ്ടു്. മൂന്നുകൊല്ലക്കാലമായി, അവിടത്തെ പ്രധാന ഗതാഗതമാർഗ്ഗമായ പാലാരിവട്ടം—കുമാരമംഗലം റോഡിലെ കലുങ്കുകൾ തീർത്തിട്ടു മൺവേല ചെയ്യാത്ത കാരണത്താൽ. സഞ്ചാരയോഗ്യമല്ലാത്ത നിലയിലാണു കിടക്കുന്നതു്. അതിന്റെ ഏതാനുംഭാഗം രണ്ടുകൊല്ലംമുമ്പു് വേല നടന്നുവെങ്കിലും ബാക്കി പണി പൂർത്തിയാകാതിരിക്കുന്നതുകൊണ്ടു് ആളുകൾ വിഷമിച്ചുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ മിക്ക ഗ്രാമപ്രദേശങ്ങളിലും ഉള്ള ആളുകൾക്കു പുറത്തേക്കിറങ്ങി സഞ്ചരിക്കുവാൻ ഒരു റോഡുപോലും ഇല്ലെന്നുള്ള സംഗതി ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കി തീരാതെ കിടക്കുന്ന ജോലികൾ കഴിയുന്നതും വേഗം തീർക്കുന്നതിനുവേണ്ടി സത്വരനടപടികൾ എടുക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ജെ. എ. ഭട്ട്: സർ, ഞാനും ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിനു ൨൫ മൈൽ റോഡുണ്ടു്. ജനങ്ങൾ പ്രക്ഷോഭണം കൂട്ടിയതിനുശേഷം രണ്ടര മൈൽ റോഡു മാത്രമെ ഇതുവരെ നന്നാക്കിയിട്ടുള്ളു. ബാക്കിയുള്ള റോഡുകളും എത്രയും വേഗത്തിൽ നന്നാക്കിത്തരാമെന്നു് ഗവണ്മെന്റു് ഉറപ്പു കൊടുത്തിരുന്നതാണു്. എന്നിട്ടും ഇതുവരെ യാതൊരു നടപടിയും എടുത്തുകാണുന്നില്ല. അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: ഒരു കാര്യം ഈയവസരത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. ആലപ്പുഴ തുറമുഖം വാണിജ്യയോഗ്യമായ രീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ഗവണ്മെന്റ സത്വരനടപടികൾ എടുക്കണമെന്നുള്ളതാണു അതു്. കൊച്ചി തുറമുഖത്തിന്റെ പുനരുദ്ധാരണത്തോടുകൂടി ആലപ്പുഴ തുറമുഖം മിക്കവാറും അവഗണിക്കപ്പെട്ടിരിക്കുകയാണു്. ഗവണ്മെന്റ ഇതു സംബന്ധിച്ചു വേണ്ട നടപടികൾ എടുക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. മഞ്ജനാഥപ്രഭു: അനുവദിക്കപ്പെടുന്ന മുഴുവൻ തുകയും ഗവണ്മെന്റ ചെലവാക്കിയതായി കാണുന്നില്ല. അക്കാര്യത്തിലും ഗവണ്മെന്റ ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എ. അച്യുതൻ: ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെംബർമാർക്കു് എതിരഭിപ്രായങ്ങളൊന്നും ഇല്ലെന്നാണു കാണുന്നതു്. പല മെംബർമാരും അവരവരുടെ നിയോജകമണ്ഡലങ്ങളിലെ ആവശ്യങ്ങളെക്കുറിച്ചു സംസാരിക്കുകയുണ്ടായി. അക്കാര്യങ്ങളെപ്പറ്റി ഗവണ്മെന്റ ശ്രദ്ധിക്കുന്നതാണു്. അതോടൊപ്പം ഒരു സംഗതി കൂടി അവരെ അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന തുക അതിലേയ്ക്കുവേണ്ടി ചെലവാക്കുന്നതിനുള്ളതല്ല.

[ശ്രീ. എ. അച്യുതൻ]

അതിൽ പറയുന്ന കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. അടുത്തുതന്നെ അവതരിപ്പിക്കുവാൻപോകുന്ന ബഡ്ജററിനെ സംബന്ധിച്ചുള്ള വാദപ്രതിവാദവേളയിൽ ഇക്കാര്യങ്ങളൊന്നുകൂടി ആവർത്തിച്ചു പറയേണ്ടതായി വരുമെന്നാണ് തോന്നുന്നതു്. ആ ഘട്ടത്തിൽ ഈ വക കാര്യങ്ങൾ പ്രതിപാദിച്ചാൽ കൂടുതൽ സൗകര്യപ്രദമായിരിക്കും. അക്കാര്യങ്ങളെപ്പററി അപ്പോൾ പരിഗണിക്കുന്നതിനു കൂടുതൽ സൗകര്യവും ലഭിക്കും.

The question that Government be granted a supplementary sum not exceeding Rs. 10,00,000 under Demand XXVII—50 Civil Works—(b) Communications—(vii) Special Surfacing Fund Works—was put and carried.

The grant was made.

Demand No. XXIX—55. Superannuation allowances and pensions.

Minister for Finance (**Shri P. S. Nataraja Pillai**): Sir, I move that Government be granted a supplementary sum not exceeding Rs. 5,00,000 under Account head 55—Superannuation allowances and pensions. On account of the steps taken by Government for the speedy settlement of the pension accounts, there was a greater demand for funds for meeting superannuation and pension demands. By the end of January 1954 an amount of Rs. 44,96,970 had been drawn. At the rate at which the expenditure was going on up to January 1954, it was found it will be impossible to pay the pension unless additional provision was made. Hence this demand. This is for payment of pension annually earned and for payment of pension on which final orders have been passed. So it is legitimate and it is absolutely necessary. I think the House will also find it legitimate and also feel that it is a duty to pay for the services of the pensioners who have earned it after their period of service.

Chief Minister (**Shri A. Thanu Pillai**) : I second it.

ശ്രീ. എൻ. നാരായണക്കുറുപ്പു്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇലക്ഷനുവേണ്ടി നടന്നപ്പോൾ അവിടെയുള്ള പെൻഷൻകാർ പല പരാതികളും പറയുകയുണ്ടായി. കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഒരേതരത്തിലുള്ള ഉദ്യോഗത്തിലിരുന്നു് പെൻഷൻ പററിയ ഉദ്യോഗസ്ഥന്മാർക്കു് ഒരേനിലയിൽ പെൻഷനും ഡീയർനസ് അലവൻസും കൊടുക്കുന്നില്ലായെന്നും ആ വിഷയത്തിൽ കൊച്ചിക്കാരോടു് തുല്യമായ നിലയിൽ തിരുവിതാംകൂറിലെ പെൻഷൻകാരെ ഗണിക്കുന്നില്ലെന്നും, തന്നിമിത്തം കാൺഗ്രസ്സിനു് അവർ വോട്ടു കൊടുക്കുന്നതല്ലെന്നും പറഞ്ഞു. ഒന്നാമതു് കൊച്ചിയിലുള്ള പെൻഷൻകാർക്കും തിരുവിതാം

ബൗണ്ടറികമ്മീഷൻ അടുത്തുതന്നെ തിരുവനന്തപുരത്തെത്തും. ഐക്യകേരളത്തിനെതിരെ ൧൦൦ റുക്കുള്ള കമ്പിയടിച്ചു് തിരുവിതാംകൂറിന്റെ പ്രധാനമന്ത്രിപദം കളഞ്ഞുകുളിച്ച ശ്രീ. പട്ടം താണുപിള്ള, കഴിഞ്ഞകാലാനുഭവങ്ങളിൽനിന്നും എന്തെങ്കിലും പഠിച്ചിട്ടുണ്ടോ എന്നറിയാൻ ആ അവസരം പ്രയോജനപ്പെടും. മലയാളിയുടെ ജന്മാവകാശമാണു് ഐക്യകേരളമെന്നു് ശ്രീ പട്ടത്തെ ഞാനൊന്നു കൂടി ഓർമ്മപ്പെടുത്തട്ടെ.

അഡ്ലായ് സ്റ്റീവൺസന്റെ സന്ദർശനോദ്ദേശത്തെക്കുറിച്ചു് തനിക്കൊന്നുമറിഞ്ഞുകൂടെന്നു മുഖ്യമന്ത്രി കുറച്ചു മുമ്പിവിടെ പ്രസ്താവിക്കയുണ്ടായി. അദ്ദേഹത്തിനറിവില്ലെങ്കിൽ ഞാൻ ചില കാര്യങ്ങൾ അറിയിക്കാം. പാക്-അമേരിക്കൻ സന്ധിക്കെതിരെ നാട്ടിലുടനീളം പ്രതിഷേധമുയർന്നിട്ടും, നെഹ്റുതന്നെ അതിനു നേതൃത്വം നൽകിയിട്ടും, ഒന്നും കണ്ടില്ലെന്നമട്ടിൽ അമേരിക്കൻ നുഴഞ്ഞുകയററത്തിനു പ്രോത്സാഹനം നൽകിയ ഒരു കൂട്ടരിൽനിന്നാണു് ഇന്നു ശ്രീ. താണുപിള്ള ഭരണഭാരം ഒഴിഞ്ഞു വാങ്ങിയിരിക്കുന്നതു്. ഇനിയെങ്കിലും വിരുദ്ധമുന്നണിയടക്കമുള്ള അമേരിക്കൻ ചാരവൃത്തികളെ നിരുത്സാഹപ്പെടുത്താൻ സർക്കാർ മുൻകൈ എടുക്കുമോ?

നാട്ടിന്റെ മുമ്പിൽ നൂറായിരം പ്രശ്നങ്ങളുണ്ടു്, പാട്ടം കുറക്കണമെന്നു് കൃഷിക്കാരും, ആയുർവ്വേദത്തിനു കൂടുതൽ പ്രോത്സാഹനം വേണമെന്നു് വൈദ്യന്മാരും നിയമപ്രകാരം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ധനസഹായം വിനാവിളംബം പാസാക്കികിട്ടണമെന്നു വ്യവസായികളും, തൊഴിലില്ലായ്മയ്ക്കു പരിഹാരം വേണമെന്നു് അഭ്യസ്തവിദ്യരും, കടലാക്രമണത്തിൽനിന്നും രക്ഷവേണമെന്നു് തീരവാസികളും, രാഷ്ട്രീയ തടവുകാരെ വിടണമെന്നു ഞങ്ങളും അനുദിനം മുറവിളികൂട്ടുന്നുണ്ടു്. ഇതെല്ലാം കേൾക്കാനുള്ള ചെവികൾ പി. എസ്. പി. മന്ത്രിസഭയ്ക്കുണ്ടാകുമോ

ങ്കിൽ അവക്കും നാടിനും നന്ന്. അല്ലെങ്കിൽ അനസ്യൂതമായ തുപ്പുകളും അനാശാസ്യമായ പ്രത്യാഘാതങ്ങളും മാത്രം ഭാവിയുടെ വിദൂരതയിൽ തങ്ങിനിൽക്കുമെന്ന് മുന്നറിയിപ്പു നൽകിക്കൊണ്ട് ഞാൻ ഈ ഭേദഗതികളെ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞ്: പി. എസ്. പി. നേതാവിനെ ഒരു ചാണക്യൻ തട്ടിക്കൊണ്ടു പോയി എന്നു പറഞ്ഞു. അതാരാണ്.

ശ്രീ. എം. പി. മേനോൻ: അലങ്കാരഭാഷയിൽ പറഞ്ഞാൽ ബഹുമാനപ്പെട്ട മെംബർക്കു മനസ്സിലാകുകയില്ലെങ്കിൽ, വിവരിച്ചു പറഞ്ഞു തരാം.

മി. സ്പീക്കർ: അതു വേണ്ട.

ஸ்ரீ. டி. டி. டானியல்: நான் ஸ்ரீ தாணுலிங்க நாடாரின் திருத்தப்பிரேரணையை ஆமோதிக்கிறேன்.

ஸர், ராஜப்பிரமுகர் அவர்களின் பிரசங்கத்தில் தென்-திருவிதாங்கூர் தொழிலாளர்களின் நலனுக்காக இந்த அரசாங்கம் ஏதாவது உதவி அளிக்குமென்று எதிர்பார்த்திருந்தோம். ஆனால் அரசாங்கம் ஒன்றும் செய்யத் தயாராயில்லை. இது தமிழ்நாட்டினருக்கு ஒரு பெரிய ஏமாற்றத்தை அளித்தது. மட்டுமல்ல, தென்-திருவிதாங்கூரில் ஏழை கிருஷிக்காரர்களுடைய கன்றுகாலிகள் நோய்வாய்ப்பட்டு இறந்து போகின்றன. ஏழை கிருஷிகர்கள் கஷ்டநஷ்டமடைகிறார்கள். இதற்கு ஏதாவது ஒரு பரிகாரம் இந்த அரசாங்கம் செய்யும் என்று எண்ணினோம். அதைப்பற்றியும் ஒரு வார்த்தை கூட அவரது பிரசங்கத்தில் புகுத்தப்படவில்லை; நாங்கள் ஏமாந்தோம்.

ஸர், மணவாளக்குறுச்சியிலிருந்த மணல் கம்பேனி அங்கிருந்து மத்திய திருவிதாங்கூருக்கு மாற்றப்பட்டிருக்கிறது. தக்கலையிலுள்ள சீனி கம்பேனியை வேறு யாருக்கோ விற்கப்பட்டு, மாதங்களாக அடைபட்டிருக்கிறது. நாகர்கோவிலிலிருந்த வாத்து சாலையும் (distillery) யும் அங்கிருந்து மாற்றப்பட்டிருக்கிறது. தென்-திருவிதாங்கூரில் பல ஆண்டுகளாக நடந்து வந்து, நூற்றுக்கணக்கான ஏழை தொழிலாளிகளுக்கு வேலை கொடுத்து வந்த கம்பேனிகள் யாவும் மாற்றப்பட்டு விட்டன. இதிலிருந்த தொழிலாளர்களுக்கு வேலையில்லாமல் கஷ்டப்படுகிறார்கள். இவர்களின் பரிதாபகரமான நிலைமையைப் போக்க இந்த அரசாங்கம் இதுவரை ஒன்றும் செய்ததாகக் காணப்படவில்லை. ராஜப்பிரமுகரின் பிரசங்கத்திலும் ஒன்றும் காணப்படவில்லை. இதைக் காணும்போது இந்த அரசாங்கத்திற்கு தமிழர்களின் பேரில் நல்ல மனப்பான்மை இல்லை என்று தோன்றுகிறது. திருவிதாங்கூர் தமிழ்நாட்டுத் தொழிலாளிகள் இந்நாட்டில் மக்களாக வாழவேண்டும், திருவிதாங்கூர்-கொச்சி நாட்டில் மற்றயிடங்களில் வாழும் மக்களைப்போல் வாழவேண்டும் என்ற நல்ல எண்ணம் இந்த அரசாங்கத்திற்கு இருக்குமானால் அரசாங்கம் உடனே தென்-திருவிதாங்கூரில் அநேக தொழிற்சாலைகளை ஸ்தாபித்து, தொழிலாளர்களை காப்பாற்றவேண்டும்.

[ஸ்ரீ. டி. டி. டானியல்]

பின்பு, ஒரு கல்லூரியாவது தென்-திருவிதாங்கூரில் தமிழ்நாட்டில் ஸ்தாபிக்கப்படவில்லை. அரசாங்கம் மேலும் மேலும் புதிய கல்லூரிகளை ஸ்தாபிப்பதும், வேறு கல்லூரிகளுக்கு பணவுதவி அளிப்பதுமாயிருக்கிறார்கள். அங்குள்ள பெற்றோர்கள் தங்கள் மைந்தர்களை மேற் படிப்பிற்கு வேறு ஸமஸ்தானத்துக்கு அனுப்பவேண்டியதாயிருக்கிறதும் ஏராளம் பணம் செலவிடவேண்டியதாயிருக்கிறது. தென்-திருவிதாங்கூரில் தமிழ்நாட்டில் ஒரு கல்லூரி ஸ்தாபித்தால் பெற்றோர்கள் தங்கள் குழந்தைகளை அதிகச் செலவில்லாமல் கற்க முடியும்.

தண்ணீர் தண்ணீரென்று நாங்கள் எவ்வளவோ கூக்குரலிட்டும் அரசாங்கத்தின் காதுகளில் விழவில்லை. கடலோரங்களிலும் அதற்கடுத்துள்ள இடங்களிலும் குடிக்கத் தண்ணீரில்லாமல் ஏழை மக்கள் கஷ்டப்படுகிறார்கள். இந்த அரசாங்கம் அவர்களுக்குக் குடிக்கத் தண்ணீர் கொடுக்கத் தயாராயில்லை.

ஸர், தென்-திருவிதாங்கூர் தமிழ்நாட்டில் போதுமான அணைக்கட்டுகளும், கால்வாய்களுமில்லாமல், கரிவுகள் ஏற்பட்டுக் கொண்டிருக்கின்றன. கிருஷியில் இங்குள்ளவர்கள் மிகவும் நஷ்டமடைந்து ஏழைகளாய் விட்டார்கள். இந்தவிதமான பிரச்சனைகளெல்லாம் இருக்கின்றன. அரசாங்கம் இவைகளை கவனிக்கவில்லை. நிலைமை இந்தமாதிரி நீடித்துக்கொண்டே போனால் என்ன வரப்போகிறது என்று எங்களுக்குத் தெரியாது. இந்த அரசாங்கத்திற்கு திருவிதாங்கூர் தமிழ் நாட்டு மக்களின் பேரில் அன்பில்லை. இங்கே மலையாளிகளுக்கு தமிழர்களின்பேரில் இனவெறி இருக்கிறது. இவைகளையெல்லாம் வைத்துக் கொண்டு தான் எங்களுக்கு இந்நாட்டுடன் இருக்கமுடியாது, தாய் தமிழகத்துடன் சேரவேண்டுமென்று சொல்கிறோம். இந்த இனவெறியினால் தமிழ்நாட்டில் போலீஸ் தொந்தரவும் ஏற்பட்டு வந்தன. இவைகளைப்பற்றி மேலதிகாரிகளுக்கும் அரசாங்கத்திற்கும் எடுத்துக் கூறியும் இதுவரை யாதொரு நடவடிக்கையும் எடுக்கப்படவில்லை. கழிந்த தேர்தல் சமயத்தில் போலீஸ் செய்த அட்டூழியங்களைப் பற்றி பொதுஜனங்கள் கூட்டங்கள் போட்டு தீர்மானங்கள் பாசாக்கி அரசாங்கத்திற்கு அனுப்பினார்கள். யாதொன்றும் இதுவரை நடக்கவில்லை. தமிழ்நாடு காங்கிரஸ் தொண்டர்களை போலீஸார், தங்கள் வானில் எடுத்துக்கொண்டு போய் போலீஸ்ஸ்டேஷனில் வைத்து அடித்து ஹிம்சித்தார்கள். இதைப்பற்றியும் மாபெரிய கூட்டம் கூட்டி, தீர்மானம் பாசாக்கி அனுப்பினோம். அதைப்பற்றி யாதொரு கவனமும் அரசாங்கம் செலுத்தவில்லை. திருவிதாங்கூர்-கொச்சி தமிழ்நாட்டு மக்களை அடக்கி ஆளலாம் என்று இந்த அரசாங்கம் நினைத்தால், மேலால் என்ன முறையில் தமிழ்நாடு நடக்கவேண்டுமென்று முடிவு செய்யப்படும் தமிழர்கள் எந்தக் கட்சியில் இருந்தாலும் ஒன்று சேவார்கள் என்பது எனது அபிப்பிராயம். தமிழ் நாட்டில் இராப் பள்ளிக்கூடம் வைப்பது மிகவும் அவசியம். ஏழைப் பெற்றோர்களுக்கு குழந்தைகளை அப்பொழுது பள்ளிக்கூடத்துக்கு அனுப்ப முடியும். மேலும் கிளார்க்மார்களுடைய சம்பளம் கூட்ட வேண்டும்.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the chair.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള കൃതജ്ഞതാപ്രമേയത്തിന് ഒരു ഭേദഗതി ഞാൻ ഹാജരാക്കിക്കൊള്ളുന്നു. അതായത് ആ പ്രമേയത്തിന്റെ ശേഷം—

2 P. M.]

"But regret to note that no steps are being proposed by Your Highness's Government to prevent the grave and serious menace of sea erosion in the coastal areas from Manassery to Pallithode" എന്നുകൂടി ചേർക്കണമെന്നാണ്.

സർ, കൃതജ്ഞതാപ്രമേയം അവതരിപ്പിച്ച സ്നേഹിതൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ഇവിടെ ഹാജരാക്കപ്പെട്ടിട്ടുള്ള ഭേദഗതികളിൽ മിക്കവയുംതന്നെ രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളാണെന്ന്. ഏറെക്കുറെ ഇതു ശരിയാണ്. എന്നാൽ എല്ലാ വിഷയങ്ങളെയും സംബന്ധിച്ച് രാജപ്രമുഖന്റെ പ്രസംഗത്തിൽ പ്രതിപാദിക്കുവാൻ സാധ്യമല്ലല്ലോ. പക്ഷെ, ഞാൻ ഇവിടെ ഹാജരാക്കിയിട്ടുള്ള ഭേദഗതിയിൽ പറയുന്ന അതിപ്രധാനമായ ഒരു സംഗതിയെപ്പററി രാജപ്രമുഖന്റെ പ്രസംഗത്തിൽ യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നാണു കാണുന്നത്. കടലാക്രമണം നമ്മുടെ രാജ്യത്തു പുതുതായി ഉണ്ടായിട്ടുള്ള ഒരു സംഭവമല്ല. വളരെക്കാലമായി നമ്മുടെ രാജ്യത്തെ ജനങ്ങളെയും ഗവണ്മെന്റിനെയും അമ്പരപ്പിച്ചുകൊണ്ടിരിക്കുന്ന വിഷമപ്രശ്നങ്ങളിൽ ഒന്നാണത്. നമ്മുടെ കടൽതീരപ്രദേശങ്ങളിൽ പല ഭാഗങ്ങളിലും സാധാരണയായി കൊല്ലംതോറും കാലവർഷം ആരംഭിക്കുന്നതോടുകൂടി കടൽക്ഷോഭംനിമിത്തം വളരെ ഭയങ്കരമായ അപകടങ്ങൾക്കു വിധേയമായി നിരവധി വസ്തുക്കളും വീടുകളും നശിച്ച് അനവധി കുടുംബങ്ങൾ നിരാശ്രയാവസ്ഥയിൽ എത്തിച്ചേരുന്ന സങ്കടകരമായ സ്ഥിതി നാം കണ്ടുവരുന്ന ഒന്നാണ്. ഇന്നുരാവിലെ ഞാൻ ഈ സഭയിൽ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഗവണ്മെന്റു നൽകിയ മറുപടിയിൽനിന്നുതന്നെ കഴിഞ്ഞ കാലവർഷകാലത്തു് കടലാക്രമണംകൊണ്ടു നൂറിൽപരം വീടുകൾ നഷ്ടപ്പെട്ടുപോയ വസ്തുത നമുക്കറിയുവാൻ സാധിച്ചു. ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടക്കുന്ന കടലാക്രമണംമൂലമുള്ള വിപത്തുകളും വലുതാണെങ്കിലും മാനാശേരി മുതൽ പള്ളിത്തോടുവരെയുള്ള കടലാക്രമണം മററു പല പ്രദേശങ്ങളെയും അപേക്ഷിച്ചു കൂടുതൽ ആപൽക്കരവും നാശോന്മുഖവുമാണ്. ആ പ്രദേശങ്ങൾ വളരെക്കാലമായി ആണ്ടുതോറും തുടർച്ചയായ കടലാക്രമണത്തിനു വിധേയമായി അനുക്രമം നശിച്ചുനശിച്ചു ഇപ്പോൾ അവിടെ അധിവാസയോഗ്യമായ പ്രദേശം വളരെ വീതികുറഞ്ഞ ഒരു വരമ്പുമാത്രമായി ശേഷിച്ചിരിക്കുന്നു. ഏതാണ്ടു മുക്കാൽ മൈൽ വീതിയിൽ ഉദ്ദേശം പതിനാറു മൈൽ നീളം ഭൂമി കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലംകൊണ്ടു കടലിനടിയിൽ ആണ്ടുപോയിട്ടുണ്ട്. കോടിക്കണക്കിനു വിലവരുന്ന തെങ്ങിൻതോപ്പുകളും നെൽപാടങ്ങളുമാണ് ഇങ്ങനെ നശിച്ചുപോയിട്ടുള്ളത്. ശേഷിച്ചിരിക്കുന്ന

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

സ്ഥലത്തു് കഴിഞ്ഞകൊല്ലം മൂന്നുസ്ഥലത്തു് അഴി മുറിഞ്ഞു കടൽ കായലോടു ചേരുവാൻ തുടങ്ങി. ധാരാളം പണം ചെലവുചെയ്തു ഗവണ്മെൻറ അടിയന്തിര പ്രതിരോധ നടപടികൾ എടുത്തു. അതത്രയും പാഴ്ചെലവാണെന്നു് ഒരു കണക്കിൽ പറയാവുന്നതാണു്. ശാശ്വതമായ ഒരു പരിഹാരം കിട്ടിയിട്ടില്ല. അതു് ഒരു താൽക്കാലിക ഉപശാന്തി മാത്രമായിരുന്നു. എന്നാൽ ഈ പ്രശ്നത്തിനു് മറെറാരു പ്രത്യേകതകൂടിയുണ്ടു്. അതായതു് ഈ പ്രദേശങ്ങളിലെ കടലാക്രമണം തടഞ്ഞില്ലെങ്കിൽ നമ്മുടെ കൊച്ചി ഹാർബറിൻെറ സുസ്ഥിതിക്കുപോലും സാരമായ കോട്ടം തട്ടുമെന്നുള്ളതാണു്. അതു് കൊച്ചി ഹാർബറിനെപ്പററി പ്രാരംഭ ഗവേഷണങ്ങൾ തുടങ്ങിയ കാലം മുതൽക്കുതന്നെ അസന്നിഗ്ദ്ധമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഒരു സംഗതി, തീരപ്രദേശ സംരക്ഷണം, ഹാർബറിൻെറ സുസ്ഥിതിക്കു അവശ്യം ആവശ്യമായ ഒരു കാര്യമാണെന്നാണു് ഈ വിദഗ്ദ്ധാഭിപ്രായത്തിൻെറ വെളിച്ചത്തിൽ കൊച്ചി ഗവണ്മെൻറു തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുൻപുവരെ വളരെ കാര്യക്ഷമമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നുവെന്നു പരക്കെ അറിയപ്പെട്ടിട്ടുള്ളതാണു്. എന്നാൽ സംയോജനത്തിനുശേഷം ആ സംരക്ഷണ നടപടികൾ തുടർന്നു നടന്നില്ല. അതുകൊണ്ടാണു കഴിഞ്ഞ കൊല്ലത്തെ മാതിരിയുള്ള ദുരന്ത അനർത്ഥങ്ങൾ ഉണ്ടായതു്. ഈ സംഗതിയുടെ ഗൗരവം മനസ്സിലാക്കിക്കൊണ്ടു് നമ്മുടെ ഗവണ്മെൻറു ഞാൻ മുൻപു പ്രസ്താവിച്ചതുപോലെ, അടിയന്തിരമായ ചില പ്രതിരോധ ഏർപ്പാടുകൾ അവിടെ നടപ്പിൽവരുത്തി. എന്നാൽ അതുകൊണ്ടു് ഈ പ്രശ്നത്തിനു ശരിയായ ഒരു പരിഹാരമുണ്ടായില്ല. നമ്മുടെ ഗവണ്മെൻറു് ഇന്നു് തനിച്ചു ഈ പ്രശ്നം കൈകാര്യം ചെയ്യാൻമതിയാവുകയില്ലെന്നു ധരിച്ചു് ഈ സംഗതി കേന്ദ്രഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയും, കേന്ദ്രഗവണ്മെൻറിൻെറ പ്ലാനിംഗ്പദ്ധതിയിൽ ഈ സംഗതിയുംകൂടി ഉൾപ്പെടുത്തി അടുത്ത കൊല്ലത്തിൽ ൫൰ ലക്ഷം രൂപ ചെലവാക്കുവാൻ വേണ്ട നടപടികൾ എടുത്തിട്ടുള്ളതായും അറിയുന്നു. അതു ശരിയാണെങ്കിൽ നമ്മുടെ ഗവണ്മെൻറിൻെറ നയപ്രഖ്യാപനത്തിൽ രാജപ്രമുഖൻ തിരുമേനി ഈ അടിയന്തിരകാര്യത്തെപ്പററി യാതൊന്നും പറയാതെ വിട്ടതു് അതിൻെറ ഗൗരവം ശരിക്കു മനസ്സിലാക്കിയിട്ടില്ലാത്തതുകൊണ്ടായിരിക്കുമെന്നു ഞാൻ കരുതുന്നു. കേന്ദ്രഗവണ്മെൻറും പ്ലാനിംഗ് കമ്മിഷനും ഇക്കാര്യത്തിൽ വളരെ താൽപര്യവും ജാഗ്രതയും പ്രദർശിപ്പിച്ചുവെന്നതു വളരെ ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണു്. കേന്ദ്ര പ്ലാനിംഗ്മന്ത്രിതന്നെ സ്ഥലം സന്ദർശിക്കുകയും അതിനെത്തുടർന്നു വിദഗ്ദ്ധ എൻജിനിയറന്മാരെക്കൊണ്ടു് ഈ പ്രശ്നം പരിശോധിപ്പിക്കുകയും അതിൻെറ ഫലമായി സമ്പൂർണ്ണമായ ഒരു ദീർഘകാലപദ്ധതി ആവിഷ്കരിച്ചു് ഈ വിപത്തു മേലിൽ നമ്മുടെ നാട്ടിൽ ഉണ്ടാകാതിരിക്കുന്നതിനു് പ്രാരംഭമായി അടുത്ത കാലവർഷത്തിനുമുമ്പായിത്തന്നെ രണ്ടുമൂന്നു മൈൽ നീളം കരിങ്കൽച്ചിറ കെട്ടുന്നതിനു് ൫൰ ലക്ഷം ഉറപ്പിക കേന്ദ്രഗവണ്മെൻറിൽനിന്നും അനുവദിക്കുകയുംചെയ്തു. നമ്മുടെ ഗവണ്മെൻറിൻെറ നയപരിപാടികളിൽ ഇക്കാര്യത്തെപ്പററി ഒന്നുംതന്നെ പറയാതിരുന്നതു, കേന്ദ്രഗവണ്മെൻറ ഇക്കാര്യത്തിൽ പ്രദർശിപ്പിക്കുന്ന ശ്രദ്ധയും താൽപര്യവും നമ്മുടെ ഗവണ്മെൻറിനു് ഇല്ലെന്ന ഒരാരോപണത്തിനുപോലും

വഴിതെളിക്കുന്നതാണു്. ഇതു് ആശാസ്യമായ ഒരു സംഭവമല്ല. ഇതിൽ വന്നുപോയിട്ടുള്ള പ്രമാദം യഥാവിധി പരിഹരിച്ചു നമ്മുടെ ഗവണ്മെൻറു കേന്ദ്രഗവണ്മെൻറുമായി സഹകരിച്ചു നമ്മുടെ വിഷമപ്രശ്നങ്ങളിൽ ഒന്നിനു പരിഹാരം നേടുവാനുള്ള ഈ സന്ദർഭത്തെ ശരിയായി ഉപയോഗപ്പെടുത്തേണ്ടതാണു്. ഇതുപ്രകാരമുള്ള പ്രവൎത്തനങ്ങൾ നടപ്പിൽ വരുത്തുന്നതു മൂലം കടലാക്രമണത്തിനു വിധേയമാകാറുള്ള പ്രദേശങ്ങളിലുള്ള തൊഴിലില്ലായ്മയ്ക്കും താൽക്കാലികമായ ഒരു ഉപശാന്തിയുണ്ടാകുന്നതിനും സഹായകമായിത്തീരുന്നതാണു്. ഈവക കാൎയ്യങ്ങളിൽ ഗവണ്മെൻറിന്റെ അടിയന്തിരശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ എന്റെ ഉപക്ഷേപത്തെ സഭയുടെ പരിചിന്തനത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ സഭ മുൻപാകെ ചർച്ചയ്ക്കു വച്ചിരിക്കുന്ന കൃതജ്ഞതാ പ്രമേയത്തിനു ഞാൻ ഒരു ഭേദഗതി ഹാജരാക്കിക്കൊള്ളുന്നു.

(൧) എന്നാൽ ൧൯ അംഗങ്ങൾ മാത്രമുള്ള ഒരു പാർട്ടിയുടെ നേതാവിനെ ഗവണ്മെൻറു രൂപീകരിക്കുവാൻ ക്ഷണിക്കുന്നതിനിടയായ രാഷ്ട്രീയ സാഹചര്യങ്ങളെപ്പറ്റി യാതൊരു പരാമർശവും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു.

(൨) എന്നാൽ തിരഞ്ഞെടുപ്പിനുശേഷം ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ പ്രാതിനിദ്ധ്യത്തിനായി മി. ലൂയിസിനെ നാമിനേറ്റു ചെയ്തതിനെപ്പറ്റി സംസ്ഥാനത്തെ പി. എസ്സ്. പി. ഐക്യമുന്നണി നേതാക്കന്മാർ പുറപ്പെടുവിച്ച പ്രസ്താവനകളെപ്പറ്റിയോ, നാമിനേഷന്റെ ന്യായതയെ സാധൂകരിച്ചോ യാതൊരു പരാമർശവും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു.

Shri A. A. D. Luiz: Sir, I rise to a point of order. The second part of this amendment refers to an act of the Rajpramukh. I do not think this Legislature has got any power to discuss the action of His Highness the Rajpramukh in his discretion under Article 163 (1) and (2) of the Constitution of India.

Mr. Speaker: His Highness the Rajpramukh always exercises his power in consultation with the Cabinet. In such matters, I think it is advisable for the Legislature to ventilate its views on the floor of the House. So, I allow the amendment to be moved.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ പുതിയ നിയമസഭാതിരഞ്ഞെടുപ്പിനു ഇടയായ രാഷ്ട്രീയ സാഹചര്യങ്ങൾ എന്താണെന്നു അങ്ങേയ്ക്കും ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിവുള്ളതാണു്. കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽവന്ന കോൺഗ്രസ്സ് കക്ഷി ഒരു വിശ്വാസ പ്രമേയം കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിക്കുകയും ആ വിശ്വാസപ്രമേയത്തെ എതിർത്തു് മററു കക്ഷികൾ വോട്ടു ചെയ്യുകയും ചെയ്തതുകൊണ്ടു് നിയമസഭ പിരിച്ചുവിടുന്നതിനു ഇടയായി. അന്നു പി. എസ്സ്. പി. ഒരു തിരഞ്ഞെടുപ്പിനുവേണ്ടി വാദിച്ചു. അതേ അവസരത്തിൽ ഐക്യമുന്നണി ഒരു ഗവണ്മെൻറു രൂപീകരിക്കുന്നതിനു സന്നദ്ധരാണെന്നു രാജപ്രമുഖനെ അറിയിച്ചു. ൫൭ അംഗങ്ങളുടെ

[ശ്രീ. ടി. കെ. ദിവാകരൻ]

പിൻബലം ഉണ്ടായിരുന്ന ഐക്യമുന്നണി നേതാവിനെ അന്നു ഗവൺമെൻറ് രൂപീകരിക്കുന്നതിനു രാജപ്രമുഖൻ ക്ഷണിച്ചില്ല. വീണ്ടും ഒരു തിരഞ്ഞെടുപ്പുണ്ടായ അവസരത്തിൽ ഇന്നു അധികാരത്തിൽ ഇരിക്കുന്ന പി. എസ്സ്. പി. യും അതുപോലെതന്നെ ഈ നിയമസഭയിലെ മറെറാരു കക്ഷിയായ ഇടതുപക്ഷമുന്നണിയും തമ്മിൽ തിരഞ്ഞെടുപ്പു കാര്യത്തിൽ ഒരു സഖ്യം ഉണ്ടായി. ഇന്നു അധികാരത്തിലിരിക്കുന്ന കക്ഷി 48 ആളുകളെ മാത്രമാണു് തിരഞ്ഞെടുപ്പിനു നിറുത്തി മത്സരിച്ചതു് എന്നുള്ളതും എല്ലാവർക്കും അറിയാവുന്നതാണു്. അവർ കോൺഗ്രസ്സുമായി യാതൊരു വിധത്തിലും സഹകരിച്ചു് ഒരു ഗവൺമെൻറ് രൂപീകരിക്കുകയില്ല എന്നു പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണു്. തീർച്ചയായും 48 അംഗങ്ങളെ മാത്രം തിരഞ്ഞെടുപ്പിനു നിറുത്തിയ ഒരു കക്ഷി മറെറാരു കക്ഷിയായ ഇടതുപക്ഷ ഐക്യമുന്നണിയുമായി സഹകരിച്ചു് ഒരു ഗവൺമെൻറ് രൂപീകരിക്കുമെന്നാണു് ഈ നാട്ടിലെ എല്ലാ ജനങ്ങളും വിശ്വസിച്ചിരുന്നതു്. ജനങ്ങൾക്കു് അവർ നൽകിയിരുന്ന വാഗ്ദാനങ്ങളും അതുതന്നെയായിരുന്നു. ഈ സഭയുടെ നേതാവായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള അവർകൾതന്നെ പല യോഗങ്ങളിൽവച്ചും ഈ വാഗ്ദാനം ജനങ്ങൾക്കു നൽകിയിട്ടുള്ളതും ആണു്. തിരഞ്ഞെടുപ്പിനുശേഷം ഒരു ഗവൺമെൻറു രൂപീകരിക്കുന്നതിനു അദ്ദേഹവും ഐക്യമുന്നണിയിലെ നേതാക്കളുമായി നടന്നിട്ടുള്ള ആലോചനകളിൽനിന്നും തിരഞ്ഞെടുപ്പിനു മുമ്പു് ആ വാഗ്ദാനങ്ങൾ നൽകിയിരുന്നു എന്നുള്ളതു വ്യക്തമാണു്. എന്നാൽ പിന്നീടുണ്ടായ സംഭവഗതികൾ അദ്ദേഹത്തെ ആ തീരുമാനത്തിൽനിന്നും മാററുകയാണുണ്ടായതു്. അദ്ദേഹത്തിൻെറയും, പി. എസ്സ്. പി. സ്റേറററു എക്സിക്യൂട്ടീവിൻെറയും തീരുമാനത്തിനു് വിപരീതമായി പി. എസ്സ്. പി. നാഷണൽ എക്സിക്യൂട്ടീവിൻെറ തീരുമാനം വന്നതോടുകൂടി അദ്ദേഹം രാഷ്ട്രീയമായ സത്യസന്ധത പാലിക്കാതെ ഈ സത്യത്തെ സൌകര്യംപോലെ മറച്ചുവയ്ക്കുകയാണുണ്ടായിട്ടുള്ളതു്. സർ, ഇവിടെ ഒരു ഭൂരിപക്ഷ കക്ഷിയായിരുന്ന ഒരു കക്ഷി അവർ ബഹുജനങ്ങളെ സമീപിച്ചപ്പോൾ അവരെ ബഹുജനങ്ങൾ ഒരു ന്യൂനപക്ഷകക്ഷിയാക്കി മാററി. അവർ അധികാരം ഏറെറടുക്കുന്നില്ലെന്നു രാജപ്രമുഖനെ അറിയിച്ചു. അതേ അവസരത്തിൽ പി. എസ്സ്. പി. യുടെ സഹകരണത്തോടുകൂടി ഇവിടത്തെ ഐക്യമുന്നണികക്ഷി ഭരണഭാരം ഏറെറടുക്കാൻ തയ്യാറാണെന്നു അതിൻെറ നേതാവു് രാജപ്രമുഖനെ അറിയിച്ചു. ഒരു ഗവൺമെൻറു രൂപീകരിക്കുന്നതിൽ ഐക്യമുന്നണിയോടു സഹകരിച്ചുകൊള്ളാമെന്നു പി. എസ്സ്. പി. യിൽനിന്നു ഐക്യമുന്നണി നേതാവിനെ അറിയിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണു് 16 പേർ മാത്രമുള്ള ഒരു കക്ഷിയുടെ നേതാവിനെ ഗവൺമെൻറു രൂപീകരിക്കുവാൻ രാജപ്രമുഖൻ ക്ഷണിച്ചതു്. ഏതു രാഷ്ട്രീയസ്ഥിതിഗതികളിലാണു് 16 അംഗങ്ങൾ മാത്രമുള്ള ഒരു കക്ഷിയുടെ നേതാവിനെ ഗവൺമെൻറു രൂപീകരിക്കുന്നതിനു ക്ഷണിച്ചതു് എന്നുള്ളതു് ജനപ്രതിനിധികളെ രാജപ്രമുഖൻ യഥാർത്ഥത്തിൽ അറിയിക്കേണ്ടതുണ്ടു്. ആ പ്രത്യേക രാഷ്ട്രീയ സ്ഥിതിഗതികളെപ്പററി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഒന്നും ഉണ്ടായില്ല എന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നതു്. സർ, ഈ മന്ത്രിസഭാ രൂപീകരണം ചരിത്രം സൃഷ്ടിക്കുന്ന ഒരു സംഭവമായിട്ടാണു് പലരും പറയുന്നതു്. ചരിത്രത്തിൻെറ പഴയ ഏടുകളിലേയ്ക്കു കണ്ണോടിക്കുവാ

നാണു ഈ ചരിത്രം സൃഷ്ടിച്ച മന്ത്രിസഭയുടെ നേതാവായ ശ്രീ. പട്ടം താണുപിള്ളയോടു എനിക്ക് വിനയപുരസ്സരം പ്രസ്താവിക്കാനുള്ളത്. അദ്ദേഹം ഈ രാജ്യത്ത് സ്വാതന്ത്ര്യസമരത്തെ നയിച്ച സംഘടനയുടെ ആദ്യത്തെ നേതാവായിരുന്നു. അദ്ദേഹം ആദ്യം അധികാരത്തിൽ വന്നപ്പോൾ സോഷ്യലിസം ഈ മണ്ണിൽ വളരുകയില്ല എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. അദ്ദേഹത്തെ അന്നു താങ്ങിയിരുന്ന ആളുകൾ ഒരുദിവസം അദ്ദേഹത്തെ അധികാരസ്ഥാനത്തുനിന്നും കഴിതോണ്ടി താഴെയിട്ടു. അതിന്റെശേഷം അദ്ദേഹം ഒരു സോഷ്യലിസ്റ്റ്കക്ഷി രൂപീകരിച്ച് ആ കക്ഷിയുടെ നേതാവായിത്തീർന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ കക്ഷിയിൽനിന്ന് ൨൦ അംഗങ്ങൾ ഈ നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പിൽ ആ കക്ഷിയിൽനിന്നു ൯ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു ഇന്ന് ജനറൽ ആൻഡ് റസ്സ്പോൺസീവ് കോവാപ്പറേഷൻ വാഗ്ദാനം ചെയ്തിരിക്കുന്ന കാൺഗ്രസ്സ് പാർട്ടിയുടെ നേതാവായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻതന്നെ ശ്രീ. പട്ടം ഈ രാജ്യത്തു പ്രധാനമന്ത്രി ആകുവാൻവേണ്ടി മാത്രം ഒരു പാർട്ടിയായിട്ടു നടക്കുന്ന ആളാണെന്നും അദ്ദേഹത്തിന്റെ ശ്രമം ഒരു തെരുവുതെണ്ടി, രാജകുമാരിയെ വിവാഹം ചെയ്യുവാൻ നടക്കുന്നതുപോലെയാണെന്നും ആക്ഷേപിക്കുകയുണ്ടായിട്ടുണ്ട്. അങ്ങനെ അദ്ദേഹത്തെ ആക്ഷേപിച്ച പാർട്ടി ഇന്നു അദ്ദേഹത്തിനു താങ്ങും തണലുമായിരിക്കുകയാണ്. പി. എസ്സ്. പി. ഗവണ്മെന്റു രൂപീകരിക്കുന്നതിനുവേണ്ടി ഏതു രംഗത്തുനിന്നും ബ്രാഹ്മണൻ ചണ്ഡാലനിൽനിന്നു നാണയം സ്വീകരിക്കുന്നതുപോലെ സഹായം അർത്ഥിക്കുന്നതാണെന്നു ആചാര്യ കൃപലാനി പറയുകയുണ്ടായി. അങ്ങനെ മഹാബ്രാഹ്മണനായ പി. എസ്സ്. പി. ചണ്ഡാലനായ കാൺഗ്രസ്സിന്റെ സഹായം വാങ്ങിയിരിക്കുകയാണ്. ഈ സഹായം സ്വീകരിച്ചതിൽനിന്നു അദ്ദേഹം വീണ്ടും പഴയ ചരിത്രത്തിലേയ്ക്കു പോകേണ്ടതായിട്ടുവരുമെന്നു ഞാൻ വിനയപുരസ്സരം അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ പാർട്ടിയെ ഇന്നു താങ്ങും തണലും നൽകി അധികാരത്തിൽ നിറുത്തിയിരിക്കുന്ന കാൺഗ്രസ്സ്കക്ഷി ഒരുകാലത്ത് അദ്ദേഹത്തെ ആ കക്ഷിയിൽനിന്നു പുറംതള്ളപ്പെട്ടതാണെന്നുള്ള വസ്തുത അദ്ദേഹം ഒരുകാലത്തും വിസ്മരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. ശ്രീ. പട്ടം താണുപിള്ളയുടെ ഭരണത്തോട് അമർഷംതിങ്ങുന്ന ഹൃദയങ്ങളുമായി പലരും ഇന്നും ആ ബെഞ്ചുകളിലിരിപ്പുണ്ട്. ഏതു നിമിഷത്തിലായിരുന്നാലും തങ്ങളുടെ കാര്യം സാധിക്കുവാൻ നിവൃത്തിയില്ലെന്ന ഘട്ടം വരുമ്പോൾ അദ്ദേഹത്തെ പുറംതള്ളി അവർ അധികാരത്തിൽ കയറുമെന്നുള്ളതു തീർച്ചയാണ്. ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നപോലെ നിവൃത്തിയില്ലായ്മയിൽനിന്നാണ് ഈ സഹകരണവാഗ്ദാനം. കാൺഗ്രസ്സിന്റെ ശോഷിച്ച അവസ്ഥയ്ക്കു, കയ്പേറിയ ഈ കഷായം കുടിക്കുന്നതിനു കാൺഗ്രസ്സിന്റെ വൈദ്യനായ ജവഹർലാൽനെഹ്റുവിൽനിന്നു കിട്ടിയിരിക്കുന്ന നിർദ്ദേശമില്ലായിരുന്നുവെങ്കിൽ തീർച്ചയായും ഏതവസരം വിനിയോഗിച്ചുകൊണ്ടും അധികാരം ഏറ്റെടുക്കുവാൻതന്നെ കാൺഗ്രസ്സ് സന്നദ്ധമാകുമായിരുന്നു. തീർച്ചയായും ഈ കയ്പേറിയ കഷായം നിശ്ചയിച്ച വൈദ്യൻതന്നെ, സ്വന്തം അണികളിൽനിന്നു പ്രതിഷേധശബ്ദം ഉയരുമ്പോൾ—അവരുടെ കാര്യം സാധിക്കുകയില്ലെന്നുവരുന്ന അവസരത്തിൽ—ചികിത്സ മാററി നിശ്ചയിക്കുമെന്നുള്ളത് ശ്രീ. പട്ടം താണുപിള്ള ഓർത്തിരിക്കേണ്ടതാണ്.

[ശ്രീ. ടി. കെ. ദിവാകരൻ]

രാജപ്രമുഖന്റെ പ്രസംഗത്തിൽ പല കാര്യങ്ങളെപ്പററിയും പറഞ്ഞിട്ടുണ്ടു്. ഈ നാട്ടിലെ ജനങ്ങളെ സാരമായി സ്പർശിക്കുന്ന പല കാര്യങ്ങളെയും പരാമർശിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം മുന്നോട്ടു പോയിരിക്കുന്നതു്. ഏതു ഗവണ്മെന്റിനേയും നാം വീക്ഷിക്കുന്നതു് ആ ഗവണ്മെന്റ് തങ്ങളുടെ നിലനില്പിനധിഷ്ഠിതമായി സ്വീകരിക്കുന്ന സാമൂഹ്യശക്തി ഏതാണെന്നതിനെ ആശ്രയിച്ചാണ്.

ഏതൊരു ജനാധിപത്യ ഗവണ്മെന്റും ജനഹിതത്തെ മാനിക്കുന്നതിലാണ് അതിന്റെ വിജയം സ്ഥിതി ചെയ്യുന്നതു്. ഇന്നാട്ടിലെ സ്ഥാപിതതാല്പര്യക്കാരുടെ സംഘടനയായ കാൺഗ്രസ്സിൽ നിന്നും ശക്തിസംഭരിച്ചിരിക്കുന്ന ഒരു ഗവണ്മെന്റെന്ന നിലയിലാണ് ഞാൻ ഈ ഗവണ്മെന്റിനെ കാണുന്നതു്. ആ നിലയിൽ പി. എസ്സ്. പി-യുടെ പരിപാടികൾ മുന്നോട്ടു കൊണ്ടുപോകുവാൻ കാൺഗ്രസ്സ് കക്ഷിയുടെ സഹായം ഒരു കാലത്തും പൂർണ്ണമായി ഉണ്ടാകുമെന്ന് നമുക്ക് വിശ്വസിക്കാവുന്നതല്ല. ജനങ്ങളുടെ ഹിതമനുസരിച്ച് ശരിയായ ഒരു പരിപാടിയോടുകൂടി മുന്നോട്ടു പോകുകയും, അവരുടെ ആഗ്രഹങ്ങൾക്ക് ഇളക്കം തട്ടാത്ത നിലയിൽ പ്രവർത്തനങ്ങൾ നയിച്ചുകൊണ്ടുപോകുകയും ചെയ്യില്ലെങ്കിൽ ജനങ്ങളുടെ പ്രതിഷേധശബ്ദമുയർന്ന് പി. എസ്സ്. പി.ക്ക് ലഭിച്ചിട്ടുള്ള ഈ അധികാരത്തിൽ നിന്ന് അവർ കീഴ്പ്പോട്ടു് ഇറങ്ങേണ്ടതായി വരും. ജനഹൃദയങ്ങളിൽ മങ്ങിക്കിടന്ന അഭിലാഷങ്ങൾ ഉദ്ദീപിപ്പിച്ചശേഷം അതിനൊരു പരിഹാരം കാണുവാനുള്ള കഴിവ് അവർക്കില്ലെങ്കിൽ ജനങ്ങളോടുള്ള വാഗ്ദാനം നിറവേററിയില്ലെങ്കിൽ നിശ്ചയമായും "കൊമ്പൻപോയ വഴിയെ മോഴയും പോകും" എന്നുള്ളതിന് സംശയമില്ല. ജനങ്ങളോടു് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നിറവേററുവാൻ പര്യാപ്തമായ ഒരു ശക്തിയിലല്ല അവർ അധിഷ്ഠിതമായിരിക്കുന്നതെന്ന് എനിക്കുള്ള ഉറപ്പായ അഭിപ്രായത്തെ ഇവിടെ പ്രകടിപ്പിക്കുവാൻകൂടി ഞാൻ ഈ സമയം ഉപയോഗിക്കുന്നു. കഴിഞ്ഞ ആറേഴു കൊല്ലമായി അധികാരത്തിലിരുന്ന് ജനങ്ങൾക്കെതിരായ എല്ലാ പ്രവർത്തനങ്ങളും നടത്തി, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പരാജിതരായി പത്തി താഴ്ത്തി പതിയിട്ടു പതുങ്ങിയിരിക്കുന്ന കാൺഗ്രസ്സ് ഏതവസരത്തിലും ഉഗ്രമായ രോഷത്തോടെ വീണ്ടും അധികാരത്തിലേയ്ക്കു് കയറുന്നതിന് ശക്തിസംഭരിക്കുകയാണെന്ന സത്യം തുറന്നു പറയുവാൻ മടിക്കുന്നില്ല. കാൺഗ്രസ്സുകാർ ഇപ്പോൾ പശ്ചാത്തലത്തിലേയ്ക്കു പിൻമാറിയിരിക്കയാണെങ്കിൽ തന്നെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ കാൺഗ്രസ്സിന്റെ നയം തന്നെ ഈ ഗവണ്മെന്റും തുടരുന്നതിന് അവർ എല്ലാ വഴിയിലും ശ്രമിക്കുമെന്നുള്ളതും നമുക്ക് വിസ്മരിക്കാവുന്നതല്ല. ഈ പി. എസ്സ്. പി. ഗവണ്മെന്റ് ഒരു ദിവസം പ്രഭാതത്തിൽ ആകാശത്തുനിന്നും അടർന്നു വീണതല്ല. ആരെന്തൊക്കെ പറഞ്ഞാലും ചില നേതാക്കന്മാരുടെ രാഷ്ട്രീയമായ അവിശുദ്ധമായ കൂട്ടുകെട്ടിന്റെ ഫലമായി ഉണ്ടായ ഒന്നായിട്ടാണ് ഈ ഗവണ്മെന്റിനെ ഞങ്ങൾ കണക്കാക്കുന്നതു്. ആ നിലയിൽ നിന്നുകൊണ്ടു് ഈ ഗവണ്മെന്റിനെ ഞങ്ങൾ വീക്ഷിക്കുകയും ചെയ്യും. ഈ രാഷ്ട്രീയസ്ഥിതികളെപ്പററി സത്യസന്ധമായ ഒരു വിശകലനമാണ് രാജപ്രമുഖന്റെ പ്രസംഗത്തിൽ നിന്നും ഞങ്ങൾ പ്രതീക്ഷിച്ചതു്.

മറെറാരു പ്രധാനകാര്യമാണ് ഈ സഭയിൽ ഒരു മെംബറെ നാമിനേററുചെയ്തിട്ടുള്ളതു്. പി. എസ്സ്. പി. നേതാവിന്റേയും ഐക്യമുന്നണി

നേതാവിന്റേയും പ്രതിഷേധപ്രസ്താവനകൾക്കുംകൂടി വിധേയമായ ഇത്തരം കാര്യങ്ങളെ ന്യായീകരിക്കുവാനുള്ള സന്നദ്ധത ജനാധിപത്യത്തിന്റെ പേരിൽ ഈ ഗവണ്മെന്റ് കാണിക്കേണ്ടതാണ്. ശ്രീ. ലൂയിസിന്റെ നാമിനേഷനെ സംബന്ധിച്ച് സംഗതികൾ വ്യക്തമാക്കുവാൻ രാജപ്രമുഖൻ ഒരുങ്ങിയിട്ടില്ല. ജനാധിപത്യമര്യാദകളോട് ഇന്നത്തെ ഗവണ്മെന്റിന്റെ വീക്ഷണഗതി എന്താണെന്നുള്ളതിനെപ്പറ്റി ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം.

ഇനി അടിയന്തിരമായ ചില കാര്യങ്ങൾകൂടി പരാമർശിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളാം. മിനിമംവേജസ് ആക്ടിന്റെ നടപടികളെപ്പറ്റി രാജപ്രമുഖന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ആ ആക്ടിന്റെ പ്രവർത്തനം ആശാവഹമായിട്ടുള്ളതല്ലെന്നാണ് എന്റെ അഭിപ്രായം. പത്തിൽപരം വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും കുറഞ്ഞ കൂലി നിശ്ചയിക്കണമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഒന്നുരണ്ട് വ്യവസായങ്ങളിൽ മാത്രമാണ് ഏറ്റവും കുറഞ്ഞ കൂലി നിശ്ചയിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. തോട്ടികളുടേയും തൂപ്പുകാരുടേയും കുറഞ്ഞ കൂലിക്കാര്യത്തെ സംബന്ധിച്ചുള്ള മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ തീരുമാനങ്ങൾ സെക്രട്ടറിയേറ്റിനുള്ളിൽ സ്ഥാനം പിടിച്ചിട്ട് ഇപ്പോൾ ഏതാണ്ട് ഒന്നു രണ്ടു കൊല്ലം കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ കയർതൊഴിലാളികളുടേയും പഞ്ചായത്തുകളുടേയും മോട്ടോർജോലിക്കാരുടെയും മിനിമംവേജസ് സംബന്ധിച്ചുള്ള കമ്മിറ്റിറിപ്പോർട്ടുകൾ വരുത്തിയിട്ടുണ്ടെങ്കിലും അവ നടപ്പിലാക്കുന്നതിന് കാര്യമായി യാതൊന്നും ഇതുവരെ ചെയ്തിട്ടില്ല. ഏതായാലും കാലതാമസം കൂടാതെ ഈ മിനിമംവേജസ് ആക്ട് ഊർജ്ജിതമായി നടപ്പിൽ വരുത്തുവാൻ വേണ്ടത് ഗവണ്മെന്റ് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. രാജ്യത്തെ വ്യവസായീകരിക്കുന്നതിനുള്ള വ്യക്തമായ യാതൊരു പരിപാടികളും നിർദ്ദേശങ്ങളും രാജപ്രമുഖന്റെ പ്രസംഗത്തിലില്ല. ഈ രാജ്യത്തെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുവാൻ വ്യവസായീകരണം കൊണ്ടുമാത്രമെ സാദ്ധ്യമാകയുള്ളു. കർഷകതൊഴിലാളികളും ഇന്ന് കൂടുതൽകൂടുതലായി തൊഴിലില്ലായ്മയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. കാർഷികരംഗത്തെ യാന്ത്രീകരണം മൂലം കുട്ടനാട്ടിലെ ൫൦൦൦ൽ പരം ഉഴവുതൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുന്നു. വ്യാവസായികരംഗത്തും കാർഷികരംഗത്തും ഉള്ള തൊഴിലാളികളുടെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ പരിപാടികൾ ആസൂത്രീകരിക്കണമെന്നും സജീവമായ നടപടികളെടുക്കണമെന്നും ഞാൻ ഈ ഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നു. ഏതായാലും ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റ് ഒരു കാലത്ത് ഈ മണ്ണിൽ സോഷ്യലിസം വളരുകയില്ലെന്നു പറഞ്ഞ നേതാവിന്റെ നേതൃത്വത്തിലുടലെടുത്തിട്ടുള്ളതാണെങ്കിലും ഇപ്പോൾ കാൺഗ്രസ്സിന്റെ മണ്ണിൽ സോഷ്യലിസം വളർത്തുവാൻ അവർ ചെയ്യുന്ന ശ്രമത്തെ നോക്കിയിരിക്കുവാൻ എനിക്കു കൗതുകമുണ്ട്. അതു് ഈ രാജ്യത്തു വളരുവാനുള്ള സാഹചര്യങ്ങളുണ്ടോയെന്നുള്ളതും ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമസഭയ്ക്കകത്തും പുറത്തും ഞങ്ങൾ അനുസ്യൂതമായി പ്രവർത്തിച്ചുമുന്നോട്ടുപോകും.

Shri A. A. D. Luiz : Sir, the pleasure is indeed mine to convey to His Highness the Rajpramukh and to the Government of His Highness the sincere gratitude of the Anglo-Indian Community of the Travancore-Cochin State for the representation granted to the Anglo-Indian Community in the Legislative Assembly of this State. It is my duty to read out to you and the honourable members of this House the resolution that was unanimously passed at the Governing Committee meeting of the Union of Anglo-Indian Associations, Travancore-Cochin State held on Saturday the 10th March 1954 :—

> "Resolved to thank His Highness the Rajpramukh for nominating Mr. A. A. D. Luiz to the Legislative Assembly of the Travancore-Cochin State; to convey our gratitude for choosing one from among the names submitted by this Association and to assure His Highness that Mr. A. A. D. Luiz is a *persona grata* of the Community and he is one who has rendered great service for the uplift of the Anglo-Indian Community in the State."

May I bring to the notice of this House that as early as the 27th December 1953 a panel of names was prepared at the Annual General Body meeting and submitted to His Highness and to His Highness' Government a few days after that. It has also to be noted that on the 27th February 1954 the Community was kind enough to pass a unanimous vote of confidence in me. Now, to those who felt uneasy and unhappy over my nomination may I convey the news that it is the established custom in all the other States and with the Central Government to accept the recommendations of the Anglo-Indian Association.

I have been directed to convey to His Highness and His Highness' Government the positive assurance of continued loyalty of the AngloIndian Community in this State.

Proudly and boldly I proclaim that loyalty has been the badge of our race and it shall be so till the end of time. Be sure that but for the limitations directly caused by the backwardness, unemployment and devastating poverty we are actively participating in the battle of the Nation against ignorance, poverty and the spread of atheism.

Unemployment is the national "Cancer" of today of which we have the lion's share. Well, that is frustrating our spirits and presenting a very realistic hell on earth. Let the resources of the State be directed to create employment; let the brains in the Government work at creating harmony between capital and labour and let there be legislation to check malicious retrenchment and growing unemployment. If you can tackle unemployment, the undeniable forerunner of poverty you can give happiness to the Nation.

Sir, may I have a few minutes more.

Mr. Speaker : No, I am sorry.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, ഇന്നു് ശ്രീ. സി. കെ. രാമചന്ദ്രൻ നായർ അവതരിപ്പിച്ചിട്ടുള്ള കൃതജ്ഞതാപ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ചില കാര്യങ്ങൾ കൂടി സംസാരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. മിനിഞ്ഞാന്നു നടന്ന നിയമസഭാസമ്മേളനത്തിൽ രാജപ്രമുഖൻ തിരുമേനി ഈ സഭയെ അഭിസംബോധന ചെയ്തുകൊണ്ടു് നടത്തിയ പ്രസംഗത്തിൽ ഈ രാജ്യത്തെ സ്ഥിതിഗതികളേയും ഇന്നു് ഈ രാജ്യത്തുണ്ടായിട്ടുള്ള മന്ത്രിസഭ കൊണ്ടുവരാൻ പോകുന്ന നയപരിപാടികളെയും പററിയാണു് പ്രതിപാദിച്ചിട്ടുള്ളതു്. ആ പ്രസംഗത്തിൽ ഈ രാജ്യവാസികൾക്കാകമാനം ആശ്വാസകരവും, അഭിലഷണീയവുമായ അനേകം കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ടു് എന്നുള്ളതു തികച്ചും സന്തോഷകരമാണു്. എന്നാൽ ആ പ്രസംഗത്തെ സംബന്ധിച്ചു് അസംഖ്യം ഭേദഗതികൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. മിക്കഭേദഗതികളും ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള നയപരിപാടികളിൽ ഉൾക്കൊള്ളാത്ത ചില വിശദാംശങ്ങളെ സംബന്ധിച്ചാണു്. പക്ഷെ ഒരു ഭരണകൂടത്തിന്റെ നയപ്രഖ്യാപനപ്രശ്നങ്ങളെ സംബന്ധിച്ചു് സൂക്ഷ്മമായ വിവരങ്ങൾ പ്രഖ്യാപിക്കുന്നതിനുള്ള അവസരം ലഭിക്കാത്തതുകൊണ്ടു് ഇപ്രകാരം ഭേദഗതികൾ അവതരിപ്പിക്കുന്നതിനിടയായിട്ടുള്ളതാണു്, ചില പ്രത്യേക പരിതഃസ്ഥിതികളേയും പ്രാദേശികാവശ്യങ്ങളേയും സംബന്ധിച്ചുള്ള കാര്യങ്ങൾ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല എന്നുള്ള പരാതി മിക്കവാറും ഭേദഗതികളിലെല്ലാംതന്നെ കാണാൻ കഴിയും. കുറച്ചുകൂടി അവധാനപൂർവ്വം ചിന്തിച്ചിരുന്നുവെങ്കിൽ ഇത്രയും ഭേദഗതികൾ ഉണ്ടാകുമായിരുന്നില്ല എന്നാണെനിക്കു തോന്നുന്നതു്. അതോടൊപ്പംതന്നെ ഭരണമാരംഭിക്കുന്നതിനു മുമ്പു് ഇന്നധികാരത്തിലിരിക്കുന്നവരെ വിമർശിച്ചുകൊണ്ടു് സംസാരിക്കുന്നതും അൽപ്പം ഖേദകരമായിപ്പോയി. ഇന്നധികാരത്തിലിരിക്കുന്ന കക്ഷിയായ പ്രജാസോഷ്യലിസ്ററുപാർട്ടിയിൽപ്പെട്ട ഒരു അംഗമെന്ന നിലയ്ക്കു് ഒന്നുരണ്ടുവാക്കുകൾ ഇവിടെ പറയേണ്ടതാവശ്യമായിത്തീർന്നിരിക്കുന്നു. ഈ രാജ്യത്തു കഴിഞ്ഞ തിരഞ്ഞെടുപ്പോടുകൂടി ഒരു സ്തംഭനാവസ്ഥ ഉണ്ടാകുകയും തൻമൂലം ഈ ഭാരിച്ച ചുമതല—അധികാരം ഏറെറടുക്കൽ—രാജ്യരക്ഷയെ മുൻനിറുത്തി പ്രജാസോഷ്യലിസ്ററുപാർട്ടി നിർവ്വഹിക്കുകയും ചെയ്തു. വ്യക്തമായ ഭൂരിപക്ഷമില്ലാത്ത വിവിധ പ്രതിപക്ഷകക്ഷികളുള്ള ഒരു അസംബ്ലിയാണിപ്പോൾ കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ ഫലമായി ഇവിടെയുണ്ടായിരിക്കുന്നതു്. അധികാരത്തിലിരുന്ന കാൺഗ്രസ്സാകട്ടെ അധികാരത്തിനു ദാഹിച്ചുകൊണ്ടിരുന്ന ഐക്യമുന്നണിയാകട്ടെ ചുമതലയേറിയ ഭരണഭാരം ഏറെറടുക്കുന്നതിനു തയ്യാറായില്ല. എന്നാൽ ആദ്യമേതന്നെ പ്രജാസോഷ്യലിസ്ററുപാർട്ടി അവരുടെ നയപരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ ഒരു ന്യൂനപക്ഷം മാത്രമാണെന്നും മററു കക്ഷികളുടെ ധാർമ്മികമായ പിൻതുണയുണ്ടെങ്കിൽ ഞങ്ങൾ വ്യക്തവും പ്രഖ്യാപിതവുമായ നയപരിപാടികളിൽ ഉറച്ചുനിന്നുകൊണ്ടു് ഈ രാജ്യത്തു് അധികാരം ഏറെറടുക്കുവാൻ തയ്യാറാണു് എന്നും നേരത്തെ പറഞ്ഞിട്ടുള്ളതാണു്. ഞങ്ങൾ ആരുടേയും കൂട്ടുപിടിക്കാൻ പോയിട്ടില്ല. എന്നാൽ ഞങ്ങൾക്കു മററു കക്ഷികളുടെ ധാർമ്മികമായ പിൻതുണ ലഭിക്കുമെന്നുള്ള ഉറപ്പിന്റെ പേരിൽമാത്രം അധികാരം ഏറെറടുക്കുവാൻ തയ്യാറായതാണു്. അല്ലാതെ എനിക്കു

[ശ്രീ. കെ. കൃഷ്ണപിള്ള]

മുമ്പേ സംസാരിച്ച സ്നേഹിതൻ രാമായണത്തിലെ ഏതാനും വരികൾ ഉദ്ധരിച്ചുകൊണ്ടു് പറഞ്ഞതുപോലെ പ്രജാസോഷ്യലിസ്റ്റുപാർട്ടി ആരുടെയും സഹായമഭ്യർത്ഥിച്ചു് അധികാരമോഹംകൊണ്ടു് അധികാരമേറെറടുത്തിട്ടുള്ളതല്ല. പ്രജാസോഷ്യലിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം മററിടതുപക്ഷകക്ഷികളുമായി തിരഞ്ഞെടുപ്പിനു് ആൾ നിറുത്തുന്ന കാര്യത്തിൽ മാത്രം ഒരു ഐക്യത്തിൽ, അതായതു് ഒരു പരസ്പരധാരണയിൽ, എത്തിയിട്ടുണ്ടെന്നല്ലാതെ ഐക്യമുന്നണിയുമായി യാതൊരു കരാറും ചെയ്തിട്ടില്ല. മന്ത്രിസഭാരൂപീകരണം സംബന്ധിച്ചും ഞങ്ങൾ ആരുടെയും സഹകരണം അഭ്യർത്ഥിക്കയുണ്ടായില്ല. എന്നാൽ ഐക്യമുന്നണി സ്വീകരിച്ച നിലപാടുകൊണ്ടു് അവരോടു സഹകരിച്ചു പ്രവർത്തിക്കുന്നതിനു സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണു് വന്നുകൂടിയതു്. അക്കാര്യങ്ങളെല്ലാം ഇവിടെ സന്നിഹിതരായിട്ടുള്ള ഐക്യമുന്നണിസഖാക്കൾക്കും അറിവുള്ളവയാണു്. ഈ പരിതഃസ്ഥിതിയിലാണു് കാൺഗ്രസ്സു് പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു ധാർമ്മികമായ പിൻതുണ നൽകാമെന്നും എന്നാൽ അവർ ഭരണഭാരം ഏറെറടുക്കാൻ തയ്യാറില്ലെന്നും അറിയിച്ചതു്. ഇങ്ങനെ കാൺഗ്രസ്സും ഐക്യമുന്നണിയും കഴിഞ്ഞാൽ അടുത്തതായി വരുന്നതു് ന്യൂനപക്ഷമായ പ്രജാസോഷ്യലിസ്റ്റുപാർട്ടിയാണു്. അവർക്കു നാട്ടിൽ നല്ലകാര്യങ്ങൾ ചെയ്യണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടും രാജ്യതാൽപ്പര്യം സ്വന്തം കക്ഷിതാൽപ്പര്യത്തേക്കാൾ സുപ്രധാനമാണെന്നു കരുതുന്നതുകൊണ്ടും അവർ ഭരണഭാരം ഏറെറടുക്കുകയുണ്ടായി. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ തീർച്ചയായും പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് ധാർമ്മികമായ പിൻതുണ നൽകാൻ എല്ലാ പാർട്ടികളും ബാദ്ധ്യസ്ഥരാണു് എന്നുള്ളതാണു് എനിക്കിവിടെ പ്രഖ്യാപിക്കാനുള്ളതു്. അതു മാത്രവുമല്ല ഭരണമാരംഭിക്കുന്നതിനു മുമ്പുതന്നെ ഒരു മുൻവിധിയുമായി ഭരണകക്ഷിയെ വിമർശിക്കുന്നതും എന്തിന്റെ പേരിലായാലും നന്നായിരിക്കയില്ല. ഇപ്പോൾ പ്രജാസോഷ്യലിസ്റ്റുപാർട്ടി ഭരണം ഏറെറടുത്തിട്ടു ഒരാഴ്ച മാത്രമേ ആയിട്ടുള്ളു. ഇന്നു് നിലവിലുള്ള ഭരണഘടനയ്ക്കകത്തു നിന്നുകൊണ്ടുതന്നെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കു് അടിയന്തിരമായ ആശ്വാസമരുളുവാനുതകുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണു് ഞങ്ങളുടെ വിശ്വാസം. ഇന്നു് എല്ലാ കക്ഷികളും പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു് ആവശ്യമായ പിൻതുണ നൽകുന്നപക്ഷം ജനങ്ങൾക്കു് ഏററവും ആവശ്യമായ പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും പല ആവശ്യങ്ങളും അവശതകളും അടിയന്തിരമായി പരിഹരിക്കുന്നതിനും കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ചെയ്യാമെന്നേൽക്കുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ചെയ്യാതിരുന്നാൽ സൃഷ്ടിപരമായി വിമർശിക്കുവാൻ ഞാനും ഒരുക്കമാണു്.

പി. എസ്സ്. പി. യുടെ നയപരിപാടികളെ സംബന്ധിച്ചു് രാജപ്രമുഖൻ തിരുമേനി ചെയ്ത നയപ്രഖ്യാപനപ്രസംഗത്തിനു് അദ്ദേഹത്തിനു് കൃതജ്ഞത രേഖപ്പെടുത്തുന്ന പ്രമേയം എല്ലാവരും അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. സുകുമാരൻ: സർ, ഒരു കാര്യം ഞാൻ ഈ സദസ്സിനെ അറിയിക്കുകയാണു്. തികച്ചും കക്ഷിപരമായ ചിന്തകൾക്കപ്പുറത്തുനിന്നുകൊണ്ടു് ഈ തരം പ്രശ്നങ്ങളെപ്പററി ഈ സഭ പരിചിന്തനം

ചെയ്യേണ്ടതാണ്. അതുകൊണ്ട് കക്ഷിരഹിതമായി ഈ രാജ്യത്തെ പരിതഃസ്ഥിതിയെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഭരണനയം രൂപീകരിക്കേണ്ട മന്ത്രിസഭയുടെ നയപരിപാടികളെക്കുറിച്ചുള്ള ഈ നയപ്രഖ്യാപനപ്രസംഗം ഈ നാട്ടിലെ ജനങ്ങളോട് ഉത്തരവാദപ്പെട്ട ഒരു കക്ഷിയുടെ പ്രവർത്തനത്തിന് സഹായകമാകുന്നതല്ല എന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. തികച്ചും അവ്യക്തമായ ഈ നയപ്രഖ്യാപനപ്രസംഗം ഈ നാട്ടിലെ ജനങ്ങൾ ഇന്നഭിമുഖീകരിക്കുന്ന പല പ്രധാന പ്രശ്നങ്ങൾക്കും കാര്യക്ഷമമായ പരിഹാരമുണ്ടാക്കുന്നതിന് സഹായകമാകുന്നതല്ല. ഈ നാട്ടിലെ ജനങ്ങളെ അഭിമുഖീകരിക്കുന്ന ഏററവും പ്രധാനമേറിയ പല പ്രശ്നങ്ങളും ഇന്നുണ്ട്. നാട്ടിൽ ഇന്ന് സർവ്വത്ര പട്ടിണിയും ദാരിദ്ര്യവുമാണ്. ഇതിനുള്ള പ്രധാനകാരണം കാർഷികാധഃപതനവും തൊഴിലില്ലായ്മയുമാണ്. ഇന്നുകാലത്തും അഞ്ചു കശുഅണ്ടിഫാക്ടറികൾ കൊല്ലത്ത് അടച്ചുപൂട്ടിയിരിക്കുന്നതായി അറിവുകിട്ടി. കൊല്ലത്തും പരിസരപ്രദേശങ്ങളിലുമായി ഇന്ന് നൂറോ നൂററിഇരുപതോ കശുഅണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയിരിക്കുന്നതുമൂലം ഏകദേശം അൻപതിനായിരം തൊഴിലാളികൾക്ക് ജോലിയില്ലാതായിത്തീർന്നിട്ടുണ്ട്. ഏതാണ്ട് അതുപോലെതന്നെയാണ് കൈത്തറിനെയ്ത്ത് വ്യവസായികളുടെ കാര്യവും. ഇന്ന് കാർഷികരംഗങ്ങളിലും വ്യാവസായികരംഗങ്ങളിലും തൊഴിലില്ലായ്മ നേരിട്ടതുമൂലം ജനങ്ങളുടെ ജീവിതനിലവാരങ്ങൾ വളരെ ഉലഞ്ഞുപോയിട്ടുണ്ട്. അവർക്ക് ഇന്ന് ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനുപോലുമുള്ള ക്രയശക്തി കുറഞ്ഞിരിക്കുന്നു. അവരുടെ ജീവിതക്ലേശങ്ങൾക്ക് ഒരു പരിഹാരം ക്രിയാത്മകമായും ആത്മാർത്ഥമായും ഉണ്ടാക്കുവാൻ ഈ സഭയ്ക്ക് കഴിയുന്നുണ്ടോ എന്നാലോചിക്കേണ്ടതാണ്. അതാണ് അധികാരത്തിലിരിക്കുന്ന ഒരു കക്ഷിയുടെ ജനക്ഷേമാകാംക്ഷയുടെ, ഒരു ഉരകല്ല്. ഇങ്ങനെ നോക്കുമ്പോൾ ഈ ഗവണ്മെന്റ് ഒരു ചരിത്രം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തുവാൻ പോകുന്നതെന്ന് അതിന്റെ നയപ്രഖ്യാപനത്തിൽനിന്നും ധരിക്കാൻ സാദ്ധ്യമല്ല. പുതിയൊരു ചരിത്രം ഇവർ സൃഷ്ടിച്ചു എന്നു പറയുന്നു. പക്ഷേ ഈ നാട്ടുകാരുടെ എല്ലാ പ്രശ്നങ്ങൾക്കും അടിയന്തിരമായി ഒരു പരിഹാരമുണ്ടാക്കുവാൻ കഴിയുമെങ്കിൽ അത്തരമൊരു ഗവണ്മെന്റിന് ചരിത്രം സൃഷ്ടിക്കുവാൻ തന്നെ കഴിയും. അങ്ങനെ അവർ വിചാരിക്കുന്നുണ്ടെങ്കിൽ ൨൪ മണിക്കൂറിനകം അവർക്ക് ഏതാനും ചില കാര്യങ്ങൾ എങ്കിലും ചെയ്തു തീർക്കുവാൻ കഴിയും. അതിലേയ്ക്ക് ഈ ഗവണ്മെന്റിന്റെയും ഈ സഭയുടെയും ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു. ആദ്യമായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത് ഈ നൂററിഇരുപതോളം കശുഅണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നപക്ഷം അവിടത്തെ തൊഴിലാളികളുടെ അവശതകൾക്ക് ഒരു പരിഹാരം ൨൪ മണിക്കൂറിനകം ഉണ്ടാക്കുവാൻ കഴിയും. അതിലേക്ക് ഈ ഫാക്ടറികൾ ൨൪ മണിക്കൂറിനകം തുറന്ന് പ്രവർത്തനമാരംഭിക്കണമെന്ന് ഈ വ്യവസായശാലാ ഉടമസ്ഥന്മാരോടാവശ്യപ്പെടണം.

മറെറാന്ന് മൗലികമായ ഭൂഉടമ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കാൻ ഈ ഗവണ്മെന്റിന് സാദ്ധ്യമല്ലെങ്കിൽതന്നെയും കർഷകന് അടിയന്തിരമായ കുറെ ആശ്വാസങ്ങളെങ്കിലും നൽകാൻ ഇന്നത്തെ ഭരണകക്ഷിക്ക് ഭരണഘടനക്കകത്തുനിന്നു കൊണ്ടുതന്നെ പ്രവർത്തിക്കാവുന്നതാണ്. അതിനുള്ള അധികാരം ഇന്നത്തെ

[ശ്രീ. പി. കെ. സുകുമാരൻ.]

ഗവണ്മെന്റിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കുടിയൊഴിപ്പിക്കൽ വസ്തു ഒഴിപ്പിക്കൽ ഇവ തല്ക്കാലത്തേയ്ക്കു് നിറുത്തിവയ്ക്കുക, കാർഷിക കടത്തിന്മേലുള്ള വിധിനടത്തുകൾ നിറുത്തിവയ്ക്കുക തുടങ്ങിയ കാര്യങ്ങൾ പ്രവർത്തിക്കുന്നപക്ഷം ഇന്നധികാരത്തിലിരിക്കുന്ന കക്ഷിക്കു് ഈ രാജ്യത്തു് ചരിത്രം സൃഷ്ടിക്കുവാൻ കഴിയുന്നതാണു്.

അതുപോലെതന്നെ നമ്മുടെ സഹോദരന്മാരും ധീരദേശാഭിമാനികളുമായ വയലാർ പുന്നപ്ര കേസിലെയും മറ്റും പ്രതികളെയും മറ്റു രാഷ്ട്രീയ പ്രവർത്തകന്മാരെയും മോചിപ്പിക്കുവാനും ആവശ്യമായ നടപടികൾ ഈ ഗവണ്മെന്റു് എടുത്തിരുന്നെങ്കിൽ തീർച്ചയായും ചരിത്രം സൃഷ്ടിക്കുവാൻ ഈ ഗവണ്മെന്റിനു കഴിയും. അങ്ങിനെ ഒന്നും ചെയ്യുന്നതിനു സാദ്ധ്യമല്ലാതെ ഈ അവ്യക്തമായ നയപ്രഖ്യാപനപ്രസംഗം സോഷ്യലിസ്റ്റുപാർട്ടി സ്വപ്നം കാണുന്ന ചരിത്രം സൃഷ്ടിക്കുവാൻ കഴിയുകയില്ല.

ഇതിനൊരു പ്രത്യേകകാരണംകൂടിയുണ്ടു്. നമുക്കറിയാം സോഷ്യലിസ്റ്റു പാർട്ടിയുടെ ഇതുവരെയുള്ള പ്രവർത്തനരീതികളും ഉത്തരവാദിത്വങ്ങളും നയപ്രഖ്യാപനങ്ങളും. അവർ അധികാരത്തിൽ വന്നതുതന്നെ വ്യാമോഹങ്ങളുടേയും, വാഗ്ദാനങ്ങളുടേയും ചരിത്രത്തിന്റെ സമാഹാരമാണു്. അവരുടെ പ്രവർത്തനങ്ങളും അതിനനുഗുണമായിത്തന്നെയിരിക്കും. ഏതാണ്ടു് മൂന്നുമാസത്തിനുള്ളിൽ നാലുപ്രാവശ്യം വാക്കുമാറി വെറും പൗവ്വർ പൊളിട്ടിക്സിനെ ആശ്രയിച്ചു അധികാരത്തിലേക്കുയർന്ന ഒരു കക്ഷിയാണു് ഇന്നു് ഈ രാജ്യം ഭരിക്കുന്നതു്. അനസ്യൂതമായ വഞ്ചനയുടെയും വാഗ്ദാനലംഘനങ്ങളുടെയും പുരോഗമനശക്തികളെ ഭിന്നിപ്പിക്കുന്നതിന്റെയും ചരിത്രമാണു് സാർവ്വദേശീയവും ദേശീയവും പ്രാദേശികവുമായ രംഗങ്ങളിൽ അതു് സൃഷ്ടിച്ചിട്ടുള്ളതു്. അതിലുമുപരിയായി ഒരു ന്യൂനപക്ഷമായ ഈ പാർട്ടി, ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടിയുടെ പിൻതുണയോടുകൂടി ഇന്നധികാരം ഏറ്റെടുത്തിരിക്കുകയാണെന്നുള്ള കാര്യം നാമോർക്കണം. ഈ രാജ്യത്തു് ഏഴുകൊല്ലമായി നടത്തിയ ദുർഭരണത്തിന്റെ ഫലമായിട്ടു് ഇന്നു് ജനങ്ങളാൽ വെറുക്കപ്പെട്ടു പുറംതള്ളപ്പെട്ട ഒരു പാർട്ടിയുടെ പിൻതുണയോടുകൂടി പി. എസ്സ്. പി. അധികാരത്തിൽ വന്നിരിക്കുകയാണു്. അങ്ങിനെയുള്ള പി. എസ്സ്. പി.-യുടെ നയപ്രഖ്യാപനപ്രസംഗത്തിൽ നിന്നും എന്തെങ്കിലും ഗുണകരമായ കാര്യങ്ങൾ ഈ നാട്ടിലെ ജനങ്ങൾ ആശിക്കാൻ കഴിവുള്ളതാണോ ? അതുകൊണ്ടുതന്നെയാണു് ഞങ്ങൾ ഇതിനെ എതിർക്കുന്നതു്.

ഈ രാജ്യത്തു് എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും അധിവസിക്കുന്നുണ്ടു്. വളരെയധികം കൃഷിക്കാരെ ഉൾക്കൊള്ളുന്ന ഒരു രാജ്യമാണു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം. ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് വളരെയധികം നാളികേരം, കുരുമുളകു്, റബ്ബർ മുതലായ ക്യാഷ് ക്രോപ്പുകൾ കൃഷിചെയ്തു വരുന്നുണ്ടു്. ഈ വക സാധനങ്ങൾ പുറംരാജ്യങ്ങളിലയച്ചു് അതിൽ നിന്നും ധാരാളം ആദായം ലഭിച്ചിരുന്നു. എന്നാൽ ഇന്നു് ആ വക സാധനങ്ങൾക്കു് നല്ല വില കിട്ടുന്നില്ല. അവയ്ക്കു് നല്ല വില കിട്ടുന്നതിനു് ആവശ്യമായ നടപടികൾ എടുക്കേണ്ടതുമാണു്. നാളികേരം, കുരുമുളകു്, റബ്ബർ മുതലായ ക്യാഷ്

ക്രോപ്പിനെ ആശ്രയിച്ച് ജീവിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ ഈ രാജ്യത്തുണ്ട്. അവക്ക് ശരിയായ വില കിട്ടുന്നതിന് ആവശ്യമായ നടപടികൾ കേന്ദ്രഗവണ്മെൻറിൻെറ സഹായത്തോടുകൂടിയോ മററ മാർഗ്ഗങ്ങൾ അവലംബിച്ചോ ഈ മന്ത്രിസഭ പരിശ്രമിക്കുമെന്നും ഇങ്ങനെയുള്ള നല്ല കാര്യങ്ങൾക്കും രാജ്യക്ഷേമകരങ്ങളായ എല്ലാ കാര്യങ്ങൾക്കും എൻെറ പാർട്ടിയുടെ പിൻതുണ ഉണ്ടാകുമെന്നും ഈ മന്ത്രിസഭയോടു വാഗ്ദാനം ചെയ്തുകൊള്ളുന്നു.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഇന്നു് അധികാരത്തിലിരിക്കുന്ന പാർട്ടി തെരഞ്ഞെടുപ്പുകാലത്ത് ഒട്ടുവളരെ വാഗ്ദാനങ്ങൾ ചെയ്തിരുന്നു. എന്നാൽ ഈ നയപ്രഖ്യാപനപ്രസംഗം കണ്ടപ്പോൾ എനിക്കു വളരെ നിരാശയാണുണ്ടായതു്. അതായതു് ഒരു വലിയ മല ഒരു എലിയെ പ്രസവിച്ചതുപോലെ. വളരെ പ്രതീക്ഷകളോടുകൂടിയാണ് നാം ഇവരെ അധികാരത്തിൽ കയററിയതു്. എന്നാൽ ഇപ്പോൾ അധികാരത്തിൽ വന്നതിൽപിന്നെ യാതൊന്നും ചെയ്തുകാണുന്നില്ല എന്നുള്ളതു് വളരെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

എനിക്ക് വളരെ പ്രാധാന്യമേറിയ ഒരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാനുണ്ട്. അതു് ഗ്രാമങ്ങളെയും ഗ്രാമീണജനങ്ങളെ പ്പററിയുമാണ്. ഞാൻ ഒരു ഗ്രാമത്തിൽ ജനിച്ച ആളാണ്. ഇന്നു് ഗ്രാമങ്ങളിൽ പരിഹരിക്കേണ്ടതായ ഒട്ടുവളരെ പ്രശ്നങ്ങളുണ്ട്. അധികാരത്തിലിരിക്കുന്നവർ വളരെ ലളിതമായ രീതിയിലാണ് ഗ്രാമീണരെ കരുതിവരുന്നതു്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തുതന്നെ ഒട്ടുവളരെ കാര്യങ്ങൾ, ഗ്രാമങ്ങൾ നന്നാക്കുന്നതിനായി ചെയ്യും എന്ന വാഗ്ദാനങ്ങൾ ഉണ്ടായി. കോൺഗ്രസ്സ് ഗവണ്മെൻറ് കുറെ എല്ലാം ചെയ്തിട്ടുമുണ്ട്. അതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ ഒന്നു് നാഷനൽ എക്സ്റ്റൻഷൻ സർവ്വീസാണ്. അതേപ്പററി ഒന്നുംതന്നെ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ കാണുന്നില്ല എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഗ്രാമങ്ങളിൽ ഇന്നു് വൈദ്യസഹായം ഇല്ല, ഗതാഗതസൗകര്യങ്ങൾ എന്നുവേണ്ട മററ സൗകര്യങ്ങൾ ഒന്നുംതന്നെയില്ല.

ഈ ഗ്രാമീണജനങ്ങളാണ് ഈ രാജ്യത്തു ബഹുഭൂരിപക്ഷവും. എന്നാൽ അവരെ മറന്നിട്ടാണ് ഈ നയപ്രഖ്യാപനപ്രസംഗം ചെയ്തിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. അതുകൊണ്ടു് എനിക്കു ഈ സഭ മുമ്പാകെ അറിയിക്കുവാനുള്ള അതിപ്രധാനമായൊരു കാര്യമാണു ഗ്രാമീണപ്രശ്നം. ആ പ്രശ്നത്തെപ്പററി നിസ്സാരമായി കരുതുകയും, നിന്ദാസൂചകമായി തള്ളുകയും ചെയ്താൽ ഫലം അപകടമായിരിക്കും എന്നുള്ള തത്വം ഈ സഭ ധരിക്കേണ്ടതാണ്. ഒരു പരമാർത്ഥംകൂടി അറിയിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കാം. ഇന്നു പതിനേഴു ലക്ഷം ജനങ്ങൾ ഈ രാജ്യത്തു കോൺഗ്രസ്സിനു് വോട്ടുചെയ്തിട്ടുണ്ട്. ഇന്നധികാരത്തിലിരിക്കുന്നവർ ഇടതുപക്ഷക്കാരാണ്. കോൺഗ്രസ്സിനു് വേണ്ടി വോട്ടുചെയ്ത ഭൂരിപക്ഷം ആളുകളും ഗ്രാമീണരാണ്. ഇന്നു ഗ്രാമീണജനങ്ങളെ കേവലം അരക്ഷിതാവസ്ഥയിലാണ് തള്ളിയിരിക്കുന്നതു്. ഇതിനു വേണമെങ്കിൽ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. അതുകൊണ്ടു് അവരുടെ കാര്യത്തെപ്പററി ഗവണ്മെൻറ സത്വരമായി ശ്രദ്ധിക്കുകയും അവക്കു സമഗ്രമായി ആശ്വാസം നൽകുന്നതിനുവേണ്ടി

[ശ്രീ. എൻ. ജി. ചാക്കോ.]

തക്കസമയത്തു നടപടികൾ നടത്തുകയും ചെയ്യണമെന്നാണു എനിക്കു പറയാനുള്ളതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കൊല്ലംമെംബർ ശ്രീ. ടി. കെ. ദിവാകരൻ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു സംസാരിക്കുവാനാണു ഞാനുദ്ദേശിക്കുന്നതു്. ഇവിടെ വിചിത്രതരമായ ഒരു രാഷ്ട്രീയപരിവർത്തനം ഉണ്ടായിരിക്കുന്നുവെന്നു വിശ്വസിക്കുന്നവരും വിശ്വസിക്കാതെ തന്നെ പ്രചാരണം നടത്തുന്നവരുമുണ്ടു്. അങ്ങനെ ഭരണഭാരം കൈയേറ്റിരിക്കുന്നവരാണു് ഇന്നത്തെ ഭരണാധികാരികൾ എന്നഭിമാനിക്കുന്നതു്. വളരെക്കൂടുതൽ അംഗങ്ങളുള്ള പാർട്ടികൾ പ്രതിപക്ഷങ്ങളായി മാറിയിരിക്കുമ്പോൾ അംഗങ്ങൾ വളരെ കുറച്ചുമാത്രമുള്ള ഒരു കക്ഷി അധികാരത്തിലിരിക്കുന്നതു വാസ്തവത്തിൽ വിചിത്രം തന്നെയാണു്. ഈ ഭരണകൂടത്തിന്റെ നിർവാഹകസമതിയുടെ രൂപവൽക്കരണത്തെ സംബന്ധിച്ചിടത്തോളം ചരിത്രംസൃഷ്ടിക്കൽ അത്ഥവത്തായിരിക്കുന്നുവെന്നുള്ളതിൽ സംശയമില്ല. പ്രസിഡൻറുഭരണത്തെ ഒഴിവാക്കാനും, മററുവിധത്തിൽ വരാവുന്ന സ്തംഭനാവസ്ഥയെ ഒഴിവാക്കാനും രാജ്യരക്ഷകരായി ഈ മുൾക്കിരീടം ഏറെറടുത്തിരിക്കുന്നുവെന്നു് പി. എസ്സ്. പി. അവകാശപ്പെടുന്നുണ്ടു്. ഈ അവകാശവാദം അംഗീകരിക്കുന്നതിനുമുമ്പു് കേവലം പത്തൊൻപതു അംഗങ്ങൾമാത്രം അടങ്ങിയ ഒരു പാർട്ടി എങ്ങനെ അധികാരത്തിൽ എത്തിച്ചേർന്നുവെന്നു ഒന്നപഗ്രഥിച്ചുനോക്കുന്നതു് ആവശ്യമാണെന്നു കരുതുന്നു.

ഇന്നധികാരത്തിലിരിക്കുന്ന കക്ഷി ഒററക്കക്ഷിയായി നിന്നല്ല തെരഞ്ഞെടുപ്പിൽ മത്സരിച്ചതെന്നും അങ്ങനെ ഒററ കക്ഷിയായിട്ടല്ല ഇന്നധികാരത്തിൽ വന്നിരിക്കുന്നതെന്നും ഈ സഭയിലെ എല്ലാവർക്കും, സർ, അങ്ങേക്കുതന്നെയും അറിയാം. ഈ നാട്ടിലെ ജനങ്ങളെ വളരെയേറെ കഷ്ടപ്പെടുത്തിയും, ജനങ്ങളുടെ താൽപ്പര്യങ്ങളെ ചവുട്ടിമെതിച്ചും, സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി ഏതു അഴിമതികൾ ചെയ്യുവാനും, എന്തു വിക്രിയകൾ കാണിക്കുവാനും മടിയില്ലാതെ, കഴിഞ്ഞ ആറേഴുവർഷക്കാലമായി ഈ രാജ്യം ഭരിച്ചുപോന്നിരുന്ന ഇവിടത്തെ കാൺഗ്രസ്സിനെ പരാജയപ്പെടുത്തുവാൻവേണ്ടി, യഥാർത്ഥ ജനകീയഭരണം ഇവിടെ സ്ഥാപിക്കുവാൻ വേണ്ടി, ജനങ്ങളിൽ വിശ്വാസമുള്ളവരും, ജനങ്ങൾക്കു വിശ്വാസമുള്ളവരും, ജനങ്ങളാണു പരമാധികാരികൾ എന്നു കരുതുന്നവരുമായ കക്ഷികളെ ഭരണഭാരം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പി. എസ്സ്. പി.-യും, ഐക്യമുന്നണിയും ഒന്നുചേന്നു് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളെ സമീപിക്കുകയുണ്ടായി. അവിശ്വാസപ്രമേയം പാസ്സായിട്ടും മന്ത്രിപീഠങ്ങളിൽനിന്നു പുറത്തുപോകാതെ അധികാരത്തിൽ കടിച്ചുതൂങ്ങിനിന്ന മന്ത്രിമാരെ പുറത്താക്കുവാനുള്ള ഒരു ദേശീയമുന്നേററത്തെയാണു് തങ്ങൾ പ്രതിനിധാനം ചെയ്യുന്നതെന്നു ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചുകൊണ്ടാണു് ഇന്നു അധികാരത്തിലിരിക്കുന്ന ശ്രീമാൻ പട്ടം താണുപിള്ള ഐക്യമുന്നണിയുമായി തോളോടുതോൾ ചേന്നു് തെരഞ്ഞെടുപ്പു സംഖ്യം ഉണ്ടാക്കിയതു്. ഈ വസ്തുത, അദ്ദേഹത്തിനു സത്യത്തോടു ബഹുമാനമുണ്ടെങ്കിൽ, നിഷേധിക്കുകയില്ലെന്നു ഞാൻവിശ്വസിക്കുന്നു. ഞങ്ങൾ ഒന്നിച്ചു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതു ഒന്നിച്ചു ഭരണഭാരം ഏറെറടുക്കുവാൻ വേണ്ടിത്തന്നെയാണെന്നു അദ്ദേഹം ഞാൻകൂടി സംബന്ധിച്ചി

ട്ടുള്ള പല യോഗങ്ങളിലും പ്രസംഗിച്ചിട്ടുള്ളതായി ജനങ്ങൾക്കറിയാം. ജനങ്ങളുടെ അഭിലാഷങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരണമായി പുരോഗതിയുടേതായ, വളർച്ചയുടേതായ, വികാസത്തിന്റേതായ, സംസ്കാരത്തിന്റേതായ ഒരു ഇടതുപക്ഷഭരണകൂടം സ്ഥാപിക്കുവാനാണ് ഈ തെരഞ്ഞെടുപ്പുസഖ്യം ഉണ്ടാക്കിയിരിക്കുന്നതെന്നു അദ്ദേഹം പല തവണ പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. ഏ. താണുപിള്ള: സർ, ഒരു ചോദ്യം.

Shri K. Balakrishnan : I don't yield, Sir.

അങ്ങനെ, ഐക്യമുന്നണിയുടെയും, പി. എസ്. പി-യുടെയും പ്രതിനിധികൾ ഭൂരിപക്ഷംവരുന്ന ഒരു നിയമസഭയും അതിനെത്തുടർന്നു വളർച്ചയുടേയും പുരോഗതിയുടേതുമായ ഒരു ഭരണകൂടവും ഉണ്ടാകുവാൻ വേണ്ടി, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ വോട്ടുചെയ്തു. ഐക്യമുന്നണിയും പി. എസ്. പി-യുമായി തോളോടുതോൾ ചേർന്ന് കാൺഗ്രസ്സിനെ തോല്പിക്കുവാൻവേണ്ടി അത്യദ്ധ്വാനംചെയ്തു. ഒടുവിൽ ഇടതുപക്ഷത്തിനു ഭൂരിപക്ഷവും കിട്ടി. എന്നാൽ ഐക്യമുന്നണിയിൽനിന്നും വിട്ടുമാറി ജനങ്ങളുടെ പ്രതീക്ഷയേയും വിശ്വാസത്തേയും തകർത്തുകൊണ്ടാണ് ഇന്നു പി. എസ്. പി. അധികാരത്തിലിരിക്കുന്നതെന്ന വസ്തുത ഈ നാട്ടിലെ ജനങ്ങൾ വിസ്മരിക്കുവാൻ പോകുന്നില്ല. ഈ തെരഞ്ഞെടുപ്പിൽ പി. എസ്. പി. സ്ഥാനാർത്ഥികളായി നിന്നു മത്സരിച്ചവരിൽ വളരെയധികംപേരും ജയിച്ചുവന്നിട്ടുള്ളതു് ഐക്യമുന്നണിയുടെ സഹായത്തോടുകൂടിയാണ്. ഐക്യമുന്നണി മെംബർമാരും അതുപോലെ പി. എസ്. പി-യുടെ സഹായത്തോടുകൂടിയാണു ജയിച്ചുവന്നിട്ടുള്ളതെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ അവസരത്തിൽ ഒരു സംഗതി ഇവിടെ പരസ്യമായി പ്രസ്താവിക്കാൻ എനിക്കു മടിയില്ല. തിരുവനന്തപുരം മൂന്നാംനിയോജകമണ്ഡലത്തിൽനിന്നും ഞാൻ വിജയിച്ചുവരുവാൻ ശ്രീ. പട്ടം താണുപിള്ള അത്യധികം സഹായിച്ചിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്. എന്നാലും പി. എസ്. പി-ക്കു കൊടുക്കുന്ന വോട്ട് ഐക്യമുന്നണിക്കു കൊടുക്കുന്ന വോട്ടിൽനിന്നു ഭിന്നമായിരുന്നുവെന്നു കരുതിയല്ല ജനങ്ങൾ ഈ രണ്ടു കക്ഷികൾക്കും വോട്ടുനൽകിയിട്ടുള്ളതെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ. കൈയ്ക്കൂലിയിൽനിന്നും അഴിമതികളിൽനിന്നും അക്രമങ്ങളിൽനിന്നും മുക്തമായതും ജനങ്ങൾക്കു വിശ്വാസമുള്ളതുമായ ഒരു ഇടതുപക്ഷഗവൺമെന്റ സ്ഥാപിക്കുന്നതിനുവേണ്ടിയാണെന്നു ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചുകൊണ്ടു് ജനങ്ങളുടെ വോട്ടുകൾ സമ്പാദിച്ച പി. എസ്. പി. നേതാക്കന്മാർ ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നതു്? ഭരണഘടനാപരമായ സ്തംഭനമുണ്ടാകാതിരിക്കാൻവേണ്ടി, രാജ്യത്തു പ്രസിഡൻറുഭരണം ഏർപ്പെടുത്താതിരിക്കാൻ വേണ്ടിയാണു പി. എസ്. പി. ഇപ്പോൾ ഭരണഭാരം ഏറ്റെടുത്തിരിക്കുന്നതെന്നു കേട്ടപ്പോൾ യഥാർത്ഥത്തിൽ എനിക്കു അത്ഭുതമാണുണ്ടായതു്. അതു കേട്ടപ്പോൾ ടോൾസ്റ്റോയിയുടെ 'വാർ ആൻറ പീസ്" എന്ന ഗ്രന്ഥത്തെപ്പററിയാണു എനിക്കു ഓർമ്മവന്നതു്. ആ ഗ്രന്ഥത്തിൽ, രാജ്യതന്ത്രജ്ഞന്മാരെക്കുറിച്ചു വിവരിക്കുന്നിടത്തു രാജ്യത്തു വിചിത്രതരങ്ങളായ കുഴപ്പങ്ങളുണ്ടാക്കി അതു പരിഹരിക്കുവാൻ ശ്രമിക്കുന്നുവെന്നു നടിച്ചു് അവസാനം തന്റെ അസാമാന്യപ്രഭാവം കൊണ്ടു് സ്വന്തം കുഴപ്പങ്ങൾക്കു് പരിഹാരമുണ്ടാക്കുന്ന രാജ്യതന്ത്രജ്ഞതയെക്കുറിച്ചു് അദ്ദേഹം പറ

[ശ്രീ. കെ. ബാലകൃഷ്ണൻ.]

യുന്നുണ്ട്. ഇവിടെയും അതുതന്നെയാണ് നടന്നിരിക്കുന്നതു്. ഇപ്പോൾ പ്രസിഡൻറ് ഭരണം ഏർപ്പെടുത്തിയിരിക്കുവാനും ഈ നാട്ടിൽ ഒരു ഭരണസ്തംഭനം ഉണ്ടാകാതിരിക്കുവാനും വേണ്ടി രാജ്യരക്ഷകന്മാരാണെന്നു നടിച്ചുകൊണ്ട് ഭരണഭാരം ഏറ്റെടുത്തിരിക്കുകയാണുപോലും. "ഞങ്ങൾ ഒന്നിച്ചു നിൽക്കും, ഒന്നിച്ചു ഭരിക്കും" എന്നു ജനങ്ങൾക്കു വാഗ്ദാനം നൽകിയവർ അതു പാലിക്കാതെ, അതനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറാകാതെ, അമ്മ കുടിച്ച പാലുതന്നെ കുടിക്കണമെന്നു ചില കൊച്ചുകുട്ടികൾ ശഠിക്കുന്നതുപോലെ, ഐക്യമുന്നണിയുമായി പിണങ്ങി, രാഷ്ട്രീയത്തിൽ വെറും പിള്ളരുകളി നടത്തുകയാണ്. സർ, പക്ഷെ, ഇതിൽ കാൺഗ്രസ്സിൻെറ ചരിത്രംകൂടി ഉണ്ടെന്നു ഓർമ്മിക്കണം. പി. എസ്. പി.-യുടെ നേതാവായ ആചാര്യകൃപലാനിയുടെ ഭാഷയിൽ പറഞ്ഞാൽ പി. എസ്. പി. യാകുന്ന മഹാബ്രാഹ്മണൻ കാൺഗ്രസ്സാകുന്ന ചണ്ഡാളൻെറ നേരെ ഭിക്ഷാപാത്രം നീട്ടാനായിരുന്നോ നാട്ടിൻെറ പുരോഗതിയുടെ ശംഖനാദവും മുഴക്കി ശ്രീ. പട്ടം താണുപിള്ള തിരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിച്ചതെന്നു ഞാൻ ചോദിക്കുന്നു. ഐക്യമുന്നണിയുമായി സഖ്യം ചേർന്നു തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനെ തോൽപ്പിച്ചതു ഈ കാൺഗ്രസ്സ് ചണ്ഡാളൻെറ ഭിക്ഷാപാത്രത്തെ ആശ്രയമാക്കി അധികാരത്തിൽ വരുവാനായിരുന്നോയെന്ന് അദ്ദേഹം ചിന്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇവിടത്തെ ദുഷിച്ചുനാറിയ കാൺഗ്രസ് ഭരണം മാറണമെന്നും, ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഇടതുപക്ഷ മന്ത്രിസഭ ഈ രാജ്യം ഭരിക്കണമെന്നും ജനങ്ങൾ ആഗ്രഹിച്ചതും തിരഞ്ഞെടുപ്പുമുഖേന പ്രഖ്യാപിച്ചതും ഈ ചണ്ഡാളൻെറ മുമ്പിൽ ഭിക്ഷാപാത്രവുമായി പോകാനായിരുന്നോയെന്ന് സത്യബോധവും ന്യായബോധവുമുള്ള ശ്രീ. പട്ടം താണുപിള്ളതന്നെ ആലോചിക്കട്ടെ. അദ്ദേഹത്തിൻെറ പിൻതുണകൊണ്ടും, അദ്ദേഹം നൽകിയ രാഷ്ട്രീയപ്രസ്ഥാനത്തിൻെറ പിൻതുണകൊണ്ടും, അദ്ദേഹം ജനങ്ങൾക്കു നൽകിയ വാഗ്ദാനത്തിൽ വിശ്വസിച്ചു വളരെപേർ എനിക്കു വോട്ട് നൽകിയിട്ടുണ്ട്. അങ്ങനെ എന്നെ ജയിപ്പിച്ച ആളുകളുടെ കൂട്ടത്തിൽനിന്നു മാറി ഇന്നു ഞാൻ ജനങ്ങളുടെ താൽപ്പര്യത്തിനു എതിരായ ഒരു നിലപാടാണു സ്വീകരിച്ചിരിക്കുന്നതെന്നു ശ്രീമാൻ പട്ടം താണുപിള്ള എന്നോടു പറയുകയാണെങ്കിൽ ഞാൻ എൻെറ മെംബർസ്ഥാനം രാജിവെയ്ക്കുവാൻ തയ്യാറാണ്. നിയമസഭയിൽനിന്നും പുറത്തുപോകാനും തയ്യാറാണ്. ശ്രീമാൻ പട്ടം താണുപിള്ള ചരിത്രം സൃഷ്ടിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ചരിത്രവസ്തുതകളുടെ നേരെ കണ്ണടയ്ക്കരുതേ; പൊതുജനഹിതത്തിൻെറ നേരെ കണ്ണടയ്ക്കരുതേ; എൻെറ പ്രിയപ്പെട്ട നേതാവേ! കണ്ണടയ്ക്കരുതേ; എന്നാണു, സർ അങ്ങയിൽക്കൂടി എനിക്കു ഈ സന്ദർഭത്തിൽ അദ്ദേഹത്തോടു അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. എ. എ. റഹിം: സർ, രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു ചെയ്ത നയപ്രഖ്യാപനപ്രസംഗം, യാതൊരു പുതുമയുമില്ലാത്ത ഒന്നാണെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഇവിടെ ഒരു തിരഞ്ഞെടുപ്പു നടത്തിയതു്, എന്നു പല സ്നേഹിതന്മാരും ഇവിടെ പറയുകയുണ്ടായി. എന്നാൽ കാൺഗ്രസ്സ് വിശ്വസിച്ചിരുന്ന ആദർശങ്ങളിലും പരിപാടികളിലും അടിയുറച്ചുനിന്നുകൊണ്ട്, കാൺഗ്രസ്സ് ചെയ്തുവച്ചിട്ടുള്ള പ്രവർത്തനങ്ങളെ തുടർന്നുകൊണ്ടു

പോകുക എന്നുള്ളതിൽ കവിഞ്ഞു വിശേഷവിധിയായി യാതൊന്നും തന്നെ ഈ പ്രസംഗത്തിൽ അങ്ങോളമിങ്ങോളം നോക്കിയാൽ കാണുന്നില്ല. ഈ സംസ്ഥാനത്തിന്റെ പരിതഃസ്ഥിതിക്ക് അനുഗുണമായി കാൺഗ്രസ്സ് സൃഷ്ടിച്ചുവച്ചിട്ടുള്ള സൗധത്തിന്റെ മേൽ സോഷ്യലിസ്റ്റ ചായം പൂശുക മാത്രമെ ചെയ്തിട്ടുള്ളു. പ്രസംഗത്തിൽ പ്രൊഹിബിഷന്റെ കാര്യത്തെപ്പററി പറയുന്നുണ്ട്. എന്നാൽ ആ നല്ല കാര്യം നടപ്പിൽ വരുത്താൻ അത്യധികമായ ഉൽക്കണ്ഠയുണ്ടെങ്കിലും ഇപ്പോൾ ഷാപ്പുകൾ ലേലം ചെയ്തുപോയതുകൊണ്ട് യാതൊരു നിവർത്തിയുമില്ലെന്നു പറഞ്ഞൊഴിയുന്നതേയുള്ളു.

ശ്രീ. എ. താണുപിള്ള: അല്ലാതെ ഈ ഗവണ്മെന്റ എന്തുചെയ്യണമെന്നാണ് പറയുന്നത്?

ശ്രീ. എ. എ. റഹിം: ആ ലേലം ക്യാൻസൽ ചെയ്യാമായിരുന്നു. അതിനുവരെ നടപ്പിൽ വരുത്തിയിട്ടില്ലെന്നാണ് എന്റെ

3 P. M. അറിവ്. അങ്ങിനെ ഈ സംസ്ഥാനത്ത് പ്രൊഹിബിഷൻ സാർവ്വത്രികമാക്കാൻ സാധിക്കുമായിരുന്നിട്ടുപോലും അതിനു തയ്യാറാകാഞ്ഞതു അതിനുള്ള പരിതഃസ്ഥിതി ഈ നാട്ടിൽ ഇല്ലാത്തതുകൊണ്ടായിരിക്കാമെന്നേ കരുതുന്നുള്ളു.

ശ്രീ. എ. താണുപിള്ള: ലേലം റദ്ദ്ചെയ്തു കൺട്രാക്ററന്മാർക്ക് നഷ്ടം കൊടുക്കണമെന്നാണോ പറയുന്നത്?

ശ്രീ. എ. എ. റഹിം: അതിനെന്തു പ്രതിവിധിയാണ് നടത്തേണ്ടതെന്നു ഈ അവസരത്തിൽ നിർദ്ദേശിക്കാൻ ഞാൻ തയാറില്ല. അതിനു മറുപടി പറയുന്നതിനു ഇനി ഒരവസരം വിനിയോഗിച്ചുകൊള്ളാം.

ഇവിടത്തെ ഭക്ഷ്യനിലയെ സംബന്ധിച്ചിടത്തോളം വളരെ ഏറെ സന്തോഷാവഹമായ ഒരവസ്ഥയാണിന്നുള്ളത്. ഏതാണ്ട് മൂന്നുമാസം വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യസാധനങ്ങൾ ഗവണ്മെന്റ സ്റ്റാക്കിലുണ്ട്. ഭക്ഷ്യവിഷയകമായി പുതിയ പ്രതീക്ഷകൾ ഒന്നും തന്നെ പ്രഖ്യാപനത്തിൽ കാണുന്നില്ല. നിശ്ചയമായും ഡി കൺട്രോൾ ചെയ്യുന്നതിനെപ്പററി ആലോചിക്കാവുന്ന ഒരു പരിതഃസ്ഥിതിയാണ് ഇന്നുള്ളത്. ആ കാര്യത്തെപ്പററി ഒന്നും പ്രസംഗത്തിൽ കാണാത്തതിൽ ഖേദിക്കുന്നു.

ഇവിടത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ വ്യവസായങ്ങൾ അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. മൂലധനത്തിന്റെ കുറവാണ് ഇതിനുള്ള പ്രധാന കാരണം. ഇന്ന് മൂലധനം നൽകി വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിലേയ്ക്ക് ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പറേഷൻ തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ വ്യവസായികൾക്ക് പണം കൊടുത്തു സഹായം നൽകുന്നതിനു യാതൊരു മടിയും കാണിച്ചുകൂടാത്തതാണ്. ആ വിഷയത്തിൽ പക്ഷപാതം കൂടാതെ ധനസഹായത്തിനു വരുന്ന അപേക്ഷകളെ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വ്യവസായികളെ സംബന്ധിച്ചിടത്തോളം മറെറാരു പ്രധാന കാര്യംകൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഉദ്യോഗസ്ഥന്മാർ ഇൻകംടാക്സ് സെയിൽസ് ടാക്സ് തുടങ്ങിയ നികുതി ചുമത്തുന്ന കാര്യത്തിൽ ഉള്ള ക്രമക്കേടുകൾ കാരണം ചില സ്ഥലങ്ങളിൽ വ്യവസായികൾക്ക് മുന്നോട്ടുപോകാൻ

[ശ്രീ. എ. എ. റഹിം.]

നിവൃത്തിയില്ലാത്ത വിധത്തിൽ എത്തിച്ചേരുന്നുണ്ട്. വ്യാപാരികളുടേയും വ്യവസായികളുടേയും കണക്കുകൾ അവിശ്വസിച്ചുകൊണ്ടുള്ള ചില നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതായി എനിക്കുതന്നെ ബോദ്ധ്യമുണ്ട്.

ഇവിടെ അഴിമതിയും കൈക്കൂലിയും തടയാനുള്ള നടപടികൾ പെട്ടെന്നു സ്വീകരിക്കാൻ ആലോചിക്കുമോ എന്നു പറയുന്നു. ഈ ആലോചനകളെല്ലാംതന്നെ കഴിഞ്ഞ കാൺഗ്രസ്സ് സർക്കാരിന്റെ കാലത്തു ചെയ്തിട്ടുള്ളതാണ്. ആ ആലോചനകൾ പ്രവൃത്തിപഥത്തിൽ വന്നുകൊണ്ടിരിക്കുന്നതായും ഈ സഭയ്ക്കറിയാം. അഴിമതിയും കൈക്കൂലിയും നിയന്ത്രിക്കുമ്പോൾ ഗവൺമെന്റുദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും ഇടയിൽ തൃപ്തമായ ഒരു നില കൊണ്ടുവന്നിട്ടുവേണം എന്നാലോചിക്കേണ്ടതാണ്. അവർക്കു തൃപ്തികരമായ ഒരു നില ഉണ്ടാക്കിയശേഷംവേണം കൈക്കൂലിയും അഴിമതിയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ചില സ്ഥലങ്ങളിൽ കൈക്കൂലിയും അഴിമതിയും ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നുണ്ട്. അവരുടെ ഇടയിലുള്ള അനാവശ്യമായ ഗ്രേഡുകൾ ഇല്ലാതാക്കി ശമ്പളവ്യത്യാസം ക്രമീകരിക്കേണ്ടതാണ്. ആവശ്യമില്ലാതെയുള്ള സ്ഥലംമാററങ്ങൾ നിറുത്തൽ ചെയ്യേണ്ടതും ആവശ്യമാണ്. തിരുവനന്തപുരത്തു എൻ. ജി. ഒ. മാർക്കു കെട്ടിക്കൊടുത്തിട്ടുള്ളമാതിരി കെട്ടിടങ്ങൾ മററു സ്ഥലങ്ങളിലും കെട്ടിക്കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ജലദൗർഭിക്ഷതയെപ്പററി പറയുകയാണെങ്കിൽ തീരപ്രദേശങ്ങളിൽ മാത്രമല്ല ചില ടൌണുകളിലും ദൗർഭിക്ഷതയുണ്ട്. അതിലേയ്ക്കു കാൺഗ്രസ് സർക്കാർ തന്നെ ചില നടപടികൾ ആരംഭിച്ചിട്ടുണ്ടായിരുന്നു. അതിൽ ചിലതു് ഇന്നു പ്രയോഗത്തിൽ വന്നിട്ടുമുണ്ട്. എന്നാൽ തീരപ്രദേശങ്ങളിലെ ജലദൗർഭിക്ഷതയെപ്പററി ആലോചിക്കുമ്പോൾ ഹൃദയമുള്ളവർ കണ്ണീർ പൊഴിക്കുകതന്നെ ചെയ്യും. പട്ടണങ്ങളിലുള്ള ജലദൗർഭിക്ഷതകൂടി പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸார், என்னுடைய மதிப்பிற்குரிய நண்பர் ஸ்ரீ. ராமச்சந்திரன் நாயர் அவர்களுடைய தீர்மானத்தை ஆதரித்து ஒரு சில வார்த்தைகள் பேசலாமென்று கருதுகிறேன். ராஜப்பிரமுகர் அவர்களின் சொற்பொழிவில் பல்வேறு நல்ல காரியங்கள், பொதுவாக தொழிலாளர்கள், கிருஷிக்காரர்கள், விவசாயிகள் போன்றவர்களின் வாழ்க்கைத்தரத்தை உயர்த்துவதற்கான பல்வேறு நல்ல திட்டங்கள் இருக்கின்றன. நம்முடைய நாட்டிலே கல்வியை வளர்ச்சி செய்வதற்கான திட்டங்களும் இருக்கின்றன. இவைகளை எல்லாம் ஆரம்பிக்கும்போது, நாம் எந்த நிலையில் இருக்கிறோம் என்பதைப் பற்றி நாம் நன்றாக ஆலோசித்துப் பார்க்கவேண்டும். நம்முடைய நாடு இன்று வேலையில்லாத் திண்டாட்டத்தினாலும், பட்டினியாலும், பஞ்சத்தினாலும் எவ்வளவு தூரம் அவதிப்படமுடியுமோ அந்த எல்லையில் வந்து நிற்கக்கூடிய நிலையில் தான் இருக்கின்றது. நம்முடைய நாடு, இந்தியாவில் வேறெங்கும் இல்லாதபடி ஒரு சதுர மைலுக்கு ஆயிரத்திற்கு மேற்பட்ட ஜனத்தொகை அதிகரித்துக் கொண்டிருக்கும் நிலையில் இருக்

கிறது. இந்த நிலைமையிலே ஜனங்களுக்கு, அதிலும் உழைத்து உழைத்து உருக்குலைந்து நிற்கும் ஏழைகளின், பஞ்சைப்பாமரர்களின் நிலையை உயர்த்துவதற்காக, நம்மிடையே பல்வேறு அபிப்பிராய வித்தியாசங்கள் இருந்தபோதிலும் சரி, அவர்களின் நிலைமையை உயர்த்துவதற்காக, நிச்சயமாக நாம் எல்லோரும் ஒன்று சேர்ந்து, ஒற்றுமையுடன் நின்று, அதற்கு வேண்டிய திட்டங்கள் கொண்டு வரவேண்டுமென்று நான் என்னுடைய இதர கட்சி நண்பர்களிடம் கேட்டுக்கொள்ள ஆசைப்படுகிறேன். எத்தனை எத்தனையோ கண்ணீர் விடக்கூடிய மக்கள் இன்று இந்நாட்டில் இருந்துகொண்டிருக்கிறார்கள். நான் வருகிற தென்திருவிதாங்கூரானது, நான் இவ்விதம் கூறும்போது என்னுடைய நண்பர்கள் பலர் கூறுவார்கள்; நான் எப்பொழுதும் தென்திருவிதாங்கூரைப் பற்றி மாத்திரம் தான் கூறுகிறேன் என்று. தென்திருவிதாங்கூரின் நிலைமையைப் பற்றி எனக்கு கூடுதல் தெரிவதால் தான் நான் இப்படி கூறுகிறேன். தென்திருவிதாங்கூரில் உள்ள மக்களின் குறைகளைப் பற்றி எனது தமிழ்நாடு காங்கிரஸ் நண்பர்கள் கூறுவதில் பல உண்மைகள் உண்டு. தென்திருவிதாங்கூரில் தொழிற்சாலை என்பது கிடையவே கிடையாது. போன வருட பட்ஜெட்டில் இன்டஸ்ட்ரீஸ்-க்காக ஏகதேசம் 167லக்ஷம் ரூபாய் ஒதுக்கியிருந்தார்கள். அதற்கு முன்னால் உள்ள வருடத்தில் இதற்காக 200லட்சம் ரூபாய் ஒதுக்கப்பட்டிருந்தது. அதற்கு முன்னால் உள்ள வருடத்தில் ஏகதேசம் 110லட்சம் ரூபாய் இந்த இனத்திற்காக ஒதுக்கப்பட்டிருந்தது. இப்படியாக, வருடந்தோறும் பணம் ஒதுக்குகிறோம். ஆனால் இந்தப் பணத்திலிருந்து ஒரு பைசா கூட தென்திருவிதாங்கூரில் செலவு செய்தது கிடையாது. அது பிரைவேட் செக்டாராகட்டும் அல்லது பப்ளிக் செக்டாராகட்டும். எந்த விதத்தில் பார்த்தாலும் இரண்டாயிரம் வருடங்களுக்கு முன் தென்திருவிதாங்கூர் எந்த நிலையில் இருந்ததோ அதேமாதிரிதான் இன்றும் இருந்து வருகிறது. ஆனால் ஜனத்தொகை மாத்திரம் நாளுக்கு நாள் பெருகி வருகிறது. கிருஷியைப் பெருக்குவதற்கான எத்தனை எத்தனையோ திட்டங்கள் அங்கு இருக்கின்றன. பொய்கை, பட்டணங்கால், மாம்பழத்துறை போன்ற திட்டங்களை நிறைவேற்றித் தரவேண்டுமென்று நாங்கள் கேட்கிறோம். ஆனால் நிர்மாணத் திட்டங்கள் ஒன்றையும் அங்கு காணவில்லை என்று நான் கூறாமல் இருக்க முடியாது. இந்த வேலையில்லாத் திண்டாட்டம் ஒருபுறமிருக்கும்போது, உள்ள வேலையையும் இல்லாதாக்காமல் இருந்தால் தேவலை. கைக்குத்தலினால் பிழைத்து வருகிற ஆயிரக்கணக்கான மக்கள் அங்கு இருக்கிறார்கள். அவர்களின் வயற்றில் மண்ணைப்போடும்படி, ஒரு ரைஸ் மில் வந்தால் ஆயிரக்கணக்கான குடும்பங்களின் நிலைமை மிகவும் மோசமாகிவிடும்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதை-இந்த சபையில் வைத்துச் சொல்லவேண்டியதற்கு அவசியமில்லையே. உங்கள் பார்ட்டியில் வைத்துக் கூறுவதுதானே?

ஸ்ரீ. டி. எஸ். ராமஸ்வாமி: எனது நண்பர் கூறுகிறார், நான் அதிகாரத்தில் இருக்கும் பார்ட்டியில் மெம்பராய் இருக்கும்போது இதைப்பற்றி இங்கு கூறவேண்டிய அவசியமில்லையென்று. கழிந்த இரண்டு வருடங்களாக இங்கு எங்களது தமிழ் மந்திரி இருந்தும் கூட தென் திருவிதாங்கூரில் ஒரு தொழிற்சாலைகூட ஸ்தாபிக்க முடியவில்லையே என்பதை அவர்களுக்கு நான் ஞாபகமூட்ட விரும்புகிறேன். எது எது அவசியமோ அவைகளைப் பற்றியெல்லாம் சொல்ல வேண்டிய கடமை நமக்கு உண்டு. நமது மந்திரிகள் அவைகளை எல்லாம் செய்யவேண்டுமென்ற அக்கறையுடன்தான் அவைகளைப் பற்றி எல்லாம் எடுத்துச் சொல்கிறேன் என்று எனது நண்பர்களிடம் தெரிவித்துக் கொள்ள விரும்புகிறேன். வேலையில்லாத் திண்டாட்டம் ஒருபுறமிருக்க, தொழிற்சாலைகள் வளர்ச்சியுறவும், றைஸ் மில்கள் ஒழியவேண்டும் என்றுமுள்ள கூக்குரல் இன்று அங்கிருந்து கொண்டிருக்கிறது. இவற்றை எல்லாம் நான் இந்த அரசாங்கத்தினிடம் இந்த சந்தர்ப்பத்தில் ஞாபகமூட்ட விரும்புகிறேன். நான் சொல்லாமலிருந்ததால் அதை செய்யாமல் இருந்து விடக் கூடாது என்பதினால்தான் நான் இவைகளைப்பற்றி எல்லாம் இங்கு எடுத்துக் கூறுகிறேன். இந்த சபையில் எத்தனையோ விஷயங்கள் கூறப்பட்டன. ஆத்திரத்தினால் பல விஷயங்களும் இங்கு கூறப்பட்டன. பி. எஸ். பி.காரர்களை வஞ்சகர்கள் என்றும் கூறினார்கள், சிலர்.

ஸ்ரீ. எ. சிதம்பரநாத நாடார்: ஒரே ஒரு கேள்வி.

ஸ்ரீ. டி. எஸ். ராமஸ்வாமி: சமயமில்லை. கட்சிக்கு கட்சி வஞ்சகர்கள் என்றும், சதிகாரர்கள் என்றும் கூறப்படுகின்றன. 1941–42–ல் சதிகாரர்கள், சதிகாரர்கள் என்றும் கூலிகள், கூலிகள் என்றும் ஒருவரைப்பார்த்து ஒருவர் கூறி பரிசயப்பட்டு விட்டோம். ஆனால் தேசத்தின் நிலைமை மாறி வரக்கூடிய இச்சமயத்தில் வஞ்சகர்கள் என்றும் சதிகாரர்கள் என்றும் முன்பு சொல்லிக்கொண்டிருந்தது போல் இப்பொழுதும் கூற வேண்டாமென்று நான் எல்லோரிடமும் கெஞ்சிக்கேட்டுக்கொள்கிறேன். நாட்டின் நன்மைக்காக, தொழிலாளி வர்க்கத்தின் நன்மைக்காக, கிருஷிக்காரர்களின் நன்மைக்காக, விவசாயிகளின் நன்மைக்காக என்ன என்னவெல்லாம் செய்யவேண்டுமென்று பார்க்கவேண்டும். நம் முன்னுள்ள பிரச்னைகள் சாதாரணமானவைகள் அல்ல. பெரும் பிரச்னைகள் ஆகும், நம்முன் இப்பொழுதுள்ளது. அப்பிரச்னைகளைத் தீர்ப்பதற்கு, எல்லோருடைய ஒத்துழைப்பும் தேவை. நான் இதை வெறும் சமாதானத்திற்காக சொல்லவில்லை. பத்தொன்பது அங்கத்தினர்கள் கொண்ட ஒரு பார்ட்டி இன்று அரசாங்கத்தை ஏற்று எடுத்திருக்கிறது என்றால் அது ஒரு புதிய முறையல்ல. 'டூ–பார்ட்டி ஸிஸ்டம்' அல்ல, இப்பொழுது இங்கிருப்பது. காங்கிரஸ்–ஆன்றி காங்கிரஸும் அல்ல. இன்று இங்கு மல்டி பார்ட்டி ஸிஸ்டம்தான் நடைபெறுகிறது. இன்று இந்தியாவிலேயே, திருவிதாங்கூர்–கொச்சி ராஜ்யத்தில் மாத்

திரம் தான் இந்த மல்டி பார்ட்டி ஸிஸ்டப்படி அரசாங்கம் நடைபெறுகிறது. மல்டி பார்ட்டி ஸிஸ்டம் நடைபெறும் பல்வேறு நாடுகளில், பொதுவாக சபையின் மதிப்பை யார் கூடுதல் பெற்றிருக்கிறார்களோ, அவர்கள் மைனாரிட்டியாக இருந்த போதிலும், அவர்களின் கையில் தான் அரசாங்கத்தை ஒப்புவிப்பது வழக்கம். அதுபோல் தான் இன்று இங்கு நடந்துகொண்டிருக்கின்றது. சரித்திரத்தைப் புரட்டிப்பார்த்தால் தெரியும், இதுபோல் பல நாடுகளிலும் நடந்திருக்கிறது, என்பதை.

ஸ்ரீ. டி. ஏ. மஜீத்: பிரஞ்ச் மாடல்.

ஸ்ரீ. டி. எஸ். ராமஸ்வாமி: அது பிரஞ்ச் மாடலா, அமெரிக்கன் மாடலா அல்லது ரஷ்யன் மாடலா என்று எனக்குத் தெரியாது. சோஷியலிஸ்ட் கட்சியின் பாலிஸி, புரோகிராம் பிரகாரம் உள்ள திட்டங்களை முன்வைத்து அதன்படி ஆட்சியை நடத்திக்கொண்டு செல்ல விரும்புகிறோம். நாங்கள் கொண்டு வரும் காரியங்களின் நியாயாநியாயங்களைப் பாருங்கள். நியாயமில்லாததென்று உங்களுக்குப் பட்டால் அதற்கு எதிராக வோட்டளியுங்கள். நாங்கள் அதிகாரத்திலிருந்து எப்பொழுது வேண்டுமானாலும், எந்த நிமிடத்திலும் வெளியேறத் தயாராய் இருக்கிறோம். அதல்லாமல், பத்தொன்பது பேர்கள் கொண்ட ஒரு பார்ட்டி அதிகாரத்தில் வந்துவிட்டார்கள் என்று எரிந்து விழுவதில் அர்த்தமில்லை. நாங்கள் எங்களாலானதைச் செய்ய முயலுவோம். எங்களை, காங்கிரஸின் கைப்பாவைகள் என்று சொல்வதிலும் ஒரு அர்த்தமுமில்லை. போன தடவை காங்கிரஸும் தமிழ்நாடு காங்கிரஸும் சேர்ந்து அரசாங்கத்தை நடத்தியது போல நாங்கள் நடத்தப்போவதில்லை. சோஷியலிஸ்ட் கட்சியின் அடிப்படையில் நின்று கொண்டுதான் நாங்கள் அரசாங்கத்தை நடத்தப் போகிறோம்.

ஸ்ரீ. ஏ. சிதம்பரநாத நாடார்: மெம்பர் அவர்கள்—

ஸ்ரீ. டி. எஸ். ராமஸ்வாமி: சமயமில்லை. காங்கிரஸ் கட்சி அரசாங்கத்தை ஏற்றெடுக்கத் தயாரில்லை. தமிழ்நாடு காங்கிரஸும் அதற்குத் தயாரில்லை. ஆக அரசாங்கத்தை ஏற்றெடுக்க ஒரு கட்சியும் தயாராகாததால் சோஷியலிஸ்ட் கட்சி அரசாங்கத்தை ஏற்றெடுத்திருக்கிறது. இதைத் தவிர வேறொரு ஆல்டர்னேட்டிவும் இல்லை. தனி ஒருவருடைய ஆட்சியை நிலைநிறுத்த நாங்கள் தயாரில்லை. ஸ்ரீ. பட்டம் தாணுபிள்ளை அவர்களின் தலைமையில் நாம் அன்றைய தினம் தியாகங்கள் பல செய்யவில்லையா, ஜனநாயகம் வரவேண்டுமென்று. அன்று அங்ஙனம் போராடியது, தனி ஒருவரின் ஆட்சியை நிலைநிறுத்துவதற்காக அல்ல. அதேபோல், நாட்டின் நலனை உத்தேசித்து இன்று சோஷியலிஸ்ட் கட்சி அதிகாரத்தை ஏற்றெடுத்திருக்கிறது. எப்பொழுது வேண்டுமானாலும், எந்த நிமிடத்திலும் நாங்கள் வெளியேறத் தயாராய் இருக்கிறோம் என்பதை மறுபடியும் உங்களுக்கு ஞாபகப்படுத்திக் கொண்டு இத்தீர்மானத்தை ஆதரித்துக் கொள்கிறேன்.

ശ്രീ. ടി. വി. തോമസ്: സർ, സഭ മുൻപാകെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന് ഞാൻ താഴെ പറയുന്ന ഒരു ഭേദഗതി അവതരിപ്പിക്കുന്നു:

> "But regret that the speech contains no mention of the release of political prisoners, no mention of any immediate relief to the toiling people and no mention of steps to protect generally the interests and status of our State."

ഈ ഭേദഗതി സഭയുടെ അംഗീകരണത്തിനു ശുപാർശ ചെയ്യുന്നതിനു മുൻപായി ഇതിനെപ്പററി ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ ഉന്നീതമായ വസ്തുതകളെപ്പററി ചിലതു പറയാൻ ഞാനാഗ്രഹിക്കുന്നു.

ഇന്നു അധികാരത്തിലിരിക്കുന്ന കക്ഷി ഇവിടെ ഒരു ചരിത്രം സൃഷ്ടിച്ചിരിക്കുന്നു എന്നു പറയുകയുണ്ടായി. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഇടതുപക്ഷ കക്ഷികളുടെ ഒരു ഭരണം ഇവിടെ ഉണ്ടാകുമെന്നു ഉറപ്പുകൊടുത്തശേഷം, ആ വാഗ്ദാനം ലംഘിച്ചുകൊണ്ടു് അധികാരത്തിൽ കയറിയതിന്റെ ചരിത്രമാണോ, അതോ അടിയന്തിരമായ ആശ്വാസം ജനങ്ങൾക്കു കൊടുക്കുമെന്നു പറഞ്ഞിട്ടുള്ളതിനു് അടിസ്ഥാനമായ പ്രതീക്ഷകൾ സഫലീകരിക്കുകയാണോ ചെയ്യുന്നതെന്നു് ചരിത്രംതന്നെ തീരുമാനിക്കാൻ പോകുകയാണു്. അതുകൊണ്ടു് അതെപ്പററി ഞാൻ വല്ലതെയൊന്നും സംസാരിക്കുന്നില്ല. ഏതായാലും ഒരു മൈനാറിട്ടി പാർട്ടി അധികാരത്തിൽ വരുമ്പോൾ ചില പ്രാഥമിക മര്യാദകൾ സ്വീകരിക്കേണ്ട ചുമതലയുണ്ടു്. മൾട്ടിപാർട്ടി സമ്പ്രദായമാണിവിടെ നടക്കുന്നതെന്നു എന്റെ സ്നേഹിതൻ ശ്രീ. രാമസ്വാമി ഇവിടെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ, മൾട്ടി പാർട്ടി സിസ്റ്റം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തുകൊണ്ടു് അദ്ദേഹത്തിന്റെ കക്ഷിനേതാവും സ്വീകരിച്ചില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്. ൧൧൮-ൽ ൪൫ അംഗങ്ങളുള്ള കോൺഗ്രസ്സുകക്ഷി ഭരണഭാരം ഏറെറടുത്തപ്പോൾ, ശ്രീ. പട്ടം താണുപിള്ള അവരുടെ മുൻപിൽ ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. ആ നിർദ്ദേശം എന്തുകൊണ്ടു് അദ്ദേഹം ൧൧൮ മെംബറന്മാരുടെ പ്രതിനിധിയായി അധികാരത്തിൽ വന്നപ്പോൾ സ്വീകരിക്കുന്നില്ലാ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു വോട്ട ആഫ് കാൺഫിഡൻസു അവതരിപ്പിച്ചു് നിങ്ങൾക്കു് ഈ നിയമസഭയിൽ പിൻതുണ കിട്ടുമെന്നു അറിയേണ്ട ഒരു ചുമതല ഉണ്ടെന്നു അന്നു് അദ്ദേഹം വാദിക്കുകയുണ്ടായി. എന്നാൽ ഇന്നു് അദ്ദേഹം അതു് മറന്നു കളഞ്ഞു. ഞങ്ങൾക്കു് അദ്ദേഹത്തെ വിമർശിക്കാനുള്ള അവകാശത്തിന്റെ അടിസ്ഥാനം ഇതുമാണു്. അദ്ദേഹം ജനങ്ങളുടെ മുൻപിൽ വച്ചിരിക്കുന്ന പരിപാടികൾ നടപ്പിലാക്കാൻ അദ്ദേഹത്തിനു കഴിവുണ്ടോ എന്നു അറിയാൻ ഞങ്ങൾക്കു് അവകാശമുണ്ടു്. അതിനുമേലേ അദ്ദേഹത്തെ സഹായിക്കുന്ന കാര്യത്തിൽ അനുകൂലവാഗ്ദാനം നൽകാൻ ഞങ്ങൾക്കു സാധിക്കുകയുള്ളു. എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ പറഞ്ഞതുപോലെ, ഒരു പാർട്ടി ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിവുള്ളവരാണോ, പാർട്ടി ജനങ്ങളുടെ മുൻപിൽ വച്ചിരിക്കുന്ന പരിപാടികൾ നടപ്പിലാക്കാൻ കഴിവുള്ളവരാണോ എന്നു തീരുമാനിക്കുന്നതിനു് ആ പാർട്ടി ഏതു വശത്തിൽ നിന്നാണു് ശക്തി സംഭരിച്ചിരിക്കുന്നതെന്നു നോക്കേണ്ടതുണ്ടു്. അതറിയുന്നതിനു വേണ്ടി ശ്രീ. പട്ടം താണുപിള്ള ഒരു വിശ്വാസപ്രമേയം

ഇവിടെ അവതരിപ്പിക്കേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ പാർട്ടിയുടെ മിത്രങ്ങൾ ആരാണെന്ന് അറിയേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മിത്രങ്ങളെ വെളിയിലറിയിക്കാൻ അദ്ദേഹം മടികാണിക്കുന്നുണ്ട്. മിത്രങ്ങളെ വെളിയിൽ അറിയിക്കാൻ മടിക്കുന്നത് വാസ്തവത്തിൽ ഭീരുക്കളല്ലേ? ഈ ഒളിച്ചു കളിയൊന്നും ഞങ്ങളുടെ മുൻപിൽ സാദ്ധ്യമല്ല. പൊതുജനങ്ങളുടെ മുൻപിലും സാദ്ധ്യമല്ല. ജനങ്ങൾക്കറിയാം, ആരാണ് പി. എസ്സ്. പി. യെ അധികാരത്തിൽ വാഴിച്ചതെന്ന്. ആരാണ് പി. എസ്സ്. പി. ക്ക് പിൻതുണ നൽകുന്നതെന്നും അവർക്കറിയാം. കഴിഞ്ഞ ആറു കൊല്ലങ്ങളായി നാടുമുടിച്ചു ഭരിച്ച കാൺഗ്രസ്സുകാരാണ് പി. എസ്സ്. പി. യെ അധികാരത്തിൽ വാഴിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഒരു സോഷ്യലിസ്റ്റ മന്ത്രിസഭ ഭരണം ഏറ്റെടുത്തപ്പോൾ ജനങ്ങൾക്ക് ആഹ്ളാദം ഉണ്ടാകാതിരുന്നത്. ശ്രീ. എ. ജെ. ജാൺ ഒരു മന്ത്രിസഭ രൂപീകരിച്ച അവസരത്തിൽ കണ്ട ആഹ്ളാദത്തിന്റെ ഒരു ശതമാനം പോലും ഈ നാട്ടിൽ പി. എസ്സ്. പി. മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്ത ദിവസം കാണുകയുണ്ടായില്ല. കാരണം ജനങ്ങൾക്കറിയാം, അവർക്കു വേണ്ടി ഒന്നും ചെയ്യാൻ ഇപ്പോഴത്തെ ഈ മന്ത്രിസഭയ്ക്കു കഴിവില്ലെന്ന്. ഒരു ന്യൂനപക്ഷത്തെ അധികാരത്തിൽ കയററിവച്ച് പ്രതിപക്ഷത്തിന്റെ അധികാരംകൂടി കാൺഗ്രസ്സു കൈയ്ക്കലാക്കിയിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ നേതാവിന് അദ്ദേഹത്തിന്റേതായ ഒരു ഭേദഗതി നയപ്രഖ്യാപന പ്രസംഗത്തിന് അവതരിപ്പിക്കാനില്ല. അദ്ദേഹം പ്രതിപക്ഷ നേതൃത്വത്തെ അവമാനിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ഇവിടെ ജനാധിപത്യനടപടികളെയെല്ലാം നശിപ്പിക്കുവാൻവേണ്ടി നടത്തുന്ന ഗൂഢാലോചനകളുടെ ഭാഗങ്ങളാണിത്. അതുകൊണ്ട് ഭേദഗതി അവതരിപ്പിക്കണം എന്നൊരു ചോദ്യം വരുവാനിടയുണ്ട്. കാരണം മൗലികമായ യാതൊരു വ്യത്യാസവും നയപരിപാടികൾ തമ്മിൽ ഇല്ലെന്നുള്ളതാണ്. ഈ പരമാർത്ഥം ഇവിടെ ചിലർ ഇതിനകം സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. കാൺഗ്രസ്സു പാർട്ടി വിപ്പായ ശ്രീ. കരുണാകരൻ ഇന്നു ചെയ്ത പ്രസംഗത്തിൽ അർത്ഥവത്തായ ഒരു പ്രസ്താവനയുണ്ടായിരുന്നു. കഴിഞ്ഞ ഗവണ്മെൻറ സ്വീകരിച്ച നടപടികൾ അതേപടി പി. എസ്സ്. പി. തുടരുന്നതുകൊണ്ടു അവർക്ക് ആശ്വാസം ഉണ്ടെന്നു ശ്രീ. കരുണാകരൻ പറയുകയുണ്ടായി. ശ്രീ. റഹിം പ്രസംഗിച്ചപ്പോൾ, പരിപാടികൾ എല്ലാം പഴയതുതന്നെ, പക്ഷെ സോഷ്യലിസ്റ്റ് ചായം മാത്രമെ പുരട്ടിയിട്ടുള്ളു എന്നു പ്രസ്താവിച്ചു. അതുകൊണ്ടാണ് പി. എസ്സ്. പി. പാർട്ടിയെപ്പററി ഞങ്ങൾക്കു ആശങ്കയുള്ളത്. അതുകൊണ്ടുതന്നെയാണ് പി. എസ്സ് പി. ഗവണ്മെൻറിന് അഡ്വാൻസായി വാഗ്ദാനം ചെയ്യാനും നിവൃത്തിയില്ലാതിരിക്കുന്നത്. സർ, പരിപാടികൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ൧൯൫൭-ൽ കാൺഗ്രസ്സ് ചെയ്ത നയപ്രഖ്യാപനവും, ഇപ്പോൾ ൧൯൬൦-ൽ പി. എസ്സ്. പി. ചെയ്തിരിക്കുന്ന നയപ്രഖ്യാപനവും തമ്മിൽ ഒരു താരതമ്യപഠനം നടത്തേണ്ടതാണ്. വാക്കിനു വാക്ക്, വാചകത്തിനു വാചകം എന്നല്ലാതെ യാതൊരു വ്യത്യാസവുമില്ല. ഇങ്ങനെയുള്ള പരിപാടികൾ പി. എസ്സ്. പി. നടപ്പിലാക്കുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. അടിയന്തിരമായ ചില ആവശ്യങ്ങൾ ജനങ്ങൾക്കു ഇന്നുണ്ട്. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതും പെട്ടെന്നു പരിഹാരം കിട്ടേണ്ടതുമായ ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഇടതു പക്ഷങ്ങൾക്കു അവർ വോട്ടു നൽകിയത്. അങ്ങനെയുള്ള അടിയന്തിരനടപടികൾ

[ശ്രീ. ടി. വി. താമസ്]

നടപ്പിലാക്കാൻ എന്തുകൊണ്ട് സോഷ്യലിസ്ററുകാർ തയ്യാറാകുന്നില്ല? 48 മണിക്കൂറിനുള്ളിൽ യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ലെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. 48 മണിക്കൂറിനുള്ളിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പരിപാടികൾ നടപ്പിലാക്കാൻ ഒരു സർക്കാരിനു സാദ്ധ്യമല്ലെന്നു പറഞ്ഞാൽ അതു വിശ്വസിക്കാൻ ഞങ്ങൾ തയ്യാറില്ല. ഇന്നു കൃഷിക്കാരൻ അക്രമപ്പാട്ടംകൊണ്ടും ഭാരിച്ച കടബാദ്ധ്യതകൊണ്ടും വിഷമിക്കുകയാണ്. ഒരു പി. എസ്സ്. പി. നേതാവായിരുന്ന പിരിഞ്ഞു പോയ ശ്രീ. പ്രകാശം പോലും കൃഷിക്കാർക്ക് ഒരു മാറിട്ടോറിയം ഡിക്ലയർ ചെയ്യാൻ പോകുന്നു. അടിയന്തിരമായി കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാതെ, സർക്കാരിനെ അവർ പിൻതാങ്ങുകയില്ല. ആ നിലയിൽ കൃഷിക്കാരെ പ്രതിനിധീകരിക്കുന്ന പാർട്ടിയും, ഈ സർക്കാരിനെ പിൻതാങ്ങാൻ ബാദ്ധ്യസ്ഥരല്ല. അതുപോലെതന്നെ തൊഴിലാളികൾക്ക് ആശ്വാസംകൊടുക്കാൻ ഗവണ്മെൻറ് എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്? കർഷകത്തൊഴിലാളികൾക്ക് മിനിമം വേജസ് കമ്മിററികൾ നിയമിച്ചിട്ടുണ്ടെന്നു പറയുന്നു. മൂന്നു മാസത്തിനു മുൻപുതന്നെ പഴയ സർക്കാർ നിയമിച്ച കമ്മിററിയാണ്. ഒരു യോഗംപോലും ഇതുവരെ കൂടിയിട്ടില്ല. ഏഴോ എട്ടോ കമ്മിററി റിപ്പോർട്ടുകൾ സിക്രട്ടേറിയേററിലെ ഫയലുകളുടെ കൂട്ടത്തിൽ തീരുമാനമുണ്ടാകാതെ കിടക്കുകയാണ്. കാൺഗ്രസ്സ് സർക്കാർ സൃഷ്ടിച്ചുവിട്ട തൊഴിലാളിവിരുദ്ധനയത്തെപ്പററി ഈ സർക്കാരിനു ഒന്നും പറയാനില്ല. തൊഴിലാളികളുടെ മൗലികമായ അവകാശങ്ങൾപോലും അനുവദിക്കാൻ ഗവണ്മെൻറു തയ്യാറാകുന്നില്ല. ട്രെയിഡ് ഡിസ്പ്യൂട്സ് ആക്ററു അനുസരിച്ചുള്ള ആനുകൂല്യങ്ങൾപോലും തൊഴിലാളികൾക്ക് ലഭിക്കാൻ അനുവദിക്കുന്നില്ല. കൂടാതെയും കരിങ്കാലി സംഘടനകൾ സൃഷ്ടിക്കുകയാണ് സർക്കാർ ചെയ്തുവരുന്നതും. മദ്യനിരോധനത്തെ സംബന്ധിച്ചു ധനകാര്യമന്ത്രി ഇന്നത്തെ ചോദ്യോത്തരവേളയിൽ അഭിമാനം കൊള്ളുകയാണ്. മദ്യനിരോധനംമൂലം തൊഴിലില്ലാതായവർക്ക് സഹായം ചെയ്യുന്നതാണെന്നദ്ദേഹം പറഞ്ഞു. കരുപ്പെട്ടി വ്യവസായവികസനത്തിനു വേണ്ട നടപടികൾ നടത്തുന്നുണ്ടെന്നും പറഞ്ഞു. എന്നാൽ വ്യവസായത്തിൻെറ ഇന്നത്തെ സ്ഥിതി എന്താണ്. ആ വ്യവസായം ഇപ്പോൾ വളരെ അധഃപ്പതിച്ചിരിക്കുകയാണ്. ഒരു റാത്തൽ കരുപ്പെട്ടിക്ക് 8 അണ വിലയുണ്ടായിരുന്നതിപ്പോൾ $3\frac{1}{2}$ അണ വരെയായി കുറഞ്ഞിട്ടുണ്ട്. അവർക്ക് ആവശ്യമുള്ള വിറകുപോലും നൽകി വരുന്നില്ല. ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്നു നയപ്രഖ്യാപനത്തിൽ കാണുന്നില്ല.

ഇനി എൻെറ ഇവിടെ നടന്ന ഒരു രംഗത്തെപ്പററിയാണ് എനിക്കു പറയാനുള്ളതു്. നമ്മുടെ സംസ്ഥാനം പാർട്ട (ബി) യായിരിക്കുന്നതിൽ അന്നത്തെ ഗവണ്മെൻറിനോട് രോഷംകൊണ്ട ശ്രീ. പട്ടംതാണുപിള്ളയാണ് ഇന്നത്തെ മുഖ്യമന്ത്രിയായിരിക്കുന്നതു്. പക്ഷെ ഇന്നു ഈ സംസ്ഥാനത്തെ പാർട്ട് 'എ' യിൽ ഉൾപ്പെടുത്താൻ യാതൊരു നിർദ്ദേശവും അദ്ദേഹത്തിൻെറ ഗവണ്മെൻറിൻെറ നയപ്രഖ്യാപനത്തിൽ കാണുന്നില്ല. അതിനു കാരണം കാൺഗ്രസ്സിൻെറയും പി. എസ്സ്. പി. യുടെയും പരിപാടികൾ തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരിക്കാത്തതല്ലേ. പക്ഷെ, ഇവർ ഒരു പുതിയ ഭരണകൂടം സൃഷ്ടിക്കുകയാണെന്നു പറഞ്ഞു;

ചരിത്രം സൃഷ്ടിക്കുന്ന ഭരണകൂടം. പഴയ ഭരണകൂടത്തെ പശ്ചാത്തലത്തിലാക്കിയവർ. പഴയ ഭരണകൂടത്തോടു രോഷം കാണിക്കാത്ത ആളുകൾ പുതിയ ഭരണകൂടത്തിന്റെ സംവിധാനക്കാരാകുകയില്ല.

വയലാർ—പുന്നപ്ര കേസിലെ ധീരന്മാരായ, ദേശാഭിമാനികളായ പ്രതികളിൽ പലരും ഇന്നും ഇരുമ്പഴികൾക്കുള്ളിലാണ്. ജനായത്ത ഭരണം കൈവരുത്താൻ, ഏകാധിപത്യഭരണം ബഹിഷ്ക്കരിക്കാൻ, രാജവാഴ്ച അവസാനിപ്പിക്കുവാൻവേണ്ടി സമരം നടത്തിയ ധീരദേശാഭിമാനികളാണവർ. പഴയ ഗവണ്മെൻറിനോടു രോഷമുള്ളവരാണ് ഇപ്പോഴത്തെ ഭരണാധികാരികളെങ്കിൽ എന്തുകൊണ്ട് പഴയ ഭരണകൂടത്തെ തകർത്തവരെ ആദരിക്കാത്തതു്—മാനിക്കാത്തതു്. വയലാർ—പുന്നപ്ര കേസിൽപ്പെട്ട രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തെപ്പററി ഈ പ്രഖ്യാപനപ്രസംഗത്തിൽ സൂചിപ്പിച്ചില്ല?

ഈ ഗവണ്മെൻറ് രാജ്യക്ഷേമത്തെ മുൻനിറുത്തി, അതായതു് പൊതുജനങ്ങളുടെ ആവശ്യങ്ങൾ അതർഹിക്കുന്ന വിധത്തിൽ സംരക്ഷിക്കാൻ തയ്യാറില്ലെങ്കിൽ, അതിനു പ്രാപ്തിയില്ലെങ്കിൽ അവരോടു പ്രതികാരം ചോദിക്കാൻ ചരിത്രം കാത്തിരിക്കുകയാണ്. അതിനവർ തയ്യാറാണെങ്കിൽ ഞങ്ങളുടെ സഹകരണമുണ്ടാകുന്നതാണ്. അതുകൊണ്ടു് രാജപ്രമുഖന്റെ പ്രസംഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ ഈ സഭയുടെ സമ്പൂർണ്ണമായുള്ള അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുന്നു. ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, രണ്ടുകൊല്ലം മന്ത്രിയായിരുന്നതിനുശേഷം ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറിന്റെ ആക്രമണത്തിൽനിന്നും ഇനിയെങ്കിലും രക്ഷപ്പെടാമെന്നു വിചാരിച്ചു് ശാന്തനായി, നിശബ്ദനായി യാതൊരു വിധത്തിലുമുള്ള കുഴപ്പങ്ങൾക്കും ഒരുക്കമില്ലാതെ ഒതുങ്ങി ഒരു മൂലയിലിരിക്കുമ്പോൾ അദ്ദേഹം പിന്നെയും എന്റെ നേരെ ആക്രമത്തിനു വരുകയാണുചെയ്യുന്നതു്. പൊതുതെരഞ്ഞെടുപ്പു കഴിഞ്ഞശേഷം പ്രധാനമന്ത്രിയാകാൻ കൊതിച്ച അദ്ദേഹം അതു സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ഇവിടത്തെ പ്രതിപക്ഷനേതാവിന്റെമേൽ ഒരു അവിശ്വാസപ്രമേയം ഹാജരാക്കാൻ വല്ല നിയമവും ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നു് വാദപ്രതിവാദം നടത്തുമായിരുന്നു. പക്ഷെ അതിനൊന്നും യാതൊരു വഴിയുമില്ലാതെ ദുഃഖിക്കുകയാണ്. "പാപിചെല്ലുന്നിടമെല്ലാം പാതാളം" എന്നു പറഞ്ഞതുപോലെ, ഞാൻ എവിടെ ചെന്നാലും അവിടെയൊക്കെ ടി. വി. തോമസും വന്നുകേറുന്നുണ്ടു്. ഞാൻ അദ്ദേഹത്തോടു പറയുന്നു, അദ്ദേഹത്തിന്റെ ആക്രമാസക്തി വച്ചുകളയാതെ കൈവെടിയുന്നതു് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ശ്രേയസ്കരമാണെന്നു്. ശ്രീ. തോമസു് പരിഭവിക്കേണ്ട, നേരംപോക്കായി ഞാനിതു പറഞ്ഞുവെന്നേയുള്ളു.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഇതുപോലെയുള്ള നേരംപോക്കു പറയാനും കൂടി സമയം അനുവദിക്കാമോ?

മി. സ്പീക്കർ: ഇങ്ങനെയുള്ള നേരമ്പോക്കുകൾ അനുവദനീയമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നിയമസഭയിലെ പ്രതിപക്ഷസ്ഥാനം തട്ടിയെടുക്കാൻ കാൺഗ്രസ്സുപാർട്ടി ശ്രമിച്ചു വരുന്നു എന്ന് ആലപ്പുഴ രണ്ടാംനിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട മെമ്പറെപ്പോലെതന്നെ വേറെ ചില മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെ ആവർത്തിച്ചാവർത്തിച്ച് ആരോപണങ്ങൾ കാൺഗ്രസ്സ് പാർട്ടിയെ സംബന്ധിച്ചു ധാരാളം ഉണ്ടായിട്ടുണ്ട്. ഈ ആരോപണങ്ങളെ സംബന്ധിച്ചു ചിന്തിക്കുകയാണെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനു എതിരായോ അല്ലെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനെ അവഹേളിക്കാനോ ഉള്ള ഒരു നയം ഇതിൽ അടങ്ങിയിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നതു്.

രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിലെ ഉള്ളടക്കം പട്ടം ഗവണ്മെൻറിന്റെ നയപ്രഖ്യാപനമാണ്. വളരെ നല്ല കാര്യങ്ങൾ ആ നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളുന്നുണ്ട്. അതേ കാര്യങ്ങൾതന്നെ ഇതിനു മുൻപിലത്തെ ഭരണകക്ഷിയായ കാൺഗ്രസ്സ് ഗവണ്മെൻറിന്റെ നയപ്രഖ്യാപനപ്രസംഗങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ട് ഈ നയപ്രഖ്യാപനം ഒരിക്കലും നല്ലതല്ലാതായിത്തീരുകയില്ല. പാർട്ടിയുടെ നയപ്രഖ്യാപനം പാർട്ടിയുടെ പേരിനെ ആസ്പദമാക്കിയായാലും, അതല്ല ജനങ്ങളുടെ അഭിലാഷത്തിനു അനുയോജ്യമായിട്ടായാലും സ്വാഗതാർഹമാണ്. നാട്ടിലെ ജനങ്ങൾക്ക് ആഹാരവും തൊഴിലും മററു ജീവിതോപായത്തിനുള്ള സാദ്ധ്യതകളും നൽകേണ്ടതു് ഒരു ഗവണ്മെൻറിന്റെ കടമയാണ്. അവയെപ്പററിയാണ് നയപ്രഖ്യാപനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. വളരെ പണച്ചിലവുകൂടിയതും ഭാരമേറിയ ചുമതലയുള്ളതുമായ ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം കാൺഗ്രസ്സിനെപ്പോലെയുള്ള ഒരു പാർട്ടി ആലോചിച്ചതു്, വീണ്ടും രാജ്യത്തു് കുഴപ്പവും അനിശ്ചിതാവസ്ഥയും വരുത്തണമോ അതോ പൊതുജനങ്ങളുടെ അഭിലാഷമനുസരിച്ചു് ഒരു സുസ്ഥിരമായ ഭരണകൂടം ഉണ്ടാക്കുകയാണോ വേണ്ടതു് എന്നുള്ള പ്രശ്നത്തിലേയ്ക്കു കടന്നതിന്റെ ഫലമായിട്ടാണ് കാൺഗ്രസ്സ് പാർട്ടിയുടെ പിൻതുണയോടുകൂടി വെറും പത്തൊൻപതംഗങ്ങൾ മാത്രമുള്ള ഒരു ന്യൂനപക്ഷപാർട്ടി ഭരണം ഏറെറടുക്കാൻ കാരണമായിട്ടുള്ളതു്. പക്ഷെ എന്റെ എളിയ അഭിപ്രായത്തിൽ ഈ രാജ്യത്തെ പ്രായപൂർത്തി വോട്ടവകാശവും ഉത്തരവാദഭരണവും വന്നതോടുകൂടി സാ[illegible] സമാധാനത്തോടുംകൂടി ഒരു ഭരണം നടത്താൻ ഒരു ഗവണ്മെൻറിനും ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. കാൺഗ്രസ്സുപാർട്ടി ഭരിച്ചകാലത്തു് അതിനെതിരായി ഉത്തരവാദബോധമില്ലാത്ത പല പാർട്ടികളും നിയമസഭയ്ക്കകത്തും പുറത്തും തല ഉയർത്തിയിരുന്നു. നിയമസഭയ്ക്കകത്തുള്ള പാർട്ടി അന്ന് വെറും എതിർപ്പിനുവേണ്ടി എതിർക്കുകമാത്രമാണ് ചെയ്തിരുന്നതു്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ മാത്രമല്ല അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട പല മെമ്പറന്മാരും ഇതേ നയം തന്നെയാണ് പ്രകടിപ്പിച്ചിരുന്നതു്. ഭരണപരമായ കാര്യങ്ങൾക്ക് നിയമസഭയിൽ ഒരു എതിർപാർട്ടി അത്യാവശ്യമാണ്. രാജ്യഭരണം സുശക്തമാക്കുകയാണ് ഒരു പ്രതിപക്ഷപാർട്ടിയുടെ കടമ. അതുകൊണ്ടാണ് സഹാനുഭൂതിയോടുകൂടിയ ഒരു എതിർപ്പു ശ്രീ. പട്ടം താണുപിള്ളയുടെ ഗവണ്മെൻറിനു ഉണ്ടാകട്ടെ എന്നു കരുതിയതു്. രാജപ്രമുഖന്റെ പ്രസംഗത്തിലടങ്ങിയിട്ടുള്ള നല്ല കാര്യങ്ങൾ ചെയ്യുന്നതിന് ഗവണ്മെൻറിനോടൊപ്പം വേണ്ട സഹകരണങ്ങൾ ചെയ്യാൻ

ഞങ്ങളും തയ്യാറാണ്. എന്നാൽ കാൺഗ്രസ്സ് ഈ രാജ്യം ഭരിച്ചകാലത്ത് സഹാനുഭൂതിയോടുകൂടിയുള്ള ഒരു എതിർകക്ഷിയെ കിട്ടാൻ കഴിഞ്ഞിട്ടില്ലായിരുന്നു. ഇന്നങ്ങനെയല്ല. സഹാനുഭൂതിയോടുകൂടിയുള്ള ഒരു എതിർപ്പാണ് ഇന്നത്തെ ഭരണകക്ഷിക്കു കിട്ടുന്നതു്. രാജപ്രമുഖന്റെ പ്രസംഗത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി എടുത്തു പരിശോധിക്കുന്നപക്ഷം അതിൽ അടങ്ങിയിട്ടില്ലാത്ത പല കാര്യങ്ങളും രാജ്യത്തു് ചെയ്യേണ്ടതായിട്ടുണ്ട്. പക്ഷെ അതിനെപ്പററി ഒന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. കാര്യങ്ങൾ ശരിക്കുമനസ്സിലാക്കി അവ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു് ജനങ്ങൾക്കു് കാണിച്ചുകൊടുക്കാനുള്ള ഒരു സാഹചര്യമാണ് ഗവണ്മെന്റ് ഉണ്ടാക്കേണ്ടതു്. അല്ലെങ്കിൽ ആ ഭരണം ഒരിക്കലും വിജയിക്കുകയില്ല. ഭരണം വിജയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണ് ശ്രീ. ടി. വിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ "ജനങ്ങളാൽവെറുക്കപ്പെട്ട കാൺഗ്രസ്സ്" ഇന്നു് ഈ നിലപാട് സ്വീകരിക്കാൻ തയ്യാറായതു്. കാൺഗ്രസ്സ് അവരുടെ ഭരണകാലത്ത് പല നന്മകളും രാജ്യത്തു ചെയ്തിട്ടുണ്ട്. അവ ഓരോന്നായി എടുത്തു പറയണമെന്നു് വിചാരിക്കുന്നില്ല. എന്നിട്ടും ശ്രീ. ടി. വി. തോമസ് "ജനങ്ങളാൽ വെറുക്കപ്പെട്ട കാൺഗ്രസ്സ്" എന്നു് നിന്ദാഗർഭമായ രീതിയിൽ കാൺഗ്രസ്സിനെ കുററപ്പെടുത്തുമ്പോൾ നിന്ദാഗർഭമായ ഒരു പുഞ്ചിരിയാണ് എനിക്കുണ്ടാകുന്നതു്. ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടിയാണോ കാൺഗ്രസ്സ് എന്നുള്ളതു് ഈ കഴിഞ്ഞ തിരഞ്ഞെടുപ്പുകൊണ്ടു മനസ്സിലാക്കാവുന്നതാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആകെ നവ്വ ലക്ഷം ആളുകൾ വോട്ടുചെയ്തപ്പോൾ കാൺഗ്രസ്സിനു കിട്ടിയതു് പതിനേഴലക്ഷവും ഐക്യമുന്നണിക്കു് കിട്ടിയതു് അതിൽ കുറവുമായിരുന്നു. അതായതു് അഞ്ചും ആറും ലക്ഷം വീതം ഓരോ പാർട്ടിക്കും കിട്ടിയിട്ടുള്ള വോട്ടിനെക്കാൾ കൂടുതലായിരുന്നു കാൺഗ്രസ്സിനു കിട്ടിയിട്ടുള്ളതെന്നു കാണാവുന്നതാണ്. ആ സ്ഥിതിക്കു് കാൺഗ്രസ്സ് പാർട്ടി ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടി അല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. അല്പം മുൻപ് ശ്രീ. ബാലകൃഷ്ണൻതന്നെ പറയുകയുണ്ടായി, അദ്ദേഹം വിജയിയായതു് പി. എസ്സ്. പി. യുടെയും, ഐക്യമുന്നണിയിലുള്ള മററു പാർട്ടിയുടെയും സഹായത്തോടുകൂടിയായിരുന്നു എന്നു്. ഇങ്ങനെ ഓരോ പാർട്ടിയും പരസ്പരം സഹായപ്രവർത്തനം ചെയ്തതിന്റെ ഫലമായിട്ടാണ് ഐക്യമുന്നണിക്കു് ഇത്രത്തോളം വോട്ടുകൾ കിട്ടിയിട്ടുള്ളതു്. അതിനേക്കാൾ കൂടുതലായി, ഒരു പാർട്ടിയുടെയും സഹായം കൂടാതെ കാൺഗ്രസ്സിനു് വോട്ടു് കിട്ടിയിട്ടുണ്ടെന്നു പറയുമ്പോൾ അതു ഞാൻ ഒരു അവകാശവാദത്തിനുവേണ്ടി ഉദ്ധരിക്കുകയാണെന്നു കരുതേണ്ട. ഇപ്പോൾ വെറും പത്തൊൻപതംഗങ്ങൾ മാത്രമുള്ള സോഷ്യലിസ്റ്റ് പാർട്ടിക്കു് ഭരണപരമായി General and responsive co-operation നൽകാൻ വാഗ്ദാനം ചെയ്തിട്ടുള്ളതു്, ആലപ്പുഴ മെമ്പർ പറയുന്നതുപോലെ ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു പാർട്ടിയല്ല ഇതു്. നേരെ മറിച്ചു് തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ ൪൧ ശതമാനം വോട്ടുകിട്ടാൻ സാധിച്ച ഒരു പാർട്ടിയാണ് കാൺഗ്രസ്സ് പാർട്ടി. ഇനിയെങ്കിലും ബഹുമാനപ്പെട്ട മെംബർ നിന്ദാസൂചകമായി ഉപയോഗിച്ചിട്ടുള്ള ഈ പദം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു. ഞങ്ങൾ ഇപ്രകാരം ചെയ്തിട്ടുള്ള വാഗ്ദാനത്തിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

നിങ്ങൾക്കു് പരിഹാസത്തിനൊ അപഹാസത്തിനൊ വകയുണ്ടെന്നു തോന്നുന്നില്ല. അഥവാ ഉണ്ടെങ്കിൽതന്നെയും എനിക്കതിൽ അത്ഭുതവുമില്ല.

ബഹുമാനപ്പെട്ട ഇളംകുളം മെംബർ വളരെ ആലങ്കാരികമായ ഭാഷയിലും ശൈലികളിലും പറയുകയുണ്ടായി, കാൺഗ്രസ്സാകുന്ന നായകൻ പി. എസ്സ്. പി. ആകുന്ന നായികയെ തട്ടിക്കൊണ്ടുപോയി എന്നു്. അതേ സമയത്തു് എനിക്കു് പറയുവാനുള്ളതു് ശ്രീ. എം. പി. മേനവൻ ആകുന്ന കാന്തനെ കാത്തു് ശിംശപാവൃക്ഷച്ചുവട്ടിലെ സീതയെപ്പോലെ ദുഃഖിതയായി കഴിയുകയാണോ ശ്രീ. പട്ടം താണുപിള്ളയെന്നു് അദ്ദേഹം തന്നെ വിശദീകരിക്കട്ടെ. യഥാർത്ഥത്തിൽ അദ്ദേഹം വിരഹദുഃഖം അനുഭവിക്കുകയാണെങ്കിൽ കാന്തനോടുകൂടി പോകുന്നതിനു് യാതൊരു തടസ്സവുമില്ലെന്നുള്ളതാണു് ശിംശപാവൃക്ഷത്തിന്റെ പ്രത്യേകത എന്നുകൂടി ഈ അവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

കഴിഞ്ഞ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു് ഇന്നലെ ഇവിടെ ചില മെംബർമാർ അഭിപ്രായപ്പെടുകയുണ്ടായി, നിയമസഭ പിരിച്ചുവിട്ടതിനും അതിനെ തുടർന്നു് ഒരു തിരഞ്ഞെടുപ്പു് ഉണ്ടായതിനും മററും ഉത്തരവാദി കാൺഗ്രസ്സാണെന്നു്. ആ അഭിപ്രായം സ്വീകരിക്കുന്നു. അതേ അവസരത്തിൽ ഭൂരിപക്ഷമില്ലാത്ത ഗവൺമെൻറു് ഭരണം തുടരുന്നതു് ജനായത്ത സിദ്ധാന്തത്തിനു വിരുദ്ധമാണെന്നും അതുകൊണ്ടു് ഒരു തിരഞ്ഞെടുപ്പു് അത്യാവശ്യമാണെന്നും എല്ലാവരും സമ്മതിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പു കഴിഞ്ഞശേഷം കാൺഗ്രസ്സിനു് തികഞ്ഞ ഭൂരിപക്ഷം ലഭിക്കാത്തതുകൊണ്ടു് പിൻമാറുകയും ചെയ്തു. എന്നാൽ ഒന്നിരാടം തവണ ഇവിടെ ഒരു മന്ത്രിസഭ രൂപീകരിക്കാതിരിക്കുന്നതിനും അതുപോലെ ഭാരിച്ച ചെലവുകൾചെയ്തു് ഒരു തിരഞ്ഞെടുപ്പു് ഉണ്ടാകാതിരിക്കുന്നതിനും കേന്ദ്രത്തിൽനിന്നും നിയമിതനാകുന്ന ഒരു പ്രസിഡൻറിന്റെ കീഴിൽ രാജ്യഭരണം കൊടുക്കാതിരിക്കുന്നതിനും ഗവൺമെൻറിന്റെ നയപ്രഖ്യാപനമനുസരിച്ചു് സുഗമമായ ഒരു ഭരണം നടത്താനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണു് എന്റെ പാർട്ടിയുടെ നില. അതുകൊണ്ടാണു് ഒരു General and responsive co-operation ഞങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ളതു്. ഇതിൽ കല്ലെറ നടത്താനുള്ള സൗകര്യം ഉണ്ടെന്നു തോന്നുന്നില്ല. പക്ഷെ ആലപ്പുഴ മെമ്പറിനു ഉണ്ടായിട്ടുള്ള ഇച്ഛാഭംഗത്തിന്റെ പശ്ചാത്തലത്തിൽ ഇനിയും ആരോപണങ്ങളും അവഹേളനങ്ങളും തുടരുകയാണെങ്കിൽ—അധികാരത്തിൽനിന്നും വാവിട്ടുമാറി ജനായത്തതത്വമനുസരിച്ചു് രാജ്യത്തെ ഒരു ശാശ്വതഭരണസമ്പ്രദായം രൂപീകരിക്കുന്നതിനുവേണ്ടി സഹായഹസ്തം നീട്ടുന്ന ഈ അവസരത്തിൽ ഞാൻ മുൻപുപറഞ്ഞ ആരോപണങ്ങളിൽനിന്നും അവഹേളനങ്ങളിൽനിന്നും ഞങ്ങളെ ഒഴിവാക്കണമെന്നു് ഒരഭ്യർത്ഥനയുണ്ടു്. അതല്ല, ഇനിയും ഞങ്ങളുടെ നേരെ തോക്കു് ഒഴിക്കാൻ തുടങ്ങുകയാണെങ്കിൽ അതുപോലുള്ള തോക്കുകൾ ഇപ്പുറത്തും ഉണ്ടെന്നും അതായതു് രാജ്യത്തെ ജനങ്ങളുടെ ഒരു നല്ല ശതമാനം പിൻതുണയുള്ള ജനങ്ങളുടെ മഹത്തായ വിശ്വാസം ആർജ്ജിച്ചിട്ടുള്ളതാണു് ഈ കാൺഗ്രസ്സ് പാർട്ടിയെന്നും ഞാൻ അദ്ദേഹത്തെ സവിനയം അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, പാർലമെൻററി സിസ്റ്റത്തിന്റെ ചരിത്രത്തിൽ മറെറവിടെയുമില്ലാത്ത പുതിയ പുതിയ വഴക്കങ്ങൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തും ഇങ്ങനെ വഴക്കങ്ങൾ മാറിമാറി വരുന്നില്ല. അന്യരാജ്യങ്ങളിലും കണ്ടിട്ടില്ല, ഇത്രയും വഴക്കങ്ങൾ. ഏതായാലും നമ്മുടെ പുതിയ വഴക്കങ്ങളെക്കുറിച്ച് രാജപ്രമുഖന്റെ പ്രസംഗത്തിൽതന്നെ പറഞ്ഞുവയ്ക്കാമായിരുന്നു. ജെന്നിംഗ്സിനേയും മററും ആശ്രയിക്കാതെ, പിന്നീട് കാര്യങ്ങൾ നടത്തുവാൻ അതു് ഉപകരിച്ചേക്കും. ഇവിടത്തെ രാഷ്ട്രീയസംഭവവികാസങ്ങളിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് ജനങ്ങളെ വഞ്ചിച്ചുകൊണ്ടുള്ള പവ്വർ പൊളിററിക്സിന്റെ ദശയിലാണ് നാമിന്നും ജീവിക്കുന്നതെന്നാണ്. ബുദ്ധിവഞ്ചന, ബൂർഷ്വാരാഷ്ട്രീയത്തിന്റെ ഏററവും കരുത്തേറിയ ആയുധമാണ്. ബുദ്ധിവഞ്ചനകൊണ്ട് ഇനിയും രാജ്യത്തുള്ളവരെ വഞ്ചിക്കാമെന്ന് വ്യാമോഹിക്കുന്ന പല ബുദ്ധിമാന്മാരും ഇന്നിവിടെ ഉണ്ട്. ധിക്കാരത്തോടും അഹങ്കാരത്തോടുംകൂടി അവർ ഇപ്പോഴും ഇന്നാട്ടിലെ ജനങ്ങളെ വെല്ലുവിളിക്കുകയാണ്. ജനങ്ങളെ വെല്ലുവിളിച്ചതിന്റെ ഫലം ഒട്ടൊക്കെ കണ്ടുകഴിഞ്ഞു. ഇനിയും ജനഹിതത്തെ വഞ്ചിക്കുവാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള മറുപടി ജനങ്ങളിൽനിന്നുതന്നെ കിട്ടും. ഭാവിയുടെ ചുമരെഴുത്തുകൾ തെളിഞ്ഞുതെളിഞ്ഞു വരികയാണ്. ആ എഴുത്തുകൾ വായിച്ചു മനസ്സിലാക്കുന്നവർ കടുത്ത ബുദ്ധിവഞ്ചനയുടെ രാഷ്ട്രീയത്തിൽനിന്നും കഴിയുന്നതും വേഗത്തിൽ വിരമിക്കുന്നതു കൊള്ളാം. രാജപ്രമുഖന്റെ പ്രസംഗത്തിൽ പഴയ പ്രസംഗങ്ങളിൽ കാണാറുള്ളതിൽ കവിഞ്ഞു് യാതൊന്നും കണ്ടില്ല. വലിയ വലിയ വാഗ്ദാനങ്ങൾ കുറെ ഉണ്ട്. പക്ഷെ അതെല്ലാം കാൺഗ്രസ്സുകാരും ചെയ്തിട്ടുള്ളവയാണെന്ന് ഇവിടെ പ്രസംഗിച്ച കാൺഗ്രസ്സുമെമ്പറന്മാർ എടുത്തു പറഞ്ഞിട്ടുണ്ട്. കാൺഗ്രസ്സ് ഗവണ്മെൻറിന്റെ തുടർച്ചയായിട്ടേ ഈ പുതിയ ഗവണ്മെൻറിനെ കാണാൻ കഴിയുന്നുള്ളു. പ്രസംഗത്തിൽ രാജപ്രമുഖൻ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഇന്നത്തെ ബഡ്ജററിന്റെ നാലതിരുകൾക്കുള്ളിൽ ഉറച്ചുനിൽക്കുന്ന ഒരു ഗവണ്മെൻറിനു സാദ്ധ്യമല്ല. ഗവണ്മെൻറിന്റെ കീഴിൽ നടക്കുന്ന എല്ലാത്തരം ഏർപ്പാടുകളിലും ഇടത്തട്ടുകാരുടെ മേൽക്കോയ്മയാണുള്ളതു്. ഇടത്തട്ടുകാരുടെ കൈയ്യിലേയ്ക്കു പകർന്നുപോകുന്ന കോടിക്കണക്കിനുള്ള ഉറുപ്പിക പിടിച്ചെടുക്കണമെങ്കിൽ ഒരു പുതിയ വീക്ഷണഗതിയും ഒരു പുതിയ കാര്യനിർവ്വഹണപരിപാടിയും ആസൂത്രണം ചെയ്യണം. അദ്ധ്വാനിക്കുന്ന ജനങ്ങളെ നേരിട്ടു വിശ്വസിച്ചുകൊണ്ടുള്ള വീക്ഷണഗതിയും പരിപാടിയും കൈക്കൊള്ളാത്തകാലത്തോളം ഇടത്തട്ടുകാർ വെട്ടിച്ചെടുക്കുന്ന വലിയ വലിയ സംഖ്യകൾ നികത്തി എടുക്കുവാൻ സാദ്ധ്യമല്ല. അതു് സാദ്ധ്യമല്ലെങ്കിൽ രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങൾ എങ്ങനെ നടക്കാനാണ്? ഞാൻ പറഞ്ഞ വീക്ഷണഗതിയും പരിപാടിയും ശ്രീ. പട്ടത്തിന്റെ ഗവണ്മെൻറിനുണ്ടാകുമെങ്കിൽ അന്നു് അദ്ദേഹത്തിന്റെ ഗവണ്മെൻറിനെ പിൻതാങ്ങേണ്ട കാര്യം ഞങ്ങളാലോചിക്കും.

സൗജന്യവിദ്യാഭ്യാസം കൊടുക്കുവാൻ പോകുന്നുവെന്ന് രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിലും അടിയന്തിരമായ സംഗതികൾ വിട്ടുകളഞ്ഞു എന്ന സംഗതി പോകട്ടെ. ഈ വിദ്യാഭ്യാസ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പ്രശ്നത്തിൽത്തന്നെ ധൈര്യമായി കൈവയ്ക്കുവാൻ ശ്രീ. പട്ടത്തിനു കഴിയുമോ? നമ്മുടെ വിദ്യാഭ്യാസപ്രശ്നം ഒരു കടന്നൽക്കൂടാണ്. കോൺഗ്രസ്സ് ഗവൺമെൻറ് ഒരു പനമ്പിള്ളി പദ്ധതിയുമായി മുന്നോട്ടു വന്ന കഥ ഞങ്ങളോർക്കുന്നു. ആ പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ മന്ത്രിസ്ഥാനം രാജിവയ്ക്കുമെന്ന് ശ്രീ. പനമ്പിള്ളി പറഞ്ഞിരുന്നതാണ്. പദ്ധതി നടപ്പായില്ല. പനമ്പിള്ളി രാജിവച്ചുവോ ഇല്ലയോ എന്ന കാര്യം ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാമല്ലോ. ജനങ്ങളോടുത്തരവാദപ്പെട്ടു ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ നിക്ഷിപ്തതാൽപ്പര്യക്കാരുടെയും മററും ചരടുവലി നിമിത്തം പരാജയപ്പെടുകയാണെങ്കിൽ ആ ഇഷ്യുവിൻെറ പേരിൽ രാജിവച്ചിറങ്ങിപ്പോകാൻ ധൈര്യമുള്ള മന്ത്രിമാർ ഭരിക്കുന്ന കാലത്തേ രാജ്യഭരണം ഗുണപ്പെടുകയുള്ളൂ. നേരെമറിച്ച് അവനവൻെറ താൽപ്പര്യംനോക്കി ബുദ്ധിവഞ്ചനയുടെ രാഷ്ട്രീയവുമായി നടക്കുന്നവർ ജനങ്ങളെ രക്ഷിക്കാനുള്ളവരല്ല. ഏതായാലും ബുദ്ധിവഞ്ചനയുടെ പാരമ്പര്യത്തിൽനിന്നും, ഭഗവാനേ, ഈ രാജ്യം രക്ഷപ്പെടേണ്ടകാലം വല്ലാതെ വൈകിയിരിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുകയാണ്:

Add-

> "But regret to note that Your Highness's Government, besides being vague in the enunciation of policy on questions like prohibition, industries and public services, does not appear to give due importance to the implementation of the Five Year Plan, the Community Development programmes and National Extension Services."

സർ, ഈ ഭേദഗതിയെപ്പററി വല്ലതും പറയുന്നതിനുമുമ്പ് ഇവിടെ നടന്ന വാദപ്രതിവാദങ്ങളെപ്പററി ഒന്നുരണ്ടു വാക്കുകൾ പറയണമെന്നു വിചാരിക്കുന്നു. ഐക്യമുന്നണിനേതാക്കന്മാരും, പി. എസ്സ്. പി. നേതാക്കന്മാരുമായിട്ട് നടന്ന ഇവിടത്തെ വാദപ്രതിവാദം കണ്ടപ്പോൾ ഇവക്കു വോട്ടുചെയ്ത ആളുകളെപ്പററി സഹതാപമാണു തോന്നിയത്. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി ഇവിടെയുണ്ടാകുമെന്ന് കോൺഗ്രസ്സ് വളരെ നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്. അതായത് ഐക്യമുന്നണിയും പി. എസ്സ്. പി. യും കൂടി ചേർന്ന് ഒരു ഭരണകൂടം സൃഷ്ടിക്കാൻ പോകുന്നില്ല, അതു നടക്കാൻ പോകുന്നില്ല എന്ന് കോൺഗ്രസ്സ് നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്. കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയാൽ ഇവിടെ ഒരു ഉറച്ച ഗവണ്മെൻറുണ്ടാക്കുവാൻ ഒരുകാലം സാദ്ധ്യമാകുകയില്ലെന്ന് കോൺഗ്രസ്സ് നേരത്തെതന്നെ പറഞ്ഞിരുന്നു. പക്ഷെ, കോൺഗ്രസ്സ്വിരുദ്ധ മനോഭാവത്തോടുകൂടി രാജ്യത്തെ ജനങ്ങളിൽ ഒരു വിഭാഗം വോട്ടു ചെയ്തതിൻെറ ഫലമാണ് ഇന്ന് ഇവിടെ കാണുന്ന ഈ കുഴപ്പങ്ങൾക്കു കാരണം. ഒരു വ്യക്തമായ മിനിമം പ്രോഗ്രാമോടുകൂടി തിരഞ്ഞെടുപ്പിനു മത്സരിച്ചില്ലെങ്കിൽ കാര്യങ്ങൾ ശരിയായി മുന്നോട്ടു പോകുകയില്ലെന്ന് പി. എസ്സ്. പി. യുടെ പ്രോഗ്രാം അറിഞ്ഞിരുന്ന, ഐക്യമുന്നണിയുടെ പ്രോഗ്രാം അറിയാമായിരുന്ന, കോൺഗ്രസ്സ് മുന്നറിവു നൽകിയിട്ടുണ്ടായിരുന്നു. പി. എസ്സ്. പി. യുടെയും ഐക്യമുന്നണിയുടെയും ആദർശങ്ങളുടെ

വൈരുദ്ധ്യത്തെ നേരേചൊവ്വേ കാണുന്നതിനുള്ള കണ്ണ് അവക്കില്ലാതെ പോയി. ഐക്യമുന്നണിക്കാർ നിറുത്തിയ നാല്പത്തിയെട്ടുപേരും ജയിച്ചു വന്നിരുന്നാൽപോലും അവക്ക് ഒരു ഭരണകൂടം സൃഷ്ടിക്കുവാൻ സാധിക്കുമായിരുന്നോ എന്ന് എനിക്ക് സംശയമാണ്.

ശ്രീ. ററി. കെ. ദിവാകരൻ: തീർച്ചയായും സാധിക്കും.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ പറഞ്ഞതു് ഈ കാര്യങ്ങൾ മുമ്പുതന്നെ ആലോചിക്കണമായിരുന്നുവെന്നുമാത്രമാണു്. കാൺഗ്രസ്സിനെ പരാജയപ്പെടുത്തണമെന്നുള്ള മനോഭാവമുണ്ടായപ്പോൾ തന്നെ ഭരണപരമായ ഒരു മിനിമം പ്രോഗ്രാമിൽ എത്തിച്ചേർന്നിട്ടു് തിരഞ്ഞെടുപ്പിനു മത്സരിക്കേണ്ടതായിരുന്നുവെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അങ്ങനെ ഒരു ഒത്തുതീർപ്പിലെത്താതെ, ജനങ്ങളെ അങ്ങനെ മനസ്സിലാക്കിയിട്ടു് ഇങ്ങനെയുള്ള ഒരു കുഴപ്പം സൃഷ്ടിക്കുന്നതു് ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദാനലംഘനമാണു്.

ശ്രീ. ടി. വി. താമസ്: ഒരു ചോദ്യം. കാൺഗ്രസ്സ് തോററു എന്നു പറയുന്നതു് ബുദ്ധിപൂർവ്വം ഉപയോഗിക്കുന്ന ഒരു വാക്കാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ ആലോചിച്ചുതന്നെയാണു പറയുന്നതു്.

ശ്രീ. ടി. വി. താമസ്: അതല്ല, പ്രതിപക്ഷനേതാവു് കാൺഗ്രസ്സ് തോററില്ല എന്നു പറഞ്ഞു, അതുകൊണ്ടു ചോദിച്ചതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അദ്ദേഹം കാൺഗ്രസ്സ് പാർട്ടി തോററില്ല എന്നു പറഞ്ഞില്ല, പക്ഷെ വെറുക്കപ്പെട്ടിട്ടില്ല എന്നു മാത്രമേ പറഞ്ഞുള്ളു. ഏതായാലും ഈ വശത്തിരിക്കുന്നതുകൊണ്ടു് ജയിച്ചില്ല എന്നു സ്പഷ്ടമാണല്ലോ. ഇതിൽനിന്നും ഒരു ഗുണം കിട്ടിയിട്ടുണ്ടു്. ജനങ്ങൾ പാർട്ടിയെപ്പററിയും അവരുടെ വാഗ്ദാനങ്ങളെപ്പററിയും നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നും മേലാൽ അവർ ആലോചിച്ചു പ്രവർത്തിക്കുന്നതാണെന്നും നിശ്ചയമുണ്ടു്. സർ, ഇനി ഭേദഗതിയെപ്പററി രണ്ടുവാക്കു പറയാം. രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇപ്പോഴത്തെ ഗവൺമെൻറിന്റെ നയത്തെപ്പററി വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലെന്നാണു മനസ്സിലാകുന്നതു്. പി. എസ്സ്. പി. ഗവൺമെൻറ് ഇപ്പോൾ മാത്രമെ ചാർജ്ജെടുത്തിട്ടുള്ളു. അതുകൊണ്ടു് വ്യക്തമായി ഒന്നും പറയാൻ സാധിക്കുകയില്ല എന്നു പറയുന്നതു് അത്ര ശരിയല്ല. ഇത്തവണ ഷാപ്പുകൾ എല്ലാം ലേലം ചെയ്തുകൊടുത്തുപോയതുകൊണ്ടു് മദ്യനിരോധനം സംബന്ധിച്ചും വ്യക്തമായി ഒന്നും പറയുവാൻ സാധിക്കുകയില്ലെന്നു പറയുന്നതും ശരിയല്ല. ഈ ഗവൺമെൻറിന്റെ നയം ഇന്നതായിരിക്കുമെന്നു് രാജപ്രമുഖന്റെ പ്രസംഗത്തിൽ പറയാമായിരുന്നു. വ്യാവസായികനയത്തെപ്പററിയാണെങ്കിൽ അതും അങ്ങനെതന്നെ. ഇവിടത്തെ പ്രൈവററ് എൻറർപ്രൈസ്സിനെ പ്രോത്സാഹിപ്പിക്കുകയാണോ അതോ വ്യവസായങ്ങളെ ദേശീകരിക്കുവാൻ പോകുകയാണോ എന്നൊന്നും വ്യക്തമായി പറഞ്ഞു കാണുന്നില്ല.

ഒരു വസ്തുതകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. രാജപ്രമുഖന്റെ പ്രസംഗത്തിൽ പബ്ളിക്ക്സർവ്വീസിനെ സംബന്ധിച്ചു് ഒരു കാര്യം പ്രധാനമായി പറഞ്ഞിരിക്കുന്നു. അതായതു് ആൻറികറപ്ഷൻ ട്രിബ്യൂണൽ ഇവിടെ നിയമിക്കാൻപോകുന്നതായിട്ടു പറഞ്ഞിരിക്കുന്നു. അതിനു

[ശ്രീ. കളത്തിൽ വേലായുധൻനായർ]

ഇവിടെ സാംഗത്യമുണ്ടോ എന്നു സംശയമുണ്ട്. ഗവണ്മെന്റിന്റെ നയം ഇന്നതായിരിക്കണമെന്ന് പ്രഖ്യാപിക്കണം. എന്നാൽ ഈമാതിരിയുള്ള നിയമനങ്ങളെപ്പററിയെല്ലാം പറയണമോ എന്നു എനിക്കു സംശയമുണ്ട്. രണ്ടാമതായി രാജപ്രമുഖന്റെ പ്രസംഗത്തിൽ ആന്റികറപ്ഷനെപ്പററിയുള്ള ഭാഗം കൊണ്ടുവരാൻതക്കവണ്ണം അത്ര കറപ്ഷൻ പബ്ലിക്ക്സർവ്വീസിൽ, ഉള്ളതായി തോന്നുന്നില്ല. അതുകൊണ്ടു തീരെ അഴിമതി ഇല്ലെന്നില്ല. ചില കൈയ്ക്കൂലികളും അഴിമതികളുമൊക്കെ കണ്ടേയ്ക്കും. മാത്രമല്ല, പബ്ലിക്ക്സർവ്വീസിൽ ഇന്നു കാണുന്ന അസംതൃപ്തിക്കു പരിഹാരമുണ്ടാക്കാതെ അതായതു് താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുകയോ മററുതരത്തിലുള്ള പരിഷ്ക്കാരം നടപ്പിൽവരുത്തുകയോ ചെയ്യാതെ ആന്റികറപ്ഷൻ നടപ്പിൽവരുത്തും എന്നുമാത്രം പറഞ്ഞാൽ ഈ രാജ്യത്ത് അത്രയധികം അഴിമതിയുള്ളതായിട്ടു ചിലർ വിചാരിച്ചേയ്ക്കും.

ശ്രീ. ടി. കെ. ദിവാകരൻ: അതിൽ എക്സ്‌മന്ത്രിയെ ഒന്നും ഉൾപ്പെടുത്തുകയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: തൊഴിലൊന്നും ചെയ്യാതെ തൊഴിലാളിനേതാക്കന്മാരെന്നു ഭാവിക്കുന്നവരെ ഉൾപ്പെടുത്തുകയാണെങ്കിൽ എക്സ്‌മന്ത്രിമാരെയും ഉൾപ്പെടുത്തുന്നതിനു വിരോധമില്ല. ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽ സെക്രട്ടറിമാരിൽതന്നെ ഐ. എ. എസ്സ്. എന്നും, അതല്ലാത്തവരെന്നും ഒരു തരംതിരിക്കൽ. അതിൽ ചിലക്ക് അസംതൃപ്തി ഉണ്ട്. ഇവയെക്കുറിച്ചൊന്നും നയപ്രഖ്യാപനത്തിൽ പറഞ്ഞു കാണുന്നില്ല.

ഇന്നു വളരെ അധികം അവശതകൾ ഉദ്യോഗസ്ഥന്മാക്കുണ്ട്. അവശതയനുഭവിക്കുന്ന സൂപ്രണ്ടന്മാരും ക്ലാക്കന്മാരും ഉണ്ട്.
4 P.M. അവരുടെ കാര്യങ്ങളെപ്പററി ആലോചിച്ച് അവരുടെ അവശതകൾ പരിഹരിക്കുന്നതിന് ഒരു പേക്കമ്മീഷൻ നിയമിക്കേണ്ടതാണെന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അവരുടെ അവശതകളെപ്പററി അറിഞ്ഞ് അവരിൽ കറപ്ഷനുള്ള കാരണം അവക്ക് ജീവിതത്തിന് ആവശ്യമായ ശമ്പളം കിട്ടാത്തതാണെന്നു മനസ്സിലാക്കി കറപ്ഷന്റെ കാര്യത്തിൽ നടപടി എടുത്തിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

ഇവിടത്തെ പഞ്ചവത്സരപദ്ധതിയെപ്പററി ഫൈനാൻസ്‌മിനിസ്റ്ററുടെ പ്രസംഗത്തിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതു് ഇവിടത്തെ പഞ്ചവത്സരപദ്ധതിയാണെന്നുള്ളതിനു സംശയമില്ല. ചില കാര്യങ്ങളിൽ തൽക്കാലം നാം കഷ്ടപ്പെടുമെങ്കിലും നമ്മുടെ പഞ്ചവത്സരപദ്ധതി പൂർത്തിയാക്കിക്കഴിഞ്ഞാൽ രാജ്യത്തെ ജനങ്ങളുടെ ജീവിതമാനത്തെ ഉയർത്തുവാൻ കഴിയും. അതിന് ഈ ഗവണ്മെന്റ് മനഃപൂർവ്വമായി പ്രവർത്തിക്കുന്നതാണെന്ന് ഈ നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ല. അതുപോലെ കമ്മ്യൂണിററി പ്രോജക്റ്റ് മുതലായി ജനക്ഷേമകരമായ ചില പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്തു നടക്കുന്നുണ്ട്. ഗവണ്മെന്റിന്റെ പ്രവൃത്തികൊണ്ട് മാത്രം ഈ രാജ്യത്തെ വിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനു രാജ്യത്തെ ജനങ്ങളുടെ പ്രവൃത്തിയും സഹായസഹകരണവുംകൂടി ആവശ്യമാണ്. ജന

ങ്ങൾക്ക് ആവശ്യമായ റോഡുകളും കുളങ്ങളും ഇറിഗേഷൻതോടുകളും ജനങ്ങളുടെ സഹകരണത്തോടുകൂടി ഉണ്ടാക്കുന്ന ഏർപ്പാടുകളാണ് കമ്മ്യൂണിററിപ്രോജക്ററ് പ്രവർത്തനംകൊണ്ടു് നടക്കുന്നതു്. റോഡുകൾക്ക് ആവശ്യമുള്ള സ്ഥലം സൗജന്യമായി ജനങ്ങൾ വിട്ടുകൊടുത്തു് ജനക്ഷേമത്തിനു ജനങ്ങളെക്കൊണ്ടുകൂടി സഹകരിപ്പിച്ചു് പ്രവർത്തിപ്പിക്കുന്ന ഒരു മനോഭാവത്തോടുകൂടിയാണ് കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങൾ നടക്കുന്നതു്. അതിനെക്കുറിച്ചൊന്നും ഈ നയപ്രഖ്യാപനത്തിൽ പറയാതിരുന്നതു് ഒരു പക്ഷെ ഇവിടത്തെ ഇടതുപക്ഷനേതാക്കന്മാർ അതൊരു അമേരിക്കൻമോഡലാണെന്നും അമേരിക്കയുടെ സഹായംകൊണ്ടു ചെയ്യുന്ന ഏർപ്പാടാണെന്നും പറയുമെന്നു കരുതിയായിരിക്കുമെന്നു ഞാൻ കരുതുന്നു. ഈ രാജ്യത്തെ ആളുകളുടെ ക്ഷേമത്തിനുവേണ്ടി രാജ്യത്തെ ജനങ്ങളുടെ സഹായസഹകരണത്തോടുകൂടി ചെയ്യുന്ന, ഈ തരം പ്രവർത്തനങ്ങളെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പറയേണ്ടതായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, രാജപ്രമുഖന്റെ പ്രസംഗത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഗവണ്മെൻറിനു പല നിർദ്ദേശങ്ങളും നൽകിയ എല്ലാ ബഹുമാനപ്പെട്ട മെമ്പർമാർക്കും ഞാൻ ആദ്യമേതന്നെ നന്ദി പറഞ്ഞുകൊള്ളുന്നു. ഈ വാദപ്രതിവാദത്തിൽ, യഥാർത്ഥത്തിൽ അസംഗതങ്ങളായി പല കാര്യങ്ങളും പ്രസ്താവിച്ചിട്ടുണ്ടു്. സർ, കോൺസ്റ്റിററ്യൂഷൻ അനുസരിച്ചു് രാജപ്രമുഖൻ ചെയ്യേണ്ട പ്രസംഗത്തിൽ നിയമസഭ വിളിച്ചുകൂട്ടിയിരിക്കുന്നതിന്റെ കാര്യത്തെപ്പററി പ്രസ്താവിക്കണമെന്നു് മാത്രമാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതായതു്, ഈ ഗവണ്മെൻറിന്റെ നയപരിപാടികൾ ഇന്നതാണു്, അടുത്ത ഒരു വർഷത്തേയ്ക്കു ഇന്നതൊക്കെയാണു് ഈ ഗവണ്മെൻറ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതു്; എന്നുള്ളതു് പ്രസ്താവിക്കുന്ന ഒരു പ്രസംഗമാണു് രാജപ്രമുഖന്റെ പ്രസംഗം. അതല്ലാതെ എന്തുകൊണ്ടു് 'ഗവണ്മെൻറ്'' രൂപീകരിച്ചുവെന്നോ, ഗവണ്മെൻറ് രൂപീകരിക്കുന്നതിൽ സ്വീകരിച്ച തത്വങ്ങൾ എന്താണെന്നോ മററും ഉള്ള കാര്യങ്ങൾ ഒന്നുംതന്നെ ആ പ്രസംഗത്തിൽ പ്രസക്തമല്ല. എന്നാൽ പല കാര്യങ്ങളും ഇവിടെ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു് ചുരുക്കത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഈ ഗവണ്മെൻറ് ഇന്നു രൂപീകരിക്കാൻ ഇടയായ സാഹചര്യങ്ങൾ ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാർക്കു് എല്ലാം അറിയാം. എന്നാൽ ഐക്യമുന്നണിയുമായി ചേർന്നു് ഒരു ഗവണ്മെൻറ് ഉണ്ടാക്കാത്തതിനെക്കുറിച്ചുള്ള രോഷമാണു് ഇന്നിവിടെ ഐക്യമുന്നണി മെമ്പർമാരുടെ പ്രസംഗങ്ങളിൽ നിന്നു കാണുവാൻ ഇടയായതു്. അങ്ങിനെ ഒരു രോഷത്തിനു അവകാശമില്ലെന്നു ഞാൻ ആദ്യമേതന്നെ പറഞ്ഞുകൊള്ളുന്നു. ഐക്യമുന്നണിയുമായി യോജിച്ചു് ഗവണ്മെൻറുണ്ടാക്കിക്കൊള്ളാമെന്നുള്ള ഒരു വാഗ്ദാനം ഒരു കാലത്തും ഉണ്ടായിട്ടില്ല. അതാണു് പരമാർത്ഥം. ഇവിടെ ചില മെമ്പർമാർ പ്രസ്താവിച്ചതുപോലെ അതിന്റെ അടിസ്ഥാനമായ ചില കാര്യങ്ങൾ നേരത്തെ തീരുമാനിച്ചിരുന്നെങ്കിൽ മാത്രമേ അങ്ങിനെയുള്ള ഒരു ഗവണ്മെൻറ് ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതപോലും ഉണ്ടാകയുള്ളു. കേവലം തിരഞ്ഞെടുപ്പിനുമാത്രം സ്വീകരിച്ച ഒരേർപ്പാടായിരുന്നു ഐക്യമുന്നണി—പി. എസ്സ്. പി. യോജിപ്പു്. യോജിച്ചു് ഒരു ഗവണ്മെൻറുണ്ടാക്കിയാൽകൊള്ളാമെന്നുള്ള ആഗ്രഹം ഐക്യമുന്നണിക്കാർക്കു് ഉണ്ടായിരുന്നു. എന്നാൽ എന്റെ പ്രസ്താവനകളിലെല്ലാം തിരഞ്ഞെടുപ്പു കഴിഞ്ഞിട്ടു് ഒരു ഗവണ്മെൻറ് ഉണ്ടാക്കുവാൻ

[ശ്രീ. എ. താണുപിള്ള.]

വേണ്ട തീരുമാനം പി. എസ്സ്. പി. കൈക്കൊള്ളുന്നതാണെന്നു പറഞ്ഞിരുന്നു. പി. എസ്സ്. പി. ഒരു അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പാർട്ടിയായതുകൊണ്ട് ഇവിടത്തെ പാർട്ടിക്കു തനിച്ച് ആ വക കാര്യങ്ങളിൽ ഒരു തീരുമാനം എടുക്കുവാൻ സാദ്ധ്യമല്ലെന്നും അവർക്കു അറിയാമായിരുന്നു. ഞാൻ അത് അവരെ ബോദ്ധ്യപ്പെടുത്തിയുമിരുന്നു. എനിക്കൊരു കാര്യം പറയുവാനുള്ളത് ഐക്യമുന്നണി നേതാക്കന്മാരുമായി ഉണ്ടായ കൂടിയാലോചനകളുടെ ഫലമായി എനിക്ക് ബോദ്ധ്യപ്പെട്ടത് ഐക്യമുന്നണിയുമായി യോജിച്ച് ഒന്നും പ്രവർത്തിക്കരുത് എന്നാണ്.

സർ, ഒരു കാലത്ത് ഞാൻ ഇവിടെ സോഷ്യലിസം വരുത്തുകയില്ലെന്നു പറഞ്ഞു എന്ന് പലരും പലപ്പോഴും പുറപ്പെടുവിച്ചിട്ടുള്ള ഒരു വ്യാജപ്രസ്താവനയെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീമാൻ ദിവാകരനും ഇന്നിവിടെ പറയുകയുണ്ടായി. അത്ര വളരെ അസ്വീകാര്യവും അപമാനിതനുമായ ഒരു ആളാണ് പട്ടം താണുപിള്ള എങ്കിൽ ആ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഞങ്ങൾ മന്ത്രിസഭയുണ്ടാക്കാമെന്ന് അവർ പറഞ്ഞിരുന്നു. കന്യാകുമാരി മുതൽ ചിററൂർ വരെ അവർ അതു പ്രസംഗിച്ചു നടന്നു. ഈ തരത്തിലുള്ള ഒരു പ്രസ്താവന ചെയ്യരുതെന്ന് ഞാൻ അവരെ ഉപദേശിക്കുകയാണ്. അങ്ങനെ ഉള്ള ഒരു ഗവൺമെന്റ് സാദ്ധ്യമല്ലാതെ വന്നു. പിന്നെ കാൺഗ്രസ്സുകാർക്ക് ഗവൺമെന്റ് രൂപീകരിക്കാൻ സാദ്ധ്യമല്ല. ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടാകയും വേണം. ഈ നിലയിൽ ഞങ്ങളുടെ പാർട്ടിയും ഞാനും കഴിയുന്നതും ചെയ്യാമെന്നു തീരുമാനിച്ചു. ഈ നിയമസഭയിൽ ൧൯ അംഗങ്ങൾ മാത്രമുള്ള ഒരു കക്ഷിയുടെ നേതാവ് എന്ന നിലയ്ക്ക് ഞാൻ ഇങ്ങനെ ഒരു മന്ത്രിസഭ രൂപീകരിച്ചത് ധിക്കാരമാണെന്നോ അല്ലെങ്കിൽ അതിമോഹമാണെന്നോ ആരും ധരിക്കരുതെന്നാണ് എന്റെ അപേക്ഷ. ഈ രാജ്യത്തെ ദീർഘകാലം സേവിച്ചിട്ടുള്ള ഒരാൾ എന്ന നിലയ്ക്ക് ഇങ്ങനെ ഒരു നില രാജ്യത്തു വന്നപ്പോൾ, വളരെ വൈഷമ്യമേറിയതാണെങ്കിലും, നിർവ്വാഹമുണ്ടെങ്കിൽ ഭരണഭാരം ഏറെറടുക്കണമെന്ന് ഞാൻ തീരുമാനിച്ചു. എന്റെ കക്ഷിയുടെ നിർദ്ദേശവും അതുതന്നെയായിരുന്നു. എന്റെ നേതൃത്വത്തിൽ ഒരു ഭരണം വേണമെന്ന് ഐക്യമുന്നണിക്കാർ യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നെങ്കിൽ അവരുമായിട്ടു ചേർന്ന് ഒരു ഗവൺമെന്റ് ഉണ്ടാക്കാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ എന്റെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റാണ് ഇവിടെ ഉണ്ടായിരിക്കുന്നത് എന്ന വസ്തുത അവർ എന്തിനു മറക്കുന്നു എന്നു ഞാൻ ചോദിക്കുന്നു. ഈ കാര്യത്തെപ്പററി അധികം പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ മന്ത്രിസഭ രാജ്യക്ഷേമത്തിനുതകുന്ന കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. അറിഞ്ഞിട്ടു തെററ് യാതൊന്നും ചെയ്യുകയില്ലെന്നു ഞാൻ നിങ്ങൾക്കെല്ലാവർക്കും ഉറപ്പുതരുന്നു. വേണ്ട കാര്യങ്ങൾ നമുക്ക് എല്ലാവരുംകൂടി ആലോചിച്ചു പ്രവർത്തിക്കാം. അങ്ങിനെ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നിടത്തോളം കാലം ഈ നിയമസഭയിൽ ഞങ്ങൾക്കു വേണ്ട പിൻതുണ ഉണ്ടാകുമെന്നും ഞാൻ ആശിക്കുന്നു; വിശ്വസിക്കുന്നു.

എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ പറഞ്ഞു, മനുഷ്യഹൃദയത്തെ തട്ടുന്ന പല കാര്യങ്ങളും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉണ്ടെന്നും എന്നാൽ അതു നടപ്പിൽ വരുത്തുന്നതിന് ഈ മന്ത്രിസഭയ്ക്ക് സാധിക്കുകയില്ലെന്നും. ഞാൻ ചോദിക്കുന്നു മനുഷ്യഹൃദയത്തെ തട്ടുന്ന കാര്യങ്ങൾ നട

പ്പിൽ വരുത്തുവാൻ ഈ മന്ത്രിസഭയാണു് ഒരുങ്ങുന്നതെങ്കിൽ അക്കാരണം കൊണ്ടു് എന്തിനു് മററു കക്ഷികൾ ആനുകൂല്യം നിഷേധിക്കുന്നു എന്നു്. ആ പറഞ്ഞതിൽ യാഥാർത്ഥ്യം ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ മന്ത്രിസഭയ്ക്കു് കാൺഗ്രസ്സിൻെറ മാത്രമല്ല മററു കക്ഷികളുടേയും പിൻതുണ ഉണ്ടാകുമെന്നാണു് എൻെറ വിശ്വാസം. സർ, കാൺഗ്രസ്സ് പക്ഷത്തുനിന്നും ചെയ്തിട്ടുള്ള പ്രസ്താവനയെ ഞാൻ കൃതജ്ഞതയോടുകൂടി സ്വീകരിക്കുന്നു. ഈ ഗവണ്മെൻറ് രാജ്യക്ഷേമകരങ്ങളായ കാര്യങ്ങൾ ചെയ്യുന്നതിൽ കാൺഗ്രസ്സ് കക്ഷി അനുകൂലിച്ചുനിൽക്കുമെന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. കാൺഗ്രസ്സിൻേറതാണു് ആനുകൂല്യം എന്നുവച്ചു് അതിനെ നിരസിക്കേണ്ട ആവശ്യമുണ്ടെന്നു് ഞാൻ കരുതുന്നില്ല. ഐക്യമുന്നണിക്കാരുടെ ആനുകൂല്യമാണു് വരുന്നതെങ്കിൽ ഐക്യമുന്നണിക്കാരുടേതാണു് ആനുകൂല്യമെന്നുവച്ചു് അതിനേയും ഞാൻ നിരസിക്കുവാൻ പോകുന്നില്ല. ഇതിനുമുമ്പു് സാധാരണയായി കണ്ടിട്ടില്ലാത്ത പരിതഃസ്ഥിതിയായിരിക്കാം ഈ മന്ത്രിസഭ സൃഷ്ടിച്ചിരിക്കുന്നതു് എന്നിരുന്നാലും ഞങ്ങളുടെ പ്രവൃത്തി നല്ലതായിരിക്കുന്നിടത്തോളം കാലം ഈ സഭയിലെ എല്ലാ കക്ഷികളുടെയും ആനുകൂല്യം പ്രതീക്ഷിക്കാവുന്നതാണു. ഞങ്ങൾ ഒന്നുനോക്കട്ടെ, എന്താണു് ചെയ്യുന്നതെന്നു് ഐക്യമുന്നണിക്കാർ പറഞ്ഞു. അവർ ഇച്ഛിക്കുന്നതൊക്കെ ചെയ്തുകളയാമെന്നു് ഞാൻ പറയുന്നില്ല. രാജ്യക്ഷേമത്തിനുതകുന്ന വിധത്തിൽ പ്രവർത്തിക്കാമെന്നു് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഈ പ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ ഈ നിയമസഭയുടെ പല വിഭാഗങ്ങളുടേയും സന്മനസ്സിൻെറ വെളിച്ചത്തിൽ, സഹായത്തിൻെറ വെളിച്ചത്തിൽ, ഈ മന്ത്രിസഭയ്ക്കു് പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണു് എൻെറ വിശ്വാസം. അങ്ങിനെ ഒരു വിശ്വാസം എനിക്കുണ്ടാകുന്നതിനുവേണ്ട പ്രസ്താവനകൾ ചെയ്ത എല്ലാ സ്നേഹിതന്മാരോടും അതിനുവേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിനു് ജാഗ്രൂകരായിരിക്കുന്ന എല്ലാ കക്ഷിനേതാക്കന്മാരോടും അംഗങ്ങളോടും ഞാൻ വീണ്ടും വീണ്ടും നന്ദി പറഞ്ഞുകൊള്ളുന്നു. ഈ രാജ്യഭരണം നമ്മുടെ എല്ലാവരുടേയും ഒരു പൊതുക്കാര്യമാണു്. ഇതു് പി. എസ്സ്. പി. യുടെ മാത്രം ഒരു പൊതുക്കാര്യമായി ഞാൻ കരുതുന്നില്ല. ഭരണമേൽക്കാമെന്നു് ഞാനും എൻെറ സഹപ്രവർത്തകരും തീരുമാനിച്ചതു് എൻെറ കക്ഷിയുടെ കാര്യംവച്ചുകൊണ്ടു മാത്രമാണു്. പിന്നെ ഈ രാജ്യത്തിൻെറ കാര്യം ആണു്. ആ കാര്യം നിർവഹിക്കണമെങ്കിൽ നാം യോജിക്കുക. കഴിഞ്ഞതൊക്കെ മറക്കുക. രണ്ടു പാർട്ടികൾ തമ്മിലുള്ള ഇടപാടിൽ എല്ലായ്പോഴും ഒരാളെ മാത്രം കുററം പറയുവാൻ സാദ്ധ്യമല്ല. അധികം കുററം പറയുന്നവർ കുററക്കാരാണെന്നു് മററുള്ളവർ ധരിക്കും. അതുകൊണ്ടു് അതെല്ലാം വിട്ടിട്ടു് തുറന്ന മനസ്സോടുകൂടി നല്ല കാര്യങ്ങൾ ചെയ്യുവാൻ നമുക്കു് ശ്രമിക്കാം. പി. എസ്. പി. യുടെ പരിപാടി ഉപേക്ഷിച്ചിട്ടല്ല പ്രവർത്തിക്കാൻ പോകുന്നതു്. പി. എസ്. പി-യുടെ പരിപാടികൾ അംഗീകരിക്കുന്നവരാണു് ഈ നാട്ടിലെ നല്ല മനസ്സുള്ള എല്ലാ ആളുകളുമെന്നു് എനിക്കറിയാം. ഏതു കക്ഷിയിൽ പെട്ടവരായാലും ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും പി. എസ്. പി. യുടെ പരിപാടികൾ സ്വീകരിക്കുന്നവരാണു്. ഓരോ കക്ഷിയിലും ചില വിഭാഗങ്ങൾ എതിരുണ്ടാകും. എങ്കിലും ഒരു കക്ഷിയായി പ്രവർത്തിക്കുന്നകാലത്തോളം ഏതൊരു കക്ഷിക്കും പൊതുവായ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടിവരുമ്പോൾ നിശ്ചയമായും അവരെല്ലാം യോജിച്ചു് അതിനെ അംഗീകരിക്കും. അങ്ങനെ ഈ നാട്ടിനെ ചെറിയ

[ശ്രീ. ഏ. താണുപിള്ള]

ത്തോതിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. രാജ്യരക്ഷയ്ക്കാവശ്യമുള്ളതും ന്യായമായി ചെയ്യുന്നതും ജനങ്ങൾ പ്രതീക്ഷിക്കുന്നതുമായ പരിപാടികൾ നടപ്പാക്കുന്നതിന് ഭൂരിപക്ഷമില്ലാതെ വന്നാൽ ഇന്നത്തെ അധികാരം വിട്ടുപോകുന്നതിനു ഞങ്ങൾക്കാർക്കും യാതൊരു വിസമ്മതവുമില്ലായെന്നുള്ള മുന്നറിയിപ്പു കൊടുത്തുകഴിഞ്ഞിരിക്കുന്നതായി നിങ്ങൾ സ്വല്പമെങ്കിലും വിചാരിക്കണം. എന്റെ ഈ പ്രസ്താവന സഹൃദയത്വവും വിനയവും രാജ്യത്തിന്റെ പുരോഗതിയിലുള്ള താൽപ്പര്യവും വച്ചുകൊണ്ടു നിങ്ങളുടെ മുമ്പിൽ ചെയ്യുന്നതാണെന്നും അതു നിങ്ങൾ അംഗീകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, ഞാൻ ഇത്രയും പറഞ്ഞതുകൂടാതെ ഏതാനും ചില മെമ്പർമാരുടെ അഭിപ്രായങ്ങൾക്കു അല്പമൊരു മറുപടിയുംകൂടി പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. രാജപ്രമുഖന്റെ പ്രസംഗത്തിൽ പറയത്തക്കതായി ഒന്നും ഇല്ലെന്നും, അതിൽ പറയുന്നതൊന്നും ശരിയായി നടപ്പിലാക്കുവാൻ സാധിക്കുകയില്ലെന്നും ഐക്യമുന്നണി കക്ഷിയിലുള്ള ചില മെമ്പർമാർ ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റി ഈ അവസരത്തിൽ ഒരു മറുപടി പ്രസ്താവിക്കണമെന്നു മാത്രമെ ഞാനുദ്ദേശിക്കുന്നുള്ളു.

വ്യവസായങ്ങളെപ്പറ്റിയും, കൃഷി വർദ്ധിപ്പിക്കേണ്ടതിനെപ്പറ്റിയും, കമ്മ്യൂണിറ്റി പ്രോജക്ടുകളുടെ എക്സ്റ്റൻഷനെപ്പറ്റിയും ഇവിടെ പറയുകയുണ്ടായി. എനിക്കതിനെപ്പറ്റി ചുരുക്കത്തിൽ പറയുവാനുള്ളതു് രാജപ്രമുഖന്റെ പ്രസംഗം പരിപൂർണ്ണമായ ഒന്നായിരുന്നില്ലായെന്നുള്ളതാണ്. ഇന്നലെ ഫിനാൻസ് മെമ്പർ ചെയ്ത പ്രസംഗത്തിൽ വിശദമായി പലതും പ്രസ്താവിച്ചിട്ടുണ്ട്. അവ രണ്ടുംകൂടി ചേർത്തു ഒന്നിച്ചു വച്ചുകൊണ്ടു നോക്കിയാൽ ശ്രീ. കുളത്തിൽ വേലായുധൻനായർക്ക് യാതൊരു സംശയത്തിനും അവകാശമില്ല. ജനഹിതത്തോടുകൂടി നല്ല കാര്യങ്ങളെല്ലാം കൂടുതൽ ശക്തിയായി പുരോഗമിപ്പിക്കണമെന്നും, പുതിയ നല്ലകാര്യങ്ങൾ കൂടുതലായി ചെയ്യണമെന്നുമാണ് ഈ ഗവണ്മെന്റുദ്ദേശിക്കുന്നതു്. കഴിഞ്ഞുപോയ ഗവണ്മെന്റു ചെയ്തിട്ടുള്ള ഒരു നല്ലകാര്യവും ഞാൻ നിറുത്തുകയില്ല. വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെ പൂട്ടിയിടുവാൻ ഇടവരുത്തുകയില്ല. തമിഴ്നാട്ടുകാര്യത്തിലും അതിലേക്കു പര്യാപ്തമായ ഒരു നിലപാടു് ഈ ഗവണ്മെന്റു സ്വീകരിക്കും.

ഇനി എന്റെ സ്നേഹിതന്മാരായ തമിഴ്നാട്ടുമെമ്പർമാരുടെ ആക്ഷേപങ്ങൾക്കു മറുപടിപറയുവാനുള്ളതു തമിഴ്നാട്ടിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റിനു യാതൊരു ഉദാസീനതയുമില്ലയെന്നാണ്. ഇൻഡ്യാഗവണ്മെന്റിന്റെ കമ്മീഷൻ റിപ്പോർട്ടനുസരിച്ചു മാത്രമെ ഈ ഗവണ്മെന്റിനു എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയുള്ളു. ഇന്നത്തെ ഗവണ്മെന്റിന്റെ നില എന്താണെന്നുള്ളതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഏതായാലും ആ റിപ്പോർട്ടു വന്നതിനുശേഷം അതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ചു പ്രവർത്തിക്കാമെന്നു മാത്രമെ ഇപ്പോൾ പറയുവാനുള്ളു.

*ശ്രീ. എ. കുഞ്ഞൻനാടാർ: ഈ വിഷയത്തിൽ പാർട്ടിയുടെ നില എന്താണ്?

ശ്രീ. എ. താണുപിള്ള: പൊതുവായിട്ടുള്ള ഒരു നില അംഗീകരിക്കണമെന്നുള്ളതാണ്. ഇതിനെപ്പററി രാജപ്രമുഖന്റെ പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ടു്. സർവീസിൽ ഉള്ളവക്ക് അങ്ങേയററം മുതൽ നീതിപരിപാലനം ചെയ്യണമെന്നും, അതോടൊപ്പംതന്നെ ശമ്പളം സർവ്വീസ് സ്ഥിരത മുതലായവ കഴിയുന്നത്ര അഭിവൃദ്ധിപ്പെടുത്തണമെന്നുമുള്ളതാണ്. ഈ ഗവണ്മെന്റ ഇവിടെ രൂപീകരിച്ചിട്ടു കഷ്ടിച്ചു ഒരുവാരമെ ആയിട്ടുള്ളു. അതുകൊണ്ടു നിങ്ങളെല്ലാംപേരുടെയും പരിപൂർണ്ണമായ പിൻതുണ ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

രാജപ്രമുഖന്റെ പ്രസംഗത്തിൽ തന്നെ ഇവിടെ ചില ബഹുമാന്യമെമ്പർമാർ പ്രസ്താവിച്ചതുപോലെയുള്ള കാര്യങ്ങളെപ്പററി നല്ലവണ്ണം ആലോചിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഇവിടെ എന്റെ മാന്യസ്നേഹിതന്മാർ പ്രസ്താവിച്ചിട്ടുള്ള മറെറല്ലാകാര്യങ്ങളും ഗവണ്മെന്റിന്റെ ഗാഢമായ ആലോചനയിലിരിക്കുന്നു. തീരുമാനങ്ങൾ കഴിയുന്നതും ത്വരിതപ്പെടുത്തുന്നതുമാണ്.

ശ്രീ. ടി. വി തോമസ്സ് തുടങ്ങിയുള്ള മാന്യസ്നേഹിതന്മാർ തന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുമ്പോൾ പ്രത്യേകിച്ചും തൊഴിലാളിപ്രസ്ഥാനങ്ങളുമായി കൈകാര്യംചെയ്യുന്നവരായ ആളുകളുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞു അറിവുതന്നു സഹായിക്കണമെന്നാണ് ഞാൻ ഉപദേശിക്കുന്നതു്.

കടലോരപ്രദേശങ്ങളെപ്പററിയും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ ഗവണ്മെന്റ കടലോരവാസികൾക്കുള്ള സത്വരനടപടികൾ കഴിയുന്നതും ഭംഗിയായി ചെയ്യണമെന്നാണുദ്ദേശിക്കുന്നതു്.

എനിക്കു ചുരുക്കത്തിൽ പറയുവാനുള്ള മറുപടി ഈ ഗവണ്മെന്റ നല്ലകാര്യങ്ങൾ ചെയ്യുവാൻവേണ്ടി ആവശ്യമായ നടപടികളെടുക്കുമ്പോൾ അതിനെ നിങ്ങളെല്ലാം അനുകൂലിക്കണമെന്നാണ്. ഇതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ശ്രീമാൻ ലൂയിസിന്റെ നാമിനേഷനെ സംബന്ധിച്ചു മറുപടിയിൽ ഒന്നും പ്രസ്താവിക്കുകയുണ്ടായില്ല.

മിസ്റ്റർ സ്പീക്കർ: അതിനെസംബന്ധിച്ചു ഗവണ്മെന്റഭാഗത്തുനിന്നു മറുപടി പറയുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു് ഈ മന്ത്രിസഭ ചാർജ്ജെടുക്കുന്നതിനു മുമ്പു നടന്നതായ ഒരു സംഗതിയാണ്. അതു് രാജപ്രമുഖൻ നേരിട്ടു് ചെയ്തിട്ടുള്ളതുമാണ്. അതിനെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം ഈ മന്ത്രിസഭയ്ക്കില്ലാത്തതുകൊണ്ടു് ഞാൻ ഒന്നും പറയണമെന്നുദ്ദേശിക്കുന്നില്ല.

Mr. Speaker: I shall now put the amendments one by one to vote. Mr. Thanulinga Nadar, do you press your amendment ?

Shri P. Thanulinga Nadar : I press my amendment.

The amendment was put and lost.

Shri P. Thanulinga Nadar: Sir, I demand a poll.

A poll was taken when the House divided as follows:

AYES—52.

1 Shri D. Anantaraman
2 ,, Avira Tharakan
3 ,, C. C. Ayyappan
4 ,, Baby John
5 ,, Balan
6 ,, K. Balakrishnan
7 ,, R. Balakrishna Pillai
8 ,, B. B. Pandarathil
9 ,, Prakkulam Bhasi
10 ,, P. Bhaskaran Nair
11 ,, T. Bhaskaran Pillai
12 ,, K. Chandrasekhara Sastri
13 ,, P. K. Chathan
14 ,, A. Chidambaranatha Nadar
15 ,, T. T. Daniel
16 ,, T. K. Divakaran
17 ,, K. C. George
18 ,, P. Gopalan
19 Shrimati K. R. Gouri
20 Shri Joseph Mundassery
21 ,, T. K. Krishnan
22 ,, K. S. Krishna Sastri
23 ,, P. K. Kunjachan
24 ,, A. Kunjan Nadar
25 ,, Kuttappan Koickal
26 ,, P. R. Madhavan Pillai
27 ,, T. A. Majeed
28 Shri Changarapalli P. Narayanan Potti
29 ,, U. Neelakantan
30 ,, N. Neelakantaru Pandarathil
31 ,, N. A. Noor Mohammed
32 ,, M. P. Menon
33 ,, R. Ponnappa Nadar
34 ,, R. Prakasam
35 ,, N. Raghava Kurup
36 ,, P. Ramaswami Pillai
37 ,, P. Ravindran
38 ,, C. G. Sadasivan
39 ,, R. Sankaranarayanan Tampi
40 ,, K. Sattanatha Karayalar
41 ,, S. Seshadrinatha Sarma
42 ,, A. M. Simon
43 ,, V. Sridharan
44 ,, R. Sugathan
45 Dr. P. K. Sukumaran
46 Shri P. Thanulinga Nadar
47 ,, A. Thankiah
48 ,, T. V. Thomas
49 ,, C. K. Viswanathan
50 ,, D. Vivekanandan
51 ,, M. William
52 ,, P. K. Yasodharan

NOES—64.

1 Shri Abdul Khadir
2 ,, K. C. Abraham
3 ,, A. Achutan
4 ,, V. K. Achuta Menon
5 ,, Alexander Parambithara
6 ,, J. A. Bhatt
7 ,, M. A. Antony
8 Dr. P. P. Anthony
9 Shri K. K. Balakrishnan
10 ,, T. O. Bava
11 ,, M. Bhaskaran Nair
12 ,, N. G. Chacko
13 ,, A. C. Chacko
14 Dr. K. M. Chacko
15 Shri N. Chandrasekharan Nair
16 ,, M. P. Chandrasekhara Pillai

NOES—(*contd.*)

17 Shri K. M. Chandy
18 ,, M. V. Cheriyan
19 ,, O. R. Chummar
20 ,, D. Damodaran Potti
21 ,, K. M. George
22 ,, K. P. Gopala Menon
23 ,, Panampilli Govinda Menon
24 ,, Idiculla Idiculla
25 ,, A. J. John
26 ,, V. J. Joseph
27 ,, K. Karunakaran
28 ,, P. Kesava Menon
29 ,, T. T. Kesavan Sastri
30 ,, Kochukunju
31 ,, K. Kochukuttan
32 ,, K. M. Korah
33 ,, P. R. Krishnan
34 ,, K. Krishna Pillai
35 ,, N. K. Kumaran
36 ,, P. Kunjan
37 ,, P. K. Kunju
38 ,, K. Manjanatha Prabhu
39 ,, P. M. Markose
40 ,, Mathai
41 ,, C. A. Mathew
42 Shri N. Narayana Kurup
43 ,, Narayana Kurup
44 ,, P. S. Nataraja Pillai
45 ,, Parameswaran Nambudiri
46 ,, N. Parameswaran Pillai
47 ,, A. A. Rahim
48 Dr. A. R. Menon
49 Shri C. K. Ramachandran Nair
50 ,, T. S. Ramaswami
51 ,, P. J. Sebastian
52 ,, V. V. Sebastian
53 ,, T. P. Sitaraman
54 ,, K. A. Sivarama Bharathi
55 ,, A. Thanu Pillai
56 ,, K. T. Thomas
57 Dr. P. T. Thomas
58 Shri K. P. Hormis
59 ,, P. S. Vasudevan Pillai
60 ,, K. I. Velayudhan
61 ,, Kalathil Velayudhan Nair
62 ,, T. M. Varghese
63 ,, P. Viswambaran
64 ,, A. A. D. Luiz

NEUTRAL.

1 Shri Joseph Chazhikattu.

The amendment was lost.

The amendments moved by Shri M. P. Menon were, by leave, withdrawn.

The amendment moved by Shri T. K. Divakaran was, by leave, withdrawn.

The amendment moved by Shri K. Karunakaran was, by leave, withdrawn.

The amendment moved by Shri Alexander Parambithara was, by leave, withdrawn.

The amendment moved by Shri T. V. Thomas was put and lost.

Shri T. V. Thomas : Sir, I demand a poll.

A poll was taken when the House divided as follows ;

AYES—40

1 Shri Avira Tharakan
2 ,, C. C. Ayyappan
3 ,, Baby John
4 ,, Balan
5 ,, K. Balakrishnan
6 ,, R. Balakrishna Pillai
7 ,, B. B. Pandarathil
8 ,, Prakkulam Bhasi
9 ,, P. Bhaskaran Nair
10 ,, T. Bhaskaran Pillai
11 ,, K. Chandrasekhara Sastri
12 ,, P. K. Chathan
13 ,, T. K. Divakaran
14 ,, K. C. George
15 ,, P. Gopalan
16 Shrimati K. R. Gouri
17 Shri Joseph Mundassery
18 ,, T. K. Krishnan
19 ,, K. S. Krishna Sastri
20 ,, P. K. Kunjachan
21 ,, Kuttappan Koickal
22 Shri P. R. Madhavan Pillai
23 ,, T. A. Majeed
24 ,, Changarapalli P. Narayanan Potti
25 ,, U. Neelakantan
26 ,, N. Neelakantaru Pandarathil
27 ,, M. P. Menon
28 ,, R. Prakasam
29 ,, N. Raghava Kurup
30 ,, P. Ravindran
31 ,, C. G. Sadasivan
32 ,, R. Sankaranarayanan Tampi
33 ,, K. Sattanatha Karayalar
34 ,, V. Sridharan
35 ,, R. Sugathan
36 Dr. P. K. Sukumaran
37 Shri T. V. Thomas
38 ,, C. K. Viswanathan
39 ,, D. Vivekanandan
40 ,, P. K. Yasodharan

NOES—64

1 Shri Abdul Khadir
2 ,, K. C. Abraham
3 ,, A. Achutan
4 ,, V. K. Achuta Menon
5 ,, Alexander Parambithara
6 ,, J. A. Bhatt
7 ,, M. A. Antony
8 Dr. P. P. Anthony
9 Shri K. K. Balakrishnan
10 ,, T. O. Bava
11 ,, M. Bhaskaran Nair
12 ,, N. G. Chacko
13 ,, A. C. Chacko
14 Dr. K. M. Chacko
15 Shri N. Chandrasekharan Nair
16 ,, M. P. Chandrasekhara Pillai
17 Shri K. M. Chandy
18 ,, M. V. Cheriyan
19 ,, O. R. Chummar
20 ,, D. Damodaran Potti
21 ,, K. M. George
22 ,, K. P. Gopala Menon
23 ,, Panampilli Govinda Menon
24 ,, K. P. Hormis
25 ,, Idiculla Idiculla
26 ,, A. J. John
27 ,, V. J. Joseph
28 ,, K. Karunakaran
29 ,, P. Kesava Menon
30 ,, T. T. Kesavan Sastri
31 ,, Kochukunju
32 ,, K. Kochukuttan
33 ,, K. M. Korah

NOES—(*contd.*)

34 Shri P. R. Krishnan
35 ,, K. Krishna Pillai
36 Dr. N. K. Kumaran
37 Shri P. Kunjan
38 ,, P. K. Kunju
39 ,, K. Manjanatha Prabhu
40 ,, P. M. Markose
41 ,, Mathai
42 ,, C. A. Mathew
43 ,, N. Narayana Kurup
44 ,, Narayana Kurup
45 ,, P. S. Nataraja Pillai
46 ,, Parameswaran Nambudiri
47 ,, N. Parameswaran Pillai
48 ,, A. A. Rahim
49 Dr. A. R. Menon
50 Shri C. K. Ramachandran Nair
51 ,, T. S. Ramaswami
52 ,, P. J. Sebastian
53 ,, V. V. Sebastian
54 ,, T. P. Sitaraman
55 ,, K. A. Sivarama Bharathi
56 ,, A. Thanu Pillai
57 ,, K. T. Thomas
58 Dr. P. T. Thomas
59 Shri P. S. Vasudevan Pillai
60 ,, K. I. Velayudhan
61 ,, Kalathil Velayudhan Nair
62 ,, T. M. Varghese
63 ,, P. Viswambaran
64 ,, A. A. D. Luiz

NEUTRALS—13

1 Shri D. Anantaraman
2 ,, A. Chidambaranatha Nadar
3 ,, T. T. Daniel
4 ,, Joseph Chazhikattu
5 ,, A. Kunjan Nadar
6 ,, N. A. Noor Mohammed
7 Shri R. Ponnappa Nadar
8 ,, P. Ramaswami Pillai
9 ,, S. Seshadrinatha Sarma
10 ,, A. M. Simon
11 ,, P. Thanulinga Nadar
12 ,, A. Thankiah
13 ,, M. William

The amendment was lost.

Mr. Speaker : Shri Kalathil Velayudhan Nair, do you press your amendment.

Shri Kalathil Velayudhan Nair : I beg to withdraw it.

Shri T. V. Thomas : Sir, I oppose leave being granted to withdraw it.

The motion was put and lost.

The amendment was, by leave, withdrawn.

The original motion of thanks was then adopted.

Election of Deputy Speaker.

മിസ്റ്റർ സ്പീക്കർ: ഓർഡർ, ഓർഡർ. ഡെപ്യൂട്ടിസ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് മൂന്നുപേരുടെ നാമനിർദ്ദേശം കിട്ടിയിട്ടുണ്ടു്. അതു മൂന്നും പരിശോധിച്ചതിൽ സാധുവാണെന്നു കണ്ടിരിക്കുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ പേരുകൾ വായിക്കാം.

(൧) ശ്രീ. ടി. കെ. ദിവാകരൻ
(൨) ശ്രീ. ഡി. ദാമോദരൻപോററി
(൩) ശ്രീ. പി. കുഞ്ഞൻ

ശ്രീ. ടി. കെ. ദിവാകരനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. പ്രംക്കുളം ഭാസിയും സെക്കൻറ ചെയ്തിട്ടുള്ളതു് ശ്രീ. കെ. ബാലകൃഷ്ണനും, ശ്രീ. ഡി. ദാമോദരൻപോററിയെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. എ. അച്യുതനും സെക്കൻറ ചെയ്തിട്ടുള്ളതു് ശ്രീ. പി. കെ. കുഞ്ഞും, ശ്രീ. പി. കുഞ്ഞനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു ശ്രീ. മഞ്ജനാഥപ്രഭുവും സെക്കൻറ ചെയ്തിട്ടുള്ളതു് ശ്രീ. ടി. എസ്. രാമസ്വാമിയുമാണു്. ഈ മൂന്നു നാമനിർദ്ദേശങ്ങളിൽ ശ്രീ. പി. കുഞ്ഞൻ തൻെറ സ്ഥാനാർത്ഥിത്വം പിൻവലിച്ചിരിക്കുന്നതായി ഇപ്പോൾ അറിയിച്ചിരിക്കുന്നു. അതിനാൽ ബാക്കി രണ്ടുപേരുടെ നാമനിർദ്ദേശങ്ങൾ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉള്ളതുകൊണ്ടു് അതിലേക്കുള്ള വോട്ടെടുപ്പു് ഇപ്പോൾ നടക്കുന്നതുമാണു്. ബാലട്ടുപേപ്പറിൽ ശ്രീ. പി. കുഞ്ഞൻെറ പേരു് അച്ചടിച്ചിട്ടുള്ളതു് വെട്ടി അടയാളം ചെയ്തിട്ടുണ്ടു്. നിലവിലുള്ള രണ്ടു സ്ഥാനാർത്ഥികളുടെ പേരുകൾ അക്ഷരമാലാക്രമമനുസരിച്ചു് ആദ്യം ശ്രീ. ഡി. ദാമോദരൻപോററിയുടേയും രണ്ടാമതായി ശ്രീ. ടി. കെ. ദിവാകരൻേറയും അച്ചടിച്ചിട്ടുണ്ടു്. ഈ രണ്ടു പേരിൽ മെംബർമാർ ആർക്കുവേണ്ടി വോട്ടുചെയ്യുന്നുവോ ആ ആളിൻെറ പേരിൻെറ നേരെ ഒരു ഗുണനചിഹ്നം രേഖപ്പെടുത്തേണ്ടതാണു്.

വോട്ടുചെയ്യുന്ന വിഷയത്തിൽ ഒരു സംഗതി ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാനുണ്ടു്. സെക്രട്ടറി ആദ്യം പേരു് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത ഏതെങ്കിലും അംഗം വോട്ടെടുപ്പു് അവസാനിച്ചിരിക്കുന്നതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കുന്നതിനു മുമ്പു് സഭയിൽ ഹാജരാകുന്നപക്ഷം ആ അംഗത്തിനെ വോട്ടുചെയ്യാൻ അനുവദിക്കുന്നതാണു്. സെക്രട്ടറി ഇപ്പോൾ പേരുകൾ വായിക്കുന്നതാണു്.

(Balloting for the election then proceeded)

Mr. Speaker: The result of the election is this: Shri Damodaran Potti has got 64 votes and Shri Divakaran 40 votes. Shri Damodaran Potti is elected as Deputy Speaker.

I congratulate Mr. Damodaran Potti on his election as Deputy Speaker.

The House will now adjourn and meet at 11 A. M. day after tomorrow.

The Assembly adjourned at 5-20 P. M. to meet again at 11 A. M. on Friday, the 26th March, 1954.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session 1954.

Friday, the 26th March 1954.

Vol. X **OFFICIAL REPORT** **No. 4**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 26th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

തിരഞ്ഞെടുപ്പ് അവധി.

* ൪൨. [൧] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പു നടക്കുന്ന ദിവസം തോട്ടങ്ങളിലും വ്യവസായശാലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വോട്ടുചെയ്യാൻ സൗകര്യപ്പെടുത്തക്കവണ്ണം അവർക്ക് അവധി നൽകണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നുവോ;

(ബി) തോട്ടം ഉടമകളും, ഫാക്ടറി മുതലാളിമാരും പ്രസ്തുത നിർദ്ദേശം കൈക്കൊണ്ടു വേണ്ടവിധം പെരുമാറിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) തിരഞ്ഞെടുപ്പു നടക്കുന്ന ദിവസം തോട്ടങ്ങളിലും വ്യവസായശാലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടി അവധിയോ അതിനു തരപ്പെടാത്തപക്ഷം അവരുടെ അന്നത്തെ ശമ്പളത്തിൽ യാതൊരു കുറവും വരാത്തവിധം അവർക്ക് വോട്ടു ചെയ്യാൻ സൗകര്യപ്പെടുത്തക്കവണ്ണം വേണ്ട മററു ഏർപ്പാടുകളോ ചെയ്തു കൊടുക്കുവാൻ തോട്ടങ്ങളിലെയും വ്യവസായശാലകളിലെയും ഉടമസ്ഥന്മാരെ സമീപിച്ചു വേണ്ടതു് ചെയ്തുകൊടുക്കണമെന്ന് ഗവൺമെന്റ് ലേബർകമ്മീഷണരോട് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(ബി) ലേബർകമ്മീഷണർ എല്ലാ തോട്ടങ്ങളിലെയും വ്യവസായ ശാലകളിലെയും ഉടമസ്ഥന്മാരോടും അപ്രകാരം അപേക്ഷിച്ചിരുന്നു. എന്നാൽ ചില തോട്ടം ഉടമകളും ഫാക്ടറി മുതലാളിമാരും അപ്രകാരം വേണ്ട സൗകര്യം തൊഴിലാളികൾക്കു് ചെയ്തുകൊടുത്തിട്ടില്ലെന്നു പരാതികൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. പി. ഭാസ്കരൻ നായർ: അങ്ങനെ പ്രവർത്തിച്ചിട്ടില്ലാത്ത തോട്ടം ഉടമകളോടും വ്യവസായങ്ങളുടെ ഉടമസ്ഥന്മാരോടും അന്നത്തെ മുഴുവൻ ശമ്പളവും തൊഴിലാളികൾക്കു് കൊടുക്കുന്നതിനുവേണ്ടി പിന്നീടു നിർദ്ദേശം വല്ലതും നൽകിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അന്നത്തെ ശമ്പളം കൊടുക്കുകയോ അല്ലെങ്കിൽ ശമ്പളത്തിൽ കുറവുവരാതിരിക്കത്തക്കവണ്ണം മററു വിധത്തിലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കയോ ചെയ്യണമെന്നുള്ള നിർദ്ദേശമനുസരിച്ചു മിക്ക തോട്ടം ഉടമകളും പ്രവർത്തിച്ചിട്ടുണ്ടെന്നു് ഞാൻ മുൻപു പറഞ്ഞു കഴിഞ്ഞു.

ശ്രീ. പി. ഭാസ്കരൻ നായർ: തിരഞ്ഞെടുപ്പു ദിവസം വോട്ടു ചെയ്യാൻ പോയ മുൻപറഞ്ഞ ഏതെങ്കിലും സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു് വേതനം കൊടുത്തിട്ടില്ലെന്നു് ബോദ്ധ്യമായാൽ ഉടമകളെക്കൊണ്ടു് കൊടുപ്പിക്കാൻ ഗവണ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള: ആ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ശമ്പളത്തിനു കുറവുവരാത്ത രീതിയിൽ പ്രവത്തിക്കണം എന്നുള്ള നിർദ്ദേശം കൊടുത്തിരിക്കുന്നു എന്നു പറയുന്നു. അതിനെ ഒന്നു വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. എ. താണുപിള്ള: ഒരു തോട്ടം തൊഴിലാളിയോ വ്യവസായ ശാലയിലെ തൊഴിലാളിയോ വോട്ടു ചെയ്യാൻ പോയി എന്ന കാരണത്താൽ ആ ദിവസം ഹാജരാകാതെ ഇരുന്നാൽ അന്നത്തെ ശമ്പളം അയാൾക്കു കൊടുക്കണമെന്നാണു് നിർദ്ദേശം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ നിർദ്ദേശങ്ങളെപ്പററി പ്രവത്തിച്ചതിൽ ഉള്ള റിപ്പോർട്ടു് അതായതു ലേബർകമ്മീഷണർ ഗവണ്മെൻറിലേയ്ക്കു് അയച്ച റിപ്പോർട്ടു് ദയവുചെയ്തു വായിക്കാൻ സാധിക്കുമോ?

ശ്രീ. എ. താണുപിള്ള: ലേബർകമ്മീഷണരുടെ റിപ്പോർട്ടിലെ വിവരങ്ങൾ അപൂർണ്ണമാണു്. അതുകൊണ്ടു് പൂർണ്ണമായ അറിവു ലഭിച്ചാൽ മാത്രമേ സഭയിൽ വായിക്കാൻ സാധിക്കയുള്ളു.

ശ്രീ. ററി. ഭാസ്കരൻപിള്ള: ഗവണ്മെൻറ നിർദ്ദേശമനുസരിച്ചു് ചില ഉടമകൾ പ്രവത്തിച്ചിട്ടില്ലായെന്നു പറയുകയുണ്ടായി. അവർ ആരെല്ലാമാണെന്നു പ്രസ്താവിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള: പൂർണ്ണമായ വിവരം ഇപ്പോൾ അറിയിക്കാൻ നിവത്തിയില്ല.

ശ്രീ. റ്റി. ഭാസ്കരൻപിള്ള : തൊഴിലാളികൾക്ക് വോട്ടു ചെയ്യാൻ പോയ ദിവസത്തെ ശമ്പളം കൊടുക്കാത്ത ഉടമകളെ സംബന്ധിച്ചിടത്തോളം കർശനമായ നടപടികൾ നടത്താൻ ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. എ. താണുപിള്ള : ആ കാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. എ. കുഞ്ഞൻ നാടാർ : തിരഞ്ഞെടുപ്പു ദിവസം ദേവികുളം, പീരുമേട് എന്നീ സ്ഥലങ്ങളിലെ ചില തോട്ടം തൊഴിലാളികൾക്ക് വോട്ടു ചെയ്യാൻ പോയി എന്ന കാരണത്താൽ ശമ്പളം കൊടുത്തിട്ടില്ലെന്നു അറിയാമോ ?

ശ്രീ. എ. താണുപിള്ള : ഏതാനും ചില ഉടമകൾ ശമ്പളം കൊടുത്തിട്ടില്ലെന്ന് ഞാൻ മുൻപു പറഞ്ഞു കഴിഞ്ഞു.

ശ്രീ. എ. കുഞ്ഞൻ നാടാർ : ദേവികുളം പീരുമേട് എന്നീ സ്ഥലങ്ങളിൽ ചില പ്രത്യേക തോട്ടം ഉടമകൾ തൊഴിലാളികൾക്ക് ആ ദിവസം അവധിക്കൂടെ കൊടുത്തിട്ടില്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. താണുപിള്ള : ഏതെല്ലാം പ്രത്യേക തോട്ടം ഉടമകളാണ് അപ്രകാരം പ്രവർത്തിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ.

ശ്രീ. റ്റി. ഭാസ്കരൻപിള്ള : കാർപ്പൊറേഷൻ തൊഴിലാളികൾക്ക് തിരഞ്ഞെടുപ്പു ദിവസം ഒഴിവു കൊടുത്തിട്ടുണ്ടോ എന്നറിയാമോ ?

ശ്രീ. എ. താണുപിള്ള : കാർപ്പൊറേഷൻ തൊഴിലാളികളെ സംബന്ധിച്ച് ഈ ചോദ്യത്തിൽ പ്രസ്താവിച്ചിട്ടില്ലെങ്കിലും അവർക്കും അന്നേ ദിവസം അവധി കൊടുക്കണമെന്നുള്ള നിർദ്ദേശം ഉണ്ടായിരിക്കണമെന്നാണു തോന്നുന്നതു്.

ശ്രീ. ഇടിക്കുള ഇടിക്കുള : തിരഞ്ഞെടുപ്പു ദിവസം തോട്ടങ്ങളിലും വ്യവസായശാലകളിലും ഉള്ള തൊഴിലാളികൾ അന്നു് ജോലി ചെയ്യുന്ന പക്ഷം പ്രത്യേക കൂലി കൊടുക്കുന്നതാണെന്നുള്ള ഒരു നോട്ടീസ് തൊഴിലാളികളുടെ ഇടയിൽ വിതരണം ചെയ്തിട്ടുണ്ടായിരുന്നു എന്നുള്ള വിവരം അറിഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെന്റിന്റെ കീഴിലുള്ള തൊഴിലാളികൾക്ക് വോട്ടുചെയ്യുന്നുള്ള സൗകര്യം ഉണ്ടാക്കി കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : നിശ്ചയമായും സൗകര്യം ഉണ്ടാക്കിക്കൊടുത്തിരിക്കും.

ഹരിജൻ വിദ്യാർത്ഥികളുടെ വേതനം.

* ൪൩. [൨] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കാളേജു വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന പ്രതിമാസവേതനം ഈ അദ്ധ്യയനവർഷത്തിൽ കുറച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം വെട്ടിക്കുറച്ചു, അതിനുള്ള കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):
(എ) ഹരിജൻ കാളേജുവിദ്യാർത്ഥികൾക്കു് നൽകിവരുന്ന പ്രതിമാസവേതനത്തിൽ നിന്നും അഞ്ചു രൂപ വീതം കുറച്ചിട്ടുണ്ടു്.

(ബി) ഒരു പ്രാവശ്യം. ഹരിജനവിദ്യാർത്ഥികളുടെ വർദ്ധനവിനെ അടിസ്ഥാനമാക്കിയും നിവൃത്തിയുള്ളിടത്തോളം കൂടുതൽ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസം നൽകണമെന്നുള്ള ഉദ്ദേശമുള്ളതുകൊണ്ടും ആണു് വേതനത്തിൽ അൽപ്പം കുറവു ചെയ്തതു്.

ശ്രീ. പി. ഭാസ്കരൻ നായർ: ൧൧൨൬, ൧൧൨൭, ൧൧൨൮ ഈ വർഷങ്ങളിൽ കാളേജ് ഹരിജനവിദ്യാർത്ഥികളുടെ വേതന റേറ്റ് എങ്ങനെയായിരുന്നു?

ശ്രീ. പി. കെ. കുഞ്ഞു്: ൧൧൨൬-൨൭-ൽ—൨൦ രൂപയും ൧൧൨൭-൨൮-ൽ—൪൦ രൂപയും ആയിരുന്നു ഒരു കാളേജുവിദ്യാർത്ഥിയുടെ പ്രതിമാസവേതനം.

ശ്രീ. പി. ഭാസ്കരൻ നായർ: ഹരിജനവിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റലുകൾ അനുവദിച്ചിരുന്നതു് ഇപ്പോഴും ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിലാണോ നടത്തുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിലല്ല നടത്തുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ: ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ അല്ലാതാക്കാനുള്ള കാരണമെന്താണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: കാരണത്തെപ്പററി പറയണമെങ്കിൽ അതിനു പ്രത്യേക നോട്ടീസു വേണം.

ശ്രീ. പി. ഭാസ്കരൻ നായർ: ഹരിജനവിദ്യാർത്ഥികളുടെ കാളേജു ഹോസ്റ്റലുകൾ ഗവണ്മെൻറിൻെറ ആഭിമുഖ്യത്തിൽ നിന്നും നിറുത്തൽ ചെയ്തപ്പോൾ അവരുടെ താമസസൗകര്യത്തിനും മററുമായി വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: താമസസൗകര്യത്തിനു വേണ്ടിമാത്രം വേതനം വർദ്ധിപ്പിച്ചിട്ടില്ല.

ശ്രീ സി. സി. അയ്യപ്പൻ: കാളേജുഹരിജനവിദ്യാർത്ഥികളുടെ വേതനത്തിൽ കുറവു വരുത്തിയതുകൊണ്ടു് ഗവണ്മെൻറിനു പ്രതിവർഷം എന്തു് ആദായമാണു് കിട്ടിയിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ വകയിൽ ഗവണ്മെൻറിനു ആദായമൊന്നും കിട്ടുന്നില്ല.

ശ്രീ. സി. സി. അയ്യപ്പൻ: ഇപ്പോഴും കാളേജ് ഹരിജനവിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വേതനംതന്നെ അവർക്ക് മതിയാകുന്നില്ലെന്നു കാണിച്ച് ഗവണ്മെന്റിലേക്ക് ഒന്നിലധികം നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: റിക്കാർഡുകൾ നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: പുറത്തുള്ള കാളേജ് ഹരിജനഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രതിമാസവേതനം ശരാശരി മാസം ഒന്നുക്ക് എത്ര രൂപവീതമാണെന്നുള്ളതു് ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ വിവരങ്ങൾ ശേഖരിച്ച് ഉത്തരം പറയാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: മററു ഹോസ്റ്റലുകളിലെ വേതനനിരക്കുകളെപ്പററി സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞതിന്റെ ഫലമായിട്ടാണ് ഗവണ്മെന്റ് ഈ നിരക്ക് ഹരിജനവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളവും ഏർപ്പെടുത്തിയിരിക്കുന്നതെന്നു് ഗവണ്മെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: മുൻഗവണ്മെന്റ് അങ്ങനെയായിരിക്കാം ചെയ്തിട്ടുള്ളതു്.

ശ്രീ. ടി. ഭാസ്കരൻപിള്ള: സ്റ്റൈപ്പൻഡ് വെട്ടിക്കുറച്ചതു് ശ്രീ. കൊച്ചുകുട്ടൻ മന്ത്രിയായിരുന്ന കാലത്തല്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: മുൻ ഗവണ്മെന്റാണെന്നാണ് റിപ്പോർട്ടിൽ നിന്നും കാണുന്നതു്.

ശ്രീ. എം. പി. മേനോൻ: മുൻഗവണ്മെന്റിന്റെ ഈ തീരുമാനം ഭേദപ്പെടുത്താൻ ഈ ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ആവശ്യമാണെന്നു കാണുന്നപക്ഷം അതിനെപ്പററി ആലോചിക്കാം.

മരച്ചീനി കയററുമതി.

* ൪൮. [൩] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിലവിലുള്ള മരച്ചീനി കയററുമതി ഉത്തരവുമൂലം സക്കാരിനു കിട്ടുന്ന പ്രയോജനമെന്തു്;

(ബി) തീരപ്രദേശങ്ങളിൽ ആഹാരക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആ കയററുമതി നിരോധിക്കാൻ സക്കാർ തയാറാവുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സംസ്ഥാനത്തു് നിലവിലുള്ള മരച്ചീനി കയററുമതി ഉത്തരവുമൂലം സക്കാരിനു പ്രത്യേകിച്ച് ആദായമൊന്നുമില്ല. കർഷകർ ഉൽപ്പാദിപ്പിക്കുന്ന മരച്ചീനിയെ ആദായകര

മായ വിധത്തിൽ വിററഴിക്കാൻ സാധിക്കുമല്ലോ എന്നു വിചാരിച്ചും കൃഷിയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണു് ഇപ്രകാരം കയററുമതി അനുവദിച്ചിരിക്കുന്നതു്.

(ബി) തീരപ്രദേശങ്ങളിലുള്ള ചില സ്ഥലങ്ങളിൽ മരച്ചീനി വേണ്ടിടത്തോളം കിട്ടുന്നില്ലായെന്നു് മുൻപു പരാതിയുണ്ടായിരുന്നു. ഇപ്പോഴാകട്ടെ കൺട്രോൾ വിലയ്ക്കു് ആവശ്യമുള്ള മരച്ചീനി എല്ലായിടത്തും കിട്ടുന്നുണ്ടെന്നാണു റിപ്പോർട്ടു ലഭിച്ചിട്ടുള്ളതു്. അങ്ങനെ കിട്ടുന്നില്ലായെങ്കിൽ മരച്ചീനി എല്ലായിടത്തും കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്യാം. അങ്ങനെയുള്ള സ്ഥിതിക്കു് മരച്ചീനിയുടെ കയററുമതി ഉത്തരവു് നിറുത്തലാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ഡി. വിവേകാനന്ദൻ: മരച്ചീനിയുടെ വിലയെ നിയന്ത്രിക്കുന്നതിനു് ഗവണ്മെൻറു് ഒന്നുകൂടി നടപടി എടുക്കുമോ?

ശ്രീ. എ. താണുപിള്ള: വിലയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തന്നെ കൺട്രോൾപ്പെടുത്തിയിരിക്കുകയാണു്. അതായതു് ഒരു ടൺ പച്ച മരച്ചീനിക്കു് ൧൦൫ രൂപയും ഉണക്ക മരച്ചീനിക്കു് ൩൦൩ രൂപയുമായിട്ടു് വില കൺട്രോൾപ്പെടുത്തിയിരിക്കയാണു്.

ശ്രീ. ഡി. വിവേകാനന്ദൻ: തീരപ്രദേശത്തുള്ള മിക്ക സ്ഥലങ്ങളിലും ഇപ്പോഴും ആവശ്യത്തിനുവേണ്ട മരച്ചീനി കിട്ടുന്നില്ലായെന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ കിട്ടുന്നുണ്ടു്. അതാണു് എൻെറ ഇപ്പോഴത്തെ അറിവു്.

ശ്രീ. ഡി. വിവേകാനന്ദൻ: സംസ്ഥാനത്തെ സാധുജനങ്ങളുടെ ആവശ്യങ്ങൾക്കു മതിയാകത്തക്കവണ്ണം ന്യായമായ വിലയ്ക്കു് വിതരണം ചെയ്യാൻ ഇനിയെങ്കിലും ശ്രമിക്കുമോ?

ശ്രീ. എ. താണുപിള്ള: നിശ്ചയമായിട്ടും അങ്ങനെ ശ്രമിക്കാം.

ശ്രീ. ഡി. വിവേകാനന്ദൻ: ആവശ്യത്തിൽ കവിഞ്ഞു് ഉൽപ്പാദനം ഉണ്ടെന്നു കാണുന്നുവെങ്കിൽ മാത്രമേ പുറത്തയയ്ക്കാൻ പാടുള്ളുവെന്നു് നിർദ്ദേശം നൽകാൻ ഗവണ്മെൻറിനു സാധിക്കുകയില്ലേ?

ശ്രീ. എ. താണുപിള്ള: ഭക്ഷണാവശ്യത്തിനു വേണ്ടിടത്തോളം മരച്ചീനി വിതരണം ചെയ്യാൻ വേണ്ട ഏർപ്പാടു ചെയ്യാം. അതിൽ കവിഞ്ഞു് ഉൽപ്പാദനം നടത്തുന്നുവെങ്കിൽ അതു കയററി അയയ്ക്കുന്നതിൽ തെററില്ലല്ലോ.

ശ്രീ. എം. ഭാസ്കരൻ നായർ: മരച്ചീനിക്കൃഷിയും, മരച്ചീനിയിൽ നിന്നു മാവു എടുക്കുന്ന സമ്പ്രദായവും സാധുകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കുടിൽ വ്യവസായമാണെന്നു് ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങനെയാണു് ഞാൻ ധരിച്ചിരിക്കുന്നതു്. പല സാധുകുടുംബങ്ങളും മരച്ചീനിയിൽനിന്നും മാവു എടുക്കുന്നതു് ഒരു കുടിൽ വ്യവസായം എന്നപോലെ നടത്തിവരികയാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : മരച്ചീനിയെ സംബന്ധിച്ചിടത്തോളവും കയററുമതി വേണോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതു് കർഷകരുടെ താല്പര്യം നോക്കിയോ അതോ ഉപഭോക്താക്കളുടെ താല്പര്യം നോക്കിയോ?

ശ്രീ. എ. താണുപിള്ള : നിശ്ചയിക്കേണ്ടതു് ഈ പറഞ്ഞ എല്ലാ താല്പര്യവും നോക്കിയാണു്.

ശ്രീ. എം. ഭാസ്കരൻ നായർ : സാധുകുടുംബങ്ങളെ സംബന്ധിച്ചിടത്തോളവും മരച്ചീനിക്കു് വില കൂടുതലാണെന്നുള്ളതു് ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. താണുപിള്ള: സാധുക്കളെ സംബന്ധിച്ചിടത്തോളം അല്പം വില കൂടുതലായിരിക്കാം. പക്ഷെ മരച്ചീനിയുടെ വിലയെ നിയന്ത്രിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : കൺട്രോൾ വിലയിൽ കൂടുതൽ വച്ചു വില്ക്കുന്ന വ്യാപാരികളുടെ മേൽ ഗവണ്മെൻറു് നടപടിയെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള : കൺട്രോൾ വിലയിൽ കൂടുതൽവച്ചു് വ്യാപാരികൾ വില്ക്കുന്നതായാൽ നിശ്ചയമായിട്ടും നടപടിയെടുക്കുന്നതാണു്. ഇപ്പോൾ ഒരു പൗണ്ടു് പച്ച മരച്ചീനിക്കു് മുക്കാലണയാണു് നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ ചില പ്രദേശങ്ങളിൽ നാലണയ്ക്കു് ആറു പൗണ്ടു് മരച്ചീനിവരെ കിട്ടുന്നുണ്ടെന്നാണു് അറിവു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ വില നിശ്ചയിച്ചിരിക്കുന്നതു് ആരാണു്?

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറു തന്നെയാണു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ കൺട്രോൾ ഏർപ്പാടു് ശരിക്കു നടക്കുന്നില്ലെന്നുള്ളതു് ഗവണ്മെൻറിനു അറിയാമോ?

ശ്രീ. എ. താണുപിള്ള : ശരിയായിട്ടു നടക്കുന്നില്ലെങ്കിൽ ശരിയായിട്ടു നടക്കുന്നതിനു് വേണ്ട വ്യവസ്ഥകൾ ചെയ്യാം.

ശ്രീ. കെ. എം. കോര : മരച്ചീനിക്കു് കർഷകന്റെ ഉൽപ്പാദനച്ചെലവിനു് അനുസരണമായ ഒരു വില നിശ്ചയിക്കുവാൻ കഴിയുമോ?

ശ്രീ. എ. താണുപിള്ള : നിശ്ചയിച്ചിട്ടുള്ള വില അതെല്ലാം നോക്കിയാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കയററുമതി ഉള്ളപ്പോൾ മരച്ചീനി കൃഷിക്കാർ കൃഷി വർദ്ധിപ്പിക്കുകയും കയററുമതി ഇല്ലാത്തപ്പോൾ അവർ കൃഷി കുറയ്ക്കുകയും ചെയ്യുമെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. താണുപിള്ള : കുറയുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. ഓ. ബാവാ: മരച്ചീനി കയററുമതി ചെയ്തിരുന്നകാലത്തു് കൃഷി കുറഞ്ഞുപോയിട്ടുള്ളതായി അറിയാമോ:

ശ്രീ. എ. താണുപിള്ള: കുറഞ്ഞിട്ടുണ്ടു്.

മത്സ്യവ്യവസായോദ്ധാരണം.

* ൪൭ [൪] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവ്യവസായോദ്ധാരണത്തിനു വേണ്ടി സർക്കാർ എന്തു നടപടി അംഗീകരിച്ചിട്ടുണ്ടു്;

(ബി) ചിറയിൻകീഴ് താലൂക്കിന്റെ തീരദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഗവണ്മെന്റ് മത്സ്യവ്യവസായോദ്ധാരണത്തിനു വേണ്ടി താഴെ പറയുന്ന നടപടികൾ അംഗീകരിച്ചിട്ടുണ്ടു്.

൧. മത്സ്യത്തൊഴിലാളികൾക്കു് മത്സ്യം ഉണക്കുന്നതിനു ആവശ്യമായ ഉപ്പു് സൌജന്യനിരക്കിൽ ഉപ്പുചാപ്പകൾ വഴി വിതരണം ചെയ്യുന്നു.

൨. മത്സ്യം പിടിക്കുന്നതിനു് ആവശ്യമായ വഞ്ചികളും കട്ടമരങ്ങളും ഉണ്ടാക്കുന്നതിനുള്ള തടി സൌജന്യനിരക്കിൽ വിതരണം ചെയ്യുന്നു.

൩. വല നെയ്യുന്നതിനും പഴയ വലകളുടെ കേടുപാടുകൾ പോക്കുന്നതിനും ആവശ്യമായ നൂൽ സഹകരണസംഘങ്ങൾവഴി നിയന്ത്രിത വിലയ്ക്കു് കൊടുത്തുവരുന്നു. പഞ്ചവത്സരപദ്ധതി അനുസരിച്ചു നൂൽ സൗജന്യനിരക്കിൽ കൊടുക്കുന്നതിനുള്ള പരിപാടിയും ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടു്.

൪. നോർവ്വേഗവണ്മെന്റിന്റെ സഹായ പദ്ധതിയനുസരിച്ചു് നീണ്ടകരയിൽ ഒരു മത്സ്യവ്യവസായവികസനകേന്ദ്രം സ്ഥാപിച്ചു നടത്തിവരുന്നു.

൫. ടെക്ക്നിക്കൽ കോവാപ്പറേഷൻ പ്രോഗ്രാം അനുസരിച്ചു് കപ്പലുകളും യന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള വഞ്ചികളും ഉപയോഗിച്ചു് പുറംകടലിൽനിന്നും കൂടുതൽ മത്സ്യംപിടിച്ചു് ഭക്ഷ്യക്ഷാമത്തെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ടു്.

൬. സംസ്ഥാനത്തുള്ള വിശാലമായ കായൽപരപ്പുകളിൽ ചില ഭാഗങ്ങൾ മത്സ്യം വളർത്തൽ കേന്ദ്രങ്ങളാക്കുവാൻ വേണ്ട നടപടികൾ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

൭. സംസ്ഥാനത്തുള്ള ശുദ്ധജലതടാകങ്ങൾ, കുളങ്ങൾ, അണക്കെട്ടുകൾ മുതലായവയിൽ മത്സ്യം വളർത്തുന്നതിനുള്ള നടപടിയും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടു്.

വ്യ. ഭവനനിർമ്മാണപദ്ധതിയിൽ മത്സ്യത്തൊഴിലാളികളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചവത്സരപദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ പരസ്പര സഹായസംഘങ്ങൾക്ക് വായ്പ കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി) ചിറയിൻകീഴ് താലൂക്കിന് പ്രത്യേകമായി ഒരു പദ്ധതി ഇക്കൊല്ലത്തിൽ ആസൂത്രണം ചെയ്തിട്ടില്ല. അടുത്ത സാമ്പത്തികവത്സരത്തിൽ അഞ്ചുതെങ്ങിലും വർക്കലയിലും ഓരോ മത്സ്യചാപ്രകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. യു. നീലകണ്ഠൻ: ഈ നാർവ്വീജിയൻ സഹായപദ്ധതി ആരംഭിച്ചിട്ട് എത്ര കാലമായി എന്നു പറയാമോ?

Shri P. S. Nataraja Pillai: I think it is two years old.

ശ്രീ. യു. നീലകണ്ഠൻ: അതുകൊണ്ട് എന്തു ഗുണം ഉണ്ടായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

Shri P. S. Nataraja Pillai: Preliminary investigations are being done, proposals are being considered and they are doing their best to bring the scheme into operation in that area.

ശ്രീ. യു. നീലകണ്ഠൻ: നാർവ്വീജിയൻ സഹായ പദ്ധതിയുടെ പിന്നിൽ രാഷ്ട്രീയമായ എന്തെങ്കിലും ഉദ്ദേശമുണ്ടെന്നു ഗവൺമെന്റിനു അറിയാമോ?

Shri P. S. Nataraja Pillai: To the best of the knowledge of this Government there is absolutely no motive or intention of that sort behind this scheme.

ശ്രീ. യു. നീലകണ്ഠൻ: ചിറയിൻകീഴ് താലൂക്കിൽ ചെയ്യുവാൻ പോകുന്ന പദ്ധതികൾ എപ്പോൾ നടപ്പാക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

Shri P. S. Nataraja Pillai: During the next financial year.

ശ്രീ. ടി. എ. മജീദ്: സൌജന്യനിരക്കിൽ നൽകുന്ന തടിയുടെ സീനിയറേജ് റേറ്റ് എത്രയാണെന്നു പറയാമോ?

Shri P. S. Nataraja Pillai: Soft wood timber for the construction of boats and catamarans for fishing is supplied from the Forest Department at the seigniorage value of 12 as. a c. ft.

ശ്രീ. ടി. എ. മജീദ്: അതു മുമ്പ് ൧൨ ണ. ആയിരുന്നുവെന്നു ഗവൺമെന്റിനു അറിയാമോ?

Shri P. S. Nataraja Pillai: The rate was revised on the basis of the market price of timber.

ശ്രീ. ടി. എ. മജീദ്: പണ്ടുണ്ടായിരുന്ന സൗജന്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ടെന്നും പണ്ടുണ്ടായിരുന്നതിന്റെ ഇരട്ടിയാണ് ഇപ്പോഴത്തെ റേറ്റെന്നും ഗവണ്മെന്റിനറിയാമോ?

Shri P. S. Nataraja Pillai : That is a consequence of the increased cost of living. Prices of all materials have gone up and necessarily, there is an increase in the price of timber. But Government are selling at a reduced rate.

ശ്രീ. ടി. എ. മജീദ്: മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുവാൻ ഉദ്ദേശിക്കുന്ന സമിതിക്ക് തടിയുടെ സീനിയറേജ് റേറ്റ് പഴയ നിരക്കിലാക്കുവാൻ നിർദ്ദേശിക്കുമോ?

Shri P. S. Nataraja Pillai: Sir, I can answer after I have studied the whole question.

Shri T. S. Ramaswami: May I know at what rate salt is supplied to fisherfolk ?

Shri P. S. Nataraja Pillai: Salt is now supplied to fisherfolk at a concession of 4 as. in a maund.

Shri T. S. Ramaswami: Are Government aware that 4 annas plus the transportation charge is more than the market value of the salt ?

Shri P. S. Nataraja Pillai: Whether salt is transported by private merchants or contractors, the same transport charges have to be incurred. If the fisherfolk are to buy from the market they have to pay transport charges to the merchants.

Shri T. S. Ramaswami: May I know whether the same rate applies everywhere or to South Travancore alone ?

Shri P. S. Nataraja Pillai: It applies throughout the State.

ശ്രീ. ടി. കെ. ദിവാകരൻ: മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഇതിനകം എത്ര വീടുകൾ പണിയിച്ചിട്ടുണ്ട്?

Shri P. S. Nataraja Pillai : The exact number is not available.

ശ്രീ. ടി. കെ. ദിവാകരൻ: എത്ര കോഓപ്പറേറ്റീവ് സൊസൈറ്റീസ് അവരുടെയിടയിൽ വർക്ക് ചെയ്യുന്നുണ്ട്?

Shri P. S. Nataraja Pillai : Two lakhs of rupees have been proposed to be issued to the various Co-operative Societies. The number of such societies is not available with me now.

ശ്രീ. ടി. കെ. ദിവാകരൻ: മത്സ്യത്തൊഴിലാളികൾക്ക മാത്രമായി ഒരു ഭവനനിർമ്മാണപദ്ധതിയുണ്ടോ?

Shri P. S. Nataraja Pillai : Under the Community Project, I think there is one in a particular area.

ശ്രീ. ടി. കെ. ദിവാകരൻ : മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഭവനമില്ലായ്മ വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുമോ?

Shri P. S. Nataraja Pillai : Certainly, it would.

ശ്രീ. ടി. കെ. ദിവാകരൻ : അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഭവനനിർമ്മാണപദ്ധതിക്ക് മുൻഗണന നൽകുമോ?

Shri P. S. Nataraja Pillai : Certainly, Sir, in whatever that is being done, preference will be given to the coastal people.

ശ്രീ. പി. വി. അവിരാത്തരകൻ : ആകെ ഇവിടെ എത്ര മത്സ്യത്തൊഴിലാളികളുണ്ടെന്ന് പറയാമോ?

Shri P. S. Nataraja Pillai : I regret I am not in possession of that information.

ശ്രീ. പി. വി. അവിരാത്തരകൻ : അവരിൽ എത്രപേർക്ക് ഈ സഹായം ലഭിക്കുന്നുണ്ടെന്ന് പറയാമോ?

Shri P. S. Nataraja Pillai : That also I cannot say.

ശ്രീ. പി. രവീന്ദ്രൻ : മത്സ്യം പിടിക്കുന്നതിന് ഗവണ്മെന്റിന്റെ കൈവശം ഇപ്പോൾ മീൻപിടുത്തക്കപ്പലുകളുണ്ടോ ?

Shri P. S. Nataraja Pillai : I think there is one vessel.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി : മത്സ്യത്തൊഴിലാളികൾക്ക് നൂൽ സൗജന്യമായി കൊടുക്കുവാൻ ഏതെങ്കിലും പ്രത്യേക ഏജൻസി ഉണ്ടോ?

Shri P. S. Nataraja Pillai : Yarn is distributed to them through the Fisheries and the Textile Departments.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി ; സഹകരണസംഘത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഏജൻസികൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നാണ് ചോദിച്ചത്.

Shri P. S. Nataraja Pillai : I cannot answer that stright-away. I have not collected information on that.

Shri A. A. D. Luiz: May I know whether the funds required to work the Norwegian Scheme were brought to this State by the Norwegians ?

Shri P. S. Nataraja Pillai : I do not know whether they have brought their own funds and whether they have invested it with the State Government.

Shri A. A. D. Luiz : Have the Government made any commitments ?

Shri P. S. Nataraja Pillai : Except some concession to facilitate their work. But it is not in the sense of a financial commitment.

ശ്രീ. ടി. ഭാസ്കരൻപിള്ള : നാർവീജിയൻ സഹായപദ്ധതി മത്സ്യതൊഴിലാളികൾക്ക് മൊത്തത്തിൽ ദോഷം വരുത്തുന്നതാണെന്ന് ഗവണ്മെന്റിന് അറിയാമോ?

Shri P. S. Nataraja Pillai : I do not know, Sir.

ശ്രീ. ടി. ഭാസ്കരൻപിള്ള : അതിനെപ്പറ്റി അന്വേഷിക്കുവാൻ ജനപ്രതിനിധികളുടെ ഒരു കമ്മിറ്റി രൂപീകരിക്കാമോ?

Shri P. S. Nataraja Pillai : It is an accepted fact that fishing development is necessary. If Government find it necessary to go into the question at this late stage, it can be done.

ശ്രീ. പി. കെ. യശോധരൻ : നാർവീജിയൻ സഹായപദ്ധതിയിൽ സംസ്ഥാനഗവണ്മെന്റിന് എന്തെങ്കിലും നിയമമോ ആവശ്യമായ നിർദ്ദേശം കൊടുക്കുവാനുള്ള പദ്ധതിയോ ഉണ്ടോ?

Shri P. S. Nataraja Pillai : Now the scheme is being implemented in consultation with the Government and according to their suggestions.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ അഡ്മിനിസ്ട്രേറ്റിവ് കൺട്രോൾ ഈ ഗവണ്മെന്റിന് ഉണ്ടോ?

Shri P. S. Nataraja Pillai : Over the Norwegian staff this Government have no control.

കൈത്തറിവ്യവസായം.

* ൪൩. [൭] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറിവ്യവസായം ഉദ്ധരിക്കാൻ സർക്കാർ വല്ല പുതിയ പദ്ധതിയും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) തിരുവിതാംകൂർ-കൊച്ചി കൈത്തറിനെയ്ത്തു തൊഴിലാളി ഫെഡറേഷൻ നൽകിയിട്ടുള്ള മെമ്മോറാണ്ഡത്തിലെ ആവശ്യങ്ങൾ സർക്കാർ നടപ്പിലാക്കുമോ ?

ധനകാര്യ-കൃഷിമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): (എ) ഉണ്ട്. ഈ സ്റ്റേറ്റിലെ കൈത്തറിവ്യവസായപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇൻഡ്യാ ഗവണ്മെന്റ് ൯,൧൨,൦൦൦ രൂപ അനുവദി

ച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിന് ൧൨-൧-൫൮ മുതൽ ആരംഭിച്ചിട്ടുണ്ട്. മദ്രാസ് സെൻട്രൽ മാർക്കറ്റിംഗ് ഓർഗനൈസേഷൻ ഡയറക്ടറെയാണ് ഈ പ്രവർത്തനം നടത്തുന്നതിന് ഇൻഡ്യാ ഗവണ്മെന്റ് അധികാരപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം ഈ സ്റ്റേറ്റിലെ ഹാൻഡ്ലൂം അസിസ്റ്റന്റ് വ്യവസായഡയറക്ടരുടെയും രണ്ട് ഹാൻഡ്ലൂം ഡവലപ്പ്മെന്റ് ആഫീസന്മാരുടെയും രണ്ട് ആഡിറ്ററന്മാരുടെയും സഹായത്തോടുകൂടി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പിൽ വരുത്തുന്നതിനായി പത്തുലക്ഷത്തി അൻപത്തിരായിരത്തി അറുനൂറ് രൂപ ചെലവുവരുന്ന ഒരു പദ്ധതി നമ്മുടെ ഗവണ്മെന്റ് തയ്യാറാക്കി ഇൻഡ്യാ ഗവണ്മെന്റിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

(ബി) ഇതിൽ പറയുന്ന മെമ്മോറാണ്ഡം ഗവണ്മെന്റിനു ലഭിച്ചിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ: ഈ സംസ്ഥാനത്തുള്ള കൈത്തറി തൊഴിലാളികളെ ഉദ്ധരിക്കുന്നതിന് ഈ പദ്ധതി സഹായകരമാണോ?

Shri P. S. Nataraja Pillai : The objective of Government is to bring all the handloom weavers under the co-operative organisation and there by help the industry.

ശ്രീ. യു. നീലകണ്ഠൻ: സംസ്ഥാനത്ത് പുതിയ പദ്ധതിയനുസരിച്ച് എത്ര പുതിയ സഹകരണസംഘങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്?

Shri P. S. Nataraja Pillai : That information is not now available with me.

ശ്രീ. ആർ. പ്രകാശം: മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

Shri P. S. Nataraja Pillai : Under the rules prevailing, I should not be compelled to speak in any language. But I shall try to give the answer at present.

ശ്രീ. എ. കുഞ്ഞൻ നാടാർ: മന്ത്രി തമിഴനാണ്. മലയാളത്തിൽ പറയാൻ വിഷമമാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: ഇപ്പോൾ കൂടുതലായി എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം എന്റെ കൈവശമില്ല. എന്നാൽ എന്റെ അറിവിൽപ്പെട്ടിടത്തോളം നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം ഇതാണ്. മുമ്പു പ്രവർത്തനത്തിലിരിക്കുന്ന സഹകരണസംഘങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ഗവണ്മെന്റിൽനിന്നും സഹായധനം കൊടുത്ത് പ്രവർത്തിപ്പിക്കുക എന്നുള്ളതായിരിക്കും; പുതിയതായി സഹകരണസംഘങ്ങൾ ഉണ്ടാക്കുകയല്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. യു. നീലകണ്ഠൻ: ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന സഹകരണസംഘങ്ങളിൽ കൈത്തറി നെയ്ത്തു തൊഴിലാളികൾക്കു പ്രാതിനിധ്യമില്ലായെന്നറിയാമോ?

Shri P. S. Nataraja Pillai : The proposals are to advance loans to the existing co-operative societies so that they can function more effectively and usefully amongst the weavers.

ശ്രീ. യു. നീലകണ്ഠൻ : ഈ പദ്ധതിയിൽ പതിനായിരം തൊഴിലാളികളെ മാത്രമാണു ഉൾപ്പെടുത്തിയിരിക്കുന്നതെന്നു പറയുന്നതു ശരിയാണോ?

Shri P. S. Nataraja Pillai : I want notice.

ശ്രീ. എം. ഭാസ്കരൻ നായർ : ഇപ്പോൾ ൩൨ ലക്ഷം രൂപാ ചെലവുവരുന്ന ഒരു പുതിയ പദ്ധതി ഗവൺമെന്റിലേയ്ക്കു സമർപ്പിച്ചിട്ടുള്ളതായി അറിയാമോ?

Shri P. S. Nataraja Pillai: That is a matter which has not been finalised.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന കൈത്തറിത്തുണികൾക്കു ശരിയായ മാർക്കററ ലഭിക്കുന്നില്ലെന്നും അതു കണ്ടുപിടിക്കുന്നതിനു ഗവൺമെന്റിനു കഴിവില്ലെന്നും അറിയാമോ?

Shri P. S. Nataraja Pillai: Government believe that handloom industry is the main industry in the State and that it can be rehabilitated if proper steps are taken in that behalf for which again co-operation is essential.

ശ്രീ. കെ. എ. ബാലൻ : ഇന്നു നിലവിലിരിക്കുന്ന സഹകരണസംഘങ്ങളിൽ കൂടുതൽ നെയ്ത്തുകാർ ഇല്ലെന്നറിയാമോ?

Shri P. S. Nataraja Pillai : There are multi-purpose societies in which there are non-weavers and there are other weaving societies as well. As there are such societies the weavers also can be benefitted.

ശ്രീ. കെ. എ. ബാലൻ : അതുകൊണ്ടു ഈ സഹകരണസംഘങ്ങൾമൂലം വലിയ പ്രയോജനം നെയ്ത്തുകാർക്കില്ലെന്നു ഗവൺമെന്റിനറിയാമോ ?

Shri P. S. Nataraja Pillai : Certainly not.

ശ്രീ. കെ. എ. ബാലൻ : അവരെ ഇതിൽനിന്നും ഒഴിവാക്കാൻ ഭയവുണ്ടാകുമോ ?

Shri P. S. Nataraja Pillai : If it is found necessary to encourage handloom cloth we must reduce it further. Government will consider that.

ശ്രീ. പി. വിശ്വംഭരൻ : ഗവൺമെന്റാവശ്യങ്ങൾക്കു വാങ്ങുന്ന തുണികൾ നിവൃത്തിയുള്ളിടത്തോളം കൈത്തറിത്തുണികൾതന്നെ വാങ്ങുന്നതു സഹായകമാകുന്നതല്ലേ ?

Shri P. S. Nataraja Pillai : That is one of the methods which can be thought of to encourage handloom industry.

ശ്രീ. എം. ഭാസ്കരൻ നായർ : മദ്രാസ് ഗവണ്മെന്റ് കൈത്തറി തുണികൾക്ക് സെയിൽസ്ടാക്സ് മുഴുവൻ ഇളവുചെയ്തുകൊടുത്തിട്ടുണ്ടെന്നറിയാമോ ?

Shri P. S. Nataraja Pillai : I think so.

ശ്രീ. കെ. സി. ജോർജ് : ഈ പദ്ധതിയുടെ പ്രവർത്തനത്തിനായി ഒരു കലണ്ടറിംഗും, ബ്ലീച്ചിംഗും മെഷീൻ വരുത്താൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ ?

Shri P. S. Nataraja Pillai : Calendering and processing is one of the necessities to help the Industry. So far the Government have not committed themselves to any such thing.

ശ്രീ. കെ. സി. ജോർജ് : നെയ്ത്തുതൊഴിലാളികൾക്ക് ഇതു് ഏററവും ആവശ്യമായ ഒന്നാണെന്നും അതു് വളരെക്കാലമായി അവർ ആവശ്യപ്പെട്ടുകൊണ്ടിരുന്നതായും അറിയാമോ ?

Shri P. S. Nataraja Pillai : Government know that. They are taking advantage of funds that are becoming available with them for development of the industry.

ശ്രീ. കെ. സി. ജോർജ് : ഈ മെഷീനുകൾ ആർഡർ ചെയ്താൽ തന്നെ അമേരിക്കയിൽ നിന്നും വരാൻ രണ്ടു വർഷം എടുക്കുമെന്നറിയാമോ ?

Shri P. S. Nataraja Pillai : The machinery will be made available for which negotiations are taking place at the moment.

ശ്രീ. ടി. കെ. ദിവാകരൻ : കൈത്തറി തുണി വാങ്ങുന്നവർക്ക് കൊടുത്തുവരുന്ന ഒന്നര അണ കച്ചവടക്കാർക്കും കൊടുക്കുന്നതിനു വിചാരിക്കുന്നുണ്ടോ ?

Shri P. S. Nataraja Pillai : No, Sir. It is only for the co-operative societies who sell the articles. There is a Government proceedings in the matter, and it is not extended to the others.

ശ്രീ. എം. ഭാസ്കരൻ നായർ : നെയ്യാററിൻകര—വിളവംകോട് കമ്മ്യൂണിററി പ്രാജക്ററിന്റെ ആവശ്യത്തിലേയ്ക്കു് ഒരു കലണ്ടറിംഗും ബ്ലീച്ചിംഗും മെഷീൻ വരുത്താൻ ആവശ്യപ്പെട്ടിട്ടില്ലേ ? അതിലേയ്ക്കു് ഗവണ്മെന്റ് സത്വരനടപടി എടുക്കുമോ ?

Shri P. S. Nataraja Pillai : Government will do all they can to facilitate matters of this kind.

ശ്രീ. ഡി. വിവേകാനന്ദൻ : സർ, ഒരു പായിന്റ് ഓഫ് ഓർഡർ. സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കുന്നവർതന്നെ പിന്നെയും ചോദിച്ചുകൊണ്ടിരുന്നാൽ മററുള്ളവർക്ക് ചോദിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുകയില്ലേ ?

മിസ്റ്റർ സ്പീക്കർ : അതുകൊണ്ട് ഒരു ചോദ്യം മാത്രമേ ചോദിക്കുവാൻ പാടുള്ളു എന്നർത്ഥമില്ല. ആർക്കും അവസരം നഷ്ടപ്പെടുകയില്ല.

ശ്രീ. കെ. എ. ബാലൻ : നെയ്ത്തുതൊഴിലാളികളുടെ ഒരു സെൻസസ് എടുക്കുവാൻ ദയവുണ്ടാകുമോ ?

Shri P. S. Nataraja Pillai : Enumeration of the looms are being conducted.

ശ്രീ. കെ. എ. ബാലൻ : അവരെ എല്ലാവരെയും സഹകരണസംഘങ്ങളിൽ ഉൾപ്പെടുത്താനുള്ള ഒരു പദ്ധതി നടപ്പിൽ വരുത്തുമോ ?

Shri P. S. Nataraja Pillai : That is the idea.

ശ്രീ. ഡി. വിവേകാനന്ദൻ : ഈ പദ്ധതികളിൽ നെയ്ത്തുതൊഴിലാളികളുടെ അഭിപ്രായങ്ങൾ ആരായുന്നുണ്ടോ ?

Shri P. S. Nataraja Pillai : That also is being done.

ശ്രീ. ഡി. വിവേകാനന്ദൻ : അവരുടെ നേതാക്കന്മാരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

Shri P. S. Nataraja Pillai : My impression is so. The representatives of the handloom weavers are in the Central societies.

ശ്രീ. ഡി. വിവേകാനന്ദൻ : കൈത്തറി തുണികളുടെ ചെലവു വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

Shri P. S. Nataraja Pillai : Improvement in the quality is one. The sales are being subsidised. Propaganda is being done for getting their support.

ശ്രീ. ഡി. വിവേകാനന്ദൻ : കൈത്തറി തുണികളുടെ ക്വാളിററി നന്നാക്കാൻ കലണ്ടറിംഗ് മെഷീനും, ബ്ലീച്ചിംഗ് മെഷീനും ആവശ്യമില്ലേ?

Shri P. S. Nataraja Pillai : That has been answered already.

ശ്രീ. പി. വിശ്വംഭരൻ : ഒരു പായിന്റ് ഓഫ് ഓർഡർ. ചോദ്യം ചോദിച്ചിരിക്കുന്ന ആൾക്ക് സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാൻ മുൻഗണന കൊടുക്കുന്ന പതിവുണ്ട്. അതിനുശേഷം മററുള്ള

വക്ക് ചോദ്യം ചോദിക്കുവാനുള്ള അവസരം ലഭിക്കുന്നു. അതിനിടയിൽ വീണ്ടും ചിറയിൻകീഴ് മെംബർ സപ്ലിമെൻററി ചോദ്യം ചോദിക്കുന്നു. അങ്ങിനെ ചോദിക്കുന്നതുകൊണ്ട് മററുള്ളവരുടെ അവസരം നഷ്ടപ്പെടുകയില്ലേ?

മി. സ്പീക്കർ: ചോദ്യങ്ങൾ അയച്ചിരിക്കുന്ന മെംബർക്ക് ആദ്യം സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുവാനുള്ള അവസരം ഉണ്ടായിരിക്കും. തുടർന്നു മററു പലരുടേയും അനേകം സപ്ലിമെൻററി ചോദ്യങ്ങൾക്കുശേഷം ആ മെംബർക്ക് ഏന്തെങ്കിലും സംഗതമായ ചോദ്യം ചോദിക്കേണ്ടതായി വന്നാൽ ആ പ്രത്യേക പരിതഃസ്ഥിതികളിൽ അതനുവദിക്കുന്നതാണ്.

ശ്രീ. യു. നീലകണ്ഠൻ: ഞാൻ (ബി) യുടെ സപ്ലിമെൻററി ചോദ്യമാണു ചോദിക്കുന്നതു്. ഗവണ്മെൻറിലേക്കു നൽകിയിട്ടുള്ള മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിച്ചാൽകൊള്ളാം,

(ഉത്തരം പറഞ്ഞില്ല)

Procurement of paddy.

*47 [6] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(a) the total quantity of paddy procured by the Government throughout the State in the two previous crops;

(b) the total quantity procured in 1951 and 1952 for Kanni and Kumbham crops? and

(c) the quantity procured from Shencotta Taluk in the years 1951, 1952 and 1953?

Chief Minister (**Shri A. Thanu Pillai**):

(a)	1953	Kumbham crop	(1128)	31,70,756	paras
		Kanni crop	(1129)	18,53,013	,,
(b)	1951	Kumbham crop	(1126)	74,60,909	,,
		Kanni crop	(1127)	48,78,274	,,
	1952	Kumbham crop	(1127)	78,33,413	,,
		Kanni crop	(1128)	24,99,661	,,
(c)	1951			4,17,849	,,
	1952			3,94,314	,,
	1953			1,17,575	,,

Shri K. Sattanatha Karayalar: May I know the quantity procured from South Travancore?

Shri A. Thanu Pillai: I have not got the figures at present.

Shri K. Sattanatha Karayalar: May I know how much of the locally-produced paddy is distributed in the locality?

Shri A. Thanu Pillai: I cannot state that exactly.

Shri K. Sattanatha Karayalar: Is it distributed as rice or paddy?

Shri A. Thanu Pillai: I think it is distributed as rice.

Shri K. Sattanatha Karayalar: Are the Government aware of the fact that the rice distributed there is imported rice and not the locally-produced rice?

Shri A. Thanu Pillai: It may be so, for it depends on so many things.

Shri K. Sattanatha Karayalar: As it is a surplus area, cannot the Government see that the locally-produced rice is distributed in the area?

Shri A. Thanu Pillai: It may not be possible always.

Shri T. S. Ramaswami: May I know whether there was any revision in the rate of levy after the last session?

Shri A. Thanu Pillai: I claim notice.

Shri T. S. Ramaswami: May I know whether the Government are aware of the fact that there is a lot of discrimination shown in the rate of levy between taluk and taluk?

Shri A. Thanu Pillai: I have to look into the papers.

Shri T. S. Ramaswami: This question was discussed on the floor of the House, and in the light of the discussion, will the Government review the rate of levy? I am expressing the grievances of the paddy producers in South Travancore.

Shri A. Thanu Pillai: We will consider, and if necessary, we will review it.

ശ്രീ. പി. കെ. യശോധരൻ: ൫൩-ൽ എടുത്ത നെല്ല് ൫൨-നെക്കാൾ കൂടുതലാണോ?

ശ്രീ. എ. താണുപിള്ള: ൫൨-ലാണ് കൂടുതൽ. ൫൩-ൽ എടുത്ത നെല്ല് കുറവാണ്.

ശ്രീ. പി. കെ. യശോധരൻ: അതിനുള്ള കാരണമെന്താണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അത് നെല്ലെടുപ്പു രീതിയിൽ വരുത്തിയ വ്യത്യാസംകൊണ്ടായിരിക്കാം.

ശ്രീമതി കെ. ആർ. ഗൌരി: പുതിയ നെല്ലെടുപ്പു പദ്ധതിപ്രകാരം ആണ്ടുതോറും എടുക്കുന്ന നെല്ല് കുറഞ്ഞുവരുന്നതുകൊണ്ട് പദ്ധതി ഭേദഗതി ചെയ്യണമെന്നു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതേപ്പറ്റി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ ആലോചിക്കുന്ന സമയത്ത് വലിയ ജന്മിമാരുടെയും ഭൂവുടമകളുടെയും പക്കലുള്ള എക്സസ് നെല്ല് മുഴുവനും എടുക്കാൻ ഗവണ്മെന്റ തയ്യാറാകുമോ?

ശ്രീ. എ. താണുപിള്ള: ആകെപ്പാടെ എത്ര നെല്ല് എടുക്കാനുണ്ടെന്നും, ആവശ്യമുണ്ടെന്നും ഉള്ളതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്. ആവശ്യമാണെന്നു കണ്ടാൽ എക്സസ് നെല്ല് മുഴുവനും എടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. കൺട്രോൾ സംബന്ധിച്ചുതന്നെ ഇതുവരെ അവസാനമായിട്ടൊന്നും തീരുമാനിച്ചിട്ടില്ല. അത് സെൻട്രൽ ഗവണ്മെന്റുമായി ആലോചിച്ചു തീരുമാനിക്കേണ്ടതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: നമുക്കാവശ്യമുള്ള നെല്ല് ഈ സംസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുവാൻ സാധ്യമാകാത്ത സ്ഥിതിക്ക് എക്സസ് മുഴുവൻ വരുന്ന നെല്ലെടുക്കാതെയിരിക്കുന്നതു അക്രമമല്ലേ?

ശ്രീ. എ. താണുപിള്ള: ആഹാരസാധനങ്ങൾ ആളുകൾക്കു കിട്ടുന്നുള്ള വ്യവസ്ഥകൾ ഏർപ്പെടുന്നതിനെ ആശ്രയിച്ചാണ് എക്സസ് നെല്ലെടുക്കുന്ന സമ്പ്രദായം തീരുമാനിക്കേണ്ടത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: നെല്ല് വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസു വേണം.

ശ്രീ. കെ. എ. ബാലൻ: ഈ സ്റ്റേറ്റിൽ ആകെ ഉൽപ്പാദിപ്പിക്കുന്നതിന്റെ എത്ര ശതമാനമാണ് നെല്ലെടുക്കുന്നത്?

ശ്രീ. എ. താണുപിള്ള: അതിനു ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

State Transport Ferry Service.

*48 [7] **Shri M. P. Menon**: Will the Chief Minister be pleased to state:

(a) what are the total receipts from the Ferry Section of the State Transport for the year 1952;

(b) what is the total working expense for the above section in the same year; and

(c) what amount has been paid as bonus to the workmen of the Ferry Section during 1952?

Minister for Works and Transport (**Shri A. Achutan**):

(a) Rs. 3,43,459-3-0 ps.

(b) Rs. 3,28,768-14-8.

(c) No amount has been paid as bonus to the workmen of the ferry section during the year.

ശ്രീ. സി. സി. അയ്യപ്പൻ: ഉത്തരം പറയുന്ന മന്ത്രി തന്നെ ചോദ്യം വായിക്കേണ്ട ആവശ്യമുണ്ടോ?

മിസ്റ്റർ സ്പീക്കർ: വേണമെന്നില്ല.

Shri M. P. Menon: May I know why no bonus was paid?

Shri A. Achutan: The condition precedent to the grant of bonus in the department is that the net profits should be more than $7\frac{1}{2}$ per cent. of the capital outlay. The profit for the year 1951-52 was only Rs. 14,690 and this worked out only to 3.75 per cent of the capital outlay. So bonus was not paid.

Shri M. P. Menon: May I know whether the Government are prepared to hand over the service to private agencies in view of the unprofitable working?

Shri A. Achutan: Before considering that, various other questions have to be considered.

Shri M. P. Menon: Are the Government aware that after their taking over the ferry service, they have increased the passenger charges?

Shri A. Achutan: From the figures available, it cannot be stated that at present there is considerable increase in passenger fares.

Shri M. P. Menon: It is not a question of the increase in the number of passengers. The passenger fare has increased from a rate of 1 anna to 1 anna 3 pies.

Shri A. Achutan: I claim notice.

Shri M. P. Menon In the figures given under working expenses, are the funds utilised for the repair of boats included?

Shri A. Achutan: That cannot be stated definitely now.

ശ്രീ. കളത്തിൽ വേലായുധൻനായർ: ബഹുമാനപ്പെട്ട തൊഴിലാളി നേതാവ് ഇപ്പോൾ അഭിപ്രായപ്പെട്ടതിനെ പരിഗണിച്ച് എല്ലാം സ്ഥാപനങ്ങളും ദേശവൽക്കരിച്ചു ഈ ഫെറിസർവ്വീസ് പ്രൈവററ് ഏജൻസിക്കു കൊടുക്കുന്നതിനെപ്പററി പര്യാലോചിക്കുമോ?

ശ്രീ. എ. അച്ചുതൻ: പല കാര്യങ്ങളെപ്പററിയും ആലോചിച്ചതിനുശേഷമേ അതേപ്പററി ഒരു തീരുമാനം ചെയ്യുവാൻ ഒക്കുകയുള്ളൂ.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏതുകാര്യവും ദേശവൽക്കരിക്കണമെന്നു മുറവിളികൂട്ടുന്ന തൊഴിലാളിഭാഗത്തുനിന്നും ഇങ്ങനെയൊരു നിർദ്ദേശം വന്നിരിക്കുന്ന സ്ഥിതിക്കു അതേപ്പററി പര്യാലോചിക്കുമോ?

ശ്രീ. എ. അച്ചുതൻ: ആലോചിക്കാം.

മദ്യനിരോധന ഉദ്യോഗസ്ഥന്മാർ.

* ൪൯. [൯] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മദ്യനിരോധനനിയമം പരിപാലിക്കാൻ നിയമിതരായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വകയ്ക്കു എത്ര രൂപാ പ്രതിവർഷം ഗവൺമെൻറ് ചെലവാക്കുന്നു?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): ൧,൪൯,൫൦൦ രൂപ.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും പ്രോഹിബിഷൻനിയമം ലംഘിച്ചുതായി അറിയാമോ?

Shri P. S. Nataraja Pillai : It has not come to the notice of Government.

ശ്രീ. ടി. കെ. കൃഷ്ണൻ: അവരുടെ പ്രധാന ഉദ്യോഗം ചെത്തുകാരിൽനിന്നും കൈക്കൂലി വാങ്ങിക്കുകയാണെന്നു അറിയാമോ?

Shri P. S, Nataraja Pillai : No, Sir, it has not come to the notice of Government.

ശ്രീ. പ്രാക്കുളം ഭാസി: മദ്യനിരോധനം നിറുത്തലാക്കുവാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

Mr. Speaker : That question does not arise.

ശ്രീ. പി. കെ. യശോധരൻ: ട്രെയിനിൽ മദ്യനിരോധനത്തിനു വേണ്ടി പരിശോധന നടത്തുന്നുണ്ടോ?

Shri P. S. Nataraja Pillai : I cannot state anything about that now.

ശ്രീ. ഡി. വിവേകാനന്ദൻ: മദ്യനിരോധനം നടപ്പിലായതിനു ശേഷം മുമ്പുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെ കുറവുചെയ്തിട്ടുണ്ടോ?

Shri P. S. Nataraja Pillai : I cannot answer that.

സർവ്വീസ് സംയോജനം.

* ൫൦. [൰] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സംയോജനം എത്ര വകുപ്പുകളിൽ പൂർത്തിയായിട്ടുണ്ട്;

(ബി) ഇനി പൂർത്തിയാകാനുള്ളത് എന്നേക്കു പൂർത്തിയാകും?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ൭ വകുപ്പുകളിൽ.

(ബി) എത്രയുംവേഗം ഈ ജോലി പൂർത്തിയാക്കാമെന്നാണു ഗവൺമെൻറുദ്ദേശിക്കുന്നത്.

സർ, ഇതിനെസംബന്ധിച്ചു ഇതിനുമുമ്പു പൂർണ്ണമായ ഉത്തരം നൽകിക്കഴിഞ്ഞിട്ടുള്ളതാണ്.

സീററ സംവരണം.

* ൩൧. [൧൦] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

കാളേജുകളിൽ പട്ടികജാതി വിദ്യാൎത്ഥികൾക്ക് സീററ സംവരണം ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): കാളേജുപ്രവേശനത്തിനുള്ള അപേക്ഷകളുടെ എണ്ണക്കൂടുതൽകൊണ്ടും അപേക്ഷിക്കുന്ന വിദ്യാൎത്ഥികൾക്കെല്ലാം കാളേജുപ്രവേശനം നൽകുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടും പട്ടികജാതിയിൽപ്പെട്ട കാളേജുവിദ്യാൎത്ഥികൾക്ക് പ്രവേശനം കിട്ടുന്നതിനുള്ള സൗകൎയ്യത്തെ ഉദ്ദേശിച്ചുമാണ് പട്ടികജാതി വിദ്യാൎത്ഥികൾക്ക സീററസംവരണം ചെയ്തിരിക്കുന്നതു്.

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: പിന്നാക്ക സമുദായങ്ങളിൽനിന്നും ഇത്ര വിദ്യാൎത്ഥികൾമാത്രമെ ആകാവൂ എന്ന പ്രത്യേകം വ്യവസ്ഥയുണ്ടോ?

ശ്രീ പി. കെ. കുഞ്ഞു്: അങ്ങനെ വ്യവസ്ഥയില്ല.

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: ഈ സംവരണവ്യവസ്ഥകൊണ്ടു് കാളേജിൽ പോകാൻ പാടില്ലാത്തവിധത്തിൽ ഇപ്പോൾ വിദ്യാൎത്ഥികളുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: മെരിററുള്ള വിദ്യാൎത്ഥികൾക്ക് കാളേജുപ്രവേശനത്തിന വിഷമമൊന്നുമില്ല. മെരിററും യോഗ്യതയും ഉള്ള പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാൎത്ഥികൾക്ക് കാളേജുപ്രവേശനത്തിന വിഷമമുണ്ടാകരുതെന്ന കരുതിയാണ് ഈ വ്യവസ്ഥ ഏൎപ്പെടുത്തിയിരിക്കുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: മുൻകൊല്ലങ്ങളെ അപേക്ഷിച്ചു ഇക്കൊല്ലം കൂടുതൽ വിദ്യാൎത്ഥികൾക്ക് പ്രവേശനം കിട്ടിയിട്ടില്ലയോ?

ശ്രീ. പി. കെ. കുഞ്ഞു്: കിട്ടിയിരിക്കണം.

ശ്രീ. കെ. കൊച്ചുകുട്ടൻ: പിന്നാക്കസമുദായ ഉപദേശകസമിതിയുടെ തീരുമാനമനുസരിച്ചല്ലയോ ഇങ്ങനെ കാളേജുകളിൽ സീററുകൾ സംവരണം ചെയ്തിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതെ.

ശ്രീ. കെ. കൊച്ചുകുട്ടൻ: പരീക്ഷണാൎത്ഥം ഇക്കൊല്ലത്തേയ്ക്കു മാത്രമല്ലയോ ഈ തീരുമാനം ചെയ്തിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതെ.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഒരു മന്ത്രിയോടു ചോദ്യം ചോദിക്കുന്ന അവസരത്തിൽ അദ്ദേഹം 'കിട്ടിയിരിക്കണം' എന്നു പറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടതു്?

മിസ്റ്റർ സ്പീക്കർ: മനസ്സിലാക്കാവുന്നതു മനസ്സിലാക്കണം.

ശ്രീ. കെ. ബാലകൃഷ്ണൻ: കിട്ടിയിരിക്കുന്നമെന്നു പറഞ്ഞാൽ അതൊരഭിപ്രായമെന്നാണോ, അതോ കിട്ടിയിട്ടുണ്ട് എന്നാണോ മനസ്സിലാക്കേണ്ടതു്?

മിസ്റ്റർ സ്പീക്കർ: ഉത്തരം പറയുന്ന അവസരത്തിൽ കഴിവുള്ള എല്ലാ വിവരങ്ങളും മന്ത്രിമാർ സഭയ്ക്കു് നൽകേണ്ടതാണു്. അവർ പറയുന്ന മറുപടിയിൽനിന്നും ഗ്രഹിക്കാവുന്നതു ഗ്രഹിച്ചുകൊള്ളണമെന്നല്ലാതെ ഇന്ന രൂപത്തിൽ മറുപടി പറയണമെന്നു് നിർബന്ധിക്കുവാൻ സ്പീക്കർക്കു് അവകാശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പരീക്ഷണാർത്ഥം ഏർപ്പെടുത്തിയ ഈ സംവരണവ്യവസ്ഥ എന്നും തുടർന്നുകൊണ്ടുപോകുവാനാണോ ഗവണ്മെൻറു് തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ തീരുമാനിച്ചിട്ടില്ല.

Written Answers

മിനിമം വേജസ് കമ്മിററി.

* ൭൨. [൧൧] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽമിൽ തൊഴിലാളി മിനിമം വേജസ് കമ്മിററിയുടെ റിപ്പോർട്ടു് ഗവണ്മെൻറിലേക്കു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഓയിൽമിൽ തൊഴിലാളികളെ എത്ര ഇനമായി റിപ്പോർട്ടിൽ വകതിരിച്ചിരിക്കുന്നുവെന്നു് പറയുവാൻ ദയവുണ്ടാകുമോ;

(സി) ഓരോ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും മിനിമം വേജസ് കമ്മിററി ശുപാർശചെയ്തിരിക്കുന്ന കൂലിനിരക്കു് എത്രയെന്നു് പറയാമോ;

(ഡി) കമ്മിററിയുടെ ശുപാർശ നടപ്പിൽ വരുത്താൻ എത്ര കാലതാമസം വേണ്ടിവരും?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്

(ബി) & (സി) കമ്മിററി റിപ്പോർട്ടു് അച്ചടിച്ചിട്ടുള്ളതും പ്രതികൾ വാങ്ങാൻ കിട്ടുന്നതുമാണു്. അതിലെ ൨൩-൨൪ വശം നോക്കിയാൽ അറിയാവുന്നതാണു്.

(ഡി) കഴിയുന്നത്ര വേഗത്തിൽ നടപ്പിൽ വരുത്താൻ ശ്രദ്ധിക്കുന്നതാണു്.

മദ്യനിരോധന കേസുകൾ.

* ൭൩. [൧൩] ശ്രീ. ജോസഫ് ചാഴിക്കാട്ടു്: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ —

(എ) മദ്യനിരോധന മേഖലയായി തിരുവനന്തപുരം ഡിവിഷനിൽ മദ്യനിരോധനത്തിനെതിരായി ൧൧൨൮–൧൧൨൯ സാമ്പത്തികവർഷത്തിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) അവയിൽ എത്ര ശിക്ഷിക്കപ്പെട്ടിട്ടുണ്ട്?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ൩൨൪.

(ബി) ൪൦൯

Plantation Labour Act.

*54 [15] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state:

(a) whether Government have any idea of implementing Plantation Labour Act in the State; and

(b) whether any representation has been received by the Estate Management regarding same?

Minister for Local Self Government (**Shri P. K. Kunju**): (a) The Plantation Labour Act shall come into force from 1-4-1954.

(b) No.

SHORT NOTICE QUESTIONS.

Works for Peruvellil Punja, Vettiyar.

1. [1] **Shri R. Sankaranarayanan Tampi**: Will the Minister for Public Works be pleased to state:

(*a*) Whether some works for Peruvellil Punja, Vettiyar, Mavelikara *viz.*, deepening of Channels, raising of bunds, construction of sheds for installation of lift pumps have been given on contract;

(*b*) Whether any of the works have been executed;

(*c*) If so, the quantity of work executed by the contractor;

(*d*) Whether the Sub Division Officer, Mavelikara has visited the place and inspected the work;

(*e*) Whether bills for the payment of the works have been submitted by the Contractor; and

(*f*) If answer to (*e*) is in the affirmative, whether they have been sanctioned?

Answer.

(*a*) Yes.

(*b*) All the civil portion of the work has been completed.

(*c*) Details of works executed by the contractor are appended. *

(*d*) The work was inspected by the Superintending Engineer, Southern Circle on 28-11-1953.

(*e*) The Sub Division Officer has submitted necessary bill to the Executive Engineer.

(*f*) The bill will be paid after scrutiny.

Maintenance of certain Channels.

2. [2] **Shri R. Sankaranarayanan Tampi** : Will the Minister for Public Works Department be pleased to state :

(*a*) Whether the maintenance work of the channels from Peruvellil chal Punja, Vettiyar, Mavelikara, for this year has been given on contract ;

(*b*) If the answer to (*a*) is in the affirmative, whether any work has been done ;

(*c*) Whether bills for the work have been submitted ; and

(*d*) If answer to (c) is in the affirmative, whether the bills have been sanctioned by the Sub Division Officer, Mavelikara.

Answer.

(*a*) Yes.

(*b*) Yes, all the civil portion of the work has been completed.

(*c*) Yes.

(*d*) No. The Sub Division Officer, Mavelikara, has submitted the bill to the Executive Engineer.

UNSTARRED QUESTIONS.

Coalcreting Vaduthala road.

15. [6] **Shri M. P. Menon** : Will the Chief Minister be pleased to state whether steps are being taken to coalcrete the Vaduthala road from Ernakulam town to Chittur Bridge in Cheranallur Village ?

Answer.

No.

---

* please See Appendix I

ആശുപത്രി.

൧൬. [൭] ശ്രീ. ജോസഫ് ചാഴിക്കാട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമപുരം നിയോജകമണ്ഡലത്തിൽപ്പെട്ട മോനിപ്പിള്ളികരയിലെ ജനങ്ങൾ അവർക്ക് ഒരു ആശുപത്രി കിട്ടണമെന്ന് ആവശ്യപ്പെട്ട ഗവണ്മെന്റിലേക്ക് അപേക്ഷകൾ തന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെപ്പററി എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നുമൈൽ ചുററളവിൽ രണ്ടു ആശുപത്രികൾ ഉള്ളതുകൊണ്ട് അപേക്ഷ അനുവദിച്ചില്ല.

Kokkalai Karanchira Canal.

17. [8] **Shri T. P. Sitaraman**: Will the Chief Minister be pleased to state:

(*a*) Whether the Government have received any representation for making Kokkalai Karanchira Canal navigable throughout the year; and

(*b*) What steps the Government have taken in the matter so far?

Answer.

(*a*) Yes.

(*b*) Preliminary enquiries were made.

മാലിപ്പുറം ഡിസ്പെൻസറി.

൧൮. [൨൦] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ നിയോജകമണ്ഡലത്തിൽപ്പെട്ട മാലിപ്പുറത്ത് അനുവദിച്ചിട്ടുള്ള ഡിസ്പെൻസറിയുടെ പ്രവർത്തനം തുടങ്ങാതിരിക്കുന്നതിന് കാരണമെന്ത്;

(ബി) ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ടി ഡിസ്പെൻസറിയുടെ പ്രവർത്തനം ഉടനടി തുടങ്ങുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുമോ;

(സി) ടി ഡിസ്പെൻസറിയിലേയ്ക്ക് ഒരു ഫുൾടൈം ഡാക്ടരെയും സ്റ്റാഫിനെയും അനുവദിക്കുമോ?

ഉത്തരം.

(എ) ഡിസ്പെൻസറി കാമ്പൌണ്ടിലെ വെള്ളം ഉപ്പുരസമുള്ളതാണു്. അതുകൊണ്ടു് ശുദ്ധജലം കിട്ടാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു് പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) എത്രയും വേഗത്തിൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാമെന്നു് വിചാരിക്കുന്നു.

(സി) കുറച്ചുകാലത്തേയ്ക്കു് ഈ ഡിസ്പെൻസറിയുടെ പ്രവർത്തനം വീക്ഷിച്ചതിനുശേഷം ഒരു ഫുൾടൈം ഡാക്ടരെ നിയമിക്കുന്ന കാര്യം ആലോചിക്കുന്നതാണു്. ഫുൾടൈം കമ്പൌണ്ടറും, മിഡ്വൈഫും ഉണ്ടായിരിക്കുന്നതുമാണു്

Lift Irrigation.

19. [29] **Shri K. P. Hormis** : Will the Chief Minister be pleased to state :

(*a*) Whether any scheme of lift irrigation is sanctioned for Vallam Kara in Perumbavur Pakuthi ; and

(*b*) If the answer to (*a*) is in the negative, will the Government be pleased to consider starting lift irrigation scheme in the said kara which is very conveniently situated on the left bank of river Periyar ?

Answer.

(*a*) No lift irrigation scheme has been sanctioned for Vallam Kara.

(*b*) The proposal will be considered by Government.

Dispensary building at Mattoor.

20. [30] **Shri K. P. Hormis** : Will the Chief Minister be pleased to state :

(*a*) Whether the Government are aware of the dilapidated condition of the Government dispensary building at Mattoor (Kaladi Panchayat) ; and

(*b*) Will the Government be pleased to take immediate steps to house the dispensary in a proper building ?

Answer.

(*a*) No.

(*b*) Yes, if the condition of the dispensary is as alleged,

Integration of Laws.

21. [31] **Shri K. P. Hormis** : Will the Chief Minister be pleased to state :

(*a*) the subjects on which different laws are still existing for the erstwhile Cochin and Travancore parts of the Travancore-Cochin State ; and

(*b*) at what early date do the Government expect the integration of the above laws ?

Answer.

(*a*) A list of enactments which are yet to be integrated is placed on the table. *

(*b*) Though no exact date can be specified, the work of integrating the laws is being attended to expeditiously.

12 noon]

Mr Speaker : Order, order. Time for interpellations is over.

Adjournment Motion regarding unemployment among labourers engaged in the Cashew-nut Industry.

മിസ്റ്റർ സ്പീക്കർ : ശ്രീ. ദിവാകരന്റെ അഡ്ജേണ്മെന്റ് മോഷനെ സംബന്ധിച്ച് നൽകാവുന്ന വിവരങ്ങൾ സഭ മുമ്പാകെ വെയ്ക്കുന്നതിനായി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ക്ഷണിച്ചുകൊള്ളുന്നു.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്): ബഹുമാനപ്പെട്ട മെമ്പർ നോട്ടീസു നൽകിയിട്ടുള്ള അടിയന്തിരപ്രമേയത്തെ സംബന്ധിച്ച് ചില വിശദീകരണങ്ങൾ സഭയിൽ സമർപ്പിച്ചുകൊണ്ട് ഈ കാര്യത്തിൽ ഗവണ്മെന്റ് സ്വീകരിക്കുന്ന നില എന്താണെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രമേയത്തിലെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നതിനുമുമ്പുതന്നെ നിയമസഭാ റൂൾസ് ൨൮-ാംവകുപ്പിലെ രണ്ടാം ഉപവകുപ്പനുസരിച്ച് അടുത്തകാലത്തു നടന്നതും അടിയന്തിരവും പ്രാധാന്യവുമുള്ളതുമായ കാര്യങ്ങളെ സംബന്ധിക്കുന്നതായിരിക്കണം അടിയന്തിരപ്രമേയമെന്ന് 'വ്യവസ്ഥയുള്ള വിവരം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അതു സ്പീക്കറുടെ അധികാരപരിധിയിൽപ്പെട്ട ഒരു കാര്യമാണ്. അതിന്റെ മറപിടിച്ചുകൊണ്ട് ഈ അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്നതും രാജ്യത്തെ ഇന്നു തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നതുമായ പ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരു പരിഹാരംനേടാൻ നിർദ്ദേശങ്ങൾ നൽകുന്നതിനു പ്രമേയാവതാരകനോ മററു ബഹുമാനപ്പെട്ട മെമ്പറന്മാരോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനുള്ള അവസരം നൽകാതിരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ആ മാതിരി പ്രായോഗികവും സ്വീകാര്യവുമായ

---

* Please See Appendix II.

നിർദ്ദേശങ്ങളും എന്തെന്നു മനസ്സിലാക്കി ഗൗരവമേറിയ പ്രശ്നങ്ങൾക്കു് തീരുമാനങ്ങളും കൈക്കൊള്ളുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു് തൊഴിലാളികളുടെ ദുരിതാവസ്ഥയ്ക്കു് പരിഹാരംനേടുന്നതിനു് ഒരു സന്ദർഭമുണ്ടാകുന്നതു് ഏററവും അത്യാവശ്യമാണെന്നു തോന്നുന്നതിനാൽ ഈ പ്രമേയം ചർച്ചാവിഷയമാക്കുന്നതിൽ ഗവണ്മെൻറിനു വിപരീതാഭിപ്രായം ഇല്ലെന്നാണു എനിക്കു ഇവിടെ പ്രസ്താവിക്കാനുള്ളതു്.

ശ്രീ. കുളത്തിൽ വേലായുധൻനായർ: സർ, ഒരു പോയിൻറ് ആഫ് ആർഡർ. കഴിഞ്ഞദിവസം അടിയന്തിരപ്രമേയം സംബന്ധിച്ചുള്ള ഫാക്ട്സ് നൽകണമെന്നാണു് ആവശ്യപ്പെട്ടിരുന്നതു്. അങ്ങനെ അതിലടങ്ങിയിരിക്കുന്ന വസ്തുതകൾ അറിയുന്നതിനുവേണ്ടിയാണു് അന്നു പ്രമേയം മാററിവച്ചതു്.

മിസ്റ്റർ സ്പീക്കർ: അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനു് വിരോധമില്ലെന്നു പറയുമ്പോൾ ഫാക്ട്സ് അറിയുന്നതിനുവേണ്ടി സമയം കളയണമെന്നില്ലല്ലോ. ബഹുമാനപ്പെട്ട മന്ത്രി പ്രമേയം അനുവദിക്കുന്നതിൽ വിരോധമില്ലെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് മോഷൻ ആർഡറിൽ തന്നെയാണെന്നു വിചാരിക്കാം.

The motion is in order. I will read the motion;

“കൊല്ലത്തെ പ്രമുഖ കശുവണ്ടി വ്യവസായികളായ മെസ്സേഴ്സ് എ. ററി. കെ. എം. ആൻഡ് സൺസ്, കെ. എ. കെ. ആൻഡ് സൺസ്, ഓറിയൻറൽ എക്സ്പോർട്ടേഴ്സ്, എം. പി. ഗോവിന്ദൻ ആൻഡ് സൺസ് തുടങ്ങിയ കമ്പനികൾ അവരുടെ അൻപതിൽപരം കശുവണ്ടി വ്യവസായശാലകൾ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമൂലം കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, ചിറയിൻകീഴ്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലായി ൫൦൦൦൦-ൽപരം തൊഴിലാളികൾക്കു് തൊഴിലില്ലാതായിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന പൊതുപ്രാധാന്യമുള്ളതും അടിയന്തിരവുമായ സ്ഥിതിഗതികളെപ്പററി ചർച്ച ചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.”

Has the House any objection to leave being granted? (After a pause) I presume the House has no objection. Leave is granted. The motion will be taken up at 4 P. M. to-day.

Shri K. C. George: I would make a suggestion with regard to the general discussion of the Budget. Today being Friday, I think the House will be losing one hour for the general discussion. I would suggest that the discussion of the budget may be continued from five to six so that we may get one more hour.

Mr. Speaker: What do you say, Mr. Govinda Menon?

Shri Panampilli Govinda Menon: I have no objection.

മിസ്റ്റർ സ്പീക്കർ : വേറെ ചില അടിയന്തിരപ്രമേയങ്ങളും കിട്ടിയിട്ടുണ്ടു്. ആർഡറിൽ അല്ലാത്തതുകൊണ്ടു് അവയെല്ലാം തള്ളിയിരിക്കുകയാണു്.

ശ്രീ. പി. വിശ്വംഭരൻ : സർ, ഒരു പായിൻറ ഓഫ് ആർഡർ, റൂൾസ് പ്രകാരം അടിയന്തിരപ്രമേയം അവതരിപ്പിക്കുന്ന ദിവസം നാലുമണിക്കുതന്നെ അതു ചർച്ചചെയ്യണമെന്നു് വ്യവസ്ഥയുണ്ടു്. റൂൾസിൽ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്:

"......the Speaker shall intimate that leave is granted and that the motion shall be taken at 4 P. M. or, if the Speaker, after consultation with the Leader of the House, so directs, at any earlier hour at which the business of the day may terminate."

നാലുമണിക്കുമുമ്പു് എടുക്കാമെന്നല്ലാതെ അതിനുശേഷം എടുക്കാൻ പാടില്ലെന്നു റൂളിംഗ് തന്നെ ഉണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ് : അടിയന്തിരപ്രമേയത്തിൻെറ ചർച്ചയ്ക്കുശേഷം ഒരു മണിക്കൂറുകൂടി സഭാനടപടികൾ തുടരണമെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. എം. പി. മേനോൻ : നാലുമണിക്കു് ഡിസ്കഷൻ നടത്താമെന്നാണു അങ്ങു് പറഞ്ഞതു്.

മിസ്റ്റർ സ്പീക്കർ : അടിയന്തിരപ്രമേയത്തെപ്പററിയുള്ള ചർച്ച നാലിനും ആറിനും ഇടയ്ക്കു നടത്താം. അതിനുശേഷം ഒരുമണിക്കൂർകൂടി സഭ ഇരിക്കണമെന്നാണു് ശ്രീ. ജാർജ്ജിൻെറ സജഷൻ.

ശ്രീ. കളത്തിൽ വേലായുധൻനായർ: സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള പ്രമേയം പാസ്സായിപ്പോയാൽ പിന്നെ ഒരു മണിക്കൂർകൂടി സഭ തുടരാൻ ഒക്കുകയില്ലല്ലോ. അടിയന്തിരപ്രമേയത്തിൻെറ തലയിലെഴുത്തനുസരിച്ചുണു് സംഗതികൾ ഇരിക്കുന്നതു്. ആ സ്ഥിതിക്കു് ഇപ്പോൾ ഒരു മണിക്കൂർകൂടി സഭാനടപടികൾ തുടരാമെന്നു ഒരു റൂളിംഗ് നൽകാമോ എന്നാണു് ഞാൻ ചോദിക്കുന്നതു്?

മിസ്റ്റർ സ്പീക്കർ : അടിയന്തിരപ്രമേയം പാസ്സായാൽ നീട്ടിവയ്ക്കുന്ന പ്രശ്നം ഉദിക്കുന്നതല്ല.

ശ്രീ. ടി. ഒ. ബാവാ: മററടിയന്തിരപ്രമേയങ്ങൾ എന്തൊക്കെയാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സ്പീക്കർ: അതു പറയേണ്ട ആവശ്യമില്ല. നിയമവിധേയമല്ലാത്ത അടിയന്തിരപ്രമേയങ്ങളെപ്പററി ഇവിടെ പരാമർശനം ചെയ്യുന്നതില്ല.

ELECTION OF MEMBERS TO THE TRAVANCORE-COCHIN STATE AID TO INDUSTRIES BOARD.

Minister for Finance **(Shri P. S. Nataraja Pillai)** : Sir, I move that this House do proceed to elect in such manner as the

Speaker may direct, three Members from among themselves to serve on the Travancore-Cochin State Aid to Industries Board as required by sub-section (3) of Section 3 of the Travancore-Cochin State Aid to Industries Act (Act XIX of 1952).

Shri A. Achuthan : I second it.

The motion was put and carried.

Announcement by Mr. Speaker regarding dates for holding of election to committees.

Mr. Speaker : I have to inform the hon. Members tha the following dates have been fixed for receiving nominations, scrutiny etc., in connection with the election of Members to the following Committees :

	Date for filing of nominations before the Secretary.	*Date far scrutiny of naminations.*	*Date for withdrawal of nominations*	*Date for poll, if necessary.*
1. Six Members for the Estimates Committee for the financial year 1954-55.	Before 2 p.m. on 29th March.	29th March; will be held in the Speaker's Chamber after the House rises for the day.	Before 11 a. m. on oth March.	30th March.
2. Six Members for the Public Accounts Committee for the financial year 1954-55.	Do.	Do.	Do.	Do.
3. Three Members for the State Aid to Industries Board according to the State Aid to Industries Act.	Do.	Do.	Do.	Do.

The elections, if found necessary, will be conducted by means of the single transferable vote in accordance with the system of proportional representation and will be held in the Committee room on the first floor of the Assembly Chamber between the hours of 2 P. M. and 4-30 P. M.

The Travancore-Cochin Appropriation (No. 1) Bill, 1954.

Shri P. S. Nataraja Pillai (*Minister for Finance*) : Sir, I beg to introduce the Travancore-Cochin Appropriation (No. 1) Bill, 1954.

Minister for Works and Transport **(Shri A. Achuthan)** : I second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : Sir, I move that the Bill may be taken into consideration at once.

Shri A. Achuthan : I second it.

The question that the Bill be taken into consideretion at once was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

The question that Clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

The question that the Title and Preamble stand part of the Bill was put and carried.

The Title and Preamble were added to the Bill.

Shri P. S. Nataraja Pillai : I move that the Bill may be taken up and finally passed.

Shri A. Achuthan : I second it.

The question that the Travancore-Cochin Appropriation (No. 1) Bill, 1954, be passed was put and carried.

The Travancore-Cochin Appropriation (No. 1) Bill, 1954, was passed.

General Discussion of the Budget for 1954-55.

Mr. Speaker: We will now pass on to the General Discussion of the Budget.

ശ്രീ. ഡി. ദാമോദരൻ പോററി: സർ, തെരഞ്ഞെടുപ്പിനു ശേഷം ഈ അസംബ്ളി ആദ്യമായി കൂടിയ ഈ സന്ദർഭത്തിൽ, ഈ ഗവണ്മെൻറ് ആദ്യമായി ബഡ്ജററ് അവതരിപ്പിച്ച സന്ദർഭത്തിൽ ആദ്യമായി പ്രസംഗിക്കാൻ എനിക്കു് അവസരം തന്നതിനു് ബഹുമാനപ്പെട്ട സ്പീക്കറോടു് എനിക്കുള്ള കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

മറെറാരു കാര്യം എനിക്കു ബഹുമാനപ്പെട്ട സ്നേഹിതന്മാരോടു പറയുവാനുണ്ടു്. കഴിഞ്ഞദിവസം ഈ സഭയുടെ ഡെപ്യൂട്ടി സ്പീക്കറായി നിങ്ങൾ എന്നെ തെരഞ്ഞെടുത്തു. ആ സന്ദർഭത്തിൽ എനിക്കു നിങ്ങളെല്ലാവരോടുമുള്ള അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുവാനുള്ള അവസരം കിട്ടിയില്ല. ഈ സമയം ഞാൻ അതിനുവേണ്ടി ഉപയോഗിച്ചുകൊള്ളട്ടെ. ഈ സഭയുടെ ഡെപ്യൂട്ടിസ്പീക്കർസ്ഥാനം കാര്യക്ഷമമായി തുടർന്നുകൊണ്ടു പോകുന്നതിനു് നിങ്ങളുടെയെല്ലാം സഹായസഹകരണങ്ങൾ എനിക്കു നൽകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയും, അതു ലഭിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ധനകാര്യമന്ത്രി ഇവിടെ ഹാജരാക്കിയിരിക്കുന്ന ബഡ്ജററിനെപ്പററി പറയുകയാണെങ്കിൽ, ഭരണഭാരം ഏറെറടുത്തിരിക്കുന്ന പാർട്ടിയിലെ ഒരംഗം എന്ന നിലയിൽ അതിനെ പിൻതാങ്ങേണ്ടതു് എൻെറ കർത്തവ്യമാണു്. ഇവിടെ ഇപ്പോൾ ഇങ്ങനെയൊരു ബഡ്ജററു് അവതരിപ്പിക്കുന്നതിൽ ധനകാര്യമന്ത്രിയെ അനുമോദിക്കുകയാണോ, അതല്ല അദ്ദേഹത്തോടു സഹതപിക്കുകയാണോ വേണ്ടതു് എന്നെനിക്കു സംശയമാണു്. അദ്ദേഹം ഉൾപ്പെട്ടിരിക്കുന്ന ഒരു പാർട്ടിയുടെ നയങ്ങൾക്കും പരിപാടികൾക്കും അനുകൂലമായ വിധത്തിൽ ഒരു ബഡ്ജററ തയ്യാറാക്കി ഈ സഭയിൽ അവതരിപ്പിക്കാൻ തക്ക സമയവും സാഹചര്യവും അദ്ദേഹത്തിനുണ്ടായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ കാര്യം അദ്ദേഹത്തിൻെറ ബഡ്ജററുപ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഒൻപതുദിവസം മാത്രം പ്രായമുള്ള ഒരു മന്ത്രിസഭയാണു് ഇന്നു് അധികാരത്തിലിരിക്കുന്നതു്. ബഡ്ജററ തയ്യാറാക്കുന്നതിനും, അതിലുള്ള കണക്കുകൾ പഠിക്കുന്നതിനും മററുമായി അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള സമയം വെറും മൂന്നു ദിവസം മാത്രമാണെന്നു പറഞ്ഞാൽ അദ്ദേഹത്തിനു നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും എന്തായിരിക്കാമെന്നു നമുക്കു അറിയാം. അദ്ദേഹം ഉൾപ്പെട്ടിരിക്കുന്ന പാർട്ടിയുടെ നയപരിപാടികൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജററ തയാറാക്കി ഇവിടെ അവതരിപ്പിക്കാനുള്ള സമയം ചോദിക്കുക മാത്രമാണു് ഈ ബഡ്ജററ നമ്മുടെ മുൻപാകെ വച്ചുകൊണ്ടു് അദ്ദേഹം ചെയ്യുന്നതു്. ഏതാണ്ടു നാലുമാസത്തിനപ്പുറം ഈ ബഡ്ജററിൽ ചേർത്തിരിക്കുന്ന തുകകളെല്ലാം ഭേദഗതി ചെയ്തു്, അദ്ദേഹത്തിൻെറ പാർട്ടിയുടെ നയപരിപാടികൾക്കു് അനുകൂലമായ ഒരു ബഡ്ജററു് ഇവിടെ അവതരിപ്പിക്കുമെന്നു നമുക്കു വിശ്വസിക്കാം. സോഷ്യലിസ്ററ പാർട്ടി

[ശ്രീ. ഡി. ദാമോദരൻ പോററി]

യുടെ നയപരിപാടികൾക്കും അവരുടെ പ്രകടനപത്രികയ്ക്കും അനുകൂലമായിട്ടായിരിക്കും അവരുടെ ഭരണം ഇവിടെ മുന്നോട്ടു കൊണ്ടുപോകുന്നതെന്നു സോഷ്യലിസ്ററ പാർട്ടി നേതാവു് പല പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതാണു്. ഭരണഭാരം ഏറെറടുത്തു നോക്കുമ്പോഴാണു് അതു് എത്രത്തോളം വിഷമമുള്ള ഒരു സംഗതിയാണെന്നു മനസ്സിലാക്കാൻ സാധിക്കുന്നതു്. ഇവിടത്തെ ഭരണം കാര്യക്ഷമമായി നിലനിർത്തിക്കൊണ്ടുപോകുന്നതിനു് അതിപ്രധാനമായ ഒരു സംഗതി സാമ്പത്തികമായ ഭദ്രതയാണു്. ഈ ഗവണ്മെൻറിൻെറ സാമ്പത്തികഭദ്രതയെപ്പററി നോക്കുകയാണെങ്കിൽ ഇവിടെ ഹാജരാക്കിയിരിക്കുന്ന കമ്മി ബഡ്ജററിൽ നിന്നും നമുക്കു് ഏതാണ്ടു് ഊഹിക്കാവുന്നതാണു്. ഈ രാജ്യത്തിൻെറ വരവിനങ്ങളിൽ പലതും ഇന്നു സെൻട്രൽ ഗവണ്മെൻറിൻെറ കൺട്രോളിലായിരിക്കുകയാണു്. ഈ ഗണ്യമായ ഒരു തുക കഴിച്ചു ശേഷമാണു് പ്രാദേശിക ഗവണ്മെൻറായ നമുക്കു് നമ്മുടെ ആവശ്യങ്ങൾക്കു കിട്ടുവാൻ സാദ്ധ്യതയുള്ളതു്. എന്നുവെച്ചാൽ ഈ ഗവണ്മെൻറിൻെറ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ തീർച്ചയായും കേന്ദ്രത്തിൻെറ സഹായം, വിശേഷിച്ചും ധനപരമായ സഹായം എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കേണ്ട ബാദ്ധ്യത നമുക്കുണ്ടെന്നാണു്. അതുകൊണ്ടു് ഈ സഭാ നേതാവു് ഇതിൻെറ നേതാവല്ലാതിരുന്നപ്പോൾ പറഞ്ഞതുപോലെ കേന്ദ്രത്തിൽ നിന്നും നമുക്കു കിട്ടാനുള്ള അവകാശങ്ങൾ എണ്ണിയെണ്ണി വാങ്ങിക്കാതെ ഗവണ്മെൻറിൻെറ പരിപാടികൾ നടപ്പിൽ വരുത്തുവാൻ നിവൃത്തിയില്ലാതെയാണു് വരുന്നതു്. പി. എസ്സ്. പി. ഗവണ്മെൻറു് അധികാരം ഏറെറടുത്തപ്പോൾ ആ പാർട്ടി ഇവിടെ ഒരു ബഡ്ജററു് അവതരിപ്പിക്കുമ്പോൾ വളരെ അധികം കാര്യങ്ങൾ സാധിതപ്രായമാകുമെന്ന പ്രതീക്ഷയോടുകൂടി പൊതുജനങ്ങൾ നോക്കിയിരിക്കുകയാണെന്നുള്ള കാര്യം പാർട്ടിക്കും പാർട്ടി ഗവണ്മെൻറിനും നല്ലപോലെ അറിയാവുന്നതാണു്. വിദ്യാഭ്യാസപരമായും, തൊഴിൽപരമായുമുള്ള പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുകിട്ടാൻ ഈ ബഡ്ജററിൽനിന്നും പൊതുജനങ്ങൾ ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. അടുത്ത നാലുമാസത്തെ ചെലവിനാവശ്യമുള്ള തുകയെ സംബന്ധിച്ചു ബഡ്ജററു മാത്രം പാസ്സാക്കി കിട്ടണമെന്നാണു് ഇന്നു് ആവശ്യപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് ഈ വസ്തുതകൾകൂടി മനസ്സിൽവച്ചുകൊണ്ടു വേണം, ഈ ബഡ്ജററിനെപ്പററി വിമർശനം നടത്തേണ്ടതു്. ഈ ബഡ്ജററു് ഒരു സോഷ്യലിസ്ററ ബഡ്ജററാണെന്നു്, പാർട്ടിയോ, ബഹുമാനപ്പെട്ട മെംബറന്മാരോ അവകാശപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അടുത്ത നാലുമാസക്കാലത്തേക്കു് ഈ ഗവണ്മെൻറിൻെറ പ്രവർത്തനം നടന്നുകഴിഞ്ഞശേഷം സോഷ്യലിസ്ററ പരിപാടികൾ അനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിലാക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം. നമ്മെ തെരഞ്ഞെടുത്തയച്ച നാട്ടുകാർക്കു് അവരുടെ പ്രതീക്ഷപോലെ പല കാര്യങ്ങളും ചെയ്തുകൊടുക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇതു് ഒരു താൽക്കാലിക ബഡ്ജററു് എന്നുള്ള നിലയിൽ, അതായതു് ഭരണത്തുടർച്ചയ്ക്കുവേണ്ടി അവതരിപ്പിക്കുന്ന ബഡ്ജററു് എന്നുള്ള നിലയിൽ വീക്ഷിക്കണമെന്നു് ഞാൻ ബഹുമാനപ്പെട്ട മെംബറന്മാരോടു് അപേക്ഷിക്കുന്നു. സർ, ഞാൻ ഈ ബഡ്ജററിനെ പിൻതാങ്ങുകയും ധനകാര്യമന്ത്രിയെ അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

-

Dr. A. R. Menon : I believe, Sir, that it has become a convention by long usage on the budget occasion not only to deal with the monetary transactions but also to give the general administration proper suggestions either to improve the Government or to remove the difficulties that face them. Following this principle, I propose to deal with only one subject, a subject of paramount importance, a subject which bristles with great difficulties, a subject which is likely to cause great differences of opinion and dissensions among our people. I refer, Sir, to the question of Aikya Kerala. Though that question has been posed in one of the amendments proposed to the Rajpramukh's address and though in a very vague manner an answer was given by the hon. Chief Minister about the policy of the P. S. P., the question is not solved and is not likely to be solved unless we sit together, concentrate our attention and find out a solution to solve this great and difficult question. The question is beyond the capacity of this House to deal with, because there are other interests in the formation of the Kerala Province, which are outside the jurisdiction of this House. Other parts would have to be taken in, for the formation of Kerala Province.

Now, Sir, from a democratic point of view, there is a section, the Tamilnad people, who have established a case for secession by two consecutive elections. At the same time, we have to bring in Malabar. I am asking this question to this House what is this Kerala Province if all the Tamil portions are separated from it : What then remains ? I am asking, would it not be possible to strike a *via media*, necessary modifications, so that all our Tamil friends who have been living with us through decades, may continue to live with us and contribute their share to the prosperity and stability of this beautiful land ? Providence has endowed this land with beauty, grace and fertility and whatever problems the State is faced with, they should not spoil this beauty, this unique position that this State occupies in India. Innumerable visitors and tourists who have come here and seen the beauty of this place were enamoured of this glamorous land.

Mr. Speaker : Order, order. We will now adjourn for lunch and meet again at 2-30 P. M.

The House rose for lunch at 12-30 P. M. and re-assembled at 2-30 P. M. with Mr. Speaker in the Chair.

Dr. A. R. Menon—(*contd.*) : Sir, this question raises various issues. Different political parties hold different wiews and unless we come to a solution by means of an adjustment this problem will

[Dr. A. R. Nenon]

not be solved. Now the Communist Party is clearly of the opinion that the division of the State on a purely linguistic basis is the proper solution. The P. S. P. and the Congress are willing to agree to the linguistic proposition provided the point of view of economic, geographical and other considerations are taken into account. Sir, in other words, division into linguistic provinces is not possible without taking into consideration the administrative, economic and geographical aspects. It does not follow that every province must have only one language. Though the effect of the recommendations of this proposition is logical, difficulties may arise. Same is the case that faces the whole of India. The Telugu people and the Canarese are out with their demands. At a time when democracy itself is not well established in this land, is it worthwhile to create such quarrels and troubles? The separation of Pakistan and Hindustan did not generate so much heat as this contemplated division into Linguistic Province. The main reasons are sentiment and faith. Faith is not based upon logic. Sentiment is not always to be controlled by reason. The Members of this House should, as far as possible, control their sentiment and view the proposition in a practical way. It is impossible to allow this land to be divided. If a division of Travancore is inevitable then the situation would be that the United States of Cochin and Travancore to integrate with Madras State. If the Tamil Nad is separated, we do not have sufficient economic and other resources to enable us to stand as an independent Province. The only other alternative, as I said, is to amalgamate and integrate this State with the Madras State. At the recent Palghat Political Conference, the point was adumbrated and advocated that it is to the interests of Kerala that all component parts should integrate with Madras State. To have a separate Government with Cochin and Malabar and a dismembered Travancore will be more a liability than an asset. Under these conditions we thought the best thing would be to join together. These are the various view points and if the House will consider all these aspects irrespective of party considerations and in a spirit of give and take, we can evolve a scheme which will fit in with the spirit of the times. We have to meet with the requirements of our people. We are, after all, far more advanced and, therefore, more willing for a give and take than other areas. In this spirit we must approach this proposition and I invite this House to consider this question because the commission appointed for the purpose is expected here in three or four months. It will be in the interest of the State that we sit together and consider this proposition fully, and come to a decision. I think this is a most important question at this juncture and the motion will have the unanimous support of this House.

ശ്രീ. കെ. സി. ജോർജ്ജ്: സർ, എനിക്കു ലഭിച്ചിട്ടുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു ബഡ്ജററിലുള്ള കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഒരു ചർച്ചനടത്തണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ബഡ്ജററിൽ മുഴച്ചുകാണുന്ന ചില പരമാർത്ഥങ്ങൾ മാത്രം എടുത്തു കാണിക്കാമെന്നു വിചാരിക്കുന്നു. ഈ ബഡ്ജററ് സോഷ്യലിസ്ററപാർട്ടി ഗവണ്മെൻറ് എന്നവകാശപ്പെടുന്ന ഇപ്പോഴത്തെ ഗവണ്മെൻറിൻെറ ബഡ്ജററും, കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസ്സ് ഗവണ്മെൻറ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററുമായി ഞാൻ ഒരു താരതമ്യപഠനം നടത്തുന്നതിനു ശ്രമിച്ചു. അതിൻെറ ഫലമായിട്ട് ഈ രണ്ടു ഗവണ്മെൻറുകളും അവതരിപ്പിച്ചിട്ടുള്ള ബഡ്ജററുകളിൽ വലിയ വ്യത്യാസമില്ലെന്നുമാത്രമല്ല വ്യത്യാസമേയില്ല എന്നുള്ള പരമാർത്ഥമാണ് എനിക്കറിയാൻ കഴിഞ്ഞതു്. ഒരു ബഡ്ജററിൽക്കൂടി അതിൻെറ വർഗ്ഗസ്വഭാവവും വർഗ്ഗതാൽപര്യങ്ങളും കാണാൻ കഴിയും. ഇപ്പോഴത്തെ ബഡ്ജററുപരിശോധിക്കുമ്പോൾ ഞാൻ കാണുന്നതു് മുൻപിലത്തെ ബഡ്ജററ് ഏതു താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുവോ ആ വർഗ്ഗതാൽപര്യങ്ങൾ തന്നെയാണ്. അതായതു് രാജ്യത്തെ സ്ഥാപിതതാൽപര്യക്കാരെ മുറുകെപ്പിടിച്ച് അവരെ സംരക്ഷിച്ച് വളർത്തിവിടുന്നതിനുള്ള ഒരു ബഡ്ജററാണ് അന്നും ഇന്നും അവതരിപ്പിച്ചിട്ടുള്ളതു്. ഇന്ന് ഒരു സോഷ്യലിസ്ററ പാർട്ടിയുടെ ഗവണ്മെൻറ എന്നുള്ള മുദ്രമാത്രമേയുള്ളു. അങ്ങനെ വരാതിരിക്കാൻ നിവൃത്തിയുമില്ലല്ലോ. കാരണം സോഷ്യലിസ്ററപാർട്ടിയുടെ മാത്രം ഒരു ഭരണമാണ് ഇപ്പോൾ നടക്കുന്നതെന്ന് എത്രതന്നെ ഉറപ്പിച്ചുപറഞ്ഞാലും ഒരു പരമാർത്ഥം നമ്മുടെ മുൻപിൽ മുഴച്ചുനിൽക്കുന്നുണ്ട്. വെറും പത്തൊൻപതു് അംഗങ്ങൾ മാത്രമുള്ള ഒരു ന്യൂനപക്ഷപാർട്ടിയായ സോഷ്യലിസ്ററപാർട്ടി ഒരു ഗവണ്മെൻറ രൂപീകരിച്ചതു് എങ്ങനെയാണെന്നും, ആ ഗവണ്മെൻറിനെ പിൻതാങ്ങുന്നതു് ഏതു കക്ഷിയാണെന്നും ചോദിച്ചാൽ ൪൫ അംഗങ്ങളുള്ള കോൺഗ്രസ്സ് പാർട്ടിയാണ് അതിനെ താങ്ങി നിറുത്തിയിരിക്കുന്നതു് എന്നുള്ള പരമാർത്ഥം എല്ലാവരും അറിയും. പക്ഷെ പിൻതാങ്ങാൻ മുൻപോട്ടുവന്ന കോൺഗ്രസ്സ് പാർട്ടിയുടെ ആനുകൂല്യങ്ങൾ ഏതു അവസരത്തിലാണോ പിൻവലിക്കുന്നതു് ആ നിമിഷത്തിൽ ഈ ഗവണ്മെൻറ നിലംപതിക്കുമെന്നുള്ളതു് നിസ്തർക്കമാണ്. ഈ ഗവണ്മെൻറിനു നിലനിൽക്കണമെങ്കിൽ കോൺഗ്രസ്സിനെ മുറുകെപ്പിടിക്കുകതന്നെ ചെയ്യണം, എന്നു ഞാൻ പറയുമ്പോൾ കോൺഗ്രസ്സിൻെറ സ്ഥാപിതതാൽപര്യങ്ങളെ എത്രകാലം ഇവർ സംരക്ഷിക്കുമോ അത്രയും കാലം മാത്രമേ ഈ ഗവണ്മെൻറിനു് നിലനിൽപ്പുള്ളു എന്നതാണ് അതിൻെറ ചുരുക്കം. അതുകൊണ്ടു് കോൺഗ്രസ്സിൻെറ താൽപര്യങ്ങളെ സംരക്ഷിക്കേണ്ട ഒരു ചുമതല കൂടി ഈ ഗവണ്മെൻറിനുണ്ട്. അതു മറന്നു പ്രവർത്തിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. ഈ ബഡ്ജററിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതൊരു താൽക്കാലിക ബഡ്ജററാണ്. മാത്രമല്ല, മുൻപിലത്തെ ഗവണ്മെൻറ് രൂപീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ പുതിയ പാർട്ടിയുടെ അതായതു്, ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയവും പരിപാടിയുമനുസരിച്ച് ഒരു മാററം വരുത്താനുള്ള സൗകര്യം കിട്ടിയിട്ടില്ലായെന്ന് പറയുകയുണ്ടായി. അതുശരിയാണ്. പക്ഷെ പൊതുവെ നോക്കുമ്പോൾ ഈ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രി ചെയ്ത പ്രസംഗവും, അതുപോലെതന്നെ ഈ

[ശ്രീ. കെ. സി. ജാർജ്ജ്]

ഗവൺമെൻറിൻെറ നയവും പരിപാടിയും വിശദീകരിച്ചുകൊണ്ട് രാജപ്രമുഖൻ നടത്തിയ പ്രസംഗവും നോക്കുകയാണെങ്കിൽ ഈ ബഡ്ജററിൻെറ മൗലികസ്വഭാവം എന്താണെന്നു മനസ്സിലാക്കാം. കഴിഞ്ഞ കൊല്ലത്തെ കാൺഗ്രസ്സ് ബഡ്ജററിനെ അപേക്ഷിച്ച് മൗലികമായ യാതൊരു വ്യത്യാസവും ഇതിൽ ഉള്ളതായിട്ട് എനിക്കു കാണാൻ സാധിക്കുന്നില്ല. എന്നാൽ ഈ ബഡ്ജററിനു് ഒരു പ്രത്യേകതയുണ്ടെങ്കിൽ ഇതൊരു കമ്മിബഡ്ജററാണെന്നുമാത്രം. പക്ഷെ കമ്മിബഡ്ജററ് അവതരിപ്പിക്കുന്നതു് ഈ സംസ്ഥാനത്തു മാത്രമല്ല, ഈ കൊല്ലത്തിൽ മാത്രവുമല്ല. കഴിഞ്ഞ കൊല്ലത്തിലും ഇതുപോലുള്ള കമ്മിബഡ്ജററുതന്നെയായിരുന്നു ഇവിടെ അവതരിപ്പിച്ചതു്. കഴിഞ്ഞകൊല്ലം ഇൻഡ്യയിൽ ഒരു സംസ്ഥാനമൊഴിച്ച് മററെല്ലാ സംസ്ഥാനങ്ങളിലും അവതരിപ്പിച്ചിട്ടുള്ളതു് കമ്മിബഡ്ജററായിരുന്നു എന്നു നമുക്കറിയാം. ഇവിടെ മാത്രമല്ല, സ്റ്റേററുകളിൽ മാത്രമല്ല കേന്ദ്രത്തിലും ഇതുപോലെ കമ്മിബഡ്ജററുതന്നെയാണു് അവതരിപ്പിച്ചിട്ടുള്ളതു്. ഇതു നാം വ്യക്തമാക്കുന്നതു് ഒരു പരമാർത്ഥമാണു്. അതിരൂക്ഷവും സ്ഥായിയുമായ ഒരു സാമ്പത്തികകുഴപ്പം നമ്മെ വലയം ചെയ്തിരിക്കുന്നുവെന്നുള്ളതാണു്. ധനകാര്യമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ കൈത്തറിവ്യവസായത്തെപ്പററി പറയുമ്പോൾ ഒരു പൊതുപരമാർത്ഥം സമ്മതിക്കുന്നുണ്ട്. ഈ വ്യവസായത്തിനു് തകർച്ചയുണ്ടായതു് ജനങ്ങളുടെ ക്രയശക്തി ക്ഷയിച്ചതുകൊണ്ടാണെന്നു്. അതിങ്ങനെയാണു്:

> "The Handloom Industry is just another, affected by the slump, which in its case, was caused by the decline in the purchasing power of the people."

ഇതാണു് കേന്ദ്രപരമാർത്ഥം. അതു മനസ്സിൽ വച്ചുകൊണ്ട് ഇതിനു പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടുമാത്രമെ മററു പ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ ഏതു ഗവൺമെൻറിനും സാധിക്കുകയുള്ളു.

ഈ രാജ്യത്തു് കാട്ടുതീപോലെ പടർന്നുപിടിച്ചിരിക്കുന്ന തൊഴിലില്ലായ്മയ്ക്കു് ഈ ബഡ്ജററിൽ എന്തു പരിഹാരമാണു് നിർദ്ദേശിച്ചിരിക്കുന്നതെന്നു് ഞാൻ ചോദിച്ചുകൊള്ളട്ടെ. അടുത്ത അവസരത്തിൽ പറയുമായിരിക്കാം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി കമ്മ്യൂണിററി പ്രാജക്ററ്, പഞ്ചവത്സരപദ്ധതി മുതലായ പദ്ധതികൾ ഉണ്ടെന്നു്. അതുകൊണ്ട് കാര്യമായില്ല. ഈ പദ്ധതികൾ ഉണ്ടായിരുന്നിട്ടും അവ പ്രവർത്തിച്ചു തുടങ്ങിയിട്ടും അവയിൽനിന്നും എന്തൊരു പ്രയോജനമാണു് നമുക്കുണ്ടായിട്ടുള്ളതെന്നു് പൊതുവെ ഒന്നു കണ്ണോടിച്ചാൽ മനസ്സിലാകുന്നതാണു്. സർ, നെയ്യാററിൻകര താലൂക്ക്, കമ്മ്യൂണിററി പ്രാജക്ടിൻെറ ഒരു കേന്ദ്രമായി തിരഞ്ഞെടുത്തിരിക്കുകയാണു്. വളരെ കാലത്തിനു മുമ്പുതന്നെ ഒരു വലിയ ജനവിഭാഗം വരുന്ന നെയ്ത്തുതൊഴിലാളികളുടെ സങ്കേതമാണു് നെയ്യാററിൻകര. ഈ പഞ്ചവത്സരപദ്ധതികൊണ്ടോ അല്ലെങ്കിൽ കമ്മ്യൂണിററി പ്രാജക്ററിൻെറ പ്രവർത്തനംകൊണ്ടോ നെയ്യാററിൻകര താലൂക്കിലെ നെയ്ത്തുതൊഴിലാളികളുടെ തൊഴിലില്ലായ്മയ്ക്കു് പരിഹാരമോ അവരെ പട്ടിണിയിൽനിന്നും രക്ഷിക്കാനുള്ള മാർഗ്ഗങ്ങളോ കാണുന്നില്ല. കമ്മ്യൂണിററിപ്രാജക്ററിൻെറ കേന്ദ്രമായ നെയ്യാററിൻകര താലൂക്കിലെ നെയ്ത്തുതൊഴിലാളികളുടെ സ്ഥിതി ഇതാണെങ്കിൽ സംസ്ഥാനത്തുള്ള ഇതരവിഭാഗങ്ങളിലെ തൊഴിലാളികളുടെ നിലയെന്തായിരിക്കുമെന്നു് ഊഹിച്ചാൽ മനസ്സിലാകുന്നതാണു്.

അതുകൊണ്ടു് അടിസ്ഥാനപരമായ സംഗതികളിൽ കണ്ണുവച്ചുകൊണ്ടുവേണം നാം ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ ശ്രമിക്കേണ്ടതു് എന്നാണു് എനിക്കു് പറയുവാനുള്ളതു്. അതുപോലെ കയർ വ്യവസായശാലകൾ, കശുഅണ്ടിശാലകൾ മുതലായി ഈ രാജ്യത്തെ ചെറിയ ചെറിയ വ്യവസായശാലകളെല്ലാം പൂട്ടിയിട്ടുകൊണ്ടു്, തൊഴിലാളികളുടേയും മററു് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും കൂലി കുറച്ചുകൊണ്ടു് കൈത്തറി വ്യവസായം ഉദ്ധരിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതാണു് പരമാർത്ഥം. കാരണം മൂന്നു ലക്ഷത്തിൽ കൂടുതലുള്ള ആലപ്പുഴ കടൽത്തീരത്തിലുള്ള കയർ വ്യവസായികൾക്കു് തൊഴിലില്ലാതെ കൂലിയില്ലാതെയായാൽ കൈത്തറിയിൽ ഉണ്ടാക്കുന്ന തുണികൾ ആരാണു് വാങ്ങുവാൻ പോകുന്നതു? കശുഅണ്ടിത്തൊഴിലാളികൾക്കു് തൊഴിലില്ലാതെയായാൽ, വാങ്ങുവാനുള്ള കഴിവില്ലാതെയായാൽ ഈ കൈത്തറിത്തുണി വാങ്ങുന്നതു് ആരാണു്? അതുപോലെ നാട്ടിൻപുറങ്ങളിലെ കൃഷിക്കാർക്കു് വാങ്ങുവാനുള്ള കഴിവില്ലാതെയായാൽ കൈത്തറി നെയ്ത്തു പുരോഗമിപ്പിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഇന്നു് ഏററവും പ്രധാനമായ പ്രശ്നം പൊതുജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക എന്നുള്ളതാണു്. ഇവിടെ കയർ വ്യവസായം പുരോഗമിപ്പിക്കുവാൻ പോകുന്നുണ്ടെന്നു പറഞ്ഞു. പൊതുജനങ്ങളുടെ ക്രയശക്തി വർദ്ധിക്കാതെ വ്യവസായങ്ങൾ പുരോഗമിപ്പിക്കുക സാദ്ധ്യമല്ല. കാർഷികത്തൊഴിലാളികളുടേയും മററു വ്യവസായത്തൊഴിലാളികളുടേയും സാമ്പത്തികസ്ഥിതി തകർന്നുകൊണ്ടിരിക്കുമ്പോൾ എങ്ങനെയാണു് വ്യവസായം പുരോഗമിപ്പിക്കുവാൻ സാധിക്കുന്നതു്? ഈ രാജ്യത്തെ ൮൦ ശതമാനമുള്ള കർഷകത്തൊഴിലാളികളുടേയും വ്യവസായത്തൊഴിലാളികളുടേയും ക്രയശക്തി വർദ്ധിപ്പിക്കുന്നതിനു് എന്തു നടപടിയാണു് ഈ ബഡ്ജററിൽ സ്വീകരിച്ചിട്ടുള്ളതു് എന്നു് ഞാൻ ചോദിക്കുന്നു. പാട്ടം കൊടുക്കുന്നതിനു സാദ്ധ്യമല്ലാതെ കഷ്ടപ്പെടുന്ന കർഷകരാണു് നമ്മുടെ രാജ്യത്തു് ഉള്ളതു്. അവരുടെ പാട്ടം, വാരം ഇവയെല്ലാം വെട്ടിക്കുറയ്ക്കുകയും കർഷകരുടെ കടം റദ്ദു് ചെയ്യുകയും വേണം. കൃഷിക്കാർക്കു് ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുന്നതിനും മററു സഹായം ചെയ്തുകൊടുത്തു് കൃഷിക്കാരുടെ ആദായം വർദ്ധിപ്പിക്കുന്നതിനും ഈ ബഡ്ജററിൽ ഏതെങ്കിലും പദ്ധതിയുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ നാട്ടിലെ കർഷകരുടേയും തൊഴിലാളികളുടേയും ക്രയശക്തി വർദ്ധിപ്പിക്കാതെ ഇവിടത്തെ വ്യവസായങ്ങൾ പുരോഗമിപ്പിക്കുവാൻ സാദ്ധ്യമല്ല. ഈ കാര്യത്തിൽ ഒന്നും ചെയ്യാതെ കൈത്തറി നന്നാക്കുവാനുള്ള പദ്ധതി വിജയിക്കുമെന്നു വിശ്വസിക്കുവാൻ സാദ്ധ്യമല്ല.

Shri T. S. Ramaswami : May I know what are the hon. Member's main constructive proposals?

ശ്രീ. കെ. സി. ജോർജ്ജ്: അതിനെ സംബന്ധിച്ചു് എനിക്കു പറയുവാനുള്ളതു് ഇതുതന്നെയാണു്. ഈ രാജ്യത്തെ കൃഷിക്കാരുടെമേൽ ഇന്നു് ചുമത്തിയിരിക്കുന്ന വാരവും പാട്ടവും ഗണ്യമായ വിധത്തിൽ കുറയ്ക്കുക, കൃഷിക്കാർക്കു് ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുക, ഭൂമിയിൽ കൃഷി ചെയ്യുന്നതിനു് വേണ്ട സഹായം ചെയ്തുകൊടുക്കുക ഇതെല്ലാം

[ശ്രീ. കെ. സി. ജോർജ്ജ്]

ചെയ്തുകഴിഞ്ഞാൽ ഇന്നു കൃഷിക്കാർക്കു കിട്ടുന്നതിൽ കൂടുതൽ ആദായം കിട്ടുവാൻ സാധിക്കുന്നതാണു്. അപ്രകാരം ചെയ്താൽ അവരുടെ ക്രയശക്തി വർദ്ധിപ്പിക്കുവാൻ കഴിയും. അതു ചെയ്യുന്നതിനു് ഈ ബഡ്ജറ്റിലോ ഇവിടെ നടന്ന രണ്ടു പ്രസംഗങ്ങളിലോ ഞാനൊന്നും കാണുന്നില്ല എന്നാണു് ഞാൻ ഉന്നയിച്ച വാദം. നൂലും കൂലിയും എന്ന ആവശ്യം നെയ്ത്തുതൊഴിലാളികൾ വളരെ മുൻപുതന്നെ മുന്നോട്ടുകൊണ്ടുവന്ന ആവശ്യമായിരുന്നു. അതു് നിശ്ചയമായും ആശ്വാസം കിട്ടുന്ന ഒരാവശ്യമാണു്. അതുപോലെ ഒരു കലണ്ടറിംഗ് മിഷ്യന്റെ കാര്യം അവർ പറഞ്ഞിട്ടുണ്ടു്. ഒരു കലണ്ടറിംഗ് മിഷ്യൻ വാങ്ങുന്നതിനു് കമ്മ്യൂണിറ്റി പ്രാജക്റ്റിൽനിന്നു നടപടി എടുത്തിട്ടുണ്ടു്. അതിനെ സംബന്ധിച്ച് ഒരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. കമ്മ്യൂണിറ്റി പ്രോജക്റ്റിൽനിന്നു് ഒരു കലണ്ടറിംഗ് മിഷ്യൻ വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടു്. ഈ മിഷ്യൻ അമേരിക്കയിൽനിന്നും വരുത്തുന്നതിനു് രണ്ടുകൊല്ലം മുമ്പുതന്നെ നോട്ടീസുകൊടുത്താലേ അവർക്കു അതു് തരുവാൻ സാദ്ധ്യമാവുകയുള്ളു എന്നു പറഞ്ഞതായി എനിക്കു് അറിവു കിട്ടിയിട്ടുണ്ടു്. അതിനുപകരം ഇവിടെ ആരോ വാങ്ങിയിട്ടുള്ള ഒരു കലണ്ടറിംഗ് മിഷ്യൻ വരുത്തുവാനാണു് വിചാരിക്കുന്നതു് എന്നറിയുന്നു. ആ കലണ്ടറിംഗ് മിഷ്യൻ വളരെ കേടുള്ളതാണെന്നും അതു് ഉപയോഗിക്കുന്നപക്ഷം തുണി ചതഞ്ഞുപോകുമെന്നും എനിക്കു് റിപ്പോർട്ടുകിട്ടിയിട്ടുണ്ടു്.

Shri P. S. Nataraja Pillai : Sir, to the best of my knowledge, what Mr. George evidently has in mind is about a calendering plant available in one of the weaving institutions in the city of Trivandrum. As a member of the Handloom Weavers' Central Co-operative Society, I had occasion to discuss the question with the Government. The Government have stated explicitly that they are not going to purchase that machine and that they have placed an order for a machine elsewhere. The hon. member is speaking from a rumour that he has heard.

ശ്രീ. കെ. സി. ജോർജ്ജ്: അങ്ങനെയുള്ള കിംവദന്തികൾ കേൾക്കുമ്പോൾ ഞങ്ങളെപ്പോലെയുള്ള ആളുകൾ ഭയപ്പെടുന്നതു് സാധാരണയാണു്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഉറപ്പായി സ്വീകരിച്ചുകൊണ്ടു് ഞാൻ അടുത്ത പായിന്റിലേയ്ക്കു് കടക്കാമെന്നു വിചാരിക്കുന്നു.

കയർ വ്യവസായത്തെപ്പറ്റിയാണു് പിന്നീടു് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതു്. ഈ കയർ വ്യവസായം വളരെക്കാലമായി തകർന്നുകൊണ്ടിരിക്കുകയാണെന്നു് നമുക്കെല്ലാവർക്കും അറിയാവുന്ന സംഗതിയാണു്. ഈ ഗവണ്മെന്റ് സഹകരണസംഘങ്ങൾവഴിയായി അതായതു് സഹകരണസംഘങ്ങൾക്കു് കുറെ പണം കൊടുത്തു് കയർ വ്യവസായം ഉദ്ധരിക്കുവാൻ നടപടി എടുക്കുന്നതായി കാണുന്നു. അതു് എത്രമാത്രം ഫലപ്രദമാകും എന്നുള്ളതിനെപ്പറ്റി എനിക്കിപ്പോൾ ഒന്നും പറയാൻ സാദ്ധ്യമല്ല. കയർ വ്യവസായത്തിന്റെ ഏറ്റവും പ്രധാനമായ പ്രശ്നം കമ്പോളത്തിന്റെ

പ്രശ്നമാണ്. പുതിയ കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിന് ഈ ഇടപാട് എത്രമാത്രം സഹായിക്കുമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സഹകരണസംഘങ്ങൾക്ക് ഇതിൽ എന്തു ചെയ്യുവാൻ സാധിക്കും? അല്ലെങ്കിൽ നമ്മുടെ ഗവൺമെൻറിന് അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിന് എന്തെല്ലാം ചെയ്യുവാൻ സാധിക്കുമെന്നുള്ള സംഗതി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതെല്ലാം പറയുമ്പോൾ എനിക്ക് ഒരു പരമാർത്ഥം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ട്. അതെന്താണെന്നുവച്ചാൽ നമ്മുടെ കയർ വ്യവസായത്തിൽ ബഹുഭൂരിഭാഗവും അതായത് ൭൦൦-ക്ക് ൯൦ ശതമാനം വ്യവസായവും വിദേശമൂലധനത്തിൻെറ കയ്യിൽ അമർന്നുകിടക്കുകയാണ്. അവരാണ് വാസ്തവത്തിൽ ഈ വ്യവസായത്തെ നിയന്ത്രിക്കുന്നത്. കമ്പോളത്തിൻെറ നിയന്ത്രണം ഇന്നും ൭൦൦ ശതമാനവും വിദേശമൂലധനത്തിൻെറ കയ്യിലാണ്. ഇതിൽനിന്നും വ്യവസായത്തെ രക്ഷിക്കാതെ പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ല.

ഒരു സംഗതികൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നാട്ടുകാരുടെ ക്രയശക്തി കുറഞ്ഞുവെന്നു പറയുന്ന ഗവൺമെൻറ് അരിയുടെ വില കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതേയില്ല എന്നുള്ള പരാതിയാണുള്ളത്. ഇന്ന് രാജ്യത്തു ജനങ്ങളുടെ ക്രയശക്തി കുറഞ്ഞത് പരമാർത്ഥമാണെന്നുള്ള സംഗതി ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുന്നുണ്ട്. അങ്ങിനെയാണെങ്കിൽ അത് നിശ്ചയമായും ഭക്ഷ്യപ്രശ്നത്തെ പ്രധാനമായും പ്രഥമമായും ബാധിക്കുന്നതാണ്. പിന്നീടാണ് തുണിയുടെ കാര്യം. തുണിയുടെ കാര്യത്തിൽ ക്രയശക്തി ബാധിക്കുന്നതിനേക്കാൾ മുൻപ് അരിയുടെ കാര്യത്തിലാണ് ക്രയശക്തി ബാധിക്കുന്നത്. എന്നാൽ അതിനെപ്പററി ഒന്നും ഈ ബഡ്ജററിൽ പറയുന്നില്ല. പുറത്തുനിന്ന് അരികിട്ടുമെന്നും ഇന്ന് അരി ധാരാളം സ്റ്റോക്കുണ്ടെന്നും പറഞ്ഞിട്ടുണ്ട്. അതിൽ ഒരു പരമാർത്ഥമുണ്ട്. അരി വാങ്ങുവാനുള്ള കഴിവ് ഈ രാജ്യത്തെ ആളുകൾക്കില്ല. അതുകൊണ്ടാണ് ഇവിടെ അരി ധാരാളം ഉള്ളത്. അതിനു വ്യക്തമായിട്ട് ഒരു മറുപടി കിട്ടണമെന്നാണ് എനിക്ക് ഗവൺമെൻറിനോടാവശ്യപ്പെടാനുള്ളത്. ഈ ബഡ്ജററിൽ പുതിയതായി ഒന്നും തന്നെ ഇല്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതിൽനിന്ന് സാധാരണക്കാർക്കു കൂടുതലായി ഒന്നും പ്രതീക്ഷിക്കുവാനില്ല. ഇനി ഒരു ബഡ്ജററ് വരുന്നുണ്ട്. അതിനു ഞങ്ങൾ കാത്തിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ஸ்ரீ. என். எ. நூர்முகமது: ஸர், இந்த பட்ஜெட்டைப் பற்றி பேசவேண்டுமென்று நான் ஆரம்பத்தில் நினைத்தபோது
3 P. M. இந்த பட்ஜெட்டில் இருக்கக்கூடிய இரண்டொரு குறைகளைப் பற்றியும், பொதுவாக எங்கள் பிரதேசத்தில் உள்ள மக்கள் அனுபவிக்கக்கூடிய துன்பங்களைப் பற்றியும் இரண்டொரு வார்த்தைகள் கூறலாமென்று நினைத்திருந்தேன். ஆனால் காங்கிரஸ் சார்பாக சிற்றூர் மெம்பர் அவர்கள் கேரளமாகாணப் பிரச்னையைப்பற்றி பேச ஆரம்பித்தவுடன், எங்களது பிரச்னை என்ன என்பதைப் பற்றியும், பொதுவாக எங்கள் பிரதேசத்திலிருந்து வந்திருக்கக்கூடிய

[ஸ்ரீ. என். ஏ. நூர்முகமது.]

தோழர்கள் அந்த பிரச்னையைப் பற்றி என்ன அபிப்பிராயம் கொள்கிறார்கள் என்பதைப் பற்றியும் இரண்டொரு வார்த்தைகள் கூறித்தான் ஆகவேண்டும். சித்தூர் மெம்பர் அவர்கள் கூறினார்கள், திருவிதாங்கூர்-கொச்சி ராஜ்யம் மிகவும் அழகானதொரு ராஜ்யம் என்றும் பல இடங்களிலுமிருந்தும் வரக்கூடிய மக்கள் இங்குள்ள அழகைக் கண்டு, இங்குள்ள எழிலைக் கண்டு சொக்கிப் போய்விடுகிறார்கள் என்றும்; அது சரிதான். அவர்கள் அடுத்தபடியாக, எங்களுக்கு கேரளமாகாணம் வேண்டும்! ஆனால் தமிழ் பிரதேசங்கள் இல்லாவிடில் அது ஒரு தனி மாகாணமாக இயங்க முடியாது: ஆகவே உங்களை நாங்கள் விடமுடியாது என்று மிகவும் திக்காரமாக கூறினார்கள். இந்நாட்டிலுள்ள தமிழ் பிரதேசத்தை அண்டை தமிழகத்துடன் சேர்ப்பதால், இப்பிரதேசம் வேறு எங்கும் போய்விடப் போவதில்லை, எங்களது தமிழ்நாடு எப்பொழுது எந்த இடத்தில் இருக்கின்றதோ அந்த இடத்தில் தான் இனிமேலும் இருக்கப் போகிறது. எனது சித்தூர் தோழர் இன்று எந்த முறையில் சித்தூரிலிருந்து கன்னியாகுமாரிக்கு அழகாகச் செல்லமுடியுமோ அதே போல் இனியும் அவர்களுக்கு அங்கு செல்ல முடியும். இன்று அவர்களுக்கு, எவ்வளவு சுதந்திரமாக எங்கள் தமிழ் பிரதேசத்திற்கு வரமுடிகிறதோ அதேபோல் சுதந்திரத்துடன் எங்கள் பிரதேசம் தாய் தமிழகத்துடன் சேர்ந்தாலும் இனியும் வரமுடியும் என்று நான் எடுத்துக்கூற ஆசைப்படுகிறேன். திருவிதாங்கூர் தமிழகத்திற்கும், கேரளத்திற்கும் இடையே நாங்கள் ஒரு கோட்டை கட்ட முற்படப்போவதில்லை என்றும் உறுதி கூறுகிறேன்.

அடுத்தபடியாக, எதனால் நாங்கள் சென்னை தமிழகத்தோடு சேர விரும்புகிறோம் என்பதைப்பற்றி இதே சபையில் இரண்டு நாட்களுக்கு முன்னால் பேசிய திருவிதாங்கூர் தமிழ்நாடு காங்கிரஸ் உபதலைவர் அவர்கள் எடுத்துக்கூறினார்கள். கலையிலும், பண்பாட்டிலும் தமிழர்களுக்கும் மலையாளிகளுக்கும் வித்தியாசம் உண்டு, மொழியிலும் வித்தியாசம் உண்டு. கலாச்சாரத்திலும் வித்தியாசம் உண்டு. தாய் தமிழகத்திலுள்ள தமிழர்களுக்கும், எங்களுக்கும், நான் மேற்கூறிய கலை, மொழி கலாச்சாரம் முதலியவைகளில் உள்ள ஒற்றுமையின் காரணமாகத்தான் நாங்கள் தமிழகத்தோடு போக விரும்புகிறோம். நாங்கள் தாய் தமிழகத்துடன் சேருவதை, இந்த அரசாங்கமோ அல்லது வேறு எந்த கட்சியுமோ எதிர்த்தாலும் சரி, நாங்கள் தாய் தமிழகத்துடன் சேரத்தான் போகிறோம் என்று எடுத்துக்கூற விரும்புகிறேன்.

கழிந்த காலத் தேர்தல்களை எடுத்துப் பாருங்கள். ஒரு முறை நாங்கள் ஜெயித்தோம். இரண்டாவது முறையும் நாங்கள் ஜெயித்தோம். கழிந்த அசெம்பிளி பிரித்து விடப்பட்டபோது அன்றைய எதிர் கட்சித் தலைவரான ஸ்ரீ. டி. வி. தாமஸ் அவர்கள் ஒரு சவால் விடுத்தார்கள், இந்த சபையை கலைக்கவேண்டிய பிரச்சினை என்ன இருக்கின்றது என்று, அந்த சபையில் வைத்தே அன்று காங்

கிரஸ் சார்பில் பேசிய அன்றைய காங்கிரஸ் காரியதரிசி ஸ்ரீ. பி. சதாசிவம்பிள்ளை கூறினார்கள், திருவிதாங்கூர் தமிழ்நாடு காங்கிரஸைச் சேர்ந்தவர்கள் இவ்ராஜ்ஜியத்திலுள்ள எட்டு தாலூகாக்கள் தங்களுடையதென்றும், தமிழ் பிரதேசங்களென்றும், இவைகள் தமிழ் மாகாணத்துடன் சேர்க்கப்படவேண்டுமென்று கூறுகிறார்கள். அதை அங்குள்ள பொதுஜனங்கள் ஆதரிக்கிறார்களா, இல்லையா என்று பார்க்கவேண்டும் என்று கூறினார்கள். எங்கள் பிரதேசத்தில் உள்ள மக்கள் நாங்கள் கூறுவது சரி என்று கழிந்த தேர்தல் வாயிலாக எடுத்துக் காட்டினார்கள். வெறும் நூறு அல்லது இருநூறு வோட்டுகளால் அல்ல நாங்கள் ஜெயித்து வந்திருப்பது. ஆயிரக்கணக்கான பதினாயிரக்கணக்கான வோட்டுகளின் வித்தியாசத்தினால் தான் நாங்கள் கழிந்த தேர்தலில் வெற்றி பெற்று வந்திருக்கிறோம். இது எதைக் காட்டுகிறது? எங்களது கட்சியை, எங்களது கோரிக்கைகளை எங்கள் பிரதேசத்திலுள்ள மக்கள் முழுமனதுடன் ஆதரிக்கிறார்கள் என்பதை நாங்கள் ஜனநாயக முறையில் எடுத்துக் காட்டியிருக்கிறோம்.

எங்கள் தமிழ் பிரதேசத்தை அண்டை தமிழ் மாகாணத்துடன் சேர்க்கவேண்டுமென்று சொல்வது, பாக்கிஸ்தான் பிரிவினை வேண்டுமென்று சொல்வதுபோல் அல்ல. பெல்லாரி டிஸ்ட்ரிக்ட் எந்த விதத்தில் பிரிவினை செய்யப்பட்டது என்று நீங்கள் சற்று ஆலோசித்துப் பார்க்கவேண்டும். பெல்லாரி டிஸ்ட்ரிக்டின் சில பகுதிகளை ஆந்திர மாகாணத்தோடும், வேறு சில பகுதிகளை மைசூர் ராஜ்யத்தோடும் ஏன் பிரித்துவிட்டார்கள்? அதேபோல் திருவிதாங்கூர் சமஸ்தானத்திலும் ஏன் வரக்கூடாது என்பதே பிரச்னை. சமீபத்தில் ஹைபவர் கமிஷன் இங்கு வரப்போகிறது. அரசாங்கமும் பல பல கட்சிகளும், அதேபோல் பல பல ஸ்தாபனங்களும் தங்கள் தங்கள் அபிப்பிராயங்களை அக் கமிஷனிடம் தெருவித்துக்கொள்ளக்கூடிய சந்தர்ப்பம் வந்திருக்கிறது. ஜனநாயகத்தை முன்னிறுத்தி நாங்கள் கூறுகிறோம், நீங்கள் எந்தக் கட்சியில் பட்டவர்களாய் இருந்தாலும் சரி, பொதுஜனங்களின் வாக்கெடுப்பின்படி வந்திருக்கும் தமிழ்நாடு காங்கிரஸ் அங்கத்தினர்களின் அபிப்பிராயத்தை, நீங்கள் ஏற்றுக்கொள்ளத்தான் வேண்டும். நாங்கள் தாய் தமிழகத்துடன் சேருவதை யாராலும், எந்த சக்தியாலும் தடுக்கமுடியாது என்று மறுமுறையும் இந்த சபையை ஞாபகப்படுத்திக்கொள்கிறேன்.

அடுத்தபடியாக இந்த பட்ஜெட்டைப் பற்றி இரண்டொரு வார்த்தைகள் கூற நான் விரும்புகிறேன். ஏதோ, இப்பொழுது இங்கு நடக்கக்கூடிய அரசாங்கம் பெரிய சரித்திரம் சிருஷ்டிக்கக் கூடிய அரசாங்கம் என்று கூறப்பட்டது. அதில் இரண்டொரு உண்மைகள் அடங்கியுள்ளன. பத்தொன்பது பேர்களைக் கொண்ட ஒரு கட்சி இன்று இங்கு அரசாங்கத்தை ஏற்றெடுத்துக் கொண்டு ஆட்சி புரிகிறது என்பது ஒரு உண்மையாகும். இன்று சரித்திரத்திலேயே இதற்கு ஒரு பாரலல் கிடையாது. பிரான்ஸைத் தவிர வேறு எந்த நாட்டி-

[ஸ்ரீ. என். எ. நூர்முகமது.]

லும் இதற்கு ஆதாரம் கிடையாது. மற்றொரு உண்மை. இந்தியாவிலே, முதன் முதலாக இவ்விராஜ்யத்தில் தான் ஒரு பி. எஸ். பிக்கு அரசாங்கத்தை நிறுவக்கூடிய சந்தர்ப்பம் வாய்ந்திருக்கிறது. இவ்வரசாங்கம் எந்த முறையில் பொதுஜனங்களுக்கு உபகாரம் செய்யப் போகிறது, எந்த முறையில் பொதுஜனங்களுக்காக உழைக்கப் போகிறது என்பதை திருவிதாங்கூர்—கொச்சி ராஜ்யத்திலுள்ள மக்கள் மாத்திரமல்ல, இந்தியாவிலுள்ள மக்கள் மாத்திரமல்ல, உலகத்திலுள்ள எல்லா மக்களும் எதிர்நோக்கிக்கொண்டிருக்கிறார்கள். காங்கிரஸை எதிர்த்த இதே கட்சியில் பட்டவர்கள் அன்று காங்கிரஸ்காரர்கள் பிற்போக்கு வாதிகள் என்றும், நாட்டிற்கு நலன் செய்யவில்லை என்றும் கூறினார்கள். அங்ஙனம் கூறிய அதே கட்சியைச் சேர்ந்த முற்போக்காளர்கள் இன்று வகுத்திருக்கக் கூடிய திட்டங்களைப் பார்க்கும்போது பிற்போக்காளர்களாகிய காங்கிரஸ்காரர்கள் வகுத்த திட்டங்களை விட எந்தவித முற்போக்கும் இதில் காணவில்லை. காங்கிரஸை எதிர்த்த கட்சியை சேர்ந்தவர்கள் இன்று, நாங்கள் வந்து ஒன்பது நாள்தான் ஆகிறது, அதற்குள் என்ன செய்யமுடியும் என்ற நொண்டிச் சாக்கை மாத்திரம் கூறினால் போதாது.

இப்பொழுது இங்கிருக்கக் கூடிய டாக்ஸேஷன் ஸிஸ்டத்தை எடுத்துக்கொள்ளுங்கள். அன்று தோழர் ஸ்ரீ. டி. எஸ். ராமஸ்வாமி பிள்ளை அவர்கள், இந்த டாக்ஸேஷன் பளு, 'காமண்மானின்' மீது தான் அதிகமாக விழுகிறதே ஒழிய, பணம்பிள்ளி கோவிந்தமேனோன் அவர்கள் கூறிய 'அன்காமண்மானில்' மேல் விழக்கூடியதல்ல என்று கூறினார்கள். அங்ஙனம் கூறிய அந்தப் பளுவை நீக்கவேண்டிய கடமை இன்று அவர்களது கட்சிக்கு வந்திருக்கிறது. அத்துறையில் அவர்கள் யாதேனும் செய்ததாகத் தோன்றவில்லை.

இப்பொழுது இங்கு நம்முன் சமர்ப்பிக்கப்பட்டிருக்கும் பட்ஜெட் ஒரு டெபிஸிட் பட்ஜெட்டாகும், 131 லட்சம் ரூபாய் கம்மி. நிதிமந்திரியவர்களின் சொற்பொழிவில், இந்த ஐந்தாண்டுத் திட்டத்தை பூர்த்தியாக அமல் நடத்தவேண்டுமானால் சுமார் ஏழு கோடி ரூபாய் வரை டெபிஸிட் வரும் என்று கூறினார்கள். இந்த ஐந்தாண்டுத் திட்டத்தைப் போலுள்ள முக்கியமான திட்டங்களை எந்த வகையில் அமல் நடத்துவது என்பது பற்றி பல பல அபிப்பிராய வித்தியாசங்கள் உண்டு. சமீபத்தில் இங்கு வந்த இன்டர்நாஷனல் மானிட்டரி பண்ட் அனுப்பிய சில எக்ஸ்பர்ட்ஸ் சொன்ன அபிப்பிராயத்தை இந்த சபைக்கு ஞாபகப்படுத்த விரும்புகிறேன். யுத்தகாலத்தில் ஒழிய சாதாரண காலத்தில் டெபிஸிட் பினான்ஸால் எந்த நாட்டிலும் இம்மாதிரிப்பட்ட திட்டங்கள் அமுல் நடத்துவது ஆகாது என்றும், அதிலும் பிரத்தியேகமாக வாழ்க்கை முறை தாழ்ந்த இந்தியா போலுள்ள நாட்டில் டெபிஸிட் பினான்ஸ்முறையில் நாட்டிற்கு நலன் தராது என்றும் கூறினார்கள்.

இந்த ஏழு கோடி ரூபாய் கம்மியை எந்த விதத்தில் நிவர்த்தி செய்வது என்று நிதிமந்திரி அவர்கள் சொல்லவில்லை.

அடுத்தபடியாக லாண்ட் பாலிஸியைப் பற்றி ஒன்றிரண்டு வார்த்தைகள் கூற விரும்புகிறேன். இடதுசாரி கட்சிகள் அன்று முதல் கூறிக்கொண்டு வந்தார்கள், இதுபற்றி எங்களுக்கு ஒரு திடமான அபிப்பிராயம் உண்டென்று. அதை நாங்கள் நிரூபிப்போம் என்றும் சொன்னார்கள். இப்பொழுது இதற்காக ஒரு கமிற்றியை நியமிக்கப் போவதாக கேட்டவுடனேயே எங்களது நம்பிக்கை பறந்து போகிறது. அரசாங்கம் எப்பொழுது ஒரு கமிற்றியை அல்லது கமிஷனை நிறுவுகிறது என்றால் திடமான அபிப்பிராயம் எடுத்துக்கொள்ளக்கூடிய சக்தி இல்லாதபோதும், நாள் கடத்தவேண்டும் என்று ஆலோசிக்கும்போதும் தான் கமிற்றியை நியமிப்பார்கள். இவ்வரசாங்கம் ஒரு லாண்ட் கமிற்றி நியமிக்கவில்லையா? அக்கமிற்றி இந்நாடெங்கும் சுற்றி ஒரு திட்டத்தை சமர்ப்பிக்கவில்லையா? அதைக்கொண்டு ஏன் ஒரு திட்டம் வகுத்து நிறைவேற்றக் கூடாது. எவ்வளவு லாண்ட் இன்னும் அஸைன் பண்ணயிருக்கிறது என்பது பற்றி ஆலோசிப்பதற்கு ஒரு கமிற்றி எதற்கு? லாண்ட்ரெவன்யூ டிப்பார்ட்மென்டிலிருந்து இது பற்றி ஒரு ஸ்டாட்டிஸ்டிக்ஸ் கிடைக்க என்ன கஷ்டம்? காலத்தை தள்ளிக்கொண்டு போவதற்கு வேண்டி இம்மாதிரி சால்ஜாப்புகள் காட்டுகிறார்கள் என்றே என்போலுள்ளவர்கள் நினைக்க முடியும்.

நமது நிதி மந்திரி அவர்கள் உணவுப்பிரச்சினையைப் பற்றி மிகவும் அழகாய் எடுத்துக் கூறினார்கள். நாஞ்சில் நாட்டைப் பொறுத்தமட்டில், அது உணவு தரக்கூடிய ஒரு பிரதேசம். அங்கு பல பல திட்டங்கள் தேவை. எங்களது பிரதிநிதி அரசாங்கத்தில் இருந்த காலத்தில் இரண்டு வருட காலமாக பெரிய பஞ்சம் எங்கள் நாட்டில் இருந்தபோது அதற்கு நிவாரணம் தேட ஒரு திட்டத்தை சமர்ப்பித்தோம் அன்றைய மந்திரி அவர்களிடம். பேச்சிப்பாறையில் தண்ணீர் பாயாத அளவிற்கு, இருக்கும் தண்ணீரைப் பம்ப் செய்து தரவேண்டும் என்று கூறினோம். அதற்காக வேண்டி அன்றைய அரசாங்கம் ஆறு பம்புகள் தந்தது. எங்கள் மக்களுக்கு அது ஓரளவு நிவாரணம் அளித்தது என்று கூறாமல் இருக்கமுடியாது. நாங்கள் ஒன்பது அங்கத்தினர்களும் எங்களது எம். பி. யும் எல்லோரும் சேர்ந்து அன்று இருந்த முதன் மந்திரியான ஸ்ரீ. ஏ. ஜே. ஜான் அவர்களிடம் சென்று எங்களுக்கு ஆறு பம்புகள் போதாது; 12 பம்புகள் தரவேண்டுமென்று கூறினோம். அங்ஙனம் செய்து தருவதாக அவர்கள் வாக்களித்தார்கள். ஆனால் அவர்களது வாக்கு நிறைவேறவில்லை. ஆனால் வரக்கூடிய அரசாங்கம் அதற்கு வேண்டி ஆவன செய்யும் என்று நாங்கள் கருதுகிறோம்.

பட்டணங்கால், விளத்துறை லிப்டு இரிகேஷன் ஸ்கீம் இவைகளைப்பற்றி நான் இப்பொழுது இங்கு கூற தேவை இல்லை.

[ஸ்ரீ. என். ஏ. நூர்முகமது.]

மைனர் இரிகேஷன் ஸ்கீம்களைப் பற்றி மாத்திரம் ஒரு சில வார்த்தைகள் கூறலாமென்று நினைக்கிறேன். ஆரல்வாய்மொழியில் பொய்கைத் திட்டம், கல்குளத்தில் மாம்பழத்துறை திட்டம், பண்ணாரிவாய்கால், பாம்பூரி வாய்கால் திட்டம், தெங்கம்புதூரிலுள்ள அத்திக்கடை சானல், சம்பக்குளம் சானல் போன்ற திட்டங்களை நிறைவேற்றித் தரவேண்டுமென்று ஒருமுறையல்ல பன்முறை நாங்கள் எடுத்துக்கூறியிருக்கிறோம். கழிந்த கால அரசாங்கம் தென் திருவிதாங்கூரைப் பொறுத்தமட்டில் ஒரு மாற்றாந்தாய் மனப்பான்மை தான் காட்டி வந்தது. நாங்கள் அந்த அரசாங்கத்திலிருந்து பிரிந்துபோவதற்கு, இதுவும் ஒரு காரணமாகும். தென் திருவிதாங்கூரின் ஒரு பிரதிநிதியான தோவாளை மெம்பர் இங்கு கூடும் கக்ஷியில் ஒரு முக்கிய அங்கமாக இருக்கின்ற காரணத்தினால், தமிழகத்திற்கு பெருமை தந்த ஒரு தமிழ் பெரும் புலவருடைய தவப்புதல்வர் இன்று இங்கு ஒரு மந்திரியாக வீற்றிருக்கிறார்கள் என்ற காரணத்தினால் எங்களது குறைகளை, கழிந்த அரசாங்கம் காட்டியதுபோல் ஒரு மாற்றாந்தாய் மனப்பான்மை காட்டாது எங்களது குறைகளை சரிவர நிவர்த்தி செய்யும் இவ்வரசாங்கம் என்று நாங்கள் கருதுகிறோம்.

"க்ரோமோர் புட் காம்பேன்" யைப் பற்றி ஒரு வார்த்தை கூற விரும்புகிறேன். சானல்களில் உடைப்பு வந்தால் அதை செப்பனிடுவதற்கு பணம் ஒதுக்கப்படுகிறது. எனது தொகுதியில் தக்கலைக்கு அருகாமையில் இருக்கும் மூலச்சிலில் ஒரு உடைப்பு விழுந்தது, சர்வே நம்பர் 503. அதை செப்பனிடுவதற்கு கழிந்த இரண்டு வருடங்களாக எத்தனையோ மனுக்கள் அனுப்பியிருக்கிறோம். அதற்கு ஒரு பதிலும் கிடைக்கவில்லை. சமீபத்தில் கூட நான் எக்ஸிக்கூட்டிவ் எஞ்சினீயரிடம் சென்று இப்படி ஒரு உடைப்பு விழுந்திருக்கிறது அதை செப்பனிடவேண்டும் என்று சொன்னதற்கு, எங்களிடம் பணம் இல்லை கலக்டர் இடம் போய் கேளுங்கள் என்று கூறினார்கள். நான் கலக்டர் இடம் சென்றபோது அவரும் கூறுகிறார், எங்களிடம் பணம் இல்லை என்று. இப்படியானால் இதை யார் செப்பனிடப் போகிறார்கள் என்று தெரியவில்லை. இப்பொழுதிருக்கிற மந்திரியவர்களிடமும் ஒரு மனு கொடுத்திருக்கிறோம். வேண்டியதைச் செய்வதாக கூறியிருக்கிறார். முடிவு என்னவாகுமென்று தெரியாது.

அடுத்தபடியாக, வேலையில்லாத் திண்டாட்டத்தைப் பற்றி எனக்கு முன்பேசிய தோழர்கள் கூறினார்கள். தென் திருவிதாங்கூர் ஒரு கிருஷி நாடாகும். அங்கிருக்கக்கூடிய மக்களிடையில் அன் எம்பிளாய்மென்ட் மாத்திரமல்ல, அண்டர் எம்பிளாய்மெண்டும் தாராளமாய் இருந்து வருகிறது. அந்தப் பகுதியிலுள்ள மக்களுக்கு வேலை தரக்கூடிய ஒரு தொழிற்சாலையும் கிடையாது. இதைப்பற்றி தோவாளை மெம்பர் அவர்கள் நேற்று இங்கு எடுத்துக் கூறினார்கள், கழிந்த அரசாங்கம் கோடிக்கணக்கான ரூபாய்களை வட

திருவிதாங்கூரிலும், சென்ட்ரல் திருவிதாங்கூரிலும் போட்டார்கள். ஆனால் தென் திருவிதாங்கூரில் மாத்திரம் ஒன்றும் செலவு செய்யவில்லை என்று கூறினார்கள். இன்று அவர்களுடைய கட்சி ஆட்சி பீடத்தில் வந்திருப்பதால் அதற்கு வேண்டிய பரிகாரங்கள் காணுவார்கள் என்று நான் நினைக்கிறேன்.

தொழில்கள் வளரவேண்டுமானால் ரயில்வே தேவை. நாங்கள் கழிந்த அஸெம்பிளியில்கூட அன்றிருந்த பி. டப்ளியு. டி. மினிஸ்டர் ஸ்ரீ. களத்தில் வேலாயுதன் நாயர் அவர்களிடம் இது பற்றி எடுத்துக் கூறினோம். சென்ட்ரல் மினிஸ்ட்ரி இடமும் இது பற்றி பல மனுக்கள் அனுப்பினோம். உங்கள் அரசாங்கம் இதுபற்றி எங்களுக்கு சிபார்சு செய்யட்டும்; நாங்கள் அதுபற்றி கவனிப்போம் என்று அவர்கள் சொன்னார்கள். ஆனால் கழிந்த அரசாங்கம் அப்படியொன்றுமே செய்யவில்லை என்று மிகவும் வருத்தத்துடன் கூறிக்கொள்கிறேன். ஆனால் இந்த அரசாங்கம் இதற்கு வேண்டிய காரியங்களைச் செய்யும் என்று நான் நம்புகிறேன்.

அடுத்தபடியாக காட்டேஜ் இன்டஸ்ட்ரீஸ்-ஐ பற்றி ஒரு வார்த்தை கூற நினைக்கிறேன். அது கைத்தறிவிவசாயத்தைப்பற்றியாகும். சென்னைமாகாணத்தில் இக்கைத்தறிச்சரக்குகளின் மேல் விதிக்கப்பட்டிருந்த ஐம்பது % செயில்ஸ் டாக்ஸையும் எடுத்திருக்கிறார்கள். இங்கு அவைகளின் மேல் ஐம்பது % செயில்ஸ் டாக்ஸ் விதிக்கப்படுகிறது. இந்த கைத்தறி விவசாயத்தில் ஏற்பட்டிருக்கிறவர்களுக்கு உதவி செய்யவேண்டுமென்றால், அவர்களுக்கு நீங்கள் உற்சாகம் கொடுக்க விரும்பினால், இந்த கைத்தறி சரக்குகளின் மேல் இப்பொழுது விதிக்கப்பட்டு வரும் இந்த 50% டாக்ஸையும் அறவே எடுத்து விடவேண்டும். அடுத்தபடியாக சென்னை மாகாணத்தில் செய்ததைப் போன்று வேஷ்டி, சாரீ, இவைகளை இந்த கைத்தறிக்காக ஒதுக்கப்படவேண்டும். இங்கு கைத்தறி சரக்குகள் ஏராளமாக இருக்கிறது. ஆனால் அவைகளை வாங்குவதற்குத் தான் ஆள் இல்லை. மில் சரக்குகளில் போட்டியைத் தவிர்த்து நம் நாட்டு மக்கள் கைத்தறி சரக்குகளை வாங்கக் கூடிய நிலைக்கு இந்த விவசாயத்தில் ஈடுபட்டிருக்கும் தொழிலாளி மக்களுக்கு வேலை கிடைக்கக்கூடிய நிலைமைக்கு வேண்டிய சௌகரியங்களை இவ்வரசாங்கம் செய்து கொடுத்தால் நல்லது.

இன்னும் எடியூக்கேஷனைப்பற்றி ஒரே ஒரு வார்த்தை. நம் நாட்டில் ஒரு லைப்ரரி மூவ்மென்ட் இருக்கிறது. அந்த மூவ்மென்டின் கீழ் 1500—க்கு மேற்பட்ட லைப்ரரிகள் இருக்கின்றன. இந்த லைப்ரரிகளுக்கு கிரான்டாக இவ்வரசாங்கத்திலிருந்து $1\frac{1}{2}$ லட்சம் ரூபாய் கொடுத்து வருகிறார்கள். அப்பணத்தை, இங்குள்ள நான்கு எம். எல். ஏ. களும் திருவிதாங்கூர்-கொச்சி லைப்ரரி அசோஸியேஷன் காரியதரிசியும் சேர்ந்து ஐந்து பேரைக் கொண்ட ஒரு லைப்ரரி கிரேடேஷன் கமிற்றி தான் இவ் ராஜியத்திலுள்ள எல்லா லைப்ரரி

[ஸ்ரீ. என். எ. நூர்முகமது.]

களுக்கும் எவ்வளவு கிரான்ட் கொடுக்கவேண்டுமென்று தீர்மானித்து வருகிறார்கள். இப்பொழுது இந்நாட்டிலுள்ள 1500-க்கு மேற்பட்ட லைப்ரரிகளில் சுமார் 1130 லைப்ரரிகளுக்குத் தான் கிரான்ட் கொடுக்கப்பட்டு வருகிறது. கழிந்த வருடம் இவ் லைப்ரரிகளுக்கு கிரான்ட் ஆக 1,21,000 ரூபாய் கொடுக்கப்பட்டது. 1953-1954-ல் 1,45,000 ரூபாய் இவ்வரசாங்கம் கொடுத்திருக்கிறது. ஆனால் இப்பொழுதுள்ள பட்ஜெட்டில் இந்த இனத்திற்காக ஒரே ஒரு லட்சம் ரூபாய் தான் ஒதுக்கப்பட்டிருக்கிறது. ஒவ்வொரு கிராமங்களிலும் லைப்ரரிகள் இருக்கின்றன. கிராம மக்கள் அங்கு சென்றுதான் புஸ்தகங்கள், பேப்பர்கள் முதலியவைகளைப் படிக்கிறார்கள். லைப்ரரிகள் வளருவதில்தான் நாட்டின் வளர்ச்சி இருக்கிறது. கொடுக்கக்கூடிய கிரான்டிலிருந்து புஸ்தகங்கள் தான் வாங்கவேண்டுமென்ற கட்டாயம் ஏற்பட்டிருக்கிறது. ஒரு லைப்ரரிக்கு கிடைக்கக்கூடிய 80 ரூபாய்களை வைத்துக் கொண்டு எவ்வளவு புஸ்தகங்கள்தான் வாங்கமுடியும். ஆகவே இந்த ஒரு லட்சம் ரூபாயை மூன்று லட்சமாகவாவது கூட்டவேண்டும். இந்த லைப்ரரி கிரேடேஷன் கமிட்டி என்பது, கவர்ன்மென்ட் ஒவ்வொரு வருஷமும் நிறுவும் கம்மிட்டியாகும். வருடந்தோறும் இக்கமிட்டி நிறுவப்படும் ஏற்பாட்டை மாற்றி ஒரு பர்மனென்ட் போர்ட் நிறுவப்பட வேண்டும். அடல்ட் எடியூக்கேஷனுக்கு வேண்டி நிறுவப்பட்டிருக்கும் போர்டுடன் இதையும் சேர்த்தாவது ஒரு போர்டை நியமிக்க வேண்டும் என்று கேட்டுக்கொண்டு, முடித்துக் கொள்கிறேன்.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഇവിടെ പല പാർട്ടികളും ഉണ്ട്. ഓരോ പാർട്ടിയിൽപ്പെട്ട പല ആളുകൾക്കും ഇവിടെ സംസാരിക്കാൻ അവസരം അനുവദിക്കുന്നുണ്ട്. എന്നാൽ എൻെറ പാർട്ടിയിൽ ഞാൻ മാത്രമാണുള്ളതു്. അതുകൊണ്ട് ഈ ബഡ്ജററിനെപ്പററി പൊതുവിമർശനത്തിനു് എനിക്കുകൂടി ഒരവസരം തരണമെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: മി. ചാഴിക്കാടനു് അതിലേയ്ക്കു് ഒരവസരം ലഭിക്കുന്നതാണു്.

ശ്രീ. കെ. ഐ. വേലായുധൻ: സർ, ധനകാര്യമന്ത്രി ഇവിടെ താൽക്കാലികമായി അവതരിപ്പിച്ച ഈ കമ്മി ബഡ്ജററിൽ മുൻ മന്ത്രിസഭയുടെയോ, അല്ലെങ്കിൽ ഇന്നു നിലവിലുള്ള മന്ത്രിസഭയുടെയോ പ്രഖ്യാപിത നയങ്ങളെ സംബന്ധിച്ചു യാതൊന്നും പറഞ്ഞുകാണുന്നില്ല. ഇപ്പോഴത്തെ മന്ത്രിസഭയ്ക്കു ലഭിച്ച ഏററവും പരിമിതമായ സമയത്തിനുള്ളിൽ തന്നെ ജനങ്ങളെ പൊതുവെ ബാധിക്കുന്ന ഏററവും അടിയന്തിരവും, അത്യാവശ്യവുമായ വലിയ പ്രശ്നങ്ങൾക്കു് പരിഹാരം കാണുവാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കാമായിരുന്നു. സർ, ഞാൻ ഭൂനയം സംബന്ധിച്ചു് ഒന്നു രണ്ടു സംഗതികൾ ഇവിടെ പറയുവാനാണു വിചാരിക്കുന്നതു്.

കോൺഗ്രസ്സുമന്ത്രിസഭ അധികാരത്തിലിരുന്ന അവസരത്തിൽ ഭൂനയത്തെ സംബന്ധിച്ചു്, അതായതു് വെറുമ്പാട്ട കുടിയാനവന്മാരും ജന്മിയുമാ

യുള്ള ബന്ധത്തെ സംബന്ധിച്ചു, ചർച്ചചെയ്തു റിപ്പോർട്ടു സമർപ്പിക്കുവാൻ കാൺഗ്രസ്സ് പാർലമെൻററി പാർട്ടി ഒരു കമ്മിററി രൂപീകരിക്കുകയും, ആ കമ്മിററി ഈ സംഗതിയെ സംബന്ധിച്ചു ചർച്ചചെയ്തു റിപ്പോർട്ടു എഴുതിയുണ്ടാക്കിയിട്ടുള്ളതുമാണ്. എന്നാൽ അന്നത്തെ ആ കമ്മിററിയുടെ ചർച്ചാവിഷയം ഒരു നിയമമായി വരുന്നതിനുമുമ്പു നിയമസഭ പിരിച്ചുവിടുകയും അടുത്തു തിരഞ്ഞെടുപ്പു വരികയുമാണുണ്ടായത്. അതിനാൽ പാട്ടക്കാരുടെയും കുടിയാനവന്മാരുടെയും ദുരന്തദുരിതങ്ങൾക്ക് ഇപ്പോഴും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. അതിനൊരു പരിഹാരമുണ്ടാക്കേണ്ടതു് ഇപ്പോഴത്തെ മന്ത്രിസഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണെന്നു ഞാൻ വിചാരിക്കുന്നു. ഇന്നു ഒരു വിധിനടത്തൽ നിയമം നിലവിലുണ്ടെങ്കിലും ആ നിയമത്തിനുള്ളിൽക്കൂടിത്തന്നെ പാട്ടക്കാരെയും കുടിയാനവന്മാരെയും ഒഴിപ്പിക്കാവുന്ന ചില മാർഗ്ഗങ്ങൾ ജന്മികൾക്കുണ്ടെന്നും, അങ്ങനെ ഒഴിപ്പിക്കൽ നടപടികൾ ഇന്നും നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും, കോടതികളുമായി അൽപ്പം ബന്ധപ്പെട്ടവർക്ക് അറിയാൻ സാധിക്കും. സർ, ഇന്നത്തെ വെറുംപാട്ട കുടിയാനവന്മാർക്ക് വമ്പിച്ച പാട്ടമാണു കൊടുക്കേണ്ടിയിരിക്കുന്നതു്. ആ പാട്ടം കൊടുക്കാൻ സാധിക്കാതെ അവർ വിഷമിക്കുകയാണ്. പാട്ടബാക്കി കൊടുക്കാൻ നിർബന്ധിതരാക്കിത്തീർക്കുന്ന നിശിത നടപടികൾ ജന്മിമാർ എടുത്തുകൊണ്ടിരിക്കുന്നു. അക്കാരണത്താൽ വസ്തു ഒഴിഞ്ഞുകിട്ടാൻ ജന്മിമാർ വളരെയധികം കേസുകൾ കൊടുത്തിട്ടുണ്ട്. പാട്ടബാക്കിയുടെപേരിൽ അന്യായം കൊടുത്തു വസ്തു ജപ്തിചെയ്തു ലേലത്തിൽ വിളിച്ചു എടുക്കുകയെന്ന സമ്പ്രദായമാണ് ഇന്നു ജന്മികൾ ചെയ്തുവരുന്നതു്. അതുകൊണ്ടു് ഇന്നു നിലവിലുള്ള പാട്ടം വെട്ടി കുറയ്ക്കേണ്ട ബാദ്ധ്യതകൂടി ഇന്നത്തെ ഗവണ്മെൻറിനുണ്ടെന്നാണ് എനിക്കു പറയുവാനുള്ളതു്. സർ, ജന്മിക്കു കുടിയാനെ ഒഴിപ്പിക്കുവാനുള്ള മാർഗ്ഗം ഏതെങ്കിലും വിധത്തിൽ അനുവദിച്ചുകൊടുക്കുകയാണെങ്കിൽ അതു ഒട്ടകത്തിനു സൂചികടക്കാനുള്ള മാർഗ്ഗം അനുവദിച്ചുകൊടുക്കുന്നതിനോടു തുല്യമായിരിക്കുമെന്നേ എനിക്കു പറയുവാനുള്ളു. അതിനുള്ള വശം നമ്മുടെ ജന്മിമാർക്കുണ്ടെന്നു അവരുടെ പാരമ്പര്യവും പ്രവർത്തനരീതിയും നോക്കിയാൽ മനസ്സിലാക്കുവാൻ സാധിക്കും.

മറെറാരു കാര്യം അനുഭവങ്ങളുടെ കാര്യമാണ്. പല അനുഭവങ്ങളുടെയും പേരിൽ കുടിയാനവന് വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ വെറുംപാട്ട കുടിയാനവൻ, ജന്മിക്ക് തൻെറ ജന്മിത്വം നിലനിറുത്തുവാൻവേണ്ടി ചില അനുഭവങ്ങൾ കൊടുക്കുവാൻ അവർ തമ്മിലുണ്ടായിട്ടുള്ള പാട്ടച്ചീട്ടിൽ പ്രത്യേകവ്യവസ്ഥ ചെയ്തിട്ടുണ്ടാവും. ഇങ്ങനെയുള്ള അനുഭവങ്ങളുടെപേരിൽ ജന്മികൾ വെറുംപാട്ട കുടിയാനവന്മാരുടെ പേരിൽ അനവധി കേസുകൾ കൊടുത്തിട്ടുണ്ട്. പാട്ടച്ചീട്ടിൽ കാണുന്ന രീതിയിൽ കൊമ്പൻ ചക്കയോ, നാളികേരമോ, നേന്ത്രക്കുലയോ, അടയ്ക്കയോ അതുപോലെയുള്ള മററു അനുഭവങ്ങളോ ജന്മിക്കു കാഴ്ചവയ്ക്കണം. ഈ വ്യവസ്ഥ ജന്മിത്വത്തെ നിലനിർത്താനും അടിമത്വത്തെ പുലർത്തുവാനുമാണെന്നുള്ളതിൽ സംശയമില്ല. അങ്ങനെയുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽനിന്നും നീക്കംചെയ്തു ഒരു കാരണവശാലും കുടിയാനവൻ യാതൊരു അനുഭവങ്ങളും ജന്മിക്കു കൊടുക്കരുതെന്നു നിയമമുണ്ടാക്കേണ്ടതു് അത്യാവശ്യമാണ്.

[ശ്രീ. കെ. ഐ. വേലായുധൻ.]

അടുത്തത്ത് കുടികിടപ്പുകാരുടെ കാര്യമാണ്. കുടികിടപ്പുകാരെ ഒഴിപ്പിക്കുന്ന സമ്പ്രദായം ഇപ്പോഴും നാം കാണുന്നുണ്ട്. ഒരു ജന്മിയുടെ വളപ്പിൽ ഒരു കുടിയാൻ താമസിക്കുന്നുണ്ടെങ്കിൽ ആ കുടിയാനവനെ ഏതു അവസരത്തിലും ഒഴിപ്പിക്കുവാനുള്ള അവകാശം, അയാൾ എത്ര കൊല്ലം അവിടെ താമസിച്ചിട്ടുള്ളവനാണെങ്കിലും, ജന്മികൾക്കുണ്ട്. താൽക്കാലികമായി അവരെ ഒഴിപ്പിക്കുവാൻ പാടില്ലെന്ന് നിയമംമൂലം ഇപ്പോൾ തടഞ്ഞിട്ടുണ്ടെങ്കിലും ആ സ്ഥലം അവർക്ക് സ്ഥിരാവകാശമായി ലഭിക്കുവാനുള്ള ഒരു നിയമം ഇപ്പോഴില്ല. അങ്ങനെ ഒരു നിയമം ഇപ്പോൾ ഏററവും വലിയ ഒരാവശ്യമാണ്.

കൊച്ചീരാജ്യത്തെ സംബന്ധിച്ചിടത്തോളം ഇക്കൂട്ടത്തിൽ പങ്കുവാരക്കാർ എന്നൊരു കൂട്ടരെക്കൂടി ഉൾപ്പെടുത്താം. തിരുവിതാംകൂറിൽ അങ്ങനെയൊരു കൂട്ടരുണ്ടോയെന്നു എനിക്കു നിശ്ചയമില്ല. അവിടെ ൧൧൧൮-ലെ വെറുംപാട്ട കുടിയാൻ നിയമം പാസ്സായപ്പോൾ ആ നിയമത്തിൽ നിന്നും രക്ഷപ്പെടുവാൻവേണ്ടി വെറുംപാട്ട വസ്തുക്കളെ പങ്കുവാരത്തിനായി എഴുതിക്കൊടുക്കേണ്ടിവന്നു. ഇങ്ങനെ ചെയ്തിട്ടുള്ളതു വെറുംപാട്ടം എന്നൊരു ഏർപ്പാടില്ലായെന്നു കാണിക്കാനാണ്. അങ്ങനെ ൧൧൧൮-ലെ നിയമം തങ്ങൾക്കു ബാധകമാകാതെയിരിക്കാൻവേണ്ടി ഉണ്ടാക്കിയ ഈ വ്യവസ്ഥയും പ്രത്യേകം പരിഗണനാർഹമാണ്. ഏതെങ്കിലും കൃഷിക്കാർ പങ്കുവാര അവകാശത്തിന്മേൽ ഇന്നു കൃഷി ചെയ്യുന്നുണ്ടെന്നു കണ്ടാൽ അവരെയും ഒഴിപ്പിക്കാതിരിക്കുവാനുള്ള മാർഗ്ഗം നിയമംമൂലം ഉണ്ടാകേണ്ടതാണ്. ഇങ്ങനെ വെറുംപാട്ടക്കാർക്ക് കൊടുക്കേണ്ടതായ വമ്പിച്ച പാട്ടം വെട്ടിക്കുറയ്ക്കുകയും, പങ്കുവാരക്കാർക്ക് വസ്തുക്കളിൽ സ്ഥിരാവകാശം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന നിയമം ഇവിടെയുണ്ടാകേണ്ടതു് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്.

സർ, ഈ അവസരത്തിൽ ഒരു കാര്യംകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ സംസ്ഥാനത്തെ വില്ലേജു പുറംപോക്കുകളിലും റിസർവ് ഫാറസ്റ്റുകളിലും വളരെയധികം ആളുകൾ, വീടുകെട്ടി താമസിക്കുന്നുണ്ട്. ഈവക സ്ഥലങ്ങളിൽ ഭൂരിഭാഗവും പണക്കാരും പ്രബലന്മാരുമായ ആളുകൾ ഇന്നു കൈവശം വച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ളവരെ ഒഴിപ്പിക്കുവാനുള്ള യാതൊരു നടപടിയും ഗവണ്മെൻറ എടുത്തു കാണുന്നില്ല. അഥവാ എടുത്തിട്ടുണ്ടെങ്കിൽ മററു ചില മാർഗ്ഗങ്ങളിൽക്കൂടി രക്ഷനേടുവാൻ അവർക്ക് സാധിച്ചിട്ടുണ്ട്. പക്ഷെ, ഇത്തരം സ്ഥലങ്ങളിൽ അഞ്ചോ, ആറോ സെൻറ സ്ഥലം കൈവശപ്പെടുത്തി വല്ല മാടമോ കുടിലോ കെട്ടി താമസിക്കുന്ന സാധുക്കളായ കൃഷിക്കാരും കാണും. അവരെ ധാരാളമായി ഒഴിപ്പിച്ചുവരുന്നു. അങ്ങനെ താമസിക്കുന്ന സാധുക്കളായ കൃഷിക്കാരെ ഒഴിപ്പിക്കാതെ അവർക്കും സ്ഥിരാവകാശപ്പെടുത്തി കൊടുക്കേണ്ടതു അത്യാവശ്യമാണ്. മാത്രമല്ല, അവരെ ഒഴിപ്പിക്കുവാൻ ഗവണ്മെൻറ വേറൊരു മാർഗ്ഗംകൂടി കണ്ടിട്ടുണ്ട്. മിലിട്ടറിയിൽ പോയിവന്നിട്ടുള്ള ഏതെങ്കിലും ഒരു വ്യക്തി ഇങ്ങനെ സാധുക്കൾ കൈവശപ്പെടുത്തിയിട്ടുള്ള ഒരു സ്ഥലം ഒഴിഞ്ഞുകിട്ടണമെന്ന് ഗവണ്മെൻറിലേയ്ക്കു അപേക്ഷിക്കുകയാണെങ്കിൽ, എത്ര അംഗങ്ങൾ അവിടെ താമസിക്കുന്നു

ണ്ടെങ്കിലും ശരി, ഉടനടി അവരെ ഒഴിപ്പിക്കാനുള്ള നടപടികളെടുത്തു വരുന്നതായി കാണുന്നുണ്ട്. അവർക്ക് അവിടെ താമസിക്കുവാനുള്ള സ്ഥിരാവകാശം കൊടുക്കേണ്ടതാണെന്നാണ് എനിക്ക് ഈ അവസരത്തിൽ ഗവണ്മെന്റിനെ അറിയിക്കുവാനുള്ളതു്.

Mr. Speaker : Many hon. Members wish to participate in this debate. Therefore hon. Members who wish to speak are requested to take only ten minutes each. Party leaders are exempted from this.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഞാൻ എന്റെ പാർട്ടിയുടെ ലീഡറാണ്.

മി. സ്പീക്കർ : അതു് അംഗീകരിച്ചിട്ടില്ല.

ഒരു മെംബർ : മി. ചാഴിക്കാടൻ ഏതു പാർട്ടിയുടെ ലീഡറാണ്?

മി. ജോസഫ് ചാഴിക്കാട്ട് : സ്വതന്ത്രപാർട്ടി.

Shri Joseph Chazhikattu : "The motto of a good citizen is to obey punctually, to censor fearlessly."

സർ, സുപ്രസിദ്ധരാഷ്ട്രീയചിന്തകനായ ബെന്താമിന്റെ ഒരഭിപ്രായമാണ് ഞാനിവിടെ ഉദ്ധരിച്ചതു്. എന്റെയും മോട്ടോ ഇതുതന്നെയാണ്. അനുസരണയോടുകൂടി കീഴ്‌വഴങ്ങുക, നിർഭയമായി നിരൂപണം ചെയ്യുക.

നമ്മുടെ മുമ്പിലിരിക്കുന്ന ബഡ്ജററ് ഇൻഡ്യാസാമ്രാജ്യത്തിൽ ചരിത്രം സൃഷ്ടിച്ച പി. എസ്സ്. പി. ഗവണ്മെന്റ നമ്മുടെ മുമ്പാകെ അവതരിപ്പിച്ചതാണ്. പി. എസ്സ്. പി.-യിൽ ആകെ പത്തൊൻപതു അംഗങ്ങളാണുണ്ടായിരിക്കുന്നതു്. അതിലൊരാൾ ഈ സഭയിലെ ഏററവും ഉന്നതമായ സ്ഥാനം അലങ്കരിക്കുന്നതിനായി മാറിയതിനുശേഷം പിന്നീടു പതിനെട്ടു അംഗങ്ങളേ ഉള്ളൂ. ഈ പതിനെട്ടു അംഗങ്ങൾകൂടി അവതരിപ്പിച്ച ബഡ്ജററാണ് നാം ഇന്നു നിരൂപണം ചെയ്യുവാൻ പോകുന്നതു്. ഈ സംഖ്യകുറഞ്ഞ കക്ഷിനില, പി. എസ്സ്. പി.യെ ഒരു വിഷമസന്ധിയിലകപ്പെടുത്തിയിരിക്കുന്നതു്. നാം കേട്ടിട്ടുള്ള 'ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുര'ത്തിന്റെ അവസ്ഥയാണു അതിനുള്ളതു്. കാൺഗ്രസ്സാകുന്ന സർപ്പത്തിന്റെ വായിലിരിക്കുന്ന തവളയായിട്ടാണ് പി. എസ്സ്. പി.യെ ഞാൻ വിചാരിക്കുന്നതു്. അല്ലെങ്കിൽ, ഞങ്ങളുടെ മലനാട്ടിൽ ചെറിയ വള്ളം പെട്ടി കാളവണ്ടിയിൽ വച്ചുകൊണ്ടു പോകാറുണ്ട്. വള്ളം നിശ്ചയിക്കുന്നസ്ഥലത്തു അതിനുപോകാൻ ഒക്കുകയില്ല. കാളവണ്ടി നീങ്ങുന്നതു അനുസരിച്ചേ വള്ളം നീങ്ങുകയുള്ളൂ. മോട്ടോർകാറുകൾ കപ്പലുകളിൽ കയററി അയയ്ക്കാറുണ്ടല്ലോ. മോട്ടോർ കാറിനു കപ്പൽ എവിടെയെല്ലാംപോകുമോ അവിടെ പോകുവാനേ സാദ്ധ്യമാകയുള്ളൂ. അതുപോലെ നാൽപ ഞ്ചു അംഗങ്ങളുട ിയ കാൺഗ്രസ്സ് കപ്പലിനകത്തിരിക്കുന്ന ഒരു കൊച്ചുവള്ളമാണ് പി. എസ്സ്. പി. അങ്ങനെ മുമ്പോട്ടുപോകണമെങ്കിൽ കാൺഗ്രസ്സിന്റെ ഗതിവിഗതികളെക്കൂടി ലക്ഷീകരിച്ചുകൊണ്ടുതന്നെ വേണം പി. എസ്സ്. പി. പോകാൻ,

[ശ്രീ. ജോസഫ് ചാഴിക്കാട്ട്.]

അല്ലാത്തപക്ഷം ഒരു ദിവസം കാൺഗ്രസ്സ് അതിന്റെ ഗളമൊന്നു അമർത്തും താൾ അതിന്റെ വായ്ക്കകത്തു ആക്കുകയും ചെയ്യും. ആ നിലയിൽ അവരെപ്പററി അൽപ്പം സൗമനസ്യചിന്തയോടുകൂടി നാം നോക്കേണ്ടതാണ്.

സർ, നാം ഇപ്പോൾ ഇവിടെ ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കയാണ്. മിനിട്ടിനു മിനിട്ടിനു ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുകയുമാണ്. ഇവിടത്തെ പ്രബലമായ ആപ്പോസിററുപാർട്ടി കാൺഗ്രസ്സാണ്. എന്നാൽ ഇഫക്ടീവ് ആപ്പോസിററുപാർട്ടി കമ്മ്യൂണിസ്ററ് പാർട്ടിയാണ്. എനിക്കു് ആ ഇഫക്ടീവ് പാർട്ടിയെപ്പററി ഒന്നു പറയാനുണ്ടു്. നാം അറിഞ്ഞിട്ടുള്ള രാമായണമോ ഭാരതമോ വായിച്ചുനോക്കിയാൽ അവിടെയെങ്ങും നാൽപ്പത്തുപേരടങ്ങിയ ഒരു സംഘത്തെ കാണുകയില്ല. എന്നാൽ അറേബ്യൻ നൈററ്സ് എന്ന കഥയിൽ നാൽപ്പത്തുപേരടങ്ങിയ ഒരു സംഘത്തെപ്പററി പറയുന്നുണ്ടു്.

ശ്രീ. എം. പി. മേനോൻ: അതിൽ പറഞ്ഞിരിക്കുന്നതു ൪൦ പേരുടെയല്ല ൪൧ പേരുടെ സംഘത്തെപ്പററിയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ആലിബാബായും ൪൦ പേരും എന്നാണ് അതിൽ പറയുന്നതു്. ആ സംഘത്തിൽ ൪൦ പേരാണുള്ളതു്. ഒരാൾ പുറത്തും.

അങ്ങനെ ഈ പതിനെട്ടു അംഗങ്ങൾ ഭരണഭാരം ഏററപ്പോൾ കമ്മ്യൂണിസ്ററുപാർട്ടിക്കു് വലിയ ഖേദം തോന്നി. രാമായണത്തിൽ,

സുഗ്രീവരാഘവന്മാരഗ്നിസാക്ഷിയായ്
സഖ്യവും ചെയ്തു പരസ്പരം കാര്യവും
സിദ്ധിക്കുമെന്നുറച്ചാത്മഖേദം കള-
ഞ്ഞുത്തുംഗമായ ശൈലാഗ്രേ മരുവീടിനാൻ.

എന്ന വരികളാണ് ഞാൻ ഈയവസരത്തിൽ ഓർമ്മിക്കുന്നതു്. അങ്ങനെ തിരഞ്ഞെടുപ്പു് കഴിഞ്ഞു് പി. എസ്സ്. പി.–യും ഈ നൽപ്പത്തു പേരുംകൂടി ചേന്നു് ഒരു സഖ്യംചെയ്തു; ഒന്നിച്ചു ഭരണം ഏറെറടുത്തു കൊള്ളാമെന്നു്. എന്നാൽ ഇപ്പോൾ സുഗ്രീവനോടു ഹനുമാൻ ചോദിക്കുന്ന ചോദ്യമാണു കമ്മ്യൂണിസ്ററുകാർ ചോദിക്കുന്നതു്. ശ്രീ. പട്ടം താണുപിള്ളയോടു് കമ്മ്യൂണിസ്ററുകാർ ചോദിക്കുന്നു:

രാജ്യാഭിഷേകവും ചെയ്തു മഹാജന
പൂജ്യനായ് താരയുമായിരുന്നീടു നീ.
എത്രനാളുണ്ടിരിപ്പിങ്ങനെയെന്നതും
ചിത്തത്തിലുണ്ടുതോന്നുന്നു ധരിക്ക നീ.

ഇവർ ഇങ്ങനെ പറയുന്നതു ശരിയല്ല. ശ്രീ. പട്ടം താണുപിള്ള എന്തുചെയ്യണമെന്നാണ് ഇവർ പറയുന്നതു്? അദ്ദേഹം നിങ്ങളോടു യോജിച്ചുവെന്നിരിക്കട്ടെ. ഇൻഡ്യയിലെ കേന്ദ്ര പി. എസ്സ്. പി. എക്സിക്യൂട്ടിവ് കമ്മ്യൂണിസ്ററുകാരുമായി ചേർന്നു് ഭരിക്കരുതെന്നു പറഞ്ഞാൽ അവിടെ രണ്ടുമാർഗ്ഗമേയുള്ളു. ഒന്നുകിൽ പി. എസ്സ്. പി. തനിച്ചുഭരിക്കണം. അല്ലാത്തപക്ഷം പി. എസ്സ്. പി. ഒരു സ്വതന്ത്ര പാർട്ടിയായി മാറിനിൽക്കണം.

അതുകൊണ്ട് മഹാമനസ്കതയോടുകൂടി കേന്ദ്ര എക്സിക്യൂട്ടീവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കാമെന്ന് വിചാരിച്ച് അദ്ദേഹം ചെയ്ത പ്രവൃത്തിയെ ഈ ൪൦ അംഗങ്ങളുള്ള കക്ഷിക്ക് യാതൊരു കുററവും പറയാനില്ലെന്നുള്ളതാണ് ഒരു സ്വതന്ത്രമെംബറായ എന്റെ സ്വതന്ത്രമായ അഭിപ്രായം. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബഡ്ജററ് നാലു മാസക്കാലത്തേയ്ക്കു മാത്രമുള്ളതാണെന്നിരുന്നാലും അതിൽ ചില കാര്യമായ സംഗതികൾ കൊള്ളിക്കാമായിരുന്നു, കൊള്ളിക്കേണ്ടതുമായിരുന്നു എന്നാണ് ഞാൻ പറയുന്നത്. ആദായം വർദ്ധിപ്പിക്കുന്നതിനുള്ള പല മാർഗ്ഗങ്ങൾ എന്റെ സ്വതന്ത്രചിന്തയിൽ തോന്നിയത് പുതിയ മന്ത്രിസഭയുടെ മുമ്പാകെ വെയ്ക്കുന്നുണ്ട്. ഇപ്പോഴുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെ എല്ലാം ൫൫ വയസ്സിൽ പെൻഷൻ അനുവദിച്ചു പിരിച്ചു വിടാതെ ൬൦ വയസ്സുവരെ തുടരുന്നതിനനുവദിച്ചാൽ അതിൽനിന്നും എത്രയോ ലക്ഷം രൂപ ആദായം ഉണ്ടാകുന്നതാണ്. ആ കാര്യം ഇപ്പോഴത്തെ മന്ത്രിമാർ ഒന്നു പ്രത്യേകം ചിന്തിക്കേണ്ടതാണ്. ഒരു സിക്രട്ടറിയായ ശ്രീ. എം. സി. തോമസ്സ് ൫൫ വയസ്സു തികഞ്ഞു സെററിനു വെളിയിൽ ഇറങ്ങിയപ്പോൾ സെൻട്രൽ ഗവണ്മെൻറ് അദ്ദേഹത്തെ വിളിച്ചിരിക്കുന്നു. അവർക്ക് ൫൫ കഴിഞ്ഞവരെയാണ് വേണ്ടത്. അദ്ധ്യാപകന്മാർക്ക് ൬൦ വയസ്സുവരെ സർവ്വീസ് നീട്ടിക്കൊണ്ട് ഉത്തരവു കൊടുത്തിട്ടുണ്ടെന്നു ഞാൻ കേൾക്കുന്നു. ശ്രീ. രാജഗോപാലാചാരി നമ്മുടെ ശ്രീ. പട്ടം താണുപിള്ള മുതലായവർ ചീഫ് മിനിസ്റ്ററായി രാജ്യഭാരം വഹിച്ചുകൊണ്ടുപോകാൻ തയ്യാറാകുന്ന സ്ഥിതിക്ക് പ്രാപ്തിയും തന്റേടവുമുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെ ൬൦ വയസ്സുവരെ തുടർന്നു ഉദ്യോഗം നോക്കുന്നതിന് അനുവദിക്കേണ്ടതാണ്. ആ കാരണത്താൽ ഒരു വലിയ സംഖ്യ ഗവണ്മെൻറിലേയ്ക്ക് ആദായം ഉണ്ടാക്കാൻ കഴിയും.

ഇവിടെ മദ്യവർജ്ജനം ഏർപ്പെടുത്തിയതു് ശ്രീ. പട്ടം താണുപിള്ളയ്ക്ക് ഒന്നാമതായി പററിയ ഒരു അബദ്ധമാണ്. കൊച്ചുകുട്ടികൾക്ക് ഒരബദ്ധം ചെയ്താൽ അതിൽ കടിച്ചുപിടിച്ച് പുറകോട്ടുമാറാതെ നിൽക്കുന്ന ഒരു സ്വഭാവമുണ്ട്. പ്രായംകൊണ്ടും മററും പാകതയുള്ള ഇന്നത്തെ ചീഫ്മന്ത്രി ആ പ്രൊഹിബിഷൻ എടുത്തുകളയണം. തമിഴ്നാട്ടു സ്നേഹിതന്മാരിൽ ഭൂരിപക്ഷത്തിന് ഈ പ്രൊഹിബിഷൻ വച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ എതിരാണെന്നാണ് എനിക്ക് അവരോടു നേരിട്ടു സംസാരിച്ചതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അതിന്റെ കാരണം അനേകം ആളുകൾക്ക് ഇതുമൂലം തൊഴിലില്ലാതായിത്തീർന്നിട്ടുണ്ട്. ഇപ്പോൾ അണ്ടിയാഫീസുകൾ അടച്ചതുകൊണ്ട് അവരെ പുരോഗമിപ്പിക്കാനും മററുമായി സഭാനടപടികൾ നിറുത്തിവെയ്ക്കാൻ പ്രമേയം വന്നിരിക്കുന്ന അവസരത്തിൽ തൊഴിലില്ലായ്മയെ കുറയ്ക്കുന്നതിനു വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്. അതിനാൽ പ്രൊഹിബിഷൻ തമിഴ് നാട്ടിൽ നിന്നും എടുത്തു കളയണം. പ്രൊഹിബിഷൻ ഏർപ്പെടുത്തിയതിനു പകരം ഒരു സെയിൽസ് ടാക്സ് ഉണ്ടായി.

On page 26 of the Explanatory Memorandum on the budget it is stated ;

[ശ്രീ. ജോസഫ് ചാഴിക്കാട്ട്.]

"Receipts under Sales Tax: Sales tax has been introduced with a view especially to cover the deficit created by prohibition."

അതാണ് വലിയ രസം. ഈ പ്രൊഹിബിഷൻമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിനു വേണ്ടി സെയിൽ ടാക്സ് ഉണ്ടായി. പ്രൊഹിബിഷൻ തിരുവിതാംകൂർ-കൊച്ചിയിലുള്ള തെക്കേ അറ്റത്തുള്ള ഡിസ്ട്രിക്റ്റുകളിൽ മാത്രമേ ഉള്ളു. എന്നാൽ എല്ലാവരും സെയിൽസ് ടാക്സിന്റെ ഭയങ്കരമായ പിടിയിൽക്കിടന്ന് അമരുകയാണ്. സെയിൽസ് ടാക്സ് എന്നു പറഞ്ഞാൽ കാളറയോ മസൂരിയോ പോലെ ഭയങ്കരമായ ഒരു സുഖക്കേടായിട്ടാണ് തോന്നുന്നത്. പണ്ടാരവക ബഞ്ചിൽ ഇരിക്കുന്നവർ സെയിൽസ് ടാക്സ് നിറുത്തിയാൽ ൨ കോടി രൂപ നഷ്ടം വരുമെന്നാണ് വിചാരിക്കുന്നത്. എന്നാൽ ഇതുപോലെ ജനങ്ങളെ ഭയപ്പെടുത്തുന്ന ഒരു നികുതി വേറെ ഇല്ല. വലിയ കച്ചവടക്കാരും ചില്ലറ കച്ചവടക്കാരും എല്ലാംതന്നെ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ വരവ് കാലന്റെ വരവുപോലെ വിചാരിക്കുന്നു എന്ന് അനുഭവങ്ങളിൽനിന്നും എനിക്കു മനസ്സിലായിട്ടുണ്ട്. ഒരു ൫൦൦൦ രൂപ സെയിൽസ് ടാക്സ് ചുമത്തി ഒരു ചെല്ലാൻ അയച്ചു കഴിഞ്ഞാൽ ഒരു ൨൦൦ രൂപ കൊടുത്ത് കാണേണ്ടവരെ കണ്ടാൽ അതൊരു ൩൦൦ രൂപയായി കുറയും. സർക്കാരിലേയ്ക്കു ഈടാക്കുന്ന ൨ കോടി രൂപയെക്കാൾ രണ്ടോ നാലോ ഇരട്ടി കൈക്കൂലിയായി ഈടാക്കിപ്പോകുന്നുണ്ട്. അതുകൊണ്ട് സെയിൽസ് ടാക്സ് നിറുത്തണം. അതുപോലെതന്നെ പ്രൊഹിബിഷൻ എടുത്തുകളകയും, പെൻഷൻ വയസ്സ് ൬൦ ആയി ഉയർത്തുകയും ചെയ്യേണ്ടതാണ്.

ഇപ്പോൾ പഞ്ചായത്ത് എന്നൊന്ന് ഉണ്ടാക്കിയിട്ടുണ്ട്. അതിനെപ്പററി പുതിയ മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആളുകൾ നാലായിരവും അയ്യായിരവും രൂപയെല്ലാം ചെലവാക്കി അതിൽ മെംബറന്മാരായിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ ആ പ്രസ്ഥാനം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ലാതാണിരിക്കുന്നത്.

(ബെൽ)

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ബഹു: ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററും, ബഡ്ജററ പ്രസംഗവും വായിക്കുമ്പോൾ ആരാന്റെ കുഞ്ഞിന്റെ പിതൃത്വം ഏറെറടുക്കുന്ന ദുർഗ്ഗനായ ഒരു ഭർത്താവിന്റെ കാര്യമാണ് ഓർക്കുന്നത്. ഈ ബഡ്ജററശിശുവിന്റെ യഥാർത്ഥ ജനയിതാക്കൾ ഇന്ന് പ്രതിപക്ഷത്ത് ഇരുന്നുകൊണ്ട് ജനറൽ ആൻഡ് റസ്പോൺസീവ് കോവാപ്പറേഷൻ വാഗ്ദാനം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഈ സഭയിൽ ഇങ്ങനെയൊരു ബഡ്ജററ് അവതരിപ്പിക്കാനുള്ള തന്റേടം ഈ ധനകാര്യമന്ത്രിക്ക് ഉണ്ടാകുകയില്ലായിരുന്നു. കേന്ദ്രപാർലമെൻറിൽ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് കേന്ദ്രധനകാര്യമന്ത്രിചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞിരുന്നത് കൊറിയൻ യുദ്ധം കഴിഞ്ഞശേഷം ഇൻഡ്യയിൽ വ്യവസായവാണിജ്യരംഗങ്ങളിൽ ആശാവഹമായ പുരോഗമനം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ്. നമ്മുടെ ധനകാര്യമന്ത്രി നേരെ മറിച്ചാണ് പറഞ്ഞിട്ടുള്ളത്. ക്യാഷ്ക്രോപ്പുകളായ കുരുമുളക്,

പൽപ്പൊടി, എല്ലാം മുതലായവ ആവശ്യംപോലെ കിട്ടാത്തതുകൊണ്ട് വിലക്കൂടുതലാണെന്നു കേന്ദ്രമന്ത്രി പറയുമ്പോൾ വിതരണക്കാരില്ലാത്തതുകൊണ്ട് വില കുറഞ്ഞിട്ടുണ്ടെന്നു നമ്മുടെ മന്ത്രി പറയുന്നു. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിന് സ്റ്റേറ്റുകൾക്ക് സബ്സിഡി കൊടുക്കാൻ തയ്യാറില്ലെന്നും, സ്റ്റേറ്റുകൾ സ്വന്തമായി ചെലവിനുള്ള മാർഗ്ഗങ്ങളന്വേഷിച്ചു കൊള്ളണമെന്നും പറയുമ്പോൾ നമ്മുടെ ധനകാര്യമന്ത്രി സബ്സിഡി ഇല്ലെങ്കിൽ യാതൊരു രക്ഷയുമില്ലെന്നാണ് പറയുന്നത്. ഇങ്ങനെ മിക്ക കാര്യങ്ങളിലും കേന്ദ്രമന്ത്രി വരയ്ക്കുന്ന ചിത്രത്തിന് വിരുദ്ധമായ ഒരു ചിത്രമാണ് നമ്മുടെ ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. വ്യവസായവികസനത്തിന് ഈ ബഡ്ജററിൽ പ്രത്യേകിച്ചൊന്നും കാണുന്നില്ല. ജനാധിപത്യസോഷ്യലിസത്തെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് ഇങ്ങനെയുള്ള ഒരു ബഡ്ജററ് ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഈ രാജ്യത്തിലെ സാമ്പത്തിക വ്യവസ്ഥ അഴിച്ചു പണിയുന്നതിനുവേണ്ടിയുള്ള തീരുമാനവും പ്ലാനുമുള്ള ഒരു പാർട്ടിയാണ് ഭരണഭാരം ഏററിരിക്കുന്നത്. എന്നാൽ ബഡ്ജററിൽ അതിനു അനുകൂലമായ യാതൊന്നും കാണുന്നതിനിടയാകാത്തത് നിരാശാജനകമാണ്. ഒരു പ്ലാനെങ്കിലും തയ്യാറാക്കണമായിരുന്നു, സർ, ഈ സംസ്ഥാനത്ത് അനേകം ഫാക്ടറികളുണ്ട്. ഫെർട്ടിലൈസേഴ്സ്, അലൂമിനിയം, റേയാൺസ്, ടൈററാനിയം, സിമൻറ് തുടങ്ങിയുള്ള പല ഫാക്ടറികളുടെയും നില ഇന്നു വളരെ മോശമാണ്. അവയുടെ വിജയകരമായ പ്രവർത്തനത്തിന് യാതൊരു പദ്ധതികളും ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനം പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് വളരെയധികം സാദ്ധ്യതയുള്ള ഒന്നാണ്. വികസന സാദ്ധ്യതകൾ ധാരാളമുള്ള ഗ്ലാസ്, പ്ലൈവുഡ് വ്യവസായങ്ങളിലേയ്ക്ക് നമ്മുടെ ധനകാര്യമന്ത്രിയുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല. വ്യാവസായിക വികസനംകൂടാതെ രാജ്യത്തെ എങ്ങനെ അഭിവൃദ്ധിയിലേയ്ക്ക് നയിക്കാൻ സാധിക്കും സർ? ഈ രാജ്യത്തെ സോഷ്യലിസ്ററ് മന്ത്രിസഭയ്ക്കു നിലവിലിരിക്കുന്ന വ്യവസായങ്ങളെയും മററും പുരോഗമിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ വാസ്തവത്തിൽ അതു് ഖേദമുണ്ടാക്കുന്ന ഒരു സംഗതിയായിരിക്കും.

നമുക്കൊരു പഞ്ചവത്സരപദ്ധതിയുണ്ട്. രണ്ടായിരത്തിയറുപത്തൊമ്പതു കോടി രൂപ ഇൻഡ്യാഗവൺമെൻറ് അതിലേയ്ക്കു നീക്കിവച്ചിട്ടുള്ളപ്പോൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ൨൭ കോടി ൩൨ ലക്ഷമേ കൊള്ളിച്ചിട്ടുള്ളു. അതിൽ ഒരു കോടി രൂപ മാത്രമാണ് വ്യവസായങ്ങൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ളതു്. വ്യവസായവികസനം ഈ സംസ്ഥാനത്തുണ്ടാവരുതെന്ന് അങ്ങു കേന്ദ്രത്തിലിരിക്കുന്നവർക്ക് നിർബ്ബന്ധമുണ്ടെന്നല്ല സർ, ഇതിൽ നിന്നും വ്യക്തമാവുന്നത്? പഞ്ചവത്സരപദ്ധതിയുടെ മൂന്നു കൊല്ലക്കാലത്തെ പ്രവർത്തനം പരിശോധിച്ചാൽ വളരെ നിരാശാജനകമായിട്ടാണ് കാണുന്നത്. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്ന കാലത്തു ൨൭ കോടി ചെലവാക്കുന്ന കണക്കു വന്നപ്പോൾ ൨ കോടിയിൽ ചില്വാനം കമ്മി വരുമെന്നു പ്രതീക്ഷിച്ചിരുന്നു. മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ കമ്മി ഏഴു കോടിയിൽപ്പരം ആകാൻപോകുന്നു എന്നാണു കാണുന്നതു്. അഞ്ചാമത്തെ കൊല്ലത്തേയ്ക്കു് പണമില്ലാത്തതുകൊണ്ട് ഈ പദ്ധതി നാലു കൊല്ലംകൊണ്ട് മുഴമിക്കാൻ പോകുന്നു എന്നാണ് തോന്നു

[ശ്രീ. ഡി. വിവേകാനന്ദൻ.]

ന്നതു്. അതിനു നമ്മുടെ മുൻപിൽ ഒരു സൂചന നൽകിയിട്ടുണ്ടു്. പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയിലാക്കിയാൽ ൫ കൊല്ലവും നടക്കുമെന്നാണു പ്ലാൻ. അങ്ങനെ സാവധാനമായി പ്രവർത്തനം കൊണ്ടുപോയാൽ ൫ കൊല്ലം എത്തിക്കാം. ഇങ്ങനെ ആയാൽ പഞ്ചവത്സര പദ്ധതികൊണ്ടു് യാതൊന്നും ഉണ്ടാകാൻ പോകുന്നില്ല.

കയർ, കൈത്തറി, നെയ്ത്തു് മുതലായ കുടിൽ വ്യവസായങ്ങളുടെ കാര്യത്തിൽ കാര്യക്ഷമമായ ഒരു പദ്ധതിയും കൊണ്ടുവരാത്തതിൽ വ്യസനമുണ്ടു്. സർ, ഭക്ഷ്യപ്രശ്നത്തെപ്പററി എടുത്തു പറയേണ്ടതായിട്ടാണിരിക്കുന്നതു്. അരിവിതരണത്തിൽ നമുക്കു പ്രതിദിനം ഒരു ലക്ഷം രൂപയോളം നഷ്ടം വരുന്നുണ്ടു്. ഇതു് കേന്ദ്രഗവണ്മെൻറിൽനിന്നും അരിവാങ്ങി കുറഞ്ഞ വിലയ്ക്കു വിൽക്കുന്നതുകൊണ്ടു് വരുന്ന നഷ്ടമാണു്. [illegible] അരി വിൽക്കുമ്പോൾ അതു വളരെ കുറഞ്ഞ വിലയാണെന്നു് ധനകാര്യമന്ത്രി പറയുന്നെങ്കിലും ഒരു താരതമ്യപഠനംകൊണ്ടു് അതു വളരെ ശരിയല്ലെന്നു് ബോദ്ധ്യപ്പെടും. നാം അരി ഉപയോഗിക്കുന്നതുപോലെ ധനകാര്യമന്ത്രി പറയുന്ന സ്റ്റേററുകളിൽ അരി ഉപയോഗിക്കുന്നില്ല. അവർ പ്രധാനമായി ഗോതമ്പിനെ ആശ്രയിച്ചാണു് ജീവിക്കുന്നതു്. ഇൻഡ്യയും ബർമ്മയും തമ്മിലുണ്ടായ ട്രേഡ് പാക്ററിൻെറ വ്യവസ്ഥകളിൽ കൂടി ഇൻഡ്യയുടെ ഋണബാദ്ധ്യത തട്ടിക്കഴിക്കുന്നതുകൊണ്ടുള്ള ഭാരം ഭക്ഷ്യദൗർലഭ്യമുള്ള തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളുടെ മേൽ വച്ചുകെട്ടുന്നതുകൊണ്ടാണു് ഈ നഷ്ടം നേരിടേണ്ടിവന്നിരിക്കുന്നതെന്നു് സൂക്ഷ്മമായി അന്വേഷിക്കുന്നവർക്കു് മനസ്സിലാക്കാൻ കഴിയും. ഇങ്ങനെ നോക്കുമ്പോൾ യഥാർത്ഥത്തിൽ രാജ്യത്തിൻെറ അഭിവൃദ്ധിക്കു് വ്യക്തമായ ഒരു പദ്ധതിയുമില്ലാത്ത ഒരു ബഡ്ജററാണു് സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എൺപതു ലക്ഷത്തോളം വരുന്ന കമ്മി നികത്തുന്നതിനു് വ്യക്തമായ ഒരു പരിപാടിയും നിർദ്ദേശിച്ചു കാണുന്നില്ല. തികച്ചും അനിശ്ചിതമായ ഒരവസ്ഥയാണിതു്. നിരാശാജനകമായ ഒരു ബഡ്ജററു് അവതരിപ്പിച്ചുകൊണ്ടു് കാൺഗ്രസ്സിൻെറ അനുകൂലത്തോടുകൂടി ഭരണഭാരം ഏററിരിക്കുന്ന പി. എസ്സ്. പി. ക്കാർ കാൺഗ്രസ്സ് സഹായത്തിൻെറ കുപ്പക്കുഴിയിൽനിന്നും സോഷ്യലിസത്തിൻെറ ചെന്താമര വികസിപ്പിക്കാമെന്നുള്ള വ്യാമോഹം കളഞ്ഞില്ലെങ്കിൽ ഈ വഞ്ചനയ്ക്കു് ചരിത്രം മാപ്പു നൽകുന്നതല്ലെന്നു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗമവസാനിപ്പിക്കുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, പുതിയ ഒരു മന്ത്രിസഭ ആദ്യമായി ഭരണഭാരം ഏറെറടുത്തിട്ടു് അല്പദിവസങ്ങളെ ആയിട്ടുള്ളു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ, പുരോഗമനപരമായി ഒരു ബഡ്ജററു് തയാറാക്കാൻ കഴിയുകയില്ലെന്നുള്ളതു് എല്ലാവർക്കും അറിയാം. ഈ പരമാർത്ഥം അറിഞ്ഞിരുന്നിട്ടും, എൻെറ ചില സ്നേഹിതന്മാർ ഈ അനവസരത്തിൽ ബഡ്ജററിനെ അപലപിച്ചു പ്രസംഗിക്കുന്നതു കേട്ടു. ഈ അനവസരത്തിൽ അപലപിക്കാതെ, രാജ്യനന്മയ്ക്കു ആവശ്യമുള്ള സൃഷ്ടിപരമായ കാര്യങ്ങൾ നിർദ്ദേശിക്കണമെന്നു എല്ലാ സ്നേഹിതന്മാരോടും ഞാൻ അപേക്ഷിക്കുന്നു.

ഇന്നു അറ്റശം അനുഭവിക്കുന്ന കർഷകർക്കു ആശ്വാസം നൽകുന്ന പല സംഗതികളും രാജപ്രമുഖൻ തിരുമനസ്സിലെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. ഉപ്പുതറ, അച്ചൻകോവിൽ മുതലായ സ്ഥലങ്ങളിൽ ൩൦൦ ഏക്കർ വനം കൃഷിക്കാർക്കു കൊടുത്ത കാര്യം നമുക്കറിയാം. പക്ഷേ അതു പണക്കാരുടെ കൈവശമാണു് ചെന്നുചേർന്നിരിക്കുന്നതു്. കൃഷിഭൂമി കർഷകനു് എന്നുള്ള തത്വമനുസരിച്ചു് വേണ്ട നടപടി ഈ ഗവണ്മെൻറ് സ്വീകരിക്കുമെന്നു നമുക്കു വിശ്വസിക്കാം.

തൊഴിലാളികൾ ഇന്നു ഇവിടെ വലിയ അവശതകൾ അനുഭവിക്കുന്നുണ്ടെന്നു എല്ലാവർക്കും അറിയാം. കടൽത്തീരത്തു താമസക്കാരായ മത്സ്യതൊഴിലാളികൾ ഇന്നു വലിയ കഷ്ടത അനുഭവിക്കുന്നുണ്ടു്. അതുപോലെതന്നെ കയർ തൊഴിലാളികളും, കൈത്തറിനെയ്ത്തു തൊഴിലാളികളും തൊഴിലില്ലായ്മമൂലം വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചു വരുന്നുണ്ടു്. തോട്ടം തൊഴിലാളികളുടെ നിലയാണെങ്കിൽ ഇവരെയൊക്കെക്കാളും കഷ്ടത അനുഭവിക്കുകയാണു്. അവർക്കു ഇപ്പോൾ ഒരു വലിയ അമാന്തം പററിയിട്ടുണ്ടു്. തോട്ടം തൊഴിലാളികൾ അവരുടെ യജമാനന്മാരുടെ ഇഷ്ടാനുസരണം വോട്ടുചെയ്തില്ല എന്നുള്ള കാരണത്താൽ അവർക്കു തൊഴിൽ നൽകാതെ പട്ടിണിക്കിട്ടിരിക്കുകയാണു്. ഇതിനുവേണ്ട പരിഹാരം ഉണ്ടാക്കണമെന്നു ഞാൻ ലേബർ മന്ത്രിയോടു അപേക്ഷിക്കുന്നു. കൂടാതെ തോട്ടം തൊഴിലാളികൾക്കു ജോലിസ്ഥിരതയും, തൊഴിൽസംബന്ധമായ നീതിയും ലഭിക്കുന്നതിനുവേണ്ട എല്ലാ നടപടികളും കൈക്കൊള്ളണമെന്നും ലേബർമന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസത്തിനും വേണ്ട ആനുകൂല്യങ്ങൾ ചെയ്യാൻവേണ്ട വ്യവസ്ഥകൾ ബഡ്ജററ്പ്രസംഗത്തിൽ കാണുന്നുണ്ടു്. അതു പ്രായോഗികമാക്കണമെന്നു എനിക്കപേക്ഷയുണ്ടു്.

കുട്ടനാടു മുതലായ സ്ഥലങ്ങളിൽ ശുദ്ധജലവിതരണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. അതുപോലെ നാട്ടിൻപുറങ്ങളിലുള്ള ആളുകൾക്കു വൈദ്യസഹായം ലഭിക്കുന്നില്ലെന്നുള്ള പരാതിയും പരിഹരിക്കേണ്ടതാണു്. ൩൦ ചതുരശ്രമൈലുള്ള റാന്നിയിൽ ഒരേ ഒരാശുപത്രിയാണുള്ളതു്. അതിനാൽ നാട്ടിൻപുറങ്ങളിൽ കൂടുതൽ വൈദ്യസഹായം ലഭിക്കുന്നതിനുവേണ്ട വ്യവസ്ഥചെയ്യണം. സാധാരണ ജനങ്ങൾക്കു് ഇതുപോലെ പല വിഷമങ്ങളും ഉണ്ടെന്നുള്ളതു് ഗവണ്മെൻറ് മനസ്സിലാക്കി നിവൃത്തിയുള്ളിടത്തോളം പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു് നടപ്പിലാക്കാൻ വേണ്ട നടപടി നടത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: സർ, വളരെയധികം നല്ല ആശയങ്ങളടങ്ങിയ ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചിരിക്കുകയാണു്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടന്നശേഷം പല ബഡ്ജററുകൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. അവയിലെല്ലാം അടങ്ങിയിരുന്ന ആശയങ്ങളെ സംബന്ധിച്ചിടത്തോളം ആർക്കും പ്രതിഷേധം ഉണ്ടായിരുന്നതായി ഞാൻ കാണുന്നില്ല. ഈ ബഡ്ജററിനെസംബന്ധിച്ചു് സമഗ്രമായി എന്തെങ്കിലും പറയാ

[ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി]

മർശിച്ചു സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. എനിക്കു പറയുവാനുള്ളതു് ഈ ബഡ്ജററിന്റെ ഗതാനുഗതികമായ നയത്തെ സംബന്ധിച്ചു മാത്രമാണു്. എന്റെ കക്ഷിയുടെ നേതാവായ—ഞാൻ ഉദ്ദേശിക്കുന്നതു് എതിർപക്ഷകക്ഷിയെയാണു്—ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കഴിഞ്ഞ ബഡ്ജററു മറുപടി പ്രസംഗത്തിൽ പറഞ്ഞതു ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുന്നു. അതായതു് ഒരു ബഡ്ജററു് നിയമസഭയിൽ വിമർശനം നടത്തുമ്പോൾ, മിച്ചബഡ്ജററാണെന്നും, കമ്മിബഡ്ജററാണെന്നുംമററും പറഞ്ഞു കുറെപ്പേർ ധനകാര്യമന്ത്രിയെ അനുമോദിക്കുകയോ അവഹേളിക്കുകയോ ചെയ്യുക പതിവാണു്. 'നഗരാണ്ണവശൈലത്തു....' തുടങ്ങിയ കാവ്യലക്ഷണവാക്യം ഉദ്ധരിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതു്, ബഡ്ജററു വിമർശന പ്രസംഗങ്ങൾക്കു ഗതാനുഗതികരീതിയിൽ ഏട്ടിൽ പതിഞ്ഞ ചില സ്വഭാവമുണ്ടെന്നായിരുന്നു. അതുപോലെ ഈ ബഡ്ജററിനെ പരാമർശിക്കുമ്പോൾ ഇതൊരു കമ്മി ബഡ്ജററാണോ, മിച്ചബഡ്ജററാണോ എന്നു നോക്കാതെ, സാധാരണക്കാരായ ആളുകൾക്കു അവരുടെ ദൈനംദിനജീവിതത്തിൽ എന്തെങ്കിലും മാററംവരുത്താൻ ഇതു പര്യാപ്തമാണോ, സാമാന്യജനങ്ങളുടെ തൽക്കാല വൈഷമ്യങ്ങൾക്കെങ്കിലും എന്തെങ്കിലും പരിഹാരം കിട്ടാനിടയുണ്ടോ എന്നു കാര്യംമാത്രമെ നോക്കേണ്ടതായിട്ടുള്ളു.

സർ, ഇതൊരു കമ്മിബഡ്ജററാണു്. കഴിഞ്ഞകൊല്ലം അവതരിപ്പിച്ചതും ഒരു കമ്മിബഡ്ജററായിരുന്നു. എന്നാൽ അതു് ഒടുവിൽ ഒരു മിച്ചബഡ്ജററായി പരിണമിക്കുകയാണു ചെയ്തതു്. കഴിഞ്ഞ പല വർഷങ്ങളിലെയും ബഡ്ജററുകൾ പരിശോധിച്ചാൽ നമുക്കു് ഒരുകാര്യം ബോദ്ധ്യപ്പെടും. ഒന്നോ രണ്ടോ കൊല്ലത്തെ ബഡ്ജററു ഒഴിച്ചു് മററുകൊല്ലങ്ങളിലെ ബഡ്ജററു നോക്കിയാൽ കമ്മിബഡ്ജററു മിച്ച ബഡ്ജററായി രൂപാന്തരപ്പെട്ടിട്ടുള്ളതായി കാണാൻ കഴിയും. കമ്മിബഡ്ജററിനെ മിച്ചബഡ്ജററാക്കാൻ, ബഡ്ജററുണ്ടാക്കുന്ന ഉദ്യോഗസ്ഥന്മാൎക്കും, തുകകൾ ചെലവാക്കുന്നതിനു് ഉത്തരവാദിത്വമുള്ള മന്ത്രിമാൎക്കും വലിയ വിഷമമില്ല. കഴിഞ്ഞ രണ്ടു മൂന്നുകൊല്ലങ്ങളിലെ ബഡ്ജററു പരിശോധിച്ചാൽ, കമ്മിബഡ്ജററു ഒടുവിൽ മിച്ചബഡ്ജററായി രൂപാന്തരപ്പെടുന്നതു എങ്ങനെയെന്നു നമുക്കു മനസ്സിലാക്കാം. അതുകൊണ്ടു് ഒരു ബഡ്ജററു കമ്മിബഡ്ജററാണോ മിച്ചബഡ്ജററാണോ എന്നു തീരുമാനിക്കേണ്ടതു്, അതു ഇവിടെ അവതരിപ്പിക്കുന്ന സന്ദർഭത്തിലല്ല, ആ ബഡ്ജററുവർഷം അവസാനിക്കുമ്പോഴാണു്.

ഒരു ബഡ്ജററു് നാട്ടിലെ സാധാരണക്കാരന്റെ ജീവിതത്തെ എത്രമാത്രം ബാധിക്കും, അവരുടെ ദൈനംദിനപ്രശ്നങ്ങളെ എത്രമാത്രം സ്പർശിക്കും എന്നെല്ലാം നോക്കണം. ഈ കാര്യങ്ങളെ ആധാരമാക്കി ഈ ബഡ്ജററിനെ നിരൂപണംചെയ്യുമ്പോൾ നമുക്കു വ്യസനകരമായ പല സംഗതികളും ഇതിൽ കണ്ടെത്താൻ കഴിയും. ആദ്യമായി ആഹാരപ്രശ്നം എടുക്കാം. ഭക്ഷണസാധനങ്ങൾ നമുക്കു് ആവശ്യമുള്ളതിന്റെ നാല്പതു ശതമാനം മാത്രമെ ഇവിടെ കിട്ടുന്നുള്ളു എന്നു രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. ഇവിടെ റേഷനിംഗ് നടപ്പിലാക്കിയ അവസ

കാലത്തിലാണ്, അതായത് സർ. സി. പി.-യുടെ ഭരണകാലത്താണ് ഈ ൪൦ ശതമാനത്തിന്റെ കണക്ക് ഇവിടെ ആദ്യമായി വന്നത്. അതു കഴിഞ്ഞു കൊല്ലം പതിമൂന്നോ പതിനാലോ ആയി. ഇപ്പോഴും ൪൦ ശതമാനം മാത്രമെ ഇവിടെ ഉൽപ്പാദനം നടക്കുന്നുള്ളു എന്നാണു കാണുന്നത്. അന്നാണെങ്കിൽ പ്രായപൂർത്തിയായ ഒരാളിന് ൧൨ ഔൺസ് എന്ന ക്രമത്തിലാണു അരി വിതരണംചെയ്തു വന്നതും. അതിനുശേഷം റേഷൻ കൊടുക്കുന്നതിന്റെ അളവ് (ഔൺസ്) കുറച്ചു കുറച്ചു വന്നിട്ടുമുണ്ട്. മറുവശത്താകട്ടെ, ഡെവലപ്പ്മെന്റ് സ്കീം അനുസരിച്ചും മററും ധാരാളം ഭൂമികൾ കൃഷിക്കായി പതിച്ചുകൊടുത്തു ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം വർദ്ധിച്ചു വർദ്ധിച്ചുവരുന്നതായും പറയുന്നുണ്ട്. പല വലിയ സ്കീമുകളും അനുസരിച്ച് ധാരാളം സ്ഥലങ്ങളിൽ നെല്ലിന്റെ ഉൽപ്പാദനം കൂടുതലുണ്ടായിട്ടുണ്ടെന്നു കണക്കുകൊണ്ടു കാണുന്നു. അപ്പോൾ, മുൻപു നൽകിക്കൊണ്ടിരുന്നതിൽ പകുതി റേഷൻമാത്രം ഇന്നു കൊടുത്തുവരികയും, മുൻപുണ്ടായിരുന്നതിനെക്കാൾ വളരെ കൂടുതൽ നെല്ല് ഇവിടെ ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടും ഇന്നും നമുക്കാവശ്യമുള്ളതിന്റെ നാൽപ്പതു ശതമാനം മാത്രമേ ഇവിടെയുള്ളു എന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും ഗവൺമെന്റ് അരിയുടെ വില കൂട്ടുമെന്നു ഒരു ആശങ്ക ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചിട്ടുണ്ട്. വെളിയിലുള്ള പല സ്റ്റേറ്റുകളിലുമുള്ള അരിവിലയുമായി നോക്കുമ്പോൾ ഇവിടെ അരിവിൽപ്പനവില കുറവാണെന്നും, അങ്ങനെ വിതരണംചെയ്യുന്നതുകൊണ്ടു വലിയ നഷ്ടം ഉണ്ടാകുന്നുണ്ടെന്നും ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആ ഭാഗത്തിലെ ഒരു വാചകം ഞാൻ ഇവിടെ ഉദ്ധരിക്കാം.

> "In the interest of financial stability of the State, this House will have to consider in the near future the question of food supplies."

ഒരുപക്ഷേ, അരിവിലയുടെ കാര്യത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തുമോ എന്നുള്ള കാര്യം സാധാരണ ആളുകളെ വിഭ്രാന്തരാക്കിക്കൊണ്ടിരിക്കുകയാണ്.

ഇനി എനിക്കു പറയുവാനുള്ളത്, പഞ്ചവത്സരപദ്ധതിയെക്കുറിച്ചാണ്. ഇവിടെ പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടു മൂന്നു വർഷം കഴിഞ്ഞു, നാലാമത്തെ വർഷം ആരംഭിച്ചിരിക്കുകയാണ്. പുതിയ പദ്ധതികൾ ആരംഭിക്കുന്നതു നല്ലതുതന്നെ. പക്ഷെ അതു പൊതുജനങ്ങൾക്കു നേരിട്ടിരിക്കുന്ന വിഷമപ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാനായിരിക്കണം. ഇവിടെ ൧൯൫൧–൫൬–ൽ ൪ കോടി [illegible] ലക്ഷത്തിൽ ചില്വാനം രൂപയും ൧൯൫൬–൬൧–ൽ ൪ കോടി [illegible] ലക്ഷത്തിൽ ചില്വാനം രൂപയും ആയിരുന്നു പഞ്ചവത്സരപദ്ധതി അനുസരിച്ചുള്ള ചെലവ്. പക്ഷെ, നാട്ടിനു എന്തു നന്മയാണ് ഇതുമൂലം ഉണ്ടായിട്ടുള്ളതെന്നു നോക്കേണ്ടിയിരിക്കുന്നു. നാട്ടിലെ തൊഴിലില്ലായ്മയ്ക്കും ആഹാരക്ഷാമത്തിനും പരിഹാരം ഉണ്ടായിട്ടില്ല എന്നുള്ള കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. ഇതൊരു നല്ല പദ്ധതിയാണ്, ജനങ്ങൾക്കും നാട്ടിനും കൂടുതൽ പ്രയോജനപ്രദമാണ് എന്നു സാമാന്യജന

[ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി]

ങ്ങൾക്കു ബോദ്ധ്യം വരുന്നതിനാവശ്യമായ വിധത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തണം. നാട്ടുകാരുടെ ദൈനംദിനജീവിതപ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ മുതലാളിത്ത വ്യവസ്ഥിതിയിൽ ആസൂത്രണംചെയ്യപ്പെടുന്ന പദ്ധതികൾക്കു് സാദ്ധ്യമല്ലെന്നാണു് എന്റെ ആക്ഷേപം. വികസന പദ്ധതികളുടെ ഫലമായി ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചിരിക്കാം. പക്ഷേ, ഇവിടത്തെ ദാരിദ്ര്യവും ഇവിടത്തെ പട്ടിണിയും ഈ പഞ്ചവത്സരപദ്ധതിയുടെ മൂന്നുകൊല്ലത്തെ പ്രവർത്തനംകൊണ്ടു് ഒരൽപ്പമെങ്കിലും പരിഹരിക്കപ്പെട്ടിട്ടുണ്ടോ? ൧൯൪൩-ൽ ബംഗാൾക്ഷാമമുണ്ടായി ലക്ഷക്കണക്കിനാളുകൾ പട്ടിണിമൂലം മരിച്ചുവീണകാലത്തും ഇൻഡ്യയിൽ ഭക്ഷ്യസാധനങ്ങൾ കുന്നുകുന്നായി കുമിഞ്ഞുകൂടിക്കിടന്നിരുന്നു. മുപ്പതു കൊല്ലങ്ങൾക്കു് മുമ്പു് ചൈനയിലെ കോടിക്കണക്കിനാളുകൾ പട്ടിണികൊണ്ടു മരിച്ചുവീണകാലത്തു് തെക്കേ അമേരിക്കയിൽ ലക്ഷക്കണക്കിനു് ഉരുളക്കിഴങ്ങു്, ടണ്ണുകൾ ടണ്ണുകളായി ശാന്തമഹാസമുദ്രത്തിൽ മുക്കി നശിപ്പിച്ചുകളഞ്ഞു.

ആഹാരസാധനങ്ങളുടെ ക്ഷാമമോ, പദ്ധതികളുടെ ദൗർല്ലഭ്യമോ അല്ല നമ്മുടെ ഭക്ഷ്യനിലയുടെ അപര്യാപ്തതയ്ക്കു് കാരണം. മുതലാളിത്ത കാലാവ്യവസ്ഥിതിയിൽ ആസൂത്രണം ചെയ്യപ്പെടുന്ന സംവിധാനപദ്ധതികളുടെ അശാസ്ത്രീയത ഒന്നു മാത്രമാണു് ഇന്നത്തെ സാധാരണക്കാരന്റെ ദൈനംദിന പ്രശ്നങ്ങൾക്കു് നിദാനമെന്നു് നാം മനസ്സിലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. കെ. പി. ഹോർമിസ്സ്: സർ, അടിയന്തിര പ്രമേയത്തിനു് അനുവദിച്ചിട്ടുള്ള സമയമായി.

Adjournment motion regarding unemployment among labourers engaged in the Cashewnut Industry.

Mr. Speaker : Order, order. It is 4 P. M. and we will now take up the adjournment motion. Mr. Divakaran.

ശ്രീ. ടി. കെ. ദിവാകരൻ: സർ, താഴെപ്പറയുന്ന അടിയന്തിര പ്രമേയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു:

"കൊല്ലത്തെ പ്രമുഖകശുഅണ്ടി വ്യവസായികളായ മെ: എ. ററി. കെ. എം. ആൻഡ് സൺസ്, കെ. എം. കെ. ആൻഡ്
4 P. M. സൺസ്, ഓറിയൻറൽ എക്സ്പോർട്ടേഴ്സ്, എം. പി. ഗോവിന്ദൻ ആൻഡ് സൺസ്, തുടങ്ങിയ കമ്പനികൾ അവരുടെ ൫൦-ൽ പരം കശുഅണ്ടി വ്യവസായശാലകൾ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമൂലം, കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, ചിറയിൻകീഴ്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിലായി ൨൫,൦൦൦-ൽ പരം തൊഴിലാളികൾക്കു് തൊഴിലില്ലാതിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന പൊതുപ്രാധാന്യമുള്ളതും അടിയന്തിരവുമായ സ്ഥിതികളെപ്പററി ചർച്ചചെയ്യുവാൻ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നപേക്ഷിക്കുന്നു."

സർ, ഈ പ്രമേയത്തിന്റെ പ്രസക്തഭാഗങ്ങളിലേയ്ക്ക് കടക്കുന്നതിനു മുൻപ് നിയമസഭാ ചട്ടങ്ങളിലെ സാങ്കേതിക തടസ്സങ്ങളുടെ മറയിൽ നിന്നുകൊണ്ട് ഇങ്ങനെയുള്ള അടിയന്തിരപ്രമേയങ്ങളെ റൂൾഔട്ടുചെയ്യിക്കാതെ അനുകൂലമായ ഒരു നില സ്വീകരിച്ചതിന് ആദ്യമായി ഞാൻ ലേബർമന്ത്രിയേയും. പ്രമേയം അനുവദിച്ച അങ്ങയേയും അഭിനന്ദിച്ചുകൊള്ളട്ടെ.

സർ, കശുഅണ്ടിവ്യവസായം തിരുവിതാംകൂർ-കൊച്ചിയിലെ വ്യവസായങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. സംസ്ഥാനത്തെ സാമ്പത്തിക നിലയെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ ഈ വ്യവസായം തിരുവിതാംകൂർ-കൊച്ചിയിലെ മർമ്മപ്രാധാന്യം അർഹിക്കുന്ന വ്യവസായമാണെന്ന് കാണാൻ കഴിയും. സംസ്ഥാനത്ത് ആകെ ൫൫൨ വ്യവസായശാലകളുള്ളതിൽ ൨൫൦ എണ്ണം കശുഅണ്ടി വ്യവസായശാലകളാണ്. മുൻപറഞ്ഞ ൨൫൦ വ്യവസായശാലകളിലായി ൭൦,൦൦൦-ൽ പരം ആളുകൾ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിനെക്കാൾ കൂടുതലായി തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യവസായമുണ്ടെങ്കിൽ അതു് കയർ വ്യവസായമാണ്. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി മാത്രമാണ് ഈ വ്യവസായം ഇത്രത്തോളം പുരോഗമിച്ചിട്ടുള്ളതു്. കൊല്ലത്തും സമീപപ്രദേശങ്ങളിലുമാണ് ഇവ സ്ഥിതിചെയ്യുന്നതു് കശുഅണ്ടിപരിപ്പ് കയററുമതിഇനത്തിൽ ഈ സംസ്ഥാനത്തേയ്ക്ക് സാരമായ തുക ലഭിച്ചുകൊണ്ടിരിക്കയാണ്. അതായതു് ൧൯൫൩-ൽ ഒരു കോടി ൩൫ ലക്ഷം രൂപയ്ക്ക് ഉള്ള ചരക്കുകളായിരുന്നു ഈ സംസ്ഥാനത്തുനിന്നും പുറത്തയയ്ക്കപ്പെട്ടതു്. ൧൯൫൬-ൽ ആ കയററുമതി സംഖ്യ ൫ കോടി ൩൫ ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ കശുഅണ്ടിഫാക്ടറികളിലെ തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമായ ഒരവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നുള്ളതിനെ സഭമുൻപാകെ ഉൽബോധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ അടിയന്തിരപ്രമേയം ഞാൻ ഇവിടെ കൊണ്ടുവന്നതു്. സർ, ഇന്ന് ഈ വ്യവസായം തികച്ചും സ്തംഭനാവസ്ഥയിലാണെന്നു ഞാൻ പറയുന്നതിനോടൊപ്പം അങ്ങേയ്ക്കും അറിയാവുന്ന ഒരു കാര്യമാണ്. ഈ സ്തംഭനം ആരംഭിച്ചിട്ട് ഏകദേശം നാലു മാസത്തോളമായിട്ടുണ്ട്. ഈ വ്യവസായത്തിലേയ്ക്ക് ആവശ്യമായ തോട്ടണ്ടി മുഴുവനും നമ്മുടെ സംസ്ഥാനത്തുനിന്നും ലഭിക്കാത്തതുകൊണ്ട് ഇവയുടെ ൭൭ ശതമാനം വരുത്തിക്കൊണ്ടിരിക്കുന്നതു് പോർട്ടുഗീസ് ഈസ്റ്റ്ഇൻഡ്യയിൽ നിന്നുമാണ്. ഇപ്പോൾ ഈ ചരക്ക് കിട്ടാനുള്ള കുഴപ്പംകൊണ്ടാണ് ഇത്രയും സ്തംഭനാവസ്ഥ ഈ ഫാക്ടറികളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ളതു്. കശുഅണ്ടി വ്യവസായശാലകളിലെ തൊഴിലില്ലായ്മ എന്നു ഞാൻ പറയുമ്പോൾ ആ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം മാത്രമേ തൊഴിലില്ലായ്മ ഉള്ളു എന്നു വിചാരിക്കേണ്ട. ഈ വ്യവസായത്തെ ആശ്രയിച്ചു കഴിയുന്ന മററു ചില വ്യവസായസ്ഥാപനങ്ങൾക്കൂടി ഉണ്ട്. അവ സാമിൽ വ്യവസായശാലകൾ, ടിൻ വ്യവസായശാലകൾ മുതലായവയാണ്. ഈ വ്യവസായസ്തംഭനംമൂലം അധികം ദുരിതമനുഭവിക്കുന്നതു് കൊല്ലം താലൂക്കിലെ തൊഴിലാളികളാണ്. കൊല്ലംതോറും ഈ ഫാക്ടറികൾ താൽക്കാലികമായി അടച്ചുപൂട്ടുകയും രണ്ടുമൂന്നുമാസം കഴിയുമ്പോൾ അവ പ്രവൃത്തിയിൽ ഏർപ്പെടു

[ശ്രീ. ടി. കെ. ദിവാകരൻ]

കയുമാണ് ചെയ്തുവരുന്നതു്. എല്ലാ കൊല്ലവും ഡിസംബർ മാസത്തിൽ അടച്ചാൽ ഫെബ്രുവരിയിൽ തുറന്നു ജോലിതുടങ്ങും. ഈ കൊല്ലം മാർച്ച് അവസാനമായിട്ടും പകുതിയിലധികം ഫാക്ടറികൾ തുറക്കാതിട്ടിരിക്കുകയാണ്. ഇതു നിമിത്തം ൨൫,൦൦൦ തൊഴിലാളികളാണ് ഇന്ന് പട്ടിണിയിൽ കഴിയുന്നതു്. ഈ പട്ടിണി പ്രശ്നത്തിനു ഗവൺമെൻറിൽ നിന്നും എത്രയും വേഗത്തിൽ ഒരു പരിഹാരമുണ്ടാകേണ്ടതു് അത്യന്താപേക്ഷിതമാണ്. സർ, ഈ ഫാക്ടറികളിൽ ഒരാണ്ടിൽ ൨൦൦ ദിവസം മാത്രമേ ജോലിക്കാർക്ക് ജോലികൊടുക്കാൻ സാധിക്കയുള്ളു. തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു സ്ഥിതിവിവരക്കണക്ക് ഈയിടെ യൂണിവേഴ്സിററി സ്ററാററിസ്റ്റിക് വകുപ്പിൽനിന്നും എടുക്കുകയുണ്ടായി. അതിൽ പറയുന്നതു് ഈ ഫാക്ടറികളെ സംബന്ധിച്ചിടത്തോളവും ഒരു തൊഴിലാളിക്ക് ശരാശരി ഒരാണ്ടിൽ ൨൦൦ മുതൽ ൨൫൦ ദിവസംവരെ ജോലികിട്ടുന്നുള്ളുവെന്നാണ്. ഒരു പുരുഷന് ഒരു ദിവസത്തെ ശമ്പളം ൧ രൂപ ൪ അണയും ഒരു സ്ത്രീയ്ക്കു് ഒരു ദിവസത്തെ ശമ്പളം ഒരു രൂപ ഒരണയും മിനിമം വേജസ് നിശ്ചയിച്ചിരിക്കയാണ്. ഒരു മാസത്തിൽ എല്ലാ ദിവസവും ജോലിയുണ്ടായിരിക്കും എന്നുള്ള നിഗമനത്തിലാണ് ഈ ശമ്പളവും നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ ഇവിടത്തെ സ്ഥിതി അതല്ല. കശുഅണ്ടിത്തൊഴിലാളികളെ സംബന്ധിച്ച് ഒരു കുടുംബത്തിൽ ആറുപേരുണ്ടെങ്കിൽ അവയിൽ മൂന്നുപേർക്കു മാത്രമേ തൊഴിലുള്ളവരായുള്ളു. ഒരു കശുഅണ്ടിതൊഴിലാളി കുടുംബത്തിൻെറ ൫൦ ശതമാനം വരവും ഈ വ്യവസായത്തിൽ നിന്നാണ്. അങ്ങനെയിരിക്കെ ഈ ഫാക്ടറികൾ അടച്ചുപൂട്ടിയിടുന്നതായാൽ തന്നിമിത്തം ഉണ്ടാകുന്ന വൈഷമ്യങ്ങൾ എത്രമാത്രമുണ്ടെന്നുള്ളതു് ഗവൺമെൻറ് ഭാഗത്തുനിന്നും ചിന്തിക്കേണ്ടതായിട്ടുണ്ടു്. ബാംബയിലെ മുതലാളിമാരിൽ നിന്നും വരുത്തിക്കൊണ്ടിരിക്കുന്ന തോട്ടണ്ടി കുറെ ശതമാനം മോശമായതുകൊണ്ടു് അവയുടെ വില തിരിയെ തരണമെന്ന് ഇവിടത്തെ മുതലാളിമാർ ആവശ്യപ്പെടുകയും ആ തക്കത്തിൽ തോട്ടണ്ടി അവരിൽ നിന്നും വാങ്ങിക്കാതെയുമാണ് ഇരിക്കുന്നതു്. കശുഅണ്ടി മുഴുവനും ബാംബയിലെ മൊത്തവ്യാപാരികൾ വാങ്ങി കൂടുതൽ വിലയ്ക്കു് വിൽക്കുന്നതിനുവേണ്ടി ബാംബെയിലെ ഗോഡൌണുകളിലും കൊച്ചിയിലെ ഗോഡൌണുകളിലുമായി സൂക്ഷിച്ചിരിക്കയാണ്. മാത്രമല്ല നമ്മുടെ നാട്ടിൽ വിളയുന്ന അണ്ടിയുടെ ൱ ശതമാനം തോട്ടണ്ടി വ്യവസായ പ്രമുഖരായ തങ്ങൾകുഞ്ഞു മുസലിയാർ ശേഖരിച്ച് സ്റ്റാക്കു ചെയ്തുവച്ചിരിക്കയാണ്. ഇപ്രകാരം മുസലിയാരുടെ കൈവശം ധാരാളം തോട്ടണ്ടി സ്റ്റാക്കുണ്ടായിരുന്നിട്ടും അദ്ദേഹം തോട്ടണ്ടി കിട്ടുന്നില്ല അതുകൊണ്ടാണ് താൻ ഫാക്ടറികൾ തുറക്കാത്തതു് എന്നുംപറഞ്ഞു് അടച്ചിട്ടിരിക്കുകയാണ്. നാട്ടിലെ മററു മുതലാളിമാർ ബാംബെയിലെ മുതലാളിമാരുമായി ഞാൻ മുൻപു പറഞ്ഞ വിലപേശൽകൊണ്ടു് തോട്ടണ്ടി വരുത്താതെ കഴിയുകയുമാണ്. ഇങ്ങനെ എല്ലാ ഫാക്ടറി ഉടമസ്ഥന്മാരും ഒത്തുചേർന്നു ലാഭത്തെമാത്രം കരുതുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള സ്തംഭനാവസ്ഥ ഇവിടെ ഉണ്ടായിട്ടുള്ളതു്. ഇപ്പോൾ നാടൻതോട്ടണ്ടി ധാരാളമായി കിട്ടുന്ന ഒരു കാലമായതുകൊണ്ടു് ഈ ഉടമസ്ഥന്മാരെല്ലാവരും ഒത്തുചേർന്ന് ഒരു സിൻഡിക്കേററ് സ്ഥാപിച്ച് അതുവഴി തോട്ടണ്ടിവാങ്ങി ശേഖരിച്ച്

വയ്ക്കുകയാണ്. അതേ അവസരത്തിൽ മനഃപൂർവ്വമായി തോട്ടണ്ടി കിട്ടുന്നില്ലെന്ന കാരണം പറഞ്ഞു് അവർ ഫാക്ടറി തുറക്കുന്നതുമില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഫാക്ടറി തുറക്കാൻ മതിയാകുന്ന തോട്ടണ്ടി കിട്ടാത്തതു് ബാംബെയിലെ കച്ചവടക്കാരുടെ ദുസ്സാമ്രാജ്യം കൊണ്ടാണോ അതോ ഇവിടത്തെ കച്ചവടക്കാരുടെ ദുസ്സാമ്രാജ്യം കൊണ്ടാണോ ഏതാണ് ന്യായമായ കാരണം?

ശ്രീ. ടി. കെ. ദിവാകരൻ: അതിന്റെ ന്യായാന്യായങ്ങളെപ്പററിയല്ല പ്രധാനമായി ഞാൻ ഉദ്ദേശിക്കുന്നതു്. ഇതുമൂലം ഉണ്ടായിട്ടുള്ള ഭീമമായ തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാക്കണമെന്നു മാത്രമെ എനിക്കാഗ്രഹമുള്ളു. ലാഭത്തിനെ മാത്രം ഇച്ഛിച്ചു് പ്രവർത്തനം നടത്തുന്ന വിശേഷിച്ചും ബാംബെയിലെ വൻകിട മുതലാളിമാരോടു് കുറെയെങ്കിലും ന്യായദീക്ഷയോടുകൂടി പെരുമാറുന്നതിനുവേണ്ടി നാം ഇൻഡ്യാ ഗവണ്മെൻറുമൂലം നടപടി എടുക്കേണ്ടതാണ്. അനേകായിരം കുടുംബങ്ങളുടെ ജീവിതത്തിന്റെമേൽ വിലപേശാൻ മുതലാളിമാരെ അനുവദിക്കാവുന്നതല്ല. ഈ കാര്യം ഇൻഡ്യാ ഗവണ്മെൻറിന്റെ സത്വര ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേയ്ക്കും വേണ്ടിവന്നാൽ തോട്ടണ്ടി കമാൻറിയർ ചെയ്യുന്നതിനും അടിയന്തിരമായി പ്രവർത്തിക്കണം. ഈ വ്യവസായത്തെ പുരോഗമിപ്പിക്കേണ്ടതും അതിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കു് ജോലി കൊടുക്കേണ്ടതും അത്യാവശ്യമാണ്. നാട്ടിലുണ്ടാകുന്ന തോട്ടണ്ടി ചെറുതരം വ്യവസായികൾക്കു് ശേഖരിച്ചു് സ്റ്റാക്കുചെയ്യുന്നതിനും കൂടി സാധിക്കാതിരിക്കത്തക്കവണ്ണം ബാംബെയിലെ മുതലാളിമാരുടെ ഏജൻസികൾ അവ വിലകൂട്ടി വാങ്ങിക്കൊണ്ടുപോകുകയാണു ചെയ്യുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഫാക്ടറിയിൽ ജോലിയില്ലെങ്കിൽ ആ തൊഴിലാളിക്കു് കൂലിക്കു പകരം രണ്ടുമൂന്നു റാത്തൽ തോട്ടണ്ടി കൊടുത്താൽ മതിയോ? (ചിരി)

ശ്രീ. ടി. കെ. ദിവാകരൻ: കൂലികൊടുക്കാൻ കഴിവില്ലെന്നതല്ല ഇവിടത്തെ പ്രശ്നം. ഇവിടത്തെ പ്രശ്നം വൻകിട മുതലാളിമാർ സംസ്ഥാനത്തുള്ള തോട്ടണ്ടി മുഴുവനും ശേഖരിച്ചു് സ്റ്റാക്കുചെയ്തുവച്ചുകൊണ്ടു് ലാഭത്തിന്റെ പേരിൽ തൊഴിലാളികൾക്കു് ജോലികൊടുക്കാതെ പട്ടിണിക്കു് ഇടുന്നുവെന്നതാണ്.

അതു മാത്രമല്ല ഇന്നു ഇടതുപക്ഷങ്ങൾ അധികാരത്തിലേയ്ക്കു് വരുവാൻപോകയാണ്, നിങ്ങൾ എല്ലാം കോൺഗ്രസ്സിനെതിരായി വേലചെയ്യുവരാണ്, അതുകൊണ്ടു് അവർ നിങ്ങൾക്കു് വേല തരും എന്നു് തൊഴിലാളികളോടു് അവർ പ്രചരണം നടത്തുന്നുണ്ടു്. ഏതായാലും ഈ വ്യവസായത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ വ്യവസായത്തിനു ആവശ്യമായ സംരക്ഷണം നൽകേണ്ടതു് ആവശ്യമാണ്. ഇതിലേയ്ക്കു് കർശനമായ നടപടികൾ എടുക്കേണ്ടതു് ആവശ്യമാണെങ്കിൽ കർശനമായ നടപടികൾതന്നെ എടുക്കേണ്ടതാണ്.

ബാങ്കിൽനിന്നു പണം കിട്ടുന്നതിനെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടുള്ള ചില വൈഷമ്യങ്ങളും ഈ വ്യവസായസ്തംഭനത്തിനു ഒരു

[ശ്രീ. ടി. കെ. ദിവാകരൻ]

കാരണമാണു്. ഈ വ്യവസായനടത്തിപ്പിനുവേണ്ടി ബാങ്കിൽനിന്നു വ്യവസായ ഉടമകഠം എടുത്തിട്ടുള്ള പണവും വ്യവസായത്തിൽനിന്നു കിട്ടുന്ന ആദായവും വമ്പിച്ച തോതിൽ ഭൂസ്വത്തു സമ്പാദിക്കുന്നതിനാണു് ചെലവഴിച്ചിട്ടുള്ളതു്. വ്യവസായത്തിൽ നിന്നു കിട്ടുന്ന ആദായം വ്യവസായ വികസനത്തിനു ചെലവാക്കാഞ്ഞതുകൊണ്ടു് വ്യവസായത്തിൽനിന്നുള്ള ആദായം കുറയുകയും അതുമൂലം പണം തിരിയെ ബാങ്കുകഠംക്കു ശരിക്കു കൊടുക്കുവാൻ നിർവ്വാഹമില്ലാതെയും വന്നിട്ടുണ്ടു്. ബാങ്കിൽനിന്നു വ്യവസായങ്ങഠംക്കു് കൊടുക്കുന്ന പണത്തെ സംബന്ധിച്ചു് കർശനമായ നിയന്ത്രണം വന്നതോടുകൂടി ഉണ്ടായിരുന്നപണം ഭൂസ്വത്തിൽ മുടക്കിയിരിക്കുന്നതുകൊണ്ടു് വ്യവസായത്തിൽ മുടക്കുവാൻ ഉടമകളുടെ പക്കൽ പണമില്ലാതായി. ഇതും ഈ വ്യവസായ സ്തംഭനത്തിനു ഒരു കാരണമാണു്. ബാംബെയിലെ വൻകിട മുതലാളികഠം ആഫ്രിക്കയിൽനിന്നു കുറഞ്ഞ വിലയ്ക്കു് തോട്ടണ്ടി വരുത്തി ഇവിടത്തെ വ്യവസായ ഉടമകഠംക്കു അതു കൂടുതൽ വിലയ്ക്കു വിൽക്കുകയാണു് ചെയ്യുന്നതു്. ഈ നാട്ടിലെ വ്യവസായികഠംക്കു് തോട്ടണ്ടി ആഫ്രിക്കയിൽനിന്നു നേരിട്ടു ഇറക്കുമതി ചെയ്യുവാൻ വേണ്ട പണം കൊടുക്കുവാൻ സ്റ്റേററു് ഫൈനാൻസു് കാർപ്പൊറേഷൻവഴി ഗവണ്മെൻറിനു കഴിയുമെങ്കിൽ ബാംബെയിലെ മുതലാളികളിൽനിന്നു നമ്മുടെ മുതലാളികളെ രക്ഷിക്കുന്നതിനും ഈ വ്യവസായത്തെ ഗവണ്മെൻറിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും സാധിക്കും. ഇന്നു അമേരിക്കയിൽ പരിപ്പിനു വില കൂടുകയാണെങ്കിൽ അതനുസരിച്ചു ബാംബെയിൽ തോട്ടണ്ടി ഇറക്കുന്ന വ്യവസായികഠം ഇവിടെ തോട്ടണ്ടിക്കു് വില കൂട്ടുകയാണു് ചെയ്യുന്നതു്. ബാംബെയിലെ മുതലാളികളുടെ നിയന്ത്രണത്തിലാണു് ഈ വ്യവസായം ഇന്നു നിൽക്കുന്നതു്. ഈ വ്യവസായം നമ്മുടെ നാട്ടിൽ വദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ യാതൊരു ശ്രമവും ചെയ്തിട്ടില്ല. ഇവിടെ ഈ വ്യവസായത്തിനു ആവശ്യമുള്ളതിൽ ൫൦ ശതമാനമേ ഇവിടെ വിളവുണ്ടാകുന്നുള്ളു. ഇൻഡ്യയിൽനിന്നു കശു അണ്ടി കയററി അയയ്ക്കുന്നതിൽ ൯൦ ശതമാനവും തിരുവിതാംകൂർ-കൊച്ചിയിൽനിന്നാണു് അയയ്ക്കുന്നതു്. ഏതാണ്ടു് ൧൦ കോടി രൂപയുടെ ഡാളർ ഇൻഡ്യാ ഗവണ്മെൻറിനു സമ്പാദിച്ചുകൊടുക്കുന്ന ഈ വ്യവസായത്തിനു തീർച്ചയായി ഒരു പരിഗണന ഇൻഡ്യാ ഗവണ്മെൻറിൽനിന്നും കിട്ടാവുന്നതാണു്. ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഒരു എക്സ്പെരിമെൻറൽ സ്റ്റേഷൻ എന്ന നിലയിൽ കൊട്ടാരക്കരയിൽ ഒരു സ്റ്റേഷൻ സ്ഥാപിച്ചിട്ടു രണ്ടോ മൂന്നോ കൊല്ലമായി. അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നതല്ലാതെ ആ റിസർച്ചു സ്റ്റേഷനിൽ കാര്യമായ റിസർച്ചു നടത്തുകയോ നല്ല ഇനം അണ്ടികഠം ഇവിടെ വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു നോക്കുകയോ ചെയ്തതായി അറിയുന്നില്ല. ഇറക്കുമതി ചെയ്യുന്ന അണ്ടിയിൽനിന്നുള്ള ഉൽപ്പാദനത്തേക്കാഠം ആദായകരമായിട്ടുള്ളതാണു് നമ്മുടെ നാടൻ അണ്ടിയിൽനിന്നുള്ള ഉൽപ്പാദനം. നമ്മുടെ നാട്ടിൽ അണ്ടിയുടെ വിളവു വദ്ധിപ്പിക്കുകയാണെങ്കിൽ ഈ വ്യവസായം വളരെ ആദായകരമായി നടക്കുന്നതും കൂലിക്കാർക്കു കൂടുതൽ കൂലി ലഭിക്കുവാൻ സൌകര്യമുള്ളതുമാണു്. അതുകൊണ്ടു

ഈ കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കേണ്ടതും ഇറക്കുമതിയെ ആശ്രയിച്ചുമാത്രം കഴിയുന്ന സമ്പ്രദായം മാറേണ്ടതുമാണ്. പോർട്ടുഗീസ് ഈസ്റ്റാഫ്രിക്കയിൽ കശു അണ്ടി ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈസ്റ്റാഫ്രിക്കയിൽനിന്നുള്ള അണ്ടിയെ മാത്രം നാം ആശ്രയിക്കുകയാണെങ്കിൽ നമ്മുടെ നാട്ടിൽ ഈ വ്യവസായം വികസിക്കുവാനുള്ള സാദ്ധ്യതയില്ലാതെവരുന്നതാണ്. അതുകൊണ്ട് ഏതുതരത്തിലും ഈ നാട്ടിൽ ആവശ്യമുള്ള അണ്ടി ഈ നാട്ടിൽ തന്നെ വിളയിക്കുവാനുള്ള അടിയന്തിരനടപടികൾ നാം സ്വീകരിക്കേണ്ടതുണ്ട്. ഇവിടെയുള്ള റിസർച്ചുസ്റ്റേഷൻ കാര്യക്ഷമമായവിധം പ്രവർത്തിക്കുന്നതിനും കൂടുതൽ സ്ഥലത്ത് വിളവു ഉണ്ടാക്കുന്നതിനും ഗവണ്മെന്റ് പരിശ്രമിക്കേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുകയാണ്. ഈ ഗവണ്മെന്റിൽനിന്നു നിശ്ചയിച്ച മിനിമംവേജസ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ ൫൪-ാം പുറത്തിലേയ്ക്ക് ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

> " Under the circumstances it is felt desirable that Government effect a complete stock taking of the present position of the industry, with particular reference to demand and supply, and the volume of labour the industry can accommodate. This will help them to further the industry and labour."

സർ, ഈ രീതിയിൽ ഒരന്വേഷണം ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം നടത്തുകയും ഈ വ്യവസായത്തിൽ ആവശ്യമായ നിയന്ത്രണം വരുത്തുകയും ചെയ്യേണ്ടതാണ്. ഇന്നു നടന്നുകൊണ്ടിരിക്കുന്നവിധത്തിൽ ഓരോ ഫാക്ടറിയിലും കൊല്ലത്തിൽ മൂന്നും നാലുംമാസം മാത്രമേ ജോലി കാണുകയുള്ളു. ബാക്കിയുള്ള മാസങ്ങളിൽ ഫാക്ടറി അടച്ചിടുകയാണു ചെയ്യുന്നതു്. തൊഴിലാളികൾക്ക് ഓരോ വർഷവും പൂർണ്ണമായി തൊഴിൽ കൊടുത്തുപോകുന്നതിനു ഈ വ്യവസായങ്ങളുടെ പ്രവർത്തനത്തിൽ ഒരു ക്രമീകരണം വരുത്തേണ്ടതു് ആവശ്യമാണ്. ഈ വ്യവസായ തൊഴിലാളികൾക്ക് ഇന്നുള്ള തൊഴിൽനിയമങ്ങളുടെ പൂർണ്ണമായ ആനുകൂല്യം കിട്ടുന്നില്ല. കൃത്രിമമായി സീസനൽ വ്യവസായമായി ഈ വ്യവസായം നടത്തുന്നതിനാൽ തൊഴിൽനിയമപ്രകാരമുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടുപോയ തൊഴിലാളികളായിട്ടാണ് അവരെ കണക്കാക്കുന്നതു്. തൊഴിൽനിയമപ്രകാരമുള്ള ആനുകൂല്യം കിട്ടുന്നതിന് കൊല്ലത്തിൽ ഇത്ര ദിവസം തുടർച്ചയായി ജോലിചെയ്യണമെന്നു വ്യവസ്ഥയുണ്ട്. ഈ വ്യവസായത്തൊഴിലാളികൾക്ക് പ്രസവകാലവേതനമില്ല; തൊഴിലില്ലായ്മവേതനമില്ല; എന്നുവേണ്ട തൊഴിൽനിയമത്തിലെ പരിരക്ഷകൾ ഒന്നും തന്നെ അവർക്കു കിട്ടുന്നില്ല. അതുകൊണ്ട് ആണ്ടിൽ മുഴുവൻ സമയവും വേല കിട്ടത്തക്കവണ്ണം ഒരു ക്രമീകരണം ഈ വ്യവസായത്തിൽ വരുത്തേണ്ടതു് അത്യാവശ്യമാണ്.

അതുപോലെ ഫോർവേഡ് കച്ചവടരീതിയേയും പ്രോത്സാഹിപ്പിക്കാതിരിക്കുന്നതിനു പ്രത്യേകം ഗവണ്മെന്റ ശ്രദ്ധിക്കണം. വ്യവസായത്തിന്റെ നിലയെ മുൻകൂട്ടി മനസ്സിലാക്കാതെ അമേരിക്കയിലേയ്ക്കോ,

[ശ്രീ. ടി. കെ. ദിവാകരൻ]

ആഫ്രിക്കയിലേയോ വ്യവസായികളുമായി പരിപ്പ് അല്ലെങ്കിൽ തോട്ടണ്ടി കച്ചവടം ചെയ്യുന്നതു് പലപ്പോഴും ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം വലുതായ അധഃപതനത്തിനു ഇടയാകുന്നുണ്ട്. അതുകൊണ്ട് ഈ വ്യവസായരീതിയെ നിരുത്സാഹപ്പെടുത്തുന്ന ശ്രമവും ഗവണ്മെന്റ് ചെയ്യേണ്ടതാണ്.

ദിവാൻഭരണമുണ്ടായിരുന്നകാലത്തും, കാൺഗ്രസ്സ് ഭരണം നിലവിലിരുന്നകാലത്തും അവരെ കബളിപ്പിച്ച് പല മുതലാളികളും ഇൻകംടാക്സിൽനിന്നു ഒഴിഞ്ഞുമാറി നിന്നിരുന്നു. ചില മുതലാളികളെ സംബന്ധിച്ചിടത്തോളം ഇൻകംടാക്സ് കേസ്സുകൾ ആ ഗവണ്മെന്റുകൾ ഒതുക്കിവച്ചിരുന്നു. എന്നാൽ ഇൻകംടാക്സ് ഇപ്പോൾ കേന്ദ്രഗവണ്മെന്റിന്റെ കീഴിൽ വന്നതോടുകൂടി പല മുതലാളികളും ഇപ്പോൾ ലക്ഷക്കണക്കിന് രൂപ ഇൻഡ്യാഗവണ്മെന്റിലേയ്ക്ക് ഇൻകംടാക്സ് കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. ഈ വ്യവസായമാന്ദ്യത്തിനു ഒരു കാരണം അതാണ്. അതിനു വ്യാപാരം മനഃപൂർവ്വം അടച്ചിട്ട് ഗവണ്മെന്റിന്റെ ആനുകൂല്യം നേടുന്നതിനും എങ്ങനെയെങ്കിലും ഇൻകംടാക്സിൽനിന്നു ഒഴിയുന്നതിനും ഉള്ള ശ്രമം മുതലാളികളുടെയിടയിൽ നടക്കുന്നുണ്ട്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അടിയന്തിരമായി വേല നൽകുന്നതിനും തൊഴിലില്ലായ്മവേതനം നൽകുന്നതിനും ഉള്ള ഒരു നില ഗവണ്മെന്റ് സ്വീകരിക്കണം. ആണ്ടിൽ ൨൫ ദിവസം ജോലിയില്ലാതെവന്നാൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മവേതനം കിട്ടുവാൻ അർഹതയുള്ളതാണ്. മിനിമംവേജസ്സ് അഡ്വൈസറിബോർഡ് ഈ പ്രശ്നം ഗവണ്മെന്റിന്റെ തീരുമാനത്തിനായി വച്ചിരിക്കയാണ്. അതു് ഈ തൊഴിലാളികളുടെ കാര്യത്തിൽ എങ്ങനെയാണ് നടപ്പിൽ വരുത്തേണ്ടതു് എന്ന കാര്യത്തിൽ അടിയന്തിരമായ നടപടി ഗവണ്മെന്റ് സ്വീകരിക്കുകയുംവേണം. തൊഴിലില്ലാതിരിക്കുന്നകാലത്തു് ഒരു ദിവസത്തെ കുറഞ്ഞ ശമ്പളമായ ഒന്നേകാൽരൂപ വച്ചുള്ള വേതനം ഈ തൊഴിലാളികൾക്ക് കൊടുക്കുന്നതിനും ഈ വ്യവസായം മുടക്കംകൂടാതെ നടത്തുന്നതിനും ഗവണ്മെന്റിന്റെ അടിയന്തിരമായ ശ്രദ്ധ പതിയണമെന്ന അഭ്യർത്ഥനയോടും ഈ വ്യവസായശാലകൾ അടച്ചിട്ടതുമൂലം ഇന്നു മദ്ധ്യതിരുവിതാംകൂറിൽ തൊഴിലില്ലാതായിരിക്കുന്ന അനേകായിരം തൊഴിലാളികൾക്ക് പ്രവൃത്തി നൽകണമെന്ന അഭ്യർത്ഥനയോടുംകൂടി ഞാൻ ഈ പ്രമേയം സഭയുടെ അംഗീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ഭാസ്കരപിള്ള: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇതിന്റെ ഗൗരവത്തെപ്പറ്റി ശ്രീമാൻ ദിവാകരൻ ഇവിടെ വിശദീകരിച്ചതുപോലെ ഇന്നു മദ്ധ്യതിരുവിതാംകൂറിൽ ഈ വ്യവസായത്തിനു ഗുരുതരമായ ഒരവസ്ഥയാണുണ്ടായിട്ടുള്ളതു്. നമ്മുടെ രാജ്യത്തെ വ്യവസായികൾ ഈ വ്യവസായശാലകൾ അടച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള ക്ഷേമത്തിന് ആവശ്യമായ വ്യാവസായികാഭിവൃദ്ധി ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും, നിശ്ചയമായും ഇന്നുള്ള വ്യവസായങ്ങൾക്ക് നേരിട്ടിരിക്കുന്ന നാശത്തിൽനിന്നു് ആ വ്യവസായങ്ങളെ രക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ എങ്കിലും ഗവണ്മെന്റ് എടുക്ക

ണ്ടതാണു്. രാജപ്രമുഖന്റെ പ്രസംഗത്തിൽതന്നെ ഇവിടത്തെ വ്യവസായങ്ങൾക്കു രക്ഷ നൽകുന്ന കാര്യം ഊന്നിപ്പറഞ്ഞിട്ടുള്ളതാണു്. കശുവണ്ടി വ്യവസായത്തിനു നാശം ചെയ്യുന്ന ചില പ്രത്യേക കാരണങ്ങൾ ഇന്നത്തെ മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വ്യവസായത്തിനു ഇന്നു നേരിട്ടിരിക്കുന്ന തകർച്ചയ്ക്കു പ്രധാനകാരണം കശുവണ്ടി വ്യവസായത്തിൽ മുതൽ മുടക്കിയിരിക്കുന്ന തങ്ങൾകുഞ്ഞു മുസലിയാർ, വെണ്ടർ കൃഷ്ണപിള്ള മുതലായ മുതലാളികൾ ആ വ്യവസായത്തിൽ മുടക്കിയിരുന്ന പണം എടുത്തു ഭൂസ്വത്തു സംഭരിച്ചുവരുന്നു എന്നുള്ളതാണു്. അങ്ങനെ മുതലാളിത്തത്തിൽനിന്നു ജന്മിത്വത്തിലേയ്ക്കു പോകുന്ന ദുഷിച്ച രീതി നമ്മുടെ വ്യവസായരംഗത്തു വന്നുകൊണ്ടിരിക്കുന്നു. ഈ കശുവണ്ടി വ്യവസായികൾ ആദ്യകാലങ്ങളിൽ അധികവും വളരെ കുറഞ്ഞ കൂലി കൊടുത്തു തൊഴിലാളികളെക്കൊണ്ടു് രാപ്പകൽ ജോലി ചെയ്യിച്ചു കൊള്ളലാഭം അടിച്ചുകൊണ്ടിരുന്നു. ഇന്നത്തെ പരിതഃസ്ഥിതിയിൽ തൊഴിലാളികളെ ചൂഷണം ചെയ്തു കൊള്ളലാഭം അടിക്കുന്നതിനു നിവൃത്തിയില്ല. അതുകൊണ്ടു് ഭൂമിയിൽ പണം മുടക്കിക്കഴിഞ്ഞാൽ വ്യവസായത്തിൽനിന്നു കിട്ടുന്നതിനേക്കാൾ കൂടുതൽ ലാഭം ഉണ്ടാകുമെന്നുള്ള രീതിയിൽ ഈ വ്യവസായത്തിൽനിന്നു കിട്ടുന്ന ലാഭം മുഴുവൻ ഇപ്പോൾ ഭൂമിയിൽ മുടക്കിവരികയാണു്. അതുകൊണ്ടു് എനിക്കു ഏററവും പ്രധാനമായി 'സോഷ്യലിസ്ററു' എന്നു അവകാശപ്പെടുന്ന ഈ മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് ഇന്നു ഈ വ്യവസായികൾ വ്യവസായത്തിൽനിന്നു അവർക്കു കിട്ടുന്ന ആദായത്തിൽ എത്രമാത്രം ഭൂമിയിൽ മുടക്കിയിട്ടുണ്ടെന്നു ഒരന്വേഷണം നടത്തി ആ കാര്യത്തിൽ വ്യക്തമായ നടപടി എടുക്കണമെന്നാണു്. ഈ രാജ്യത്തെ തൊഴിലാളികളുടെ ഉന്നമനത്തെ ലാക്കാക്കി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന തൊഴിൽശാലകളിൽനിന്നു പണമെടുത്തു ഭൂമിയിൽ മുടക്കാൻ അനുവദിക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. വ്യവസായത്തിൽ മുടക്കിയിരിക്കുന്ന പണമെടുത്തു് ഭൂമിയിൽ മുടക്കുന്നതുകൊണ്ടു് രണ്ടുതരത്തിൽ നാശമുണ്ടു്. ഒന്നാമതു് ഭൂമിയില്ലാത്തവരുടെ എണ്ണം വർദ്ധിക്കുകയാണു് ചെയ്യുന്നതു്. രണ്ടാമതു വ്യവസായത്തിൽനിന്നു പണമെടുക്കുന്നതുകൊണ്ടു് വ്യവസായം മന്ദീഭവിക്കും. കുറേശ്ശെ ഭൂമിയുള്ള ചെറുകർഷകരുടെ ഭൂമികൾ വളരെ ചുളുവിലയ്ക്കു ഈ മുതലാളികൾ തട്ടിക്കൊണ്ടുപോകുകയാണു് ചെയ്യുന്നതു്. ഇന്നു വളരെ ഭൂമികൾ ഈ മുതലാളികളുടെ കൈയ്യിലേയ്ക്കു വന്നുകൊണ്ടിരിക്കുകയാണു്. കാർഷികരംഗത്തും വ്യാവസായികരംഗത്തും ഈ രാജ്യം പുരോഗമിക്കേണ്ട ഒരു നയമാണു് നമുക്കു വേണ്ടതു്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട ഒരു വ്യാവസായികസ്ഥലമാണു് കൊല്ലം. അങ്ങിനെയുള്ള കൊല്ലം പട്ടണത്തിൽ ഇങ്ങനെയുള്ള ഒരു സ്ഥിതി ഉയർന്നുവരുന്നതിനെ തടയുന്നുള്ള എല്ലാ പ്രത്യേക ഏർപ്പാടുകളും ഗവണ്മെന്റു് ചെയ്യണം.

വേറൊന്നുള്ളതു് നമ്മുടെ വ്യവസായം വിദേശമൂലധനത്തെ ആശ്രയിക്കുന്നതു് എന്നുള്ളതാണു്. നമുക്കു വളരെയധികം സ്ഥലത്തു കശുവണ്ടി ഉല്പാദിപ്പിക്കുവാൻ കഴിയും. നമ്മുടെ മഹത്തായ രാജ്യത്തു് അതായതു്, നമ്മുടെ മലകളിൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ നടത്തുന്നതിനു ഗവണ്മെന്റു മുൻകൈ എടുക്കാമെന്നുവരുകിൽ ഈ വ്യവസായം

[ശ്രീ. ടി. ഭാസ്കരപിള്ള]

സ്വയം പര്യാപ്തമാകാനുള്ള സാദ്ധ്യതകളുണ്ട്. പറങ്കിമാവു് മൂന്നുവർഷം കൊണ്ടു വളർന്നു് കായുണ്ടാകുന്നു. അപ്പോഠം ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം വളരെ സമീപകാലത്തു സ്വയം പര്യാപ്തത ഉണ്ടാക്കാം. ഈ കാര്യം ഈ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നാണെനിക്കു അറിയിക്കുവാനുള്ളതു്. ഈ വക നല്ല കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, നേരും നെറിയുമില്ലാത്ത ഒരു ഗവണ്മെൻറാണു് ഇന്നു ഭരണം നടത്തുന്നതെങ്കിലും, നാടു നശിപ്പിച്ച ഒരു പാർട്ടിയാണു് അവർക്കു പിൻതുണ നൽകുന്നതെങ്കിലും, ഞങ്ങളുടെ പിൻതുണയുണ്ടായിരിക്കും. സർ, നല്ല കാര്യങ്ങഠം ചെയ്താൽ ഞങ്ങഠം സഹായം ചെയ്യാമെന്നു് ഇതിനു മുമ്പു് പ്രസ്താവിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് ഈ ഗവണ്മെൻറ ഇതിലേയ്ക്കു വേണ്ട മുൻകരുതൽ നടപടി എടുക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ ഈ അടിയന്തിരപ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻശാസ്ത്രി : സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഞാനും ഈ സഭയിലെ മറെറാരു മെംബറായ ശ്രീ. പി. കെ. സുകുമാരനും പ്രതിനിധീകരിക്കുന്ന ഇരവിപുരം നിയോജകമണ്ഡലത്തിൽ ആകെ മുപ്പത്തിആറ ഫാക്ടറികളുള്ളതിൽ ഫ ന്നു കശുവണ്ടി ഫാക്ടറികളും, ബാക്കി അലൈഡു്, ഇനാമൽ, സ്റ്റാർച്ചു് തുടങ്ങിയ ഫാക്ടറികളുമാണു്. അതു് ഇന്നു് പൂട്ടിയിട്ടിരിക്കുന്നതുകൊണ്ടുണ്ടായിട്ടുള്ള തൊഴിലില്ലായ്മ നിമിത്തം തൊഴിലാളികഠം ഇന്നു് ദാരിദ്ര്യത്തിൽ നീങ്ങിയിരിക്കയാണെങ്കിലും ഇന്നു് കശുഅണ്ടി ഫാക്ടറികഠം പൂട്ടിയിട്ടിരിക്കുന്നതിൽ നിന്നും ഉളവായിരിക്കുന്ന അടിയന്തിരാവസ്ഥയെ പരിഗണിച്ചു് ഇവിടെ ചർച്ച നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടു് മററു കാര്യങ്ങളിലേയ്ക്കു് ഞാൻ കടക്കുന്നില്ല. ഈ ഇരുപത്തി ആറോളം കശുവണ്ടി ഫാക്ടറികളിൽ നാലോ അഞ്ചോ ഫാക്ടറികഠം മാത്രമേ ഇപ്പോഠം പ്രവ'ത്തനം നടത്തുന്നുള്ളു. നമ്മുടെ സംസ്ഥാനത്തു ആകെയുള്ളതു ൧൫൦ ഫാക്ടറികളാണു്. കഴിഞ്ഞ വർഷത്തിൽ ആകെയുള്ള നൂററിഅമ്പതു ഫാക്ടറികളിൽ ൧൫ ഫാക്ടറികളിൽ മാത്രമേ പ്രവർത്തനം നടത്തിയിട്ടുള്ളു. ഈ നൂററി അൻപത്തിയാറ ഫാക്ടറികളിൽ ഇപ്പോഠം എട്ടോ പത്തോ ഫാക്ടറികഠം മാത്രമേ പ്രവർത്തനത്തിൽ ഇരിക്കുന്നുള്ളു. അതുപോലെ ഫാക്ടറിനിയമമനുസരിച്ചു് എട്ടുമണിക്കൂർ വേലചെയ്യണമെന്നുള്ളതിൽ തന്നെ തൊഴിലാളികഠംക്കു വേല കിട്ടുന്നില്ല എന്നുള്ളതു യഥാർത്ഥമാണു്. ഇന്നു കശുവണ്ടി ഫാക്ടറികളിൽ വേല ചെയ്തിരുന്ന തൊഴിലാളികളെ പട്ടിണിയിടുന്നു. ഇന്നു തൊഴിലാളികഠം വേലക്കായി ഫാക്ടറികളിൽ ചെന്നുകഴിഞ്ഞാൽ പതിനൊന്നു മണിയാകുമ്പോഠം അവക്കു വേല കിട്ടാതെ വീട്ടിൽപോകേണ്ട ഒരവസ്ഥയാണു് വന്നിട്ടുള്ളതു്. അതായതു ഫാക്ടറികളിൽ കശുവണ്ടി സ്റ്റാക്കു ചെയ്തിട്ടുള്ളവർ തന്നെ അവക്കു വളരെയേറെ നഷ്ടമുണ്ടാകുന്നു എന്നു പറഞ്ഞു് കൂടുതൽ ചരക്കു പുറത്തെടുത്തു് തൊഴിലാളികഠംക്കു തൊഴിൽ കൊടുക്കുന്നതിനു തയാറാകുന്നില്ല. തന്നെയുമല്ല നമുക്കു ഇതിനു മുമ്പു കിട്ടിക്കൊണ്ടിരുന്ന അസംസ്കൃത അണ്ടി ഇപ്പോഠം ആവശ്യത്തിനു കിട്ടുന്നില്ലാത്തതുകൊണ്ടുമാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ കശുവണ്ടി കഴിഞ്ഞ കാലത്തു് അതായതു് സർ, സി. പി. രാമസ്വാമി അയ്യർ ഈ രാജ്യം

ഭരിച്ചിരുന്നകാലത്തു ആഫ്റിക്കയിൽനിന്നു നേരിട്ടു വരുത്തുവാനുള്ള അവകാശം ഇവിടത്തെ മുതലാളിമാർക്കുതന്നെയായിരുന്നു. എന്നാൽ ഇന്നു് ഇൻഡ്യാ ഗവണ്മെൻറു ഭരണത്തിൽ വന്നതോടുകൂടി കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള അവകാശം അവരുടെ ചില മുതലാളിമാൎക്കു് ലൈസൻസു കൊടുത്തു. അങ്ങിനെ സ്റ്റാക്കുചെയ്തിരിക്കുന്ന ചരക്കുകൾക്കു് അവർ അമിതമായ വിലകയററി. അവർ ഇവിടത്തെ ആവശ്യത്തിനു തക്കവിധം പുറത്തു അയയ്ക്കുന്നതുമില്ല. സഖാവു് ടി. കെ. ദിവാകരൻ പറഞ്ഞതുപോലെ ഈ സ്റ്റാക്കുചെയ്തിരിക്കുന്ന കശുവണ്ടിക്കു് അമിതമായ വിലക്കൂടുതൽ നിമിത്തം നമ്മുടെ നാട്ടിലെ മുതലാളിമാർ വാങ്ങാതിരിക്കുകയും തൽഫലമായി ഇവിടത്തെ എല്ലാ ഫാക്ടറികളും ഇന്നു പൂട്ടിയിട്ടു് വളരെയധികം ദാരിദ്ര്യം ഈ നാട്ടിൽ വരുത്തിവച്ചിരിക്കുകയുമാണു്.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ നമുക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു് ഈ രാജ്യത്തെ തൊഴിലാളിവൎഗ്ഗത്തിൻെറ ആഗ്രഹങ്ങൾക്കും അവകാശങ്ങൾക്കും രൂപം കൊടുത്തുകൊണ്ടു് ഒരു പുതിയ ഗവണ്മെൻറുണ്ടാകുന്ന പക്ഷം അവരുടെ പട്ടിണിക്കും ദാരിദ്ര്യത്തിനും എല്ലാം ഒരു പരിഹാരം ഉണ്ടാകുമെന്നു്. ആ ആഗ്രഹത്തോടുകൂടിത്തന്നെയാണു് തൊഴിലാളിവൎഗ്ഗം കാൺഗ്രസ്സിനെ പരാജയപ്പെടുത്തിയതു്. ഈ പൊതുതെരഞ്ഞെടുപ്പിനുശേഷവും അതിൻെറ ഫലമായി നാട്ടിൽ അങ്ങേ അററം മുതൽ ഇങ്ങേ അററം വരെ മർദ്ദനം നടന്നുകൊണ്ടിരിക്കുന്നു എന്നു് സഖാവു് ദിവാകരൻതന്നെ ഈ സഭയിൽ പറയുകയുണ്ടായി.

*

നമ്മുടെ ഈ വ്യവസായം വളരെ അധഃപതിച്ചിരിക്കുകയാണു്. അതുമല്ല ഈ വ്യവസായത്തെ സംബന്ധിച്ചു നമ്മുടെ ഗവണ്മെൻറു നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളുണ്ടു്; ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഇന്നു ഗവണ്മെൻറു വച്ചിട്ടുള്ള വ്യവസ്ഥകൾതന്നെ മുതലാളിമാർ സ്വീകരിക്കാൻ തയാററായില്ല. ഈ ഫാക്ടറികളിൽ പ്രത്യേകമാതിരിയുള്ള ഷെഡ്ഡുകൾ കെട്ടണമെന്നു നിയമമുണ്ടു്. ഇതേ സംബന്ധിച്ചു ഒരു കാൎയ്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ പ്രധാനമന്ത്രി അധികാരം ഏറെറടുത്ത ദിവസംതന്നെ ഈ രാജ്യത്തിൽ ഒരു ഭയങ്കരമായ കൊടുങ്കാററുണ്ടായി. അന്നു് അനേകം വൃക്ഷങ്ങളും അനേകം കുടിലുകളും അനേകം ജീൎണ്ണിച്ച ഷെഡ്ഡുകളും നിലംപതിക്കുകയുണ്ടായി. കുണ്ടറയുള്ള ഒരു ഫാക്ടറിയിൽ ഷെഡ്ഡുകൾ നിലംപതിച്ചതിൻെറ ഫലമായി ഒൻപതു തൊഴിലാളികൾ ഇന്നും ആശുപത്രിയിൽ കിടക്കുകയാണു്. അന്നു മുതലാളിമാരും കച്ചവടക്കാരും കാൺഗ്രസ്സ് സൎക്കാരിൻെറ യജമാനന്മാരായിരുന്നു. അങ്ങനെയുള്ള മുതലാളിമാർ ഈ നിയമങ്ങളെ പാടെ ലംഘിച്ചിരിക്കുകയാണു്. ഈ കാരണങ്ങളാലാണു് ഇന്നു കശുവണ്ടി വ്യവസായം ഇത്ര അധഃപതിച്ചതു്. വൻകിട മുതലാളിമാരായ ശ്രീ. തങ്ങൾകുഞ്ഞുമുസലിയാർ, വെണ്ടർ കൃഷ്ണപിള്ള മുതലായവർ സ്റ്റാക്കു ചെയ്തിട്ടുള്ള ചരക്കുകൾ മററു ചെറിയ മുതലാളിമാർക്കു അമിതമായ ആദായം ലഭിക്കുന്നതിനു കച്ചവടം ചെയ്യുകയാണു്. അവർ നേരിട്ടു ഫാക്ടറികൾ തുറന്നു് പ്രവൎത്തനം നടത്തുന്നതിനു തയാറാകുന്നില്ല.

Shri A. A. D. Luiz: May I Know whether the hon, Member has any concrete suggestion for remedying this kind of situation?

ശ്രീ. കെ. ചന്ദ്രശേഖരൻ ശാസ്ത്രി: എനിക്കു് ആംഗ്ലേയഭാഷ വശമില്ലാത്തതുകൊണ്ടു് മലയാളത്തിൽ പറഞ്ഞാൽ അതിനു മറുപടി പറയാം. ഇന്നു കൊച്ചിയിലും മററും സ്റ്റാക്കു ചെയ്തിരിക്കുന്ന അസംസ്കൃത കശുവണ്ടി മുഴുവനും കമാൻഡിയർ ചെയ്തു ഇരുപത്തിനാലു് മണിക്കൂറിനകം കൊടുക്കുന്നപക്ഷം പ ത്രാമത്തെ മണിക്കൂറിൽ ഫാക്ടറികൾ തുറന്നു പ്രവർത്തനം നടത്താൻ സാധിക്കുന്നതാണു്. അതുകൊണ്ടാണു് ഈ കാര്യങ്ങൾ ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നമ്മുടെ രാജ്യത്തുള്ള വ്യവസായപ്രമുഖന്മാർ സംഘടിതരും വേണ്ടിടത്തോളം സാങ്കേതികജ്ഞാനം ഇല്ലാത്തവരുമായതുകൊണ്ടു് നമ്മുടെ രാജ്യത്തെ അനേകം തൊഴിലാളികൾക്കു ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. നമ്മുടെ വ്യവസായത്തലവന്മാർ അസംഘടിതരായതുകൊണ്ടും വ്യവസായത്തിൽ സാങ്കേതികജ്ഞാനം വേണ്ടിടത്തോളം ഇല്ലാത്തതുകൊണ്ടും തൊഴിലാളികൾ കഷ്ടത അനുഭവിക്കുന്നതിനെപ്പററി ശ്രീ. ടി. കെ. ദിവാകരൻ അദ്ദേഹത്തിൻെറ പ്രമേയത്തിൽ പരാമർശിക്കുകയുണ്ടായി. കശുവണ്ടി തൊഴിലാളികളുടെ കാര്യവും അദ്ദേഹത്തിൻെറ പ്രസംഗമദ്ധ്യേ എടുത്തു പറയുകയുണ്ടായി. കശുവണ്ടി തൊഴിലാളികൾക്കു് ഇന്നു വന്നിട്ടുള്ള ദുരിതങ്ങൾ വളരെ അനുഭവജ്ഞാനത്തോടുകൂടി ഇവിടെ അദ്ദേഹവും മററു പ്രാസംഗികന്മാരും പ്രസ്താവിക്കയുണ്ടായി. ഈ വിഷയത്തെപ്പററി അത്രതന്നെ പരിജ്ഞാനം എനിക്കില്ലെന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ. അതുകൊണ്ടദ്ദേഹം ഇവിടെ പറഞ്ഞ കാരണങ്ങൾ മിക്കവാറും ശരിയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അതിനുപുറമെ ഒന്നുരണ്ടു സംഗതികൾകൂടി എനിക്കു പറയാനുണ്ടു്.

കശുവണ്ടി വ്യവസായത്തിൽ ഇന്നുണ്ടായിട്ടുള്ള സ്തംഭനം എനിക്കു തോന്നുന്നതു് ലേബർ ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനേക്കാൾ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയാണു വേണ്ടതു്. ഇൻഡ്യാരാജ്യത്തു നോക്കുന്നപക്ഷം നമ്മുടെ സംസ്ഥാനത്തിനു മിക്കവാറും ഈ വ്യവസായത്തിനു ഒരു മോണോപ്പളി തന്നെയുണ്ടു്. തിരുവിതാംകൂറിനു പുറമേ മംഗലാപുരത്തും, രാജമന്ത്രിയിലും മാത്രമാണു് ഈ വ്യവസായം കുറച്ചു നടന്നുവരുന്നതു്. എന്നാൽ നമ്മുടെ രാജ്യത്താണു് ഈ വ്യവസായം അധികമായിട്ടുള്ളതു്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പേരുകൾ എടുത്തു പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും വളരെ ഉന്നതനായ ഒരു വ്യവസായത്തലവൻ അദ്ദേഹത്തിൻെറ കീഴിലുള്ള തൊഴിലാളികൾക്കു് മററു വ്യവസായത്തൊഴിലാളികളെക്കാൾ താരതമ്യേന സംതൃപ്തരാകത്തക്കവണ്ണം തൊഴിൽ കൊടുത്തുവരുന്നുണ്ടു്. ഈ വ്യവസായത്തെ വേണ്ടവിധത്തിൽ പോഷിപ്പിക്കുകയാണെങ്കിൽ തൊഴിലാളികൾക്കു ഇന്നത്തെക്കാൾ കൂടുതൽ ഗുണം കിട്ടും. ഈ വ്യവസായം ഇന്നു അമേരിക്കയിലെ കച്ചവടക്കാരെ മാത്രം ആശ്രയിച്ചാണിരിക്കുന്നതു്. പുറരാജ്യങ്ങളിൽ ഈ നട്ട്സ് ഉപയോഗിക്കുന്നതു ധാരാളമായി അവർ മാത്രമാണു്. അവർ മാത്രം പ്രത്യേകിച്ചു് ഇതു വാങ്ങുന്നതുകൊണ്ടു് അവ

രാണിതിന്റെ വില നിയന്ത്രിക്കുന്നതു്. അതു മാത്രമല്ല ഇവിടെയുള്ള വ്യവസായപ്രമുഖന്മാക്കു വേണ്ടിടത്തോളം ബോധപൂർവ്വം പ്രവർത്തിക്കാനുള്ള സാങ്കേതികജ്ഞാനവും കഴിവുമില്ല. ഈ നട്ട്സിനു് അമേരിക്കയിൽ മാത്രമല്ല മററു പുറരാജ്യങ്ങളിലും മാക്കററു കണ്ടുപിടിക്കണം. അതിനു നമ്മുടെ സംസ്ഥാനത്തെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് കുറെ ശ്രമിക്കണം. അവർ മുഖേന ഈ മാനഫാക്ച്ചേഴ്സിനു് വേറെ മാക്കററുകൾ കണ്ടുപിടിക്കാൻ സാധിക്കും. ഇതിനു നാം അമേരിക്കയെ മാത്രം ആശ്രയിച്ചുനിൽക്കുന്നതു ശരിയല്ല. എതാനും മാസങ്ങൾക്കുമുമ്പു് ഞാൻ യൂറോപ്പിലെ ചില രാജ്യങ്ങളിൽ പോയിരുന്ന അവസരത്തിൽ ഇക്കാര്യം പരിക്ഷിച്ചിരുന്നു. അവിടങ്ങളിൽ കശുഅണ്ടി കിട്ടുമോ എന്നു ഞാൻ പരിക്ഷിച്ചിരുന്നു. അവിടെ പല സ്ഥലത്തും അങ്ങിനെ ഒരു സാധനമേ ഉള്ളതായിട്ടു അറിവുപോലുമില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഈ ചരക്കു പ്രചരിപ്പിക്കുവാൻ നമ്മുടെ വ്യവസായപ്രമുഖന്മാർ ഗവണ്മെൻറിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ അവക്കു സാധിക്കുന്നതാണു്. ഈവക കാര്യങ്ങളിൽ അവക്കു വേണ്ടിടത്തോളം പരിചയമില്ലാത്തതുകൊണ്ടാണു് ഇതു പ്രചരിപ്പിക്കുവാൻ സാധിക്കാതെവരുന്നതു്. ഒരു പഴഞ്ചൻ രീതിയിൽ ൧൯-ാം നൂററാണ്ടിലെ തത്വങ്ങളനുസരിച്ചു് ചില വ്യവസായികൾ തൊഴിലാളികളുടെ നേരെ മല്ലിട്ടുവരുന്നുണ്ടു്.

ഈ വ്യവസായം ഇവിടത്തെ അനേകായിരം ജനങ്ങളെ ബാധിക്കുന്ന ഒന്നാണെന്നുള്ളതു് തീർച്ചയാണു്. ദേശതാൽപര്യത്തിനുതകത്തക്ക ഒരു വ്യവസായമാണിതെന്നുള്ളതും തീർച്ചയാണു്. അതുകൊണ്ടീ വ്യവസായം സംഘടിപ്പിക്കുവാൻ തയാറാകേണ്ടിയിരിക്കുന്നു. അതിനുള്ള കടമ ഗവണ്മെൻറിനുമുണ്ടു്. മററു വ്യവസായങ്ങളെ അപേക്ഷിച്ചു് ഏററവും പ്രധാനപ്പെട്ട ഒരു വ്യവസായമാണിതെന്നുള്ളതും തീർച്ചയാണു്. വേറെ വ്യവസായങ്ങളുമുണ്ടു്. അതേക്കുറിച്ചു് ഇവിടെ മറെറാരവസരത്തിൽ പറഞ്ഞുകൊള്ളാം.

ഇതിനുംപുറമെ, അടുത്ത മൂന്നുനാലു മാസങ്ങൾക്കുമുമ്പു ഈ വ്യവസായത്തിലും, ശ്രീ. ദിവാകരൻ ചൂണ്ടിക്കാണിച്ചതുപോലെ, മിനിമം വേജസ് ആക്ടിന്റെ വ്യവസ്ഥകൾ നടപ്പാക്കിയതു്, ഈ വ്യവസായക്കാരുടെ ഇടയിൽ അല്പം അമർഷം ഉളവാക്കിയിരിക്കാം. അവക്കതു് ഇഷ്ടമായിട്ടില്ലായിരിക്കാം. ഒരു മിനിമം വേജസ് കമ്മിററി ഇവിടെ രൂപീകരിക്കയും അതിൽ ഈ വ്യവസായികളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുകയും ആ കമ്മിററിയുടെ റിപ്പോർട്ടു വരുത്തുകയും അതനുസരിച്ചു ആർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനു ശേഷം ആ ഉത്തരവുകൾ നിർത്തിവയ്ക്കണമെന്നുള്ള ഒരു നിവേദനം അവരിൽനിന്നും അന്നത്തെ ഗവണ്മെൻറിനു കിട്ടുകയുണ്ടായി. തൊഴിലാളികൾക്കു കൂലി നിജപ്പെടുത്തേണ്ടതു ആവശ്യമാണെന്നു ബോദ്ധ്യമുള്ളതുകൊണ്ടു്, ആ കൂലി നിജപ്പെടുത്തലിനെ തുടന്നു് ഇങ്ങനെയൊരു സ്തംഭനം വന്നതുമൂലം ബഹുമാനപ്പെട്ട കൊല്ലം മെംബർ സൂചിപ്പിച്ചതുപോലെ ഇതിൽ അല്പം കൃത്രിമത്വം ഇല്ലേയെന്നു് ആലോചിക്കേണ്ടതുണ്ടു്. അങ്ങനെ ഉണ്ടാകാൻ ഇടയുണ്ടു്. അങ്ങനെയുണ്ടെങ്കിൽ ആ സംരംഭത്തിന്റെ മുമ്പിൽ ഗവണ്മെൻറു മുട്ടുകുത്തുന്നതു ശരിയല്ല. അതിനെന്തു മാർഗ്ഗമാണു സ്വീകരിക്കേണ്ടതെന്നു ഗവണ്മെൻറാലോചിക്കണം, അതിനു ഇൻഡ്യാ ഗവണ്മെൻറിന്റെ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സഹായം ആവശ്യമാണെങ്കിൽ ആ സഹായം അഭ്യർത്ഥിക്കുകയും വാങ്ങുകയും വേണം. അതിലേയ്ക്കു ഈ സഭയിലെ എല്ലാ മെംബറന്മാരുടെയും സഹായം ഗവൺമെൻറിനു ലഭിക്കുമെന്നുള്ളതിൽ സംശയമില്ല. ഇതിൽ ഗവൺമെൻറിനെ കുററപ്പെടുത്താനൊന്നുമില്ല. ബഹുമാനപ്പെട്ട കൊല്ലം മെംബർതന്നെ, അദ്ദേഹം തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിച്ചിട്ടും തൊഴിലാളികളുടെ താല്പര്യങ്ങളിൽ വളരെ ശ്രദ്ധാലുവായ ഒരാളായിരുന്നിട്ടുംകൂടി, ഇക്കാര്യത്തിൽ വളരെ മിതമായ സ്വരത്തിൽ പറഞ്ഞതു് അതിൻെറ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് കശുഅണ്ടി തൊഴിലാളിവർഗ്ഗത്തിൽപ്പെട്ട അനേകം ആളുകൾക്കു് വന്നിട്ടുള്ള ബുദ്ധിമുട്ടിൽ അവരോടു് അനുഭാവം പ്രകടിപ്പിക്കുന്നതിനും അതിനു പരിഹാരം ഉണ്ടാക്കുന്നതിനുംവേണ്ടി അദ്ദേഹം കൊണ്ടുവന്ന പ്രമേയത്തെ അനുകൂലിക്കുന്നതോടൊപ്പംതന്നെ അതിനുള്ള ബുദ്ധിമുട്ടുകളെയും ഞാൻ കാണുന്നുണ്ടു്. ഈ പ്രശ്നം ഈ ഗവൺമെൻറിനോ, അല്ലെങ്കിൽ, ലേബർ മന്ത്രിയ്ക്കോ, അല്ലെങ്കിൽ മുഖ്യമന്ത്രിയ്ക്കോ ഒരു നിമിഷംകൊണ്ടു പരിഹരിക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങൾ ശകാരവാക്കുകൾകൊണ്ടു് കല്ലേറു നടത്താനുള്ള ഒരവസരമാക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. രാജ്യത്തിൻെറ ക്ഷേമത്തിനും താല്പര്യത്തിനുംവേണ്ടി, എല്ലാ കക്ഷികളുംകൂടി യോജിച്ചുനിന്നു് പ്രവർത്തിച്ചാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ വളരെ പരിഹാരം ഉണ്ടാക്കാൻ കഴിയും. ഈ ഘട്ടത്തിൽ ''നേരും നെറിയും ഇല്ലാത്ത ഗവൺമെൻറിൻെറ'' നേക്കും ''കൊള്ളലാഭമെടുക്കുന്നവരും തൊഴിലാളികളെ ചൂഷണം ചെയ്യുന്നവരുമായ മുതലാളി''കളുടെ നേക്കും ശരപ്രയോഗം നടത്തിയതുകൊണ്ടുമാത്രം പ്രയോജനമില്ല. ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ പറഞ്ഞ മൂന്നു വാക്കുകൾ ഞാനിവിടെ ഉപയോഗിക്കുകയാണു്. ഇങ്ങനെയുള്ള വാക്കുകൾ പരസ്പരം ഉപയോഗിക്കാം. അതിനും പരാജയപ്പെട്ടുമെന്നു തോന്നുന്നില്ല. അതിനു് ഒരുക്കമാണു്. പക്ഷെ, രാജ്യത്തെ ബുദ്ധിമുട്ടുകൾ തീർക്കുകയാണു്, അതിനു് ഗവൺമെൻറിനെ പ്രേരിപ്പിക്കുകയാണു് ആവശ്യം. മുപ്പത്തമ്പതിനായിരം തൊഴിലാളികൾക്കു ക്ഷേമം വരുത്തുകയെന്നുള്ളതാണു് ആവശ്യം. അല്ലാതെ ആ ക്ഷേമത്തിൻെറ പേരിൽ ചീത്ത പറയുകയല്ല. അതിനാൽ നമ്മളെല്ലാവരും ഇക്കാര്യത്തിൽ ഗവൺമെൻറുമായി സഹകരിച്ചു പ്രവർത്തിക്കുകയാണു വേണ്ടതു്. ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തിൻെറ പിന്നിലുള്ള ആശയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ഈ നാട്ടിൽ ഡാളർ സമ്പാദിച്ചുതരുന്ന വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒരു വ്യവസായമാണു കശുവണ്ടി വ്യവസായം. ഒരു നല്ല സംഖ്യ തൊഴിലാളികൾ ഈ വ്യവസായംകൊണ്ടു് ഉപജീവിക്കുന്നവരായി ഉണ്ടു്. ഇപ്പോൾ ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടിരിക്കുന്നതുകൊണ്ടു് കശുവണ്ടി വ്യവസായത്തിനു് സംഭവിച്ചിരിക്കുന്ന മാന്ദ്യത്തെ പരാമർശിച്ചു ശ്രീ. ദിവാകരൻ ഇവിടെ ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചിരിക്കുകയാണു്. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു രണ്ടു വാക്കു് സംസാരിക്കണമെന്നു് ഞാൻ വിചാരിക്കുന്നു.

കോൺഗ്രസ്സ് പാർട്ടിയുടെ നേതാവായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അദ്ദേഹത്തോട് അനുകമ്പയാണ് തോന്നിയത്. ഇതുവരെ ഇവിടത്തെ ഗവണ്മെന്റിന്റെ സൂത്രധാരത്വം വഹിച്ചിരുന്ന ഒരു മന്ത്രിയായിരുന്ന അദ്ദേഹം ഗവണ്മെന്റിനെ കുറ്റം പറയാതെയും, മുതലാളിമാരുടെ വക്കാലത്തു പിടിച്ചുകൊണ്ട് അതേ സമയം തൊഴിലാളികളോടു അനുഭാവം പ്രകടിപ്പിച്ചുകൊണ്ടും അദ്ദേഹം ചെയ്ത പ്രസംഗം എത്രമാത്രം ആത്മാർത്ഥതയോടുകൂടിയാണെന്നു ചോദിച്ചുപോകുന്നു.

ശ്രീ. ടി. വി. തോമസ്സ്: സർ, ഒരു പായിന്റ് ഓഫ് ആർഡർ. ഈ വാദപ്രതിവാദം എത്ര മണിക്ക് അവസാനിക്കുമെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: സാധാരണഗതിയിൽ ആറുമണിവരെ വാദപ്രതിവാദം നടക്കുന്നതാണ്. അതിനുമുമ്പ് അവസാനിപ്പിക്കണമെന്നു സഭയ്ക്ക് ആഗ്രഹമുണ്ടെങ്കിൽ അവസാനിപ്പിക്കാവുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ: ശ്രീ. പനമ്പിള്ളി ചെയ്ത പ്രസംഗത്തിൽ ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കായി ചില നിർദ്ദേശങ്ങൾ കൂടി നൽകുകയുണ്ടായി. അദ്ദേഹം നടത്തിയ യൂറോപ്പുപര്യടനത്തിൽ നിന്നു ലഭിച്ച അറിവു വച്ചുകൊണ്ടാണ് അദ്ദേഹം അപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. ഇവിടത്തെ മുതലാളിമാർ അസംഘടിതരാണ്. അവർക്ക് വേണ്ടത്ര സാങ്കേതികപരിജ്ഞാനമില്ല. അതുകൊണ്ടാണ് ഇപ്പോൾ ഈ വ്യവസായം ഈ രാജ്യത്തു വേണ്ടത്ര അഭിവൃദ്ധിപ്പെടാത്തത് എന്നെല്ലാം അദ്ദേഹം പറഞ്ഞു. ഇവിടത്തെ ലേബർമന്ത്രിയായിരുന്ന ആളാണ് ഇതു പറഞ്ഞത്. ഗവണ്മെന്റിന്റെ സർവ്വതോമുഖമായ ഒരു കർത്തവ്യമാണ് രാജ്യത്തെ വ്യാവസായികമായി അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളത്. ഈ കാര്യങ്ങൾ അറിഞ്ഞിരുന്ന ഇവിടത്തെ ലേബർമന്ത്രി ഈ വ്യവസായത്തിന്റെ പുരോഗമനത്തിനു വേണ്ടി എത്രമാത്രം പ്രവർത്തിച്ചിട്ടുണ്ട്? ഇന്ന് ഈ സഭയുടെ പ്രതിപക്ഷനേതാവായിരുന്നുകൊണ്ട് ഇപ്പോൾ നൽകിയ രീതിയിലുള്ള നിർദ്ദേശങ്ങൾ അദ്ദേഹം നൽകുമ്പോൾ വാസ്തവത്തിൽ ചിരിക്കുവാനല്ലാതെ തോന്നുന്നില്ല. സർ, മദ്ധ്യതിരുവിതാംകൂറിലെ അനവധി ആളുകളെ ബാധിക്കുന്ന ഒരു വ്യവസായമാണ് കശുഅണ്ടി വ്യവസായം. മദ്ധ്യതിരുവിതാംകൂറിന്റെ സാമ്പത്തിക ശരീരത്തെ നിലനിർത്തുന്ന ഒരു വ്യവസായമാണിത്. ജീവനെത്തന്നെ നിലനിർത്തുന്നതെന്നു ഞാൻ പറയട്ടെ. അങ്ങിനെയുള്ള ഈ വ്യവസായമാന്ദ്യത്തിനു കാരണക്കാർ ആരാണെന്ന് ശ്രീമാൻ പനമ്പിള്ളി അന്വേഷിച്ചിട്ടുണ്ടോ? ഈ സ്തംഭനത്തിനു കാരണക്കാരാരാണെന്നും അതിനുള്ള കാരണങ്ങൾ എന്താണെന്നും ആരായുന്ന അവസരത്തിൽ ചില കാര്യങ്ങൾ അനുസ്മരിക്കേണ്ടതായിട്ടുണ്ട്. ഈ ഫാക്ടറി ഉടമസ്ഥന്മാർ മിക്കവരും ആദികാലങ്ങളിൽ ഒരു വേലി വളച്ചുകെട്ടി ഒരു ചാക്ക് അണ്ടി വറുത്തുതുടങ്ങിയവരാണ്. അവർ ക്രമേണ അതിൽനിന്നും വമ്പിച്ച ലാഭമുണ്ടാക്കി ഇപ്പോൾ ഓരോരുത്തരും പത്തും നാല്പതും ഫാക്ടറികളുടെ ഉടമസ്ഥന്മാരായിത്തീരുകയുമാണ് ഉണ്ടായതെന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഈ വ്യവസായങ്ങളിൽ നിന്നും

[ശ്രീ. പി. കെ. യശോധരൻ]

കിട്ടിയ പണം കൊണ്ടാണ് ഇപ്പോൾ അവർ വമ്പിച്ച കെട്ടിടങ്ങളും മണിമാളികകളും വെച്ച് കഴിഞ്ഞുകൂടുന്നതു്; വലിയ ഭൂസ്വത്തുടമസ്ഥന്മാരായി മാറിയിരിക്കുന്നതു്. പഴയതുപോലെയുള്ള ലാഭം ഇപ്പോൾ കിട്ടുന്നില്ലാ എന്നുള്ള കാരണത്താൽ ഈ ഫാക്ടറികൾ പൂട്ടിയിട്ടിരിക്കയാണെങ്കിൽ അതു് രാജ്യദ്രോഹം ചെയ്യുന്ന വലിയ ഒരു അപരാധമായിരിക്കും. ഇപ്പോൾ കൊള്ളലാഭമില്ലെന്നു കരുതി തോന്നിയതുപോലെ ഫാക്ടറി അടച്ചു് സുഖമായിക്കഴിയുന്നതു എങ്ങിനെ ന്യായീകരിക്കുവാൻ കഴിയും? യഥാർത്ഥത്തിൽ അവരെ പണക്കാരാക്കിത്തീർത്ത അനവധി തൊഴിലാളികൾ ഇന്നു പ്രതിദിനം നശിച്ചു നശിച്ചുകൊണ്ടിരിക്കുകയാണെന്നു നാം ഓർമ്മിക്കണം. ഈ ഫാക്ടറികളിൽ പ്രവർത്തിയെടുക്കുന്നതുകൊണ്ടു തന്നെ ഈ തൊഴിലാളികളുടെ ആരോഗ്യം നശിക്കുകയാണുചെയ്യുന്നതു്. ഫാക്ടറികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഭൂരിഭാഗവും ഇപ്പോൾ കുഷ്ഠരോഗികളെപ്പോലെ ഉണങ്ങിയിരിക്കുകയാണ്. ഈ വ്യവസായിക അധഃപതനത്തിനുള്ള യഥാർത്ഥകാരണമെന്താണെന്നു ഗവൺമെൻറു കണ്ടുപിടിച്ചു് പരിഹാരമുണ്ടാക്കാൻ ഒട്ടുംതന്നെ അമാന്തിച്ചുകൂടാത്തതാകുന്നു. അത്രയ്ക്കു് അടിയന്തിരപ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണിതു്. ഇതിനെ സംബന്ധിച്ചു പ്രായോഗികമായ നിർദ്ദേശങ്ങൾ എന്തു തരുവാനുണ്ടെന്നു എൻെറ ബഹുമാന്യസ്നേഹിതൻ ചോദിക്കുകയുണ്ടായി. ചില നിർദ്ദേശങ്ങൾ എനിക്കു നൽകുവാനുണ്ടു്. ഈ വ്യവസായത്തിൻെറ അധഃപതനത്തിനു പ്രധാനകാരണമായി മുതലാളിമാർ പറയുന്നതു്, തോട്ടണ്ടിആവശ്യത്തിനു ഇല്ലെന്നും പരിപ്പിനു വിലയില്ലെന്നുമാണ്. ഇന്നു ബോംബയിലും കൊച്ചിയിലുമുള്ള ഗോഡൗണുകൾ പരിശോധിച്ചാൽ ഈ പരാതി അടിസ്ഥാനരഹിതമാണെന്നു കാണാം. അവിടെയുള്ള സ്റ്റാക്കുകളെല്ലാം കമാൻറിയർചെയ്തു വ്യവസായം തുടങ്ങുവാൻ ഗവൺമെൻറ മുതലാളിമാരോടു ആജ്ഞാപിക്കേണ്ടതാണ്. മറെറാരു കാരണം പറയുന്നതു് ഈ വ്യവസായമിപ്പോൾ നഷ്ടമാണെന്നാണ്. മിനിമംവേജസ് സംപ്രദായം നടപ്പിൽ വരുത്തിയിരിക്കുന്നതുകൊണ്ടു് ഇപ്പോൾ പഴയപോലെയുള്ള ലാഭം കിട്ടുന്നില്ലായിരിക്കാം. എങ്കിലും നഷ്ടം കൂടാതെ ഈ വ്യവസായം നടത്താൻ കഴിയുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ബോംബയിലെ മുതലാളിമാരാണ് ഈ വ്യവസായം മുഖേന കൊള്ളലാഭം അടിക്കുന്നതു്. അവരാണ് അണ്ടിപ്പരുപ്പ് കയററി അയയ്ക്കുന്നതും ഈ വ്യാപാരത്തെ നിയന്ത്രിക്കുന്നതും. അവരുടെ ചൂഷണത്തിൽ നിന്നും വിമുക്തമായി നിന്നുകൊണ്ടു് ഗവൺമെൻറിൻെറ ശരിയായ നിയന്ത്രണത്തിൽ ഇവിടത്തെ ഫാക്ടറി ഉടമസ്ഥന്മാർ പ്രവർത്തിക്കുന്ന പക്ഷം വിദേശ രാജ്യങ്ങളിൽ മാർക്കററു ഉണ്ടാക്കാനും വിദേശത്തു നിന്നും നമുക്കാവശ്യമുള്ള തോട്ടണ്ടി വരുത്തുവാനും നമുക്കു സാധിക്കും. അതുപോലെതന്നെ ഇവിടെ ശുദ്ധിചെയ്യുന്ന അണ്ടിപ്പരിപ്പ് ആവശ്യമുള്ളിടത്തു വിതരണം ചെയ്യുവാനും നമുക്കു കഴിയും. അതുകൊണ്ടു് ഇടനിലക്കാരായ ഈ മുതലാളിമാരെ ഒഴിച്ചുനിറുത്തിക്കൊണ്ടു് ഈ വ്യവസായം നടത്താൻ ശ്രമിക്കുകയുമാണ് വേണ്ടതു്.

ഈ അവസരത്തിൽ ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. ഈ ഫാക്ടറികളിൽ പ്രവർത്തിക്കുന്ന അനവധി തൊഴിലാളികളുടെ പേരിൽ ഇപ്പോൾ അനവധി കേസുകൾ എടുത്തിട്ടുണ്ടു്. രാഷ്ട്രീയമായ കാരണ

ങ്ങൾ കൊണ്ടും സംഘടിതപ്രവൎത്തനം മൂലവും അനേകം പേരെ പിരിച്ചു വിടുകയും കേസ്സ് എടുക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെൻറിൻെറ ഫയലുകളിലും ട്രിബ്യൂണൽ കോടതികളിലും ഇന്ന് ഈ പ്രശ്നങ്ങൾ പരിഹാരം കാണാതെ ഫയലുകൾ കുന്നുകൂടി കിടക്കുകയാണ്. ഇതിനും പരിഹാരമുണ്ടാകത്തക്ക നടപടികൾ ഗവണ്മെൻറ എടുക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

Shri T. V. Thomas : Since everybody has spoken on this motion, I move for a closure.

Mr. Speaker : As several hon. Members, are anxious to participate in the debate, I think the closure motion at this stage has not got the required support of the House.

ശ്രീ. കൊച്ചുകുഞ്ഞ് : സർ, ബഹുമാനപ്പെട്ട കൊല്ലം മെംബർ അവതരിപ്പിച്ചിരിക്കുന്ന അടിയന്തിരപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇന്നു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് പ്രത്യേകിച്ചും

5 P. M. തിരുവിതാംകൂറിൻെറ മദ്ധ്യഭാഗത്ത്, അതിലും വിശേഷിച്ചു

കൊല്ലം തുടങ്ങിയ പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള കശുഅണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾ അനുഭവിക്കുന്ന നിരവധി ദുരിതങ്ങളെപ്പററി പലരും ഇതിനകം ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞു. ഈ അവസരത്തിൽ എനിക്കു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഇന്നു തൊഴിലാളി എന്നോ മുതലാളി എന്നോ ഉള്ള ഭേദം ഉണ്ടോ ഇല്ലയോ എന്നുള്ളത് പണികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിവൎഗ്ഗങ്ങൾക്കു മാത്രമേ വ്യക്തമായും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളു എന്നാണ്. സാധാരണ തൊഴിലാളിവൎഗ്ഗങ്ങളോട് ഇവിടത്തെ മുതലാളിവൎഗ്ഗം ചില പ്രതികൂലമനോഭാവം പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഇവിടെ പ്രസംഗിച്ചു പ്രാസംഗികരോടു അല്പസ്വല്പം ഞാനും യോജിക്കുന്നുണ്ട്. അതേ സമയത്തു ഇവിടത്തെ തൊഴിലാളി വൎഗ്ഗത്തോടു മുതലാളിമാർ അശേഷം ദയവില്ലാത്ത വിധത്തിൽ വളരെ പ്രതികൂലമനോഭാവത്തോടുകൂടിയാണ് കഴിയുന്നതെന്നുള്ള അഭിപ്രായത്തോട് വളരെ അധികം യോജിക്കാനും ഈ അവസരത്തിൽ ഞാൻ ഒരുങ്ങുന്നില്ല. ഞാൻ പ്രതിനിധീകരിക്കുന്ന വക്കല നിയോജകമണ്ഡലത്തിലും വളരെ അധികം ഫാക്ടറികൾ ഉണ്ട്. അവിടെ ജോലിചെയ്തിരുന്ന തൊഴിലാളികളെ ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു എതിരായി വോട്ടുചെയ്തു എന്ന കാരണത്താൽ ആ ഫാക്ടറികളിൽനിന്നും പിരിച്ചു വിട്ടിട്ടുള്ളതായി എൻെറ അനുഭവത്തിൽനിന്നും എനിക്കു പറയാൻ കഴിയും. വാസ്തവത്തിൽ തൊഴിലാളിവൎഗ്ഗം കാൺഗ്രസ്സിന് എതിരായി വോട്ടുചെയ്തു എന്നുള്ളത് വളരെ ശരിയാണ്. പ്രായപൂൎത്തിവോട്ടവകാശം സിദ്ധിച്ചിട്ടുള്ള തൊഴിലാളിവൎഗ്ഗം ഉൾപ്പെടെയുള്ള എല്ലാ സമ്മതിദായകനും ലഭിച്ചിട്ടുള്ള ഒരവകാശമാണ് വോട്ട്. ആ അവകാശത്തെ അതേപടി പകൎത്താനും അതനുസരിച്ച് പ്രവൎത്തിക്കാനും ഉള്ള കഴിവ്, അതിനുള്ള പ്രാഗൽഭ്യം, എല്ലാവൎക്കും പ്രത്യേകിച്ച് തൊഴിലാളിവിഭാഗത്തിനും ഉണ്ട്. അങ്ങിനെ കാൺഗ്രസ്സിനു എതിരായി വോട്ടുചെയ്തെന്നുള്ള കാരണം പറഞ്ഞുകൊണ്ട് അവരെ പിരിച്ചയയ്ക്കുന്നത്—

Shri Panampilli Govinda Menon: Sir, I rise to a point of order. I wish to know what the relevancy of these statements are. I thought the Member was speaking on the adjournment motion before the House, regarding the closure of certain cashewnut factories near Quilon. I wish to know the relevancy of these statements, and if he is allowed to proceed in this strain, I also should be given some time to deal with these matters.

ശ്രീ. കൊച്ചുകുഞ്ഞു്: സർ, പാവപ്പെട്ട തൊഴിലാളിവർഗ്ഗത്തോടു് വിശേഷിച്ചും ഫാക്ടറിയിൽ പണിയെടുക്കുന്ന വിഭാഗക്കാരോടു് ഇവിടത്തെ മുതലാളിമാർ കൈക്കൊണ്ടുവരുന്ന നയത്തെയാണു് ഞാൻ ഇതിനകം സൂചിപ്പിച്ചതു്. ഏതായാലും വളരെ കഷ്ടതകളും വൈഷമ്യങ്ങളും അനുഭവിച്ചു് ഞെങ്ങിഞെരുങ്ങി മുമ്പോട്ടു നീങ്ങുന്ന ഈ പാവപ്പെട്ട തൊഴിലാളിവർഗ്ഗത്തിനു് ശരിയായ ഒരു ആശ്വാസം നൽകാൻ ഇന്നു കിട്ടിയിരിക്കുന്ന ഈ അവസരം വളരെ പ്രയോജനപ്രദമാകുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. വിമർശനം ജനാധിപത്യത്തിന്റെ ജീവവായു ആണെന്നു പറയുന്ന ആളുകൾതന്നെ വെറും ഒരു ന്യൂനപക്ഷമായ ൧൯ അംഗങ്ങൾ ഉള്ള ഒരു പാർട്ടിയുടെ മന്ത്രിസഭയ്ക്കു് എന്തു ചെയ്യാൻ കഴിയുമെന്നു് ഇവിടെ ചോദിക്കുകയുണ്ടായി. ഞാൻ ഈ അവസരത്തിൽ എന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ടു് പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നതു് ഇതാണു്. വെറും ൧൯ എന്നല്ല ഒന്നുതന്നെ ആയാലും ശരി ഇന്നു നിലവിലിരിക്കുന്ന ഗവണ്മെന്റു് ഇവിടത്തെ പാവപ്പെട്ടവരുടേയും നിരവധി ദുരിതങ്ങൾ അനുഭവിക്കുന്ന ആളുകളുടേയും നന്മയ്ക്കുവേണ്ടി കഴിവുള്ളതു് ചെയ്യാൻ അവർ മുന്നോട്ടുവരുമെന്നാണു്. അങ്ങിനെയുള്ള ഒരു പാർട്ടിയാണു് ഇന്നീ രാജ്യത്തിന്റെ ഭരണസാരഥ്യം വഹിക്കുന്നതു്. ഇവിടത്തെ പാവപ്പെട്ടവർ അനുഭവിക്കുന്ന ദുരിതങ്ങൾ മനസ്സിലാക്കി പരിഹാരം നേടുന്നതിനുള്ള കഴിവും കെൽപ്പും ഇന്നത്തെ മന്ത്രിസഭയ്ക്കുണ്ടെന്നു് വ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. തൊഴിലാളികളുടെ ആവശ്യങ്ങൾക്കു് ശാശ്വതമായ പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനു് ഞാൻകൂടി ഉൾപ്പെടുന്ന പി. എസ്സ്. പി. പാർട്ടി തയ്യാറായി മുന്നോട്ടുവരുമെന്നു് എനിക്കു് വിശ്വാസമുണ്ടു്. അതിനു് തയ്യാറായി പരിശ്രമിക്കണമെന്നുള്ള അഭ്യർത്ഥന മന്ത്രിസഭയുടെ മുമ്പിൽ വച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. എ. റഹീം: സർ, ബഹുമാനപ്പെട്ട കൊല്ലം മെമ്പർ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിന്റെ ഗൗരവം ഞാൻ നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടു്. ഏററവും പ്രധാനമായ ഒരു വിഷയത്തെ ആസ്പദമാക്കിയാണു് അദ്ദേഹം പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ വ്യക്തമായി ഇതിന്റെ എല്ലാ വശങ്ങളേയുംപററി പ്രതിപാദിക്കുകയുണ്ടായി. മനഃപൂർവ്വമായി അടച്ചിട്ടിരിക്കുന്നു എന്നുള്ള പ്രയോഗവും മുതലാളിമാരുടെ നേരെയുള്ള ആരോപണ പ്രസ്താവനകളും ഒഴിച്ചാൽ അദ്ദേഹത്തിന്റെ പ്രസംഗം തികച്ചും സംഗതമാണെന്നാണു് ഞാൻ പറയുന്നതു്. ചീഫ് പോപ്പുലാരിററി തട്ടിയെടു

ക്കാൻ വേണ്ടി ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞു സമയം കളയേണ്ട ഒരു അവസരമല്ലിപ്പോൾ. തൊഴിലാളികൾക്കു് ന്യായമായ കൂലിയും തൊഴിലും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക എന്നുള്ളതു് അതി പ്രധാനമായ ഒന്നാണു്. അതിനെക്കുറിച്ചു് ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമില്ല. അതു സംബന്ധിച്ചു് കക്ഷികൾ തിരിഞ്ഞുനിന്നുകൊണ്ടു് സമരം നടത്തേണ്ട കാര്യവുമില്ല. ഇക്കാര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഇതിനൊരു പരിഹാരം കാണാൻ വഴിയുണ്ടോ എന്നാലോചിക്കേണ്ടതു് ഉത്തരവാദപ്പെട്ട ഏതൊരു ഗവണ്മെന്റിന്റെയും ചുമതലയാണു്. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ മനസ്സിലാക്കുന്നതു് ഈ വ്യവസായമാന്ദ്യത്തിന്റെ കാരണം മൂലധനത്തിന്റെ കുറവാണെന്നാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : മെമ്പർക്കു് ഏതെങ്കിലും കശുവണ്ടി ഫാക്ടറിയുമായി സ്ഥാപിതതാൽപ്പര്യമോ ബന്ധമോ ഉണ്ടോ എന്നു പറഞ്ഞാൽ കൊള്ളാം.

Mr. Speaker : That question is disallowed.

ശ്രീ. എ. എ. റഹീം : മൂലധനത്തിന്റെ കുറവുകൊണ്ടാണു് ഈ അവസ്ഥ നേരിട്ടിട്ടുള്ളതു്. ഇവിടെ ചില മെമ്പറന്മാർ ഉന്നയിച്ചപോലെ യുദ്ധകാലപരിതഃസ്ഥിതിയിൽ കിട്ടിയ അമിതമായ ലാഭത്തെ ലാക്കാക്കി ഈ വ്യവസായത്തിൽ ഇടപെട്ടിരിക്കുന്ന ആരെങ്കിലും—

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, ഞങ്ങളുടെ പാർട്ടിലീഡർ ഒരു ക്ലോഷർമോഷൻ അവതരിപ്പിക്കുകയുണ്ടായി. അതിന്റെ നില എന്തായി എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker : The Speaker has not accepted it. I find that there are some other hon. Members who wish to speak on the motion. So, I allowed the discussion to proceed.

ശ്രീ. എ. എ. റഹീം : അവരുടെ കയ്യിൽ മിച്ചമുണ്ടായിരുന്ന തുകകൾ ഉപയോഗിച്ചു് വസ്തുവകകളും കെട്ടിടങ്ങളും മററും വാങ്ങിയിട്ടുണ്ടെന്നു് പറയുകയുണ്ടായി. ഇന്നു് ഈ വ്യവസായത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ആളുകളെക്കുറിച്ചു് അന്വേഷിക്കുന്നപക്ഷം അവരുടെ സ്വത്തുവകകൾ പണം കടം എടുക്കുന്നതിനും മററുമായി ബാങ്കിൽ ഈടുവച്ചിട്ടുള്ള വിവരം കണക്കുകൾ നോക്കുന്നപക്ഷം കാണാൻ കഴിയും. അതാണു് ഇന്നത്തെ നില. ഇന്നവരുടെ കയ്യിലുള്ള മണിമാളികകളും തെങ്ങിൻതോപ്പുകളും നെൽപ്പാടങ്ങളും എല്ലാം ബാങ്കുകൾക്കു് അടിയറവച്ചു് കൈക്കൂലിയും കൊടുത്തു് വമ്പിച്ച തോതിലുള്ള പലിശയും കൊടുത്തു് കടം വാങ്ങിയാണു് വ്യവസായം നടത്തിക്കൊണ്ടുപോകുന്നതെന്നുള്ള യാഥാർത്ഥ്യത്തിന്റെ നേരെ നാം കണ്ണടയ്ക്കുന്നതു് ശരിയല്ല. ഞാൻ ഇതു പറയുന്നതു് വ്യവസായികളുടെ വക്കാലത്തു് പിടിച്ചുകൊണ്ടല്ല. അങ്ങിനെ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതു് മാററി വയ്ക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: കൈക്കൂലികൊടുത്തു എന്നു പറയുന്നതു് മെമ്പറുടെ അനുഭവത്തിൽനിന്നു പറയുന്നതാണോ?

ശ്രീ. എ. എ. റഹീം: ഞാൻ ആർക്കും കൈക്കൂലി കൊടുത്തിട്ടില്ല. ഇങ്ങനെ പണം വാങ്ങി വ്യവസായം ചെയ്യുമ്പോൾ അതിന്റെ ചുററുപാടുകളും മററും നാം ആലോചിക്കേണ്ടതാണു്. അതുപോലെതന്നെ ഇതു് വിററഴിക്കുന്നതിനും അതിനാവശ്യമായ കശുഅണ്ടിയും മററു സാധനങ്ങളും കിട്ടുന്നതിനും വിദേശമാർക്കററുകളെയാണു് ആശ്രയിക്കേണ്ടിയിരിക്കുന്നതു്. ഇവിടെയുള്ള കശുഅണ്ടികൊണ്ടുമാത്രം തുടർച്ചയായി എല്ലാ ഫാക്ടറികളും നടത്തി തൊഴിലാളികൾക്കു് തുടർച്ചയായി തൊഴിൽ കൊടുക്കുന്നപക്ഷം ഒന്നോ രണ്ടോ മാസത്തിൽ കൂടുതലായി തൊഴിൽ നടത്താനുള്ള കശുഅണ്ടി ഈ നാട്ടിൽ ഉണ്ടാകുന്നില്ല. ആഫ്രിക്കയിൽനിന്നും ഇറക്കുമതി ചെയ്യുന്ന കശുഅണ്ടിയെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. കെ. ദിവാകരൻ ഇവിടെ പ്രസ്താവിക്കയുണ്ടായി. കശുഅണ്ടി വരുത്തിക്കൊടുക്കുന്ന ബോംബേ കച്ചവടക്കാരും ഇവിടത്തെ വ്യവസായികളുമായി ഇപ്പോൾ ചില തർക്കങ്ങൾ ഉണ്ടു്. ആഫ്രിക്കയിൽനിന്നും നേരിട്ടു് അണ്ടി വാങ്ങുവാനുള്ള സൗഹചര്യവും ഇവിടത്തെ വ്യവസായികൾക്കില്ല. ബോംബെയിലുള്ള വ്യാപാരികളാണു് അതു നടത്തുന്നതു്. അതുകൂടാതെ മഴനനഞ്ഞു ചീത്തയായ അണ്ടികളും അഞ്ചും ആറോ വർഷം പഴക്കമായ അണ്ടികളുമാണു് ഇങ്ങോട്ടു് അയയ്ക്കുന്നതു്. അതു് ശരിയായി പരിശോധിക്കുന്നതിനുള്ള സൗകര്യവും അവർ നൽകുന്നില്ല. അങ്ങിനെ വാങ്ങുന്ന ചരക്കിൽ മുപ്പതു നാല്പതു് ശതമാനത്തോളം ചീത്തയായി നഷ്ടം വരുന്നുണ്ടു്. ഒരു ലാട്ടറിപോലെയാണു് ആ കച്ചവടം ഇപ്പോൾ നടക്കുന്നതു്. അതിനു യാതൊരു നിയന്ത്രണവും ഈ ഗവണ്മെന്റോ സെൻട്രൽ ഗവണ്മെന്റോ ചെയ്തിട്ടില്ലാത്തതുകൊണ്ടു് നല്ല ചരക്കു കിട്ടുന്നില്ലെന്നുള്ളതു് ഒരു പ്രധാന പ്രശ്നമാണു്. മുമ്പു കിട്ടിക്കൊണ്ടിരുന്ന ലാഭത്തെ അടിസ്ഥാനമാക്കിയാണു് ഇന്നു് ഇൻകംടാക്സ് ചുമത്തി വരുന്നതു്. പർച്ചേസ് ടാക്സുകൂടി ഇപ്പോൾ കൊടുക്കണമെന്നു വന്നിട്ടുണ്ടു്. വ്യവസായികൾ വളരെ വമ്പിച്ച തുകകൾ കുടിശ്ശിക ഉൾപ്പെടെ ഗവണ്മെന്റിലേയ്ക്കു് അടയ്ക്കേണ്ടിയിരിക്കയാണു്. മുതലാളിമാർ ആരുംതന്നെ മനഃപൂർവ്വമായി വ്യവസായം ചെയ്യാതെ മാറിനില്ക്കുന്നവരല്ലെന്നു് നമുക്കു് മനസ്സിലാക്കാൻ സാധിക്കും. വ്യവസായം ചെയ്യുന്നവർ ലാഭമെടുക്കാനിരിക്കുന്നവരാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇപ്പോൾ ഏതെങ്കിലും ഫാക്ടറികൾ അവിടെ പ്രവർത്തനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ശ്രീ. എ. എ. റഹീം: എനിക്കു് അതിന്റെ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷ്മമായി അറിഞ്ഞുകൂടാ. ഞാൻ ആ വ്യവസായവുമായി നേരിട്ടു ബന്ധപ്പെട്ട ആളുമല്ല.

ശ്രീ. പി. കെ. യശോധരൻ: ബഹുമാനപ്പെട്ട മെമ്പർ പ്രമേയത്തെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. എ. റഹീം: എന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ അതു് മനസ്സിലാകുമെന്നാണു് എന്റെ വിശ്വാസം.

വിദേശത്തുള്ളതു് അമേരിക്കൻ മാർക്കറ്റുകളാണു്. അതിനെക്കുറിച്ചു് പ്രതിപക്ഷനേതാവു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്താവിക്കയുണ്ടായി. വിദേശത്തു കൂടുതൽ മാർക്കറ്റുകൾ കണ്ടുപിടിക്കാനുള്ള യാതൊരു പരിശ്രമങ്ങളും ഈ അടുത്തകാലത്തുണ്ടായിട്ടില്ല.

Shri N. Raghava Kurup : On a point of order. When a matter has been brought to the notice of the House as an adjournment motion, is it proper on the part of the Minister to ask for information from another Member ?

Mr. Speaker : Yes.

Shri N. Raghava Kurup : Is not the Minister expected to be in possession of the statistics concerning the motion ?

Mr. Speaker : The Minister can get any additional information from the Member in possession of the House.

ശ്രീ. എ. എ. റഹീം: ഈ കശുവണ്ടിപ്പരിപ്പു് വിദേശരാജ്യങ്ങളിൽ വിററഴിക്കാൻ ശ്രമിക്കേണ്ടതു് വളരെ അത്യാവശ്യമായ ഒരു സംഗതിയാണു്. ഇൻഡ്യയ്ക്കു ഡാളർ സമ്പാദിച്ചു കൊടുക്കുന്ന ഒരു പ്രധാന വ്യവസായമാണു് ഇതു്. ഇതു സംബന്ധിച്ചു് ഇവിടത്തെ ഗവണ്മെന്റും, സെൻട്രൽ ഗവണ്മെന്റുമായി ചേർന്നു വേണ്ട നടപടികൾ നടത്തണമെന്നാണു് എന്റെ അഭ്യർത്ഥന.

ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്ന ഫാക്ടറികൾ തുറക്കാനുള്ള എല്ലാ നടപടികളും ഈ ഗവണ്മെന്റു കൈക്കൊള്ളണം. ഇതിനുവേണ്ടി, വ്യവസായപ്രമുഖന്മാരെയും കൂടി ക്ഷണിച്ചുവരുത്തി, എല്ലാവരുമായി ആലോചിച്ചു് എത്രയും വേഗത്തിൽ ഒരു തീർച്ചചെയ്യണമെന്നാണു് എന്റെ അപേക്ഷ. ഒരു അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ രണ്ടുകക്ഷികളുമായി ആലോചിച്ചു വേണം ഒരു വിധിയെഴുതേണ്ടതു്. ഈ കാര്യത്തിൽ എല്ലാ കക്ഷികളെയും ഉൾപ്പെടുത്തി ഒരു കാൺഫറൻസു വിളിച്ചുകൂട്ടി ഒരു തീരുമാനമെടുത്താൽ ഈ വ്യവസായം തുടരാൻ സാദ്ധ്യമാകുമെന്നു് ഞാൻ വിചാരിക്കുന്നു. ഫാക്ടറികൾക്കുള്ളിൽ കശുവണ്ടി വച്ചുകൊണ്ടാണു് ഫാക്ടറികൾ അടച്ചുപൂട്ടിയിരിക്കുന്നതെന്നു് ഒരാരോപണം ഇവിടെയുണ്ടായി. അതു ശരിയല്ല. കശുവണ്ടി കൂടുതൽ സമയം സൂക്ഷിച്ചുവച്ചിരുന്നാൽ അതിനു് കേടു സംഭവിക്കും, അതുകൊണ്ടു് മനഃപൂർവ്വമായി അതു ഫാക്ടറികൾക്കുള്ളിൽ വച്ചു സൂക്ഷിക്കുകയില്ല. ആരുംതന്നെ അറിഞ്ഞുകൊണ്ടു നഷ്ടം വരുത്തുകയില്ലല്ലോ. അടുത്തകാലത്തുതന്നെ ഒരു മുതലാളി വ്യവസായത്തിൽ ബുദ്ധിപൂർവ്വകമല്ലാതെ പ്രവർത്തിച്ചതുകൊണ്ടു് വൻപിച്ച നഷ്ടം സംഭവിക്കുകയും അദ്ദേഹത്തിനുവേണ്ടി കച്ചവടം നടത്തിയ ചെറുതരം മുതലാളിമാർക്കും അതുമൂലം നഷ്ടം നേരിടുകയും, ഒടുവിൽ ഒരു സത്യാഗ്രഹസമരംവരെ നടത്തേണ്ട ഒരു സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം.

[ശ്രീ. എ. എ. റഹിം]

അടച്ചുപൂട്ടിയിട്ടിരിക്കുന്ന വ്യവസായം ഉടൻതന്നെ ആരംഭിച്ചു പ്രവർത്തനം നടത്തിക്കൊള്ളണമെന്നു കർശനമായ ഒരു ആർഡർ നടപ്പിലാക്കിയാൽ അതിൽവച്ചുണ്ടാകാവുന്ന ഭവിഷ്യത്തും നാം ചിന്തിക്കണം. വ്യവസായം ശരിയായ രീതിയിൽ നടത്തണമെന്നുള്ളത് സ്റ്റേറ്റിന്റെ ആവശ്യവും മുതലാളിമാരുടെയും; തൊഴിലാളികളുടെയും കടമയുമാണ്. ഈ മാതിരി കാര്യങ്ങളെ അഭിമുഖീകരിക്കുന്ന സന്ദർഭങ്ങളിൽ, അതിലിടപെട്ട പഴക്കമുള്ള ആളുകളുമായി ഗവണ്മെന്റ് ആലോചിച്ചു വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, പ്രമേയാവതാരകൻ പ്രസ്താവിച്ചതുപോലെ കൊല്ലം കശുവണ്ടി വ്യവസായത്തിൽ മാത്രമല്ല, നാട്ടിന്റെ പല ഭാഗങ്ങളിലും വ്യവസായക്കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ നാട്ടിൽ ഇന്ന് തൊഴിലാളികൾക്ക് തൊഴിലില്ലാതെ ആയിട്ടുള്ള ഒരു പരിതഃസ്ഥിതി വന്നുചേർന്നിരിക്കുകയാണ്. അത് തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ ആളുകളെയും സാരമായി ബാധിക്കുന്ന ഒരു കാര്യമാണ്. ഇന്നിവിടെ പ്രതിപാദിച്ച വ്യവസായസ്തംഭനം കൊല്ലത്തെ മാത്രമല്ല, തിരുവിതാംകൂർ-കൊച്ചിയുടെ എല്ലാ ഭാഗത്തെയും ബാധിച്ചിട്ടുണ്ട്. പല വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്നവർക്കും തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കും ജോലിയില്ലാതെ വന്നിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ നടത്തുന്നതിന് ആവശ്യമായ മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുകയും കാര്യസാദ്ധ്യം വരുത്തുകയും ചെയ്യേണ്ട ചുമതല ഗവണ്മെന്റിനുണ്ട്. ഈ ഗവണ്മെന്റിന്റെ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ നമുക്കു വളരെ കാര്യമായി ചിന്തിക്കേണ്ട പല കാര്യങ്ങളുമുണ്ട്. ഈ വ്യവസായസ്തംഭനത്തിന് ഒരു ഭാഗത്തു മുതലാളിമാർ അധികം ഉത്തരവാദിത്വം വഹിക്കേണ്ടതായുണ്ട്. എല്ലാ വ്യവസായസ്തംഭനങ്ങൾക്കും മുതലാളിമാരാണ് ഉത്തരവാദികൾ എന്നു ഞാൻ പറയുന്നില്ല. പല സ്ഥലങ്ങളിലും തൊഴിലാളികളോടു മത്സരിക്കുകയാണെന്നുള്ള പരമാർത്ഥം പറയേണ്ടിയിരിക്കുന്നു. എങ്ങനെയായാലും നാട്ടിൽ തൊഴിൽസ്തംഭനം ഉണ്ടാകാനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കാൻ പാടില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ വന്നുചേർന്നിട്ടുള്ള തൊഴിലില്ലായ്മയ്ക്കു വേണ്ട പരിഹാരം നിർദ്ദേശിക്കുകയും ഉടനടി അതു് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നാണ് ഈ മന്ത്രിസഭയോട് എനിക്കു പറയുവാനുള്ളത്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: സർ, ബഹുമാനപ്പെട്ട കൊല്ലം മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന്റെ ആശയത്തോടു ഞാൻ അനുകൂലിക്കുന്നു. കൊല്ലത്തെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല ഇതു്. മദ്ധ്യതിരുവിതാംകൂറിനെ മുഴുവനും ബാധിക്കുന്ന ഒരു പ്രശ്നമാണിതു്. കുന്നത്തൂർ, ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിലെ 25,000 പേരുടെ തൊഴിലിനെ ബാധിക്കുന്ന ഒരു പ്രശ്നമാണിതു്. ഫെബ്രുവരിയിൽ തുറന്നു പ്രവർത്തനം നടത്തേണ്ട വ്യവസായശാലകൾ മാർച്ച് 26-ാംനു ആയിട്ടും തുറന്നിട്ടില്ല എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം മേൽപ്പറഞ്ഞ 25,000 തൊഴിലാളികളും, അവരുടെ കുടുംബ

ങ്ങളും ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിഞ്ഞുകൂടുന്നു എന്നാണ്. എവിടെയെങ്കിലും ഒരു നിരാഹാരസത്യാഗ്രഹം തുടങ്ങിയാൽ ഇവിടത്തെ പത്രങ്ങൾ 'നിരാഹാര സത്യാഗ്രഹം എട്ടാംദിവസം', 'നിരാഹാര സത്യാഗ്രഹം പത്താംദിവസം' എന്നിങ്ങനെ വെണ്ടയ്ക്കയിൽ വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്നതു കാണാം. എന്നാൽ ഒന്നോ ഒന്നരയോ മാസം പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിഞ്ഞുകൂടുന്ന ഈ പാവങ്ങളുടെ വാർത്തകൾ, അതിനുള്ള നിവാരണമാർഗ്ഗങ്ങൾ, ഒന്നുംതന്നെ പത്രങ്ങളിൽ കാണാത്തതിൽ ഞാൻ അതിശയിക്കുകയാണ്. ബഹുമാനപ്പെട്ട കൊല്ലം മെംബർ പറഞ്ഞതിൽ നിന്നും മനസ്സിലാകുന്നതു് തിരുവിതാംകൂറിലും വെളിയിലുമുള്ള ചില മുതലാളിമാർ തമ്മിലുള്ള വടംവലിയുടെ പരിണതഫലമായിട്ടാണ് ഈ കുഴപ്പം ഉണ്ടായതെന്നാണ്. എന്തുകൊണ്ടായാലും ഇതിന് ഉടൻ ഒരു പരിഹാരമുണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. ഫാക്ടറികൾ നടത്തിപ്പിനാവശ്യമുള്ള അസംസ്കൃതസാധനങ്ങളിൽ 90 ശതമാനവും വിദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടതായിട്ടാണെന്നാണ് അദ്ദേഹം പറഞ്ഞതു്. വിദേശങ്ങളെ ആശ്രയിച്ചു വേണം നമുക്കു വ്യവസായങ്ങൾ നടത്താൻ. നമുക്ക് ആവശ്യമുള്ള അസംസ്കൃതസാധനങ്ങൾ (പറങ്കിയണ്ടി) ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന്, ശാസ്ത്രീയമായ രീതിയിൽ പറങ്കിമാവ് നട്ടുപിടിപ്പിക്കുന്നതിനും, അങ്ങനെ കശുഅണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. Tangya-രീതിയിൽ പറങ്കിമാവ് കൃഷിചെയ്യാൻ സാദ്ധ്യമാകുമോ എന്നു പരിശോധിച്ചു് നോക്കേണ്ടതാണ്. ഇവിടത്തെ കശുവണ്ടി മുഴുവനും അമേരിക്കയിലേക്കാണ് കയററി അയയ്ക്കുന്നതെന്നു ബഹുമാനപ്പെട്ട കൊല്ലം മെംബർ പ്രസ്താവിച്ചു. പ്രതിപക്ഷ നേതാവായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും സംസ്കരിച്ച പരിപ്പ് വിൽക്കുന്നതിന് ഈ വ്യവസായം അമേരിക്കയെ ആശ്രയിച്ചാണിരിക്കുന്നതെന്നു പറയുകയുണ്ടായി. അങ്ങനെ നമ്മുടെ ഒരു പ്രധാന വ്യവസായം മററു ഒരു രാജ്യത്തിനെ മാത്രം ആശ്രയിച്ചു കഴിയുന്നതു് ഭാവിയിൽ ആപത്തിന് വഴിതെളിക്കുന്നതാണ്. വേറെ രാജ്യങ്ങളുമായി സംസ്കരിച്ച കശുഅണ്ടി വ്യാപാരത്തിൽ ഏർപ്പെടുന്നതിന് ശ്രമിക്കേണ്ടതാണ്. ഏതായാലും നമ്മുടെ നാട്ടിലെ ഇരുപത്തയ്യായിരം തൊഴിലാളി കുടുംബങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണിതെന്നു ഗവണ്മെന്റ് മനസ്സിലാക്കി, അർഹിക്കുന്ന ഗൗരവത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. മഞ്ജുനാഥ പ്രഭു: സർ, ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെംബർ ഈ വിഷയത്തെ സംബന്ധിച്ച് പരിജ്ഞാനമുള്ളയാളാണെന്നും, കൂടുതലായി അതിനെപ്പററി പഠിച്ചിട്ടുതന്നെയാണു പ്രസംഗിച്ചതെന്നും എനിക്കറിയാം. പക്ഷെ ഇവിടെ പ്രസംഗിച്ച മററു പല സ്നേഹിതന്മാരും ഈ വിഷയത്തെപ്പററി പഠിച്ചിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്. പണക്കാരായ അമേരിക്കാക്കാരുടെ സഹായം ഉണ്ടെങ്കിൽ മാത്രമെ നമ്മുടെ നാട്ടിലെ കശുഅണ്ടി വ്യവസായം നടക്കുകയുള്ളൂ. ഈ വ്യവസായാഭിവൃദ്ധിക്ക് ഇൻഡ്യാഗവണ്മെന്റ് കാര്യമായി ഒന്നും ചെയ്തിട്ടില്ലെന്നു നമുക്കറിയാം. ഇതു തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഒരു പ്രശ്നമാണ്.

[ശ്രീ. കെ. മഞ്ജനാഥ പ്രഭു]

കശുവണ്ടിയുടെ നൽപ്പുതിൽപ്പു തിരിയുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കണം. അടുത്ത പ്രോസസ്സിൽ ഒന്നോ, രണ്ടോ കൊല്ലം പഴക്കമുള്ള തോട്ടണ്ടിയും പരിശോധിക്കണം. ഇൻഡ്യാഗവണ്മെൻറിൽനിന്നും ഇതിലേക്കു ഒരു ഉദ്യോഗസ്ഥനെ അയക്കണമെന്നു ഗവണ്മെൻറു നിർബന്ധിക്കണം. അങ്ങനെയെല്ലാം ചെയ്യുവരുമ്പോൾ ഇപ്പോഴത്തെ കച്ചവടക്കുഴപ്പങ്ങൾ തീരാനിടയുണ്ട്. കച്ചവടക്കാരുടെ പക്കൽനിന്നും വാങ്ങിക്കുന്നതിന് ഈ വക ഉദ്യോഗസ്ഥന്മാർ ഇടപെടുന്നതു ശരിയല്ല. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ച, കൊല്ലം മെമ്പറുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ഫാർവേഡ് ട്രെയിഡിംഗ് നിരോധിക്കാൻ പാടില്ല. അതു് ഈ വ്യവസായത്തിന് അത്യാവശ്യമാണു്. കശുവണ്ടി വ്യവസായം മററു വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ വിഷമമുള്ള ഒന്നാണ്. ഇൻകംടാക്സിനെ സംബന്ധിച്ചാണെങ്കിൽ നാലുകൊല്ലം അവർ തിരുവിതാംകൂറിൽ ഇൻകംടാക്സു കൊടുത്തു. അതു തെററാണെന്നുകണ്ടു സുപ്രീം കോടതിയിൽ സെയിൽസ് ടാക്സിനുവേണ്ടി അപ്പീൽ പോവുകയുണ്ടായി. ഏതായാലും അടച്ചിട്ടിരിക്കുന്ന ഫാക്ടറികൾ തുറപ്പിക്കേണ്ടിയിരിക്കുന്നു. ഫാക്ററി ഉടമസ്ഥന്മാർ പണക്കാരാണ്. അവരെക്കൊണ്ടു ഫാക്ററികൾ തുറപ്പിക്കാൻ സാധ്യമല്ലെങ്കിൽ ചാലക്കുടി മെമ്പർ പറഞ്ഞതുപോലെ ഗവണ്മെൻറിൽനിന്നും പണം കടം കൊടുത്തിട്ടെങ്കിലും ഫാക്ററികൾ ഉടനെ തുറപ്പിക്കണം. ഇവിടെ വ്യവസായസ്തംഭനം വന്നാൽ അമേരിക്കാക്കാർക്ക് യാതൊരു വിഷമവും വരാനില്ല.

Shri A. A. D. Luiz : Sir, the Adjournment Motion under discussion has revealed very interesting features regarding the relationship between Capital, Manufacturer and Labour. Both the Capitalist and the Manufacturer have been subjected to a very violent attack for having closed down their Cashewnut factories in and around Quilon. It is most unfortunate that nothing has been said with regard to the difficulties and deadlocks confronting the manufacturers who have been functioning till very recently. It is an accepted fact that the happiness of labour should receive careful attention of the Government of this State. Happy and contented labour is indeed an asset.

The Mover of the motion and those who have spoken in support of the motion have painted a very colourful picture of their hardships, that about 23,000 labourers are now out of employment as a result of the closing down of the Cashewnut factories. But most conspicuously they have failed to state the real reasons that have brought about this crisis and at the same time they have failed to suggest remedies that the Government can resort to to mitigate distress among Cashew factory workers. This House has heard most absurd arguments, such as, the owners of factories having luxuriously dealt with their reserve funds for trade ; the indifferent attitude of banks,

Shri N. Raghava Kurup : Sir, a point of order. Is it proper on the part of the Member to remark on the observations made by another Member as 'absurd'? Is it parliamentary?

Mr. Speaker : If strong words are avoided, it would be good.

Shri N. Raghava Kurup: I want a ruling whether the word is parliamentary.

Mr. Speaker : It is parliamentary.

Shri A. A. D. Luiz : Sir, suggestions have been made in this House that the merchants in Quilon should work with no margin of profit; there have been suggestions that the Syndicate organised by manufacturers for effecting purchases and sales conveniently should be liquidated and there has also been a careless remark that the facilities, if any, offered to the manufacturers' Syndicate must be withdrawn. It is most unfortunate that nothing intelligent and constructive has been suggested by the hon. Members of the U. F. L. Bench who sponsored this adjournment motion. Much has been said to disillusion and misguide the humble labourer so that he may feel sympathetic to the United Leftists at the next occasion when they go out to the polls.

I am of opinion that the Manufacturers find no pleasure in shutting up organisations specially built up at great cost and much effort to provide labour for the countrymen. Now, more than ever, capitalist and manufacturer are fully conversant with the fact that Governments in the various States in India are very much concerned in the welfare of labour and shall not permit unnecessary interference in the normal happiness of the labour in this State.

I feel convinced that the ruling on the High Court of our State with regard to collection of sales tax and which decision was subsequently set aside by the Federal Court has brought much confusion to the manufacturers. For no mistake of theirs the Capitalist and the manufacturer stand heavily indebted to the Government for large amounts due by way of sales tax. It would be advisable for the Government to study the situation and to assist the manufacturer.

The hon. Members of the U. F. L. Party who moved and supported this motion would have conveyed much happiness to the Members of this House and the labourers if they did influence their Russian and Chinese associates to start consuming the Cashewnuts. An attempt in this direction would have created a market other than the one in the United States and at the same time created a considerable amount of relief for the Cashewnut industry. We are all

[Shri A. A. D. Luiz]

very well conversant with the fact that the U. F. L., is the only political Party, unlike the Indian Congress and the P. S. P., that has foreign associates and comrades in other parts of the world. I fail to understand why their assistance was not resorted to.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): സർ, ഈ പ്രമേയത്തിന്റെ അവതരണത്തിനുവേണ്ടി ബഹുമാനപ്പെട്ട കൊല്ലം മെമ്പർ ശ്രീ. ടി. കെ. ദിവാകരൻ അനുവാദം ആവശ്യപ്പെട്ടപ്പോൾ ഗവണ്മെന്റു ഭാഗത്തുനിന്നും അതിനു സമ്മതം നൽകിയതു് ഗവണ്മെന്റിനു ഇക്കാര്യത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പറിൽനിന്നും ലഭിക്കുമെന്നായിരുന്നു വിചാരിച്ചിരുന്നതു്. ആ പ്രതീക്ഷയുടെ ഫലമായിട്ടാണു് ബഹുമാനപ്പെട്ട മെമ്പറിനു് അടിയന്തിര പ്രമേയം അവതരിപ്പിക്കുവാൻ ഗവണ്മെന്റിനു വിസമ്മതമില്ലെന്നു പറഞ്ഞതു്. കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, ചിറയിൻകീഴ്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ താലൂക്കുകളിലുള്ള കശുഅണ്ടി ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതുനിമിത്തം അവയിലെ തൊഴിലാളികൾ പട്ടിണി കിടക്കുന്നു എന്നും മററുമാണു് പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു്. ഈ അടിയന്തിരപ്രമേയത്തിനു ഒരു അടിയന്തിര സ്വഭാവമുണ്ടോ ഇല്ലയോ എന്നുള്ളതു് ഈ സന്ദർഭത്തിൽ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. കശുഅണ്ടി ഫാക്ടറികളിൽ ഈ വിധത്തിലുള്ള പണിമുടക്കു് ഉണ്ടാകുകയും അവ പൂട്ടിയിടാൻ ഇടയാകുകയും ചെയ്യുന്നതു് ഇപ്പോൾ മാത്രമല്ല, എല്ലാ കൊല്ലങ്ങളിലും ആണ്ടവസാനത്തെ മൂന്നുമാസം ഈ ഫാക്ടറികൾ പൂട്ടിയിടുകയാണു ചെയ്യുന്നതു്. കഴിഞ്ഞ വർഷം സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ ഈ നാലുമാസങ്ങളിൽ ഈ ഫാക്ടറികൾ പൂട്ടിയിടുകയായിരുന്നു ചെയ്തതു്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തും ഇത്തരം ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുകയായിരുന്നു. അവിചാരിതവും അതേ സമയം വളരെ പ്രാധാന്യവും അർഹിക്കുന്ന ഒരു സംഭവമല്ല ഇതു് എന്നു തെളിയിക്കുന്നതിനു വേണ്ടിയാണു് ഇത്രയും പറയേണ്ടിവന്നതു്.

൧൯൫൩ ഡിസംബർ അവസാനത്തിൽ ൭൬ ഫാക്ടറികൾ അടച്ചിട്ടിരുന്നതിൽ ൫൨ എണ്ണം വീണ്ടും പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ള ൨൪ ഫാക്ടറികൾ ഇനിയും തുറക്കാതെയുമാണിരിക്കുന്നതു്. ഈ കാര്യങ്ങളെ സംബന്ധിച്ചു് ശ്രീ. പ്രാക്കുളം ഭാസി തുടങ്ങിയ ഏതാനും മാന്യന്മാർ എന്നെ സമീപിക്കുകയും, ഇതിലേക്കു ഉത്തരവാദപ്പെട്ട ലേബർ കമ്മീഷണർ മുതലായവരുമായി വേണ്ടതരത്തിൽ സമ്പർക്കം പുലർത്തുകയും ചെയ്തിട്ടുള്ള സ്ഥിതിക്കു് ഇങ്ങനെയുള്ള ഒരു അടിയന്തിരപ്രമേയത്തിനു് ഇവിടെ ആവശ്യകതയുണ്ടായിരുന്നോ എന്നുള്ളതു് സംശയാസ്പദമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, അടിയന്തിരപ്രമേയം കൊണ്ടുവരാൻ അനുവാദം തന്നശേഷം അതിന്റെ പ്രൊപ്രൈററിയെക്കുറിച്ചു് ചർച്ച നടത്തുന്നതു് ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞു്: ഞാൻ അതിന്റെ പ്രൊപ്രൈററിയെക്കുറിച്ചു് പറയുകയല്ലാ. ഈ പ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ഗവണ്മെന്റും മററു ഉത്തരവാദിത്വമുള്ള വ്യക്തികളുമായി

സമ്പർക്കം പുലർത്തിയിട്ടുള്ള സ്ഥിതിക്കു് ഈ അടിയന്തിരപ്രമേയത്തെ പ്രസ്സു് ചെയ്യേണ്ട ആവശ്യമില്ലായിരുന്നുവെന്നു പറഞ്ഞതേയുള്ളൂ. സർ, സാധാരണയായി ആണ്ടുതോറും ഫെബ്രുവരി മാസത്തിലാണു് ഈ ഫാക്ടറികളുടെ പ്രവർത്തനം തുടങ്ങാറുള്ളതു്. എന്നാൽ ഈയാണ്ടിൽ ഫെബ്രുവരിയിൽ തുടങ്ങിയില്ല. അതിനു ചില പ്രത്യേക കാരണങ്ങൾ ഫാക്ടറി ഉടമകളെ സംബന്ധിച്ചിടത്തോളമുണ്ടായിട്ടുണ്ടു്. ഒന്നാമത്തെ കാരണം ഇവിടെയുള്ള ഫാക്ടറികളുടെ പ്രവർത്തനത്തിനു് ആവശ്യമുള്ള കശുവണ്ടിയുടെ ൫൦ ശതമാനമേ നാട്ടിൽ നിന്നും ലഭിക്കുന്നുള്ളൂ. ബാക്കിയുള്ള ൫൦ ശതമാനം ലഭിക്കുന്നതു് ആഫ്രിക്കയിൽ നിന്നുമാണു്. അതു് വരുത്തികൊടുക്കുന്നതു് ബാംബയിലെ ഏതാനും കച്ചവടക്കാരാണു്. ഇപ്പോൾ ആഫ്രിക്കയിൽ നിന്നും കശുവണ്ടി വരുത്തുന്നതു സംബന്ധിച്ചു് ഓപ്പൺജനറൽ ലൈസൻസ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടു്. അതേ അവസരത്തിൽ ബാംബെയിലുള്ള വമ്പിച്ച വ്യാപാരികൾ ആഫ്രിക്കയിലുള്ള കശുവണ്ടി മുഴുവനും കൺട്രോൾ ചെയ്യുന്നതനുസരിച്ചു് അവർ മുഖാന്തിരമല്ലാതെ ഇവിടത്തെ വ്യാപാരികൾക്കു് ആഫ്രിക്കയിൽ നിന്നും ഈ സിസ്റ്റം ഏർപ്പെടുത്തിയിട്ടും നേരിട്ടു വരുത്താൻ സാധിക്കാത്ത ഒരു നിലപാടാണു് ഇപ്പോഴുള്ളതു്. അതുകൊണ്ടു് ബോംബെ വ്യാപാരികൾ നിശ്ചയിക്കുന്ന വില ഇവിടത്തെ വ്യാപാരികൾ കൊടുക്കുവാൻ ഇടയാകുന്നു. അങ്ങനെ വാങ്ങി കച്ചവടം നടത്തുന്നതുമൂലം വാസ്തവത്തിൽ ഇവിടത്തെ വ്യാപാരികൾക്കു് നഷ്ടമാണുണ്ടാകുന്നതു്. അതാണു് ഒരു കാരണം. മറ്റൊരു കാരണം ആവശ്യമുള്ള ചരക്കുകൾ യഥാകാലം കിട്ടാതിരിക്കുന്നതാണു്. വിദേശമാർക്കറ്റിൽ ഒരു പൌണ്ടു് അണ്ടിക്കു് ൪൬ സെൻറുണ്ടായിരുന്നതു് ഇപ്പോൾ ൨൩ സെൻറായി കുറയുകയാണു് ചെയ്തതു്. വിദേശമാർക്കറ്റിൽ സാധനത്തിനു് വില കുറയുകയാണുണ്ടായതു്. അതാണു് മറ്റൊരു കാരണം. വിദേശമാർക്കറ്റിൽ അണ്ടിക്കു് വില കുറയുക നിമിത്തം വ്യവസായ ഉടമകളുടെ മൂലധനത്തിൽ കോട്ടം തട്ടുകയാണു് ചെയ്യുന്നതു്. വേറൊരു കാരണം ബാങ്കുകാരിൽ നിന്നു് പണം കിട്ടുന്നതിൽ ഉണ്ടായ നിയന്ത്രണവുമാണു്. മുൻപു് വ്യവസായികൾക്കു് ഇഷ്ടംപോലെ ബാങ്കുകാരിൽ നിന്നു് പണം കിട്ടിയിരുന്നു. വ്യവസായികൾക്കു് പണം കൊടുക്കുന്നതിനെ സംബന്ധിച്ചു് റിസർവ്വ് ബാങ്കിൻെറ നിർദ്ദേശം ഉണ്ടായിരിക്കുന്നതുകൊണ്ടു് ആവശ്യംപോലെ പണമെടുത്തു് ചരക്കുകൾ ശേഖരിക്കുന്നതിനു് ബാങ്കിൽ നിന്നു് പണം കിട്ടുന്നതിനു് നിവൃത്തിയില്ലാതായി. അതുകൊണ്ടു് വ്യവസായ ഉടമകൾക്കു് അവരുടെ വ്യവസായം നടത്തുവാൻ സാധിക്കാതെ വന്നു. പിന്നീടു് യഥാകാലങ്ങളിൽ വ്യവസായ ഉടമകൾ ആദായനികുതി കൊടുക്കാതിരുന്നതുകൊണ്ടു് വലിയ ഒരു സംഖ്യ ആ ഇനത്തിൽ കൊടുക്കേണ്ടതായിവന്നിട്ടുണ്ടു്. അതും ഈ വ്യവസായതളർച്ചയ്ക്കു് ഒരു കാരണമാണു്. മറ്റൊരു കാരണവും അവർ പറയുന്നുണ്ടു്. അതായതു് സെയിൽ ടാക്സിൻെറ കാര്യത്തെ സംബന്ധിച്ചു് ഇവിടത്തെ വ്യവസായ ഉടമസ്ഥന്മാരും ഇവിടത്തെ ഗവണ്മെൻറും തമ്മിൽ ചില തർക്കമുണ്ടാവുകയും അതിനെ സംബന്ധിച്ചു് വ്യവസായ ഉടമകൾക്കെതിരായി സുപ്രീം കോടതിയുടെ ഒരു വിധി ഉണ്ടാവുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള പല കാരണങ്ങളാലാണു് അവർ വിഷമിക്കുന്നതെന്നു് പറയുന്നു. ചരക്കുകൾ വാങ്ങുവാൻ പണമില്ലാത്തതുകൊണ്ടും ചരക്കുകൾ കിട്ടുവാൻ വിഷമമുള്ളതു

[ശ്രീ. പി. കെ. കുഞ്ഞു്]

കൊണ്ടും വ്യവസായം നടത്തിക്കൊണ്ടുപോകുന്നതിനു് പ്രയാസമായിത്തീരുമെന്നാണു് അവർ പറയുന്നതു്. ഈ പരിതഃസ്ഥിതിയിലാണു് ഈ വ്യവസായ ഉടമകൾ സാധാരണഗതിയിൽ കഴിഞ്ഞ ഒന്നു രണ്ടു മാസക്കാലം വ്യാപാരം നിറുത്തി വയ്ക്കാൻ ഇടയായതു്. ഈ വ്യവസായം വീണ്ടും ആരംഭിക്കുന്നതിനു് അവർ തന്നെ പരിശ്രമിക്കുന്നുണ്ടു്. ഫെബ്രുവരി മാസത്തിൽ ഇവിടെയുള്ള വ്യവസായികൾ എല്ലാംകൂടി ചേർന്നു് ഒരു സിൻസിക്കേററു് ഉണ്ടാക്കിയിട്ടുണ്ടു്. അവർ അണ്ടി ആഫ്രിക്കയിൽ നിന്നു് നേരിട്ടു് വരുത്തുവാനാണു് ഉദ്ദേശിക്കുന്നതു്. അവർ ഇൻഡ്യാഗവണ്മെൻറിനെ സമീപിക്കാൻ പോകയാണു്. ഒരു സ്പെഷ്യൽ ലൈസൻസിംഗ് സിസ്റ്റം ഏർപ്പെടുത്തുന്ന പക്ഷം നേരിട്ടു് അണ്ടി ആഫ്രിക്കയിൽ നിന്നു് വരുത്താമെന്നു് അവർ വിചാരിക്കുന്നു. ഇത്ര രൂപായ്ക്കുള്ള ചരക്കുകൾ, അണ്ടിപ്പരിപ്പ്, ഈ നാട്ടിൽ നിന്നു വിദേശങ്ങളിലേയ്ക്കു് കയററി അയയ്ക്കാമെന്നുള്ള ഒരു വ്യവസ്ഥയിൽ ആഫ്രിക്കയിൽ നിന്നു് അണ്ടി നേരിട്ടു വരുത്താൻ ലൈസൻസുകിട്ടിയാൽ അവർ നേരിട്ടുവരുത്താൻ തീരുമാനിച്ചിരിക്കുകയാണു. അതിലേയ്ക്കു് വേണ്ട ഫണ്ടുണ്ടാക്കുന്നതിനാണു് അവർ സിൻഡിക്കേററുണ്ടാക്കിയിരിക്കുന്നതു്. ഇയ്യിടെ അവർ കുറെ അണ്ടി വരുത്തുകയുണ്ടായി. അതുകൊണ്ടു് ൧൫൦ രൂപാ മുതൽ ൧൮൦ രൂപാ വരെ വിലയുണ്ടായിരുന്ന ചരക്കു് ൭൦ രൂപായ്ക്കു് അവർക്കു കിട്ടുവാനിടയായിട്ടുണ്ടു്. അതിൻെറ ഫലമായിട്ടാണു് പത്തുപതിനെട്ടു ഫാക്ടറികൾ വീണ്ടും പ്രവർത്തനം തുടങ്ങീട്ടുള്ളതു്. ബഹുമാനപ്പെട്ട ചില മെംബറന്മാർ പ്രത്യക്ഷമായിട്ടല്ലെങ്കിലും അവരുടെ പ്രസംഗങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ചില ഉടമകളുടെ മനോഭാവത്തെപ്പററി ഒന്നും ഞാൻ പറയുന്നില്ല. വേണമെന്നുണ്ടെങ്കിൽ അവരിൽ ചിലക്കു് പ്രവൃത്തി തുടങ്ങുവാൻ സാധിക്കും. അങ്ങിനെ അവർ ചെയ്യാതിരിക്കുന്നതു് അമിതമായ ലാഭം കിട്ടുവാനുള്ള വിഷമം ഉള്ളതുകൊണ്ടാണു്. ഈ ഗവണ്മെൻറുതന്നെ കശുഅണ്ടിത്തൊഴിലാളികളുടെ കാര്യത്തെപ്പററി മദിരാശി ഗവണ്മെൻറിനോടു് അഭിപ്രായം ചോദിക്കുകയുണ്ടായിട്ടുണ്ടു്. അതായതു് വ്യവസായതക്കഭേദഗതി നിയമമനുസരിച്ചു് കശുഅണ്ടി തൊഴിലാളികളെക്കൂടി ആ നിയമത്തിൻെറ പരിധിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ളതാണു്. ഈ ആക്ടിൻെറ പരിധിയിൽ കശുഅണ്ടിത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുവാൻ കഴിയുന്ന പക്ഷം ഇന്നുള്ള അവരുടെ അവശതകൾക്കു പരിഹാരം കുറെയൊക്കെ ഉണ്ടാകുന്നതാണു്.

ശ്രീ. കെ. കരുണാകരൻ: വ്യവസായ തക്ക നിയമത്തിൻെറ പരിധിയിൽ ഈ വ്യവസായികളെ കൊണ്ടുവരുവാൻ കഴിയുമോ എന്നു് നോക്കുവാൻ ഒരു കേസെങ്കിലും എടുത്തു് റെഫർ ചെയ്യുവാൻ തയാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇപ്പോഴത്തെ ആക്ടു് അനുസരിച്ചു് ഈ തൊഴിലാളികൾ അതിൻെറ പരിധിയിൽ വരുകയില്ല.

ശ്രീ. കെ. കരുണാകരൻ: തൊഴിലാളികളെ സംബന്ധിച്ചുള്ള ഡഫനിഷനിൽ കുറച്ചു സംശയമുണ്ടു്. ആ ഡഫനിഷൻ ശരിയല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടത്തെ ആക്ടിൽ ൨൪൦ ദിവസം ഒരു വർഷത്തിൽ തുടർച്ചയായി ജോലി ഉണ്ടെങ്കിൽ മാത്രമേ ആ ആക്ട് അനുസരിച്ചുള്ള ആനുകൂല്യത്തിന് അവകാശമുള്ളു. കഴിഞ്ഞ ൧൨ മാസം ൨൪൦ ദിവസം തുടർച്ചയായി ഈ തൊഴിലാളികൾക്ക് ജോലി കിട്ടിയില്ല. അതുകൊണ്ട് ഈ ആക്ട്മൂലമുള്ള സഹായം അവർക്കു കിട്ടുകയില്ല.

ശ്രീ. പി. കെ. കുഞ്ഞ്: ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി; വൻശേഖരക്കാരെ കണ്ടുപിടിക്കുന്ന കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന്; അത് വളരെ ശരിയാണ്. ചില മെംബറന്മാർ ഇവിടെ അഭിപ്രായപ്പെട്ടതുപോലെ ധാരാളം ചരക്കുകൾ ശേഖരിച്ചുവച്ചുകൊണ്ട് ചില മുതലാളികൾ പണിനടത്താതിരിക്കുന്നു എന്നു പറയുന്നതിൽ പരമാർത്ഥമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സിൻഡിക്കേറ്റിൽനിന്നു വരുത്തുന്ന അണ്ടിയിൽ ൭൫ ശതമാനവും വാങ്ങുന്ന തങ്ങൾകുഞ്ഞു മുസലിയാർ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നു അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഗവണ്മെന്റിനു ഈ കാര്യത്തിൽ ചെലുത്താവുന്ന എല്ലാ സ്വാധീനങ്ങളും ചെലുത്തി അതു പരിഹരിക്കാൻ ശ്രമിക്കാമെന്നാണ് ബഹുമാനപ്പെട്ട മെംബർമാരോടു എനിക്കു സമാധാനം പറയുവാനുള്ളത്. റസലൂഷനിൽതന്നെ ആവശ്യപ്പെട്ടിരിക്കുന്നതു ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ സത്വരവും അടിയന്തിരവുമായ ശ്രദ്ധ പതിയേണ്ടതു ആവശ്യമാണെന്നാണ്. ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നുണ്ട്. ഫാക്ടറി അടച്ചുപൂട്ടിയതുമൂലം ൨൫,൦൦൦ ത്തോളം ആളുകൾക്ക് തൊഴിലില്ലാതായിട്ടുണ്ടെന്നുള്ളതു ശരിയാണ്. അതിന്റെ പരിഹാരത്തിനുവേണ്ടി ഗവണ്മെന്റ് കഴിവുള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നതാണെന്നും ഇതിന്റെ പരിഹാരത്തിനായി ആത്മാർത്ഥമായി പരിശ്രമിക്കാമെന്നും ഉറപ്പുതരുവാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായശാല ഉടമസ്ഥന്മാരും മററു ആവശ്യമുള്ള കക്ഷികളും ചേർന്നു പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതിനു ഉടനടിതന്നെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. ഇതിനെക്കുറിച്ചു കേന്ദ്രഗവണ്മെന്റുമായി ആലോചിച്ച് ആവശ്യമായ ഒരു ലൈസൻസിംഗ് സിസ്റ്റം ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ വിഷമപ്പെട്ട പ്രശ്നത്തിൽ ഏകപക്ഷീയമായ ഒരു നില സ്വീകരിക്കുവാൻ ഗവണ്മെന്റിനു സാദ്ധ്യമല്ല. മുതലാളികളുടെയും തൊഴിലാളികളുടെയും നിലയ്ക്കു വലിയ ദോഷം വരാത്തവണ്ണം ഫാക്ടറിവ്യവസായം തുടർന്നു എല്ലാ തൊഴിലാളികൾക്കും ജോലി കൊടുക്കത്തക്കവിധത്തിൽ ഗവണ്മെന്റ് പരിശ്രമിക്കുന്നതാണെന്നു മാത്രം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. പ്രമേയാവതാരകൻ ആവശ്യപ്പെട്ടിരിക്കുന്ന ഉറപ്പു ഗവണ്മെന്റിൽനിന്നു കിട്ടിയിരിക്കുന്നതുകൊണ്ട് പ്രമേയം പിൻവലിക്കുവാൻ അദ്ദേഹം തയ്യാറാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

As it was 6 P. M., the Assembly adjourned to meet again at 11 A. M. on Saturday, the 27th March 1954.

Appendix I.

[*Please See Answer to Short Notice Question No.* 1 (1)]

Providing temporary foundation and sheds for lift pumps at :

Contour channel	No.	I	Rs. 148
do.	No.	II	Rs. 129
do.	No.	III	Rs. 197
do.	No.	IV	Rs. 127
do.	No.	V	Rs. 113

Deepening the silted up portion of the channel for free flow of water during pumping for irrigation Rs. 59 .

Total Rs. 773

Appendix II.

[Please see Answer to Question No. 21 (31)].

Laws in force in the Travancore and Cochin areas which are yet to be integrated.

1. Court of Wards Act.
2. Literary, Scientific and Charitable Societies (Registration) Act.
3. Livestock Improvement Act.
4. Municipal Act
5. Public Health Act.
6. Abkari Act
7. Cattle Disease Act.
8. Cinematograph Act.
9. Dramatic Performances Act.
10. Insolvency Act.
11. Irrigation Act.
12. Chitties (Kuries) Act.
13. Navigation in Public Canals and Backwaters Act.
14. Tobacco Act.
15. Vagrancy Act.
16. Weights and Measures Act.
17. Village Courts Act.
18. Land Acquisition Act.
19. Prevention of Food Adulteration Act.
20. Children Act.
21. Tenancy Laws like Cochin Verumpattam Due Act, Cochin Tenancy Act, Travancore Jenmi Kudiyan Act, etc.
22. Personal Laws such as Nair Act, Ezhava Act etc., Muslim Succession Act, Cutchi-Memon Act etc.
23. Agricultural Improvement Loans Act.
24. Cruelty to Animals Act.
25. Destruction of Records Act.
26. Public Servants Enquiries Act.
27. Epidemic Diseases Act.
28. Ferries and Tolls Act
29. Free Compulsory Primary Education Act.
30. Government Securities Act.
31. Lepers Act.
32. Survey Act.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session—1954.

Saturday, the 27th March 1954.

Vol. X	OFFICIAL REPORT	No. 5

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Saturday, the 27th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

പോലീസ് ലോക്കപ്പിലെ ദുർമ്മരണം.

*൫൫. [൧] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൩ നവംബർ ൧൯-ാംനു മുണ്ടക്കയം പോലീസ്സ്റ്റേഷൻ ലോക്കപ്പിൽ തടവിൽ വച്ചിരുന്ന കൂട്ടിക്കൽ സ്വദേശിയായ ഒരു യുവാവ് പിറേറദിവസം രാവിലെ മൃതിപ്പെട്ട് തൂങ്ങിനിന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഉണ്ട്.

ശ്രീ. പി. ഭാസ്കരൻ നായർ: മരണം അടഞ്ഞ ആളെ എന്തു കുററത്തിനായിട്ടാണ് അറസ്ററുചെയ്തത്?

ശ്രീ. എ. താണുപിള്ള: റാന്നി സ്റ്റേഷനിലെ ഒരു കേസു സംബന്ധിച്ചാണ്. ചെറിയാൻ തോമസ് എന്ന ഒരാളെ ആണ് അറസ്ററു ചെയ്തത്. മുണ്ടക്കയത്തുവച്ചാണ് അറസ്ററുചെയ്തത്?

ശ്രീ. പി. ഭാസ്കരൻ നായർ: എന്നാണ് അറസ്ററുചെയ്തത്?

ശ്രീ. എ. താണുപിള്ള: ൧൧൨൯ നവംബർ ൧൧-ാംതീയതി.

ശ്രീ. പി. ഭാസ്കരൻ നായർ: അറസ്റ്റുചെയ്തതിനുശേഷം അയാളെ മജിസ്ട്രേട്ടു മുമ്പാകെ ഹാജരാക്കിയോ?

ശ്രീ. എ. താണുപിള്ള: അന്നു നേരമായിപ്പോയതുകൊണ്ട് അയാളെ മുണ്ടക്കയം സ്റ്റേഷനിൽ അന്നുരാത്രി താമസിപ്പിക്കുകയാണുണ്ടായത്.

ശ്രീ. പി. ഭാസ്കരൻ നായർ: മരിച്ചയാളെ അന്നു തനിയെയാണോ ലാക്കപ്പിൽ ആക്കിയിരുന്നതു്; അതോ വേറെ വല്ലവരും അയാളുടെ കൂടെ ലാക്കപ്പിൽ ഉണ്ടായിരുന്നോ?

ശ്രീ. എ. താണുപിള്ള: മുണ്ടക്കയം കേസിലെ പ്രതിയായ ഒരാളും കൂടി ഉണ്ടായിരുന്നതായിട്ടാണ് കാണുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ: അയാൾക്കു ഈ മരണത്തെപ്പറ്റി എന്തെങ്കിലും അറിവുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതേപ്പറ്റി പൊൻകുന്നം സ്റ്റേഷനാഫീസ് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടു അന്വേഷണം നടത്തി. പൊൻകുന്നം മെഡിക്കലാഫീസർ പോസ്റ്റുമാർട്ടം നടത്തിയിട്ടുമുണ്ട്. കോട്ടയം ഡി. എസ്സ്. പി. യും അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിൽനിന്നൊക്കെ ആത്മഹത്യയാണെന്നാണറിവായിട്ടുള്ളതു്.

ശ്രീ. പി. ഭാസ്കരൻ നായർ: ഇതിന്റെ യാഥാർത്ഥ്യം അങ്ങിനെയല്ലെങ്കിൽ ഒരു പരസ്യാന്വേഷണം നടത്താൻ ഗവണ്മെന്റു തയാറാകുമോ?

ശ്രീ. എ. താണുപിള്ള: അതേപ്പറ്റി കൂടുതലായി അന്വേഷണം നടത്തി ആവശ്യമാണെന്നു കണ്ടാൽ വേണ്ടതു ചെയ്യാം.

ശ്രീ. പി. ഭാസ്കരൻ നായർ: അവിടെയുള്ള നാട്ടുകാരെല്ലാംകൂടി ഈ സംഭവത്തെക്കുറിച്ച് ഒരു പരസ്യാന്വേഷണം നടത്തണമെന്ന് ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ഓ. ബാവ: അയാൾ തൂങ്ങിമരിച്ച മുറിയിൽ വേറെ വല്ലവരുമുണ്ടായിരുന്നോ?

ശ്രീ. എ. താണുപിള്ള: ഞാൻ പറഞ്ഞ ഉത്തരത്തിൽ കൂടുതലായി എനിക്കൊന്നും പറയുവാൻ നിവൃത്തിയില്ല.

പോലീസു ലാക്കപ്പിലെ മരണം.

*൭൬. [ച] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮ ഫെബ്രുവരി ൨൩-ാംനു രാത്രി തിരുവനന്തപുരം കോട്ടയ്ക്കകം പോലീസ്സ്റ്റേഷൻ ലാക്കപ്പിൽ അടയ്ക്കപ്പെട്ടിരുന്ന ചെല്ലയ്യൻ എന്ന ചെറുപ്പക്കാരന്റെ ജഡം പിറ്റേദിവസം ലാക്കപ്പിനുള്ളിൽ തൂങ്ങിക്കിടക്കുകയാണുണ്ടായതെന്ന സംഭവം ഗവർമ്മെന്റു ഗൗനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലാക്കപ്പുമരണത്തെപ്പററി നിഷ്പക്ഷമായ പരസ്യാന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനടി വേണ്ട നടപടി കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) ഭവനഭേദനം, മോഷണം ഇമ്മാതിരി കുററങ്ങൾക്ക് പല തവണ ശിക്ഷിക്കപ്പെട്ടിട്ടുള്ള ചെല്ലയ്യൻ എന്നൊരാളെ ൧൧൨൮ ഫെബ്രുവരി മാസം ൨൫-ാംതീയതി രാത്രി ഫോർട്ടുപോലീസ് അറസ്ററു ചെയ്തു. പിറേറദിവസം രാവിലെ സ്റ്റേഷനോടനുബന്ധിച്ചുള്ള കക്കൂസിൽ പുള്ളി തൂങ്ങി മരിച്ചു നിൽക്കുന്നതായി കാണപ്പെട്ടു.

(ബി) പോലീസ് കസ്റ്റഡിയിലിരിക്കവേ ഉണ്ടാകുന്ന മരണങ്ങളെപ്പററി അന്വേഷണവും ഇൻക്വസ്ററും ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടു നടത്തിയിരിക്കണമെന്നുള്ള വ്യവസ്ഥയനുസരിച്ച് പ്രസ്തുത സംഭവത്തെപ്പററി അപ്രകാരമൊരു അന്വേഷണം നടത്തപ്പെട്ടു. ഈ അന്വേഷണത്തിലും ജനറൽ ആസ്പത്രിയിൽവച്ചു നടത്തപ്പെട്ട പോസ്ററുമാർട്ടം പരിശോധനയിലും പ്രസ്തുത സംഭവം തൂങ്ങിമരണമാണെന്നു വെളിപ്പെട്ടു. അതിനാൽ ഒരു പരസ്യാന്വേഷണത്തിന്റെ ആവശ്യമില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : പലതവണ ബന്ധനസ്ഥനായിട്ടുള്ള ചെല്ലയ്യൻ മാനഹാനികൊണ്ടു തൂങ്ങിമരിച്ചതാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : എന്താണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : തൂങ്ങിമരണത്തിനു കൂടുതൽ സൗകര്യം ലാക്കപ്പിലുണ്ടോ ?

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. ടി. എ. മജീദ് : ലാക്കപ്പുകളിൽ കൊണ്ടുപോകുന്ന ആളുകളുടെ ജഡമായിട്ടാണു് പുറത്തു കൊണ്ടുപോകുന്നതെന്നറിയാമോ?

(ഉത്തരമില്ല)

ശ്രീ. ഡി. വിവേകാനന്ദൻ : കെട്ടിത്തൂങ്ങിമരണമല്ല എന്നറിയുന്നതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. എ. താണുപിള്ള : അങ്ങിനെ പറയാൻ നിവൃത്തിയില്ല.

ചന്തക്കരം പിരിവ്.

* ൭൧. [൨] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് പഞ്ചായത്തു് അതിർത്തികളിലുള്ള പബ്ലിക്ക് മാർക്കറ്റുകളിലെ ചന്തക്കരം പിരിവു് പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഉണ്ടു്.

(ബി) ഉണ്ടു്. അതിലേയ്ക്കാവശ്യമുള്ള നക്കൽച്ചട്ടം ഉണ്ടാക്കുന്നതിനു പഞ്ചായത്തു് ഡയറക്ടർക്കു് ഗവണ്മെന്റു നിർദ്ദേശം കൊടുത്തിരിക്കുകയാണു്.

ശ്രീ വി. ശ്രീധരൻ: അതിനു് എത്ര കാലതാമസം വേണ്ടിവരും?

ശ്രീ. പി. കെ. കുഞ്ഞു്: നക്കൽച്ചട്ടങ്ങൾ എഴുതി ഉണ്ടാക്കുന്നതിനു് ആവശ്യമായ കാലതാമസം വേണ്ടിവരുന്നതാണു്.

ശ്രീ. വി. ശ്രീധരൻ: ചന്തക്കരം പിരിക്കുന്നതിനുള്ള അധികാരം ആർക്കാണു്?

ശ്രീ. പി. കെ. കുഞ്ഞു്: ൧൧൨൫ വരെ കൊച്ചിയെ സംബന്ധിച്ചിടത്തോളം പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെന്റിനും തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റിനും അധികാരം കൊടുത്തിട്ടുണ്ടു്.

ശ്രീ. വി. ശ്രീധരൻ: പല മാർക്കറ്റുകളിലും അന്യായമായി ചന്തക്കരം പിരിച്ചുവരുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇല്ല.

ശ്രീ. ടി. ഒ. ബാവാ: ഈ കൊല്ലം പഞ്ചായത്തു് അതിർത്തികളിൽ പെട്ട ചന്തകളിൽനിന്നും ലേലം ചെയ്തു ലഭിക്കുന്ന തുക അതാതു പഞ്ചായത്തുകൾക്കുതന്നെ ലഭിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ചന്തക്കരം പിരിക്കുന്നതിനുള്ള അധികാരം ഡിപ്പാർട്ടുമെന്റുകളെ ഏൽപ്പിച്ചിരിക്കുന്നതുകൊണ്ടു് അതിലേയ്ക്കു് ആവശ്യമുള്ള ചെലവു കഴിച്ചു് ബാക്കിയുള്ള സംഖ്യ പഞ്ചായത്തിലേയ്ക്കു തന്നെയാണു് അവകാശമുള്ളതു്.

കൈത്തറിനെയ്ത്തു വ്യവസായം.

* ൭൩. [൪] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ കൈത്തറിനെയ്ത്തു വ്യവസായം സംരക്ഷിക്കുന്നതിനു വേണ്ടി കേന്ദ്രഗവണ്മെന്റു് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി ഈ ഗവണ്മെന്റിനു് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണെന്നു് വെളിപ്പെടുത്തുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അറിയാം.

(ബി) ൧൯൫൩–൫൪ സാമ്പത്തികവർഷത്തിൽ ഈ സ്റ്റേറ്റിൽ കൈത്തറി വ്യവസായം പരിപോഷിപ്പിക്കുന്നതിന് ഇൻഡ്യാ ഗവൺമെൻറ് ൯,൧൩,൦൦൦ രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതിയുടെ വിശദവിവരവും അനുവദിച്ചിട്ടുള്ള തുകയും താഴെ പറയുന്നു.

(൧) പുതിയ നെയ്ത്തുതൊഴിലാളി അംഗങ്ങളുടെ മൂലധന ഓഹരി (Share Capital) കൊടുക്കുന്നതിന് വായ്പയായിട്ട് ൧,൫൦,൦൦൦ രൂപ.

(൨) നെയ്ത്തുതൊഴിലാളി സഹകരണസംഘത്തിൻെറ പ്രവർത്തനമൂലധനത്തിനുവേണ്ടി വായ്പയായിട്ട് ൪,൦൦,൦൦൦ രൂപ.

(൩) കൈത്തറിത്തുണി വില്പനയിൽ ഇളവ് (Rebate) നല്കുന്നതിന് (സഹായധനം) ൨,൦൦,൦൦൦ രൂപ.

(൪) Throw shuttle സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതുമാററി Fly shuttle സ്ഥാപിക്കുന്നതിന് (സഹായധനം) ൧,൨൫,൦൦൦ രൂപ.

(൫) മാർക്കററിംഗ് ഡിപ്പോകൾ സംഘടിപ്പിക്കുന്നതിനു (വായ്പ) ൬൦,൦൦൦ രൂപ.

(൬) ഒരു വാൻ (Van) വാങ്ങുന്നതിന് ൩൩,൦൦൦ രൂപ.

(൭) പ്രചരണങ്ങൾക്കുവേണ്ടി (വായ്പ) ൫൦൦൦ രൂപ.

ശ്രീ. വി. ശ്രീധരൻ: ഇപ്പോൾ കൈത്തറിനെയ്ത്തുകാർക്ക് വിതരണം ചെയ്യപ്പെടുന്ന നൂലിൻെറ വിലയിൽ എന്തെങ്കിലും കുറവു വരുത്തിയിട്ടുള്ളതായി ഗവൺമെൻറിനറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അറിവില്ല.

ശ്രീ. വി. ശ്രീധരൻ: അങ്ങിനെ വിലക്കുറവു വരുത്തേണ്ടതാവശ്യമാണെന്ന് കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇതുവരെ ചെയ്തിട്ടില്ല.

Shri A. A. D. Luiz: Are the Government aware that the prices of yarn in the State are much higher than those prevailing in other States?

Shri P. S. Nataraja Pillai: No.

ശ്രീ. കെ. സി. ജോർജ്ജ്: നൂലിൻെറ വില കുറച്ചുകൊടുക്കണമെന്നു വല്ല മെമ്മോറാണ്ടവും ഈ ഗവൺമെൻറ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ?

Shri P. S. Nataraja Pillai : The spinning mills are under the control of the Government of India. If a subsidy is granted that may lessen the working cost. Whether such an approach is to be made is a matter for consideration. Apart from this, this Government can take the case before the Government of India to control the yarn production in the whole of India and to fix the price. These are matters for consideration. But as long as the Government of India are prepared to give a subsidy for the rehabilitation of the industry, that must satisfy the legitimate demands of the industry.

ശ്രീ. പി. വിശ്വംഭരൻ : ഈ ഒൻപതുലക്ഷത്തിഏഴുപത്തിമൂവായിരം രൂപയിൽ ഇതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നു പറയുന്നതിനാവശ്യമായ വിവരങ്ങൾ എന്റെ കൈവശമില്ല. കഴിഞ്ഞ കൊല്ലം സെക്കൻറ്ഹാഫിലാണു് ഈ തുക കേന്ദ്രഗവണ്മെൻറ് അനുവദിച്ചതു്. അപ്പോൾത്തന്നെ ഈ തുക വിനിയോഗം ചെയ്തിട്ടില്ല. അതിനുള്ള അധികാരം ആൾ ഇൻഡ്യാ ഹാൻഡ്ലൂം ബോർഡിലുള്ള ഒരു കമ്മിററിക്കാണു് കൊടുത്തിട്ടുള്ളതു്. അതു കഴിഞ്ഞ ഉടനെ തിരുവിതാംകൂറിലുണ്ടായ കാൺസ്റ്റിററ്യൂഷണൽ ഡിഫിക്കൽററീസുമൂലവും മററും അതിന്റെ ഫൈനൽ ഫിഗേഴ്സ് വന്നിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : ഈ തുക ലാപ്സായി പോകാൻ ഇടയില്ലേ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ലാപ്സായി പോവുകയില്ല. അതു് ലാപ്സാകാതെ ഹാൻഡ്ലൂം ഇൻഡസ്ട്രീസ് ബോർഡു് ചെലവാക്കുന്നതാണു്.

ശ്രീ. യു. നീലകണ്ഠൻ : ഇതു പ്രവൃത്തിനത്തിൽ വരാൻ എത്ര കാലതാമസം വേണ്ടിവരുമെന്നാണു് വിചാരിക്കുന്നതു് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിടപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കൊച്ചുകുഞ്ഞു് : നൂലിന്റെ നിയന്ത്രണം ഇല്ലാതാക്കുന്നതിനു വല്ല നടപടിയും എടുക്കാനാലോചിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അങ്ങിനെ വേണമെന്നാണുദ്ദേശിക്കുന്നതു്.

ശ്രീ. എം. ഭാസ്കരൻ നായർ : ഈ ത്രോ ഷട്ടിൽ മാററി ഫ്ളൈഷട്ടിൽ സ്ഥാപിക്കുന്നതിനു് തറി ഒന്നുക്കു് 5 രൂപയാണനുവദിച്ചിട്ടുള്ളതു് എന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : മെംബർ പറയുന്നതു് ശരിയാണെന്നാണെനിക്കുതോന്നുന്നതു്.

Anglo-Indians in Government Service.

* 59. [5] **Shri A. A. D. Luiz:** Will the Chief Minister be pleased to state the exact number of Anglo-Indians now in the services of State Government, their designation and grade of pay?

Chief Minister (**Shri A. Thanu Pillai**) : A † statement containing the required information is placed on the table.

Shri A. A. D. Luiz:: Sir, may I know the number of hands entertained after the integration of the two States?

Shri A. Thanu Pillai: That is not available with me.

Shri A. A. D. Luiz: May I know if anybody entertained has been dismissed after the integration of the two States ?

Shri A. Thanu Pillai: I am not in a position to answer that question also.

ശ്രീ. കെ. സി. ജോർജ്ജ്: നമ്മുടെ സ്റ്റേറ്റിൽ ആംഗ്ലോ ഇൻഡ്യൻസിന്റെ ജനസംഖ്യ എത്രയാണ്?

ശ്രീ. എ. താണുപിള്ള: ൧൯൫൧-ലെ സെൻസസ് അനുസരിച്ച് ൧൧,൯൯൦ ആണ്.

മത്സ്യവ്യവസായവികസനകേന്ദ്രം.

* ൬൦. [൬] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ രാജ്യത്തു മത്സ്യവ്യവസായവികസനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ?

(ബി) നോർവീജിയൻ കമ്പനിക്കാരും, ഗവണ്മെന്റും തമ്മിൽ മത്സ്യവ്യവസായവികസനം സംബന്ധിച്ച് എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആ കരാറിന്റെ സ്വഭാവം എന്തെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ഐക്യരാഷ്ട്രങ്ങൾ, നോർവീജിയൻ ഗവണ്മെന്റ്, ഇൻഡ്യാ ഗവണ്മെന്റ് എന്നിവർ ചേർന്ന് കൊല്ലം ഇൻഡോ നോർവീജിയൻ പദ്ധതിയെപ്പറ്റി ഒരു കരാർ ഉണ്ടായിട്ടുണ്ട്. ഗവണ്മെന്റ് ഏതെങ്കിലും കമ്പനിക്കാരുമായി ഇൻഡോ നോർവീജിയൻ പദ്ധതിയെപ്പറ്റി കരാറൊന്നുമില്ല.

† Please see Appendix I.

(സി) കരാറിന്റെ † ഒരു പ്രതി മേശപ്പുറത്തുവച്ചിട്ടുണ്ട്.

ശ്രീ. ടി. ഒ. ബാവാ: റഷ്യയിൽനിന്നും മത്സ്യംപിടിക്കുന്നതിനു ഈ ഗവണ്മെന്റിനു സഹായം നൽകാമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെന്റിനെ അങ്ങനെ അറിയിച്ചിട്ടില്ല.

ശ്രീ. എം. പി. മേനോൻ: റഷ്യയുമായി നേരിട്ടു കൈകാര്യം ചെയ്യാൻ ഈ ഗവണ്മെന്റിനു അധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇല്ല.

ശ്രീ. ടി. വി. തോമസ്: ഇൻഡോ നോർവീജിയൻ പദ്ധതിയിന്മേൽ ഈ ഗവണ്മെന്റിനു എന്തെങ്കിലും ഭരണാധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇതിന്റെ ഭരണം ഇൻഡ്യാഗവണ്മെന്റിന്റെ സൂപ്പർവിഷനു വിധേയമായിട്ടായിരിക്കും. നോർവീജിയൻ കമ്പനിയുടെ ബോർഡു പ്രതിനിധികളുമായിട്ടു ആലോചിച്ചു ഈ ഗവണ്മെന്റാണ് അതിന്റെ ഭരണം നടത്തുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പദ്ധതിയുടെ പ്രവർത്തനത്തിനു വേണ്ടി ഏതെങ്കിലും ഒരു അനൗദ്യോഗസ്ഥ ഉപദേശകസമിതിയെ സംഘടിപ്പിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെന്റു ചെയ്തിട്ടുള്ള കരാറുകൾക്കു വിപരീതമല്ലെങ്കിൽ വിരോധമില്ല.

ശ്രീ. അവിരാത്തരകൻ: ഈ പദ്ധതിയനുസരിച്ച് പുറംകടലിൽനിന്നും മീൻ പിടിക്കുന്നതിന് സൗകര്യം ചെയ്യുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു് റിക്കാർഡുകൾ നോക്കിയാലെ അറിയാൻ പാടുള്ളു.

ശ്രീ. അവിരാത്തരകൻ: നോർവീജിയൻ കമ്പനിക്കാർ ഇപ്പോൾ പുറംകടലിൽനിന്നും മത്സ്യം പിടിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. താണുപിള്ള: അറിവില്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: നോർവീജിയൻ കമ്പനിക്കാരുടെ പ്രവർത്തനസ്ഥലത്തു ഇപ്പോൾ ധാരാളം കെട്ടിടങ്ങൾ കെട്ടി കാണുന്നുണ്ടല്ലോ? ആരുടെ ചെലവിലാണു അതു കെട്ടിയിട്ടുള്ളതു്?

ശ്രീ. എ. താണുപിള്ള: അതിന്റെ ചെലവ് നമ്മുടെതല്ല.

ശ്രീ. എം. പി. മേനോൻ: ഇവിടെ വന്നിട്ടുള്ള നോർവീജിയൻ വിദേശികൾ ഈ സ്റ്റേററിന്റെ താൽപ്പര്യത്തിനെതിരായി പ്രവർത്തിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ അറിവില്ല.

† Please see Appendix II.

ശ്രീ. യു. നീലകണ്ഠൻ: മത്സ്യംപിടിക്കുന്നതിനുവേണ്ടി സർക്കാരിൽ നിന്നും വാങ്ങിയിട്ടുള്ള കപ്പൽ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണോ?

മി. സ്പീക്കർ: ആ ചോദ്യത്തിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. കെ. സി. ജോർജ്ജ്: അടുത്തകാലത്തു് നാർവീജിയൻ കമ്പനിക്കാരെപ്പററി അവരെ സൂക്ഷിക്കണമെന്നും അവർ ഈസ്റ്റിൻഡ്യാ കമ്പനിക്കാരുടെ ഏജൻറന്മാരാണെന്നും മററും ബ്ലിററ്സിൽ ഒരു പത്രവാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഒരു വാർത്ത പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ കമ്പനിക്കാർ ഈ രാജ്യത്തു മത്സ്യവികസന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഈ കമ്പനിക്കാർ ഇവിടെ തനിച്ചു യാതൊന്നും പ്രവർത്തിക്കുന്നില്ല. ഞാൻ മുമ്പുപറഞ്ഞതുപോലെ മൂന്നുകൂട്ടരും കൂടി ചേർന്നാണു ഈ പദ്ധതി പ്രവർത്തിച്ചു വരുന്നതു്. ഇപ്പോൾ കൊല്ലത്താണു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. അവിരാതരകൻ: നോർവീജിയൻ കമ്പനിക്കാരെപ്പററി പലകേൾവികളും കേൾക്കുന്നതുകൊണ്ടു് അവരുടെ പിന്നാലെ സി. ഐ. ഡി.ക്കാരെയോ മററു ആരെയെങ്കിലുമോ അയച്ചു് അവരുടെ നിജസ്ഥിതിയെപ്പററി സൂക്ഷ്മമായ അന്വേഷണം നടത്താൻ ഗവൺമെൻറ തയ്യാറാകുമോ?

ശ്രീ. എ. താണുപിള്ള: ആവശ്യമുള്ള കാര്യങ്ങളെല്ലാം ഗവൺമെൻറ അന്വേഷിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

മദ്യനിരോധനം.

* ന്റ.ഫ. [൭] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മദ്യനിരോധനംകൊണ്ടു് സർക്കാരിൻെറ വരവിൽ ഉണ്ടായിട്ടുള്ള നഷ്ടം എത്ര?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): പ്രതിവർഷം എഴുപത്തിഎട്ടു ലക്ഷംരൂപ.

ശ്രീ. യു. നീലകണ്ഠൻ: ഈ മദ്യനിരോധന പ്രസ്ഥാനത്തോടു ജനങ്ങൾ എതിരാണെന്നുള്ളതു സർക്കാരിനറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അല്ല. അങ്ങനെ അറിവില്ല.

ശ്രീ. യു. നീലകണ്ഠൻ: മദ്യനിരോധനം നിറുത്തുക്കുവാൻ ഗവൺമെൻറ ഇപ്പോൾ വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇപ്പോൾ നിറുത്തണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മദ്യനിരോധനംനിമിത്തം സക്കാരിനുണ്ടായിട്ടുള്ള മേൽപ്പറഞ്ഞ നഷ്ടം ഈ കൊല്ലത്തെയാണോ അതോ ആകെയുള്ള നഷ്ടമാണോ?

ശ്രീ പി. എസ്സ്. നടരാജപിള്ള : ഇക്കൊല്ലത്തെ നഷ്ടമാണ്. ആകെയുള്ള നഷ്ടം അറിയണമെങ്കിൽ ഈ എഴുപത്തിയെട്ടു ലക്ഷം രൂപയെ നിരോധനം നിലവിലിരുന്ന കൊല്ലങ്ങളെക്കൊണ്ടു ഗുണിച്ചാൽമതി.

Shri A. A. D. Luiz : Are the Government aware that the Andhra and Madhya Pradesh Governments have abandoned total prohibition?

Shri P. S. Nataraja Pillai : Even the U. S. A. has given up.

ശ്രീ. എ ജെ. ഭട്ട് : മദ്യനിരോധനം രാജ്യത്തിനു ഒരു നഷ്ടമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

Shri P. S. Nataraja Pillai : Certainly the Government will consider that. Whether it is advantageous to the country to have prohibition or not is a matter for consideration.

മരച്ചീനി ഉൽപ്പാദനം.

* ൩൨. [വ്യ] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮-ൽ തിരുവിതാംകൂർ-കൊച്ചിയിൽ മൊത്തം മരച്ചീനി ഉൽപ്പാദനം എത്ര; പുറമേ കയററി അയച്ചതെത്ര;

(ബി) മരച്ചീനി കയററി അയയ്ക്കൽ, എത്രയും വേഗത്തിൽ നിറുത്തലാക്കാൻ സക്കാരിനു ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ൧൧൨൮-ൽ മൊത്തം ഉൽപ്പാദിപ്പിച്ച മരച്ചീനിയുടെ കണക്ക് എടുത്തിട്ടില്ല. പുറമെ കയററി അയച്ചതിൻെറയും കണക്കെടുത്തിട്ടില്ല.

(ബി) തീരപ്രദേശങ്ങളിലുള്ള ചില സ്ഥലങ്ങളിൽ മരച്ചീനി വേണ്ടിടത്തോളം കിട്ടുന്നില്ല എന്നു മുമ്പ് പരാതിയുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, കൺട്രോൾ വിലയ്ക്കു ആവശ്യമുള്ള മരച്ചീനി എല്ലായിടത്തും കിട്ടുന്നുണ്ടെന്നാണ് റിപ്പോർട്ടു ലഭിച്ചിട്ടുള്ളതു്. അങ്ങനെ കിട്ടുന്നില്ലായെങ്കിൽ മരച്ചീനി എല്ലായിടത്തും കിട്ടത്തക്കവണ്ണം ഏർപ്പാടുചെയ്യാം. മരച്ചീനിയുടെ കയററുമതി ഉത്തരവ് നിറുത്തലാക്കേണ്ട ആവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : ഇവിടെനിന്നും കയററി അയയ്ക്കുന്ന മരച്ചീനിയുടെ കണക്ക് ഗവണ്മെൻറിൻെറ കൈവശമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ഇല്ല.

ശ്രീ. യു. നീലകണ്ഠൻ: തീരപ്രദേശത്ത് മരച്ചീനി കിട്ടുവാൻ എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അവിടെ മരച്ചീനി കിട്ടുന്നില്ലെന്നു കണ്ടാൽ വേണ്ട ഏർപ്പാടുകൾ ചെയ്യും. ഇപ്പോൾ അതിന്റെ ആവശ്യമുള്ളതായി അറിയുന്നില്ല. ബഹുമാനപ്പെട്ട മെമ്പർമാർ കിട്ടുന്നില്ലെന്നറിയിച്ചാൽ വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. കെ. എസ്സ്. കൃഷ്ണൻ ശാസ്ത്രി: മരച്ചീനിയുടെ ഇപ്പോഴുള്ള കൺട്രോൾ വില കുറയ്ക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോഴുള്ള വില ന്യായമായിട്ടുള്ളതാണെന്നാണ് ഗവണ്മെന്റു വിചാരിക്കുന്നത്.

ശ്രീ. ടി. ഒ. ബാവാ: മരച്ചീനി ഇപ്പോഴത്തെ നിലയിൽ നിയന്ത്രിക്കുന്നതിനെക്കാൾ ഭേദം കൃഷി നിരോധിക്കൽ ആണെന്നു ഗവണ്മെന്റു മനസ്സിലാക്കുമോ?

ശ്രീ. എ. താണുപിള്ള: കൃഷിക്കാർക്ക് ദോഷം വരത്തക്കവിധത്തിലുള്ള ഒരു നടപടിയും ഗവണ്മെന്റ് എടുക്കുന്നതല്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള: ഇപ്പോഴത്തെ കൺട്രോൾ വില എന്താണ്?

ശ്രീ. എ. താണുപിള്ള: അതിനുത്തരം ഞാൻ ഇന്നലെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. ടി. പി. സീതാരാമൻ: മരച്ചീനിയുടെ കയറ്റുമതി നിരോധിച്ചതുമൂലം കൃഷിക്കാർക്ക് പ്രോത്സാഹനം ലഭിക്കുന്നില്ലെന്നും തന്നിമിത്തം കൃഷി വളരെ കുറഞ്ഞിട്ടുണ്ടെന്നും അറിയാമോ?

ശ്രീ. എ. താണുപിള്ള: മരച്ചീനിയുടെ കയറ്റുമതി നിരോധിച്ചിട്ടില്ല. മരച്ചീനി ആഹാരമായി ഉപയോഗിക്കുന്നവരുടെ ആവശ്യം കഴിച്ച് ബാക്കിയുള്ള മരച്ചീനി കയറ്റുമതി ചെയ്യുന്നുണ്ട്.

ശ്രീ പി. കെ. കുഞ്ഞച്ചൻ: മരച്ചീനിയുടെ വില ഇന്നത്തേതിൽ നിന്നും കുറയ്ക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിന്റെ ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. വിശ്വംഭരൻ: കഴിഞ്ഞ നിയമസഭയിൽ മരച്ചീനിയെ സംബന്ധിച്ച് അടിയന്തിരപ്രമേയം വന്ന അവസരത്തിൽ മരച്ചീനി കയറ്റുമതി ചെയ്യണമെന്നു ചില ഐക്യമുന്നണി അംഗങ്ങൾ വാദിച്ചതായി അറിയുമോ?

ശ്രീ. എ. താണുപിള്ള: അതു് അസംബ്ലി പ്രൊസീഡിംഗ്സിൽ കാണും. തത്സമയം കയറ്റുമതിക്ക് അനുകൂലമായും പ്രതികൂലമായും വാദങ്ങൾ നടന്നു. കേവലം ഒരു കക്ഷിയുടെ അഭിപ്രായമായിട്ടല്ല കാണാൻ

കഴിഞ്ഞതു്. അതുകൊണ്ടു് ഒരഭിപ്രായക്കാരുടെ മാത്രം താല്പര്യം വച്ചുകൊണ്ടു് ഗവണ്മെന്റിനു് ഒന്നും ചെയ്യാൻ ഒക്കുകയില്ല.

ശ്രീ. ടി. വി. തോമസ്: സർ, അസംബ്ലി നടപടികൾക്കു് സത്യവിരുദ്ധമായ സ്റ്റേറ്റുമെന്റു് തടയാൻ സ്പീക്കർക്കു് അധികാരമില്ലേ? കഴിഞ്ഞ അസംബ്ലിയിൽ മരച്ചീനി കയററുമതി ചെയ്യണമെന്നു് ഐക്യമുന്നണിക്കാർ വാദിക്കുകയുണ്ടായില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബറിന്റെ ആ പ്രസ്താവന അസംബ്ലി പ്രൊസീഡിംഗ്സിൽനിന്നും എക്സ്പഞ്ചു് ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. എ. താണുപിള്ള: അങ്ങനെയും വാദിക്കുകയുണ്ടായിയെന്നു് പ്രൊസീഡിംഗ്സു് നോക്കിയാൽ കാണാം.

ശ്രീ. കെ പി. ഹോർമീസ്: മരച്ചീനിയുടെ കയററുമതി നിരോധനം പിൻവലിച്ചതു് പൊതുജനങ്ങളുടെ നിവേദനത്തിന്റെ ഫലമായിട്ടല്ലേ?

ശ്രീ. എ. താണുപിള്ള: പൊതുജനങ്ങളിൽ ഒരു വിഭാഗം അതെടുത്തുകളയണമെന്നാവശ്യപ്പെട്ടു. അതിനെപ്പററി വേണ്ട അന്വേഷണം നടത്തി ഗവണ്മെന്റു് ഒരു തീരുമാനത്തിൽ എത്തുകയാണുണ്ടായതു്. അല്ലാതെ ഒരാളിന്റെ ആവശ്യപ്രകാരംചെയ്ത ഒരു തീരുമാനമല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: മരച്ചീനി പുറത്തേയ്ക്കു് കയററി അയയ്ക്കുവാൻ ഇപ്പോഴും പെർമിററിന്റെ ആവശ്യമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ആവശ്യമില്ലെന്നാണു തോന്നുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരച്ചീനിയായിട്ടു കയററുമതിചെയ്യാൻ ഇപ്പോഴും നിരോധനമില്ലേ?

ശ്രീ. എ. താണുപിള്ള: ഉണ്ടു്. ഇപ്പോൾ സ്റ്റാർച്ചായിട്ടു അയയ്ക്കുന്നതിനു മാത്രമേ അനുവാദമുള്ളു.

ശ്രീ. ടി. എ. മജീദ്: ആ നിരോധനത്തെ ലംഘിച്ചുകൊണ്ടു് ഇപ്പോൾ ഉണക്കമരച്ചീനി കയററി അയയ്ക്കുന്നുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ അറിവില്ല. വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടികൾ നടത്തുന്നതാണു്.

ശ്രീ. ടി. വി. തോമസ്: കഴിഞ്ഞ തവണത്തെ അസംബ്ലിയിൽ മരച്ചീനി വാങ്ങുന്നവനു് ന്യായമായ വിലയ്ക്കു അതു വാങ്ങാൻ കഴിയണമെന്നും വില്ക്കുന്നവനു് ന്യായമായ വില കിട്ടണമെന്നും അല്ലേ ഐക്യമുന്നണിക്കാർ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: എല്ലാവരും ആവശ്യപ്പെട്ടതു് അതാണു്. ഗവണ്മെന്റു് ഇതുരണ്ടും നോക്കിയാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. ഏതെങ്കിലും ഭാഗത്തുനിന്നും പരാതികൾ ഉണ്ടായാൽ ഗൗനിക്കുന്നതാണു്.

Poringalkuthu Hydro-Electric Scheme.

* 63. [9] **Shri T. P. Sitaraman:** Will the Chief Minister be pleased to state :

(*a*) the total amount so far spent in the Poringalkuthu Hydro-Electric Scheme; and

(*b*) when the Scheme is expected to be completed and when the power can be supplied from the Poringal Scheme?

Minister for Works and Transport (**Shri A. Achutan**) :

(*a*) Rs. 2,44,51,400 up to the end of February 1954.

(*b*) By the middle of 1955.

ശ്രീ. ടി. പി. സീതാരാമൻ: ൧൯൫൫-ൽതന്നെ ഈ പണി പൂർത്തിയാകുമെന്ന് ഗവണ്മെന്റു റിപ്പോർട്ടു ഉണ്ടായിരുന്നതായി അറിയാമോ?

ശ്രീ. എ. അച്ചുതൻ: അങ്ങിനെ റിപ്പോർട്ട് ഉണ്ടായിരുന്നാലും പണി മുഴുവൻ തീർന്നതിനുശേഷമേ പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ. പണി ഇപ്പോഴും മുഴുവൻ തീർന്നിട്ടില്ല. തീരാനുള്ള ഘട്ടങ്ങളും സമീപിച്ചുവരികയാണ്.

ശ്രീ. ടി. പി. സീതാരാമൻ: ആ പദ്ധതി സ്ലോഡൗൺ ചെയ്തിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. എ. അച്ചുതൻ: അതു ശരിയാണെന്നു തോന്നുന്നില്ല.

Shri M. P. Menon: Has all the machinery required for the work been got down?

ശ്രീ. എ. അച്ചുതൻ: എല്ലാ മെഷീനുകളും വന്നിട്ടുള്ളതായി ഇവിടെയുള്ള റിക്കാർഡുകളിൽനിന്നും മനസ്സിലാകുന്നില്ല. എല്ലാം ഈയാണ്ടിൽ വരുമെന്നാണ് തോന്നുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനാവശ്യമായ പൈപ്പുകൾ മുഴുവൻ കിട്ടിക്കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: ഇവിടെയുള്ള റിക്കാർഡുകളിൽനിന്നും അതു മനസ്സിലാകുന്നില്ല.

ശ്രീ. കെ. കരുണാകരൻ: ൧൯൫൫-ൽ പൂർത്തിയാകാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നു ഗവണ്മെന്റു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ ടി. വി. തോമസ്: ഇതിനു ആവശ്യമായ മെഷീനറി വരാത്തതു് കമ്മ്യൂണിസ്റ്റുകാരുടെ സ്വാധീനം കൊണ്ടാണെന്നു പറഞ്ഞതു് വാസ്തവമാണോ?

ശ്രീ. എ. അച്ചുതൻ: അതിന്റെ വാസ്തവത്തെപ്പററി അറിഞ്ഞുകൂടാ; ഞാനും അതു കേട്ടിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: ഈ മെഷീനറി ഇതുവരെ കിട്ടാത്തതിന്റെ കാരണം എന്താണെന്നറിയാമോ?

ശ്രീ. എ. അച്ചുതൻ: അതു അന്വേഷിച്ചു പറയാം.

ശ്രീ. കെ. സി. ജോർജ്ജ്: ഈ പൈപ്പുകൾ എട്ടോ ഒൻപതോ മാസം വില്ലിംഗ്ടൺ ഐലൻഡിൽ കിടക്കുകയായിരുന്നു എന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. എ. അച്ചുതൻ: അറിഞ്ഞുകൂടാ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ പദ്ധതിക്കു ആവശ്യമായ പൈപ്പുകൾ ആസ്ത്രിയായിൽനിന്നു കൊണ്ടുവരാനാണോ തീർച്ചയാക്കിയിരിക്കുന്നതു്?

ശ്രീ. എ. അച്ചുതൻ: അതിനു നോട്ടീസു വേണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനുമുമ്പു പോളണ്ടിൽനിന്നും പൈപ്പുകൾ കൊണ്ടുവരാൻ ആർഡർ കൊടുത്തിരുന്നോ?

ശ്രീ. എ. അച്ചുതൻ: അതിനും നോട്ടീസു വേണം.

ശ്രീ. കെ. എ. ബാലൻ: ഈ സ്കീം പൂർത്തിയാക്കുന്നതിനു എന്തു തുക വേണമെന്നു പറയാമോ?

ശ്രീ. എ. അച്ചുതൻ: ഇതു സംബന്ധിച്ചു് അടുത്തൊരു ചോദ്യമുണ്ടു്. അതിൽ ആ വിവരം അടങ്ങിയിട്ടുണ്ടു്.

Retrenchment of labourers in Poringalkuthu Scheme.

✱ 64. [10] **Shri T. P. Sitaraman**: Will the Chief Minister be pleased to state:

(*a*) the total number of labourers retrenched from January 1953 in Pöringalkuthu;

(*b*) what is the number of labour force at present;

(*c*) will there be any retrenchment further; and

(*d*) how many of the retrenched labour are employed elsewhere by the Government?

Minister for Works and Transport (**Shri A. Achutan**):

(*a*) 533.

(*b*) Departmental labourers— 472.

Labourers engaged by contractors—1020.

Total: 1492.

(*c*) Yes.

(*d*) This information is not available.

ശ്രീ. ടി. പി. സീതാരാമൻ: ഇനിയും ധാരാളം അവിടെ പണി നടക്കേണ്ടിയിരിക്കുന്ന അവസരത്തിൽ ഇത്രയധികം ആൾക്കാരെ പിരിച്ചയയ്ക്കുന്നതിനുള്ള കാരണം എന്താണെന്നു പറയാമോ?

ശ്രീ. എ. അച്ചുതൻ: ജോലിക്കാർ ആവശ്യമുള്ളപ്പോൾ അനാവശ്യമായി പിരിച്ചുവിടൽ നടന്നിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: ൫൦ മെക്കാനിക്കിനേയും, ൫൨ വർക്ക് സൂപ്രണ്ടന്മാരെയും പിരിച്ചയയ്ക്കാൻ ഉത്തരവായിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന് അറിയാമോ?

ശ്രീ. എ. അച്ചുതൻ: ഇതു ലേബറേഴ്സിനെ സംബന്ധിച്ചുള്ള ചോദ്യമാണ്. അതുകൊണ്ട് ഇപ്പോൾ ചോദിച്ച ചോദ്യം ഇതിൽനിന്നും ഉളിക്കുന്നതായി തോന്നുന്നില്ല.

ശ്രീ. ടി. പി. സീതാരാമൻ: അങ്ങിനെ അവരെ പിരിച്ചയയ്ക്കുന്നുണ്ടെങ്കിൽ പിരിച്ചയയ്ക്കാതിരിക്കാൻ വേണ്ട നടപടികൾ നടത്തുമോ?

ശ്രീ. എ. അച്ചുതൻ: ഇവിടെ കിട്ടിയിട്ടുള്ള വിവരങ്ങളിൽനിന്നു മനസ്സിലാകുന്നതു ടണലിന്റെ ജോലിയും, പൈപ്പ് ലൈൻ ജോലിയും, പവ്വർ ഹൗസിന്റെ ജോലിയും മററും മിക്കവാറും പൂർത്തിയാകാറായിരിക്കുന്നു എന്നാണ്. ബാക്കി ജോലികൾക്ക് ആവശ്യമുള്ള തൊഴിലാളികൾ മാത്രമേ വേണ്ടൂ. ജോലി തീർന്നുവരുന്തോറും തൊഴിലാളികളെ കുറയ്ക്കേണ്ടി വരും. ഇതു ഒരു വ്യവസായശാലയിലുള്ള ജോലിപോലെ അല്ല. ജോലി തീരുന്ന മുറയ്ക്ക് ജോലിക്കാരെ പിരിച്ചു വിടേണ്ടിവരും. അങ്ങിനെ പിരിച്ചുവിടുമ്പോൾ കൂടുതൽ സർവ്വീസുള്ളവരെ റിട്രെഞ്ചു ചെയ്യുന്നതു മെന്നുള്ള വ്യവസ്ഥ അംഗീകരിക്കണമെന്നു കാണിച്ചു് ഞാൻ ഇന്നലെത്തന്നെ ഡിപ്പാർട്ടുമെന്റിലേയ്ക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങിനെ പിരിച്ചുവിടുന്ന ആളുകളെ പുതിയ പദ്ധതികൾ എടുക്കുമ്പോൾ വീണ്ടും ജോലി കൊടുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ആറേഴു കൊല്ലമായി ലാസ്കേഴ്സിനു ബാക്കിയുള്ളവർക്കു കിട്ടുന്നതുമാതിരിയുള്ള ഏഴു രൂപ പ്രൊജക്റ്റ് അലവൻസ് കിട്ടുന്നില്ലെന്നു അറിയാമോ?

ശ്രീ. എ. അച്ചുതൻ: ന്യായമായി കിട്ടേണ്ട അലവൻസു കിട്ടുന്നതിനു വേണ്ട നിർദ്ദേശം നൽകാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ ൨൯-ാം-നു ൧൦൦ തൊഴിലാളികളെ പിരിച്ചുവിടാൻ പോകുന്നതായി അറിയാമോ?

ശ്രീ. എ. അച്ചുതൻ: അതു സംബന്ധിച്ചു് രണ്ടുമൂന്നു അടിയന്തിര പ്രമേയങ്ങൾക്കു് നോട്ടീസു കിട്ടിയിട്ടുണ്ട്. ൧൦൦ പേരെ പിരിച്ചുവിടുന്ന കാര്യം ആലോചനയിലിരിക്കുകയാണ്. ആവശ്യമില്ലാതെ ആളുകളെ വച്ചുകൊണ്ടിരിക്കാൻ കഴിയുമോ? സർവ്വീസ് കൂടുതലുള്ളവരെ റിട്രെയിൻ ചെയ്യുന്നതു കാലതാമസം നേരിട്ടിട്ടുള്ളവരെ പിരിച്ചുവിടേണ്ടിവരും. അങ്ങിനെ പിരിഞ്ഞുപോകുന്നവർക്കു് പുതിയ പദ്ധതി വരുമ്പോൾ ജോലി കൊടുക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: അവരിൽ അധികവും ൫-ം ൬-ം കൊല്ലം സർവ്വീസുള്ളവരാണെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. എ. അച്ചുതൻ: സർവ്വീസുള്ളവർ കാണും. ജോലിയില്ലെങ്കിൽ എങ്ങിനെയാണ് അവരെ വച്ചുകൊണ്ടിരിക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: റിട്ടെയിൻ ചെയ്തിട്ടുള്ളവർ കുറഞ്ഞ സർവ്വീസുള്ളവരാണെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. എ. അച്ചുതൻ: അതിനെപ്പററി നോക്കാം. കുറഞ്ഞ സർവ്വീസുള്ളവരെ പിരിച്ചുവിടുന്നതാണ് ശരി.

Shri T. S. Ramaswami: May I know whether work-establishment staff is also included in the figure given under part (a) of the answer ?

ശ്രീ. എ. അച്ചുതൻ: അതെ.

Shri T. S. Ramaswami: May I know whether schemes for alternative employment are under contemplation near Neriamangalam?

ശ്രീ. എ. അച്ചുതൻ: ഇപ്പോഠം ഷോളയാർ, പമ്പാ റിവർ സ്കീം, ലക്ഷ്മി റിവർ സ്കീം ഇങ്ങനെയുള്ള പദ്ധതികഠം ഉണ്ടു്.

Shri T. S. Ramaswami: Is the Minister aware of the fact that in the work-establishment section there are workers who have got more than 17 and 18 years service? Will their claims also be considered?

ശ്രീ. എ. അച്ചുതൻ: കൂടുതൽ സർവ്വീസുള്ളവരുടെ ക്ലെയിം ആണ് ആദ്യമായി പരിഗണിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: പിരിച്ചുവിടുന്നവക്കു് ഗ്രാററുവിററി കൊടുക്കുന്നുണ്ടോ?

ശ്രീ. എ. അച്ചുതൻ: ഗ്രാററുവിററി കൊടുക്കത്തക്കതാണോ എന്നുള്ളതു് ആലോചിച്ചു തീർച്ചപ്പെടുത്താം.

ശ്രീ. ടി. കെ. ദിവാകരൻ: പുതിയ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ററനുസരിച്ചു് ഈ തൊഴിലാളികഠംക്കു ഗ്രാററുവിററിക്കു് അവകാശമില്ലേ?

ശ്രീ. എ. അച്ചുതൻ: അങ്ങനെ അവകാശമുണ്ടെങ്കിൽ അതനുസരിച്ചുള്ള നടപടികഠം എടുക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: പൈപ്പുകളും മററും സമയത്തിനു വരാത്തതുകൊണ്ടു് പണി നിർത്തിവയ്ക്കുന്നതുകൊണ്ടാണോ തൊഴിലാളികളെ പിരിച്ചുവിടേണ്ടിവരുന്നതു്.

ശ്രീ. എ. അച്ചുതൻ: അങ്ങനെയാണെന്നു തോന്നുന്നില്ല. ടണൽ ജോലിയും പൈപ്പുലൈൻ ജോലിയും കെട്ടിടത്തിൻെറ ജോലിയും പൂർത്തിയാകാറായിരിക്കുന്നു എന്നാണ് കാണുന്നതു്.

Purchase Officers.

✻ 65 [11] **Shri Alexander Parambithara :** Will the Chief Minister be pleased to state :

(*a*) the number of rice purchase officers from our State working outside ;

(*b*) the respective places where they are working ; and

(*c*) the expenses incurred by each under head of (1) Office establishment and (2) T. A. ?

Chief Minister (**Shri A. Thanu Pillai**) : (*a*) Five.

(*b*) Bombay, Raipur, Cuttack, Vizagapatnam and Vijayawada.

(*c*) In some of these cases sanction for the staff has been given only recently and details of the expenditure incurred are not available. The available information is furnished below :—

Name of Officer.	*Details of staff.*		*Amount of T. A. drawn in 1953-54.*
1. State Rice Officer, Bombay.	Peon Rs. 40 per mensem inclusive of allowance.		Nil.
2. State Rice Officer, Raipur.	Clerk Rs. 85 per mensem inclusive of allowance.		Rs. 4,233-8-0
	Peon Rs. 50	do.	
3. State Rice Officer, Cuttack.	Clerk Rs. 85	do.	
	Peon Rs. 50	do.	Rs. 808-10-0
4. State Rice Officer, Vizagapatnam.	Clerk Rs. 85	do.	Rs. 600
	Peon Rs. 50	do.	(advance)
5. State Rice Officer, Vijayawada.	Clerks 2 Rs. 85	do.	Rs. 500
	Peon Rs. 50	do.	(advance)

Shri Alexander Parambithara : Are the clerks and peons recruited from our State or from outside?

Shri A. Thanu Pillai : I cannot give that information off hand. I think, they are from our State.

ശ്രീ. എൻ. ജി. ചാക്കോ: ഈ ഉദ്യോഗസ്ഥന്മാരുടെ സേവനം ഇനിയും അവിടെ തുടരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു് ആ സ്ഥലങ്ങളിൽ നിന്നും അരി കിട്ടുന്നതിനെ ആശ്രയിച്ചിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഉദ്യോഗസ്ഥന്മാരുടെ ജോലി എന്താണെന്നു പറയുമോ?

ശ്രീ. എ. താണുപിള്ള: അവിടെ കിട്ടുന്ന അരി പരിശോധിച്ചു വാങ്ങി അയയ്ക്കുക.

ശ്രീ. ടി. കെ. ദിവാകരൻ: അരിയുടെ ക്വാളിററി പരിശോധിച്ചു് റിജക്റ്റ ചെയ്യുന്നതിനുള്ള അവകാശം ഈ ഉദ്യോഗസ്ഥന്മാക്കുണ്ടോ?

ശ്രീ. എ. താണുപിള്ള: അരി ആവശ്യമില്ലെങ്കിൽ വേണ്ടെന്നു വയ്ക്കുന്നതിനുള്ള ചുമതല അവക്കുണ്ടു്?

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെയാണെങ്കിൽ ക്വാളിററി നോക്കി അരി വാങ്ങുന്നതിനുള്ള ചുമതല അവർക്കില്ലേ?

ശ്രീ. എ. താണുപിള്ള: എല്ലാം അവരുടെ ചുമതലയാണു് എന്നാൽ നമുക്കു് അത്യാവശ്യമുള്ള ഒന്നാണു് അരി എന്നോർത്തു് ആ ചുമതല നിർവ്വഹിക്കും.

ശ്രീ ടി. കെ. ദിവാകരൻ: ഇവർ വാങ്ങി അയയ്ക്കുന്ന അരിയുടെ ക്വാളിററി ചെക്കുചെയ്യുന്നതിനു വല്ലവരും ഉണ്ടോ?

ശ്രീ എ. താണുപിള്ള: അതിനു് ഉദ്യോഗസ്ഥന്മാരുണ്ടു്.

ശ്രീ. ടി. കെ ദിവാകരൻ: അങ്ങനെ ചെക്കുചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: വിശദവിവരങ്ങൾക്കു് നോട്ടീസു വേണം.

ശ്രീ. ടി. ഒ. ബാവാ: മൂന്നാതരം അരി മാത്രമേ വാങ്ങാവൂ എന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുള്ളതായി അറിവില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: നമുക്കു കിട്ടുന്ന അരി മോശമാകുന്നതിനുള്ള കാരണം എന്താണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അരി മോശമാകുന്നതു് പല കാരണങ്ങൾ കൊണ്ടാണു്. വേണ്ടിടത്തോളം നല്ല അരി കിട്ടാൻ സൗകര്യപ്പെടാതെ വരും. ട്രാൻസ്പോർട്ടിൽ അരി ചീത്തയായി എന്നുവരും. കൂടാതെ ഇവിടെ വന്നതിനു ശേഷം ദീർഘകാലം സൂക്ഷിച്ചതുകൊണ്ടും ചീത്തയായി എന്നു വരും.

ശ്രീ. ടി. പി. സീതാരാമൻ: സർക്കാർ റേഷൻഷാപ്പിൽ അരി കൊടുക്കുന്ന വിലയ്ക്കു് കൃഷിക്കാർ കമ്പോളത്തിൽ അരി വിൽക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു വേറൊരു ചോദ്യമായി ചോദിക്കണം.

Village Panchayats.

*66 [12]. **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state:

(*a*) the nature and extent of grant placed at the disposal of each village panchayat in the State;

(*b*) the total amount made available to all the village panchayats of Nedumangad taluk; and

(*c*) whether Government propose to delegate more powers to the village panchayats with a view to bring about more and more decentralisation in administration?

Minister for Local Self-Government, Public Health and Medicine **(Shri P. K. Kunju)**: (*a*) An initial contribution of Rs. 500 is given to each newly constituted panchayat. An amount equal to the amount collected by a panchayat is also given to each panchayat under Section 55 of the Panchayat Act II of 1950.

(*b*) Rs. 10,628.

(*c*) The question is under the active consideration of Government.

Shri N. Chandrasekharan Nair: May I know the maximum amount placed at the disposal of each panchayat by way of contribution by Government?

Shri P. K. Kunju: An initial contribution of Rs. 500 is given to each panchayat.

Shri N. Chandrasekharan Nair: May I know the maximum amount that is made available by Government to each panchayat by way of contribution?

Shri P. K. Kunju: It depends upon the amount to be collected from the public by the panchayat.

ശ്രീ. എം. എ. ആന്റണി: ഇങ്ങനെ കോൺട്രിബ്യൂഷനായി അനുവദിച്ചിട്ടുള്ള പണം പല പഞ്ചായത്തുകൾക്കും ഇതുവരെ ലഭിച്ചിട്ടില്ല എന്നുള്ള വിവരം അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഗവണ്മെന്റിന് അറിവില്ല.

ശ്രീ. എം. എ. ആന്റണി: അതിനെപ്പറ്റി അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: തീർച്ചയായും അന്വേഷിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ: പഞ്ചായത്ത് ആക്റ്റിൽ ഉള്ള കാര്യത്തിനു വിപരീതമായി ഒരു സ്റ്റേറ്റുമെന്റ് നൽകുന്നതു ശരിയാണോ?

Mr. Speaker : That is not a point of order.

ശ്രീ. എം. എ. ആൻറണി : പുതിയ പല പഞ്ചായത്തുകളുടെയും, ൧൯൫൩–൫൪-ലെ ബഡ്ജററ് ഇതേവരെ ഗവണ്മെൻറ് അംഗീകരിച്ച് പഞ്ചായത്തുകൾക്കു കിട്ടിയിട്ടില്ല എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ് : ഇപ്പോഴത്തെ കൈവശമുള്ള റിക്കാർഡുകളിൽ നിന്നും അതു മനസ്സിലാക്കാൻ സാദ്ധ്യമല്ല.

ശ്രീ. എം. എ. ആൻറണി : അതിനെപ്പററി അന്വേഷിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞ് : അന്വേഷിക്കാം.

ശ്രീ. പി. ഗോപാലൻ : കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിനു ശേഷം എത്ര പഞ്ചായത്തുകൾ പ്രവൎത്തനം നടത്തിവരുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞ് : രണ്ടു പഞ്ചായത്തുകൾ ഒഴിച്ചു മറെറല്ലാ പഞ്ചായത്തുകളും പ്രവൎത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : പുതിയ പഞ്ചായത്തുകൾക്ക് രണ്ടായിരം രൂപവരെ കൊടുക്കാമെന്നു പറഞ്ഞതു് ലോണായിട്ടാണോ?

ശ്രീ. പി. കെ. കുഞ്ഞ് : അല്ല.

ശ്രീ. എൻ. ജി. ചാക്കോ : ഗ്രാൻറ് നൽകുമ്പോൾ തിരിച്ചടയ്ക്കണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ് : അതിനെപ്പററി നോക്കിപ്പറയാം.

ശ്രീ. എൻ. ജി. ചാക്കോ : ഈ രണ്ടായിരം രൂപയും ഒരുമിച്ചു നേരത്തെ കൊടുക്കാൻ വ്യവസ്ഥ ചെയ്യുമോ?

ശ്രീ. പി. കെ. കുഞ്ഞ് ; പ്രാരംഭപ്രവൎത്തനച്ചെലവുകൾക്കാണ് ഈ അഞ്ഞൂറു രൂപ അനുവദിച്ചു കൊടുക്കുന്നതു്. അതു പോരാതെ വരികയാണെങ്കിൽ രണ്ടായിരം രൂപവരെ കൊടുക്കാമെന്നു തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. അവിരാത്തരകൻ : ഈ അഞ്ഞൂറു രൂപ കൊടുക്കാമെന്നു തീരുമാനിച്ചതു ഏതു ഗവണ്മെൻറാണ്?

ശ്രീ. പി. കെ. കുഞ്ഞ്: മുൻപിലത്തെ ഗവണ്മെൻറാണ്.

ശ്രീ. പി. ഭാസ്കരൻ നായർ : ഈ രണ്ടായിരം രൂപയും ഈ മാസത്തിൽതന്നെ കൊടുക്കുന്നതിന് ഗവണ്മെൻറിന്റെ ശ്രദ്ധ പതിയുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതു് ആക്ററിൽ പറഞ്ഞിരിക്കുന്നതനുസരിച്ചേ ചെയ്യാൻ നിവൃത്തിയുള്ളു.

ശ്രീ. കെ. മഞ്ജനാഥപ്പിള്ള: പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കുമെന്നു പറഞ്ഞു. എന്തെല്ലാം അധികാരങ്ങളാണെന്നു പറയാമോ?

ശ്രീ പി. കെ. കുഞ്ഞ്: ജനങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ വളർച്ചയ്ക്ക് ആക്റ്റിനു വിധേയമായി പ്രവർത്തിക്കാനുള്ള അധികാരങ്ങൾ.

ശ്രീ. ടി. പി. സീതാരാമൻ: ഫൈനാൻഷ്യൽ ഇൻഡസ്ട്രിയൽ കോർപ്പറേഷൻപോലെ പഞ്ചായത്തുകൾക്കു വേണ്ടി ഒരു ലോക്കൽ ഫണ്ട് കോർപ്പറേഷൻ ഉണ്ടാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അത് ഈ ചോദ്യത്തിന് അനുബന്ധമായ ഒരു ചോദ്യം അല്ലാത്തതുകൊണ്ട് ഉത്തരം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അത് ബഹുമാനപ്പെട്ട ചെയറിൽ നിന്നും തീരുമാനിക്കേണ്ടതാണ്.

Mr. Speaker: Next question, please.

Unemployment.

*67. [13] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state:

(*a*) whether Government have taken any survey to ascertain the extent of unemployment in the State; and

(*b*) how Government propose to tackle the unemployment problem now rampant throughout the country?

Chief Minister **(Shri A. Thanu Pillai):**

(*a*) A survey has been conducted in this State under the auspices of the Planning Commission, with the co-operation of this Government. The survey was conducted in 2% of the villages of the State and all the major towns,

(*b*) Government will consider this matter after the report of Dr. U. Sivaraman Nair, Professor of Statistics, who is in charge of the survey, has been received. The report is expected in a few weeks. Generally, I may say that Government will try to give employment by encouraging small-scale and cottage industries on a large scale and by improving agriculture and drawing more persons to that occupation. All encouragement will be given to existing industries and Government will see that unemployment of workers already engaged does not happen. Then, Sir, Government will consider the question of education and make our education to suit the requirements of the people, by changing the purely literary

aspect of it, which we find at present, and giving it a vocational turn and thus enabling our young men to make a living. The question, as I said, will be examined on the basis of the report which we expect to receive soon.

Shri N. Chandrasekharan Nair : May I know whether Government think that the survey conducted was exhaustive and comprehensive ?

Shri A. Thanu Pillai : I gave the details relating to the sample survey. Two percent of our villages and all the major towns have been surveyed. Generally, a survey of this kind will be very useful, and that will furnish a fairly sound basis for discussing and taking decisions on this matter.

ശ്രീ. എം. പി. മേനോൻ : തൊഴിലില്ലാത്തവരുടെ ആകെ എണ്ണം എത്രയാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അതു സർവ്വേയുടെ റിപ്പോർട്ടിൽനിന്നും അറിയാം.

ശ്രീ. പി. ആർ. മാധവൻപിള്ള : തൊഴിലില്ലാത്ത തൊഴിലാളികൾക്കു സൗജന്യനിരക്കിൽ റേഷൻ നൽകുമോ?

ശ്രീ. എ. താണുപിള്ള : അതു ആലോചിക്കേണ്ട ഒരു പ്രശ്നമാണു്. അങ്ങനെയുള്ള തൊഴിലാളികൾക്കു സഹായം ചെയ്യുന്ന കാര്യം ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : തൊഴിലില്ലായ്മ നിമിത്തം കഷ്ടപ്പെടുന്ന തൊഴിലാളികൾക്കു കൂടുതലായിട്ടു് എന്തെല്ലാം സൗജന്യങ്ങളാണു ചെയ്തുകൊടുക്കുന്നതെന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. എ. താണുപിള്ള : തൊഴിലില്ലാത്ത എല്ലാ തൊഴിലാളികളെയും സഹായിക്കും എന്നു പറഞ്ഞില്ല. ഇന്നു തൊഴിലില്ലാത്തവർ വളരെ അധികമുണ്ടു്. വിദ്യാസമ്പന്നരുടെ ഇടയിലും ഇന്നു തൊഴിലില്ലായ്മയുണ്ടു്. കൃഷി ചെയ്യുന്നതിനും മറ്റും അവർ മടികാണിക്കുന്നുണ്ടു്. എല്ലാവരും സൗകര്യമുള്ള തൊഴിലുകൾ ചെയ്താൽ തൊഴിലില്ലായ്മ അല്പം കുറയുമെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. കെ. സി. ജോർജ്ജ് : ഭൂമിയില്ലാത്ത കൃഷിക്കാർക്കു കൃഷിചെയ്യാൻ തരമില്ലെന്നും ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. താണുപിള്ള : കൃഷിയെ അഭിവൃദ്ധിപ്പെടുത്തി തൊഴിലില്ലായ്മ കുറെ പരിഹരിക്കാമെന്നും, കൃഷിക്കു ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടു് [illegible]ങ്ങളുടെ കാര്യത്തിൽ കൂടുതലായി ശ്രദ്ധപതിപ്പിക്കാനും ഗവണ്മെന്റു് ആഗ്രഹിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ലാർജ്ജ് സ്കെയിൽ ഇൻഡസ്ട്രീസ് വല്ലതും തുടങ്ങാൻ ഉദ്ദേശിക്കുന്നോ?

ശ്രീ. എ. താണുപിള്ള: ഈയാണ്ടത്തെ ബഡ്ജററിൽ ഒന്നും കൊള്ളിച്ചിട്ടില്ല. അതിനെപ്പററി ആലോചിക്കാം.

ശ്രീ. ഹാർമിസ്: ജോലിയിൽ ഇരുന്നിരുന്ന നാനൂററ അദ്ധ്യാപകരെ പിരിച്ചുവിട്ടതു ഈ പദ്ധതിയുടെ ഒരു ഭാഗമായിട്ടാണോ?

ശ്രീ. എ. താണുപിള്ള: അതിനു ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല. മാത്രമല്ല, സഭയുടെ അന്തസ്സിനെ ചോദ്യം ചെയ്യുന്ന ഈ മാതിരി ചോദ്യങ്ങൾ ചോദിക്കാതിരിക്കാൻ ബഹുമാനപ്പെട്ട മെംബറന്മാർ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: പ്രൈവററ കമ്പനികളുമായിട്ടു ആലോചിച്ച് ഇതിനു പരിഹാരം നേടാൻ ഗവണ്മെൻറ അനുകൂലിക്കുമോ?

ശ്രീ. എ. താണുപിള്ള: തീർച്ചയായും.

Shri A. Chidambaranatha Nadar: May I know whether such a sample survey is conducted in any other State than in Travancore-Cochin?

ശ്രീ. എ. താണുപിള്ള: ഈ സ്റ്റേററിൽ മാത്രമാണ് ഇങ്ങനെയൊരു സർവെ നടത്തിയിട്ടുള്ളതു്.

Shri A. Chidambaranatha Nadar: Then, why has such a survey been conducted here?

ശ്രീ. എ. താണുപിള്ള: ഇവിടെ ജനസംഖ്യ കൂടുതലാണ്. തൊഴിലില്ലാത്ത ആളുകൾ ധാരാളമുണ്ട്. ഇതെല്ലാം നോക്കിയിട്ടായിരിക്കാം ഈ സ്റ്റേററിനെ മാത്രം പ്രത്യേകമായി കരുതിയതു് എന്നു തോന്നുന്നു.

Written Answers.

പര്യടനം.

* ന്വ. [൫൬] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു കഴിഞ്ഞ തിരുവിതാംകൂർ-കൊച്ചി തിരഞ്ഞെടുപ്പു പ്രചരണാർത്ഥം ഇവിടെ വന്നതു് കാൺഗ്രസ്സ് പ്രസിഡൻറ് എന്ന നിലയിലോ പ്രധാനമന്ത്രി എന്ന നിലയിലോ;

(ബി) അദ്ദേഹത്തിൻെറ ഈ സംസ്ഥാനത്തിലുള്ള സർക്കീട്ടിന് ഈ സംസ്ഥാനത്തെ ഖജനാവിൽ നിന്നു് പണം ചെലവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ശ്രീ. ജവഹർലാൽ നെഹ്റു ഈ സംസ്ഥാനം സന്ദർശിച്ചതു് മുഖ്യമായി ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ പ്രസിഡന്റ് എന്ന നിലയിലായിരുന്നുവെങ്കിലും പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹം രണ്ടു ചടങ്ങുകൾ നിർവഹിച്ചു. (ഉള്ളൂർ മെഡിക്കൽകാളേജ് ആസ്പത്രിയുടേയും കാഞ്ഞിരപ്പള്ളിയിലെ ഭൂദാനയജ്ഞ പ്രസ്ഥാനത്തിന്റെയും ഉൽഘാടനം).

(ബി) പ്രധാനമന്ത്രിയുടെ രക്ഷാനടപടികൾക്കു് വേണ്ട ചിലവുകൾമാത്രം ഗവണ്മെന്റാണു് വഹിച്ചതു്. കാൺഗ്രസ്സ് പാർട്ടി മററുള്ള ഇനങ്ങളിലേക്കു് വേണ്ട ഏർപ്പാടുകൾ ചെയ്യുകയോ ആ വകയിലേയ്ക്കു് വേണ്ടതുക മുൻകൂറായി കൊടുക്കുകയോ ചെയ്തു. കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

Teachers.

*69. [19] **Shri M. P. Menon :** Will the Chief Minister be pleased to State :

(*a*) Why teachers of the Cochin area who were in the scale of Rs. 80-125 before implementation of the P. S. S. Scheme are now reverted to the scale of Rs. 45-150 ; and

(*b*) Whether such teachers are asked to refund the difference in the amount they have drawn ?

Chief Minister **(Shri A. Thanu Pillai) :**

(*a*) No Teacher in the Cochin area getting the recognised scale of pay of Rs. 80-128 before implementation of the P. S. S. Scheme was reverted to the scale of Rs. 45-150. Every teacher was given the option of either continuing in the old scale of Rs. 80-125 or of changing over to Rs. 45-150 with the initial pay fixed in the new scale according to the rules obtaining in the P. S, S- Scheme for fixation of salary.

(*b*) No case of refund has arisen in respect of teachers in the recognised scale of pay of Rs. 80-125. But the question of refund arose only in the case of teachers who were not in receipt of recognised rate of pay but who were given higher pay *on the eve of introduction* of the P. S. S. Scheme. The number of such cases is being ascertained.

പഞ്ചായത്തുകൾ.

* ൧൦. [൨൦] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലുള്ളതിൽ എത്ര പഞ്ചായത്തുകൾ സജീവമായി പ്രവർത്തിക്കുന്നു;

(ബി) ഈ സാമ്പത്തികവർഷത്തിൽ എത്രമാത്രം തുക ബഡ്ജററിൽ നീക്കിവച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ൫൪൨ പഞ്ചായത്തുകൾ.

(ബി) ൧൫,൦൦,൦൦൦ രൂപ.

UNSTARRED QUESTIONS.

Ogale Glass Factory.

22. [1] **Shri M. P. Menon**: Will the Chief Minister be pleased to state:

(*a*) Whether any loan has been given by Government to the Travancore Ogale Glass Factory at Manjummel;

(*b*) If so, what is the amount and under what terms was the loan given?

Answer.

(*a*) No.

(*b*) This question does not arise in view of answer to (*a*).

വിദ്യാഭ്യാസസ്ഥാപനങ്ങൾ

൨൩. [൪] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനുള്ള അംഗീകാരത്തിനായി ൧൯൫൨–൫൩-ൽ പട്ടികജാതിക്കാരിൽ നിന്നും മെമ്മോറാണ്ഡം ഗവർമ്മെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവർമ്മെൻറ് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനായി മൂന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അതിൽ രണ്ട് അപേക്ഷ അനുവദിച്ചു.

കൃഷിസ്ഥലങ്ങൾ

൨൪. [൧൧] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരൂർ-കുളത്തൂപ്പുഴ ഫാറസ്റ്റിൽ നിന്ന് കൃഷിക്ക് കൊടുത്തിട്ടുള്ള സ്ഥലങ്ങൾ റവന്യൂ ഡിപ്പാർട്ടുമെൻറിലേയ്ക്കു വിടുവാൻ ആലോചനയുണ്ടോ?

(സി) കൃഷിസ്ഥലങ്ങളിൽ നിന്നും കൃഷിക്കാരായ ആളുകളെ ഇറക്കിവിടുന്നതിനെതിരായി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) തൂർ-കുളത്തുപ്പുഴ ഫോറസ്റ്റിൽനിന്നും കൃഷിക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ വനസംരക്ഷണത്തിനു ഹാനികരമല്ലാത്ത ഭാഗങ്ങളെല്ലാം റവന്യൂഡിപ്പാർട്ടുമെന്റിലേയ്ക്കു വിടുവാൻ ആലോചനയുണ്ടു്. ഉയരങ്ങളിലും മററും സ്ഥിതി ചെയ്യുന്നതും വനസംരക്ഷണത്തെ സാരമായി ബാധിക്കുന്നതുമായ കൃഷിസ്ഥലങ്ങളെ റവന്യൂഡിപ്പാർട്ടുമെന്റിലേയ്ക്കു വിടുന്നതിനു ഉദ്ദേശിക്കുന്നില്ല.

(ബി) എല്ലാ കൃഷിസ്ഥലങ്ങളുടേയും പാട്ടക്കാലാവധി ഏപ്രിൽ അവസാനം വരെ നീട്ടിക്കൊടുത്തിട്ടുള്ളതിനാൽ പരാതിക്കു് ഇപ്പോൾ കാരണമില്ല.

Adjournment Motions.

Mr. Speaker : Order, order. Question time is over.

12 noon]

I have received notices of certain adjournment motions. Most of them do not satisfy the rules, and therefore, I have to rule them out. There are two of them that may be taken up. One of them is in respect of the employees working under the Peringalkuthu Project :

> "Under Rule 27 I intend to move for the adjournment of the business of the Assembly to discuss a definite matter of urgent public importance, to wit, the recent retrenchment of a large number of employees working in the Peringalkuthu Hydro-Electric Project,"

Has the Minister anything to say about it?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ) :

സർ, ഈ കാര്യത്തെ സംബന്ധിച്ചു് ഇന്നലെ ഈ സഭയിൽ നടന്ന ചോദ്യോത്തരവേളയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. അതിനുശേഷം കൂടുതലായി കിട്ടിയ വിവരങ്ങളുടെ വെളിച്ചത്തിൽ പെരിങ്ങൽകുത്ത് വർക്സ് എസ്റ്റാബ്ലിഷ്മെന്റിൽ ജോലി ചെയ്യുന്നവരെ ഇപ്പോൾ പിരിച്ചുവിടാതിരിക്കാൻ തക്കവണ്ണം ഏർപ്പാടുകൾ ചെയ്തിരിക്കുകയാണു്. ആ സ്ഥിതിക്കു് ഈ അടിയന്തിരപ്രമേയം ബഹുമാനപ്പെട്ട മെമ്പർ പ്രെസ്സു് ചെയ്കയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. ടി. ഒ. ബാവ : സർ, ഈ അടിയന്തിരപ്രമേയത്തെപ്പററി മറുപടി പറയേണ്ടതു് തൊഴിൽ വകുപ്പുമന്ത്രിയല്ലേ?

മി. സ്പീക്കർ : മററു ഗവണ്മെന്റു മന്ത്രിമാർക്കും മറുപടി പറയാം.

ശ്രീ. കെ. സി. ജോർജ്ജ്: പിരിച്ചുവിടാൻ ഉദ്ദേശിച്ചിരുന്നത് പെരിങ്ങൽകുത്ത് പ്രാജക്റ്റിൽ ജോലിചെയ്യുന്ന തൊഴിലാളികളെയല്ലേ?

ശ്രീ. എ. അച്യുതൻ: അതെ.

Mr. Speaker: In view of the facts supplied by the hon. Minister I think Mr. Karunakaran will not press the motion.

ശ്രീ. കെ. കരുണാകരൻ: സർ, എന്റെ അടിയന്തിരപ്രമേയം അനുസരിച്ച് പെരിങ്ങൽകുത്ത് പ്രാജക്റ്റിലെ തൊഴിലാളികളെ പിരിച്ചു വിടുന്നില്ലായെന്നുള്ള ഗവണ്മെന്റിന്റെ ഉറപ്പിനെ സ്വീകരിച്ചുകൊണ്ടും അങ്ങനെയൊരു ഉറപ്പുതന്നതിനുവേണ്ടി നന്ദിപ്രകടിപ്പിച്ചുകൊണ്ടും എന്റെ പ്രമേയത്തെ ഞാൻ പിൻവലിക്കുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഞാൻ ഒരു അടിയന്തിരപ്രമേയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ട് ഹാജരാക്കിയിട്ടുണ്ടായിരുന്നു. ആ അടിയന്തിരപ്രമേയത്തിന്റെ സ്ഥിതിയെന്താണെന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: It was not in order. Therefore, it was rejected.

There is another adjournment motion sent by Mr. N. G. Chacko, regarding the retrenchment of more than 300 primary school teachers. The Minister concerned may supply the necessary information.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

സർ, ശ്രീ. എൻ. ജി. ചാക്കോ ഇവിടെ അവതരിപ്പിച്ചിട്ടുള്ള അടിയന്തിരപ്രമേയമാണ് ഇത്.

ഈ അടുത്തകാലത്തു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ നിയമിച്ച ഏകദേശം മുന്നൂറോളം അദ്ധ്യാപകരെ ൩൧–൩–൫൪-ൽ പിരിച്ചു വിടുന്നതിനു ഉത്തരവുണ്ടായിട്ടുണ്ട്. ഇങ്ങനെ പിരിച്ചുവിടപ്പെട്ടവർ മുൻപ് ജോലിയിൽ മററ് പ്രൈവററ് സ്കൂളുകളിൽ ഇരുന്നിട്ടുള്ളവർ ആകുന്നു. ആ ജോലി രാജിവെച്ചിട്ടാണ് ഗവണ്മെന്റ സർവ്വീസിൽ പ്രവേശിച്ചതു്. ഇപ്പോൾ അവർക്ക് ജോലിയിൽനിന്നും പിരിഞ്ഞുപോകേണ്ടതായി വന്നിരിക്കുന്നു. ഇതുമൂലം രാജ്യത്തുള്ള ജനങ്ങളുടെ ഇടയിൽ വലിയ അതൃപ്തി ഉളവായിട്ടുണ്ട്. ഇതെപ്പററി പ്രതിപാദിക്കുന്നതിനാണ് ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നിരിക്കുന്നതു്.

ഈ സംഗതിയെപ്പററി ഉള്ള വസ്തുതകൾ ഈ സഭയെ അറിയിക്കാമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ൩൦൦-ൽ പരം പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഇപ്പോൾ ജോലിയില്ലാതായിരിക്കുന്നു എന്നു പറയുന്നതു ശരിയല്ല. ഈ ഡിപ്പാർട്ടുമെന്റിലാണെങ്കിൽ ൩൩,൦൦൦-ൽ പരം അദ്ധ്യാപകന്മാർ ഉണ്ടു്. ഇത്രയധികം അദ്ധ്യാപകരുള്ള ഈ ഡിപ്പാർട്ടുമെന്റിൽ മുന്നൂറോ നാനൂറോ അദ്ധ്യാപകർ ആക്റ്റിംഗായി ജോലിനോ

ക്കുന്നുണ്ടുള്ളത് ഒരു പ്രത്യേകകാര്യമായി പരിഗണിക്കേണ്ടതായിട്ടില്ല. ഇവരുടെ നിയമനംതന്നെ പല കാലങ്ങളിലായിട്ടാണ്.

ശ്രീ. ഏം. പി. മേനോൻ: ഈ ആക്റ്റിംഗ്കാരെ നിയമിച്ചിട്ടുള്ളതു് സർവ്വീസ് കമ്മീഷണല്ലേ?

ശ്രീ. ഏ. താണുപിള്ള: അതേ. താൽക്കാലികമായി ഈ ഡിപ്പാർട്ടുമെൻറിൽ ഒഴിവുകൾ ധാരാളമായി ഉണ്ടാകാറുണ്ട്. ഇങ്ങനെ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി ഡിവിഷൻ വാർ ആയി ലിസ്റ്റുണ്ടാക്കിവച്ചിട്ടുണ്ട്. ആ ലിസ്റ്റ് അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളതു്. സാധാരണയായി അവധിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകർ പള്ളിക്കൂടം അടയ്ക്കുമ്പോൾ ജോലിയിൽ പ്രവേശിക്കാറുണ്ട്. ആ അവസരത്തിൽ ഈ ആക്റ്റിംഗ് അദ്ധ്യാപകരെ പിരിച്ചുവിടേണ്ടിവരുന്നതു് ഒരു തരത്തിൽ കഷ്ടമാണ്. എങ്കിലും നിവൃത്തിയുള്ളിടത്തോളം അവരെ റിട്രെഞ്ച് ചെയ്യാൻ ഗവൺമെൻറു ഒരുക്കമാണ്. പിരിച്ചുവിടപ്പെട്ടവരിൽ ൨൦൦ പേരെ ഇപ്പോൾതന്നെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള ആളുകളെ അടുത്തുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുന്നതായിരിക്കും. അതിനുംപുറമെ മററു വല്ല പോംവഴിയുമുണ്ടെങ്കിൽ അതും ഗവൺമെൻറു പരിഗണിക്കുന്നതാണ്. ഇതാണ് ഗവൺമെൻറിൻെറ ഇപ്പോഴത്തെ നില. ഈ നിലയെ മനസ്സിലാക്കിയിട്ടുവേണം ബഹുമാനപ്പെട്ട മെംബറന്മാർ അഭിപ്രായം പുറപ്പെടുവിക്കേണ്ടതെന്നു് എനിക്കൊരു അപേക്ഷയുണ്ട്. ഈ സ്ഥിതിക്കു് ഇതു് ഒരടിയന്തിരപ്രമേയമായി കൊണ്ടുവരേണ്ട കാര്യമുണ്ടോ എന്നുംകൂടി ഉദ്ദേശിക്കുന്നതായിട്ടുണ്ട്.

Shri R. Sankaranarayanan Tampi: Sir, on a point of order. While the hon. Chief Minister was speaking an hon. Member was standing for a very long time. I would like to know whether it is admissible?

Mr. Speaker: No, It is absolutely wrong.

ശ്രീ. അബ്ദുൾഖാദർ: ആക്റ്റിംഗ് അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടതു് ഈ കൊല്ലത്തിൽ മാത്രമാണെന്നുള്ളതു് അറിയാമോ?

ശ്രീ. ഏ. താണുപിള്ള: അല്ല. കഴിഞ്ഞ കൊല്ലത്തിലും ഇങ്ങനെ പിരിച്ചുവിട്ടിട്ടുണ്ട്.

Mr. Speaker: In the light of the information supplied by the hon Chief Minister I reject the adjournment motion. Moreover, now we are going to discuss the Budget. All the points raised in the adjournment motions can be discussed during the course of the Budget Discussion.

Privilege Motion regarding an article in The "Kerala Kaumudi."

ശ്രീ. ചങ്ങരപ്പള്ളി നാരായണൻ പോററി: സർ, ഇന്നത്തെ കേരളകൗമുദിയിൽ "തിരുപ്പഴിത്താൻ" എന്ന തലക്കെട്ടോടുകൂടി എഴുതി

യിരിക്കുന്ന മുഖപ്രസംഗം ഈ സഭയുടെ ഗൗരവത്തേയും അന്തസ്സിനേയും അവഹേളിക്കുന്നില്ലേയെന്നതന്നെയാണ് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ട് പ്രിവിലേജ് മോഷൻ അവതരിപ്പിക്കുന്നതിന് അനുവാദം കിട്ടണമെന്ന് അപേക്ഷിക്കുന്നു.

Mr. Speaker : I have not seen the report or the article mentioned, and I shall deal with the motion after seeing the article.

Message from His Highness the Rajpramukh *re* Motion of thanks on the Address.

മി. സ്പീക്കർ : ഈ നിയമസഭ പാസ്സാക്കിയിട്ടുള്ള കൃതജ്ഞതാപ്രമേയം നിയമസഭാചട്ടങ്ങളിലെ ൧൮-ാം വകുപ്പ് ൧-ാം ഉപവകുപ്പ് അനുസരിച്ച് സ്പീക്കർ രാജപ്രമുഖൻ തിരുമനസ്സിലേക്ക് സമർപ്പിച്ചതിന്മേൽ ലഭിച്ചിട്ടുള്ള മറുപടി ൨-ാം ഉപവകുപ്പനുസരിച്ച് സഭയിൽ റിപ്പോർട്ടുചെയ്തുകൊള്ളുന്നു. രാജപ്രമുഖൻ തിരുമനസ്സിലെ മറുപടി ഇപ്രകാരമാണ്:

> *"I have great satisfaction for your resolution of thanks for the address with which I opened the present Session on the 22nd March 1954."*

General Discussion of the Budget for 1954-55—(contd.)

Mr. Speaker : Is it the sense of the House that we should devote one hour for continuing the General Discussion on the Budget (Vote on Account) for 1954-55, which was interrupted by the Adjournment Motion yesterday ?

The House agreed.

Minister for Finance **(Shri P. S. Nataraja Pillai) :** Sir, I would like to know whether the Demands will be completed in a day.

Mr. Speaker : At 5 o'clock this evening, whether the general discussion ends or not, I will put the Demands to vote. It is on that specific understanding that I allow the House to continue the discussion.

ശ്രീ. കളത്തിൽവേലായുധൻ നായർ : ഡിമാൻഡിനെപ്പററിയുള്ള കട്ട് മോഷൻസ് കൊണ്ടുവരേണ്ടതു് എപ്പോഴാണ്?

Mr. Speaker : The General Discussion will continue till 1 o'clock. Then the cut motions will be taken up.

ശ്രീ. കെ. ആർ. ഗൗരി : സർ, ഈ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യക്തമാക്കിയതു് പ്രധാനമായിട്ട് ഒരു കാര്യമാണ്. അതായതു് ഒരു പുതിയ ബഡ്ജററ് ഇവിടെ അവതരിപ്പിക്കാൻ സന്ദർഭമുണ്ടായില്ലെന്നും അടുത്ത സെഷനിൽ ഒരു പുതിയ

[ശ്രീമതി കെ. ആർ. ഗൌരി]

ബഡ്ജററ് ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയങ്ങൾക്കും പരിപാടികൾക്കും അനുയോജ്യമായി അവതരിപ്പിക്കും എന്നുള്ളതാണ്. സർ, എനിക്കുള്ള് മനസ്സിലാക്കാൻ സാധിക്കും. കാരണം, ഒൻപതുദിവസം മാത്രം പ്രായമുള്ള ഒരു മന്ത്രിസഭയ്ക്കു് സംസ്ഥാനത്തെ ആയവ്യയകണക്കുകളെക്കുറിച്ചു് അനുയോജ്യമായ വിധത്തിൽ ഒരു പുതിയ ഗവണ്മെൻറിൻെറ പരിപാടിക്കു് പെട്ടെന്നു ഒരു ബഡ്ജററ് അവതരിപ്പിക്കാൻ സാധിക്കയില്ലായെന്നുള്ളതു് ബഹുമാനപ്പെട്ട എല്ലാ മെംബർമാർക്കും അറിയാവുന്ന ഒരു കാര്യമാണ്. അദ്ദേഹം ഒരു പുതിയ ബഡ്ജററ് അവതരിപ്പിക്കും എന്നു പറയുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഈ ബഡ്ജററിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ രാജപ്രമുഖൻെറ പ്രസംഗത്തിലടങ്ങിയിട്ടുള്ള ഗവണ്മെൻറിൻെറ നയം, അതുപോലെ തന്നെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടുള്ള ചില പ്രധാന പ്രശ്നങ്ങൾ ഇവയെല്ലാം ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയവും പരിപാടിയും അനുസരിച്ചു് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു് ഈ ഗവണ്മെൻറിനെക്കൊണ്ടു് സാധിക്കുമോ എന്നുള്ള ചില ആശങ്ക, അതേ സമയം ഈ ഗവണ്മെൻറിൻെറ നയപ്രഖ്യാപനത്തിലും, ബഡ്ജററപ്രസംഗത്തിലും അടങ്ങിയിട്ടുള്ള ചില പ്രധാന പ്രശ്നങ്ങളെപ്പററി ഈ ഗവണ്മെൻറിൻെറ നയം അറിയുവാനുള്ള ആകാംക്ഷ, അതേ സമയം പുതിയ ബഡ്ജററ് രൂപീകരിക്കുമ്പോൾ ഈ ഗവണ്മെൻറ് മുൻപിൽ കാണേണ്ട വിട്ടുപോയ ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുക, ഇവയാണ് എൻെറ ഉദ്ദേശം. നമ്മുടെ സംസ്ഥാനം അല്ലെങ്കിൽ നമ്മുടെ രാജ്യം ഭക്ഷണകാര്യത്തിൽ ഒരു കമ്മിരാജ്യമാണ്. സംസ്ഥാനത്തുള്ള ജനങ്ങളെ ഒന്നടങ്കം ഉറക്കമറ്റതാക്കിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളും പരിഹരിക്കേണ്ടതായിട്ടുണ്ടു്. വിശേഷിച്ചു് ഭക്ഷ്യപ്രശ്നത്തെപ്പററി ഈ ഗവണ്മെൻറിൻെറ നയത്തെപ്പററി ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടില്ലെന്നുവേണം പറയുവാൻ. ഭക്ഷ്യക്കാലത്തെപ്പററി പറയുന്ന സ്ഥലത്തു സംസ്ഥാനത്തു് ഇത്ര സ്റ്റോക്കുണ്ടു്, ഇൻഡ്യാഗവണ്മെൻറിനോടു് ഇത്രയെല്ലാം അപേക്ഷിച്ചിട്ടുണ്ടു് എന്നും മററും അല്ലാതെ ഭക്ഷ്യകാര്യത്തെ സംബന്ധിച്ചു് ഈ ഗവണ്മെൻറ് കൈക്കൊള്ളാൻ പോകുന്ന പുതിയ നയം എന്താണെന്നു വിശദീകരിച്ചിട്ടില്ല. ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ കമ്മ്യൂണിററിപ്രാജക്ററ്, പഞ്ചവത്സരപദ്ധതി മുതലായ പദ്ധതികൾ ഉണ്ടെന്നു് അങ്ങനെ പറയുന്നതല്ലാതെ ആ പദ്ധതികൾകൊണ്ടു് ലക്ഷക്കണക്കിനു് പണം ചെലവാകുന്നതിൽ കവിഞ്ഞു് പൊതുജനങ്ങളുടെ വിശേഷിച്ചും സാധുജനങ്ങളുടെ ജീവിതക്ലേശങ്ങൾ പരിഹരിക്കുന്നതിനു് തക്കവണ്ണമുള്ള സഹായം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല ഉണ്ടാകുമോ എന്നുകൂടി സംശയമാണ്. കുട്ടനാടൻ സ്കീൽവെ പെരുഞ്ചാണി പദ്ധതി ഇങ്ങനെയുള്ള പദ്ധതികൾക്കുവേണ്ടി വളരെ ധാരാളം പണം ആണ്ടുതോറും ഗവണ്മെൻറ് ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. സർ, ജനങ്ങൾക്കുവേണ്ടിയുള്ള ഗവണ്മെൻറ് നിർമ്മാണപരിപാടികൾ നടപ്പിലാക്കുന്നതിൽ തന്നെ ഒരു നയം കാണും. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക, അത്യാവശ്യസാധനങ്ങളുടെ വില കുറയ്ക്കുക, പ്രത്യേകിച്ചു്, ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കുക, ഇതായിരിക്കും. എന്നാൽ ഈ ഭക്ഷ്യോൽപാദനവിനുവേണ്ടി ഉള്ള പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടു് സാധാരണക്കാരനു്, കൂടുതൽ ഭക്ഷണം കൊടുക്കുന്നതിനോ, ഭക്ഷണസാധനത്തിൻെറ

വില നാലുകാശു കുറയ്ക്കുന്നതിനോ കഴിഞ്ഞ ഗവണ്മെൻറിന് സാധിച്ചിട്ടില്ല. ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതുകൊണ്ടു സാധാരണക്കാരനു യാതൊരു മെച്ചവുമില്ല. ഈ പദ്ധതികൾമൂലം, കാർഷികരംഗത്തു പ്രത്യേകിച്ചു പറയുകയാണെങ്കിൽ കുട്ടനാട്ടിൽ മാത്രം കഴിഞ്ഞകൊല്ലം 3 ലക്ഷപ്പറനിലം ഉഴുന്ന തൊഴിലാളിയെ ജോലിയില്ലാതാക്കി അവരെ പട്ടിണിക്കുതള്ളി യന്ത്രീകരണം നടപ്പിൽ വരുത്തി. സർ, എന്നാൽ ഈ യന്ത്രീകരണം നടപ്പിൽ വരുത്തിയതിനോടുകൂടി ഈ നാട്ടിൽ കൂടുതൽ ഉൽപ്പാദിപ്പിച്ചു എന്നവകാശപ്പെടുന്ന നെല്ലുകൾ കൈവശം വന്നിട്ടുണ്ടോ. ഇല്ല എന്നതാണ് പരമാർത്ഥം. കഴിഞ്ഞ ഗവണ്മെൻറിൻെറ പുതിയ ലെവി പ്രകാരം രാജ്യത്തിലേയ്ക്കു എടുക്കേണ്ടിരിയ്ക്കുന്ന നെല്ലു ലക്ഷപ്പറക്കണക്കിനു കുറഞ്ഞിരിക്കുകയാണു്. ഞങ്ങൾക്കു അറിയേണ്ടതു് ഇന്നു നിലവിലിരിക്കുന്ന ലെവി സമ്പ്രദായത്തിൽ ഭേദഗതി വരുത്തുമോ എന്നാണു്. ഈ ലെവി നിലനിൽക്കുന്നതുകൊണ്ടു്, നമ്മുടെ നാട്ടിലെ സവിശേഷതയായി വളർന്നുവരുന്ന കാർഷികമുതലാളിമാർക്കും ജന്മികൾക്കും ആണു് ഗുണം. അവർക്കു് ഇഷ്ടമുള്ളത്രയും നെല്ലു കരിഞ്ചന്തയിൽ കൂടിയ വില വച്ചു വിൽക്കുവാൻ സാധിക്കും. ഈ ഗവണ്മെൻറു് ഈ ലെവി സമ്പ്രദായത്തിൽ ഭേദഗതി വരുത്തി, ഈ വലിയ കാർഷികമുതലാളിമാരുടെ കൈവശമുള്ള എക്സസ്സു് നെല്ലു്, കൃഷി ആവശ്യത്തിനും വീട്ടാവശ്യത്തിനും കഴിഞ്ഞു, ബാക്കിയുള്ളതു് എടുക്കുന്നതിനു തുനിയുമോ എന്നറിയണം.

അതുപോലെ തന്നെ പത്രത്തിൽ ഒരു റിപ്പോർട്ടു ന്യൂസ് കണ്ടു. ഉൽക്കണ്ഠകൊണ്ടു ചോദിക്കുകയാണു്. ഈ ഗവണ്മെൻറു് ഡീ കൺട്രോൾ നടപ്പിലാക്കുവാൻ പോകുന്നു എന്നു്. ഈ നാട്ടിൽ അപായകരമായ ഈ നില ഗവണ്മെൻറു് എടുക്കുമോ, അതോ കൺട്രോൾ തന്നെ പൂർവ്വാധികം ഭംഗിയായി നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുമോ എന്നറിയുവാൻ ഞങ്ങൾക്കു ആകാംക്ഷയുണ്ടു്.

സർ, അതുപോലെ, കഴിഞ്ഞ കാലത്തെ പ്രവർത്തനത്തിൽ ഭക്ഷ്യവകുപ്പിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥന്മാർ ലക്ഷക്കണക്കിനുറുപ്പിക സമ്പാദിച്ചിട്ടുണ്ടു്. ഒരു കാലത്തു് സ്പെഷ്യൽ പ്രവൃത്തിയാരുടെ പെൺമക്കളെ കല്യാണം കഴിയ്ക്കുവാൻ ധാരാളം ആളുണ്ടായിരുന്നു. ഈ ഡിപ്പാർട്ടുമെൻറിൽതന്നെ ലക്ഷക്കണക്കിനു രൂപയുടെ ഷോർട്ടേജ് ഉണ്ടായിട്ടുണ്ടു്. ഇതിനെപ്പററിയെല്ലാം അന്വേഷണം നടത്തി, കുററവാളികളെ ശിക്ഷിക്കാനും, അന്യായമായി സമ്പാദിച്ച പണം കണ്ടുകെട്ടാനും ഈ ഗവണ്മെൻറ തയ്യാറാണോ, അങ്ങനെ ജനങ്ങളുടെ ഭക്ഷണക്കാര്യത്തിൽ ഉറപ്പും ഭദ്രതയും കൈവരുത്താൻ തയ്യാറാണോ എന്നറിയേണ്ടിയിരിക്കുന്നു.

Mr. Speaker : You have got only three minutes more.

<u>ശ്രീമതി കെ. ആർ. ഗൌരി</u> : സ്ത്രീകളുടെ ഒരു പ്രശ്നത്തെക്കുറിച്ചുകൂടി എനിക്കൊന്നുരണ്ടുവാക്കു പറയുവാനുണ്ടു്. അതുകൊണ്ടു് എനിക്കു 8 മിനിററുകൂടി കൂടുതൽ തരുവാൻ അഭ്യർത്ഥിക്കുന്നു.

ഈ കൺട്രോൾ ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മ നിറുത്തുന്നതിനുവേണ്ടി ഈ ഗവണ്മെൻറു് എന്തുചെയ്യുവാൻ പോകുന്നു എന്നു ഞാൻ ചോദിക്കുന്നു.

[ശ്രീമതി കെ. ആർ. ഗൌരി]

ഈ ബഡ്ജററിൽ പ്രധാനമായ ഒരു സംഗതി ഗവണ്മെൻറ് വിസ്മരിച്ചിരിക്കുകയാണ്. അതായതു് ഈ രാജ്യത്തെ പൊതുജനാരോഗ്യം, മെഡിക്കൽ ഡിപ്പാർട്ടുമെൻറ് ഇ യാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ പൊതുജനാരോഗ്യത്തെപ്പററിയാണു ഞാൻ പറയുന്നതു്. വോട്ടുകാലം വരുമ്പോൾ കുരിശുപിടിച്ചു് ഘോഷയാത്ര നടത്താനും, വോട്ടുപിടിക്കുന്നതിനും, വോട്ടുചെയ്യുവാനും സ്ത്രീകൾ ആവശ്യമുണ്ട്. അല്ലാത്തയവസരത്തിൽ ഇങ്ങനെ ഒരു വിഭാഗക്കാർ നാട്ടിലുണ്ടെന്നും അവരുടെ കാര്യങ്ങളെന്തെന്നും എല്ലാ പാർട്ടിയും വിസ്മരിക്കുന്നതായിട്ടാണു കാണുന്നതു്. ഈ നാട്ടിലെ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചും പ്രസവകാലത്ത് അവക്കു വേണ്ട വൈദ്യസഹായം കിട്ടേണ്ടതു് വളരെ അത്യാവശ്യമാണ്. ഇന്നു പ്രസവമരണങ്ങൾ നാട്ടിൽ ധാരാളമുണ്ട്. എൻെറ നിയോജകമണ്ഡലമായ ചേർത്തലയിൽത്തന്നെ എലക്ഷൻ പ്രചരണത്തിനു ഞാൻ നടന്നകാലത്തു പത്തിൽക്കൂടുതൽ പ്രസവമരണം ഉണ്ടായതായി എനിക്കറിയാൻ കഴിഞ്ഞു. ഈ രാജ്യത്തെ സ്ത്രീവിഭാഗത്തിന് പ്രസവകാലത്തു വേണ്ട വൈദ്യസഹായം കൊടുക്കുന്നതിന് നമ്മുടെ പൊതുജനാരോഗ്യവകുപ്പിന് യാതൊരു പരിപാടിയും ഉള്ളതായി കാണുന്നില്ല. പഞ്ചായത്താഫീസ്സറന്മാരെ പഞ്ചായത്തുകൾക്ക് ആവശ്യമില്ല എന്നു കാൺഗ്രസ്സ് പഞ്ചായത്തുകൾപോലും പ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ട്. എന്നിട്ടും പുതിയ മന്ത്രിസഭയിലെ സ്വയംഭരണവകുപ്പുമന്ത്രി പഞ്ചായത്താഫീസറന്മാരുടെ നിയമനത്തെപ്പററിയുണ്ടായ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞതു് പഞ്ചായത്താഫീസറന്മാരെ ഏററവും വേഗം നിയമിക്കുന്നതാണെന്നാണ്. പഞ്ചായത്താഫീസറന്മാരെയല്ല ഞങ്ങൾക്കു വേണ്ടതു്. ഇന്നു സ്ത്രീകൾക്കു് ഏററവും അത്യാവശ്യമായി കിട്ടേണ്ടതു് പ്രസവകാലത്തുള്ള വൈദ്യസഹായമാണ്. ആ വൈദ്യസഹായം കിട്ടുവാൻ സൌകര്യമില്ലാതിരിക്കുന്ന ഓരോ പഞ്ചായത്തിലും ഓരോ പ്രസവശുശ്രൂഷാലയമെങ്കിലും, അതോടുകൂടി ഒരു മിഡ്‌വൈഫിനെയെങ്കിലും നിയമിക്കുന്നതിന് ഏററവും അടിയന്തിരമായി ഈ ഗവണ്മെൻറ് നടപടി എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. സ്ത്രീകൾ അടുക്കളയിൽ കഴിയേണ്ടവരാണ്, അവർക്കു രാഷ്ട്രീയം കൈകാര്യം ചെയ്യുവാൻ പാടില്ല എന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഈ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്തിട്ടുള്ളവരിൽ ൫൦ ശതമാനവും സ്ത്രീകളാണ് എന്നുള്ള വസ്തുത അവർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ജനങ്ങൾക്കു വേണ്ടാത്ത ഗവണ്മെൻറിനെ അടുക്കളയിലിരുന്നുകൊണ്ടു് പറഞ്ഞയച്ചവരാണ് ഇവിടത്തെ സ്ത്രീകൾ. സ്ത്രീകൾ ഇന്നും സംഘടിക്കാനും, അവരുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ പോരാടാനും തയ്യാറായി തുടങ്ങിയിരിക്കുകയാണ്. തൊഴിലില്ലായ്മകൊണ്ടും, പട്ടിണികൊണ്ടും ബുദ്ധിമുട്ടു് കൂടുതൽ അനുഭവിച്ച വിഭാഗമെന്നനിലയിൽ, കഴിഞ്ഞകാലത്തെ ഗവണ്മെൻറിനെ പറഞ്ഞയക്കുന്നതിന് കൂടുതൽപങ്കു വഹിച്ചതും സ്ത്രീകളാണ്. ജോലി കിട്ടാനും, ഉള്ള ജോലിക്കു് തുല്യ കൂലി കിട്ടുവാനും, പ്രസവശുശ്രൂഷാകേന്ദ്രങ്ങൾ സ്ഥാപിച്ചുകിട്ടാനും വേണ്ടി വരുന്ന സ്ത്രീവിഭാഗത്തിൻെറ നേരെ കണ്ണടയ്ക്കുന്നതു് ഒരിക്കലും സാദ്ധ്യമല്ല. കഴിഞ്ഞ ഗവണ്മെൻറിനു വന്ന ആപത്തു് ഈ ഗവണ്മെൻറിനു പാഠമായിരിക്കട്ടെ. അവരെ അടുക്കളയിൽത്തന്നെ കഴിച്ചുകൂട്ടുവാൻ അനുവദിക്കുന്നതു് നന്നല്ല. ഇന്നത്തെ

ഗവണ്മെൻറ് വളരെ നല്ല കാര്യങ്ങളും ചെയ്യുന്നതാണെന്നു പറയുന്നു. പക്ഷേ, എങ്ങനെയാണ് അവർ അതു ചെയ്യുവാൻ കഴിയുക എന്നുള്ളതിനെക്കുറിച്ചു ഞങ്ങൾക്കു വലിയ സംശയമുണ്ട്. ശ്രീ. പട്ടം താണുപിള്ള പി. എസ്. പി. അധികാരത്തിൽവന്ന അവസരത്തിൽ ഒരിക്കൽ അദ്ദേഹം ചേർത്തലയിൽ വരികയുണ്ടായി. അന്നു ഞാൻ അദ്ദേഹത്തെ ഒരു മാലയിട്ടു സ്വീകരിക്കുന്നതിനു പോയിരുന്നു. സ്വീകരണമെല്ലാം കഴിഞ്ഞപ്പോൾ അദ്ദേഹം ചേർത്തലയിലെ മുട്ടത്തു പള്ളിയിലേയ്ക്കു പോയി. അങ്ങനെ അദ്ദേഹം കയറിയ കവാടം ഞങ്ങൾക്ക് അടയ്ക്കുകയാണുണ്ടായതു്. ഏതു പരിപാടി വച്ചുകൊണ്ടാണോ അദ്ദേഹം വിജയിച്ചതു് ആ പരിപാടികൾ തന്നെ നടപ്പാക്കാൻ പോകുന്നു എന്നു അദ്ദേഹം അന്നു പറഞ്ഞു. അതോടുകൂടി അന്നുവരെ അദ്ദേഹത്തിന്റെ ബന്ധുക്കളായി നിന്ന ആളുകൾ, അദ്ദേഹത്തിന്റെ പേരിനുവേണ്ടി തല്ലുകൊണ്ട ആളുകൾ, അദ്ദേഹത്തെ ഈ നാട്ടിലെ തെരുവിൽക്കൂടി നടത്തുന്നതിനുവേണ്ടി ജയിലിൽപോയ ആളുകൾ, ഇവരെയെല്ലാം അദ്ദേഹം അനുപേക്ഷിച്ച് അദ്ദേഹത്തിന്റെ ശത്രുക്കളായിരുന്നവരുടെ പാളയത്തിലേയ്ക്കുപോയി. അദ്ദേഹം അധികാരത്തിൽവന്നപ്പോൾ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽക്കൂടിയ യോഗം തല്ലിപ്പൊളിച്ചവരുടെ കൂട്ടത്തിലേയ്ക്കു കടന്നു. അന്നു ഞങ്ങൾ പറഞ്ഞു, അദ്ദേഹത്തിന്റെ പരിപാടികൾ ഇവിടെ നടപ്പിൽവരാൻ പോകുന്നില്ലെന്നു്.

സർ, ഞങ്ങൾ അന്നു് അതു പറയുവാൻ കാരണമുണ്ടായിരുന്നു. കാരണം, അദ്ദേഹം സ്വീകരിച്ച വർഗ്ഗബന്ധത്തെ വിശകലനം ചെയ്താണു ഞങ്ങൾ പറഞ്ഞതു്. ഇന്നും, അദ്ദേഹം പി.എസ്.പി.യിലെ നിലയെടുത്തിരിക്കുകയാണു്, ഇന്നലെവരെ അദ്ദേഹം ആർക്കെതിരായി ഒരു നിലപാടെടുത്തിരുന്നോ അവരുടെകൂടെ അദ്ദേഹം കൂടിയിരിക്കുകയാണു്. സർ, ഏഴു കൊല്ലം ഭരിച്ചു്, നാടുമുടിച്ചു്, ജനങ്ങളാൽ തള്ളപ്പെട്ടതിനുശേഷം, ഇന്നും ജനങ്ങളെ പാഠം പഠിപ്പിക്കണമെന്നു ആഗ്രഹിക്കുന്നവരുടെ കൂടെപ്പോയി നയപ്രഖ്യാപനത്തിലും, ബഡ്ജറ്റപ്രസംഗത്തിലും പറഞ്ഞിരിക്കുന്ന നല്ല കാര്യങ്ങൾ ചെയ്യുവാൻ പോകുന്നുപോലും. എങ്ങനെ സാധിക്കുവാനാണു സർ. ഐക്യമുന്നണിക്കാർക്ക് ഗവണ്മെൻറു കിട്ടാത്ത കൊതികൊണ്ടാണു പോലും. അല്ല സർ, ഭരിച്ച കാലത്തു ജനങ്ങളെ പാഠം പഠിപ്പിച്ചു് ഒടുവിൽ, അജയ്യമായ ജനകീയശക്തിയാൽ തോൽപ്പിച്ചിട്ടും, ജനങ്ങളെ പാഠം പഠിപ്പിക്കാൻ ആഗ്രഹിക്കുന്നവരിരിക്കുന്ന ആളുകളുടെ കൂട്ടുകെട്ടിൽ ഇവിടെ ഒന്നും നടക്കുകയില്ല. ഏതെങ്കിലും നല്ല പരിപാടി—അതായതു് പ്രർവയസ്സുവരെ സൗജന്യവിദ്യാഭ്യാസം നൽകുക എന്ന പദ്ധതിതന്നെ നടപ്പിൽ വരുത്തുക, അന്നു് ഈ General and Responsive co-operation ഇല്ലാതാകുകയും പി. എസ്. പി. മന്ത്രിസഭ തകരുകയും ചെയ്യും. സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. എസ്. വാസുദേവൻപിള്ള</u> : സർ, ഇതു് ഒരു വോട്ടു് ആൺ അക്കൌണ്ടു് ആയതുകൊണ്ടു് ഗവണ്മെൻറിന്റെ നയപരിപാടികളെപ്പറ്റി വിശദമായി വിമർശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഗവണ്മെൻറിന്റെ പോളിസി ഇന്നതായിരിക്കുമെന്നു ഫൈനാൻസു മിനിസ്റ്ററുടെ പ്രസംഗത്തിലും രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗ

[ശ്രീ. പി. എസ്. വാസുദേവൻപിള്ള]

ത്തിലും സൂചിപ്പിച്ചിട്ടുള്ളതുകൊണ്ടു് അതിൽ ഒന്നുരണ്ടു കാര്യങ്ങളെക്കുറിച്ചു മാത്രമേ സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നുള്ളു. പ്രധാനമായി എനിക്കു പറയുവാനുള്ളതു് എഡ്യൂക്കേഷൻ പോളിസിയെപ്പററിയാണു്. എഡ്യൂക്കേഷൻ പോളിസിയെക്കുറിച്ചു് രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തിൽ പ്രായപൂർത്തി വയസ്സുവരെ വിദ്യാർത്ഥികളെ സൌജന്യമായി ഈ രാജ്യത്തു വിദ്യാഭ്യാസം ചെയ്യിക്കുമെന്നു പ്രസ്താവിച്ചിട്ടുണ്ടു്. അതു് ഈ രാജ്യത്തെ ജനങ്ങൾക്കു് ഏററവും ആശ്വാസകരവും പുരോഗമനപരവുമായിട്ടുള്ള ഒരു പ്രവൃത്തിയാണു്. അതു് ഈ രാജ്യത്തെ ജനങ്ങൾ ഏററവും സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയും ചെയ്യും. അതുപോലെതന്നെ മറെറാന്നു സൂചിപ്പിച്ചിട്ടുള്ളതു് ഇവിടത്തെ ലാൻഡു പോളിസിയെപ്പററിയാണു്. ഈ രാജ്യത്തെ എല്ലാ ജനങ്ങളും ഈ ഗവണ്മെൻറിൻെറ ലാൻഡു് പോളിസി ഏതു നിലയിലായിരിക്കുമെന്നു അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. ഈ ഗവണ്മെൻറ് പുരോഗമനപരമായി പലതും ചെയ്യുവാൻ ആലോചിക്കുന്ന ഒരു ഗവണ്മെൻറായതുകൊണ്ടു് നയപരിപാടിയിൽ ലാൻഡു് പോളിസിയുണ്ടാകുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഒന്നുരണ്ടു സംഗതികൾകൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു്. കഴിഞ്ഞ ബെഡ്ജററിൽ ചില കാര്യങ്ങൾക്കു കൊള്ളിച്ചിരുന്നതുക ലാപ്സായിപ്പോയിട്ടുള്ളതിനെക്കുറിച്ചും അതുപോലെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതുകകൾ അനുസരിച്ചു് രാജ്യത്തു പ്രവൃത്തികൾ നടത്താതെപ്പോകുന്നതിനെപ്പററിയും ഒന്നുരണ്ടു വാക്കുകൾ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. പ്രധാനമായി പി. ഡബ്ലിയു. ഡി.—യിലെ സിവിൽ വർക്സിനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. പുതിയ പ്രവൃത്തികൾ ഓരോ സ്ഥലത്തും ഉണ്ടാക്കുന്നതു് അതാതു സബ്ഡിവിഷനിലെ സബ്ഡിവിഷൻ കമ്മിററികളിൽനിന്നുള്ള ശുപാർശ അനുസരിച്ചാണെന്നു പറയുന്നു. അതുപോലെ സബ്ഡിവിഷൻ കമ്മിററികൾ ഈ രാജ്യത്തൊട്ടാകെ പ്രവർത്തിച്ചിരുന്നു. ആ സബ്ഡിവിഷൻ കമ്മിററികളുടെ ശ്രദ്ധയിൽ പുതിയ വർക്കുകൾ കൊണ്ടുവരുന്നതിനു് ശുപാർശകളുണ്ടായിരുന്നു. എന്നാൽ ബഡ്ജററിൽ കൊള്ളിച്ചിരുന്ന പല വർക്കുകളും അതാതു സ്ഥലത്തു നടത്തിയിട്ടില്ലെന്നു മാത്രമല്ല ഒരു സ്ഥലത്തു അനുവദിച്ചുവർക്കുള്ള തുക ആ സ്ഥലത്തുനിന്നു മാററി വേറെ സ്ഥലത്തു വർക്കുകൾ നടത്തുകയും ചെയ്തിട്ടുണ്ടു്. മദ്ധ്യതിരുവിതാംകൂറിലെ കിഴക്കൻ താലൂക്കുകളിലും, പ്രധാനമായി പത്തനംതിട്ട താലൂക്കിലുമാണു് ഇതുപോലെയുള്ള പ്രവൃത്തികൾ നടന്നിട്ടുള്ളതു്. പത്തനംതിട്ട താലൂക്കിൽ ഏററവും പ്രധാനപ്പെട്ട ഒന്നുരണ്ടു റോഡുകളുണ്ടു്. ആ റോഡുകളുടെ പ്രവർത്തനത്തിനായി കുറെ സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, ഈ റോഡുകളുടെ വർക്കു് ഇതേവരെ നടന്നിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണു്. കുമ്പഴ എന്നു പറയുന്ന സ്ഥലത്തുനിന്നും കോന്നിക്കു് ഒരു റോഡുണ്ടു്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണു അതു്. ആ റോഡിനുവേണ്ടി കഴിഞ്ഞവർഷം ബഡ്ജററിൽ ൫,൦൦൦ രൂപ കൊള്ളിച്ചിരുന്നു. ആ സംഖ്യ അവിടെ ചെലവാക്കിയിട്ടില്ല.

അതുപോലെതന്നെ മദ്ധ്യതിരുവിതാംകൂറിലെ കിഴക്കൻപ്രദേശങ്ങളെ സംബന്ധിച്ച പല കാര്യങ്ങളും കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നെങ്കിലും ഈ കഴിഞ്ഞ വർഷത്തിൽ അതൊന്നും ചെയ്തിട്ടില്ല.

പിന്നീടൊരു പ്രധാന സംഗതി ഈ രാജ്യത്തെ ജനങ്ങളുടെയും ഈ സഭയുടെ ശ്രദ്ധയിലും പെട്ടുകൊണ്ടിരിക്കുന്നതു് ഈ രാജ്യത്തെ ഫുഡ്സ് പ്രോബ്ലമാണു്. ഇതേ സംബന്ധിച്ചു പല പ്രവർത്തനങ്ങളും മദ്ധ്യ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ചെയ്യുന്നുണ്ടു്. അതായതു് ധാരാളമായി വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന പമ്പാനദിയിൽ ഒരു ഹൈഡ്രോ ഇലക്ട്രിക്കു് പ്രോജക്ററു ഉണ്ടാക്കുന്ന കാര്യം ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നുള്ളതാണു്. ഇതിനു മുമ്പുണ്ടായിരുന്ന ഗവണ്മെന്റു് ഇതേ സംബന്ധിച്ചു ഇൻവെസ്റ്റിഗേഷനു വേണ്ടി കുറേ പണം ചെലവാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതേ സംബന്ധിച്ചു ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്തി ആ ഹൈഡ്രോ ഇലക്ട്രിക്കു് പ്രോജക്ററു പ്രവർത്തനത്തിൽ കൊണ്ടുവരികയാണെങ്കിൽ മദ്ധ്യ തിരുവിതാംകൂറിൽ ഏകദേശം മൂന്നോ നാലോ അഞ്ചോ ഇരട്ടി കൃഷി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതാണു്. ഇപ്പോൾ ഈ രാജ്യത്തു ഹൈഡ്രോ ഇലക്ട്രിക്കു് പ്രവർത്തനം കൂടുതലായി നടത്തുന്നുണ്ടെങ്കിലും അതു് തെക്കൻ തിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലുമാണു് നടക്കുന്നതു്. മദ്ധ്യ തിരുവിതാംകൂറിൽ വളരെ അധികം വെള്ളമൊഴുകുന്ന നദികളുണ്ടെങ്കിലും അതിന്റെ ഉത്ഭവസ്ഥാനത്തുള്ള വെള്ളം തടഞ്ഞു നിർത്തി ഒരു ഹൈഡ്രോ ഇലക്ട്രിക്കു പദ്ധതി പ്രവർത്തിപ്പിക്കുന്നപക്ഷം ഏകദേശം രണ്ടു ലക്ഷം ഏക്കർ സ്ഥലം നെൽപ്പാടങ്ങളാക്കാൻ സാധിക്കും. ഇതു സംബന്ധിച്ചു സ്കീമുകളും പദ്ധതികളും തയ്യാറാക്കിട്ടുള്ളവർ തന്നെ പറഞ്ഞിട്ടുള്ളതാണു് ഈ വസ്തുത. അവിടെ ഈ സ്കീം പ്രവർത്തിക്കുന്ന പക്ഷം അതിൽ നിന്നും ലഭിക്കുന്ന ഇലക്ട്രിസിററികൊണ്ടു് തിരുവിതാംകൂർ-കൊച്ചി മുഴുവനും ഈ സംസ്ഥാനത്തിനു പുറത്തും സപ്ലൈ ചെയ്യാൻ സാധിക്കും എന്നാണു് പ്രതീക്ഷ.

അങ്ങനെയുള്ള പ്രവർത്തനങ്ങൾ മദ്ധ്യ തിരുവിതാംകൂറിൽ ചെയ്യേണ്ടതു് ഈ രാജ്യത്തിനുതന്നെ ഒരു ആവശ്യമാണു്. മദ്ധ്യതിരുവിതാംകൂറിലെ ആളുകളുടെ ആവശ്യത്തിൽ കവിഞ്ഞു് ഈ പ്രവർത്തനംകൊണ്ടു് ഈ രാജ്യത്തെ മുഴുവനുമുള്ള ആഹാരപ്രശ്നത്തിനു് പരിഹാരമുണ്ടാക്കുവാൻ സാധിക്കുമെന്നുമാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. ഈ കാര്യം ഈ കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ കൊള്ളിച്ചിട്ടില്ല. അടുത്ത പഞ്ചവത്സരപദ്ധതിയിലെങ്കിലും ഈ പദ്ധതികൂടി ഉൾപ്പെടുത്തി അടുത്ത അഞ്ചു വർഷത്തിനകം പുരോഗമിപ്പിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ ഇപ്പോൾ അവിടെ ചെയ്തു തീർക്കേണ്ടതായിട്ടുള്ള ഒന്നു രണ്ടു പ്രവർത്തനങ്ങൾ കൂടിയുണ്ടു്. അവിടെ ഇറിഗേഷൻ പ്രവർത്തനം ഒട്ടും തന്നെയില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അവിടെ ഇറിഗേഷൻ സൗകര്യമില്ലാത്തതുകൊണ്ടു് നെൽകൃഷി പരിപൂർണ്ണമായി ഉണങ്ങി നഷ്ടപ്പെടുകയാണു്. മദ്ധ്യതിരുവിതാംകൂറിൽ ഇറിഗേഷൻ സൗകര്യം അതായതു് ലിഫ്ററു ഇറിഗേഷൻ സൗകര്യമുണ്ടായിരുന്നെങ്കിൽ തീർച്ചയായും പത്തുപതിനായിരം പറനിലങ്ങൾ ഒരിപ്പൂവായി കൃഷി ചെയ്തു വരുന്നതു് ഇരുപ്പൂവാക്കാൻ കഴിയുന്നതാണു്. അവിടങ്ങളിൽ ഒരിപ്പൂകൃഷി പോലും ജലദൗർലഭ്യംകൊണ്ടു് ഉണങ്ങിപ്പോകുന്നുണ്ടു്. അവിടെ ലിഫ്ററു ഇറിഗേഷൻ പദ്ധതി നടപ്പാക്കുകയാണെങ്കിൽ കണിശമായിട്ടും ആ നാട്ടിലെ കൃഷി കുറച്ചുകൂടി വർദ്ധിപ്പിക്കുവാനും

[ശ്രീ. പി. എസ്. വാസുദേവൻപിള്ള]

ആഹാരസാധനങ്ങളുടെ ക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നതാണ്. അവിടെ ഈ പദ്ധതി നടപ്പിലാക്കാനുള്ള പ്രവൎത്തനം യാതൊന്നും നടന്നിട്ടില്ല. കിഴക്കൻ പ്രദേശങ്ങളിൽ ഈ ലിഫ്റ്റ ഇറിഗേഷൻപദ്ധതി കൊണ്ടുവരാൻ സാധിക്കുമായിരുന്നു, ഇലക്ട്രിസിററിയുടെ പ്രവൎത്തനം അവിടെയുണ്ടായിരുന്നെങ്കിൽ. ഈ പറഞ്ഞ കാൎയ്യങ്ങളിലേയ്ക്കു് ഗവണ്മെൻറിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സർ, ഈ ഭാഗത്തുനിന്നും ഉണ്ടാകുന്ന വിമർശനങ്ങൾ സംഹാരാത്മകമാണെന്നു് ഒരു പരാതി മറുഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തിരിക്കുന്നവരിൽ ചിലരെങ്കിലും ചെയ്യുന്ന പ്രസംഗം ഭരണകക്ഷിയെ തൃപ്തിപ്പെടുത്താനുള്ളതല്ല. യഥാൎത്ഥമായ പ്രതിപക്ഷം ഭരണകക്ഷിയുടെ കുററങ്ങളും കുറവുകളും ന്യൂനതകളും ചൂണ്ടിക്കാണിക്കേണ്ടതും, ചൂണ്ടിക്കാണിക്കുന്നതും ആണ്. അതു് അവരുടെ ചുമതലയാണ്. അങ്ങനെ കുററങ്ങളും കുറവുകളും ന്യൂനതകളും ചൂണ്ടിക്കാണിക്കുന്നതു് സംഹാരാത്മകമായ പ്രസംഗമാണെന്നുള്ള വ്യാഖ്യാനത്തെക്കുറിച്ചു് ഞങ്ങൾ അതിശയിക്കുകയാണ്. സംഹാരാത്മകമനോഭാവത്തോടുകൂടി നോക്കുന്നവൎക്കല്ലാതെ ഞങ്ങളുടെ വിമർശനം സംഹാരാത്മകമായോ മനഃപൂൎവ്വമായിട്ടോ ചെയ്യുന്നതാണെന്നു കാണാൻ സാധിക്കുന്നതല്ല. രാജ്യക്ഷേമകാംക്ഷയുള്ളവർ സഹിഷ്ണുതയോടു വിമർശനങ്ങളെ കേട്ടു് പാഠങ്ങൾ പഠിക്കും.

സർ, എൻെറ പരിമിതമായ സമയത്തിനുള്ളിൽ ഏതാനും ചില കാൎയ്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി എനിക്കു പറയാനുള്ളതു് ഈ മന്ത്രിസഭ അധികാരത്തിൽ വന്നു് ഇരുപത്തിനാലു് മണിക്കൂറിനകം ചെയ്യാവുന്ന ഒരു കാൎയ്യമായിരുന്നു പുന്നപ്ര-വയലാർ, ശൂരനാടു്, ഇടപ്പള്ളി മുതലായ കേസുകളിലെ പ്രതികളെ വിടുകയെന്നുള്ളതു്. അവരെ ജയിലിൽനിന്നു മോചിപ്പിക്കുന്നതിനു് ഇന്നു രാജ്യത്തിലെ ജനങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്. നിയമങ്ങളെക്കുറിച്ചു വളരെയൊന്നും പറയാനില്ല. നിയമങ്ങൾ പ്രതിബന്ധമല്ല. പക്ഷേ സന്മനസ്യം വേണം. അവൎക്കു ഇവരെ വിടാനുള്ള സന്മനസില്ല എന്നുള്ളതുകൊണ്ടാണ് തടവുകാരെ വിടാത്തതു്. വിട്ടാൽ പിന്താങ്ങുന്ന പ്രതിപക്ഷം കയൎക്കും. വിട്ടില്ലെങ്കിലുണ്ടാകാവുന്ന കാൎയ്യങ്ങളെക്കുറിച്ചുള്ള ആലോചനക്കുറവും ഭാവനാശൂന്യതയുമാണ് തടവുകാരെ വിടുന്നതിനുള്ള പ്രതിബന്ധം. ഒരുപക്ഷെ അവരെ വിട്ടുകഴിഞ്ഞാൽ പ്രധാന പ്രതിപക്ഷമായ കാൺഗ്രസ്സുകാരിൽനിന്നും ഉണ്ടാകുന്ന പ്രതികൂലതം ആലോചിച്ചിട്ടായിരിക്കാം. അവരെ വിട്ടില്ലെങ്കിൽ, ഈ രാജ്യത്തിലെ ജനങ്ങൾ അവരെ വിടുവിക്കതന്നെ ചെയ്യും. സർ, പുന്നപ്ര-വയലാർ, ശൂരനാടു് മുതലായ കേസുകളിലെ പ്രതികളെ വിടാത്ത ഈ ഗവണ്മെൻറിനു് ഇവിടത്തെ ജനങ്ങളുടെ അനുകൂലത്തോടുകൂടി ഭരിക്കാമെന്നു് വ്യാമോഹിക്കുന്നതു് വളരെ പരിതാപകരമായിരിക്കുന്നു. ഒരുപക്ഷെ ഇവൎക്കു് ഭൂരിപക്ഷമുള്ള ഒരു പ്രതിപക്ഷത്തിൻെറ പിന്തുണയോടുകൂടി ഭരിക്കാമെന്നായിരിക്കും വിശ്വാസം. എന്നാൽ ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ അനുകൂലമോ, പിന്തുണയോ ലഭിക്കാൻ സാദ്ധ്യമാകുകയില്ല.

ശ്രീ. അബ്ദുൽ ഖാദർ: മെംബറുടെ പേരിലുണ്ടായിരുന്ന കേസ് ഈ ഗവണ്മെൻറല്ലേ പിൻവലിച്ചതു്?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഈ ഗവണ്മെൻറാണെങ്കിൽ തന്നെയും അവരുടെ സൗമനസ്യത്തിന്റെ പേരിലല്ല അതുണ്ടായതെന്നു് എനിക്കു തോന്നുന്നു. അവരുടെ സൗമനസ്യംകൊണ്ടാണെന്നു ഞാൻ കരുതുന്നില്ല. കാൺഗ്രസ്സു ഗവണ്മെൻറുതന്നെ പല കേസുകളും പിൻവലിച്ചിട്ടുണ്ടു്.

സർ, കമ്മ്യൂണിററി പ്രാജക്ററുകൾ സംബന്ധിച്ചു വളരെ അധികം പ്രവർത്തനങ്ങൾ ഈ രാജ്യത്തു നടക്കുന്നതായി ഗവണ്മെൻറു ഭാഗത്തുള്ള ചില ബഹുമാനപ്പെട്ട മെംബറന്മാർ പുകഴ്ത്തുകയുണ്ടായി. എന്നാൽ കമ്മ്യൂണിററി പ്രാജക്ററിനേക്കുറിച്ചു ഏതാനും ചില വസ്തുതകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. ഈ സഭയിലെ ഇപ്പോഴത്തെ ഒരു മെംബറും, മുൻപു കൗൺസിൽ ഓഫ് സ്റ്റേററിലെ ഒരു അംഗവുമായിരുന്ന ശ്രീ. കെ. സി. ജാർജ്ജ് വഴിയാണു് ഈ വിവരങ്ങൾ അറിയാൻ സാധിച്ചതു്. കഴിഞ്ഞ കൊല്ല ലാണെന്നു തോന്നുന്നു അതിന്റെ സംവിധായകന്മാർ വിളിച്ചുകൂട്ടിയ ഒരു സമ്മേളനത്തിൽ ശ്രീ. കെ. സി. ജാർജ്ജുകൂടി ഉണ്ടായിരുന്നു. അന്നു് അമേരിക്കയിൽനിന്നും വന്ന ഒരു സായ്പിനോടു കമ്മ്യൂണിററി പ്രാജക്ററിനെപ്പററി ചോദിച്ചപ്പോൾ സായിപ്പു മറുപടി പറഞ്ഞതു നെയ്യാററിൻകരയുള്ള ആളുകളെ അദ്ധ്വാനത്തിന്റെ മഹത്വം പഠിപ്പിക്കുന്നതിനാണു് താൻ വന്നിട്ടുള്ളതെന്നാണു്. വിദ്യാഭ്യാസം, റോഡുവെട്ടൽ, റിക്ലമേഷൻ, ഇലക്ട്രിസിററി ഇത്രയുമാണു് അവരുടെ പദ്ധതി. സായിപ്പിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം ഇവിടെ വേണ്ടുവോളമുണ്ടു്. റോഡുകൾ ആവശ്യംപോലെയും. റിക്ലമേഷനു ഭൂമിയില്ല. ഇലക്ട്രിസിററി ഉടൻ കൊടുക്കാനും നിവൃത്തിയില്ല. അപ്പോൾ പ്രാജക്ററു പ്രവർത്തനങ്ങൾക്കു് ഇവിടെ സ്കോപ്പില്ല. ഈ കൃഷി വിദഗ്ദ്ധൻ സായിപ്പു് നെയ്യാററിൻകരയുള്ള കർഷകരെ കൃഷി പഠിപ്പിക്കുവാൻ വന്നിരിക്കയാണു പോലും. യഥാർത്ഥത്തിൽ അവർ ഇവിടെ സാമ്രാജ്യത്വപ്രചാരവൃത്തി അനുഷ്ഠിക്കയാണു് ചെയ്യുന്നതു്. അദ്ധ്വാനത്തിന്റെ മഹത്വം നാട്ടുകാരെ പഠിപ്പിക്കാൻ അമേരിക്കയിലെ ഒരു സായിപ്പാണു് ഇവിടെ പ്രവർത്തനം നടത്തുന്നതു്. ഇതുകേട്ടാൽ തോന്നും ഇവിടെയുള്ള ആളുകൾ മനഃപൂർവ്വം ജോലി ചെയ്യാത്തവരാണെന്നു്. ഈ അമേരിക്കയിലെ സായിപ്പന്മാർ ഇൻഡ്യയിലെ ഇതരഭാഗങ്ങളിൽവന്നു് ഈവക പ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചു കേന്ദ്രത്തിലെ ധനകാര്യമന്ത്രിതന്നെ പരസ്യമായി പറഞ്ഞിരിക്കുകയാണു്, ഈ കമ്മ്യൂണിററി പ്രാജക്ററിന്റെ പ്രവർത്തനം ഒരു പരാജയമാണെന്നും, അതെല്ലാം ഒന്നു പുനഃപ്പരിശോധന ചെയ്യേണ്ടതാണെന്നും. വസ്തുതകൾ ഇങ്ങിനെയിരിക്കെ, ഈ സഭയിലെ കാൺഗ്രസ്സ് മെംബറന്മാർ, പദ്ധതിയേ പുകഴ്ത്തുന്നതു കാണുമ്പോൾ, ചാലക്കുടി മെംബർക്കുണ്ടാകുന്ന പരിഹാസപൂർണ്ണമായ പുഞ്ചിരിയല്ല, അകമഴിഞ്ഞ അനുകമ്പയാണു് അവരോടു തോന്നിപ്പോകുന്നതു്. ഇന്നു ഈമാതിരി പ്രവർത്തനങ്ങൾകൊണ്ടു് രാജ്യത്തിനു് ഗുണത്തെക്കാളധികം ദോഷമാണുണ്ടാകുന്നതു്. ഇന്നത്തെ പുതിയ മന്ത്രിസഭയെങ്കിലും ഇതൊന്നു അവസാനിപ്പിക്കുവാൻ ശ്രമിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

സർ, ക്രിയാത്മകമായ പല കാര്യങ്ങളും ഈ സഭയെ തെര്യപ്പെടുത്തുവാനുണ്ടു്. ഇന്നു ഈ രാജ്യത്തു് അനവധി കൺട്രാക്ററു പണികൾ നടത്തുന്നുണ്ടു്. അതിൽ കൊള്ളലാഭം അടിക്കുന്നതിനായി ഏതാനും ചില മദ്ധ്യവർത്തികൾ ഇടയ്ക്കു നിന്നു കൊള്ളലാഭം അടിക്കുന്നുണ്ടു്. ഇന്നു ഈ ഒരു വ്യവസ്ഥയില്ലാതാക്കി, ഗവൺമെൻറിൽനിന്നും നേരിട്ടു നടത്തുന്ന പക്ഷം ഇതിലേയ്ക്കു് ചെലവാകുന്ന തുകയുടെ അൻപതു ശതമാനം ഗവൺമെൻറിനു ലാഭമാകുന്നതാണു്. അങ്ങനെ ഗവൺമെൻറിനു ലാഭമുണ്ടാകുന്ന പക്ഷം യഥാർത്ഥമായി ജനോപകാരപ്രദമായ വിധത്തിൽ ആ പണം വിനിയോഗിക്കാവുന്നതാണു്. അതുമാത്രമല്ല, ഈ വില്ലേജു പഞ്ചായത്തുകളുടെ പരിധിയിലുണ്ടാകുന്ന പണികൾ പഞ്ചായത്തു തന്നെ—

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ബഹുമാനപ്പെട്ട മെമ്പറുടെ ബന്ധുക്കളിൽ വല്ല പക്ഷം കാൺട്രാക്ററുണ്ടോ?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ബന്ധുക്കളെന്നു് അദ്ദേഹം പറഞ്ഞതു്, ഏതുതരത്തിലുള്ള ബന്ധുക്കളെപ്പററിയാണെന്നു് മനസ്സിലാകുന്നില്ല. ഞാൻ എൻെറ ബന്ധുവഴിക്കുള്ള ആളുകളുടെ കൺട്രാക്ററിനെപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അമ്മാവൻ.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഈ ഇടത്തട്ടുകാരെ ഇല്ലാതാക്കി ഗവൺമെൻറിൽനിന്നും നേരിട്ടു പ്രവർത്തിക്കുകയോ, പഞ്ചായത്തുകൾ മുഖാന്തിരം പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

ഈ രാജ്യത്തു ധാരാളമായി കർഷകതൊഴിലാളികളുണ്ടു്. അവരുടെ സംഘടനകൾ ഈ നാട്ടിലുണ്ടാകുവാൻ പ്രോത്സാഹനം നൽകണം. ഇന്നാണെങ്കിൽ, തൊഴിലാളികൾ സംഘടിക്കുന്നു എന്നു കേൾക്കുമ്പോൾ ഇവിടെയുള്ള ഗവൺമെൻറു കലിതുള്ളി പിച്ചുംപേയും പറയുന്ന പതിവാണുള്ളതു്. ആ നില മാറേറണ്ടതാണു്. അവരുടെ ഗുണത്തിനുതകുന്ന തരം പരിപാടികളോടുകൂടി ഒരു ഗവൺമെൻറിനു മുൻപോട്ടു പോകാമെന്നല്ലാതെ ഗവൺമെൻറിനു് അവരുടെ സംഘടന ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല.

ഭാരിച്ച ശമ്പളംകൊടുത്തു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചല്ല ഈ പണികൾ ഗവൺമെൻറു് ഏറെറടുക്കേണ്ടതു്. തൊഴിലാളികളുടെയും കർഷകരുടേയും സംഘടനകളെ പ്രോത്സാഹിപ്പിച്ചു് അവർക്കുകൂടെ പങ്കാളിത്തം കൊടുത്തുവേണം ഈ പണികൾ നടത്തുവാൻ. ഈ രാജ്യത്തെ തൊഴിലാളികൾ സംഘടിക്കാൻ പ്രോത്സാഹനം നൽകേണ്ടതാണെന്നുള്ള കാര്യം ആവർത്തിച്ചാവർത്തിച്ചു ഞങ്ങൾ ഗവൺമെൻറിനെ ധരിപ്പിച്ചിട്ടുള്ളതാണു്. അവർക്കു ആവശ്യമുള്ള പ്രോത്സാഹനം നൽകി അവരെ സംഘടിപ്പിക്കുകയാണെങ്കിൽ ഈ ഗവൺമെൻറിനു് വളരെ നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അവരുടെ സംഘടനകൾ മുഖാന്തിരംതന്നെ ഗവൺമെൻറിൽനിന്നും കൊടുക്കുന്ന കൺട്രാക്ററുകളും മററും ചെയ്തുതീർക്കാൻ കഴിയുന്നതാണു്.

അതുപോലെതന്നെ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഏതാനും സ്ഥലങ്ങളിൽ ആവശ്യമായ ജലസേചനസൗകര്യം ഉണ്ടാക്കിക്കൊടുത്തി

രുന്നു എങ്കിൽ ഇപ്പോൾ അമ്പതിനായിരം ലക്ഷംപറ നെല്ല് കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. കോട്ടുകാൽത്തോട് ഉടനെ വെട്ടിയാൽ ആണ്ടിനാൽ രണ്ടുലക്ഷംപറ നെല്ല് കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ഈ ഗവണ്മെൻറിൻെറ തലതൊട്ടപ്പന്മാരായ അമേരിക്കാക്കാരൻെറ പദ്ധതിയിൽ ഇതു കണ്ടില്ല. ഞാൻ നെയ്യാററിൻകര കോട്ടുകാൽ ചാനലിനെപ്പററിയാണ് പറഞ്ഞതു്. ഇതുപോലെ പല കാര്യങ്ങൾ ഈ സഭയുടെയും ഗവണ്മെൻറിൻെറയും ശ്രദ്ധയിൽ പെടുത്തുവാനുണ്ട്. ഇങ്ങനെ ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അപ്പോഴപ്പോൾ അറിഞ്ഞു് അതു് ഈ ഗവണ്മെൻറു സ്വീകരിക്കാൻ തയ്യാറാകണം. അതിലേയ്ക്കു ഗവണ്മെൻറു എന്തെങ്കിലും ചെയ്യുമെന്നാണ് എൻെറ പ്രതീക്ഷ. ഇതു് ഒരു ജനകീയ ഗവണ്മെൻറാണോ എന്നു പരിശോധിക്കുന്നതിനുള്ള അവസരമാണിപ്പോൾ ജനങ്ങൾ നൽകിയിട്ടുള്ളതു്. ആ അടിസ്ഥാനത്തിൽ ഈ ഗവണ്മെൻറു നല്ലകാര്യങ്ങൾ ചെയ്യുമെന്നുണ്ടെങ്കിൽ ജനറൽ ആൻഡ് റെസ്പോൺസീവ് കോവാപ്പറേഷൻകാരേക്കാൾ ഞങ്ങളുടെ പിന്തുണയായിരിക്കും നിങ്ങൾക്കുണ്ടാവുക. ഇല്ലാത്തപക്ഷം യഥാർത്ഥമായ എതിർപ്പും ഞങ്ങളുടെ ഭാഗത്തുനിന്നും നിങ്ങൾക്കു നേരിടേണ്ടിവരും.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : സർ, ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്, ധനകാര്യമന്ത്രി തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്നതു്, ഒരു ബഡ്ജററല്ല. അതു് ബഡ്ജററ് ആയിരിക്കണമെന്നു് അദ്ദേഹം ഉദ്ദേശിച്ചിട്ടുമില്ല. ആ ഉദ്ദേശം മനസ്സിലാക്കാതെ വളരെയേറെ വിമർശനങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ മാർച്ചുമാസത്തിൽ ഇതുപോലെ ഒരു വോട്ട് ആൺ അക്കൗണ്ട്സ് ഞാൻ ഇവിടെ ധനകാര്യമന്ത്രി ആയിരുന്നപ്പോൾ കൊണ്ടുവന്നപ്പോഴും സഭയിൽ ഈ വിധത്തിലുള്ള വിമർശനങ്ങളാണ് ഉണ്ടായതു്. ഇങ്ങനെ ഒരു ബഡ്ജററ് തയ്യാറാക്കി ഈ സഭയിൽകൊണ്ടുവരുന്നതുവരെ നിയമാനുസരണം രാജ്യകാര്യങ്ങൾ നടത്തുന്നതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള വോട്ട് ആൺ അക്കൗണ്ട്സ് ആണ് ഇവിടെയുള്ളതു്. അതിൽ ഗവണ്മെൻറിൻെറ നയങ്ങളൊന്നും നിഴലിച്ചുകാണുന്നില്ല എന്നു് ഇവിടെ ആക്ഷേപങ്ങൾ ഉണ്ടായി.

<u>ശ്രീ. ററി. ഭാസ്കരൻ പിള്ള</u> : ബഹുമാനപ്പെട്ട മെംബർ പ്രതിപക്ഷത്തിൽ നിന്നുകൊണ്ടു സംസാരിക്കുകയാണോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഞാൻ എൻെറ സ്ഥാനത്തുനിന്നുകൊണ്ടു സംസാരിക്കുകയാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ശ്രീ. കെ. സി. ജാർജ്ജിനെപ്പോലെ പരിചയസമ്പന്നനായ ഒരു മാന്യദേഹംപോലും ഈ ബഡ്ജററിൽ പാട്ടം വെട്ടിക്കുറയ്ക്കാൻ ഉള്ള ലക്ഷണം കാണുന്നില്ല, കൃഷിക്കാർക്ക് സ്ഥിരത കൊടുക്കുന്നുള്ള കാര്യങ്ങൾ കാണുന്നില്ല എന്നു പറയുകയുണ്ടായി. പാട്ടം വെട്ടികുറയ്ക്കാനും കൃഷിക്കാർക്കു് സ്ഥിരാവകാശം നൽകുവാനും ഉള്ള കാര്യങ്ങൾ ബഡ്ജററിൽ ഉണ്ടാകുമെന്നു് ആരും ധരിച്ചിട്ടില്ല.

<u>ശ്രീ. കെ. സി. ജാർജ്ജ്</u> : ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലും രാജപ്രമുഖൻെറ പ്രസംഗത്തിലും ആ വക കാര്യങ്ങൾ കാണുന്നില്ല എന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ തിരുത്തു് ഞാൻ സ്വീകരിക്കുന്നു. പക്ഷെ പറഞ്ഞതു് അങ്ങനെ ആയിരുന്നില്ല എന്നാണു് എന്റെ ഓർമ്മ.

അതുകൊണ്ടു് ഇതു് ഒരുബഡ്ജററല്ലെന്നും ഇതിൽ നിന്നും ജനങ്ങൾക്കു് യാതൊരു നയങ്ങളും പ്രതീക്ഷിക്കുവാനില്ലെന്നും ഓർമ്മിച്ചുകൊണ്ടുതന്നെ എനിക്കു പറയാനുള്ളതു് ഞാൻ പറയാം.

ഇന്നലെ ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ശ്രീ. ജാണ്ണും രാമപുരം മെംബർ ശ്രീ. ചാഴിക്കാട്ടു് ജോസഫും ഇന്നു് ചേർത്തല മെംബർ ശ്രീമതി ഗൗരിയും പതിനെട്ടു് അംഗങ്ങൾ മാത്രമുള്ള ഈ ഗവണ്മെന്റിനു് ൪൮ അംഗങ്ങളുള്ള നിഷിദ്ധന്മാരും രാജ്യദ്രോഹികളും രാജ്യം മുടിച്ചവരുമായ കാൺഗ്രസ്സുകാരുടെ പിൻബലത്തോടുകൂടിയാണു് ഭരണഭാരം ഏറെറടുത്തിരിക്കുന്നതെന്നും പുരോഗമനത്തിന്റെ കൊടുമുടിയിൽ കയറി താണ്ഡവം നടത്തുന്ന ഐക്യമുന്നണിയുടെ സഹായം ഇവർക്കില്ലാത്തതിനാൽ യാതൊരു ഗുണവും ഇവരുടെ ഭരണത്തിൽ നിന്നും രാജ്യത്തിനുണ്ടാകാൻ പോകുന്നില്ലെന്നും പറയുകയുണ്ടായി. ഇപ്പോൾ ഭരണഭാരം ഏറെറടുത്തിരിക്കുന്ന പാർട്ടിയുടെയും ഈ പുരോഗമനക്കാരുടെയും ഉറപ്പിനു വേണ്ടി ഒരു കാര്യം ഞാൻ പറയുന്നു. ഞങ്ങളെ ചൊല്ലി, ഗവണ്മെന്റിന്റെ പുരോഗമന പരിപാടികൾക്കു് യാതൊരു ബ്രേക്കും ഇടേണ്ട കാര്യമില്ല. പശ്ചിമഘട്ടത്തിന്റെ കൊടുമുടിയിൽ നിന്നുകൊണ്ടു് പുരോഗമനത്തിന്റെ താണ്ഡവനൃത്തം ആടുവാനാണു് ശ്രീ. പട്ടം താണുപിള്ളയുടെ ഭരണകൂടം ശ്രമിക്കുന്നതെങ്കിൽ എവറസ്റ്റിന്റെ മുകളിൽ നിന്നുകൊണ്ടു് ഞങ്ങൾ അതിനെ അനുകൂലിക്കുമെന്നു ഞാൻ ഉറപ്പുപറയുന്നു. ഈ രാജ്യത്തിനു് ഏതു വിധത്തിലുള്ള പുരോഗമനവും വരുത്തുന്നതിനു ഞങ്ങൾ പിൻബലം നൽകുമെന്നും ഈയവസരത്തിൽ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഒരു കാര്യം മാത്രം ഈയവസരത്തിൽ ഓർമ്മിച്ചാൽ കൊള്ളാം. ഈ ഗവണ്മെൻറ് ചെയ്യാത്തകാര്യങ്ങൾക്കൊന്നും ഉത്തരവാദിത്വം ഏൾക്കുകയില്ല. ചെയ്യുമെന്നുദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യാത്തതായ ഒരു അന്തരീക്ഷം ഇവിടെ സൃഷ്ടിക്കാൻ ഈ പ്രതിപക്ഷം എപ്പോഴും ഒരുക്കമായിരിക്കും. മറെറാരു ഭാഷയിൽ പറയുകയാണെങ്കിൽ, ഞാൻ ആരെയും കുററപ്പെടുത്താനോ വേദനിപ്പിക്കുവാനോ വേണ്ടി പറയുകയല്ല, കഴിഞ്ഞ രണ്ടുകൊല്ലകാലമായി കാൺഗ്രസ്സ് ഗവണ്മെന്റിനു കിട്ടാതിരുന്ന സഹാനുഭൂതിയും സഹായവും ഞങ്ങൾ രാജ്യനന്മയേയും ജനക്ഷേമത്തേയും ഉദ്ദേശിച്ചു് ഗവണ്മെന്റിനു നൽകുവാൻ ഉദ്ദേശിക്കുന്നു. നല്ല കാര്യങ്ങൾ ചെയ്യുവാൻ സഹാനുഭൂതിയോടുകൂടിയ ഒരു ജനസഞ്ചയത്തെ ഈ രാജ്യത്തുണ്ടാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിന്റെ അഭാവമാണു് ഹതഭാഗ്യയായ ഈ രാജ്യത്തിനു കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളായി ഉണ്ടായിരുന്നതു് എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് വളരെയേറെ പ്രണിതമനസ്സോടും വ്യാകുലതയേറിയ ഹൃദയത്തോടുംകൂടി ഞങ്ങൾക്കു കിട്ടാതിരുന്ന സഹാനുഭൂതി നിങ്ങൾക്കു തരുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണു്. എങ്ങനെയെങ്കിലും ഈ രാജ്യം നന്നാകട്ടെ, എങ്ങനെയെങ്കിലും ഈ രാജ്യത്തെ ജനങ്ങൾക്കു് ക്ഷേമൈശ്വര്യം കൈവരട്ടെ എന്നാണു് ഞങ്ങളുടെ ആഗ്രഹം.

ഉണ്ടാകാൻ പോകുന്ന ബഡ്ജററിൽ ബഡ്ജററിന്റെ സമയമാകുമ്പോഴ് ഗവണ്മെന്റ ചെയ്യേണ്ട പ്രധാന കാര്യങ്ങളിൽ രണ്ടുകാര്യങ്ങളെപ്പററി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തുള്ള ജനപ്പെരുപ്പത്തെപ്പററിയും ഇവിടത്തെ തൊഴിലില്ലായ്മയെപ്പററിയും നാം വളരെയേറെ പറയാറുണ്ട്. ഈ തൊഴിലില്ലായ്മയ്ക്കു പരിഹാരമാർഗ്ഗം എന്താണെന്നു നാം ചിന്തിക്കേണ്ടതുണ്ട്: എന്റെ അഭിപ്രായത്തിൽ, ഇന്നു തിരുവിതാംകൂർ സംസ്ഥാനത്തുള്ള അത്യധികമായ ജനപ്പെരുപ്പവും ഇവിടെയുള്ള വമ്പിച്ച തൊഴിലില്ലായ്മയും നാഷണൽ പ്ലാനിംഗ് കമ്മിഷന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതു നമ്മുടെ ചുമതലയാണ്.

ശ്രീ. എം. പി. മേനോൻ: ഇക്കാര്യം ഇതിനു മുമ്പു നാഷണൽ പ്ലാനിംഗ് കമ്മിഷന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ലയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പെടുത്തീട്ടുണ്ട്. പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ നാഷണൽ പ്ലാനിംഗ് കമ്മീഷൻ തിരുവിതാംകൂർ കൊച്ചിയിലെ പ്രത്യേകപ്രശ്നങ്ങളെപ്പററി വേണ്ടിടത്തോളം ശ്രദ്ധിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു പറയുകയാണ്, കാററിന്യമേറിയ ഈ പ്രശ്നങ്ങൾ നാഷണൽ പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി മററുള്ള എല്ലാ കക്ഷികളിലുംപെട്ട അംഗങ്ങളും കൂടി യോജിച്ച്, ഇതു് ഒരു താൽക്കാലിക പ്രശ്നമല്ലെന്നും ഈ രാജ്യത്തെ ജനങ്ങളെ ആകമാനം ബാധിക്കുന്ന ഒരു പ്രശ്നമാണെന്നുമുള്ള നിലയിൽ കൈകാര്യം ചെയ്യുവാൻ രാജ്യത്തു് നാനാഭാഗത്തുമുള്ള ആളുകൾ ശ്രമിക്കേണ്ടതും ആണ്. അതാണ് എനിക്ക് ആ വിഷയത്തെപ്പററി പറയുവാനുള്ളതു്.

നമ്മുടെ വ്യവസായങ്ങൾ വേണ്ടിടത്തോളം വളന്നിട്ടില്ലാത്ത ഈ സംസ്ഥാനത്തു് ഏററവും വലിയ തൊഴിൽ ദാതാവായിരിക്കുന്നതു നമ്മുടെ ഗവണ്മെന്റാണ്. അതുകൊണ്ടു് ഗവണ്മെന്റ് ഇക്കാര്യത്തിൽ മാതൃകാപരമായ ഒരു നയം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഞാൻ ഗവണ്മെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെപ്പററി പറയുകയാണ്. വളരെയേറെ ഉദ്യോഗസ്ഥന്മാർ പിരിച്ചുവിടപ്പെട്ടവരായി ഉണ്ട്. കാലത്തു് ഇവിടെ പ്രസ്താവിച്ചതായ പിരിച്ചുവിടലിനെപ്പററിയുള്ള വിവരങ്ങളും അതിനെപ്പററി നൽകിയിട്ടുള്ള വിശദീകരണങ്ങളും മറച്ചുകൊണ്ട് ഞാൻ പറയുകയല്ല. ഈ രാജ്യത്തെ മുതലാളികളുടെ ഫാക്ടറികളിൽ നിന്നും പിരിച്ചുവിട്ടിട്ടുള്ള തൊഴിലാളികൾക്ക് അവർ വേതനം നൽകണമെന്നും മററും ഗവണ്മെന്റും ലേബർഡിപ്പാർട്ടുമെന്റും തൊഴിലാളികളും മുതലാളിമാരോടു് ആവശ്യപ്പെടാറുണ്ടല്ലോ. അതു സഫലമായി നടത്തണമെങ്കിൽ ഗവണ്മെന്റുതന്നെ അക്കാര്യത്തിൽ മാതൃകാപരമായ നില സ്വീകരിക്കണം. അനേകം തൊഴിൽശാലകൾ പൂട്ടിയിടുന്നുണ്ട്. കഴിഞ്ഞ ആറുമാസങ്ങൾക്കിടയിൽ നാലഞ്ചു തൊഴിൽശാലകൾ പൂട്ടിയിട്ട കാര്യം എനിക്കറിയാം. തൃശ്ശിവപേരൂരിലുള്ള സീതാറാം മിൽസും മുളംകുന്നത്തുകാവിലുള്ള മഹാലക്ഷ്മി ആൻറ് കമ്പനിയും വീണ്ടും തുറക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുവാൻ ഗവണ്മെന്റിനു സാധിച്ചിട്ടുണ്ട്. ഈ രണ്ടു സ്ഥാപനങ്ങളും പ്രവത്തനം നടത്തുന്നപക്ഷം ഏകദേശം ൪൦൦൦

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ത്തോളം കുടുംബങ്ങൾക്കു ക്ഷേമം വരുത്തുവാൻ സാധിക്കുന്നതാണ്. എന്നാൽ ഇന്ന് ആ വ്യവസ്ഥകൾക്ക് എന്തോ ദോഷം തട്ടാൻ പോകുന്നുയെന്ന് കേൾക്കുന്നുണ്ട്. അതു വരാതെ സൂക്ഷിക്കണം. അതുപോലെ ചാലക്കുടിയിലുള്ള ത്രഡ് വർക്ക്സും കുണ്ടറയിലുള്ള അലൈഡ് ഇൻഡസ്ട്രീസും ഇനാമൽ ഇൻഡ്സ്ട്രീസും പൂട്ടിയിട്ടിരിക്കുകയാണ്. അലൈഡ് ഇൻഡസ്ട്രീസും ഇനാമൽ ഇൻഡസ്ട്രീസും സർക്കാരിൽ നിന്നും നേരിട്ടു നടത്താനുള്ള വ്യവസ്ഥകൾ മിക്കവാറും തയ്യാറാക്കി ഗവണ്മെന്റിന്റെ മുമ്പിലിരിക്കുകയാണ്. ഈ വക കാര്യങ്ങളിൽ യാഥാസ്ഥിതികമല്ലാത്ത വളരെ സുധീരമായ ഒരു നയം സ്വീകരിക്കുവാൻ ഗവണ്മെന്റ് ഒരുങ്ങണം. സോഷ്യലിസ്റ്റാണോ കാൺഗ്രസ്സാണോ കമ്മ്യൂണിസ്റ്റാണോ എന്നിങ്ങനെ ഇസങ്ങളുടെ നിറങ്ങളിൽക്കൂടി ഈ കാര്യത്തെപ്പറ്റി നോക്കാതെ ഏതു കാര്യത്തെപ്പറ്റിയും രാജ്യക്ഷേമകരമായ ഒരു തീരുമാനമെടുക്കുവാൻ നാം തയ്യാറാകണം. ഇതിനാവശ്യമായ സന്നദ്ധത ഗവണ്മെന്റ് പ്രകടിപ്പിക്കണമെന്നു ഞാൻ ഉത്ബോധിപ്പിച്ചുകൊള്ളുന്നു.

ഞാൻ ഇത്രയും പറഞ്ഞതു് തൊഴിലാളികളുടെ കാര്യമാണ്. ഈ രാജ്യത്തു് വളരെ എളുപ്പത്തിൽ ഗവണ്മെന്റിനെ സഹായിക്കുവാൻ സാധിക്കുന്ന മറ്റൊരു വർഗ്ഗമാണ് ഈ രാജ്യത്തെ കൃഷിക്കാർ. ഇന്നു [illegible] ഇത്രയോളം മഴയുള്ള നമ്മുടെ രാജ്യത്തു വെള്ളം കിട്ടാതെ കൃഷി പലപ്പോഴും നശിച്ചുപോകുന്നുണ്ടെന്നുള്ളതു് ഇവിടത്തെ ഏറ്റവും വലിയ ഒരു വൈപരീത്യമായി പലപ്പോഴും തോന്നാറുണ്ട്. അതു് പരിഹരിക്കാൻ വേണ്ടി എവിടെ ശുദ്ധജലമുണ്ടോ അതു് ഈ ആവശ്യങ്ങൾക്കു വിനിയോഗിക്കുവാനുള്ള ഒരു നില ഗവണ്മെന്റ് അടിയന്തിരമായി എടുക്കണം. അങ്ങനെയുള്ള ഒരു നിലയെടുക്കുവാൻ പര്യാപ്തമായ ഒരു പരിപാടി ഞങ്ങൾ തയ്യാറാക്കിയതു നടപ്പിലാക്കുവാൻ സാധിക്കാത്തതുകൊണ്ട് ഇപ്പോൾ ഇതു പറയുകയാണ്. കാൺഗ്രസ്സ് പ്രകടനപത്രികയിൽ അതു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതു് ഈ ഗവണ്മെന്റിനു സ്വീകാര്യമല്ലാതെ വരികയില്ല. സോഷ്യലിസ്റ്റു പാർട്ടിയുടെ പ്രകടനപത്രികയിലും ഇറിഗേഷൻ പദ്ധതികളെപ്പറ്റി പറയുന്നുണ്ട്. നമ്മുടെ രാജ്യത്തുള്ള പമ്പ, പെരിയാർ അതുപോലെയുള്ള മററു നദികൾ സസ്യശ്യാമളമായ തീരങ്ങളിൽക്കൂടി അമൃതമയമായ ശുദ്ധജലവും വഹിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. ആ ശുദ്ധജലമെല്ലാം ഉപ്പുവെള്ളത്തിൽ ചെന്നു വീണു് അനാവശ്യമായി നഷ്ടപ്പെട്ടുപോകുകയാണ്. എത്രകോടി രൂപ അതിനുവേണ്ടി ചെലവാക്കുകയാണെങ്കിലും അതു് ഒരു നഷ്ടമായിരിക്കയില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററിൽ രണ്ടുകോടി രൂപ ഫുഡ്സബ്സിഡിക്കുവേണ്ടി കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെ ആഹാരകാര്യത്തിനു മാത്രമായി ഈ ഗവണ്മെന്റും ഇൻഡ്യാഗവണ്മെന്റും ഇവിടെ ജനങ്ങളുംകൂടി എത്രകോടിരൂപ ചെലവാക്കുന്നുണ്ടെന്നു നാം ഓർമ്മിക്കുന്നുണ്ടോ? അതിൽ ഒരു നേരിയഭാഗം ഇറിഗേഷനുവേണ്ടി ചെലവാക്കുകയാണെങ്കിൽ ഈ രാജ്യത്തു ഭക്ഷ്യോൽപ്പാദനം കൂടുതൽ കാര്യക്ഷമമാക്കി വർദ്ധിപ്പിക്കുവാൻ നമുക്കു കഴിയും. ബഡ്ജററു പ്രസംഗത്തിൽത്തന്നെ പറയുന്നുണ്ട് ഇവിടത്തെ ജനസാമാന്യത്തിന്റെ ആവശ്യങ്ങൾ നിവൃത്തിച്ചതിനു ശേഷം ഏകദേശം എഴുപത്തീരായിരം ടൺ അരി ഇന്നു ഗവണ്മെ-

ന്റിന്റെ കയ്യിൽ സ്റ്റോക്ക് ഇരിപ്പുണ്ടെന്നു്. അതു് ഏകദേശം മൂന്നു മാസത്തെ ആവശ്യത്തിനുവരും. ഇതിനു മുമ്പുള്ള ഗവണ്മെന്റിന്റെ ചരിത്രത്തിൽ ഏഴോ എട്ടോ പത്തോ ദിവസത്തേക്കുള്ളതിൽ കൂടുതൽ അരി ഉണ്ടായിട്ടില്ല. ഇത്രയധികം അരി ഇപ്പോൾ സ്റ്റോക്കുണ്ടാവാനുള്ള കാരണം ഭക്ഷ്യക്ഷാമ നിവാരണത്തിനായി കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി ഈ ഗവണ്മെന്റ നടത്തിയിട്ടുള്ള പരിശ്രമങ്ങളാണു്. ആ പരിശ്രമങ്ങളുടെ ഫലമായിട്ടാണു് ഇന്നു് ഇവിടത്തെ ഭക്ഷ്യധാന്യ നില ഇത്രയും തൃപ്തികരമായിരിക്കുന്നതു്. അതുകൊണ്ടു് ഇറിഗേഷൻ കാര്യത്തിൽ ഗവണ്മെന്റ് ഇനിയും ശ്രദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ രണ്ടു കാര്യങ്ങൾ മാത്രമെ പ്രധാനമായി ശ്രദ്ധിക്കേണ്ടതുള്ളുവെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം.

Shri R. Sankaranarayanan Tampi : Do the figures show a rise in production?

Shri Panampilli Govinda Menon : Very great increase.

ശ്രീമതി കെ. ആർ. ഗൗരി : അരി സ്റ്റോക്ക് കൂടുതലുള്ളതുകൊണ്ടു് അതു ഗവണ്മെന്റിന്റെ ഭക്ഷ്യോൽപ്പാദനശ്രമത്തിന്റെ ഫലമായിട്ടാണെന്നു വരുന്നതെങ്ങിനെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ സമയമില്ലാത്തതുകൊണ്ടു് പിന്നെ ഒരിക്കൽ അതിനെപ്പററി പറയാം. ബഹുമാനപ്പെട്ട മെംബർക്കു് അറിയാൻ പാടില്ലാത്ത പല കാര്യങ്ങളും ഇതിലുണ്ടു്.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

Vote on Accounts in respect of the Budget for 1954-55.

2 P. m.]

Mr. Speaker : Order, order. We will now proceed with the Vote on account. I wish to draw the attention of the Members to the fact that for moving all the amendments that have been received it will take a lot of time. We have before us nearly 250 amendments and it is not possible to deal with all of them today. As members are aware, the amendments moved and the motion for the Vote on Account will have to be put to vote at 5.00 P. M. today. I would, therefore, suggest for the consideration of the Members that each party may allot the time available among themselves and move two or three select amendments. The other Members can talk on the whole motion or on the particular Demand as they like.

I propose the following division of time :

Congress party 45 minutes ; the U. F. L. 45 minutes ; the T. N. C. 15 minutes ; and the P. S. P. 15 minutes.

[Mr. Speaker]

I presume that the House is agreeable to this suggestion. Now the Minister will move the motion. I will give for the Minister for Finance 20 minutes. For the Chief Minister 15 minutes and for the movers of the cut motions 10 minutes each.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, I move that the respective sums not exceeding the amounts shown in the third column of the Schedule* annexed to this motion be granted to the Rajpramukh on account for or towards defraying the charges during the first four months of the Financial year 1954-55 in respect of the corresponding Heads of Demands entered in the second column of the said schedule.

Shri P. K. Kunju : I second it.

Shri Panampilli Govinda Menon: Sri, motion No. 8 in the list may be called first.

Mr. Speaker: Yes, Mr. Narayana Kurup may move motion No. 8.

Shri N. Narayana Kurup: Sri, I beg to move:

That the Demand for grant on acccount under head I Agricultural Income-tax and Sales-tax be reduced by Rs. 10. (To discuss about the policy).

സർ, ഈ കട്ട്മോഷൻ ഞാൻ ഹാജരാക്കിയിരിക്കുന്നതു്—

ശ്രീ. ടി. വി. തോമസ്സ്: സർ, നമ്പർ മൂന്നായി എന്റെ ഒരു മോഷനുണ്ടു്. വ്വ മൂവുചെയ്ത ശേഷം മൂന്നു മൂവു ചെയ്യാമോ?

Mr. Speaker: That is the same thing. You can speak in support of the motion.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, കാർഷികാദായനികുതിയും വില്പനനികുതിയും ചേർന്നുള്ള വകുപ്പിന്റെ പ്രവൎത്തനത്തെപ്പററി പ്രതിപാദിക്കുന്നതിനായി, ആ വകുപ്പിനുള്ള ധനാഭ്യൎത്ഥനയിൽ പത്തുരൂപ കുറക്കണമെന്നാണു് ഈ ഉപക്ഷേപംമൂലം ഞാൻ ആവശ്യപ്പെടുന്നതു്.

സർ, ഒരു കർഷകനു് നികുതി ചുമത്തത്തക്ക ആദായം യഥാൎത്ഥത്തിൽ ഉണ്ടെങ്കിൽ ആദായനികുതി കൊടുക്കേണ്ടതത്യാവശ്യമാണു് അങ്ങനെ കൊടുക്കുന്നതിനു കർഷകൻ മടിക്കുകയുമില്ല. എന്നാൽ പുരാതനമായി കേൾവിപ്പെട്ട കുടുംബങ്ങൾ ഭാഗിച്ചു—ആളോഹരിഭാഗിച്ചു്—ഓരോ കുടുംബങ്ങളായി തീൎന്നിട്ടുണ്ടെങ്കിലും, കുടുംബ കാരണവനെ ആദായനികുതിക്കു വിധേയനാക്കുന്ന പതിവു് തുടൎന്നുവരുന്നുണ്ടു്. കർഷകനു കണക്കില്ലെന്നു പൊതുവേ ഒരു ധാരണയുള്ളതുകൊണ്ടു അവൻ ആദായനികുതി ഉണ്ടായ കാലം മുതൽ കണക്കു വച്ചിരുന്നാലും അതിനുമുമ്പുള്ള കാലത്തു കണക്കില്ലെന്നറിഞ്ഞുകൊണ്ടു് അതു ഹാജരാക്കാനുത്തരവിടുകയും ഇല്ല. കണക്കു് ഹാജരാക്കാത്തതിനാൽ ഹാജരാക്കുന്ന കണക്കു കള്ളക്ക-

* Please See Appendix III.

ണക്കാണെന്ന വിധിയെഴുതി തോന്ന്യാസമായി ആദായം നിശ്ചയിച്ചു നികുതി ചുമത്തുന്ന പതിവും ഇല്ലാതില്ല. ഉദ്യോഗസ്ഥൻ സ്വപ്നം കാണുന്ന ആദായം നിശ്ചയിച്ചിട്ടും നികുതി കൊടുക്കാനുള്ള പരിധിയിൽ എത്തുന്നില്ലെങ്കിൽ, കുരുമുളക് കൃഷിയില്ലാത്ത കുട്ടനാടൻ പ്രദേശങ്ങളിലെ കർഷകനും കുരുമുളകുകൃഷിയുണ്ടെന്നും അതിനാദായമുണ്ടെന്നും നിശ്ചയിച്ച്, അതിനും ആദായം നിശ്ചയിച്ച് കൂട്ടിച്ചേർത്ത്, നികുതി ചുമത്താവുന്ന ആദായമുണ്ടാക്കി നികുതിചുമത്തുന്ന പതിവും കണ്ടുവരുന്നുണ്ട്. സർ, ഈ ഉദ്യോഗസ്ഥന്മാർക്ക് അവരവരുടെ അധികാരപരിധിയിലുള്ള കർഷകരുടെ നിലങ്ങളിലേയും പുരയിടങ്ങളിലേയും ആദായം തിട്ടപ്പെടുത്തുന്നതിന് അധികൃതമായ ഒരുപാധി—തോത്—ഇല്ലാത്തതാണ്, ഈ വിധം ആദായം നിർണ്ണയിക്കുന്നതിനിടയാകുന്നത്. അതിനാൽ സാമാന്യേന അവർതന്നെ ചില തോതു നിർണ്ണയിക്കുന്നുണ്ട്. ചേർത്തലതാലൂക്കിലാണെങ്കിൽ ഒരേക്കർ തെങ്ങിൻതോപ്പിൽനിന്നും ആണ്ടിൽ നൂററൻപതു രൂപയും കുട്ടനാട്ടാണെങ്കിൽ നാനൂററൻപതു രൂപയും ആദായം കിട്ടുമെന്നും മററുമാണ്. ഈ ആദായം എങ്ങനെ നിശ്ചയിച്ചു എന്നു ചോദിച്ചാൽ അവർക്കുതന്നെ നിശ്ചയമില്ല. സർ, ഈ കണക്കിനാദായമില്ലെന്നും സ്ഥലത്തുവന്നു നോക്കണമെന്നു പറഞ്ഞു ഹർജി ബോധിപ്പിച്ചാൽപോലും അനുവദിക്കാറില്ല. ഉദ്യോഗസ്ഥന്റെ വിശ്വാസം—അല്ലെങ്കിൽ പാർശ്വവർത്തികൾ കൊടുത്ത അറിവ്—ആയിരിക്കും ആദായത്തിന്റെ മാനദണ്ഡം. സിവിൽകോടതികളിൽപോലും ആദായം തിട്ടപ്പെടുത്തുന്നതിന് ചില നിയമവും ഉണ്ട്. ഇതൊന്നും ആദായനികുതി ഉദ്യോഗസ്ഥന്മാരെ ബന്ധിക്കയില്ല. അവർക്കു എന്തും ചെയ്യാമെന്നുള്ള മട്ടായതുകൊണ്ട്, കർഷകർക്ക അവരെ ഭയപ്പെടാതെ തരമില്ല. അത്രമാത്രം കർഷകർ ഗവണ്മെൻറിനെ ശപിക്കയും വെറുക്കയും ചെയ്യാനിടവരുന്നുണ്ട്. ആദായനികുതി കൊടുക്കുന്നതിലല്ല, എന്നാൽ ഇല്ലാത്ത ആദായത്തിനു നികുതി കൊടുക്കേണ്ടിവരുന്നതിലാണ് വിരോധം. ഈ വിരോധം നിമിത്തം ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ ഇത്തരം കർഷകർ കാൺഗ്രസ്സിനെതിരായി വോട്ടുചെയ്തിട്ടുണ്ടെന്ന് ധൈര്യമായി പറയാൻ കഴിയും. സർ, ആദായം ഉണ്ടാക്കുന്നതിനുള്ള ചിലവു അനുവദിക്കുന്നതും അപര്യാപ്തമാണ്. നിയമത്തിൽ ന്യായമാനമേ അനുവദിക്കുന്നുള്ളെങ്കിൽ ആ നിയമഭേദഗതി ഉണ്ടാക്കേണ്ടതും ആവശ്യമാണ്.

സർ, കർഷകന്റെ തെങ്ങുംതോപ്പുകളിലേയും നിലങ്ങളിലേയും ആദായം നിർണ്ണയിക്കുന്നതിന് ഏതെങ്കിലും ഉപാധി കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. ഓരോ പകുതിയിലേയും cost of cultivation or production നിർണ്ണയിക്കേണ്ടതും Crop cutting പരീക്ഷണം നടത്തേണ്ടതും അവ പരസ്യംചെയ്യേണ്ടതും അത്യാവശ്യമായിതീർന്നിട്ടുണ്ട്. അപ്രകാരമായാൽ ചിലവെന്താകുമെന്നും വിളവും ആദായവും എന്താകുമെന്നും അറിയാവുന്നതും അതനുസരിച്ച് അതാതുസ്ഥലങ്ങളിലെ കർഷകരുടെ ആദായം നിശ്ചയിച്ച് നികുതിചുമത്തുന്നതിൽ പരാതിക്കാനിടയില്ലാത്തതും അനീതി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് അവസരം കിട്ടാതെവരുന്നതുമാണ്. അക്കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധയെ ആദ്യമേക്ഷണിച്ചുകൊള്ളുന്നു. രണ്ടാമതായി വില്പനനികുതിപിരിവാണ്. ഈ നിയമം

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

ചെറുതരം വ്യാപാരികളെ വളരെ കഷ്ടനഷ്ടപ്പെടുത്തുന്നുണ്ട്. ഒരു രൂപയുടെ സാധനം മൊത്തക്കച്ചവടക്കാരന്റെ കയ്യിൽനിന്നും മൂന്നുനാലു കച്ചവടക്കാരുടെ അടുക്കൽവന്ന് ഉപഭോക്താവിനു കിട്ടുമ്പോൾ ഒരുണ്ടാരെ വില്പനനികുതി വരുന്നുണ്ട്. ചെറുതരം കച്ചവടക്കാർക്ക് ഒരു ഗുമസ്ഥനെ വച്ച് കണക്കെഴുതിക്കാൻ വരവില്ലാത്തതുകൊണ്ട് അവർ പറയുന്ന കണക്കിന് കണക്കിന്റെ ലക്ഷണമേ ഇല്ലെന്നും പറഞ്ഞു തള്ളുന്നുണ്ട്. നൂറുരൂപ വില്പനനികുതി പിരിച്ചതു് കൊടുത്ത വ്യാപാരിയെക്കൊണ്ട് നൂറുരൂപയുടെകൂടി അതിന്മേലുള്ള ഒരു രൂപ ഒൻപതണകൂടി ഇടാക്കിവരുന്നതായും കേട്ടിട്ടുണ്ട്. അതിനുള്ള ന്യായംപോലും എന്താണെന്നറിവില്ല. സർ, തിരുവിതാംകൂർ-കൊച്ചിയിൽ ഉദ്ദേശം ൫൦൦ ഓളം തേങ്ങാകച്ചവടക്കാരുണ്ട്. അവരിൽ ൯൦ ശതമാനവും മുതൽമുടക്കിയ കച്ചവടക്കാരല്ല. എന്റെ നിയോജകമണ്ഡലത്തിൽപെട്ട ചമ്പക്കുളം, തലവടി, തകഴി, കോഴിമുക്ക്, പുളിംകുന്ന് ഈ പകുതികളിലും, വേറെ നെടുമുടി, കൈനകരി പകുതികളിലുംകൂടി ൬൦ തേങ്ങാകച്ചവടക്കാരിൽ കൂടുതലായി ഇല്ലെന്നാണ് തോന്നുന്നതു്. അവരാരും മുതൽമുടക്കി കച്ചവടക്കാരല്ല. ഏതെങ്കിലും വസ്തു ഉടമസ്ഥൻ തേങ്ങാ ഇടുവിക്കുമ്പോൾ അടുത്തുകൂടി അന്നത്തെ ഏക്കത്തിനു വിലപറഞ്ഞെടുത്തു പൊതിച്ചു വെട്ടി ഉണക്കി വിററ വില ഉടമസ്ഥനു കൊടുക്കുകയും, കിട്ടുന്ന ചിരട്ട ലാഭമായി എടുക്കുകയുമാണ് പതിവ്. ഇങ്ങനെ ഒരു മാസം മൂന്നു പ്രാവശ്യം തേങ്ങാ എടുത്തു വെട്ടിയാൽ ഒരാണ്ടിൽ ചിലപ്പോൾ അഞ്ചോ പത്തോ ആയിരം രൂപയുടെ കച്ചവടം നടത്തിയതായി തോന്നും. ചിരട്ട മാത്രം ലാഭമെടുത്തുവിററ് ചെലവുകഴിയാൻ പണിപ്പെടുന്നവരെയും വില്പനനികുതി ഉദ്യോഗസ്ഥന്മാർ വിടുന്നില്ല. മേൽപ്പറഞ്ഞ വ്യാപാരക്കാർ വിദ്യാഭ്യാസമുള്ളവരോ കണക്കുവെയ്ക്കാനറിയാവുന്നവരോ, ഗുമസ്ഥനെവച്ച് കണക്കെഴുതിക്കത്തക്ക ആദായമുള്ളവരോ അല്ല. കണക്കില്ലെന്നുംപറഞ്ഞു തേങ്ങാകച്ചവടക്കാർക്കു നികുതി ചുമത്തിക്കൊടുക്കാൻ വഴിയും വകയുമില്ലാതെ വന്ന് അവരുടെ കിടപ്പാടങ്ങൾ കരത്തിനു ലേലം വരെ ആയിട്ടുണ്ടെന്നുപോലും അറിവുണ്ട്. ചെറുതരം കച്ചവടക്കാരെയും മേൽപ്പറഞ്ഞവിധത്തിൽ തേങ്ങാകച്ചവടംചെയ്തു ഉപജീവിക്കുന്നവരെയും വില്പനനികുതിയിൽനിന്നും ഒഴിവാക്കി കൊടുക്കേണ്ടതത്യാവശ്യമാണ്. മൊത്തവ്യാപാരികളിൽനിന്നുമാത്രം വില്പനനികുതി ഈടാക്കത്തക്ക വ്യവസ്ഥ നന്നായിരിക്കും. തേങ്ങാകച്ചവടക്കാര്യത്തിൽ കൊപ്രാകച്ചവടത്തിലോ, വെളിച്ചെണ്ണകച്ചവടത്തിലോ വില്പനനികുതി ഒരിടത്തു മാത്രം ഈടാക്കുന്നതുപകാരപ്രദമായിരിക്കും. സർ, ഏതു നിലയിലും വില്പനനികുതി മേൽപ്പറഞ്ഞതരം കച്ചവടക്കാർക്ക് ബാധകമാകാത്ത നിലയിൽ നിയമമുണ്ടാക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഈ ഉപക്ഷേപം സഭയുടെ പരിചിന്തനത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ്: സർ, ബഹുമാനപ്പെട്ട തകഴിമെംബർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. അതു പിന്താങ്ങുമ്പോൾ എനിക്കു ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളതു ഈ രാജ്യത്തു നിലവിലിരിക്കുന്ന സെയിൽസ് ടാക്സ് സമ്പ്രദായത്തെപ്പററി എന്റെ പാർട്ടിക്കുള്ള അഭിപ്രായമാണ്. അതുസംബന്ധിച്ചു വിശദമായി സംസാ

രിക്കുന്നതിനുമുമ്പായി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിന്റെ ടാക്സേഷന്റെ ഘടനയെപ്പററി പൊതുവേ രണ്ടുവാക്കു് പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റു അവതരിപ്പിച്ചതല്ലെന്നും, ബഹിഷ്കൃത മന്ത്രിസഭ തയ്യാറാക്കിയതാണെന്നും അതുകൊണ്ടു അതുസംബന്ധിച്ചുള്ള വിമർശനം ഇന്നു പ്രസക്തമല്ലെന്നുമുള്ള സർവ്വജ്ഞനായ ചാലക്കുടി മെമ്പറുടെ ഉപദേശം ധിക്കരിച്ചുകൊണ്ടു ഞാൻ സംസാരിക്കുകയല്ല. സംസ്കാരത്തിന്റെയും സഹിഷ്ണുതയുടെയും, സഹാനുഭൂതിയുടെയും കൊടുമുടിയിൽ കയറിനിന്നുകൊണ്ടു അദ്ദേഹംചെയ്യുന്ന ഉപദേശത്തിൽ പ്രകടിതമായ അഹന്തയും ആത്മവഞ്ചനയും കണ്ടു മനം മടുത്തു പൊറുതിമുട്ടിയിരിക്കുകയാണു്. പ്രായംകൊണ്ടു പ്രാകൃതമായശേഷം, നിർബന്ധിതമായി പെൻഷൻപററി കഴിഞ്ഞുകൂടുന്ന ചില വൃദ്ധവേശ്യകൾ സദുപദേശംചെയ്യുന്ന പതിവുണ്ടു്. ആ പ്രതീതിയാണു് അദ്ദേഹത്തിന്റെ ഉപദേശങ്ങൾ കേൾക്കുമ്പോൾ എനിക്കുണ്ടായതു്. അദ്ദേഹം പരാതിപ്പെടുന്നതു കോൺഗ്രസ്സ് സർക്കാരിനു് ഇതുവരെ യാതൊരു സഹകരണവും ഈ നാട്ടിൽനിന്നു കിട്ടിയിട്ടില്ലെന്നാണു്. ൧൯൪൮-ൽ ഇവിടെ രൂപീകരിച്ച നിയമസഭയിൽ മരുന്നിനുപോലും ഒരു പ്രതിപക്ഷാംഗം ഇല്ലായിരുന്നുവെന്നുള്ള വിവരം അംഗങ്ങൾക്കും അറിവുള്ളതാണു്.

ശ്രീ എ. കുഞ്ഞൻനാടാർ: തമിഴ്നാടു കോൺഗ്രസ്സുകാർ ഉണ്ടായിരുന്നു.

ശ്രീ. ടി. വി. താമസ്: തമിഴ്നാടു കോൺഗ്രസ്സിലുണ്ടായിരുന്ന ൧൪ അംഗങ്ങളൊഴിച്ചു ബാക്കിയുള്ള മുഴുവൻ അംഗങ്ങളും കോൺഗ്രസ്സ്പാർട്ടിയിൽ പെട്ടവരായിരുന്നു. അവരുടെ എല്ലാവരുടെയും സഹകരണത്തോടുകൂടി ജനങ്ങൾക്കാവശ്യമായിരുന്ന കാര്യങ്ങൾ ചെയ്യാമായിരുന്ന കോൺഗ്രസ്സ മന്ത്രിസഭ കഴിഞ്ഞ ആറേഴുവർഷക്കാലമായി യാതൊന്നും ചെയ്യാതെ നാട്ടിലെ ജനങ്ങളുടെ ക്രയശക്തി നെല്ലിപ്പലകവരെ ചവുട്ടിത്താഴ്ത്തി. ആ കോൺഗ്രസ്സ് മന്ത്രിസഭയെപ്പററി അദ്ദേഹം മറന്നിട്ടു് ഇപ്പോൾ ശുദ്ധജലം ഒഴുകി ഉപ്പുജലത്തിൽ ചെന്നു നഷ്ടപ്പെട്ടുപോയി എന്നു വിലപിക്കുകയും, അതിനു പരിഹാരമായി ചില ഉപദേശങ്ങൾ നൽകുകയും ചെയ്യുമ്പോൾ, മോഷ്ടിക്കാൻ നിവൃത്തിയില്ലാതെ കഴിയുന്ന വെള്ളായണി പരമു സന്മാർഗ്ഗത്തിന്റെയും സത്യത്തിന്റെയും ചില സിദ്ധാന്തങ്ങൾ ഉപദേശിക്കുന്ന ഒരു പ്രതീതിയാണുണ്ടാകുക.

എനിക്കു് ഈ സഭയുടെ മുൻപിൽ വയ്ക്കാനുള്ളതു് മൗനംകൊണ്ടെങ്കിലും ധനകാര്യമന്ത്രി അംഗീകരിച്ചിട്ടുള്ള ടാക്സേഷൻ ഘടനയേയും സെയിൽസ്ടാക്സിനെസംബന്ധിച്ചും ഒന്നുരണ്ടുകാര്യങ്ങളാണു്. ഇവിടെ ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയാണു്, അദ്ദേഹം മുൻപു മുഖ്യമന്ത്രിയായിരുന്നകാലത്തു് ആദ്യമായി തിരുവിതാംകൂറിൽ സെയിൽസ്ടാക്സ് നടപ്പിൽവരുത്തിയതു്. അന്നു അദ്ദേഹംചെയ്ത ബഡ്ജററുപ്രസംഗത്തിൽ, മദ്യനിരോധനം നടപ്പിലാക്കുന്നതുമൂലം വരാനിടയുള്ള നഷ്ടം നികത്താനാണു് ഈ നികുതി ഈടാക്കുന്നതെന്നു പറഞ്ഞിട്ടുണ്ടു്. നാട്ടുകാരുടെ മുൻപിൽ അതൊരു വാഗ്ദാനമായിരുന്നു. ൭൮ ലക്ഷം രൂപയോളം മദ്യനിരോധനം നടപ്പിൽ വരുത്തുന്നതുകൊണ്ടു

[ശ്രീ. ടി. വി. തോമസ്]

നഷ്ടമുണ്ട്. ആ വിടവു നികത്തുന്നതിനു ൨ കോടി രൂപയോളം വിൽപ്പന നികുതിയിനത്തിൽ ഈടാക്കിവരുന്നുണ്ട്. സ്റ്റേറ്റിന്റെ ചില ഭാഗങ്ങളിൽമാത്രമെ മദ്യനിരോധനമുള്ളു. പക്ഷെ, വിൽപ്പനനികുതി സ്റ്റേറ്റു മുഴുവനും നടപ്പാക്കിയിട്ടുണ്ട്. ജനങ്ങളോടുചെയ്യുന്ന ഒരു അനീതിയല്ലേ ഇതെന്നു ഞാൻ ചോദിക്കുകയാണ്.

സർ, സെയിൽസ്ടാക്സിനെ സംബന്ധിച്ചിടത്തോളം ധാർമ്മികമാണെന്നോ അല്ലയോ എന്നു വിശദമായ ഒരു ചർച്ച നടത്തേണ്ട അവസരമല്ലാ ഇതെന്നു എനിക്കറിയാം. പക്ഷെ നമ്മുടെ സ്റ്റേറ്റിന്റെ റവന്യൂ ശരീരത്തിൽ സ്ഥായിയായി ചേർന്നുള്ള ഒരിനമാണു ഇതെന്നും, അതു പിഴുതെടുക്കാൻ തൽക്കാലം സാദ്ധ്യമല്ലെന്നുള്ളതും ശരിയാണ്. എന്നാലും എനിക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടു ചോദിക്കാനുള്ളതു, സിംഗിൾ പായിന്റു സിസ്റ്റംതന്നെ അനീതിയാണെന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ഈ മൾട്ടി പായിന്റു സിസ്റ്റം തൽക്കാലത്തേക്കെങ്കിലും നിറുത്താൻ അദ്ദേഹം തയ്യാറാകുമോ എന്നാണ്. ഈ മൾട്ടി പായിന്റു സിസ്റ്റംകൊണ്ടു നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പററി ഇവിടെ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, ഒരു സാധനം അനേകംപ്രാവശ്യം കൈമാററം ചെയ്യുമ്പോഴും അതിന്റെ വില ഈ നികുതിമൂലം കൂടിക്കൂടി വരികയാണെന്നുള്ളതാണു, ഈ സിസ്റ്റംകൊണ്ടുള്ള പ്രധാന ദോഷം. അതായതു്, ഒരു രൂപയുടെ സാധനം നൂറു പ്രാവശ്യം കൈമാറാംചെയ്യുമ്പോൾ അതിന്റെ വില ഇരട്ടിയായിത്തീരുന്നു. എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? നാട്ടുകാർ പാപ്പരാവുകയെന്നാണ്. ഒരു മൊത്തക്കച്ചവടക്കാരന്റെ കൈവശത്തുനിന്നും ഒരു ചെറിയ ജവുളി കച്ചവടക്കാരൻ ഒരു രൂപയുടെ ജവുളിക്ക് കാലണ ടാക്സ് കൊടുത്തു വാങ്ങിക്കുന്നു. അയാൾ മററൊരു കച്ചവടക്കാരനു വില്ക്കുമ്പോൾ അവിടെ ഒരു രൂപയ്ക്കു് അര അണ ടാക്സായി. പിന്നീടു അതു വാങ്ങുന്ന നാട്ടുകാരനു് മുക്കാലണ ടാക്സു കൂടി ചേർത്തേ വാങ്ങാൻ സാധിക്കുകയുള്ളൂ. എനിക്കു കിട്ടുന്ന പണത്തിന്റെ ക്ലേശം എനിക്കുണ്ടെങ്കിൽ, ഈ മുക്കാലണ നഷ്ടപ്പെടാൻ നോക്കാതെ, ഞാൻ നേരിട്ടുചെന്നു മൊത്തക്കച്ചവടക്കാരന്റെ കയ്യിൽനിന്നും ജവുളി വാങ്ങിക്കും. ഈ മൾട്ടി പായിന്റു സിസ്റ്റംകൊണ്ടു അങ്ങനെ ചെറുകച്ചവടക്കാരുപോലും പാപ്പരായിക്കൊണ്ടിരിക്കുകയാണ്.

സർ, എന്റെ നിയോജകമണ്ഡലത്തിൽ, കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങൾക്കുശേഷം, വ്യാപാരസംബന്ധമായ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആലപ്പുഴ പ്രധാനമായി മലഞ്ചരക്കുകൾ പല സ്ഥലങ്ങളിൽനിന്നും വന്നു വിററഴിക്കുന്ന ഒരു കച്ചവടസ്ഥലമാണ്. അവിടെ നല്ല മലഞ്ചരക്കു കമ്പിനികളും പണ്ടകശാലകളും പൂട്ടിയിട്ടിരിക്കുകയാണ്. ഈ ടാക്സിന്റെ ഭാരംകൊണ്ടും, അതുനിമിത്തം വന്നിട്ടുള്ള വിഷമംകൊണ്ടുമാണിങ്ങനെ പൂട്ടിയിടേണ്ടിവന്നതു്. കച്ചവടക്കാർ എക്സ്പോർട്ടുചെയ്യുമ്പോൾ സെയിൽടാക്സ് വാങ്ങിക്കാമോ എന്നുള്ള സംഗതി ഇപ്പോഴും തർക്കത്തിലിരിക്കുകയാണ്. അതിനെപ്പററിയുള്ള തർക്കം കോടതിയിൽ തീർന്നിട്ടും സർക്കാരിനെ സംബന്ധിച്ചിടത്തോളം അവസാനതീരുമാനമുണ്ടായിട്ടില്ല. ഈ നികുതിനിമിത്തം കൃഷിക്കാരനു വരുന്ന നഷ്ടവും ചില്ലറയല്ല. ഒരു

കർഷകൻ എക്സ്പോർട്ടർക്ക് നേരിട്ടു കുരുമുളക് കച്ചവടംചെയ്യാലുള്ള വിലയും, ഇടയ്ക്കുള്ള കച്ചവടക്കാർവഴി രണ്ടു കൈമറിഞ്ഞു കൊടുക്കലുള്ള വിലയും തമ്മിലുള്ള വ്യത്യാസം നിമിത്തം കർഷകൻ നേരിട്ടു കയററുമതിക്കച്ചവടക്കാരുമായി കച്ചവടം നടത്തിവരികയാണ്. ഈ ബഹുമുഖ വില്പന നികുതി നടപ്പിലിരിക്കുന്നതുനിമിത്തം സാമാന്യജനങ്ങൾക്കും നഷ്ടമുണ്ട്. ഉദാഹരണമായി പുകയിലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, അതിനും കൂടുതൽ നികുതി ചുമത്തിയിട്ടുണ്ട്. ഇൻഡ്യാഗവണ്മെൻറിനു ഡ്യൂട്ടി കൊടുക്കണം. ചുരുക്കത്തിൽ പറഞ്ഞാൽ എട്ടണ വിലയുള്ള പുകയിലയ്ക്കു ഡ്യൂട്ടിയും ബഹുമുഖ വിൽപ്പനനികുതികളും എല്ലാം കൊടുത്തുകഴിഞ്ഞു വരുമ്പോൾ ഒന്നരരൂപാ വരെ വിലയാകുന്നുണ്ട്. ഇതുമൂലം സാമാന്യജനങ്ങൾക്കാണ നഷ്ടമുണ്ടാകുന്നത്. ഈ കാര്യങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ പിൻതാങ്ങിയ ഈ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

Shri V. K. Achutha Menon : I move that:

The Demand for grant on account under head II-Land Revenue be reduced by Re. 1.

(To point out the urgent necessity of giving relief to the ryots in Talappilli and Chittur taluks on account of crop failure.)

സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നത്, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ വടക്കെ അററമായ തലപ്പിള്ളി, ചിററൂർ എന്നീ താലൂക്കുകളിൽ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി കൂടക്കൂടെ ഉണ്ടാകുന്ന ഉണക്കുമൂലം വന്നുകൊണ്ടിരിക്കുന്ന കൃഷിനാശത്തെപ്പററി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാണ്.

കാലവർഷത്തിൻെറ അഭാവംനിമിത്തം രണ്ടുമൂന്നു കൊല്ലങ്ങളായി വിളവു തീരെ ഉണങ്ങിപ്പോവുകയാൽ കർഷകർക്കു അവരുടെ സ്വന്തം ജീവിതച്ചെലവിനുപോലും നെല്ലു കിട്ടുന്നില്ലെന്നുമാത്രമല്ല, നെല്ലു കടം മേടിച്ച് ജന്മിപ്പാട്ടവും ഗവണ്മെൻറിലേക്കുള്ള കരവും കൊടുക്കേണ്ടതായും വന്നിട്ടുണ്ട്. സർ, ഇക്കാര്യം മുൻപിലത്തെ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെടുത്തിയിട്ടുള്ളതും, ആ ഗവണ്മെൻറ് ഇതിലേക്കു വേണ്ട നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. പക്ഷേ കീഴ് സിൽബന്തികളിൽനിന്നും റിപ്പോർട്ടുകിട്ടാൻ കാലതാമസം നേരിട്ടതുകൊണ്ടോ എന്തോ ആ ഗവണ്മെൻറ ഭരണം ഒഴിയുന്നതിനു മുൻപ് ഒരു കൽപ്പന പാസ്സാക്കാൻ അവർക്കു സാധിച്ചില്ല. അതിനാൽ ഇന്നത്തെ ഗവണ്മെൻറിനോടു എനിക്കു അഭ്യർത്ഥിക്കാനുള്ളത് ഇപ്രകാരം ഉണക്കുമൂലം വിളവുനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക്, നികുതി ഒഴിവാക്കികൊടുക്കുകയും, ജന്മിക്കരം കൊടുക്കുന്നതിൽനിന്നും അവരെ ഒഴിവാക്കുകയും ചെയ്യുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നാണ്. അതുമാത്രമല്ല, കൊല്ലംതോറും ഇങ്ങനെ കാലവർഷത്തിൻെറ കുറവുണ്ടായാൽ ഉണക്കുമൂലം കൃഷി നഷ്ടപ്പെടാതിരിക്കുന്നതിനുകൂടി വേണ്ട നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാനപേക്ഷിക്കുന്നു.

തലപ്പിള്ളി താലൂക്കിൽ മിക്ക സ്ഥലങ്ങളിലും കാടുകളിലെ താഴ്വരകളിൽ, വലിയ വലിയ കുളങ്ങൾ ധാരാളമുണ്ട്. പക്ഷെ അവിടെ

[ശ്രീ. വി. കെ. അച്യുതമേനോൻ]

യെണ്ടും തോട്ടുകൾ ഒന്നുമില്ല. ഈ കുളങ്ങൾ ഉള്ള സ്ഥലങ്ങൾ മിക്കതും ജന്മിമാരുടെ വകയാണ്. സർക്കാർ ഈ കുളങ്ങളിലെ മണ്ണു എടുപ്പിക്കുകയോ, നന്നാക്കിക്കുകയോ ചെയ്തു ശരിയായി സംരക്ഷിക്കുന്നില്ല. ആവക കുളങ്ങൾ ഗവൺമെന്റിൽനിന്നും അക്വയർചെയ്തോ, ഒരു നിയമംമൂലം ഏറ്റെടുത്തോ സംരക്ഷിക്കണം. അങ്ങനെ ഏറ്റെടുത്തു നന്നാക്കിക്കുന്നതായാൽ ആ കുളങ്ങളിലെ വെള്ളംകൊണ്ടു ആ സ്ഥലങ്ങളിലുള്ള കൃഷി ഉണക്കുമൂലം നഷ്ടപ്പെടാതെ കഴിക്കാം. ഇതല്ലാതെ അവിടെ വലിയ വലിയ സ്കീമൊന്നും ആവശ്യമില്ല. ഈ വക സംഗതികളിൽ വേണ്ട നടപടികൾ ഗവൺമെന്റ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിച്ചു കൊള്ളുന്നു.

Shri R. Ponnappa Nadar: Sir, I rise to move :

The Demand for grant on account under head VIII—Irrigation—be omitted.

(To speak about the policy of the department.)

நீர்ப்பாசனத் திட்டத்தைப் பற்றி, இந்த பி. எஸ். பி. சர்க்காரின் கவனத்தில் படுத்துவதற்கு வேண்டி, ஒரு சில வார்த்தைகள் பேச நான் முற்பட்டு வந்திருக்கிறேன். தென் திருவிதாங்கூரை எடுத்துக் கொண்டால் அங்கு கோதையார் அணைக்கட்டுத் திட்டம் என்றொரு திட்டம் இருக்கிறது. அக்காரணத்தால், தென் திருவிதாங்கூருக்கு, அதிகமாக அரசாங்கம் பணம் செலவழித்திருக்கிறது என்று சாதாரணமாக இந்த சபையில் சொல்வதுண்டு. ஆனால் இந்த அணைக்கட்டுத் திட்டத்தினால் விளவங்கோடு தாலுகாவிலுள்ள மக்களுக்கு எந்தவிதமான நன்மையும் ஏற்படவில்லை என்பதை இந்த சபை அறியவேண்டும். அதுமட்டுமல்ல, விளவங்கோடு தாலுகாவிலே இந்த அணைக்கட்டுத் திட்டத்தினால் ஒரு ஏக்கர் நிலத்திற்குக் கூட நீர்ப்பாசன வசதி ஏற்படவில்லை. பெருஞ்சாணி அணையானது கட்டப்பட்டபோது, விளவங்கோடு தாலுகாவிலுள்ள கிருஷிக்கு லாயக்கான பத்தாயிரத்திற்கு மேலான ஏக்கர் நிலங்களுக்கு தண்ணீர் அளிப்பதாக அப்பொழுது பெருஞ்சாணி அணைக்கட்டுத் திட்டம் கொண்டுவரப்பட்டபோது சர். ஸி. பி. ராமஸ்வாமி ஐயர் நிகழ்த்திய பிரசங்கத்தில் இருந்தது. ஆனால் பெருஞ்சாணி அணைக்கட்டுத் திட்டமானது இன்று பூர்த்தியாகி விட்டது. ஆனால் ஒரு இஞ்சு நிலத்திற்குக் கூட இந்த பெருஞ்சாணி அணைக்கட்டுத் திட்டத்தின் வெள்ளம் உபயோகப்படவில்லை என்பது ஒரு உண்மையாகும். இதற்கு காரணங்கள் பல உண்டு என்பது எனக்கு நன்றாய்த் தெரியும். காங்கிரஸ் அரசாங்கம் சுமார் ஏழு வருட காலமாக இந்த ராஜ்யத்தின் நிர்வாகத்தை நடத்தி வந்தது. நாங்கள் அரசாங்கத்தில் இருந்த காலத்திலும் கூட விளவங்கோடு தாலுகாவிலே உருப்படியான எந்தவித காரியமும் நடக்கவில்லை என்பது மிகவும் உண்மையானதொரு விஷயமாகும். இதற்கு காரணங்கள் பல உள. இந்த பட்டணம் கால் திட்டம் (என்ற திட்டமானது) விளவங்கோடு தாலுகாவிற்கு கூடுதல் பிரயோஜனகரமாய் இருக்கும் என்று நாங்கள் இச்சபையில் பல தடவைகள் எடுத்துக் கூறியிருக்கிறோம்; ஆனால்

அன்றிருந்த அரசாங்கமானது தென்திருவிதாங்கூரின் மேல் ஒரு மாற்றாந்தாய் மனப்பான்மை காட்டி அங்கு எந்த விதமான நன்மையான காரியங்களும் செய்யவில்லை என்பதை நீங்கள் அறியவேண்டும். இந்த பட்டணங்காலிற்குத் தேவையான பூமியை அங்கிருக்கின்ற மக்கள் இலவசமாக அரசாங்கத்திற்கு அளிக்கலாமென்று சொல்கிறார்கள். அதுமட்டுமல்ல, இந்தக் கால்வாய் (எனது) எந்தெந்த இடங்களின் வழி போகிறதோ அந்தந்த இடங்களிலுள்ள ஊரார் சேர்ந்து இந்தச் சானலை வெட்டுவதற்கு வேண்டிய ஏற்பாடுகள் செய்வதற்கும், அம்மக்கள் தயாராய் இருக்கிறார்கள் என்பதை நான் இந்த அரசாங்கத்தினிடம் எடுத்துச் சொல்ல ஆசைப்படுகிறேன். காங்கிரஸ் அரசாங்கத்தினால் இயலாமல் போன பல காரியங்களை இனியாவது இன்று அதிகாரத்தில் வீற்றிருக்கும் பி. எஸ். பி. சர்க்கார் உடனடியாகக் கவனித்து, அதற்கு ஆவன செய்யும் என்று நாங்கள் கருதுகிறோம். இந்த பட்டணம் கால்வாய் திட்டத்திற்கான எஸ்டிமேட்டுகள் இவ்வரசாங்கத்தின் கையில் இருக்கிறது. இவ்வரசாங்கத்திற்கு மனமிருந்தால் அதை உடனடியாக அமல் நடத்த முடியும் என்பதை நான் இங்கு எடுத்துக்கூற ஆசைப்படுகிறேன். அடுத்தபடியாக, இந்த மைனர் இறிகேஷனைப்பற்றி சில வார்த்தைகள் கூறலாமென்று நினைக்கிறேன். உணவு உற்பத்திப் பெருக்கு திட்டத்திற்காக அரசாங்கம் ஒரு சில வருடங்களுக்கு முன்பாக லட்சக்கணக்கான ரூபாய்களை செலவழித்து வந்ததுண்டு. நான் இதைப்பற்றி இங்கு குறிப்பிடுவதற்கு காரணம், விளவங்கோடு தாலுகாவில் ஆயிரக்கணக்கான குளங்கள் இருக்கின்றன. இந்தக் குளங்களை சரியான முறையில் தோண்டி பண்படுத்தாத காரணத்தினால் அடிக்கடி அந்த பிரதேசத்தில் கரிவு ஏற்படுகிறது. விளவங்கோடு தாலுகாவில் கழிந்த பூவில் கூட ஒரு மணி நெல் கூட விளையாமல் போய்விட்டது என்பதை இங்கிருக்கிற அரசாங்கமும் மற்ற மெம்பர்களும் அறியவேண்டும். விளவங்கோடு தாலுகாவில் வாழ்கின்ற மக்களுக்கு ஏதாவது நன்மையான காரியங்கள் செய்யவேண்டுமானால் உடனடியாக அரசாங்கம் இந்த ஆயிரக்கணக்கான குளங்களில் ஒரு சில குளங்களையாவது உடனடியாகத் பண்படுத்துவதற்கு வேண்டிய ஏற்பாடுகள் செய்யவேண்டும். அடுத்தபடியாக, மைனர் இறிகேஷனில் உள்பட்ட ஒரு திட்டமான இந்த விளத்துறை லிப்ட் இறிகேஷன் பற்றி இந்த அரசாங்கத்தின் ஞாபகத்தில் கொண்டுவர விரும்புகிறேன். இந்த லிப்ட்டு இறிகேஷன் திட்டத்திற்காக வேண்டிய தொகைகள், சென்ற ஐந்து வருடகால வரவு செலவு கணக்கில், பட்ஜெட்டில், உட்படுத்தப்பட்டது. ஆனால் இதுகாறும் அத்திட்டத்திற்கு வேண்டி, நான் மேற்கூறிய இனத்திலிருந்து யாதொன்றும் செலவு செய்யவில்லை. இந்தத் திட்டத்தைப் பற்றி பரிசோதனை செய்து வந்த ஸதேர்ண் ஸர்கிள் சூப்பிரண்டிங் என்ஜினியராக இருக்கும் பெரியார் கழிந்த தேர்தல் காலத்தில் அந்தப் பிரதேசத்திற்கு வந்தார்கள். காங்கிரஸிற்கு நீங்கள் வோட்டளித்தால் இந்தத் திட்டத்தை உடனடியாக அமல் நடத்துவதற்கு நாங்கள் முற்பட்டு வருவோம் என்று,

[ஸ்ரீ. ஆர். பொன்னப்ப நாடார்]

காங்கிரஸின் பெயரால் அங்கு போட்டியிட்ட அன்பரும் இந்த என்ஜினியரும் அங்கு வந்து சொன்னார்கள். ஆனால் கழிந்த ஆறு வருடகாலமாக காங்கிரஸ் அரசாங்கம் இங்கு அதிகாரத்தில் இருந்த காலத்தில் இதற்கென ஒரு காசு கூட அங்கு செலவு செய்ய முற்பட்டுவரவில்லை. ஆனால் தேர்தல் காலங்களில் மட்டும், அங்கு வந்து அங்குள்ள மக்களிடம், நீங்கள் காங்கிரஸிற்கு வோட்டளித்தால் நாங்கள் அந்தத் திட்டத்தைச் செய்து விடுவோம், இந்தத் திட்டத்தைச் செய்துவிடுவோம் என்றெல்லாம் சாதாரணமாகச் சொல்வதுண்டு. ஆனால் தேர்தல்கள் முடிந்த பின் அரசாங்கம் பராமுகமாய் இருப்பதும் முழுக்க முழுக்க உண்மையானதொரு விஷயமாகும். இம்மாதிரித் தான் இந்த விட்டு இறிகேஷனைப் பொறுத்தளவிலும் அரசாங்கத்தின் மனோநிலை இருந்துவருகிறது. இப்படிப்பட்ட மனோநிலை இன்று அதிகாரத்தில் இருக்கும் பி. எஸ். பி. அரசாங்கத்திற்கு இராமலிருக்குமென்று நாங்கள் மிகவும் ஆவலோடு எதிர்பார்த்துக் கொண்டிருக்கிறோம். வரப்போகிற காலத்திலாவது இந்த அரசாங்கம் சரியான முறையில் விளவங்கோடு தாலுகாவில் வாழ்கிற மக்களுக்கு நீதி வழங்கக்கூடிய முறையில், அங்கிருக்கும் சிக்கலான பிரச்னைகளுக்கு வேண்டிய பரிகாரம் தேடித் தரும் என்று நாங்கள் கருதுகிறோம். இனி, தேவிகுளம் தாலுகாவைப் பொறுத்தளவில் ஒரு வார்த்தை கூற விரும்புகிறேன். மறையூர் என்ற இடத்திலே ஒரு அணைக்கட்டு இருக்கிறது. இது, இரண்டாயிரம் வருடங்களுக்கு முன்னாடியாக நமது அரசாங்கத்தினால் செய்யப்பட்டதாகும். இந்த அணைக்கட்டை ரிப்பேர் செய்யவேண்டுமென்று பல்வேறு முறைகளிலும் அங்குள்ள மக்கள் அரசாங்கத்திற்கு மனுக்கள் பல சமர்ப்பித்துள்ளார்கள். ஆனால் இதுகாறும் அரசாங்கம் இதற்கு வேண்டிய எந்தவிதமான நடவடிக்கையும் எடுத்ததாகத் தெரியவில்லை. அதையும் மிகவும் துரிதமாகச் செய்து தீர்ப்பதற்கு இவ்வரசாங்கம் ஆவன செய்யவேண்டுமென்று கேட்டுக்கொள்கிறேன். அடுத்தபடியாக நெய்யாறு அணைக்கட்டைப் பற்றி ஒரு சில வார்த்தைகள் கூற விரும்புகிறேன். நெய்யாறு அணைக் கட்டுத் திட்டத்தின் வலது பகுதி சானலைத் தான் இப்பொழுது அரசாங்கம் அமல் நடத்தி வருகிறது. அதேபோல் இடது பகுதி சானலையும், என். பி. சானல் என்று சொல்லக்கூடிய சானலையும் உடனடியாக வெட்டுவதற்கு அரசாங்கம் உத்தரவு பிறப்பிக்கவேண்டுமென்று கேட்டுக்கொள்கிறேன். ஆனால் தான் அப்பிரதேச மக்களின் கிருஷிக்கு லாயக்கான பூமிகளை சரியானபடி கிருஷிசெய்ய முடியும். இம்மாதிரிப்பட்ட விட்டு இறிகேஷன்களை சம்பந்தப்பட்ட மட்டிலாவது இவ்வரசாங்கத்தின் மனோநிலை, கழிந்த அரசாங்கத்தின் மனோநிலையிலிருந்து மாறுபடும் என்று நம்புகிறேன். தென் திருவிதாங்கூரைப் பொறுத்தளவிலே, அங்கு ஏராளமான பணம் செலவழித்தாகிவிட்டது என்று சொல்லாமல், இனிமேலாவது அங்குள்ள மக்களுக்கு நீதியும் நியாயமும் வழங்கப்படும் என்று நம்புகிறோம். இனி ஒரு விஷயம் கூட. தென் திருவிதாங்கூரில் வெள்ளவரி என்ற

தொரு வரி இருப்பதை நீங்கள் எல்லோரும் அறிவீர்கள். கோதையார் அணைக்கட்டுத் திட்டம் உருவான உடனேயே அந்த பிரதேசத்தில் வெள்ளவரி சுமத்தப்பட்டது. இந்த வெள்ளவரியை ரத்து செய்ய வேண்டுமென்று நாஞ்சில்நாட்டு மக்கள் பல்வேறு சமயங்களிலும் கிளர்ச்சி செய்திருக்கின்றார்கள். இன்று நாஞ்சிநாட்டின் ஒரு பகுதியை பிரதிநிதித்துவம் வகிக்கும் ஒரு அங்கத்தினர் இன்று அதிகாரத்திலிருக்கும் கட்சியில் அங்கத்தினராக இருக்கிறார். அவரை நான் கெஞ்சிக்கேட்டுக்கொள்கிறேன்; இந்த வெள்ளவரியை அவர்களது சர்க்கார் உடனடியாக நிறுத்தல் செய்வதற்கு வேண்டியதைச் செய்ய அவர்களிடம் கேட்டுக்கொண்டு நான் எனது.பேச்சை முடித்துக் கொள்கிறேன்.

ശ്രീ. പി. വിശ്വംഭരൻ: സർ, സംസ്ഥാനത്തു നിലവിലിരിക്കുന്ന വിൽപ്പനനികുതിയേയും കാർഷികാദായ നികുതിയേയും സംബന്ധിച്ച് ചില പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം സഭയുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കാമെന്നു വിചാരിക്കുന്നു. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററ്, അതായതു് അടുത്ത ആണ്ടിലേയ്ക്കുള്ള ബഡ്ജററ് ൧൩ ൧൰ലക്ഷം രൂപയുടെ ഒരു കമ്മിബഡ്ജററാണ്. ധനകാര്യമന്ത്രിയുടെ പ്രസംഗം അനുസരിച്ചും രാജപ്രമുഖന്റെ പ്രഖ്യാപനം അനുസരിച്ചും ഈ കമ്മി ഇനിയും കൂടുകയല്ലാതെ കുറയുന്ന സ്വഭാവം ഉണ്ടെന്നു വിചാരിക്കാൻ തരമില്ല. ഈ സ്ഥിതിക്കു് സംസ്ഥാനം ആണ്ടുതോറും സാമ്പത്തികമായി അധഃപതിക്കാതിരിക്കത്തക്കവണ്ണം വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നോക്കേണ്ടതാണ്. സംസ്ഥാനത്തെ പ്രധാന വരുമാന ഇനങ്ങളിൽ ഒന്നു് വിൽപ്പന നികുതിയും മറേറതു് കാർഷികാദായ നികുതിയുമാണ്. പ്രതിവർഷം ൩൦൦൦ രൂപയ്ക്കുമേൽ ആദായം കിട്ടുന്ന ഒരു വ്യക്തിയെ മാത്രമേ കാർഷികാദായ നികുതി ഇപ്പോൾ ബാധിക്കുന്നുള്ളു. എന്നാൽ വൻകിട മുതലാളിമാർ വമ്പിച്ച തോതിൽ കൃഷി നടത്തി കിട്ടുന്ന അമിത ആദായമനുസരിച്ചു് നികുതി അവരിൽനിന്നും ഈടാക്കുന്നില്ലായെന്നു് പല പരാതികളും ഇതിനു മുൻപു് പല അവസരങ്ങളിലും ഈ നിയമസഭയിൽ തന്നെ ഉണ്ടായിട്ടുണ്ടു്. ആ പരാതികളുടെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള വൻകിട മുതലാളിമാരിൽനിന്നും കൂടുതൽ ആദായനികുതി ഈടാക്കുകയോ അല്ലെങ്കിൽ അവരുടെ ആദായത്തെപ്പററി ശരിയായവിധം കണക്കെടുക്കാൻ ശ്രമിക്കയോ ചെയ്യുകാണുന്നില്ല. അതേ അവസരത്തിൽ ആദായനികുതിയുടെ പേരിൽ ചെറുതരം കർഷകരെ ഞെക്കിപ്പിഴിയുകയും ചെയ്തുകൊണ്ടിരിക്കുന്നു. പൊതുവേ പറയുന്നപക്ഷം കാർഷികാദായനികുതിയുടെ പേരിൽ വലിയ അഴിമതികൾ നടന്നുകൊണ്ടിരിക്കുകയാണ്. കുറെ അധികം വൻകിട ജന്മിമാർ കാർഷികാദായത്തിൽനിന്നും ടാക്സ് ഗവണ്മെന്റിനു കൊടുക്കാതെ ഒഴിഞ്ഞുമാറി നിൽക്കുന്നതായിട്ടു എനിക്കറിയാം. ഈ ഒരു നില മേലാലും തുടർന്നുകൊണ്ടുപോകാതെ ഗവണ്മെൻറ് ശ്രദ്ധിക്കയും അതേ അവസരത്തിൽ നികുതിയിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കുന്ന മുതലാളിമാരുടെ പക്കൽനിന്നും കുടിശ്ശിക സഹിതം ഈടാക്കുന്നതിനുവേണ്ടി കർശനനടപടികൾ കൈക്കൊള്ളേണ്ടതും ആകുന്നു. അങ്ങനെ പ്രവർത്തിക്കുന്നപക്ഷം സംസ്ഥാനത്തു് ഈ വകയിൽ കിട്ടിക്കൊണ്ടിരിക്കുന്ന തുകയെക്കാൾ ഒരു വമ്പിച്ച തുക കൂടുതലായി കിട്ടുമെന്നുള്ള

[ശ്രീ. പി. വിശ്വംഭരൻ]

തിനു സംശയമില്ല. അടുത്തതായി പറയാനുള്ളതു് വിൽപ്പന നികുതിയെ സംബന്ധിച്ചാണു്. സർ, ഈ നികുതി ഏർപ്പാടു് എല്ലാ ജനങ്ങളേയും വിശേഷിച്ചു് സാധാരണ ജനങ്ങളെ കൂടുതലായി ബാധിക്കുന്ന ഒരേർപ്പാടാണു്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ പറഞ്ഞതുപോലെ ബഹുമുഖ വിൽപ്പനനികുതി തുടർന്നുകൊണ്ടുപോകണമോ, അതോ വേണ്ടയോ എന്നുള്ള കാര്യം ഗവണ്മെന്റുഭാഗത്തുനിന്നും ചിന്തിക്കേണ്ടതാണു്. വിൽപ്പന നികുതിയെ സംബന്ധിച്ചിടത്തോളം സിങ്കിൾപോയിന്റു ആക്കിയാൽതന്നെയും ശരിയായവിധം പ്രവർത്തിക്കുന്നപക്ഷം ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിൽ ഒട്ടും കുറവുവരുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. എന്നാൽ കാർഷികാദായ നികുതിയെ സംബന്ധിച്ചു് ഉണ്ടായിക്കൊണ്ടിരിക്കുന്ന അഴിമതികൾ തന്നെയാണു് വിൽപ്പന നികുതിയെ സംബന്ധിച്ചും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഈ നികുതിപിരിവിൽ ധാരാളം അഴിമതികൾ സംസ്ഥാനത്തു് എല്ലാ ഭാഗങ്ങളിലും ഉണ്ടെന്നുള്ളതു് ഞാൻ പറയാതെ തന്നെ അറിയാവുന്നതാണു്. ചെറുതരം വ്യാപാരികൾ മുതൽ വൻകിട വ്യാപാരികൾവരെ ഈ അഴിമതികൾക്കു് വിധേയരാണു്. വിൽപ്പന നികുതി ആഫീസറന്മാർ ചെറുതരം വ്യാപാരികളെ ഈ വിഷയത്തിൽ വളരെ കഷ്ടപ്പെടുത്തുന്നു. അതേ സമയത്തു് വൻകിട വ്യാപാരികളിൽനിന്നും ശരിയായ വിധത്തിലുള്ള ടാക്സ് ഈടാക്കുന്നില്ലായെന്നുമുള്ളതിലേക്കു് ധാരാളം പരാതികൾ ഉണ്ടായിട്ടുണ്ടു്. ഗവണ്മെന്റു് ഇതൊന്നും കാണാതെ കണ്ണടച്ചിരിക്കയാണോ എന്നു തോന്നിപ്പോകുന്നുണ്ടു്. വൻകിട വ്യാപാരികൾ ശരിയായ വിധത്തിലുള്ള കണക്കുകൾ എഴുതി സൂക്ഷിക്കാതെ കള്ളക്കണക്കുകൾ ഉണ്ടാക്കിയാണു് ഇതിൽനിന്നും രക്ഷനേടുന്നതു്. സത്യം വെളിയിലറിയാതെ ഇരിക്കാൻവേണ്ടി അവർ രണ്ടും മൂന്നും കണക്കുപുസ്തകങ്ങൾ ഈ വകയ്ക്കു് ഉപയോഗിച്ചുവരികയാണു്. അതുകൊണ്ടു് അവരുടെ കണക്കുകൾ യഥാവിധി ഗവണ്മെന്റുദ്യോഗസ്ഥന്മാരെക്കൊണ്ടു് പരിശോധിപ്പിക്കയും കള്ളക്കണക്കുകൾ വച്ചിട്ടുള്ള വ്യാപാരികളെ കണ്ടുപിടിച്ചു് അവരുടെ മേൽ കർശന നടപടികൾ നടത്തുകയും ചെയ്യുന്നതിനു് ഗവണ്മെന്റു് ഒട്ടും അമാന്തിക്കരുതെന്നു് ഞാൻ ഈയവസരത്തിൽ ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സർ, എനിക്കു് ഇതിനോടനുബന്ധിച്ചു് മറ്റൊരു കാര്യം കൂടി പറയാനുണ്ടു്. അതു പറയുന്നതിനു അനുവാദം തരണമെന്നു് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: പറയാം.

ശ്രീ. പി. വിശ്വംഭരൻ: ഞാൻ മുൻപു് പറഞ്ഞ രണ്ടു നികുതികളെ സംബന്ധിച്ചും ഗവണ്മെന്റു് വേണ്ടതരത്തിൽ ശ്രദ്ധ പതിപ്പിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി മറ്റൊരു കാര്യംകൂടി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അതു് വ്യവസായങ്ങളെപ്പറ്റിയാണു്. ഇവിടത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടാൽ അതുമൂലം കൂടുതൽ വിൽപ്പനനികുതി ലഭിക്കുമെന്നുള്ളതും സ്മരണീയമാണു്. ധനകാര്യമന്ത്രിയുടെ ബഡ്ജറ്റു പ്രസംഗത്തിൽ വളരെ അധികം പ്രാധാന്യം ഇവിടത്തെ വ്യവസായങ്ങൾക്കു് നൽകുന്നുണ്ടു്. സംസ്ഥാനത്തെ വ്യവസായങ്ങളിൽ പ്രാധാന്യം കൂടുതലുള്ളതു് ഒന്നു കയർവ്യവസായവും, മറ്റേതു് കൈത്തറി നെയ്ത്തുവ്യവ

സായവുമാണ്. ഈ രണ്ടിനങ്ങൾക്കും വേണ്ടി വലിയ തുകകൾ ഗവണ്മെൻറിൽനിന്നും ചെലവാക്കാൻ പോകുന്നുവെന്നും പ്രസ്താവിക്കയുണ്ടായി. എന്നാൽ കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളവും വളരെ സ്തംഭനാവസ്ഥയിലിരിക്കുന്ന ഈ കാലഘട്ടത്തെ തരണം ചെയ്യുന്നതിനുവേണ്ടി ഗവണ്മെൻറിൻെറ സകല കഴിവുകളും പ്രവർത്തിക്കുന്നില്ലായെങ്കിൽ ഗവണ്മെൻറിനു ശാന്തമായും സമാധാനമായും ഭരണം നടത്താൻ സാധിക്കുമോ എന്നുകൂടി ഞാൻ സംശയിക്കുന്നു. കയർ വ്യവസായപരിപോഷണത്തിനുവേണ്ടി പഞ്ചവൽസരപദ്ധതിയിൽ വമ്പിച്ച തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആ തുകകൊണ്ട് കയർവ്യവസായത്തെ പുരോഗമിപ്പിക്കാമെന്നുമാണ് ഗവണ്മെൻറ പറയുന്നത്. ൯൮ ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ് ഇതിലേയ്ക്കുള്ളത്. സർ, മൂന്നുകൊല്ലക്കാലമായിട്ടും ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ൯൮ ലക്ഷം രൂപയിൽനിന്ന് കഷ്ടിച്ച് മൂന്നോ നാലോ ലക്ഷം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു എന്നു കാണുമ്പോൾ കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി ഗവണ്മെൻറിനു എത്രത്തോളം താൽപ്പര്യമുണ്ടെന്ന് പ്രകടമാകുന്നതാണ്. ൧൯൫൫-൫൬-ലെ ബഡ്ജററിൽ ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിരുന്ന ൫൦ ലക്ഷം രൂപയിൽ ഒരു പൈസപോലും ചെലവാക്കാതെ അന്നത്തെ ഗവണ്മെൻറ് ലാപ്സാക്കിക്കളഞ്ഞു. ൧൯൫൬-൫൭-ൽ ആദ്യത്തെ ബഡ്ജററിൽ കയർ സഹകരണസംഘങ്ങൾക്ക് വായ്പ നൽകുന്നതിനുവേണ്ടി യാതൊരു തുകയും ഗവണ്മെൻറ് ഉൾപ്പെടുത്തിയിരുന്നില്ല. ബഡ്ജററ് സെഷൻ കഴിഞ്ഞതിനുശേഷം നടന്ന സമ്മേളനത്തിൽ ഈ കുറവു മനസ്സിലാക്കി, നിയമസഭയിലും വെളിയിലുംനിന്നുണ്ടായ സമ്മർദ്ദംകൊണ്ട് ൩,൨൧,൦൦൦ രൂപയുടെ ഒരു സപ്ലിമെൻററി ഗ്രാൻറ് നിയമസഭയിൽ അവതരിപ്പിക്കുകയും നിയമസഭ അതു് അനുവദിച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ഒരു രാജ്യത്തും നടപ്പില്ലാത്ത നടപടിയാണ് അതേ സംബന്ധിച്ച് ഇവിടത്തെ അന്നത്തെ ഗവണ്മെൻറ് എടുത്തതു്. ആ സംഖ്യയിൽ ഒരു പൈസപോലും ചെലവാക്കാതെ ആ സംഖ്യ മുഴുവൻ ലാപ്സാക്കിക്കളയുകയാണ് ചെയ്തതു്. ഒരു സപ്ലിമെൻററി ഗ്രാൻറ് ചെലവാക്കാതെ ലാപ്സാക്കിക്കളയുന്ന സമ്പ്രദായം ഈ രാജ്യത്തല്ലാതെ ലോകത്തെവിടെയെങ്കിലുമുണ്ടോ എന്നു സംശയമാണ്. ഈ കൊല്ലത്തിൽ ൮ ലക്ഷം രൂപ ഗവണ്മെൻറ് അതിലേയ്ക്ക് നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ ഒരാഴ്ചയ്ക്ക് മുമ്പുവരെ യാതൊരു തുകയും തന്നെ വായ്പയും ഗ്രാൻറമായും കൊടുത്തിട്ടില്ല. ഒരാഴ്ചയായി ആ സംഖ്യ കൊടുക്കുന്നതിന് ഉത്തരവാദപ്പെട്ട ആളുകൾ ചില നടപടികൾ എടുത്തുവരുന്നുണ്ട്. എങ്കിലും ഈ എട്ടു ലക്ഷം രൂപയും അതിനുവേണ്ടി ചെലവാക്കുവാൻ സാദ്ധ്യമല്ലെന്നാണ് ഞാൻ അറിയുന്നതു്. ഈ ബഡ്ജററിൽ ൨൦ ലക്ഷത്തിൽപരം രൂപ നീക്കിവച്ചിട്ടുണ്ട്. കയർ വ്യവസായോദ്ധാരണത്തിന് ആത്മാർത്ഥമായ ആഗ്രഹം വ്യവസായമന്ത്രിക്കുണ്ടെങ്കിൽ ഈ ബഡ്ജററിൽ നീക്കിവച്ചിരിക്കുന്ന തുക മുഴുവൻതന്നെ യഥാകാലം യഥാവിധി ചെലവാക്കാനുള്ള നടപടികൾ അദ്ദേഹം കൈക്കൊള്ളണമെന്നാണ് എനിക്കു് പറയുവാനുള്ളതു്. ബഡ്ജററിൽ സംഖ്യ നീക്കിവച്ചിട്ട് കൊല്ലാവസാനമാകുമ്പോൾ അവ എങ്ങനെയെങ്കിലും രണ്ടോ മൂന്നോ ദിവസംകൊണ്ട് ചെലവഴിച്ചുതീർക്കുവാനുള്ള ഒരു വ്യഗ്രത ഗവണ്മെൻറിനു കാണുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ സംഖ്യ മുഴുവൻ സഹകരണസംഘങ്ങൾക്കു വേണ്ടി ചെലവാക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം?.

ശ്രീ. പി. വിശ്വംഭരൻ : സഹകരണാടിസ്ഥാനത്തിൽതന്നെ കയർ വ്യവസായം വർദ്ധിപ്പിക്കേണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇപ്പോൾ നിലവിലുള്ള കയർ സഹകരണ പദ്ധതിയിൽ കുറവുകളുണ്ടെങ്കിൽ അതു പരിഹരിച്ചുകൊണ്ടു് മുൻപോട്ടുപോകണം. കൈത്തറിവ്യവസായത്തിന്റെ പേരിലും ഇവിടെ മുൻപു് അധികാരത്തിലിരുന്ന ഗവണ്മെന്റ് വളരെ മുതലക്കണ്ണുനീർ പൊഴിച്ചിട്ടുണ്ടു്. എന്നാൽ അവക്കു ആനുകൂല്യം നൽകുന്നതിനുള്ള യാതൊരു നടപടിയും ഗവണ്മെന്റ് എടുത്തിട്ടില്ല. ഇക്കൊല്ലംതന്നെ കേന്ദ്രഗവണ്മെന്റിൽനിന്നു കിട്ടിയ ൻ ലക്ഷം രൂപ ശരിയായി ഉപയോഗിക്കുവാൻ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ല. എനിക്കു് ഇക്കാര്യത്തിൽ വ്യവസായമന്ത്രിയോടു പറയുവാനുള്ളതു്, ഈ വക കാര്യത്തെപ്പറ്റി അദ്ദേഹത്തിനറിയാം, അദ്ദേഹത്തിനു് നെയ്ത്തുകാർക്കു് എന്തെങ്കിലും ആശ്വാസം നൽകണമെന്നു് ആഗ്രഹമുണ്ടെങ്കിൽ ഒരു ലക്ഷം രൂപ ശ്രീമൂലം സൊസൈററിക്കും മററും കൊടുത്താൽ മാത്രം പോരാ. ആ തുകകൾ യഥാർത്ഥ നെയ്ത്തുതൊഴിലാളികൾക്കു് ചെന്നെത്തുന്നുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു് നടപ്പിൽ വരുത്തുകയാണ് വേണ്ടതു്. നെയ്ത്തുകാർക്കു് പൊതുവേ ഗുണം കിട്ടത്തക്കവിധത്തിൽ ആ വക സംഖ്യകൾ ചെലവഴിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

Shri T. K. Krishnan: Sir, I move:

> The Demand for grant on account under head III—Excise be reduced by Rs. 100.
>
> (To discuss the policy of prohibition)

സർ, ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നതു് ഈ സ്റ്റേററിൽ നിലവിലുള്ള മദ്യനിരോധനനിയമത്തെ സംബന്ധിച്ചു് എനിക്കുള്ള അഭിപ്രായം സഭയുടെ മുമ്പാകെ രേഖപ്പെടുത്തുവാനാണ്. സർ, മദ്യനിരോധനനിയമം ഈ സ്റ്റേററിൽ നടപ്പാക്കിയിട്ടു് അഞ്ചാററോ കൊല്ലമായി. ഈ നിയമം ഇവിടെ നടപ്പാക്കിയപ്പോൾ അതിനെ സംബന്ധിച്ചു് ശാസ്ത്രീയമായ ഒരു വിചിന്തനം ഗവണ്മെന്റ് ചെയ്തിട്ടുണ്ടോ എന്നു് സംശയമാണ്. എന്തെങ്കിലും ഒരു സർവ്വേ ചെയ്യുകയോ ഈ പ്രശ്നത്തെ സംബന്ധിച്ചു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം അറിയുകയോ അല്ലെങ്കിൽ സ്ററാററിസ്റ്റിക്സ് എടുക്കുകയോ ഒന്നും ചെയ്യാതെ വെറും അന്ധമായി ഏതോ ചില സ്വപ്നലോകത്തിൽ ജീവിക്കുന്ന പരദേശി വേദാന്തികളെ അന്ധമായി അനുകരിച്ചു് ഇവിടെ നടപ്പാക്കുകയാണുണ്ടായതു്. സർ, മദ്യനിരോധനം ഉണ്ടായിരിക്കണമെന്നു പറയുമ്പോൾ ഏതു തരത്തിലുള്ള മദ്യത്തെയാണ് നിരോധിക്കുന്നതു് എന്നറിയേണ്ടതാണ്. മദ്യം എല്ലാം ഒരു ലഹരിപദാർത്ഥമാണെന്നു പറയുന്നതു ശരിയല്ല. മദ്യം രണ്ടുതരമിലുണ്ടു്. സ്വാഭാവികമായുള്ള മദ്യം, കൃത്രിമമായുള്ള മദ്യം എന്നു മദ്യം രണ്ടുതരത്തിലുണ്ടു് തെങ്ങിൽനിന്നെടുക്കുന്ന കള്ളു്, പനയിൽ നിന്നെടുക്കുന്ന കള്ളു്, മുന്തിരിങ്ങയിൽ നിന്നെടുക്കുന്ന വൈയിൻ ഇവയൊക്കെ സ്വാഭാവികമായുള്ള മദ്യങ്ങളാണ്. അതു് ഒരു ഭക്ഷണംകൂടിയാണ്. ചാരായം, ബ്രാണ്ടി, വിസ്കി മുതലായ മദ്യങ്ങൾ കൃത്രിമ മദ്യങ്ങ

ളുണ്ട്. മദ്യനിരോധനം വേണമെന്നു പറയുമ്പോൾ കൃത്രിമമായി നിർമ്മിക്കുന്ന ചാരായം, ബ്രാണ്ടി, വിസ്കി മുതലായ മദ്യങ്ങളെയാണ് നിരോധിക്കേണ്ടതു്. സ്വാഭാവികമായുള്ള മദ്യനിർമ്മാണത്തെ നിരോധിച്ചിരിക്കുന്നതിന്റെ ഫലമായി സാധാരണക്കാരുടെ, പാവപ്പെട്ടവരുടെ മല്ലുജോലി ചെയ്യുന്നവരുടെ ഒരു ഭക്ഷണത്തെത്തന്നെ നിരോധിക്കുകയാണ് ഉണ്ടായതു്. അതേ അവസരത്തിൽ ഈ നാട്ടിലെ കേമന്മാരായ ആളുകൾക്ക് വിസ്കിയും ബ്രാണ്ടിയും കുടിക്കുന്നതിനു് പെർമിററു് കൊടുക്കുന്നുമുണ്ടു്. അപ്പോൾ ഗവണ്മെന്റിന്റെ മദ്യനിരോധനനിയമം പാവപ്പെട്ടവരെ ഉദ്ദേശിച്ചു മാത്രമുള്ളതാണെന്നു് എനിക്കു് തോന്നുന്നു. ഈ മദ്യനിരോധനംമൂലം എത്ര വരുമാനമാണ് ഗവണ്മെന്റിന് നഷ്ടപ്പെട്ടതു്. പ്രതിവർഷം ൧ വ്വ ലക്ഷം രൂപ നഷ്ടപ്പെട്ടിരിക്കുന്നുവെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ ചോദ്യോത്തരവേളയിൽ വെളിവാക്കുകയുണ്ടായി. അഞ്ചാറു വർഷമായിട്ടു് ഈ മദ്യനിരോധനംമൂലം എന്തൊരു പ്രയോജനമാണ് ഇവിടെ ഉണ്ടായിട്ടുള്ളതു് എന്നുള്ള കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടിയിരിക്കുന്നു. സർ, ഇതു് ചില ഉന്നതാദർശങ്ങളുടെ പേരിൽ നടത്തുന്ന ഈ പ്രഹസനത്തിനുവേണ്ടി ഈ വമ്പിച്ച ആദായം എടുത്തുകളയുന്നതിൽ രാജ്യതന്ത്രജ്ഞതയൊന്നും ഞാൻ കാണുന്നില്ല. ഇന്നു് ഈ നിയമം നടപ്പിലാക്കിയിരിക്കുന്ന പ്രവിശ്യകളിൽതന്നെ, ആന്ധ്രാ, മദ്ധ്യപ്രദേശ്, യു. പി. മുതലായ പ്രവിശ്യകളിൽ അതു് പുനഃപരിശോധനയ്ക്കു് വിധേയമായിട്ടുണ്ടു്. പ്ലാനിംഗ് കമ്മീഷന്റെ ഉപദേഷ്ടാക്കൾതന്നെ ഈ പ്രശ്നം വളരെ സാവകാശത്തിലേ നടപ്പാക്കുവാൻ പാടുള്ളു എന്നു് നിർദ്ദേശം നൽകിയിട്ടുണ്ടു്. ആ സ്ഥിതിക്കു് വളരെ പുനരാലോചനയിൽ ഇരിക്കുന്ന ഏർപ്പാടു് തുടർന്നുപോകുന്നതു് ഒരു വങ്കത്തരമാണെന്നാണ് എന്റെ അഭിപ്രായം. ധനകാര്യമന്ത്രിയോടു് ഞാൻ ചോദിക്കുന്നു ഇതു് ഒരു വിജയമായി അദ്ദേഹം കണക്കാക്കുന്നുണ്ടോ എന്നു്. ഇതു് ഒരു വിജയമായി കണക്കാക്കുവാൻ നിവൃത്തിയില്ലാ. ഞാൻ വരുന്ന താലൂക്കു് മദ്യനിരോധനമുള്ള താലൂക്കാണ്. അവിടത്തെ സ്ഥിതി ഞങ്ങൾക്കറിയാം. മദ്യനിരോധനമെന്നു പറയുന്നതു് ഒരു പ്രഹസനമാണ്. അതു് അങ്ങേഅററം പൊളിഞ്ഞു പാളീസായിരിക്കുന്നു. പണ്ടാണെങ്കിൽ മൂന്നുനാലു മൈലിനുള്ളിൽ ഒരു കള്ളുഷാപ്പേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഒരു മൈലിനുള്ളിൽ പത്തോ പതിനഞ്ചോ സ്ഥലത്തു് ഒരു കുടിൽ വ്യവസായമെന്ന നിലയിൽ ഈ വ്യവസായം നടക്കുന്നുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ സംഗതികൾ ഗവണ്മെന്റിനറിയാമോ? അവിടെ ഉദ്യോഗസ്ഥന്മാരൊന്നുമില്ലേ?

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവണ്മെന്റിനു് അറിഞ്ഞുകൂടായിരിക്കാം. എന്നാൽ മന്ത്രിമാർക്കറിയാം. സർ, ഞാൻ പറഞ്ഞുവന്നതു് ഈ നിയമം ഏററവും വലിയ പരാജയത്തിൽ ഇരിക്കുന്നു എന്നാണ്. അങ്ങിനെ പരാജയത്തിൽ ഇരിക്കുന്ന ഈ നിയമം തുടർന്നുപോകുന്നതു് നമ്മുടെ നാടിനോടു ചെയ്യുന്ന വലിയ ഒരു അനീതിയാണ്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ അഭിപ്രായവും ഈ നിയമം തുടർന്നുകൊണ്ടുപോകാൻ പാടില്ലെന്നാണ്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: കാൺസ്റ്റിററ്യൂഷനിൽ [illegible] directive principles-ൽ ഇതുൾക്കൊള്ളിച്ചിട്ടുള്ളതു് മെമ്പർക്കറിയാമോ?

ശ്രീ. ടി. കെ. കൃഷ്ണൻ: ഭരണഘടനയെപ്പറ്റി എന്നേക്കാൾ അറിവുള്ള ശ്രീ. ജവഹർലാൽ നെഹ്റു പോലും മദ്യനിരോധനം സാവധാനത്തിൽ നടപ്പിലാക്കിയാൽ മതിയെന്നു നിർദ്ദേശം കൊടുത്തിട്ടുള്ളതായി മെംബർ അറിഞ്ഞിരിക്കയില്ല. ഈ നിയമം ആദ്യം നടപ്പിലാക്കിയതു് യുണൈറ്റഡ് സ്റ്റേറ്റിലാണ്. ഈ നിയമം അവിടെ നടപ്പാക്കിയതുകൊണ്ടു് ലോകവിഖ്യാതി നേടിയ പ്രസിഡണ്ടു് ജോൺസൺ തന്നെ അവസാനം തന്റെ പരാജയം തുറന്നു സമ്മതിക്കുകയാണുണ്ടായതു്. ആ നിയമം നിഷ്പ്രയോജനമെന്നുകണ്ടു് പിന്നീടു് അതു് അവിടെ എടുത്തുകളയുകയാണുണ്ടായതു്. അപ്രകാരം നിഷ്പ്രയോജനമായ ഒരു നിയമത്തിന്റെ ഫലമായിട്ടു് ആയിരക്കണക്കിലുള്ള ചെത്തുതൊഴിലാളികൾക്കു് ജോലി നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ചെത്തുതൊഴിലാളികളുടെ ജീവിതം കൂടുതൽ സുകരമാക്കുന്നതിനു് പാംഗ്ഗാ ചക്കരച്ചെത്തു് മുതലായ ചില പദ്ധതികൾ മന്ത്രിമാർ വിഭാവനം ചെയ്തിട്ടുണ്ടു്. അങ്ങിനെയുള്ള പദ്ധതി നടപ്പാക്കാൻ തുടങ്ങീട്ടു് വളരെക്കാലമായി. അതുകൊണ്ടു് ചെത്തുതൊഴിലാളികൾക്കു് യാതൊരു ഗുണവും ഉണ്ടായിട്ടില്ല. അവരുടെ ജീവിതം അധഃപതിക്കുകയാണു് ചെയ്തിട്ടുള്ളതു്. പണ്ടു് ഒരു റാത്തൽ ചക്കരയ്ക്കു് വ്വ അണ, ഫ റ ണ. വിലയുണ്ടായിരുന്നു. ഇപ്പോൾ അതിനു് ന അണയാണു് വില. ചക്കര കുറുക്കുവാനുള്ള വിറകിന്റെ വില കഴിച്ചാൽ ബാക്കി കിട്ടുന്ന ആദായം എത്രയോ തുച്ഛമാണു്. മനുഷ്യർക്കു് ഏററവും ദ്രോഹം ചെയ്യുന്ന ഈ വക സമ്പ്രദായം എടുത്തുകളയുന്നപക്ഷം ഈ നാട്ടിലെ ജനങ്ങളുടെ അനുമോദനം ഈ മന്ത്രിസഭയ്ക്കുണ്ടായിരിക്കും. ഇതേവരെ ചരിത്രം സൃഷ്ടിച്ചിട്ടില്ലാത്ത മന്ത്രിസഭയ്ക്കു് ചരിത്രം സൃഷ്ടിക്കുന്നതിനു് ഒരവസരം കിട്ടിയിരിക്കുകയാണു്.

ചെത്തു നഷ്ടപ്പെട്ടവരുടെ സ്ഥിതി ഇതാണെങ്കിൽ ജോലിയുള്ള ചെത്തുതൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി എന്താണു്? ഈ കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് കാൺഗ്രസ്സിനെതിരായി പ്രവർത്തിച്ചു എന്നുള്ളതിന്റെ പേരിൽ പല ചെത്തുതൊഴിലാളികളുടെ പേരിലും കർശനമായ നടപടികൾ എടുത്തിട്ടുള്ളതായി എനിക്കു് അറിയാൻ കഴിഞ്ഞിരിക്കുന്നു. യൂണിയനിൽ ചേർന്ന ചെത്തുകാരെക്കൊണ്ടു ചെത്തിക്കാതെ ദൂരസ്ഥലങ്ങളിൽനിന്നു് കള്ളുകൊണ്ടുവന്നു് ഷാപ്പുകളിൽ വില്പന നടത്തുന്നു. അങ്ങിനെ ആയിരക്കണക്കിലുള്ള ചെത്തുതൊഴിലാളികൾ പട്ടിണിയിലേയ്ക്കും വറുതിയിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയാണു്. ഈ വക കാര്യങ്ങൾക്കു് അടിയന്തിരപരിഹാരം കാണണമെന്നു് പി. എസ്സ്. പി. മന്ത്രിസഭയോടു് ഞാൻ ആവശ്യപ്പെടുന്നു.

Shri A. A. D. Luiz: May I know whether that is the opinion of the hon. Member or of the party that he belongs to?

Shri T. K. Krishnan: That is my personal opinion.

ശ്രീ. കെ. എം. ജാർജ്ജ്: സർ, നമ്മുടെ ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിലും ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിലും പി. എസ്സ്. പി.-യുടെ അഖിലേൻഡ്യാ അടിസ്ഥാനത്തിൽ വരുത്താൻപോകുന്ന വിപ്ലവപരമായ പരിവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉണ്ടാകുമെന്ന താല്പര്യത്തോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരുവനാണു ഞാൻ. പി. എസ്സ്. പി.-യുടെ ജീവാത്മാവും

3 P. M.

പരമാത്മാവുമായ ആചാര്യ നരേന്ദ്രദേവും, ജയപ്രകാശ നാരായണനും മററും ഭൂമിയില്ലാത്തവക്ക് ഭൂമിയുണ്ടാക്കികൊടുക്കുന്നതിനും മററുമായി ഭൂദാനയജ്ഞപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു അവസരമാണിത്. അങ്ങിനെ വിപ്ലവപരമായ യാതൊരു നയപരിപാടികളെപ്പററിയും ഈ ബഡ്ജററിലും ബഡ്ജററ പ്രസംഗത്തിലും കാണുന്നില്ല. സർ, നമ്മുടെ സംസ്ഥാനം ഒരു കർഷകരാജ്യമാണ്. ഈ സംസ്ഥാനത്തിലെ മർമ്മപ്രധാനമായ കൃഷി വികസിപ്പിക്കുകയാണെങ്കിൽ, ഈ നാടിനെ ഭക്ഷ്യസ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടുവരുവാനും ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കഴിയുന്നതാണ്. അതിലേയ്ക്ക് സത്വരവും ധൈര്യപൂർവകവുമായ നടപടികൾ മുമ്പോട്ടു കൊണ്ടുപോകാൻ ഉള്ള ശ്രമങ്ങൾ ഒന്നുംതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ വിശദീകരിച്ചുകാണുന്നില്ല. അതിനൊരു കാരണമായി പറയുന്നത് ആവശ്യമായ പണം ഇല്ലെന്നുള്ളതാണ്. നമ്മുടെ നാട്ടിലെ ഏററവും പ്രധാനമായ ഭക്ഷ്യപ്രശ്നവും തൊഴിലില്ലായ്മയും പരിഹരിക്കാതെ എങ്ങിനെയാണ് ഇവർ ഒരു സോഷ്യലിസ്ററ ക്ഷേമരാഷ്ട്രം പടുത്തുയർത്താൻ ഉദ്ദേശിക്കുന്നത്; എങ്ങിനെയാണ് ഇവർ ചരിത്രം സൃഷ്ടിക്കുവാൻ പോകുന്നത്; എന്ന് പി. എസ്സ്. പി. പാർട്ടിയോടും അതിലെ പ്രമുഖനേതാവായ ശ്രീ. താണുപിള്ള അവർകളോടും ഞാൻ ചോദിക്കുന്നു. എന്റെ പാർട്ടിയുടെ ലീഡർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ പറഞ്ഞതുപോലെ പ്രകൃതിരമണീയമായ ഈ രാജ്യത്ത് യഥാകാലം മഴയും ധാരാളം പ്രകൃതിസമ്പത്തുമുള്ള സ്ഥിതിക്ക് ഈ സംസ്ഥാനത്തു വളരെക്കാര്യങ്ങൾ ചെയ്യുവാൻ ഗവണ്മെൻറിനു കഴിയും. ആവക കാര്യങ്ങൾ ചെയ്യുന്നതിലേയ്ക്ക് വളരെ ധൈര്യത്തോടും ആത്മാർത്ഥതയോടുംകൂടി മുമ്പോട്ടു പോകണമെന്നാണ് എനിക്കീ അവസരത്തിൽ ഈ ഗവണ്മെൻറിനെ അറിയിക്കുവാനുള്ളത്. ഈ നാട്ടിലെ കൃഷിയും വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുവാനുള്ള പദ്ധതികൾ ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതിന് കേവലം പതിനഞ്ചുദിവസംമാത്രം പ്രായമുള്ള ഈ ഗവണ്മെൻറിനു കഴിഞ്ഞില്ലയെന്നു വന്നേക്കാം. എന്നിരുന്നാൽതന്നെയും അവരുടെ നയപരിപാടികൾ അവക്കു വിശദീകരിക്കാമായിരുന്നു. അതൊന്നും തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വ്യക്തമാക്കാതിരുന്നതിൽ വളരെ ഏറെ ഖേദമുണ്ട്, നിരാശയുണ്ട്.

ഇവിടെ കൃഷിവികസനത്തിനും വ്യവസായാഭിവൃദ്ധിക്കും ഉതകത്തക്കവിധം നാട്ടിലെ എല്ലാ നദികളിലും അണകളും വേണ്ടത്ര നദീതടപദ്ധതികളും ആവിഷ്കരിക്കണം. പെരിയാററിൽ ഭൂതത്താൻകെട്ട് എന്നൊരണയുടെ കാര്യം വളരെക്കാലംമുതൽ ഈ സഭയുടെ ശ്രദ്ധയിലും ഗവണ്മെൻറിന്റെ ശ്രദ്ധയിലും പെടുത്തിയിട്ടുള്ളതാണ്. അതു് ഇനിയും ആരംഭിച്ചിട്ടില്ല. അടുത്ത പഞ്ചവത്സരപദ്ധതിയിലെങ്കിലും ആ പദ്ധതി ഉൾപ്പെടുത്തിയിരുന്നെങ്കിൽ അതുമൂലം ഈ നാട്ടിലെ കർഷകരുടെ ഉന്നമനത്തിനും വ്യാവസായികാഭിവൃദ്ധിക്കും വളരെ ഉതകുമായിരുന്നു. അതിന് ഈ ഗവണ്മെൻറ് തയ്യാറായിക്കാണുന്നില്ല. ഈ മാതിരി പ്രവർത്തനങ്ങൾ ധൈര്യമായി നടപ്പിലാക്കാതെ സോഷ്യലിസം പ്രസംഗിച്ചതുകൊണ്ടു മാത്രം വളരെ വിശേഷമുണ്ടെന്നു തോന്നുന്നില്ല. ഞാൻ വളരെ ആത്മാർത്ഥതയോടും ധൈര്യത്തോടുംകൂടി പറയുകയാണ് ഈ നാട്ടിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വ്യാവസായികമായി ഈ നാടിനെ അഭി

[ശ്രീ. കെ. എം. ജാർജ്ജ്.]

വൃദ്ധിപ്പെടുത്തുകയും കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കുടിൽ വ്യവസായികൾക്കു വിഷമമുണ്ടാകാതെയിരിക്കുവാൻ നാട്ടിൽ ധാരാളമായി ചെറിയ വ്യവസായശാലകൾ സ്ഥാപിക്കണം. ഓരോ ഭവനത്തിലും വിദ്യുച്ഛക്തി ആവശ്യമുള്ളിടത്തോളം ലഭിക്കുന്നതിനുള്ള പദ്ധതികളും നാടാകെ നടപ്പിലാക്കണം. അതുപോലെ തന്നെ ഇവിടെ സാമ്പത്തിക പുനരുദ്ധാരണനടപടികളും ആവിഷ്കരിക്കേണ്ടതാണു് എന്നു ഞാൻ ഈ ഗവണ്മെൻറിനെ അനുസ്മരിപ്പിക്കുകയാണു്.

ഈ പൊതു പരാമർശനങ്ങളുടെ പശ്ചാത്തലത്തിൽ മൂവാററുപുഴ റിവർ വാലി സ്കീമിനെപ്പററി ചില കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊള്ളുന്നു. എൻ ഭ. ഉ.-ലെ നിയമസഭയിൽ ഇതു സംബന്ധിച്ചുണ്ടായ വാദപ്രതിവാദവേളയിൽ സഭയുടെ നേതാവായ മുഖ്യമന്ത്രി ശ്രീ. പട്ടം പറഞ്ഞതു് മൂവാററുപുഴ പ്രദേശത്തു ജലസേചനപദ്ധതികൾ വളരെ ആവശ്യമാണെന്നത്രെ. ശ്രീ. ചാഴിക്കാടൻ തന്നെ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി, ചില സ്ഥലങ്ങളിൽ സ്ത്രീകൾ രണ്ടും മൂന്നും പ്രാവശ്യം വെള്ളം തേകിക്കേററുന്നതായി കാണാൻ കഴിഞ്ഞു എന്നു്. ഈ പ്രയാസങ്ങൾ ഇല്ലാതാക്കുന്നതിനു് അവിടെ ലിഫ്ററു ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിയാൽ വളരെ സൗകര്യമായിരിക്കും. ഇന്നു് ഏററവും കൂടുതൽ മഴ പെയ്യുന്നതു് മൂവാററുപുഴ, തൊടുപുഴ എന്നീ സ്ഥലങ്ങളിലാണു്. ഈ സംസ്ഥാനത്തെ മൂന്നാമത്തെ നെൽ ഉൽപാദിപ്പിക്കുന്ന പ്രദേശം മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു് ഈ താലൂക്കുകളാണു്. അതുകൊണ്ടു് ഈ മൂവാററുപുഴ റിവർവാലി സ്കീം ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽതന്നെ ഉൾപ്പെടുത്തി. അതുപോലെതന്നെ പാഴൂർ, കക്കാടു്, വെട്ടിത്തറ, മാറാടി, എന്നീ സ്കീമുകളും ഉടനെ പൂർത്തിയാക്കണം. ഈ പദ്ധതികൾമൂലം ആയിരമായിരം ഏക്കർ സ്ഥലം കൃഷിക്കുപയുക്തമാകും. ഏററവും പ്രധാനപ്പെട്ട ഈ മൂവാററുപുഴ റിവർവാലി സ്കീം ഇന്നും അപൂർണ്ണവും അപര്യാപ്തവുമായിട്ടാണിരിക്കുന്നതെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

അതുപോലെതന്നെ വൈക്കം താലൂക്കിൽപ്പെട്ട വടയാർ എന്ന സ്ഥലത്തുള്ള കരിനിലങ്ങളെപ്പററിയും ചിലകാര്യങ്ങൾ പറയാനുണ്ടു്. അതും പുഞ്ചപ്പാടങ്ങളുടെ കൂട്ടത്തിൽപ്പെടുത്തി അവക്കും കൃഷിക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. കേവലം അഞ്ചും ആറും ഏക്കർ നിലം ഓരോ ഉടമസ്ഥന്മാരുടേയും കൈവശത്തിലിരിക്കുകയാണു്. അവക്കു് ഇന്നു് ആ നിലങ്ങളിൽ കൃഷി നടത്തുന്നതിനു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു് എന്നുള്ള സംഗതിയും ബഹുമാനപ്പെട്ട ഗവണ്മെൻറു് മനസ്സിലാക്കേണ്ടതാണു്. അതിനു് എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു് ആ നിലങ്ങളും കൂടി പുഞ്ചസ്പെഷ്യലാഫീസറുടെ കീഴിൽ വരത്തക്കവിധം വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതു് വളരെ ആവശ്യമാണെന്നാണു്.

സർ, ഇറിഗേഷനുമായി ഏററവും ബന്ധപ്പെട്ട ഒന്നാണു് ഇലക്ട്രിസിററി. അതു ധാരാളമായി ഉൽപ്പാദിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കണം. അക്കാര്യങ്ങൾ ഞാൻ നേരത്തെ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഈ വിദ്യുച്ഛക്തി സുലഭമായി ഉൽപ്പാദിപ്പിക്കുന്നില്ല. അതിൻെറ ഉൽപ്പാദനം വർദ്ധിപ്പിക്കാതെ നമ്മുടെ ഇറിഗേഷൻ പദ്ധ

തികൾ വിപുലീകരിക്കാൻ സാദ്ധ്യമല്ല. നാട്ടിലെ വരവും വർദ്ധിപ്പിക്കാൻ സാദ്ധ്യമാകുന്നതല്ല. കട്ടത്തുരുത്തി പറമ്പ്രം എന്ന സ്ഥലങ്ങളിൽ വിദ്യുച്ഛക്തിയുടെ ആവശ്യത്തെ പുരസ്കരിച്ച് എത്രയോ ആക്ഷേപങ്ങൾ ഗവണ്മെൻറിലേയ്ക്ക് അയച്ചുകഴിഞ്ഞിട്ടുള്ളതാണ് എന്നുള്ള വസ്തുത ഗവണ്മെൻറിലുള്ള ഫയലുകൾ മറിച്ചുനോക്കിയാൽ കാണാവുന്നതാണ്. അതിന് യാതൊരു പ്രയാസവുമില്ല.

ഇതിനുമുമ്പ് പ്രധാനമന്ത്രിയായിരുന്ന ശ്രീ. എ. ജെ. ജാണിന്റെ സ്വന്തനാടായ തലയോലപ്പറമ്പിൽ നിന്നും മൂന്നുമൈൽ ദൂരം മാത്രമെ കട്ടത്തുരുത്തിയിലേയ്ക്കുള്ളു. അതുപോലെ മാഞ്ഞൂർ നിന്നും രണ്ടരമൈലും മാത്രമെ ദൂരമുള്ളു എന്നുള്ള വസ്തുതയും ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തുകയാണ്. കട്ടത്തുരുത്തി പ്രദേശത്തുള്ള ആളുകൾ വളരെ ഏറെ നിർഭാഗ്യവാന്മാരാണെന്നുള്ള വസ്തുത ഗവണ്മെൻറ വ്യക്തമായി മനസ്സിലാക്കണം. കട്ടത്തുരുത്തിയിലെ ചുള്ളിത്തോടിന്റെ കാര്യവും മൂവാററപുഴ റിവർവാലി സ്കീമും എത്രയും വേഗം നടപ്പിൽ വരുത്താൻ ഗവണ്മെൻറ ശ്രദ്ധിക്കണം. എൻറ്റു മുതൽ ഇതിലേയ്ക്ക് ഗവണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ ഇന്നും അതു പ്രവൃത്തന ക്ഷമമായിട്ടില്ല എന്നുള്ള സംഗതി ഞാൻ അനുസ്മരിപ്പിക്കുകയാണ്. ഇങ്ങനെ പ്രാദേശികമായി പല കാര്യങ്ങളും ഗവണ്മെൻറിനെ അറിയിക്കേണ്ടതായിട്ടുണ്ട്. എന്നാൽ എല്ലാ നദികളിലും നദീതടപദ്ധതികൾ നടപ്പിലാക്കുന്നതിലും വിദ്യുച്ഛക്തി നൽകി കുടിൽവ്യവസായം സാർവത്രികമാക്കുന്നതിനും വളരെ വളരെ ധൈര്യത്തോടുകൂടിയും ആത്മാർത്ഥതയോടുകൂടിയും ചുറുചുറുക്കോടുകൂടിയും പ്രവർത്തിച്ച് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം എന്നു പുതിയ ഗവണ്മെൻറിനെ വീണ്ടും വീണ്ടും അറിയിച്ചുകൊള്ളുന്നു.

ശ്രീ. പി. രവീന്ദ്രൻ: സർ, ശ്രീ. പൊന്നപ്പനാടാർ അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് എനിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഹ്രസ്വമായ സമയത്തിനുള്ളിൽ, ഈ നാട്ടിലെ ജലസേചനപദ്ധതികളെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇന്നത്തെ മന്ത്രിസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. രാജപ്രമുഖന്റെ നയപ്രഖ്യാപനപ്രസംഗത്തിൽ ഭക്ഷ്യോൽപ്പാദനത്തെ സ്പർശിക്കുന്ന ഖണ്ഡികയിൽ ചെറിയ ജലസേചന പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ട് അതു് ആശാവഹമാണ്. എന്നാൽ രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ജലസേചനപദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവണ്മെൻറിനു കഴിയുമോ എന്ന് എനിക്ക് ചില സംശയങ്ങളുണ്ട്. എന്റെ പ്രതീക്ഷകൾ അസ്ഥാനത്താകുമെന്നും സംശയമുണ്ട്. കാരണം കാൺഗ്രസ്സിന്റെ പിൻതുണയോടുകൂടിയാണ് ഇന്നു പി. എസ്സ്. പി. മന്ത്രിസഭ രാജ്യഭരണം നടത്തുന്നത്. കാൺഗ്രസ്സുഗവണ്മെൻറ അധികാരത്തിലിരുന്നപ്പോഴുള്ള നയപ്രഖ്യാപന പ്രസംഗങ്ങളിലും ഇതുപോലെ പറഞ്ഞിട്ടുണ്ടായിരുന്നു. അന്നത്തെ വാഗ്ദാനങ്ങളൊന്നും നിറവേററിയിട്ടില്ല. ചെറിയ ജലസേചനപദ്ധതികൾ നടപ്പിൽ വരുത്തുമെന്നു പറഞ്ഞിരുന്ന കാൺഗ്രസ്സ് ആ ഇനത്തിൽ രാജ്യത്തിനു വലിയ സംഭാവനകളൊന്നും നൽകിയിട്ടില്ല. അവർ തന്നെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ ചെറിയ ജലസേചനപദ്ധതികൾക്കു

[ശ്രീ. പി. രവീന്ദ്രൻ.]

തുകകഠം കൊള്ളിച്ചുകാണുന്നില്ല. കാൺഗ്രസ്സുഗവണ്മെൻറ് ഈ കാര്യത്തിൽ കാണിച്ച ന്യൂനതകളൊന്നും ഈ ഗവണ്മെൻറിനുണ്ടാകരുതെന്നു് ഞാൻ ഓർമ്മപ്പെടുത്തുന്നു. ഡീറ്റെയിൽഡ് ബഡ്ജററ് എസ്റ്റിമേററിൻെറ appendices ഞാൻ ഒന്നു പരിശോധിച്ചുനോക്കി. അതിൽ ചെറിയ ഇറിഗേഷൻ പദ്ധതികഠംക്കായി പ്രത്യേകം തുകകഠം നീക്കിവച്ചിട്ടുള്ളതായി കാണുന്നില്ല. പഴയജോലികഠംക്കു തുക നീക്കിവച്ചിട്ടുള്ളതല്ലാതെ പുതിയ യാതൊരു ജോലിയും വിഭാവനചെയ്തുകാണുന്നില്ല. Other works എന്ന ഇനത്തിൽ ൪൯,൦൦൦ രൂപ ഉഠംപ്പെടുത്തിയിരിക്കുന്നു. ഒരു പക്ഷെ മൈനർ ഇറിഗേഷൻപദ്ധതികഠംക്കായിട്ടായിരിക്കാം ഈ തുക നീക്കിവച്ചിരിക്കുന്നതു്. ആണെങ്കിൽ തന്നെയും അതു തികച്ചും അപര്യാപ്തമാണു്. ഇതു് കാൺഗ്രസ്സുഗവണ്മെൻറ തയ്യാറാക്കിയ ബഡ്ജററാണെന്നു് മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഞാൻ സംസാരിക്കുന്നതു്. ചെറിയ ജലസേചനപദ്ധതികഠം നടപ്പിൽവരുത്തുമെന്നു പറഞ്ഞ കാൺഗ്രസ്സ് അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിലും മൈനർ ഇറിഗേഷനു് ആവശ്യമായ തുക നീക്കിവച്ചിട്ടില്ലെന്നു് ചൂണ്ടിക്കാണിക്കാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഇതു പി. എസ്സ്. പി. യുടെ ബഡ്ജററാണെന്നു ഞാൻ പറയുന്നില്ല. എനിക്കു ധനകാര്യമന്ത്രിയോടും, അദ്ദേഹം ഉഠംക്കൊള്ളുന്ന പാർട്ടിയോടും പറയാനുള്ളതു് അടുത്തു അവതരിപ്പിക്കാൻപോകുന്ന ബഡ്ജററിലെങ്കിലും മൈനർ ഇറിഗേഷൻപദ്ധതികഠംക്കായി കൂടുതൽ തുക കൊള്ളിക്കണമെന്നാണു്. കാൺഗ്രസ്സുഗവണ്മെൻറ് അനുവർത്തിച്ച അതേ നയം പുതിയ മന്ത്രിസഭ സ്വീകരിക്കരുതെന്നാണു് എൻെറ അഭിപ്രായം.

ഇതിനിടയ്ക്കു് എനിക്കു് അല്പം പ്രാദേശികമായി സംസാരിക്കാനുണ്ടു്. മൈനർ ഇറിഗേഷനു് തുക നീക്കിവച്ചിട്ടുള്ള കൂട്ടത്തിൽ കൊല്ലം ഡിവിഷനു് അതർഹിക്കുന്ന പരിഗണന നൽകിയിട്ടില്ല. അതൊരു പരാതിയായിട്ടാണു് ഞാൻ ഉന്നയിക്കുന്നതു്. ഇന്നു ഞങ്ങഠംക്കു നൽകിയിരിക്കുന്ന ഡീറെറയിൽഡ് എസ്റ്റിമേററിൽ ൧,൫൫,൦൦൦ രൂപ കൊല്ലം ഡിവിഷനു നീക്കിവച്ചിട്ടുണ്ടു്. ഇതു് സംരക്ഷണജോലികഠംക്കാണു്. ഈ തുക തികച്ചും അപര്യാപ്തമാണു്. പുതിയ മന്ത്രിസഭയോടു എനിക്കു് ഒരപേക്ഷയുണ്ടു് ബഡ്ജററ പുതുക്കി എഴുതുമ്പോഠം കൊല്ലം ഡിവിഷനു് ശരിയായ പ്രാതിനിദ്ധ്യം നൽകണം.

റൂറൽ ഡെവലപ്പ്മെൻറിൽ വർക്ക്സ് ആൻറ് കാൺട്രിബ്യൂഷൻ എന്ന ഇനത്തിൽ ഇറിഗേഷനുവേണ്ടി ൧,൧൮,൦൦൦ രൂപ ഉഠംപ്പെടുത്തിയിട്ടുണ്ടു്. ഇതു മുഴുവനും ഇറിഗേഷനുവേണ്ടിയാണോ എന്നെനിക്കു സംശയമുണ്ടു്. ആണെങ്കിൽ തന്നെയും ആ തുകയും അപര്യാപ്തമാണു്. പുതിയ ബഡ്ജററിൽ ഈ ഇനത്തിലും കൂടുതൽതുക ജലസേചനപദ്ധതികഠംക്കു് നീക്കിവയ്ക്കണമെന്നാണു മന്ത്രിസഭയോടു ഞാൻ ആവശ്യപ്പെടുന്നതു്. അങ്ങനെ ചെയ്യില്ലെങ്കിൽ നയപ്രഖ്യാപനപ്രസംഗത്തിലെ ഇറിഗേഷനെ സംബന്ധിച്ച വാഗ്ദാനങ്ങളൊന്നും നിറവേററപ്പെടുകയില്ല.

ഈ രാജ്യത്തുള്ള വികസനപദ്ധതികളെ സംബന്ധിച്ച് ഇതിനകം തന്നെ പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. കഴിഞ്ഞ ദിവസം ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ വലിയ ജലസേചന പദ്ധതികളെപ്പററി ശക്തിയായ ചില ആക്ഷേപങ്ങഠം ഉന്നയിക്കപ്പെട്ടു.

ജലസേചനപദ്ധതികളിൽ കാര്യക്ഷമമായ, ഗണ്യമായ പുരോഗതി ഉണ്ടാകുന്നില്ലെന്നു പറയുകയുണ്ടായി. കുട്ടനാട്ട ഡവലപ്പ്മെൻറ സ്കീമിനെപ്പററി ഒരു മെംബർ പരാമർശിച്ചു. കൺട്രാക്ടറന്മാർ സിമൻറകൊണ്ടു് പൈൽസുണ്ടാക്കുന്നതിനുപകരം മററ സാധനങ്ങൾ ഉപയോഗിച്ചു കൃത്രിമമായി പൈൽസു് ഉണ്ടാക്കുന്നുവെന്ന ആരോപണമുണ്ടായി. നെയ്യാറണ പദ്ധതിയെപ്പററിയും Kari lands reclamation-നെ പററിയും പരാതികളുണ്ടായി. പൊതുമുതൽ ചോർന്നുപോകാതിരിക്കുന്നതിനു് കർശനമായ നടപടികൾ സ്വീകരിക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്.

ചീഫ് ഇൻജിനീയറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽനടന്ന മെഡിക്കൽകാളേജു കെട്ടിടത്തിന്റെ പണിയെപ്പററി വലിയ ആക്ഷേപങ്ങളുണ്ടു്. കൺട്രാക്ടറന്മാർ വൻപിച്ച തുകകൾ ഈ കെട്ടിടത്തിന്റെ പണിയിൽ നിന്നു് തട്ടിയെടുത്തിട്ടുണ്ടെന്നു് ഇന്നു തിരുവനന്തപുരം പട്ടണത്തിൽ പരക്കെ സംസാരമുണ്ടു്. ആരണ്യനിവാസു് ഹോട്ടലിനെ സംബന്ധിച്ചും പരാതികളുണ്ടു്. ആ ഹോട്ടലിന്റെ പണിനടത്തിയ കൺട്രാക്ടർക്കു് അനർഹമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തുവെന്നും ടെൻഡറിന്റെ റേററകൾ വർദ്ധിപ്പിച്ചുകൊടുത്തുവെന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെയുള്ള അഴിമതികൾക്കു ഇട നൽകാതെ സൂക്ഷിക്കേണ്ടതാണു്. മരാമത്തുജോലികൾ എല്ലാം ഡിപ്പാർട്ടുമെൻറ തന്നെ ഏറെറടുത്തു നടത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതു മൂലം വലിയതുക ഗവണ്മെൻറിനു് ആദായമുണ്ടാകും.

ഉദാഹരണമായി ചവറയിലെ പാലത്തിന്റെ പണിതന്നെ എടുക്കാവുന്നതാണു്. ശ്രീ. സി. കേശവൻ ആ പാലത്തിന്റെ ഉൽഘാടനം നടത്തിക്കൊണ്ടുചെയ്ത പ്രസംഗത്തിൽ ഒരു കാര്യം ശക്തിയായി ഊന്നിപ്പറയുകയുണ്ടായി. ഡിപ്പാർട്ടുമെൻറ നേരിട്ടുതന്നെ മരാമത്തു ജോലികൾ ചെയ്യിച്ചാൽ ഗവണ്മെൻറിനു വലിയ തുകകൾ ലാഭമായി കിട്ടുവാൻ സാദ്ധ്യതയുണ്ടെന്നു് അദ്ദേഹം വ്യക്തമാക്കി. ചവറപാലത്തിന്റെ എസ്റ്റിമേററ തുകയുടെ അറുപതു എഴുപതു ശതമാനം തുകകൊണ്ടു് അതു പൂർത്തിയാക്കുവാൻ കഴിഞ്ഞു. നല്ലൊരു ശതമാനം അങ്ങനെ ലാഭമായി കിട്ടുകയും ചെയ്തു. പള്ളിവാസലിൽ ഒരു Power house ഉണ്ടാക്കുന്നതിന്റെ ജോലി ഒരു യൂറോപ്യൻ കമ്പനിക്കു കാൺട്രാക്ടറായി കൊടുത്തിട്ടുണ്ടു്. നമ്മുടെ ഡിപ്പാർട്ടുമെൻറിലെ സമർത്ഥനായ ഒരു ഇൻജിനീയരെക്കൊണ്ടാണു് ഈ ജോലി കമ്പനിക്കാർ ചെയ്യിക്കുന്നതെന്നു് ഞാൻ അറിഞ്ഞിട്ടുണ്ടു്. സമർത്ഥന്മാരായ ഇൻജിനീയറന്മാർ നമ്മുടെ ഡിപ്പാർട്ടുമെൻറിലുണ്ടു്. അവരെക്കൊണ്ടു് നേരിട്ടു ജോലി ചെയ്യിപ്പിക്കണം. കാൺട്രാക്ടറകൊടുത്തു ജോലി ചെയ്യിപ്പിക്കുന്നതു ഭീമമായ നഷ്ടത്തിനു് ഇടവരുത്തും. പി. ഡബ്ലിയു. ഡി. ക്കു് നീക്കിവയ്ക്കുന്ന തുകയുടെ ഭൂരിഭാഗവും കൺട്രാക്ടറന്മാർ തട്ടിക്കൊണ്ടുപോകുകയാണു്. പൊതുമുതൽ നഷ്ടപ്പെടുത്തുന്ന കൺട്രാക്ടറന്മാരെന്നു് ഒരു വർഗ്ഗത്തെ അന്നത്തെ കാൺഗ്രസ്സു് ഈ രാജ്യത്തു സൃഷ്ടിച്ചിട്ടുണ്ടു്. ബ ഹുമാനപ്പെട്ട മാവേലിക്കര മെംബർ നേരത്തെ അതുപറഞ്ഞു. കഴിയുന്നതും പൊതുമരാമത്തു ജോലികൾ ഡിപ്പാർട്ടുമെൻറലായി ചെയ്യിക്കേണ്ടതാണെന്നാണു് എന്റെ നിർദ്ദേശം.

സർ, ഈ അവസരത്തിൽ എനിക്കു മറെറാരു കാര്യംകൂടി ചൂണ്ടിക്കാണിക്കാനുണ്ടു്. ബഡ്ജററ് എസ്റ്റിമേററിൽ പേച്ചിപ്പാറ അണയുടെ ചോർച്ച

[ശ്രീ. പി. രവീന്ദ്രൻ.]

അടയ്ക്കാൻവേണ്ടി ൯൭,൦൦൦ രൂപ മെയിൻറനൻസ് എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ബഡ്ജററ പി.എസ്സ്. പി. ഗവണ്മെൻറ അവതരിപ്പിക്കുന്ന ഒരു ബഡ്ജററല്ലായെന്നു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. പഴയതെററ് ഈ ഗവണ്മെൻറ ആവത്തിക്കാതെയിരിക്കാൻവേണ്ടി ചൂണ്ടിക്കാണിക്കുകയാണ്. അതെ സമയം ഡവലപ്പുമെൻറ സ്കീം അനുസരിച്ച് grouting and strengthening Pechippara Dam എന്ന ഇനത്തിൽ രണ്ടുലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ ജോലി കോതയാർ Extension Project ഡിവിഷൻറയും രണ്ടാമത്തെ ജോലി നാഗർകോവിൽ ഡിവിഷൻറയും മേൽനോട്ടത്തിലാണു നടന്നത്. ഇങ്ങനെ ഒരേ ജോലിതന്നെ രണ്ടു ഡിവിഷനിൽക്കൂടി നടത്തുന്നതു് എന്താവശ്യത്തിനാണെന്നറിഞ്ഞുകൂടാ. ഈ തുക അനാവശ്യമായി ചെലവായിപോകുകയില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇതുപോലെയുള്ള തകരാറുകൾ പുതിയ ബഡ്ജററു തയ്യാറാക്കുമ്പോൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു. വലിയ ജലസേചനപദ്ധതികൾ എല്ലാം ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ നടത്തിയാൽ ബലവും ഭംഗിയുള്ളതുമാക്കാൻ കഴിയും. പിന്നീട് ആണ്ടുതോറും കൂടുതൽ തുകകൾ ചോർച്ചയടയ്ക്കുവാനും മററും മാററി വയ്ക്കേണ്ടി വരികയില്ല. അതുകൊണ്ടാണ് കൺട്രാക്ററന്മാരെ ഒഴിവാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നതു്.

Shri A. Chidambaranatha Nadar : Is the hon. Member aware that the Kodayar extension scheme is entirely different from the Kodayar scheme?

ശ്രീ. പി. രവീന്ദ്രൻ : അതു ശരിയാണ്. പക്ഷെ, ഈ രണ്ടു ജോലിയും ഒരു ഡിവിഷൻെറ മേൽനോട്ടത്തിൽ നടത്തുന്നതു് കൂടുതൽ കാര്യക്ഷമമായിരിക്കുമെന്നാണ് ഞാൻ പറഞ്ഞതു്.

സർ, ഈ അവസരത്തിൽ എനിക്ക് ഒന്നു രണ്ട് പ്രായോഗികനിർദ്ദേശങ്ങൾകൂടി നൽകുവാനുണ്ട്. ബഡ്ജററ് പരിശോധിച്ചാൽ ഏതാണ്ട രണ്ടരക്കോടി രൂപയോളം പി. ഡബ്ലിയു. ഡി. യിൽ സിവിൽ വർക്കിനു ചെലവാക്കുന്നുണ്ടെന്നു കാണാം. ഈ ജോലികൾ ചീഫ് ഇൻജിനീയരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് നടത്തേണ്ടതു്. രാജ്യത്തിൻെറ ഇന്നത്തെ നിലയ്ക്ക് ഏററവും അത്യാവശ്യമായ ഇറിഗേഷൻ ജോലികൾ തക്കസമയത്തു ചെയ്യുതീക്കേണ്ട ചുമതലയും ഈ ഡിപ്പാർട്ടുമെൻറാണു വഹിക്കേണ്ടതു്. അതുകൊണ്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൻെറ മേധാവിയായി ഏതാണ്ട സ്വതന്ത്രമായി പ്രവത്തിക്കാനുള്ള അധികാരത്തോടുകൂടി പ്രാപ്തനായ ഒരു ചീഫ് ഇൻജിനീയരെ നിയമിക്കുന്നതു നന്നായിരിക്കും. അതാതു ദേശത്തുള്ള കുളങ്ങൾ, റോഡുകൾ, തലച്ചിറകൾ മുതലായവ സംബന്ധിച്ചുള്ള ജോലികൾ അതാതു പഞ്ചായത്തുകളുടെ ചുമതലയിൽ നിർവഹിക്കുന്നതും കൊള്ളാം. ഇന്നു പഞ്ചായത്തു ഡയറക്ടറക്കു അഞ്ഞൂറുരൂപയിൽ കൂടുതൽ ചെലവുവരുന്ന ജോലികൾക്കു അനുവാദം കൊടുക്കാൻ അധികാരമില്ല. പഞ്ചായത്തുകൾക്കു കൂടുതൽ അധികാരം കൊടുക്കേണ്ടതാണ്. നമ്മുടെ മുഖ്യമന്ത്രി ചാർജ്ജെടുത്ത

ദിവസം രാത്രി ഏഴുമണിക്കു ആൾ ഇൻഡ്യാ റേഡിയോയുടെ തിരുവനന്തപുരം കേന്ദ്രത്തിൽനിന്നും നടത്തിയ പ്രക്ഷേപണി പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടുകൂടി കേൾക്കുകയുണ്ടായി. ആ പ്രസംഗത്തിൽ പഞ്ചായത്തുകൾക്കു കൂടുതൽ അധികാരം കൊടുക്കാൻ പോകുകയാണെന്നു അദ്ദേഹം പറയുകയുണ്ടായി. പഞ്ചായത്തുകൾക്കു കൂടുതൽ അധികാരം കൊടുത്തു ഇത്തരം മൈനർ ഇറിഗേഷൻ വർക്കുകൾ അവരുടെ ചുമതലയിൽ നടത്തുന്നതു വളരെ ലാഭകരവും സൗകര്യപ്രദവുമായിരിക്കും. നമ്മുടെ മുഖ്യമന്ത്രി കുളങ്ങൾ കുഴിപ്പിക്കുന്നകാര്യത്തിൽ താൽപ്പര്യമുള്ള ആളാണു്. ശ്രീ. പട്ടം താണുപിള്ള മുമ്പു പ്രധാനമന്ത്രിയായിരുന്ന കാലത്തു തെക്കൻ തിരുവിതാംകൂറിൽ കുറെ കുളങ്ങൾ കുഴിപ്പിച്ചിട്ടുണ്ടു്. പക്ഷെ, ആ കുളങ്ങൾ കുഴിപ്പിക്കുന്ന ജോലികൾ Interested parties നു കൊടുക്കുകയാണു ചെയ്തതു്. അങ്ങനെ മേലാൽ ചെയ്യരുതെന്നു എനിക്കപേക്ഷയുണ്ടു്. ശരിയായ രീതിയിൽ ഏററവും കുറഞ്ഞ ചെലവിൽ ജോലികൾ ചെയ്തുതീർക്കാൻ കഴിവുള്ളവരെ മാത്രമെ അതു് ഏൽപ്പിക്കാവൂ എന്നുമാണു് എനിക്കീയവസരത്തിൽ പറയുവാനുള്ളതു്. ഇങ്ങനെ ഇറിഗേഷൻ കാര്യത്തിൽ ആത്മാർത്ഥവും സത്വരവുമായ ശ്രദ്ധ ഗവണ്മെൻറ പതിക്കുകയാണെങ്കിൽ ഇവിടത്തെ ഭക്ഷ്യോൽപാദനം വളരെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

ഇനി എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യമാണു് എനിക്കു പറയുവാനുള്ളതു്. സർ, ഒരു കാലത്തു് എന്റെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന അങ്ങേയ്ക്കും അറിവുള്ളതാണു്. ഇത്തിക്കരഏലായിലെ കൃഷിനാശം തടയുന്നതിനു പൊഴിക്കരയിൽ ഒരു ചീപ്പു് കെട്ടണമെന്നുള്ള കാര്യം. ചീപ്പു് കെട്ടിക്കുന്നതിനു അങ്ങയുടെ കഴിവുകളും വിനിയോഗിച്ചിട്ടുണ്ടെന്നു എനിക്കറിയാം. വെള്ളപ്പൊക്കംമൂലവും ഉപ്പുവെള്ളം കയറുന്നതുമൂലവും ആണ്ടുതോറും ഉണ്ടാകുന്ന വമ്പിച്ച കൃഷിനാശം തടയുന്നതിനു ഒരു ചീപ്പു് പണിയിച്ചുതരണമെന്നു് എത്രയോ കാലമായി ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു്. വളരെയധികം നിവേദനങ്ങൾ നടത്തിയിട്ടും ഇക്കാര്യത്തിൽ ഇതുവരെ യാതൊന്നും ചെയ്തുകാണുന്നില്ല. സർ, ഒരു ചീപ്പു് കെട്ടണമെന്നു് മലയാളരാജ്യം, കേരളകൗമുദി മുതലായ പത്രങ്ങൾ അവരുടെ പംക്തികളിൽകൂടി ശക്തിയായി വാദിച്ചിട്ടുമുണ്ടായിരുന്നു. സി. പി. യുടെ കാലത്തു് ഇതിനെപ്പററി ഇൻവെസ്റ്റിഗേഷൻ നടത്താൻ ഒരു ഇൻവെസ്റ്റിഗേഷൻ സെക്ഷൻ രൂപീകരിക്കുകയും വേണ്ട അന്വേഷണം നടത്തുകയും ചെയ്തു. ഒരു എസ്റ്റിമേററ തയ്യാറാക്കുകയും ഗവണ്മെൻറിലേയ്ക്കു അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്നു കേട്ടിരുന്നു. പിന്നെ ഒന്നും നടന്നില്ല. ശ്രീ. സി. കേശവൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇതിനുവേണ്ടി ഒരു നിവേദനം നടത്തി. കാര്യമായ പുരോഗതി എന്നിട്ടും ഉണ്ടായി കണ്ടില്ല. കൊല്ലം പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിററി കൂടിയപ്പോൾ അതിന്റെ അദ്ധ്യക്ഷനായിരുന്ന ശ്രീ. സി. കേശവൻ പറയുകയുണ്ടായി ഈ വർഷത്തെ ബഡ്ജററിൽ ചീപ്പു് പണി ഉൾക്കൊള്ളിക്കുമെന്നു്. എസ്റ്റിമേററിനു അനുവാദം കിട്ടിയിട്ടുണ്ടെന്നും, ഒരു സ്പെഷ്യൽ സബ്ഡിവിഷൻ രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ അതും ഉണ്ടായില്ല. ഇത്തവണത്തെ ബഡ്ജററിലും അതിനു യാതൊരു പ്രൊവിഷനും കാണുന്നില്ല. ഈ ഒരു ചീപ്പു് കെട്ടുന്നതുകൊണ്ടു് ഇരുപതിനായിരത്തിനാനൂററി അറുപതു പറ നിലത്തിനു് ഗുണം കിട്ടുന്നതാണു്.

[ശ്രീ. പി. രവീന്ദ്രൻ.]

ഈയിടെതന്നെ വെള്ളപ്പൊക്കംനിമിത്തം അവിടത്തെ കൃഷിക്കും സാരമായ നാശം തട്ടിയിട്ടുണ്ടു്. രണ്ടുമൂന്നു ദിവസത്തിനുമുമ്പുള്ള പത്രങ്ങളിൽ ആ വിവരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ഈ രാജ്യത്തെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കണമെന്നു് ഗവണ്മെൻറിനു ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ ഈ ചീപ്പിൻെറ ജോലി ഉടനെതന്നെ ആരംഭിക്കേണ്ടതാണു്. ഈ രാജ്യത്തിൻെറ മൊത്തത്തിലുള്ള നന്മയ്ക്കു അതൊരു വലിയ സംഭാവനയായിരിക്കും. ഇന്നു വെള്ളപ്പൊക്കംമൂലം കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും കൃഷിയിറക്കിയ സാധുകർഷകർ മിക്കവാറും കണ്ണുനീരും കയ്യുമായി കഴിയുകയാണു്. അവിടത്തെ പാവപ്പെട്ട കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി അങ്ങനെ രാജ്യത്തിൻെറ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ മൂന്നോ നാലോ ലക്ഷം രൂപാ ചെലവുവരുന്ന ഈ ജോലി എത്രയും വേഗത്തിൽ ആരംഭിക്കണമെന്നു് ഇന്നത്തെ മുഖ്യമന്ത്രിയോടു അപേക്ഷിച്ചുകൊണ്ടും കാൺഗ്രസ്സു് ഗവണ്മെൻറ് ചരിച്ചിരുന്ന അതേ പാതയിൽക്കൂടി സഞ്ചരിക്കരുതെന്നു് പി. എസ്. പി. ഗവണ്മെൻറിനോടു് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജെ. എ. ഭട്ടു്: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജറ്റ അവതരിപ്പിച്ചുകൊണ്ടു് ചെയ്തിട്ടുള്ള പ്രസംഗത്തെ സംബന്ധിച്ചാണു് എനിക്കു ആദ്യമായി പറയാനുള്ളതു്.

Mr. Speaker: No general discussion of the budget will be allowed. You can either move an amendment or speak in support of an amendment already moved.

ശ്രീ. ജെ. എ. ഭട്ടു്: സർ, ഞാൻ നാലു ഖണ്ഡനോപക്ഷേപങ്ങൾ അയച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു പറയുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. എന്നാൽ അതിനുമുമ്പു് ധനകാര്യമന്ത്രിയുടെ പ്രസംഗത്തെ സംബന്ധിച്ചു—

Mr. Speaker : You can move one of your amendments.

Shri J. A. Bhat: Sir, I rise to move:

The Demand for grant on account under head I—Agricultural Income Tax and Sales Tax be reduced by Re. 1, (to discuss about the slump brought about in the trade and industry in the State by the procedure adopted in the levy of the sales tax).

ഇതാണു് ഞാൻ അവതരിപ്പിക്കുന്ന ഖണ്ഡനോപക്ഷേപം. ഇതിനെ സംബന്ധിച്ചു പറയുന്നതിനുമുമ്പു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയ്തിട്ടുള്ള ബഡ്ജറ്റപ്രസംഗത്തെ സംബന്ധിച്ചും രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. ഇന്നു 'തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഉന്നു മുനിസിപ്പൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുണ്ടു്. ഇവയെ സംബന്ധിച്ചു് ഗവണ്മെൻറിൻെറ നയമെന്താണെന്നു് ആ പ്രസംഗത്തിലെങ്ങും തന്നെ പറഞ്ഞു കാണുന്നില്ല. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന നിയമാവലികൾ സൃഷ്ടിക്കുവാനുള്ള അധികാരമെല്ലാം ഈ നിയമസഭയ്ക്കുതന്നെയാണുള്ളതു്. ഇപ്പോഴുള്ള നിയമാവലികൾ

ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് ഉണ്ടാക്കിയിട്ടുള്ളതാണ്. അതു കൊണ്ട് ഇപ്പോഴത്തെ പരിതഃസ്ഥിതിക്കനുസരണമായി ആ നിയമങ്ങൾക്കു വേണ്ട മാററങ്ങൾ വരുത്തി മുനിസിപ്പാലിററികളെ യഥാർത്ഥ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായി നിലനിറുത്താൻ ഗവൺമെൻറ വേണ്ടതു ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഞാൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെപ്പററി പറയുമ്പോൾ തിരുവിതാംകൂർ-കൊച്ചിയുടെ ഒരു വ്യാപാരകേന്ദ്രമായ മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും വന്നിട്ടുള്ള പ്രതിനിധി എന്ന നിലയ്ക്കു ഇന്നു നമ്മുടെ നാട്ടിൽ വന്നിരിക്കുന്ന വ്യാപാരമാന്ദ്യത്തെപ്പററിയാണ് ആദ്യമായി പറയുവാനുള്ളതു്. വ്യാപാരനിലയ്ക്കു ഇന്നു മാന്ദ്യം സംഭവിച്ചിട്ടുണ്ടെന്നു ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. ഈ വ്യാപാരമാന്ദ്യം വരുത്തുവാൻ പ്രധാന കാരണം ഇന്നു നിലവിലുള്ള ബഹുമുഖമായ സെയിൽസ്ടാക്സ് ഏർപ്പാടാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇതു നീക്കം ചെയ്യാൻ വേണ്ടി ഉടനടി എന്തെങ്കിലും ഒരു പദ്ധതി പി. എസ്. പി. ഗവൺമെൻറ ആവിഷ്കരിക്കേണ്ടതു അത്യാവശ്യമാണ്. ഇക്കാര്യത്തിൽ വ്യാപാരമണ്ഡലങ്ങളുടെ അഭിപ്രായങ്ങളെക്കൂടി ആരാഞ്ഞുകൊണ്ട് ഗവൺമെൻറ പ്രവർത്തിക്കുന്നപക്ഷം അതു നന്നായിരിക്കുമെന്നും എനിക്കഭിപ്രായമുണ്ട്. കച്ചവടത്തിലുള്ള, സാമാനങ്ങൾ വിൽക്കുമ്പോഴും വാങ്ങുമ്പോഴും ചുമത്തിവരുന്ന ബഹുമുഖമായ സെയിൽസ്ടാക്സ് ഏർപ്പാട് എല്ലാ കച്ചവടത്തെയും സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ബഹുമുഖമായ ഈ സെയിൽസ്ടാക്സ് ഏർപ്പാടു നിറുത്തി വേറെ വിധത്തിലുള്ള സെയിൽസ്ടാക്സ് ഏർപ്പെടുത്തണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

രണ്ടാമതായി, റവന്യൂവിനെ സംബന്ധിച്ചാണ് പറയാനുള്ളതു്. തിരുവിതാംകൂറും കൊച്ചിയുമായി സംയോജിക്കപ്പെട്ടിട്ട് ഇപ്പോൾ അഞ്ചു കൊല്ലത്തോളമായി. ഈ സംസ്ഥാനത്തെ പ്രധാനമായ റവന്യൂ, ഭൂനികുതിയിൽനിന്നും കിട്ടുന്നതാണ്. തിരുവിതാംകൂറിൽ ബേസിക് ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ കൊച്ചിയിൽ അതേർപ്പെടുത്തിയിട്ടില്ല. തിരുവിതാംകൂറിൽ ഒരേക്കർ ഭൂമിക്കു ഒരു രൂപാ ഒമ്പതണ കരം കൊടുക്കുമ്പോൾ കൊച്ചിയിൽ അത്രയും ഭൂമിക്കു കൊടുക്കേണ്ടിയിരിക്കുന്നതു ൧൩ രൂപാ ൯ അണയാണ്. കൊച്ചി വിഭാഗത്തുനിന്നുമാത്രം ഭൂനികുതിയിനത്തിൽ പന്ത്രണ്ടു ലക്ഷം രൂപാ മുതലെടുപ്പുള്ളതായി കാണുന്നു. എന്നാൽ അതിൻെറ അഞ്ചുമടങ്ങ് വിസ്തീർണ്ണം കൂടുതലുള്ള തിരുവിതാംകൂറിൽനിന്നു് ൪൫ ലക്ഷം രൂപാ മാത്രമെ കിട്ടുന്നുള്ളു. സംയോജനം കഴിഞ്ഞു് ഇത്രയും നാളായിട്ടും തിരുവിതാംകൂറും കൊച്ചിയും തമ്മിൽ ബേസിക് ടാക്സ് സംബന്ധിച്ചുള്ള വ്യത്യാസങ്ങൾ തീർക്കാൻ കഴിഞ്ഞിട്ടില്ല. ആ കാര്യത്തിലും പി. എസ്. പി. ഗവൺമെൻറ വേണ്ടത്ര ശ്രദ്ധിക്കേണ്ടതാണ്.

പിന്നെ തീരപ്രദേശങ്ങളിൽ കുടിക്കാനുള്ള വെള്ളത്തിൻെറ ക്ഷാമത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. ആ ക്ഷാമം ഇല്ലാതാക്കാൻവേണ്ടി ഗവൺമെൻറ പദ്ധതികൾ ആവിഷ്കരിച്ചു് നടപ്പിൽവരുത്തി വരുന്നുണ്ടെന്നാണ് അറിയുന്നതു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ

[ശ്രീ. ജെ. എ. ഷേട്ട്]

പ്രസംഗത്തിൽ ൫൦ ലക്ഷം രൂപാ ഈ വകയ്ക്കു് നീക്കിവച്ചിട്ടുള്ളതായി കാണുന്നു. അതിൽ ൧൫ ശതമാനം സെൻട്രൽ ഗവണ്മെന്റിൽനിന്നും ലഭിക്കുമെന്നും ഉദ്ദേശിച്ചിട്ടുള്ളതായും കാണുന്നുണ്ടു്. എനിക്കു് പറയാനുള്ളതു് ൧൫ ശതമാനം സെൻട്രൽ ഗവണ്മെന്റിൽനിന്നും നൽകുന്നതുകൊണ്ടു് അവിടത്തെ ജനങ്ങൾക്കു് അത്യാവശ്യമായിട്ടുള്ള വെള്ളം നൽകാനുള്ള നടപടികൾ ഈ ഗവണ്മെന്റു ഉടനടി എടുക്കേണ്ടതാണെന്നാണു്. കഴിഞ്ഞ രണ്ടുമൂന്നുകൊല്ലംകൊണ്ടു് വെള്ളം ലഭിച്ചുകൊണ്ടിരുന്ന മട്ടാഞ്ചേരി മുതലായ സ്ഥലങ്ങളിൽപോലും ഇന്നു വെള്ളത്തിന്റെ ദൗർലഭ്യം ഉണ്ടായിട്ടുണ്ടു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റുതന്നെ ആവിഷ്കരിച്ചിട്ടുള്ള ശുദ്ധജലവിതരണപദ്ധതികൾക്കു് വന്നിട്ടുള്ള കുറവുകളെല്ലാം നീക്കം ചെയ്യുന്നതുകൊണ്ടു മാത്രം ൨൪ മണിക്കൂറിനുള്ളിൽ ൨൨ ലക്ഷം ഗ്യാലൻ വെള്ളം ചൊവ്വരയിൽനിന്നും ഇപ്പോൾ പമ്പുചെയ്യുന്നതു ൩൨ ലക്ഷമായി ഉയർത്താൻ കഴിയും. ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പ്രത്യേകം പതിയണമെന്നു അപേക്ഷിക്കുന്നു.

Shri A. Chidambaranatha Nadar: Sir, I move:

The Demand for grant on account under head XV—Police—be reduced by Rs. 2.

(To discuss about the attitude taken by the Police during the time of the last election and afterwards.)

நான் இந்தத் திருத்தப் பிரேரணையை இந்த சட்டநிர்மாண சபையில் பிரேரேபிப்பதற்கு ஒரே ஒரு காரணம் தான் உண்டு. கழிந்த தேர்தல் காலத்திலும், இப்பொழுதும் தென் திருவிதாங்கூரிலுள்ள சில போலீஸ் அதிகாரிகளுடைய நடவடிக்கைகளைப் பற்றி இங்கு எடுத்துச் சொல்வதற்காகத் தான் இந்தப் பிரேரணையை இங்கு பிரேரேபித்திருக்கிறேன். கழிந்த தேர்தல் காலத்தில், நாகர்கோவில் நகரில் அருளப்பன் என்ற மருந்து வியாபாரியின் கடையிலே எசென்ஸ் வாங்கிக் குடிக்கச் சென்ற இரண்டு பேர்கள், அதில் விஷப் பதார்த்தம் கலக்கப்பட்டிருந்ததால், அதைக் குடித்த பன்னிரண்டு மணிக் கூறுக்குள், அவர்கள் இரண்டு பேர்களும் இறந்துவிட்டார்கள் என்று திருவிதாங்கூர்-கொச்சி ராஜ்யம் முழுவதும், அதிலும் விசேஷமாக நாகர்கோவிலிலுள்ள மக்கள் நடுங்கக்கூடிய அளவிற்கு ஒரு சம்பவம் நிகழ்ந்ததை நாம் எல்லோரும் அறிவோம். தேர்தல் காரணமாக அந்தக் கடை உடமஸ்தனான அருளப்பன் "நான் ஒரு காங்கிரஸ் தொண்டன், காங்கிரசுக்காக தேர்தலில் வேண்டிய ஏற்பாடுகள் செய்கிறேன்" என்று மேலதிகாரிகளிடம் சொன்னதின் காரணமாக இந்த நிமிஷம் வரையில், அக்கேஸ் சம்பந்தமாக போலீஸ் அதிகாரிகள் அவன் பேரில் யாதொரு நடவடிக்கையும் எடுத்ததாகத் தெரியவில்லை. இந்த சம்பவத்தை ஒரு பெரிய விஷயமாக நான் இங்கு ஏன் எடுத்துச் சொல்கிறேன் என்று கேட்டால், தென் திருவிதாங்கூரைப் பொறுத்தளவில் அல்லது தமிழர்களைப் பொறுத்தளவில் ஒருவேளை அவர்களது உயிருக்கோ அல்லது அவர்களது உடமைகளுக்கோ சொத்

துக்களுக்கோ அபாயம் வந்தபோதிலும் போலீஸ் அதிகாரிகளால் பொதுமக்களுக்கு யாதொரு ரட்சையும் இருப்பதாகத் தெரியவில்லை.

ஸ்ரீ. ஏ. தாணுபிள்ளை : அந்த சம்பவம் எப்பொழுது நடந்தது?

Shri A. Chidambaranatha Nadar : Just on the eve of the election.

ஆக, அரசாங்கமும் அரசாங்க அதிகாரிகளும் நீதிக்கும் நியாயத்திற்கும் முறண்பட்ட விதத்தில், மனோசாட்சிக்கு எதிராக நடப்பார்களேயானால் நாட்டு மக்களின் நிலைமை என்னவாயிருக்கும் என்று நான் கூறவேண்டிய தேவை இல்லை. ஒருவன் ஒரு அரசியல் கட்சிக்கு வேண்டி வேலை செய்கிறான் என்றால் அவன் எதைச் செய்தாலும் அதைப் பற்றி கேட்பதற்கு ஆள் இல்லை என்ற அளவிற்கு வந்துவிடக்கூடாது. அதேபோல் இன்று அதிகாரத்தில் இருக்கக் கூடிய கட்சியை ஆதரிக்கக்கூடிய ஒரு தொண்டன், "நான் பி. எஸ். பி. யை ஆதரிக்கக்கூடியவன்! நான் இந்தக் குற்றத்தைச் செய்து விட்டேன், நீங்கள் என்னை ஆதரிக்கவேண்டும்" என்று சொன்னால் இந்த சர்க்கார் அவனை ஆதரிக்க முன்வரக்கூடாது என்று தான் நான் சொல்கிறேன். கழிந்த தேர்தல் காலத்தில், விசேஷமாக எனது தொகுதியிலும், குளச்சல் தொகுதியிலும், ஸ்ரீமான் பொன்னப்ப நாடார் அவர்களின் தொகுதியாகிய கிள்ளியூர் தொகுதியிலும் பல சம்பவங்கள் நடந்தன. அவை என்னவென்றால், இங்கு திருவிதாங்கூர் தமிழ்நாடு காங்கிரஸுக்காக வேண்டி வேலை செய்தவர்கள் யாரெல்லாம், அவர்களின் ஒரு லிஸ்ட் வேண்டுமென்று மலையாளத்தில் சொல்லிக்கொண்டு சில போலீஸ் அதிகாரிகள் நடந்து கொண்டிருந்தார்கள். நான் அவர்களின் பெயரைச் சொல்லவில்லை என்று இருந்தாலும், இரணியல் போலீஸ் ஸ்டேஷனிலுள்ள அதிகாரிகள் தேர்தல் காலத்தில் ஒவ்வொரு மூலையிலும் முடுக்கிலும் சென்று தமிழ்நாடு காங்கிரஸுக்காக வேண்டி வேலை செய்பவர்களை நாங்கள் அப்படிச் செய்துவிடுவோம், இப்படிச் செய்துவிடுவோம் என்று சொல்லி அவர்களின் உயிருக்கே அபாயம் வரக் கூடிய அளவிற்கு பயப்படுத்துகிறார்கள் என்றால் அங்குள்ள பொது மக்களின் ஜீவித நிலை எவ்வாறு இருக்கும் என்று கூறத் தேவை இல்லை. அதோடு நிற்கவில்லை. தேர்தல் கழிந்த பிற்பாடும் கூட பள்ளம்துறை என்ற இடத்தில் உள்நாட்டிலிருந்து மூன்று நபர்களை கடற்கரை வாசிகள் கட்டி இழுத்துக்கொண்டு போனதைப் பற்றி போலீஸ் அதிகாரிகளிடம் அறிவித்தும் கூட நாளது வரையிலும் அவர்கள் அதைப் பற்றி விசாரணை செய்ய முன்வரவில்லை என்று சொன்னால் அது மிகவும் வெட்கப்படக் கூடியதொரு காரியமாகும். பொறுப்பாட்சி நிலவிலிருக்கும் ஒரு நாட்டில், மக்கள் ஆட்சி நடக்கிற இந்நாட்டில், பொறுப்பற்ற முறையில் போலீஸ் அதிகாரிகள் நடந்துகொள்கிறார்கள் என்றால், அது வெட்கக்கேடான ஒரு காரியமாகும்.

[ஸ்ரீ. ஏ. சிதம்பரநாத நாடார்]

நமக்குத் தெரிந்த முறையில் நம்மைத் தன்னைத்தானே காத்துக் கொள்ள வேண்டிய அளவுக்கு எதிரிகளைக் கண்டு பயந்து, அரசியல் எதிரிகளைக் கண்டு பயந்து நடந்துகொள்ளவேண்டியிருக்கிறதே யொழிய தாய் தகப்பன் என்ற முறையில் சர்க்காரும், போலீஸ் அதிகாரிகளும் பிரஜைகளைக் காப்பாற்ற முன்வரவில்லை என்று சொல்ல நான் வெட்கப் படுகிறேன். அடுத்தபடியாக, இனயம் என்ற இடத்தில் மூன்று துறைகளிலுள்ள கடற்கரை வாசிகள் காங்கிரஸிற்கு வோட்டு செய்தார்கள் என்ற காரணத்தினால், காங்கிரஸை ஆதரித்தார்கள் என்ற காரணத்திற்காக, கோவில் கூட்டி மணியடித்து கூட்டங்கூட்டமாக வந்து உள்நாட்டு மக்களை குறையாடினார்கள். அவர்களை மானபங்கப் படுத்தினார்கள். அதை, அந்தத் தொகுதியிலுள்ள பிரதிநிதியாகிய பொன்னப்ப நாடார் அவர்களும், அவர்களது நண்பர்கள் சிலரும் சேர்ந்து அதைப் பற்றி போலீஸ் அதிகாரிகளிடம் சென்று தெரிவித்தபோதிலும், இரணியல் போலீஸ் ஸ்டேஷனிலுள்ள அதிகாரிகள் இதுவரையிலும் அதைப் பற்றி யாதொருவித நடவடிக்கையும் எடுக்க முன்வரவில்லை என்றால் அதற்குள்ளே என்ன மர்மம் இருக்கிறதென்பதை நீங்கள் ஆராய்ச்சி செய்து கொள்ளலாம். தேர்தலுக்கு சில நாட்கள் முன்னர், திங்கள் கிழமை சந்தையை அடுத்த மங்களாவடி என்ற இடத்தில் இந்த இரணியல் போலீஸ் இன்ஸ்பெக்டர் ராத்திரி 12 மணி சமயத்தில், அசமயத்தில் வீடு வீடாகச் சென்று தட்டி, திருவிதாங்கூர் தமிழ் நாடு காங்கிரஸிற்கு தொண்டு செய்தார்கள் என்ற காரணத்திற்காக எங்களது தொண்டர்களைப் பிடித்து இழுத்து போலீஸ் வானில் கொண்டு சென்று லாக்கப்பில் வைத்து நையப் புடைத்தார்கள் என்றால் இதுதானா மக்கள் ஆட்சி என்று கேட்கிறேன், இதுதானா ஜனநாயக ஆட்சி என்று கேட்கிறேன். எந்தவிதமான குற்றம் செய்திருந்தாலும், கண்டிக்கக் கூடிய அளவிற்கு ஒருவன் குற்றம் செய்திருந்தாலும் அவனைப் பிடிப்பதற்கு சமயம் இல்லையா என்று கேட்கிறேன்? ராத்திரி 12 மணிக்கும், ஒரு மணிக்கும், இரண்டு மணிக்கும் அவர்களது வீட்டில் சென்று பிடித்து அவர்களது தாய் தந்தையர்கள், மனைவி மக்கள் முன் வைத்து போலீஸ் அதிகாரிகள் அடிக்கிறார்கள், உதைக்கிறார்கள், மானபங்கம் செய்கிறார்கள் என்றால், இதை யாரிடம் போய் சொல்வது என்று எங்களுக்குத் தெரியவில்லை. அதிலும், குளச்சல் உயர்தர பள்ளியில் ஆசிரியராய் இருந்த ஒரு பட்டதாரியைப் பிடித்து இந்த போலீஸ் இன்ஸ்பெக்டர் மானபங்கம் செய்கிறார் என்றால் அது வெட்கக்கேடான காரியமல்லவா? கழிந்த காலங்களில் கூட, இதே போலீஸ் அதிகாரியைப்பற்றி கழிந்த சட்டநிர்மாண சபையிலும் அதற்கு முன்புள்ள சட்டநிர்மாண சபையிலும் திருவிதாங்கூர் தமிழ்நாடு காங்கிரஸ் பிரதிநிதிகள் எத்தனை எத்தனையோ தடவைகள் புகார் செய்த போதிலும் கூட இதற்கு முன்னால் இருந்த சர்க்கார் அதற்கொன்றும் செவி சாய்க்கவில்லை. ஒருவேளை இன்றிருக்கும் சர்க்காராவது இதற்கு செவி சாய்க்கும் என்று நினைக்கிறேன்.

ஸர், இன்றும் கூட போலீஸ் வானில் ஏறிக்கொண்டு நாகர்கோவில் ஸர்கிள் இன்ஸ்பெக்டர் என்ற ஆபீஸரும் இதே இரணியல் இன்ஸ்பெக்டரும் யாதொரு காரணமும் இல்லாமல் முக்கிலும் மூலையிலும் நிற்கக்கூடியவர்களை, மானமுள்ளவர்களை, மரியாதையுள்ளவர்களை பிடித்து அடிக்கிறார்கள். நீங்கள் அங்கு சென்று பார்த்தால் இதன் உண்மை புலப்படும். பொறுப்பற்ற முறையில் சட்டசபையில் தமிழ்நாடு காங்கிரஸைச் சார்ந்தவர்கள் பேசிவிட்டார்கள் என்று அரசாங்கத்தில் பிரதிநிதித்துவம் வகிக்கும் அங்கத்தினர்கள் நினைக்கலாம். ஆனால் நான் சொல்கிறேன், ஜாதி மத பேதமற்ற முறையில், மனோசாட்சிக்கு எதிரில்லாத முறையில், இந்நாட்டின் ஒரு பிரதிநிதி என்ற முறையில் நீங்கள் அங்கு சென்று இதைப்பற்றி விசாரணை செய்தால் உண்மை என்னவென்று புலப்படும். இரணியல் இன்ஸ்பெக்டர், எங்கள் பட்டம் தாணுபிள்ளை அவர்கள் பதவிக்கு வந்துவிட்டார்கள்; ஆதலால் என்னை ஒருவராலும் ஒன்றும் செய்துவிட முடியாது என்று கூறுகிறார்.

ശ്രീ. ടി. വി. സീതാരാമൻ: അന്നു മന്ത്രിയായിരുന്ന കാലത്തു് ഈ മാതിരി പോലീസ് ഉദ്യോഗസ്ഥന്മാർ ഇവിടെ ഉണ്ടായിരുന്നില്ലേ?

Shri A. Chidambaranatha Nadar : That question does not arise

இங்கு ஒரு காலத்தில் முதல் மந்திரியாக இருந்த இன்றைய முதன் மந்திரியைக் கண்டிக்க வேண்டுமென்று நான் ஆசைப்படவில்லை. உங்களை குற்றவாளிக் கூண்டில் வைத்து கண்டிக்க வேண்டுமென்றும் நான் விரும்பவில்லை. நீங்கள் இந்நாட்டில் அன்று முதன் மந்திரியாய் இருந்த காலத்தில் இங்கிருந்த 14 தமிழ்நாடு காங்கிரஸ் சட்டசபை அங்கத்தினர்களில் ஒருவனாக நான் இருந்தேன். அன்று நீங்கள் முதன் மந்திரியாய் இருந்த காலத்தில் திருவிதாங்கூரின் தென் அற்றத்திலுள்ள பதினைந்து லட்சம் தமிழ் பெரும் மக்கள் உங்கள் கையில் என்ன கஷ்டப்பட்டார்கள் என்று நீங்கள் அறிவீர்கள். அதே சரித்திரம் இனியும் வரக்கூடாதென்று நான் உங்களை வினயபூர்வம் கேட்டுக் கொள்கிறேன். நீங்கள் நல்ல முறையில் நாட்டிற்கு சேவை செய்ய வேண்டுமென்றும், ஜாதி மத பேதமற்ற முறையில் இந்நாட்டு மக்களுக்கு நீதியும் நியாயமும் வழங்கவேண்டுமென்றும் ஆசைப்படலாம். ஆனால் உங்களது சமுதாயத்தைச் சேர்ந்த சில உத்தியோகஸ்தர்களும், உங்களைச் சுற்றி நிற்கும் சில போலீஸ் அதிகாரிகளும், உங்கள் சமுதாயத்தைச் சேர்ந்த சில அன்பர்களும், இந்நாட்டிலுள்ள சில சமுதாயத்தவர்களை என்ன செய்தாலும் அதைப் பற்றி கேட்பதற்கோ சொல்வதற்கோ ஆள் இல்லை என்ற முறையில் அவர்களை கஷ்டப்படுத்த வேண்டுமென்று கங்கணம் கட்டிக் கொண்டிருக்கிறார்கள் என்று இந்த இடத்தில் நான் எடுத்துச் சொல்ல விரும்புகிறேன். நீங்கள் இந்த நாட்டின் முதன் மந்திரி என்ற முறையில் நான் அழுத்தம் திருத்தமாக திரும்பவும் எடுத்துச் சொல்கிறேன், நீதியான முறையில், நேர்மை

[ஸ்ரீ. ஏ. சிதம்பரநாத நாடார்]

யான முறையில், இந்த நாட்டு மக்களுக்கு நல்லது செய்யவேண்டும் என்ற முறையில் நீங்கள் ஆட்சி புரிய விரும்பினால் முதன் முதலாக இப்படிப்பட்ட அதிகாரிகளை, முடியுமானால் இந்நாட்டிலிருந்தே நாடு கடத்தி விடவேண்டும் என்றுதான் நான் கூறுவேன். ஒருவன் குற்றம் செய்தால் அவனை தண்டிக்கத்தான் வேண்டும். ஒருவன் ஒரு கொலை செய்தால் அவனை தூக்கில் போடுவதற்கு எனக்கு ஆட்சேபணையில்லை. ஆனால் யாதொரு குற்றமும் செய்யாத நிரபராதிகளைப் பிடித்து லாக்கப்பில் வைத்து அடித்துதைத்து உங்கள் ஆட்சியை நடத்திக்கொண்டு போகலாம் என்று இந்த 20-ம் நூற்றாண்டிலும் நீங்கள் நினைத்தால் அது நடக்குமா? அடுத்தபடியாக, தேவிகுளம்-பீரிமேடு தொகுதியில் நடந்த ஒரு சம்பவத்தைப் பற்றி மாத்திரம் கூறிக்கொண்டு எனது பேச்சை முடித்துவிடலாமென்று நினைக்கிறேன். குடத்திற்கு வோட்டளித்தால் உங்களை சங்காரம் செய்து விடுவேன் என்று அங்குள்ள தமிழ் மக்களைப் பார்த்துக் கூறிய போலீஸ் அதிகாரியைக் கேட்கிறேன், தேவிகுளம்-பீரிமேடு பிரதேசம் யாருடையது என்பது அவருக்குத் தெரியுமா? என்று. தேவிகுளம்-பீரிமேடானது, தமிழரைச் சார்ந்தது என்பதை இந்த திருவிதாங்கூர்-கொச்சி ராஜ்யத்திற்கு மட்டுமல்ல, அண்டை ராஜ்யமாகிய சென்னை ராஜ்யத்திற்கு மட்டுமல்ல, அகில உலகத்திற்குமே எடுத்துக்காட்டியிருக்கிறார்கள் அங்குள்ள மக்கள், கழிந்த தேர்தல் வாயிலாக. இதை அறிந்தும்கூட அங்கிருக்கிற மலையாளி உத்தியோகஸ்தர்களும், அங்கிருக்கிற மலையாளி நண்பர்களும் அதை அறிந்து நடக்காமலிருந்தால் அவர்கள், ஆறறிவு படைத்தவர்கள் அல்ல என்றுதான் எனக்குச் சொல்லமுடியும். தமிழன் தன் ரத்தத்தை சிந்தி தேவிகுளம்-பீரிமேடு என்ற, காடாயிருந்த பிரதேசத்தை இன்று நாடாக்கி, அதை ஒரு குபேர பட்டணமாக்கி, இன்று அதை மோக்ஷ லோகத்தில் வைத்திருக்கிறான் என்பது ஒரு சரித்திர உண்மையாகும். அதைக் கண்டு மலையாளி நண்பர்களோ அல்லது மலையாளி உத்தியோகஸ்தர்களோ பொறாமைப் படுகிறார்கள் என்றால் அது எங்களுடைய பெருமையாகும் என்று நான் இந்த இடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன். அதற்காக, அப்பிரதேசத்தை தமிழர்கள் மிகவும் பாடுபட்டு தங்களது ரத்தத்தை ஊற்றி அதை நல்ல முறையில் வைத்திருக்கிறார்கள் என்பதினால், திருவிதாங்கூர் தமிழ்நாடு காங்கிரஸின் சின்னமாகிய, தமிழர்களின் சர்வ சின்னமாகிய, தமிழ் மக்கள் பெருமைப் படக்கூடிய சின்னமாகிய குடத்திற்கு வோட்டளித்தால் உங்களை கொலைக்களத்திற்கு கொண்டுபோய் விடுவோம் என்று சொன்னால் நான் அவர்களுக்குச் சவால் விடுகிறேன்; இந்தப் பயமுறுத்தல்களும், பூச்சாண்டிகளும் தமிழர்களிடம் பலிக்காது. இத்தனையும் சொல்லிக்கொண்டு இன்று அங்கு நடப்பதைப் போன்று, ஸாரின் ஆட்சியில் கூட இத்தகைய பயங்கரமான, பொது மக்கள் விரும்பாத, சட்டரீதிக்கு முறண்பட்ட விதத்தில் விஷயங்கள் நடந்திருக்காது என்றும் சொல்லிக்கொண்டு நான் எனது சொற்பொழிவை முடித்துக்கொள்கிறேன்.

<u>ശ്രീ. ആർ. പ്രകാശം:</u> ഒരു മുൻമന്ത്രിയായ ശ്രീ. ചിദംബരനാഥ നാടാർ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ഇന്നു ഔദ്യോഗിക പ്രതിപക്ഷത്തിരിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ, ജനകീയ പ്രതിപക്ഷത്തിരിക്കുന്ന ഐക്യമുന്നണിക്കു് ചില കാര്യങ്ങൾ അറിയാൻ പാടില്ലെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ, ചാലക്കുടി മെംബറുടെ അഭിപ്രായം മനസ്സിൽ വച്ചുകൊണ്ടാണു്, അറിയാൻ ഞങ്ങൾക്കു കഴിവുണ്ടെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്ന ഒരു കാര്യത്തെക്കുറിച്ചു് ഞാൻ സംസാരിക്കുന്നതു്. അതായതു്, പോലീസുവകുപ്പിന്റെ കാര്യമാണു്. സർ, കമ്മ്യൂണിസ്റ്റുകാർക്കു് പോലീസുവകുപ്പിന്റെ കാര്യമറിയുമെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബറും സമ്മതിക്കും. പോലീസുവകുപ്പിലെ അഴിമതികളെപ്പററിയും, അക്രമങ്ങളെപ്പററിയും ഐക്യമുന്നണിക്കാർക്കു് നല്ലപോലെ അറിയാം. കഴിഞ്ഞ ബഡ്ജററിൽ കാണുന്നതിനെക്കാൾ നാലുലക്ഷം രൂപ കൂടുതൽ പോലീസുവകുപ്പിനുവേണ്ടി നീക്കിവച്ചിട്ടുള്ളതായി കാണുന്നു. പോലീസിന്റെ അക്രമരൂക്ഷത ഇനിയും വർദ്ധിപ്പിക്കാൻ സ്പെഷ്യൽപോലീസിനു് മൂന്നു ലക്ഷം രൂപകൂടി നീക്കിവച്ചിരിക്കുന്നു. പോലീസുകാരുടെ ശമ്പളം വർദ്ധിപ്പിക്കാനായിരുന്നു ഈ തുകയെങ്കിൽ ഞങ്ങൾക്കു് ആക്ഷേപമില്ലായിരുന്നു.

തിരുവിതാംകൂർ–കൊച്ചി ഒരു സംസ്ഥാനഗവണ്മെൻറാണെന്നും, ഒരു പരമാധികാരറിപ്പബ്ലിക്കല്ലെന്നും, എല്ലാ കാര്യങ്ങളിലും കേന്ദ്ര ഗവണ്മെൻറിന്റെ നയപരിപാടികൾ സ്വീകരിക്കേണ്ടിവരുമെന്നും അവകാശപ്പെടുന്നുണ്ടു്. എന്നാലും പല കാര്യങ്ങളിലും നയവ്യതിയാനം വരുത്താൻ സാധിക്കുമെന്നുള്ള വസ്തുത തൽക്കാലം ഞാൻ പറയുന്നില്ല. സോഷ്യലിസ്റ്റാദർശങ്ങളിൽ ഊന്നി ചവിട്ടിനിന്നുകൊണ്ടുതന്നെ, കാൺഗ്രസ്സിന്റെ പ്രഖ്യാപിതനയങ്ങൾക്കനുകൂലമായി ഇൻഡ്യൻ ഭരണഘടനയ്ക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടുതന്നെ ഈ സോഷ്യലിസ്റ്റു ഗവണ്മെൻറിനു് ഒരു കാര്യം ചെയ്യാൻ സാധിക്കും. പോലീസു വകുപ്പിനെ നിലയ്ക്കു നിറുത്താനും മര്യാദയായി കഴിയാൻ ഏർപ്പാടുചെയ്യാനും കഴിയുമോ? അതാണു് ആ കാര്യം. ഇന്നത്തെ മുഖ്യമന്ത്രിയായ സോഷ്യലിസ്റ്റു നേതാവുതന്നെ, പോലീസു് അക്രമത്തെപ്പററി പല സ്ഥലത്തും പ്രസംഗിക്കുകയും, പോലീസു അഴിമതി നിറുത്തണമെന്നും ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. മട്ടാഞ്ചേരി പോലീസു നടത്തിയ വൃത്തികേടുകളെയും, മുനമ്പം പോലീസു നടത്തിയ വൃത്തികേടുകളെയുംപ്പററി നാം എല്ലാവരും പത്രങ്ങളിൽ വായിച്ചിട്ടുള്ളതാണല്ലോ.

സർ, ഞാൻ ആററിങ്ങലെ ജനപ്രതിനിധിയാണു്. ഞാൻകൂടി പങ്കെടുക്കുകയും എനിക്കു് നേരിട്ടനുഭവമുള്ളതുമായ ചില കാര്യങ്ങൾ ഈ സഭയിൽ പറയുവാനുണ്ടു്. ഇക്കഴിഞ്ഞ ൨൦-ാംനു അവിടത്തെ കെ. എം. കെ. എസ്സു്. ബസ്സ്സർവ്വീസിലെ രണ്ടു ജോലിക്കാരെ, ബസ്സിൽനിന്നും പിടിച്ചിറക്കി പോലീസു് പരസ്യമായി മർദ്ദിച്ചു. അവിടെനിന്നും അവരെ പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയും മർദ്ദിക്കുകയുണ്ടായി. ഈ സംഗതിയെപ്പററി പരസ്യാന്വേഷണം നടത്തണമെന്നു ഞാൻ ആവശ്യപ്പെട്ടതനുസരിച്ചു് എ. എസ്സു്. പി. അവിടെ വന്നന്വേഷണം നടത്തി. ഞാൻ കൂടി ഉണ്ടായിരുന്ന സന്ദർഭത്തിൽ ഈ സംഭവം ഉണ്ടായതു് വാസ്തവമാണെന്നും, അവരെ മർദ്ദിച്ചതു് പരമാർത്ഥമാണെന്നും അവിടത്തെ പോലീസു് ഇൻസ്പെക്ടർ സമ്മതിച്ചു. പക്ഷെ, ഇന്നു ൨൧-ാംനു ആയിട്ടും

[ശ്രീ. ആർ. പ്രകാശം]

അതിന്മേൽ യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നുള്ള സംഗതി ഈ സഭയേയും, പോലീസ്മന്ത്രികൂടിയായ മുഖ്യമന്ത്രിയേയും അറിയിച്ചുകൊള്ളട്ടെ. വീണ്ടും എ. എസ്സ്. പി. അവിടെ വരികയും ഇതിനെപ്പററി അന്വേഷണം നടത്തുകയുംചെയ്തു. മൊഴികൊടുക്കാൻ തയ്യാറായ ആളുകളുടെ മൊഴി വാങ്ങിക്കാതെ, രണ്ടു വയസ്സന്മാരെ സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയി ഭീഷണിപ്പെടുത്തി എന്തൊക്കെയോ എഴുതിവാങ്ങിക്കൊണ്ടു വിട്ടു.

ഇവിടെ ഒരു സോഷ്യലിസ്ററ മന്ത്രിസഭവന്നു. ഞങ്ങൾക്കു ഉടുക്കാൻ തുണിയും, കിടക്കാൻ സ്ഥലവും ഉണ്ണാൻ അരിയും തന്നില്ലെങ്കിലും, തല്ലുകൊള്ളാതെ മാനമായി നടക്കാനെങ്കിലും മനുഷ്യന് അനുവാദം ലഭിക്കണമെന്നാണു എൻെറ അഭ്യർത്ഥന. അതെങ്കിലും നടപ്പിൽ വരാതെ ഈ ഭരണം പുതിയതാണെന്ന് എങ്ങനെ പറയും? സർ സി. പി. യുടെ ഭരണകാലത്ത് അതായത് സ്വതന്ത്രതിരുവിതാംകൂർ പ്രക്ഷോഭണകാലത്ത് നാട്ടിൽ പല സ്ഥലങ്ങളിലും വിജിലൻസ് കമ്മിററികളുണ്ടായിരുന്നു, പോലീസിനെ ഉപദേശിക്കാൻ. അതിൻെറ ഉള്ളടക്കത്തെക്കുറിച്ച് ആക്ഷേപമുണ്ട്. എന്നാൽ ആശയം അനുകരണീയമാണ്. അതുപോലെ ഓരോ സ്ഥലത്തും ജനകീയ കമ്മിററികൾ സംഘടിപ്പിച്ച് എം. എൽ. എ.-യെയും, സ്വയംഭരണസ്ഥാപനപ്രതിനിധികളെയും ഉൾപ്പെടുത്തി ആ കമ്മിററികളുടെ നേതൃത്വത്തിൽ, പോലീസിനെ നിയന്ത്രിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ സോഷ്യലിസ്ററ് മന്ത്രിസഭ ശ്രമിക്കണമെന്ന് ഒരു നിർദ്ദേശം എനിക്ക് സമർപ്പിക്കാനുണ്ട്. പോലീസു വകുപ്പിൽ ന്യായവും നീതിയും വരുത്താൻ മുഖ്യമന്ത്രി ശ്രമിക്കുന്നില്ലെങ്കിൽ, അങ്ങനെ നാട്ടിൽ നല്ല കാര്യങ്ങൾ ചെയ്യാതെ കാൺഗ്രസ്സ്നയം തുടരാനാണ് ഭാവമെങ്കിൽ, ഒരു കാര്യം അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഇന്നിവിടെ ഈ ചർച്ച നടത്തുന്നതു ൧൯൫൪—൫൫-ലെ ബഡ്ജററിനെപ്പററിയാണ്. ബി. സി. ൫൫-൫൪-ൽ റോമാനഗരത്തിൽ ചില സംഭവങ്ങളുണ്ടായി. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് ജൂലിയസ്സീസർ അധികാരത്തിൽ കയറി; റോമിലെ സമ്രാട്ടായി. അതിനെക്കുറിച്ച് ഷേക്സ്പീയർ ജൂലിയസ്സീസർ എന്ന ഒരു നാടകമെഴുതിയിട്ടുണ്ട്. ജനവിശ്വാസമാകുന്ന ഏണി ഉപയോഗിച്ച് അധികാരത്തിൽ കയറിയ സീസർ ആ ഏണിയെ തള്ളി താഴത്തിട്ടുകൊണ്ട് ജനങ്ങളെ ദ്രോഹിക്കാൻ തുടങ്ങിയെന്ന് അതിൽ ഒരു കഥാപാത്രം പറയുന്നുണ്ട്. ഇവിടെ ഏണി മാത്രമല്ല, കതിരും, അരിവാളും, മൺവെട്ടിയും കുടിലിനോടുകൂടി ഉപയോഗിച്ചാണ് ഇന്നത്തെ മുഖ്യമന്ത്രി അധികാരത്തിൽ പ്രവേശിച്ചത്. ഇന്നു അദ്ദേഹത്തെ സമാരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ബ്രൂട്ടസ്മാരിൽനിന്നുംതന്നെ സീസറിൻെറ അനുഭവം അദ്ദേഹത്തിനുണ്ടാകുമെന്നു ഞാൻ മുന്നറിയിപ്പു നൽകിക്കൊള്ളട്ടെ. അപ്പോൾ സീസർ വിളിച്ചതുപോലെ *Et tu Brute* എന്നു വിലപിക്കാൻ ഇടവരാതിരിക്കട്ടെ.

ഞാൻ പ്രസ്താവിച്ച ആററിങ്ങൽ പോലീസ് അക്രമത്തെപ്പററി വേണ്ട നടപടി നടത്തണമെന്നും, മേലാൽ ഇപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടാകാതെ തടയണമെന്നും എനിക്കഭിപ്രായമുണ്ട്. ശ്രീ. ചിദംബരനാഥനാടാരുടെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

Shri T. P. Sitaraman: Sir, I rise to move:

The demand for grant on account under head XXII—Rural Development—be reduced by Rs. 100.

(To discuss about the desirability of providing adequate allotment for giving better grants to the Panchayats.)

സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിക്കൊള്ളുന്നു. രാജപ്രമുഖൻ തിരുമനസ്സിലെ നയപ്രഖ്യാപനത്തിലും, ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലും പഞ്ചായത്തുഭരണം അഭിവൃദ്ധിപ്പെടുത്തുന്നതിനെപ്പററി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്. ആദ്യമായി ഞാൻ അങ്ങേഹത്തെ അതിനുവേണ്ടി അനുമോദിക്കുന്നു. ഒരു Starting point of administration എന്ന നിലയിൽ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതു് ജനങ്ങളുടെയുംകൂടി ചുമതലയാണു്. വില്ലേജുകളിലുള്ള ജനങ്ങളുടെ കാര്യത്തെപ്പററി ഗവണ്മെൻറ് വേണ്ടവണ്ണം ചിന്തിച്ചുകാണുന്നില്ല. ഇന്നു ൭൫ ശതമാനം ജനങ്ങളും വില്ലേജുപഞ്ചായത്തുകളെ ആശ്രയിച്ചു കഴിയുകയാണു്. ശ്രീ. പട്ടം താണുപിള്ളയുടെ ആദ്യ മന്ത്രിസഭയാണു് ഏററവും കൂടുതൽ സംഖ്യ പഞ്ചായത്തുകൾക്കുവേണ്ടി നീക്കിവച്ചിരുന്നതെന്നു തോന്നുന്നു. ൧൯൪൮-ൽ ൩൫ ലക്ഷം രൂപ പഞ്ചായത്തുകൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടായിരുന്നുവെന്നാണു എൻെറ ഓർമ്മ. അക്കാലത്തു പ്രജാമണ്ഡലം ഭരണത്തിൽ കൊച്ചിയിലും ൨൦ ലക്ഷം രൂപയോളം പഞ്ചായത്തുഭരണത്തിനായി നീക്കിവച്ചിരുന്നു. അങ്ങനെ രണ്ടു സംസ്ഥാനങ്ങളിലേയ്ക്കുംകൂടി അന്നു ൫൫ ലക്ഷത്തോളം രൂപ നീക്കിവച്ചിരുന്നതു്, ഇപ്പോൾ കുറഞ്ഞു കുറഞ്ഞു വരികയാണു ചെയ്യുന്നതു്. ൧൫ ലക്ഷത്തോളം വരുന്ന സംഖ്യ മാത്രമേ ഇപ്പോൾ അനുവദിച്ചിട്ടുള്ളു. വില്ലേജു പഞ്ചായത്തു് അതിർത്തികളിൽ അധിവസിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കു കൂടുതൽ സംഖ്യ ചെലവുചെയ്യാൻ സാധിച്ചില്ലെങ്കിൽ ഈ ജനകീയഭരണം തന്നെ തകർന്നുപോകും. ഇവിടെ പല കക്ഷികളുമുണ്ടു്. കക്ഷികളെക്കാൾ വലുതു് രാജ്യതാൽപ്പര്യമാണെന്നു ഞങ്ങൾക്കറിയാം. കൊച്ചീവിഭാഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, കാൺഗ്രസ്സ് കക്ഷിയുടെ ഈ പി. എസ്സ്. പി. സഹകരണനയം ആത്മഹത്യാപരമായ ഒന്നുതന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. രാജ്യമാണു് കാൺഗ്രസ്സിനെക്കാൾ വലുതെന്നുള്ള വിശ്വാസത്തോടുകൂടി ഗവണ്മെൻറിനു് സാമാന്യമായി രാഷ്ട്രനിർമ്മാണകാര്യങ്ങളിൽ പരിപൂർണ്ണ സഹകരണംനൽകാൻ ഞങ്ങൾ തയാറാണു്. ഈ നാട്ടിൽ ദരിദ്രരായ ജനങ്ങളാണു കൂടുതലുള്ളതെന്നും, അതുകൊണ്ടു ഗവണ്മെൻറും ദാരിദ്ര്യമുള്ളതായിരിക്കുമെന്നും അറിയാം. ഇന്നുരാവിലെ ചോദ്യോത്തരവേളയിൽ ഞാൻ സൂചിപ്പിച്ചതുപോലെ ഒരു ലോക്കൽ ബാഡി ആഫ് ഫൈനാൻഷ്യൽ കാർപ്പറേഷൻ, പഞ്ചായത്തുകളുടെ ഭരണത്തിനുവേണ്ടി ഇവിടെയും രൂപീകരിക്കണമെന്നാണു എൻെറ അഭിപ്രായം. മററു പല പരിഷ്കൃതരാജ്യങ്ങളിലും ഇപ്രകാരം രൂപീകരിച്ചിട്ടുണ്ടു്. ഗവണ്മെൻറിൻെറ ഒരു ഘടകമെന്നുള്ളനിലയിൽ പഞ്ചായത്തുകളെ കൊണ്ടുവരേണ്ടതാണു്. ഓരോ പഞ്ചായത്താഫീസും ആ വില്ലേജ് ഭരണത്തിലെ ഒരു ഹെഡ്ക്വാർട്ടേഴ്സ് ആക്കി എല്ലാ പഞ്ചായത്തുകളുടെയും ഭരണം അതിൻെറ കീഴിൽ കൊണ്ടുവരേണ്ടതു അത്യാവശ്യമാണു്. പഞ്ചായത്തതിർത്തികളിൽ നടക്കുന്ന എല്ലാ വകുപ്പുകളിൽക്കൂടി നടത്തുന്ന പ്രവർത്തനങ്ങളെ പഞ്ചായത്തുകൾ മുഖാന്തിരവും നിയന്ത്രണത്തിലും നട

[ശ്രീ. ടി. പി. സീതാരാമൻ.]

യാൽ മാത്രമേ ഗ്രാമസ്വരാജ് നടപ്പാവുകയുള്ളു. ഗവണ്മെന്റിന്റെ അടിയന്തിരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

അങ്ങനെ പഞ്ചായത്തിലുള്ള അധികാരങ്ങൾ വിപുലീകരിച്ചു നാട്ടിൽ നന്മയുണ്ടാകത്തക്കവണ്ണം പ്രവർത്തിക്കുന്നതിനുവേണ്ടി കൂടുതൽ കൂടുതൽ സംഖ്യകൾ ആണ്ടുതോറും ചെലവാക്കിയില്ലെങ്കിൽ
4. P. M. കുറെ കഴിയുമ്പോൾ ഈ രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നു ആലോചിച്ചാൽ മനസ്സിലാകുന്നതാണ്. സർ, മരാമത്തുവേലകൾക്കായി വൻതുകകൾ ആണ്ടുതോറും ബഡ്ജറ്റിൽ കൊള്ളിക്കാറുണ്ട്. അതേ നയം തന്നെ ഈ ബഡ്ജറ്റിലും കാണുന്നു. എന്നാൽ കൊല്ലംതോറും കൊള്ളിക്കാറുള്ള സംഖ്യ മുഴുവൻ ചെലവാക്കാതെ ലാപ്സാക്കികളയുന്ന ഒരു പാരമ്പര്യമാണ് ഗവണ്മെന്റിനുള്ളത്. അനുവദിക്കപ്പെട്ടതുകകൾ ലാപ്സാക്കാതിരിക്കാൻ ആ വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയുടെ പേനസ്സ് സാധിക്കുമെന്നിരിക്കെ അതു ചെയ്യാതെ ഈവിധം പ്രവർത്തിക്കുന്നതു് എന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. മരാമത്തുവേലകളെ സംബന്ധിച്ചിടത്തോളം നടത്തുന്ന ജോലികളിൽത്തന്നെ പൂർത്തിയാകാത്തവ പലതുമുണ്ട്. അങ്ങനെ ഒരു ജോലി തുടങ്ങി അതു പൂർത്തിയാക്കാതെ ഇട്ടുകളയുന്ന ഒരു അലസമനോഭാവം ഇനിയെങ്കിലും തുടരാതിരിക്കാനായി അപേക്ഷിക്കുന്നു. സർ, പഞ്ചായത്താഫീസുകൾ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നതു് ചെറിയ ചെറിയ കെട്ടിടങ്ങളിലാണ്. കെട്ടിടങ്ങൾക്കോ സൗകര്യക്കുറവ്; വാടകയെ സംബന്ധിച്ചാണെങ്കിൽ കൊടുക്കുന്നതിനു കാശുമില്ല. ഇങ്ങനെയുള്ള ഒരു നിലപാടിലാണ് പഞ്ചായത്തു കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നതു്. അതുകൊണ്ട് പഞ്ചായത്തിനെ പരിപോഷിപ്പിക്കണമെന്നു് യഥാർത്ഥമായി ഗവണ്മെന്റു താൽപ്പര്യപ്പെടുന്നുവെങ്കിൽ ആവശ്യാവശ്യമുള്ള വാടക ഇല്ലാതെ കെട്ടിടസൗകര്യങ്ങളും മററും ഉണ്ടാക്കിക്കൊടുത്തു് പ്രവർത്തനത്തിനാവശ്യമുള്ള ധനസഹായവും അപ്പോഴപ്പോൾ നൽകേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയാണ് ഞാൻ ഈ കട്ട്മോഷൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, ഒരു പായിന്റ ഓഫ് ആർഡർ. ഈ നിയമസഭയുടെ പരിചിന്തനത്തിനുവേണ്ടി ഞാൻ പത്തു കട്ട് മോഷൻസ് അയച്ചിട്ടുണ്ടായിരുന്നു. അതിൽ ഏതെങ്കിലും ഒന്നിനെപ്പററിയെങ്കിലും സംസാരിക്കാനുള്ള സന്ദർഭം ഇതുവരെ എനിക്കു കിട്ടിയില്ല. ഒരു പക്ഷെ മൈനാറിട്ടി കക്ഷിക്കാണ് ആദ്യം സംസാരിക്കാനുള്ള സന്ദർഭം കൊടുക്കുന്നതെങ്കിൽ ആ സന്ദർഭംതരേണ്ടതു് എന്റെ പാർട്ടിക്കായിരുന്നു.

Mr. Speaker : The hon. Member will get his chance.

ശ്രീ. കെ. എസ്സ്. കൃഷ്ണൻശാസ്ത്രി : സർ, ധനകാര്യമന്ത്രി ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ സംബന്ധിച്ച് പൊതുവായി എനിക്കു വിദ്യാഭ്യാസവകുപ്പിനെപ്പററിയും ലാൻഡ് റവന്യു വകുപ്പിനെപ്പററിയും ഏതാനും ചില സംഗതികൾ ഇവിടെ പ്രസ്താവിക്കാനുണ്ട്. സർ, ജനായത്ത മര്യാദകളെ ബഹുമാനിക്കുന്ന ഒരു ഗവണ്മെന്റ ആ അടിസ്ഥാനത്തിൽതന്നെ ജനങ്ങളോടു പ്രവർത്തിക്കണമെന്നാണ് എനിക്കു ആദ്യമായി പറയാനുള്ളതു്. സംസ്ഥാനത്തെ മന്നടങ്കം ബാധിക്കുന്ന പല കാര്യങ്ങളും ഈ ഗവണ്മെന്റിനു ചെയ്യാനുണ്ട്. അവ ചെയ്യേണ്ടതു് ഗവണ്മെന്റിന്റെ ധാർമ്മികമായ കടമയുമാണ്.

സർ, നമ്മുടെ സംസ്ഥാനം ഒരു ക്ഷേമതൽപ്പരരാജ്യമാക്കാൻ ഗവണ്മെൻറ് ആഗ്രഹിക്കുന്നെങ്കിൽ പല വിധത്തിൽ ദുരിതമനുഭവിക്കുന്ന ഇവിടത്തെ സാധുജനങ്ങൾക്ക് അതിൽ നിന്നും ഒരു മോചനം ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ് പ്രധാന ആവശ്യം. സംസ്ഥാനത്തുള്ള സാധുക്കൾക്കു കേറിക്കിടക്കാൻ വീടില്ലാതെയും കൃഷിചെയ്യാൻ ഭൂമിയില്ലാതെയും ഇരിക്കുന്ന ഒരു അവസ്ഥ ഇന്നു സാർവ്വത്രികമായിരിക്കയാണ്. അടകുടിയായി താമസിക്കുന്നവരെപ്പോലും കുടിയിറക്കാൻ തുടങ്ങുമ്പോൾ ഗവണ്മെൻറ് അതു കണ്ടില്ലായെന്നു ഭാവിക്കുന്നു. വലിയ വലിയ ജന്മിമാരുടെ വൻപിച്ച ഭൂവിഭാഗങ്ങളിൽ അനവധി വർഷങ്ങളായി അവരുടെ ജോലികളുംചെയ്തുകൊണ്ട് കുടിൽകെട്ടി താമസിക്കുന്നവരെ യാതൊരു കാരണവുംകൂടാതെ നിർദ്ദാക്ഷിണ്യമായി കുടിയിറക്കിവിട്ടുകൊണ്ടിരിക്കയാണ്. അതിൻെറ ഫലമായി അനവധി സാധുക്കൾ ഇന്ന് കേറിക്കിടക്കാൻ വീടില്ലാതെ അലഞ്ഞു തിരിയുകയാണ്. ഭവനനിർമ്മാണപദ്ധതിയനുസരിച്ച് കുറെയൊക്കെ ഗവണ്മെൻറ് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അവയൊന്നും, അതായത് ആ നന്മകൾ അനുഭവിക്കാൻ ഇടവരാത്ത കുറെയധികം ജനങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ടെന്നുള്ള വിവരം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. രാപകലില്ലാതെ ഈ സാധുക്കൾ പാടങ്ങളിൽപോയി കഠിനാദ്ധ്വാനം ചെയ്ത വിയർപ്പുതുള്ളികളാണ് നാം ഇന്നു കാണുന്ന മനോഹരങ്ങളായ രമ്യഹർമ്മ്യങ്ങളും വിളഭൂമികളുമായി രൂപാന്തരപ്പെട്ടിട്ടുള്ളതെന്ന് രാജ്യചരിത്രം നോക്കുന്നപക്ഷം മനസ്സിലാകുന്നതാണ്. ജീവിതകാലം മുഴുവനും നിസ്സാരകൂലിക്കു വേണ്ടി ജോലിചെയ്യുന്ന ഇക്കൂട്ടർക്കു ഇന്നു സംഭവിച്ചിട്ടുള്ള സ്ഥിതിയെന്താണ്? കിടക്കാൻ വീടില്ലാതെയും കൃഷിചെയ്യാൻ ഭൂമിയില്ലാതെയും അനാഥരായി അലഞ്ഞുതിരിയുകയാണ്. രാജ്യക്ഷേമം എന്ന് യഥാർത്ഥത്തിൽ നമുക്കു പറയണമെങ്കിൽ ആത്മാർത്ഥതയോടുകൂടി സാധുജനസംരക്ഷണത്തിനായി ഗവണ്മെൻറ് മുൻകൈഎടുത്തുപ്രവർത്തിക്കേണ്ടതാണ്. നാലഞ്ചു വർഷമായിട്ടു കുറെ അധികം ഏക്കർ സ്ഥലം ഈ കാരണത്താൽ ഗവണ്മെൻറിൽ നിന്നും പതിച്ചുകൊടുത്തിട്ടുണ്ട്. പക്ഷെ, സാധുക്കൾക്ക് കിട്ടിയതു മിക്കതും വാസയോഗ്യമല്ലാത്തതും വന്യമൃഗങ്ങളുടെ ഉപദ്രവം ധാരാളമുള്ളതുമായ കല്ലൻ തറകളാണ്. നല്ല സ്ഥലങ്ങൾ ധാരാളം പതിച്ചു കൊടുത്തിട്ടുണ്ട്. അവയെല്ലാം വേറെയാളുകൾ തട്ടിയെടുത്തിരിക്കയാണ്. സ്വാധീനശക്തിയും ധനശേഷിയുമുള്ള അനവധിയാളുകൾ പാവങ്ങളുടെപേരിൽ പതിച്ചുകൊടുത്തിട്ടുള്ള വസ്തുക്കളിൽത്തന്നെ പ്രവേശിച്ചു സ്വന്തമാക്കിയിട്ടുണ്ട്. സാധുക്കളെ സംബന്ധിച്ചിടത്തോളം സർ സി. പി. യുടെ ദിവാൻ ഭരണകാലത്തും ഉണ്ടായിട്ടില്ലാത്ത സംഭവങ്ങളാണ് ഇന്ന് സാർവത്രികമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതു് (ഉണ്ടായിരിക്കുന്നതു്.) എന്നു ഞാൻ പറയുമ്പോൾ ഈ സഭയുടെയോ ഗവണ്മെൻറിൻെറയോ അന്തസ്സിനെ ചോദ്യം ചെയ്കയാണെന്ന് ധരിക്കരുതെന്ന് ഒരപേക്ഷയുണ്ട്. സാധുക്കളെ കുടിയിറക്കിക്കൊണ്ടിരിക്കുന്നു എന്നുള്ള പരാതികൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ഒരു നിലപാടു തുടർന്നുകൊണ്ടു പോകുന്നതായാൽ ഇവിടത്തെ സാമ്പത്തികവ്യവസ്ഥിതി ഒരു കാലത്തും പുരോഗമിക്കാൻ പോകുന്നില്ലെന്നുകൂടി ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. അതുകൊണ്ട് അടുത്തുവരുന്ന നിയമസഭയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ബഡ്ജററിൽ കർഷകരുടെയും തൊഴിലാളികളുടെയും ക്ഷേമത്തിനുവേണ്ടിയും അതുപോലെതന്നെ ഞാൻ മുൻപറഞ്ഞ ഭവനരഹിതരായ സാധുക്ക

[ശ്രീ. കെ. എസ്സ്. കൃഷ്ണൻശാസ്ത്രി.]

ളുടെ ആശ്വാസത്തിനും അവരുടെ പുരോഗതിക്കും അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ ഗവൺമെൻറ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. (ബെൽ) സമയച്ചുരുക്കം കൊണ്ടു പറയാൻ സാധിക്കാത്ത പല കാര്യങ്ങളും അടുത്ത അവസരത്തിൽ പറയാമെന്നു വിചാരിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ഈ സഭയിൽ അവതരിപ്പിക്കാമെന്നു വിചാരിക്കുന്ന കട്ട്മോഷൻ ഞാൻ വായിക്കാം:

The Demand for grant on account under head VIII—Irrigation-be reduced by Re. 1.

(To discuss about Irrigation works in Meenachil taluk.)

ഈ മോഷൻ ഇവിടെ അവതരിപ്പിച്ചുകൊണ്ട് പറയാനുള്ളത് മീനച്ചിൽ താലൂക്കിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലങ്ങളിലെ ഗവൺമെൻറുകൾ ചെയ്തിട്ടുള്ള അനീതികളെ ഓരോന്നായി എടുത്തുപറയുകയാണെങ്കിൽ അതിനു സമയം അനുവദിക്കുമോ എന്നുള്ള കാര്യം സംശയമായതുകൊണ്ട് അവയിൽ ഒരു അനീതിയെപ്പററിമാത്രം ഇവിടെ എടുത്തു പറയാമെന്നു വിചാരിക്കുന്നു.

സർ, ഗതാഗതസൗകര്യത്തിനെ ആസ്പദമാക്കി അവിടെ ഒരു പാലം വേണമെന്നുള്ള മുറവിളിയുടെ ഫലമായി ഒരു പാലം കെട്ടാൻ ഗവൺമെൻറ് തയ്യാറായി. എന്നിട്ടോ, പണമില്ല. അതിനായി പാലത്തിൻെറ ഒരു കരയിലിരുന്നുകൊണ്ട് സർക്കാരിൻെറ ആളുകൾ ധർമ്മം തെണ്ടാൻ തുടങ്ങി. അങ്ങിനെ ധർമ്മം തെണ്ടി വാങ്ങി വാങ്ങിച്ചുകെട്ടിയിട്ടുള്ളതാണ് ആ പാലം. എന്നാൽ മറെറാരിടത്തും ഇല്ലാത്ത ഒരു അനീതി ആ പാലത്തിനു ഇന്നും ടോൾ വച്ചിരിക്കുന്നു എന്നുള്ളതാണ്. തിരുവിതാംകൂറിൽ ഒരു പാലത്തിനും ടോൾ വച്ചിട്ടില്ലാത്ത സ്ഥിതിക്കു ഈ പാലത്തിനുമാത്രം വല്ല പ്രത്യേകതയുമുണ്ടോ എന്നു എനിക്കു മനസിലാകുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: കുളക്കടവു പാലത്തിനു ടോൾ ഉണ്ടെന്നറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അറിയാം. അതു് എങ്ങിനെയാണെന്നും അറിയാം.

സർ, ഇങ്ങനെ അവിടത്തെ ജനങ്ങളിൽ നിന്നും ഒരു വലിയ സംഖ്യ ഈ പാലത്തിനെ സംബന്ധിച്ചിടത്തോളം പിരിച്ചെടുത്തതിൻെറ ഫലമായിട്ടാണ് ഈ പാലം പണിതിട്ടുള്ളത്. ഈ വിധത്തിൽ പണിത ഒരു പാലത്തിനു ഇന്നും ടോൾ കൊടുക്കേണ്ടിവരുന്നതു് എന്തൊരനീതിയാണെന്നു ഗവൺമെൻറുതന്നെ ചിന്തിച്ചുനോക്കേണ്ടതാണ്. അതുകൊണ്ട് ഈ ടോൾ നിറുത്തൽചെയ്യണമെന്നു ഒരപേക്ഷയുണ്ട്. മറെറാരു കാര്യം, മീനച്ചൽ താലൂക്കിൽ ഒരു നദിയൊഴുകുന്നുണ്ട്. അതിൻെറ ഇരുവശങ്ങളും വളരെ ഫലഭൂയിഷ്ഠമായ സ്ഥലങ്ങളാണ്. വെള്ളം കിട്ടാത്തതുകൊണ്ട് നെൽകൃഷിയെ സംബന്ധിച്ചിടത്തോളം മിക്കവാറും സമയങ്ങളിൽ ഉണക്കുപററുന്നു. ലിഫ്ററ് ഇറിഗേഷനുവേണ്ടി അനവധി തുക ആണ്ടുതോറും ചെലവാക്കിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെൻറ് ഈ സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം പുറംതിരിയുകയാണു ചെയ്യുന്നതു്. അതുകൊണ്ടു മേലാൽ ഈ വിധം ഉണ്ടാകാതിരിക്കത്തക്കവണ്ണം ഗവൺമെൻറ് ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, രാമപുരത്തുള്ള നെൽകൃഷിയെ സംബന്ധിച്ചാണ്. ഞാൻ രാമപുരം

നിയോജകമണ്ഡലത്തിലെ പ്രതിനിധിയാണു്. രാമപുരത്തുകാർ നെൽക്കൃഷി ചെയ്യുന്നതു് എങ്ങനെയൊക്കെയാണെന്നു് അവിടങ്ങളിൽവന്നു കാണുമ്പോൾ മാത്രമെ മനസ്സിലാകയുള്ളു. കൃഷിയിറക്കുന്നതിനു വേണ്ടി അവർ വൃശ്ചികം മുതൽ ധനു ൩൦-ാംനു-വരെ വെള്ളം ഉള്ള സ്ഥലങ്ങളിൽ നിന്നും തേകിയൊഴിച്ചാണു് കൃഷി നടത്തുന്നതു്. കൃഷിയെ സംബന്ധിച്ചിടത്തോളം ജലദൗർല്ലഭ്യം ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലിഫ്റ്റ ഇറിഗേഷൻ മുഖാന്തിരം നെൽക്കൃഷി നടത്തുന്നതായാൽ അവിടങ്ങളിൽ നിന്നും നല്ല വിളവെടുക്കാൻ കഴിയുന്നതാണു്. ഇറിഗേഷൻ ചെലവുകൾക്കായി വടക്കൻ തിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും ചെലവാക്കുന്ന തുകയുടെ കണക്കെടുത്തു നോക്കുന്നപക്ഷം തെക്കൻതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും ചെലവാക്കുന്നതിന്റെ ഒരംശംപോലും ഇറിഗേഷൻ വകയ്ക്കായി മദ്ധ്യതിരുവിതാംകൂറിൽ ചെലവാക്കുന്നില്ലായെന്നുള്ളതു് കഴിഞ്ഞ കുറെ കൊല്ലങ്ങളിലെ കണക്കുകൾ പരിശോധിക്കുന്നതായാൽ മനസ്സിലാകുന്നതാണു്. മീനച്ചിൽ തൊടുപുഴ മുതലായ താലൂക്കുകളിലെ ജനങ്ങൾ കഠിനാധ്വാനം ചെയ്തു് ഉണ്ടാക്കുന്ന പണമാണു്. സംസ്ഥാനമൊട്ടാകെ ചെലവഴിക്കുന്നതെന്നു മനസ്സിലാക്കാതെ പോയതിൽ വ്യസനിക്കുന്നു. അതുകൊണ്ടു് മീനച്ചിൽ തൊടുപുഴ മുതലായ താലൂക്കുകളിലെ ജനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടി ഈ ഗവണ്മെന്റ കാര്യമായി പ്രവർത്തിച്ചില്ലെങ്കിൽ ഞാൻ ഇന്നലെ പറഞ്ഞതുപോലെ കാര്യം കഴപ്പത്തിലാകുമെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

ശ്രീ. പി. ആർ. കൃഷ്ണൻ: സർ, ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ താഴെപ്പറയുന്ന കട്ട്മോഷൻ അവതരിപ്പിച്ചുകൊള്ളുന്നു.

The Demand for grant on account under head II—Land Revenue—be reduced by Re 1.

(To discuss about the eviction of food production lease holders in Trichur District.)

ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊണ്ടു് ഏതാനും ചില സംഗതികൾ മാത്രം പറയാമെന്നു വിചാരിക്കുന്നു. സർ, കൊച്ചിയിൽ ൧൧൧൭-ൽ ഭക്ഷ്യോൽപ്പാദനപദ്ധതി നടപ്പാക്കിയ അവസരത്തിൽ ഫോറസ്റ്റ റിസർവിൽ നിന്നും വിലേജു പുറമ്പോക്കുകളിൽനിന്നും ധാരാളം സ്ഥലങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കേണ്ടിവന്നു. സ്വന്തമായി കൃഷിചെയ്യാൻ ഭൂമിയില്ലാത്തവർക്കു ൫ ഏക്കർവീതം എന്നുള്ള വ്യവസ്ഥയിലാണു് കൊടുത്തിട്ടുള്ളതു്. എന്നാൽ അതിനു വളരെ മുൻപുമുതൽക്കെ, കുറെയാളുകൾ ഗവണ്മെന്റിന്റെ സമ്മതം നോക്കാതെ ഗവണ്മെന്റുഭൂമികളിൽ പ്രവേശിച്ചു് കാടുവെട്ടിത്തെളിയിച്ചു് അവ കൃഷിക്കു് ഉപയുക്തമാക്കി കൈവശം വച്ചുകൊണ്ടിരിക്കുയാണു്. ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ ഭൂമി പാട്ടത്തിനു കൊടുത്ത അവസരത്തിൽ ഇപ്പറഞ്ഞ ഭൂമികളും കുറെയൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ടു്. ധാരാളം സ്ഥലങ്ങൾ ഇതിൽ ഉൾപ്പെടാതെയുമുണ്ടു്. ൧൧൨൩-ൽ ഒരു ഗസററ നോട്ടിഫിക്കേഷൻ ഉണ്ടാകയും ആ നോട്ടിഫിക്കേഷനിൽ ഭക്ഷ്യോൽപ്പാദന പദ്ധതിയനുസരിച്ചു് ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കൈവശാവകാശം ഇല്ലാതാക്കിയിരിക്കുന്നു എന്നു പ്രഖ്യാപിക്കയും ചെയ്തിട്ടുണ്ടു്. അങ്ങനെയിരിക്കുമ്പോഴാണു് പട്ടാളസേവനം കഴിഞ്ഞു് തിരിയെ വന്നിട്ടുള്ള ആളുകളിൽ ഭൂമിയില്ലാത്തവർക്കു ഭൂമി കൃഷിചെയ്യാൻ കൊടുക്കണമെന്നു വ്യവസ്ഥയുണ്ടാ

[ശ്രീ. പി. ആർ. കൃഷ്ണൻ]

യത്ു്. ആ വ്യവസ്ഥപ്രകാരം ഭൂമി പതിച്ചുകൊടുക്കാൻ തുടങ്ങി. ആ കൂട്ടത്തിൽ മുൻപറഞ്ഞ കൈവശക്കാരുടെ പക്കലുണ്ടായിരുന്ന ഭൂമിയും ഉൾപ്പെട്ടിട്ടുണ്ടു്. ഇവരുടെ കൈവശാവകാശം റദ്ദാക്കിയെന്നു് ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടെങ്കിലും ഇന്നും അനവധിയാളുകൾ സ്ഥലം വിട്ടുപോകാതെ അവിടെ ത്തന്നെ താമസിക്കുന്നുണ്ടു്. കാരണം ഇക്കൂട്ടർ ജനവാസയോഗ്യമല്ലാത്ത പല സ്ഥലങ്ങളും കല്ലും മുള്ളും നീക്കി കുന്നും കുഴിയും നികത്തി വന്യമൃഗങ്ങളുമായിട്ടു മല്ലിട്ടു വളരെ ക്ലേശിച്ചതിന്റെ ഫലമായിട്ടാണു് ഇവർ ആ സ്ഥലങ്ങൾ ഇന്നു മനോഹരമായ കൃഷിസ്ഥലങ്ങളാക്കി തീർത്തിരിക്കുന്നതു്. ഈ സ്ഥലങ്ങളെയാണു് പട്ടാളക്കാർക്കു് പതിച്ചുകൊടുത്തിട്ടുള്ളതു്. യുദ്ധസേവനം കഴിഞ്ഞു് തിരിയെ വന്നിട്ടുള്ളവക്കു ഭൂമി പതിച്ചുകൊടുക്കേണ്ടതു് ഏററവും അത്യാവശ്യമാണെങ്കിലും ഇങ്ങനെയുള്ള സ്ഥലങ്ങളെ സംബന്ധിച്ചു് അവയിലുള്ള കൈവശക്കാരെ ഇറക്കിവിട്ടിട്ടു പട്ടാളക്കാർക്കു പതിച്ചുകൊടുക്കുന്നതു തികച്ചും ഖേദജനകമായ ഒരു പ്രവൃത്തിയാണു്. ഇന്നു് പട്ടാളത്തിൽനിന്നും വന്ന ആളുകളും കൃഷിക്കാരും തമ്മിൽ ഒരു പോരാട്ടം നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണു് ഇതു്. ഈ കാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുന്നതു് വളരെ അധികം ആപൽക്കരമാണു്. വനഭൂമിയിൽ ആർക്കും പ്രവേശിച്ചു കൃഷി ചെയ്യാമെന്നുള്ള ഒരു മനോഭാവം ജനങ്ങളുടെ ഇടയിൽ വളരുവാൻ തുടങ്ങി. അതിന്റെ ഫലമായി ഉദ്യോഗസ്ഥന്മാരുടെ മൌനാനുവാദത്തോടുകൂടി വളരെ അധികം ആളുകൾ വനത്തിൽ പ്രവേശിച്ചു കൃഷിചെയ്യുവാൻ തുടങ്ങി. ആ കൂട്ടത്തിൽ വലിയ മുതലാളികളും വനത്തിൽ പ്രവേശിച്ചു് കൃഷി നടത്തുന്നുണ്ടു്. പക്ഷെ, വളരെ അധികം ആളുകളും ചെറുകൃഷിക്കാരാണു്. ഇന്നു അതു ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുകയാണു്. ഇന്നു അവരെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ പ്രോത്സാഹിപ്പിക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണു്. ഇന്നു അവരെ ആ ഭൂമിയിൽനിന്നു ഒഴിവാക്കുക എന്നുള്ളതു് ഒരു ശക്തിക്കും സാദ്ധ്യമല്ല. അതോടുകൂടിത്തന്നെ യന്ത്രശാലകളിൽനിന്നു ജോലിയില്ലാതെ പുറത്തുപോരുന്ന ആളുകൾക്കു ഇത്തരത്തിലുള്ള കൃഷിയല്ലാതെ ജോലി കൊടുക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതിയും എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചില സ്ഥലങ്ങളിലുണ്ടു്. അവിടെയുള്ള തൊഴിലാളികൾക്കു ആണ്ടിൽ രണ്ടും മൂന്നും മാസം മാത്രമേ ജോലിയുള്ളു. ബാക്കിയുള്ള ദിവസങ്ങളിൽ അവർ വനത്തിൽ ചെന്നു പണിയെടുക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഇത്തരം വ്യവസായസ്ഥാപനങ്ങൾക്കു കൂടുതൽ ആനുകൂല്യം കൊടുത്തു് തൊഴിലാളികൾക്കു് അവരുടെ മുഴുവൻ സമയവും ജോലി കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതു ഔചിത്യപൂർവ്വകമായിരിക്കുമെന്നു ഞാൻ കരുതുന്നു. ജോലിക്കാർക്കു ജോലി കൊടുത്തില്ലെങ്കിൽ അതു് നമ്മുടെ സാമ്പത്തികസ്ഥിതിയെ ബാധിക്കുന്ന ഒന്നായിരിക്കും. കർഷകലോകത്തിനു രക്ഷ നൽകുന്നതിനു വേണ്ടി നാം വൻപിച്ച നദീതടപദ്ധതികൾ ഉണ്ടാക്കുന്നു. അതിൽ നമുക്കു അഭിമാനം കൊള്ളാം. പീച്ചിയും, പെരുഞ്ചാണിയും നമ്മുടെ നാട്ടിൽ ഉയർന്നുവരുന്നതിൽ നമുക്കു അഭിമാനം് കൊള്ളാം. അതുപോലെ തന്നെ തിരുവിതാംകൂർ-കൊച്ചിയിൽ പ്രവൃത്തിയെടുത്തുവരുന്ന വളനിർമ്മാണശാലകളും നമ്മുടെ സമ്പാദ്യത്തെ വർദ്ധിപ്പിക്കുമെന്നുള്ളതിനു സംശയമില്ല. പക്ഷേ, ഈ നാട്ടിൽ ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ വേണ്ടിടത്തോളം വെള്ളമില്ല. ഭൂമിയിൽ അദ്ധ്വാനിക്കുന്ന ആളുകളാണു ഇവിടെ ഉൽപ്പാദനം

വർദ്ധിപ്പിക്കുന്നത് എന്നുള്ള വസ്തുത പുതിയ സോഷ്യലിസ്റ്റ് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനോടുകൂടി കൃഷിഭൂമിയിൽ വേല ചെയ്യുന്ന ആളുകൾക്കു കുടിക്കുവാനാവശ്യമായ വെള്ളം കൊടുക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിൽ വെള്ളം കിട്ടുവാൻ സാദ്ധ്യമല്ലാത്ത പ്രദേശങ്ങളുണ്ട്. കടലോരപ്രദേശങ്ങളിൽ വെള്ളം കൊടുക്കുന്നതിനു ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. കടലോരപ്രദേശങ്ങളിലെപ്പോലെ മലയോരപ്രദേശങ്ങളിലും വളരെ അധികം സ്ഥലങ്ങളിൽ കുടിക്കുവാനുള്ള വെള്ളം കിട്ടാതെ മനുഷ്യർ ബുദ്ധിമുട്ടുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്ന പല സ്ഥലങ്ങളുമുണ്ട്. രണ്ടും മൂന്നും മൈൽ അകലെ പോയി വെള്ളം കൊണ്ടുവരുന്ന ഒരു പരിതഃസ്ഥിതിയും അവിടെയുണ്ട്. മീനം, മേടം, മുതലായ മാസങ്ങളിൽ എല്ലാവർക്കും വെള്ളം കിട്ടുന്നതിനു വേണ്ടി ആ വക സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കുവാൻ ഈ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. തൃശ്ശിവപേരൂർ പട്ടണത്തിൽ ഒരു ജലവിതരണപദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. തൃശ്ശൂർനിന്നു ഒല്ലൂർ, എടക്കുന്നി, മരത്താക്കര നടത്തറ മുതലായ സ്ഥലങ്ങളിലേയ്ക്കുംകൂടി പൈപ്പ്ലൈൻ നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ ആ പ്രദേശങ്ങളിലുള്ള ജനങ്ങൾക്കും കുടിക്കുവാനുള്ള വെള്ളം കിട്ടുവാൻ സാധിക്കും. അതുകൊണ്ടു തൃശ്ശിവപേരൂർ പട്ടണത്തിൽ നടപ്പാക്കുവാൻ പോകുന്ന ജലവിതരണ പദ്ധതിയിൽ ഈ കാര്യവുംകൂടി ഗൌനിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. കൃഷിക്കാരിൽ അധികവും അവരുടെ സമയത്തിൽ കുറെ സമയം കൃഷിയുടെ കാര്യത്തിലും കുറെ സമയം ചില്ലറ കുടിൽവ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്ന ആളുകളാണ്. അതുകൊണ്ട് അവരുടെ കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കേണ്ട കാര്യത്തിലും ഈ ഗവണ്മെന്റു ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Shri A. A. D. Luiz: Sir, I move:

The demand for grant on account under head XVIII—Education be omitted. (To discuss about the availability of concessions.)

We have heard opinions of political parties and of individuals but all have been conspicuously silent about the Backward Classes in this State and the difficulties they are experiencing to avail of concessions provided for them. It is indeed regrettable that the affairs of a large group of people coming under the classification of Backward Classes have not engaged the attention of this House. I am not referring to Anglo-Indians in particular but I am referring to the entire group as a whole. No substantial measure of relief has been envisaged for the Backward Classes even in the statements made by the Finance Minister.

In the Constitution of India and in various other places you have liberal mentions about concessions, protections and privileges for the Backward Classes but the actual availability becomes difficult owing to the slow working of administrative machinery, especially in

[Shri A. A. D. Luiz]

Trivandrum and the strong manner in which everything is tied up in red tapeism. Much of the slow moving administrative machinery and the production of red tapeism is all over here and nowhere else.

The Backward Classes are entitled to preferential treatment with regard to admissions in colleges but I wish to bring to the attention of this House that as a result of non-reservation of a really required quota and as a result of no reservation in certain institutions the members of the Backward Classes are unable to go in for higher education. Another deadlock raises because the funds allocated are insufficient to meet the demands.

I wish to avail of this opportunity to request the Government that the Backward Classes in this State should receive priority of attention. You really have very conspicuous numbers of Backward communities in this State. By conveying happiness to them alone you can raise the general degree of happiness of the citizens in this State. I really hope that the needs of the Backward Classes of this State will receive serious and prompt attention of the benign Government of this State.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഈ സഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ആൺ ഏക്കൌണ്ട് വാദപ്രതിവാദത്തിന്റെ സന്ദർഭത്തിൽ പൊതുവെ ഈ ഗവണ്മെന്റിന്റെ നയപരിപാടികളെപ്പററി ആനുകൂല്യമാണ് ബഹുമാനപ്പെട്ട മെംബർമാർ പ്രദർശിപ്പിച്ചിരിക്കുന്നതു് എന്നു കാണുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഈ നയപരിപാടികൾ ഗവണ്മെന്റ ചാർജ്ജെടുത്ത ഉടൻ തന്നെ ഈ സദസ്സിന്റെ മുമ്പാകെ അവതരിപ്പിക്കേണ്ടി വന്നിട്ടുള്ളതാണ് എന്നുള്ളതു് ഒരു പ്രധാന സംഗതിയാണ്. സ്ഥൂലമായി നയപരിപാടികളെ സൂചിപ്പിക്കുന്നതിനുമാത്രമേ ഞങ്ങൾക്ക് സാധിച്ചിട്ടുള്ളൂ. അടുത്തുകൂടുന്ന നിയമസഭായോഗത്തിൽ അവയെപ്പററി കൂടുതൽ ആലോചിച്ച് കൂടുതൽ വിവരങ്ങൾ സമർപ്പിക്കുന്നതിന് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇന്നിപ്പോൾ കാണുന്നതായ ആനുകൂല്യം നിശ്ചയമായും ഈ ഗവണ്മെന്റിന്റെ ഉദ്ദേശങ്ങൾ സാധിക്കുന്നതിനും നയപരിപാടികൾ നടപ്പിൽ വരുത്തുന്നതിനും തക്കതായ പിൻബലം നൽകുമെന്നും ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ ചെയ്യാവുന്നതാണെന്നു വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാം മെംബർമാരോടും കക്ഷിനേതാക്കന്മാരോടും ഞാൻ എന്റെ ഹൃദയപൂർവ്വമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. സർ, ഇതിനു മുമ്പ് ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ ചില പ്രസ്താവനകൾ ഇന്നും ഇവിടെ ഉണ്ടാകാതിരുന്നില്ല. ഈ മന്ത്രിസഭ രൂപീകരിച്ചിരിക്കുന്നതു് ജനഹിതത്തിനു വിപരീതമാണെന്നു ചില മെംബർമാർ ഇവിടെ പ്രസ്താവിച്ചു. അതിനെക്കുറിച്ച് എനിക്കു സ്വല്പം പറയുവാനുള്ളതു് ജനഹിതത്തിനു വിപരീതമാണെങ്കിൽ ഈ മന്ത്രിസഭ ഇത്രയും ദിവസം തന്നെ പ്രവർത്തിക്കുകയില്ലായിരുന്നു എന്നാണ്. ഭാവിയെപ്പററി ഞാൻ പറയുന്നില്ല- ഈ സന്ദർഭത്തിൽ ഇവിടെ നിന്നു എനിക്കു സധൈര്യം പ്രസ്താവിക്കുവാനുള്ളതു് തിരുവിതാംകൂർ-കൊച്ചിയിലെ ബഹുഭൂരിപക്ഷം

ജനങ്ങളുടെ പിന്തുണയോടുകൂടിയാണ് ഈ ഗവൺമെൻറ് ഇവിടെ രൂപീകരിച്ചിട്ടുള്ളത് എന്നാണ്. ഇങ്ങനെ പ്രസ്താവന ചെയ്യുന്നതിന വസ്തുതകൾ കാണുന്നതുകൊണ്ടു മാത്രമല്ല എനിക്ക് ധൈര്യമുണ്ടാകുന്നത്. എൻെറ മുമ്പിൽ ഞാൻ കാണുന്ന കാൺഗ്രസ്സ് കക്ഷിയിലെ നേതാവു തന്നെ വളരെ സ്പഷ്ടമായി ചെയ്ത പ്രസ്താവന അതിന പരിപൂർണ്ണമായ പിൻതുണ നൽകുന്നു എന്നു പ്രസ്താവിക്കുന്നതിൽ എനിക്കു അശേഷം മടിയില്ല. അതിനുംപുറമെ മററു പ്രതിപക്ഷകക്ഷികളിൽ നിന്നു വന്നിട്ടുള്ള പ്രസ്താവനകൾതന്നെ നോക്കിയാൽ ഈ കക്ഷിയുടെ ഇന്നത്തെ ഭരണസമിതിയുടെ നയപരിപാടികളെപ്പററിയല്ല അവക്കു ആക്ഷേപമുള്ളത്. ഈ നയപരിപാടികൾ സ്വീകാര്യമാണെങ്കിലും അവ നടപ്പിൽ വരുത്തുന്നതിന സാധിക്കുകയില്ലെന്നാണ് അവരുടെ നില. അവ നടപ്പിൽ വരുത്തുന്നതിന സാധിക്കുമൊ ഇല്ലയോ എന്നുള്ളത് മേലാൽ കാണേണ്ടതാണ്. നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണ് ഇന്ന് എൻെറ വിശ്വാസം. അവ നടപ്പിൽ വരുത്തുന്നതിന് വിഘ്നമാണ് കാണുന്നതെങ്കിൽ ഞാൻ മുമ്പൊരവസരത്തിൽപറഞ്ഞതുപോലെ ഈ സ്ഥാനത്തുനിന്ന് ഉത്തരവാദിത്വം വിട്ടുപോകുന്നതിൽ എനിക്കോ എൻെറ സഹപ്രവർത്തകന്മാർക്കോ എൻെറ കക്ഷിക്കോ ലവലേശം മടിയില്ല. ഈ പരിപാടികൾ നടപ്പിൽ വരുത്തുവാൻ സാധിക്കയില്ലെന്ന് പ്രസ്താവിക്കുന്നവർ ഒന്നാലോചിക്കണം. ഈ നയപരിപാടികൾ നടപ്പിൽ വരുത്തുന്നതിൽ പരിഷ്കാരമുണ്ടെന്നു പറയുന്നവർ തന്നെ എന്തിന് ആനുകൂല്യം നിഷേധിക്കുന്നുവെന്നാണ് ഞാൻ ചോദിക്കുന്നത്. നല്ലകാര്യങ്ങൾ ചെയ്യുന്നതിൽ അവർ അനുകൂലികളാണെന്നും ഈ നയപരിപാടികൾ നടപ്പിൽ വരുത്താൻ സാദ്ധ്യമല്ലെന്നും പറയുമ്പോൾ അവരുടെ ആദ്യത്തെ പ്രസ്താവനയുടെ ആത്മാർത്ഥതയെപ്പററി സംശയിക്കേണ്ടതുണ്ടു്.

ഏതായാലും ഈ സമയത്ത് ഒന്നു മാത്രമെ എനിക്കു വീണ്ടും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോടും അവർവഴി രാജ്യത്തോടും അറിയിക്കുവാനുള്ളു. ഞങ്ങളുടെ നയപരിപാടികൾ കഴിവുള്ളിടത്തോളം വിശദീകരിക്കാൻ സാധിച്ചതനുസരിച്ച് ഇതിനകം ഇവിടെ അറിയിച്ചിട്ടുണ്ടു്. അവ നടപ്പിലാക്കുന്നതിന് അങ്ങേഅററം പരിശ്രമിക്കുകയും ചെയ്യും. അതിന് പല വൈഷമ്യങ്ങളും ഉണ്ടെന്നും ഞങ്ങൾക്കറിയാം. ഇന്നത്തെ ഭരണകക്ഷി നല്ല കാര്യങ്ങൾ ചെയ്താൽ മറുകക്ഷികൾ ഞങ്ങളെ സഹായിക്കാം എന്ന് ചിലരെങ്കിലും പറഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും വൈഷമ്യങ്ങൾ ഉണ്ടാകാനിടയുണ്ടു്. സാങ്കേതികമായും ഭരണപരമായും ഉള്ള കാര്യങ്ങൾകൊണ്ടും മററു പരിമിതികൾകൊണ്ടും നമുക്കു വൈഷമ്യങ്ങൾ ഉണ്ടെന്നാണ് ചിലർ പറഞ്ഞത്. പക്ഷെ നമുക്കു യോജിച്ച് കക്ഷിതാല്പര്യങ്ങളെ പിൻനിറുത്തിക്കൊണ്ടു് രാജ്യതാല്പര്യത്തിനുവേണ്ടി പുരോഗമിക്കാം. ഇന്ന് തങ്ങളുടെ കക്ഷിതാല്പര്യത്തെ മുൻപിൽ പരിഗണിക്കാതെ രാജ്യതാല്പര്യത്തെ കരുതി ഇന്നത്തെ ഗവൺമെൻറിന് പിൻതുണ നൽകുമെന്ന് അവർ നിശ്ചയിച്ചു. പിൻതുണ വാഗ്ദാനം ചെയ്തവർക്കെല്ലാം ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

സർ, ഇന്നീ ഭരണം രൂപീകരിച്ചത് തീർച്ചയായും കക്ഷിതാല്പര്യത്തെ മുൻനിറുത്തിയല്ലെന്ന് ഞാൻ പറയുമ്പോൾ എൻെറ സ്നേഹിതന്മാർ അതു വിശ്വസിക്കണം. ഇന്ന് പി. എസ്. പി. മന്ത്രിസഭ രൂപീകരിച്ചത് രാജ്യതാല്പര്യത്തെ മുൻനിറുത്തിയാണ്. ജനഹിതത്തിന വിപരീതമാണീ മന്ത്രിസഭ എന്ന് ഇവിടെ പറഞ്ഞു. എന്നാൽ തിരുവിതാംകൂർ-കൊച്ചിയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ പിൻതുണയോടുകൂടിയാണ് ഈ ഗവ

[ശ്രീ. എ. താണുപിള്ള]

ണ്മെൻറ് രൂപീകരിച്ചിട്ടുള്ളതെന്ന് ഞാൻ ധൈര്യമായി പ്രസ്താവിക്കുന്നു. എന്തെന്നാൽ അതിനു വിപരീതമായിട്ടായിരുന്നെങ്കിൽ ഇത്രയും ദിവസം പോലും ഈ ഗവൺമെൻറ് തുടരുകയില്ലായിരുന്നു. ഞാൻ ചില വാഗ്ദാനങ്ങൾ ലംഘിച്ചു എന്നും രാജ്യത്തിനു ആകെ വിപരീതമായി പ്രവർത്തിച്ചു എന്നും ചില ഭാഗങ്ങളിൽനിന്നും പറയുമ്പോൾ എനിക്ക് അതിൽ ലജ്ജയോ സങ്കോചമോ തോന്നുന്നില്ല. രാജ്യതാല്പര്യത്തെ മുൻനിറുത്തി ചെയ്തു എന്നു മാത്രമെ ഞാൻ ബലമായി വിശ്വസിക്കുന്നുള്ളു. ഞാൻ ഓരോ മെമ്പറന്മാരോടും ആത്മാർത്ഥമായി ചോദിക്കുന്നു, ഇന്ന് ഈ മന്ത്രിസഭ അധികാരത്തിൽ വരാൻ തയ്യാറില്ലെങ്കിൽ ഇവിടെ പ്രസിഡൻറ് ഭരണം വരുമായിരുന്നില്ലേ എന്ന്. അത് വേണ്ടെന്നു പറയുന്നവരാണു ഈ നാട്ടുകാർ. അവർ എന്തുകൊണ്ട് ഈ ഭരണത്തെ എതിർക്കുന്നു. എന്തെല്ലാം നല്ല കാര്യങ്ങൾ നമുക്കു ചെയ്യുവാനുണ്ട്. ഈ ഗവൺമെൻറിൻെറ നയപരിപാടികൾ വിശദീകരിച്ചിട്ടുള്ളതെല്ലാം നടപ്പിൽ വരുത്തുകയില്ലെന്നാണ് ഒരാക്ഷേപം. എന്ന് അവ നടപ്പിൽ വരുത്താൻ കഴിയാതാകുന്നോ അന്ന് ഉത്തരവാദിത്വവും ചുമതലയും ഒഴിയുവാൻ ഞാൻ സന്നദ്ധനാണ്. ഈ നയപരിപാടികൾ നല്ലതാണെന്നും ജനക്ഷേമകരങ്ങളും ആണെന്നും പറയുന്നവർ എന്തുകൊണ്ട് ഇതിനെ എതിർക്കുന്നു എന്നു മനസ്സിലാകുന്നില്ല. ഇവ നടപ്പിൽ വരുത്താൻ കഴിയുമെന്നാണ് ഇപ്പോൾ എൻെറ വിശ്വാസം. ഭാവിയെപ്പററി ഞാൻ ഒന്നും പറയുന്നില്ല. ഇതിൻെറ വൈഷമ്യങ്ങൾ കാൺഗ്രസ്സ് കക്ഷിയിലുള്ള ചിലർ ഇവിടെ വിവരിച്ചു. അതേപ്പററി എനിക്ക് ഒന്നാണ് പറയാനുള്ളതു്. മെംബറന്മാരും കക്ഷികളും ഈ ഭരണസമിതിയെ കുററം പറയുന്നതിനു പകരം സഹായിക്കേണ്ടതാണ്. ഞങ്ങളെ അങ്ങനെ സഹായിക്കുന്നപക്ഷം എതെല്ലാം കാര്യങ്ങൾ നമുക്കു നടത്താൻ കഴിയുമെന്ന് സമീപഭാവിയിൽ തന്നെ അറിയുന്നതാണ്. അതിനു പകരം ഞങ്ങളെ കുററം പറയുന്നതു് നമ്മുടെ അന്തസ്സിനു യോജിച്ചതല്ല. നേരെമറിച്ച് ലജ്ജാകരവും ദുഃഖകരവും കൂടിയാണ്. അതുകൊണ്ട് ഞങ്ങൾ അധികാരത്തിൽ വന്നതു് നമ്മുടെ അന്തസ്സിനു ലജ്ജാകരവും ഖേദകരവും അല്ല എന്നാണ് എൻെറ വിശ്വാസം.

സർ, പല ഉപയോഗപ്രദങ്ങളായ അഭിപ്രായങ്ങളും ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ആ പ്രസ്താവനകൾ ചെയ്ത ബഹുമാനപ്പെട്ട മെംബറന്മാരോടെല്ലാം ഞാൻ ഹൃദയപൂർവ്വം നന്ദി പറഞ്ഞുകൊള്ളുന്നു. എല്ലാ വിമർശനങ്ങൾക്കും ഞാൻ മറുപടി പറയണമെന്നു ഉദ്ദേശിക്കുന്നില്ല. എന്നാൽ ചില സംഗതികളെപ്പററി അല്പം ഒന്നു പ്രസ്താവിക്കാം. ശ്രീ. ടി. പി. സീതാരാമൻ പഞ്ചായത്തുകളെപ്പററി പ്രസ്താവിച്ചു. ഈ പഞ്ചായത്തുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ ഗവൺമെൻറിന് അങ്ങേ അററം താല്പര്യം ഉണ്ടെന്ന് ഞാൻ പറയുന്നു. പഞ്ചായത്തുകളെ ഞങ്ങൾ യഥാർത്ഥ ഭരണഘടകങ്ങളാക്കും. അതിനുള്ള പണത്തിനുള്ള വഴിയും ഞങ്ങൾ കണ്ടിരിക്കുന്നതു് പറയാം. അതായത് ഓരോ ഗ്രാമങ്ങളിലും ഓരോ ഡിപ്പാർട്ടുമെൻറുവഴി ചിലവാക്കുന്ന പണം പഞ്ചായത്തു മുഖേന ചിലവാക്കണമെന്നുള്ള അഭിപ്രായത്തോടു ഞങ്ങൾ പരിപൂർണ്ണമായി യോജിക്കുന്നു. പഞ്ചായത്തുകൾ നമ്മുടെ യഥാർത്ഥ ഭരണഘടകങ്ങൾ ആകണം. നമ്മുടെ ഭരണത്തിൻെറ അധിഷ്ഠാനം പഞ്ചായത്താണ്. അതിനുള്ള പണം ഞാൻ മുമ്പു പറഞ്ഞതുപോലെ ഉണ്ടാക്കി പഞ്ചായത്തുവഴി ചിലവാക്കുന്നപക്ഷം അതു ഒടുവിൽ ചെറിയ നല്ല ഭരണസമിതികളാകമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ശ്രീമാൻ കെ. എം. ജാർജ്ജ് പ്രസ്താവിക്കുകയുണ്ടായി നദീതടപദ്ധതികൾക്ക് സൂക്ഷ്മമായ ഏതെങ്കിലും ഒരു പരിപാടി ഭരണകക്ഷി രൂപീകരിച്ചിട്ടില്ല എന്നു. മാത്രമല്ല അല്പം ആക്ഷേപിക്കുകയും ചെയ്തു. അതേപ്പററി എനിക്കു പറയുവാനുള്ളതു് രാജപ്രമുഖന്റെ പ്രസംഗത്തിൽ കുടിൽ വ്യവസായങ്ങൾക്കും മററു വ്യവസായങ്ങൾക്കും കഴിയുന്നിടത്തോളം വിദ്യുച്ഛക്തി ഉപയോഗിച്ചു് നടത്തുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കണമെന്നു പറഞ്ഞിട്ടുണ്ടു്. പക്ഷെ എനിക്കൊന്നു ആവർത്തിച്ചു പറയുവാനുള്ളതു് നാം എല്ലാം യോജിച്ചു് നല്ലവണ്ണം ആലോചിച്ചു പ്രവർത്തിച്ചാൽ ഏതെല്ലാം കുടിൽ വ്യവസായങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുമെന്നു നോക്കി ആ വഴിക്കു് നല്ലവണ്ണം പ്രവർത്തിക്കാം എന്നാണു്. എങ്കിൽ ഇന്നു് നാട്ടിൽ കാണുന്നതായ തൊഴിലില്ലായ്മയ്ക്കു് പരിഹാരം കാണാൻ സാധിക്കും. അതിനു നാം എല്ലാം ഒത്തൊരുമിച്ചു പ്രവർത്തിക്കണം.

സർ, തിരുവിതാംകൂറും കൊച്ചിയും തമ്മിൽ പല കാര്യങ്ങളിലും ഇന്നു ഭിന്നതകൾ ഉണ്ടെന്നു് ഇവിടെ ചിലർ പറയുന്നതു കേട്ടു. അതു ശരിയാണു്. ഞങ്ങളുടെ ഉദ്ദേശവും ഈ ഭിന്നതകൾ കഴിയുന്നതും വേഗം അവസാനിപ്പിക്കണമെന്നാണു്. സർവ്വീസുസംയോജനം ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ അവസാനിപ്പിക്കാൻ സാധിക്കും. കരം സംബന്ധിച്ചുള്ള വ്യത്യാസങ്ങൾ അവസാനിപ്പിക്കാൻ വേണ്ട നിയമനിർമ്മാണം ഉടനെ ചെയ്യാം. അതുപോലെതന്നെ മററു ചില ഭിന്നതകളും ഇന്നുണ്ടു്. പെൻഷൻകാരുടെ ഒരു പരാതി കുറച്ചുകാലമായി നിലനിന്നുവരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പെൻഷൻകാരുടെ ക്ഷാമബത്തയിലും മററും ചില അസമത്വങ്ങൾ ഉള്ളതു് പരിഹരിക്കുവാൻ കഴിയുന്നതും വേഗം ഗവണ്മെൻറു് വേണ്ടനടപടി നടത്തണമെന്നാണു് ഉദ്ദേശിക്കുന്നതു്.

ഐക്യമുന്നണി കക്ഷിയിൽനിന്നും പൊതുവെ ഞാൻ മുമ്പു പറഞ്ഞ വിമർശനങ്ങൾ ഉണ്ടായെങ്കിലും പല പരിഗണനാർഹങ്ങളായ സംഗതികൾ പ്രസ്താവിച്ചുകാണുന്നതിൽ എനിക്കു അവരോടു വലിയ സന്തോഷമുണ്ടു്. പല രംഗത്തും ഇന്നു് മദ്ധ്യവർത്തികൾ ഉണ്ടു്. അതിനെ ഒഴിവാക്കണമെന്നുതന്നെയാണു ഈ ഗവണ്മെൻറിന്റെ ഉദ്ദേശം. അതേപ്പററി നല്ലവണ്ണം ആലോചിച്ചു പ്രവർത്തിക്കുന്നതാണു്. എല്ലാ രംഗങ്ങളിലുംനിന്നു് കൺട്രാക്ടന്മാരെയും മദ്ധ്യവർത്തികളെയും ഒഴിവാക്കുകയാണു് ഈ ഗവണ്മെൻറിന്റെ ലക്ഷ്യം. അതിനു ഈ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുമുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ അഭിപ്രായങ്ങൾക്കു് അവ അർഹിക്കുന്നവിലതന്നെ ഞാൻ കല്പിക്കുന്നു എന്നുള്ളതിൽ യാതൊരുമടിയും ഇല്ല. അതു അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കേൾക്കുമ്പോൾ എനിക്കു പലപ്പോഴും തോന്നീട്ടുള്ളതാണു്. പമ്പാനദിയിൽ കൂടി ധാരാളം വെള്ളം ഒഴുകുമ്പോൾ അതിന്റെ ഇരുഭാഗങ്ങളിലുമുള്ള നെൽപ്പാടങ്ങൾ ഉണങ്ങിക്കിടക്കുന്നതു് ഞാൻതന്നെ കണ്ടിട്ടുള്ളതാണു്. അതിനു് ലിഫ്ററു് ഇറിഗേഷൻ പദ്ധതി ആ ഭാഗങ്ങളിൽ നടപ്പാക്കുന്നതിനു് കഴിയുന്നതും വേഗം നടപടികൾ എടുക്കുന്നതാണു്. അതു മാത്രമല്ല കുളങ്ങൾ, തോടുകൾ ഇവ നന്നാക്കുന്നതിനും മറെറന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അതെല്ലാം കഴിയുന്നതും വേഗം ചെയ്യാം. ഇതിന്റെ ആവശ്യകതയെപ്പററി ഞാൻ മുൻകൊല്ലങ്ങളിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണു്. അതിനു് ബഡ്ജററിൽ പണം കൊള്ളിക്കാമെന്നു് വാഗ്ദാനവും ചെയ്തിരുന്നു.

സർ, തെക്കൻതിരുവിതാംകൂറിലെ പരാതികൾ കേൾക്കുന്നതിനെ സംബന്ധിച്ചാണെങ്കിൽ അവ അടിസ്ഥാനരഹിതമാണെന്നു് പറയാതെ

[ശ്രീ. എ. താണുപിള്ള]

നിവൃത്തിയില്ല. ഞാൻ തെക്കൻതിരുവിതാംകൂറുകാർക്ക് അറിഞ്ഞുകൊണ്ട് എന്തു ദ്രോഹമാണു ചെയ്തതു്. ഞാൻ അറിഞ്ഞുകൊണ്ട് ആർക്കും ദ്രോഹം ചെയ്തിട്ടില്ല. ശ്രീ. ചിദംബരനാഥനാടാർ പറഞ്ഞു നിയമസഭയിൽ കാലുകുത്തിയതുമുതൽ ഞാൻ അവരെ ദ്രോഹിച്ചു എന്നു്. ഇതു് ആവർത്തിച്ചു ആവർത്തിച്ചു പറയുന്നുണ്ടു്. ഞാൻ ഈ നാട്ടിലെ ഒരൊററയാളിനേയൊ ഒരു ജനവിഭാഗത്തേയൊ ഒന്നും ചെയ്തിട്ടില്ല. ഇനിമേലാൽ ഞാൻ ചെയ്യാനും പോകുന്നില്ല. അതു് എന്റെ തെക്കൻതിരുവിതാംകൂറിലെ സഹോദരന്മാർ മനസ്സിലാക്കണം. അവരുടെ പിൻതുണയും ഞങ്ങൾക്കു് ഉണ്ടായിരിക്കണം. തെക്കൻതിരുവിതാംകൂറുകാരുടെ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റു വേണ്ടതു ചെയ്യുന്നതാണു്. നാം തമ്മിലുള്ള സൗഹാർദ്ദം എന്നും നിലനിൽക്കണം. നാം ഇരിക്കുമ്പോഴും പിരിയുമ്പോഴും സൗഹാർദ്ദതയോടെ പിരിയാൻ ശ്രമിക്കണമെന്നാണു് ശ്രീമാൻ ചിദംബരനാഥനാടാരോടും അദ്ദേഹത്തിന്റെ സ്നേഹിതന്മാരോടും എനിക്കു പറയുവാനുള്ളതു്.

കയർവ്യവസായം, നെയ്ത്തുവ്യവസായം ഇവയെപ്പററി വേണ്ടിടത്തോളം പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. പൊതുവെയുള്ള ആക്ഷേപം ഞങ്ങൾ കാര്യങ്ങൾ ചെയ്യാം എന്നു പറഞ്ഞാലും അതു് ചെയ്തുതീർക്കുവാൻ സാദ്ധ്യമല്ല എന്നുള്ളതാണു്. എന്നാൽ എനിക്കു പറയുവാനുള്ളതു് ഈ വക കാര്യങ്ങൾ ഗവണ്മെന്റു പ്രത്യേകം പരിഗണിക്കുന്നതാണെന്നാണു്.

സർ, മദ്യനിരോധനത്തെപ്പററി ഒരു അവസാനതീരുമാനം ഈ ഗവണ്മെന്റു ചെയ്തതായി പറഞ്ഞില്ല. ഏതായിരുന്നാലും എന്റെ കക്ഷിയുടെ അഭിപ്രായമെന്തായിരുന്നാലും ഈ മദ്യനിരോധനത്തിനു് എന്നെപ്പോലെ അനുകൂലി മററാരുമില്ല. ഞാൻ ആദ്യം മദ്യനിരോധനം നടപ്പാക്കിയകാലത്തു തെക്കൻതിരുവിതാംകൂറിലെ സാധു സ്ത്രീകൾ എത്ര മാത്രം ആഹ്ലാദിച്ചു തുള്ളിച്ചാടി സന്തോഷം പ്രകടിപ്പിച്ചു.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇപ്പോഴും ആ ആഹ്ലാദം തുടരുന്നുണ്ടോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: തുടരുമെന്നെനിക്കു നിശ്ചയമുണ്ടു്. ഏതായിരുന്നാലും ഗവണ്മെന്റു് സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രൊഹിബിഷൻ ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ശരിക്കു നടത്തും. ഈ എസ്സൻസു മുതലായ വിൽപ്പനകൾ ഏതാനും ദിവസത്തിനകം നിറുത്തലാക്കും. പ്രൊഹിബിഷൻ ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ അതു ശരിക്കു നടത്താനാണു നിശ്ചയിച്ചിരിക്കുന്നതു്. പിന്നീടു് ഇതിന്റെ വ്യാപ്തിയെപ്പററി ആലോചിക്കാം.

Shri A. Chidambaranatha Nadar: Then why such peace-meal extension of prohibition in this State; why could not that be introduced throughout the State?

ശ്രീ. എ. താണുപിള്ള: ഈ വർഷം അതേപ്പററി ആലോചിക്കേണ്ട ആവശ്യമില്ല. ഈ വർഷം കള്ളുഷാപ്പുകളും ചാരായഷാപ്പുകളും ലേലം ചെയ്തുകൊടുത്തു കഴിഞ്ഞു. ഏതായിരുന്നാലും പുച്ഛിച്ചു തള്ളേണ്ടതില്ല.

സർ, പോലീസ്സുകാരെപ്പററി ഇവിടെ പറഞ്ഞുകഴിഞ്ഞു. ശ്രീ. പ്രകാശം ആററിങ്ങൽ ഉണ്ടായ ഒരു സംഭവത്തെപ്പററി ഇവിടെ പറയുകയുണ്ടായി. എനിക്കു കിട്ടിയ അറിവുവച്ചു നോക്കിയതിലും

ശ്രീ. പ്രകാശം പ്രസ്താവിച്ചതിന്റെ ഫലമായും അതേപ്പററി കൂടുതലായി അന്വേഷണം നടത്താം. ഈ സംഭവം ഏതോ ബസ്സുകാർ തമ്മിലുള്ള മത്സരംനിമിത്തം ഉണ്ടായിട്ടുള്ളതാണെന്നു് എന്റെ അറിവു്. അതേപ്പററി കൂടുതലന്വേഷണം നടത്താം. പോലീസ്സുകാരെ സംബന്ധിച്ചിടത്തോളം എനിക്കീയവസരത്തിൽ പറയാനുള്ളതു പോലീസ്സുകാരുടെ നിയമരഹിതമായ പ്രവർത്തനങ്ങളെ തടയുന്നതിനു് സകല ശക്തിയും ഗവൺമെന്റുപയോഗിക്കും. മുൻകാലങ്ങളിൽ പോലീസ്സുകാരെപ്പററി എന്തെല്ലാം പരാതികളുണ്ടായിരുന്നാലും ഇപ്പോൾ അങ്ങനെയുള്ള പരാതികൾക്കു് ഇടവരുത്താതെ ന്യായമായ നടപടികളെല്ലാം ഗവൺമെന്റു ചെയ്യുന്നതാണു്. പക്ഷെ, ഈ അവസരത്തിൽ എനിക്കു് ഒരു കാര്യംകൂടി പറയുവാനുണ്ടു്. പോലീസ്സുകാരുടെ ന്യായമായ പ്രവർത്തനങ്ങൾ മാത്രമെ ബഹുജനങ്ങൾ പോലീസ്സുകാരിൽനിന്നും ആശിക്കാവൂ, ആവശ്യപ്പെടാവൂ. പോലീസ്സുകാരെ അവരുടെ സ്ഥാനത്തു നിറുത്തുവാൻ ബഹുമാനപ്പെട്ട മെംബർമാരും പൊതുജനങ്ങളും നോക്കണം. അങ്ങനെയായാൽ നമ്മുടെ നാട്ടിൽ സമാധാനമുണ്ടാകും. അവർ ഒരു കൊള്ളരുതായ്മയും ചെയ്യുകയില്ല. നമ്മുടെ രാജ്യത്തു് സമാധാനവും ശാന്തിയും പരിപൂർണ്ണമായി പരിപാലിക്കണമെന്നു് എല്ലാം ജനവിഭാഗങ്ങളും എല്ലാ പൊതുപ്രവർത്തകന്മാരും ഓർക്കണമെന്നാണു് ഈ അവസരത്തിൽ എനിക്കു നിങ്ങളോടു ചെയ്യുവാനുള്ള അപേക്ഷ.

ശ്രീ. കെ. സി. ജാർജ്ജ്: അരിവില കുറയ്ക്കേണ്ടതിന്റെ അത്യാവശ്യത്തെപ്പററി ഞാൻ പറയുകയുണ്ടായി. അതിനെപ്പററി ഒന്നും പറഞ്ഞു കേട്ടില്ല.

ശ്രീ. എ. താണുപിള്ള: ആക്കാര്യം ഓർമ്മിപ്പിച്ചതു നന്നായി. ഇവിടത്തെ ഭക്ഷണസാധനങ്ങളുടെ വില ഒട്ടേറെ കാര്യങ്ങളിൽ ഇൻഡ്യാഗവൺമെന്റിനെ ആശ്രയിച്ചാണിരിക്കുന്നതു്. നമുക്കു് അരി വേണ്ടിടത്തോളം ഇല്ല. അരി തരേണ്ടതു് ഇൻഡ്യാഗവൺമെന്റാണു്. ഇൻഡ്യയിലെ മററു പല പ്രദേശങ്ങളിൽനിന്നും, പുറമെയുള്ള രാജ്യങ്ങളിൽനിന്നും ഇൻഡ്യാഗവൺമെന്റു് അരി വരുത്തിത്തരേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് അരിയുടെ വില കുറയ്ക്കുന്ന പ്രശ്നം ഇൻഡ്യാഗവൺമെന്റിന്റെ നിലയെക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്. വളരെ ചെറിയ തോതിലാണു് അരി കിട്ടുന്നതെങ്കിൽക്കൂടി അതിനെയും ബാധിച്ചായിരിക്കും വില നിശ്ചയിക്കുന്നതു്. ഈ വിഷയത്തിൽ പല കാര്യങ്ങളെയുംപററി ചിന്തിക്കേണ്ടതുണ്ടു്. അതിനുശേഷംമാത്രം അഭിപ്രായം രൂപീകരിക്കാവുന്ന ഒരു കാര്യമാണിതു്. നിയമസഭ കഴിഞ്ഞാൽ ഉടനെതന്നെ കേന്ദ്രഗവൺമെന്റിലെ മന്ത്രിയായ ശ്രീ. കിദ്വായിയെ ഞാൻ കണ്ടു് ഇതിനെപ്പററി സംസാരിക്കുന്നതായിരിക്കും. ഇപ്പോൾ ഇതിനെ സംബന്ധിച്ചു് ഏതു നിലയാണു് സ്വീകരിക്കാൻ പോകുന്നതെന്നു പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗത്തിൽ ജനങ്ങൾക്കു് സൗകര്യപ്രദമായ രീതിയിൽ വേണ്ടതു ചെയ്യുവാൻ ഗവൺമെന്റു് ശ്രമിക്കുന്നതാണെന്നു മാത്രമേ ഇതിനെപ്പററി എനിക്കിപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, I stand up to fulfil a convention. Having moved the Vote on Account, I have to reply and satisfy that convention. I am here to say a few words. Before doing so, may I sincerely thank the Hon. Members who participated in the debate for the valuable suggestions which

[Shri. P. S. Nataraja Pillai.]

they placed before the House, and which made it possible for us to understand the various viewpoints of the people. As you all know, the budget which I presented before you was framed by previous Government and we have only taken up the figures temporarily for the day-to-day administration. Such being the case, I need not go far, I think, to explain the figures contained in the budget nor would it be necessary for me to explain the policies implied in them.

Our present problem is the economic condition which our country is at present passing through. From every side of the House, questions of unemployment and under employment were emphasized. That evidently means that the purchasing power of the people, as was referred to by one or two Hon. Members, has gone down. What can be done immediately to raise the purchasing power of the people, to remedy unemployment and underemployment are problems which confront South India as a whole, say the nation as a whole. In a sense, it is not a problem for the Government; it is a problem for the people. It is essentially a people's problem now. With our density of population and with our limited resources, we can utilise the manpower available to increase the purchasing power of the people. If you ask me what we are going to do in this regard, I can only draw your attention to the statement in the Raj pramukh's address. You will concede that the most important problem is the tenancy problem, the relationship between the landlord and the tenant. The Incentive for the tiller of the soil should be given to take an active interest in his avocation in life, so shat the productivity of the land may increase, so that the purchasing power of the people may increase, so that the living standards may improve, so that, in the end, the prosperity of the land may be assured. As is well known, our country is an agricultural country, and a large section of our population is wedded to agriculture. But on the land, there are several persons with interest in it in diverse degrees, the owner landlord and the tenant farmer, with several intermediaries. Thus the problem is one of no easy solution. But it has to be solved, and I may go to the extent of saying that all the relevant materials for a solution are available with us. But these materials have to be collected and decisions taken. At any rate, I may announce without any diffidence, that this Government will venture into the field and arrive at decisions very soon. With the co-operation, help and consideration of the House, this Government hope, in the not very distant future, to enact measures which will help to solve the problem and thus increase the productivity of the land and consequently the purchasing power as well of the people. That is the most important fact which I request my friends to consider.

Then, Sir, about the industries. If we confine to agriculture in a land like ours, surely we cannot aspire for the high standards attained by the highly advanced countries. For that industrialisation is absolutely necessary. As a party, we hold the view that decentralisation of industries will serve the best interests of the country. Decentralisation of industries and the organisation of cottage industries on proper lines by introducing new small machines run with electric power, will increase the purchasing power of another section of the public. Thus by this two-fold approach, by solving the agricultural problem and by organising industrial production on a co-operative basis, the major problem of the economic development of the country should, in a way be helped; I do not venture to say that it will be completely solved. But I hope that we will be able to alleviate the misery to a certain extent.

In the speech of Shri George emphasis was made that the prevailing price of food grains is very high and that the purchasing power of the people is very low ; and his opinion was that the only remedy was to lower the price of rice. On the other hand, I would go to the extent of saying that the difficulty can be got over in another way, by raising the purchasing power of the people.

Shri M. P. Menon : Does it mean that the Government is not prepared to reduce the price ?

Shri P. S. Nataraja Pillai: I am sorry Mr. Menon does not understand me. I was putting it from the theoretical point of view.

ശ്രീ. കെ. സി. ജോർജ്ജ്: വിലക്കൂടുതൽ നിലനിൽക്കുന്നിടത്തോളം പർച്ചേസിംഗ് കപ്പാസിററി കുറയുകയല്ലേ ചെയ്യുന്നത്?

Shri P. S. Nataraja Pillai : I appreciate that point. But at the same time, I must say that our food prices will depend upon world prices of foodgrains also. Then we have to assess our taxable capacity. That will depend upon the national income. Applying these to our State, we will have to tax the people. How much will we be able to do so? You see these are problems which face us at present. I do not say I am well-versed in the subject, but as a student of finance, I have tried to study the subject for some time. And I would request hon. Members to think over the matter.

Mr. Speaker : Order, order. I am now putting the cut-motions to vote.

The motions of Shri N. Narayana Kurup, Shri J. A. Bhat, Shri V. K. Achuta Menon, Shri P. R. Krishnan, Shri T. K. Krishnan, Shri R. Ponnappa Nadar, Shri A. Chidambaranatha Nadar, Shri A. A. D. Luiz, Shri Joseph Chazhikattu and Shri T. P. Sitaraman were, by leave, withdrawn.

The motion for vote on account of the *Budget for 1954-55 was put to vote and carried.

The Assembly adjourned at 5 P. M. to meet again at 11 A. M. on Monday, the 29th March 1954.

*Please see Appendix III.

APPENDIX I.

Statement showing designation and scale of pay of Anglo-Indians in Government Service referred to in answer to Starred Question No. 59 [5].

Designation.		*No. of persons.*	*Scale of pay.*
			Rs.
Inspector General of Registration	..	1	350-450
Lecturer in Physical Education	..	1	225-275
Asst. Superintendent of Police	..	1	225-275
First Class Magistrate	..	1	175-250
Traffic and Taxation Assistant	..	1	175-225
Demonstrators	..	2	150-250
Assistant Surgeons	..	2	100-250
Supervisors	..	2	125-225
Fire Officer	..	1	150-200
Sub-Inspector of Police	..	1	80-120
Excise Inspector	..	1	80-120
Clerk	..	1	80-100
Clerks	..	4	45-75
Clerks	..	3	30-45
Stenographer	..	1	45-120
Typist	..	1	30-120
Teacher	..	1	50-100
Fire Master	..	1	50-80
Computor	..	1	45-75
Nurse	..	1	45-75
Mechanic	..	1	45-75
Draftsman	..	1	45-75
Head Constable	..	1	50
Jamadars	..	2	50
Chauffeur	..	1	30-75
Librarian	..	1	30-75
Compositors	..	2	30-75
Compounder	..	1	30-60
Sergeant	..	1	30-45
Forester	..	1	35
Jetty Superintendent	..	1	33
Constables	..	3	31
Library Attender	..	1	25-30
Laboratory Attender	..	1	25-30
Copyist	..	1	20-25
Carpenter	..	1	25
Masalji	..	1	20
Excise Guards	..	2	20
Total	..	51	

APPENDIX II

[Please see answer to Question No. 60 (6)]

FIRST SUPPLEMENT TO THE AGREEMENT BETWEEN THE UNITED NATIONS, THE GOVERNMENT OF NORWAY AND THE GOVERNMENT OF INDIA CONCERNING ECONOMIC DEVELOPMENT

Project for Fisheries Community Development in the State of Travancore-Cochin.

Whereas the United Nations, the Government of Norway and the Government of India, having agreed to co-operate in carrying out a programme of development projects to contribute to the furtherance of the economic and social welfare of the people of India ;

Whereas, the said Parties, having agreed that a project for fisheries community development in the State of Travancore-Cochin be undertaken in fulfilment of the objectives of the Agreement entered into between the said three parties on October 17, 1952 (hereinafter referred to as "Main Agreement") ;

Now, Therefore, the Parties to this Supplemental Agreement, having consulted together, hereby agree as follows :

1. Description of Project.

The purpose of the project is to bring about :—

(*a*) an increase in the return of fishermen's activity,

(*b*) an efficient distribution of fresh fish and improvement of fish products,

(*c*) an improvement of the health and sanitary conditions of the fishing population, and

(*d*) in general, a higher standard of living for the community in the project area.

To achieve this purpose intensive work will be started in the State of Travancore-Cochin in a limited area and gradually expanded. To begin with, the two fishing communities on both sides of the Neendakara bridge have been selected. On an area of about 10 square miles these communities have a total population of about 12,000 and have approximately 400 fishing boats.

In this locality :

(i) to the extent feasible present fishing boats will be supplied with suitable motors for which repair facilities will be provided, and new types of nets, fishing crafts and shore installations for handling boats and nets will be introduced. The possibilities of supplementary employment of the fishermen will be explored,

(ii) improvement in the handling and distribution of fresh fish will be introduced by providing one or more plants for producing ice, insulated sheds for short-term storage of ice, and insulated vans and, if desirable, motor crafts for transporting fresh fish. Efforts will be made to organize the distribution of fresh fish increasingly by fishermen's co-operative organizations which will be assisted in such manner as may be necessary. Equipment will be indroduced for the extraction of fish oil, and the possibilities of improving curing methods and producing fish meal from waste products will be examined, and

(iii) improvement of environmental sanitation will be carried out, with the main stress on the supply of safe drinking water, construction of latrines and disposal of sewage. A small Health Unit will be established including a dispensary with a small number of beds, and contributions will be made to the running of such a unit by providing a certain amount of equipment medicines, etc. Emphasis will be placed on preventive work and health education.

In order to ensure effective use of equipment and gear and continuity in the health and sanitary services, technical personnel as may be requested will be provided for demonstration, operation and maintenance of the various parts of the project and for the training of fishermen and of local personnel.

Medical assistance from Norway may include equipment and medicines needed for the tackling of health problems which may not be of major importance within the area selected, but which exist along the coastal area of Travancore-Cochin, like filariasis.

In view of the importance of marine fisheries research, equipment for work at sea will be provided for the use of the Marine Biological Laboratories of the University at Trivandrum.

2. Administration of Project.

(*a*) The Project shall be administered by the Government of Travancore-Cochin under the general supervision of the Government of India and in consultation with the Representative of the Board of the Norwegian Foundation.

(*b*) Items purchased from Norwegian funds under this Agreement and brought to India shall, unless otherwise agreed upon, become the property of the Government of India.

(*c*) It will be the endeavour of the Government of India eventually to enable fishermen's organisations to take over, on terms to be determined by the Government of India, project equipment which is of direct importance to the fishermen.

3. Contributions to the Project.

The contribution by the *Norwegian Foundation* will consist in providing :

(*a*) equipment, as mentioned under 1—Description of Project,

(*b*) such equipment for the construction of the project centre, including housing for the Norwegian personnel, health centre, repair shops, etc., as may be required to be procured by the Norwegian Foundation,

(*c*) such technical personnel as the Foundation may provide on request, and

(*d*) scholarships and fellowships or other arrangements under which, by agreement between the Indian Government, and the Foundation, candidates shall study or receive training in Norway.

The Contribution of the *United Nations* to the Project through its Technical Assistance Board and the Organizations represented thereon shall take the form of the provision of such assistance appropriate to the project as the said Board and Organizations under their respective rules and regulations may provide, subject to the provisions of the Main Agreement,

The contribution by the *Government of India* will consist in :

(1) materials needed locally for construction and building purposes, such as materials for modification of boats, building of sheds and houses,

(2) covering the cost of all local labour,

(3) providing Indian personnel for supervision and for training in taking over the functions of the Norwegian personnel, and such other personnel as may be needed,

(4) providing site for the project centre, and

(5) meeting local costs for the Norwegian personnel as may be agreed upon between the Government of India and the Government of Norway from time to time.

4. Implementation of Project.

Any communication concerning the implementation of the project shall be forwarded by the initiating party simultaneousy to the two other parties to this Agreement.

The provisions of the Main Agreement shall apply to this Supplemental Agreement.

This Supplemental Agreement shall enter into force on the date of its signature, and shall remain in force until terminated by either party upon six months notice to the others.

IN WITNESS WHEREOF the undersigned duly authorised representatives of the United Nations, the Government of Norway, and the Government of India, respectively, have signed this Agreement in three originals at New Delhi, this twenty-fourth day of January, 1953.

For the	*For the*	*For the*
United Nations.	*Government of Norway.*	*Government of India.*
(Sd.)	(Sd.)	(Sd.)
LEON STEINIG.	P. C. PROITZ.	G. R. KAMAT.

APPENDIX III.

Schedule of Demands.

1	2	3		
		Sums not exceeding		
No. of vote	Services and Purposes	Voted by the Assembly	Charged on the consolidated fund	Total
		In lakhs of Rs.	*In lakhs of Rs.*	*In lakhs of Rs.*
I	Agricultural Income-tax and Sales-tax ..	2.62	..	2.62
II	Land Revenue ..	7.52	..	7.52
III	Excise ..	5.75	..	5.75
IV	Stamps ..	1.12	..	1.12
V	Forest ..	23.03	..	23.03
VI	Registration ..	4.52	..	4.52
VII	Motor Vehicles Act ..	1.99	..	1.99
VIII	Irrigation ..	30.52	..	30.52
	Debt Charges ..	..	26.77	26.77
IX	Heads of States, Ministers and Head Quarters Staff ..	8.96	1.74	10.70
X	State Legislature ..	1.47	0.08	1.55
XI	Election ..	3.59	...	3.59
XII	District Administration and Miscellaneous ..	16.75	..	16.75
XIII	Administration of Justice ..	13.38	1.29	14.67
XIV	Jails ..	2.36	..	2.36
XV	Police ..	28.83	..	28.83
XVI	Ports ..	0.14	..	0.14
XVII	Scientific Departments ..	1.16	..	1.16
XVIII	Education ..	126.90	..	126.90
XIX	Medical ..	35.85	..	35.85
XX	Public Health ..	10.01	..	10.01
XXI	Agriculture ..	9.09	..	9.09
XXII	Rural Development ..	5.85	..	5.85
XXIII	Veterinary ..	2.03	..	2.03
XXIV	Co-operation ..	2.17	..	2.17
XXV	Industries ..	35.43	..	35.43
XXVI	Labour and Miscellaneous ..	7.34	..	7.34
XXVII	Civil Works ..	88.52	..	88.52

Schedule of —(*concld.*)

1	2	3		
		Sums not exceeding		
No. of vote	Services and Purposes	Voted by the Assembly	Charged on the consolidated fund	Total
		In lakhs of Rs.	*In lakhs of Rs.*	*In lakhs of Rs.*
XXVIII	Electricity ..	18.75	..	18.75
XXIX	Pensions ..	25.93	0.07	26.00
XXX	Stationery & Printing ..	8.69	..	8.69
XXXI	Miscellaneous ..	8.11	17.00	25.11
XXXII	Extraordinary Charges ..	74.25	..	74.25
XXXIII	Community Development Projects	24.59	..	24.59
XXXIV	Transport Schemes ..	55.12	..	55.12
XXXV	Capital Outlay on Irrigation ..	16.78	..	16.78
XXXVI	Capital Outlay on Agricultural Improvement ..	0.24	..	0.24
XXXVII	Capital Outlay on Industrial Development ..	52.80	..	52.80
XXXVIII	Capital Outlay on Civil Works ..	24.03	..	24.03
XXXIX	Capital Outlay on Electricity Schemes ..	68.52	..	68.52
XL	Capital Outlay on Transport Schemes ..	12.14	..	12.14
XLI	Capital Outlay on State Trading Schemes ..	893.03	..	893.03
XLII	Loans and Advances bearing interest ..	18.68	..	18.68
	Public Debt Repayment ..	..	477.06	477.06
	GRAND TOTAL ..	1778.56	524.01	2302.57

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1954

Monday, the 29th March 1954.

Vol. X	OFFICIAL REPORT	No. 6

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 29th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ജലക്ഷാമം

*൧൭. [൭] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, മട്ടാഞ്ചേരി എന്നീ നഗരങ്ങളിൽ വേനൽക്കാലം ആരംഭിച്ചതോടുകൂടി ജലക്ഷാമം ബാധിച്ചിരിക്കുന്നുവെന്ന കാര്യം ഗവണ്മെൻറശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ജലക്ഷാമപരിഹാരാർത്ഥം എന്തു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) കോട്ടയം നഗരത്തിൽ വേനൽക്കാലത്തു ജലക്ഷാമം ഉണ്ടാകാറുണ്ടെന്നു ഗവണ്മെൻറിനു അറിയാം. മട്ടാഞ്ചേരിനഗരത്തിൽ വേണ്ടത്ര വെള്ളം കിട്ടുന്നില്ലെന്നും അറിയാം.

(ബി) തൽക്കാലപരിഹാരത്തിനു കോട്ടയം നഗരത്തിൽ മുനിസിപ്പാലിറ്റിയിൽനിന്നും ലോറികളിൽ ജലവിതരണം ചെയ്യുന്നുണ്ട്. മട്ടാഞ്ചേരിയിൽ കുഴൽവെള്ളം കൂടുതൽ എത്തിക്കുന്നതിനുവേണ്ടി ചൊവ്വര വാട്ടർവർക്ക്സിൽ ചില പരിഷ്ക്കരണജോലികൾ നിർവഹിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ കോട്ടയത്തു സ്ഥിരമായ ഒരു ജലവിതരണ പദ്ധ

തിയും മട്ടാഞ്ചേരിയിൽ ജലവിതരണം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഒരു വമ്പിച്ച പദ്ധതിയും ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ: ഇക്കൊല്ലത്തെ ബഡ്ജററിൽ ആറ ലക്ഷത്തി അൻപതിനായിരം രൂപ കോട്ടയം വാട്ടർസപ്ലൈയ്ക്കു് വേണ്ടി വച്ചിരിക്കുന്നതു് പ്രിലിമിനറി [illegible]ിക്കവേണ്ടിയാണോ?

ശ്രീ. എ. അച്യുതൻ: അതെ.

ശ്രീ. പി. ഭാസ്കരൻനായർ: എന്നുമുതൽ കോട്ടയത്തു കുഴൽവെള്ളം കൊടുക്കാൻ സാധിക്കും എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: കോട്ടയത്തേയ്ക്കു് ൪൦ ലക്ഷം രൂപ ചെലവു വരുന്ന ഒരു വലിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടു്. ആ പദ്ധതി അനുസരിച്ചുള്ള ജോലി പൂത്തിയായാലുടൻ കോട്ടയം ടൗണിൽ കുഴൽവെള്ളം കിട്ടുന്നതാണു്.

ശ്രീ. പി. ഭാസ്കരൻനായർ: അതിൻെറ പ്രവൎത്തനം ഉടനടി തുടങ്ങുമോ?

ശ്രീ. എ. അച്യുതൻ: തുടങ്ങാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ: മുനിസിപ്പാലിററിയിൽ നിന്നും ഈ തുകയുടെ ഏതെങ്കിലും ഒരംശം ഓഹരിയായി സംഭാവനചെയ്യണമെന്നു ഗവണ്മെൻറ കരുതുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ മുനിസിപ്പാലിററിയിൽനിന്നും ഓഹരി ആവശ്യപ്പെടുന്ന ആലോചനയില്ല.

ശ്രീ. എം. പി. മേനോൻ: മട്ടാഞ്ചേരിയിൽ താൽക്കാലികമായി വെള്ളം കൊടുക്കാനുള്ള ഏർപ്പാടു ചെയ്യുമോ?

ശ്രീ. എ. അച്യുതൻ: അവിടെ സ്ഥിരമായിട്ടുതന്നെ എന്തെങ്കിലും പരിഹാരം ഉണ്ടാക്കണം. ചൊവ്വരപൈപ്പുലൈൻ വലുതാക്കി സപ്ലൈ വർദ്ധിപ്പിക്കണം.

ശ്രീ. എം. പി. മേനോൻ: പൈപ്പുലൈൻ വലുതാക്കാതെ താൽക്കാലികമായി നീളം കൂട്ടുന്നതിനുള്ള നടപടി എടുക്കുമോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. എ. ബാലൻ: വടക്കേക്കരെ ശുദ്ധജലം കൊടുക്കുന്നതിനു വല്ല നടപടികളും ഗവണ്മെൻറ് എടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ: അവിടെ ഉപ്പുവെള്ളമാണു് കിട്ടുന്നതെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. എ. അച്യുതൻ: അവിടെ മാത്രമല്ല തീരപ്രദേശങ്ങളിൽ പലയിടത്തും ഉപ്പുവെള്ളമാണു് കിട്ടുന്നതു്.

ശ്രീ. കെ. എ. ബാലൻ: അതിന്റെ പരിഹാരത്തിനു പുതിയ പദ്ധതികൾ വല്ലതും ഉണ്ടോ?

ശ്രീ. എ. അച്യുതൻ: തീരപ്രദേശത്തു ശുദ്ധജലവിതരണത്തിനുള്ള പദ്ധതികൾ ആലോചിച്ചുവരികയാണ്.

ശ്രീ. എ. എ. റഹിം: കൊല്ലത്തെ ജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി വല്ല പദ്ധതിയും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ മട്ടാഞ്ചേരിയിലെയും കോട്ടയത്തെയും കാര്യമാണ് പറയുന്നത്. കൊല്ലത്തെ കാര്യത്തിനു പ്രത്യേകം ഒരു ചോദ്യമയച്ചാൽ മറുപടി പറയാം.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. രണ്ടാമത്തെ ചോദ്യത്തെപ്പററി ഇതിനുമുമ്പും ഈ സെഷനിൽതന്നെ പല ചോദ്യങ്ങളും ഉണ്ടായിട്ടുണ്ട്. ആ സ്ഥിതിക്ക് അതു വീണ്ടും ഈ സഭയിൽ അനുവദിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I am passing on to question No. 3

ശ്രീ. പി. ഭാസ്കരൻ നായർ: സർ, ഈ ചോദ്യം ഇതിനു മുമ്പു ചോദിച്ചിട്ടില്ല. പ്രൈംമിനിസ്റ്ററുടെ യാത്രച്ചെലവിനെപ്പററിയാണ് ഇതിനുമുമ്പു ചോദ്യം ഉണ്ടായിട്ടുള്ളത്. ഇതു ഇൻഡ്യൻനാഷണൽകാൺഗ്രസ്സ് പ്രസിഡൻറിന്റെ യാത്രച്ചെലവിനെപ്പററിയുള്ള ചോദ്യമാണ്.

മി. സ്പീക്കർ: അവതമ്മിൽ ഒരു ചെറിയ വ്യത്യാസമേ ഉള്ളു.

ശ്രീ. പി. ഭാസ്കരൻ നായർ: ഇല്ല, വളരെ വ്യത്യാസം ഉണ്ട്.

Mr. Speaker: If the member is very anxious to ask that question, I shall allow.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചോദ്യം മുമ്പു ചോദിച്ച വാചകത്തിൽതന്നെ വേണമെന്നില്ല. കാര്യം അതായിരുന്നാൽ മതി. നാളെ ജവഹർലാൽ നെഹ്റുവിന്റെ യാത്രച്ചെലവിനെപ്പററി ചോദിക്കും. അതിനടുത്ത ദിവസം പണ്ഡിററ്ജിയുടെ കാര്യത്തെപ്പററി ചോദിക്കും. ഇതെല്ലാം കാര്യത്തിൽ വ്യത്യാസമൊന്നും ഉള്ളതല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരുന്നോ എന്നൊരു ചോദ്യം ഉണ്ടായിട്ടില്ല. അതൊരു വലിയ പ്രശ്നമാണ്.

മി. സ്പീക്കർ: ഒരു ചോദ്യം വന്നാൽ ധാരാളം സപ്ലിമെൻററി ചോദ്യങ്ങൾ അനുവദിക്കുന്നതുകൊണ്ട് ഇത്തരം ചോദ്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കാതെ കഴിഞ്ഞാൽ കൊള്ളാമെന്നാണ് എന്റെയും ആഗ്രഹം. എന്നിരുന്നാലും ഏതെങ്കിലും ഒരു വിഷയത്തെപ്പററി ന്യായമായ ഒരു ചോദ്യം ചോദിക്കണമെന്ന് ഈ സഭയിലെ ഏതെങ്കിലും ഒരംഗത്തിന് ആഗ്രഹമുണ്ടെങ്കിൽ ആ അവകാശത്തെ നിഷേധിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. അതുകൊണ്ട് ശ്രീ. ഭാസ്കരൻനായർക്ക് ഈ ചോദ്യം ചോദിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ ചോദിക്കാവുന്നതാണ്.

ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡന്റിന്റെ തിരുവിതാംകൂർ-കൊച്ചി പര്യടനം സംബന്ധിച്ച ചെലവുകൾ.

*൧൨. [൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പു പ്രചരണാർത്ഥം ഈ സംസ്ഥാനത്തു പര്യടനം നടത്തിയ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡന്റിനു് പ്രസംഗവേദികൾ നിർമ്മിക്കുന്നതിനു് പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരുന്നോ;

(ബി) എത്ര സ്ഥലങ്ങളിൽ പ്രസംഗവേദികളും മുള്ളുവേലികളും നിർമ്മിച്ചു;

(സി) അതിനു എന്തു സംഖ്യ ചെലവായി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉവ്വ്.

(ബി) ൨൧ സ്ഥലങ്ങളിൽ പ്രസംഗവേദികളും ൫൦൯ സ്ഥലങ്ങളിൽ മുള്ളുവേലികളും നിർമ്മിച്ചു.

(സി) ചെലവുകളുടെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ഇൻഡ്യൻ പ്രധാനമന്ത്രി എന്ന നിലയിൽ കാൺഗ്രസ്സ് പ്രസിഡന്റ് എന്തെങ്കിലും ഔദ്യോഗികകാര്യങ്ങൾ അദ്ദേഹത്തിന്റെ സന്ദർശനത്തിനിടയിൽ ഇവിടെ വച്ചു നിർവഹിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അദ്ദേഹം ഒന്നുരണ്ടു് ഔദ്യോഗികകാര്യങ്ങൾ നിർവഹിച്ചിട്ടുണ്ടു്. അതിനെപ്പറ്റി കഴിഞ്ഞതവണ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീ. പി. ഭാസ്കരൻ നായർ: ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡന്റ് ഇവിടത്തെ ഗവണ്മെന്റിന്റെ ക്ഷണം അനുസരിച്ചാണോ, കാൺഗ്രസ്സ് പാർട്ടിയുടെ ക്ഷണം അനുസരിച്ചാണോ ഈ രാജ്യം സന്ദർശിച്ചതു്?

ശ്രീ. എ. താണുപിള്ള: ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡന്റായി ഇവിടെ വന്നതു് കാൺഗ്രസ്സ് പാർട്ടിയുടെ ക്ഷണമനുസരിച്ചായിരിക്കും.

ഫീസ്സ്.

*൧൩. [൩] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള ഗവണ്മെന്റും പ്രൈവറ്റും വക കാളേജുകളിൽ ഒരേ ക്ലാസ്സിൽ വ്യത്യസ്തങ്ങളായ ഫീസു് ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) പ്രൈവററ കോളേജുകളിലെ ഫീസ് ഗവണ്മെൻറ് കോളേജുകളിലേതിനോടു തുല്യമായിരിക്കണമെന്ന് വ്യവസ്ഥയില്ല.

ശ്രീ. വി. ശ്രീധരൻ: ഫീസ് തുല്യമാക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനുമാത്രം ചെയ്യാവുന്ന ഒരു കാര്യമല്ല അത്. യൂണിവേഴ്സിററിയാണ് പ്രധാനമായി അതിൽ ചുമതലപ്പെട്ടിട്ടുള്ളത്.

ശ്രീ. വി. ശ്രീധരൻ: തിരുവനന്തപുരത്തുള്ള സെക്കൻറ്ഗ്രേഡ് കോളേജിലും എം. ജി. കോളേജിലും, മാർ ഈവാനിയോസ് കോളേജിലും ഇൻറർമീഡിയററ ക്ലാസിലേയ്ക്ക് ഈടാക്കുന്ന ട്യൂഷൻഫീ എന്താണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: യൂണിവേഴ്സിററി ഇൻറർമീഡിയററ കോളേജിൽ ൬൮ രൂപയും, മഹാത്മാഗാന്ധികോളേജിലും മാർ ഈവാനിയോസ് കോളേജിലും ൧൦൬ രൂപയും ആണ്.

ശ്രീ. വി. ശ്രീധരൻ: പ്രൈവററകോളേജുകളിൽ കാഷൻഫീ എന്നൊന്നു ഈടാക്കുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററിയുള്ള വിവരങ്ങൾ എൻെറ കൈവശമില്ല.

ശ്രീ. കെ. എ. ബാലൻ: ഈ കോളേജുകളിലെ ഫീസ് തുല്യമാക്കുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുന്നതിനു ഗവണ്മെൻറിനു അധികാരമില്ലേ?

ശ്രീ. എ. താണുപിള്ള: അതിനിന്ന് അധികാരമുണ്ടോ എന്നുള്ള കാര്യം സംശയമാണ്. പക്ഷെ ഇക്കാര്യത്തെപ്പററി ഗവണ്മെൻറ കഴിയുന്നതു ചെയ്യും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ പ്രൈവററ കോളേജുകൾ സ്വകാര്യവ്യവസായങ്ങളല്ലേ?

ശ്രീ. എ. താണുപിള്ള: പ്രൈവററ കോളേജുകൾ നിയമമനുസരിച്ചു യൂണിവേഴ്സിററിയുടെ നിയന്ത്രണത്തിനു വിധേയമായി പ്രൈവററ ഏജൻസികൾ നടത്തുന്നതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എല്ലാ പ്രൈവററ കോളേജുകളിലും ഗവണ്മെൻറ കോളേജുകളിലേക്കാളും ഫീസ് കൂടുതലാണെന്നു കാണുന്നു

സ്ഥിതിക്ക് ഗവണ്മെന്റ് കാളേജിലെ നിരക്കനുസരിച്ച് പ്രൈവററ് കാളേജുകളിലെ ഫീസ് കുറയ്ക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റ് ചെയ്യുമോ?

ശ്രീ. ഏ. താണുപിള്ള: ഗവണ്മെന്റിനാൽ കഴിയുന്നതു ചെയ്യുമെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. നാരായണക്കുറുപ്പ്: പ്രൈവററ് കാളേജുകൾ വ്യവസായശാലകളാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

ശ്രീ. ഏ. താണുപിള്ള: കാളേജുകൾ വ്യവസായശാലകളല്ലല്ലോ.

ശ്രീ. പി. കെ. യശോധരൻ: യൂണിവേഴ്സിററിയുടെ ഏതു നടപടിയും അനുവദിച്ചുകൊടുത്തു നടപ്പിലാക്കാനാണോ ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്?

ശ്രീ. ഏ. താണുപിള്ള: നിയമമനുസരിച്ച് യൂണിവേഴ്സിററിക്ക് ചില അധികാരങ്ങളുണ്ട്. ഗവണ്മെന്റിനും ചില അധികാരങ്ങൾ ഉണ്ട്. അതുകൊണ്ട് യൂണിവേഴ്സിററി തോന്നുന്നതുപോലെ ചെയ്യാൻ ഗവണ്മെന്റ് അനുവദിക്കുന്നതല്ല.

ശ്രീ. പി. കെ. യശോധരൻ: എങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ പ്രേരണ ചെലുത്തിക്കൂടേ?

ശ്രീ. ഏ. താണുപിള്ള: ഇക്കാര്യത്തിൽ ഗവണ്മെന്റ് കഴിയുന്നതു ചെയ്യാമെന്നു പറഞ്ഞുകഴിഞ്ഞു. അതാണ് ഗവണ്മെന്റിന്റെ പ്രേരണ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഗവണ്മെന്റ് കാളേജുകളിൽ പിരിക്കുന്ന ഫീസിനേക്കാൾ കൂടുതൽ ഫീസ് പിരിക്കാൻ പ്രൈവററ് കാളേജുകളെ സഹായിക്കുന്ന നിയമം വല്ലതുമുണ്ടോ?

ശ്രീ. ഏ. താണുപിള്ള: ഒരേ തരത്തിലുള്ള ഫീസ് വേണമെന്നു് നിയമമില്ല. പ്രൈവററ് കാളേജുകാർ പറയുന്നതു് മാനേജുമെന്റ് ചെലവുനോക്കുമ്പോൾ കൂടുതൽ ഫീസ് പിരിക്കേണ്ട ആവശ്യമുണ്ടെന്നാണ്. ഇക്കാര്യത്തെപ്പററി ഗവണ്മെന്റ് അന്വേഷിച്ച് വേണ്ടതുചെയ്യാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഓരോ കാളേജിലെയും ട്യൂഷൻ ഫീസ് ക്ലിപ്തമായി വയ്ക്കണമെന്ന് അനുശാസിക്കുന്ന നിയമം വല്ലതുമുണ്ടോ?

ശ്രീ. ഏ. താണുപിള്ള: അതിനു നോട്ടീസ് വേണം.

ശ്രീ. പി. ആർ. മാധവൻപിള്ള: പ്രൈവററ് കാളേജുകളിൽ കൂടുതൽ ചെലവുണ്ടെന്നു പറയുന്നതു അവിടെയുള്ള പ്രൊഫസറന്മാർക്ക് കൂടുതൽ ശമ്പളം കൊടുക്കുന്നതുകൊണ്ടാണോ?

ശ്രീ. ഏ. താണുപിള്ള: അദ്ധ്യാപകന്മാരുടെ ശമ്പളം, ലൈബ്രറി, സ്കൂൾ കെട്ടിടം, ലാബറട്ടറിക്കുവേണ്ട സാമഗ്രികൾ, ഇങ്ങനെ പലതുമുണ്ട്.

. ശ്രീ. അവിരാതരകൻ: പ്രൈവററ് കാളേജുകളിലെ വരവിനങ്ങളെപ്പററി നോക്കാൻ ഗവണ്മെന്റിനു അധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു പരിശോധിച്ചേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രൈവററ കാളേജുകളിലെ അദ്ധ്യാപകന്മാൎക്ക് ശമ്പളം നിശ്ചയിക്കുന്നതു സംബന്ധിച്ച് വല്ല നിർദ്ദേശവും യൂണിവേഴ്സിററിയിൽനിന്നും കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: നോട്ടീസുകൂടാതെ അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോപാലൻ: പ്രൈവററ കാളേജുകൾക്ക് ഗവണ്മെൻറിൽനിന്നും ഗ്രാൻറ നൽകുന്നില്ലേ?

ശ്രീ. എ. താണുപിള്ള: ചില കാളേജുകൾക്ക് ഗ്രാൻറ നൽകുന്നുണ്ട്.

ശ്രീ. പി. ഗോപാലൻ: ആ സ്ഥിതിക്ക് ഈ വക കാൎയ്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനില്ലേ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിൻെറ അധികാരങ്ങളെപ്പററി ഞാൻ ഒന്നുരണ്ടു തവണ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. ഭാസ്കരപിള്ള: വിദ്യാൎത്ഥിസംഘടനകളിൽനിന്നും ഫീസു കുറയ്ക്കേണ്ടതിനെപ്പററി വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നോട്ടീസ് വേണം.

ശ്രീ. പ്രാക്കുളം ഭാസി: പ്രൈവററ കാളേജു നടത്തുന്ന വ്യവസായം ഗവണ്മെൻറ ദേശീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഒരു ഉദ്ദേശം ഇപ്പോഴില്ല.

Employment Exchange.

*74. [4] **Shri A. A. D. Luiz :** Will the Chief Minister be pleased to state the exact number of Anglo-Indians provided with employment by the Employment Exchanges functioning in this State during the years 1950-1954?

Minister for Finance **(Shri P. S. Nataraja Pillai):** 34 Anglo-Indians were provided with employment.

Shri A. A. D Luiz : On a former occasion I got the answer that no Anglo-Indian was provided with employment till 1951. May I know the period during which these 34 candidates were provided with employment?

Shri P. S. Nataraja Pillai : These people were appointed after 1952.

റൈസ് മില്ലുകൾ.

*൭൬. [൬] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസ്മില്ലുകൾ സ്ഥാപിച്ചിട്ടുള്ളതുകൊണ്ട് തൊഴിലില്ലാതായ ആളുകൾ എത്ര?

(ബി) തൊഴിലില്ലായ്മയുടെ രൂക്ഷതയെ പരിഗണിച്ച് റൈസ് മിൽ നിരോധിക്കാൻ സർക്കാർ നടപടി നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഇതുസംബന്ധിച്ച് സ്ഥിരമായ കണക്കുകൾ ഗവൺമെന്റ ശേഖരിച്ചിട്ടില്ല.

(ബി) ഈ സംഗതിയെപ്പററി ആലോചിക്കാം.

ശ്രീ. യു. നീലകണ്ഠൻ: ഇതിനെപ്പററി എൻക്വയറി നടത്താൻ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നിയമിച്ചിട്ടുണ്ട്, ആ കമ്മിററിയുടെ റിപ്പോർട്ടും വന്നിട്ടുണ്ട്.

ശ്രീ. യു. നീലകണ്ഠൻ: ആ റിപ്പോർട്ടനുസരിച്ച് ഗവൺമെന്റ എന്തു നടപടി നടത്തി?

ശ്രീ. എ. താണുപിള്ള: ആ റിപ്പോർട്ടിനെപ്പററി ഗവൺമെന്റ ആലോചിക്കുകയാണ്.

ശ്രീ. ററി. ഒ. ബാവാ: റൈസുമില്ല നടത്തുന്നതിന് ഫീസ് അടച്ച് ലൈസൻസിനു അപേക്ഷിച്ചിട്ടുള്ള മിൽ ഉടമസ്ഥന്മാർക്ക് ഫീസ് മടക്കിക്കൊടുക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിന് നോട്ടീസുവേണം.

Rice Mills.

*76. [6] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) the number of rice mills that are running in this State at present;

(*b*) the recommendations of the Rice Mills Enquiry Committee; and

(*c*) the number of persons employed in rice milling cottage industry in this State?

Chief Minister (**Shri A. Thanu Pillai**): (*a*) 236.

(*b*) A † statement containing the recommendations is placed on the table.

†Please see Appendix.

(*c*) No statistics are available with Government.

Shri K. Sattanatha Karayalar : Does the Government propose to start new rice mills in the Tamil speaking area?

ശ്രീ. എ. താണുപിള്ള : അതിനെപ്പറ്റി ആലോചിക്കാം.

Shri K. Sattanatha Karayalar : Have the Government received any representation from the Tamil speaking area regarding this matter ?

ശ്രീ. എ. താണുപിള്ള : അതിനു നോട്ടീസ്സു വേണം.

ശ്രീ. പി. വിശ്വംഭരൻ : ഈ വന്ന മില്ലുകൾ ഉള്ളതു ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതമെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നെല്ല് കുത്തുന്നതിന് ആളുകളെ കിട്ടാൻ കോട്ടയം, മീനച്ചിൽ മുതലായ സ്ഥലങ്ങളിൽ വലിയ വിഷമമാണെന്നുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

Shri T. S. Ramaswami : Are the Government aware that it is South Travancore that is affected by this policy ?

ശ്രീ. എ. താണുപിള്ള : അതിനെപ്പറ്റി അന്വേഷിക്കാം.

Shri T. S. Ramaswami : May I know the main suggestion of the Enquiry Committee?

Shri A. Thanu Pillai : It is placed on the table.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : റൈസ്മിൽ കമ്മിററി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : ആ റിപ്പോർട്ട് ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ : ഈ റൈസ്മില്ലുകൾ നടത്തുന്നതു കൊണ്ടു എന്തു പ്രത്യേക ഉദ്ദേശമാണു ഗവണ്മെൻറിനുള്ളതു?

ശ്രീ. എ. താണുപിള്ള : പ്രത്യേക ഉദ്ദേശമൊന്നുമില്ല. റൈസ്മിൽ അനുവദിച്ചു കിട്ടണമെന്നു ചില പ്രത്യേക സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ കിട്ടുമ്പോൾ ഗവണ്മെൻറ് അതു അനുവദിച്ചുകൊടുക്കുകയാണു ചെയ്യുന്നതു. നെല്ലുകുത്തി എടുക്കുന്നതിനു കൂടുതൽ സൗകര്യവുമുണ്ടു. തൊഴിൽപരമായി ഇതു ശരിയാണോ എന്നുള്ള കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ : റൈസ്മില്ലിനു അനുവാദം കൊടുക്കാൻ പാടില്ലെന്നു പല സ്ഥലങ്ങളിലെയും സാധുജനങ്ങൾക്കു അഭിപ്രായമുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങിനെയും അഭിപ്രായമുള്ളതായി അറിയാം.

Shri N. Raghava Kurup: May I know whether the Government have taken any steps to remove the restriction?

ശ്രീ. എ. താണുപിള്ള: ഹൈക്കോടതിയിൽ ഒരു വിധി ഉണ്ട്. ഈ പ്രശ്നം മുഴുവൻ ഗവണ്മെന്റ് പരിഹരിക്കുന്നതാണ്.

Shri N. Raghava Kurup: My question is whether Government have taken any steps as yet to remove the restriction.

ശ്രീ. എ. താണുപിള്ള: അതിനെപ്പറ്റി ആദ്യമായുണ്ടായ ഉത്തരവിനുശേഷം വേറെ ഉത്തരവു ഇതുവരെ ഉണ്ടായിട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തൊഴിലാളിപ്രേമികളായ ചില മെംബറന്മാർ റൈസ്മില്ലുകൾ അനുവദിക്കാൻ പാടില്ലാ എന്നു പ്രക്ഷോഭണം നടത്തിക്കൊണ്ടിരുന്ന കാലത്തും, തൊഴിലാളികൾക്കു കൂലി നെല്ലായിട്ടുതന്നെ ലഭിച്ചുകൊണ്ടിരുന്ന കാലത്തും ആ മെംബറന്മാരുടെ നെല്ല് മില്ലിലാണു കുത്തിച്ചുവന്നതെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അറിയാൻ പാടില്ല.

ശ്രീ. എം. പി. മേനോൻ: ഏതു ഗവണ്മെന്റാണു ഈ റൈസ് മില്ലുകൾക്കു അനുവാദം നൽകിയതു്?

ശ്രീ. എ. താണുപിള്ള: മുൻപിലത്തെ ഗവണ്മെന്റാണ്.

ശ്രീ. അവിരാത്തരകൻ: മുതലാളിപ്രേമികളായ ആളുകൾ കള്ളത്തരത്തിൽ റൈസ്മിൽ നടത്തി നെല്ലുകുത്തിക്കൊടുത്തുവന്നതായി ഗവണ്മെന്റിനറിയാമോ?

ശ്രീ. എൻ. ജി. ചാക്കോ: 'കള്ളത്തരം' എന്നവാക്ക് പാർലമെന്ററിയാണോ?

ശ്രീ. അവിരാത്തരകൻ: 'സത്യവിരുദ്ധം' എന്നു തിരുത്താം.

ശ്രീ. എ. താണുപിള്ള: സത്യവിരുദ്ധമായി പലതും നടക്കുന്നതുപോലെ ഇതും നടക്കുന്നുണ്ടായിരിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: ഈ റൈസ്മിൽ ലൈസൻസ്ഫീസു മുഖേന ഗവണ്മെന്റിന് എത്ര രൂപ വരവുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസു വേണം.

ശ്രീ. ടി. ഒ. ബാവാ: എന്തുകൂലി കൊടുക്കാമെന്നു പറഞ്ഞാലും ദേഹാധ്വാനമുള്ള ഈ ജോലിചെയ്യാൻ വടക്കൻപ്രദേശങ്ങളിൽ ആളെ കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അതറിഞ്ഞുകൂടാ.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒരു പായിൻറ് ഓഫ് ഓർഡർ. സർ, ഉപചോദ്യങ്ങൾ ചോദിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ചില നിബന്ധനകളുണ്ട്. അതായത് ഒരു ഉപചോദ്യം ചോദിച്ച മെംബർ ചോദിച്ചുകഴിഞ്ഞ് സീററിൽ ഇരുന്നതിൽ പിന്നീട്, വേറെ പല മെംബർമാരും ഉപചോദ്യങ്ങൾ ചോദിച്ചതിനുശേഷം വീണ്ടും ആദ്യത്തെ ചോദ്യകർത്താവിന് ചോദ്യങ്ങൾ ചോദിക്കാൻ അവകാശംകൊടുക്കാൻ പാടില്ലെന്നു ഒരു റൂളിംഗ് ഇവിടെ ഉണ്ടായിട്ടുണ്ട്. ഇതിനെതിരായി ഇവിടെ ഒരു മെംബർതന്നെ പല ഉപചോദ്യങ്ങളും ചോദിക്കുന്നതുകണ്ടു. ഇതിനെപ്പററി ഒരു റൂളിംഗ് നൽകിയാൽകൊള്ളാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അങ്ങനെ ഒരു നിയമം ലജിസ്ലേററിവ് അസംബ്ലി റൂൾസിലും, സ്റ്റാൻറിംഗ് ആർഡറിലും ഇല്ലെന്നു പത്തനാപുരം മെംബർക്കറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടെന്ന് പത്തനാപുരം മെംബർക്കറിയാം. അമ്പലപ്പുഴ മെംബർ പുസ്തകങ്ങൾ എടുത്തുകൊണ്ടുപോയി വെറുതെ വച്ചിരുന്നാൽപോരാ, പുസ്തകം നോക്കി വായിച്ചു പഠിക്കണം. 'റൂളിംഗ്സ് ഫ്രം ദി ചെയർ' എന്ന പുസ്തകത്തിന്റെ ൪0-ാം പുറത്തുണ്ട്. വേണമെങ്കിൽ ഞാനതു വായിക്കാം.

ശ്രീ. ടി. വി തോമസ്സ്: സർ, ഒരു പായിൻറ ആഫ് ഓർഡർ. സ്റ്റാൻറിംഗ് ആർഡറിലും റൂൾസിലും ഇല്ലാ എന്നു പറഞ്ഞിട്ട്, 'റൂളിംഗ്സ് ഫ്രം ദി ചെയർ' വായിക്കാൻ തുടങ്ങുന്നത് ഒരു ബുദ്ധി വഞ്ചനയല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്റ്റാൻറിംഗ് ആർഡറിൽ ഉണ്ടെന്നു ഞാൻ പറഞ്ഞില്ല. വഞ്ചിച്ചും, വഞ്ചിക്കപ്പെട്ടും, കാണുന്നതിലും കേൾക്കുന്നതിലുമെല്ലാം വഞ്ചനയുമായി കഴിയുന്ന ആളുകൾക്കു മററുള്ളവർ പറയുന്നത് ബുദ്ധിവഞ്ചനയായിട്ടുതോന്നും.

സർ, ആ ഭാഗം ഞാൻ ഇവിടെ വായിക്കാം.

On page 40 of the "Decisions from the Chair" it is stated thus:

> "I think it is needless for me to remind you that a convention has been established in this House during the time of my predecessor, under which a Member asking a question has the first right to put supplementary questions, if any, and other Members wishing to ask supplementary questions will get their turn only after the original interpellator has finished, provided, of course, that no Member has the right to put supplementary questions on the same question more than once."

Shri N. Raghava Kurup: Since there is already a ruling on that from the Chair, the present point of order raised by the hon. Member of Pathanapuram is a matter challenging the ruling given by the Chair during this Session of the Assembly. What I have to represent is that the proceedings with regard to the point of order has to be deleted from the proceedings of this House especially when it questions the previous ruling given by the present Speaker on the same point.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, ഞാൻ പറഞ്ഞതു് സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുന്നതിനെ സംബന്ധിച്ചു് നിലവിലുള്ള സ്റ്റാൻറിംഗ് ഓർഡറിൽ ബഹുമാനപ്പെട്ട കളത്തിൽ വേലായുധൻ നായർ പറയുന്നതുപോലെയുള്ള തടസ്സം ഇല്ലെന്നാണു്, സ്റ്റാൻറിംഗ് ഓർഡർ ൨൫-ാം വകുപ്പിൽ സപ്ലിമെൻററി ചോദ്യങ്ങളെ സംബന്ധിച്ചു പറയുന്നതു് ഇപ്രകാരമാണു്:

> " Any member may put a supplementary question for the purpose of further elucidating any matter of fact regarding which an answer has been given :
>
> Provided that the Speaker shall disallow any supplementary question, if in his opinion, it infringes the rules as to the subject matter of questions. "

ഈ റൂൾ അനുസരിച്ചാണു് അദ്ദേഹം ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിനു മറുപടി പറയാൻ ഞാൻ നിർബന്ധിതനായതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, സപ്ലിമെൻററി ചോദ്യങ്ങളെ സംബന്ധിച്ചു് ഇതിനു മുൻപു് ഇവിടെ ഒരു ചർച്ച നടന്നതാണു്. ചോദ്യം അയച്ച ആളിനു് ഉത്തരം ലഭിച്ചു കഴിഞ്ഞതിനുശേഷവും സപ്ലിമെൻററിയായി ചോദ്യങ്ങൾ ചോദിക്കുന്ന ഒരു സമ്പ്രദായം മുൻപിനാലെ ഉള്ളതാണു്. അതുപോലെതന്നെ ആ ചോദ്യത്തെ സംബന്ധിച്ചു് മററു മെമ്പറന്മാർക്കും ഒന്നോ അധികമോ ചോദ്യങ്ങൾ ചോദിക്കാനുള്ള സന്ദർഭം ഇതിനു മുൻപും നല്കിയിട്ടുണ്ടു്. അങ്ങനെ നല്കേണ്ടതാണെന്നാണു് എൻേറയും അഭിപ്രായം. കാരണം ഒരു ചോദ്യത്തെ സംബന്ധിച്ചു് ഉണ്ടാകുന്ന സപ്ലിമെൻററി ചോദ്യങ്ങൾ നിമിത്തം പല പുതിയ അറിവുകളും അംഗങ്ങൾക്കു് ലഭിക്കാൻ സാധിക്കുന്നു. അതുകൊണ്ടു് ചോദ്യം അയച്ചിട്ടുള്ള മെമ്പറിനോ അല്ലെങ്കിൽ മററു ബഹുമാനപ്പെട്ട മെമ്പറന്മാർക്കോ ഒന്നിലധികം പ്രാവശ്യം സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുവാനുള്ള അനുവാദം കൊടുക്കേണ്ടതാണു്.

Shri J. A. Bhat: Sir, generally these conventions are arrived at and carried out by the Assembly when difficulties arise. I submit before this Assembly that when a Member is allowed to put supplementary questions several times, it will rather become a discussion than actually ascertaining from the Government real information. So, Sir, I am of the opinion that such conventions may be imposed and followed by this House.

Mr. Speaker: I will just read out the Rule regarding this:

> " The hon. Speaker will call all starred questions for answer one after another in the order in which they appear in the list by calling the names of the hon. Members concerned. The Member so called will then rise in his place and put the question by reference to its number. He will then resume his seat. The hon. Minister concerned will then rise in his place and give the answer orally. Supplementary questions may then be put by any Member, the Member who put the original question having the first preference. "

ഈ റൂളിന്റെ വെളിച്ചത്തിലാണ് ഞാൻ നേരത്തെ പറഞ്ഞതുപോലെ ചോദ്യകർത്താവിന് സപ്ലിമെന്ററി ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളവും മുൻഗണന ഉണ്ടായിരിക്കണമെന്ന് പറഞ്ഞിട്ടുള്ളത്. പക്ഷെ സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നത് മുൻ ചോദ്യവുമായിട്ട് ബന്ധം ഉണ്ടായിരിക്കണമെന്നേയുള്ളു. സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നതിനുള്ള മുൻഗണന ആദ്യമായി ചോദ്യകർത്താവിനു കൊടുക്കുകയും അതിനുശേഷം മററു ബഹുമാനപ്പെട്ട മെംബറന്മാർക്ക് ചോദിക്കണമെന്നുണ്ടെങ്കിൽ അവർക്കും അനുവാദം കൊടുക്കുകയും ചെയ്യുന്നതാണ്. അതായത് ചോദ്യകർത്താവിനു ഉത്തരം ലഭിച്ചുകഴിഞ്ഞതിനുശേഷം സപ്ലിമെന്ററി ചോദ്യങ്ങളും ചോദിക്കാം. ആ ചോദ്യത്തോടനുബന്ധിച്ച് ഏതെങ്കിലും ചോദിക്കാനുണ്ടെങ്കിൽ അവ മററു ബഹുമാനപ്പെട്ട മെംബറന്മാർക്കും ചോദിക്കാവുന്നതാണ്.

Shri A. Kunjan Nadar : Sir, the question before the House is not whether a member who once had a chance to put a supplementary question will be given another chance but whether another Member can put more than one supplementary question.

മി. സ്പീക്കർ : അതാണ് ഞാൻ പറഞ്ഞത് സാധാരണ ഗതിയിൽ ചോദ്യകർത്താവിനല്ലാതെ മററു ബഹുമാനപ്പെട്ട മെംബറന്മാർക്കും സപ്ലിമെന്ററി ചോദ്യം ചോദിക്കാൻ അവകാശമുണ്ടെന്ന്.

Shri N. Raghava Kurup : May I put my question, Sir?

Mr. Speaker : We will now pass on to Question No. 7.

Shri N. Raghava Kurup : I had put a question. When that question was before the House the point of order was raised.

Mr. Speaker : Then, your question can be answered.

Shri N. Raghava Kurup : Sir, I want to know whether there is no restriction imposed for conducting rice mills.

ശ്രീ. എ. താണുപിള്ള : റൈസ് മില്ലിനെ സംബന്ധിച്ചിടത്തോളവും ഹൈക്കോടതിയിൽനിന്നും ഒരു വിധിയുണ്ടായിരുന്ന സ്ഥിതിക്ക് അവയുടെ ലൈസൻസ് നിരുത്തലാക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണ് ഇപ്പോഴുള്ളത്.

Handloom Weavers.

*77 [7] **Shri K. Sattanatha Karayalar** : Will the Chief Minister be pleased to state :

(*a*) the amount this Government has received from Central Government to give relief and loan to the handloom weavers; and

(*b*) the basis on which this Government intends to distribute the above sum to the weavers?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*) The Central Government have sanctioned Rs. 9,73,000.

(*b*) The amount will be spent for the following schemes :

i. For the grant of loans for financing 10,000 weavers to the extent of 75 per cent. of their share money, the value of each share being Rs. 20, to enable them to be admitted in Co-operative Societies in the State: Rs. 1,50,000.

ii. For subsidising rebate allowed on retail sales of handloom cloth by Co-operative Societies to consumers at the rate of one anna and six pies in the rupee: Rs. 2,00,000.

iii. For subsidising the cost of 5000 fly shuttle looms to replace throw shuttle looms in Co-operative Societies: Rs. 1,25,000.

iv. For organisation of 20 marketing depots: Rs. 60,000.

v. For purchasing one mobile van: Rs. 33,000.

vi. For publicity and propaganda Rs. 5,000.

vii. For grant of loans for providing working capital to co-operative societies of weavers: Rs. 4,00,000.

ശ്രീ. ടി. പി. സീതാരാമൻ: ഇപ്പോൾ എത്ര മാർക്കറ്റിംഗ് സൊസൈറ്റിയുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും പ്രസ്താവിക്കാമോ?

Shri P. S. Nataraja Pillai: Now there are only two marketing societies, one at Trichur and another at Trivandrum.

ശ്രീ. ടി. പി. സീതാരാമൻ: സെൻട്രൽ ഗവൺമെന്റിൽനിന്നും കിട്ടിയിട്ടുള്ള തുകകൾ എത്രത്തോളം ലോൺ കൊടുത്തിട്ടുണ്ടെന്നും അവ ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്നും പറയാമോ?

Shri P. S. Nataraja Pillai: Loans were granted, and grants were also made. But the figures regarding this are not available with me now.

ശ്രീ. പി. രവീന്ദ്രൻ: മദ്രാസിലെ മാർക്കറ്റിംഗ് ഓർഗനൈസേഷൻ ആണോ ഈ തുക കൈകാര്യം ചെയ്യുന്നത്?

Shri P. S. Nataraja Pillai: Yes, Sir.

പോലീസ് ഉദ്യോഗസ്ഥന്മാർക്ക് യൂണിഫാറം.

* ൧൭. [൭] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി വിഭാഗത്തെ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് സംയോജനത്തിനു മുമ്പ് പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്ന രണ്ടു ജോഡി യൂണിഫാറം സംയോജനത്തിനു ശേഷം കാലാകാലത്തിൽ നൽകാറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാരുടെ യൂണിഫാറം നിറുത്തലാക്കി. പകരം അലവൻസ് ആണ് നൽകിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : എല്ലാ ഉദ്യോഗസ്ഥന്മാരുടെയും യൂണിഫാറം നിറുത്തലാക്കിയിരിക്കയാണോ ?

ശ്രീ. എ. താണുപിള്ള : ഉദ്യോഗസ്ഥന്മാരുടെ എല്ലാം യൂണിഫാറം നിറുത്തലാക്കിയിരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : അതിനു പകരം ഉദ്യോഗസ്ഥന്മാർക്ക് അലവൻസുവകയിൽ എന്തു തുക വീതമാണു കൊടുക്കുന്നതെന്നു് പറയാമോ ?

ശ്രീ. എ. താണുപിള്ള : പറയാം. ഐ. ജി. പി. ക്കു് ൩൦൦ രൂപയും, സർക്കിൾ ഇൻസ്പെക്ടറർക്കു് ൨൫ രൂപയും, സബ് ഇൻസ്പെക്ടറർക്കു് ൧൦ രൂപയും ആണ് കൊടുക്കുന്നതു്. എന്നാൽ കാൺസ്റ്റബിളിനും ഹെഡ് കാൺസ്റ്റബിളിനും യൂണിഫാറം തന്നെയാണ് കൊടുത്തുകൊണ്ടിരിക്കുന്നതു്.

Shri T. K. Krishnan : The term police officer includes 'constable' also.

ശ്രീ. എ. താണുപിള്ള : ഹെഡ്കാൺസ്റ്റബിളിനും കാൺസ്റ്റബിളിനും യൂണിഫാറമാണ് അലവൻസിനു പകരം കൊടുക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഹെഡ്കാൺസ്റ്റബിളും കാൺസ്റ്റബിളും പോലീസ് ഉദ്യോഗസ്ഥന്മാരല്ലയോ ?

ശ്രീ. എ. താണുപിള്ള : ഉദ്യോഗസ്ഥന്മാരെന്നു് ഞാൻ പറഞ്ഞതു് അലവൻസ് വാങ്ങിക്കുന്ന ആളുകളെപ്പററിയാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ഉദ്യോഗസ്ഥന്മാരും പോലീസിലെ ഉദ്യോഗസ്ഥന്മാർ തന്നെയാണ്. പക്ഷെ അവർക്കു യൂണിഫാറമാണു കൊടുക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ യൂണിഫാറം കൊടുക്കുന്നതു് ഗവണ്മെൻറിൽ നിന്നുമാണോ അതോ ഡിപ്പാർട്ടുമെൻറിൽനിന്നുമാണോ ?

ശ്രീ. എ. താണുപിള്ള : ഡിപ്പാർട്ടുമെൻറിൽ നിന്നാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : യൂണിഫാറം ശരിക്കു് കിട്ടുന്നില്ല എന്നുള്ളതിനെപ്പററി പരാതികൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. വി. ജെ. ജോസഫ് : ഇന്നു് പോലീസുകാർക്കു് കിട്ടിക്കൊണ്ടിരിക്കുന്ന വേതനം മതിയാകുന്നില്ലായെന്നുള്ള ബോദ്ധ്യം ഗവണ്മെൻറിനുണ്ടോ?

ശ്രീ. എ. താണുപിള്ള : ബോദ്ധ്യമുണ്ട്.

പോലീസ് കോൺസ്റ്റബിൾമാരുടെ ശമ്പളക്കൂടുതൽ.

* ൧൯. [൯] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വിഭാഗത്തെ പോലീസ് കോൺസ്റ്റബിൾമാർക്കും ഹെഡ്കോൺസ്റ്റബിൾമാർക്കും ഇൻറഗ്രേഷനു മുമ്പു ലഭിച്ചിരുന്ന ശമ്പളക്കൂടുതൽ (ഇൻക്രിമെൻറ്) സംയോജനത്തിനുശേഷം നൽകായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഇല്ല.

(ബി) ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടനയോടുകൂടി തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചി വിഭാഗത്തിലേയും കാൺസ്റ്റബിളിൻെറയും ഹെഡ്കാൺസ്റ്റബിളിൻെറയും ശമ്പളം ഏകീകരിച്ചിരിക്കയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ: കൊച്ചി വിഭാഗത്തിലുള്ളവർക്കു് എന്താണു് ഇപ്പോഴത്തെ ശമ്പളക്രമമെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: സംയോജനത്തിനു മുൻപു കൊച്ചി വിഭാഗത്തിലുള്ള കാൺസ്റ്റബിളിനു ൨൫ മുതൽ ൩൫ രൂപ വരെയും ഹെഡ്കാൺസ്റ്റബിളിനു് ൪൦ മുതൽ ൫൦ രൂപ വരെയും ആയിരുന്നു ശമ്പളം. അതിനുശേഷം അതായതു് സംയോജനം കഴിഞ്ഞതോടുകൂടി കാൺസ്റ്റബിൾമാരെ നാലു ക്ലാസായി തരം തിരിച്ചു. എങ്ങിനെയെന്നാൽ, ൨൫ രൂപ, ൨൮ രൂപ, ൩൨ രൂപ, ൩൫ രൂപ ഈ രീതിയിൽ ശമ്പളം നിശ്ചയിക്കുകയും അതുപോലെ ഹെഡ്കാൺസ്റ്റബിൾ ൪൦ രൂപ, ൪൫ രൂപ, ൫൦ രൂപ ഇങ്ങനെ മൂന്നു ക്ലാസ്സായി തരംതിരിച്ചു് ശമ്പളം നിശ്ചയിക്കുകയും ചെയ്തിരിക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ശമ്പളത്തിൽ ഇങ്ങനെയൊരു ഏകീകരണം വരുത്തിയതുകൊണ്ടു് കൊച്ചിവിഭാഗത്തിൽപ്പെട്ടവർക്കു് മുൻപിലത്തേതിനെക്കാൾ ഇപ്പോൾ കിട്ടുന്നതു കുറവാണെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: കുറെ ആളുകൾക്കു് കുറവാണെങ്കിൽ മററു കുറെ ആളുകൾക്കു കൂടുതലായിരിക്കും.

പോലീസ് ആൻറികറപ്ഷൻ ബ്രാഞ്ചു്.

* ൨൦. [൮൦] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ രൂപീകരിച്ചിട്ടുള്ള ആൻറികറപ്ഷൻ ബ്രാഞ്ചിൽ കൊച്ചി വിഭാഗത്തിലെ സബ്ഇൻസ്പെക്ടറന്മാർ, സർക്കിൾ ഇൻസ്പെക്ടറന്മാർ എന്നിവരെക്കാൾ കുറഞ്ഞ സർവ്വീസുള്ള ഉദ്യോഗസ്ഥന്മാരെ തിരുവിതാംകൂർ വിഭാഗത്തുനിന്നു ആ സ്ഥാനങ്ങളിലേക്കു് നിയമിച്ചിട്ടുണ്ടോ:

(ബി) അങ്ങനെ നിയമിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ആൻറികറപ്ഷൻ ബ്രാഞ്ചിലേക്കു് സബ്ഇൻസ്പെക്ടരെയോ സർക്കിൾ ഇൻസ്പെക്ടരെയോ പുതിയതായി നിയമിച്ചിട്ടില്ല.

(ബി) ഈ ബ്രാഞ്ചിലേക്കു് അയച്ചിട്ടുള്ള സബ്ഇൻസ്പെക്ടരും സർക്കിൾ ഇൻസ്പെക്ടരും പോലീസ് ഡിപ്പാർട്ടുമെൻറു് മേധാവിയാൽ തെരഞ്ഞെടുക്കപ്പെട്ട ആളുകളാണു്. അതു് സീനിയാറിട്ടിയെ പരിഗണിച്ചുള്ള ഒന്നല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒരു ഡിപ്പാർട്ടുമെൻറിൽ നിന്നും മറെറാരു ജോലിക്കു് ആളുകളെ എടുക്കുന്നതായാൽ സീനിയാറിട്ടി അനുസരിച്ചല്ലേ എടുക്കാറുള്ളതു്?

ശ്രീ. എ. താണുപിള്ള: ഈ ജോലിക്കു് എടുക്കുന്നതു് സീനിയാറിട്ടിയെ മാത്രം പരിഗണിച്ചല്ല. പരിചയവും സാമർത്ഥ്യവുമുള്ള വ്യക്തികളെ തെരഞ്ഞെടുത്തയയ്ക്കുകയാണു് ഈ ജോലിയെസംബന്ധിച്ചിടത്തോളം ചെയ്യാറുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ഈ ജോലിയിൽ പ്രമോഷൻ കൊടുക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണു്?

ശ്രീ. എ. താണുപിള്ള: ഇതു പ്രമോഷനല്ല. പരിചയമുള്ള ആളുകളെ തെരഞ്ഞെടുത്തു് അയച്ചുവെന്നു മാത്രമേയുള്ളു.

ശ്രീ. കെ. കരുണാകരൻ: സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്കു് മാററം ചെയ്യപ്പെട്ടിട്ടുള്ളതായ സ്ഥാനങ്ങൾ ഫില്ലപ്പ് ചെയ്യുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: നോട്ടീസ്സു് വേണം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആൻറി കറപ്ഷൻ ബ്രാഞ്ചു് ആരുടെ കീഴിലാണു് സ്ഥിതി ചെയ്യുന്നതു്?

ശ്രീ. എ. താണുപിള്ള: അതു് പോലീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലാണു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: പോലീസു ഡിപ്പാർട്ടുമെൻറിലുള്ളവരുടെ കറപ്ഷൻ കണ്ടുപിടിക്കുന്നതാരാണു്?

ശ്രീ. എ. താണുപിള്ള: പോലീസ്സു് ഡിപ്പാർട്ടുമെൻറിലുള്ള കറപ്ഷൻ ഈ ബ്രാഞ്ചിലുള്ളവർ കണ്ടുപിടിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ: പോലീസ്സു് ഡിപ്പാർട്ടുമെൻറിലെ എ. എസ്. പി., ഡി. എസ്. പി. മുതലായ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ കറപ്ഷൻ കണ്ടുപിടിക്കുന്നതിനു് ഇവക്കു് സാധിക്കുമോ?

ശ്രീ. എ. താണുപിള്ള: അവക്കു് അതിനെപ്പററി റിപ്പോർട്ടു ചെയ്യാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒരു ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവൎത്തിക്കുന്ന ഈ ബ്രാഞ്ചിന് അതിലെ ഉയൎന്ന ഉദ്യോഗസ്ഥന്മാരുടെ കറപ്ഷനെപ്പററി റിപ്പോർട്ടു ചെയ്യാൻ സാധിക്കുമോ?

ശ്രീ. എ. താണുപിള്ള: മററു ഡിപ്പാർട്ടുമെൻറുകളുടെ അധീനതയിൽ അല്ലാത്ത വളരെ അധികാരമുള്ള ഒരു ഏജൻസിയെയാണ് ഗവണ്മെൻറ് ഇതിലേക്ക് നിയമിക്കുവാൻ പോകുന്നതു്. അതു് രാജപ്രമുഖൻെറ പ്രസംഗത്തിൽതന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇടിക്കുള ഇടിക്കുള: ഈ ആൻറി കറപ്ഷൻ ബ്രാഞ്ചു് ഇപ്പോഠം അതിൻെറ പ്രവൎത്തനം ശരിക്കു് നടത്തുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇന്നത്തെ വ്യവസ്ഥ അനുസരിച്ചു് അവർ പ്രവൎത്തനം നടത്തുന്നുണ്ടു്.

ശ്രീ. അബ്ദുൽഖാദർ: ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനഫലമായി ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇതു് സ്റ്റാഫിനെപ്പററിയുള്ള ഒരു ചോദ്യമാണു്. അതുകൊണ്ടു് ആ വിവരങ്ങളൊന്നും ഇപ്പോഠം എൻെറ കൈവശമില്ല.

Shri A. A. D. Luiz : May I know the number of cases detected by the Anti-Corruption department?

Shri A. Thanu Pillai : That is a different question.

കൈത്തറിനെയ്ത്തു്.

* വ്യ ഫ. [ഫ ഫ] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറിനെയ്ത്തു് പരിപോഷിപ്പിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഗവണ്മെൻറു് ജീവനക്കാർ കൈത്തറിനെയ്ത്തു തുണിത്തരങ്ങഠം ഉപയോഗിക്കുന്നതിനു് ഗവണ്മെൻറു് പ്രത്യേകം നിർദ്ദേശം നൽകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള): ഗവണ്മെൻറ ജീവനക്കാർ കഴിയുന്നതും കൈത്തറിനെയ്ത്തു വസ്ത്രങ്ങഠം ഉപയോഗിക്കണമെന്നു് ഒരഭ്യർത്ഥന ഗവണ്മെൻറ പുറപ്പെടുവിച്ചിട്ടുണ്ടു്.

ശ്രീ. പി. കുഞ്ഞൻ: ഗവണ്മെൻറ സർവ്വൻറ്സ് ഖദർ ഉപയോഗിക്കണമെന്നു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: സ്വദേശി നെയ്ത്തു വസ്ത്രങ്ങഠം, കൈത്തറി നെയ്ത്തു വസ്ത്രങ്ങഠം എന്നിവ കഴിയുന്നതും ഉപയോഗിക്കണമെന്നു് പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എം. ചാക്കോ : കൈത്തറിത്തുണികൾ ഉപയോഗിക്കണമെന്ന അഭ്യർത്ഥന പുറപ്പെടുവിച്ചതിന്റെ ഫലമായി വല്ല ഫലവും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അതിനെപ്പററിയുള്ള വിവരം ശേഖരിക്കാവുന്നതാണ്.

ശ്രീ. ടി. പി. സീതാരാമൻ : ഈ ഗവണ്മെൻറിൽനിന്ന് സെൻട്രൽ ഗവണ്മെൻറിലേക്ക മേത്തരം കൈത്തറി തുണിത്തരങ്ങൾ ഉണ്ടാക്കുന്ന വ്യവസായത്തെ പോഷിപ്പിക്കണമെന്ന് വല്ല നിവേദനവും നൽകിയിട്ടുണ്ടോ ?

Shri P. S. Nataraja Pillai : At present I am not able to say whether there is any specific recommendation of the kind as pointed out by the hon. Member. However, concession has been granted to handloom cloth trade.

കൈത്തറിവ്യവസായത്തിന സഹായധനം.

* ൨൨. [൧൨] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെസ്സ് പദ്ധതി അനുസരിച്ച് ഒരു തറിക്ക ൪൦ രൂപാ കൈത്തറി വ്യവസായപോഷണാർത്ഥം സഹായധനം നൽകുന്നതാണെന്നുള്ള ഒരു തീരുമാനം ഗവണ്മെൻറ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി അനുസരിച്ച് എത്ര തറികൾക്ക ഗ്രാൻറ നൽകി ; എന്തു ചെലവായി ;

(സി) ഈ സഹായം നൽകുന്നതിന ഇതുവരെ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണമെന്ത് ?

ധനകാര്യവകുപ്പ മന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്. നെയ്ത്തുതൊഴിലാളികളുടെ ഉൽപ്പാദനവില്പന സഹകരണസംഘത്തിൽ പുതുതായി ചേരുന്ന ഓരോ അംഗത്തിന പലിശകൂടാതെ ൪൦ രൂപാവീതം വായ്പയായി നൽകുന്നതാണ്.

(ബി) രണ്ടു സൊസൈററികൾക്ക് വർക്കിംഗ് ക്യാപിററൽ ആയിട്ട് ൫൨൨൦ രൂപാ അനുവദിച്ചിട്ടുണ്ട്. ആ തുക വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

(സി) ഇൻഡ്യാ ഗവണ്മെൻറ് ഈ സാമ്പത്തികവർഷത്തിന്റെ സെക്കൻറ് ഹാഫിൽ മാത്രമെ ഈ തുക അനുവദിച്ചുള്ളു. ഈ കാരണത്താലും ഇവിടത്തെ നിയമസഭ പിരിച്ചുവിട്ടതുമൂലമുള്ളവായ നിയമപരമായ വൈഷമ്യംമൂലവുമാണ് ഈ തുക വിതരണംചെയ്യാൻ താമസം നേരിട്ടത്. ഏതായാലും ഈ പദ്ധതി ൧൨-൧-൧൯൫൪ മുതൽ അഖിലേൻഡ്യാ ഹാൻഡ്ലൂം ബോർഡിന്റെ ഒരു സബ് കമ്മിററിയുടെ സഹായത്തോടുകൂടി മദ്രാസിലെ സെൻട്രൽ മാർക്കററിംഗ് ആർഗനൈസേഷൻ നടപ്പിലാക്കിവരികയാണ്.

ശ്രീ. പി. കുഞ്ഞൻ: ഈ തുക ചെലവാക്കുന്നതിന് ഒരു കമ്മിററി ഗവണ്മെൻറ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: സെൻട്രൽ ആർഗനൈസേഷൻെറ കീഴിൽ ഒരു കമ്മിററി ഉണ്ട്.

ശ്രീ. പി. കുഞ്ഞൻ: ഈ തുക ലഭിച്ചിട്ട് എത്രനാളായിട്ടുണ്ട്?

ശ്രീ. പി. എസ്. നടരാജപിള്ള: ഈ സാമ്പത്തികവർഷത്തിൻെറ second half-ലാണ് എന്നു ഞാൻ പറഞ്ഞു.

ശ്രീ. എം. ഭാസ്കരൻനായർ: ഈ തുക ചെലവാക്കുന്നതിന് അനൗദ്യോഗസ്ഥമെമ്പറന്മാർ ഉൾപ്പെടെ ഒരു കമ്മററിയെ നിയമിക്കാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. ജെ. എ. ഭട്ട്: കൈത്തറി വ്യവസായത്തിൽ ഒരു സ്റ്റാൻഡർഡൈസേഷൻ പദ്ധതി ഉണ്ടാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് ഗവണ്മെൻറിൻെറ ആലോചനയിലുണ്ട്. കോവാപ്പറേറീവ് സൊസൈററീസിൻെറ കീഴിൽതന്നെ സ്റ്റാൻറാർഡൈസേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. എ. റഹിം: ഈ സഹായധനം കൊടുത്തിട്ടുള്ളതിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നു പറയാമോ?

Shri P. S. Nataraja Pillai : I regret the information regarding it is not available with me.

ശ്രീ. ടി. പി. സീതാരാമൻ: കൈത്തറികൾക്കു കൊടുക്കുന്ന നൂൽ അവർക്ക് ഓരോരുത്തർക്കായി നേരിട്ടുകൊടുക്കാതെ അതു് മാർക്കററിംഗ്‌സൊസൈററികളെ എൻകറേജ് ചെയ്യുവാനായി ആ രണ്ടു സൊസൈററികൾക്കുമാത്രം കൊടുക്കുവാൻ ദയവുണ്ടാകുമോ?

Shri P. S. Nataraja Pillai : Yarn is not a fully controlled commodity as at present understood. It is being sold directly by the producers.

ശ്രീ. ടി. പി. സീതാരാമൻ: ഈ സ്റ്റേററിലേക്കു ആവശ്യമുള്ള നൂൽ സൂക്ഷിച്ചുവയ്ക്കുവാൻ ഈ ഗവണ്മെൻറിന് അധികാരമില്ലേ?

Shri P. S. Nataraja Pillai : I cannot give a definite answer to it now.

Firewood.

*83. [13] **Shri T. P. Sitaraman :** Will the Chief Minister be pleased to state :

The quantity of firewood exported outside the Travancore-Cochin State in 1951, 1952 and 1953 ?

Minister for Finance **(Shri P. S. Nataraja Pillai)** : Export licenses for the export of the under-noted quantity of firewood were issued from the Forest Department—1951-8111 tons; 1952-9866 tons; 1953-3442 tons.

ശ്രീ. ടി. പി. സീതാരാമൻ : ഈ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തുപോലും വിറകു് ന്യായമായ വിലയ്ക്കു് വേണ്ടുവോളം കിട്ടുന്നില്ലെന്നു് ഗവൺമെന്റിനു് അറിയാമോ ?

Shri P. S. Nataraja Pillai : I do not think the position is as depicted by the hon. Memher.

ശ്രീ. ടി. പി. സീതാരാമൻ : മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നില്ലെന്നു് അറിയാമോ ? അതുകൊണ്ടു് വിറകിന്റെ എക്സ്പോർട്ടു് ബാൻ ചെയ്യാമോ ?

Shri P. S. Nataraja Pillai : That question will be examined.

ശ്രീ. ടി. പി. സീതാരാമൻ : എന്റെ നിയോജകമണ്ഡലത്തിൽ പെട്ട ഓട്ടുകമ്പനികളിൽ വിറകില്ലാത്തതുകൊണ്ടു് പണി മുടക്കേണ്ടിവരുന്നതായും അതുമൂലം തൊഴിലാളികൾക്കു് വേണ്ടുവോളം ജോലികിട്ടുവാൻ വിഷമമുള്ളതായും ഗവൺമെന്റിനു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

Shri P. S. Nataraja Pillai : Government have ordered that fuel coupes may be sold in auction with the stipulation that firewood should be sold by the Contractor in the towns specifed at the price fixed by the department. My information is that it is being adhered to.

ശ്രീ. ടി. കെ. കൃഷ്ണൻ : വിറകു് എക്സ്പോർട്ടു് ചെയ്യുന്നതു് ഗവൺമെന്റിൽനിന്നു് നേരിട്ടോ ഏജൻസി വഴിക്കോ ?

Shri P. S. Nataraja Pillai : Through Contractors.

ശ്രീ. അബ്ദുൽഖാദർ : വിറകിന്റെ എക്സ്പോർട്ടുമൂലം എത്ര രൂപാ ഗവൺമെന്റിനു് കൊല്ലത്തിൽ ലാഭംകിട്ടും എന്നു പറയാമോ ?

Shri P. S. Nataraja Pillai : I claim notice.

Revenue from Motor Vehicles.

*84. [14] **Shri T. P. Sitaraman** : Will the Chief Minister be pleased to state :

(*a*) the revenue from the motor vehicles in 1948 in Cochin and Travancore ; and

(*b*) the revenue from the motor vehicles in 1952 and 1953 in our State ?

Minister for Works and Transport (Shri A. Achuthan) :

(*a*) In the year 1123 *i. e.* 1947 to 48—Rs. 26,25,493-0-4;
,, 1124 1948 to 49—Rs. 28,39,654-7-6;

(*b*) In 1951-52—Rs. 69,32,988- 5-1;
52-53—Rs. 73,21,383-12-8.

ശ്രീ. ടി. പി. സീതാരാമൻ: ഇത്രയധികം സംഖ്യ മോട്ടാർ വെഹിക്കിൾസിൽ നിന്ന് ഈ രാജ്യത്തിലേക്കു് വരുമാനമുണ്ടായിട്ടും മോട്ടാർ ബസ്സുകൾ ഓടുന്ന ഉൾനാട്ടുകളിലെ റോഡുകൾ വളരെ മോശ സ്ഥിതിയിലാണെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. അച്ചുതൻ: ഉൾനാട്ടുകളിലെ പല റോഡുകളുടേയും സ്ഥിതി മോശമാണ്.

ശ്രീ. ടി. പി. സീതാരാമൻ: ഈ സംഖ്യയിൽനിന്നു ഒരു റോഡു ഫണ്ടു് ഉണ്ടാക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

ശ്രീ. എ. അച്ചുതൻ: അതു് ഒരു അഭിപ്രായമാണ്. അതിനെപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ ജോസഫ് ചാഴിക്കാട്ട്: തേഡ് പാർട്ടി ഇൻഷ്വറൻസ് എന്നു പറഞ്ഞു് വലിയൊരു സംഖ്യ മോട്ടാർ വെഹിക്കിൾസിൽനിന്നു ഈടാക്കിവരുന്നുണ്ടല്ലൊ. ആ ഇനത്തിൽ എത്ര തുകയുണ്ടായിരിക്കുമെന്നു പറയാമോ ?

ശ്രീ. എ. അച്ചുതൻ: അതു ഇൻഷ്വറൻസ് അക്കൌണ്ടിൽ പെട്ടതാണ്. അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. സി. എ. മാത്യു: മോട്ടാർവാഹനങ്ങളുടെ നികുതിനിരക്ക് വളരെ കൂടുതലാണെന്നു് ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. എ. അച്ചുതൻ: കൂടുതലാണെന്നു് ബോദ്ധ്യമില്ല.

ശ്രീ. സി. എ. മാത്യു: അതിനെക്കുറിച്ചു് പല പരാതിയും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. അച്ചുതൻ: നിവേദനം കിട്ടിക്കാണും.

ശ്രീ. കെ. എം. ചാക്കോ: ഇപ്പോൾ നിലവിലിരിക്കുന്ന നികുതി നിരക്ക് കുറച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. അച്ചുതൻ: അങ്ങനെ ഇപ്പോൾ ഒരു ആലോചന ഇല്ല.

ശ്രീ. പി. കെ. യശോധരൻ: ൧൧൨൩–൨൪-ൽ പ്രൈവററ് ബസ്സുകളിൽനിന്നു് ടാക്സ് വകയിൽ കിട്ടാവുന്ന സംഖ്യയെല്ലാം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ: നോട്ടീസു വേണം.

ശ്രീ. എ. എ. റഹിം: റോഡ് ഡെവലപ്പ്മെന്റ ഫണ്ട് ഉണ്ടാക്കുന്നതിനെപ്പററി ആലോചിക്കാമെന്നു പറഞ്ഞു. അങ്ങിനെ ഒരു ഫണ്ട് ഇപ്പോഠം നിലവിലില്ലേ?

ശ്രീ. എ. അച്ചുതൻ: അങ്ങിനെ ഒരു ഫണ്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: മോട്ടോർ വാഹനങ്ങളുടെമേൽ ചുമത്തിയിരിക്കുന്ന ടാക്സ് കൂടുതലായതുകൊണ്ട് പ്രൈവററ് ബസ്സ് ഉടമസ്ഥന്മാർ അവരുടെ ബിസിനസ്സ് നിറുത്തിവയ്ക്കുവാൻ ഇടയായതു് അറിയാമോ?

ശ്രീ. എ. അച്ചുതൻ: അറിഞ്ഞുകൂടാ

Written Answers.

Geological Survey.

*85. [16] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state:

(*a*) whether Government are aware of the existence of lead diamonds and other valuable minerals in certain areas of Nedumangad and Kottarakara Taluks; and

(*b*) whether any survey has been conducted in these areas to explore the possibility of developing these on commercial lines?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) No lead and diamonds occur. But graphite and china, clay are seen sporadically; and

(*b*) A survey has already been taken on hand by the Geological Survey of India on this Government's request.

General Elections.

*86. [26] **Shri M. A. Antony**: Will the Chief Minister be pleased to state the total expenses the Government have incurred for the conduct of general elections held in last month?

Chief Minister (**Shri A. Thanu Pillai**): The expenditure in respect of the various items in connection with the general elections in 1954 has not been finalised so far. A total expenditure of Rs. 7,93,223-15-0 has been incurred till date and this amount includes advances given for which the accounts are yet to be finalised. Further expenditures are also expected to be incurred in respect of some of the items. The total expenditure is expected to be about Rs. 10 lakhs.

തിരുവിതാംകൂർ-കൊച്ചിയിലെ വിദേശികൾ.

✱ ൮൧. [൨൧] ശ്രീ. ടി. ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ ഇൻഡ്യൻപൗരന്മാരല്ലാത്ത എത്രപേരുണ്ടെന്നും അവർ എന്തിനായി ഇവിടെ താമസിക്കുന്നതെന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

ന൭൫ വിദേശരാജ്യക്കാരുണ്ടു്. മിഷണറി പ്രവത്തനം, സാങ്കേതിക പരിശീലനം നൽകുക, കമ്പനിജോലി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു.

മദ്യനിരോധനം.

✱ ൮൮. [൨൮] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ എത്ര താലൂക്കിൽ ഏർപ്പെടുത്തിയിട്ടുണ്ടു്;

(ബി) പത്തനംതിട്ട താലൂക്കുകൂടി മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്തുന്നതിനു് ഗവണ്മെൻറു് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) പതിമൂന്നു താലൂക്കുകളിൽ.

(ബി) മററു താലൂക്കുകൾ ഉൾപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കുമ്പോൾ പത്തനംതിട്ട താലൂക്കും മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണു്.

Village Potters.

✱ 89. [31] **Shri K. P. Hormis** : Will the Chief Minister be pleased to state :

(*a*) how many families of village potters are there in the Chalakudi-Kunnathunad Community Project area ?

(*b*) what steps have been taken to ameliorate the condition of the distressed potter community ?

Chief Minister (**Shri A. Thanu Pillai**) : (*a*) 900 families.

(*b*) Government have set apart Rs. 20,000 for the development of pottery industry in the Project, and a scheme is being prepared.

കാൺഗ്രസ്സ് തിരഞ്ഞെടുപ്പു പ്രചരണച്ചെലവ്.

*൯൦. [ന ൪] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനുവേണ്ടി പ്രചരണം നടത്താനായി സംസ്ഥാനത്തിനു പുറത്തുനിന്നുവന്ന കാൺഗ്രസ്സ് നേതാക്കളുടെ ഏതെങ്കിലും ചെലവിലേക്കായി തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറ് എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ തുക എത്ര്; എന്താവശ്യത്തിനാണ് ചെലവഴിച്ചതു്;

(സി) ആ തുക ഏതെങ്കിലും സംഘടനയിൽനിന്നു് തിരിച്ച് ഈടാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ എ. താണുപിള്ള) : (എ)&(ബി) ഇലക്ഷൻ പ്രചരണത്തിനായി വന്ന കാൺഗ്രസ്സ് നേതാക്കന്മാരിൽ ശ്രീ. ജവഹർലാൽ നെഹ്റു, ശ്രീ. രാജഗോപാലാചാരി, ശ്രീ. മൊറാർജ ദേശായി എന്നിവരെപ്പററി മാത്രമേ ഗവൺമെൻറിനു് അറിവുള്ളു. അതിൽ ശ്രീ. ജവഹർലാൽനെഹ്റു ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡൻറ് എന്ന നിലയിലാണ് ഈ സംസ്ഥാനം സന്ദർശിച്ചതെങ്കിലും അദ്ദേഹം ഇൻഡ്യൻ പ്രധാനമന്ത്രിയുംകൂടിയായതുകൊണ്ട് പ്രധാനമന്ത്രിയുടെ രക്ഷാനടപടികൾക്ക് വേണ്ട ചെലവുകൾമാത്രം ഗവൺമെൻറ് വഹിച്ചു. മററു ഇനങ്ങളിലേയ്ക്കു് വേണ്ട ഏർപ്പാടുകൾ കാൺഗ്രസ്സ് പാർട്ടി ചെയ്യുകയോ ആ വകയിലേയ്ക്കു് വേണ്ട തുക മുൻകൂറായി കൊടുക്കുകയോ ചെയ്തു. മദ്രാസ് ചീഫ് മിനിസ്റ്റർ ശ്രീ. സി. രാജഗോപാലചാരിയുടേയും ബോംബെ ചീഫ് മിനിസ്റ്റർ ശ്രീ. മൊറാർജി ദേശായിയുടേയും സന്ദർശനം സംബന്ധിച്ചുള്ള ചെലവുകൾ കാൺഗ്രസ്സ്പാർട്ടിതന്നെയാണ വഹിച്ചതു്. കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

തിരുവിതാംകൂർ—കൊച്ചിയിലെ വിദേശികൾ.

*൯൧. [ന ൬] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ—കൊച്ചിയിൽ ഇപ്പോൾ എത്ര വിദേശരാജ്യക്കാർ താമസം ഉണ്ട്; ഇതിൽ അമേരിക്കർ എത്ര;

(ബി) ഇവർ ഇവിടെ താവളമടിച്ചിരിക്കുന്നതെന്തിനു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ൩൭൧ പേർ ഉണ്ട്. ൭൯ പേർ അമേരിക്കരാണ്.

(ബി) വൈദ്യസേവനം, അദ്ധ്യാപകവൃത്തി ഉൾപ്പെടെയുള്ള മിഷണറിപ്രവർത്തനങ്ങൾ, സാങ്കേതിക പരിശീലനം നൽകൽ, കമ്പനിജോലി എന്നിവയ്ക്കു്,

UNSTARRED QUESTIONS.

Water cess.

25 [2]. **Shri M. A. Antony** : Will the Chief Minister be pleased to state :

(*a*) whether the Government have received any representation from the people of Parakadavoo and Avanamcode Lift Irrigation areas regarding the collecting of water cess for lands which do not get water supply ; and

(*b*) whether the Government is prepared to exempt these lands which are not benefited by the Lift Irrigation from the assessment of water supply ?

Answer.

(*a*) Yes.

(*b*) Yes.

പുനലൂർ പേപ്പർമിൽ.

൨൬. [൪] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമില്ലിന്റെ മൂലധനത്തിൽ ഗവണ്മെന്റിനു ഓഹരിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൨൦·൯ ശതമാനം.

Primary Schools.

27. [6] **Shri K. P. Hormis** : Will the Chief Minister be pleased to state how many primary schools in the Chalakudy-Kunnathunad Community Project area have been converted to the basic type ?

Answer.

None. A proposal to convert eight schools into basic type is under examination.

Inland Fisheries.

28. [7] **Shri K. P. Hormis** : Will the Chief Minister be pleased to state what progress has been made in starting and running inland fisheries in the Chalakudy-Kunnathunad Community Project area ?

Answer.

Government have set apart an amount of Rs. 20,000 for starting and running inland fisheries in the Kunnathunad-Chalakudy Project and the Director of Fisheries has been asked to prepare a scheme.

Kunnathunad-Chalakudy Community Project.

29. [8] **Shri K. P. Hormis :** Will the Chief Minister be pleased to state :

(*a*) the total amount allotted for the Chalakudy-Kunnathunad Community Project ;

(*b*) the total expenditure in this project area up to the end of January 1954 and the amount spent on salaries, allowances and office maintenance up to 31-1-1954 ;

(*c*) when were the second and third blocks under this project opened ;

(*d*) have demonstration centres been opened in the second and third blocks on the lines of the centre at Chalakudy ; and

(*e*) if the centres are not opened yet, the reasons for the same ?

Answer.

(*a*) Out of the provision of Rs. 65 lakhs for the Kunnathunad-Chalakudy Project, a sum of Rs. 45.08 lakhs has been allotted by the Central Community Projects Administration so far.

(*b*) The total expenditure up to the end of January 1954 is Rs. 4,91,116-4-5. The amount spent on salaries, travelling allowance and allowances is Rs. 1,07,215. No expenditure has been incurred on office maintenance till 31-1-54.

(*c*) On the 2nd October 1953.

(*d*) Yes.

(*e*) Does not arise in view of the answer to part (*d*).

Public Market.

30. [10] **Shri V. V. Sebastian :** Will the Chief Minister be pleased to state :

(*a*) Is it a fact that the public market place at Athirampuzha is not being used as such by the public and that the two sides of the public road are being used instead, thereby causing inconvenience to traffic ;

(*b*) Whether this abandonment of the market place is due mainly to the lack of enclosures, sheds and such other facilities needed in a market place ; and

(*c*) Whether the Government have taken any steps for constructing the necessary enclosures and sheds in the said market ?

Answer.

(*a*) Yes.

(*b*) Yes.

(*c*) Yes. The question of improving the market has already been taken up by Government.

Relief Measures to Fishermen.

31. [14] **Shri P. Viswambharan :** Will the Chief Minister be pleased to state what relief measures have the Government taken to help the 277 fishermen from the coastal villages of Neyyattinkara taluk who suffered heavy losses while going out for fishing in off-shore waters in January 1954 ?

Answer.

The matter is under enquiry.

Prevention of Cholera.

32. [15] **Shri P. Viswambharan :** Will the Chief Minister be pleased to state :

(*a*) the number of deaths occurred in the Coastal villages of Neyyattinkara taluk due to Cholera during the last six months ; and

(*b*) whether Government have any special scheme to prevent attack of cholera in coastal areas ?

Answer.

(*a*) 82.

(*b*) Yes. There is a scheme for digging public wells of different types to suit the locality with a view to afford good drinking water in the coastal areas and also to conduct preventive inoculations against cholera when the locality is threatened with an outbreak of cholera.

Adjournment Motion re: Closing of public passage by the Armed Reserve Force Stationed at Ramavarmapuram.

12 noon]

Mr. Speaker : Order, order. Time for interpellations is over. I have received notices of some adjournment motions. The first motion is by Shri K. I. Velayudhan and it reads :

> "To adjourn the House to discuss an urgent matter of general public importance of recent occurrence, namely, the grave situation arisen out of the high-handed act of the Armed Reserve Force stationed at Ramavarmapuram, Trichur, in closing a passage used by the public of the locality from time immemorial, day before yesterday."

I request the hon. Chief Minister to state the facts.

Chief Minister **(Shri A. Thanu Pillai)** : At present I have no information on the matter. I shall be able to give the required information tomorrow.

Mr. Speaker : In view of the statement of the Minister, we will take up the motion tomorrow.

Adjournment Motion re : Retrenchment of Work Establishment Staff at Mattupatti and Sengulam.

The next motion is by Shri K. M. Chandy and it reads :

> "I move for the adjournment of the business of the House to discuss a recent and urgent matter of immediate public importance *viz.*, the retrenchment of the Work Establishment staff at Mattupatti and Sengulam."

In the statement of facts, it is given that the Government have issued notice of retrenchment to 96 Work Establishment staff personnel employed at Mattupatti and Sengulam Divisions (P. H. E. Civil Works) with effect from April 19, 1954. These persons have been in Government service for about 14 years since 1115 M. E. This order has caused great unrest among these persons and among the public, and if the order is carried out, it will create serious repurcussions in the country. I would call upon the Minister for Works and Transport to give an elucidation on the matter.

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്ചുതൻ): അഡ്ജോൺമെന്റ് മോഷനിൽ പറയുന്ന സംഗതികൾ ഇതിൽ പറയുന്ന സ്റ്റേറ്റ്മെന്റനുസരിച്ചുതന്നെ നടന്ന ഒരു സംഭവമല്ലെങ്കിലും അതിന് ആസ്പദമായ സംഗതിയെക്കുറിച്ച് സഭയുടെ അറിവിലേക്കായി ചില സംഗതികൾ വയ്ക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. വർക്ക് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫിൽനിന്നും ൮൩ പേരെ ഏപ്രിൽ ൧൯-ാംനു മുതൽ പിരിച്ചുവിടാൻ പോകുന്നു എന്നാണ്. അതുമൂലം ഉണ്ടാകുന്ന സ്ഥിതിഗതികൾക്ക് ഒരു പരിഹാരം ഉണ്ടാക്കണമെന്നാണ് അതിൽ പറയുന്നത്. രണ്ടുദിവസത്തിനു മുമ്പായി ഇതു സംബന്ധിച്ചു അറിവു കിട്ടിയപ്പോൾ തന്നെ ഡിപ്പാർട്ടുമെന്റ മേധാവിക്ക് വേണ്ട നിർദ്ദേശം കൊടുത്തു. അവരെ ഈ പറയുന്ന തീയതിക്ക് ഏതായാലും പിരിച്ചുവിടുന്നതല്ലെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതേസമയംതന്നെ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു വസ്തുതകൂടി ഗ്രഹിച്ചാൽ കൊള്ളാം. ഈ ചെങ്കുളം ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതി അതിന്റെ പരിപൂർണ്ണസ്ഥിതിയിൽ എത്താൻ പോകുകയാണ്. അങ്ങനെ എത്തിക്കഴിഞ്ഞാൽ പലരെയും പിരിച്ചുവിടേണ്ടതായിവരും. അവരെ എന്നും അങ്ങനെ ജോലിയിൽ വച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതല്ല. അങ്ങനെയുള്ളവരെ പിരിച്ചുവിട്ടാൽ അവർക്കു വിഷമമുണ്ടാകുമെന്നും ഗവണ്മെന്റിനു അറിയാം. അതുകൊണ്ട് അങ്ങനെയുള്ളവരെ പുതിയ പദ്ധതി തുടങ്ങുമ്പോൾ ആ ജോലിയിൽ എടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യും. ഇതിൽ കൂടുതലായി ഇപ്പോൾ അതേപ്പറ്റി ഒന്നും പറയുവാൻ നിർവ്വാഹമില്ല. ഈ പിരിച്ചുവിടൽ ഇപ്പോൾ നടക്കുകയില്ല എന്നതു മാത്രം ഇപ്പോൾ പറയാം.

ശ്രീ. കെ. എം. ചാണ്ടി: നേരിയമംഗലത്തു പദ്ധതി ആരംഭിക്കുമ്പോൾ അവരെക്കൂടി ജോലിക്കു എടുക്കാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. അച്ചുതൻ: പുതിയ ജോലി തുടങ്ങുമ്പോൾ കൂടുതൽ സർവ്വീസുള്ളവർക്ക് പ്രിഫറൻസ് കൊടുക്കും.

ശ്രീ. കെ. എം. ചാണ്ടി: ൧൪-ം, ൧൫-ം കൊല്ലം സർവ്വീസ് ഉള്ള ജീവനക്കാരെ അബ്സാർബ് ചെയ്യുന്നതിലേക്ക് ഒരു സ്കീം ഉണ്ടാക്കുമോ?

ശ്രീ. എ. അച്ചുതൻ: അതു് അനാവശ്യമായ ചിലവുണ്ടാക്കുന്ന ഒരു കാര്യമാണ്. അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ചാണ്ടി: ചെങ്കുളത്ത് പദ്ധതി തീർന്നിട്ടില്ലല്ലോ?

ശ്രീ. എ. അച്ചുതൻ: ഈ അഡ്ജോൺമെന്റ് മോഷനിൽ പറയുന്ന പിരിച്ചുവിടൽ ഇപ്പോൾ നടക്കുകയില്ല, അതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

Shri K. M. Chandy: Sir, in view of the explanation given by the Minister that there will not be any disbanding at present and that the matter can be raised at a later date, I do not press the motion.

Adjournment Motion re : Issue of wrong question papers for Form III Examinations.

Mr. Speaker : There is another adjournment motion by Shri A. Kunjan Nadar and it reads :

> "I move that the House may be adjourned for discussing a definite matter of urgent public importance, namely, the serious situation that has arisen by the issue of question papers containing certain Malayalam questions to the Tamil students of Form III in the Hindi Examination held on 25th March 1954."

I rule the motion out of order.

Motion re : breach of privilege.

Mr. Speaker : I have received a motion of breach of privilege of the House from Shri Kalathil Velayudhan Nair. It reads :

> "Under rule 57, I wish to raise a question involving a breach of privilege of this House. The facts which constitute the breach of privilege are the following : On 23-3-1954, the hon. Member from Pudukkad put a question (question No. 8) to the hon. Minister regarding the non-utilisation of a grant of Rs. 10 lakhs made by Government of India. The answers given by the Minister clearly set out the circumstances under which the amount could not be utilised. The *Keralabhooshanam* dated 25th March 1954 and the *Kerala Kaumudi* dated 24th March 1954 have reported a distorted and perverted version of the answers given for the question. This is a clear breach of the privilege of the House."

These are the reports :

<u>കേരളഭൂഷണം.</u> ൨൪-൩-൫൪. പത്തു ലക്ഷം രൂപ ലാപ്സായിപ്പോയി.

<u>ഭവനനിർമ്മാണം.</u>

ശ്രീ. സീതാരാമൻ: ഈ സ്റ്റേറ്റിൽ ഭവനനിർമ്മാണത്തിനു കേന്ദ്ര ഗവണ്മെന്റു ൧൦ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. നടരാജപിള്ള : അനുവദിച്ചിട്ടുണ്ടു്.

ചോദ്യം : ഈ തുക ഗവണ്മെന്റു ചെലവഴിച്ചിട്ടുണ്ടോ?

ശ്രീ. നടരാജപിള്ള : ഇല്ല.

ശ്രീ. ദിവാകരൻ : ഈ തുക ലാപ്സായിപ്പോയിരിക്കുകയല്ലേ?

ശ്രീ. നടരാജപിള്ള: അതെ.

ളുടനീ് വ്യവസായതൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഗവണ്മെൻറു കാണിച്ചിട്ടുള്ള അനാസ്ഥയെ പല മെമ്പറന്മാരും ചോദ്യം ചെയ്തു."

കേരളകൗമുദി. "൨൭-൩-൫൪. ഭവനനിർമ്മാണപദ്ധതിക്കു കേന്ദ്രഗവണ്മെൻറു നൽകിയ ൫൦ ലക്ഷം രൂപാ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അതു ചിലവു ചെയ്യാത്തതുകൊണ്ടാണു നഷ്ടപ്പെട്ടതെന്നും ഇൻഡ്യാ ഗവണ്മെൻറിൽനിന്നും അംഗീകരിച്ചിട്ടുള്ള പുതിയ ഭവനനിർമ്മാണപദ്ധതിക്കു ഈ ൫൦ ലക്ഷം രൂപാ കൊള്ളിക്കുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നും വ്യവസായവകുപ്പുമന്ത്രി ശ്രീ. പി. എസ്സ്. നടരാജപിള്ള ശ്രീ. ടി. പി. സീതാറാമൻെറ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞു."

Now, on a reading of the reports, I am led to think that a *prima facie* case of breach of privilege has not been made out. I cannot decide the question whether a breach of privilege has in fact been committed. That is a question which can only be decided by the House itself. But I must be satisfied as regards the formal question that there is a *prima facie* case of breach of privilege. I find it difficult in this instance and I withhold my consent.

The Travancore-Cochin Appropriation (Vote on Account) Bill—1954.

Mr. Speaker : Order, order. We will now proceed to Legislative Business.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, I beg to introduce the Travancore-Cochin Appropriation (Vote on Account) Bill, 1954.

Minister for Works and Transport (**Shri A. Achutan**) : I second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : I move that the Bill be taken into consideration.

Shri A. Achutan : I second it.

Mr. Speaker : This is only a very formal Bill which is being introduced to authorise the expenditure of the amount voted upon by the House under Article 206. If we can avoid repetitions of the discussion we already had ; it will be well and good.

Shri N. Raghava Kurup : This is a Bill, and in my opinion, the Members of this House have every right to discuss it as any other Bill. But the Speaker has already stated that it would be better to avoid repetitions. I feel that it would be good to have a discussion avoiding repetitions.

Mr. Speaker : If hon. Members are anxious to have a further discussion of the budget, they can utilise this occasion also. On the other hand, if they do not want to repeat the arguments already said we can quickly proceed to the next item.

ശ്രീ. എൻ രാഘവക്കുറുപ്പ് : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ലിനെ ഞാൻ എതിർക്കുമ്പോൾ അതിനു പല കാരണങ്ങളുമുണ്ട്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ഈ സഭയുടെ സമയം അധികം എടുക്കാതെയിരിക്കുന്നതിനുവേണ്ടി ഒന്നുരണ്ടു കാരണങ്ങൾ മാത്രം ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ട് എന്റെ ഈ ചെറിയ പ്രസംഗം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇന്ന് ഈ ബില്ലും അതിനടിസ്ഥാനമായി ഇവിടെ ഹാജരാക്കിയിട്ടുള്ള ബഡ്ജററും പരിശോധിക്കുന്നപക്ഷം താരതമ്യേന കഴിഞ്ഞ വർഷത്തെ ബഡ്ജററിൽ കൊള്ളിച്ചിരുന്നതിനെക്കാൾ നാലു ലക്ഷത്തിൽപരം തുക ഇവിടുത്തെ പോലീസ് ഡിപ്പാർട്ടുമെൻറിലേക്ക് മാററിവച്ചിട്ടുണ്ടെന്നുള്ളതു കാണാൻ സാധിക്കുന്നതാണ്. ഈ തുക പാവപ്പെട്ട പോലീസുകാരുടെ ശമ്പളത്തിൽ ഒരു രൂപാ എങ്കിലും വർദ്ധിപ്പിക്കുന്നതിലേക്കായിരുന്നു എങ്കിൽ ഞങ്ങൾക്കു സങ്കടമില്ലായിരുന്നു.

തിരുവിതാംകൂർ-കൊച്ചിയിലെ പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററിയും അതിന്റെ ഭരണനയത്തെപ്പററിയും ഇതിനുമുമ്പുണ്ടായിരുന്ന അസംബ്ലികളിൽ അനേകം മെമ്പറന്മാർ പല വിമർശനങ്ങളും നടത്തിയിട്ടുണ്ട് എന്നുള്ളതു ഇന്നത്തെ ചീഫ് മന്ത്രി മുതൽക്കുള്ള ആളുകൾക്കു അറിയാവുന്നതാണ്. എന്നാൽ അദ്ദേഹം അധികാരത്തിൽ വന്നതിനുശേഷം പഴയ രീതിയിൽ എന്തെങ്കിലും മാററം സംഭവിച്ചിട്ടുണ്ടോ എന്നു മാത്രം നമുക്കു പരിശോധിക്കാം. ഇക്കഴിഞ്ഞ ദിവസം ആററിങ്ങൽ മെമ്പർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നടന്ന ചില മർദ്ദനങ്ങളെ സംബന്ധിച്ചു ഒരു പ്രസ്താവന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതേ സംബന്ധിച്ച് അദ്ദേഹം ഇവിടെ പറയുകയും ഉണ്ടായി. അവിടുത്തെ ഒരു ഡ്രൈവറെയും ഒരു കണ്ടക്ടരെയും അവിടത്തെ പോലീസ് ഇൻസ്പെക്ടർ മർദ്ദിച്ചു എന്നുള്ളതായിരുന്നു ആ പരാതി. അതിനെപ്പററി അന്വേഷണം നടത്തിയപ്പോൾ ആ പോലീസ് ഇൻസ്പെക്ടരുടെ കുററം തെളിയുകയും ചെയ്തു. അതിന്മേൽ എന്തു നടപടികൾ നടത്താനാണ് പോകുന്നതെന്ന് ജനങ്ങൾ നോക്കിക്കൊണ്ടിരുന്നപ്പോൾ ജനങ്ങൾക്കു കാണാൻകഴിഞ്ഞതു്, ഏതാനും ദിവസം കഴിഞ്ഞു് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും തിരുവനന്തപുരം ഡി. എസ്. പി. യുടേതായി പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു സ്റ്റേററുമെൻറാണ്. ആ സ്റ്റേററുമെൻറിൽ പരസ്യപ്പെടുത്തിയിരുന്നതു് വായിച്ചാൽ തന്നെ പോലീസ് ഇൻസ്പെക്ടരുടെ പേരിൽ കൊണ്ടുവന്ന കുററം ശരിയാണെന്നു കാണാൻ കഴിയും. ഡി. എസ്. പി. തന്നെ സമ്മതിച്ചു, പ്രതികളെ അറസ്ററു ചെയ്ത സമയത്തു് അവരുടെ മേൽ ബലം പ്രയോഗിക്കേണ്ടി വന്നുവെന്ന്. അപ്പോൾ പോലീസ് ഇൻസ്പെക്ടർ ഏതു കാരണത്തിനായാലും ബലം പ്രയോഗിച്ചിരിക്കുന്നു എന്നുള്ളതു ശരിയാണ്.

Shri A. A. D. Luiz : Sir, I rise to a point of order. Can an hon. Member read out to the House passages from newspaper cuttings?

Shri N. Raghava Kurup : I was only referring to a statement issued by the Public Relations Department. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യപ്പെടുത്തിയ റിപ്പോർട്ടിൽ പറയുന്നതു ഇങ്ങനെയാണ്. "പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി ആവശ്യമായതിൽകൂടുതൽ ബലം പ്രയോഗിച്ചിട്ടുണ്ടെന്നു കാണുന്നില്ല". ഇതിൽനിന്നും വ്യക്തമാണ് ആ സ്ഥലത്തുവെച്ചു് ബലം പ്രയോഗിച്ചിട്ടുണ്ടെന്ന്. അതു ശരിയാണെങ്കിൽ ഈ കേസ് തീർച്ചയായും ഈ രാജ്യത്തെ ഏതെങ്കിലും ഒരു നീതിന്യായക്കോടതിയിൽ കൊണ്ടുപോകേണ്ടതാണ്. ഇതിനെ സംബന്ധിച്ചു നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ചുമതല ഗവണ്മെൻറിനു ഇല്ലയോ? ഇതിനുമുമ്പ് അനേകം സംഭവങ്ങൾ പോലീസുകാർ കാട്ടിക്കൂട്ടിയിട്ടുണ്ട്. പോലീസു ലാക്കപ്പുകളിൽ നടന്ന മരണങ്ങളെപ്പററി കഴിഞ്ഞ ദിവസം നമ്മുടെ ചീഫ്മിനിസ്റ്റർക്കു തന്നെ മറുപടി പറയേണ്ടതായിവന്നു. ആ നിലയിൽ ഇനിയും ഇവർ ജനമർദ്ദനം നടത്തുന്നതിനെ ഇന്നത്തെ ഗവണ്മെൻറ് കണ്ണടച്ചു നോക്കിക്കൊണ്ടിരിക്കുകയാണോ എന്നു് ഞാൻ ചോദിക്കുന്നു. ഈ കേസ് അന്വേഷണം നടത്തിക്കൊണ്ടിരുന്ന പോലീസുദ്യോഗസ്ഥൻ സാക്ഷികളെ പോലീസുസ്റ്റേഷനിൽ വിളിച്ചുവരുത്തിയാണ് ചോദ്യം ചെയ്തതെന്നും പരാതികളുണ്ട്. ന്യായമായി സത്യംപറയുന്ന സ്വഭാവമുള്ള ആളുകൾക്ക് പോലീസ് സ്റ്റേഷനിൽ പോകുവാൻ മടി തോന്നുന്ന ഒരു സമ്പ്രദായമാണു ഇന്നു നിലവിലുള്ളതു്. അക്കാര്യം ഇന്നത്തെ മുഖ്യമന്ത്രി മനസ്സിലാക്കിയാൽകൊള്ളാം. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യപ്പെടുത്തിയ സ്റ്റേററുമെൻറിൽ റോഡിൽവച്ചു് ബലം പ്രയോഗിക്കേണ്ടിവന്നുവെന്നും, പോലീസ് സ്റ്റേഷനിൽ വിവരം പറയുന്നതിനു അപേക്ഷകർ വിസമ്മതിച്ചുവെന്നും, അതിനാൽ സ്റ്റേഷനിൽവച്ചും ബലംപ്രയോഗിക്കേണ്ടിവന്നുവെന്നും പറയുന്നുണ്ട്. ഒരു കേസിനെപ്പററി അന്വേഷണം നടത്തുമ്പോൾ ആ കേസിന്റെ സ്വഭാവമെന്താണെന്നു മനസ്സിലാക്കാൻ വേണ്ടി പ്രതികളെ ദേഹോപദ്രവം ഏല്പിക്കുന്ന സമ്പ്രദായത്തെ ക്രിമിനൽ പ്രൊസീഡിയർകോഡു് അങ്ങേയററം ആക്ഷേപിക്കുന്നതാണ്. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യപ്പെടുത്തിയിരിക്കുന്ന ഡി. എസ്. പി. യുടെ സ്റ്റേററുമെൻറ് ഈ രാജ്യത്തു പോലീസുകാർക്ക് എന്തും ചെയ്യാൻ കഴിയുമെന്നാണ് കാണിക്കുന്നതു്. വളരെ പരസ്യമായി ഒരു പോലീസു മേധാവി, സബ്ബ് ഇൻസ്പെക്ടർക്ക് ഇഷ്ടംപോലെ അറസ്ററു ചെയ്യുവാനും, പോലീസു സ്റ്റേഷനിലേക്ക് കൊണ്ടുപോകുവാനും, അവിടെവച്ചു് ബലം പ്രയോഗിക്കുവാനും അവകാശമുണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. ഞങ്ങളുടെ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ഉദ്യോഗസ്ഥൻ തെററുചെയ്തു, അതു ന്യായമാണ്, അതു ഞങ്ങൾ ന്യായീകരിക്കുവാൻ തയ്യാറാണ് എന്നു് ഒരു ഡി. എസ്. പി. എത്ര ധിക്കാരത്തോടുകൂടിയാണു പറയുന്നതെന്നു് നോക്കുക. ഞാൻ ഇന്നത്തെ ചീഫ്മിനിസ്റ്ററോടു ചോദിക്കുന്നു, ഇതിനാണോ സോഷ്യലിസത്തിന്റെ പേരിൽ അഞ്ച് വോട്ടു ചോദിച്ചതെന്നു്. ഇതിൽനിന്നും ഇവിടത്തെ പോലീസിന്റെ ഭരണനയത്തിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെന്നു ഈ രാജ്യത്തെ ആളുകൾക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഈ അവസരത്തിൽ മററൊരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. ഈ രാജ്യത്തു ഒരു സി. ഐ. ഡി. വകുപ്പുണ്ട്. എന്റെ ഒരു മാന്യസ്നേഹിതൻ, ഈ അസംബ്ലിയിലെ ഒരു മെംബർ, ൧൯൪൯ മുതൽ, അദ്ദേഹത്തിന്റെ പിന്നാലെ നടന്നുകൊണ്ടിരുന്ന അതേ പോലീസ് സി. ഐ. ഡി. കാൺസ്റ്റബിൾതന്നെ ഇന്നും അദ്ദേഹത്തിന്റെ പിന്നാലെ അദ്ദേഹത്തെ Watch ചെയ്തു നടന്നുകൊണ്ടിരിക്കുന്നു എന്നു പറയുകയുണ്ടായി. സർ, അങ്ങനെ ഞങ്ങളെ പരീക്ഷിക്കുന്നതിനായി പോലീസുകാർ നടക്കുന്നതിൽ ഞങ്ങൾക്കു യാതൊരു ആക്ഷേപവും ഉണ്ടായിട്ടല്ല ഞാനിതു പറയുന്നത്. പിന്നെയോ, ഇന്നു ഈ രാജ്യത്ത് ഏററവും അപകടം പിടിച്ച ഒരു സന്ധിയാണ് തരണം ചെയ്യേണ്ടിയിരിക്കുന്നത്. രാജ്യത്തു ഒരററം മുതൽ മറേറ അററം വരെ രാജ്യതാല്പര്യങ്ങൾക്കു എതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘം ആളുകളുണ്ടെന്നു ഗവണ്മെൻറ മനസ്സിലാക്കണം. കുറച്ചുമാസങ്ങൾക്കുമുമ്പു ഫോർട്ടുകൊച്ചിയിൽനിന്നും ഇൻഡ്യക്കെതിരായി പ്രവർത്തിക്കുന്നുവെന്നുള്ള കാരണത്താൽ രണ്ടു ഇററാലിയൻ പാതിരിമാരെ രാജ്യത്തിനു പുറത്തു അയയ്ക്കുകയുണ്ടായി. രണ്ടു പാതിരിമാർ എന്നു പറയുമ്പോൾ അവർ രണ്ടുപേരും മാത്രമേയുള്ളുവെന്ന് കണക്കാക്കുന്നത് ബുദ്ധിശൂന്യമാണ്. നമ്മുടെ രാജ്യത്തിനെതിരായി, തിരുവിതാംകൂർ-കൊച്ചിക്കു മാത്രമല്ല, ഇൻഡ്യയുടെ ദേശീയ സ്വാതന്ത്ര്യത്തിനു പോലും എതിരായി ഈ രാജ്യം അമേരിക്കയ്ക്കും മററു വിദേശരാജ്യങ്ങൾക്കും ഒററികൊടുക്കുന്നതിനുവേണ്ടി ഭയങ്കരമായ ഗൂഢാലോചന ഇൻഡ്യയുടെ ഒരററംമുതൽ മറേറ അററംവരെ നടക്കുന്നുണ്ട്. ആ ഗൂഢസംഘത്തിലെ രണ്ടു വ്യക്തികൾ മാത്രമായിരുന്നു ഈ രണ്ടു ഇററാലിയൻ പാതിരിമാർ എന്ന വസ്തുത ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിസഭയും അറിഞ്ഞിരിക്കേണ്ടതാണ്. ഇതുപോലെ അനേകം വിദേശികൾ നമ്മുടെ മാതൃരാജ്യത്തിനെതിരായി പണിയെടുക്കുന്നവരായി ഇവിടെയുണ്ടെന്നു ചീഫ്മിനിസ്റ്ററും അദ്ദേഹത്തിന്റെ പോലീസും മനസ്സിലാക്കിയാൽ കൊള്ളാം. അങ്ങനെ ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ ഒററിക്കൊടുക്കുന്നതിനുവേണ്ടിയും ഇവിടത്തെ പുരോഗമനപ്രസ്ഥാനത്തെ അടിച്ചുടയ്ക്കുന്നതിനു വേണ്ടിയും വിദേശീയ സഹായത്തെ അവലംബിച്ചുകൊണ്ട് ഇക്കൂട്ടർ ഇവിടെ എന്തൊക്കെയാണു പ്രവർത്തിക്കുന്നതെന്ന് കണ്ടുപിടിക്കുവാൻ ഇവിടുത്തെ പോലീസുദ്യോഗസ്ഥന്മാർ ശ്രമിക്കുന്നില്ല. ഈ ഗൂഢാലോചനയെ വെല്ലുവിളിക്കുന്നതിനു ഇവിടത്തെ പോലീസ് കാര്യമായി യാതൊന്നും ചെയ്യുന്നില്ല.

സർ, ഇൻഡ്യൻ പാർലമെൻറിലെ ഒരംഗമായ ശ്രീ. മത്തായി മാഞ്ഞൂരാൻ കുറച്ചു മാസങ്ങൾക്കു മുമ്പ് ഒരു പ്രസ്താവനമൂലം ഈ രാജ്യത്തിലെ ആളുകളെ ചില കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്. സാംസ്കാരികമെന്നോ, അസാംസ്കാരികമെന്നോ സ്വയം വിളിക്കുന്ന ഒരു സംഘടന, കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി എന്നറിയപ്പെടുന്ന സംഘടന, ഇവിടത്തെ അമേരിക്കൻ എംബസ്സിയാൽ പരിലാളിക്കപ്പെട്ടുവരുന്ന ഒരു സംഘടനയാണെന്നും അതിന്റെ നേതാവ് പ്രതിമാസം പതിനയ്യായിരം രൂപ ഇവിടത്തെ അമേരിക്കൻ എംബസ്സിയിൽനിന്നും പററിക്കൊണ്ട് ഇവിടെ പ്രവർത്തിച്ചുവരികയാണെന്നും, ഇന്ന് പ്രതിപക്ഷത്തിലിരിക്കുന്ന കാൺഗ്രസ്സ് പാർട്ടിയുടെ നയം രൂപീകരിക്കുന്നതിൽ അങ്ങേ അററത്തെ സ്വാധീനം ചെലുത്തികൊണ്ടിരിക്കുന്ന ഒരു കോട്ടയം പത്രത്തിന് തുച്ഛമായ വിലയ്ക്കു

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

പത്രക്കടലാസുകൾ അമേരിക്കൻ എംബസ്സി കൊടുക്കുന്നുണ്ടെന്നും ശ്രീ. മത്തായി മാഞ്ഞൂരാന്റെ പ്രസ്താവനയിൽ പറയുന്നുണ്ട്. ഞാൻ ചീഫ് മിനിസ്റ്ററോട് ചോദിക്കുകയാണ്, സർ, അങ്ങയുടെ പോലീസ് ഈ രണ്ടു കാര്യങ്ങളെപ്പററിയും ഇതുപോലെയുള്ള മററു കാര്യങ്ങളെപ്പററിയും എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന്. ശ്രീ. മത്തായി മാഞ്ഞൂരാന്റെ പ്രസ്താവനയ്ക്കു മറുപടിയായി അമേരിക്കൻ എംബസ്സിയിൽനിന്നുതന്നെ ഒരു സ്റ്റേറ്റുമെന്റു പുറപ്പെടുവിച്ചിട്ടുണ്ട്. ആ സ്റ്റേറ്റുമെന്റിൽ യാതൊരു രാഷ്ട്രീയസംഘടനയ്ക്കും അമേരിക്കൻ എംബസ്സിയിൽനിന്നും പണം കൊടുക്കുന്നില്ലായെന്നു പറയുന്നുണ്ട്. ശരിയാണു സാർ. അതുകൊണ്ടു് ശ്രീ. മത്തായി മാഞ്ഞൂരാന്റെ സ്റ്റേറ്റുമെന്റു ശരിയല്ലെന്നു വരുന്നില്ല. വിരുദ്ധമുന്നണി ഒരു രാഷ്ട്രീയസംഘടനയല്ലെന്നു അവർ തന്നെ പറയുന്നുണ്ട്. പിന്നെ അമേരിക്കൻ എംബസ്സി പറയുന്നതിൽ തെററുണ്ടോ? ഇങ്ങനെ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്ന സംഭവങ്ങൾ അങ്ങിങ്ങായി നടക്കുന്നുണ്ട്. പാവപ്പെട്ട പോലീസുകാരെ ഞങ്ങളുടെ പിന്നാലെ അയച്ചാൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം വിററുതിന്നാൻ കഴിയുമെന്നല്ലാതെ ഒരു പ്രയോജനവുമുണ്ടാകുന്നതല്ല. സർ, തിരുവിതാംകൂർ-കൊച്ചിയുടെ ചരിത്രത്തിൽ ഇതിനു മുമ്പുണ്ടായിട്ടില്ലാത്തവിധം ഇന്നു നമ്മുടെ രാജ്യം വിദേശികളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നടപടികളെ വേണ്ടവിധം ശ്രദ്ധിച്ച് അപ്പോഴപ്പോൾ അന്വേഷിച്ചു വിവരം ഇൻഡ്യാഗവണ്മെന്റിനെയും ഈ ഗവണ്മെന്റിനെയും അറിയിക്കേണ്ട ചുമതല ഇവിടത്തെ പോലീസുകാർക്കുണ്ട്. അങ്ങനെ ചെയ്യില്ലെങ്കിൽ നമുക്കിപ്പോഴുള്ള സ്വാതന്ത്ര്യം പോലും അപകടത്തിലാകുമെന്നാണ് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു്.

സർ, ഞാൻ വിദേശികളുടെ കാര്യം പറഞ്ഞപ്പോൾ പ്രത്യേകമായി അമേരിക്കൻ എംബസ്സിയേയും അമേരിക്കാക്കാരെപ്പററിയും പറയുന്നതിനു പ്രത്യേക കാരണമുണ്ട്. അടുത്ത ദിവസം ഇൻഡ്യയിലെ കാൺഗ്രസ്സ് പ്രസിഡണ്ടും പ്രധാനമന്ത്രിയുമായിരിക്കുന്ന ശ്രീ. ജവഹരിലാൽ നെഹ്റു പാർലമെന്റിൽവച്ചു പ്രസ്താവിക്കുകയുണ്ടായി, ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്ന ഏകശക്തി അമേരിക്കയാണെന്ന്. ഇൻഡ്യയുടെ മാറത്തു തോക്കുചൂണ്ടിക്കൊണ്ട് ഇൻഡ്യയെ അമേരിക്കയ്ക്കു് വിധേയമാക്കുവാനും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ പണയപ്പെടുത്തുവാനും അമേരിക്ക ശ്രമിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഇവിടെ നടക്കുന്ന വിദേശീയ ഗൂഢാലോചനകൾക്കെതിരായി ഇതുവരെ അധികാരത്തിലിരുന്ന പാർട്ടി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥമാണ്. എ. ഐ. സി. സി. മറെറല്ലാ കാൺഗ്രസ്സ് സംഘടനകൾക്കും സർക്കുലർ അയച്ചിട്ടുണ്ട്. ഇൻഡ്യയെ യുദ്ധക്കളമാക്കുന്നതിനുള്ള അമേരിക്കയുടെ ശ്രമത്തിനെതിരായി ഇവിടത്തെ ജനങ്ങളെ അണിനിരത്തുവാൻ കാൺഗ്രസ്സ് ശ്രമിക്കണമെന്ന്. എന്നാൽ തിരുവിതാംകൂർ-കൊച്ചിയിൽ ഇതു സംബന്ധിച്ചു യാതൊന്നും നടന്നിട്ടില്ല. ഇന്നധികാരത്തിലിരിക്കുന്ന സോഷ്യലിസ്ററുപാർട്ടി, കുറച്ചു വെള്ളിക്കാശിനുവേണ്ടി നമ്മുടെ സ്വാതന്ത്ര്യത്തെ ഒററിക്കൊടുക്കുന്നതിനായി ശ്രമിക്കുന്നവരെ,

അവർ എത്ര വലിയ ആളുകളായിരുന്നാലും ശരി, ഒരു നല്ല പാഠം പഠിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: അമേരിക്കയുടെ ഇത്തരം പ്രവർത്തനങ്ങൾക്കെതിരായി സോഷ്യലിസ്റ്റ് നേതാക്കന്മാർ യാതൊരു ശബ്ദവും പുറപ്പെടുവിച്ചിട്ടില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇല്ലായിരിക്കാം. അതിനെപ്പറ്റി ഇവിടെ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

സർ, ഇതുപോലെ ഒരു സംഗതികൂടി എനിക്കു പറയുവാനുണ്ട്. ഇൻഡോ-അമേരിക്കൻ ഫ്രൻഡ്ഷിപ്പ് അസ്സോസിയേഷൻ എന്ന പേരിൽ ഇവിടെ ഒരു സംഘടന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംഗതിയെപ്പറ്റി ഞാൻ ഇവിടെ എന്തെങ്കിലും പറയുമ്പോൾ മറുഭാഗത്തു നിന്ന് ചില സ്നേഹിതന്മാർ ഒരുപക്ഷേ ചോദിച്ചേക്കാം, ഇൻഡോ-സോവ്യറ്റ് ഫ്രൻഡ് ഷിപ്പ് സംഘടനകളുടെ പ്രവർത്തനരൂപം ഇവിടെ നടക്കുന്നില്ലേ എന്ന്. അതിന് എനിക്കു പറയുവാനുള്ള മറുപടി കാൺഗ്രസ്സ് പാർട്ടിയുടെ പ്രസിഡൻറായ ഇൻഡ്യൻ പ്രധാനമന്ത്രി കൂടിയായ പണ്ഡിററ് ജവഹരിലാൽ നെഹ്റു പോലും പറഞ്ഞിട്ടുണ്ട്, ഇന്നത്തെ നിലയ്ക്ക് ചൈനയും റഷ്യയും ഇൻഡ്യയ്ക്കു ഒരു ആപത്തല്ലാ എന്ന്. അതേസമയം ഇൻഡ്യയ്ക്കു അമേരിക്ക ഒരു വലിയ ആപത്തായിത്തീർന്നിട്ടുണ്ടെന്ന് സുവ്യക്തമായ ഭാഷയിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇൻഡ്യയെ ഒരു യുദ്ധക്കളമാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഏക രാജ്യം അമേരിക്കയാണ്. ഇൻഡ്യയുടെ ഭാഗധേയത്തെ—ഇൻഡ്യയിൽ വസിക്കുന്ന ജനങ്ങളുടെ ഭാഗധേയത്തെ—അപകടത്തിലാക്കാൻ ശ്രമിക്കുന്ന ആ രാജ്യത്തിൻെറ ചാരന്മാരുടെ തിരുവിതാംകൂർ-കൊച്ചിയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചു റിപ്പോർട്ടുചെയ്യുന്നതിന് ഇവിടത്തെ പോലീസ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ഞാൻ നമ്മുടെ മുഖ്യമന്ത്രിയോടു ചോദിക്കുന്നു. സർ, ഇങ്ങനെ അമേരിക്കയ്ക്കു ഇൻഡ്യയെ ഒററുകൊടുക്കുന്നതിനു സഹായിക്കുന്ന ചില ഉദ്യോഗസ്ഥന്മാർ പോലും നമ്മുടെ തിരുവിതാംകൂർ-കൊച്ചിയിൽ ഉണ്ടെന്നു പറയുമ്പോൾ അതിൻെറ പ്രാധാന്യം എത്രത്തോളമായിരിക്കുമെന്ന് ഊഹിക്കുകയായിരിക്കും നല്ലതു്. അമേരിക്കാക്കാരുടെ ഒരു അഞ്ചാംപത്തി നമ്മുടെ രാജ്യത്തിൽ ഉണ്ടെന്നുള്ള വിവരം രാജ്യത്തിലെ മിക്കവാറും ആളുകൾക്ക് അറിയാവുന്ന ഒന്നാണ്. ആ അഞ്ചാംപത്തി പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്ന ആളുകൾ, അവർ എത്ര വലിയവരായാലും ശരി അവരുടെ പേരിൽ നടപടി എടുക്കുവാൻ ഗവണ്മെൻറ് മടികാണിക്കരുതെന്ന് ഒരു നിർദ്ദേശം കൂടി എനിക്കു മുഖ്യമന്ത്രിക്ക് നൽകുവാനുണ്ട്.

ശ്രീ. കെ. ററി. താമസ്സ്: റഷ്യൻ ചാരന്മാർ ഇവിടെ പ്രവർത്തനം നടത്തുന്നതായി അറിയാമോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹുമാനപ്പെട്ട മെംബർ കൂടി ഉൾപ്പെടുന്നതായ കാൺഗ്രസ് പാർട്ടിയുടെ നേതാവായ പണ്ഡിററ് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, ഇൻഡ്യയെ സംബന്ധിച്ചിടത്തോളം റഷ്യയും ചൈനയും ഒരു ആപത്തല്ലാ എന്ന്. എന്നാൽ അമേരിക്ക ഒരു ആപത്താണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ടി. തോമസ്സ്: എന്റെ ഉദ്ദേശം അതല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാൻ പറഞ്ഞ മറുപടി മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന് ഞാൻ ഉത്തരവാദിയല്ല.

ശ്രീ. എം. പി. ചെറിയാൻ: സർ, അപ്പ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ച് സംസാരിക്കുന്നതിനു എത്ര സമയം ആണ് അനുവദിക്കുന്നുള്ളത്?

Mr. Speaker: Hereafter Members will try to cut short their speeches, so that others can have a chance to speak.

Shri N. Raghava Kurup: Sir, I think there is no time limit fixed for a Member to speak on this Bill or any other Bill. But that does not mean that I am going to take an indefinite time.

ശ്രീ. കെ. കരുണാകരൻ: ഈ കാര്യങ്ങളിൽ അപ്പ്രോപ്രിയേഷൻ ബില്ലിന്റെ പരിധിയിൽ അല്ലാത്ത കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യാമോ?

Mr. Speaker: It is not in order to discuss about questions of defence and allied matters, when we are dealing with the Appropriation Bill. The hon. Member is discussing matters not strictly relevant to this Bill.

Shri A. A. D. Luiz: Can a Member pass ridiculous remarks about another hon. Member ?

Mr. Speaker: No.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാൻ പറഞ്ഞുകൊണ്ടുവന്നത് ഇങ്ങനെ രാജ്യത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾക്ക് ഹാനികരമായ പ്രവർത്തനം നടത്തുന്ന ആളുകളെപ്പറ്റി റിപ്പോർട്ടു ചെയ്യുന്നതിനും മറ്റും നമ്മുടെ പോലീസ് ശ്രമിക്കുന്നില്ല എന്നു മാത്രമാണ്. അതിനാവശ്യമുള്ള നടപടികൾക്കുവേണ്ടി യാതൊന്നും നമ്മുടെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല എന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണ് ഞാൻ അപ്പ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ച് ഇത്രത്തോളം സംസാരിച്ചത്. അല്ലാതെ മറുവിധത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ ആ തെറ്റിദ്ധാരണ മാറ്റണം.

Mr. Speaker: You may conclude.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എനിക്ക് ഒന്നുകൂടി ചൂണ്ടിക്കാണിക്കുവാനുണ്ട്. ഈ രാജ്യത്തിലെ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനത്തെപ്പോലും പോലീസ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ കൊണ്ടുവന്നിരിക്കുന്നു. പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ഏതെങ്കിലും ഒരു ഉദ്യോഗാർത്ഥിയെ ഒരു ഉദ്യോഗത്തിനു നിയമിച്ചു കഴിഞ്ഞാൽ ആ ഉദ്യോഗാർത്ഥിയുടെ പേരു രാജ്യത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും അയയ്ക്കുകയായി. പോലീസ് ഉദ്യോഗസ്ഥന്മാർക്ക് വേണമെങ്കിൽ ഈ ഉദ്യോഗാർത്ഥി ഒരു കമ്മ്യൂണിസ്റ്റുകാരനായി സംസാരിച്ചിട്ടു

ണ്ടെന്നോ സംസാരിക്കാനിടയുണ്ടെന്നോ കാണിച്ച് റിപ്പോർട്ടു ചെയ്ത് ആ ഉദ്യോഗാർത്ഥിയുടെ ഭാവി നശിപ്പിക്കുവാൻ സാധിക്കും. ഇങ്ങനെ പോലീസുകാർ വിചാരിച്ചാൽ അവർക്ക് ഇഷ്ടമില്ലാത്ത ആളെ ഉദ്യോഗത്തിൽ നിയമിക്കാതിരിക്കുന്നതിന് സാധിക്കും. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനംപോലും പോലീസ് ഡിപ്പാർട്ടുമെന്റിന് വിധേയമായിട്ടാണ് ഇപ്പോൾ ഇരിക്കുന്നത്. മററ് എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ടും രാജ്യത്ത് കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ടും ഈ വിധത്തിൽ മുമ്പോട്ടു പോകുന്ന ഒരു ഡിപ്പാർട്ടുമെന്റായി തീർന്നിരിക്കുകയാണ് പോലീസ് ഡിപ്പാർട്ടുമെന്റ്. പഴയ ഭരണത്തിൽനിന്നും യാതൊരു വിധത്തിലും വ്യത്യസ്തമല്ലാത്ത ഒരു നയമാണ് പുതിയ ഗവണ്മെന്റ് തുടരുന്നത് എന്നു കാണുന്നതിൽ ഞങ്ങൾക്കു ഖേദമുണ്ട്. സോഷ്യലിസ്ററ് പാർട്ടി ശരിയായ ഒരു നയം എടുക്കുവാൻ യാതൊരു മടിയും കാണിക്കരുതെന്ന് ഉൽബോധിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പ്രാക്കുളം ഭാസി: സർ, അപ്രോപ്രിയേഷൻ ബില്ലിനെ എതിർക്കുവാനാണ് ഞാൻ എഴുന്നേററു നിൽക്കുന്നത്. ഇവിടെ അവതരിപ്പിച്ച ബഡ്ജററും Vote on Accounts-ം ഈ സഭ പാസ്സാക്കിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ എതിർക്കുന്നത് ചില നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ മുൻപാകെ വയ്ക്കുവാനാണ്. രാജപ്രമുഖന്റെ പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മെംബറന്മാർ വളരെയേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനു മറുപടിയായി ശ്രീ. പട്ടം താണുപിള്ള കാര്യങ്ങളുടെ വിശദാംശങ്ങൾ സഭയെ ധരിപ്പിച്ചിട്ടുണ്ട്. ശ്രീ. പട്ടം താണുപിള്ള മുഖ്യമന്ത്രിപദം ഏറെറടുക്കണമെന്ന് ഈ രാജ്യത്തിലെ ജനങ്ങൾ ആഗ്രഹിച്ചു. പക്ഷെ ഇടതുപക്ഷങ്ങളുടെ നേതാവെന്ന നിലയിൽ അദ്ദേഹം അധികാരം ഏറെറടുക്കണമെന്നാണ് ജനങ്ങൾ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നത്. എന്നാൽ ഈ രാജ്യത്തിലെ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും വിപരീതമായി, ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു രാഷ്ട്രീയ സംഘടനയായ കോൺഗ്രസ്സിന്റെ സഹായത്തോടുകൂടി അദ്ദേഹം മന്ത്രിസഭ രൂപീകരിച്ചതിൽ ജനങ്ങൾക്ക് അതിയായ ഖേദമുണ്ട്. കഴിഞ്ഞ കാര്യങ്ങളെല്ലാം മറക്കണമെന്നും പൊറുക്കണമെന്നും അദ്ദേഹം പറഞ്ഞതുകൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് ഇനിയൊന്നും പറയുന്നില്ല. ഏതായാലും ഇപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭയുണ്ട്. ആ മന്ത്രിസഭയുടെ പേരിൽ ധനകാര്യവകുപ്പുമന്ത്രി ശ്രീമാൻ നടരാജപിള്ള, അദ്ദേഹം ഉൾപ്പെട്ട പാർട്ടിയുടേതല്ലെന്ന് പറഞ്ഞുകൊണ്ട് ഒരു ബഡ്ജററും അവതരിപ്പിച്ചു. രാജപ്രമുഖന്റെ പ്രസംഗത്തിൽ കുറെ നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അതൊന്നും ഇന്നത്തെ ഗവണ്മെന്റ് പാർട്ടിയുടെ നയമായി വിചാരിക്കുവാൻ സാധിക്കാത്ത വിധത്തിലാണ് ബഡ്ജററ് രൂപീകരിച്ചിരിക്കുന്നത്. രാജപ്രമുഖന്റെ പ്രസംഗം ഒരു ചടങ്ങുമാത്രമാണെങ്കിൽ അത് വേണ്ടെന്നു വയ്ക്കാമായിരുന്നു. പക്ഷെ അത് ഒരു ചടങ്ങല്ലെന്നും ഗവണ്മെന്റിന്റെ നയപ്രഖ്യാപനമാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു കഴിഞ്ഞു. ആ നിലയ്ക്ക് രാജപ്രമുഖന്റെ പ്രസംഗം ഒരു വഴിക്കും ഗവണ്മെന്റിന്റെ

[ശ്രീ. പ്രാക്കുളം ഭാസി]

ബഡ്ജററ വേറൊരു വഴിക്കുമാണു പോകുന്നതെന്നു് സൂക്ഷിച്ചു നോക്കിയാൽ മനസ്സിലാക്കാം. ഇത്ര ആശയ ദാരിദ്ര്യമുള്ള ഒരു ബഡ്ജററ് തിരുവിതാംകൂർ നിയമസഭയിലാകട്ടെ കൊച്ചി നിയമസഭയിലാകട്ടെ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലാകട്ടെ ഇതുവരെ അവതരിപ്പിച്ചിട്ടില്ല. ധനകാര്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ ഒരു സ്കൂൾവിദ്യാർത്ഥി ഉപന്യാസം എഴുതി വായിക്കുന്ന പ്രതീതിയാണു് എനിക്കുണ്ടായതു്. പാരമ്പര്യമനുസരിച്ചുള്ള ഒരു പ്രസംഗം രാജപ്രമുഖനെക്കൊണ്ടു് ചെയ്യിച്ചു എന്നല്ലാതെ, പ്രസംഗത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ പി. എസ്സ്. പി. മന്ത്രിസഭയ്ക്കു് ധൈര്യമുണ്ടോ എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. അങ്ങനെ ധൈര്യമുണ്ടെങ്കിൽ ഞങ്ങൾ ഇന്നത്തെ ഗവണ്മെൻറിനു പിൻതുണ നൽകുവാൻ തയ്യാറാണു്, തയ്യാറാണു്, തയ്യാറാണു് എന്നു ഞാൻ ആവർത്തിച്ചു പറയാം. പി. എസ്സ്. പി. യുടെ പ്രധാന ലക്ഷ്യം വികേന്ദ്രീകരണവും ഗ്രാമോദ്ധാരണവുമാണെന്നാണു് അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതു്. അവരുടെ നേതാവായ ആചാര്യകൃപലാനി ഇതിനെക്കുറിച്ചു് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുമുണ്ടു്. രാജപ്രമുഖൻെറ പ്രസംഗത്തിലും അതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. പക്ഷെ ബഡ്ജററിൽ അതിനാവശ്യമുള്ള തുകയൊന്നും കൊള്ളിച്ചിട്ടില്ല. അങ്ങനെ രാജപ്രമുഖൻെറ പ്രസംഗത്തിൻെറ പിതൃത്വം ഏറെറടുക്കുവാൻ—ഈ അനാഥശിശുവിൻെറ ഉത്തരവാദിത്വം ഏറെറടുക്കുവാൻ—ആരും തയ്യാറുള്ളതായി കണ്ടില്ല. എങ്കിലും അതിനെ പോററിവളർത്താമെന്നാണു് ധനകാര്യമന്ത്രി പറയുന്നതു്.

പഞ്ചായത്തുകളുടെ കാര്യത്തെക്കുറിച്ചു് പറയുകയാണെങ്കിൽ, കഴിഞ്ഞ കൊല്ലം ഗവണ്മെൻറ് ൯ ലക്ഷം രൂപ ഇതിലേയ്ക്കു് ഉൾക്കൊള്ളിച്ചിരുന്നെങ്കിലും ൪,൮൪,൨൦൦ രൂപ മാത്രമേ ൧൧൨൮–൨൯-ലെ റിവൈസ്ഡ് എസ്റ്റിമേററിൽ കൊള്ളിച്ചിട്ടുള്ളു. ഇപ്പോഴത്തെ എസ്റ്റിമേററിൽ ൫ ലക്ഷം രൂപ മാത്രമേ കൊള്ളിച്ചിട്ടുള്ളു. പ്രജാസോഷ്യലിസ്ററ പാർട്ടി ആവർത്തിച്ചാവർത്തിച്ചു് പറയുന്ന വികേന്ദ്രീകരണാദർശത്തിൻെറ അടിസ്ഥാനത്തിൽ ഈ ൫ ലക്ഷം രൂപ കൊണ്ടു് എന്തു നേടാൻ പോകുന്നു എന്നാണു് എനിക്കു് ചോദിക്കുവാനുള്ളതു്. ഗ്രാമറോഡുകൾ, ആശുപത്രികൾ, ചന്തകൾ, മൈനർ ഇറിഗേഷൻ കാര്യങ്ങൾ മുതലായവയെല്ലാം പരിപൂർണ്ണമായി പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കണമെന്നു് മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. സൂചനമാത്രംകൊണ്ടു് കാര്യമായില്ല. ബഡ്ജററിൽ പണം കൊള്ളിക്കേണ്ടതുണ്ടു്. കുറെ വരവും ചെലവും കാണിച്ചു് ഇന്ന തുക ലാഭം, അല്ലെങ്കിൽ ഇന്ന തുക നഷ്ടം എന്നു കാണിച്ചാൽ അതു ബഡ്ജററാവുകയില്ല. സർ, ഞങ്ങൾ പ്രതീക്ഷിക്കുന്നതു് മനുഷ്യത്വത്തെ മാനിക്കുന്ന ഒരു ബഡ്ജററാണു്. ലാഭത്തിൻെറയോ നഷ്ടത്തിൻെറയോ അടിസ്ഥാനത്തിലല്ല ബഡ്ജററ രൂപീകരിക്കേണ്ടതു്. മനുഷ്യൻെറ ആശയങ്ങൾക്കും അഭിലാഷങ്ങൾക്കും രൂപം നൽകാൻ ഈ ബഡ്ജററ് എത്രത്തോളം പ്രയോജനപ്പെടുന്നു എന്നു നോക്കിവേണം ഇതിൻെറ മൂല്യം നിർണ്ണയിക്കുവാൻ. ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയായിരിക്കണം ഒരു ബഡ്ജററിൻെറ ലക്ഷ്യം. തൊഴിലില്ലായ്മയ്ക്കു് പരിഹാരം കാണാൻ

ധാരാളം പേക്ക് തൊഴിൽ കൊടുക്കേണ്ടതുണ്ട്. സർ, എത്രയെത്ര ആളുകളാണ് ഇന്ന് പട്ടിണിയിൽ കഴിഞ്ഞുകൂടുന്നത്. ബഡ്ജററ് മിച്ചമാണോ കമ്മിയാണോ എന്നല്ല നോക്കേണ്ടത്. ഒരു കമ്മിബഡ്ജററിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കടംവാങ്ങി കൂടുതൽ ചെലവാക്കിയാൽതന്നെയും അതുകൊണ്ട് യാതൊരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. ഈ നാട്ടിന്റെ സാമ്പത്തികമായ അഭിവൃദ്ധിമൂലം ഗവണ്മെന്റിനും സാമ്പത്തികമായി വളരെ വളരെ മേന്മയുണ്ടാകും.

ഭക്ഷണപ്രശ്നത്തെപ്പററി വളരെ ഏറെ പറയാനുണ്ടെങ്കിലും ആ പ്രശ്നത്തിലേയ്ക്ക് ഞാൻ ഇപ്പോൾ അധികം കടക്കുന്നില്ല. വിപ്ലവാത്മകമായ ഒരു ഭൂനയം നടപ്പിലാക്കി അദ്ധ്വാനിക്കുന്നവന് അവന്റെ ന്യായമായ വിഹിതം കിട്ടുമെന്ന് ഉറപ്പുകൊടുക്കുന്നതിനു ഇന്നത്തെ ഭരണഘടനയ്ക്കുള്ളിനിന്നുകൊണ്ട് സാദ്ധ്യമല്ലെന്ന് നമുക്കറിയാം. ഭക്ഷ്യവിഭവങ്ങളുടെ വിതരണം സംബന്ധിച്ച് പ്രതിദിനം ഒരു ലക്ഷം രൂപയോളം ഇന്ന് ഗവണ്മെൻറ നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. ഭക്ഷ്യസംവർദ്ധനത്തിനുവേണ്ടി വളരെ ഏറെ പണം ഗവണ്മെൻറ പല ഇനത്തിലായി ചെലവു ചെയ്തിട്ടും എത്രശതമാനം കൂടുതൽഭക്ഷ്യസാധനം ഈ രാജ്യത്തു ഉൽപ്പാദിപ്പിക്കപ്പെട്ടു എന്ന് ഒരു സർക്കാരിനും പറയാൻ കഴിഞ്ഞിട്ടില്ല. ഇന്നലെവരെ അധികാരത്തിലിരുന്ന കാൺഗ്രസ്സുകക്ഷി എല്ലാക്കാലത്തും ബഡ്ജററ അവതരിപ്പിക്കുമ്പോൾ ഭക്ഷ്യവിതരണം സംബന്ധമായി ഗവണ്മെൻറിനു നഷ്ടം വരുന്നുണ്ടെന്ന് പറയാറുണ്ട്. രാജപ്രമുഖന്റെ കഴിഞ്ഞ തവണത്തെ പ്രസംഗത്തിലും ഇക്കാര്യം പറഞ്ഞിരുന്നു. സെൻട്രൽ ഗവണ്മെൻറിൽനിന്നും സബ്സിഡി വാങ്ങണമെന്നും ഈ മന്ത്രിസഭയുടെ സാമർത്ഥ്യംകൊണ്ട് ഇത്ര കോടി രൂപ സബ്സിഡി കിട്ടിയെന്നും മററും പല അവസരങ്ങളിലും പറഞ്ഞു കേട്ടിട്ടുണ്ട്. ഈ വർഷം കമ്മി ഏഴുകോടിരൂപയോളം വരുന്നുണ്ട്. അതിനു ബഡ്ജററിൽ രണ്ടുകോടിരൂപയാണ് കൊള്ളിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിലെ കുറെയധികം ഗ്രാമപ്രദേശങ്ങളിൽ തേയില, കാപ്പി, റബ്ബർ മുതലായ വാണിജ്യവിഭവങ്ങളാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. സെൻട്രൽ ഗവണ്മെൻറാണ് ആ ഉൽപ്പാദനങ്ങളിന്മേലുള്ള നികുതി ഈടാക്കുന്നത്. അനേകം കോടിരൂപ ആ ഇനത്തിൽ സെൻട്രൽ ഗവണ്മെൻറിനു കിട്ടുന്നുണ്ട്. ഞാൻ ഇന്നത്തെ മന്ത്രിസഭയോട് ഒരു ചോദ്യം ചോദിക്കുകയാണ്. നിങ്ങൾക്ക് ധൈര്യവും തൻേറടവും ഉള്ളപക്ഷം ഭക്ഷണവിഷയത്തിൽ വരുന്ന നഷ്ടം നികത്തുന്നതിലേയ്ക്ക് സെൻട്രൽ ഗവണ്മെൻറിൽനിന്നും പിരിക്കുന്ന ആദായത്തിൽനിന്നും ഒരു സംഖ്യ തരണമെന്ന് ആവശ്യപ്പെടണം. തിരുവിതാംകൂർ-കൊച്ചിയിൽനിന്നും നികുതിയിനത്തിൽ പിരിക്കുന്ന പണം ഞങ്ങൾക്ക് തരാൻ സാദ്ധ്യമല്ലെങ്കിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളെ തീററിപ്പോററാനുള്ള ചുമതല സെൻട്രൽ ഗവണ്മെൻറ് ഏറ്റെടുക്കണമെന്നാണ് പറയേണ്ടത്. അല്ലാതെ ഇങ്ങനെ നീണ്ടാൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ശരിയല്ല. ദിവസം ഒരു ലക്ഷം രൂപ എന്നു പറയുമ്പോൾ ശരാശരി ഒരു കൊല്ലത്തിൽ മൂന്നു ലക്ഷം രൂപയാണ് നഷ്ടപ്പെടേണ്ടി വരുന്നത്.

ശ്രീ. എൻ. [illegible] പിള്ള : ബഹുമാനപ്പെട്ട മെംബർ ബില്ലിനെ അനുകൂലി[illegible]പ്രതികൂലിക്കുകയാണോ ?

ശ്രീ. പ്രാക്കുളം ഭാസി : നേരത്തെ പറഞ്ഞതു കേൾക്കാത്തതിനു് ഞാനെന്തുവേണം?

നമ്മുടെ ധനകാര്യമന്ത്രിക്കു് സഹകരണസംഘങ്ങളിൽ അടിയുറച്ച വിശ്വാസമുണ്ടെന്നാണു് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽനിന്നും മനസ്സിലാകുന്നതു്. ഞാനും ഇതിനു മുമ്പു് അതിലൊക്കെ വിശ്വസിച്ചിരുന്ന ഒരാളാണു്. കയറുവ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇപ്പോൾ ൧൦ പ്രാഥമിക സഹകരണസംഘങ്ങളും, ൫൩ തൊണ്ടുവ്യവസായ സംഘങ്ങളും, ൨ സെൻട്രൽ മാർക്കറ്റിംഗ് സംഘങ്ങളും നിലവിലുണ്ടെന്നു് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. സർ, അതിന്റെ തുടക്കംതന്നെ തെറ്റിൽ നിന്നാണു്. നമ്മുടെ നാട്ടിൽ കയറില്ലാത്തതല്ല പ്രശ്നം. നമ്മുടെ കയർ വിറ്റഴിക്കാൻ വിപണി ഇല്ലാത്തതാണു് യഥാർത്ഥപ്രശ്നം. വിദേശവിപണികളിലോ അല്ലെങ്കിൽ ഇൻഡ്യയിൽ തന്നെയോ കയർ ചെലവു ചെയ്യുന്നതിനുള്ള മാർക്കറ്റു കണ്ടുപിടിക്കുകയാണു് അത്യാവശ്യമായിട്ടുള്ളതു്. കാൺഗ്രസ്സു പാർട്ടി കുറെ സഹകരണസംഘങ്ങൾ ഉണ്ടാക്കിയതുപോലെ ഇനിയും സംഘങ്ങൾ ഉണ്ടാക്കിയാൽ അതു് പി. എസ്സ്. പി. സംഘങ്ങൾ ആയിരിക്കും. സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിനു് ഈ രാജ്യത്തു ഒരു സഹകരണ ഡിപ്പാർട്ടുമെൻറുണ്ടു്. ആ ഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥന്റെ പേരു് രജിസ്ട്രാർ എന്നാണു്. അതേ സമയത്തു ആ രജിസ്ട്രാറെപ്പോലെ തന്നെ വേറെയും രണ്ടു രജിസ്ട്രാർമാരുണ്ടു്. കയർ സംഘങ്ങളുടെ രജിസ്ട്രാരും വീടുകളുണ്ടാക്കുന്നതിനുള്ള രജിസ്ട്രാരും. സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ലിക്വിഡേറ്റു ചെയ്യുന്നതിനുമാണു് രജിസ്ട്രാരെ നിയമിച്ചിട്ടുള്ളതു്. ഈ സംഘങ്ങൾതന്നെ കണ്ടമാനം തുക നഷ്ടപ്പെടുത്തിയതായി അറിവുണ്ടു്. കുടിയതോട്ടിലെ ഒരു സഹകരണസംഘം ൨൦,൦൦൦ രൂപ വിഴുങ്ങിയതായി അറിവുകിട്ടിയിട്ടുണ്ടു്. ൨൦,൦൦൦ രൂപ തൊണ്ടു മൂടുന്നതിനുവാങ്ങിക്കുഴിയിൽ തൊണ്ടു് ഒഴുകിപ്പോയിട്ടുണ്ടെന്നാണു് പറയുന്നതു്. ഇങ്ങനെ സഹകരണസംഘങ്ങൾ വഴി കയർ വ്യവസായത്തെ ഉദ്ധരിക്കാൻ സാദ്ധ്യമല്ലെന്നാണു് ഇതുകൊണ്ടൊക്കെ മനസ്സിലാക്കേണ്ടതു്. ഈ നാട്ടിലെ സഹകരണസംഘങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ചു് ഗോർവാല കമ്മിഷൻ ഒരു റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ടു്. സഹകരണസംഘങ്ങൾ ശരിയായി നടക്കുന്നില്ലെന്നുള്ള പരമാർത്ഥം ആ റിപ്പോർട്ടു നോക്കിയാൽ അറിയാം. ഇൻഡ്യയും അന്യരാജ്യങ്ങളുമായി ട്രേഡ് എഗ്രിമെൻറുകൾ ഉണ്ടാകുമ്പോൾ കയർ സാധനങ്ങൾകൂടി ആ എഗ്രിമെൻറിൽ ഉൾപ്പെടുത്തേണ്ടതാണു്. യൂഗോസ്ലേവിയായും റഷ്യയുമായി ഇൻഡ്യ എഗ്രിമെൻറുണ്ടാക്കിയപ്പോൾ നമ്മുടെ കയറിനെപ്പറ്റി ഓർമ്മിച്ചിട്ടേയില്ല. കഴിഞ്ഞ തവണ ഈ സഭയിൽ ധനകാര്യമന്ത്രി പറഞ്ഞു :

> "On representations made to the Government of India, coir and coir goods have been included in trade agreements with certain foreign countries like Italy, Finland, Norway, Austria, the Federal Republic of Germany, Burma and Hungary."

ഇതു് എത്രത്തോളം ശരിയാണെന്നു് [illegible] ഈയിടെ നടന്ന യൂഗോസ്ലേവിയായും റഷ്യയുമായുള്ള എഗ്രിമെൻറിൽ യാതൊന്നും തന്നെ കയറിനെപ്പറ്റി പറയുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യുഗോസ്ലാവിയായും റഷ്യയും തമ്മിലുള്ള എഗ്രിമെൻറിൽ എങ്ങിനെ കയറുൾപ്പെടും?

ശ്രീ. പ്രാക്കുളം ഭാസി: ആ രാജ്യങ്ങളും ഇൻഡ്യയും തമ്മിലുള്ള എഗ്രിമെൻറിൽ കയറിനെ സംബന്ധിച്ചു യാതൊന്നും പറയുന്നില്ലെന്നാണ് ഞാൻ പറഞ്ഞതു്.

അതുപോലെ തന്നെ ധനകാര്യമന്ത്രിയുടെ ബഡ്ജററ പ്രസംഗത്തിൽ കയറ വ്യവസായത്തിൻെറ നില ഇന്നു അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു പറയുന്നുണ്ടു്. ഇന്നു ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെല്ലാം വളരെ ബുദ്ധിമുട്ടുകയാണ്. തൊണ്ടുതല്ലി കയറുപിരിച്ചു് ജീവിക്കുന്ന ആളുകളും ഫാക്ടറിയിൽപോയി കയററപായും തടുക്കും നെയ്തു ജീവിക്കുന്ന ആളുകളും ഇന്നു് പണിയില്ലാതെ കഷ്ടപ്പെടുകയാണ്. ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം കയറവ്യവസായത്തിൻെറ പുനരുദ്ധാരണത്തിനു് സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ പോയാൽ അതു് വിജയിക്കുവാൻ പോകുന്നില്ലെന്നു് ഞാൻ ഗവൺമെൻറിനു ഒരു മുന്നറിവു നൽകിക്കൊള്ളുന്നു.

ഒരുകാര്യംകൂടി എനിക്കു് ധനകാര്യമന്ത്രിയോടു് ഈ അവസരത്തിൽ പറയേണ്ടതുണ്ടു്. കഴിഞ്ഞ ബഡ്ജററ പ്രസംഗത്തിൽ പഴയ ധനകാര്യമന്ത്രി ലേബർ ഡിപ്പാർട്ടുമെൻറു് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കുമെന്നു പറഞ്ഞിരുന്നു. പുതിയ സോഷ്യലിസ്ററ ധനകാര്യമന്ത്രിയോടു് ആ കാര്യം നടപ്പിലാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. നാലു മാസത്തേയ്ക്കുള്ള ചെലവാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെങ്കിലും ഈയാണ്ടത്തെ മുഴവൻ ബഡ്ജററ അവതരിപ്പിക്കുമ്പോൾ സോഷ്യലിസ്ററ പാർട്ടിയുടെ ആദർശങ്ങളുടേയും പരിപാടികളുടേയും അടിസ്ഥാനത്തിൽ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടതാണ്. ലേബർ ഡിപ്പാർട്ടുമെൻറ അദ്ധ്യക്ഷനേയും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനേയും ഫസ്ററഗ്രേഡ് ഉദ്യോഗസ്ഥന്മാരാക്കേണ്ടതാണ്. തൊഴിലില്ലായ്മയെക്കുറിച്ചും വളരെ ഏറെ മെംബറന്മാർ ഇവിടെ സംസാരിച്ചു കഴിഞ്ഞു. പക്ഷെ അതു സംബന്ധിച്ചു് ചില വ്യക്തമായ നിർദ്ദേശങ്ങൾ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കയറിനും കൈത്തറി നെയ്ത്തു വസ്ത്രങ്ങൾക്കും ഞാൻ മുമ്പു പറഞ്ഞതുപോലെ പുതിയ മാർക്കററുകൾ കണ്ടുപിടിക്കണം. കൈത്തറിനെയ്ത്തിനെ സംബന്ധിച്ചിടത്തോളം പുനരുദ്ധാരണത്തിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടു്. കയറുവ്യവസായത്തിനു് വിദേശവിപണികൾ കണ്ടുപിടിക്കാൻ അങ്ങേയററം പരിശ്രമിക്കേണ്ടതാണ്. ഇന്നു കയറുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രാമങ്ങളിലെ തൊണ്ടുതല്ലി കഴിയുന്ന അമ്മമാർക്കും മററും ദിനംപ്രതി കൂലി കുറച്ചുകൊടുത്തുകൊണ്ടിരിക്കയാണ്. ഒന്നും ഒന്നേകാലും രൂപയിൽനിന്നു് ഇന്നു് പന്ത്രണ്ടണവരെ കൂലി താഴ്ന്നിട്ടുണ്ടു്. നിങ്ങൾ ഐക്യമുന്നണിക്കു് വോട്ടുചെയ്തവരല്ലേ അതുകൊണ്ടു് അവരോടുപോയി കൂലികുറവിനെപ്പററി പറയണമെന്നാണ് മുതലാളിമാർ പറയുന്നതു്. ഇതിനെല്ലാം ഒരു പരിഹാരം കണ്ടുപിടിക്കണം.

നമ്മുടെ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ളയോടു് ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഞങ്ങളുടെ പ്രസംഗങ്ങൾ കേട്ടശേഷം അദ്ദേഹം വളരെ

[ശ്രീ. പ്രാക്കുളം ഭാസി]

ശബ്ദത്തോടുകൂടി മറുപടി പറയുകയുണ്ടായി. ഞാൻ ഈയിടെ നാട്ടിൽ ചെന്നപ്പോൾ അവിടെയുള്ള തൊഴിലാളികൾ മിക്കവരും വിശേഷിച്ചും പട്ടിണികിടക്കുന്ന അമ്മമാർ ചോദിക്കുകയുണ്ടായി, പട്ടം ചതിച്ചോ എന്ന്. ശ്രീ. പട്ടം താണുപിള്ളയുടെ ഭരണം പട്ടിണിഭരണമോ മർദ്ദന ഭരണമോ ആകാതെ തൊഴിലില്ലായ്മ പരിഹരിക്കുന്ന ഭരണമാക്കിത്തീർക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ശരിയായി പരിപാടികൾ ആസൂത്രണം ചെയ്തു നാട്ടിന്റെ ക്ഷേമത്തെ മുൻനിർത്തി കക്ഷിചിന്തകൾക്ക് അതീതമായി പ്രവർത്തിക്കുമെങ്കിൽ ഞങ്ങളുടെ പാർട്ടിയുടെ പിന്തുണ ശ്രീ. താണുപിള്ളയ്ക്ക് ഉണ്ടായിരിക്കുന്നതാണെന്ന് വീണ്ടും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

The House rose for lunch a t1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ஸ்ரீ. டி. டி. டானியல்: ஸர், இந்த அப்ராப்பிரியேஷன் ஸ்டேட்மென்டை எதிர்க்கிறேன். இந்த நாட்டிலுள்ள விஜாரணைக்
2 PM. கைதிகளைப்பற்றி சில வார்த்தைகள் முதலில் சொல்ல விரும்புகிறேன். நமது சமஸ்தானத்தில் விஜாரணைக் கைதிகள் ஸ்டேஷன்களில் எவ்விதம் நடத்தப்படுகிறார்கள் என்பதை கவனித்தால் ரொம்ப பரிதாபகரமாயிருக்கிறது. களவுகளுக்குக் காரணம் பொருளாதார நிலைமை. ஒருவனது பொருளாதார நிலைமை குன்றும்போது சிறிய சிறிய குற்றங்களைக் அவன் செய்கிறான். ஒவ்வொரு வருடமும் நமது சர்க்கார் குற்றவாளிக்கும், விசாரணைக் குற்றவாளிகளுக்கும் சாப்பாட்டிற்காக போதுமான தொகை செலவு செய்கிறதில்லை. அதிலும் விசாரணைக் கைதிகளின் நிலைமை ரொம்ப மோசமாயிருக்கிறது. இவ்விசாரணைக் கைதிகளை குற்றம் செய்து சிட்சிக்கப்பட்டு ஸ்டேஷன் சிறையிலேயே இருக்கும் குற்றவாளிகளுடன் அடைத்து வைக்கிறார்கள். இவர்களின் கேசுகள் தீருவதற்கு சில சமயங்களில் ஆறு மாதம்—முதல் மேலும் ஆகின்றன. இரண்டுவருடத்திற்குமேல் அதுவரையில் இக்கைதிகள் மற்ற சிட்சைப்பட்ட கைதிகளுடன் பழகுவதால் அவர்களின் துஷ்ட பழக்கங்கள் பழகிவிடுகிறார்கள். விசாரணைக்குப்பின் சில சமயங்களில் இவர்களின் பேரிலுள்ள குற்றம் ருசுவாகாமல் மஜிஸ்திரேட் விடுதலை செய்து விடுகிறார். என்ன ஏற்படுகிறது? போலீஸ் லாக்கப்பில் இருக்கும் போதும், வெளியில் வந்த பிறகும் இவர்களின் நிலைமை ரொம்ப பரிதாபகரமாயிருக்கிறது. இவ்விசாரணைக் கைதிகளை கோர்ட்டுகளுக்கு கொண்டு வரும்பொழுது நான் பார்த்திருக்கிறேன். நல்ல ஆரோக்கியத்துடன் இருந்தவர்கள் உடல் நலம் குன்றி, இவர்களது ஆடைகள் கிழிந்து, மாசு படிந்து பார்க்க கேவலமாக இருக்கும். இவர்களை மற்ற கைதிகளுடன் அடைத்து வைப்பதாலும், வேறு தொழில், வேலைகள் செய்ய பலமில்லாததினாலும், வெளியில் வந்தவுடன் சிறிய சிறிய களவுகள் செய்ய துணிந்துவிடுகிறார்கள். இந்த நிலைமை மாற வேண்டுமானால், முதலில் இவ்விசாரணைக் கைதிகளை

மற்றவர்களுடன் அடைத்து வைக்காமல் பிரத்தேக அறைகளில் வைக்கவேண்டும். கூடிய மட்டில் நல்ல உணவும் கொடுத்து, சுகாதாரமாகவைக்கவும் ஏற்பாடுசெய்யவேண்டும். நாகர்கோவிலில், உதாரணமாக ஸார், இரண்டு வருடங்களுக்கு முன் பதினறு வயதுள்ள சிறுவனை குற்றவாளி என்று ஸ்தாபித்து போலிஸார் அவனைப் பிடித்து கொண்டு போனர்கள். இவனுக்கு தாய் தகப்பன் கிடையாது. அவன் செய்த குற்றம் பசியின் கொடுமையால் நான்கு பழங்களை திருடி தின்று விட்டான் என்று. ஆறுமாத காலமாக அவன் விசாரணைக் கைதியாக யிருந்ததினல், அவன் விடுதலை பெற்றவுடன், அச்சிறுவனின் ஆரோக்கியம் குன்றி, ஒருவித தொழில் செய்வதற்கும் லாயக்கற்று, அல்லல் பட்டான். இதனல் என்ன ஏற்பட்டது? அவனது வறுமையினலும் மற்ற குற்றவாளிகளுடன் இவனை அடைத்து வைத்திருந்ததினலும் இவன் சிறிய களவுகள் செய்யக்கூடிய மனேநிலைமை ஏற்பட்டுவிட்டது. இந்தமாதிரியுள்ள விசாரணைக் கைதிகளை பிரத்தேகமான அறைகளில் வைக்கவேண்டும். இவர்கள் மற்ற குற்றவாளிகளுடன் சேர்த்து வைக்கக்கூடாது. ஸார், வேறென்று, ஒரு ஸ்டேஷனில் பெண் கைதிகள் இருந்தால், அந்த அறையின் சாவியை இன்ஸ்பெக்டர் வைத்துக்கொள்ளவேண்டும். வேறு ஒருவரிடமும் சாவியைக் கொடுக்கக்கூடாது. இன்னெரு சாவி ஸ்தலம் மஜிஸ்டரேட்டிடம் இருக்கவேண்டும். அது தான் மரியாதை. விசாரணைக் கைதிகளின் உணவுக்காக சர்க்கார் வேண்டிய துகை வருடா வருடம் ஒதுக்கவேண்டும்.

ஸார், கல்வி இலாகாவைப் பார்த்தால்—அரசாங்கத்தின் கீழ் இருக்கக்கூடிய பள்ளிக்கூடங்களிலுள்ள வாத்திமார்களின் சம்பளத்திற்கும், கிரண்ட் பள்ளிக்கூடங்களில் வேலை பார்க்கும் வாத்திமார்களின் சம்பளத்திற்கும் வித்தியாசமிருக்கிறது. ஒரேவிதமான வேலை பார்க்கிற உபாத்தியாயர்களுக்கு சம்பளத்தில் வித்தியாசம். கிரண்ட் பள்ளி வாத்திமார்களும் அரசாங்க பள்ளி வாத்திமார்களைப் போல் கல்வியும் பெற்றவர்கள். இந்த இரண்டு இன வாத்திமார்களையும் ஒன்று போல் பாராட்டவேண்டும்—வைக்கவேண்டும். வாத்திமார்களின் சம்பளக்குறைவினல் அவர்களின் பொருளாதார நிலைமையே மோசமாயிருக்கிறது. இதைச் சரிக்கட்ட ஒரு எடியுகேஷன் கம்மிற்றி ஏற்படுத்தி, இவர்களது மனைவி மக்களுக்கு வேண்டிய ஒத்தாசை செய்ய வேண்டியது அரசாங்கத்தின் கடமை. அவர்களுக்கு போதுமான சம்பளமில்லாததினல், குடும்பத்தை நடத்திக்கொண்டு போகவும், குழந்தைகளை கற்பிக்கவும் முடிவதில்லை. இதனல் அவர்களின் கல்வி திறனும் குறைந்துகொண்டு வருகிறது. இவர்களின் நிலைமையை பரிகரிக்க அரசாங்கத்தைக் கேட்டுக் கொள்கிறேன்.

லஞ்ச ஒழிப்பு மசோதா: இந்த மசோதாவினல் யாதொரு பிரயோஜனமும் ஏற்படாது. காரணம் கிளார்க்குகள், அதற்கு மேலுள்ள உத்தியோகஸ்தர்கள், மற்ற அரசாங்க ஊழியர்கள் இவர்

[ஸ்ரீ. டி. டி. டானியல்]

களுக்கு போதுமான—நியாயமான அளவில் சம்பளம் கொடுக்கப்படா விட்டால் லஞ்சத்தை ஒழிக்கமுடியாது. கிளார்க்கு, பியூன் முதலிய ஊழியர்களுக்கு போதுமான சம்பளம் நல்கவேண்டுமென்று கேட்டுக் கொள்கிறேன்.

நீர்ப்பாசனம்: ஸார், நீர்ப்பாசனத்தைப் பற்றி சில வார்த்தைகள் பேச விரும்புகிறேன். நமது பொக்கிஷ மந்திரி கூறியிருக்கிறார் நமது அரசாங்கத்திற்கு இந்த வருடம் இரண்டு கோடி ரூபாய் நஷ்டமேற்படுமென்று. இந்த சர்க்கார் அதே சமயத்தில் இந்த இரண்டு கோடி ரூபாய் நஷ்டப்படக்கூடிய நிலைமையை நிவர்த்தி செய்யக் கூடிய வகைகளை சொல்லவில்லை. ஒவ்வொரு வருடமும் இரண்டு கோடி ரூபாய் நமது அரசாங்கத்திற்கு நஷ்டம் ஏற்படுமானால், மேலும் மேலும் அந்த நஷ்டத்தை வளரவிடலாமா? ஸார், நெல் கிருஷி கூடுதல் செய்யவேண்டும் என்று சொல்லிவிட்டு நிறுத்தி விட்டார்கள். சொல்லிவிட்டால் போதாது. நெல்விளைவைக் கூட்ட வேண்டுமானால் சரியான நீர்ப்பாசனத் திட்டங்களை அமைக்க வேண்டும். அப்படியானால் இந்தமாதிரி நஷ்டங்கள் சர்க்காருக்கு வராது. நாட்டில் கிருஷிகளின் நிலைமை சரிப்படுமானால், கிருஷிகர்களின் நிலைமை மேன்மையுறும். வஸ்துக்களின் நிலைமை உயரும். இதனால் நாட்டின் செல்வம், பொருளாதார நிலைமை சரிப்படும். இப்படிப் பட்ட நிலைமை ஏற்படும்போது அரசாங்கத்தின் நிலைமை சரியாய் விடும். இந்தமாதிரி கம்மி பட்ஜெட் ஏற்படாது. இந்த நாட்டிலிருக்கக் கூடிய மக்களின் பொருளாதார நிலைமை சரியாக வேண்டும். மத்திய அரசாங்கம் செலவு செய்தாலும் சரி அல்லது இந்த அரசாங்கமானாலும் சரி, நீர்பாசனத் திட்டங்களுக்கு நாட்டின் எல்லா பாகங்களிலும் பணம் செலவு செய்யவேண்டும். ஆனால் தான் கிருஷி உற்பத்தி பெருகும். தொழிற்சாலைகளைப் பற்றி ஸார், தென் திருவிதாங்கூரிலுள்ள எல்லா தொழிற்சாலைகளையும் வட திருவிதாங்கூர், மத்திய திருவிதாங்கூருக்கு மாற்றிவிட்டார்கள். இதனால் ஏழை மக்களுக்குத் தொழிலில்லை. தொழிலின்மையால் மக்கள் பட்டினியால் வாடுகிறார்கள். வட திருவிதாங்கூரில் ஏராளம் தொழிற்சாலைகளை அமைத்து விட்டார்கள். தென் திருவிதாங்கூரிலும் கூடுதலாக தொழிற்சாலைகள் அமைத்து தொழிலில்லாமையை போக்குவதற்கு பதிலாக இருந்த தொழிற்சாலைகளையும் எடுத்து விட்டார்கள். இந்தவிதமானால் இங்குள்ள மக்களின் பொருளாதார நிலைமையை நீக்கமுடியுமா? ஒரு நாட்டின் ஒரு பக்கத்திலுள்ள மக்களின் பொருளாதார நிலைமை நன்றாகவும், மற்ற பக்கத்தில் கேவலமுமாக யிருந்தால் அந்நாட்டின் பொருளாதார நிலைமை சரியாக இருக்கிறதென்று கூறமுடியுமா? அரசாங்கத்தை வேண்டிக் கொள்கிறேன், தென் திருவிதாங்கூரிலும் தொழிற்சாலைகளை அமையுங்கள் என்று. இங்கு ஒரு தொழிற்சாலை கூட இல்லாமலிருக்கிறது. இதை மிக வருத்தத்துடன் சொல்லிக்கொள்கிறேன். அரசாங்கம் எங்களை இந்த முறை

யில் நடத்துவதினால் தான் எங்களுக்கு அரசாங்கத்தின் பேரில் நம்பிக்கைக் குறைவுகள் ஏற்படுகின்றன. மலையாளி, தமிழன் என்ற துவேஷமில்லாமல், தென் திருவிதாங்கூரின் தொழிலாளிகள், மக்களின் பொருளாதார நிலைமையை உயர்த்த போதுமான தொழிற் சாலைகளை அமைத்துத் தரக் கேட்டுக் கொள்கிறேன். மாத்திரமல்ல எங்கெல்லாம் மக்களின் பொருளாதார நிலைமை சரியில்லை, வேலை யில்லாத் திண்டாட்டமிருக்கிறதோ அங்கெல்லாம் தொழிற்சாலைகளை அமைக்கவேண்டும். மக்களின் வேலையில்லாதிண்டாட்டத்திற்கு அரசாங்கத்தைத் தான் குற்றம் சொல்வேன். ஸர், தென் திருவிதாங்கூரில் பல இடங்களில் நிலக்கரி, மாஙனைசட், இரும்பு, இன்னும் சில உலோக வகைகள் இருக்கின்றன. தோவாளையில் மலைகளில் தாராளமாக நிலக்கரியும், காக்காப்பொன்னுமிருக்கின்றன. இந்த அரசாங்கம் இவைகளை எல்லாம் பார்த்து வேண்டிய தொழிற்சாலைகள் அமைக்க வேண்டும். தொழிலில்லாமையையும் பரிகரிக்கலாம். நேற்றுக்கூட ரொம்ப வருத்தப்படக் கூடிய ஒரு சம்பவம் நடந்தது. 20 வேலையாட்கள் மருங்கூரில் நெல் அறுவடை கழிந்து தங்கள் கூலியாக கிடைத்த நெல்லை எடுத்துக்கொண்டு நாகர்கோவிலில் மணிமேடைப்பக்கம் வந்து மணவாளக்குறிச்சி பஸ்ஸில் டிக்கெட்டு எடுத்து ஏறி உட்கார்ந் தார்கள். இவர்களை போலீஸார் நிறுத்தி பஸ்ஸின் டாப்பில் இருந்த அவர்களது கூலி நெல்லை எடுத்து, அவர்களில் இரண்டு மூன்று பேரை அடித்து துன்புறுத்தியிருக்கிறார்கள். இதைப் பற்றி நாங்கள் அதிகாரிகளுக்கு தெரிவித்து இருக்கிறோம். கூலிக்குக் கிடைத்த நெல்லை வீட்டிற்குக் கொண்டுபோக விடாமல் தடுத்து, நெல்லைப் பிடுங்கி அவர்களையும் அடித்தால் எந்த முறையில் போலீஸ் பாமர ஜனங்களிடம் நடந்து கொள்கிறார்கள் என்பதை அரசாங்கம் கவனிக்கவேண்டும். இதை அரசாங்கம் பார்த்து வேண்டியது உடனடி செய்யக் கேட்டுக்கொள்கிறேன்.

கழிந்த மூன்றும்பாரம் பரீட்சையில் ஒரு பரீட்சைத்தாளில் ஒரு குற்றம் நடந்திருக்கிறது. அதாவது ஒரு கேள்வியை ஹிந்தியில் மொழி பெயர்க்கவேண்டுமென்று—மலையாளத்தில் எழுதிய பாகத்தை ஹிந்தியில் மொழிபெயர்க்கப்பட வே ண்டும் என்று எழுதியிருந்தது. இதன் காரணமாக தமிழ் பிள்ளைகளுக்கு என்ன செய்யவேண்டுமென்று தெரியாமல், விடை எழுதாமல் வந்து விட்டார்கள். இதனால் தாங்கள் இந்த பரீட்சைத்தாளில் தோற்றுவிடுவோமோ என்ற சந்தேகம் அவர் களுக்குப் பிறந்திருக்கிறது. இந்தக் கேள்வித்தாளில் தமிழ் மாணவர் கள் தோற்றுவிட்டார்கள் என்ற காரணத்தால் அவர்கள் பரீட்சை யில் தோற்காமலிருக்க கல்வி இலாகா டைரக்டர் அவர்கள் வேண்டு வன செய்யவேண்டுமென்று கேட்டுக் கொள்கிறேன். இது தமிழ் மாணவர்களின் குற்றமல்ல. ஸ்ரீ. சி. கே. நம்பியார் அவர்கள் இதன் உண்மையை அறிந்து, இந்த குற்றம் எப்படி ஏற்பட்டது என்று அறிந்து, அந்தக் கேள்விக்கு விடை எழுதாதுபோன காரணத்தினால் அவர்களைத் தோற்பிக்கக்கூடாது என்று ஒரு ஆர்டர் பிறப்பிக்கக்

[ஸ்ரீ. டி. டி. டானியல்]

கேட்டுக்கொள்கிறேன். இதைப்பற்றி ஒரு அவசரப் பிரேரணையை ஸ்ரீ. குஞ்சன் நாடார் அவர்கள் கொண்டு வந்தார். ஆனால் அதை சபாநாயகர் அனுமதிக்கவில்லை.

ஸர், தென் திருவிதாங்கூரில் இராப்பள்ளிக்கூடங்கள் ஏற்படுத்த வேண்டும். பதினைந்து வயது வரை இலவசக் கல்வி கற்பிக்க வேண்டுமென்று ஒரு திட்டம் வருவதை நாங்கள் வரவேற்கிறோம். ஆனால் இத்திட்டம் பேப்பர் திட்டமாகயிருக்கக்கூடாது. இந்தியன் யூனியனில் இதுமாதிரி ஒரு திட்டம் வகுக்கப்படவில்லை. ஒரு திட்டமுண்டு ஆனால் சரிவர நடைமுறையில் வரவில்லை. இது போலில்லாமல் இத்திட்டத்தை அமலுக்குக் கொண்டுவந்தால் அநேக ஆயிரம் ஏழை மக்களின் குழந்தைகள் கல்வி கற்பார்கள் என்று சொல்லிக் கொள்கிறேன். ஏழைகளும், தங்கள் குழந்தைகளும் பகல் நேரங்களில் வேலை செய்து, இரவில் தங்கள் பிள்ளைகளுக்கு பள்ளிக்கூடங்களில் கல்வி கற்க சந்தர்ப்பம் ஏற்படுமானால், இது ஒரு சிறந்த திட்டமாகும். ஏழை மக்களும் படித்து வருவார்கள். சரியான முறையில் இதற்காக ஒரு திட்டத்தை கொண்டு வந்து, அமுலில் கொண்டுவர வேண்டுமென்று கேட்டுக்கொண்டு இந்தத் தீர்மானத்தை எதிர்த்துக் கொள்கிறேன்.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഈ അപ്രോപ്രിയേഷൻ ബിൽ കേവലം ഔപചാരികമായ ഒരു ബിൽ മാത്രമാണെന്നു എനിക്കറിയാം. അങ്ങു തന്നെ ആ വസ്തുത ഇന്നു രാവിലെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നാലു മാസത്തേയ്ക്കുള്ള വോട്ടു ഓൺ എക്കൌണ്ട് പോലും കൂടാതെ പാസാക്കിക്കൊടുത്ത ഈ ബഹുമാനപ്പെട്ട സഭയിലെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ—എ. മു. മെമ്പറന്മാർ—ഇപ്പോൾ ഈ ബില്ലിനെ എതിർക്കുന്നു. പല പുതിയ ആരോപണങ്ങൾ ഗവണ്മെന്റിനെപ്പറ്റിയും, കോൺഗ്രസ്സിനെപ്പറ്റിയും, കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിയെപ്പറ്റിയും അമേരിക്കയെപ്പറ്റിയുമുള്ള വിചിത്രമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണ്, സർ, അവർ ഈ ബില്ലിനെ എതിർക്കുന്നതു്.

എന്റെ സ്നേഹിതൻ, തിരുവാർപ്പുമെമ്പർ ഈ ബില്ലിനെ എതിർക്കാൻ കാരണമായി പറഞ്ഞതു്, പുതിയ ബഡ്ജറ്റിൽ പോലീസ് വകുപ്പിനു കഴിഞ്ഞ കൊല്ലത്തേതിലും വ ലക്ഷം രൂപ കൂടുതൽ കൊള്ളിച്ചു എന്നു പറഞ്ഞുകൊണ്ടാണ്. അദ്ദേഹം പരാതിപ്പെടുകയുണ്ടായി, ഈ രാജ്യത്തു കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിക്കാരും, അമേരിക്കക്കാരും സ്വച്ഛന്ദം വിഹരിക്കുമ്പോൾ, ഇൻഡ്യയ്ക്കെതിരായി വിദേശമിഷനറിമാരും അമേരിക്കൻ ചാരന്മാരും പ്രവർത്തനങ്ങൾ നടത്തി ഇൻഡ്യയുടെ സ്വാതന്ത്ര്യം അപകടപ്പെടുത്തുമ്പോൾ, അതൊന്നും ഇവിടത്തെ പോലീസു നോക്കുന്നില്ല എന്നു്. തന്നെയുമല്ല, ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരുടെ ചെയ്തികളെയാണ് ഇവിടെ പോലീസ് സൂക്ഷിച്ചുവരുന്നതു്, എന്നും. ഇതിന്റെ അർത്ഥമെന്താണ് സർ, ഇതിൽ എത്രമാത്രം പരമാർത്ഥമുണ്ടു്, സർ?

കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിയുടെ വക്കാലത്തു എനിക്കില്ല. എന്റെ അറിവിൽപ്പെട്ടിടത്തോളം കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണി ഒരു

ഖിലേന്ത്യാ സാംസ്കാരിക സാമൂഹ്യസംഘടനയാണ്. കമ്മ്യൂണിസ്ററ പാർട്ടിക്ക് കുറെയേറെ തലവേദനയും ക്ഷതങ്ങളും വരുത്തുന്ന ഒരു സംഘടന എന്ന നിലയിൽ, അതിന്റെ നേരെ ബഹുമാനപ്പെട്ട സഖാക്കൾ ചന്ദ്രഹാസമിളക്കുന്നതു നമുക്കു മനസ്സിലാക്കാം. അമേരിക്കൻ എംബസിയിൽനിന്നും വൻതുകകൾ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണിയ്ക്കു ലഭിച്ചുവരുന്നു എന്ന ആരോപണത്തെ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണി പ്രവർത്തകർ അങ്ങേയററം എതിർത്തിട്ടുണ്ട്. ഈ ആരോപണത്തിന്റെ സത്യാവസ്ഥ തെളിയിക്കാൻ കമ്മ്യൂണിസ്ററപാർട്ടിയെ വെല്ലുവിളിച്ചതും അതിനു കമ്മ്യൂണിസ്ററ പാർട്ടിക്കാർ മൌനം അവലംബിച്ചതും നമ്മുടെ ഓർമ്മയിലുണ്ട്. കമ്മ്യൂണിസ്ററപാർട്ടിക്ക് പ്രവർത്തനസ്വാതന്ത്ര്യമുണ്ടെങ്കിൽ, സർ കമ്മ്യൂണിസ്ററവിരുദ്ധമുന്നണിക്കും ഇവിടെ പ്രവർത്തന സ്വാതന്ത്ര്യമില്ലയോ എന്നേ, ഞാൻ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ ചോദിക്കുന്നുള്ളു.

അതുപോകട്ടെ. ഇററാലിയൻ വൈദികരുടെ കാര്യം സഖാവ് രാഘവക്കുറുപ്പു പറയുന്നതുകേട്ടു. ഇററലിക്കാരെന്നല്ല, റഷ്യക്കാരോ അവരുടെ ഏജൻറമാരോ, അമേരിക്കരോ ആരുതന്നെ ആയാലും ഈ സംസ്ഥാനത്തിന്റെ രക്ഷയ്ക്കും സുരക്ഷിതാവസ്ഥയ്ക്കും എതിരായി പ്രവർത്തിച്ചാൽ അതു തടയണം—ശക്തിയായി ഗവണ്മെൻറ് തടയണം—എന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. അമേരിക്കരെപ്പററി വലിയ ആരോപണങ്ങൾ തിരുവാർപ്പു മെംബർ ഉന്നയിച്ചു. റഷ്യയുടെ ചാരന്മാരും അഞ്ചാംപത്തിക്കാരുമായ കമ്മ്യൂണിസ്ററുകൾ അമേരിക്കരെ താറടിക്കാൻ ശ്രമിക്കുന്നതിൽ യാതൊരത്ഭുതവുമില്ല. സർ, ഉത്സവസ്ഥലങ്ങളിൽ പെരുംകള്ളന്മാർ ഒരു വിദ്യ പ്രയോഗിക്കുന്നതായി കേൾവിയുണ്ട്. "ആന വരുന്നേ—ഓടിക്കോ"—എന്നു പറഞ്ഞു ബഹളം കൂട്ടും. ജനങ്ങൾ പേടിച്ചോടുമ്പോൾ കള്ളന്മാർ സാധനങ്ങൾ മോഷ്ടിച്ചു സൂത്രത്തിൽ രക്ഷപ്പെടുകയും ചെയ്യും. ഇതുപോലാണ സർ, ഈ സഖാക്കളുടെ അമേരിക്കരെപ്പററിയുള്ള ആരോപണം. നമ്മുടെ മഹാനായ പ്രധാനമന്ത്രി പണ്ഡിററ്നെഹ്റു പ്രഖ്യാപിച്ചിട്ടുള്ളതുപോലെ, ഇൻഡ്യയുടെ നില ഈ രണ്ടു ബ്ലോക്കിലുമല്ല. ഇൻഡ്യയുടെ സുരക്ഷിതത്വവും ഐശ്വര്യ സമാധാനങ്ങളും സംരക്ഷിക്കാൻ ഈ രാജ്യത്തോടു കൂറുള്ള ഏവർക്കും ഉൽക്കണ്ഠയുണ്ട്. ഉണ്ടായിരിക്കയുംവേണം. പക്ഷെ ഇതെല്ലാം കേന്ദ്രഗവണ്മെൻറ കാര്യങ്ങളാണ്.

പോലീസ് വകുപ്പിനു കൂടുതൽ തുക കൊള്ളിച്ചതു നന്നായിട്ടുണ്ടെന്നത്രെ എന്റെ അഭിപ്രായം. സർ, പാവപ്പെട്ട പോലീസുകാരെ കുത്തിക്കൊല്ലുകയും, പോലീസ് സ്റ്റേഷനുകൾ തീവയ്ക്കുകയും ചെയ്യുന്ന പരിപാടിയാണ ഈ സഖാക്കളുടേതു്. അതേ സമയം പോലീസിനു ശമ്പളം കൂടുതൽ കൊടുക്കണമെന്നു അവർ നാടുനീളെ പ്രസംഗിക്കാറുമുണ്ട്. ഇപ്പോൾ ഈ ബഹുമാനപ്പെട്ട സഭയിൽ പറയുന്നു പോലീസ് വകുപ്പിനു തുക കൂടുതൽ കൊള്ളിച്ചതു അക്രമമായിപ്പോയെന്ന്. ഇതെന്തു വിരോധാഭാസമാണ് ?

സർ, പോലീസ് ഡിപ്പാർട്ടുമെൻറിൽ അഴിമതിക്കാരും അക്രമികളുമുണ്ട്. അവരെ ഒററപ്പെടുത്തുകയും നിർദ്ദാക്ഷിണ്യം ശിക്ഷിക്കയും വേണം. പക്ഷെ സത്യദീക്ഷയോടെ വിഷമമേറിയ തങ്ങളുടെ ചുമതല

[ശ്രീ. കെ. എം. ജാർജ്ജ്]

നിറവേററുന്ന പോലീസിനെ പ്രോൽസാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്. അവർക്ക് മനുഷ്യോചിതമായ ഒരു ശമ്പളം കൊടുക്കണം. അവരാണ് പൊതുജനങ്ങളുടെ ജീവധനമാനാദികളുടെ സൂക്ഷിപ്പുകാർ. ഓരോ പോലീസ് സ്റ്റേഷനിലേക്കും ഓരോ ജീപ്പു ഏററവും വേഗം കൊടുക്കേണ്ടതും, ഇന്നത്തെ സാഹചര്യങ്ങളിൽ അടിയന്തിരമായ ആവശ്യമാണെന്ന് ഞാൻ പോലീസു മന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

നാടാകെ വഞ്ചനാദിനം ആഘോഷിച്ചുവരുന്ന തിരുവാർപ്പു മെമ്പറും സഖാക്കളും എന്തിനാണു ഈ അടവു പ്രയോഗിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പട്ടം ആലോചിക്കാൻ ഞാൻ അപേക്ഷിക്കുന്നു. സഭാനേതാവായ ശ്രീ. പട്ടം തന്നെ രണ്ടു ദിവസം മുൻപ് ഈ സഭയിൽ പ്രഖ്യാപിച്ചു, ഈ ഐ. മു.ക്കളുമായി യോജിച്ചു യാതൊരു സംഗതിയും ചെയ്യുവാൻ സാദ്ധ്യമല്ലെന്നു അദ്ദേഹത്തിനു ബോദ്ധ്യമായെന്ന്. സർ, പി. എസ്. പി. യെ ആണു ഈ കമ്മ്യൂണിസ്റ്റുകാർ വഞ്ചിക്കാൻ ശ്രമിച്ചതു്. പക്ഷെ ഈശ്വരാധീനം മൂലവും ഗുരുത്വംകൊണ്ടും ശ്രീ പട്ടം കമ്മ്യൂണിസ്റ്റുകളുടെ ധൃതരാഷ്ട്രാലിംഗനത്തിൽനിന്നും രക്ഷപ്പെട്ടു. അങ്ങനെ വഞ്ചിക്കാൻ ശ്രമിച്ച ഇക്കൂട്ടർ, ഇന്നു നാടാകെ വഞ്ചനാദിനം ആചരിക്കുന്നതു കാണുമ്പോൾ, അത്ഭുതപ്പെടുകയാണു നാട്ടുകാർ. ഇവരുടെ ഈ പരിപാടികളൊന്നും ഒരു പുത്തരിപ്രസ്ഥാനമല്ല; സർ, ലോകമാകെ കമ്മ്യൂണിസ്റ്റുപാർട്ടി ഇതേ നയമാണു അവലംബിച്ചിട്ടുള്ളതു്— അവലംബിച്ചുപോരുന്നതു്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സോഷ്യലിസ്റ്റ പാർട്ടികളെ വെട്ടിവിഴുങ്ങിയതുപോലെ, ഇവിടെ പി. എസ്. പി.–യെ നശിപ്പിക്കാനായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിലെ കൂട്ടുകെട്ടുമൂലം സഖാക്കൾ ഉന്നംവച്ചതു്. പക്ഷെ അതു പററിയില്ല. അതിലുള്ള അരിശമാണ് ഈ കാണുന്ന ''വഞ്ചനാദിനാ''ചരണങ്ങൾ.

സർ, ഒരു വാക്കുകൂടി. അമേരിക്കൻ പണം വാങ്ങുന്നതായി ആരോപണം തട്ടിവിടുന്ന തിരുവാർപ്പുമെമ്പറോടു ഞാൻ ചോദിക്കുന്നു, റഷ്യയുടെ പണവും നിയന്ത്രണവും ചരടുവലിയും കമ്മ്യൂണിസ്റ്റ പാർട്ടിയുടെ പിന്നിൽ ഇല്ലേ എന്ന്? സിലോണിലെ കമ്മ്യൂണിസ്റ്റപാർട്ടിക്കു റഷ്യയിൽനിന്നും മററും പണം അയച്ചുകൊടുക്കുന്നതിനെതിരായി ഈയിടെ സിലോൺ പ്രധാനമന്ത്രി സർ, കോത്തലവാല നടപടികൾ സ്വീകരിച്ചതു പ്രസിദ്ധമാണ്. സർ, ൧൯൫൧-൫൨-ലെ ഇൻഡ്യയിലെ പൊതുതെരഞ്ഞെടുപ്പിനു റഷ്യയിൽനിന്നും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ൩ കോടി രൂപാ കിട്ടിയതായി ഇൻഡ്യൻ പാർലമെൻറിൽ പരസ്യമായി പ്രസ്താവിക്കപ്പെട്ടു. പാർലമെൻറിലെ കമ്മ്യൂണിസ്റ്റ മെമ്പറന്മാർക്കു അതു നിഷേധിക്കാൻ കഴിഞ്ഞില്ല.

ഉദ്ദേശം രണ്ടുമാസം മുൻപ് ഡൽഹിയിൽവച്ച് പ്രജാസോഷ്യലിസ്റ്റപാർട്ടി ''ഹിമാചൽപ്രദേശ് കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണി'' നടത്തിയതു് നമ്മുടെ മുഖ്യമന്ത്രിയും ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഹിമാചലപ്രദേശം, ഉത്തരപ്രദേശം, നീപ്പാൾ, ഭൂട്ടാൻ മുതലായ പ്രദേശങ്ങളിൽനിന്നും കമ്മ്യൂണിസ്റ്റുകളുടെ ഇൻഡ്യയിലേക്കുള്ള നുഴഞ്ഞുകയററം തടയണമെന്നും ഇതു ഇന്നു ഇൻഡ്യയെ ഭീഷണിപ്പെടുത്തിത്തുടങ്ങിയി

രിക്കുന്നുവെന്നുമാണ് ആ യോഗത്തിൽ പി. എസ്. പി. നേതാക്കൾ പ്രഖ്യാപിച്ചതു്. ഈ വസ്തുതകളും ശ്രീ. പട്ടത്തിന്റെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരുന്നുകൊള്ളട്ടെ.

സർ, തിരുവാർപ്പു മെമ്പറും അദ്ദേഹത്തിന്റെ സഖാക്കളും, നിയമസമാധാനങ്ങൾ പാലിക്കുന്നതിനു തയ്യാറാകാതെ, അക്രമപരിപാടികളും കൽക്കത്താ തീസീസുകളും ഉപേക്ഷിക്കാതെ, ഈ നാട്ടിൽ വയലാർ-പുന്നപ്രകളും തെലിങ്കാനാകളും സൃഷ്ടിക്കാൻ അവസരം പാർത്തുകഴിയുന്നിടത്തോളംകാലം, എങ്ങനെയാണു പോലീസ് ഡിപ്പാർട്ടുമെന്റിലെ ചെലവു ചുരുക്കാൻ സാധിക്കുന്നതു എന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. സർ, അവർ ഘോഷിക്കുന്നതുപോലെ അവർ ഡെമോക്രസിയുടെ മാർഗ്ഗങ്ങൾ അവലംബിക്കട്ടെ. ഈ മണ്ണിനോടു കൂറുപുലർത്തട്ടെ. അതുവരെ പോലീസുസേനയുടെ ചെലവു ചുരുക്കുന്നതു അപകടമായിരിക്കും. സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. ഒ. ബാവ: സർ, ബഡ്ജററിന്റെ അവതരണവേളയിൽ അതിനെസംബന്ധിച്ചുള്ള പൊതു വിമർശനങ്ങൾ നടത്തുന്നതിനുവേണ്ടി ഞങ്ങൾക്കു മതിയാകത്തക്കവിധത്തിൽ സമയം അനുവദിച്ചുതന്നിട്ടില്ല. അതിനുശേഷവും ബഡ്ജററിനെ സംബന്ധിച്ചുള്ള വോട്ട് ഓൺ അക്കൗണ്ട് സിനെപ്പററി കുന്നത്തുനാടു താലൂക്കിലെ രണ്ടു പ്രതിനിധികൾ ഖണ്ഡനോപക്ഷേപങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. ആ ഖണ്ഡനോപക്ഷേപങ്ങളെപ്പററി സംസാരിക്കുന്നതിനുള്ള സമയവും ഞങ്ങൾക്കു ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധ കുന്നത്തുനാട്, പറവൂർ ഈ താലൂക്കുകളെ ബാധിക്കുന്ന ചില പ്രധാനപ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി പതിപ്പിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു ശേഷം സംസ്ഥാനത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ഭരണപരമായി അവഗണിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ കുന്നത്തുനാടും പറവൂരും താലൂക്കുകളാണ്. ഈ താലൂക്കുകളെ സംബന്ധിച്ചിടത്തോളം കാര്യമായ എന്തെങ്കിലും നന്മ ചെയ്തിട്ടുണ്ടെങ്കിൽ അതു് സംയോജനത്തിനു മുമ്പായിരുന്നുവെന്നുള്ളവസ്തുതയും ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ശ്രീ. ടി. കെ. നാരായണപിള്ളയുടെ ഭരണകാലത്തു് അതായതു് സംയോജനം നടന്ന അവസരത്തിൽ ഞങ്ങൾ കൊച്ചിക്കാർ ആണെന്നു പറഞ്ഞു കൊച്ചിയിലേക്കു തള്ളുകയും കൊച്ചിക്കാർ ഞങ്ങളെ തിരുവിതാംകൂർകാരാണെന്നു പറഞ്ഞു അവരുടെ കൂട്ടത്തിൽ ചേർക്കാതെയുമാണിരിക്കുന്നതു്. അങ്ങനെ തിരുവിതാംകൂറിനും കൊച്ചിക്കും വേണ്ടാത്ത ഒരു അന്തരീക്ഷത്തിലാണ് ഞങ്ങൾ സ്ഥിതിചെയ്യുന്നതു്. സർ, കുന്നത്തുനാടു താലൂക്കു് നെൽകൃഷിക്കു് വളരെ പ്രാധാന്യമേറിയ ഒരു സ്ഥലമാണ്. എന്നാൽ ദരിദ്രരായ അവിടത്തെ കർഷകർക്കു് എന്തെങ്കിലും സഹായസഹകരണം ചെയ്തുകൊടുക്കുന്നതിൽ ഗവണ്മെന്റ് വളരെ അനാസ്ഥയാണ് കാണിച്ചുവരുന്നതു്. കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, അതിന്റെ വിജയത്തിനും, ഭൂതത്താൻകെട്ടണയാണ് ഈ രണ്ടു താലൂക്കുകൾക്കും ആശ്രയമായിട്ടുള്ളതു്. ഈ താലൂക്കുകളിലെ ഒരു വലിയ ഭൂവിഭാഗത്തിന് ജലസേചനം ചെയ്യണമെങ്കിൽ ഈ ഒരു പദ്ധതിയല്ലാതെ മററു മാർഗ്ഗവുമില്ല. ഭൂതത്താൻകെട്ടണ നിർമ്മിച്ചു കൃഷിക്കുപയോഗയോഗ്യമാക്കിത്തീർക്കണ

[ശ്രീ. ടി. ഒ. ബാവ]

മെന്നു് ഈ താലൂക്കിലെ നിവാസികൾ മുറവിളികൂട്ടിയതിന്റെ ഫലമായി അന്നത്തെ ഗവണ്മെന്റ് ഈ അണയുടെ കാര്യം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താമെന്നു് പറഞ്ഞിരുന്നു. കഴിഞ്ഞതവണയും ഞങ്ങൾ ഈ കാര്യം ഗവണ്മെന്റിന്റെയും നിയമസഭയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. എന്നിട്ടും യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ രാജ്യം ഭരിക്കുന്നതു് ജനായത്തത്തിന്റെപേരിൽ ഒരു പി. എസ്സ്. പാർട്ടിയാണു്. ഈ ഗവണ്മെന്റിനോടു ഞങ്ങളുടെ ആശാകേന്ദ്രമായ ഭൂതത്താൻ കെട്ടണയുടെ നിർമ്മാണത്തിനാവശ്യമുള്ള നടപടികൾ ആരംഭിച്ചു് അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട്ടു് പറവൂർ താലൂക്കുകളിലെ കർഷകരുടെ ദയനീയാവസ്ഥ പരിഹരിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ഇവിടത്തെ ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായത്തെപ്പറ്റി ഒന്നുരണ്ടു വാക്കു് എനിക്കു പറയുവാനുണ്ടു്. ഇന്നു് ഈ രാജ്യത്തു ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം നടക്കുന്നതു് രണ്ടുമൂന്നു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടിയാണു്. എന്നാൽ ആ രണ്ടു മൂന്നു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം കൃത്യസമയത്തു് ലഭിക്കാത്തതുമൂലം ലിഫ്റ്റ് ഇറിഗേഷൻ പരിപാടികൾ മിക്കതും തകർന്നുകൊണ്ടിരിക്കുകയാണു്. പി. ഡബ്ലിയു. ഡി. ഇലക്ട്രിക്കൽ അതുപോലെ കൃഷിഡിപ്പാർട്ടുമെന്റ്, റവന്യൂ ഡിപ്പാർട്ടുമെന്റ് ഈ നാലു ഡിപ്പാർട്ടുമെന്റുകളുടെ പരിപൂർണ്ണ സഹകരണമില്ലാതെ ലിഫ്റ്റ് ഇറിഗേഷൻ പരിപാടികൾ വിജയപ്രദമാവുകയില്ല. ഈ നാലു ഡിപ്പാർട്ടുമെന്റുകളും മിക്കവാറും പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്നതുമൂലം കുന്നത്തുനാട്ടു്, പറവൂർ താലൂക്കുകളിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രയോജനപ്പെട്ടുകാണുന്നില്ല എന്നു് എനിക്കു് ഈ ഗവണ്മെന്റിനെ അറിയിക്കുവാനുണ്ടു്. അതിനു് ഒരു ഉദാഹരണം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇലക്ട്രിക്കമോട്ടോർ എരിഞ്ഞുപോയ അവസരത്തിൽ ആ ഡിപ്പാർട്ടുമെന്റിന്റെ സേവനം കൃത്യസമയത്തു് എത്താതിരുന്നതുകൊണ്ടു് കൃഷിസ്ഥലം ഉണങ്ങിപ്പോയ സംഭവം ഞങ്ങളുടെ നാട്ടിലുണ്ടു്. മൂന്നുദിവസം തുടർച്ചയായി കൃഷിവയൽ നനയ്ക്കാൻ ഇടയാകാതെവന്നാൽ ആ കൃഷികൊണ്ടു് യാതൊരു പ്രയോജനവും കൃഷിക്കാരനു കിട്ടുകയുമില്ല. അങ്ങനെ ആ പ്രദേശത്തെ കൃഷിസ്ഥലങ്ങൾ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം വളരെയധികം നശിച്ചുകൊണ്ടിരിക്കുന്നു. പരസ്പരം ഈ ഡിപ്പാർട്ടുമെന്റുകൾ സഹകരിച്ചു് ജനങ്ങൾക്കു് പ്രയോജനം കിട്ടുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ താക്കീതുചെയ്യണമെന്നും ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം പൂർണ്ണമാക്കിത്തീർക്കണമെന്നും, ഇറിഗേഷൻ പദ്ധതിയെക്കുറിച്ചു ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഒരു വസ്തുതകൂടി ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇറിഗേഷൻ പദ്ധതി ഇവിടെ ആദ്യം ആസൂത്രണംചെയ്തപ്പോൾ ആ പ്രദേശത്തെ ഭൂവിഭാഗം മുഴുവൻ ഉൾപ്പെട്ട കുന്നിൻപുറങ്ങളും പാടങ്ങളും പുരയിടങ്ങളും വെള്ളക്കരത്തിനു വിധേയമാക്കിക്കൊണ്ടുള്ള ഒരു ലിസ്റ്റാണു് അന്നത്തെ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിയിട്ടുള്ളതു്. ആ ലിസ്റ്റനുസരിച്ചു് വെള്ളം കിട്ടാത്ത മലകളിൽപോലും കൃഷിചെയ്തു എന്നു പറഞ്ഞു് വെള്ളക്കരം ഈടാക്കാൻ നടപടി നടത്തിക്കൊണ്ടിരി

ക്കുകയാണ്. വെള്ളം നൽകാതെ വെള്ളക്കരം ചുമത്തിയിട്ടുള്ള കർഷകരെ അതിൽനിന്നൊഴിവാക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു. റവന്യൂവിനെ സംബന്ധിച്ചുള്ള ആളുകളാണ് ആ ലിസ്ററ് തയ്യാറാക്കിയതെങ്കിൽ ആ തെററു വരികയില്ലായിരുന്നു. അവൎക്ക് സ്ഥലങ്ങളെപ്പററി നല്ല നിശ്ചയമുണ്ടാകും. ആദ്യം ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നാണ് ഈ തെററായ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതു്. ഈ ലിസ്ററപ്രകാരം മൂന്നും നാലും കൊല്ലത്തെ കരം അവർ കൊടുക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു് ഈ കാര്യത്തിൽ ഇറിഗേഷൻവകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പറവൂർ, കുന്നത്തുനാട് താലൂക്കുകളിൽ ഭൂതത്താൻകെട്ടു പദ്ധതി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ പല മൈനർ ഇറിഗേഷൻ പദ്ധതികളും പ്രവർത്തിക്കാൻ ഉണ്ടു്. കാൺഗ്രസ് പാർട്ടി അധികാരത്തിലിരുന്ന കാലത്തു് പറവൂർ, കുന്നത്തുനാട താലൂക്കുകളിൽ പെരിയാററിൻെറ ഇരുകരകളിലും ലിഫ്ററ് ഇറിഗേഷൻ നടപ്പിലാക്കിയിട്ടുണ്ടു്. അതിലുള്ള വൈകല്യങ്ങളെപ്പററിയാണ് ഞാൻ മുൻപു പറഞ്ഞതു്. മൂന്നു നാലു മൈനർ ഇറിഗേഷൻ പദ്ധതികൾകൂടി അവിടെ ഉടനടി നടപ്പാക്കേണ്ട കാര്യം ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. രണ്ടായിരം ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടുന്ന മുടിക്കൽ, വല്ലം, പള്ളിലാം, മുട്ടം, കുട്ടേപ്പാടം എന്നീ ഇറിഗേഷൻ പദ്ധതികൾ കുന്നത്തുനാടുതാലൂക്കിലുണ്ടു്. അതുപോലെ കുന്നത്തുനാടുതാലൂക്കിൽ ഇരുപതിനായിരം പറ നിലങ്ങൾ തരിശായി കിടക്കുന്നതു കൃഷിക്കുപയുക്തമാക്കിത്തീർക്കുവാൻ കഴിയും. ലെവി സംപ്രദായം അനുസരിച്ചുള്ള നെല്ലെടുപ്പിൽനിന്നുപോലും ഈ സ്ഥലം ഒഴിവാക്കിയിരിക്കയാണ്. കായലോരത്തു നടക്കുന്ന തോട്ടപ്പിള്ളി സ്കീമും മററും കാണുമ്പോൾ കാൺഗ്രസ്ഗവണ്മെൻറിനെ അധിക്ഷേപിച്ചുകൊണ്ടിരുന്ന ഐക്യമുന്നണിക്കാരോടു ഞങ്ങൾക്കു സഹതാപമാണ് തോന്നുന്നതു്. നാട്ടിൽ കുഴപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുകളുടെ നാട്ടിൽ ഇത്ര മേന്മയുണ്ടാക്കിക്കൊടുത്തു എന്നു കാണുമ്പോൾ വാസ്തവത്തിൽ ഞങ്ങൾക്കു വല്ലായ്മ തോന്നുന്നുണ്ടു്. ഞങ്ങളുടെ നാട്ടിലുള്ള കാക്കനാടൻ കരിനിലങ്ങൾക്കു പെരിയാററിൽനിന്നു വെള്ളം കൊടുക്കുവാൻ സാധിക്കുമെങ്കിൽ ഇരുപതിനായിരം പറ നിലം കൃഷിക്കുപയുക്തമാവും. ഇങ്ങനെ ഒരു സ്കീം നടപ്പാക്കി ഞങ്ങളുടെ നാട്ടിൽ കാക്കനാടു, പഴങ്ങനാടു മുതലായ സ്ഥലങ്ങളിലെ നിലങ്ങൾ കൃഷിക്കുപയുക്തമാക്കിത്തീർക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഒരൊററസംഗതികൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപെടുത്തുവാൻ ആഗ്രഹിക്കുന്നു. കുന്നത്തുനാട്, പറവൂർ താലൂക്കുകൾ നിർബന്ധവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയ ഒരു പ്രദേശമാണ്. കുന്നത്തുനാടു താലൂക്കും പറവൂർതാലൂക്കും നിർബന്ധിതവിദ്യാഭ്യാസത്തിൽപ്പെടുത്തിയിരിക്കെ ധാരാളം സ്കൂളുകൾ അവിടെ ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അഞ്ചു വയസ്സിനുമേലുള്ള കുട്ടികളെ നിർബന്ധമായി വിദ്യാഭ്യാസം ചെയ്യിക്കണം എന്നു പറയുന്നു. ആ വയസ്സിനുമേലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം കൊടുക്കാനുള്ള വിദ്യാലയങ്ങൾ അവിടെയില്ല. സർ, ഇപ്പോൾ അവിടെയുള്ള പ്രാഥമികവിദ്യാലയങ്ങളിൽ വളരെ അധികം ഇന്നു ചിതൽക്കാലുകളിൽ നിൽക്കുകയാണ്. മരക്കാലുകൾ എല്ലാം ചിതൽ

[ശ്രീ. ടി. ഒ. ബാവ]

തിനു ഭയപ്പെട്ടതിനാൽ അവയെല്ലാം വീഴാറായി നിൽക്കുന്നു. ഈ വക സ്കൂളുകൾ എല്ലാം കണ്ടുപിടിച്ച് ആ കെട്ടിടങ്ങളെല്ലാം പുതുക്കിപ്പണിയണം. കുട്ടികളുടെ ജീവനെ രക്ഷിക്കുവാൻ വേണ്ടിയെങ്കിലും അവ പുതുക്കിപ്പണിയണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ആലുവായിലെ ശുദ്ധജലക്ഷാമത്തെപ്പററി പറയുമ്പോൾ ആളുകൾ അതിശയിച്ചുപോകും. ആലുവാ ടൌണിൽ പല വാർഡുകളിൽ വെള്ളം കിട്ടാതെ ആളുകൾ വിഷമിക്കുകയാണ്. ദിവസവും മുനിസിപ്പൽ ലോറികളിൽ വെള്ളം അവർ കാത്തിരിക്കുകയാണ്. അതു കിട്ടിയിട്ടുവേണം അവർക്കു ഭക്ഷണം പാകപ്പെടുത്തുവാനും അവരുടെ എല്ലാ ആവശ്യങ്ങളും നടത്തുവാനും എന്നുകൂടി ഞാൻ അങ്ങയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ ബഡ്ജററിൽ ഞങ്ങളുടെ ആലുവാ മുനിസിപ്പാലിററിക്കു ഒരു രൂപാപോലും സഹായധനം കൊള്ളിച്ചിട്ടില്ല. അവിടത്തെ ജലക്ഷാമം പരിഹരിക്കുന്നതിനു ന്യായമായ സഹായധനം ആലുവാ മുനിസിപ്പാലിററിക്കു കൊടുക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലിനെ എതിർക്കുന്നു. അതോടൊപ്പം ഞങ്ങളെപ്പററി ഇവിടെ പറഞ്ഞ ചില ആരോപണങ്ങൾക്കു മറുപടി പറയേണ്ടതു് ആവശ്യമായിരിക്കുന്നു. റഷ്യയിൽനിന്നു് പണം വരുന്നുവെന്നു ഒരാരോപണം ഇവിടത്തെ പിന്താങ്ങിപ്രതിപക്ഷം കൊണ്ടുവരികയുണ്ടായി. എനിക്കു പറയുവാനുള്ളതു് അങ്ങനെ വേണ്ട പണം ഏതെങ്കിലും രാജ്യത്തിൽനിന്നു കമ്മ്യൂണിസ്ററുകാർക്കു് കിട്ടിയിട്ടുണ്ടായിരുന്നെങ്കിൽ കാൺഗ്രസ്സുബെഞ്ചിലിരിക്കുന്നവരെല്ലാം ഞങ്ങളുടെ കൂട്ടത്തിൽ കണ്ടേനെ. സാംസ്കാരിക സാമൂഹ്യസംഘടനയെന്നു പറയപ്പെടുന്ന കമ്മ്യൂണിസ്ററ വിരുദ്ധമുന്നണിയുടെ സംസ്കാരത്തെപ്പററി സഭാനേതാവായിരിക്കുന്ന ശ്രീ. പട്ടത്തിനു അറിയാം. അദ്ദേഹത്തെയും അവർ മലങ്കോറിന്റെ മകനെന്നു പല പ്രാവശ്യവും വിളിച്ചിട്ടുണ്ടു്. ആ സംഘടനയുടെ സാംസ്കാരികപ്രവർത്തനം എന്താണെന്നു പട്ടത്തിനു അനുഭവജ്ഞാനം ഉണ്ടെന്നാണു് എന്റെ വിശ്വാസം. കടപ്രാ നിയോജകമണ്ഡലത്തിൽ വച്ചും ഏററുമാനൂർ കവലയിൽ വച്ചും അദ്ദേഹത്തിനു ഈ സാംസ്കാരിക സാമൂഹ്യസംഘടനയുടെ രുചിയറിയാൻ കഴിഞ്ഞിട്ടുണ്ടു്. അപ്പോൾ ഈ സാംസ്കാരിക സാമൂഹ്യസംഘടനകളുടെ പ്രധാന പ്രവൃത്തി വോട്ടുപിടിത്തമാണു്. വോട്ടുപിടുത്തം സാംസ്കാരിക സാമൂഹ്യപ്രവൃത്തിയാണോ രാഷ്ട്രീയപ്രവൃത്തിയാണോ എന്നു നോക്കേണ്ടിയിരിക്കുന്നു. അതുതന്നെയല്ല ഈ രാജ്യത്തു് ഒട്ടാകെ ഇത്തരം പല പല സംഘടനകൾ പ്രവൃത്തിക്കുവാൻ തുടങ്ങിയിരിക്കുകയാണു്. അമേരിക്കയുടെ ഏജൻസികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടു് എന്നു പറയുമ്പോൾ റഷ്യാക്കാർ ഇവിടെ ഉണ്ടെന്നു കാൺഗ്രസ്സു പറയുന്നു. ഞാൻ എന്റെ കോൺഗ്രസ്സ് സ്നേഹിതന്മാരോടു ചോദിക്കുന്നു, ഇൻഡ്യയുടെ നാലു അതിർത്തികളിൽ റഷ്യൻ എംബസിയിലുള്ള റഷ്യക്കാരല്ലാതെ ഒരൊററ റഷ്യക്കാരനെ കണ്ടുപിടിക്കുവാൻ കഴിയുമോ എന്നു്.

ശ്രീ. കെ. എം. ചാണ്ടി: ബഹുമാനപ്പെട്ട മെമ്പർക്കു് റഷ്യയുടെ വക്കാലത്തുണ്ടോ?

ശ്രീ. പി. ആർ. മാധവൻപിള്ള: വക്കാലത്ത് ഇല്ലെങ്കിലും ഇൻഡ്യയുമായി നയതന്ത്രബന്ധങ്ങൾ പുലർത്തുന്ന ഒരു രാജ്യത്തെപ്പറ്റി ആരോപണം കൊണ്ടുവരുന്നതു ശരിയല്ല എന്നുകരുതിപ്പറയുന്നതാണ്. തിരുവിതാംകൂർ-കൊച്ചിയിൽ എവിടെ നോക്കിയാലും നമുക്ക് അമേരിക്കക്കാരായ സായിപ്പന്മാർ പ്രവൃത്തിക്കുന്നതു കാണാം. അടൂരിൽതന്നെ അമേരിക്കൻ പാതിരികൃാമ്പുകൾ ഉണ്ട്. അവർ മതപ്രചരണമല്ല നടത്തുന്നതു്. അവർ ശൂരനാട്ടുസംഭവസ്ഥലത്തിന്റെ ഫോട്ടോ എടുത്തു കൊണ്ടുപോയതായി നമുക്ക് അറിയാം. കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ഐക്യമുന്നണി പ്രചരണയോഗങ്ങളും ജാഥകളും ഫിലിംചെയ്തു് എടുത്തു വിദേശങ്ങളിലേക്ക് അയച്ചിട്ടുള്ളതായും എനിക്ക് അറിയാം. ഇവിടത്തെ പോലീസുദ്യോഗസ്ഥന്മാർ തന്നെ അമേരിക്കൻ പാതിരിമാരുമായി വളരെ അടുത്തു് സമ്പർക്കത്തിൽ ഏർപ്പെട്ടുകഴിയുകയാണ്. അതുപോലെ രാജപ്രമുഖൻ തിരുമേനി ശാസ്താംകോട്ട സ്കൂളിന്റെ രജതജൂബിലിആഘോഷത്തിന് പ്രസംഗിക്കാൻ വന്നപ്പോൾ നമ്മുടെ നാട്ടുകാരായ സ്ത്രീകൾക്കു പാട്ടു് അറിയുവാൻ പാടില്ലാ എന്ന മട്ടിൽ അതായതു് 'ജനഗണമന' എന്ന പാട്ടു് ഒരു അമേരിക്കക്കാരിയെക്കൊണ്ടു് പാടിക്കുകയുണ്ടായി. ഈ അമേരിക്കൻ സാംസ്കാരിക സാമൂഹ്യ സംഘടനവഴി അമേരിക്കക്കാർ നമ്മുടെ സംസ്ഥാനത്തിലേക്ക് തള്ളിക്കേറിവരികയാണ്. ബുക്ക്സ്റ്റാളുകളിൽ എന്താണ് കാണുന്നതു്? ഇൻഡ്യയുടെ സംസ്കാരത്തിന് എതിരായ അമേരിക്കൻ പുസ്തകങ്ങൾ നിരത്തിവച്ചിരിക്കുന്നു. ഇൻഡ്യയെ സ്നേഹിക്കുന്ന ഏതൊരാൾക്കും ഇതു ഹൃദയവേദന ഉണ്ടാക്കും. ന്യൂഡെൽഹിയിൽ പാക്-അമേരിക്കൻ കരാറിനെ പ്രതിഷേധിക്കാൻ മുപ്പതിനായിരത്തിൽപരം കോൺഗ്രസ്സുകാർ സ്ത്രീകളും കുഞ്ഞുങ്ങളും ചേർന്ന് ഒരു പ്രകടനം നടത്തി. പക്ഷേ ഇവിടത്തെ ഈ കോൺഗ്രസ്സുകാർ പാക്-അമേരിക്കൻ കരാറിനെതിരായി യാതൊരു പ്രചരണവും നടത്തിയിട്ടില്ല. കാശ്മീരിൽ അമേരിക്കക്കാരോടു് ഷേക്ക്അബ്ദുള്ളായ്ക്കു ഉണ്ടായിരുന്നു എന്നു പറയുന്ന ആ പ്രേമവും ബന്ധവും ഇവിടത്തെ കോൺഗ്രസുകാർക്കും അമേരിക്കക്കാരോടു ഉണ്ടെന്നു വ്യക്തമാണ്. അമേരിക്കൻ നുഴഞ്ഞുകയറ്റത്തെ എതിർത്തു പറഞ്ഞാൽ കോൺഗ്രസ്സുതന്നെ പൊളിയും എന്ന ഒരു നില ഇവിടെ ഉണ്ട്. കോൺഗ്രസ്സുതന്നെ വിരുദ്ധമുന്നണിയും വിരുദ്ധമുന്നണിതന്നെ കോൺഗ്രസ്സും ആയി തീർന്നിട്ടുണ്ട്. വഞ്ചനാദിനം ഞങ്ങളാചരിക്കുവേണ്ടു്. വഞ്ചന തുടരെ തുടരെ നടത്തുന്ന ആളുകൾക്ക് ആരെങ്കിലും അതു കണ്ടുപിടിച്ചാൽ അതൊരു വിഷമമാണ്. കിണ്ണം മോഷണംനടത്തുന്നവന് അതു ആരെങ്കിലും അറിയുകയുണ്ടായോ എന്നാണ് പരിഭ്രമം. തുടരെ മോഷണക്കുററം നടത്തുന്ന ആളുകൾക്ക് അതാരെങ്കിലും കണ്ടുപിടിച്ചാൽ വളരെ വിഷമമാണ്. ഈ രാജ്യത്തുള്ള ആളുകളെ കോൺഗ്രസ്സുകാർ വഞ്ചിക്കുന്നതു ഞങ്ങൾ കണ്ടുപിടിച്ചു ജനങ്ങളുടെ മുൻപിൽ തുറന്നുകാട്ടിയിട്ടുണ്ട്. അതാണ് ഞങ്ങൾ ചെയ്തിട്ടുള്ള കുററം. അവർ 1947-ൽ ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ചു. കുടിഒഴിപ്പിക്കൽ നിയമം അവർ നടത്തിയ ഒരു വഞ്ചനയാണ്. കുടിഒഴിപ്പിക്കൽ നിയമമെന്നാണ് എഴുതിവച്ചിരിക്കുന്നതെങ്കിലും അതു വലിയ കുഴപ്പമാണ് നാട്ടിൽ വരുത്തിവച്ചിരിക്കുന്നതു്. അതുനമ്മുടെ നാട്ടിൽ ഉള്ള ജന്മിമാർക്കു മുഴുവൻ കുടിക്കാരെയും ഒഴിപ്പിക്കാനുള്ള ഒരു ലൈസൻസായിട്ടാണ് വന്നുചേർന്നിരിക്കുന്നതു്. സ്വന്തം കൃഷിക്കു

[ശ്രീ. പി. ആർ. മാധവൻപിള്ള]

അല്ലെങ്കിൽ വീട്ടുസ്ഥലത്തിന് എന്നൊക്കെ പറഞ്ഞു കൃഷിക്കാരെ ഇഷ്ടംപോലെ ഒഴിപ്പിക്കുന്നതിനും കുടിയിറക്കുന്നതിനും വേണ്ടിയുള്ള ഒരു നിയമമാണിത്. അതു ഇന്നവിധത്തിൽ വേണമെന്നു ജന്മിമാരെ അറിയിക്കുന്നതിനു വേണ്ടി മാത്രമുണ്ടാക്കിയിട്ടുള്ള ഒരു നിയമമാണ്. ഞങ്ങളുടെ നാട്ടിൽ ഒരു കഥയുണ്ട്. "അമ്മയെ ചുടണമെങ്കിൽ മകർമാരിയിട്ടു ചുടണമെന്ന്." ഒരു കർഷകപ്രമാണി അറിവില്ലാതിരിക്കുന്ന ശിഷ്യനോടു പറഞ്ഞതായിട്ടാണ് കഥ. അതുപോലെ ഒരു നിർദ്ദേശമാണ് ഈ നിയമം നൽകുന്നത്. തെരഞ്ഞെടുപ്പു കഴിഞ്ഞ ദിവസംശേഷം പറവൂർ നിയോജകമണ്ഡലത്തിൽ പടമെന്ന ഒരു സ്ഥലത്തു മുപ്പതിൽപരം കർഷകരെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. ഒരു ജന്മി അവരുടെ ചീനികൃഷി നശിപ്പിക്കയുമുണ്ടായി. കഴിഞ്ഞ ഇരുപതാം തീയതിയാണ് ആ സംഭവമുണ്ടായതു്. താൻ നട്ടുവളർത്തിയ ചീനി മുതലായ കൃഷികൾ നശിപ്പിച്ചുകളഞ്ഞിട്ട് അവിടെനിന്നും തന്നെ ഒഴിപ്പിക്കാനുള്ള ശ്രമം ഒരു മുതലാളി നടത്തുന്നതായി കണ്ണുനീരൊഴുക്കുന്ന ഒരു കർഷകത്തൊഴിലാളി ഇന്നലെ എന്നോടു പറഞ്ഞു. സ്ഥലം ഇൻസ്പെക്ടർ ആ കർഷകനോടു പറഞ്ഞു ആ സ്ഥലം വിട്ടൊഴിഞ്ഞു പോകണമെന്ന്. ആ ഇൻസ്പെക്ടർ ആയാളെ വിളിച്ചതു തന്നെ കുറെനാളിനുമുമ്പ് മേടിച്ച ഒരു ചെറിയ കടത്തിന്റെ കാരണത്തിനാണ്. എന്നാൽ ആയാളെ കണ്ട ഉടനെ ചോദിച്ചതു് ആ സ്ഥലം ഒഴിഞ്ഞു പോകുമോ എന്നാണ്. ഇതാണ് ഇന്നു നടക്കുന്ന സംഭവങ്ങൾ. ഇന്ന് കുടിഒഴിപ്പിക്കൽ നിയമം കുടി ഒഴിപ്പിക്കുന്നതിനുള്ള ഒരു ലൈസൻസിയായി മാറിയിരിക്കുന്നു. കാൺഗ്രസ്സ് കക്ഷിയിൽനിന്നും ചെയ്തിട്ടുള്ള നല്ല കാര്യങ്ങളിൽ ഒന്നായി ചാലക്കുടി മെമ്പർ ഇവിടെ പറഞ്ഞ കുടിയൊഴിപ്പിക്കൽ നിരോധന നിയമം ഒരു ശൂഹസ്തപദ്ധതിയാണ്. ഇതു ഈ ശൂഹസ്തപദ്ധതി ഈ നാട്ടുമുഴുവൻ നടപ്പാക്കിയിരിക്കയാണ്. ഇതു പല സ്ഥലങ്ങളിലും വസ്തുഒഴിപ്പിക്കുന്നതിന് പോലീസിനെ ഉപയോഗിക്കുകയാണ്. ഇന്നു ജന്മിമാരുടെ വസ്തു ഒഴിപ്പിക്കുന്നതിനു പോലീസുകാരെ വിട്ടുകൊടുത്തിരിക്കയാണ്. വീടില്ലാത്തവരുമായ ധാരാളമുള്ള ഈ നാട്ടിൽ ആളുകൾ ചെറിയ ചെറിയ കുടിൽ കെട്ടി പത്തോ പതിനഞ്ചോ വർഷമായി താമസിച്ചുവരികയാണ്. പത്തും പതിനഞ്ചും ദിവസത്തെ നിരോധനകാരം ചുമത്തിയ നോട്ടീസുകൾ കൊടുക്കുന്നു നൽകിയിരിക്കുന്നു. അവരെ പോലീസുകാരെ കൊണ്ടും ഗുണ്ടാകളെക്കൊണ്ടും നിർദ്ദയം ഇറക്കിവിടുകയാണ് ഇന്നു ഗവൺമെന്റു നേരിട്ടു നടത്തുന്നതു്.

എനിക്കിവിടത്തെ പി. എസ്. പി. മന്ത്രിസഭയോടു പറയാനുള്ളതു ഇവിടെ ലാൻഡ് റിഫോംസു പിന്നീടു നടപ്പാക്കുകയും മതി ഈ കുടിഒഴിപ്പിക്കൽ ഉടൻ നിറുത്തലാക്കണമെന്നാണ്. ഇന്നുള്ള കുടികിടപ്പുകാർ ഒന്നും പൊളിച്ചുകൂടാ എന്ന് ഒരു ഓർഡിനൻസുമൂലം നിരോധിക്കണം. ഇന്നു കൃഷി ചെയ്യുന്നവരുടെ കൈവശമിരിക്കുന്ന ഭൂമി ഒട്ടും മറ്റൊരാൾക്കും കൊടുക്കാൻ അനുവദിച്ചുകൊടുക്കരുതു്. ആ തുടർന്നുണ്ട് ഒഴിപ്പിക്കൽ തടയണമെന്നാണ് എനിക്കീ മന്ത്രിസഭയോടു പറയാനുള്ളതു്. ഭൂനയം ആവിഷ്കരിക്കുന്നതിനു മുമ്പ് കുടിഒഴിപ്പിക്കലും കുടി ഇറക്കുന്നുള്ള നടപടികളും തടയണമെന്നു ഈ ഗവൺമെന്റിനോടാവശ്യപ്പെടുന്നു. ഗവൺമെന്റ് അതിനു തയാറായാൽ അതു നടപ്പാക്കുന്നതിന് ആവശ്യമായ സംഘടന

കൾ കെട്ടിപ്പടുക്കുന്നതിനുവേണ്ടി സഹകരിക്കുന്നതിനു ഞാനും എന്റെ പാർട്ടിയും തയ്യാറാണ്. പരിപാടികൾ പ്രസംഗത്തിൽ അല്ല നടപ്പാക്കലിൽ ആണ് കാണേണ്ടതു് എന്നു ഗവണ്മെന്റ ധരിക്കുന്നതു നന്നു്.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ധനവിനിയോഗ ബില്ലിനെ സംബന്ധിച്ചു സംസാരിക്കുന്ന ഈ അവസരത്തിൽ ഈ സഭയുടേയും ഗവണ്മെന്റിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതായ ഒരു കാര്യമുണ്ടു്. എന്റെ താലൂക്കിനെ സംബന്ധിച്ചു ആദ്യം രണ്ടു വാക്കു ഞാൻ സംസാരിക്കുന്നതിനു ഒരുങ്ങുകയാണ്. സർ, വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ചിററൂർ താലൂക്കിനെ അത്ര ഗണ്യമാക്കാതെയാണ് ഇരിക്കുന്നതു്. ഈ പദ്ധതി അവിടെയുള്ള ജനങ്ങൾക്കു് അത്രകണ്ടു പ്രയോജനകരമല്ലായിരുന്നു എന്നുള്ള വസ്തുത ഈ സഭയുടെ ശ്രദ്ധയിലും ഈ ഗവണ്മെന്റിനെയും അറിയിക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണ്. അവിടെയുള്ള പ്രൈമറിസ്കൂളുകളിൽ ൧൦൦-ൽ പരം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ ഉണ്ടു്. ചിററൂർ താലൂക്കിലല്ലാതെ മററു താലൂക്കുകളിൽ അതേമാതിരി വിദ്യാലയങ്ങൾ കാണാൻ സാധിക്കുകയില്ല എന്നാണ് എന്റെ വിശ്വാസം. കൊഴിഞ്ഞാമ്പാറയിൽ ഉള്ളതും ഈ ൧൦൦ കുട്ടികൾ പഠിക്കുന്നതുമായ വിദ്യാലയത്തിൽ നാലോ അഞ്ചോ ക്ലാസ്സുമുറികൾ മാത്രമാണ് ഉള്ളതു്. ൧൦൦-ൽപരം കുട്ടികളെ അവിടെ പഠിപ്പിക്കുവാൻ സാധിക്കുമോ എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടതാണ്. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം അഞ്ചെട്ടുകൊല്ലത്തോളമായി നാട്ടുകാർ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുപോലും ഒരു വിധത്തിലും അതു പരിഹരിക്കുന്നതിനുള്ള സന്മനസ്സും സന്നദ്ധതയും ഇതിനു മുമ്പ് ഭരണം നടത്തിയിരുന്ന ഗവണ്മെന്റിനു ഉണ്ടായിട്ടില്ല. അതു് വളരെ ഭയനീയമായ ഒരു വസ്തുതയാണെന്നു് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കുറെക്കാലമായി അതു് വെറും അഞ്ചു ക്ലാസ്സുകൾ മാത്രമുള്ള ഒരു കെട്ടിടമായിരുന്നു. വേറെയും അവിടെ രണ്ടോ മൂന്നോ മുറികളോടുകൂടിയ ഓല മേഞ്ഞ ഒരു ഷെഡ്ഡുകൂടി ഉണ്ടായിരുന്നു. അങ്ങിനെയുള്ള സന്ദർഭത്തിൽ കഠിനമായ കാററും മഴയും ഉണ്ടായി. അപ്പോൾ കെട്ടിടങ്ങൾ ഇടിഞ്ഞുപോകുമെന്നും കുട്ടികളുടെ ജീവൻതന്നെ അപകടത്തിലാകുമെന്നും ആ സന്ദർഭത്തിൽപോലും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അവസാനം ഗവണ്മെന്റിൽ നിന്നും ഈ കാര്യത്തിൽ ഖേദകരമായ ഒരു സമാധാനമാണ് കിട്ടിയതെന്നുള്ള കാര്യം ഈ ഗവണ്മെന്റിനെ അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ഈ സ്കൂളിൽ നാലോ അഞ്ചോ ക്ലാസ്സുമുറികൾ മാത്രം ഉള്ളിടത്തു് ൧൦൦-ൽ ചില്വാനം കുട്ടികളെ പഠിപ്പിക്കുന്ന വസ്തുത സഭയെ ഈ സന്ദർഭത്തിൽ അറിയിച്ചാൽ നന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രത്യേകിച്ചും അതേപ്പററി എടുത്തുപറയുന്നതു് അവിടെ നിർബന്ധവിദ്യാഭ്യാസം നടപ്പാക്കിയിട്ടുള്ള ഒരു താലൂക്കായതുകൊണ്ടാണ്.

ഇതുപോലെ ചിററൂർ താലൂക്കിനെ സംബന്ധിച്ചു് പല കാര്യങ്ങളും എടുത്തുപറയാനുണ്ടു്. പക്ഷെ കൂടുതൽ സമയമില്ലാത്തതുകൊണ്ടു് ഞാൻ ചുരുക്കുന്നു. അതായതു് ഇറിഗേഷൻ സംബന്ധിച്ചുള്ള കാര്യങ്ങൾ അവിടെ വളരെ പ്രാധാന്യമർഹിക്കുന്നതുകൊണ്ടു് അതേപ്പററി കുറച്ചു സംസാരിക്കേണ്ട സംഗതികളാണ്. ഇറിഗേഷൻ കൊണ്ടാണ് ചിററൂർ താലൂക്കിൽ

[ശ്രീ കെ. എ. ശിവരാമഭാരതി]

കൃഷി നടത്തിവരുന്നതു്. എന്നാൽ അവിടെ ഇറിഗേഷൻ കാര്യത്തിൽ വളരെയധികം അനീതി നടന്നുവരുന്നുണ്ടു്. വെള്ളം നടത്തുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാണിക്കുന്നതുകൊണ്ടു് നെല്ലു് മുഴുവൻ ഉണങ്ങിപ്പോകുന്ന എന്നുള്ള കാര്യവും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെടുത്തിയിരുന്നു. കഴിഞ്ഞകൊല്ലത്തിൽ അവിടെ ഇതിലേക്കു് ഒരു സത്യാഗ്രഹസമരംപോലും നടക്കുകയുണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം അന്നുണ്ടായിരുന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഈ വക കാര്യങ്ങൾ പെടുത്തിയിട്ടുണ്ടായിരുന്നു. ഇറിഗേഷൻ കാര്യത്തിൽ ഇന്നും അവിടെ അനാസ്ഥതന്നെയാണു തുടർന്നുകൊണ്ടുപോകുന്നതു്. ഇനിയും അതു അനുവദിക്കാൻ പാടില്ല. ഇറിഗേഷന്റെ കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കു് ഒരു ഇറിഗേഷൻ ബോർഡു് ഉണ്ടാക്കി അതു മുഖേന പ്രവർത്തനം നടത്തേണ്ടതാണു്. അങ്ങനെ ബോർഡു ഉണ്ടാക്കുന്നതു് കർഷകരുടെ പ്രതിനിധികളും കർഷകരല്ലാത്ത പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഉൾക്കൊള്ളുന്ന ഒന്നാണെങ്കിൽ ഇറിഗേഷന്റെ ശരിയായ പ്രവർത്തനത്തിനും നിയന്ത്രണത്തിനും സാധിക്കുന്നതാണു്. ഈ കാര്യം ഈ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തി തന്മൂലം ഇതിനു ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

<u>മിസ്റ്റർ സ്പീക്കർ</u>: അപ്രാപ്രിയേഷൻ ബില്ലിനെക്കുറിച്ചു് ഇവിടെ ആലോചിക്കുമ്പോൾ ഗവണ്മെന്റിന്റെ മേജർപാളിസികളെപ്പററി സംസാരിക്കുകയും അതിനാവശ്യമുള്ളിടത്തോളം പാർട്ടി പാളിററിക്സിനെ കുറിച്ചു സംസാരിക്കുന്നതിനും സമ്മതിക്കാം. പ്രാദേശികമായ ആവശ്യങ്ങളെ പുരസ്കരിച്ചു് ദീർഘമായ പ്രസ്താവനകൾ അനുവദിക്കാൻ നിവൃത്തിയില്ല. ഈ സന്ദർഭത്തിൽ ഗവണ്മെന്റിന്റെ പ്രധാന നയപരിപാടികളെ അടിസ്ഥാനമാക്കി വിമർശനങ്ങൾ നടത്തണമെന്നു് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോടു് അപേക്ഷിക്കുന്നു.

<u>ശ്രീ. കെ. എ. ശിവരാമഭാരതി</u>: സർ, അങ്ങയുടെ നിർദ്ദേശപ്രകാരം പ്രാദേശിക ആവശ്യങ്ങളിലേക്കു് ഞാനിപ്പോൾ പ്രവേശിക്കുന്നില്ല. അതുകൊണ്ടു് ചിററൂർ താലൂക്കിലെ മദ്യവർജ്ജനത്തെപ്പററി
3 P. M. രണ്ടുവാക്കു സംസാരിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ചിററൂർ താലൂക്കിലെ മദ്യവർജ്ജനം അങ്ങേയററത്തെ പരാജയമായിട്ടാണു കലാശിച്ചിരിക്കുന്നതു്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള അവിടത്തെ അനുഭവങ്ങൾ നോക്കുകയാണെങ്കിൽ അവിടത്തെ മദ്യവർജ്ജനപ്രസ്ഥാനം ഒരു പരാജയമാണെന്നു് കാണാം. മുമ്പു് ഏതെങ്കിലും ഒരുഭാഗത്തുമാത്രം കള്ളുഷാപ്പോ, ചാരായഷാപ്പോ ഉണ്ടായിരുന്നുവെങ്കിൽ ഇന്നു അതൊരു കുടിൽവ്യവസായമായി തീർന്നിരിക്കുകയാണു്. മദ്യവർജ്ജനം ഏർപ്പെടുത്തിയതുകൊണ്ടു് ഗവണ്മെന്റിനു നഷ്ടംവന്നുവെന്നല്ലാതെ അവിടെ അതു് ഒരിക്കലും വിജയിച്ചിട്ടില്ല.

<u>ശ്രീ. ടി. കെ. കൃഷ്ണൻ</u>: ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ഗവണ്മെന്റിന്റെ മദ്യവർജ്ജനനയം ഉപേക്ഷിക്കണമെന്നാണോ?

ശ്രീ. കെ. എ. ശിവരാമഭാരതി: എന്നു് ഞാൻ പറഞ്ഞതിനു അർത്ഥമില്ല. മദ്യവർജ്ജനം നടപ്പിൽ വരുത്തുന്നതു് രാജ്യത്തിനു നല്ലതാണു്. അതിന്റെ എല്ലാവശങ്ങളും നോക്കി നല്ലവിധത്തിൽ നടപ്പിൽവരുത്താൻ കഴിഞ്ഞാൽ അതു നാട്ടിലെ ജനങ്ങളെ സാംസ്കാരികമായി ഉയർത്തുമെന്നുള്ള അഭിപ്രായമാണു എനിക്കുള്ളതു്.

ഒരുകാര്യംകൂടി എനിക്കു പറയുവാനുണ്ടു്. ചിറ്റൂർ താലൂക്കിൽ ഇപ്പോഴും കുടിയിറക്കു നടക്കുന്നുണ്ടു്. അവിടെ വളരെയധികം ആളുകൾക്കു് സ്വന്തമായി കുടിവച്ചു താമസിക്കുവാനുള്ള സൗകര്യമില്ല. അവിടെയുള്ള പാവപ്പെട്ടവരും തൊഴിലാളികളുമായ വളരെയധികം ആളുകളും അന്യരുടെ സ്ഥലങ്ങളിൽ കുടികിടക്കുന്നവരാണു്. സ്ഥലം ഉടമസ്ഥന്മാരുടെ—അവർ പ്രബലന്മാരും വലിയവരുമാണു്—സേവയും ഇഷ്ടവും നിന്നില്ലെങ്കിൽ അവിടെ കുടികിടക്കുവാൻ ഈ സാധുക്കളെ അനുവദിക്കുകയില്ല. ഇതിനു പ്രതിവിധിയായി ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ എടുക്കുന്നതു് ഈ സാധുക്കൾക്കു് വളരെ സൗകര്യപ്രദമായിരിക്കും.

ശ്രീ. ജോസഫ് മുണ്ടശേരി: സർ, ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ടു് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. വിദ്യാഭ്യാസത്തിനെ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണു് ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പി. എസ്സ്. പി. ഗവണ്മെന്റിന്റെ വിശ്വാസസംഹിതയനുസരിച്ചു് വിദ്യാഭ്യാസത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന പൊതുവായ ചില മാററങ്ങളെ സംബന്ധിച്ചു് പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടാണു് ആ വിഷയത്തെ സംബന്ധിച്ചു് രണ്ടുവാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നതു്.

ഈ വിദ്യാഭ്യാസം ഒരു വലിയ പ്രശ്നമാണെന്നുള്ളതു ഇൻഡ്യാഗവണ്മെന്റിന്റെ കീഴിൽ ഇതിനകം ഉണ്ടായിട്ടുള്ള കമ്മിററികളും ആ കമ്മിററികൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളും വിളിച്ചുപറയുന്നുണ്ടു്. ആ റിപ്പോർട്ടുകളുടെ വെളിച്ചത്തിലല്ലാതെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു പൊതുവായ ഒരു തീരുമാനം ചെയ്യുവാൻ പ്രയാസമാണു്. ഇക്കാര്യത്തിൽ ഒന്നാമതായി ശ്രദ്ധിക്കേണ്ടതു് നമ്മുടെ രാജ്യത്തെ പൊതുവിദ്യാഭ്യാസം, അതായതു് ജനറൽ എഡ്യൂക്കേഷൻ എത്ര കൊല്ലത്തേക്കാണു നടക്കേണ്ടതെന്നാണു്. ഇന്നത്തെ നിലനോക്കിയാൽ ഇവിടത്തെ ജനറൽ എഡ്യൂക്കേഷൻ ബി. എ. ക്ലാസ്സു കഴിഞ്ഞാലും അവസാനിക്കുന്നില്ലെന്നാണു കാണുന്നതു്. തേഡ്ഫാറമോ, സ്കൂൾഫൈനലോ, ബി. എ. ക്ലാസ്സോ പാസ്സായാലൊന്നും പൊതുവിദ്യാഭ്യാസം അവസാനിക്കുന്നില്ല എന്നൊരു തോന്നൽ നമ്മുടെ ഇന്നത്തെ വിദ്യാർത്ഥികൾക്കുണ്ടു്. കാരണം, എന്തെല്ലാം പാസ്സായാലും അവർ ജോലിക്കു് അർഹരാകുന്നില്ല എന്നതാണു്. ജോലി കിട്ടിയാൽത്തന്നെ അവരെക്കാൾ കൂടുതൽ പരീക്ഷ പാസ്സായ ആളുകൾക്കു് പ്രിഫറൻസ് കൊടുത്തുവരുന്നു. ഇക്കാരണത്താൽ പൊതുവിദ്യാഭ്യാസത്തിനു ഇന്നു് ഒരു അതിർത്തി കല്പിക്കപ്പെട്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഇതിനൊരു അതിർത്തി കല്പിക്കുവാൻ ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റിനു കഴിയുമെങ്കിൽ അഭ്യസ്തവിദ്യർക്കിടയിൽ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

വൎദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കു് സ്വല്പമൊരു പരിഹാരമുണ്ടാക്കാൻകൂടി അതുമൂലം സാധിക്കുമെന്നാണു എനിക്കു തോന്നുന്നതു്. ഇതൊരു നിസ്സാരകാൎയ്യമില്ല. ഈ അതിൎത്തി കുറിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസം ഏതു ഭാഷയിലാണു നടക്കേണ്ടതു് എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലീഷിലൂടെ വേണമോ, അതോ നാട്ടുഭാഷയിൽക്കൂടി വേണമോ എന്നുള്ള കാൎയ്യവും ഇതുവരെ തീരുമാനപ്പെട്ടിട്ടില്ല. സാമാന്യവിദ്യാഭ്യാസം സിദ്ധിക്കുന്ന നമ്മുടെ യുവാക്കന്മാരെയും യുവതികളെയും കൊണ്ടു ചെയ്യിക്കുന്ന ജോലികൾ, സൎക്കാർജോലിയുൾപ്പെടെയുള്ള ജോലികൾ നാട്ടുഭാഷയിലായാൽ മതി എന്നു തീരുമാനിച്ചാൽ അദ്ധ്യാപനഭാഷ തീരുമാനിക്കാൻ പ്രയാസമില്ല. രണ്ടു തീരുമാനവും ഒന്നിച്ചു പോകണം എന്നേയുള്ളു. ഈവക കാൎയ്യങ്ങളെ സംബന്ധിച്ചു സാംഗോപാംഗം പരിഗണിച്ചു ഒരു തീരുമാനത്തിലെത്തേണ്ടതു അത്യാവശ്യമാണു്. ഇതു പി. എസ്സ്. പി. ഗവണ്മെൻറു ചെയ്യുമെങ്കിൽ ഒരു അനുഗ്രഹമായിരിക്കും. പൊതുവിദ്യാഭ്യാസത്തിൻെറ അതിൎത്തി സ്കൂൾഫൈനൽക്ലാസ്സാണെന്നു് നിശ്ചയിച്ചാൽ, സെക്കണ്ടറിസ്കൂൾ കമ്മിഷൻ റിപ്പോൎട്ടിലും, യൂണിവേഴ്സിററി കമ്മിഷൻ റിപ്പോൎട്ടിലും ശുപാൎശചെയ്തിരിക്കുന്നതുപോലെ ഇൻറർമീഡിയററ്ക്ലാസ്സ് നിറുത്തിക്കളയുന്നതാണു നല്ലതു്. അങ്ങനെ ചെയ്താൽ പൊതുവിദ്യാഭ്യാസത്തിൻെറ അതിൎത്തിയിൽനിന്നും നേരിട്ടു് ഡിഗ്രികോഴ്സിലേയ്ക്കു കടക്കുവാൻ സാധിക്കും. ഇതു് ഒരു പുതിയ നിൎദ്ദേശമൊന്നും അല്ല. ഇംഗ്ലണ്ടിലും മററു പരിഷ്കൃതരാജ്യങ്ങളിലും ഈ പദ്ധതിയാണു നടക്കുന്നതു്. അവിടെ പൊതുവിദ്യാഭ്യാസം ഏകദേശം സ്കൂൾഫൈനലിൻെറ കാലഘട്ടംകൊണ്ടു് അവസാനിക്കും. മൂന്നുനാലുകൊല്ലത്തെ പരിശീലനംകൊണ്ടു്, അവിടെ ഏൎപ്പെടുത്തിയിരിക്കുന്ന അപ്പർ സെക്കണ്ടറി എഡ്യുക്കേഷൻ പദ്ധതിപ്രകാരം അവിടത്തെ യുവാക്കന്മാരും യുവതികളും ചില സാങ്കേതികപരിശീലനവും നേടുന്നുണ്ടു്. തന്നിമിത്തം അവൎക്കു് തൊഴിലും കിട്ടും. Multilateral system എന്നാണു് ആ സമ്പ്രദായത്തിനു പേർ. അങ്ങനെയൊരു ഏൎപ്പാടു ഇവിടെയും നടപ്പിൽ വരുത്താൻ കഴിഞ്ഞാൽ ഇന്നു് ഏതാണ്ടു കാൎപ്പിക്കുടപോലെയുണ്ടായിക്കൊണ്ടിരിക്കുന്ന കാളേജുകളുടെ എണ്ണം താനേ കുറയുന്നതാണു്. ഇവിടത്തെ കാളേജുകൾ ഒരുവക സ്വകാൎയ്യവ്യവസായങ്ങളായി തീൎന്നിരിക്കുകയാണല്ലൊ. യൂണിവേഴ്സിററി കമ്മിഷൻ റിപ്പോൎട്ടു് അനുസരിച്ചു് ഇൻറർമീഡിയററ്ക്ലാസ്സ് നിറുത്തിയാൽ ഇന്നിവിടെ കാണുന്നതുപോലെ കാളേജു് വിദ്യാഭ്യാസം ഒരു വ്യവസായമായി അധഃപതിക്കുകയില്ല. അങ്ങനെ ഒന്നടങ്കം ഈ വിദ്യാഭ്യാസപദ്ധതി ജനകീയതാല്പൎയ്യമനുസരിച്ചു് പരിഷ്കരിക്കുന്നതിലേയ്ക്കു പി. എസ്സ്. പി. ഗവണ്മെൻറു ശ്രദ്ധിക്കുമെങ്കിൽ അതു് നല്ലൊരു കാൎയ്യമാണു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് സ്കൂളുകളിലും കാളേജുകളിലും അവശ്യം ഉണ്ടായിരിക്കേണ്ട സാംസ്കാരികസ്വാതന്ത്ര്യത്തെപ്പററിയാണു്. ഇതു് തുച്ഛമായ ഒരു കാൎയ്യമല്ല. തിരഞ്ഞെടുപ്പുകാലത്തു് ഇവിടത്തെ ചില വിദ്യാലയങ്ങൾക്കകത്തും പുറത്തും വിദ്യാലയ അധികൃതന്മാരുടെ അനുഗ്രഹത്തോടുകൂടി ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെപ്പററി ഞാനിവിടെ പറയേണ്ട ആവശ്യമില്ല. ഇവിടത്തെ നേതാക്കന്മാർ നമ്മുടെ

വിദ്യാലയങ്ങളിൽ സാംസ്കാരികസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നുണ്ടെന്നു പലതവണ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഈ നേതാക്കന്മാർ നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങളിലെങ്ങും സാംസ്കാരികസ്വാതന്ത്ര്യമില്ല. അദ്ധ്യാപകന്മാർക്ക്, പഠിപ്പിക്കുവാൻ ഏർപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചു സ്വാഭിപ്രായങ്ങൾകൂടി പഠിപ്പിക്കുവാനുള്ള സ്വാതന്ത്ര്യമില്ല. ഈ സ്വാതന്ത്ര്യക്കുറവ് കൂടുതലായി കാണുന്നതു് പ്രൈവറ്റ വിദ്യാലയങ്ങളിലും പ്രൈവറ്റകാളേജുകളിലുമാണ്. വിദ്യാർത്ഥികൾക്കും ഈ അസ്വാതന്ത്ര്യം അനുഭവപ്പെടാറുണ്ട്. പ്രൈവറ്റ വിദ്യാലയങ്ങളുടെ അധികൃതന്മാരാണെങ്കിൽ വിരുദ്ധമുന്നണിയുടെയും അതുപോലെയുള്ള സംഘടനകളുടെയും പ്രവർത്തകന്മാരാണ്. വിരുദ്ധമുന്നണിയെപ്പറ്റിയും മറ്റും ചർച്ചചെയ്യുന്നതിനോ അതിനുവേണ്ടി പ്രവർത്തിക്കുന്നതിനൊ ഉള്ള ഒരു കളരിയായി അവർ വിദ്യാലയങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. അതേസമയം മറ്റുള്ള അഭിപ്രായങ്ങൾക്ക് ആ വിദ്യാലയങ്ങളിൽ യാതൊരു സ്ഥാനവും ലഭിക്കുന്നില്ല. അഥവാ വിരുദ്ധമുന്നണിരാഷ്ട്രീയത്തിന്നെതിരായി ഏതെങ്കിലും അദ്ധ്യാപകന്മാർ പ്രവർത്തിക്കുന്നപക്ഷം ആ അദ്ധ്യാപകന്മാരെ ശിക്ഷിക്കുകയാണ് പ്രസ്തുത വിദ്യായങ്ങളിലെ പതിവ്. തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ പ്രൈവറ്റ വിദ്യാലയങ്ങളും ഇക്കൂട്ടത്തിൽപ്പെടുമെന്നു ഞാൻ പറയുന്നില്ല. വിരുദ്ധമുന്നണിയുടേയും മറ്റ സംസ്കാരവിരുദ്ധമുന്നണികളുടെയും സ്വാധീനശക്തിയുള്ള വിദ്യാലയങ്ങളിൽ മിക്കതിലും സാംസ്കാരിക സ്വാതന്ത്ര്യം അപകടത്തിലാണെന്നും അതുകൊണ്ട് അവിടെ പലവിധത്തിലുള്ള അസ്വസ്ഥതകളും കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും സ്വാനുഭവത്തിൽനിന്നും എനിക്കു പറയുവാൻ കഴിയും. അറിവ്, അറിവ്—ഇതുതന്നെ ഒരാപത്താണെന്നു വന്നാൽ കഷ്ടമാണ്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഒരു സംഘടനയേയും കുറ്റപ്പെടുത്തുന്നില്ല. ഏതുവിധത്തിലായാലും നമ്മുടെ എല്ലാ വിദ്യാലയങ്ങളും കാളേജുകളും, വിദ്യാർത്ഥികൾക്കു സാംസ്കാരികോന്നമനത്തിനും ആവശ്യമുള്ള വിജ്ഞാനം സമ്പാദിക്കുന്നതിലും പരിശീലനം നേടുന്നതിലും വേണ്ടത്ര സൗകര്യം ചെയ്തുകൊടുക്കുന്നവയായിരിക്കണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. വിദ്യാർത്ഥികളാണ് ഈ നാടിന്റെ ഭാവിഭാഗധേയത്തെ നിർണ്ണയിക്കേണ്ടവർ എന്നുള്ള വസ്തുത നാം മറന്നുകൂടാ. ഭാവിയിൽ ഈ രാജ്യത്തെ പൗരന്മാരായി തീരേണ്ട നമ്മുടെ യുവതീയുവാക്കന്മാർക്ക് സ്വാഭിപ്രായം രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം തികച്ചും ലഭിക്കേണ്ടതും, അതിനുള്ള സൌകര്യം കിട്ടേണ്ടതും വിദ്യാലയങ്ങളിലാണ്. അതുകൊണ്ട് വിദ്യാലയങ്ങളിൽ സാംസ്കാരികസ്വാതന്ത്ര്യം പരിപൂർണ്ണമായി രക്ഷിക്കുന്നതിനു ആവശ്യമായ നടപടികൾ ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റ കൈക്കൊള്ളേണ്ടതാണ്. വൈദേശികതാല്പര്യങ്ങൾക്കുവേണ്ടി വിദ്യാലയങ്ങളിലെ സാംസ്കാരിക സ്വാതന്ത്ര്യത്തിന്മേൽ ചെരുക്കുകൾ ഏർപ്പെടുത്തുന്ന ശക്തികളേയും സംഘടനകളേയും സൂക്ഷിക്കണം.

മറ്റൊന്നു എനിക്കു പറയുവാനുള്ളതു് അദ്ധ്യാപകന്മാരുടെ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാഭ്യാസവിഷയകമായി ചില പരിഷ്കാരങ്ങളിവിടെ ഏർപ്പെടുത്താൻ പോകുന്നതായി പറഞ്ഞു. മിഡിൽസ്കൂളുകളിൽ ഫീസ് ഇല്ലാതാക്കാൻ പോകുന്നതായി രാജപ്രമുഖ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ന്റെ പ്രസംഗത്തിൽ കണ്ടു. എന്നാൽ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഫീസു കുറയ്ക്കാൻ പോകുന്നതായും കണ്ടു. ഏതായാലും മിഡിൽസ്കൂളുകളിൽ ഫീസിനെ സംബന്ധിച്ചിടത്തോളം മാററങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നതായി വേണം കരുതാൻ. അത്രയും നല്ലതുതന്നെ. പക്ഷെ, ആ മാററങ്ങളിൽ നിഷ്കൃഷ്ടമായി അംഗീകരിക്കേണ്ട ഒരു തത്വമുണ്ട്. ഫീസ് കുറയ്ക്കുകയെന്ന കാര്യത്തിൽ സാമ്പത്തികമായിരിക്കണം അടിസ്ഥാനതത്വം. പ്രതിമാസം നൂറോ അല്ലെങ്കിൽ നൂററൻപതോ രൂപായ്ക്കു താഴെ വരവുള്ള ആളുകളുടെ കുട്ടികൾക്കു ഫീസില്ലായെന്നോമറേറാ നിർണ്ണയിക്കേണ്ടതാണ്. അല്ലാതെ എൻ. ജി. ഒ.മാർക്കു ഫീസില്ല, പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ഫീസില്ല, ഹരിജനങ്ങൾക്കു ഫീസില്ലായെന്നു വയ്ക്കുകയല്ലാ വേണ്ടതു്. സാമ്പത്തികമായി ഏതെങ്കിലും ഒരു അതിർത്തി വച്ചു് അതിൽ താഴെയുള്ളവരുടെ കുട്ടികൾക്കു ഫീസു വേണ്ടായെന്നു വയ്ക്കണം. ആ അതിർത്തിക്കു മുകളിലുള്ളവർക്കും ഫീസ് വിട്ടുകൊടുക്കേണ്ട കാലഘട്ടം വന്നാൽ അപ്പോൾ അങ്ങനെ ചെയ്യാം. അങ്ങനെയൊരു സാമ്പത്തികതത്വം അനുസരിച്ചുവേണം ഇക്കാര്യം നിർണ്ണയിക്കുവാൻ. എന്നാൽ വിദ്യാഭ്യാസം സംബന്ധിച്ചു ധനാപരമായ ഉത്തരവാദത്തോടുകൂടി എന്തെങ്കിലും പരിഷ്കാരങ്ങൾ ചെയ്യാൻ പോകുമ്പോൾ ഒന്നാമതായി നമ്മുടെ ശ്രദ്ധയിൽപെടേണ്ടതു് ഈ രാജ്യത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളമാണ്. ഇതു ഈ സഭയിൽ അനേകം പ്രാവശ്യം ആവർത്തിച്ചിട്ടുള്ള ഒരഭിപ്രായമാണ്. നമ്മുടെ നേതാക്കന്മാരും മന്ത്രിമാരും ഇൻഡ്യയുടെ മിക്കഭാഗങ്ങളിലും പ്രസംഗിച്ചുകേട്ടിട്ടുണ്ടു്, ഈ രാജ്യത്തു് വിദ്യാഭ്യാസപുരോഗതി പരമാവധി വന്നിരിക്കുന്നു, ഇവിടെ എഴുപത്തിയഞ്ചുശതമാനം ആളുകൾക്കും അക്ഷരാഭ്യാസമുണ്ടു് എന്നും മററും. പ്രസംഗംകൊള്ളാം. പക്ഷെ, ഈ വിദ്യാഭ്യാസപുരോഗതി ആരുടെ ശ്രമത്തിന്റെ ഫലമാണെന്നു ഞാൻ ചോദിക്കുന്നു. ഇതു് നമ്മുടെ മന്ത്രിമാരുടെയോ, കാൺഗ്രസ്സിന്റെയൊ മെത്രാൻമാരുടെയൊ മഹത്തായ സേവനംകൊണ്ടുണ്ടായതാണോ ? ഇതു് വിരുദ്ധമുന്നണിയുടെ നേട്ടംകൊണ്ടുണ്ടായതാണോ ? പലരും അങ്ങനെ അവകാശപ്പെടുന്നുണ്ടെങ്കിലും, മനസ്ഥൈര്യത്തോടു പടവെട്ടി, പട്ടിണികിടന്നു്, നരകിച്ചു് ആയുസ്സുപാഴാക്കിയ ആയിരമായിരം അദ്ധ്യാപകന്മാരുടെ ശ്രമഫലമാണ് ഈ നേട്ടം. നമ്മുടെ പ്രൈമറിസ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു് കുറിക്കൊടിക്കുള്ള ശമ്പളം കൊടുക്കുന്നില്ല. ഒരു റിക്ഷാക്കാരനു കിട്ടുന്ന ശമ്പളം ഈ അദ്ധ്യാപകനില്ല. ഒരു സ്കാവഞ്ചറുടെ പ്രതിഫലംപോലും അവനു ലഭിക്കുന്നില്ല. കൊച്ചിയിലാണെങ്കിൽ മുൻപു് ൩൦ മുതൽ ൫൦ രൂപാ വരെ ശമ്പളവും അലവൻസും അദ്ധ്യാപകർക്കു് കിട്ടിക്കൊണ്ടിരുന്നു. ഈ അദ്ധ്യാപകന്മാർതന്നെ രണ്ടുതരത്തിൽ ഉണ്ടു്. പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാരും സർക്കാർസ്കൂൾ അദ്ധ്യാപകന്മാരും. കൊച്ചിയിൽ അവർക്കു ശമ്പളം ഒരു പോലെയായിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാർക്കു് എട്ടു രൂപ പിന്നെ പന്ത്രണ്ടു രൂപ അതു കഴിഞ്ഞു് ൧൫ രൂപ, പിന്നീടു് അലവൻസുകൾപ്പെടെ ൨൭ രൂപയായി. ശമ്പള സമീകരണം വന്നപ്പോൾ എന്തുണ്ടായി? ൨൭ എന്നുള്ളതു് ൩൦ ആയി, ൩൦—൫൦ എന്നുള്ള കൊച്ചിയിലെ സ്കെയിൽ പ്രൈവററുകാരെ

സംബന്ധിച്ചിടത്തോളം ഉപേക്ഷിക്കപ്പെട്ടു. സക്കാരദ്ധ്യാപകക്കുമാത്രം രണ്ടിടത്തും ൩൦-൪൦ എന്ന സ്കെയിൽ നടപ്പായി. ആയിരക്കണക്കിനുള്ള പ്രൈവററദ്ധ്യാപകന്മാരോടു ഈ അനീതി ചെയ്തിട്ടും ജോൺസക്കാർ ശമ്പളസമീകരണം ഭദ്രമായി നടത്തിയെന്നു അഭിമാനിച്ചുകളഞ്ഞു. പഴയ മന്ത്രിമാർ പുറമേപോയി പ്രസംഗിക്കുന്നുണ്ടു്, തങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ വളരെ ചെയ്തിട്ടുണ്ടു്, ശമ്പളസമീകരണം പൊടിപാററിയിട്ടുണ്ടു് എന്നൊക്കെ. എന്നാൽ ഇതാണു ശമ്പളസമീകരണത്തിന്റെ നില. ഈ നാട്ടിൽ സക്കാരിന്റെ ആധിപത്യത്തിലുള്ള സ്കൂളുകൾ വളരെ കുറവും പ്രൈവററു് സ്കൂളുകൾ വളരെ വളരെ അധികവുമാണു്. വളരെ വളരെ സ്കൂളുകൾ പ്രൈവററ മേഖലയിലാണു് പ്രവത്തിക്കുന്നതു്. സക്കാർ അദ്ധ്യാപകന്മാർ ൩൦ മുതൽ ൪൦ രൂപ വരെ ശമ്പളം വാങ്ങിക്കുമ്പോൾ പ്രൈവററു് അദ്ധ്യാപകന്മാർ അരപ്പട്ടിണിയിലാണു് കിടക്കുന്നതെന്നുള്ള കാര്യം ഗവൺമെന്റു് വിസ്മരിച്ചുകളയുന്നു. ഇതു് ന്യായമാണോ എന്നു പി. എസ്സ് പി. ഗവൺമെന്റു് പരിശോധിച്ചുനോക്കണം. ഗവൺമെന്റിനോടു ചോദിച്ചാൽ ബാക്കി പണം മാനേജരന്മാർ കൊടുക്കണമെന്നും മാനേജരന്മാരോടു ചോദിച്ചാൽ സക്കാരിൽനിന്നും കിട്ടാതെ എങ്ങനെ തരാനാണു് എന്നും പറയും. വിദ്യാത്ഥികളുടെയും രക്ഷകത്താക്കളുടെയും പ്രാതിനിധ്യം തങ്ങളുടെ മൗലികാവകാശമാണെന്നാണു മാനേജരന്മാരുടെ വാദം. ആരാണു് അവക്കിതു പതിച്ചുകൊടുത്തതെന്നറിഞ്ഞുകൂടാ. വിദ്യാത്ഥികളുടേയും അദ്ധ്യാപകന്മാരുടേയും മൗലീകാവാകാശത്തെ ഹനിക്കുന്ന മാനേജരുടെ മൗലികാവകാശം തെററാണു്. ഗവൺമെന്റു് നിദ്ദേശമനുസരിച്ചുള്ള തുക അദ്ധ്യാപകനു കൊടുക്കുവാൻ മനേജരെക്കൊണ്ടു് സമ്മതിപ്പിക്കുകയോ അങ്ങനെ സമ്മതിക്കാത്ത മാനേജരന്മാരെ പ്രാസിക്യൂട്ടു് ചെയ്യുവാനുള്ള നിലവരെ ഗവൺമെന്റു എത്തുകയോ ചെയ്യേണ്ടതാണു്.

സർ, ഈയിടെ ഇൻഡ്യാഗവൺമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഒരു ലിസ്റ്റനുസരിച്ചു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു് ഈ പറയുന്ന തരത്തിലുള്ള ശമ്പളമാണു് ലഭിച്ചുകൊണ്ടിരിക്കുന്നതു്:

ബീഹാർ	൪൦ രൂപ.
ബാംബെ	൬൦ ,,
മദ്ധ്യപ്രദേശം	൫൪ ,,
മദ്രാസ്	൫൪ ,,
ഹൈദ്രബാദ്	൬൪ ,,
സൗരാഷ്ട്ര	൭൪ ,,
കൂർഗ്ഗ്	൬൭ ,,
തിരുവിതാംകൂർ-കൊച്ചി	൩൦ ,,

ഏററവും താണശമ്പളം തിരുവിതാംകൂർ-കൊച്ചിയിലാണു്.

ശ്രീ. ഏ. താണുപിള്ള: യു. പി. യിൽ എത്രയാണെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശേരി: അതു് ഇതിൽ പറയുന്നില്ല. ഏതായാലും ഇതിൽ കണ്ടിടത്തോളം ഇത്ര താഴ്ന്ന ശമ്പളം, പ്രത്യേകിച്ചു് ഇത്ര ഉയന്ന സാക്ഷരതയുള്ള ഒരു സ്റ്റേററിൽ, കൊടുക്കുന്നതു് തീച്ച

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

യായിട്ടും അഭിമാനകരമല്ല- അതിനാൽ ഗവണ്മെന്റ് ഈ കാര്യങ്ങളെല്ലാം പരിശോധിച്ച് പ്രശ്നത്തിന്റെ നില നന്നാക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. ആ സന്ദർഭത്തിൽ ഗവണ്മെന്റ് അവരുടെ മൗലികാവകാശങ്ങളെക്കുറിച്ച് എന്തെങ്കിലും പറയുകയാണെങ്കിൽ അതു സ്വീകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെയും അധ്യാപകന്മാരുടെയും മൗലികാവകാശങ്ങളെ ബലികഴിക്കാമോ എന്നതിനെക്കുറിച്ച് ഗവണ്മെന്റ് ഗൗരവമായിത്തന്നെ ആലോചിക്കേണ്ടതാണ്. ഈ കാര്യങ്ങളിൽ പി. എസ്. പി. ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഇനി എനിക്ക് പറയുവാനുള്ളത്, പാഠപുസ്തകങ്ങളെ സംബന്ധിച്ചാണ്. പാഠപുസ്തകങ്ങളെ സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന നയം പുരോഗമനപരമാണെന്നും പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കുന്നതുകൊണ്ട് വളരെയേറെ ഗുണങ്ങൾ ഉണ്ടാകുമെന്നും പല ബഹുമാനപ്പെട്ട മെംബറന്മാരും മുൻ ഗവണ്മെന്റും അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. കച്ചവടക്കണ്ണുവച്ച് ദേശസാൽക്കരണം നടത്തിയാൽ എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകുമോ അതെല്ലാം ഈ പാഠപുസ്തകദേശസാൽക്കരണത്തിൽ കാണാം. സ്റ്റേറ്റ് ട്രാൻസ്പോർട്ടിൽ കാണുന്നില്ലേ പല ദോഷങ്ങളും; അതൊക്കെ പാഠ്യപുസ്തകകാര്യത്തിലും ഉണ്ട്. എന്താണ് നമുക്കാവശ്യം ? ആദ്യമായി വേണ്ടതു് വിദ്യാഭ്യാസപരമായി നല്ല പുസ്തകങ്ങൾ കുട്ടികൾക്ക് കിട്ടണം. രണ്ടാമതായി അച്ചടിയും കടലാസ്സും മററും നന്നായിരിക്കണം. മൂന്നാമതായി കുറഞ്ഞ വിലയ്ക്ക് പുസ്തകങ്ങൾ ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യണം. നാലാമതായി ആവശ്യമില്ലാത്ത പുസ്തകങ്ങൾ ചുമന്നുകൊണ്ടുപോകുവാൻഉള്ള ഭാരത്തിൽനിന്നും കുട്ടികളെ ഒഴിവാക്കണം. കഴിഞ്ഞകാലങ്ങളിൽ സ്കൂളുകളിലേയ്ക്കു് നിർദ്ദേശിച്ച പുസ്തകങ്ങളുടെ കഥ നോക്കുകയാണെങ്കിൽ പരമാർത്ഥത്തിൽ കുട്ടികൾക്ക് വളരെയധികം പുസ്തകങ്ങൾ യാതൊരാവശ്യവുമില്ലാതെ ചുമക്കേണ്ടിവന്നിട്ടുണ്ട് എന്നുള്ളതു ഒരു പച്ചപരമാർത്ഥമാണ്. എട്ടുവയസ്സുമാത്രം പ്രായമുള്ള കുട്ടികൾക്ക് പുസ്തകങ്ങളിൽനിന്നും എത്രമാത്രം കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും എന്നുമനസ്സിലാക്കാതെ പുസ്തകങ്ങൾ അങ്ങനെ കെട്ടിഏൽപ്പിക്കുകയാണ്. ഒന്നാംക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്കു് പുസ്തകമെന്നാൽ എന്താണെന്നുതന്നെ അറിഞ്ഞുകൂടാ. അങ്ങനെയിരിക്കെ വളരെ കാര്യങ്ങൾ അവരുടെ തലയിൽ അടിച്ചുകേററുവാൻ തക്കവണ്ണം പുസ്തകങ്ങൾ നിർദ്ദേശിക്കുകയാണെങ്കിൽ അതു് അവരുടെ ആരോഗ്യത്തെപോലും സാരമായി ബാധിച്ചു എന്നു വരും. അച്ചടിയുടെ കാര്യത്തെക്കുറിച്ചാണെങ്കിൽ കഴിഞ്ഞകൊല്ലത്തെ പുസ്തകങ്ങളിൽ വളരെയധികം അച്ചടിപ്പിശകുകൾ ഉള്ളതായി കാണാവുന്നതാണ്. ഒന്നുരണ്ടു പുസ്തകങ്ങൾ ഇതിൽനിന്നും ഭിന്നമായിരുന്നു എന്നുവേണമെങ്കിൽ പറയാം. ഇത്രയുംകൊള്ളരുതാത്ത അച്ചടി ഒരിടത്തുമില്ല. പക്ഷെ ഗവണ്മെന്റിന് ഈ പദ്ധതികൊണ്ടു് ഒരു വലിയ ലാഭമുണ്ടായിരിക്കാം. ഒമ്പതോ പത്തോ ലക്ഷം രൂപയോളമാണ് ഇതിൽനിന്നും ആദായം കിട്ടിക്കൊണ്ടിരുന്നതു്. അതൊരു നല്ല കച്ചവടംതന്നെ. പക്ഷെ കച്ചവടമെന്നുള്ള ഒറ്റലക്ഷ്യം വച്ചുകൊണ്ടു് ഇങ്ങനെ വിദ്യാർത്ഥികൾക്ക് ഉപദ്രവകരമായ വിധത്തിലുള്ള പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതു് തീർച്ചയായും ഒരു നല്ല

ഗവണ്മെൻറിന് അനുയോജ്യമല്ല. കച്ചവടക്കാരുമായിട്ടുകൂടി നടത്തിയ ഏർപ്പാടിൽതന്നെ പല കള്ളക്കളികളും ഉണ്ടായിരുന്നു. അക്കഥ പിന്നീട പറയാം. എന്തായാലും ഈ വിഷയത്തിലും ഗവണ്മെൻറിന്റെ അടിയന്തരശ്രദ്ധ പതിയണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

ഇവിടെ മുമ്പ് ഒരു പനമ്പിള്ളി പദ്ധതിയുണ്ടായിരുന്നു. അത് പിന്നെ പൈലി പദ്ധതിയായി, പള്ളിപ്പദ്ധതിയായി; ഇപ്പോൾ വേറൊരു പദ്ധതിയാണ്. ചേരത്ത സ്കൂളുകൾ ഇനിയുമുണ്ട്. ചേന്നവയിൽ ശമ്പളവിതരണത്തെപ്പററി വളരെ പരാതിയുണ്ട്. ഈ സ്കീം അനുസരിച്ചുള്ള കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ ഗവണ്മെൻറ് കുറെക്കൂടി ശ്രദ്ധിക്കണം. കഴിഞ്ഞ പുസ്തകംപോലുള്ള പദ്ധതി അവസാനിപ്പിച്ചാൽ കൊള്ളാം.

ശ്രീ. എ. എ. റഹിം: സർ, ധനവിനിയോഗബില്ലിനെ സംബന്ധിച്ച് അതിന്റെ പരിധിയിൽ നിന്നുകൊണ്ട് ചിലതു പറയാമെന്നു വിചാരിക്കുന്നു. അല്ലാതെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു വേണ്ടി കൊടി പിടിക്കുവാനോ വിരുദ്ധമുന്നണിക്കു വേണ്ടി താളം പിടിക്കുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രധാനപ്പെട്ട ഒന്നുരണ്ടുകാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഇതുമൂലം ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തെ ഏററവും ഉത്തരവാദപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറാണ് പോലീസ് ഡിപ്പാർട്ടുമെൻറ്. ആ ഡിപ്പാർട്ടുമെൻറിൽനിന്നുള്ള മർദ്ദനങ്ങളെയും അഴിമതികളെയും കുറിച്ച് ചില സ്നേഹിതന്മാർ പറയുകയുണ്ടായി. പോലീസ് ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും ഒരു ഹർജിയോ പരാതിയോ ലഭിച്ചാൽ അതിനെക്കുറിച്ചുള്ള അന്വേഷണം നടത്തുന്നതു് പഴയ രീതിയിൽ നിന്നും യാതൊരു വ്യത്യാസവും ഇല്ലാത്ത രീതിയിലാണ് ഇപ്പോഴും നടന്നുവരുന്നതു് എന്നു കാണുന്നതു് വളരെ ലജ്ജാകരമാണ്. പരാതികളെക്കുറിച്ചന്വേഷിക്കുമ്പോൾ അവർ പ്രധാനമായി ഉപയോഗിച്ചുവരുന്ന മുറ ഭയപ്പെടുത്തലും മർദ്ദനവും കൊണ്ട് പരിഹാരം നേടാമെന്നു വിചാരിക്കുന്നതായിട്ടാണ് മനസ്സിലാക്കേണ്ടതു്. പരാതിയെക്കുറിച്ച് എന്തെങ്കിലും സംശയമുണ്ടായാൽ അതിനെക്കുറിച്ചു സൂക്ഷ്മമായ അന്വേഷണം നടത്തുകയും ബുദ്ധിപൂർവ്വമായ ഒരു സമീപനവുമാണ് ആവശ്യമുള്ളതെങ്കിലും അങ്ങനെയൊന്നും ചെയ്യാറുന്നതായി കാണുന്നില്ലെന്നുള്ളതു് ഖേദകരമാണ്. പോലീസ് സൈന്യത്തിനു രാജ്യത്തോടുള്ള ഉത്തരവാദിത്വവും അവർക്കുണ്ടായിരിക്കേണ്ട ഉയർന്ന മാനദണ്ഡവും അവർ മറന്നുകളയുന്നതായിട്ടാണു കാണുന്നതു്. ഇത്തരം സ്വാതന്ത്ര്യങ്ങൾ പോലീസുകാർക്ക് അനുവദിച്ചുകൊടുക്കുന്നതു് ഡിപ്പാർട്ടുമെൻറിനു ഭൂഷണമോ ഗവണ്മെൻറിന്റെ അന്തസ്സിനു പററിയതോ അല്ല എന്നു പറയേണ്ടി വന്നതിൽ എനിക്കു വ്യസനമുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും ഉണ്ടാകുന്ന അഴിമതികളെക്കുറിച്ചും മററും ഗവണ്മെൻറ് കാര്യമായി ശ്രദ്ധിക്കേണ്ട കാലം വൈകിയിരിക്കുന്നു. കേസ്സുകൾ ചാർജ്ജു ചെയ്താൽ പ്രോസിക്യൂഷനിൽ വരുന്ന കാലതാമസത്തിനെക്കുറിച്ച് ഒരു വാക്ക് പറയുവാനുണ്ട്. സമൻസുകളയച്ചിട്ടും വാറണ്ടുകൾ അയച്ചിട്ടും കോർട്ടിൽ ഹാജരാകാതെ കേസ്സുകൾ നീട്ടിക്കൊണ്ടു പോകുന്നതായിട്ടാണു കണ്ടുവരുന്നതു്. രണ്ടോ മൂന്നോ മാസംകൊണ്ടു തീർക്കേണ്ട കേസ്സുകൾ

[ശ്രീ. എ. എ. റഹീം.]

സമയാസമയങ്ങളിൽ സാക്ഷികളും വേണ്ടുന്ന തെളിവുകളും നൽകാത്തതുകൊണ്ടും പോലീസുദ്യോഗസ്ഥന്മാർ അതാതു സമയങ്ങളിൽ കോട്ടിൽ ഹാജരാകാത്തതുകൊണ്ടും ചിലപ്പോൾ രണ്ടുമൂന്നുകൊല്ലം കാലതാമസം വരുന്നതായി കാണുന്നുണ്ടു്.

ഈ സന്ദർഭത്തിൽ ഇവിടത്തെ മജിസ്ട്രേട്ടന്മാരെപ്പററി അല്പം പറയാതിരിക്കാൻ നിവൃത്തിയില്ല. കേസ്സുകൾ തീർപ്പാൻ കാലതാമസം വരുന്ന കാര്യത്തിൽ അവരിൽ ചിലരും ഉത്തരവാദികളാണു്. മജിസ്ട്രേട്ടന്മാരായി നിയമിക്കുമ്പോൾ അവക്കു് ആ ജോലി നിർവ്വഹിക്കുന്നതിനുള്ള കഴിവുണ്ടോ എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അതിനുള്ള പരിചയവും, തഴക്കവും കഴിവും മജിസ്ട്രേട്ടന്മാക്കുണ്ടോ എന്നു ഗവമെണ്ടു പരിശോധിക്കേണ്ടതാണു്. ഒരു ഡിപ്പാർട്ടുമെൻറിൽ നിന്നും മജിസ്ട്രേട്ടായി ഒരാളെ നിയമിച്ചു കഴിഞ്ഞാൽ ആറു മാസം കൊണ്ടെങ്കിലും ഒരു മജിസ്ട്രേട്ടായിരിക്കാനുള്ള കഴിവു് അവക്കുണ്ടെന്നു കാണാത്തപക്ഷം അവരെ തിരിച്ചു് അവരുടെ ഡിപ്പാർട്ടുമെൻറിലേക്കു മടക്കി അയയ്ക്കുന്ന വിഷയത്തിലും ഗവമെണ്ടു ശ്രദ്ധിക്കേണ്ടതുണ്ടു്. അതിലേക്കു് ആവശ്യമായ അന്വേഷണം നടത്താൻ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടന്മാക്കു് അധികാരം കൊടുക്കുകയും വേണം.

ആൻറി കറപ്ഷനുവേണ്ടി ഒരു ട്രിബ്യൂണൽ ഉണ്ടാകാൻ പോകുന്നു എന്നു കേൾക്കുകയുണ്ടായി. ആ ട്രിബ്യൂണലിന്റെ കീഴിൽ പോലീസിൽ നിന്നും ഭിന്നമായ ഒരു ഡിപ്പാർട്ടുമെൻറായിരിക്കണം ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറു്. പോലീസിലെ ആളുകളെ മാത്രം ചേത്തു് അതിന്റെ പ്രവർത്തനം നടത്തുന്നതു ശരിയല്ല. പോലീസിലേയും ഇതര ഡിപ്പാർട്ടുമെൻറുകളിലേയും ഉദ്യോഗസ്ഥന്മാരെയും വെളിയിൽനിന്നുമുള്ളവരെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ ഡിപ്പാർട്ടുമെൻറായി അതിനെ രൂപീകരിക്കേണ്ടതാണു്. അതുപോലെതന്നെ ആ ഡിപ്പാർട്ടുമെൻറിലേയ്ക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ സ്വഭാവശുദ്ധിയെപ്പററി പ്രത്യേകം അന്വേഷിക്കേണ്ടതാണു്. അഴിമതിക്കാരുടെ മുമ്പു് പേരുകേട്ട ആളുകൾതന്നെ അഴിമതി കണ്ടുപിടിക്കാൻ വരുന്നതു വളരെ ലജ്ജാകരമാണു്. അക്കാര്യത്തിലും ഗവമെണ്ടു് പ്രത്യേകം ശ്രദ്ധിക്കണം. ഇവിടത്തെ പോലീസുഡിപ്പാർട്ടുമെൻറിൽ ഉദ്യോഗക്കയററങ്ങൾ കൊടുക്കുമ്പോൾ രാഷ്ട്രീയപ്രവത്തനങ്ങളെ അടിസ്ഥാനമാക്കിയാണു് വളരെക്കാലമായി പ്രവത്തിച്ചുവരുന്നതു്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലംമുതൽ ഇന്നുവരെ രാഷ്ട്രീയമായ പരിഗണനകൾ വച്ചുകൊണ്ടാണു് ആ ഡിപ്പാർട്ടുമെൻറിൽ പ്രമോഷനും മററും നൽകിവരുന്നതു്. ബന്ധുബലത്തിലും വർഗ്ഗീയാടിസ്ഥാനത്തിലും പ്രത്യേകത കാണിക്കുന്നതായി പരാതികളുണ്ടു്. അതെല്ലാം തടയുന്നതിനു് കാര്യമായി ഗവമെണ്ടു ശ്രദ്ധിക്കണം.

ഈ അവസരത്തിൽ ലാൻഡുറവന്യൂവിനെ സംബന്ധിച്ചുകൂടി അല്പം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലാൻഡുറവന്യൂ ഒരു മദർ ഡിപ്പാർട്ടുമെൻറാണു്. ഇതിൽ നിന്നും ഇപ്പോൾ ഫാറസ്റ്റു്, എക്സൈസു്, സെയിൽസ് ടാക്സ് തുടങ്ങിയവ പ്രത്യേകം കുടുംബമായി മാറിനിൽക്കുകയാണു്. എന്നിട്ടും ലാൻഡുറവന്യൂവിനെ സംബന്ധിച്ചിടത്തോളം പുതുതായി

യാതൊരു പരിഷ്കാരവും അടുത്തകാലത്തുണ്ടായിട്ടില്ല. ഇവിടത്തെ വില്ലേജുകളുടെ ദൈർഘ്യം കുറച്ച് ചെറിയ ചെറിയ വില്ലേജുകൾ ആക്കേണ്ടതാണ്. വില്ലേജ് ആഫീസറന്മാർക്ക് കൈകാര്യം ചെയ്യത്തക്കവിധത്തിൽ വില്ലേജുകളുടെ പരിധി ഒരു അഞ്ചു് മൈലാക്കി ചുരുക്കേണ്ടതാണ്. വില്ലേജു ആഫീസറന്മാർ മിക്കകാര്യങ്ങളിലും ഇടപെടേണ്ടവരാണ്. തഹശീൽദാരന്മാരും വില്ലേജ് ആഫീസറന്മാരും തിരഞ്ഞെടുപ്പിലും കടലാക്രമണങ്ങളിലും എന്നു വേണ്ട എല്ലാ കാലങ്ങളിലും ഇടപെടേണ്ടവരാണ്. പിന്നൊന്ന് ഈ ഡിപ്പാർട്ടുമെൻറിലെ ൯൦ ശതമാനത്തോളം ഉദ്യോഗസ്ഥന്മാർ താഴ്ന്ന ശമ്പളം വാങ്ങുന്നവരാണ്. അധികംപേരും ൩൫—൪൦ വരെ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരാണ്. തഹശീൽദാരന്മാർക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതു് ഒരു സബ്‌രജിസ്ട്രാരുടെ ശമ്പളമാണ്. അതുകൊണ്ടു് ജോലിക്കനുസരണമായ ശമ്പളവും ജോലികൾ കൃത്യസമയത്തു നിർവ്വഹിച്ചുകൊണ്ടുപോകത്തക്ക സൗകര്യവും ഉണ്ടാക്കിക്കൊടുക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. അടുത്തകാലത്തു് ഇവിടെ ഭൂപരിഷ്കരണം നടപ്പിൽ വരുത്താൻ പോകുന്നു എന്നു കേൾക്കുന്നു. ആ പരിഷ്കരണത്തിനുള്ള കമ്മററികളും മററും പ്രവർത്തിക്കുന്നതിനു മുമ്പായി കണ്ടുകൃഷി, ശ്രീപാദം, ഇടവക മുതലായ ഭൂമികളിലെ ഇന്നത്തെ അവസ്ഥ അവസാനിപ്പിച്ചു് സക്കാർ നിരക്കിലുള്ള നികുതി മാത്രം കുടിയാന്മാരിൽ നിന്നും വസൂൽ ചെയ്യുന്നതിനുള്ള നടപടികൾ നടപ്പിലാക്കണമെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മെയിൻറോഡുകൾ ഒഴിച്ചുള്ള റോഡുകൾ, അതായതു് ഗ്രാമറോഡുകൾ, മെററൽചെയ്തു് ഉപയോഗപ്രദമാക്കിത്തീർത്തിട്ടില്ല. കരുനാഗപ്പള്ളിയിൽ തന്നെ ഏഴു വഷമായി വെട്ടിയിട്ട റോഡ് തന്നെയും ഇന്നും ഉപയോഗപ്രദമായി നന്നാക്കിയിട്ടില്ല. ഗ്രാമറോഡുകളും തോടുകളും ഗതാഗത സൗകര്യമുള്ളതാക്കിത്തീർക്കുന്നപക്ഷം അവിടെയുള്ള കുടിൽവ്യവസായങ്ങൾക്കു് പ്രോത്സാഹനം ലഭിക്കുന്നതാണ്. ഗ്രാമങ്ങളിൽ ഇലക്‌ട്രിസിററി നൽകുന്ന കായ്യത്തിലും റോഡുകൾ ശരിപ്പെടുത്തുന്ന കായ്യത്തിലും ഗവണ്മെൻറ് വേണ്ടവണ്ണം ശ്രദ്ധിച്ചാൽ മാത്രമേ ഈ രാജ്യത്തു് സുഭിക്ഷത ഉണ്ടാകുകയുള്ളൂ. ഈ രാജ്യത്തെ നിരവധി പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു നമ്മുടെ ശ്രദ്ധ ഗ്രാമങ്ങളിലേക്കു് തിരിയേണ്ടതാണ്. പബ്ളിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം ഗ്രാമപ്രദേശങ്ങളിലേക്കു തിരിച്ചുവിടാൻ ശ്രമിക്കേണ്ടതാണെന്നു പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ബില്ലിനെ ഞാൻ എതിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി ഈ അവസരത്തിൽ ചില കായ്യങ്ങൾകൂടി എനിക്കു് പറയേണ്ടതുണ്ടു്. തെക്കും വടക്കും മന്ത്രിമാരാൽ ചുററപ്പെട്ട ഒരു നിയോജകമണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നതു്. വളരെ ആഗ്രഹത്തോടുകൂടിയും ആവേശത്തോടുകൂടിയും അവിടത്തെ ജനങ്ങൾ ഇവരെ തെരഞ്ഞെടുത്തയച്ചശേഷം അവക്കു് ഒരുനോക്കു കാണുവാൻ ഈ മന്ത്രിമാരെ കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഈ സഭ ഓക്കേണ്ടതാണ്. ഒരു പക്ഷെ സ്വീകരണത്തെപ്പററിയുള്ള ഭയവും, പെരുമാററങ്ങളെപ്പററിയുള്ള ശങ്കയും കൊണ്ടായിരിക്കും ബഹുമാനപ്പെട്ട മന്ത്രിമാർ അങ്ങോട്ടു പോകാതിരുന്നതെന്നു ഞാൻ

[ശ്രീ. പി. കെ. യശോധരൻ.]

കരുതുന്നു. ഏതായാലും അവരെ കാണാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ വിപ്ലവാഭിവാദ്യങ്ങൾ അവരുടെ പേരിൽ എന്റെ മുന്നിലിരിക്കുന്ന പൊതുമരാമത്തുമന്ത്രിയേയും ലേബർ മന്ത്രിയേയും അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ രാജ്യത്തെ ഭരണസാരഥ്യം വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങൾ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ള പ്രതീക്ഷകളും ഉറപ്പുകളും മറന്നുപോകരുത്. ഈ രണ്ടു മന്ത്രിമാരും അവിടത്തെ ജനങ്ങളുടെ പ്രതീക്ഷയ്ക്കും ആഗ്രഹത്തിനും വിരുദ്ധമായിട്ടാണ് മന്ത്രിമാരായതെങ്കിലും ചില പ്രതീക്ഷകൾ അവരിൽ അവശേഷിച്ചിരുന്നു. കഴിഞ്ഞ ഒരുദിവസം ചോദ്യോത്തരവേളയിൽ കായംകുളം സംഭവത്തെപ്പറ്റിയുള്ള ചോദ്യത്തിനു ബുദ്ധിപൂർവ്വം ഒരു തീയതിയുടെ മറ പിടിച്ചുകൊണ്ട് ചില സാങ്കേതികവശങ്ങൾ ഉന്നയിച്ചുകൊണ്ട് അതിൽനിന്നും ഒഴിഞ്ഞുമാറുകയാണുണ്ടായത്. ബഹുമാനപ്പെട്ട ലേബർ മന്ത്രി ആദ്ധ്യക്ഷ്യം വഹിച്ചിരുന്ന യോഗത്തിലാണ് ആ സംഭവം നടന്നത്. അതിനെ പ്രതിഷേധിച്ച് അതിനുശേഷം ഒരു ഗംഭീരയോഗം നടന്നതിൽ ആദ്ധ്യക്ഷ്യം വഹിച്ചത് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുമായിരുന്നു. അവിടെ വച്ച് ആവേശത്തോടുകൂടി അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി, ഞങ്ങൾ അധികാരത്തിൽ വരുന്ന അവസരത്തിൽ ഒരു പക്ഷെ പെൻഷൻ പററി പിരിഞ്ഞാലും ശരി, ഈ അന്യായവും അക്രമവും കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെ രാജ്യത്തെ ജനങ്ങളുടെ കോടതിയിൽ വിസ്തരിക്കുകയും ശിക്ഷ നൽകുകയും ചെയ്യുമെന്ന്. അദ്ദേഹം ഇപ്പോൾ പൊതുമരാമത്തു മന്ത്രിയുടെ ചാർജ്ജു വഹിക്കുന്നു. ഇവിടത്തെ ലേബർമന്ത്രി ആ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച ആളാണ്. ഞാൻ കൂടി ആ യോഗത്തിലെ ഒരു പ്രാസംഗികനായിരുന്നു. ശാന്തരായി അവിടെ കൂടിയിരുന്ന നാട്ടുകാരെ അദ്ദേഹത്തിന്റെ മുമ്പിലിട്ടു മൃഗീയമായി മർദ്ദനങ്ങൾ നടത്തിയ അവസരത്തിൽ നിസ്സഹായത പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം അവിടെ നിൽക്കുകയായിരുന്നു. ഒരു പ്രാസംഗികനായ എന്നെ അടിക്കുന്ന അവസരത്തിൽ അദ്ദേഹം നിസ്സഹായനായി കൈമലർത്തി കാണിക്കയാണുണ്ടായത്. പ്രതികാരം ചെയ്യുമെന്ന് വളരെ ഉറപ്പിച്ചു പറഞ്ഞിരുന്നുവെങ്കിലും ഇതുവരെ അതിന്റെ ഒരു സൂചനപോലും കാണാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം പ്രകടിപ്പിച്ച മനോഭാവത്തിൽനിന്നും മനസ്സിലാക്കുന്നതു ഈ കാര്യം മറന്നുപോയതുപോലെയാണ്. അദ്ദേഹം ഈ അക്രമങ്ങൾക്കു സാക്ഷിയുമാണ്. ഐ. ജി. ക്കും ഡി. എസ്. പി. ക്കും അറിവുകൊടുക്കുകയും കൂടാതെ ആലപ്പുഴ മജിസ്ട്രേട്ടുകോർട്ടിൽ ഈ കേസിനു വേണ്ടിമൊഴി അദ്ദേഹം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം നിഷേധിക്കുന്നെങ്കിൽ ഈ സഭ അനുവദിക്കുന്നതായാൽ എന്റെ ഉടുപ്പു ഊരി ഈ ശോഷിച്ച മുതുകത്തു നീലിച്ചുകിടക്കുന്ന അന്നത്തെ മർദ്ദനത്തിന്റെ പാടുകൾ കാണിക്കുവാൻ ഞാൻ തയ്യാറാണ്. മനുഷ്യത്വത്തിന്റെ, സത്യത്തിന്റെ, പേരിൽ ഇതു നിഷേധിക്കുമെന്നു തോന്നുന്നില്ല. മുമ്പു നടന്ന പ്രസംഗങ്ങളിലെ പ്രഖ്യാപനങ്ങൾ ഓർത്ത് മി. ഖാദർ ഇനി എന്താണ് സംഭവിക്കാൻ പോകുന്നതെന്നു ഇപ്പോൾ ഭയന്നിരിക്കയായിരിക്കും. ഭയന്നുകഴിയുന്ന മി. ഖാദറിനു കഴിഞ്ഞകാലഅനുഭവത്തിന്റെ വെളിച്ചത്തിൽ ഇന്നത്തെ ഭരണാധി

കാരികളുടെ പക്ഷത്തുനിന്നും ചിലപ്പോൾ പ്രമോഷൻ ആയിരിക്കും കിട്ടുന്നതു്. പക്ഷെ നിങ്ങളുടെ കൈയിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നതു ഇതല്ല. അതുകൊണ്ടു് അല്പമെങ്കിലും ഇക്കാര്യത്തെപ്പററി വിചാരമുണ്ടെങ്കിൽ, ആത്മാർത്ഥത അല്പമെങ്കിലുമുണ്ടെങ്കിൽ, ഈവക കാര്യങ്ങളിൽ ശരിയായ മാർഗ്ഗം അവലംബിക്കേണ്ടതാണു്. ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയെ സംഭവം നടന്ന അന്നുരാത്രിതന്നെ ലേബർ മന്ത്രിയും ഞാനുംകൂടി ഇരിക്കവെയാണു് വിവരം അറിയിച്ചതു്. അദ്ദേഹം അതിൽ പിന്നീടു നടന്നിട്ടുള്ള പല യോഗങ്ങളിലും ഇക്കാര്യത്തെപ്പററി പരാമർശിക്കുകയും തക്കതായ ശിക്ഷ നൽകുമെന്നു് പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതകൂടി സഭയെ അറിയിച്ചുകൊള്ളുന്നു.

അതുപോലെതന്നെ ഇന്നു് അധികാരത്തിലിരിക്കുന്ന മന്ത്രിമാരെ, അതിലും വിശേഷിച്ചു് എന്റെ തെക്കും വടക്കും വശങ്ങളിൽനിന്നു ജയിച്ചു മന്ത്രിയായിട്ടുള്ളവരെ ചില കാര്യങ്ങൾകൂടി അറിയിക്കേണ്ടതുണ്ടു്. ലേബർ മന്ത്രിയും പൊതുമരാമത്തു മന്ത്രിയുമാണവർ. ഇന്നു് ഈ നാട്ടിലെ ജീവൽപ്രശ്നം ശുദ്ധജലദൗർല്ലഭ്യമാണു്. പറവകൾക്കുപോലും ശുദ്ധജലം കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. തീരപ്രദേശങ്ങളിലുള്ളവർ ഉപ്പുവെള്ളമാണു് കുടിക്കുന്നതു്. കടലോരങ്ങളിലുള്ള വീടുകളിൽ ചെന്നാൽ സ്ത്രീകൾ അവിടെ കാണുകയില്ല. അഞ്ചും ആറും മൈൽ ദൂരെ പോയിട്ടാണു് വെള്ളം കൊണ്ടുവരുന്നതു്. അത്രയുംദൂരംവരെ പോയി പൈപ്പിന്റെ മൂട്ടിൽ ക്യൂ നിന്നാണു് വെള്ളം എടുക്കേണ്ടതു്. ഒരു നാലഞ്ചു മണിക്കൂറെങ്കിലും നിന്നെങ്കിലേ ഒരു കുടം വെള്ളം കിട്ടുകയുള്ളൂ. അടുത്ത കുടം ഉടൻ വച്ചില്ലെങ്കിൽ അന്നുപിന്നെ വെള്ളം കിട്ടുകയില്ല. അതിനുവേണ്ടി അടുത്ത അംഗവും അവിടെ നിൽക്കേണ്ടിയിരിക്കുന്നു. രാപ്പകൽ ഒരുപോലെ സ്ത്രീകൾ വെള്ളത്തിനുവേണ്ടി രാവിലെ മുതൽ പൈപ്പുമൂട്ടിൽ ചെന്നാൽ വൈകുന്നേരമായിരിക്കും രണ്ടുമൂന്നു കുടം വെള്ളം കിട്ടുന്നതു്. കൂടാതെ പൈപ്പുമൂട്ടിൽ ഒരേ നിലയിൽ നിൽക്കുന്ന കാഴ്ച ആരെയും സ്തംഭിപ്പിക്കുന്നതാണു്. യാതൊരു രക്ഷയുമില്ലാതെ വരുമ്പോൾ സ്ത്രീകൾ കടപ്പുറത്തുചെന്നു ചിരട്ടകൊണ്ടു് താഴ്ച്ചയുള്ള കുഴികൾ കുഴിച്ചു് വെള്ളം എടുക്കുന്നുണ്ടു്. ചിലപ്പോൾ അഞ്ചും ആറും മണിക്കൂർ വേല ചെയ്യേണ്ടി വരും. ഇന്നു കടലോരങ്ങളിലെയും കായലോരങ്ങളിലെയും ജനങ്ങളെ വളരെ അധികം വേദനിപ്പിക്കുന്ന ഒരു പ്രശ്നമാണു് ഇതു്. ഇതു നേരിട്ടറിയാവുന്നവരാണു് ബഹുമാനപ്പെട്ട മന്ത്രിമാർ. ഒരു സോഷ്യലിസ്റ്റ് ബഡ്ജററ തയ്യാറാക്കാൻ പോകുന്ന ഈ അവസരത്തിൽ ഈ കുടിക്കുന്ന വെള്ളത്തിന്റെ കാര്യം മറന്നുപോകരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ കായലോരങ്ങളിൽ മൂകമായി പണിയെടുക്കുന്ന അഞ്ചുലക്ഷം വരുന്ന നാവികത്തൊഴിലാളികളെപ്പററി നിങ്ങൾ ഓർക്കേണ്ടതാണു്. ഇന്നു വളരെ അധികം തൊഴിലില്ലായ്മ അവരുടെയിടയിൽ പടർന്നുപിടിച്ചിട്ടുണ്ടു്. കൊല്ലം—എറണാകുളം റെയിൽവേ ജോലി പൂർത്തിയാകുന്നതോടുകൂടി ഒരൊററ തൊഴിലാളിക്കും ജോലി കിട്ടുകയില്ല. ബാർജ്ജു് കെട്ടി വലിക്കുന്നതുകൊണ്ടും ബോട്ടുകളിൽ സാധനങ്ങൾ കയററി അയയ്ക്കുന്നതുകൊണ്ടും തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടു്. അതിനാൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഗവണ്മെന്റു് സത്വരശ്രദ്ധ പതിപ്പിക്കേ

[ശ്രീ. പി. കെ. യശോധരൻ.]

ണ്ടതാണ്. കരുനാഗപ്പള്ളിയിലെയും കാർത്തികപ്പള്ളിയിലെയും കൃഷ്ണപുരത്തെയും ആളുകളുടെ അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഉണ്ട ചോറിനു ഉചിതം കാണിയ്ക്കണം.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, കാൺഗ്രസ് അമ്മാവൻ, പി. എസ്സ്. പി. പൈതലിനെ കരുണാമസൃണമായി താലോലിച്ചുകൊണ്ടു ദയാപുരസ്സരമായി നോക്കിനിന്നു വാത്സല്യം പ്രകടിപ്പിക്കുന്നു. കമ്മ്യൂണിസ്റ്റ് ജ്യേഷ്ഠൻ ഭീഷണിപ്പെടുത്തിക്കൊണ്ട് അവരുടെ ഇഷ്ടപ്രകാരം ഭരിച്ചാൽ സഹായവാഗ്ദാനം ചെയ്യുന്നുണ്ട്. എനിക്കു ഈ അവസരത്തിൽ പറയാനുള്ളതു് പി. എസ്സ്. പി. ക്കു് അതിന്റേതായ ചില തത്വസംഹിതകളുണ്ട്. അതു നടപ്പിൽ വരുത്താൻ ഗവണ്മെന്റു ശ്രമിക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സ്വതന്ത്രൻ പി. എസ്സ് പി. യുടെ ആരാണ്?

ശ്രീ. ഇടിക്കുള ഇടിക്കുള: ഞാൻ വഴങ്ങുന്നില്ല. സർ, സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു് ഈ രാജ്യത്തു് കാൺഗ്രസ് സംഘടനയ്ക്കു് ധീരമായി അചഞ്ചലമായി നിന്നുകൊണ്ടു അതിനു നേതൃത്വം കൊടുത്ത ഇന്നത്തെ പി. എസ്സ്. പി. നേതാവ്, എന്നല്ല ഇന്നു ഈ രാജ്യത്തിന്റെതന്നെ നേതാവായ ശ്രീ. പട്ടം താണുപിള്ളയ്ക്കു് ഈ രാജ്യക്ഷേമത്തിനു അനുഗുണമായി പ്രവർത്തിക്കാൻ കഴിയുമെന്നും, പി. എസ്സ്. പി. ഗവണ്മെന്റിന്റെ പ്രധാനലക്ഷ്യം ജനക്ഷേമമായിരിക്കുമെന്നും ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കുന്നു.

സർ, എന്റെ ഒരു സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചുപോലെ ഈ രാജ്യത്തെ വരവിന്റെ ബഹുഭൂരിഭാഗവും ഇവിടുത്തെ പട്ടണങ്ങളിലെ ആവശ്യത്തിനുവേണ്ടി ചെലവഴിക്കുകയാണ്. ഗ്രാമങ്ങളിൽ അധിവസിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുന്ന കാര്യത്തിൽ ഈ മന്ത്രിസഭയുടെ ശ്രദ്ധ പതിയണം.

സർ, ൧൧൧൯-ൽ സർ സി. പി. രാമസ്വാമി അയ്യർ ദിവാൻജിയായിരുന്നകാലത്തു്, ഈ സഭയിലെ പ്രതിപക്ഷകക്ഷിയിൽ ഞാനും ഒരു അംഗമായിരുന്നു. അന്നു അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഒരു കാര്യത്തെപ്പറ്റിയാണ് എനിക്കു ഇവിടെ പറയാനുള്ളതു്. ഈ രാജ്യത്തു കൃഷിക്കും, വ്യാവസായിക വികസനങ്ങൾക്കും മററും എലക്ട്രിസിററിയുടെ ആവശ്യം കൂടിക്കൂടി വരികയാണല്ലോ. പമ്പാനദിയിലുള്ള കൽക്കി അരുവിയിൽനിന്നും ധാരാളം എലക്ട്രിസിററി ഉണ്ടാക്കാമെന്നു അന്നു സർ സി. പി. യെ അറിയിക്കുകയും, അദ്ദേഹം ഉടൻതന്നെ അതിനുവേണ്ട നടപടികൾ നടത്തിത്തുടങ്ങുകയും ചെയ്തു. പക്ഷെ, അന്നു ഗവണ്മെന്റിൽ കൂടുതൽ സ്വാധീനമുള്ള ആളുകൾ ആ പദ്ധതിയെപ്പററിയുള്ള ഫയലുകൾ മറച്ചുവയ്ക്കുകയാണുചെയ്തതു്. ഈ പദ്ധതി പൂർത്തിയാക്കിയാൽ തെക്കേ ഇൻഡ്യയിലേക്കാവശ്യമുള്ള എലക്ട്രിസിററി മുഴുവനും കിട്ടും. അതുകൊണ്ടു് ഈ പമ്പാനദീതടപദ്ധതിയിൽ ഈ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണമെന്നു എനിക്കപേക്ഷയുണ്ട്. പമ്പാനദീതീരപ്രദേശങ്ങളെപ്പററി ഈ സഭയിലിരിക്കുന്ന മിക്ക മെംബറന്മാക്കും അറിയാം. കാലാകാലത്തിനു വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിക്കുന്ന ചില സ്ഥലങ്ങളുണ്ട്. അവിടുത്തെ കാര്യങ്ങളും ഗവണ്മെന്റു ശ്രദ്ധിക്കണം.

സർ, തിരുവനന്തപുരത്തുനിന്നും പീരുമേടുവരെ പോകാനുള്ള ഏററവും എളുപ്പവഴിയാണ് കിളിമാനൂർ, ആയൂർ, അഞ്ചൽ, മണിമല വഴിയുള്ള റോഡ്. ഈ വഴിയിലാണ് കുമ്പഴ ആറ്. കുമ്പഴ ആററിൽ ഒരു പാലം പണി നടത്താൻ ഈ ബഡ്ജററിൽ പണം അനുവദിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

അതുപോലെ റാന്നിയിൽ ഒരു പാലത്തിന്റെ കാര്യവും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് ശ്രീ. ടി എം. വർഗ്ഗീസ് വോട്ടുപിടിക്കാനായി നടന്നപ്പോൾ അവിടെയുള്ള സകലജനങ്ങളോടും, പൊതുയോഗങ്ങളിൽവച്ചും ഈ പാലം ഉടൻതന്നെ പണിയിപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ആ നിയോജകമണ്ഡലത്തിലെ ആളുകൾ മുഴുവനും അതു വിശ്വസിച്ചിരുന്നു. പക്ഷേ, ഈ ബഡ്ജററിൽ നോക്കിയപ്പോഴാണ് അതു വെറും എലക്ഷൻ പ്രചരണമായിരുന്നുവെന്നു മനസ്സിലായത്. ബഡ്ജററിൽ റാന്നിയിലെ പാലംപണി വകയ്ക്ക് യാതൊരു തുകയും കൊള്ളിച്ചിട്ടില്ല. പമ്പാനദിയിലെ ഈ പാലം വലിയ ആവശ്യമുള്ളതാണെന്നു അതുവഴി യാത്ര ചെയ്തിട്ടുള്ളവർക്കു അറിയാം. ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അഭ്യർത്ഥിക്കുന്നു.

റോഡുകളുടെ കാര്യം വളരെ മോശമായ നിലയിലാണ്. ഗതാഗതസൗകര്യം അശേഷമില്ലാതെ കുണ്ടുംകുഴിയും മഴക്കാലത്തു ചെളിയുമായി കിടക്കുകയാണ്. ഈ തെരഞ്ഞെടുപ്പുകാലത്തുതന്നെ ശ്രീ. വർഗ്ഗീസ്സിന്റെ കാർ, തെരഞ്ഞെടുപ്പു പ്രചരണം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ അവിടുത്തെ ഏററവും പ്രധാനമായ ഒരു റോഡിൽ താഴുകയുണ്ടായി. റോഡുകളുടെ കാര്യത്തിലും, പൊതുവെ പി ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനെപ്പററിയും പറയുകയാണെങ്കിൽ ഏററവും നൈരാശ്യജനകമായ ഒരു ശൂന്യതയാണു അവിടെയുള്ളത്.

ഈവക ഏർപ്പാടുകൾ ഇനിയും ഈ മന്ത്രിസഭയുടെ കാലത്തു ഉണ്ടാവുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. പട്ടണ പരിഷ്കാരത്തിനു വേണ്ടി കൂടുതൽപണം ചെലവഴിക്കാതെ, ഗ്രാമപ്രദേശങ്ങളിലേയ്ക്കു കൂടുതൽ കൂടുതൽ പണം അനുവദിക്കുന്ന ഒരു ഏർപ്പാട് ഈ മന്ത്രിസഭ നടത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഗ്രാമപ്പഞ്ചായത്തുകൾക്കുവേണ്ടിയും കൂടുതലായി പണം ചെലവുചെയ്യണം. ഗ്രാമപ്രദേശങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിലേയ്ക്കും കൂടുതൽ താൽപ്പര്യം കാണിക്കുകയും ആവശ്യമുള്ള പണം അനുവദിക്കുകയും ചെയ്യണം. ശ്രീ. ടി. കെ. നാരായണപിള്ളയുടെ മന്ത്രിസഭാകാലത്ത് പെരിനാട്ട് ഒരു ആശുപത്രി സ്ഥാപിച്ചുകിട്ടാനായി ആ നാട്ടുകാർ അപേക്ഷിക്കുകയും, അനുവദിച്ചുകൊടുക്കാമെന്നു പറയുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇതേവരെ കാര്യം സാധിച്ചിട്ടില്ല. അവിടത്തെ ആളുകൾക്ക് അതിൽ വലിയ കുണ്ഠിതമുണ്ട്.

ഞാൻ പ്രസ്താവിച്ച സംഗതികൾ എല്ലാം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുമെന്നു വിശ്വസിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, അപ്രാപ്രിയേഷൻ ബില്ലിനെക്കുറിച്ചു് ഇവിടെ അസംഗതങ്ങളായ പല ചർച്ചകളും നടക്കുകയുണ്ടായി. എനിക്കതിൽ അത്ഭുതമൊന്നും തോന്നുന്നില്ല. അപ്രാപ്രിയേഷൻ ബിൽ സെലക്ട്കമ്മിററിക്കു അയയ്ക്കണമെന്നു പറഞ്ഞ ഒരു പാർട്ടിയിൽപ്പെട്ടവർ ഈ സഭയിലുള്ളപ്പോൾ ഇതും ഇതിലധികവും ഇവിടെ നടക്കും. ഈ സഭ പാസ്സാക്കിയ തുക Consolidated Fund ൽ നിന്നും draw ചെയ്യുന്നതിനനുമതിനൽകുന്നതിനുമാത്രമാണു് ഈ ബില്ലുകൊണ്ടു് ആവശ്യപ്പെടുന്നതു്. ഇതിൽ ഒരു വാദപ്രതിവാദത്തിനു സ്ഥാനമില്ല. എങ്കിലും ഇവിടെ ചർച്ചകൾ നടന്നിട്ടുള്ളതുകൊണ്ടു അടിയന്തിരമായ ഒരു നിർദ്ദേശം ഗവണ്മെന്റിനു നൽകാൻവേണ്ടി ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണു്.

സർ, ഒരു പ്രത്യേകകാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഗവണ്മെന്റു സർവ്വീസിൽ ഇപ്പോൾ ഉദ്യോഗങ്ങളിലിരിക്കുന്ന താല്ക്കാലിക വിഭാഗക്കാരുടെ സംഗതിയെപ്പററിയാണു്. ഇവരുടെ കൂട്ടത്തിൽ പന്ത്രണ്ടും, പതിനഞ്ചും, പതിനെട്ടും കൊല്ലം സർവ്വീസുള്ള ആളുകളും ഉണ്ടു്. ഇവർക്കു് ഒരു സുപ്രഭാതത്തിൽ ഒരു നോട്ടീസുകിട്ടും; നിങ്ങളെ എല്ലാവരെയും ഇന്നുമുതൽ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിരിക്കുന്നുവെന്നു്. സർ, ഇതൊരു വലിയ കഷ്ടമാണു്, ന്യൂനതയാണു്. പബ്ലിക്കു സർവ്വീസ് കമ്മിഷണർ പുതുതായിട്ടു നിയമനം നടത്തുമ്പോൾ വളരെ കാലമായി സർവീസിലിരിക്കുന്ന പഴയ ആളുകൾ അതായതു താൽക്കാലിക വിഭാഗക്കാർ പുറത്തുപോകേണ്ടിവരികയാണു്. ഇതു തിരുത്തുന്നതിനുവേണ്ട നടപടികൾ ഗവണ്മെന്റു് നടത്തണം.

൧൯൫൪ ഏപ്രിൽ ൧-ാം-നു- മുതൽ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ നിന്നും ഏതാനും എക്സൈസു ഗാർഡുകളെ പിരിച്ചുവിടുവാൻ തീരുമാനിച്ചിരിക്കുകയാണു്. അതേ അവസരത്തിൽ ഒന്നോ രണ്ടോ കൊല്ലം സർവ്വീസുള്ള ആളുകളെയാണു് ഇവരെ പിരിച്ചുവിടുന്നതിനു പകരം ജോലിയിൽ വച്ചുകൊണ്ടുപോകുന്നതു്. സർവീസുകമ്മിഷന്റെ നിയമനം നടപ്പിൽ വരുമ്പോൾ ദീർഘകാലസർവ്വീസുള്ള ആളുകൾ പിരിഞ്ഞുപോകുകയും, അല്പകാലം സർവ്വീസിലുള്ളവർ ജോലിയിൽ തുടരുകയുമാണു ചെയ്യുന്നതു്. ഈ ന്യൂനത പരിഹരിക്കുന്നതുവരെ ഇവരെ പിരിച്ചുവിടരുതെന്നാണു് എന്റെ അപേക്ഷ. അതുപോലെതന്നെ സെക്രട്ടറിയേററിലും കുറേപേരുണ്ടു് അവരുടെ കാര്യവും ശ്രദ്ധിക്കണം. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ പകരക്കാർക്കുകൂടി മുൻഗണന നൽകണം. ഈ കാര്യങ്ങളാണു എനിക്കു പ്രധാനമായി പറയുവാനുള്ളതു്. മററു പല കാര്യങ്ങളും ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ ചർച്ചചെയ്തുകഴിഞ്ഞു.

സർ, നമ്മുടെ രാജ്യം ഇന്നു ഒരു പരീക്ഷണഘട്ടത്തിലെത്തിയിരിക്കുകയാണു്. ഇവിടെ പല രാഷ്ട്രീയപാർട്ടികൾ നിലവിലുണ്ടു്. പ്രജായത്ത ഭരണം വിജയിക്കണമെങ്കിൽ, പല പാർട്ടികൾക്കും പല വിട്ടുവീഴ്ചകളും ചെയ്യേണ്ടതായിട്ടുവരും. തങ്ങളുടെ പാർട്ടി സിദ്ധാന്തങ്ങൾ അനുസരിച്ചു പ്രവർത്തിക്കാത്ത മററു പാർട്ടിക്കാരേയും, തങ്ങളുടെ വലയിൽ പെടാതെ മാറിനിൽക്കുന്ന ആളുകളേയും അതി നിശിതമായി വിമർശിക്കണമെന്നു് ഇവിടത്തെ എന്റെ കമ്മ്യൂണിസ്റ്റുസ്നേഹിതന്മാർക്കു നിർബ

ഢമുള്ളതായികണ്ടു. എനിക്കു ആ സ്നേഹിതന്മാരോടു പറയുവാനുള്ളതു്, ഇത്തരം അനാവശ്യമായ വിമർശനങ്ങൾക്കുവേണ്ടി സമയം ചെലവഴിക്കാതെ; നല്ല കാര്യങ്ങൾക്കുവേണ്ടി സമയം ചെലവാക്കണമെന്നാണു്. എത്രതന്നെ പറഞ്ഞാലും ശരി, നല്ലതു ചെയ്യുവാനും പറയുവാനും ഇഷ്ടമില്ലാത്തവരാണു് അവർ. അവരോടു എന്തെങ്കിലും പറയുന്നതു് പോത്തിനോടു വേദം ഓതുന്നതുപോലെയാണു്. എത്രതന്നെ എതിരുണ്ടായിരുന്നാലും നല്ല കാര്യങ്ങൾ ചെയ്യുന്നതിനു് ഗവണ്മെന്റു ശക്തിയായി മുന്നോട്ടുപോകണമെന്നാണു് എന്റെ അഭ്യർത്ഥന. അതിൽ എന്റെ പാർട്ടി സഹകരിക്കുകയും ചെയ്യും. ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

മി. സ്പീക്കർ: ഈ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദം അഞ്ചുമണിവരെ മാത്രമാണു്.

ശ്രീ. എൻ. നാരായണക്കുറുപ്പു്: ആറുമണിവരെ നീട്ടിയാൽ കൊള്ളാമെന്നാണു എന്റെ അഭിപ്രായം. കുറെ മെംബറന്മാർക്കുകൂടി പ്രസംഗിക്കാമല്ലോ.

ശ്രീ. അവിരാ തരകൻ: സഭാനേതാവിനോടും, പ്രതിപക്ഷനേതാവിനോടുംകൂടി ആലോചിച്ചു തീരുമാനിച്ചാൽ മതി.

മി. സ്പീക്കർ: അഞ്ചുമണിക്കു ബിൽ പാസ്സാക്കണമെന്നാണു റൂൾ. അതുസംബന്ധിച്ചുള്ള റൂൾ ഇതാണു്. Rule 51 says:

(1) Subject to the provisions of the Constitution, the procedure in regard to an Appropriation Bill shall be the same as for Bills generally with such modifications as the Speaker may consider necessary.

(2) At any time after the introduction in the Assembly of an Appropriation Bill, the Speaker may allot a day or days for the completion of all or any of the stages involved in the passage of the Bill by the Assembly, and when such allotment has been made the Speaker shall at 5 o' clock on the allotted day or, as the case may be, the last of the allotted days, forthwith put every question necessary to dispose of all the outstanding matters in connection with the stage or stages for which the day or days have been allotted.

So, the discussion will conclude before 5 o' clock.

ശ്രീ. കെ. എ. ബാലൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു
ചില പ്രത്യേക ഡിപ്പാർട്ടുമെന്റിനെപ്പററി പരാമർശിക്കുന്നതിനാണു്.
അതിനു മുമ്പായി ഒരുകാര്യം ഇവിടെ ചൂണ്ടിക്കാണിച്ചുകൊ
4 P. M. ള്ളട്ടെ. ഈ സഭയിലെ ബഹുമാനപ്പെട്ട പല മെംബറന്മാരും
റഷ്യയെപ്പററിയുള്ള ആരോപണങ്ങൾ ഉന്നയിക്കയുണ്ടായി.
പൊതുവെ അവയ്ക്കു ബഹുമാനപ്പെട്ട കുന്നത്തൂർ മെമ്പർ മറുപടി പറഞ്ഞിട്ടുമുണ്ടു്, എങ്കിലും എനിക്കു് ഈ അവസരത്തിൽ ഗവണ്മെന്റിനെ അറി

[ശ്രീ. കെ. ഏ. ബാലൻ.]

യിക്കാനായിട്ടുള്ളത്, ഇവിടത്തെ ദേശീയസ്വാതന്ത്ര്യത്തിന്ന എതിരായിട്ടും ഇവിടത്തെ പരമാധികാരത്തിന്ന എതിരായിട്ടും വല്ല റഷ്യൻചാരവൃത്തിയും ഇവിടെ നടക്കുന്നുണ്ടെങ്കിൽ അങ്ങിനെയുള്ളവരെ നിർദ്ദാക്ഷിണ്യമായി പിടികൂടി ശിക്ഷിക്കണമെന്ന് പറയുവാൻ ഞാൻ തയ്യാറാണ്. അതേ അവസരത്തിൽ അമേരിക്കൻ ചാരവൃത്തി ഇൻഡ്യയുടെ വടക്കെപടിഞ്ഞാറു സ്ഥിതിചെയ്യുന്ന കാശ്മീരിൽ നടന്നു എന്നു ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യയുടെ ദേശീയസ്വാതന്ത്ര്യത്തിന്ന വേണ്ടി ഇൻഡ്യൻനേതാക്കന്മാരോടൊപ്പം സമരം ചെയ്തിട്ടുള്ളയാളും ഇൻഡ്യാസാമ്രാജ്യത്തിന്റെ ഒരു വിശ്വസ്ത സുഹൃത്തുമായ ഷേക്ക് അബ്ദുള്ളയെ കൂടി വിലയ്ക്കു വാങ്ങുന്നതിനുള്ള ചാരവൃത്തിയാണ് കാശ്മീരിൽ നടന്നിട്ടുള്ളത് എന്നു ഞാൻ പറയുമ്പോൾ ഇൻഡ്യാസാമ്രാജ്യത്തെ യുദ്ധക്കളമാക്കാൻ ബദ്ധപ്പെടുന്ന പാശ്ചാത്യശക്തികളുടെ ചാരവൃത്തി കാശ്മീരിൽ തുടങ്ങി ഇങ്ങോട്ടു പടർന്നുപിടിക്കുകയാണെന്നു വേണം മനസ്സിലാക്കാൻ.

ശ്രീ. ഏ. താണുപിള്ള: സർ, ഇൻഡ്യയുടെയും കാശ്മീരിന്റെയും ഫാറിൻ പോളിസിയെപ്പറ്റി സംസാരിക്കുന്നതു് ഈ അവസരത്തിൽ സംഗതമാണോ ?

മി. സ്പീക്കർ: തീർച്ചയായും അല്ല. കുറേക്കൂടി സംഗതമായിട്ടുള്ള കാര്യങ്ങൾ പ്രസംഗിക്കുന്നതിനായി ബഹുമാനപ്പെട്ട മെമ്പറോടു അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ഏ. ബാലൻ: സർ, ഇന്നു ഇൻഡ്യയെ യുദ്ധത്തിലേക്കു തള്ളിവിടാൻ പാശ്ചാത്യശക്തികൾ ഗൂഢപ്രവർത്തനം നടത്തുന്നുവെന്നു തെളിയിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇത്രയും പറയാൻ ഇടയായത്. സർ, രാജ്യത്തെ അപകടത്തിലാക്കാൻ പ്രവർത്തിക്കുന്ന പാശ്ചാത്യശക്തികൾക്കു കൂട്ടുനിൽക്കുന്ന പാതിരിമാരെപ്പറ്റി വ്യവസായഏജന്റന്മാരെപ്പറ്റി അവർ നടത്തുന്ന പ്രസ്ഥാനങ്ങളെപ്പറ്റി, പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്താനോ പഠിക്കാനൊ ശ്രമിക്കാതെ പകരം ഇവിടത്തെ സി. ഐ. ഡി.ക്കാർ കമ്മ്യൂണിസ്റ്റുകാരുടെ പുറകെ നടക്കുകയാണ്. എനിക്കു ഈ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കാനുള്ളതു് രാജ്യക്ഷേമത്തെ പുലർത്തുന്നതിനുവേണ്ടി വമ്പിച്ച ചെലവിൽ സജ്ജീകരിച്ചിരിക്കുന്ന പോലീസിനെക്കൊണ്ടു കാര്യക്ഷമമായ വിധത്തിൽ ജോലി ചെയ്യിക്കണമെന്ന് ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. സർ, പോലീസ് കോഴയ്ക്കും കൈക്കൂലിക്കും വിധേയരായി പല അഴിമതികളും ചെയ്തുകൊണ്ടിരിക്കയാണ്. ഈ സംഗതികളെപ്പറ്റി ശ്രീ. പട്ടം താണുപിള്ള പ്രധാനമന്ത്രിയായതിനുശേഷം തന്നെ പല കത്തുകളും അദ്ദേഹത്തിന്ന കിട്ടിയിട്ടുണ്ടു്. പല നിവേദനങ്ങളും അദ്ദേഹത്തിന്ന ലഭിച്ചിട്ടുണ്ടു്. ഈ പരാതികളുടെ വെളിച്ചത്തിൽ സംഗതികൾ സൂക്ഷ്മമായി ഗ്രഹിച്ച് എത്രയുംവേഗത്തിൽ അവയ്ക്കു പരിഹാരം ഉണ്ടാക്കേണ്ടതാണ്. ഈ ഭരണക്കൂടത്തിനെ സംബന്ധിച്ചിടത്തോളം പുതിയതായ ഒരു മാററം വരുത്തിയിട്ടുണ്ടെന്നു ഇവിടത്തെ ജനങ്ങൾക്കു തോന്നണമെങ്കിൽ, കൈക്കൂലിയും കോഴയും വാങ്ങുന്ന പോലീസ്ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കയും ഡിപ്പാർട്ടുമെന്റു പ്രവർത്തനം ഊർജ്ജസ്വ

ലതയോടുകൂടി നടത്തുന്നതിനും ശ്രമിക്കേണ്ടതാണ്. സർ, എന്റെ നിയോജകമണ്ഡലമായ പറവൂർനിന്നും ഒന്നിലധികം പരാതികൾ പോലീസ് മന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഇക്കഴിഞ്ഞ കാലത്തു ആററിങ്ങൽ ഉണ്ടായ അനിഷ്ടസംഭവത്തെപ്പററിയും പരാതികൾ വേണ്ടുവോളം മന്ത്രിയുടെ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഈ കാര്യത്തെപ്പററി ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിച്ചിട്ടുള്ള സ്ഥിതിക്ക് വീണ്ടും തുടരുന്നതു് ശരിയാണോ?

മി. സ്പീക്കർ: ആവർത്തനം കൂടാതെ കഴിയേണ്ടതാണ്.

ശ്രീ കെ. എ. ബാലൻ: സർ, ഞാൻ ഈ കാര്യം ആവർത്തിക്കുകയാണെങ്കിൽത്തന്നെയും അതു് ഒട്ടും കൂടിപ്പോയെന്നു് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട മെംബർ പ്രകാശം ആററിങ്ങൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നയാളാണ്. ആദ്ദേഹം ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വളരെ ഉത്തരവാദബോധത്തോടുകൂടിത്തന്നെ പെടുത്തിയിട്ടുണ്ട്. എനിക്കു പറയാനുള്ളതു് പോലീസ് ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിനെ മാത്രം ആസ്പദമാക്കി ഒരു വിധിയെഴുതരുതെന്നാണ്. ബഹുസഹസ്രം ജനങ്ങളുടെ പ്രതിനിധിയും സ്ഥലവാസിയുമായ ബഹുമാനപ്പെട്ട മെമ്പർ കാര്യത്തിന്റെ സത്യാവസ്ഥ വളരെ ഉത്തരവാദബോധത്തോടുകൂടി അറിയിച്ചിരിക്കുന്ന സ്ഥിതിക്ക് അതു് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവണ്മെന്റ വീക്ഷിക്കണമെന്നേ എനിക്കു പറയുവാനുള്ളു. അതുപോലെ തന്നെ മറെറാരു കാര്യംകൂടി ഈ അവസരത്തിൽ ഉദ്ധരിച്ചുകൊള്ളട്ടെ. സർ, ഇക്കഴിഞ്ഞകാലത്തു് മുനമ്പത്തു് ഒരു സംഭവമുണ്ടായി. ഒരു തൊഴിലാളി പ്രവർത്തകനെ മർദ്ദിക്കുന്നതിനു മനഃപൂർവ്വം ശ്രമിച്ച ഒരു മുതലാളിയോടു ചേർന്നുനിന്നുകൊണ്ടു അവിടെ പോലീസ്ഉദ്യോഗസ്ഥൻ പരസ്യമായി ബഹുജനങ്ങളുടെ മുൻപിൽവച്ചു് ആ തൊഴിലാളിയെ കഠിനമായി മർദ്ദിക്കുകയുണ്ടായി. ഇത്തരത്തിലുള്ള പോലീസിന്റെ അനധികൃതമായ കയ്യേററത്തെ ഞാൻതന്നെ ഡിപ്പാർട്ടുമെന്റ അധികൃതരെ അറിയിക്കയുണ്ടായി. എന്നിട്ടും യാതൊരു നടപടിയും എടുത്തതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ തൊഴിലാളികളെ മർദ്ദിക്കുന്നതിനുവേണ്ടിയുള്ള ഒരു സോഷ്യലിസ്ററ ഗവണ്മെന്റാണ് ഇവിടെ നിലനിൽക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ തീർച്ചയായും അതു് സാധിക്കുമോ എന്നുള്ളതു് സംശയാസ്പദമാണ്.

സർ, മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു്, ഇവിടുത്തെ എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പററിയാണ് കാൽനൂററാണ്ടുകളായി അനുവർത്തിച്ചുവരുന്ന നയംതന്നെയാണ് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതു്. ഇവിടെ ഒരു അബ്കാരി നിയമം നിലവിലുണ്ടു്. എന്നാൽ ആ നിയമം തൊഴിലാളികൾക്കു് ദ്രോഹകരമാണ്. സർ, ഈ രാജ്യത്തു് ഒരു ചെത്തുതൊഴിലാളി സംഘടനയുണ്ടു്, അവർക്കു ഒരു ഫെഡറേഷൻ തന്നെയുണ്ടു്. അവരുടെ അവശതകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പരിഹാരങ്ങൾക്കുവേണ്ടി പല പ്രാവശ്യവും ഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ടു്. അവരുടെ നിവേദനത്തിലെ ഒരു പ്രധാനപ്പെട്ട കാര്യം നിലവിലിരിക്കുന്ന അബ്കാരി നിയമം അൽപ്പംകൂടി പരിഷ്കരിക്കണമെന്നുള്ളതാണ്. ഇപ്പോഴത്തെ നിയമം അനുസരിച്ചു് ആണ്ടുതോറും ലേലംവിളിക്കുമ്പോഴും

[ശ്രീ. കെ. എ. ബാലൻ.]

ജോലിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് തുടർന്നു ജോലികിട്ടുന്നതിനുള്ള സാദ്ധ്യത ഉണ്ടാകുന്നില്ല. കാരണം ഓരോ തവണയും ലേലം വിളിക്കുമ്പോൾ ഷാപ്പുടമസ്ഥന്മാർ മാറിക്കൊണ്ടിരിക്കുന്ന പതിവാണു്. പറവൂർ താലൂക്കിൽനിന്നും ഇപ്പോൾ ഏകദേശം 200-ൽപരം ചെത്തുതൊഴിലാളികളെ ഷാപ്പുടമസ്ഥന്മാർ പിരിച്ചുവിട്ടുകയുണ്ടായി. വളരെ വർഷംകൊണ്ടു് ഈ തൊഴിൽ ഉപജീവനമായി സ്വീകരിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ തൊഴിലാളികൾക്കു് ഈ നിയമം നിമിത്തം അവർക്കു ജോലിസ്ഥിരതയില്ലാതെയാണിരിക്കുന്നതു്. പാവപ്പെട്ട ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജോലിസ്ഥിരതക്കുവേണ്ടി ഇപ്പോഴത്തെ ബില്ലിൽ ഭേദഗതികൾ വരുത്തേണ്ടതു് ഏററവും അത്യാവശ്യമാണു്. ഇക്കാര്യത്തിൽ ഉടനടി നടപടി സ്വീകരിക്കണം. മററൊരു സംഗതി ഷാപ്പുടമസ്ഥന്മാർ വൃക്ഷക്കരം കൊടുക്കുന്നതിനു ബാദ്ധ്യസ്ഥരായിരിക്കെ മിക്ക ഷാപ്പുടമസ്ഥന്മാരും ഈ കരംകൊടുക്കാതെ ഒഴിഞ്ഞുമാറി നിൽക്കുകയാണെങ്കിൽ അങ്ങനെയുള്ളവരുടെ പേരിൽ ഗവണ്മെൻറു് ഇതുവരെയായിട്ടും നടപടികൾ എടുക്കാതെ ചെത്തുതൊഴിലാളികളെ ശിക്ഷിക്കുകയാണു്. ഒരു ചെത്തുതൊഴിലാളി അവന്റെ വീട്ടിൽ കള്ളുസൂക്ഷിക്കുന്നുവെങ്കിൽ വ്യാജവാററിന്റെ പേരിൽ അവനെ ശിക്ഷാർഹനാക്കുന്നു. മാത്രമല്ല വൃക്ഷക്കരത്തിന്റെ പേരിലും ഈ തൊഴിലാളി ഉത്തരം പറയേണ്ടതായിട്ടുണ്ടു്. ഈവിധ അഴിമതികൾക്കു് എത്രയുംവേഗം നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ടതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ചെത്തുകാരനെ ശിക്ഷിക്കണമെന്നോ അതോ ഷാപ്പുടമസ്ഥനെ ശിക്ഷിക്കണമെന്നോ ?

ശ്രീ. കെ. എ. ബാലൻ: ഷാപ്പുടമസ്ഥന്മാരാണു് വൃക്ഷക്കരംകൊടുക്കാത്തതു്; അവരെ വേണം ശിക്ഷിക്കാനെന്നാണു് ഞാൻ പറഞ്ഞതു്. അതിലേക്കുള്ള ശിക്ഷ അനുഭവിക്കേണ്ടതു് നിശ്ചയമായിട്ടും ചെത്തുതൊഴിലാളിയല്ല. ഒരാൾ കുററംചെയ്കയും ഇനിഒരാൾ ശിക്ഷവാങ്ങിക്കയും ചെയ്യുന്നതു് ഏതു നിയമത്തെ ആസ്പദമാക്കിയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

സർ, ഇവിടെ പല വ്യവസായങ്ങൾക്കു, അതായതു് കയർവ്യവസായം, അഗ്രികൾച്ചറൽ ഇൻഡസ്ട്രീസ് ബീഡി വ്യവസായം ഇവകൾക്കെല്ലാം മിനിമം വേജസ് കമ്മിററി രൂപീകരിച്ചിട്ടുണ്ടു്. എന്നാൽ ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് കമ്മിററി രൂപീകരിച്ചിട്ടില്ലാത്തതു് അവരോടു ഗവണ്മെൻറു കാണിക്കുന്ന മമതയുടെ കൂടുതലോ അതോ കാരുണ്യത്തിന്റെ കുറവോ എന്താണെന്നുള്ളതു് എനിക്കു മനസ്സിലാകുന്നില്ല. സർ, ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അപകടകരമായ ഒരു തൊഴിലാണു ഇതു്. ജീവഹാനി സംഭവിക്കുന്നതു് എപ്പോഴാണെന്നു് അവനുതന്നെ നിശ്ചയമില്ല. പാവപ്പെട്ട ഒരു തൊഴിലാളിക്കു് തെങ്ങുകയറുന്നതുനിമിത്തം ഉണ്ടാകുന്ന ജീവഹാനിയുടെ നിഷ്ഠൂരഫലമായി അവന്റെ കുടുംബം വഴിയാധാരമാകുന്നു. അവന്റെ കുടുംബങ്ങൾക്കു് ഗവണ്മെൻറിൽനിന്നും സഹായം ചെയ്യേണ്ടതു അത്യാവശ്യമാണു്, തെങ്ങിൽകയറുന്ന ഒരു ചെത്തുതൊഴി

ലാളികളും പനചെത്താനുള്ള തൊഴിലാളികളുടേതുപോലെ നഷ്ടപരിഹാരനിയമം ബാധകമാക്കേണ്ടതാണ്. ആ കാര്യവും ഗവണ്മെന്റ് കാര്യമായി പരിഗണിക്കേണ്ടതാണ്. ഈ കാര്യങ്ങളെയെല്ലാം പുരസ്കരിച്ചു നിലവിലിരിക്കുന്ന അബ്കാരിനിയമത്തെ സാരമായി ഭേദപ്പെടുത്തണമെന്ന് ഈയവസരത്തിൽ ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Shri N. Raghava Kurup : After having introduced a Bill and after it is being taken into consideration, is it proper on the part of the hon. Minister in charge of the Bill to walk out ef the House ?

Mr. Speaker : The hon. Minister will come in time.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇവിടെ നടക്കുന്ന വർത്തമാനങ്ങൾ ശ്രദ്ധിക്കുന്നതിനായി, അതായതു് ഈ ബിൽ സഭയിൽക്കൊണ്ടുവന്ന മന്ത്രി സഭയിൽ ഇല്ലാതാണിരിക്കുന്നതു്. അതുകൊണ്ടു് അദ്ദേഹം വന്നതിനുമേൽ ചർച്ചകൾ നടന്നാൽപോരേ?

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ധരിക്കേണ്ടതു് ട്രഷറി ബെഞ്ച് എപ്പോഴും സഭയിൽ ഉണ്ടെന്നുവേണം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ബില്ലിലെ കാര്യങ്ങളാണു ഇപ്പോഴത്തെ വിഷയം. അവ ശ്രദ്ധിക്കുന്നതിനു ആ ബിൽ ഹാജരാക്കിയ മന്ത്രിയുടെ സാന്നിദ്ധ്യം അത്യാവശ്യമാണു്. അതുകൊണ്ടു് മേലാലെങ്കിലും ഉത്തരവാദപ്പെട്ട ഗവണ്മെന്റ് മന്ത്രി ട്രഷറി ബെഞ്ചിൽ ഉണ്ടായിരിക്കണമെന്നുള്ളതു് ഞാൻ അങ്ങയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു.

Mr. Speaker : Yes. No discussion on the matter is allowed.

Shri A. Thanu Pillai : I may bring to the notice of the Chair that every word that is being spoken is heard and attended to by the Minister in charge.

ശ്രീ. കെ. പി. ഗോപാലമേനോൻ: സർ, ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ എന്റെ നാട്ടിലെ ചില കാര്യങ്ങൾ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ തനിച്ചുനിന്നിരുന്ന കാലത്തു, ഇവിടെ ദിവാൻഭരണം നടന്നിരുന്ന കാലത്തു്, പറവൂരു് യാതൊരു ഉദ്യോഗസ്ഥന്മാരും വരാറില്ലായിരുന്നു. അതിനുള്ള കാരണം ആ പ്രദേശവും തിരുവിതാംകൂറിന്റെ മററു ഭാഗങ്ങളുംകൂടി യോജിപ്പിക്കാത്ത നിലയിൽ പെരിയാർനദി അതിന്റെ ഇടയ്ക്കുകൂടി പോയിരുന്നതുകൊണ്ടും അവിടെ ഒരു ടി. ബി. ഇല്ലായിരുന്നതുകൊണ്ടും ആണ് എന്നു പല ഉദ്യോഗസ്ഥന്മാരും ആ ഇടയ്ക്കു് പറയാറുണ്ടായിരുന്നു. ഇപ്പോൾ പെരിയാറിന്റെ മുകളിൽക്കൂടി ഒരു പാലം ഉണ്ടായിട്ടുണ്ടു്. തിരുവിതാംകൂറിന്റെ വടക്കെ അററമായ പറവൂർ താലൂക്ക് സംയോജനത്തോടുകൂടി ഈ സംസ്ഥാനത്തിന്റെ മദ്ധ്യഭാഗമായിത്തീർന്നിട്ടുണ്ടു്. എന്നിട്ടും

[ശ്രീ. കെ. പി. ഗോപാലമേനോൻ]

ഈ ഗവണ്മെന്റിന്റെ ശ്രദ്ധ അവിടെ പതിയുന്നില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ വളരെക്കാലം ഗവണ്മെന്റു ശ്രദ്ധിക്കാതിരുന്നതിന്റെ ഫലമായി ആ പ്രദേശത്തെ തോടുകൾ തമ്മിൽ ബന്ധിക്കുന്നതിനു ആവശ്യമായ പാലങ്ങളോ മററു സൗകര്യങ്ങളോ ഒന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല. ഭൂപ്രകൃതി അനുസരിച്ചുതന്നെ പറവൂർ താലൂക്കും പ്രത്യേകിച്ചു് ഞാൻ പ്രതിനിധീകരിക്കുന്ന ആലങ്ങാട്ടും യാതൊരു വിധത്തിലുള്ള ഗതാഗതസൗകര്യങ്ങളുമില്ലാതെ അനേകം തോടുകളും ഇടയ്ക്കിടയ്ക്കു് പുഴകളും ആയി കിടക്കുകയാണു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ആവശ്യമായ ഗതാഗതസൗകര്യമുണ്ടാക്കിക്കൊടുക്കേണ്ടതു് ഏതൊരു ഗവണ്മെന്റിന്റെയും കടമയാണു്. ജനങ്ങൾക്കു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് പ്രത്യേകിച്ചും ഈ ജനകീയ ഗവണ്മെന്റിന്റെ കടമയാണു്.

ഈ രാജ്യത്തു് സിവിൽവർക്സ് നടത്തുന്നതു് അതാതു സ്ഥലത്തെ വർക്സ് സബ്ബ് ഡിവിഷൻ കമ്മിററികളുടെ ശുപാർശപ്രകാരമാണു്. അവിടത്തെ വർക്സ് സബ്ബ്ഡിവിഷൻ കമ്മിററിയുടെ ഉപദേശപ്രകാരം കുറെ ഒറിജിനൽ വർക്കുകൾ ആ പ്രദേശത്തേയ്ക്കു് അനുവദിച്ചിട്ടുണ്ടായിരുന്നു. ഈ കൊല്ലം അറുപതിനായിരം രൂപയ്ക്കുള്ള അടങ്കൽ തയ്യാറാക്കുവാൻ മാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. ആലുവാ സബ്ബ്ഡിവിഷനിൽനിന്നും അറുപതിനായിരം രൂപയ്ക്കുള്ള ഒരടങ്കൽ ഒറിജിനൽ വർക്സിനു് ഗവണ്മെന്റിലേയ്ക്കു അയയ്ക്കുകയുണ്ടായി. എന്നാൽ ഈ ബഡ്ജററിൽ അതു കാണുന്നില്ല. സബ്ബ്ഡിവിഷൻ കമ്മിററി ശുപാർശചെയ്ത വർക്കുകൾ ഒന്നുംതന്നെ ആ പ്രദേശത്തേയ്ക്കു അനുവദിച്ചിട്ടില്ല. ഈ ബഡ്ജററു് ശരിയായ ബഡ്ജററല്ലെന്നും ഗവണ്മെന്റിന്റെ പോളിസി അനുസരിച്ചു് ശരിയായ വേറെ ഒരു ബഡ്ജററു് അടുത്തുതന്നെ അവതരിപ്പിക്കുന്നതാണെന്നും പറഞ്ഞു. അതുകൊണ്ടു് അടുത്തു കൊണ്ടുവരുന്ന ബഡ്ജററിൽ ആ വർക്കുകൾക്കൂടി ഉൾപ്പെടുത്തുന്നതിനു ഞാൻ ഈ സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയാണു്. ഇൻഡ്യൻ കോൺസ്റ്റിററ്യൂഷൻ അനുസരിച്ചു് അവശതാപരിഹാരത്തിനു് ഷെഡ്യൂൾകാസ്റ്റിനു ചില ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടു്. അതുപോലെതന്നെ ഒരു പത്തു കൊല്ലത്തേയ്ക്കുള്ള പതിനഞ്ചോ ഇരുപതോ കൊല്ലത്തേയ്ക്കു് വർക്സിന്റെ കാര്യത്തിൽ ഒരു മുൻഗണന, പറവൂരിനു കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്നാൽ മാത്രമേ അവിടത്തെ ജനങ്ങൾക്കു് ആവശ്യമായ ഏതാനും സൗകര്യങ്ങൾ എങ്കിലും ചെയ്തുകൊടുക്കാൻ സാദ്ധ്യമാകയുള്ളു.

ഒരു കാര്യംകൂടി എനിക്കു് ഈ മന്ത്രിസഭയുടെ ശ്രദ്ധയിൽപെടുത്തുവാനുണ്ടു്. ആ താലൂക്കിൽപ്പെട്ട ഇടപ്പള്ളി പോലെയുള്ള ഇടവകകളിൽ ഇന്നും ബേസിക്ക് ടാക്സ് ഏർപ്പെടുത്തീട്ടില്ല. അങ്ങനെയുള്ള ഇടവകകളിൽ ഇന്നു് ബേസിക്സ് ടാക്സ് ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഇൻട്രഡ്യൂസ് ചെയ്തിരിക്കുന്ന അഗ്രികൾച്ചറൽ ഇൻകം ടാക്സും ചുമത്തി വരുന്നുണ്ടു്. അങ്ങിനെ ഒരു ഡബിൾ ടാക്സേഷനാണു് അവരിൽ ചുമത്തിയിരിക്കുന്നതു്. അതിനെ സംബന്ധിച്ചു് അവർ ഒരു നിവേദനം ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടു്. അതിനു ഒരു പരിഹാരം ഗവണ്മെന്റു്

ഉണ്ടാക്കിയിട്ടില്ല. അവിടെ ഇന്നും മുമ്പുണ്ടായിരുന്ന എല്ലാ നികുതികളും പിരിച്ചുവരുന്നുണ്ട്. ആ സംഗതിയിൽ ഒരു തീരുമാനം ഗവണ്മെൻറ് ഉടനെ ചെയ്യേണ്ടതാണ്. പണ്ടത്തെ കൊച്ചിപ്രദേശത്തുള്ള ആളുകളും ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടായി കാണാൻ വളരെ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തിരുവിതാംകൂർ-കൊച്ചിയിൽ ഒട്ടാകെ ബേസിക് ടാക്സ് നടപ്പിലാക്കി എല്ലാ ആളുകൾക്കും ഒരേ രീതിയിലുള്ള രക്ഷ ഉണ്ടാക്കിക്കൊടുക്കണമെന്നും ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഈ തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം കാൺഗ്രസ്സിനു വോട്ടു ചെയ്തു എന്നു പറഞ്ഞ് കാൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ച ചില ആളുകളെ ദേഹോപദ്രവം ഏൽപ്പിക്കുകമാത്രമല്ല ചില ആളുകളുടെ കാളകളെപ്പോലും കമ്മ്യൂണിസ്റ്റുകാർ തല്ലിക്കൊല്ലുകയുണ്ടായി എന്ന് പല പരാതികളും ഉണ്ടായിട്ടുണ്ട്. മനുഷ്യരെപ്പോലെതന്നെ മനുഷ്യർ ഉപയോഗിക്കുന്ന സാധനങ്ങളും കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണത്തിനു ഇരയായിരിക്കുകയാണ്. ജനാധിപത്യഭരണം അനുസരിച്ച് അവരവരുടെ ആദർശങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭരണഘടനയിൽ ഉണ്ട്. ജനാധിപത്യത്തിൽ അവർ വിശ്വസിക്കുന്നുണ്ടെങ്കിൽ അവരും അങ്ങിനെ ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്. ജനാധിപത്യഭരണത്തിൽ ഓരോരുത്തർക്കും സിദ്ധിച്ചിരിക്കുന്ന സ്വാതന്ത്ര്യം അനുസരിച്ച് പ്രവർത്തിക്കുന്നതിനു തടസ്സമുണ്ടാക്കുന്ന പ്രവർത്തികളെ ഈ നാട്ടിൽ ഇല്ലായ്മചെയ്യണമെന്നു ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഈ ഗവണ്മെൻറിനോട് ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker : Order, order. The rest of the time will be shared by the Chief Minister and the Finance Minister.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഒരു പോയിൻറ് ആഫ് ഓർഡർ. ഈ സഭയിലുള്ള ചർച്ചകളിൽ പങ്കെടുക്കുന്നതിനു തമിഴ്നാട് കാൺഗ്രസ്സ് പാർട്ടിക്ക് അവസരം കൊടുക്കുന്നില്ല എന്ന പരാതിയാണ് ഞാൻ ഈ പോയിൻറ് ആഫ് ആർഡർ മൂലം പറയുന്നത്.

മിസ്റ്റർ സ്പീക്കർ : എല്ലാ പാർട്ടികൾക്കുമായി സമയം ന്യായമായി വീതിച്ച് കിട്ടിയിട്ടുണ്ടെന്ന് കാണാവുന്നതാണ്.

ശ്രീ. കെ. സി. എബ്രഹാം : സർ, ഒരു പരാതികൂടി ഉണ്ട്. സംസാരിക്കാൻ സൗകര്യം കിട്ടാത്ത ആളുകൾക്കുകൂടി സംസാരിക്കാൻ സൗകര്യം തരണമെന്നു അപേക്ഷിക്കുന്നു.

മിസ്റ്റർ സ്പീക്കർ : ഇനി ഈ ബില്ലിനെപ്പററി സംസാരിക്കുവാൻ സമയമില്ല. ഇനിയുള്ള സമയം ട്രഷറി ബെഞ്ചിനുള്ളതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : സർ, ഈ ബില്ല് സംബന്ധമായി ഇത്രയും ദീർഘമായ വാദപ്രതിവാദങ്ങൾ ഉണ്ടാകുമെന്നു ഞാൻ തീരെ കരുതിയിരുന്നില്ല. ഏതായാലും ഇതു ബഡ്ജററിന്റെ ഒരു പൊതു വിമർശനാവസരമാണെന്നുതന്നെ പറയാം. അന്നു പറഞ്ഞ കാര്യങ്ങൾ അതേ രീതിയിലുള്ള കാര്യങ്ങൾ അൽപ്പമൊക്കെ പുതിയതായ

[ശ്രീ. ഏ. താണുപിള്ള.]

ചില പ്രാദേശിക സംഗതികളാണ് ഇവിടെ പ്രതിപാദിച്ച സംഗതികൾ. സർ, ഇവിടെ കോൺഗ്രസ്സ് കക്ഷിയിൽ നിന്നും എന്റെ സ്നേഹിതൻ ശ്രീമാൻ കരുണാകരൻ പുറപ്പെടുവിച്ച അഭിപ്രായങ്ങളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇന്നു നമ്മുടെ നാടിന്റെ നിലയ്ക്ക് കക്ഷിതാൽപ്പര്യങ്ങളെ നാം അവഗണിച്ചുതന്നെയും രാജ്യതാൽപ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തു് കഴിയുന്നതും എല്ലാപേരും യോജിച്ചു പ്രവർത്തിക്കണമെന്നുള്ള അഭിപ്രായം ഈ സദസ്സിലെ എല്ലാ അംഗങ്ങളും സ്വീകരിക്കുമെങ്കിൽ നമ്മുടെ കാര്യങ്ങൾ ഭംഗിയായി നടത്തുന്നതിൽ അതിൽപരം ഒരു സഹായം, ഒരു അഭിപ്രായഗതി ഉണ്ടാകുവാനില്ല. എന്നുവെച്ച് പി. എസ്. പി. കക്ഷി പറയുന്നതൊക്കെ മററുള്ളവർ സ്വീകരിക്കണമെന്നോ ഓരോ കക്ഷിയുടെയും പ്രത്യേക ലക്ഷ്യങ്ങൾ വിസ്മരിക്കണമെന്നോ അല്ലാ ഞാൻ അർത്ഥമാക്കുന്നതു്. ഇവിടെ മുൻപുതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ മുൻനിറുത്തി മാത്രം ഈ ഗവൺമെൻറ് പ്രവർത്തിക്കും. അതിൽ ഈ സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ആനുകൂല്യം കിട്ടും എന്നാണ് എന്റെ വിശ്വാസം. സർ, പ്രായോഗികമായി നോക്കിയാൽ ഓരോ പ്രധാന വിഷയങ്ങളെപ്പററിയും ഒരു കക്ഷിയിൽതന്നെ പരിപൂർണ്ണമായ അഭിപ്രായൈക്യമുണ്ടായാൽ—അഭിപ്രായ ഭിന്നതകൾ ഓരോ കക്ഷികൾക്കും കാണും—പൊതുവേ സഭയുടെ നില നോക്കി പല കക്ഷികളോടും യോജിക്കാവുന്നതാണ്. ആ നിലയ്ക്ക് ഇവിടെ നല്ലകാര്യങ്ങൾ ചെയ്യുന്നതിന് തടസ്സങ്ങൾ ചുരുക്കമായിട്ടേ ഉള്ളു എന്നാണ് എന്റെ അഭിപ്രായം. ഈ സംഗതി കൂടുതൽ വിശദമാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഒന്നുകൂടി ഈ ഗവൺമെൻറിനു സഹായം നൽകുവാൻ സന്നദ്ധതയുള്ള കക്ഷികളോടും അംഗങ്ങളോടും നന്ദി പറയുകയാണ് ചെയ്യുന്നതു്.

വളരെ കാര്യങ്ങൾ വിദേശികളെപ്പററി ഇവിടെ പറഞ്ഞു. അതിനെപ്പററി എനിക്കു ചുരുക്കത്തിൽ പറയുവാനുള്ളതു്, സർ, വിദേശികളെ സംബന്ധിച്ച കാര്യങ്ങളും വിദേശനയത്തെ സംബന്ധിച്ച കാര്യങ്ങളും ഒക്കെ ഇൻഡ്യാഗവൺമെൻറിന്റെ നയത്തിന് അനുരൂപമായിരിക്കുമെന്നാണ്. എന്നാൽ പൊതുവേ എനിക്ക് പറയുവാനുള്ളതു് നമ്മുടെ രാജ്യതാൽപ്പര്യങ്ങൾക്കെതിരായി എന്നല്ലാ ഭാരതത്തിന്റെ ഒട്ടാകെയുള്ള താൽപ്പര്യങ്ങൾക്കെതിരായി ആരുതന്നെ പ്രവർത്തിച്ചാലും ആ പ്രവർത്തികൾ നമ്മുടെ പോലീസിന്റെയും ഈ ഗവൺമെൻറിന്റെയും ശ്രദ്ധയ്ക്കു വിധേയമാകുമെന്നാണ്. രാജ്യത്തെ സ്നേഹിക്കുന്ന എല്ലാ പേരുടേയും ഈ നിയമസഭയിലെ എല്ലാ അംഗങ്ങളുടേയും പ്രത്യേക ശ്രദ്ധയ്ക്ക് ആ വക സംഗതികൾ വിഷയമാകുന്നതാണ്. അമേരിക്കക്കാരെ പ്രത്യേകിച്ച് അനുകൂലിക്കണമെന്നോ റഷ്യക്കാരെ നിരസിക്കണമെന്നോ ഒന്നുംതന്നെ ഈ ഗവൺമെൻറിന് ഉദ്ദേശമില്ല. അങ്ങനെ ഒരു ഉദ്ദേശമില്ലാ എന്നുള്ളതു് ഇൻഡ്യയിലെ പ്രധാനമന്ത്രി പലതവണ വ്യക്തമാക്കിയിട്ടുണ്ട്. എനിക്ക് പൊതുവെ ഒന്ന് എല്ലാ സഭാംഗങ്ങളോടും പറയുവാനുള്ളതു് ലോകസുഖം നമുക്കൊക്കെ പ്രത്യേകം ഹിതമായ കാര്യം തന്നെ എങ്കിലും രാഷ്ട്രീയമായി നോക്കുമ്പോൾ നമ്മുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് തരേണ്ട പരിഗണനയും പ്രാധാന്യവും ഈ സഭയിലെ

എല്ലാ അംഗങ്ങളിൽ നിന്നും പ്രധാനമായി ഉണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അതിന്നു ലോപം വരുന്നതായാൽ ലോപം വരുന്നതിന്നു കാരണക്കാരായിത്തീരുന്നതുക്കും ഈ വക കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുവാൻ അവകാശമില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

സർ, പല വിഷയങ്ങളെപ്പറ്റിയും ഇവിടെ പറഞ്ഞു. അതൊക്കെ വിശദീകരിക്കണമെന്ന് എനിക്ക് ഉദ്ദേശമില്ല. നിയമം അവഹേളിക്കുന്ന അല്ലെങ്കിൽ അലക്ഷ്യമായി കരുതുന്ന സന്ദർഭം ഉണ്ടാകുമ്പോൾ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ അതു പെടുത്തുന്നതായാൽ നിശ്ചയമായും ഗവൺമെൻറ് കഴിയുന്നതെല്ലാം ആ കാര്യത്തിൽ പ്രവർത്തിക്കുന്നതാണെന്ന് ഞാൻ ഉറപ്പു പറയുന്നു. ഈ വക കാര്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന നിയമം കഴിയുന്നതും വേഗം ഈ നിയമസഭയിൽ അവതരിപ്പിച്ച് നല്ലവണ്ണം ആലോചിച്ച് പാസ്സാക്കുകയും വേണം. അതിന് എല്ലാ കക്ഷികളുടെയും സഹകരണമാണ് ഞാൻ ആവശ്യപ്പെടുന്നതു്. അതുണ്ടാകുമെന്നും ഞാൻ വിചാരിക്കുന്നു. ഇതു് ഒരു പ്രത്യേക കക്ഷിയോടു മാത്രമായിട്ടു പറയുന്നതല്ല. പക്ഷെ ഇന്ന് നമ്മുടെ നാട്ടിൽ നല്ല കാര്യങ്ങൾ ചെയ്യുന്നതിനു ആവശ്യമായ ആനുകൂല്യങ്ങൾ ഈ സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ഉണ്ടു്. നാം എല്ലാം കൂടി കൂട്ടി സഹകരണത്തോടും ആത്മാർത്ഥതയോടും കൂടി പ്രവർത്തിക്കുന്നതായാൽ എല്ലാ കാര്യങ്ങളും സാദ്ധ്യമാകും.

വിദ്യാഭ്യാസകാര്യങ്ങളെപ്പറ്റി പ്രൊഫസർ മുണ്ടശ്ശേരി സംസാരിച്ചു അഭിപ്രായങ്ങളെല്ലാം വളരെ ഉപയോഗപ്രദങ്ങളാണ്. എൻെറ അഭിപ്രായവും അതുതന്നെയാണെന്ന് ഈ സഭയിലുള്ളവരെല്ലാം മനസ്സിലാക്കികാണും. ഈ കാര്യങ്ങളെ സംബന്ധിച്ച് പല അഭിപ്രായക്കാർ ഈ നാട്ടിലുണ്ടു്. എല്ലാ അഭിപ്രായഗതികളെയും നമുക്കു പരിഗണിച്ച് നമ്മുടെ ധനത്തെയും മററു പരിതഃസ്ഥിതികളെയും ആവശ്യത്തെയും കരുതി നമുക്കു നടപ്പിൽ വരുത്താവുന്നിടത്തോളം പരിഷ്കാരങ്ങൾ വിദ്യാഭ്യാസപരമായും നടത്താമെന്ന് ഞാൻ പറയുന്നു. ഇതു ഞാൻ പറയുന്നതു എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസസംബന്ധമായി ആവശ്യമുള്ളതെല്ലാം ഒന്നിച്ചു ചെയ്യുക സാദ്ധ്യമല്ല. പ്രൊഫസർ മുണ്ടശ്ശേരി പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ അവശതകളെപ്പററി പറയുകയുണ്ടായി. ഞാനും അതിൽ അദ്ദേഹത്തോടു യോജിക്കുന്നു. പക്ഷെ അതിനുവേണ്ടി എത്രമാത്രം പ്രവർത്തിക്കാം എന്നു ഗാഢമായി ചിന്തിക്കുന്നതിനു മുമ്പു അതേപ്പററി പറയുന്നതിനു എനിക്കു നിവൃത്തിയില്ല. നമ്മൾ ഉദ്ദേശിക്കുന്നിടത്തോളം നമുക്കും ഈ അദ്ധ്യാപകന്മാർക്ക് പെട്ടെന്നു ചെയ്യുന്നതിന് സാദ്ധ്യമല്ല. അതു പ്രൊഫസ്സർ മുണ്ടശ്ശേരിയെപ്പോലെയുള്ളവർ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും നമുക്കു കഴിയുന്നതെല്ലാം ചെയ്യുന്നതാണ്.

അദ്ദേഹം പിന്നീടു പാഠപുസ്തകങ്ങളെപ്പററി പറയുകയുണ്ടായി. ഞാനും അതിനോടു വളരെ യോജിക്കുന്നു. ചില പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ വില ലഘൂകരിക്കാം. പുസ്തകങ്ങളുടെ വില കഴിവുള്ളിടത്തോളം കുറയ്ക്കണമെന്നാണ് ഈ ഗവൺമെൻറിൻെറ ഉദ്ദേശം. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിററു ലാഭമുണ്ടാക്കാമെന്ന് ഈ ഗവൺമെൻറ് വിചാരിക്കുന്നില്ല. എത്രത്തോളം നഷ്ടം കൂടാതെ പുസ്തകങ്ങൾ അച്ചു

[ശ്രീ. എ. താണുപിള്ള]

ടിച്ചു വിൽക്കാൻ കഴിയുമോ അത്രത്തോളം കുറച്ചുതന്നെ വിൽക്കണമെന്നു തന്നെയാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്. ഈ കാര്യത്തിൽ കച്ചവടലാഭം എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം: ശരിയായി പരിശോധിച്ച പുസ്തകങ്ങൾ മാത്രമെ പ്രിസ്ക്രൈബ് ചെയ്കയുള്ളൂ എന്നു് ഗവണ്മെൻറ് പറയുമോ?

ശ്രീ. എ. താണുപിള്ള: പാഠപുസ്തകങ്ങളെ സംബന്ധിച്ചു് ഇന്നത്തെ യാഥാർത്ഥമായ നില എന്താണെന്നു് നോക്കുന്നതിനു എനിക്കു് അവസരം കിട്ടിയിട്ടില്ല. എത്രത്തോളം പുസ്തകങ്ങൾ അച്ചടിച്ചു തയ്യാറാക്കിട്ടുണ്ടെന്നു് ഇപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ല. കഴിവുള്ളടത്തോളം പുസ്തകങ്ങൾക്കു് വൈകല്യങ്ങൾ ഇല്ലാതെ തന്നെ പ്രിസ്ക്രൈബ് ചെയ്യുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണു്. ഇക്കാര്യത്തിൽ ഇതിൽ കൂടുതൽ ഉറപ്പു പറയുവാൻ സാദ്ധ്യമല്ല.

സർ, പോലീസുകാരെപ്പററി ഇവിടെ വളരെ പറഞ്ഞു. പോലീസുകാർ ന്യായമായിത്തന്നെ പെരുമാറണമെന്നു് ഈ ഗവണ്മെൻറിനു വളരെ നിർബന്ധമുണ്ടു്. കായംകുളത്തു നടന്ന ഒരു സംഭവത്തിനു് ഞാൻ തിരിച്ചു മറുപടി പറഞ്ഞില്ല എന്നു ഇവിടെ പറയുന്നതുകേട്ടു. അതു് ഏതോ ഉദ്യോഗസ്ഥന്മാരുടെ സ്വാധീനവലയത്തിനകത്തു് പെട്ടുപോയതുകൊണ്ടാണു് എന്നും പറയുകയുണ്ടായി. ചോദ്യങ്ങൾ ചോദിക്കുന്നതു് ശരിയായ അടിസ്ഥാനത്തിലായിരിക്കണം എന്ന തത്വം എല്ലാവരും മനസ്സിലാക്കണം. ചോദിക്കുന്ന ചോദ്യത്തിൽ കവിഞ്ഞുള്ള മറുപടി പറയാൻ സാദ്ധ്യമല്ല എന്ന തത്വവും മനസ്സിലാക്കേണ്ടതാണു്. എന്താണു് കായംകുളത്തുണ്ടായ സംഭവം; ചോദ്യം, ചോദിച്ച തീയതിയിലല്ല സംഭവം നടന്നിട്ടുള്ളതു്. മറെറാരു തീയതിയിലാണു് സംഭവം നടന്നതു് എന്നു പറയുന്നതു ശരിയല്ല. കായംകുളത്തു ഈ ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതിൻെറ അടുത്ത ദിവസം ചില സംഭവങ്ങൾ ഉണ്ടായി. ആ സംഭവത്തെ ന്യായീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആ സംഭവത്തെപ്പററി ആയിരുന്നെങ്കിൽ അതു് ഞാൻ നിങ്ങളോടൊക്കെ പറഞ്ഞു. അതു സംബന്ധിച്ചു് എന്തു ചെയ്യണമെന്നു് ഗവണ്മെൻറ തീരുമാനിച്ചിട്ടില്ല.

പിന്നെ ഇവിടെ ആററിങ്ങൽ മുതലായ സ്ഥലങ്ങളിൽ ഈയിടെ ഉണ്ടായ സംഭവങ്ങളെപ്പററി പറയുകയുണ്ടായി. ആററിങ്ങലെ സംഭവത്തെപ്പററിയാണെങ്കിൽ ഒരു ബസ്സിലെ ഡ്രൈവറും കണ്ടക്ടറും കൂടി പെർമിററില്ലാത്ത ഒരു സ്ഥലത്തുകൂടി വണ്ടി ഓടിച്ചു. അങ്ങിനെ പെർമിററില്ലാത്ത റൂട്ടിൽ കൂടി വണ്ടി ഓടിച്ചതിനു് പോലീസുകാർ അവരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ടു്. ഈ സന്ദർഭത്തിൽ എനിക്കു് എല്ലാവരോടും ഒരു സംഗതി പറയുവാനുണ്ടു്. ഞങ്ങൾ പോലീസിനു് നിലയ്ക്കു് നിറുത്താം. അതനുസരിച്ചു് അംഗങ്ങളും ശരിക്കു ശരിക്കു നിൽക്കണം.

ശ്രീ. ആർ. പ്രകാശം: പെർമിററില്ലാത്ത റൂട്ടിൽ കൂടി വണ്ടി ഓടിച്ചതു് ശരിയല്ല. എന്നാൽ അതിനു് ബസ്സിലെ ഡ്രൈവറെയും കണ്ടക്ടരേയും ബസ്സ്സ്റ്റാൻഡിൽ പിടിച്ചിറക്കി അടിച്ചതു് ശരിയാണോ എന്നാണു ചോദിച്ചതു്.

ശ്രീ. ഏ. താണുപിള്ള : അതിന്റെ സൂക്ഷ്മസ്ഥിതിയെപ്പററിയാണു ഞാൻ പറയുന്നതു്. പെർമിററില്ലാ റൂട്ടിൽക്കൂടി ബസ്സ് ഓടിച്ചു. അതുസംബന്ധിച്ചു് ആ റൂട്ടിൽ പെർമിററുള്ള ബസ്സുകാരുടെ പരാതികളും അതേ തുടർന്നു കേസുകളും ഉണ്ടു്. പോലീസുകാർ അതേപ്പററി ചോദി ക്കുന്നതിനുവേണ്ടി അവരെ പോലീസ്സ്റ്റേഷനിലേക്കു് വിളിച്ചാൽ അവിടെ അവർ ചെല്ലേണ്ടതല്ലേ. അവർ അവിടെപോകാതെ കാര്യങ്ങൾ എങ്ങനെ നടക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ് : പെർമിററില്ലാത്ത റൂട്ടിൽക്കൂടി ബസ്സ് ഓടിക്കണമെന്നുള്ളതു ഡ്രൈവറുടെയും കൺടക്ടറുടെയും ആവശ്യമാണോ അതോ ബസ്സ് ഓണേഴ്സിന്റെ ആവശ്യപ്രകാരമാണോ. അതിനു ഡ്രൈവറും കൺടക്ടറും മാത്രമാണോ കുററക്കാർ? ഓണർക്കൂടി കുററക്കാരനാകുന്നതല്ലേ?

ശ്രീ. ഏ. താണുപിള്ള : ആ ചോദ്യത്തിനുത്തരം പറയുന്നില്ല. പെർമിററില്ലാത്ത ഒരു റൂട്ടിൽ ഓണർ പറഞ്ഞാലും ഡ്രൈവർ ബസ്സ് ഓടിക്കാൻ പാടില്ല. എന്റെ സ്നേഹിതൻ മി. കുറുപ്പിനോടു ഒരാളെ അടിച്ചുകൊല്ലുവാൻ ഒരു സ്നേഹിതൻ പറഞ്ഞാൽ അടിച്ചുകൊല്ലുമോ? അതു മററ ആൾ പറഞ്ഞിട്ടാണെന്നു പറയാൻ സാധിക്കുമോ? ഇതു ഞാൻ പറയുന്നതു പോലീസുകാരുടെ നടപടികളെ സാധൂകരിച്ചോ സാധൂകരിക്കാനോ അല്ല. നാട്ടിൽ നിയമസമാധാനങ്ങൾ പാലിക്കാൻ ചുമതലപ്പെട്ട പോലീസുദ്യോഗസ്ഥന്മാരും ജനങ്ങളും ഒന്നൊരുമിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമെ അതു സാദ്ധ്യമാകയുള്ളു. നമ്മുടെ ഗവണ്മെന്റിൽ ഉള്ള പലരും വേണ്ടതോതിലുള്ള സ്റ്റാൻേർഡ് പരിപാലിക്കുന്നില്ല. പക്ഷേ നാം അവരെക്കൊണ്ടു പരിപാലിപ്പിക്കാൻ ശ്രമിക്കണം. നാട്ടിലെ പൗരന്മാരും പൊതുക്കാര്യപ്രവർത്തകന്മാരും ഒരുമിച്ചു പ്രവർത്തിക്കണം. പോലീസുകാരൻ മാത്രം ശരിയായിരിക്കണമെന്നും മററുള്ളവർ എന്തുചെയ്താലും ചോദിക്കരുതെന്നും പറയുന്നതു് അത്ര ഭംഗിയായിരിക്കുകയില്ല. പോലീസുകാർ തെററു ചെയ്യുകയില്ലെന്നു ഞാൻ പറയുന്നില്ല. എന്റെ അറിവു വച്ചു നോക്കിയാൽ അവിടെ നടന്നതായ സംഭവത്തിൽ വലിയ തെററു കാണുന്നില്ല. പോലീസുകാർക്കു അവരുടെ കൃത്യനിർവ്വഹണത്തിനു് ഇവരോടു ചോദ്യം ചോദിക്കാതിരിക്കാൻ നിർവ്വാഹമില്ല. അതിൽ മക്കടമുഷ്ടി പിടിച്ചാൽ അവർക്കും അവരുടെ ജോലി നിർവ്വഹിക്കണം. പോലീസുകാർ ജനങ്ങളോടു ന്യായമായി പെരുമാറണം എന്നുള്ളതിലേയ്ക്കു നിഷ്കർഷയായിട്ടുള്ള ഉത്തരവു് ഇന്നു് എല്ലായിടത്തേയ്ക്കും പോയിട്ടുണ്ടു്. ഇനിയും പരാതികൾക്കിടം കൊടുക്കരുതെന്നു് വളരെ നിഷ്കർഷിച്ചിട്ടുണ്ടു്. ആ നിഷ്കർഷയുടെ ഫലം നിങ്ങൾ നിങ്ങളുടെ നാട്ടുകളിൽ ചെല്ലുമ്പോൾ അനുഭവിച്ചറിയാമെന്നാണെന്റെ വിശ്വാസം.

സർ, ഇവിടെ മററു പല കാര്യങ്ങളെ സംബന്ധിച്ചും സംസാരിച്ചു; ഉദ്യോഗം പ്രമോഷൻ ഇവയൊക്കെ രാഷ്ട്രീയപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കാറുണ്ടെന്നു്. ഇക്കാര്യം ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്ന കാൺഗ്രസ്സ് മെമ്പറുടെ അഭിപ്രായത്തോടു ഞാൻ അങ്ങേ അററം യോജിക്കുന്നു. രാഷ്ട്രീയപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കുറെക്കാലമായി നമ്മുടെ നാട്ടിൽ പലതും ചെയ്തുപോയിട്ടുണ്ടു്. തിരുവ.

[ശ്രീ. എ. താണുപിള്ള]

താംകൂറിലും കൊച്ചിയിലും ഒരു ജനകീയഭരണത്തിനുള്ള പ്രക്ഷോഭണം തുടങ്ങുന്നതിനു മുമ്പു ഭരണപരമായി വളരെ ഉയൎന്ന ഒരു സ്റ്റാൻേറർഡ് (തോതു) നടപ്പിലിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ സർ. സി. പി. രാമസ്വാമിഅയ്യരുടെ ഭരണകാലത്ത് രാഷ്ട്രീയപ്രവൎത്തനത്തിൻെറ അടിസ്ഥാനത്തിൽ ഭരണാധികാരികൾ പലരുടെയും സഹകരണത്തിനുവേണ്ടിയും രാഷ്ട്രീയ പരിഗണനകൾ വച്ചും ഉദ്യോഗങ്ങൾ കൊടുക്കുക, കൺട്രാക്ററുകൾ കൊടുക്കുക, ഭൂമി പതിച്ചുകൊടുക്കുക, ഇതെല്ലാംകൊണ്ടു് രാജ്യത്തിൻെറ പൊതുജീവിതത്തെ അധഃപതിപ്പിച്ചു പലതും അന്നു ചെയ്തിരുന്നു. അതിനെ ഇന്നുവരെ ആരും തടഞ്ഞില്ല. അതെല്ലാം ശക്തിയായി തടയാനും സാധിച്ചില്ല. കൊച്ചിയിൽ ഇതുപോലെ സംഭവിച്ചിട്ടുണ്ടോ എന്നു പറയാൻ നിവൃത്തിയില്ല. ഇത്രത്തോളം കാൎയ്യങ്ങൾ ചെയ്തിട്ടുണ്ടെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഏതായാലും ഇന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനമാണു്. എനിക്കു് ഈ അസംബ്ലിയിലുള്ള എല്ലാ സ്നേഹിതന്മാരോടും ചെയ്യാനുള്ള അപേക്ഷ ഈ അഡ്മിനിസ്ട്രേററീവ് സ്റ്റാൻേറർഡ് അതായതു ഭരണപരമായ സ്റ്റാൻേറർഡ് മാനദണ്ഡമാക്കി കഴിയുന്നിടത്തോളം ഉയൎത്തിനിൎത്തുന്നതിനു് ഈ ഗവൺമെൻറ് ഗൗരവമായി പരിശ്രമിക്കുമെന്നാണു്. ആ പരിശ്രമത്തിൽ എല്ലാ സ്നേഹിതന്മാരുടെയും സഹായം പരിപൂൎണ്ണമായി ഉണ്ടാകണമെന്നാണെൻെറ അപേക്ഷ. രാഷ്ട്രീയ പരിഗണനകൾവച്ചുകൊണ്ടു് സൎവ്വീസിൽ ഒരു പ്രകാരത്തിലും അനീതി ചെയ്യുകയില്ലെന്നു് നിങ്ങളോടു ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പക്ഷെ എല്ലാവരുടെയും സഹകരണം കൊണ്ടു മാത്രമെ അതു സാധിക്കയുള്ളു. ഇവിടെ ജനാധിപത്യതാൽപ്പൎയ്യക്കാരുടെ സഹകരണം അങ്ങേ അററം ആവശ്യമാണു്.

അടുത്തതായി സൎക്കാർ സൎവ്വീസിൽ തൽക്കാലജോലിയിലിരിക്കുന്നവരെ പിരിച്ചുവിടുന്നതിനെ സംബന്ധിച്ചു് ഇവിടെ പരാമർശിക്കയുണ്ടായി. അതു് യഥാൎത്ഥകമായ ഒരു പരാതിയാണു്. വൈഷമ്യങ്ങൾക്കിടനൽകുന്ന ഒന്നാണു്. വളരെ സൎവ്വീസുള്ളവർ സൎവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നതും അല്പകാലത്തെ സൎവ്വീസുള്ളവർ സ്ഥിരമായിരിക്കുന്നതും ഇതൊക്കെ കഴിയുന്നതും വേഗം ഒഴിവാക്കാൻ നാം ശ്രമിക്കണം. സമയം ജനം കഴിഞ്ഞാൽ ഇതു സംബന്ധിച്ചു വളരെ വൈഷമ്യങ്ങൾ കൂടാതെ നമുക്കു കഴിക്കാം.

ശ്രീ. കെ. കരുണാകരൻ: സർ, അതുവരെ ഏപ്രിൽ ഒന്നാംതീയതി മുതൽ പിരിച്ചുവിടുവാൻ ഉത്തരവുണ്ടായിരിക്കുന്ന ആളുകളെ പിരിച്ചുവിടാതിരിക്കാനുള്ള കൽപ്പന കൊടുക്കുമോ?

ശ്രീ. എ. താണുപിള്ള: എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള അൻപതുപേരെ ഉദ്ദേശിച്ചാണോ പറയുന്നതു്.

ശ്രീ. കെ. കരുണാകരൻ: അൻപതുപേരല്ല. നൂററിനാൽപ്പത്തിനാലോളമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഞാൻ ധരിച്ചതു അൻപതുപേരെന്നാണു്. അവരിൽ കഴിവുള്ളിടത്തോളം ആളുകളെ ഒഴിവു വരുന്നതുവരെ പിരിച്ചുവിടാതെ നിറുത്തിക്കൊള്ളണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: എന്റെ ചോദ്യം അതല്ല. ഒഴിവുവരുന്നതുവരെ ഇവരെ ആരെയും പിരിച്ചുവിടരുതെന്നു ഒരു സ്റ്റേ ആർഡർ കൊടുക്കുവാൻ കഴിയുമോയെന്നാണ് ചോദിച്ചതു്?

ശ്രീ. എ. താണുപിള്ള: നിലവിലുള്ള റൂൾ അനുസരിച്ചു എത്രത്തോളം ചെയ്യാൻ ഒക്കുമെന്നു ഇപ്പോൾ പറയാൻ സാധ്യമല്ല. എങ്കിലും കഴിവുള്ളിടത്തോളം ആളുകളെ പിരിച്ചുവിടാതിരിക്കാൻ തന്നെ നോക്കും.

സർ, ഇതിലധികമായി ഇപ്പോൾ എന്തെങ്കിലും പറയണമെന്നു ഞാനുദ്ദേശിക്കുന്നില്ല. സഹകരണം, പഞ്ചായത്തു മുതലായ കാര്യങ്ങളെപ്പററി ഇതിനുമുമ്പുതന്നെ വാദപ്രതിവാദം നടന്ന അവസരത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്. കുന്നത്തുനാട്ട് താലൂക്കിലെ കാര്യത്തെപ്പററി ശ്രീ. ബാവായും പറവൂർ താലൂക്കിലെ കാര്യത്തെപ്പററി ശ്രീ. ഗോപാലമേനവനും പ്രസ്താവിച്ചു. ഈ താലൂക്കുകളുടെ കാര്യം നിശ്ചയമായും ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു ഞാൻ പറയുമ്പോൾ മററു താലൂക്കുകളിലെ കാര്യങ്ങൾ വിസ്മരിച്ചുപോകുമെന്നു ആരും കരുതേണ്ടാ. ചിററൂർ, തലപ്പിള്ളി എന്നീ താലൂക്കുകളിൽ ഉണക്കുമൂലം കൃഷിക്കാർക്കു കരം ഇളവുചെയ്യണമെന്ന് അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ഈ താലൂക്കുകളിൽ നിയമം അനുവദിക്കുന്നിടത്തോളം ആവശ്യമെന്നു തോന്നുന്നവർക്കു കരം ഇളവു ചെയ്തു കൊടുത്തിട്ടുണ്ട്. കൃഷി സംബന്ധമായി പലതും ചെയ്യാനുണ്ടെന്ന് എനിക്കുതന്നെ നേരിട്ടറിയാവുന്ന കാര്യമാണ്. അതുകൊണ്ട് അക്കാര്യത്തിൽ ഗവണ്മെന്റിനു ശ്രദ്ധ ഉണ്ടായിരിക്കുന്നതല്ല. ലിഫ്ററ് ഇറിഗേഷൻ സംബന്ധിച്ചും മററു വിധത്തിലുള്ള മൈനർ ഇറിഗേഷൻ സംബന്ധിച്ചും കഴിവുള്ളത്ര ജോലികൾ കഴിയുന്നതും വേഗത്തിൽ ചെയ്തുതീർക്കാൻ ഗവണ്മെൻറു വിചാരിക്കുന്നു.

സൃഷ്ടിപരമായതും സഹായകമായതും ആയ നിർദ്ദേശങ്ങൾ നൽകിയ എല്ലാ മെംബർമാരോടും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എനിക്ക് പറയുവാനുള്ളതു് നമുക്കു യോജിച്ചു പ്രവർത്തിക്കാമെന്നാണ്. ഇക്കാര്യത്തിൽ നമുക്ക് മത്സരമോ പകയോ ഒന്നുംതന്നെ ആവശ്യമില്ല. രാജ്യത്തിന്റെ ഭാവിയെങ്ങനെ വരണമെന്നുള്ളതു നമ്മെയൊക്കെ തന്നെ ആശ്രയിച്ചിരിക്കുകയാണ്. രാജ്യക്ഷേമത്തിനുതകുന്ന ഏതു കാര്യത്തിലും പി. എസ്. പി. ഒരിക്കലും പിന്നോക്കം നിൽക്കുകയില്ലെന്ന് എനിക്ക് ധൈര്യമായി പറയുവാൻ കഴിയും. മററു കക്ഷികളുടെയും നിലപാട് അതുതന്നെയാണെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് സഹായവാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ കക്ഷികളോടും മററു മെംബർമാരോടും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

Minister for Finance (**Shri P. S. Nataraja Pillai**): Sir, perhaps according to convention, I have to say a few words. I understand Mr. Kurup made some remarks about my absence from the House for a few minutes. All that I want to say here is that as a human being one is liable to limitations and I expect my hon. friends to entertain human feelings when they offer their criticisms. Viewed from the purely technical point of view of parliamentary provisions or practices, there is no rule or convention that the whole cabinet should be present in the House all the time. I would request my friend to look up precedents before he makes a point of it here.

[Shri P. S. Nataraja Pillai]

Now, Sir, I have introduced the Travancore-Cochin Appropriation (Vote on Account) Bill, 1954. Generally, when a Bill is taken up for consideration, the discussion on it is conditioned by the statement of objects and reasons. My friend Mr. Kurup, who initiated the discussion today, I have to presume, did not even read the objects and reasons of the Bill, nor does he seem to have thought of them. The objects and reasons of this Bill are:

> "The Bill is in pursuance of Article 206 of the Constitution of India, read with Article 238 thereof and is intended to provide for the withdrawal out of the Consolidated Fund of the State of the moneys required to meet the expenditure charged on the Consolidated Fund and the Grants made in advance by the Legislature in respect of the estimated expenditure of the Government of Travancore-Cochin."

The sum and substance of the Bill is to get authorisation to draw the amount which was voted by this House yesterday. I never thought that Mr. Kurup, when he initiated discussion today, would go it a tangent away from the subject and discuss foreign policy. That was a great surprise to me. We are functioning under a written constitution. The functions of the States and the Centre are very clearly defined in it. And it is laid down that a discussion of foreign policy does not come within the ambit of a State legislature. Whether the fifth column activity is conducted by the countries of the Old World or the New World, whether the fifth column activities are conducted by men who hold old ideologies or new ideologies, when the fifth column activities are such that they will affect the security of the State, the State will be bound to take notice of it and safeguard its in terests. That will be within our province according to the constitution. But the remarks of my friend are too wide off the mark. Any Government, by its very nature, will be bound to preserve the peace and security of the State with all their power. That was what struck my mind when member after member dilated upon the activities of foreign Governments or the activities of foreigners in this State. They are not, relevant to the present discussion here. One other speech which attracted my attention was that of a member who made a kind of carping criticism of the Police administration in this country. I do not want to say anything more on that matter than what the Chief Minister has stated. What I am concerned with here is to explain the purposes of this Bill. As I pointed out earlier, the sums asked for and granted by this House have to be authorised to be withdrawn from the consolidated fund. This Bill is under consideration for that purpose only. And this amount, as Members know, is to cover the administration of the State for a period of four months. Now, having

granted that amount, the Members have proceeded to review the matter once again. There was the question of a comprehensive land policy in the State which was mentioned in the Rajpramukh's address. Now, reference was made on that by many hon. Members. Was there any constructive suggestion on the subject ? I expected that some suggestions would be made. Was any direction given to us in regard to the tenancy problem? In the same way, an indication was made in the Address that the Treasury Bench will try to remedy the legitimate grievances of the people who are enjoying lands under different tenures like the Sripandaravaka or the Sripadam etc. I was listening to the remarks of the hon. Members, expecting some suggestions to be made on this question. I am sorry to say I have not been able to put any.

Shri. A. Kunjan Nadar : What about Kandukrishi ?

Shri P. S. Nataraja Pillai : I believe my hon. friend has read the Address. Even the Members who spoke during the general discussion on the budget had no remarks to make on this subject. Those were the points on which we wanted criticism. Constructive suggestions as to the difficulties, and the methods of solving them would have been valuable and we would have been grateful for the suggestions. Unfortunately, there was no such remark; not even an attempt at it. The discussion was barren and, may I say, off the track. If it was a question of criticism for criticism's sake, I can understand it. But for such a kind of critical attitude and opposition, the conditions in this country do not justify it. After all, we are here trying to do what we can with your unanimous consent. We pledge ourselves to do what we can to the common interest of the country. Therefore we have a right to expect definite, constructive proposals on these points, and I expected it. With these remarks, I resume my seat.

The question that the Travancore-Cochin Appropriation (Vote on Account) Bill, 1954, be taken into consideration was put and carried.

The question that clause 2 stand part of the Bill, was put and carried.

Clause 2 was added to the Bill.

The question that clause 3 stand part of the Bill, was put and carried.

Clause 3 was added to the Bill.

The question that the Schedule stand part of the Bill, was put and carried.

The Schedule was added to the Bill.

The question that clause 1 stand part of the Bill, was put and carried.

Clause 1 was added to the Bill.

The question that the title and preamble stand part of the Bill was put and carried.

The title and preamble were added to the Bill.

Shri P. S. Nataraja Pillai : I move that the Bill be taken up and finally passed.

Shri A. Achutan : I second it.

The motion was put and carried, and The Travancore-Cochin Appropriation (Vote on Account) Bill, 1954, was passed.

The Assembly adjourned at 5 P. M. to meet again at 11 A. M. on Tuesday, the 30th March, 1954.

APPENDIX.

[Please see Answer to Question No. *76 (6)]

Statement containing the summary of the recommendations of the Rice Mill Enquiry Committee.

1. The principle embodied in the Notification dated 1-2-1943 issued by the erstwhile Government of Travancore prohibiting the milling of paddy may be accepted as the general State Policy by the Government of Travancore-Cochin.

2. The Committee attaches great weight to the recommendations in the Final Report of the Planning Commission in favour of organised hand pounding of rice and considers that the Socio-economic advantage of hand pounding taken along with the nutritional merits of hand pounded rice are so overwhelming that no change is called for in the policy accepted and given effect to in the Travancore area in February 1943 either in respect of milling private owned paddy or Government procured paddy.

3. The Committee recommends that all Government Paddy intended for ration should be distributed as paddy or should be processed into rice by the handpounding method through co-operative or other special agencies organised for the purpose. Whenever paddy is distributed as such, care should be taken to ensure that the paddy so distributed is free from chaff and is of good quality.

4. In places where there may be genuine complaint of scarcity of labour for hand-pounding, steps should be taken to organise hand-pounding of rice on a co-operative basis in convenient village units, the initiative being taken by Government through the Registrar of Co-operative Societies or the Cottage Industries Board.

5. As there has been no absolute prohibition of milling of paddy in the Cochin area and as several mills are already functioning there, a policy of gradual replacement of Rice mills by organised hand pounding of rice may appropriately be adopted in the Cochin

area. The aim should be to achieve uniformity in the matter of complete prohibition of mills throughout the State as early as practicable.

6. If for any reason, milling is to be permitted, it should be subject to license. The system of licensing should be such as will relate separately to mills, if any, for milling Government paddy and those for milling private paddy.

Two members of the Rice Mill Enquiry Committee, Sri M. Bhaskara Menon, Assistant Commissioner of Civil Supplies and Sri. K. M. Kora M. L. A. had signed the Main Report subject to their dissenting notes. Of these the dissenting note from Sri K. M. Kora, has not yet been received by the Government. The main suggestions in the dissenting note of Sri M. Bhaskara Menon are the following :—

1. All the existing rice mills, especially those in the Cochin area may continue provided they behave honestly and well.

2. Mills handling Government procured paddy alone in the Cochin area may be permitted to handle private paddy also.

3. In all taluks of the State where at least a minimum quantity of 1,00,000 paras of paddy can be allotted to a mill per annum, mills to handle Government paddy may be licensed, the number being suitably restricted.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1954

Tuesday, the 30th March 1954.

Vol. X — **OFFICIAL REPORT** — **No. 7.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 30th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഭവനനിർമ്മാണത്തിനു കേന്ദ്രത്തിലെ സഹായധനം.

*൧൨. [൧] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ പദ്ധതിക്ക് ൧൯൫൨-൫൩-ൽ കേന്ദ്ര ഗവണ്മെന്റ് അനുവദിച്ച പത്തുലക്ഷം രൂപ ഇവിടെ ചെലവഴിച്ചിട്ടില്ലാത്തതിനാൽ മടക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ആ തുക മടക്കിക്കൊടുത്തോ;

(സി) ഇങ്ങനെ സംഭവിക്കാൻ ഇടയായതെന്തുകൊണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) കുറച്ചുതുക മടക്കിക്കൊടുത്തു.

(സി) കേന്ദ്രഗവണ്മെന്റിന്റെ പദ്ധതികളിൽ ചിലത് ഈ ഗവണ്മെന്റിന് സ്വീകാര്യമല്ലാതിരുന്നതുകൊണ്ട്.

Subsidy etc., to the State.

*93. [2] **Shri T. P. Sitaraman**: Will the Chief Minister be pleased to state :

(*a*) the amount the Central Government have allotted to this State in 1952 and 1953 as subsidy, loan or otherwise; and

(*b*) in what way the Government have utilised the amount ?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*)

	1952-1953	1953-1954 (up to 31-12-1953)
	Rs.	Rs.
Grant :	4,06,91,180	8,58,04,912
Subsidy :	3,00,00,000	Nil
Loan :	13,75,000	1,61,20,250

(*b*) The purpose for which the amounts were utilised are given in the statements placed on the table.*

Shri T. S. Ramaswami : May I know how much was spent for industries, how much for housing and how much for grow-more food campaign ?

Shri P. S. Nataraja Pillai : I would like to know from the Member to which item his question relates. Is it from the grant, subsidy or loan ?

Shri T. S. Ramaswami : From the loan.

Shri P. S. Nataraja Pillai : I claim notice.

Shri T. S. Ramaswami : With regard to answer to part (b), may I know how the amount was utilised ?

Shri P. S. Nataraja Pillai : It is a long statement. May I read it or shall I place it on the table ?

Mr. Speaker : Do you want to have it read out, Mr. Ramaswami Pillai ?

Shri T. S. Ramaswami : I would like to get information about the grow-more-food campaign.

Shri P. S. Nataraja Pillai : During 1952-1953, for grow-more-food scheme Rs. 27,54,350 was allotted and the amount drawn was Rs. 15,30,402. For 1953-54, the amount allotted was Rs. 10,88,037. Steps are in progress for adjusting the amount due to the State on the basis of actual expenditure. The return of expenditure is not available at present.

---

* Please see Appendix I.

Shri T. S. Ramaswami : May I know whether loans to agriculturists were also given from this amount ?

Shri P. S. Nataraja Pilllai : There are various items from which loans are given to agriculturists. There is the Agricultural Loans Act. Applications for loans under this head are dealt with separately. Then there is the loan from the grow-more-food grant. That also is dealt with separately. If the member wants information with regard to grow-more-food scheme, I have not got that information with me now.

Shri T. S. Ramaswami : May I know whether industrial loans were also given under this grant ?

Shri P. S. Nataraja Pillai : It is only the small-scale industries that come under this head.

Shri Avira Tharakan: May I know whether the subsidy given is a contribution made by the Central Government raised in the State ?

Shri P. S. Nataraja Pillai: Subsidy is met from the Central funds.

Shri P. Bhaskaran Nair: May I know why we are denied subsidy during 1953-54 ?

Shri P. S. Nataraja Pillai: I read out the allotment for 1953-54 also.

ശ്രീ. കെ. സി. ജാർജ്ജ് : ഗ്രോമോർ ഫുഡ് ആവശ്യത്തിനു് ചെലവായി എന്നു പറഞ്ഞു. അതിൽ മൈനർ ഇറിഗേഷനുവേണ്ടി എത്ര ചെലവായി എന്നു പറയാമോ?

Shri P. S. Nataraja Pillai: I cannot give these separately.

ശ്രീ. കെ. സി. ജാർജ്ജ് : ഗ്രോമോർ ഫുഡിനു് ഏതെല്ലാം ഐറ്റത്തിൽ ചെലവായി എന്നു പറയാമോ?

Shri P. S. Nataraja Pillai : Supply of manure, improvement of minor irrigation works, supply of better seeds and so on.

ശ്രീ. പ്രാക്കുളം ഭാസി : ൫൩–൫൪-ൽ ൨൭ ലക്ഷം രൂപ അലോട്ടു ചെയ്തിട്ടുണ്ടു്. അതിൽ ൧൫ ലക്ഷം രൂപ മാത്രമെ ചെലവാക്കിയിട്ടുള്ളു. അതിനു കാരണമെന്താണു്?

Shri P. S. Nataraja Pillai : Adjustment to the credit of the State will be made only on the basis of actual expenditure. That is the rule under which these funds are being worked. The allotment was Rs. 27 lakhs. The annual expediture was Rs. 15 lakhs.

ശ്രീ. പ്രാക്കുളം ഭാസി : ൧൫ ലക്ഷം രൂപകൊണ്ടു് ചെലവു മതിയാകുമായിരുന്നു എന്നാണോ ഗവണ്മെൻറ് വിചാരിക്കുന്നതു്?

Shri P. S. Nataraja Pillai : That was the amount which could be utilised by the agencies working then.

ശ്രീ. പി. വിശ്വംഭരൻ : ൧൯൫൨ വർഷത്തിൽ അനുവദിച്ച തുക ചെലവാക്കാത്തതുകൊണ്ടല്ലേ ൧൯൫൨-൫൩-ൽ ആവശ്യമുള്ള തുക തരാത്തത്.

Shri P. S. Nataraja Pillai : The Central Government have alloted for grow-more-food campaign in 1952-53 also.

ശ്രീ. എ. കുഞ്ഞൻനാടാർ : ഗ്രോമോർ ഫുഡ് എന്നു പറയുന്നതിൽ ഏതെല്ലാം ആഹാരസാധനങ്ങളാണ് ഉൾപ്പെടുന്നത്?

Shri P. S. Nataraja Pillai : All foodstuffs.

ശ്രീ. എ. കുഞ്ഞൻനാടാർ : പാല്, മത്സ്യം, കരിപ്പുകട്ടി ഇവയുടെ വർദ്ധനവിനുവേണ്ടി ഗവണ്മെന്റ് ഏതെങ്കിലും തുക ചെലവാക്കുന്നുണ്ടോ?

Shri P. S. Nataraja Pillai : The manufacture of palm gur comes under minor industries.

ശ്രീ. എ. കുഞ്ഞൻ നാടാർ : പാൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു വല്ല തുകയും ചെലവാക്കിയിട്ടുണ്ടോ?

Shri P. S. Nataraja Pillai : Animal husbandry comes under food production.

ശ്രീ. എം. പി. മേനോൻ : ഗ്രോമോർഫുഡ് ഐറ്റത്തിൽ വനമഹോത്സവം കൂടി ഉൾപ്പെടുമോ?

Mr. Speaker : That question is disallowed.

Shri K. A. Balan : May I know whether the whole amount given by the Central Government by way of grant has been utilised by this Government ?

Shri P. S. Nataraja Pillai : A sum of nearly Rs. 12 lakhs was not utilised in 1952.

Handloom Industry.

* 94. [3] **Shri T. P. Sitaraman** : Will the Chief Minister be pleased to state how much amount the Government have spent in 1953 in order to help the handloom industry ?

Minister for Finance (**Shri P. S. Nataraja Pillai**) :

Rs. 1,05,881-5-0.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഹാൻഡ്‌ലൂം ഇൻഡസ്ട്രിയെ എൻകറേജ് ചെയ്യുന്നതിനുവേണ്ടി ആൾ ഇൻഡ്യാ ബേസിസിൽ ഒരു കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് ഉണ്ടെന്നറിയാമോ?

Shri P. S. Nataraja Pillai : Handloom Industry comes under Cottage Industries.

ശ്രീ. ടി. പി. സീതാരാമൻ: ഇതിൽ മെജാറിററി മെംബേഴ്സും നാൺ അഫീഷ്യൽ അല്ല എന്നറിയാമോ?

Shri P. S. Nataraja Pillai: I think so.

ശ്രീ. ടി. പി. സീതാരാമൻ: ഇതിൽ ഹാൻഡ്ലൂം ഡവലപ്പ്മെൻറ ബോർഡ്, ഖംഭി ബോർഡ് തുടങ്ങി മൂന്നു വകുപ്പുകഠം ഉള്ളതായി അറിയാമോ?

Shri P. S. Nataraja Pillai: I thank the member for the information.

ശ്രീ. ടി. പി. സീതാരാമൻ: അതുപോലെ ഇവിടെയും രൂപീകരിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

Shri P. S. Nataraja Pillai: Government will consider that matter.

കാളേജുവിദ്യാത്ഥികഠം.

* ൯൭. [൪] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചിയിലെ കാളേജുവിദ്യാത്ഥികഠം ഈ വർഷാരംഭത്തിൽ എത്രയായിരുന്നു; വർഷാവസാനത്തിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): വർഷാരംഭത്തിൽ ഉണ്ടായിരുന്ന വിദ്യാത്ഥികളുടെ എണ്ണം ൨൪,൭൩൨. വർഷാവസാനത്തിൽ ഉണ്ടായിരുന്ന വിദ്യാത്ഥികഠം ൨൪,൨൯൨.

ശ്രീ. യു. നീലകണ്ഠൻ: ഇങ്ങനെ കുറവു വന്നിട്ടുള്ള വിദ്യാത്ഥികഠം ശിക്ഷണനടപടികഠംക്കു വിധേയമായിട്ടാണോ കാളേജു വിട്ടുപോകുവാൻ ഇടയായതു്.

ശ്രീ. എ. താണുപിള്ള: വ്യത്യാസം വന്നതു് ശിക്ഷണനടപടികഠം മൂലമാണെന്നു കാണുന്നില്ല. അതും ഉണ്ടായിരിക്കാം.

ശ്രീ. യു. നീലകണ്ഠൻ: ശിക്ഷണനടപടികഠം എടുത്തിട്ടുള്ള വിദ്യാത്ഥികളുടെ അയോഗ്യത തീക്കുവാൻ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. എ. താണുപിള്ള: അതു് ഈ ചോദ്യത്തിൽനിന്നും വരുന്നതല്ല.

ശ്രീ. പി. കെ. യശോധരൻ: വിദ്യാത്ഥികളുടേയും വിദ്യാത്ഥിനികളുടേയും എണ്ണം പട്ടികതിരിച്ചു കാണിക്കാമോ?

ശ്രീ. എ. താണുപിള്ള: ആകെയുള്ള വിദ്യാത്ഥികളുടെ എണ്ണമാണു പറഞ്ഞിട്ടുള്ളതു്. വിമൻസുകാളേജിൽ ഉള്ള വിദ്യാത്ഥിനികളുടെ എണ്ണം പറയാം. പക്ഷെ മററു കാളേജുകളിലും വിദ്യാത്ഥിനികളുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇന്നലെ കൂടിയ സെനററ്യോഗത്തിൽ മലയാളം പഠിപ്പിക്കുന്ന വാദ്ധ്യാന്മാക്കു് ശമ്പളത്തിൽ ഇംഗ്ലീഷു് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ ശമ്പളത്തെക്കാഠം കുറവു വരുത്തണമെന്നു് തീരുമാനിച്ചിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question does not arise out of this question.

Transport Service.

* 96. [5] **Shri N. Chandrasekharan Nair:** Will the Chief Minister be pleased to state:

(*a*) the total number of buses now being operated every day;

(*b*) the number of buses newly put on the road since 1st January 1954;

(*c*) the number of standing passengers now permitted in a bus; and

(*d*) the average number of breakdowns now occurring every day?

Minister for Works and Transport **(Shri A. Achuthan):**

(*a*)	Private owned buses	—	1236
	State Transport buses	—	310
(*b*)	Private owned buses	—	9
	State Transport buses	—	22

(*c*) 25 per cent. of the seating capacity is the maximum standing accommodation allowed in private transport buses. In the State Transport Department buses, passengers are not carried standing in the main line long distance routes with effect from 1st February 1954; standing accommodation is limited to 25 per cent. of the seating capacity in shuttle service short distance routes; standing accommodation is allowed in city and town services the maximum being 50 per cent. of the seating capacity.

(*d*) There is no record maintained as to the breakdown of private buses on the different routes. In the State Transport services, the average breakdown per day is roughly 20.

<u>ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ:</u> ഗവണ്മെൻറ ട്രാൻസ്പോർട്ടു ബസ്സുകളിൽ കൊണ്ടുപോകുന്ന യാത്രക്കാരുടെ എണ്ണം നിയന്ത്രിച്ചതിനു ശേഷം കൂടുതലായി സർവ്വീസുകൾ നടത്തുന്നുണ്ടോ?

<u>ശ്രീ. ഏ. അച്യുതൻ:</u> നിയന്ത്രണം വരുത്തിയതു് ൧-൨-൫൪-ൽ ആണെന്നു ഞാൻ പറഞ്ഞല്ലോ. ൧-൧-൫൪-നു ശേഷം ൧൨ ബസ്സുകൾ ലൈനിൽ ഇട്ടിട്ടുണ്ടു്.

<u>ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ:</u> ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ എൻജിൻ കണ്ടിഷൻ എല്ലാ ദിവസവും പരിശോധിക്കാറുണ്ടോ?

<u>ശ്രീ. ഏ. അച്യുതൻ:</u> പൊതുവെ എല്ലാദിവസവും ബസ്സുകളുടെ കണ്ടിഷൻ പരിശോധിക്കും.

Shri A. A. D. Luiz : May I know the number of accidents that occurred during the year 1952?

Mr. Speaker : It is already stated that statistics are not available.

ശ്രീ. എ. അച്യുതൻ : പ്രത്യേകം ഒരു ചോദ്യമായി അയച്ചാൽ അതിനുത്തരം പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : സ്റ്റാൻഡിംഗ് കെപ്പാസിററിക്കും സിററിംഗ് കെപ്പാസിററിയ്ക്കും ടാക്സ് ചുമത്തുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : സിററിംഗ് കെപ്പാസിററിക്കേ ടാക്സ് ഉള്ളൂ എന്നാണ് തോന്നുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : സ്റ്റാൻഡിംഗ് കെപ്പാസിററിയ്ക്കു ടാക്സ് ഈടാക്കുന്നതിനു ഗവൺമെൻറ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : അതിപ്പോഠം ആലോചനയിില്ല.

ശ്രീ. കെ. സി. ജാർജ്ജ് : ബ്രേക്കഡൗൺ ഉണ്ടാകുന്നതിനുള്ള പ്രധാനകാരണം എന്താണെന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ : ഓവർലോഡുകൊണ്ടായിരിക്കും. ഓവർലോഡ് ഇല്ലാതാക്കാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ച് എറണാകുളത്തുനിന്നും കൊല്ലത്തേയ്ക്കു ഒരു എക്സ്പ്രസ് സർവ്വീസ് തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. ഒ. ബാവാ : ഡിപ്പോർട്ടുമെൻറിൽ കോമർ ബസ്സുകഠം എത്രഎണ്ണം ഓടുന്നുണ്ട്?

ശ്രീ. എ. അച്യുതൻ : . നോട്ടീസുവേണം.

ശ്രീ. എ. സി. ചാക്കോ : ഗവൺമെൻറ ട്രാൻസ്പോർട്ടുസർവ്വീസ് പുതിയലൈനുകഠം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : ഗവൺമെൻറിൻെറ പാളിസിതന്നെ എല്ലാ ലൈനും ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൻെറ കീഴിൽ കൊണ്ടുവരണമെന്നുള്ളതാണ്. കൂടുതൽ ലൈൻ എടുക്കുന്നകാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. എൻ. ജി. ചാക്കോ : കോഴഞ്ചേരിയിൽനിന്നും തിരുവനന്തപുരത്തേയ്ക്കു ഒരു ട്രാൻസ്പോർട്ട് എക്സ്പ്രസ്സ്സർവ്വീസ് ഇടണമെന്നു കാണിച്ചു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

Mr. Speaker : That question does not arise.

ശ്രീ. കെ. ബാലകൃഷ്ണൻ : സിററി സർവ്വീസുകളിൽ ൫൦ ശതമാനത്തിൽ കൂടുതൽ ഓവർലോഡ് ഉണ്ടെന്നറിയാമോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ ൫൦ ശതമാനം ഓവർലോഡു അനുവദിച്ചിട്ടുള്ളു.

ശ്രീ. കെ. ബാലകൃഷ്ണൻ: ആഫീസു് സമയങ്ങളിൽ വളരെ കൂടുതൽ ആളുകളെ ബസ്സിൽ കയററിവരുന്നതായി അറിയാമോ?

ശ്രീ. എ. അച്യുതൻ: ചിലപ്പോൾ അങ്ങനെ ഉണ്ടായി എന്നു വരാം.

ശ്രീ. കെ. എ. ബാലൻ: ഓവർലോഡു കയററരുതെന്നു തീരുമാനിച്ചശേഷം കൂടുതൽ ബസ്സുകൾ സർവ്വീസിൽ ഇട്ടിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: റിക്കാർഡിൽനിന്നും കൂടുതൽ ബസ്സുകൾ ഇട്ടിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. പി. ഗോപാലൻ: ഓവർലോഡു് റെസ്ട്രിക്ടുചെയ്യുന്നതുകൊണ്ടു് യാത്രക്കാർക്കു് കൂടുതൽ വിഷമതകൾ ഉണ്ടെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. അച്യുതൻ: അങ്ങിനെ വിഷമമുള്ളതായി അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജു്: ബഹുമാനപ്പെട്ട മന്ത്രി സാധാരണ ബസ്സുകളിൽ യാത്രചെയ്യാറുണ്ടോ?

ശ്രീ. എ. അച്യുതൻ: ൧൯൫൪ മുമ്പുവരെ ഞാൻ സാധാരണ ബസ്സുകളിലാണു് യാത്രചെയ്തുകൊണ്ടിരുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ബസ്സുകൾ ബ്രേക്ക്ഡൗണാകുന്നതിനെപ്പററി എന്തെങ്കിലും കണക്കുകൾ ഗവണ്മെൻറിലുണ്ടോ?

ശ്രീ. എ. അച്യുതൻ: പ്രൈവററബസ്സർവ്വീസിനെ സംബന്ധിച്ചിടത്തോളമുള്ള കണക്കുകൾ എടുത്തിട്ടില്ല. സ്റ്റേററട്രാൻസ്പോർട്ടു സർവ്വീസിനെ സംബന്ധിച്ചുള്ള കണക്കു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. കെ. യശോധരൻ: ഇന്നുള്ള ബസ്സുകൾകൊണ്ടു് ആളുകളുടെ യാത്രാവശ്യങ്ങൾക്കു് പര്യാപ്തമാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: കൂടുതൽ ബസ്സുകൾ ആവശ്യമുണ്ടെന്നു തോന്നുകയാണെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ഭൂനികുതി സമീകരണം.

* ൻ ൧. [ന] ശ്രീ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിലെ തിരുവിതാംകൂർ വിഭാഗത്തേയും കൊച്ചി വിഭാഗത്തേയും ഭൂനികുതി ഒരേ നിലയിലാക്കിത്തീർപ്പാൻ കാലതാമസം വരുന്നതിൻെറ കാരണമെന്തു്;

(ബി) കൊച്ചി വിഭാഗക്കാർക്കു് ഇക്കാര്യത്തിലുള്ള നഷ്ടം retrospective effect വരുത്തി പരിഹരിച്ചുകൊടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) തിരുവിതാംകൂർ ഭാഗത്തു നിലവിലിരിക്കുന്ന ഭൂനികുതി സമ്പ്രദായം കൊച്ചി വിഭാഗത്തേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഒരു ബിൽ കഴിഞ്ഞ നിയമസഭയിൽ ഹാജരാക്കിയിരുന്നു. ആ ബിൽ നിയമമാകുന്നതിനു മുമ്പ് നിയമസഭ പിരിച്ചുവിടാൻ ഇടയായതുമൂലം ബിൽ ലാപ്സായിപ്പോയി.

(ബി) അതു് സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. അബ്ദുൽഖാദർ : ഈ അസമത്വം ഇല്ലാതാക്കാൻ വേണ്ട നടപടി ഗവണ്മെൻറു എടുക്കുമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിനു വേണ്ടിയാണ് ഒരു ബിൽ ഹാജരാക്കിയിരുന്നതു്. അതു് ലാപ്സായിപ്പോയി. ഉടൻതന്നെ ഈ അസമത്വം ഇല്ലാതാക്കുന്നതിനു വേണ്ട നടപടികൾ എടുക്കും.

ശ്രീ. അബ്ദുൽഖാദർ : ഈ ബിൽമാത്രം പാസാകാതിരിക്കാൻ കാരണമെന്താണ് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : സെലക്റ്റു കമ്മിററിക്കു പോകേണ്ട ഒരു ബില്ലായിരുന്നു അതു്. ഇതുപോലെയുള്ള അസമത്വങ്ങൾ വേറെയും ഉണ്ടു്. അതുകൂടി ശരിയാകത്തക്കവിധത്തിലുള്ള ഒരു ബിൽ അസംബ്ലി പിരിച്ചുവിടുന്നതിനു് മുമ്പ് പാസാക്കുന്നതിനു സാധിച്ചില്ല.

ശ്രീ. അബ്ദുൽഖാദർ: ഈ ബിൽ പാസാകാത്തതുകൊണ്ടു് കൊച്ചിക്കാർക്ക് വളരെ വിഷമമുണ്ടെന്നു അറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിനെ സംബന്ധിച്ചു് രണ്ടഭിപ്രായമുണ്ടു്. വിഷമമുണ്ടെന്നും അറിയാം.

ശ്രീ. കെ. പി. ഹാർമിസ് : വാട്ടർസെസ്സിൻെറ കാര്യത്തിലും കൊച്ചി വിഭാഗത്തിലും തിരുവിതാംകൂർ വിഭാഗത്തിലും വ്യത്യാസമുണ്ടെന്നറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : വാട്ടർസെസ്സിൻെറ കാര്യം ഈ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നതല്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : കഴിഞ്ഞ തവണ കൊണ്ടുവന്ന ലാൻഡു ടാക്സ് ബിൽ കണ്ടുകൃഷി തുടങ്ങിയ ടെനൻവർകൂടി ഉൾപ്പെടുത്തി ഈ അസംബ്ലിയിൽ അവതരിപ്പിക്കണമെന്നു ആലോചിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്സ് നടരാജപിള്ള : ആ കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ : ഈമാതിരി രണ്ടു സ്റ്റേററുകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നതുകൊണ്ടു് കൊച്ചി വിഭാഗത്തിൽനിന്നു രണ്ടു അംഗങ്ങളെക്കൂടി എങ്കിലും മന്ത്രിസഭയിൽ എടുക്കുന്നതിനു ആലോചിക്കുമോ ?

Mr. Speaker : That is a different question.

ശ്രീ. ടി. ഒ. ബാവാ : ഇടപ്പള്ളി സ്വരൂപം തുടങ്ങിയ ഇടവകകളെക്കൂടി ഇനിയും അവതരിപ്പിക്കുന്ന ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവണ്മെന്റ ശ്രമിക്കുമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ആ കാര്യത്തെപ്പററി ഗവണ്മെന്റ് ആലോചിക്കാം.

ജപ്പാൻകൃഷി.

* ൯൪. [൧] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ജപ്പാൻ കൃഷി സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനകം പരീക്ഷണാർത്ഥം അതു് എവിടെയെങ്കിലും നടപ്പിലാക്കിയോ ;

(സി) നടപ്പിലാക്കിയെങ്കിൽ എവിടെ; അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) ജപ്പാൻ സമ്പ്രദായത്തിലുള്ള നെൽകൃഷി ഈ സംസ്ഥാനത്തു ൧൧൨൮-ൽ പരീക്ഷണാർത്ഥം ആരംഭിച്ചു കഴിഞ്ഞു.

(ബി) നടപ്പിലാക്കിയിട്ടുണ്ടു്.

(സി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശിവപേരൂർ എന്നീ ഡിസ്ത്രിക്‍ററുകളിൽ പല സ്ഥലങ്ങളിലായിട്ടു് ഉദ്ദേശം ൧൦൩൦ ഏക്കർ സ്ഥലത്തു് ജപ്പാൻ സമ്പ്രദായത്തിലുള്ള നെൽകൃഷി നടത്തി. ഈ സമ്പ്രദായത്തിലുള്ള കൃഷികൊണ്ടു് ഈ സംസ്ഥാനത്തു് ൬൦൦൦ മുതൽ ൭൦൦൦ വരെ റാത്തൽ നെല്ലു് ഒരേക്കറിൽനിന്നും ഉൽപ്പാദിപ്പിക്കാമെന്നു് തെളിഞ്ഞിരിക്കുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ കൃഷി നടത്തുന്നതിനു മുമ്പു് അവിടെ എന്തു വിളവുണ്ടായിരുന്നു എന്നു പറയാമോ ?

Shri P. S. Nataraja Pillai : I cannot answer that now.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കൂടുതൽ വിളവുണ്ടായി എന്നു പറഞ്ഞതു് മുമ്പുണ്ടായിരുന്ന വിളവു തിട്ടപ്പെടുത്തിയാണോ ?

ശ്രീ. പി. എസ്സ് നടരാജപിള്ള : തിട്ടപ്പെടുത്തിയിട്ടാണു് പറയുന്നതു്. ഇത്രയും വിളവു് മുമ്പില്ലായിരുന്നു എന്നറിയാം. ശരിയായ കണക്കു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ജപ്പാൻ കൃഷി സമ്പ്രദായം നടപ്പിലാക്കിയപ്പോൾ, മുമ്പു പ്രയോഗിച്ചിരുന്ന വളമല്ലാതെ മററു പുതുതായി വല്ല വളവും പ്രയോഗിച്ചോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതു സംബന്ധിച്ചു പറയുന്നതു് ഇങ്ങനെയാണു്:

> "The essential features of this system are the use of a very low seed rate, the growing of seedlings in raised nursery beds, heavy manuring of the crop both in the nursery and in the field and careful weeding and interculture coupled with judicious irrigation."

ശ്രീ. കട്ടപ്പൻ കോയിക്കൽ : സാധാരണയുള്ള കൃഷിച്ചിലവിനേക്കാൾ കൂടുതൽ ചിലവു് ഈ കൃഷിസമ്പ്രദായത്തിനുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ചിലവു കുറച്ചു കൂടുമായിരിക്കും. അതിന്റെ കണക്കു് എന്റെ കൈവശമില്ല.

ശ്രീ. കട്ടപ്പൻ കോയിക്കൽ : ഈ കൃഷി നടത്തിയതു് ഒരുപ്പൂവു് നിലത്തിലാണോ, ഇരുപ്പൂവു് നിലത്തിലാണോ?

Shri P. S. Nataraja Pillai : I am sorry I have not got the information.

ശ്രീ. കട്ടപ്പൻ കോയിക്കൽ : ഒരുപ്പൂവു് നിലത്തിലും ഇരുപ്പൂവു് നിലത്തിലും അല്ലെങ്കിൽ ഏതുതരം മണ്ണിലാണു് ഈ സമ്പ്രദായം പ്രയോഗിച്ചതെന്നു് പറയാമോ ?

Shri P. S. Nataraja Pillai : Without notice, I cannot obtain the answer for that question.

ശ്രീ. കെ. സി. ജോർജ്ജ് : ഈ കൃഷിസമ്പ്രദായത്തെപ്പററി എന്തെല്ലാം പ്രചാരണങ്ങൾ നടത്തിയിട്ടുണ്ടു്?

Shri P. S. Nataraja Pillai : The Japanese system of cultivation was demonstrated by the Department of Agriculture in various centres of the State both in the Government owned farms and in lands owned by individual ryots. Sufficient stocks of concentrated manures and fertilisers are also stocked in departmental Manure Depots for distribution.

ശ്രീ. കെ. സി. ജോർജ്ജ് : ആ പ്രചാരണങ്ങളുടെ ഫലമായി പൊതുവേ കൃഷിക്കാർ എങ്ങിനെയാണു് ഈ സമ്പ്രദായത്തെ സ്വീകരിച്ചിരിക്കുന്നതെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഗവമെണ്ടിന്റെ അറിവിൽപ്പെട്ടിടത്തോളം ജനങ്ങൾ ഈ സമ്പ്രദായത്തെ സ്വീകരിക്കാൻ മനോഭാവമുള്ളവരായിട്ടുണ്ടു് കാണുന്നതു്.

ശ്രീ. കെ. സി. ജോർജ്ജ് : ഈ സമ്പ്രദായം നടപ്പിലാക്കാൻ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി വേണമെന്നാണു് കൃഷിക്കാർ ആവശ്യപ്പെടുന്നതു് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : കൂടുതൽ സൗകര്യങ്ങൾ ആവശ്യപ്പെട്ടതായി ഗവണ്മെൻറിന് അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജ് : പ്രത്യേക ആനുകൂല്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കാതെ ഈ സമ്പ്രദായം നടപ്പിലാക്കാൻ പ്രയാസമാണെന്നു് ഗവണ്മെൻറിന് അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അങ്ങിനെ ഗവണ്മെൻറിന് തോന്നിയിട്ടില്ല.

ശ്രീ. റ്റി. ഭാസ്കരൻപിള്ള : ഇത്രയും വളം ചെയ്തു നാടൻ കൃഷി നടത്തിയാൽ കൂടുതൽ നെല്ല് കിട്ടുമെന്നു അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇതു് നാടൻ കൃഷി തന്നെയാണ്.

ശ്രീ. റ്റി. ഭാസ്കരൻപിള്ള : നാടൻ സമ്പ്രദായം അംഗീകരിക്കുന്നതാണ് കൂടുതൽ നല്ലതെന്നു് അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഞാറു പറിച്ചു നടുന്നതു് വളരെ നല്ലതാണെന്നു വളരെ മുമ്പുതന്നെ കൃഷി വിദഗ്ദ്ധൻ പ്രചരണം നടത്തിയിരുന്നു.

ശ്രീ. റ്റി. ഭാസ്കരൻപിള്ള : നാടൻ കൃഷിയാണെങ്കിൽ എന്തിനാണ് ഗവണ്മെൻറു പണം ചെലവാക്കി പ്രചരണം നടത്തുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ജനങ്ങൾ ആ സമ്പ്രദായം സ്വീകരിക്കുന്നതിനു വേണ്ടി.

ശ്രീ. എം. ഭാസ്കരൻ നായർ : പ്രചരണം നടത്തുന്നതിന് പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഉണ്ട്.

ശ്രീ. എം. ഭാസ്കരൻ നായർ : ഒരു അഗ്രികൾച്ചറൽ ഡിവിഷനിൽ ഒരു ഇൻസ്പെക്ററർ മാത്രമല്ലേ ഉള്ളൂ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇൻസ്പെക്ററും ഡമാൺസ്ട്രേററും ഉണ്ട്.

ശ്രീ. അബ്ദുൽഖാദർ : ഇവിടെ റഷ്യൻകൃഷി നടപ്പിലുണ്ടെന്നുള്ള വിവരം ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ?

Mr. Speaker : That question is disallowed.

കാർഷികോപകരണങ്ങളുടെ വില്പന.

* നം. [ ] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൨-൫൩-ൽ സർക്കാരിൽ കാർഷികോപകരണങ്ങൾ സഹായവിലയ്ക്കു കൃഷിക്കാർക്കു വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എന്തു് ഉപകരണങ്ങളെന്നും, എവിടെനിന്നും വിതരണംചെയ്തിട്ടുണ്ടെന്നും പറയുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) ൪,൨൩൩ രൂപ ൧൨ അണ ൩ പൈസ.

ഒരു വിശദമായ സ്റ്റേറ്റുമെന്റ ഇതോടു ചേർത്തിരിക്കുന്നു. *

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ, ഇതു് ഏതു ഡിപ്പാർട്ടുമെന്റിൽ നിന്നാണു വിതരണം ചെയ്യുന്നതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിൽനിന്നാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഏതു തരത്തിലുള്ള കൃഷിക്കാർക്കാണു് ഇതു വിതരണം ചെയ്യുന്നതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ൧൯ സ്ഥലങ്ങളിലുള്ള ഡിപ്പോകളിൽനിന്നും വിതരണംചെയ്യുന്നുവെന്നാണു കാണുന്നതു്. അതായതു്, നാഗർകോവിൽ, കുളത്തൂപ്പാണ്ടി, നെടുമങ്ങാടു്, നെയ്യാററിൻകര, കൊട്ടാരക്കര, അടൂർ, പത്തനംതിട്ട, തിരുവല്ല, പുനലൂർ, തൊടുപുഴ, മീനച്ചിൽ, തൃപ്പൂണിത്തുറ, ഇരിഞ്ഞാലക്കുട, മാള, തലപ്പിള്ളി, ഈ സ്ഥലങ്ങളിലാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ൧൱൯൨–൯൩–ൽ എത്ര രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ൪,൨൩൩ രൂ. ൧൨ അണ ൩ പൈസ എന്നു ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഒരു പബ്ലിക്കേഷനിൽ ൭,൩൯൧ രൂപയുടെ ഉപകരണങ്ങൾ വിററിട്ടുള്ളതായി പറയുന്നതായിഅറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : എന്റെ കയ്യിലുള്ള ഡിപ്പാർട്ടുമെന്റൽ ഫിഗേഴ്സു വച്ചാണു ഞാൻ പറഞ്ഞതു്. മെംബറുടെ കണക്കു എവിടെനിന്നും കിട്ടിയതാണെന്നു എനിക്കു അറിഞ്ഞുകൂടാ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പബ്ലിക്കു റിലേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധീകരിക്കുന്നവ തെററാണെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. പി. എസ്. നടരാജപിള്ള : അനൌദ്യോഗസ്ഥന്മാരുടെ സ്റ്റേററുമെന്റുകളും, ഉദ്യോഗസ്ഥന്മാർ സ്വന്തംനിലയിൽ ചെയ്യുന്ന സ്റ്റേററുമെന്റുകളും, ലേഖനങ്ങളും അതിൽ പ്രസിദ്ധീകരിക്കും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ ; ഞങ്ങൾ ഏതാണു സ്വീകരിക്കേണ്ടതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ഗവണ്മെന്റിന്റെ റിക്കാർഡുകൾ അനുസരിച്ചുള്ളതു്.

* Please see appendix II.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ തുക പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ചെലവുചെയ്യുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനുള്ള ശരിയായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതു ഗവൺമെന്റു നേരിട്ടാണോ, ഏജൻസിവഴിയാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഡിപ്പോകൾ മുഖേനയാണെന്നുമാത്രമെ എന്റെ കയ്യിലുള്ള റിക്കാർഡുകളിൽനിന്നും അറിയാൻ തരമുള്ളു. അതു പ്രൈവററ ഏജൻസിയാണോ, ഡിപ്പാർട്ടുമെന്റൽ ഏജൻസിയാണോ എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: എന്തെല്ലാം ഉപകരണങ്ങളാണു വിതരണംചെയ്യുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: സ്പേഡ്സ്, മമ്മട്ടി, കപ്പർ പ്ലൌസ്, കുന്താലി, ചാപ്ലേഴ്സ്, പ്ലൌഷെയർ, ഹാൻഡ്ഫോർക്സ്, തൂമ്പാ, സിക്കിൾ, ഹാററ്ച്ചെററ് മുതലായവയാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇവിടത്തെ വൻകിട വ്യവസായികൾക്കുമാത്രമെ ഇവ ലഭിക്കുന്നുള്ളുവെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: പരാതി കിട്ടിയിട്ടുള്ളതായി അറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ അന്വേഷിച്ചു വേണ്ട പരിഹാരമുണ്ടാക്കാം.

ശ്രീ. കെ. എം. കോര: കാർഷികോപകരണങ്ങൾ കാസ്ററ പ്രൈസ്സിനുതന്നെ കർഷകർക്കു കൊടുക്കുന്നുണ്ടോ? അതായതു് എൻജിൻ മുതലായവ.

ശ്രീ. പി. എസ്. നടരാജപിള്ള: ആ വിവരം എന്റെ കൈവശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സ്വന്തമായി ഭൂമിയില്ലാതെ, ഭൂമിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു തൂമ്പാ, അരിവാൾ മുതലായവ കൊടുക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അവരും അപേക്ഷിച്ചിട്ടുണ്ടെങ്കിൽ കൊടുക്കും.

ശ്രീ. ടി. പി. സീതാരാമൻ: കാർഷികോപകരണങ്ങൾ വിതരണംചെയ്യാൻ പ്രൈവററ ഏജൻസികളെ ഏർപ്പാടുചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്നതിനു് ഇത്ര രൂപവരെ എന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനു നോട്ടീസുവേണം.

ശ്രീ. കെ. പി. ഹാർമീസ്: കുന്നത്തുനാട് താലൂക്കിൽ വില്പന നടത്തുന്ന കാർഷികോപകരണങ്ങൾ അവിടത്തെ കൃഷിക്കാർക്ക് പററിയതല്ലെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. ഹാർമീസ്: അതിനെപ്പററി എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: പരാതി കിട്ടിയിട്ടുണ്ടോ എന്നു അന്വേഷിക്കാം.

ശ്രീ. കെ. കരുണാകരൻ: കാർഷികോപകരണങ്ങൾ വിതരണം നടത്തുന്നതിന് അതാതു സ്ഥലത്തെ പഞ്ചായത്തുകളെ ഏർപ്പാടു ചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു സാദ്ധ്യതയുള്ള ഒരു നിർദ്ദേശമായി ഞാൻ സ്വീകരിച്ചിരിക്കുന്നു. അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. അവിരാ തരകൻ: ഈ കാർഷികോപകരണങ്ങൾ മററു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണോ, ഇവിടെ ഉണ്ടാക്കുന്നതാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇവിടെ ഉണ്ടാക്കുന്നതാണെന്നു തോന്നുന്നു.

ஸ்ரீ. டி. டி. டானியல்: நாகர்கோயில் பூதப்பாண்டிக்கு எத்தனை கலப்பைகள், கொழுக்கள், மண்வெட்டிகள் கொடுக்கப்பட்டிருக்கின்றன?

ஸ்ரீ. பி. எஸ். நடராஜபிள்ளை: நாகர்கோயில் 79 ஸ்பேடும் 93 மண் வெட்டிகளும், பூதப்பாண்டியில் 100 ஸ்பேடும், 2 கலப்பையும் கொடுக்கப்பட்டிருக்கின்றன.

ശ്രീ. പി. ഭാസ്കരൻ നായർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ; ഒരു മെംബർക്ക് ഇവിടെ മൂന്നിൽ കൂടുതൽ ചോദ്യങ്ങൾ അനുവദിക്കുമോ?

മിസ്റ്റർ സ്പീക്കർ: പാടില്ല. അതുകൊണ്ടാണ് ൯-ാമത്തെ ചോദ്യം ഉപേക്ഷിച്ചിട്ടു പത്താമത്തെ ചോദ്യം വിളിച്ചതു്.

മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ.

* ൧൦൦. [൧൦] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര മത്സ്യം വളർത്തൽ കേന്ദ്രങ്ങളുണ്ടെന്നും, അവ എവിടെയെല്ലാമെന്നും, അതിൽ സർക്കാരിൻെറയും പ്രൈവററുടമകളുടെയും നേതൃത്വത്തിലുള്ളതു് ഏതെന്നും പറയുമോ;

(ബി) മത്സ്യം വളർത്തൽ കേന്ദ്രങ്ങൾക്കായി കായൽ പതിച്ചു കൊടുക്കുന്ന പതിവുണ്ടായിരുന്നോ; ഇപ്പോൾ ആ നിയമം പ്രാബല്യത്തിലിരുപ്പുണ്ടോ;

(സി) കായംകുളം കായലിനോടനുബന്ധിച്ച ആറാട്ടുപുഴ പകുതിയിൽ ആക്കെങ്കിലും മത്സ്യം വളർത്തുന്നതിനു കായൽ പതിച്ചുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കു; എത്ര ഏക്കർ സ്ഥലം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): (എ) മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എണ്ണം ൪. ഇവ ഞാറയ്ക്കൽ, മാലിപ്പുറം, ആയിരംതെങ്ങ്, കാർത്തികപ്പള്ളി എന്നീ സ്ഥലങ്ങളിലാണ്. ഇവയിൽ ആദ്യത്തെ മൂന്നെണ്ണം സർക്കാരിന്റെയും, അവസാനത്തേതു പ്രൈവററ മയുടേയുമാണ്.

(ബി) മത്സ്യം വളർത്തലിനായി കായൽ പതിച്ചു കൊടുക്കുക പതിവില്ല. എന്നാൽ മത്സ്യം വളർത്തലിന്റെ പ്രാധാന്യത്തെ പരിഗണിച്ചു രണ്ടു വ്യക്തികൾക്കായി ൨൪൮ ഏക്കർ കായൽസ്ഥലം പാട്ടത്തിനു കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രത്യേക നിയമമൊന്നുമില്ല.

(സി) ഉണ്ട്. ൧൧൨൨, ൧൧൨൭ എന്നീ വർഷങ്ങളിൽ രണ്ടു വ്യക്തികൾക്കായി ൨൪൮ ഏക്കർ സ്ഥലം പാട്ടത്തിനു കൊടുത്തിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആക്കെല്ലാമാണു സ്ഥലം പാട്ടത്തിനു കൊടുത്തതെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ശ്രീ. സി. ആർ. ഭാസ്കരനും, ശ്രീ. ഇ. ഭാസ്കരനും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇതിൽ ഒരാൾ മുൻപു ഈ അസംബ്ലിയിൽ മെംബറായിരുന്ന ഭാസ്കരനാണോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതെനിക്കു നിശ്ചയമില്ല. ഭാസ്കരനെന്ന പേരിൽ പലരും കണ്ടേയ്ക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: എത്ര കൊല്ലത്തേയ്ക്കാണു പാട്ടം?

Shri P. S. Nataraja Pillai: The lease to Shri C. R. Bhaskaran is for a period of 10 years from 1947. The area is 148 acres and the rent is Rs. 148 per annum. The area leased out to Shri E. Bhaskaran is 100 acres and this is for a period of 12 years from 1952. Under the lease the lessee is not liable to pay any rent for the first three years; for the next three years he has to pay rent calculated at Rs. 5 per acre per annum; thereafter the lessee shall pay the rent fixed by the Government, due regard being had to the circumstances of the case.

ശ്രീ. കെ. സി. ജാർജ്ജ്: ഈ കേന്ദ്രങ്ങൾ മത്സ്യം വളർത്തി കയറ്റി വിടണമെന്നാണോ ഗവണ്മെന്റ നിർദ്ദേശിച്ചിട്ടുള്ളതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അല്ല; വിൽക്കുന്നതിനു്.

Panchayats.

* 101 [11]. **Shri M. A. Antony** : Will the Chief Minister be pleased to state the steps the Government propose to take for the successful working of the Panchayats for the benefit of the rural population ?

Minister for Local Self-Government **(Shri P. K. Kunju)** : Proposals have been received as to what all steps could be taken up immediately and the matter is under consideration of the Government. The question of delegating powers to the Panchayat has not been finalised. The intention of Government is to make every Panchayat, as far as possible, an autonomous body working for the benefit of the rural population.

ഡാക്ടർ പി. പി. ആൻറണി : ബാങ്കുകളിൽ നിന്നും പണം വാങ്ങുന്നതിനു താമസം നേരിടുന്നതുമൂലം പല പഞ്ചായത്തുകളുടെയും ജോലികൾ നിർവഹിക്കാൻ താമസം നേരിടുന്നു എന്നുള്ള വിവരം അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ് : അങ്ങനെ താമസം നേരിടുന്നു എന്നു ബോദ്ധ്യമായാൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ഡാക്ടർ പി. പി. ആൻറണി : പഞ്ചായത്ത് ആഫീസുകൾ നടത്തുന്നതിന് വേണ്ടത്ര സ്ഥലസൗകര്യവും ഇല്ലെന്ന് അറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞ് : അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻ നാടാർ : സംസ്ഥാനത്ത് പഞ്ചായത്ത് ഇല്ലാത്ത സ്ഥലങ്ങളുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ് : പഞ്ചായത്തുള്ള സ്ഥലങ്ങളെക്കുറിച്ചറിയാം.

ശ്രീ. എ. കുഞ്ഞൻ നാടാർ : കണ്ണൻദേവൻ എസ്റ്റേററ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പഞ്ചായത്ത് രൂപീകരിച്ചിട്ടില്ലായെന്ന് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ് : ൯൪൨ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ട് പഞ്ചായത്തുകളുടെ പ്രസിഡൻറ് തിരഞ്ഞെടുപ്പിനെപ്പററി ചില കുഴപ്പമുള്ളതുകൊണ്ട് ആ സ്ഥലത്തുമാത്രം പഞ്ചായത്തുകൾ രൂപീകരിച്ചിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : എന്തു കുഴപ്പമാണെന്ന് വിശദീകരിക്കാമോ ?

ശ്രീ. പി. കെ. കുഞ്ഞ്: പ്രസിഡൻറിൻെറ എലക്ഷൻ നടന്നിട്ടില്ലെന്ന് മാത്രമാണ് പ്രധാന കാര്യം.

ശ്രീ. എ. കുഞ്ഞൻനാടാർ : പഞ്ചായത്ത് എലക്ഷനെ സംബന്ധിച്ച് പല തകരാറുകളും ഉണ്ടായിട്ടുള്ളതിനെ പരിഹരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. എ. ആന്റണി: പഞ്ചായത്തുകൾക്കു്, ജനക്ഷേമകരങ്ങളായ പ്രവത്തനങ്ങൾ നടത്തുന്നതിലേക്കായി കൂടുതൽ ഗ്രാന്റു് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാൎയ്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. എം. എ. ആന്റണി: പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം പഞ്ചായത്തുകളിലെ മരാമത്തുപണികൾ ശരിയായി നടക്കുന്നില്ലെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അനാസ്ഥമൂലമാണോ എന്നറിഞ്ഞുകൂടാ. ചില സ്ഥലങ്ങളിൽ മരാമത്തുപണികൾ തീൎന്നിട്ടില്ലെന്നറിയാം. അവയെപ്പററി അന്വേഷണം നടത്താം.

ശ്രീ. എം. ഭാസ്കരൻ നായർ: പഞ്ചായത്തു ഏർപ്പാടുമൂലം ചെറിയ ചെറിയ ചെററക്കുടിലിനുപോലും കരം ചുമത്തുന്ന ഏർപ്പാടു് നിറുത്തലാക്കാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാൎയ്യം ഗവണ്മെന്റിന്റെ പൎയ്യാലോചനയ്ക്കു് വിഷയീഭവിക്കുന്നതായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: പഞ്ചായത്തു ആഫീസുകളുടെയും മററും മരാമത്തു വകയ്ക്കായി ആവശ്യമുള്ള തുക ഗവണ്മെന്റു് അപ്പപ്പോൾ അനുവദിച്ചുകൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാൎയ്യത്തിന്റെ പ്രായോഗികതയെപ്പററി വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. എൻ. ജി. ചാക്കോ: പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരങ്ങൾ നൽകാൻ പോകുന്നു എന്നു പറയുകയുണ്ടായി. എന്തെല്ലാം കൂടുതൽ അധികാരങ്ങളാണു് നൽകാൻ പോകുന്നതെന്നു് പ്രസ്താവിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞു്: പഞ്ചായത്തുകളുടെ അധികാരവിപുലതയെപ്പററി പല പ്രപ്പോസൽസും ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടു്. അവ ഗവണ്മെന്റിന്റെ പൎയ്യാലോചനയിൽ ഇരിക്കുകയാണു്.

പഞ്ചായത്തു ബൈലാ.

* ൫൦൨. [൫൨] ശ്രീ. ടി. ഭാസ്കരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനമായ പഞ്ചായത്തിനു് ബൈലായിൽ ഭേദഗതി ചെയ്യാനുള്ള അവകാശം കൊടുത്തിട്ടു് ഭേദഗതി ചെയ്താൽ അതു അംഗീകരിക്കാതെ തിരിച്ചയയ്ക്കുന്നതിനു് പഞ്ചായത്തധികൃതർക്കു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള: ബൈലായിൽ ചേർക്കണമെന്നു കാണിച്ചു അയച്ചിട്ടുള്ള പല നിർദ്ദേശങ്ങളും പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ നിന്നും നിരാകരിച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: അങ്ങനെ നിരാകരിച്ചതായി അറിവില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള: അങ്ങനെ ഭേദഗതികൾ തള്ളിക്കളഞ്ഞതായിട്ടു ഗവണ്മെന്റിനു ബോദ്ധ്യമായാൽ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ചില ഭേദഗതികൾ തള്ളിയിട്ടുണ്ടെങ്കിൽ തന്നെ അവ ഇൻഡ്യൻ ഭരണഘടനക്കും നിലവിലുള്ള പഞ്ചായത്തു ആക്ടിനും വിപരീതമായിട്ടുള്ളതാണു്. ആക്ടിനു് വിപരീതമല്ലാത്ത ഭേദഗതികൾ തള്ളിക്കളഞ്ഞിട്ടില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള: ആക്ടിനും റൂൾസിനും വിപരീതമല്ലാത്ത ഭേദഗതികൾ തള്ളിക്കളഞ്ഞിട്ടുണ്ടെന്നു് ബോദ്ധ്യപ്പെട്ടാൽ നടപടിയെടുക്കാൻ സന്നദ്ധമാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അതു് യഥാർത്ഥമാണെങ്കിൽ നടപടിയെടുക്കുന്നതാണു്.

ശ്രീ. എം. എ. ആന്റണി: ഭരണഘടനക്കു് വിപരീതമല്ലാത്ത ഭേദഗതികൾ ഇനിയും അയക്കുന്നതായാൽ അവ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: ഏതെല്ലാം പഞ്ചായത്തുകളാണു് ബൈലാ പാസ്സാക്കിയിട്ടുള്ളതെന്നു് പറയാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: എന്റെ കൈവശം റിക്കാർഡുകൾ ഒന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ചെറിയ കുടിലുകൾക്കു് കരം കൊടുക്കണമെന്നുള്ളതു് ഗവണ്മെന്റിന്റെ പര്യാലോചനയിൽ പെട്ടിട്ടുള്ളതല്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനെപ്പററി ഒരു മറുപടി പറയാൻ തക്കവണ്ണം രേഖകൾ ഒന്നും കൈവശമില്ല.

Short Notice Questions.

Mr. Speaker: I shall now take up the Short Notice Questions posted for the day.

Trade Dispute.

✱ 3. [4] **Shri M. P. Menon** : Will the Minister for Local Self Government be pleased to state :

(*a*) whether a trade dispute has arisen as a result of Messrs. Shri Padmanabha Wood Industrials, Trivandrum, discharging a majority of the workmen under them ; and

(*b*) what steps Government have taken to settle the dispute?

Minister for Local Self-Government (**Shri P. K. Kunju**) :

(*a*) Yes.

(*b*) The Assistant Labour Commissioner, Trivandrum, has initiated conciliation proceedings in the matter and has posted a conference on 30-3-1954 to explore the possibilities of an amicable settlement of the dispute.

ശ്രീ. എം. പി. മേനോൻ : ഈ തൊഴിലാളികളെ പിരിച്ചുവിട്ടതു് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ശ്രീ. താണുപിള്ളയ്ക്കുവേണ്ടി പ്രചരണം നടത്തി എന്നുള്ള കുററം കൊണ്ടാണെന്നു് ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെ അറിവില്ല.

Shri Chengarapalli P. Narayanan Potti : Sir, I want to know whether Short Notice Question No. 3 has been put and answered?

Mr. Speaker : That is an unstarred question.

പഞ്ചായത്തു ഡയറക്ടർ അയച്ചിട്ടുള്ള സക്കുലർ.

✱ ൪. [൫] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിലെ പഞ്ചായത്തു ഡയറക്ടർ ൧൯൫൪ ഫെബ്രുവരി ൧൦-ാംതീയതി ററൽ. ന്യൂ-൩൯൯/൫൪-ാംനമ്പരായി ഈ സ്റ്റേററിലെ പഞ്ചായത്തുകൾക്കു് അയച്ചിട്ടുള്ള സക്കുലർ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ സക്കുലർ ഉടനടി നടപ്പിൽ വരികയാണെങ്കിൽ ഈ സംസ്ഥാനത്തുള്ള ൫൦൦-ൽപരം പഞ്ചായത്തുകളുടെ പ്രവർത്തനവും സ്തംഭിക്കാനിടയുണ്ടെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ;

(സി) പഞ്ചായത്തു ഡയറക്ടറുടെ സക്കുലർ ഉടനടി പ്രയോഗത്തിൽ വരാതിരിക്കുന്നതിനുവേണ്ടിയുള്ള സത്വരനടപടികൾ ഗവണ്മെൻറു സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) സമീപകാലത്താണു് ശ്രദ്ധയിൽപെട്ടതു്.

(ബി) (സി) ഈ കാര്യത്തെപ്പററി ആലോചിച്ച് ഗവണ്മെൻറിൽ നിന്നും വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. വി. ശ്രീധരൻ: ഈ സർക്കുലറിനെപ്പററി ആലോചിച്ച് മറുപടി പറയാൻ എത്ര കാലം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: സമയക്ലിപ്തം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. ശ്രീധരൻ: ഈ മാസം ൩൧-ാം തീയതിക്കകം ഈ സർക്കുലറിനെപ്പററി ഒരു തീരുമാനം എടുത്തില്ലെങ്കിൽ സംസ്ഥാനത്തുള്ള ൯൦൦-ൽപരം പഞ്ചായത്തുകളുടെ പ്രവർത്തനം സ്തംഭിക്കാനിടയുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതാണ് ഗവണ്മെൻറ പറയുന്നത് ഈ കാര്യത്തെപ്പററി ആലോചിച്ച് തീരുമാനമുണ്ടാക്കാമെന്ന്. ഈ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. ടി. ഭാസ്കരൻപിള്ള: പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന ഈ കാര്യം പഞ്ചായത്തു ഡയറക്ടറുമായി ഗവണ്മെൻറിനു ആലോചിക്കാൻ വളരെ താമസം വേണ്ടിവരുമോ?

ശ്രീ. പി. കെ. കുഞ്ഞ്: വലിയ താമസത്തിനു കാരണമില്ല എത്രയുംവേഗത്തിൽ ഈ കാര്യത്തെക്കുറിച്ചു ആലോചിക്കുകയും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

ശ്രീ. വി. ശ്രീധരൻ: ഈ സർക്കുലറിൻെറ ഫലമായിട്ടു സംസ്ഥാനത്തുള്ള പഞ്ചായത്തുകൾ പ്രവർത്തനരഹിതമായാൽ ഉണ്ടാകുന്ന ഫലങ്ങളെപ്പററി ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: പ്രവർത്തനരഹിതമാകുന്നതല്ല.

ശ്രീ. വി. ശ്രീധരൻ: പ്രവർത്തന രഹിതമാകാതിരിക്കാൻവേണ്ടി എത്രയും വേഗത്തിൽ ഗവണ്മെൻറ നടപടി കൈക്കൊള്ളുമോ?

ശ്രീ. എ. കുഞ്ഞൻനാടാർ: പഞ്ചായത്തു ഡയറക്ടർ അയച്ചിട്ടുള്ള സർക്കുലറിൻെറ ഉള്ളടക്കം എന്താണെന്നു വിശദമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞ്: സർക്കുലർ മേശപ്പുറത്തു വച്ചിരിക്കുകയാണ്. ഏകദേശം ൧൨ പേജുവരെയുണ്ട്. അത്രയും വായിക്കുന്നതിനുള്ള സമയം ലഭിക്കാത്തതുകൊണ്ടാണ് മേശപ്പുറത്തുവച്ചിരിക്കുന്നത്.

ശ്രീ. വി. ശ്രീധരൻ: അതിൻെറ ചുരുക്കം എങ്കിലും പ്രസ്താവിച്ചുകൂടേ?

ശ്രീ. പി. കെ. കുഞ്ഞ്: പഞ്ചായത്തുകളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി വിതരണം ചെയ്തിട്ടുള്ള ഒരു സർക്കുലറാണ് എന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. വി. ശ്രീധരൻ: മാർച്ചുമാസം ൩൧-ാം തീയതിക്കകം ഈ സർക്കുലറിനെ സംബന്ധിച്ച് നടപടി എടുത്തില്ലെങ്കിൽ ഓരോ പഞ്ചായത്തിലേയ്ക്കുമുള്ള ൨,൦൦൦ രൂപ കിട്ടുകയില്ലായെന്നുള്ളത് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ ഭയപ്പെടേണ്ട.

Retrenchment of Teachers.

*5 [6]. **Shri K. P. Hormis :** Will the Minister for Education be pleased to state :

(*a*) whether Government have passed orders retrenching teachers from service with effect from 26-3-1954 ; and

(*b*) if the answer to (*a*) is affirmative the number ef teachers affected by the same and the reasons thereof ?

Chief Minister (**Shri A. Thanu Pillai**) : (*a*) Government have not passed any order retrenching teachers ; but a number of teachers appointed in short vacancies had to be relieved on 26-3-1954 on the termination of the vacancies in which they were acting.

(*b*) 83 Graduate teachers and 475 primary school teachers. As these teachers were recruited specially as leave reserve recruits they have to go out of service on the termination of the vacancies. But instructions have been issued to re-entertain them as early as possible. About 250 of them will be immediately re-entertained. The others will also be absorbed with the reopening of the schools when more vacancies are anticipated.

ശ്രീ. വി. ശ്രീധരൻ : സ്ഥിരം ഒഴിവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അങ്ങനെ പിരിച്ചുവിട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. വി. ശ്രീധരൻ : അപ്രകാരം പിരിച്ചുവിട്ടിട്ടുള്ളതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ ബോദ്ധ്യപ്പെടുന്നപക്ഷം പരിഹാരം ഉണ്ടാകുമോ ?

ശ്രീ. എ. താണുപിള്ള : സ്ഥിരമായ വേക്കൻസികളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ടെന്നു കാണുന്നപക്ഷം എത്രയും വേഗത്തിൽ അവരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ തക്കവണ്ണമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : വെക്കേഷൻകാലത്തു് ശമ്പളം കൊടുക്കാതിരിക്കുന്നതും ആക്റ്റിംഗ്കാരെ പിരിച്ചുവിടുന്നതും ലാഭത്തിനെ ഉദ്ദേശിച്ചല്ലേ?

ശ്രീ. എ. താണുപിള്ള : ആ ഉദ്ദേശമല്ല. വെക്കേഷൻ കാലത്തു് അവധിയിൽ പ്രവേശിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകന്മാൎക്കും ശമ്പളം കൊടുക്കാൻ പ്രൊവിഷൻ ഇല്ല. മാത്രമല്ല പിരിച്ചുവിടുന്നതിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ സംസ്ഥാനത്തുള്ള പ്രൈമറി സ്കൂളുകളിൽ ൩൦൦൦൦-ൽപരം അദ്ധ്യാപകരുണ്ടു്. ഇത്രയും അദ്ധ്യാപകരിൽ ൫൦൦-ൽ ചില്വാനം ആളുകൾ അവധിയെടുക്കുകയെന്നുള്ളതു് ഒരു അസാധാരണ

സംഭവമല്ല. സ്ഥിരമാക്കിയിട്ടുള്ള അദ്ധ്യാപകക്കു മാത്രമേ വെക്കേഷൻ കാലത്തു് ശമ്പളം കൊടുക്കുകയുള്ളു. അല്ലാത്തുള്ളവക്കു് കൊടുക്കാൻ നിവൃത്തിയില്ല. അങ്ങനെയുള്ളവർ വെക്കേഷൻ കാലത്തു് ജോലിയിൽ പ്രവേശിക്കുമ്പോഴാണു് താൽക്കാലികമായി നിയമിച്ചിട്ടുള്ള അദ്ധ്യാപകരെ പിരിച്ചുവിടുന്നതു്.

അദ്ധ്യാപകന്മാരുടെ പിരിച്ചുവിടൽ.

✽ ന. [൧] ശ്രീ. എം. ഏ. ആൻറണി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് എഡ്യുക്കേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സക്കാർ പ്രൈമറി സ്കൂളുകളിൽ ജോലിനോക്കുന്ന ഏതെങ്കിലും അദ്ധ്യാപകന്മാരെ ൨ ന-ന- ൧൯൫൪-ൽ പിരിച്ചുവിടുന്ന കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര അദ്ധ്യാപകന്മാരെ ഈ കല്പന ബാധിക്കും ;

(സി) അവരെ പിരിച്ചുവിടുന്നതിനുള്ള കാരണമെന്തു്;

(ഡി) ഇവരെ സർവീസിലേയ്ക്കു് തിരിയെ എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള) :

(എ) പകരം ജോലിനോക്കിവന്നിരുന്നവരിൽ ചിലർ ആ ഒഴിവുകൾ അവസാനിച്ചതു കാരണം ൨ ന-ന-൫൪ മുതൽ തൽക്കാലം പിരിഞ്ഞുപോകേണ്ടതായി വന്നിട്ടുണ്ടു്.

(ബി) ൪൧൫. ഇവരിൽ ഇരുനൂററി അൻപതോളം അദ്ധ്യാപകരെ ഉടനെ വീണ്ടും ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്കു നിയമിക്കുന്നതാണു്.

(സി) അവർ ജോലി നോക്കി വന്നിരുന്ന തൽക്കാല ഒഴിവുകൾ അവസാനിച്ചതുകൊണ്ടു്.

(ഡി) തിരിച്ചെടുക്കും.

ശ്രീ. ടി. കെ. ദിവാകരൻ : സ്ഥിരവേക്കൻസികളിൽ വളരെക്കാലമായി ജോലി നോക്കിക്കൊണ്ടിരിക്കുന്ന അദ്ധ്യാപകന്മാരെ കഴിയുന്നതും വേഗംസ്ഥിരപ്പെടുത്തുന്ന കാര്യം പര്യാലോചിക്കുമോ?

ശ്രീ. ഏ. താണുപിള്ള : കഴിയുന്നതും വേഗം അവരെ സ്ഥിരപ്പെടുത്താം.

Written Answers.

ജന്മിക്കരം.

✽ ൧൦൫. [൧൩] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്മിക്കരം ഇനത്തിൽ പ്രതിവർഷം ഗവണ്മെൻറു് എത്ര രൂപ പിരിച്ചെടുക്കുന്നുണ്ടു്;

(ബി) ഈ കരം പിരിച്ചെടുത്തു് ജന്മിമാക്ക നൽകുന്നതിനു് ജന്മിമാരിൽനിന്നും ഗവണ്മെൻറു് എന്തു തുക ഈടാക്കുന്നു;

(സി) ഈ ഇനത്തിൽ ഗവണ്മെൻറിനു് വഷംതോറും എത്ര രൂപാ നഷ്ടം ഉണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) രൂ. ൧൦,൩൮,൭൩൭—൧൨—൭.

(ബി) രൂ. ൨൩,൨൨൨—൧൦—൮.

(സി) രൂ. ൧൪,൭൮൦

എൻ. ജി. ഒ-മാരുടെ പെൻഷൻ.

* ൧൦൪. [൧൭] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തെയും കൊച്ചീവിഭാഗത്തെയും എൻ. ജി. ഒ-മാരുടെ പെൻഷൻനിരക്കിൽ വ്യത്യാസം വരുത്താൻ കാരണമെന്തു്;

(ബി) ഈ വ്യത്യാസം പരിഹരിച്ചു് പെൻഷൻനിരക്ക തുല്യമാക്കാൻ ഉടൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) സംയോജനകാലത്തു് ഇരുരാജ്യങ്ങളിലും നിലവിലിരുന്ന പെൻഷൻ ചട്ടങ്ങളും നിരക്കുകളും ഇപ്പോഴും തുടരുകയാണു്. കൊച്ചിയിലെ ക്ഷാമബത്താനിരക്കു് തിരുവിതാംകൂറിലേതിനേക്കാൾ കൂടുതലാണു്.

(ബി) ഇരുരാജ്യങ്ങളിലെയും ക്ഷാമബത്താനിരക്കിലുള്ള ഈ വ്യത്യാസം പരിഹരിക്കുന്ന പ്രശ്നം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

UNSTARRED QUESTIONS.

Petitions from Teachers.

33 [7]. **Shri Alexander Parampithara** : Will the Chief Minister be pleased to state :

(*a*) the number of petitions pending with Government from private secondary teachers adversely affected by the provisions of the P. S. S. Scheme ;

(*b*) how many of these petitions have been sent through the Education Department ;

(*c*) how many have been sent through Advocates ; and

(*d*) how many of them are there pending for six months or more ?

Answer.

(*a*) 20 including petitions from Managers.

(*b*) Nil.

(*c*) Two.

(*d*) Seven.

Bus Service to Nedumangad.

34 [8] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state whether Government would be pleased to consider the question of increasing the bus services leading to Nedumangad especially on Market days?

Answer.

State Transport buses are plying along the Trivandrum-Nedumangad route with an average frequency of 25 minutes. Government consider that additional services along this route are unnecessary as well as unremunerative.

തൊഴിലാളികൾക്കു ഭവനങ്ങൾ.

൩൫. [൯] ശ്രീ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്ട് വില്ലേജിലും, എടവിലങ്ങ് വില്ലേജിലെ കാര എന്ന സ്ഥലത്തും തൊഴിലാളികൾക്കുവേണ്ടി പണിതിരിക്കുന്ന കെട്ടിടങ്ങൾ ഉപയോഗശൂന്യമായി ആരും താമസമില്ലാതെ കിടക്കുന്നതിന്റെ കാരണമെന്ത്;

(ബി) ഇക്കാര്യത്തിൽ ഉടനെ വേണ്ട നടപടി നടത്തുമോ?

ഉത്തരം.

(എ) അഴീക്കോട്ടേയും എടവിലങ്ങിലേയും പരസ്പരസഹായ സംഘങ്ങൾ തന്നിരുന്ന ഉറപ്പിന്മേൽ ആ സ്ഥലങ്ങളിൽ ഭവനനിർമ്മാണം പൂർത്തിയായപ്പോൾ ടി സംഘങ്ങളുടെ ഇപ്പോഴത്തെ സാമ്പത്തികനില പദ്ധതിയുടെ പ്രവർത്തനച്ചുമതല ഏറ്റെടുക്കുവാൻ പര്യാപ്തമായതല്ലെന്ന് ടി സംഘങ്ങൾ അറിയിച്ചതിനാൽ, ഭവനങ്ങൾ ആരെയും ഏല്പിക്കുവാൻ സാധിച്ചില്ല.

(ബി) അവശസമുദായത്തിൽപ്പെട്ടവരുടെ താമസത്തിനായി ടി ഭവനങ്ങൾ അവശസമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിനെ ഏല്പിക്കുവാനുള്ള നടപടികൾ ഊർജ്ജിതത്തിലിരിക്കുകയാണ്.

Bridge in Cheranallur.

36. [10] **Shri M. A. Antony**: Will the Chief Minister be pleased to state:

Whether the Government have taken any steps for the construction of a bridge in the Cheranallur crossing in the Ankamali Manjapra Road in Alwaye Sub Division in this financial year?

Answer.

Yes.

Sub Treasury at Ettumanur.

37 [15] **Shri V. V. Sebastian**: Will the Chief Minister be pleased to state:

(a) whether the Government have sanctioned the opening of a Sub Treasury at Ettumanur; and

(b) if so, why that decision has not yet been implemented?

Answer.

(a) Yes.

(b) Certain minor alterations required in the building chosen for the purpose have to be attended to. Orders have been issued to the Chief Engineer, P. W. D. to carry out the work. On completion of this work the Sub Treasury will begin to function.

കായൽകൃഷി.

൩൮. [൧൬] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ കൃഷിക്കു കൊടുത്തതിൽ പല ക്രമക്കേടുകളും ഉണ്ടായിട്ടുണ്ടെന്നു കാണിച്ച് ഗവണ്മെന്റിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഗവണ്മെന്റ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) പരാതികൾ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

Municipal Commissioner.

39. [18] **Shri Avira Tharakan**: Will the Chief Minister be pleased to state:

(a) Whether one Mr. M. Ràmakrishnan was selected by the Publice Service Commission for appointment as Municipal Commissioner in this financial year; and

(b) if so why he was not appointed?

Answer.

(a) Yes.

(b) the matter is under consideration.

Perumbavur Munsiff's Court.

40 [19] **Shri Avira Tharakan**: Will the Chief Minister be pleased to state:

(a) whether one lady working in the Perumbavoor Munsiff's Court was thrown out of job when the Congress Ministry was in power; and

(b) if so what was the reason?

Answer.

(a) Yes.

(b) The appointment was only a temporary one.

Adjournment Motions.

12 Noon.

Mr. Speaker: Order, order. Time for interpellations is over. Yesterday the Chief Minister promised to place before the House, the facts relating to the adjournment motion given notice of by Shri K. I. Velayudhan.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : സർ, ഈ അടിയന്തിരപ്രമേയത്തിൽ ഒരു വഴി പോലീസുകാർ അടച്ചു എന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഏതുവഴിയാണു് അടച്ചതു് എന്നുള്ളതൊന്നും ഈ മോഷനിൽ ഇല്ല. എങ്കിലും എനിക്കു കിട്ടിയ വിവരം അങ്ങനെ യാതൊരു വഴിയും പോലീസുകാർ അടച്ചിട്ടില്ല എന്നാണു്. പോലീസ് റിസർവു ക്യാമ്പിനകത്തുകൂടി ഒരു വഴി കിട്ടുന്നതിനുള്ള ശ്രമമാണു് കാണുന്നതു്. അതിൽ നിന്നാണു് ഇങ്ങനെ ഒരു മോഷൻ ഇടയായിട്ടുള്ളതു്. ആളുകൾക്കു നടക്കുന്നതിനു വേറെ ഒരു വഴിയുണ്ടു്. പോലീസ് ക്യാമ്പിനകത്തു് വഴി കൊടുക്കുന്നതു ശരിയല്ല. അവിടെ വേറെ വഴിയില്ലായ്കയുമില്ല. പോരാത്തതിനു സൌകര്യമായ ഒരു വഴി കൊടുക്കുന്നതിനു് ഗവമെന്റ് ഉത്തരവു കൊടുത്തിട്ടുണ്ടു്. ആ വഴി ഒട്ടും താമസിയാതെ തുറക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുകയും ചെയ്യാം. ഇതല്ലാതെ ഒരു വഴിയും പോലീസുകാർ തടഞ്ഞിട്ടില്ല.

ശ്രീ. കെ. ഐ. വേലായുധൻ : ഒരു വഴി പുതിയതായി തുറക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾത്തന്നെ ഇവിടെ പ്രസ്താവിച്ചുവല്ലോ. അങ്ങനെ ഒരു പുതിയ വഴി ഇട്ടുകൊടുക്കുന്നതിന്റെ ആവശ്യമെന്താണു്?

ശ്രീ. എ. താണുപിള്ള : ആളുകൾക്കു നടക്കുന്നതിനാണു്.

ശ്രീ. കെ. ഐ. വേലായുധൻ : ആദ്യം ഉണ്ടായിരുന്ന വഴി തടഞ്ഞുകൊണ്ടു് ഇപ്പോൾ പുതിയതായ ഒരു വഴി തുറക്കുവാൻ പോകയല്ലേ?

ശ്രീ. എ. താണുപിള്ള: അല്ല. റിസവ്വ് ക്യാമ്പിനകത്തുള്ള വഴിയിൽക്കൂടി ആളുകൾ നടന്നിരുന്നു. ആളുകൾക്ക നടക്കുന്നതിന് ഇപ്പോഴും ഒരു വഴിയുണ്ട്. കൂടുതൽ സൌകര്യങ്ങളെ ഉദ്ദേശിച്ച് വേറെ ഒരു വഴി കൂടി തുറക്കുവാനാണ് ഏർപ്പാട് ചെയ്തിരിക്കുന്നതു്.

ശ്രീ. കെ. ഐ. വേലായുധൻ: വളരെക്കാലമായി ആളുകൾ നടന്നുകൊണ്ടിരുന്ന ഒരു വഴി പോലീസുകാർ അടച്ചു എന്നുള്ള ആക്ഷേപത്തിന്റെ ഫലമായി മന്ത്രിമാരും ഐ. ജി. യും സ്ഥലത്തുവന്നു റിപ്പോർട്ട് എഴുതിപ്പോയിട്ടുള്ളതു് മന്ത്രിയുടെ മുമ്പിൽ ഇരിക്കുന്ന ഫയലിൽ കാണുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിന്റെ ഫലമായിട്ടാണ് ഒരു വഴി ഉടനെ തുറക്കാൻ ഏർപ്പാട ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. ഐ. വേലായുധൻ: ആ വഴി അടച്ചതുകൊണ്ടല്ലേ വേറെ പുതിയ വഴി തുറക്കുവാൻ ഇടയായതു്.

ശ്രീ. എ. താണുപിള്ള: വേറെ വഴി തുറക്കാൻ ഏർപ്പാട ചെയ്തു, ഉദ്ദേശിച്ചപോലെ പൂർത്തിയായിട്ടില്ല. അതുകൊണ്ടാണ് അതു് ഉടനെ പൂർത്തിയാക്കാമെന്നു പറഞ്ഞതു്.

ശ്രീ. കെ. ഐ. വേലായുധൻ: വഴി അടച്ചുകെട്ടിയ ശേഷം ജനങ്ങളുടെ ആക്ഷേപം അനുസരിച്ച് ജനങ്ങൾക്ക് അതിൽക്കൂടി കടന്നുപോകാൻ പെർമിഷൻ, കൊടുക്കുകയും ആ പെർമിഷൻ അടുത്തകാലത്തു തടഞ്ഞതായും ഗവണ്മെൻറിന് അറിയാമോ?

ശ്രീ. എ. താണുപിള്ള; അറിഞ്ഞുകൂടാ.

Mr. Speaker: In the light of the answers given by the Chief Minister, I reject the adjournment motion.

There are some other motions for adjournment received by me today. But all of them do not satisfy the provisions relating to adjournment motions, and so I reject them. But I would like to bring to the notice of the Chief Minister that most of them deal with the atrocities of the Police Department, and I hope that he will look into them carefully.

Motion regarding breach of privilege.

Mr. Speaker: I have received notice of a motion given notice of by Shri Chengarapalli P. Narayanan Potti. The motion is this :

> "Under rule 57 of the Travancore-Cochin Legislative Assembly Rules, I hereby give notice of my intention to raise the following question of privilege during the course of this sitting of the House ;

In *The Kerala Kaumudi*, a leading Malayalam daily published from Trivandrum, dated the 27th March 1954, the editorial article under the caption of Thiruvazhithan (തിരുവഴിത്താൻ) being one purporting to reflect the character and to affect the privileges of one or more members of previous Ministry who still continue to be hon. Members of this House, is highly defamatory and involves a breach of the privileges of this House;

This House, therefore, resolves that this question of breach of privilege of the House be referred to a Committee of Privileges for examination, investigation and report."

I think hon. Members might have read the report. I have read it, and I think that the paper has not transgressed the limit of journalistic right to criticise and I am not satisfied that a *prima facie* case has been made out. I, therefore, rule that the motion regarding breach of privilege is not in order. We will now pass on to Legislative Business.

THE TRAVANCORE-COCHIN PUBLIC DEBT BILL.

Minister for Finance (**Shri P. S. Nataraja Pillai**) : I beg to introduce the Travancore-Cochin Public Debt Bill.

Minister for Local Self Government (**Shri P. K. Kunju**) : second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : Sir, it was considered desirable that the Reserve Bank of India should be entrusted with the management of the securities issued by Government and of the Public Debt of this State. I am just giving a history of this Bill. In order to enable the Reserve Bank to perform its duties in connection with the management of the Government securities and of the Public Debt of this State, it was necessary to make the provisions of the Public Debt Act 1944 (Central Act XVIII of 1944) applicable to this State. To give effect to this proposal, legislation by Parliament was considered desirable, and, accordingly, the Stat Legislative Assembly passed a resolution under Art. 252 of the Constitution of India to enable Parliament to enact the necessary law. This was done on 4th March 1953. I will read the resolution which was adopted by this House :

[Shri P. S. Nataraja Pillai]

"Whereas the Public Debt (Central Act) 1944 contains provisions relating to the Government securities issued by the Central Government and for the management of the Public Debt of the Central Government, and whereas the Public Debt Act has been amended to make these provisions also applicable to the securities issued by the State specified in Part A of the Schedule to the Constitution of India,

And whereas to avoid inconvenience to the public, it is deemed desirable that the laws and regulations relating to Government securities should be uniform, as far as possible throughout India ;

And whereas, it is considered desirable that the Reserve Bank of India be entrusted with the management of the securities issued by the State Government and of the Public Debt of the State,

Now, therefore, this House hereby resolves, in pursuance of Article 252 of the Constitution of India that the matters dealt with in the Act aforesaid shall be regulated in the State of Travancore-Cochin by Act of Parliament, in so far as the Government securities issued by the State Government and the Public Debt of the State Government are concerned, being matters falling within the scope of Entry 43 of the State List namely, Public debt of the State."

This was the resolution passed by this House whereby the Central Act was made applicable to this State. It was not, however, possible for the Parliament to pass the necessary measure immediately, and in the meantime, Government had to raise a loan of three crores of rupees for financing the State Development schemes envisaged under the Five Year Plan. Since the Reserve Bank of India has to perform all the work in regard to this matter, it was necessary to make the provisions of the Public Debt Act, 1944, applicable to the Government securities issued for the purpose referred to above. For this purpose, His Highness the Rajpramukh promulgated the Travancore-Cochin Public Debt Ordinance III of 1953 on 13-7-1953. Though Bill to replace the Ordinance was published, the Bill could not be proceeded with, consequent on the dissolution of the Legislative Assembly. It was necessary to replace Ordinance III by another Ordinance and Ordinance V of 1953 was promulgated on 30-10-1953. The present Bill is intended to replace Ordinance

V of 1953 by an Act of Legislature. This will be seen from the Statemant of Objects and Reasons published along with the Bill. Thus this is a very formal Bill. This House, after a debate, agreed that for all securities issued the Reserve Bank should have control. And we passed a resolution in this House accepting that position. Before an Act could be passed, a necessity arose, and an Ordinance was passed, and another Ordinance was passed. Now we have to pass this Bill in order to validate the Ordinance. Therefore, I would request that the hon. Members would give their whole-hearted support to the Bill. I move that the Bill be taken into consideration immediately.

Shri P. K. Kunju : I second it.

ശ്രീ. എം. പി. മേനോൻ : സർ, ഇതൊരു ഔപചാരികമായ ചടങ്ങു മാത്രമാണെന്നും ഇതിനെ സംബന്ധിച്ചുള്ള ഒരു പ്രമേയം ഇതിനു മുമ്പുതന്നെ പാസ്സാക്കിയിട്ടുള്ളതാണെന്നും അതുകൊണ്ടിതിനെക്കുറിച്ചു വാദപ്രതിവാദങ്ങൾ പ്രതീക്ഷിക്കുന്നില്ല എന്നും ധനകാര്യമന്ത്രി ഈ ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ടു പ്രസ്താവിക്കയുണ്ടായി. ഈ കാര്യം ഞങ്ങൾ നല്ലപോലെ മനസ്സിലാക്കുന്നുണ്ടു്. പക്ഷെ ഔപചാരികമായ ചടങ്ങുകളിൽനിന്നും വ്യത്യസ്തമാണു് ഇതെന്നു ഞങ്ങൾ കരുതുന്നു. ചടങ്ങുകളുടെ പേരിൽ വളരെ നിസ്സാരമായി തള്ളാവുന്ന കാര്യങ്ങളല്ല ഈ ബില്ലിൽ ഉൾക്കൊള്ളുന്നതെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടു ഇതിൽ അടങ്ങിയിരിക്കുന്ന പൊതു തത്വത്തെ ഞാൻ ശക്തിയായി എതിർക്കുകയാണു്. നമ്മുടെ രാജ്യം വ്യാവസായികമായി വളരെ പിന്നണിയിൽ നിൽക്കുന്ന ഒരു രാജ്യമാണു് എന്നുള്ള പരമാർത്ഥം ധനകാര്യമന്ത്രിയും സമ്മതിക്കുന്നു. വ്യാവസായികമായ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനു് നമ്മുടെ രാജ്യത്തിനു സാമ്പത്തികശക്തി കുറവാണെന്നുള്ളതു് ധനതത്വശാസ്ത്രജ്ഞനായ അദ്ദേഹവും സമ്മതിക്കും. ഈ സ്റ്റേറ്റിന്റെ എല്ലാ സാമ്പത്തികകഴിവുകളും യഥാകാലം വർദ്ധിപ്പിക്കുവാനും അതിൽനിന്നുൽഭൂതമാകുന്ന ഫലങ്ങളെ പ്രോത്സാഹിപ്പിക്കുവാനും പറ്റിയ തരത്തിലല്ല ഈ ബില്ലിലെ തത്വം എന്നു ഞാൻ വ്യസനസമേതം ഇവിടെ അറിയിച്ചുകൊള്ളുന്നു.

ഇവിടെ ഒരു പൊതുക്കടം ഉണ്ടാകണമെങ്കിൽ അതിന്റെ നടത്തിപ്പും നയരൂപീകരണവും എല്ലാം റിസർവ്വുബാങ്കിനു വിട്ടുകൊടുക്കുന്നതിനുതകത്തക്ക ഒരു ബില്ലാണിവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഞങ്ങൾ വിശ്വസിക്കുന്നതു് ഈ റിസർവ്വുബാങ്കു സാമാന്യജനങ്ങളുടേതല്ലെന്നും അതു ഉത്തരഇൻഡ്യയിലെ സ്ഥാപിതതാല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനായിട്ടുള്ള ഒരു സ്ഥാപനമാണെന്നുമാണു്. തിരുവിതാംകൂർ-കൊച്ചിയുടെ വളർച്ച ആഗ്രഹിക്കാത്തവരാണവർ. ഈ രാജ്യത്തു് വ്യവസായവികസനം നടക്കരുതെന്നുള്ള താല്പര്യക്കാരാണവർ. ഏതാനും നിക്ഷിപ്ത താല്പര്യക്കാരുടെ കൈയിലാണു് ഇന്നു റിസർവ്വുബാങ്കിന്റെ പ്രവർത്തനമിരിക്കുന്നതെന്നു വിശ്വസിക്കുന്നതുകൊണ്ടും ഈ രാജ്യത്തു് വ്യവസായ വികസനത്തിനു് സഹായകമാകത്തക്ക വിധത്തിൽ റിസർവ്വുബാങ്കിന്റെ പ്രവർത്തനംകൊണ്ടു സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്നതുകൊണ്ടുമാണു് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്.

[ശ്രീ. എം. പി. മേനോൻ]

ഞാൻ ഓർക്കുന്നതു വാസ്തവമാണെങ്കിൽ കഴിഞ്ഞ നിയമസഭയിൽ ഇതു സംബന്ധിച്ചു് ഒരു പ്രമേയം പര്യാലോചനയ്ക്കു വന്നപ്പോൾ ഇന്നു ട്രഷറി ബെഞ്ചിൽ ഇരിക്കുന്ന മുഖ്യമന്ത്രി ശ്രീ. താണുപിള്ള തന്നെ ചില സംഗതികൾ ഉന്നയിക്കയുണ്ടായി. അദ്ദേഹം പ്രധാനമായി ഉന്നയിച്ച ഒരു വാദം, ഭൂനയപരിഷ്കാരം നടപ്പിൽ വരുത്താൻ പോകുന്ന അവസരത്തിൽ കൃഷിഭൂമികൾക്കു് നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നാൽ, അതിലേക്കു എന്തെങ്കിലും ലോൺ ഫ്ളോട്ടു ചെയ്യേണ്ടിവന്നാൽ, അങ്ങിനെ ഫ്ളോട്ടു ചെയ്യുന്നതിനു് ഈ അധികാരം റിസർവ്വുബാങ്കിനു വിട്ടുകൊടുത്താൽ നമുക്കു പ്രയാസങ്ങൾ നേരിടുമെന്നാണു്. ഉത്തരവാദബോധത്തോടുകൂടി അദ്ദേഹം ചൂണ്ടിക്കാണിച്ച ഇക്കാര്യം നിയമസഭാനടപടികൾ പരിശോധിച്ചതിൽനിന്നും കാണാൻ കഴിഞ്ഞതാണു്. ഇന്നും ആ സാഹചര്യങ്ങളാണു് നിലവിലുള്ളതു്. അതിനെക്കാൾ കൂടുതലായ സാഹചര്യങ്ങൾ പരിഷ്കൃതമായ ഒരു ഭൂനയം ഇവിടെ നടപ്പിലാക്കാൻ ഇന്നത്തെ മന്ത്രിസഭ വെമ്പൽകൊള്ളുന്നതായി ഇവിടെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു കഴിഞ്ഞു. അതു നടക്കണമെങ്കിൽ കടബാദ്ധ്യതകൾ ഉണ്ടാക്കിവയ്ക്കുന്നതിനുള്ള അധികാരം റിസർവ്വുബാങ്കിനു വിട്ടുകൊടുക്കുന്നതു ശരിയല്ലെന്നാണു് ഞങ്ങൾ വിശ്വസിക്കുന്നതു്.

മറെറാരു കാര്യം ധനകാര്യമന്ത്രി പ്രസ്താവിച്ചതു് പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി ഏഴുകോടി രൂപയോളം കടമാണു് ശേഷിക്കുന്നതെന്നാണു്. അതിലേക്കു് എത്രമാത്രം ലോൺ ഫ്ളോട്ടുചെയ്യേണ്ടിവരുമെന്നും അതിനു് എത്ര പ്രോത്സാഹനം ലഭിക്കുമെന്നും പിന്നീടു നമുക്കു കാണാവുന്നതാണു്. സർ, പഞ്ചവത്സരപദ്ധതി പരിപൂർണ്ണ പരാജയമാണെന്നു തെളിഞ്ഞുകഴിഞ്ഞു. കുറെയെങ്കിലും ലോൺ ഫ്ളോട്ടു ചെയ്യുന്നതിനു റിസർവ്വുബാങ്കു് അനുവദിച്ചാൽ വല്ലതുമൊക്കെ ചെയ്യാൻ കഴിഞ്ഞേക്കും. അതുപോലെ ഭൂനയപരിഷ്കരണത്തിനു വേണ്ടിയും ലോൺ ആവശ്യമായി വന്നേക്കാം. ഈ അവസരത്തിൽ ട്രഷറി ബെഞ്ചുകളിൽനിന്നും ഈ തരത്തിലുള്ള ഒരു ബിൽ കൊണ്ടുവന്നതിൽ ഞങ്ങൾക്കു് അത്ഭുതമൊന്നുമില്ല. പക്ഷെ ഇവിടെ എല്ലാ അവസരങ്ങളിലും ഏതു ബില്ലിനെക്കുറിച്ചായാലും ഏതു പ്രമേയത്തെക്കുറിച്ചായാലും സാധാരണ എല്ലാ കാര്യങ്ങളും ഈ മന്ത്രിസഭ ചെയ്യുന്നതാണെന്നും, നല്ല കാര്യങ്ങൾ ചെയ്യാൻ സഹകരിക്കണമെന്നും പറയുന്നു. നല്ല കാര്യങ്ങൾ ചെയ്യാനുള്ള ആഗ്രഹമില്ലാഞ്ഞിട്ടല്ല മററു മന്ത്രിസഭകൾ പരാജയമടഞ്ഞിരിക്കുന്നതു്. ആഗ്രഹം മാത്രം കൊണ്ടു കാര്യം നടക്കുകയില്ല. പ്രവൃത്തിയിലാണതു കാണേണ്ടതു്. പ്രധാനമന്ത്രിതന്നെ ഇവിടെ ഭൂനയം ഉടനെ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണെന്നു പറഞ്ഞു. അതിനു ആവശ്യമായ സാമ്പത്തികശേഷി ഈ ഗവണ്മെൻറിനില്ല. അങ്ങിനെ ഭൂനയപരിഷ്കരണം നടപ്പിലാക്കണമെന്നുള്ളതു മന്ത്രിസഭയുടെ നല്ല ആഗ്രഹമാണെങ്കിൽ അതിനു തടസ്സമാകാവുന്ന ഒരു ബില്ലാണിതു്. ബില്ലിനെ എതിർത്തുകൊണ്ടിവിടെ സംസാരിക്കുന്നവരെല്ലാംതന്നെ പരസ്പരം സഹകരിക്കണമെന്നുള്ള ആഗ്രഹം മന്ത്രിസഭാംഗങ്ങളിൽനിന്നും പുറപ്പെടുവിക്കുകയുണ്ടായി. ഇന്നു് പശ്ചിമപർവ്വതത്തിൽ കയറിനിന്നു നല്ല കാര്യങ്ങൾ ചെയ്യാമെന്നു ഇന്നത്തെ ഭരണകക്ഷി പറയുകയാണെങ്കിൽ എവറസ്ററ കൊടുമുടിയിൽ കയറിനിന്നു് സഹകരിക്കാം എന്നു ഇവിടെ കോൺഗ്രസ്സു് നേതാവും പറയുകയുണ്ടായി. എവറസ്ററ

കൊടുമുടിയിൽ കയറാൻ ഞങ്ങൾ ഷെർപ്പാ ടെൻസിംഗും മററുമല്ല. അവിടെ കയറുന്നതിനു ഞങ്ങൾ തയ്യാറില്ല. പക്ഷെ ഇങ്ങോട്ടും ആ സഹായഹസ്തം നീട്ടുന്നതിനും രാജ്യതാല്പര്യത്തിന്റെ പേരിൽ സഹകരണം നൽകുന്നതിനും തയാറുണ്ടോ എന്നു് അവരോടു ചോദിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുകയാണു്. ഈമാതിരിയുള്ള ചർച്ചാവേളയിൽ പരസ്പരം കല്ലേറുകൾ നടത്തരുതെന്നു കോൺഗ്രസ്സ് നേതാവുതന്നെ പറഞ്ഞിട്ടുണ്ടു്. ആ മറുപടി ഈ കാര്യത്തിലും ബാധകമാകുന്നതാണു്. നമ്മുടെ സ്റ്റേററിന്റെ എല്ലാ താല്പര്യങ്ങളും, നമ്മുടെ സ്റ്റേററിന്റെ സ്വാതന്ത്ര്യമായ എല്ലാ കഴിവുകളും, കേന്ദ്രത്തിനു പണയം വയ്ക്കുന്ന, കേന്ദ്രത്തിനു കാണിയ്ക്ക വയ്ക്കുന്ന, ഈ സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുവാനുള്ള പരിശ്രമത്തിൽ, ഈ രാജ്യത്തെ സാമ്പത്തികകഴിവുകളെ നഷ്ടപ്പെടാതിരിക്കാനുള്ള പരിശ്രമത്തിൽ, ഞങ്ങളോടു സഹകരിക്കുവാൻ, രാജ്യത്തിന്റെ താല്പര്യത്തിനുവേണ്ടി എല്ലാവരും യോജിച്ചു പ്രവർത്തിക്കുവാൻ കോൺഗ്രസ്സ് നേതാക്കന്മാർ തയാറുണ്ടോ എന്നു ഞങ്ങൾ നോക്കുകയാണു്. ഇത്രയും കാര്യങ്ങൾ അറിയിച്ചുകൊണ്ടും ഈ ബില്ലിനെ എതിർത്തുകൊണ്ടും ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: ശ്രീ. എം. പി. മേനോൻ ഈ ബില്ലിനെ എതിർത്തുകൊണ്ടു സംസാരിച്ചതു കേട്ടപ്പോൾ എനിക്കു് അദ്ദേഹത്തെ പിൻതാങ്ങി ചില കാര്യങ്ങൾ പറയണമെന്നു തോന്നി. ഇതു് ധനതത്വശാസ്ത്രജ്ഞന്മാർ കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണു്. കുഴപ്പങ്ങളും വിഷമങ്ങളും ഉണ്ടു്. നമ്മുടെ കടം വായ്പ യുടെ നിയന്ത്രണം എന്ന പ്രശ്നം മാത്രമല്ല ഇതിലുള്ളതു്. കൂടുതൽ വികസനപദ്ധതികൾ നാം ആവിഷ്കരിക്കുമ്പോൾ കൂടുതൽ കടം വായ്പയും ആവശ്യമായി വരും. കടം വായ്പയുടെ നിയന്ത്രണം നാം മററാക്കെങ്കിലും വിട്ടുകൊടുക്കുന്നതിന്റെ ബുദ്ധിമുട്ടു അപ്പോഴാണറിയുക. അവർക്കു നമ്മുടെ ക്രെഡിററു കൺട്രോൾ ചെയ്യാൻ ഈ ബിൽ പരോക്ഷമായി അവസരമുണ്ടാക്കിക്കൊടുക്കും. അതുകൊണ്ടാണു് ഒരു സാങ്കേതികകാര്യത്തിൽ കവിഞ്ഞ ഒരു പ്രാധാന്യം ഈ ബില്ലിനുണ്ടെന്നു എനിക്കു തോന്നിയതു്.

സർ, തിരുവിതാംകൂർ, തിരുവിതാംകൂർ ആയിരുന്ന കാലത്തും കൊച്ചി, കൊച്ചിയായിരുന്ന കാലത്തും രണ്ടുംകൂടി ചേർന്നു് തിരുവിതാംകൂർ-കൊച്ചി ആയിരുന്ന കാലത്തും ഈ സ്റ്റേററിൽ പൊതുജനങ്ങളുടെ കൈയിൽനിന്നും കടം വായ്പ എടുക്കേണ്ടിവന്നിട്ടുണ്ടു്. ൧൯൫൦-നു മുൻപു് അതു സംബന്ധിച്ചുള്ള നിയമങ്ങളിൽ കേന്ദ്രത്തിലെ നിയമം സ്റ്റേററുകൾക്കു ബാധകമല്ലെന്നുള്ളതുകൊണ്ടു് സ്റ്റേററുകൾക്കു അവയുടെ സ്വന്തം നിയമങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ൧൯൫൦-ൽ ഇൻഡ്യൻ ഭരണഘടന നടപ്പിൽ വന്നുകഴിഞ്ഞതോടുകൂടി കടം വായ്പ കൺകറൻറു് ലിസ്റ്റിൽപെട്ട ഒരു സബ്ജക്ററായിതീർന്നു. കേന്ദ്രത്തിൽ ൧൯൪൪-ൽ പാസ്സാക്കിയ ൧൯൪൪-ാം കേന്ദ്രവായ്പ ആക്റ്റ് നിലവിലുണ്ടു്. ആ ആക്ററിന്റെ വ്യാപ്തതകളിലേയ്ക്കു തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനെക്കൂടി കൊണ്ടുപോകുന്നതിനും നമ്മുടെ കടം വായ്പയുടെ മാനേജ്മെൻറു് റിസർവ്വ് ബാങ്കിനെ ഏൽപ്പിക്കുന്നതിനുമായാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ബിൽ ഇവിടെ കൊണ്ടുവരുന്നതിനു മുമ്പു് ഈ

[ശ്രീ. കെ. ബാലകൃഷ്ണൻ]

ബില്ലിന്റെ അടിസ്ഥാനത്തിലുള്ള ബാദ്ധ്യതകൾക്കു് പാർലമെന്റ നിയമനിർമ്മാണം നടത്തുവാൻവേണ്ടി കഴിഞ്ഞ നിയമസഭയിൽ ഭരണഘടന ൨൫൨-ാം വകുപ്പനുസരിച്ചു ഒരു പ്രമേയം പാസ്സാക്കി. ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്റ്റേറ്റിനു ബാധകമായ നിയമനിർമ്മാണം പാർലമെന്റ നടത്തിയില്ല. ഇതിനിടയിൽ പഞ്ചവത്സര പദ്ധതിക്കു പണമുണ്ടാക്കുന്നതിനു ഇവിടെ ഒരു കടം വായ്പ എടുക്കേണ്ടി വന്നു. റിസർവ്വ് ബാങ്കിനെ മാനേജുമെന്റ ഏൽപ്പിക്കുന്നതായി ൧൯൫൩-ലെ ൩-ാം ആർഡിനൻസ് രാജപ്രമുഖൻ അതിനായി പുറപ്പെടുവിച്ചു. ൧൯൫൩-ലെ ൭-ാം ആർഡിനൻസായി അതിന്റെ കാലാവധി നീട്ടുകയും ചെയ്തു. ആ ആർഡിനൻസുകൾക്കു നിയമസഭയുടെ അംഗീകാരം വാങ്ങി നിയമപ്രാബല്യമുണ്ടാക്കാനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു്.

സർ, കഴിഞ്ഞ നിയമസഭയിൽ ഇത്തരമൊരു ബിൽ പാസ്സാക്കാൻ കേന്ദ്രത്തെ പ്രേരിപ്പിക്കുന്നതിന് ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസംഗങ്ങളും അതേ തുടർന്നു ഈ നിയമസഭയിലുണ്ടായ വാദപ്രതിവാദങ്ങളും കൗൺസിൽ പ്രൊസീഡിംഗ്സ് നോക്കി ഞാൻ പഠിച്ചു. ഈ നടപടി നമ്മുടെ സാമ്പത്തികനിലയേയും ജനങ്ങളേയും എങ്ങനെ ബാധിക്കുമെന്നു മനസ്സിലാക്കാനാണ് ഞാൻ ശ്രമിച്ചതു്.

പനമ്പിള്ളി പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഭംഗിയായ ഒരു പ്രസംഗം ചെയ്തു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുണ്ടാകുന്ന ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ, തിരുവിതാംകൂർ-കൊച്ചിയിൽ ഒരു ലോൺ ഫ്ളോട്ടുചെയ്താൽ ഇവിടെയുള്ളവർ മാത്രമെ ആ ലോണിനു് സബ്സ്ക്രൈബ് ചെയ്യുകയുള്ളുവെന്നും പുറത്തുള്ളവർ ലോണിനു് സബ്സ്ക്രൈബ് ചെയ്യുകയില്ലെന്നും, നേരെമറിച്ചു്, ഒരഖിലേന്ത്യാ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ എല്ലാ ആളുകൾക്കും സബ്സ്ക്രൈബ് ചെയ്യത്തക്കവിധത്തിൽ ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകൾക്കും (ബി) സ്റ്റേറ്റുകൾക്കും അംഗീകാരയോഗ്യമായ നിലയിൽ ഒരു നിയമനിർമ്മാണം നടപ്പിൽ വരുത്താനാണ്, ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. കടം വായ്പയായി എടുക്കുന്നതിന്റെ സർവ്വവിധ നിയന്ത്രണങ്ങളും റിസർവ്വ് ബാങ്കിനു വിട്ടുകൊടുക്കണമെന്നും എങ്കിൽ മാത്രമെ സ്റ്റേറ്റിനു പുറത്തുള്ള ആളുകൾകൂടി സബ്സ്ക്രൈബ് ചെയ്യുകയുള്ളുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആ പ്രമേയം സഭയിൽ പാസ്സാക്കി കഴിഞ്ഞതിനുശേഷം പഞ്ചവത്സരപദ്ധതിയുടെ ആവശ്യത്തിനായി മൂന്നുകോടി രൂപയോളം വരുന്ന ഒരു ലോൺ തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ ഫ്ളോട്ടുചെയ്തു. ലോണിന്റെ നിയന്ത്രണം ഒരു ഓർഡിനൻസുവഴി റിസർവുബാങ്കിനു വിട്ടുകൊടുക്കുകയും ചെയ്തിരുന്നു. ഇതിനുമുമ്പ് തിരുവിതാംകൂർ ഗവണ്മെന്റ് പല ലോണുകളും ഫ്ളോട്ടു ചെയ്തിട്ടുണ്ടു്. ആ സന്ദർഭങ്ങളിലെല്ലാം പുറത്തുള്ളവർ നല്ല ഒരു ശതമാനം സംഖ്യ ആ ലോണുകളിൽ നിക്ഷേപിക്കുകയുമുണ്ടായിട്ടുണ്ടു്. എന്നാൽ കടം വായ്പയെ സംബന്ധിച്ചുള്ള നിയന്ത്രണാധികാരങ്ങളും മാനേജുമെന്റും എല്ലാം റിസർവ്വുബാങ്കിനു വിട്ടുകൊടുത്തശേഷം തിരുവിതാംകൂർ-

കൊച്ചി ഗവണ്മെന്റ ഫ്ളോട്ടുചെയ്ത മൂന്നുകോടി രൂപയുടെ ലോൺ മൂന്നുകോടി ആക്കിയെടുക്കാൻപെട്ട പാട് എത്രയായിരുന്നു എന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്നതാണ്. ഗവണ്മെന്റിൽ റേഷൻ കടയ്ക്കുവേണ്ടിയും മററ കാര്യങ്ങൾക്കുവേണ്ടിയും സെക്യൂരിററിയായിട്ടും ഡിപ്പോസിററായിട്ടും ഒടുക്കിയിട്ടുള്ള തുകകൾക്കൂടി ഇനം മാററി ലോൺ ആക്കിത്തീർത്തു. പല ആളുകളേയും സർക്കാർ ഇടപെട്ട വലിയ പ്രേരണയും സ്വാധീനവും ചെലുത്തി പണം പിരിച്ചെടുത്തു. അങ്ങനെ വല്ല വിധേനയും മൂന്നുകോടി രൂപ തികച്ചെടുക്കുവാനുണ്ടായ അങ്കലാപ്പാണ് അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ഒരു നിയമമുണ്ടാക്കുവാൻ ഇൻഡ്യാഗവണ്മെന്റിനെ അധികാരപ്പെടുത്തുന്ന ഒരു പ്രമേയം ഈ നിയമസഭ പാസാക്കിയതിനുശേഷം നാം കണ്ടത്. അപ്പോൾ ഒരു ലോൺ ഒരു സ്റ്റേററ ഫ്ളോട്ടുചെയ്താൽ ആ ലോൺ ഇൻഡ്യാഗവണ്മെന്റിന്റെയോ അല്ലെങ്കിൽ റിസർവ്വബാങ്കിന്റെയോ നിയന്ത്രണത്തിലാണോ ഇരിക്കുന്നതെന്നു നോക്കിയല്ല പുറത്തുള്ളവർ സബ്സ്ക്രൈബ് ചെയ്യുന്നത്; മറിച്ച്, കടം വായ്പ എടുക്കുന്ന സ്റ്റേററിന്റെ സോൾവൻസിമാത്രമാണ് ഇക്കാര്യത്തിൽ മണി മാർക്കററിനെ നിയന്ത്രിക്കുന്നത്. അതിന്റെ കൂടെ പൊതുവെയുള്ള സാമ്പത്തികനിലയും ഒരു പ്രശ്നമായിരിക്കും. അല്ലാതെ ഈ ലോൺ ആരു മാനേജുചെയ്യുന്നു, ആരു നിയന്ത്രിക്കുന്നു എന്നു നോക്കി ആരും സബ്സ്ക്രൈബു ചെയ്യാറില്ല.

സർ, അന്ന് ഈ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് ഒരു ലോൺ ഫ്ളോട്ടുചെയ്യുന്നതിനു കൂടുതൽ സൗകര്യമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ പ്രമേയം പാസാക്കാൻ ആവശ്യപ്പെടുന്നതെന്നു ധനകാര്യമന്ത്രി പറഞ്ഞപ്പോൾ, അന്നു പ്രതിപക്ഷത്തുനിന്നു പി. എസ്. പി. നേതാവ്, ശ്രീ. പട്ടം താണുപിള്ള ചെയ്ത പ്രസംഗത്തിൽ ശ്രദ്ധേയമായ ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ആ പ്രസംഗം ഇവിടെ ചില മെമ്പർമാരെങ്കിലും ഇപ്പോൾ ഓർക്കുന്നുണ്ടായിരിക്കും. ശ്രീ. എം. പി. മേനോൻ ഇവിടെ പറയുകയുണ്ടായി, ഇവിടെ ഒരു ഭൂനയപരിഷ്കാരം നടപ്പിൽവരുത്താൻ നോക്കുകയാണെങ്കിൽ, ഭൂ ഉടമസ്ഥന്മാർക്ക്, ഒരു പക്ഷെ, നഷ്ടപരിഹാരം കൊടുക്കേണ്ട ആവശ്യത്തിലേയ്ക്ക് ഒരു തുക ഒരു പൊതുക്കടമായി എടുക്കേണ്ടി വരുമെന്നും അന്നു റിസർവ്വബാങ്കുകാരെ ആശ്രയിക്കേണ്ടി വരികയില്ലേയെന്നു ശ്രീ. പട്ടം താണുപിള്ള ചോദിച്ചുവെന്നും, ഒരു രാജ്യം കടം വായ്പയായി പണം എടുക്കാൻ തീരുമാനിക്കുകയാണെങ്കിൽ എത്രമാത്രമെടുക്കും, എന്തിനുവേണ്ടി എടുക്കുന്നു, എന്നും മററുമുള്ള കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞ്, അതിന്റെ അംഗീകാരത്തോടുകൂടി വേണം അങ്ങനെ കടം വായ്പ എടുക്കാൻ എന്നും ശ്രീ. പട്ടം അന്നു പറഞ്ഞു. രാജ്യത്തിന്റെ എക്സിക്യൂട്ടീവ് ഇതു സംബന്ധിച്ചുള്ള എല്ലാം അധികാരവും വിനിയോഗിക്കേണ്ടത് നിയമസഭയുടെ അംഗീകാരം ലഭിച്ചതിനുമേൽ മാത്രമേ ആകാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ അന്നത്തെ ദൃഢമായ അഭിപ്രായം. ഒരു ലോൺ ഫ്ളോട്ടുചെയ്യാനുള്ള ആവശ്യങ്ങൾ വിശദീകരിച്ചു നിയമസഭയുടെ അംഗീകാരത്തോടുകൂടി വേണം ലോൺ എടുക്കേണ്ടതെന്നും, പരമാവധി എത്ര പണം എടുക്കാമെന്നു ഒരു പരിധി നിർണ്ണയിക്കേണ്ടതു നിയമസഭയാണെന്നും അദ്ദേഹം വ്യക്തമാക്കി. കാരണം ഇന്നു കോൺഗ്രസ്സാണ് അധികാരത്തിലിരിക്കുന്ന

[ശ്രീ. കെ. ബാലകൃഷ്ണൻ]

തെങ്കിലും എന്നും കോൺഗ്രസ്സായിരിക്കണമെന്നില്ല. ഒരു കടം വാങ്ങു നിലനില്ക്കുന്ന ഗവണ്മെൻറിനെപ്പോലെ തന്നെ ഭാവിയിൽ വരുന്ന ഗവണ്മെൻറുകളെയും ബാധിക്കുന്നതാണ്. അതുകൊണ്ടു സഭയുടെ എല്ലാ വിഭാഗങ്ങൾക്കും ഗവണ്മെൻറ രാജ്യത്തിനു വരുത്തുന്ന കടം ബാദ്ധ്യതകളെ പ്പററി പൂർണ്ണമായ വിവരങ്ങൾ നൽകേണ്ടതാണ്. ഗാക്കാരണത്താലാണ് നിയമസഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ കടം വാങ്ങു എടുക്കാവൂ എന്നു ശ്രീ. പട്ടം ആവേശപൂർവ്വം കഴിഞ്ഞ നിയമസഭയിൽ വാദിച്ചതു്. ശ്രീ. പട്ടം താണുപിള്ള ഉന്നയിച്ച വാദമുഖങ്ങൾ അതിൻെറ പൂർണ്ണമായ അർത്ഥത്തിൽതന്നെ തൻെറ മനസ്സിലാക്കുന്നുവെന്നും ലോൺ എടുക്കേണ്ട സന്ദർഭത്തിൽ അക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യത്തിൽ തൻെറ ഗവണ്മെൻറ യാതൊരനാസ്ഥയും കാണിക്കയില്ലെന്നും ശ്രീ. പനമ്പിള്ളി അതിനു മറുപടിയായി പറഞ്ഞു. സർ, ഇവിടെ മൂന്നുകോടി രൂപയുടെ ലോൺ എടുത്തു. ഇന്നയിന്ന വ്യവസ്ഥയിൽ ഇന്നയിന്ന കാര്യങ്ങൾക്ക് ഇത്ര കോടി രൂപയുടെ ഒരു ലോൺ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞു നിയമസഭയുടെ അംഗീകാരം നേടുന്നതിനുവേണ്ടിയുള്ള നടപടികൾ, ശ്രീ. പട്ടം ആവശ്യപ്പെട്ടിരുന്നതും ശ്രീ. പനമ്പിള്ളി വാഗ്ദാനം ചെയ്തിരുന്നതുമായ നടപടികൾ, ഇവിടെ നടന്നു കണ്ടില്ല.

അതുപോലെതന്നെ, പാർലമെൻറിനെക്കൊണ്ടു് നിയമം സൃഷ്ടിക്കുവാൻ പ്രമേയം കൊണ്ടുവന്നപ്പോൾ ശ്രീ. പട്ടം താണുപിള്ള മറെറാരു വാദംകൂടി ഉന്നയിക്കുകയുണ്ടായി; ഈ സ്റ്റേററ ഒരു ലോൺ ഫ്ളോട്ടു ചെയ്യുകയാണെങ്കിൽ റിസർവുബാങ്കിനോടു് ആ ലോണിനു ഗാരൻറി ആവശ്യപ്പെട്ടുമോ എന്നു്. അതിനു ഗവണ്മെൻറ പറഞ്ഞ മറുപടി ഈ ലോണിൻെറ ഗാരൻറിയെ സംബന്ധിച്ചു റിസർവുബാങ്കു യാതൊന്നും ചെയ്യുകയില്ലെന്നാണു്. റിസർവുബാങ്കു്, നമ്മുടെ ദാസന്മാർ എന്ന നിലയിൽ ഈ കടം കൈകാര്യം ചെയ്യുന്ന ജോലി മാത്രമാണെടുക്കുന്നതെന്നു് ശ്രീ. പനമ്പള്ളി പറഞ്ഞു. സർ, സങ്കല്പലോകത്തു് പലതും നടക്കാറുണ്ടു്. സങ്കല്പലോകത്തു നമുക്കു ചക്രവത്തിമാരാകാം. ലോകത്തെയാകമാനം ദാസന്മാരാക്കാം. സിംഹാസനത്തിൽ കയറിയിരിക്കാം. ചെങ്കോൽ ചുഴററാം. പക്ഷെ യാഥാർത്ഥ്യങ്ങൾ കയ്പേറിയതാണ്. നമ്മുടെ സങ്കല്പത്തിൽ, ജനപ്രതിനിധികൾ ജനങ്ങളുടെ ദാസന്മാരാണ്. ആ നിലയിൽ നോക്കുമ്പോൾ, നമ്മുടെ മന്ത്രിമാരും ജനങ്ങളുടെ ദാസന്മാരാണ്. പക്ഷെ ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാർ രാഷ്ട്രീയമായി ചെയ്യുന്ന പല തീരുമാനങ്ങളും, ജനാധിപത്യാടിസ്ഥാനത്തിൽ കൂടി നോക്കുമ്പോൾ, ജനങ്ങളുടെ താൽപര്യങ്ങൾക്കും അഭിലാഷങ്ങൾക്കും പലപ്പോഴും പൊരുത്തപ്പെട്ടല്ല നിൽക്കുന്നതെന്നുള്ളതു് ഒരു രാഷ്ട്രീയ സത്യമാണ്; അതൊരു സാമൂഹ്യസത്യമാണ്. സർ, റിസർവ്ബാങ്കിനെ നമ്മുടെ ദാസന്മാരായിട്ടാണ് പരിഗണിക്കുന്നതെന്നു പറയുന്നതിൽ വാചകഭംഗിയുണ്ടെന്നല്ലാതെ യഥാർത്ഥ്യവുമായിട്ടു യാതൊരു പൊരുത്തവുമില്ല. നാം ദാസന്മാരെന്നു വിളിക്കുന്നവർ ഫലത്തിൽ നമ്മുടെ യജമാനന്മാരായിരിക്കും. റിസർവ്വ് ബാങ്കു് ഒരു അഖിലേൻഡ്യാ ബാങ്കാണ്. അഖിലേൻഡ്യാ താൽപര്യമാണ് അതിനുണ്ടായിരിക്കേണ്ടതു്. പക്ഷെ സങ്കുചിതമായ പ്രാദേശിക താൽപര്യങ്ങൾക്കു വേണ്ടി അഖിലേൻഡ്യാ താല്പര്യങ്ങൾ ആ ബാങ്കിൻെറ നേതൃത്വത്തിൽ തന്നെ ബലികഴിക്കപ്പെട്ടി

ട്ടുണ്ട്. നമ്മുടെ ക്രെഡിററിന്റെ കൺട്രോൾ അന്തരമൊരു ബാങ്കിനു വിട്ടുകൊടുത്താൽ അവസാനം നാം ദുഃഖിക്കേണ്ടിവരാതിരിക്കയില്ല.

സർ, നമ്മുടെ സംസ്ഥാനം ഫെഡറൽ റിപ്പബ്ലിക്കിന്റെ ഒരു യൂണിററാണ്. അങ്ങനെ ആയിത്തീരണമെന്നു നാം ആശിച്ചു. പക്ഷെ, ആ ഘട്ടത്തിൽ സാമ്പത്തികമായി സംപൂർണ്ണാധികാരവും അവകാശവും ഉണ്ടായിരുന്ന ഒരു യൂണിററായിരുന്നു നമ്മുടേതു്. നമ്മുടെ ഭരണഘടനാ വിദഗ്ദ്ധന്മാർ ഇൻഡ്യയ്ക്കു് ഒരു ഫെഡറൽ ഭരണഘടനയാണ് വിഭാവനംചെയ്തിരുന്നതെങ്കിലും കാലാന്തരത്തിൽ അധികാരകേന്ദ്രീകരണത്തിലൂടെ ഇന്നു ഇൻഡ്യ ഏറെക്കുറെ ഒരു യൂണിററി സ്റ്റേററായിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിന്റെ സമ്പത്തും നമ്മുടെ അവകാശങ്ങളും ഇതിനുമുമ്പ് അധികാരത്തിലിരുന്നവർ കുറേശ്ശ കുറേശ്ശയായി കേന്ദ്രഗവണ്മെൻറിലേക്ക് അടിയറവച്ചിട്ടുണ്ട്. ഇന്നു് ഈ രാജ്യത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള തന്നെ ഗാംഭീര്യം നിറഞ്ഞ ഭാഷയിൽ മുമ്പ് പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഈ നാട്ടിലെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ആളുകൾ അവരുടെ സ്വകാര്യതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ നാട്ടിലെ വിഭവങ്ങളെയും വരുമാനങ്ങളെയും കേന്ദ്രഗവണ്മെൻറിനു അടിയറ വയ്ക്കുവാൻ തയ്യാറാകുന്നതുകാണുമ്പോൾ അദ്ദേഹത്തിനു മനോവേദന തോന്നുന്നുവെന്നു്. അങ്ങനെ ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരെയും കെട്ടിടങ്ങളെയും അതുപോലുള്ള മററു് വിഭവങ്ങളെയും അടിയറവയ്ക്കുന്നതിനൊ ഈ രാജ്യത്തിന്റെ ആവശ്യത്തിനായി അവയിലേതെങ്കിലും ഒരു കെട്ടിടം തിരിച്ചു ആവശ്യപ്പെട്ടപ്പോൾ അതിനു വാടക ചോദിക്കുന്ന രീതിയിൽ ഈ നാട്ടിലെ വിഭവങ്ങൾ കേന്ദ്രഗവണ്മെൻറിനു തീറെഴുതുന്ന രീതിയെ, ഈ നാട്ടിന്റെ വളർച്ചയുടെയും വികസനത്തിന്റെയും പേരിൽ ഇന്നത്തെ മുഖ്യമന്ത്രിതന്നെ ഈ നിയമസഭക്കകത്തു വച്ചു അനേകം തവണ ആക്ഷേപിച്ചിട്ടുണ്ട്. സർ, ഒന്നു രണ്ടു വ്യക്തികളുടെ താൽപര്യങ്ങൾക്കുവേണ്ടി ഈ നാടിന്റെ അവകാശത്തെയും അധികാരത്തെയും കേന്ദ്രത്തിലേക്കു അടിയറവെച്ചിട്ടുള്ള അനുഭവങ്ങളും ഉണ്ട്. ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി കടമെടുക്കണമെന്നുണ്ടെങ്കിൽ ആ കടം എടുക്കേണ്ട രീതി ഏതു വിധത്തിലായിരിക്കണം, സർ? തീരുമാനിക്കാനുള്ള അവകാശം നമുക്കാണ്, പ്രയോഗത്തിൽ ആ തീരുമാനം റിസർവുബാങ്കിന്റെ ഉപദേശത്തെ ആശ്രയിച്ചിരിക്കും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇതിൽ ഡെലിക്കേററായിട്ടുള്ള പല കാര്യങ്ങളും ഉണ്ടെന്നു് അന്നു പറയുകയുണ്ടായി. റിസർവ്വ് ബാങ്കുമായി ഈ ഗവണ്മെൻറ് പല തീരുമാനങ്ങളും ഉടമ്പടികളും ഉണ്ടാക്കിയിട്ടുണ്ട്. ഈ രാജ്യത്തിലേക്കാവശ്യമുള്ള ഒരു കടം എടുക്കാനുള്ള അധികാരവും നിയന്ത്രിക്കുവാനുള്ള അവകാശവും അതു ഇഷ്ടപ്രകാരം ചെയ്യാനുള്ള അവകാശവും റിസർവ്വ്ബാങ്കിലേക്കു് വിട്ടുകൊടുക്കുന്നതിൽ പല ഡെലിക്കസിയും ഉണ്ടെന്നു പറയുന്ന ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു നോക്കുകയാണെങ്കിൽ ഈ നിയമനിർമ്മാണത്തിൽ പതിഞ്ഞിരിക്കുന്ന വിപത്തു നമുക്കു് മനസ്സിലാകും. ഒരു ഫെഡറൽ സ്റ്റേററ് ഒരു യൂണിററി സ്റ്റേററാക്കുന്നതിനു പ്ലാനും പദ്ധതിയുമനുസരിച്ചുള്ള ഒരു മുന്നേററം നടത്തുന്നതിന്റെ ഒരു ശാഖയാണിതു്. നമ്മുടെ സാമ്പത്തികസ്വാതന്ത്ര്യത്തിനു നേരെ വിടർന്നുവരുന്ന നീരാളിയുടെ സ്പർശിനികളായിരിക്കും റിസർവ്വ് ബാങ്ക്.

[ശ്രീ. കെ. ബാലകൃഷ്ണൻ]

നമുക്കു കടം ആവശ്യമാകുമ്പോൾ മണിമാർക്കററ് ഡള്ളാണെന്നു പറഞ്ഞു അവർ കടം എടുപ്പിക്കാതിരിക്കും. പലിശ കൂടുതൽ കൊടുത്താലേ കടം കിട്ടുകയുള്ളു എന്നു പറഞ്ഞു നമ്മുടെ ഋണബാദ്ധ്യതകൾ വർദ്ധിപ്പിക്കും. നമ്മുടെ രാജ്യത്തിന്റെ സ്വന്തമായ സാൾവൻസി അപ്രധാനമായ ഒരു പ്രശ്നമായിത്തീരും. ഇൻഡ്യ സ്വാതന്ത്ര്യയാകും മുൻപു ബ്രിട്ടീഷ് ചെങ്കോലും വൈസ്രോയിയുമുണ്ടായിരുന്ന കാലത്തു നമ്മുടെ സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനത്തിൽ കടമെടുക്കാനും കൈകാര്യം ചെയ്യാനും നമുക്കു അനിഷേധ്യമായ അധികാരങ്ങളുണ്ടായിരുന്നു.

സർ, കഴിഞ്ഞപ്രാവശ്യം ഇവിടെ നിയമസഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോൾ ഇന്നത്തെ ചീഫ്മന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള പറഞ്ഞതുപോലെ നാം സ്വേച്ഛാപ്രഭുത്വത്തിന്റെ ചവുട്ടടിയിൽ കിടന്നിരുന്നപ്പോൾ ഉണ്ടായിരുന്ന സ്വാതന്ത്ര്യംപോലും ജനാധിപത്യംവന്നതിനു ശേഷം നമുക്കു നിഷേധിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. അന്നു് ഈ രാജ്യത്തിനുണ്ടായിരുന്ന അധികാരങ്ങളും അവകാശങ്ങളും ജനാധിപത്യം വന്നതിനു ശേഷം കേന്ദ്രത്തിനു അടിയറവച്ചുകൊണ്ടു് പോവുകയാണെങ്കിൽ, അതായതു്, നമ്മുടെ സകല അധികാരവകാശങ്ങളും കേന്ദ്രഗവണ്മെന്റിനു വിട്ടുകൊടുത്തിട്ടു് വികസിക്കുവാനും വളരുവാനും ചരിത്രം സൃഷ്ടിക്കുവാനും ആണു് നാം ഭാവിക്കുന്നതു് എങ്കിൽ നമ്മുടെ രാജ്യം ശാമമറിയാതെ നാശഗർത്തത്തിൽ ആണ്ടുപോകുമെന്നാണ് എനിക്കു് ഗവണ്മെന്റിനെ അറിയിക്കുവാനുള്ളതു്. നമ്മുടെ അവകാശങ്ങൾ ദിവസംതോറും ഓരോന്നോരോന്നായി നമ്മിൽനിന്നും ചോർന്നു് പൊയ്ക്കൊണ്ടിരിക്കുകയാണു്. ഇങ്ങനെ ചോർന്നുചോർന്നു് ഒരു ദിവസം പ്രഭാതത്തിൽ നാം ഉണർന്നുനോക്കുമ്പോൾ നാം ഒരു മലമ്പാമ്പിന്റെ വായിൽ അകപ്പെട്ടിരിക്കുന്നതായി കാണുവാൻ സാധിക്കും. ഈ ബില്ല് ഇവിടെ പാസാക്കുകയാണെങ്കിൽ അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നുള്ളതു് ഞങ്ങൾ ഊഹിക്കുന്നതുപോലെതന്നെ അന്നു് പട്ടം താണുപിള്ളയും ഊഹിച്ചതാണു്. ഞങ്ങളുടെ ആശങ്കകളും അഭ്യൂഹങ്ങളും പോലെതന്നെ അദ്ദേഹവും ഇതിനെക്കുറിച്ചു് ഉൽക്കണ്ഠ പ്രകടിപ്പിച്ചു എന്ന കാര്യം കഴിഞ്ഞ നിയമസഭയിലെ നടപടികൾ ഓർമ്മിക്കുന്നവർക്കു് മനസ്സിലാക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഭാഷയിൽ ഗാംഭീര്യം നിറഞ്ഞ സ്വരത്തിൽ അദ്ദേഹം ഈ ബില്ലിന്റെ ഭവിഷ്യത്തുകളെപ്പററി പറഞ്ഞതു് ചിലർക്കെങ്കിലും ഓർമ്മകാണും.

ശ്രീ. എ. താണുപിള്ള: വാദപ്രതിവാദത്തിന്റെ അവസാനത്തിൽ ഈ ബില്ലിനെ അനുകൂലിച്ചാണ് ഞാനും എന്റെ പാർട്ടിയും വോട്ടുചെയ്തതെന്നു് അറിയാമോ ?

ശ്രീ. കെ. ബാലകൃഷ്ണൻ: അതെ. സർ, പക്ഷെ അദ്ദേഹം അനുകൂലിച്ചു് വോട്ടുചെയ്തതിനേക്കാൾ ഘനം, പ്രതികൂലിച്ചു പറഞ്ഞ വാചകങ്ങൾക്കാണ്.

ശ്രീ. എ. താണുപിള്ള: പ്രസംഗത്തിൽ എന്തെല്ലാം പറഞ്ഞാലും വോട്ടുചെയ്യുന്നതല്ലേ കണക്കാക്കേണ്ടതുള്ളു.

ശ്രീ. കെ. ബാലകൃഷ്ണൻ : ശരിയാണ്. പക്ഷെ കേന്ദ്രത്തിന്റെ മാന്യതയിൽ വിശ്വസിച്ചുകൊണ്ടും അവർ നമ്മോടു മാന്യമായ തരത്തിൽ പെരുമാറും എന്നു പ്രതീക്ഷിച്ചുകൊണ്ടും അങ്ങ് അതിനെ പിൻതാങ്ങുകയാണു ചെയ്തതു്. നമ്മോട് ഏതു വിധത്തിലാണ് അവർ മാന്യത കാണിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ പട്ടാളം കിടന്നിരുന്ന പാങ്ങോട്ട് പട്ടാളക്യാമ്പ് ഇൻഡ്യാഗവൺമെന്റിന് വിട്ടുകൊടുത്തതിനുശേഷം നമ്മുടെ റിസർവ്വ് പോലീസിനെ സൂക്ഷിക്കുവാൻ അതു് തിരിയെ കിട്ടണമെന്നു പറഞ്ഞപ്പോൾ അതിന് ൧൫൦൦൦ രൂപ ആവശ്യപ്പെട്ടവരാണു സർ, അവർ. അങ്ങനെയാണ് അവരുടെ മാന്യത അവർ പ്രകടിപ്പിച്ചതു്. നാം മാന്യമായ രീതിയിൽ അവരോടു പെരുമാറുമ്പോൾ മാന്യമായ രീതിയിൽ ഇങ്ങോട്ടും പെരുമാറുവാനുള്ള മാന്യത അവർക്കും ഉണ്ടായിരിക്കണമെന്നുള്ള കാര്യം അവർ മറന്നുപോകുന്നു. സർ, അവരുടെ മാന്യതയിൽ വിശ്വസിച്ചു നാം വളരെ ദൂരം മുന്നോട്ടുപോയാൽ നമ്മുടെ മാന്യത അപകടത്തിലാകാതിരിക്കയില്ല. കേന്ദ്രത്തിന് നാം നൽകിയിട്ടുള്ള അവകാശാധികാരങ്ങൾ എല്ലാം തന്നെ നമ്മെയും നമ്മുടെ ഉദ്യോഗസ്ഥന്മാരെയും ചവുട്ടിമെതിക്കാനാണ് അവർ ഉപയോഗിക്കുന്നതു്. നാം ഇങ്ങനെ ഒരു പ്രമേയം പാസാക്കുന്നതുകൊണ്ട്, അതായതു് ഭരണഘടന ൨൫൨-ാം വകുപ്പനുസരിച്ചുള്ള പ്രമേയം പാസ്സാക്കുന്നതുകൊണ്ട്, നമ്മുടെ അധികാരത്തിനു കുറവു വരാതെ സൂക്ഷിക്കണമെന്നും ശ്രീ. പട്ടം പറഞ്ഞു. അവർ മാന്യമായി പെരുമാറുമെന്നു നാം വിശ്വസിച്ചു. ഇനിയും അവർ മാന്യമായിത്തന്നെ പെരുമാറുമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നതെങ്കിൽ എനിക്ക് ഇതിൽ തർക്കമില്ല. നമുക്കുള്ള അധികാരങ്ങളും അവകാശങ്ങളും നാം കേന്ദ്രത്തിനു വിട്ടുകൊടുത്തിട്ട്, നമ്മുടെ കാര്യം വരുമ്പോൾ, അവരുടെ കാരുണ്യത്തെ ആശ്രയിക്കുവാനുള്ള ഒരു പരിതഃസ്ഥിതി സംജാതമാകാതിരിക്കുവാൻ വേണ്ടിയാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നതു്. നമ്മുടെ കടം വായ്പകളുടെ നിയന്ത്രണം പരിപൂർണ്ണമായി കേന്ദ്രത്തിന് വിട്ടുകൊടുക്കുന്നതുകൊണ്ടുള്ള ഈ നിയമനിർമ്മാണത്തിൽ നിന്നും നാം പിൻവാങ്ങണമെന്നും കേന്ദ്രഗവൺമെന്റിന്റെ മുന്നിൽ ഈ അതിമനോഹരമായ കൊച്ചുരാജ്യത്തെ കാഴ്ചവയ്ക്കരുതേ എന്നും ഞാൻ അഭ്യർത്ഥിക്കുന്നു. കാൺഗ്രസിന്റേതല്ലാത്ത പുരോഗമനപരമായ പരിപാടികൾ ഉണ്ടെന്ന് അവകാശപ്പെടുന്ന ഈ മന്ത്രിസഭ ഈ കാര്യങ്ങളെല്ലാം വേണ്ടവണ്ണം ആലോചിച്ച് പ്രവർത്തിക്കണമെന്നുമാത്രം ഞാൻ അഭ്യർത്ഥിക്കുന്നു. തിരുത്താവുന്നതും തിരുത്താനസാദ്ധ്യമായതുമായ തെറ്റുകളുണ്ട്. അറിഞ്ഞുകൊണ്ടു തെറ്റുചെയ്താൽ തിരുത്താൻ വിഷമമായിരിക്കും. അറിഞ്ഞുകൊണ്ടു ചതിക്കരുതേ എന്നു പറയാനാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നതു്. നാം സ്നേഹിക്കുന്ന ഭാരതത്തിലെ ഈ നന്ദനോദ്യാനം ആർക്കും അടിമപ്പെടാതിരിക്കട്ടെ. ശ്രീ. എം. പി. മേനോന്റെ അഭിപ്രായങ്ങളോടു യോജിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് സംഗതമായ ചില കാര്യങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ബഹുമാനപ്പെട്ട തിരുവനന്തപുരം

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

മെംബർ ഇവിടെ ചിത്രീകരിച്ചു കാണിച്ചതുപോലെ ഈ സ്റ്റേറ്റിന്റെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. വമ്പിച്ച സാമ്പത്തിക വികസനപരിപാടികൾ മുമ്പിൽ വച്ചുകൊണ്ടു് പുരോഗമിക്കുന്ന ഒരു രാജ്യത്തിനു—ജനാധിപത്യവ്യവസ്ഥിതിയിൽ വളർന്നുവരുന്ന ഒരു രാജ്യത്തിനു്—അതിന്റെ സാമ്പത്തികപ്രവർത്തനങ്ങൾക്കു് ആവശ്യമായ പരിപാടികൾ ഉണ്ടാക്കുന്നതിൽ ഒരു അനുപേക്ഷണീയമായ ചടങ്ങു മാത്രമാണു്, ഈ പബ്ലിക്കു് ഡെററുകൾ ഉണ്ടാക്കുക എന്നുള്ളതു്. പബ്ലിക്കു ഡെററുകൾ ഫ്ളോട്ടു ചെയ്യുക എന്നുള്ളതു് സാധാരണക്കാരന്റെ ആവശ്യമാണെന്നുണ്ടെങ്കിൽ അടുത്തതു നമുക്കു പര്യാലോചിക്കേണ്ടതു് അതിന്റെ മാനേജുമെന്റു നൽകുവാൻ ഉദ്ദേശിക്കുന്ന റിസർവ്വ് ബാങ്കിനെപ്പററിയാണു്. അതായതു് റിസർവ്വ് ബാങ്കിനു് പബ്ലിക്കുഡെററുകളുടെ മാനേജുമെന്റു നൽകുന്നതു് യുക്തമായിരിക്കുമോ എന്നുള്ളതാണു്. ധാരാളം സമ്പാദ്യങ്ങൾ ആവശ്യത്തിൽ കവിഞ്ഞു് കയ്യടക്കിവച്ചിരിക്കുന്ന മുതലാളിമാരുടെ പക്കൽനിന്നും കൂടുതലുള്ള സമ്പത്തു് സാധാരണക്കാരന്റെ ആവശ്യത്തിനു് റിസർവ്വു ചെയ്യുന്നതിനു് സാധിക്കത്തക്കവണ്ണം ഉള്ള ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള പല ഉപാധികളിൽ ഒന്നു് പബ്ലിക്കുഡെററു് ഫ്ളോട്ടു ചെയ്യുകയാണെന്നു് ഐക്യമുന്നണിക്കാരും സമ്മതിക്കുമെന്നു് വിശ്വസിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തികഭദ്രതക്കു വേണ്ടി പല പദ്ധതികളും ആസൂത്രണം ചെയ്തിരിക്കുന്ന ഈ അവസരത്തിൽ [illegible] കോടിയിൽപരം രൂപാ പഞ്ചവത്സരപദ്ധതിക്കായി നീക്കിവച്ചിട്ടുണ്ടു്. ഇതിൽ ഒരു ഭാഗം നമ്മുടെ സ്റ്റേറ്റിലേക്കും കൂടിയാണു്. ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതി കൂടാതെ വേറൊരു പഞ്ചവത്സരപദ്ധതികൂടെ ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുണ്ടു്.

The House rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

Elections to Committees on Estimates and Public Accounts.

2 p. m.]

Mr. Speaker : Order, order. On a scrutiny of the nomination papers filed for the election to the Committee on Estimates and the Committee on Public Accounts, it was found that all the nominations were valid. As the number of candidates nominated to each of these committees is equal to the number of Members to be elected there is no necessity to take a poll. The following Members are, therefore, declared elected to the respective Committees:

Committee on Estimates.

1. Shri T. T. Daniel
2. ,, T. K. Divakaran
3. ,, K. C. George

4. Shri K. A. Sivarama Bharati
5. ,, K. I. Velayudhan
6. ,, Kalathil Velayudhan Nair

Committee on Public Accounts.

1. ,, D. Anantaraman
2. ,, K. Manjunatha Prabhu
3. ,, Chengarapalli P. Narayanan Potti
4. ,, N. Parameswaran Pillai
5. ,, A. A. Rahim
6. ,, K. Sattanatha Karayalar

Election to the Travancore-Cochin State Aid to Industries Board.

Mr. Speaker : Three Members have to be elected to the Travancore-Cochin State Aid to Industries Board. Nominations have been filed in respect of four Members, namely, Shri P. P. Antony, Shri M. P. Menon, Shri T. S. Ramaswami and Shri S. Seshadrinatha Sarma. They have been found to be valid. The election to choose three Members will be held today, as already announced, in the Committee Room on the first floor of the Assembly Chamber between the hours of 2-5 P. M. and 4-30 P. M. The election will not, of course, obstruct the proceedings of the House.

The Assistant Secretary to the Assembly has been appointed as the officer for conducting the poll. Hon. Members may according to their convenience go to that room and vote between the hours specified. After the close of the poll at 4-30 P. M. the counting will be done by me at 5 P. M. and the results declared.

The Travancore-Cochin Public Debt Bill. (*contd.*)

ശ്രീ. എൻ. പരമേശ്വരൻപിള്ള (തുടർച്ച) : സർ, നമ്മുടെ രാജ്യത്തു ആവിഷ്കരിച്ചിരിക്കുന്ന വികസനപരിപാടികളുടെ പൂർത്തീകരണത്തിനു ആവശ്യമായ ധനശേഖരണത്തിന്റെ ഒരു ചടങ്ങെന്ന നിലയിൽ ലോൺ ഫ്ളോട്ടുചെയ്യുന്നതു ആവശ്യമാണെന്നുള്ളതിനു പുറമേ ഈ സംസ്ഥാനത്തിന്റെ നാലു അതിർത്തികൾക്കുള്ളിലെന്നുമാത്രമല്ല ഇൻഡ്യാമഹാരാജ്യം ആകമാനമുള്ള ആളുകൾ ഇങ്ങനെയുള്ള പബ്ലിക്ക് ഡെററിനു കോൺട്രിബ്യൂട്ട് ചെയ്യേണ്ടതു് ആവശ്യമാണ്. അതിലേക്കുവേണ്ടിയാണ് റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയെ ഇതിന്റെ ചുമതലക്കാരായി വച്ചിരിക്കുന്നതു്. ഇതുപോലെയുള്ള ബില്ലുകൾ മററു സംസ്ഥാനങ്ങളും പാർട്ടു ബി സ്റ്റേററുകളും പാസ്സാക്കിയിട്ടുണ്ടെന്നു നമുക്കറിയാം. നമ്മുടെ വികസനപരിപാടികൾ പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഇൻഡ്യക്കുവെളിയിലുള്ള ഇൻറർനാഷണൽ മാണിററി ഫണ്ട് വേൾഡ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം സിദ്ധിക്കാൻ നാം വെമ്പൽകൊള്ളുന്ന ഈയവസര

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

ത്തിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പബ്ലിക്ക്ഡെററിന്റെ വ്യാപ്തി ഈ സംസ്ഥാനത്തിനകത്തുമാത്രമായി ഒതുക്കിനിർത്തണമെന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഭാരതത്തിലുള്ള ആകമാനം ആളുകൾക്കും സബ്സ്ക്രൈബ് ചെയ്യത്തക്കതരത്തിൽ രൂപീകരിച്ചിരിക്കുന്നതു ഏതുതരത്തിലാണ് ആക്ഷേപകരമാകുന്നതെന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. അങ്ങിനെ ഭാരതത്തിന്റെ പ്രധാനഘടകമായി പൊതുവേയുള്ള കാര്യങ്ങളിൽ സജീവമായി ഭാഗഭാക്കായി ഭാരതത്തിനുള്ള എല്ലാ പ്രയോജനങ്ങളും ഈ സ്റ്റേററിന് സിദ്ധിക്കുന്നതിലേക്കു ആവശ്യമായ ഒരു നിയമനിർമ്മാണമാണിതു്. റിസർവ്ബാങ്ക് ഇപ്പോൾ ചില മുതലാളിമാരുടെയും കുത്തകക്കാരുടെയും സ്വാധീനത്തിൽ ഇരിക്കുകയാണെന്നു തിരുവനന്തപുരം മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിൽ വലിയ പരമാർത്ഥമുണ്ടെന്നു എനിക്കു അഭിപ്രായമില്ല. റിസർവ് ബാങ്ക് ഭാരതം ഒട്ടാകെ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. സ്റ്റേററിനെ സംബന്ധിക്കുന്ന ധനപരമായ പല ചുമതലകൾ ആ ബാങ്കിനു നിർവ്വഹിക്കേണ്ടതുണ്ടു്. അതിന്റെ പ്രയോജനം നമുക്കും സിദ്ധിക്കേണ്ടതാണ്. ഇപ്പോൾ വടക്കെ ഇൻഡ്യയിലെ ചില ആളുകളാണ് ആ ബാങ്കിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ള ആരോപണം ഉന്നയിച്ച് ഇൻഡ്യയിലെ ഒരു ഭാഗമായി കഴിയാനാഗ്രഹിക്കുന്ന നാം ഈവക പൊതുകാര്യങ്ങളിൽ ഭാഗഭാക്കാകാതിരിക്കുന്നതു ശരിയല്ല. റിസർവ്ബാങ്ക് ഇവിടത്തെ തൊഴിലാളികൾക്കും കൃഷിക്കാർക്കുംവേണ്ടി എന്തെല്ലാം കാര്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഇവിടെ സഹകരണ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റേററ് അപ്പക്സ് ബാങ്ക് രൂപീകരിച്ചിട്ടുള്ളതിൽ ൫ ലക്ഷം രൂപ റിസർവ്ബാങ്ക് ഓഹരി എടുത്തിട്ടുണ്ടു്. അങ്ങിനെ കൃഷിക്കാർക്ക് സഹായം കിട്ടത്തക്ക ഒരു പദ്ധതി ഇവിടെ നടപ്പാക്കിയിട്ടുണ്ടെന്നുള്ളവിവരം ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ എന്തെല്ലാം രംഗങ്ങളിൽ നമ്മുടെ സംസ്ഥാനത്തു റിസർവ് ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയുമോ എന്നുള്ള ഒരു പരിപാടിയിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കയാണ് ചെയ്യുന്നതു്. കഴിഞ്ഞദിവസം ഐക്യമുന്നണിപാർട്ടിയിലുള്ള ഒരു മെംബർ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഈ രാജ്യത്തിനു ദോഷമാണെന്നു ഉരത്തക്കവിധത്തിൽ പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. സഹകരണസംഘങ്ങൾക്ക് നമ്മുടെ നാട്ടിൽ സുപ്രധാനമായ ഒരു ഭാവിയുണ്ടു്. ഇതിനെ എതിർക്കുന്നതു ഇടനിലക്കാരും ചൂഷകന്മാരുമായ ആളുകളാണ്. ഈ വിവരം ഇവിടത്തെ പൊതുജനങ്ങൾക്ക് അറിയാമെന്നുള്ളതാണ്. അതിനെ റിസർവ്ബാങ്കിന്റെ പ്രയോജനകരങ്ങളായ പദ്ധതികൾ മുഖാന്തിരം ഇവിടത്തെ ഗ്രാമീണർക്ക് പ്രയോജനം വരുത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മററു രംഗങ്ങളിൽ കൂടി പ്രവർത്തനം നടത്തുന്നതിനു ഈ സ്റ്റേററിന്റെ ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള ഒരു ഉപാധിയാണ് ഈ ബില്ലിൽ അന്തർഭവിച്ചിരിക്കുന്നതു്. ആ നിലയിൽ നമ്മുടെ വികസനപരിപാടികൾ തുടരുന്നതിന് മേലാലും പബ്ലിക്ക്ഡെററുകൾ വേണ്ടിവരുമ്പോൾ എടുക്കുന്നതിന് സൗകര്യമുള്ള ഒരു നിയമനിർമ്മാണമാണ് ഇതെന്നു വിചാരിക്കുന്നതിൽ

തെററില്ല. ആനിലയിൽ ഇതൊരു പുരോഗമനപരമായ നിയമനിർമ്മാണമെന്നുള്ള അഭിപ്രായം പുറപ്പെടുവിച്ചുകൊണ്ടു് ഞാൻ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, ഇന്നു ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെപ്പററി സംസാരിക്കുമ്പോൾ സുമാർ ഒരുകൊല്ലംമുമ്പു് ഈ ബില്ലിനെ സംബന്ധിച്ച ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസംഗത്തെ ആസ്പദമാക്കി ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. താണുപിള്ള പ്രസംഗിച്ചപ്പോൾ അദ്ദേഹം ആദ്യം പറഞ്ഞ ഒരു വാചകം എന്റെ ഓർമ്മയിൽവരുന്നു. അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ആ വാചകം വായിച്ചുകൊള്ളട്ടെ:

> "The motion seeks to invest the Indian Parliament with certain powers which this Legislature under the Constitution now enjoys."

ഇന്നു നിയമസഭയ്ക്കു് പരമാധികാരമുള്ള നിയമനിർമ്മാണാവകാശം കേന്ദ്ര പാർലമെന്റിലേക്കു് വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണു് ഇവിടെ ചെയ്യാൻ പോകുന്നതെന്നു അർത്ഥം വരത്തക്ക വിധത്തിലാണു് അദ്ദേഹം അന്നു് പ്രസംഗം ആരംഭിച്ചതു്.

സർ, അവതരിപ്പിച്ച പ്രമേയവും ഇന്നു നിയമരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലും യഥാർത്ഥത്തിൽ നമ്മുടെ നാട്ടിന്റെ സാമ്പത്തികഭദ്രതക്കു് എന്തെങ്കിലും പ്രയോജനം ചെയ്യുന്ന ഒന്നാണെങ്കിൽ നിശ്ചയമായും ഞങ്ങൾ ആരുംതന്നെ അതിനെ എതിർക്കുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ അന്നത്തെ പ്രസംഗം സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കു് ഇതു മുഴുവൻ ശരിയായിട്ടുള്ള രീതിയിൽപോകുന്ന ഒരു നിയമനിർമ്മാണം അല്ലെന്നുള്ള ഒരു തോന്നൽ അന്നുതന്നെ ഉണ്ടായിട്ടുള്ളതാണു്. മുമ്പു് അദ്ദേഹം ഇവിടെ പ്രസ്താവിക്കയുണ്ടായി, അദ്ദേഹവും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രജാസോഷ്യലിസ്റ്റ്പാർട്ടിയും ഇതിനെ അനുകൂലിച്ചു എന്നു്. അതു ഞങ്ങൾ സമ്മതിച്ചു. പക്ഷെ, ആ പ്രമേയത്തെ അനുകൂലിക്കുന്നതിനുമുമ്പു് അദ്ദേഹം ചെയ്ത പ്രസംഗം വാസ്തവത്തിൽ ഇങ്ങനെ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ചു് ഈ സഭയിലെ പലയാളുകളുടെയും ഉള്ളിൽ ഉണ്ടായിരുന്ന സംശയത്തെ പ്രതിഫലിപ്പിക്കുകയാണു് ചെയ്തതു്. ഇപ്പോഴും ഞങ്ങൾ അതു മറന്നിട്ടില്ല. ഇപ്പോൾ എന്തിനാണു് ഇങ്ങനെ ഒരു നിയമനിർമ്മാണം ഇവിടെ ഉണ്ടാകുവാൻ ഇടയായിട്ടുള്ളതെന്നാണു് നാം ആലോചിക്കേണ്ടതു്. ൧൯൫൦-നു ശേഷം നാലുകൊല്ലമായി ഇത്രയുംകാലം ഈ നിയമത്തിന്റെ സഹായമില്ലാതെ ഇവിടെ നിർവ്വഹിച്ചുവന്നിരുന്ന ദൈനംദിനകാര്യങ്ങൾ ചെയ്തുതീർക്കുവാൻ ഇന്നു ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടോ എന്നുള്ള സംഗതി നാം വളരെ ശ്രദ്ധിച്ചു പരിശോധിക്കേണ്ടതാണു്. ഇതു് വെറും നാലു പാർട്ടു ബി സ്റ്റേററുകളും ചില എ സ്റ്റേററുകളും പാസ്സാക്കിയിട്ടുണ്ടെന്നും പറഞ്ഞുകേട്ടു. ഇൻഡ്യൻ ഭരണഘടനയുടെ ൨൯൩-ാം ആർട്ടിക്കിൾ പ്രകാരം ഇപ്രകാരമുള്ള ഒരു നിയമ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

നിർമ്മാണം രണ്ടിലധികം സ്റ്റേറ്റുകൾ ചെയ്യുകയാണെങ്കിൽ അതു പാർലമെന്റിന്റെ നിയമനിർമ്മാണത്തിനു തുല്യമായിത്തീരുന്നതും പിന്നീടു് ആ നിയമം പിൻവലിക്കുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ സ്റ്റേറ്റ നിയമസഭകൾക്കു് അധികാരമില്ലാതെവരുന്നതും ആണു്. ആ നിലയിൽ ഇങ്ങനെ ഒരു നിയമം നാം ഇപ്പോൾ ഇവിടെ ഉണ്ടാക്കിക്കഴിഞ്ഞാൽ ഇതുസംബന്ധിച്ചു് എന്തെങ്കിലും ഭേദഗതിചെയ്യുന്നുള്ള അവകാശം ഈ നിയമസഭയ്ക്കു പിന്നീട ഉണ്ടായിരിക്കുന്നതാണോ എന്നുള്ളകാര്യവും നാം ഈ സമയത്തു വളരെ കാര്യമായി ആലോചിക്കേണ്ട ഒരു വസ്തുതയാണു്. ൧൯൩൫-ലെ ഗവണ്മെന്റ് ആഫ് ഇൻഡ്യാ ആക്ടിലും ഇതുപോലെ കൺകറൻറായി നിയമനിർമ്മാണം ചെയ്യുന്നുള്ള അവകാശം കേന്ദ്രത്തിനും പ്രാവിൻസുകൾക്കും സ്റ്റേറ്റുകൾക്കും കൊടുത്തിരുന്നു. പക്ഷെ അന്നു അങ്ങിനെ ഒരു നിയമനിർമ്മാണം ചെയ്തശേഷം അതു പിൻവലിക്കാനും ഭേദഗതിചെയ്യാനുമുള്ള സ്വാതന്ത്ര്യം സ്റ്റേറ്റുകൾക്കു് നിഷേധിക്കപ്പെട്ടിട്ടില്ലെന്നുള്ളകാര്യവും നാം ഓർക്കണം. ഇൻഡ്യൻ ഭരണഘടനയുടെ ദോഷത്തേയോ മേന്മയേയോ കുറിച്ചു് ഞാൻ ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. സാങ്കേതികമായിട്ടു് ഉന്നയിക്കാവുന്നതും, അനുഭവത്തിൽ വന്നതിനുശേഷം ഉണ്ടാകാവുന്നതും ആയ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻവേണ്ടിയാണു് ഞാൻ ഇതു പറയുന്നതു്. ഇങ്ങനെ ഒരു ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ മുമ്പുനടന്ന ചർച്ചകളുടെ വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ നമ്മുടെ സ്റ്റേറ്റിലെ ആസ്തികൾക്കു് പെട്ടെന്നു വന്നുചേരുന്ന പരിണാമം എന്തായിരിക്കുമെന്നു് നാം ആലോചിക്കണം. നമുക്കുള്ള പല അവകാശങ്ങളും അധികാരങ്ങളും തിരിച്ചെടുക്കാൻ വയ്യാത്തവിധത്തിൽ കേന്ദ്രത്തിനു കാഴ്ചവയ്ക്കുക എന്നുള്ളതാണു് ഇതിന്റെ ഫലം. നമ്മുടെ ഭരണഘടന ഒരു ഫെഡറൽ ഭരണഘടനയാണെന്നു പറയാറുണ്ടു്, അതായതു് ഘടകസ്റ്റേറ്റുകൾക്കു് ഒരുപാധിവരെ പലതരത്തിലുള്ള നിയമനിർമ്മാണങ്ങൾ ചെയ്യാൻ അധികാരം നൽകിയിട്ടുള്ള ഒരു ഫെഡറൽ ഭരണഘടനയാണു്. നാം വളരെനാൾ സമരംചെയ്തതു് അവശിഷ്ടാധികാരങ്ങൾ സ്റ്റേറ്റുകൾക്കു് ഉണ്ടായിരിക്കാൻ വേണ്ടിയായിരുന്നു. അങ്ങിനെ ആയിരുന്നു എന്നുള്ളതു് കാൺഗ്രസ്സിന്റെയും നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രങ്ങളുടെയും പേജുകൾ തള്ളിനോക്കിയാൽ അറിയാം. പണ്ഡിതമോട്ടിലാൽ നെഹ്റു എഴുതി ഉണ്ടാക്കിയ ഒരു ഭരണഘടന അന്നത്തെ കാൺഗ്രസ്സുകാർ സ്വീകരിക്കാതിരിക്കാൻ കാരണം അന്നു് അതു് വളരെ കേന്ദ്രീകൃതമായ അധികാരങ്ങളോടുകൂടിയ ഒന്നായിരുന്നതുകൊണ്ടാണെന്നു പട്ടാഭി സീതാരാമയ്യർ എഴുതിയ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ ചരിത്രം നോക്കിയാൽ നമുക്കു് മനസ്സിലാക്കാൻ കഴിയും. നാം അതിനുവേണ്ടി സമരംചെയ്തു എങ്കിലും ഇങ്ങനെയുള്ള ഒരു ഭരണഘടനയാണു് നമുക്കു് കിട്ടിയിരിക്കുന്നതു്. ആർട്ടിക്കിൾ ൨൪൮ പ്രകാരം അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തിൽതന്നെയാണു് സ്ഥിതിചെയ്യുന്നതെന്നു നമുക്കറിയാം. സ്റ്റേറ്റലിസ്റ്റും കേന്ദ്രലിസ്റ്റും കഴിച്ചു് ബാക്കിയുള്ള ലിസ്റ്റുകളെ സംബന്ധിച്ചു് നിയമനിർമ്മാണം ചെയ്യാനുള്ള അധികാരം കേന്ദ്രത്തിനുതന്നെയാണു്. ൯൭ ഐറ്റം അതിലുണ്ടു്. അവയെക്കുറിച്ചെല്ലാം നിയമനിർമ്മാണം ചെയ്യാനുള്ള അധികാരം കേന്ദ്രത്തിനുതന്നെയാണുള്ളതു്.

ഭരണഘടനപ്രകാരം നമുക്കു സിദ്ധിച്ചിട്ടുള്ള പരിമിതമായ അവകാശാധികാരങ്ങൾപോലും കേന്ദ്രത്തിന്റെ മുന്നിൽ അടിയറ വെയ്ക്കാൻ നമ്മുടെ ഭരണാധികാരികൾക്കു് സങ്കോചമുണ്ടായിട്ടില്ലെന്നു് നിരവധി സംഭവങ്ങൾ ഇതിനകം വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഒരു ഉദാഹരണം പറയാം. ൧൯൪൮-ലാണെന്നു തോന്നുന്നു, ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ, ഭരണഘടനയിലെ ൩൭൧-ാം വകുപ്പിനെപ്പറ്റിയുള്ള ചർച്ച നടന്നപ്പോൾ, ജനപ്രാതിനിധ്യസ്ഥാപനങ്ങളിൽ വളരെ വളരെ പരിചയവും പാരമ്പര്യവുമുള്ള തിരുവിതാംകൂറിനെ ഈ ൩൭൧-ാംവകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നു് ഇവിടെനിന്നും പോയ പ്രതിനിധികൾ വാദിച്ചു. ശ്രീ. പട്ടം താണുപിള്ളയും അതിനെ എതിർത്തു ചർച്ച നടത്തിയെന്നാണു് എന്റെ ഓർമ്മ. ഈ വാദങ്ങൾക്കു മറുപടിയായി തിരുവിതാംകൂർ, കൊച്ചി, മൈസൂർ, മുതലായ രാഷ്ട്രീയപ്രബുദ്ധതയുള്ള രാജ്യങ്ങളെ ഉദ്ദേശിച്ചല്ല ഈ ൩൭൧-ാംവകുപ്പു് ഏർപ്പെടുത്തിയിട്ടുള്ളതെന്നും, വളരെ പിന്നോക്കം നിൽക്കുന്ന പല നാട്ടുരാജ്യങ്ങളും വടക്കേ ഇൻഡ്യയിലുണ്ടെന്നും അവയെ മുന്നിൽ വച്ചുകൊണ്ടാണു് ഈ ൩൭൧-ാംവകുപ്പു് ഭരണഘടനയിൽ ചേർത്തിരിക്കുന്നതെന്നും സർദാർ പട്ടേൽ അന്നു് കാൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ പ്രസ്താവിച്ചു. തിരുവിതാംകൂറിനേയും കൊച്ചിയേയും പോലെ സാക്ഷരതയിലും സംസ്കാരത്തിലും വളരെ പുരോഗതി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളെ ഉദ്ദേശിച്ചല്ല ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതെന്നു് സർദാർ പട്ടേൽ ഉറപ്പു നൽകിയിട്ടുള്ളതുകൊണ്ടാണു് ഇതു് പാസ്സാകുന്നതിനെ ഞങ്ങൾ എതിർക്കാതിരുന്നതെന്നു് അക്കാലങ്ങളിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവനും സമ്മതിച്ചിട്ടുണ്ടു്. തിരുവിതാംകൂർ-കൊച്ചിയെ ഈ ൩൭൧-ാംവകുപ്പിൽനിന്നും ഒഴിവാക്കാമെന്നു് വാക്കുമൂലം ഉള്ള ഒരു പ്രസ്താവന ഉണ്ടായിട്ടുള്ളതല്ലാതെ, ഈ വകുപ്പു് നമ്മെ ബാധിക്കുന്നതല്ലെന്നുള്ള ഒരു ഉറപ്പു് നമുക്കു ഇതേവരെ കിട്ടിയിട്ടില്ല. എന്നു മാത്രമല്ല, പ്രായപൂർത്തി വോട്ടവകാശമനുസരിച്ചു നിയമസഭാ തിരഞ്ഞെടുപ്പു കഴിഞ്ഞ അവസരത്തിൽ, ഇവിടെ പ്രസിഡന്റു ഭരണം വരും, അഡ്മിനിസ്ട്രേറ്റർ ഭരണം വരും, അങ്ങനെ വന്നാൽ നമുക്കു എന്തുനില സ്വീകരിക്കണം, എന്തു നടപടിയാണു നടത്താനുള്ളതു് എന്നൊക്കെ ഇവിടെ ബഹളങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന അവസരത്തിൽ, കേന്ദ്രത്തിൽനിന്നും ഒരു ഉദ്യോഗസ്ഥൻ ഈ സഭയിൽ വന്നിരുന്നു് നടപടികൾ വീക്ഷിച്ചുകൊണ്ടിരുന്നുവെന്നുള്ള കാര്യം ഈ സഭയിലുള്ള ഏതാനും ബഹുമാനപ്പെട്ട അംഗങ്ങൾക്കെങ്കിലും അറിവുള്ളതാണു്. ഭരണഘടനപ്രകാരം സിദ്ധിച്ചിട്ടുള്ള ആനുകൂല്യങ്ങൾപോലും ശരിയായി ഉപയോഗിക്കാതെ മററു കാര്യങ്ങളിൽ വ്യാപൃതരായിക്കഴിഞ്ഞ ഇവിടത്തെ ഭരണകക്ഷികൾ ഈ ൩൭൧-ാം വകുപ്പിന്റെ പരിധിയിൽനിന്നും നമ്മുടെ സംസ്ഥാനത്തെ ഒഴിവാക്കാൻ യാതൊന്നും ചെയ്തില്ലാ എന്നുള്ള പരമാർത്ഥം വ്യക്തമായി ഇന്നും ശേഷിക്കുന്നു. ഇവിടെ ഒരു ഫെഡറൽ ഫൈനാൻഷ്യൽ എഗ്രിമെന്റു് ഉണ്ടാക്കി റവന്യൂ ഇനത്തിൽ നമുക്കുണ്ടായിരുന്ന പല ആദായമാർഗ്ഗങ്ങളും കേന്ദ്രത്തിനു് അടിയറ വച്ചു. പത്തു കൊല്ലത്തേക്കു നമ്മുടെ ആദായത്തിൽ കുറഞ്ഞുവരുന്ന തുക നമുക്കു നഷ്ടപരിഹാരമായി തന്നുകൊള്ളാമെന്നു് ഇവിടെ ൧൯൪൯-ൽ അവരുടെ കമ്മീഷൻ വന്ന

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

അവസരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ആദ്യത്തെ മൂന്നു വർഷത്തേക്കു് ഒരു ക്ലിപ്തത്തുക വീതവും, പിന്നീടുള്ള ഏഴു വർഷത്തേക്കു് കുറഞ്ഞു കുറഞ്ഞു വരുന്ന ഒരു തുകയും തരാമെന്നാണു തീർച്ചപ്പെടുത്തിയിട്ടുള്ളതു്. പക്ഷെ, പുകയില, തീപ്പെട്ടി, സസ്യോല്പന്നങ്ങൾ മുതലായവയുടെ നികുതിയിനങ്ങളിൽനിന്നുള്ള തുക മാത്രമാണു് നമുക്കു തന്നുകൊണ്ടിരിക്കുന്നതു്. ൧൯൬൦ വരെ മാത്രമെ ഇതനുസരിച്ചു് അനുക്രമമായി കുറഞ്ഞുവരുന്ന ഒരു സംഖ്യ നമുക്കു് അവകാശപ്പെടാൻ കഴിയൂ. പല കാര്യങ്ങൾക്കും കേന്ദ്രഗവണ്മെന്റിന്റെ സൌമനസ്യം നമ്മുടെ ഗവണ്മെന്റിനാവശ്യമായിരിക്കുന്നു. ന്യായമായി കിട്ടാനുള്ളതു് ചോദിച്ചു വാങ്ങാൻ നമ്മുടെ ഭരണകക്ഷികൾക്കു സാധിച്ചിട്ടില്ലെന്നാണു് ഇവയെല്ലാം വ്യക്തമാക്കുന്നതു്. ഒരു പാർട്ടിക്കാണു് ഇതുവരെ ഇവിടെ ഭരണാധികാരം ലഭിച്ചിട്ടുള്ളതു്. ഏതു പാർട്ടിയിൽപ്പെട്ടവരായിരുന്നാലും നല്ലകാര്യങ്ങൾ സ്വീകരിക്കാനും, ചീത്തകാര്യങ്ങൾ ചീത്തയാണെന്നു തുറന്നു പറയാനുമുള്ള മനഃസ്ഥിതി ഉണ്ടായിരിക്കണമെന്നാണെന്റെ അഭിപ്രായം.

സർ, ഇന്നത്തെ നിലയിൽ ഈ ബില്ലിനെ സംബന്ധിച്ചു് പ്രസക്തമായ ചില സംശയങ്ങൾ ഉയർന്നുവരുന്നുണ്ടു്. യാതൊരു കുഴപ്പവും ന്യൂനതയും കൂടാതെതന്നെ നമ്മുടെ ദൈനംദിന ഭരണകാര്യങ്ങൾ നടന്നുവരുന്നതിലേയ്ക്കു് ഇങ്ങനെയൊരു നിയമം നിർമ്മിക്കേണ്ട ആവശ്യമുണ്ടോ എന്നു നാം ആലോചിക്കണം. ഭരണഘടനയനുസരിച്ചു് നമുക്കു കിട്ടിയിട്ടുള്ള അധികാരങ്ങളിൽ ചിലതു നാം കേന്ദ്രത്തിനു വിട്ടുകൊടുക്കണമോ എന്നാണു് ഇപ്പോൾ ചിന്തിക്കാനുള്ളതു്. തിരുവിതാംകൂർ-കൊച്ചിക്കു വെളിയിലുള്ളവർക്കും കൂടി ബാധകമാകത്തക്കവണ്ണം നമ്മുടെ പൊതുകടം മാനേജുചെയ്യാൻ നമ്മുടെ ദേശീയബാങ്കായ റിസർവ്വ ബാങ്കിനെ ഏല്പിക്കുന്നതു നന്നായിരിക്കുമെന്നു്, കഴിഞ്ഞ കൊല്ലം ഇവിടെ പ്രമേയം ഹാജരാക്കിയ സന്ദർഭത്തിൽ ധനകാര്യമന്ത്രി പ്രസ്താവിച്ചതായി ഞാൻ ഓർമ്മിക്കുന്നു. എന്നാൽ റിസർവ്വ ബാങ്കിനെ സംബന്ധിച്ചിടത്തോളം അതു് ഇന്നാട്ടിലെ ദേശീയോദ്യമങ്ങളെ എത്രമാത്രം പ്രോത്സാഹിപ്പിക്കുമെന്നുള്ളതും ഇത്തരുണത്തിൽ ചിന്താവിഷയമാകേണ്ടതാണു്. ഫാക്ടറികൾക്കും ഫാക്ടറി വ്യവസായങ്ങൾക്കും ഒരു ഭീഷണിയായിട്ടാണു് റിസർവ്വബാങ്കു നിൽക്കുന്നതെന്നു് ഒരു പ്രമേയം തൃശ്ശൂർ ബാങ്കിംഗ് കാർപ്പറേഷൻ കൂടിയ അവസരത്തിൽ പാസ്സാക്കിയിട്ടുണ്ടു്. ഇന്നു് പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട ചിററൂർ മെമ്പർ ഡാക്ടർ ഏ. ആർ. മേനോൻ പ്രസ്തുത യോഗത്തിൽ സംബന്ധിക്കുകയും റിസർവ്വ ബാങ്കിന്റെ ഇടപെടൽ തദ്ദേശീയ ബാങ്കിംഗ് വ്യവസായത്തിനു ഹാനികരമായിരിക്കും എന്നു് പ്രസ്താവിക്കുകയും ചെയ്തതായിട്ടാണു് എന്റെ ഓർമ്മ. തെററാണെങ്കിൽ അദ്ദേഹം തിരുത്തണമെന്നപേക്ഷ. ഈ നാട്ടിലെ ജനങ്ങൾ റിസർവ്വബാങ്കിനെ ഈ നിലയിലാണു വീക്ഷിക്കുന്നതെന്നു് നാം മനസ്സിലാക്കണം.

എനിക്കു ഈ ബിൽ പാസ്സാക്കുന്നതിനുമുമ്പു് ചില ചോദ്യങ്ങൾ സഭയിൽ വയ്ക്കാനുണ്ടു്. അതിനു് മുഖ്യമന്ത്രിയോ, ധനകാര്യമന്ത്രിയോ, പ്രതിപക്ഷനേതാവോ മറുപടി പറയുമെന്നു ഞാൻ വിചാരിക്കുന്നു—കാര്യങ്ങൾ ഗ്രഹിക്കുവാൻവേണ്ടി മാത്രം ചോദിക്കുന്നതാണു്—ഒന്നാമതു ഈ നിയമനിർമ്മാണം ചെയ്യുന്നതുകൊണ്ടു് സ്റ്റേററ ലിസ്റ്റിലെ ൪൩-ാം ഇനമായ പബ്ലിക്കു് ഡെററു് കേന്ദ്രത്തിനു വിധേയമാകുമോ എന്നു ഞങ്ങൾക്കറിയണം.

രണ്ടാമതായി ഈ ബില്ല് ഇപ്പോഴുള്ള കടങ്ങളെ മാത്രമെ ബാധിക്കുകയുള്ളോ, ഇനിയുമുള്ള കടങ്ങളെയും ബാധിക്കുമോ എന്നറിയണം.

മൂന്നാമത്തേതു്, ഒരു പുതിയ വായ്പ ഇവിടെ എടുക്കുവാൻ പോകുന്നു എന്നുള്ള പരസ്യം പ്രസിദ്ധപ്പെടുത്തുന്നതിനും വായ്പ ഫ്ളോട്ടു ചെയ്യാനും റിസർവ്വ് ബാങ്കിന്റെ അനുവാദം ആവശ്യമായി വരുമോ, അതോ നമ്മുടെ രാജ്യത്തിന്റെ സാൾവൻസിയെ മാത്രമെ അതു് ആശ്രയിച്ചിരിക്കയുള്ളോ? നമ്മുടെ സാൾവൻസിയെ മാത്രം ആശ്രയിച്ചിരിക്കുമെങ്കിൽ ഞങ്ങൾക്കു് എതിരഭിപ്രായമൊന്നുമില്ല.

അടുത്തതായി, ഭാവിയിൽ നമ്മുടെ ഗവണ്മെന്റ് എടുക്കുന്ന പൊതുക്കടങ്ങൾക്കു് റിസർവ്വ്ബാങ്ക് ഗ്യാറന്റി തരുമോ എന്നും, ആ മാതിരി പൊതുക്കടങ്ങൾ റിസർവ്വ് ബാങ്ക് ഏറ്റെടുക്കുമോ എന്നും അറിയേണ്ടതാണ്. ഇങ്ങനെ ഒരു നിയമമില്ലാതെ ഒരു പുതിയ ലോൺ ഫ്ളോട്ടു ചെയ്യുന്നതിനു് പ്രായോഗികമായ തടസ്സം വല്ലതുമുണ്ടോ? പൊതുക്കടം സംബന്ധിച്ച ആക്ററിനെക്കുറിച്ചു് ആലോചിക്കുന്നതിനുമുമ്പു് ഈ ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള കടങ്ങൾക്കു് ഈ സംസ്ഥാനത്തിനു വെളിയിലുള്ള ആളുകൾ സബ്സ്ക്രൈബ് ചെയ്തിട്ടുണ്ടോ? ഈ സംശയങ്ങളെല്ലാം ഈ നാട്ടുകാരിലെല്ലാം ഇങ്ങനെ നിലനിൽക്കുന്നിടത്തോളം കാലം പ്രത്യേകിച്ചുള്ള യാതൊരു ആവശ്യവും ഇല്ലാതെ ഒരു നിയമനിർമ്മാണം നടത്തുന്നതിന്റെ ഉദ്ദേശമെന്താണ്? നമ്മുടെ നിയമസഭയ്ക്കു് പൂർണ്ണാധികാരമുള്ള ഒരു നടപടിയെ സംബന്ധിച്ചിടത്തോളം ആ അധികാരത്തെ ഇൻഡ്യൻ പാർലമെന്റിനു വിട്ടുകൊടുക്കുന്നതിനുമുമ്പു് നാം ആവട്ടം ആലോചിക്കേണ്ടിയിരിക്കുന്നു. നമുക്കുള്ള അധികാരത്തെ പ്രത്യേകിച്ചു് ഒരാവശ്യവുമില്ലാതെ, യഥാർത്ഥത്തിൽ നാം കളയുകയാണു ചെയ്യുന്നതു്. കൈയിലിരിക്കുന്ന ഈ അധികാരം വിട്ടുകൊടുക്കുന്നതായാൽ ഒരിക്കലും നമുക്കതു് ഇൻഡ്യൻ ഭരണഘടനയുടെ കീഴിൽ നിന്നുകൊണ്ടു് തിരിയെ വാങ്ങാൻ സാധിക്കുകയില്ല. ഞാൻ ഇങ്ങനെയൊക്കെ പറയുന്നെങ്കിലും ഒരു പക്ഷെ ഈ ബിൽ ഇവിടെ പാസ്സാകുമായിരിക്കും. ബിൽ പാസ്സാക്കിയെടുത്തശേഷം അതു ബുദ്ധിമോശമായിപ്പോയി, അങ്ങനെ അധികാരം ഇൻഡ്യൻ പാർലമെന്റിനു കൊടുക്കേണ്ട ആവശ്യം ഇല്ലായിരുന്നു എന്നും മററും പിന്നീടൊരിക്കൽ പശ്ചാത്തപിക്കേണ്ടിവരും എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിച്ച ഒരു വാചകം തന്നെ ഇവിടെ എനിക്കു പറയേണ്ടിയിരിക്കുന്നു. അതായതു് ഈ ഗവണ്മെന്റ് കുറേക്കാലം നിലനിന്നെന്നും വരും, ഇല്ലെന്നും വരും എന്നു് അദ്ദേഹം പറയുകയുണ്ടായി. അതിന്റെ അർത്ഥം ഇനിയും ഗവണ്മെന്റുകൾ കൂടെക്കൂടെ ഉണ്ടാകാൻ ഇടയുണ്ടെന്നാണ്, ഗവണ്മെന്റുകൾ വന്നും പോയും ഇരിക്കും. ഭരിക്കുന്ന പാർട്ടി ഏതായാലും ഇവിടെ ഗവണ്മെന്റ് ഇല്ലാതെയിരിക്കുകയില്ല. മുൻ ഗവണ്മെന്റ് ചെയ്ത ഒരു കാര്യം രാജ്യസ്നേഹപരമല്ലായിരുന്നുവെന്നു് പിന്നീടു വരുന്ന ഗവണ്മെന്റിനു് തോന്നിക്കാനിടയാവുന്നതു് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല. ഇതുപോലെയുള്ള കാര്യങ്ങൾ ഇനിയും ഉണ്ടാകാൻ പോകുന്ന ഗവണ്മെന്റിനെക്കൂടിയും ബാധിക്കുന്നതാണ്. ഈ നിയമം ഇവിടെ പാസ്സാകുന്നപക്ഷം രാജ്യത്തിന്റെ ഭാവിഭാഗധേയത്തിൽ സാരമായ തകരാറുണ്ടാകും. ഭരണകക്ഷി ഏതു പാർട്ടിയായാലും ശരി

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

പാട്ടിയെ നോക്കാതെ രാജ്യക്ഷേമത്തെ മുൻനിറുത്തിവേണം ഇങ്ങനെയുള്ള ബില്ലുകൾ അവതരിപ്പിക്കേണ്ടതും അവ പാസ്സാക്കേണ്ടതും. ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു് രാജ്യക്ഷേമത്തിനു ഹാനിയാണു് ഉണ്ടാകാൻ പോകുന്നതെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട അമ്പലപ്പുഴ മെമ്പറോടു് എനിക്കു് ആദ്യമായി പറയാനുള്ളതു്, ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് ഒരു ഫെഡറൽ ഫിനാൻസ് ഇൻറഗ്രേഷൻ എഗ്രിമെൻറിൻെറ വെളിച്ചത്തിലാണെന്നാണു്. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ ആക്ടിലെ ൨൯൨-ാം വകുപ്പും ൨൯൩-ാം വകുപ്പും നല്ലപോലെ വായിച്ചതിനുശേഷം ഈ ബിൽ വായിച്ചിരുന്നെങ്കിൽ ഈ വാദപ്രതിവാദത്തിനു് ഇട വരികയില്ലായിരുന്നു. തീർച്ചയായും അദ്ദേഹം ഇവിടെ ഉന്നയിച്ച പല വാദമുഖങ്ങളും സംശയങ്ങളും ഇല്ലാതെ കഴിയുമായിരുന്നു എന്നു മാത്രമല്ല, ബില്ലിനെ അനുകൂലിച്ചുകൊണ്ടു് കൈപൊക്കുകയും ചെയ്യുമായിരുന്നു. അതുപോലെ തന്നെ ശ്രീ. പോററിക്കു മുൻപു് സംസാരിച്ച പല മെമ്പറന്മാർക്കും ഈ ബില്ലിൽ അന്തർഭവിച്ചിട്ടുള്ള നന്മകൾ എന്തെല്ലാമാണെന്നു് മനസ്സിലാകാത്തതുകൊണ്ടായിരിക്കണം എതിർത്തു സംസാരിച്ചിട്ടുള്ളതെന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. ടി. ഭാസ്കരൻപിള്ള: ബില്ലിനെപ്പററി സംസാരിക്കേണ്ടതു് മന്ത്രിയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ലിനെപ്പററി സംസാരിക്കുന്നതിനു് ഒരു മന്ത്രിക്കുള്ളതുപോലെ എനിക്കും അവകാശമുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്.

സർ, ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്:

> "Whereas it is expedient to make provision relating to Government Securities issued by the Government and for the Management by the Reserve Bank of India of the Public Debt of the Government."

അതായതു് ഈ സ്റ്റേറ്റു് ഇപ്പോൾ എടുത്തിട്ടുള്ള കടത്തിൻെറ ചുമതലകൾ റിസർവ്വ് ബാങ്കിനെ ഏല്പിക്കുന്നതിനുവേണ്ടിയാണു്, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വാദമുഖങ്ങളെ സംബന്ധിച്ചു് ഇവിടെ പറയുന്നതു് ഞാൻ സഭയിൽ വായിക്കാം:

> "The Public Debt Act, 1944 (Central Act XVIII of 1944) and the Rules made thereunder by the Central Government shall, as far as may be, apply to Government securities of the State of Travancore-Cochin issued on or after the 13th day of July 1953, as they apply to Government securities of a State specified in part 'A' of the First Schedule to the Constitution of India."

അതായതു് ഈ സംസ്ഥാനത്തിനു് ഒരു പബ്ലിക്ക്ഡെററ് റെയ്സ് ചെയ്യണമെന്നുണ്ടെങ്കിൽ അതു് മാനേജു ചെയ്യുന്നതിനു് ൧൯൪൪-ലെ പൊതുകടം നിയമത്തിൽ എന്തെല്ലാം അധികാരങ്ങളുണ്ടോ അവയെല്ലാം റിസർവ്വ് ബാങ്കിനു് ഉണ്ടായിരിക്കുമെന്നാണു്. എന്നാൽ ഈ ബില്ലു് അനുസരിച്ചു് പൊതുക്കടം എടുക്കേണ്ടതു് ആവശ്യമാണോ, അതോ അല്ലയോ എന്നു തീരുമാനിക്കുന്നതിനുള്ള അവകാശം നമ്മുടെ ഗവണ്മെൻറിനാണുള്ളതു്. ആ കാര്യത്തെ സംബന്ധിച്ചു് എന്തിനു റിസർവ്വ് ബാങ്കുമായിട്ടു ആലോചിക്കുന്നു എന്നാണെങ്കിൽ അതു് ഈ സ്റ്റേററിൻെറ നന്മയ്ക്കുവേണ്ടി മാത്രമാണു്. മന്ത്രിമാരിലും, ഉദ്യോഗസ്ഥന്മാരിലും അനുദ്യോഗസ്ഥന്മാരിലും ഒരു ലോൺ ഫ്ളോട്ടു ചെയ്യേണ്ട ആവശ്യമുണ്ടെന്നു് ഏതെങ്കിലും കാലഘട്ടത്തിൽ ഒരു തോന്നലുണ്ടായാൽ, അതിന്മേൽ ഉണ്ടാകുന്ന കടം കൊടുത്തുതീർക്കുന്നതിനുള്ള കാലാവധി നിർണ്ണയിക്കുന്നതിനും പലിശറേററ് നിശ്ചയിക്കുന്നതിനും മററും ആലോചനകൾ നടത്തേണ്ടതു് സാമ്പത്തികശാസ്ത്രത്തിൽ വിദഗ്ദ്ധജ്ഞാനമുള്ള ഏജൻസികളുമായിട്ടായിരിക്കണം. അതുകൊണ്ടാണു് റിസർവ്വ് ബാങ്കുമായിട്ടു ഇടപെടേണ്ടിവന്നതു്. ഈ സംസ്ഥാനംപോലെ ൨൦-ഓളം സംസ്ഥാനങ്ങൾ ഇൻഡ്യാ സാമ്രാജ്യത്തിലുണ്ടു്. എല്ലാവർക്കും ഒരേ അവസരത്തിൽ ലോൺ ഫ്ളോട്ടു ചെയ്യേണ്ട ഒരു അവസരം ഉണ്ടായെന്നിരിക്കട്ടെ. അങ്ങിനെ വരുമ്പോൾ റിസർവ്വ് ബാങ്കുമായിട്ടു് ആലോചിക്കാതെ പ്രവർത്തിക്കുന്നതു് കൂടുതൽ കുഴപ്പത്തിനു കാരണമായിത്തീരുന്നതാണു്. അതുകൊണ്ടാണു് ഈ കാര്യത്തിൽ അവരുമായിട്ടു് ഒരു കോവാപ്പറേഷൻ നമ്മുടെ സംസ്ഥാനത്തിനുണ്ടായിരിക്കണമെന്നു് നിശ്ചയിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മെംബർ പറയുന്നതു്, എപ്പോഴെങ്കിലും രാജ്യത്തിനുവേണ്ടി ഒരു പൊതുക്കടം എടുക്കുന്നുവോ അപ്പോൾ മുതൽ സ്റ്റേററിനുള്ള അധികാരം മുഴുവനും റിസർവ്വ് ബാങ്കിനാണെന്നാണു്. ഈ ബില്ലു് പാസ്സാക്കിയാലും ഇല്ലെങ്കിലും പൊതുക്കടത്തെ സംബന്ധിച്ചിടത്തോളം റിസർവ്വ് ബാങ്കു് നമ്മുടെ ഗവണ്മെൻറിൻെറ യജമാനൻ ആയിരിക്കുന്നതല്ല.

ശ്രീ. എം. പി. മേനോൻ: യജമാനൻ അല്ലെങ്കിലും ഉപദേഷ്ടാവായിരിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയല്ലാതെ ഒരിക്കലും യജമാനൻ ആയിരിക്കയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ബില്ലിൻെറ അവതരണത്തിനു് അവരുടെ ഉപദേശം വേണ്ടയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉപദേശം ആവശ്യമാണു്. ൧൯൫൧-ൽ നാം എടുത്ത കടം റിസർവ്വ്ബാങ്കിനെക്കൂടി ബാധകമാക്കണമെന്നു വിചാരിച്ചാണു് ഈ പബ്ലിക് ഡെററ് ബിൽ ഇവിടെ സമീകരണത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതു്. കഴിഞ്ഞകൊല്ലം ഈ പൊതുക്കടത്തെ സംബന്ധിക്കുന്ന ഒരു റസല്യൂഷൻ ഇൻഡ്യൻ ഭരണഘടന ൨൯൩-ാം വകുപ്പു് അനുസരിച്ചു് ഞാൻ ഈ സഭയിൽ അവതരിപ്പിക്കയുണ്ടായി. റസല്യൂഷൻ പാസ്സാക്കുന്ന കാര്യത്തിൽ പല മെംബറന്മാർക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നിട്ടും എൻെറ വിശദീകരണത്തിനുശേഷം അവർ എല്ലാവരും അനുകൂലിക്കയാണുണ്ടായതു്. ഇന്നു ചീഫ് മന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയും ഒടുവിൽ അനുകൂലിച്ചു വോട്ടുചെയ്യുകയു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

ണ്ടായി. പബ്ലിക്ക് ഡെററിനെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഉണ്ടാക്കാനുള്ള അധികാരം ഇൻഡ്യൻ പാർലമെൻറിനു കൊടുക്കുന്നതായിരുന്നു അന്നത്തെ റസലൂഷൻ. അന്ന് ഈ നിയമസഭയിൽ പാസ്സാക്കിയ റസലൂഷൻ അനുസരിച്ച് പാർലമെൻറ് ഒരു നിയമനിർമ്മാണം ചെയ്യാത്തതുകൊണ്ടാണ് ഇന്ന് ഒരു ബില്ലായി രൂപാന്തരപ്പെട്ടു ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ ആർക്കും സംശയിക്കത്തക്ക യാതൊന്നുമില്ല. ഈ കടത്തിനെ സംബന്ധിച്ചിടത്തോളവും റിസർവ്വ് ബാങ്കിനെക്കൊണ്ട് മാനേജ് ചെയ്യിക്കണമെന്നുണ്ടെങ്കിൽ ഈ ബില്ല് ഇവിടെ പാസ്സാക്കാതെ തരമില്ല. ഈ ബിൽ പാസ്സാകുന്നതുമൂലം നമുക്കുണ്ടായിരുന്ന അധികാരങ്ങൾ വിട്ടുപോയിയെന്ന് സംശയിക്കുന്ന ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബറോടും മററും എനിക്കു പറയാനുള്ളത് നഷ്ടപ്പെട്ട അധികാരം മുഴുവനും ഈ ബിൽ പാസാകുന്നതോടുകൂടി തിരികെ കിട്ടുമെന്നുള്ളതാണ്. അതുകൊണ്ട് ഏതു ഉദ്ദേശത്തോടും ആവേശത്തോടും കൂടിയാണോ ബഹുമാനപ്പെട്ട മെംബറന്മാർ ഈ ബില്ലിനെ എതിർത്തിട്ടുള്ളത്, ആ ഉദ്ദേശത്തോടും ആവേശത്തോടുംകൂടിത്തന്നെ ഈ ബില്ലിനെ അനുകൂലിച്ച് വോട്ടുചെയ്യുമെന്നുതന്നെയാണ് എന്റെ വിശ്വാസം. മാത്രമല്ല ഇന്നു പാസാക്കുന്ന ഈ നിയമം നാളെ റദ്ദു ആക്കാനുള്ള അവകാശവും ഈ നിയമസഭയ്ക്കുണ്ട്. അതായത് ഇതിനെ സംബന്ധിച്ച് ഒരു റിപ്പീലിംഗ് ബില്ല് ഈ നിയമസഭയ്ക്ക് വേണമെന്നുണ്ടെങ്കിൽ കൊണ്ടുവരാം. അതുകൊണ്ടും നമുക്ക് ഈ ബില്ലിനെ അനുകൂലിക്കുന്നതിൽ തെററില്ല.

ശ്രീ. ടി. വി. തോമസ്: ഒരു റിപ്പീലിംഗ് ബിൽ അവതരിപ്പിക്കുന്നതിന് ഈ സഭയിലെ എത്ര അംഗങ്ങൾ യോജിക്കണം എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സഭയിൽ ൫൬ അംഗങ്ങൾ യോജിച്ചാൽ മതി. അങ്ങനെ യോജിച്ചു ഒരു ബില്ലുകൊണ്ടു വരികയാണെങ്കിൽ ശ്രീ. നടരാജപിള്ള കൊണ്ടുവന്ന ഈ ബില്ലിനെ ക്യാൻസൽ ചെയ്യാൻ സാധിക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ ബില്ല് ഇൻഡ്യൻ ഭരണഘടനയിലെ ൨൫൨-ാം വകുപ്പനുസരിച്ച് ചെയ്യുന്ന ഒരു നിയമനിർമ്മാണമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബറിന്റെ മനസ്സിൽ എന്തോ ചിലതു് കെട്ടുപിണഞ്ഞു കിടക്കുന്നുയെന്നാണ് എനിക്കു തോന്നുന്നത്. ഭരണഘടനയുടെ ൨൫൨-ാം വകുപ്പനുസരിച്ച് ഒരു നിയമനിർമ്മാണമല്ല ഇത്. ഭരണഘടനയിലെ ൨൫൨-ാം വകുപ്പ് ഒരു നിയമനിർമ്മാണം ചെയ്യാൻ ഉള്ള അധികാരം പാർലമെൻറിനു വിട്ടുകൊടുക്കുന്നതാണ്. ആ വകുപ്പനുസരിച്ച് നിയമനിർമ്മാണം ചെയ്യാൻ കൊണ്ടുവന്നിട്ടുള്ള അന്നത്തെ പ്രമേയവും ഇപ്പോഴത്തെ ഈ ബില്ലുമായിട്ടു യാതൊരു ബന്ധവുമില്ല. ഇപ്പോഴത്തെ ഈ ബില്ലിനെ സംബന്ധിച്ച് ഞാൻ ഒന്നുകൂടി ആവർത്തിച്ചു പറയാം. കഴിഞ്ഞ തവണ പ്രമേയം പാസാക്കിയിട്ടുള്ളത് കടത്തിനെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണം ചെയ്യാൻ ഉള്ള അധികാരം പാർലമെൻറിനു വിട്ടു

കൊടുക്കുക എന്നുള്ളതായിരുന്നു. ൨൫൨-ാം വകുപ്പനുസരിച്ച് പാർലമെൻറിൽനിന്നും നിയമനിർമ്മാണം ചെയ്യാനുള്ളതുകൊണ്ടാണ് ആ അധികാരം വിനിയോഗിച്ച് ൧൯൫൧ ജൂലായി നമ്മുടെ സ്റ്റേററ് എടുത്തിട്ടുള്ള പൊതുക്കടത്തെ സംബന്ധിച്ച ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. പൊതുക്കടം മാനേജ് ചെയ്യാൻ ഈ ബിൽ മുഖേന റിസർവ്വ് ബാങ്കിന് അധികാരം കൊടുക്കാൻ പോകയാണ്. അങ്ങനെ അധികാരം കൊടുക്കുന്നത് തെററാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അവ പിൻവലിക്കാനുള്ള നിയമങ്ങൾ കൊണ്ടുവരികയും ചെയ്യാം അതനുസരിച്ച് പിൻവലിക്കയും ചെയ്യാം. ൧൯൫൩ ജൂലൈ മാസത്തിൽ നമ്മുടെ സ്റ്റേററിൽ ഒരു പൊതുക്കടം എടുത്തു. ആ പൊതുക്കടം എടുത്തത് മാനേജ് ചെയ്യുവാൻ റിസർവ്വ്ബാങ്കിന് അധികാരം കൊടുക്കുവാൻ പോവുകയാണ്. ഒരു ബില്ലുമൂലമാണ് അതിന് അധികാരം കൊടുക്കുന്നത്. ഈ അധികാരം കൊടുക്കുന്നത് തെററാണോ ശരിയാണോ എന്നു മാത്രം ചോദിച്ചാൽ അധികാരം കൊടുത്തത് തെററാണോ ശരിയാണോ എന്നു തീരുമാനിക്കുന്നതിന് മറെറാരു കാലത്തു സാദ്ധ്യമാവുകയുള്ളു. നേരേമറിച്ച് ബഹുമാനപ്പെട്ട മെംബർ ഉദ്ദേശിച്ചമാതിരി ൨൫൨-ാംവകുപ്പനുസരിച്ച് നിയമസഭ നടപ്പാക്കിയ പ്രമേയത്തിന്മേൽ പാർലമെൻറ് ഒരു ബിൽ കൊണ്ടുവരികയാണെങ്കിൽ ഈ പറഞ്ഞതെല്ലാം പ്രസക്തങ്ങളാണ്. പാർലമെൻറിൽ നിയമസഭ പ്രമേയം പാസ്സാക്കിയതിനെ അടിസ്ഥാനപ്പെടുത്തി ഒരു ബിൽ കൊണ്ടുവന്നുകഴിഞ്ഞിട്ടില്ല. ഇവിടെ ഇപ്പോൾ ഈ നിയമസഭയ്ക്ക് കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചുള്ള നിയമനിർമ്മാണാധികാരം ഉപയോഗിക്കുകയാണ് നാം ചെയ്യുന്നത്. ഈ നിയമനിർമ്മാണാധികാരം ഉപയോഗിക്കുന്നതിന് തടസ്സമായി ൨൫൨-ാംവകുപ്പ് പറയേണ്ട ആവശ്യമില്ല എന്നാണ് എനിക്കു വളരെ താഴ്മയായി ഇവിടെ ബോധിപ്പിക്കുവാനുള്ളത്. നാം ഇതിൻെറ ഗുണദോഷങ്ങളെപ്പററി ചിന്തിക്കുക. എന്തധികാരമാണ് റിസർവ്വ് ബാങ്കിന് ഈ ബിൽ മൂലം കിട്ടുന്നതെന്ന് നാം ചിന്തിക്കുക അത് അറിയണമെങ്കിൽ തീർച്ചയായും ൧൯൫൪-ലെ പബ്ലിക്ക് ഡെററ് ആക്ററ് വായിക്കണം. അതിൻെറ സെക്ഷൻ ഏതാണെന്ന് ഇപ്പോൾ എനിക്ക് ഓർമ്മയില്ല. അത് പിന്നീട് ഞാൻ നോക്കി പറയാം.

ശ്രീ. കെ. എ. ബാലൻ: ഒരു സംശയമുണ്ട്. കഴിഞ്ഞതവണ പാസ്സായ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ പാർലമെൻറിൽ ഒരു നിയമം കൊണ്ടുവന്നാൽ ആ നിയമത്തിന് നാം ബാദ്ധ്യസ്ഥരാകേണ്ടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞതവണ പാസ്സായ പ്രമേയം അനുസരിച്ച് ഒരു ബിൽ പാർലമെൻറിൽ കൊണ്ടുവന്നാൽ നാം അതിന് ബാദ്ധ്യസ്ഥരായിത്തീരും, പക്ഷേ, അതും ഇതുമായിട്ടു ബന്ധമില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: കഴിഞ്ഞ നിയമസഭ, ൨൫൨-ാംവകുപ്പനുസരിച്ച് പാസ്സാക്കിയ പ്രമേയവും ഈ ബില്ലും ഒരേ കാര്യത്തിനുള്ളതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞതവണ ഈ നിയമസഭയിൽ പാസ്സാക്കിയ പ്രമേയംമൂലം ഈ നിയമസഭയ്ക്കുള്ള നിയമനിർമ്മാണാധികാരം പാർലമെൻറിലേയ്ക്കു് കൊടുത്തിരിക്കുകയാണു്. ഈ ബില്ലുമൂലം ഈ നിയമസഭയുടെ നിയമനിർമ്മാണാധികാരം ഉപയോഗിക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. ബാലകൃഷ്ണൻ : ഈ ബില്ലിൻെറ ഉള്ളടക്കവും ഇവിടെ പാസ്സാക്കിയ പ്രമേയത്തിൻെറ ഉള്ളടക്കവും ഒന്നുതന്നെയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടും രണ്ടു കാര്യത്തിലുള്ളതാണു്. അപ്പോൾ നിയമനിർമ്മാണത്തിനുള്ള നമ്മുടെ അധികാരം നാം വിട്ടുകളഞ്ഞു എന്നുള്ള അടിസ്ഥാനത്തിന്മേൽ ഇവിടെ നടന്ന വിമർശനങ്ങൾ അപ്രസക്തങ്ങളാണു്. റിസർവ്വ് ബാങ്കിനു് ഇവിടത്തെ പബ്ലിക്ക് കടങ്ങൾ മാനേജു ചെയ്യുവാൻ ഏൽപ്പിക്കുന്നതു് ശരിയാണോ തെററാണോ എന്നേ ഉള്ളു അഭിപ്രായമെങ്കിൽ.

ശ്രീ. ടി. വി. തോമസ് : കഴിഞ്ഞതവണ പാസ്സാക്കിയ പ്രമേയം പബ്ലിക് ഡെററിൻെറ അധികാരം റിസർവ്വ് ബാങ്കിനു് വിട്ടുകൊടുത്തു എന്നാണു്. ഇപ്പോൾ പാസ്സാക്കുവാൻ പോകുന്ന ബിൽ പബ്ലിക് ഡെററ് റിസർവ്വ് ബാങ്കിനെ മാനേജുചെയ്യുവാൻ ഏൽപ്പിക്കുകയാണു്. അപ്പോൾ രണ്ടും ഒന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞ തവണ ഇവിടെ കൊണ്ടുവന്ന പ്രമേയം വകുപ്പു് അനുസരിച്ചുള്ളതാണു്. ആ വകുപ്പു് ഞാൻ വായിക്കാം.

" If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make rules........"

അതായതു് സ്റ്റേററ് നിയമസഭയ്ക്കു് ആവശ്യമായ ഒരു നിയമനിർമ്മാണം പാർലമെൻററ് നടത്തണമെന്നു് ഒരു സ്റ്റേററ് നിയമസഭക്കു് അഭിപ്രായമുണ്ടെങ്കിൽ അപ്രകാരം ഒരു നിയമനിർമ്മാണം പാർലമെൻറിനു് ചെയ്യാവുന്നതാണു്."

ശ്രീ. കെ. ബാലകൃഷ്ണൻ : കഴിഞ്ഞ നിയമസഭയിൽ വകുപ്പനുസരിച്ചു് ഇവിടെ ഒരു പ്രമേയം പാസ്സാക്കി. അതനുസരിച്ചു് പാർലമെൻററ് നിയമനിർമ്മാണം ചെയ്തിട്ടില്ല. പാർലമെൻററ് നിയമനിർമ്മാണം ചെയ്യാത്തതുകൊണ്ടാണോ ഈ ബില്ലു് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്? അതോ ഈ ബില്ലിൻെറ ഉദ്ദേശം പാർലമെൻററ് നിയമനിർമ്മാണം നടത്തുന്നതുവരെ ഇടക്കാലത്തേയ്ക്കു് കാര്യങ്ങൾ നടത്തിക്കൊണ്ടുപോവാനാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രമേയം പാസ്സാക്കിയപ്പോൾ നിയമനിർമ്മാണം ചെയ്യുവാനുള്ള സൗകര്യം നമുക്കില്ലാതിരിക്കുകയാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ : നഷ്ടപ്പെട്ടുപോയ അധികാരം തിരിച്ചെടുക്കണമെന്നു പറഞ്ഞു. അതു് എങ്ങനെയാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബർ പറഞ്ഞു, ഈ സഭയുടെ നിയമനിർമ്മാണാധികാരം വിട്ടുകളഞ്ഞുവെന്നു്. അതു ശരിയല്ല എന്നാണു് ഞാൻ പറഞ്ഞതു്. ഈ ബില്ലുകൊണ്ടു ചെയ്യുന്നതു് നമ്മുടെ സ്വാഭിപ്രായമനുസരിച്ചു് എടുത്ത കടം മാനേജു ചെയ്യുവാൻ റിസർവ്വു ബാങ്കിനു് അധികാരം കൊടുക്കുകയാണു്. നമ്മുടെ സ്റ്റേററിൽനിന്നു് പലർക്കും ബാണ്ടോ പ്രോമിസറി നോട്ടോ കൊടുത്തിട്ടുണ്ടാകും. ആ ബാണ്ടിനും പ്രോമിസറി നോട്ടിനും കൊടുക്കേണ്ടതായ പലിശ റിസർവ്വ ബാങ്കു് കൊടുത്തുകൊള്ളണമെന്നു നിശ്ചയിക്കുകയാണു് ചെയ്യുന്നതു്. അതുപോലെ ഒരാളുടെ കൈയ്യിലുള്ള പ്രോമിസറി നോട്ടു് വേറെ ഒരാൾക്കു് കൊടുക്കുകയാണെങ്കിൽ രജിസ്റ്ററിൽ അതിന്റെ പേർ മാററി എഴുതണം. അതിനുള്ള അധികാരം റിസർവ്വ്ബാങ്കിൽ കൊടുത്തിരിക്കുകയാണു്. അതുപോലെ ഒരാളുടെ ബോണ്ടോ പ്രോമിസറി നോട്ടോ കൈമോശം വന്നുപോയാൽ അതിനു പകരം അയാൾക്കു വേറെ സെക്യൂരിട്ടി കൊടുക്കണം. അങ്ങനെ ഈ ഗവണ്മെൻറിന്റെ ഒരു ഏജൻറായി—കാര്യസ്ഥനായി നമ്മുടെ പബ്ലിക്കു് ഡെററുകളുടെ കാര്യത്തിൽ പ്രവർത്തിക്കുവാൻ നാം റിസർവ്വ ബാങ്കുപോലെയുള്ള ഒരു ബാങ്കിനെ ഏൽപ്പിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഏജൻറു അഡ്മിനിസ്ട്രേറററായി മാറുകയാണെങ്കിലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : സംശയമില്ലാത്തതിനെപ്പററി ചോദിക്കുകയാണെങ്കിൽ എനിക്കൊന്നും പറയാനില്ല. റിസർവ്വ ബാങ്കിനു നമ്മെ ഡിക്ടേററു ചെയ്യുവാൻ ഒരു അധികാരവുമില്ല.

Dr. A. R. Menon : Can you raise a loan supposing that the Reserve Bank advises you against it?

Shri Panampilli Govinda Menon : The power is there. റിസർവ്വ്ബാങ്കു് ൪ ശതമാനമോ ൪½ ശതമാനമോ പലിശയ്ക്കു് ലോൺ റെയിസു് ചെയ്യുവാൻ പറഞ്ഞാലും മൂന്നുശതമാനത്തിനോ മൂന്നരശതമാനത്തിനോ ലോൺ റെയിസുചെയ്യുവാൻ നമുക്കധികാരമുണ്ടു്.

Dr. A. R. Menon : Suppose I ask you not to raise a loan and this Government want to raise a loan ?

Shri Panampilli Govinda Menon ; They can do it. They can go against the advice.

ശ്രീ. ടി. വി. തോമസ് : അവരുടെ അഡ്വൈസിനു എതിരായി ലോൺ റെയിസുചെയ്താൽ സംഖ്യ പിരിഞ്ഞുകിട്ടുകയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരുടെ അഡ്വൈസിനു എതിരായി പ്രവൃത്തിക്കുകയാണെങ്കിൽ അവർക്കും കുറെ ഡിസ്ക്രിഷൻ ഉണ്ടു്. എത്ര പണ്ഡിതന്മാരും വിദഗ്ദ്ധന്മാരുമായ ആളുകൾക്കും അബദ്ധം പററുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ടു്. പക്ഷേ, ഈവക കാര്യങ്ങളിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അറിവും വൈദഗ്ദ്ധ്യവുമുള്ള ആളുകളുടെ അഭിപ്രായം, അവരുടെ ഉപദേശം, സ്വീകരിക്കുകയായിരിക്കും ബുദ്ധിപൂർവ്വകമായിട്ടുള്ളതു്. അതാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. നാം മൂന്നുകോടി രൂപയുടെ കടം എടുത്തിട്ടു്. അതിന്റെ പലിശ കിട്ടുവാനുള്ള ആളുകൾ ബോംബെയിലും മദിരാശിയിലും മൈസൂറിലും അതുപോലെ മററു പല സ്ഥലങ്ങളിലുമുണ്ടു്. അവർ എല്ലാവരും തിരുവനന്തപുരത്തു വന്നു പലിശ വാങ്ങി പോകണമെന്നാണോ പറയുന്നതു്. ബോംബെയിൽനിന്നും മൈസൂറിൽനിന്നും മദിരാശിയിൽനിന്നുംമററും നമ്മുടെ ഗവണ്മെൻറിനു പണം കടംകൊടുത്തിട്ടുള്ള ആളുകൾക്കു്, അവക്കു കിട്ടുവാനുള്ള പലിശ കിട്ടുവാനുള്ള സൌകര്യമില്ലെങ്കിൽ അതിന്റെ ഫലം നാം കൊടുത്തിരിക്കുന്ന സെക്യൂരിററിയുടെ മാക്കററ കുറയുകയായിരിക്കും. എന്തുകൊണ്ടെന്നാൽ, ബോംബെയിലോ മദിരാശിയിലോ ഡൽഹിയിലോ മൈസൂരിലോ ഉള്ള ഒരു ഇൻവെസ്റ്റർ അയാൾക്കു് അയാളുടെ പ്രോമിസറി നോട്ടോ, ബോണ്ടോ, അനുസരിച്ചുള്ള സംഖ്യയുടെ പലിശ കിട്ടണമെങ്കിൽ തിരുവനന്തപുരത്തു വരണമെന്നുള്ള നില വരികയാണെങ്കിൽ നമ്മുടെ സെക്യൂരിററിയിൽ സംഖ്യ ഇൻവെസ്ററു ചെയ്യുവാൻ ആളുകൾ ഉണ്ടാകയില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം മൂന്നാം നിയോജകമണ്ഡലത്തിലെ മെംബർ പറഞ്ഞ മാതിരി നാം റെയിസുചെയ്യുന്ന ലോണിൽ നമ്മുടെ രാജ്യത്തുള്ള ആളുകളായിരിക്കും കൂടുതൽ ഇൻവെസ്റ്റേഴ്സ്. എന്നാൽ നമ്മുടെ ബോണ്ടുകൾക്കും പ്രോമിസറിനോട്ടുകൾക്കും നാണയക്കമ്പോളത്തിൽ വളരെ നല്ല പ്രചാരം ഉണ്ടാകണമെങ്കിൽ അതു കൈമാററാനുള്ള സൌകര്യമുണ്ടാകണം. ഇപ്പോൾ ബോംബെയിൽ ഉള്ള ഒരാൾ നമ്മുടെ ഒരു ബോണ്ടോ പ്രോമിസറിനോട്ടോ വാങ്ങുന്നു എന്നുവരികിൽ ഈ ബിൽ പാസാക്കുകയാണെങ്കിൽ അയാൾക്കു അതിന്റെ പലിശ ബോംബെയിലെ റിസർവ്വ്ബാങ്കിലോ അല്ലെങ്കിൽ ബോംബെയിലെ ഏതെങ്കിലും ബാങ്കിലോ പോയി വാങ്ങാം. അതുപോലെ അതു മറെറാരാൾക്കു വില്ക്കണമെന്നുണ്ടെങ്കിൽ അയാളുടെ പേർ രജിസ്റ്ററിൽ നിന്നു വെട്ടി എഴുതണമെന്നുണ്ടെങ്കിൽ അതാതു സ്ഥലത്തുള്ള റിസർവ്വ്ബാങ്കിൽ ചെന്നാൽ മതി.

ശ്രീ. കെ. എ. ബാലൻ: ഒരു ബാങ്കിന്റെ ജോലിയല്ലെ ഇതു്, ഇതു ഏതു ബാങ്കിനും ചെയ്തുകൂടേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു റിസർവ്വ് ബാങ്കിനെയാണോ മറേറതെങ്കിലും ബാങ്കിനെയാണോ ഏൽപിക്കേണ്ടതു് എന്നാണു് ബഹുമാനപ്പെട്ട മെംബർ ചോദിക്കുന്നതു്. മൂന്നു നാലുകോടി രൂപ കടമെടുക്കുമ്പോൾ ആ കാര്യം മാനേജുചെയ്യുന്നതിനു ഒരു കാര്യസ്ഥൻ വേണം. നമ്മുടെ രാജ്യം ചെറുതായിരുന്നപ്പോൾ നമ്മുടെ ഫൈനാൻസു ഡിപ്പാർട്ടുമെൻറു് നമ്മുടെ പബ്ലിക് ഡെററിന്റെ കാര്യം നോക്കിയിരിക്കാം. അന്നു നാം നാണയമാക്കററിൽ ചെന്നു കടം എടുക്കേണ്ട ആവശ്യമില്ലായിരുന്നു. ഇന്നു നാം ആൾ ഇൻഡ്യാ സെററപ്പിൽ ഇൻഡ്യയുടെ ഒരു ഭാഗമായി തീർന്നിരിക്കുകയാണു്. അതുകൊണ്ടു് ഈ വക കാര്യങ്ങളിൽ മറെറല്ലാവരും പ്രവത്തിക്കുന്നതുപോലെ നമ്മളും പ്രവത്തിക്കേണ്ട കാര്യമുണ്ടു്. മററുള്ളവർ പ്രവത്തിക്കുന്നതുപോലെ നമ്മളും പ്രവത്തിച്ചില്ലെങ്കിൽ നമ്മുടെ സെക്യൂരിററിയുടെ വില കുറയും, റിസർവ്വ്ബാങ്കിനെപ്പോലെയുള്ള ഒരു

സ്ഥാപനം അതിനുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ അതു നമ്മുടെ ഗവണ്മെൻറിനും നമ്മുടെ ഫൈനാൻസിനും വളരെ ഗുണകരമായിട്ടുള്ള ഒരു കാര്യമാണു്. അതല്ലാതെ ചിലർ സംശയിക്കുന്നതുപോലെ ഇതിൽ കേന്ദ്രത്തിന്റെ കയ്യേററമോ റിസർവ്വ്ബാങ്കിനു നമ്മുടെ ആസ്തികൾ പണയപ്പെടുത്തലോ ഒന്നും ഇല്ലെന്നു വളരെ താഴ്മയായി ഞാൻ ഈ സഭയിൽ ബോധിപ്പിക്കുന്നു. സർവ്വസാധാരണമായ ഈ കാര്യത്തെപ്പററി നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ, ഏതു കക്ഷിയിൽപ്പെട്ടവരായാലും എതിർപ്പുണ്ടാക്കുന്നതുപോലും നമ്മുടെ ഈവക പ്രവൃത്തികൾക്കു ഹാനികരമാകുമെന്നു എനിക്കു സംശയമുണ്ടു്. നമ്മുടെ ഗവണ്മെൻറിനു പബ്ളിക്ക് ഡെററ ഉണ്ടായതിനുശേഷം അതു് ഏതെങ്കിലും വിധത്തിൽ മാനേജു ചെയ്യുന്ന കാര്യത്തിൽ എല്ലാ അംഗങ്ങളും ശ്രദ്ധയുള്ളവരാണെന്നു കരുതി ഞാൻ പറയുകയാണു്. ഒന്നുകൂടി ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. നമ്മുടെ ഇടയിൽ ധാരാളം പണമുള്ളവർ അവരുടെ ചില ഉയർന്ന കാര്യങ്ങൾ നോക്കാൻ ബാങ്കിനെ ഏൽപിക്കാറുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽ ധാരാളത്തിലധികം വ്യാപാരമുള്ള ആളുകൾ അവരുടെ പല കാര്യങ്ങളും മാനേജുചെയ്യുവാൻ ബാങ്കുകളെ ഏൽപിക്കാറുണ്ടു്. ഗവണ്മെൻറ് തീർച്ചയായും ഇങ്ങനെയുള്ള ധനസംബന്ധമായ കാര്യങ്ങൾ മാനേജു ചെയ്യുവാൻ ബാങ്കിനെയാണു് ഏൽപിക്കേണ്ടതു്.

ശ്രീ. ടി. പി. സീതാരാമൻ: മററെല്ലാരാജ്യങ്ങളിലും ഈ റിസർവ്വ്
3 P. M. ബാങ്കിന്റെ നിയന്ത്രണത്തിലാണോ വായ്പകൾ എടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൽക്കട്ടായിൽ അതേ, മദ്രാസിലും അങ്ങിനെതന്നെയാണു്. അഞ്ചു കോടിയും, പത്തു കോടിയും രൂപയുടെ പബ്ലിക്ക് ഡെററുകൾ മാനേജുചെയ്യുന്നതിനു് റിസർവ്വ് ബാങ്കിനെ സാദ്ധ്യമാകയുള്ളു. അതുകൊണ്ടു അവരെ ഏല്പിക്കുകയാണു ചെയ്തിട്ടുള്ളതു്. നമ്മുടെ രാജ്യത്തുള്ള ഏകദേശവല്ക്കരിച്ചിട്ടുള്ള ബാങ്കാണു് അതു്. ബ്രിട്ടീഷ് അധികാരം ഇവിടെ ഇല്ലാതെവന്നതുമുതൽ ആദ്യമായി ദേശവല്ക്കരിച്ചിട്ടുള്ള ഒരു സ്ഥാപനമാണു് റിസർവ്വ്ബാങ്കു്. അതും മുമ്പ് ഒരു ഷെയർ ഹോൾഡേഴ്സ് ബാങ്കു തന്നെയായിരുന്നു.

ശ്രീ. എം. പി. മേനോൻ: അങ്ങനെയാണെങ്കിൽ നമ്മുടെ ഫൈനാൻഷ്യൽ ട്രാൻസാക്ഷൻസ് ബാങ്കിനെ ഏല്പിക്കണമെന്നുള്ള അഭിപ്രായത്തെ അനുകൂലിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെങ്ങനെയാണു്?

ശ്രീ. എം. പി. മേനോൻ: കൊച്ചിയിൽ മുമ്പു നടത്തിവന്നിരുന്നതുപോലെ ബാങ്കുകളെ ഏല്പിക്കാമല്ലൊ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നമ്മുടെ ട്രഷറികളിലും ഗവണ്മെൻറിനു ചില വ്യവസ്ഥകൾ ഉണ്ടു്. അതേപ്പററി കൂടുതൽ പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് പറയാതിരിക്കുകയാണു്.

വേറെ ഒരു സംഗതികൂടി ഓർക്കണം. റിസർവ്വ്ബാങ്കു മാത്രമാണു് ദേശവല്ക്കരിച്ചിട്ടുള്ള ബാങ്കു്. ഇമ്പീരിയൽബാങ്കു്, സെൻട്രൽ ബാങ്കും ഇങ്ങനെയുള്ള ബാങ്കുകൾ ഷെയർ ഹോൾഡേഴ്സിന്റെ ബാങ്കാണു്,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

എന്നാൽ, ഈ ബാങ്ക് ജനങ്ങളുടെ ബാങ്കാണ്. ഇൻഡ്യാഗവണ്മെൻറിൻെറ ബാങ്കാണ്. അതുകൊണ്ടു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് എടുക്കുന്ന കടങ്ങളുടെ ചുമതല ഈ ബാങ്കിനെ ഏല്പിക്കണമെന്നുള്ളതാണ് ഈ ബില്ലിൽ അടങ്ങിട്ടുള്ള തത്വം. ഈ റിസർവ്വ്ബാങ്ക് നമുക്കങ്ങനെ അവഗണിക്കാവുന്ന ഒരു സ്ഥാപനമല്ല. ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് പലപ്പോഴും വളരെ ഏറെ അതായതു് വേസ് ആൻറ് മീൻസ് കാര്യങ്ങൾക്കായി പണം കിട്ടുന്നതിനായിട്ട് ഈ ബാങ്കിനെ ആശ്രയിക്കേണ്ടതായി വരും. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിൽ പതിനേഴുകോടി രൂപ ചെലവും അത്രതന്നെ വരവും കാണിച്ചിട്ടുണ്ടെങ്കിലും അതിനേക്കാൾ എത്രയോ കൂടുതലായ സംഖ്യകൾ ചില സമയങ്ങളിൽ ചിലവഴിക്കേണ്ട സന്ദർഭങ്ങൾ വരും. വേസ് ആൻറ് മീൻസ് അഡ്വാൻസ് വേണമെങ്കിൽ അതു് ഇവിടെനിന്നാണു കിട്ടുക. അങ്ങനെ നേരിയ പലിശയിൽ ഇവിടത്തെ ക്യാപ്പിററലിസ്റ്റിക്ക് ബാങ്കുകൾക്ക് ആർക്കെങ്കിലും അങ്ങനെ അഡ്വാൻസുചെയ്യുവാൻ കഴിയുമോ. അപ്പോൾ വേസ് ആൻറ് മീൻസ് ഇനത്തിൽ എവിടെനിന്നു ധനകാര്യമന്ത്രിക്ക് പണം കിട്ടും. റിസർവ്വ്ബാങ്ക് അങ്ങനെ ഇൻഡ്യയിൽ വേസ് ആൻറ് മീൻസ് അഡ്വാൻസ് ഇനത്തിൽ പണം കൊടുക്കുകയാണ്. പെട്ടെന്നു് ചില പോയിൻറ്സ് ആഫ് ടൈമിൽ അങ്ങനെ കൊടുക്കേണ്ടിവരും. അങ്ങനെ ഒരു കൊല്ലത്തെ ചരിത്രത്തിനിടയിൽ ചിലപ്പോൾ പോയിൻറ്സ് ആഫ് ടൈം വരും. അപ്പോൾ വേസ് ആൻറ് മീൻസ് അഡ്വാൻസായി പണം എടുക്കേണ്ട അവസരങ്ങളുണ്ടാകും. നമ്മുടെ വേസ് ആൻറ് മീൻസ് മോശമായിരുന്നാലും അതുകൊണ്ടു് നമ്മുടെ ഫൈനാൻഷ്യൽ പൊസിഷൻ മോശമായിരിക്കുകയില്ല. പിന്നെ പല കാര്യങ്ങളുമുണ്ടു്. അതു് തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ ഒരു കൊല്ലത്തെ ആകെയുള്ള വരുമാനത്തിൽ എത്ര വലിയ ഒരു സംഖ്യ ഭക്ഷ്യധാന്യങ്ങൾക്കായി നാം ചെലവാക്കുന്നുണ്ടു്. അങ്ങനെ വരുമ്പോൾ നമുക്ക് റിസർവ്വ് ബാങ്കിനെ ആശ്രയിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ ആശ്രയിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലെല്ലാം അവർ സഹായിക്കുന്നുമുണ്ടു്. അതുകൊണ്ടു ഈ റിസർവ്വ് ബാങ്ക് എന്നു പറയുന്നതു് നമ്മെ അധികാരമില്ലാതാക്കുന്നതിനോ കടക്കാരാക്കുന്നതിനോ വന്നിട്ടുള്ള ഒരു സ്ഥാപനമാണെന്നു് ബഹുമാനപ്പെട്ട അംഗങ്ങളിൽ ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം ഒന്നു മാററണമെന്നു എനിക്കപേക്ഷയുണ്ടു്.

ഇങ്ങനെയുള്ള ബില്ലുകൾ കൊണ്ടുവരുമ്പോൾ തീർച്ചയായും അതിനെ സഭ മുഴുവൻ ഏകപക്ഷമായി അനുകൂലിക്കുകയാണ് ഈ സഭയുടെ അന്തസ്സിനും ഈ രാജ്യത്തിൻെറ മേന്മയ്ക്കും നല്ലതെന്നെനിയ്ക്കു തോന്നുന്നു. ഇതിനെ എതിർക്കാൻ യാതൊരു കാര്യവുമില്ല. ഇതാണ് ഇതിൻെറ അവസ്ഥ. അതുകൊണ്ടു് ഞാനീബില്ലിനെ ശക്തിയായി അനുകൂലിക്കുകയാണ്. അതു കഴിഞ്ഞവർഷം ഞാൻ പ്രമേയം കൊണ്ടുവന്നതുകൊണ്ടല്ല. പഴയ കടങ്ങളും, ഇനി എടുക്കാവുന്ന കടങ്ങളും ൧൯൪൮-ലെ റൂളുകളും നിബന്ധനകളും അനുസരിച്ചു് പബ്ലിക്ക് ഡെററനാണു പറയുക. ഇതു് ഒരു ഏജൻസി എഗ്രിമെൻറാണ്. ഇതു നമുക്ക് എന്നു വേണമോ മാററുകയും ചെയ്യാം. മാററണമെന്നല്ല ഞാൻ പറയുന്നതു്. അതി

നുള്ള അധികാരം നമുക്കുണ്ട്. അതുകൊണ്ട് ഈ ബില്ലിൽ അപാകതയുണ്ട്, ഇതിൽ തെററുണ്ട്, ഈ ബിൽ കൊണ്ടുവരുന്നതുമൂലം ഇന്നത്തെ മന്ത്രിസഭ ഏതെങ്കിലും അധികാരം കേന്ദ്രത്തിനടിയറവയ്ക്കുന്നു എന്നൊക്കെ പറയുന്നതു് അടിസ്ഥാനരഹിതമാണെന്നറിയിച്ചുകൊണ്ട് ഞാനീബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: ഈ റിസർവ്വ് ബാങ്കിന്റെ ബ്രാഞ്ചുകൾ തിരുവിതാംകൂർ-കൊച്ചിയിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാനീബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ കാൺസ്റ്റിററ്യൂഷൻ ൨൯൨-ാംവകുപ്പും ൨൫൨-ാംവകുപ്പും ഈ ബില്ലും വായിച്ചുനോക്കിയിട്ട് ഈ അഭിപ്രായം പറയുമായിരുന്നോ എന്ന് ബഹുമാനപ്പെട്ട ചാലക്കുടിമെമ്പർ പറഞ്ഞതു കേട്ടപ്പോൾ എനിക്ക് പൊട്ടക്കണ്ണൻ കോങ്കണ്ണനെ കുററം പറയുന്നു എന്നാണു തോന്നിയതു്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ ഈ കാൺസ്റ്റിററ്യൂഷൻ പരിശോധിച്ചിട്ടില്ല. ആർട്ടിക്കിൾ വായിച്ചിട്ടില്ല എന്നു പറയുന്നതിനുള്ള ഔദ്ധത്യം എനിക്കില്ല എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അദ്ദേഹം ഈ കാൺസ്റ്റിററ്യൂഷൻ ൨൫൨-ം, ൨൯൨-ം ആർട്ടിക്കിളും വായിച്ചിട്ടുണ്ടെങ്കിൽ അതു് അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല എന്നു് ഖേദപൂർവ്വം ഈ സഭയെ അറിയിക്കുന്നു. ഈ ബിൽ ഇവിടെ ഹാജരാക്കുന്നതിനെ എതിർക്കുന്നതിനു പല കാരണങ്ങളുമുണ്ട്. ആ കാരണങ്ങളിൽ ഏതൊരു കാരണങ്ങൾകൊണ്ടാണ് എന്നു് എന്റെ ഭാഗത്തു എന്റെ പാർട്ടി അതിനു വ്യക്തമായി ഈ സഭയെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ ഈ സഭയിൽ കൊണ്ടുവരുന്നതിന് സാങ്കേതികമായ ചില കാരണങ്ങളാൽ ഞാൻ എതിർക്കുകയാണ്. സാങ്കേതികമായ കാരണങ്ങൾ എന്നു ഞാൻ പറഞ്ഞതു് ഇന്നു് സഭയിലെ ട്രഷറിബെഞ്ചിൽ ഇരിക്കുന്നവർക്കു തന്നെ ഈ ബിൽ പാസ്സാക്കുന്നതിന് സഭയ്ക്കധികാരം ഇല്ലെന്നും ഈ ബിൽ പാസ്സാക്കിയാൽ അതു് ഈ സ്റ്റേററിന്റെ അധികാരത്തിൽ കവിഞ്ഞ ഒരു പ്രവൃത്തിയാണെന്നും അതുപോലെ ഈ ബിൽ ഇപ്പോൾ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നുമാണ് എനിക്കീസഭയെ അറിയിക്കുവാനുള്ളതു്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ ഈ ബില്ലും ൧൯൫൨ മാർച്ചുമാസത്തിലെ റെസലൃൂഷനും തമ്മിൽ ബന്ധമില്ല എന്നു പറയുമ്പോൾ അതു മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നല്ല, അതു തെററാണെന്നുതന്നെ ഞാൻ വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു.

കാൺസ്റ്റിററ്യൂഷൻ ൨൫൨-ാംവകുപ്പു അനുസരിച്ചു് ഈ സഭയിൽ ഹാജരാക്കി പാസ്സാക്കിട്ടുള്ള ഒരു പ്രമേയമനുസരിച്ചു് ഈ സഭയിലെ ചില അധികാരങ്ങൾ കേന്ദ്രത്തിലേയ്ക്കു് വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ട്. അതനുസരിച്ചു് ഇപ്പോൾ ഇവിടെ ഒരു ബില്ലു പ്രത്യേകമായി കൊണ്ടുവരേണ്ട ആവശ്യമില്ല. അതായതു ഭരണഘടനയ്ക്കു് കടലാസ്സിന്റെ വിലപോലും കൊടുത്തിട്ടില്ല എന്നുള്ള സംഗതി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മറന്നുപോയിരിക്കുന്നു എന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഏ. താണുപിള്ള: ഈ അധികാരം എങ്ങനെ വിട്ടുകൊടുത്തു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: നമ്മുടെ അധികാരം എങ്ങനെ കളഞ്ഞു എന്നാണല്ലോ ചോദിക്കുന്നതു്. സർ, ൧൯൫൧ മാർച്ചിൽ ഇന്നു പ്രതിപക്ഷ നേതാവായിരിക്കുന്ന അന്നത്തെ ഫൈനാൻസുമന്ത്രി കൊണ്ടുവന്നു പാസ്സാക്കിയതും ഇന്നത്തെ പ്രധാനമന്ത്രി ഉൾപ്പെടെ ആളുകൾകൂടി പാസ്സാക്കിയതുമായ ഒരു പ്രമേയത്തിലേയ്ക്കു് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കുകയാണു്. അതിൽ പറഞ്ഞിരിക്കുന്നതു്:

> "Now, therefore, this House hereby resolves, in pursuance of Article 252 of the Constitution of India, that the matters dealt with in the Act aforesaid shall be regulated, in the State of Travancore-Cochin, by Act of Parliament, in so far as Government securities issued by the State Government etc."

ശ്രീ. എ. താണുപിള്ള: അതിനെ റദ്ദുചെയ്യുന്നതിനു പാർലമെന്റു നടപടി നടത്തിയെന്നല്ലാതെ നമ്മുടെ അവകാശം വിട്ടുകൊടുത്തു എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ കാൺസ്റ്റിറ്റ്യൂഷൻ എഴുതിവച്ചിരിക്കുന്ന ഭരണഘടനയാണു്. അതിൽ ഓരോ പാർലമെന്റിലുള്ള അധികാരങ്ങൾ എന്താണെന്നു വ്യക്തമായിട്ടു രേഖപ്പെടുത്തിയിട്ടുണ്ടു്. സർ, നമ്മുടെ ഷെഡ്യൂൾ ൭-ാം പ്രകാരം എടുക്കുന്ന പബ്ലിക്കു് ഡെറ്റിനെപ്പറ്റി ആർട്ടിക്കിൾ ൨൫൨-ൽ അങ്ങനെയുള്ള അധികാരങ്ങൾ റസല്യൂഷൻകൊണ്ടു് പാർലമെന്റിലേയ്ക്കു് മാറ്റുന്നതിനു് നമുക്കു അധികാരമുണ്ടെന്നു പറയുന്നുണ്ടു്. സർ, അങ്ങനെ മാറ്റിക്കഴിഞ്ഞാൽ പാർലമെന്റു് അതു സ്വീകരിച്ചു് അതനുസരിച്ചു പ്രവർത്തിച്ചില്ലെങ്കിൽ ആ റസല്യൂഷൻ മടങ്ങിവരുമെന്നുള്ളതിനെതിരായി ഒരാർട്ടിക്കിൾപോലും പറയുന്നില്ല സർ. ഞങ്ങൾ എന്തു പറഞ്ഞാലും തെറ്റാണെന്നും അതിനെതിരു പ്രവർത്തിക്കുന്നതിനു്...

ശ്രീ എ. താണുപിള്ള: ഈ പ്രമേയമനുസരിച്ചു് പാർലമെന്റു് നിയമമുണ്ടാക്കിയാൽ ഈ അസംബ്ലിക്കു് ഭേദഗതി ചെയ്യാനോ റദ്ദുചെയ്യാനോ അവകാശമില്ലെന്നല്ല ഇവിടെ പാസ്സാക്കിയ പ്രമേയം. നമുക്കു് അതനുസരിച്ചു് നിയമമുണ്ടാക്കിക്കൂടെന്നു ഭരണഘടനയിൽ വല്ലതും പറയുന്നുണ്ടോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇവിടെ ഒരു റസല്യൂഷൻ പാസ്സാക്കുന്നതിനായിട്ടു് ബഹുമാനപ്പെട്ട ഫൈനാൻസുമന്ത്രി പറഞ്ഞു പെട്ടെന്നു് ഇതു പാസ്സാക്കിയില്ലെങ്കിൽ പാർലമെന്റിൽ ഈ അധികാരം എടുക്കുമെന്നു്. പിന്നീടു പാസ്സാക്കിയ ഉടനെ പറഞ്ഞു അതു വേണ്ടാ എന്നു്.

ഒരു ദിവസം ഒരു വിധത്തിൽ പ്രസംഗിക്കുക, മറ്റൊരു ദിവസം മറ്റൊരു വിധത്തിൽ പ്രസംഗിക്കുക. ഇന്നത്തെ പ്രധാനമന്ത്രി ഇപ്പോൾ പറയുന്ന പാർലമെന്റു ഇതുവരെ നമ്മുടെ പ്രമേയം സ്വീകരിച്ചിട്ടില്ലായെന്നു്. ഇതിന്റെ അർത്ഥമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട തിരുവാർപ്പു മെമ്പർ ഒന്നുകിൽ ഞാൻ പറഞ്ഞതു ശരിക്കു മനസ്സിലാക്കിയില്ല, അല്ലെങ്കിൽ ഞാൻ പറഞ്ഞതിനെ ദുർവ്യാഖ്യാനം ചെയ്യുന്നുവെന്നു പറ

യെണ്ടിയിരിക്കുന്നു. ഭരണഘടനാ ൨൫൨-ാം വകുപ്പിൽ അതിന്റെ ഉദ്ദേശമെന്താണെന്നു് വ്യക്തമായി പറയുന്നുണ്ടു്. അതിൽ പറയുന്നതു് ഇങ്ങനെയാണു്.

> "It shall be lawful for Parliament to pass an Act for regulating that matter accordingly.............."

അപ്പോൾ പാർലമെന്റിനു ഈ വിഷയത്തെപ്പറ്റി നിയമനിർമ്മാണം ചെയ്യുന്നതിനുള്ള അധികാരം നാം വിട്ടുകൊടുക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഒരു പായിന്റു് ഓഫ് ആർഡർ. ഇതെന്താണെന്നു മനസ്സിലായില്ല. ബഹുമാനപ്പെട്ട മെമ്പർ ഒരു ചോദ്യം ചോദിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു ചെറിയ എക്സ്പ്ലനേഷൻ കൊടുക്കുകയാണു്. അതു് ബഹുമാനപ്പെട്ട തിരുവാർപ്പുമെമ്പർക്കു് വിരോധമാകുകയില്ലെന്നു വിശ്വസിക്കുന്നു.

സർ, ആ വകുപ്പിൽ റസല്യൂഷൻ പാസായാൽ,

> "If resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful............"

എന്നാണു് പറയുന്നതു്. അങ്ങനെയൊരു റസല്യൂഷൻ ഈ വകുപ്പിനുണ്ടായിരുന്നില്ലെങ്കിൽ ഷെഡ്യൂളിന്റെ കിടപ്പുകൊണ്ടു് പാർലമെന്റു നിയമനിർമ്മാണം ഉണ്ടാക്കിയാൽ അതിനു നിയമസാധുത്വം ഉണ്ടായിരിക്കുകയില്ല. കഴിഞ്ഞ തവണ പ്രമേയം പാസായതുകൊണ്ടു്"

എന്നു മാത്രമേ ഉള്ളു. പാർലമെന്റു നിയമമുണ്ടാക്കിയാൽ സ്റ്റേറ്റിനു പ്രവേശനമില്ലാതെ വരുന്നതു് ൨൫൨-ലെ രണ്ടാം ഉപവകുപ്പു് അനുസരിച്ചാണു്. ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുന്നതു് നിയമത്തിനു തടസ്ഥമല്ലെന്നു അതുകൊണ്ടു കാണാവുന്നതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: പാർലമെന്റിനു ഇതു സംബന്ധിച്ചു് നിയമം ഉണ്ടാക്കാനുള്ള അധികാരം ഒരു പ്രമേയം മുഖേന നാം വിട്ടുകൊടുത്തിരിക്കുന്നതുകൊണ്ടു് ഈ നിയമസഭയിൽ പാസ്സാക്കാൻ അധികാരമുണ്ടോ എന്നുള്ളതിനെപ്പറ്റിയാണു് എനിക്കു് സംശയമുള്ളതു്. പിന്നെ, ദുർവ്യാഖ്യാനത്തെപ്പറ്റി പറയുന്നു. ദുർവ്യാഖ്യാനമെന്നതു് ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറിന്റെ കുത്തകമാത്രമല്ലെന്നു ഓർമ്മിക്കേണ്ടതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്നു പറഞ്ഞതിന്റെ അർത്ഥം ഈ സമയത്തു ബഹുമാനപ്പെട്ട മെമ്പർ ദുർവ്യാഖ്യാനംചെയ്യാൻ പോകുന്നുവെന്നാണോ? ചാലക്കുടി മെമ്പറിന്റെ മാത്രമല്ല ദുർവ്യാഖ്യാനത്തിന്റെ കുത്തക, തിരുവാർപ്പുമെമ്പറിന്റെ കൂടിയാണു് എന്നാണല്ലോ പറഞ്ഞതു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അപ്പോൾ ദുർവ്യാഖ്യാനത്തിന്റെ കുത്തക ചാലക്കുടി മെമ്പർക്കു മാത്രമല്ലായുള്ളതു്, പത്തനാപുരം മെമ്പർക്കും കൂടിയുണ്ടു്.

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, ൧൯൫൩ മാർച്ചിൽ ഒരു റസലൂഷൻ പാസാക്കിയതിനുശേഷം വീണ്ടും ഇപ്രകാരം ഒരു നിയമം ഈ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നതിനോ, ചർച്ചചെയ്യുന്നതിനൊ, പാസാക്കുന്നതിനോ അധികാരമില്ല. രണ്ടാമതായി എനിക്കു പറയുവാനുള്ളത് ൧൯൪൪-ലെ ഇൻഡ്യൻ പബ്ലിക്ക് ഡെറ്റ് ആക്റ്റ് ഇന്ന് തിരുവിതാംകൂർ-കൊച്ചിയിലും നടപ്പിലിരിക്കുന്നുവെന്നാണ്. കാരണം ഈ നിയമം കാൺസ്റ്റിറ്റ്യൂഷൻ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് ഇൻഡ്യാഗവണ്മെൻറ ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണ്. അങ്ങനെയൊരു നിയമം ഇൻഡ്യാഗവണ്മെൻറ് ഉണ്ടാക്കിയാൽ ഭരണഘടന ൩൭൨-ാംവകുപ്പിൻപ്രകാരം അത് സാധുവായിരിക്കുന്നതാണ്. ൩൭൨-ാം വകുപ്പിൽ പറയുന്നത് ഇങ്ങനെയാണ്:

"Notwithstanding the repeal by this Constitution of the enactments referred to in article 395 but subject to the other provisions of this Constitution, all the law in force in the territory of India immediately before the commencement of this Constitution shall continue in force."

ഭരണഘടനാനിയമം നടപ്പിൽ വരുത്തുന്നതിനുമുമ്പ് പാർലമെൻറ പാസാക്കിയിട്ടുള്ള എല്ലാ നിയമങ്ങളും, അത് ഭരണഘടനാനിയമങ്ങൾക്ക് വിരുദ്ധമല്ലാത്തിടത്തോളം കാലം നിലവിലിരിക്കുന്നുവെന്നാണ്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ കഴിഞ്ഞ പ്രാവശ്യം ഈ അസംബ്ലിയിൽക്കൂടി പാസാക്കിയെടുത്തു. റെസലൂഷൻെറ ഒരുഭാഗം ഞാനിവിടെ വായിക്കാം.

"The said Public Debt Act has been amended to make its provisions also applicable to securities issued by the States specified in Part A of the First Schedule to the Constitution of India."

അതായത്, ൧൯൪൪-ലെ ആക്റ്റനുസരിച്ച് ൧൯൫൦-ൽ ഇൻഡ്യയിലെ ഏഴ് സംസ്ഥാനങ്ങളിൽ നിയമപ്രാബല്യം വന്നിരിക്കുകയാണ്. അങ്ങനെ നിയമപ്രാബല്യം വന്നത് ൨൫൨-ാംവകുപ്പനുസരിച്ച് ഈ റസലൂഷൻ ഈ അസംബ്ലിയിൽ പാസ്സാക്കിയതുകൊണ്ടായിരിക്കണം. അതിനുശേഷം ആ രാജ്യങ്ങൾക്ക് ഇത് നിയമമായി തീൎന്നിട്ടുണ്ട്. പബ്ലിക്ക് ഡെറ്റ് ആക്റ്റ് ൨൫൨-ാംവകുപ്പ് അനുസരിച്ച് റസലൂഷൻ പാസാക്കിയിരിക്കുന്ന നിലയ്ക്ക് നമ്മുടെ രാജ്യത്തും അത് നിയമമായി തീൎന്നിരിക്കുകയാണ്. ൨൫൨-ാംവകുപ്പിൽ ഇങ്ങനെ പറയുന്നു:

"If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the State except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses

of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly............. and any Act so passed shall apply to such States and to any other State......"

അസംബ്ലിയിൽ റസല്യൂഷൻ പാസ്സാക്കുന്നതിനുമുമ്പ് നിയമമായി ല്ലെങ്കിൽതന്നെയും ഇതിൻപ്രകാരം റസല്യൂഷൻ പാസാക്കിയതുകൊണ്ടു് ൧൯൪൪-ലെ പബ്ലിക്ക് ഡെറ്റ് ആക്ട് ഈ രാജ്യത്തെ നിയമംകൂടി യായിതീർന്നിട്ടുണ്ടു്. പാർലമെന്റിൽ നിയമിച്ചിട്ടുള്ള ഒരു നിയമത്തോടു തുല്യം പ്രാബല്യം അതിനുണ്ടു്. അങ്ങനെയൊരു നിയമനിർമ്മാണം കഴി ഞ്ഞാൽ പിന്നെ പാർലമെന്റിനു പുതിയനിയമം ഉണ്ടാക്കേണ്ടയാവശ്യ മില്ല. ൧൯൫൩ മാർച്ചുമാസത്തിൽ ഇൻഡ്യയിൽ ഏഴു സംസ്ഥാനങ്ങ ളിൽ നിലവിൽ വന്നിട്ടുള്ള പബ്ലിക്ക് ഡെറ്റ് ആക്ട്, അതിനുശേഷം ഏതെങ്കിലും സംസ്ഥാനഅസംബ്ലി ഭരണഘടന ൨൫൨-ാം വകുപ്പു അനു സരിച്ചു് ഒരു റസല്യൂഷൻ പാസാക്കുന്നപക്ഷം അവിടെയും അന്നുമുതൽ നിയമം ആകുമെന്നാണു് ഈ വകുപ്പുപറയുന്നതു്. ഈ പ്രമേയം ൧൯൫൩ മാർച്ചിൽ ഈ രണ്ടു സംസ്ഥാനങ്ങളേയും മാത്രമല്ല അനേകം സംസ്ഥാന ങ്ങളിൽ പാസാക്കിയിട്ടുണ്ടു്. അങ്ങനെ അതു് നിയമമായിട്ടും ഉണ്ടു്. അതിനാൽ അപ്രകാരം നിയമമായിട്ടുള്ള ഇൻഡ്യൻ പാർലമെന്റിലെ ഒരു നിയമം, മററു സംസ്ഥാനങ്ങളിൽ അംഗീകരിച്ചിട്ടുള്ള ആ നിയമം, പുതിയതായി രണ്ടിൽ കൂടുതൽ സംസ്ഥാനങ്ങളിൽ നിയമമായിട്ടുണ്ടെ ങ്കിൽ, മൂന്നാമത്തെ സംസ്ഥാനത്തു അതൊരു നിയമമാക്കണമെങ്കിൽ പാർല മെൻറു പുതിയതായി ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നും, മുമ്പു ണ്ടാക്കിയിരിക്കുന്ന നിയമംതന്നെ ഈ സംസ്ഥാനത്തിനു യോജിക്കുമെന്നും പറയുന്ന സ്ഥിതിക്കു് ഇങ്ങനെ ഒരു ബില്ലുകൊണ്ടുവന്നതു് അജ്ഞതകൊണ്ടാ ണെന്നു ഞാൻ പറയുന്നില്ലെങ്കിലും തെററിദ്ധാരണകൊണ്ടാണെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഈ ബിൽ പിൻവലിക്കുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടും അതിനുവേണ്ട ഉപദേശം കൊടു ക്കുന്നതിനു സദാ തയ്യാറായിരിക്കുന്ന പ്രതിപക്ഷനേതാവിനോടും ഞാൻ അപേക്ഷിക്കുന്നു. അതിനവർ തയ്യാറില്ലെങ്കിൽ ഈ ബിൽ തള്ളിക്കള യണമെന്നു് ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നു.

Shri Chengarapalli P. Narayanan Potti : Sir, shall we have the benefit of the Advocate-General's opinion on this matter at this stage ?

Shri A. Thanu Pillai : Opinion on what ?

Shri Chengarapalli P. Narayanan Potti : On the legal and constitutional position of the Public Debt Bill now under discussion.

Mr. Speaker : Since the House wants the opinion of the Advocate-General, he can speak.

അഡ്വക്കേററ-ജനറൽ: സർ, നിയമപരമായി ഈ ബില്ല് പരിശോധിക്കുന്നപക്ഷം ഇതിൽ പ്രതിപക്ഷനേതാക്കന്മാരും വേറെ ചില ബഹുമാനപ്പെട്ട മെംബറന്മാരും സംശയിക്കുന്നതുപോലെ വലുതായ തെററുകളോ നിയമപരമായ അബദ്ധങ്ങളൊ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഭരണഘടനയിലെ ൨൦൨-ാം വകുപ്പു അനുസരിച്ചു് ഇതിനു മുമ്പു് ഒരു പ്രമേയം ഈ സഭയിൽ പാസാക്കിയിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെംബറന്മാക്കു് അറിവുള്ളതാണു്. ൨൫൨-ാം വകുപ്പു അനുസരിച്ചു് ചില മാന്യമെംബർമാർ പറയുന്നതുപോലെ അതിൻെറ വ്യാപ്തി എന്താണെന്നാണു നോക്കേണ്ടതു്. ൨൫൨-ാം വകുപ്പിൽ പറയുന്നതു്;

> "If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the States except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly, and any Act so passed shall apply to such States and to any other State by which it is adopted afterwards by resolution passed in that behalf by the House or, where there are two Houses, by each of the Houses of the legislature of that State,"

എന്നാണു്. ഈ ഭരണഘടനയുടെ രണ്ടാം ഷെഡ്യൂൾ അനുസരിച്ചു് ഓരോ സ്റ്റേററിൻെറയും, അല്ലെങ്കിൽ പ്രവിശ്യയുടെയും പ്രത്യേക അധികാരത്തിൻെറ വ്യാപ്തി എത്രയുണ്ടെന്നുള്ളതിനെപ്പററി നിയമം നിർമ്മിക്കുന്നതിനുള്ളവകാശം അതാതു് സംസ്ഥാനത്തിനുതന്നെ ഉണ്ടായിരിക്കുന്നതാണു്. ഒരു ഫെഡറൽ കാൺസ്റ്റിട്യൂഷൻെറ സ്വഭാവമനുസരിച്ചു് ഓരോ പ്രവിശ്യക്കും വിട്ടുകൊടുത്തിട്ടുള്ള അധികാരത്തിൽ കേന്ദ്രഗവൺമെൻറ പ്രവേശിക്കുന്നുണ്ടെങ്കിൽ അതാതു സംസ്ഥാനത്തുള്ള നിയമസഭയുടെ ആനുകൂല്യവും സമ്മതവും ഇല്ലാതെ അങ്ങനെ പ്രവേശിക്കാൻ പാടില്ല. അതിലേയ്ക്കു ഒരു ഉപാധിയായിട്ടു് വച്ചിട്ടുള്ള ഒരു വകുപ്പാണു് ൨൫൨. ആ വകുപ്പു അനുസരിച്ചു് ഓരോ സംസ്ഥാനത്തുമുള്ള നിയമസഭകൾക്കും, അതിലേക്കുവേണ്ടി കേന്ദ്രത്തിനെ അധികാരപ്പെടുത്തി ഒരു പ്രമേയം പാസാക്കിയല്ലാതെ വിട്ടുകൊടുത്തിട്ടുള്ള വിഷയങ്ങളെസംബന്ധിച്ചു കേന്ദ്രഗവണ്മെൻറിനു പ്രവേശിക്കാൻ അർഹതയില്ല. അല്ലാതെ പ്രവേശിച്ചാൽ അതു് നിയമപരമായ ഒരു തെററായിരിക്കും. പിന്നെ നമ്മുടെ നിയമസഭയിൽ എന്താണു് നടന്നതു്? ൨൫൨-ാം വകുപ്പു അനുസരിച്ചു് അതിലേക്കു കേന്ദ്രത്തിൽനിന്നും ഒരു ചട്ടം ഉണ്ടാക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഒരു സമ്മതമാണു് കഴിഞ്ഞതവണ നിയമസഭയിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. ആ സമ്മതത്തെത്തുടർന്നു ഒരു നിയമം കേന്ദ്രത്തിൽനിന്നും പാസാക്കിട്ടില്ലായെന്നുള്ളതു പരമാർത്ഥമാണു്. അങ്ങനെ പാസാക്കിയിട്ടില്ലാത്തിടത്തോളംകാലം ഭാവിയിൽ വരാൻപോകുന്ന നിയമം ആരെയും ബാധിക്കുകയില്ലായെന്നുള്ളതിനു സംശയമില്ല. മേലാൽ കേന്ദ്ര

ത്തിൽനിന്നും ഈ ഭാരം ഏറ്റെടുത്തു് അവർ ഒരു നിയമം ഉണ്ടാക്കുന്നതുവരെ ഈ സഭയുടെ പരമാധികാരം ആ വിഷയത്തിൽ നഷ്ടപ്പെട്ടിട്ടില്ലെന്നു കാണാവുന്നതാണു്. ൨൫൨-ാം വകുപ്പു അനുസരിച്ചു് ചില അധികാരങ്ങൾ കേന്ദ്രത്തിലേക്കു വിട്ടുകൊടുത്തിട്ടുണ്ടു്. ആ അധികാരം കേന്ദ്രം ഏറ്റെടുക്കുകയോ അതിനുവേണ്ടി ഏതെങ്കിലും നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു പബ്ലിക് ഡെറ്റ് ഓഫ് സ്റ്റേറ്റ് എന്ന ഒരു വിഷയത്തെപ്പറ്റി നിയമനിർമ്മാണം ചെയ്യുന്നതിനു ഈ സഭയ്ക്കു പരമാധികാരം ഉണ്ടെന്നുള്ളതിനെപ്പറ്റി രണ്ടുപക്ഷത്തിനു അവകാശമില്ല. കേന്ദ്രത്തിൽ നിന്നും ഇതുസംബന്ധിച്ചു് ഒരു ചട്ടം പാസാക്കുകയാണെങ്കിൽ നമ്മുടെ ഗവൺമെന്റിന്റെ അധികാരത്തിനു് ഏതെങ്കിലും തരത്തിൽ ഹാനി ഉണ്ടാകുമോ എന്നുള്ള പ്രശ്നം തന്നെ ഉദിക്കുന്നില്ല.

ശ്രീ. എം. പി. മേനോൻ: നാം ഈ പ്രമേയം പാസാക്കിയിട്ടുള്ള സ്ഥിതിക്കു് അതനുസരിച്ചു് ഒരു ചട്ടമുണ്ടാക്കുവാനുള്ള അധികാരം കേന്ദ്രത്തിനില്ലേ?

അഡ്വക്കേറ്റ് ജനറൽ: ഉണ്ടു്. മി. മേനോൻ പറഞ്ഞതുപോലെ അധികാരം വിട്ടുകൊടുത്തിരിക്കുന്ന സ്ഥിതിക്കു് കേന്ദ്രത്തിനു് ആ അധികാരം ചെലുത്താം എന്നുള്ളതിനെപ്പറ്റി സംശയമില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ ബില്ല് പാസാക്കുന്നപക്ഷം മുമ്പു പാസാക്കിയിട്ടുള്ള പ്രമേയത്തിന്റെ സാരാംശത്തിനു് ഇതു് വിരുദ്ധമാകുകയില്ലേ?

അഡ്വക്കേറ്റ് ജനറൽ: ഇല്ല. അതായതു് നാം പ്രമേയം പാസാക്കിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിൽ കൊണ്ടുവരാത്തിടത്തോളം കാലം ഈ ഗവൺമെന്റിന്റെ അധികാരസീമക്കു് യാതൊരു ഹാനിയും ഉണ്ടാകുന്നതല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആ പ്രമേയം ഈ ബില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുകയില്ലേ?

അഡ്വക്കേറ്റ്-ജനറൽ: ആ പ്രമേയത്തിന്റെ പ്രാബല്യം ഒരു ചട്ടം ഉണ്ടാക്കുന്നതുവരെ മാത്രമേ ഇരിക്കുകയുള്ളു. പക്ഷേ കേന്ദ്രത്തിൽനിന്നും പ്രമേയമനുസരിച്ചുള്ള ഒരു ചട്ടം പാസാക്കുകയാണെങ്കിൽ അതിൽ കവിഞ്ഞ ഒരു അധികാരം ഈ സഭക്കുണ്ടാകുകയില്ലെന്നു മാത്രമേയുള്ളു.

ശ്രീ. കെ. ബാലകൃഷ്ണൻ: പ്രമേയം പാസാക്കിയിട്ടുള്ള സ്ഥിതിക്കു് ൧൯൪൪-ലെ പബ്ലിക്ക് ഡെറ്റ് സംബന്ധിച്ചുള്ള സെൻട്രൽ ആക്റ്റ് നമുക്കു് ബാധകമാണോ?

അഡ്വക്കേറ്റ്-ജനറൽ: അല്ല. പ്രമേയമനുസരിച്ചുള്ള നിയമം പാസാക്കുന്നതുവരെയും നമുക്കു് പ്രത്യേകമായി ബില്ല് പാസാക്കി എടുക്കുവാനുള്ള അധികാരമുണ്ടു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഈ ബില്ല് ഇപ്പോൾ കൊണ്ടുവരുവാനുള്ള ആവശ്യമുണ്ടോ എന്നുള്ളതിനെസംബന്ധിച്ചാണു്. ഈ അടുത്തകാലത്തു് ഒരു ബില്ല് കേന്ദ്രത്തിൽനിന്നും പാസാക്കിയിട്ടില്ലാത്ത

[അഡ്വക്കേററ-ജനറൽ]

സ്ഥിതിക്ക്, പക്ഷെ അങ്ങനെ ഇങ്ങനെ ഒരു നിയമം കേന്ദ്രഗവണ്മെൻറിനു ഉണ്ടാക്കുവാനുള്ള അധികാരം നാം വിട്ടുകൊടുത്തിരിക്കുന്ന സ്ഥിതിക്ക് ഈ ബില്ലിൻെറ ആവശ്യം ഇപ്പോൾ ഉണ്ടോ എന്ന് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ സംശയിക്കുന്നുണ്ട്. ൧൯൪൪-ലെ പബ്ളിക്ക്ഡെറ്റ് ആക്റ്റിനെ സംബന്ധിച്ചിടത്തോളം, നിയമം പാസാക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും കേന്ദ്രഗവണ്മെൻറിനുണ്ട്. ഭരണഘടനയിലെ ൨൯൩, ൨൯൨ എ ഈ വകുപ്പുകളുടെ വ്യാപ്തിയെപ്പററി ചില ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിച്ചതു കേട്ടു. അവയുടെ വ്യാപ്തി എന്താണെന്നു സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം മുമ്പ് ഗവർണർമാരുടെ പ്രവിശ്യകളായിരുന്ന ചില പ്രവിശ്യകളിൽ മുമ്പ് ഉണ്ടായിരുന്ന ചില നിയമങ്ങൾ ഊർജ്ജിതത്തിൽ ഇരിക്കണമെന്നുള്ള ഉദ്ദേശത്തിലാണ് അവ ഏർപ്പെടുത്തിയിട്ടുള്ളതു്. ൧൯൩൫-ലെ ഇൻഡ്യാഗവണ്മെൻറിൻെറ നിയമം നമുക്ക് ബാധകമല്ല. ഈ രാജ്യത്താണെങ്കിൽ മുമ്പ് നിലവിലിരുന്ന നിയമങ്ങൾ തന്നെ ഭേദപ്പെടുത്തുന്നതുവരെ പ്രാബല്യത്തിൽ ഇരിക്കുന്നതാണ്. അതിനാൽ ഈ കാര്യത്തിൽ സകല അവകാശങ്ങളും അധികാരങ്ങളും ചെലുത്തുന്നതിനു ഈ ഗവണ്മെൻറിനു സ്വാതന്ത്ര്യമുണ്ട്. ഈ ബില്ലിൻെറ ആവശ്യത്തെക്കുറിച്ചു പറയുകയാണെങ്കിൽ റിസർവ്വ്ബാങ്കിനു് നാം ചില അധികാരങ്ങളും അവകാശങ്ങളുമെല്ലാം കൊടുത്തിട്ടുണ്ട്; ഓരോ സ്ഥലത്തേയും പബ്ളിക്ക ഡെറ്റ് ശരിയായി നിർണ്ണയിക്കുന്നതിനുവേണ്ടി ഒരു ബാങ്കർ എന്നുള്ള നിലയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിനു് ചില അധികാരങ്ങൾ വിട്ടുകൊടുക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ രാജ്യത്തിൻെറ ആവശ്യത്തിനുതന്നെ ചിലപ്പോൾ രണ്ടോ മൂന്നോ കോടി രൂപ കടമെടുക്കുന്നു എന്നു വിചാരിക്കുക. ഈ കടം സംബന്ധിച്ച് പുറമേയുള്ള ആളുകളുമായി സമ്പർക്കം ഏർപ്പെടുത്തി, ഇന്നയിന്ന പലിശ നൽകണം, ഇന്നയിന്നസ്ഥലത്തു് പലിശ വാങ്ങിക്കാം, അതിനു ഇന്നയിന്നതരത്തിലുള്ള എഗ്രിമെൻറും ബാണ്ടും ആവശ്യമുണ്ട്, അങ്ങനെയുള്ള കാര്യങ്ങൾ നിർണ്ണയിക്കുന്നതിനു് ഒരു സ്ഥാപനം ആവശ്യമാണ്. അങ്ങനെയുള്ള അധികാരങ്ങളാണ് ഇപ്പോൾ റിസർവ്വ്ബാങ്കിനു നൽകിയിട്ടുള്ളതു്. അങ്ങനെ ഒരു ബാങ്കിനു് ഇങ്ങനെയുള്ള അധികാരങ്ങൾ വിട്ടുകൊടുത്തതുകൊണ്ട് പ്രയോജനമുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ ധനതത്വശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായം ചോദിക്കണമെന്നല്ലാതെ വെറും പരിമിതമായ നിയമജ്ഞാനം മാത്രമുള്ള എനിക്ക് പറയാവുന്നതല്ല. ഏതായാലും ഇങ്ങനെ ഒരു സ്ഥാപനത്തിൻെറ ആവശ്യമുണ്ട്. ഈ ആക്റ്റിനു അനുബന്ധമായി കൊള്ളിച്ചിട്ടുള്ള എ ഷെഡ്യൂൾ അനുസരിച്ച്, ഏ സ്റ്റേററുകളെ സംബന്ധിച്ചിടത്തോളം ഈ ഡെററുകളുടേയും മററും പരിപാലനത്തിനുവേണ്ടി ഒരു സ്ഥാപനമായി കൊള്ളിച്ചിട്ടുള്ളതു് റിസർവ്വ്ബാങ്കാണ്. ഈ റിസർവ്വ് ബാങ്കിനെ ബാങ്കേഴ്സായി നിയമിച്ചതിൻെറ ഉദ്ദേശം, നമ്മുടെ രാജ്യത്തുള്ള ആളുകൾക്കുതന്നെ കടംകൊടുത്തതു് തിരിയെ കൊടുക്കുവാനുള്ള മാർഗ്ഗങ്ങൾ സുകരമാക്കുന്നതിനാണ്. മദ്രാസ്സ്, സെൻട്രൽപ്രോവിൻസസ് മുതലായ സംസ്ഥാനങ്ങൾ പബ്ളിക്ക്ഡെററ്സ് ഫ്ളോട്ടുചെയ്തിട്ടുമുണ്ട്. പക്ഷെ, നാമും ഇങ്ങനെ ഫ്ളോട്ടുചെയ്യുകയാണെങ്കിൽ അതിനെക്കുറിച്ചുള്ള നിയന്ത്രണങ്ങളെല്ലാം ഒരു സ്ഥാപനത്തിനു കൊടുക്കേണ്ടിവരും.

അതാണു് റിസർവ്വ്ബാങ്കു്. ഇപ്പോഴും ഈ അധികാരങ്ങളും കൊടുത്തിരിക്കുന്നതു് മൂന്നുകൊല്ലകാലാവധി വച്ചാണു്. അതു കഴിഞ്ഞാൽ അവരുമായിട്ടുള്ള എഗ്രിമെൻറു് ഭേദപ്പെടുത്തുന്നതിനു നമുക്കധികാരമുണ്ടു്. ഈ കാര്യങ്ങളെല്ലാം പര്യാലോചിക്കുകയാണെങ്കിൽ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതു് ആവശ്യമാണെന്നാണു് എൻെറ വിനീതമായ അഭിപ്രായം. കൂടുതൽ കാര്യങ്ങളും പറഞ്ഞു് ഈ സഭയുടെ സമയം ദുരുപയോഗപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഇന്നു് തിരുവിതാംകൂർ കൊച്ചിയിൽ പബ്ലിക്കു് ഡെററു് സംബന്ധിച്ചുള്ള ഒരു ഓർഡിനൻസു് നിലവിലിരിപ്പുണ്ടു്. ആ ഓർഡിനൻസു് അനുസരിച്ചുള്ള ഒരു ബില്ലാണു് ഇപ്പോൾ ഇവിടെ അവതരിപ്പിക്കുന്നതു്. ഈ ബില്ലിൻെറ ആവശ്യകതയെപ്പററിയും സാധുതയെപ്പററിയും ചില ബഹുമാനപ്പെട്ട മെംബറന്മാർ സംസാരിക്കുകയുണ്ടായി. ഈ ബില്ലിൻെറ objects and reasons എന്നു പറയുന്ന ഭാഗത്തു് വിശദമായി പറഞ്ഞിട്ടുള്ളതു് സഭയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു:

> "It was considered desirable that the Reserve Bank of India should be entrusted with the management of the securities issued by the Government and of the Public Debt of the State. An agreement was accordingly entered into with the Reserve Bank. In order to enable the Reserve Bank to perform the duties in connection with the management of the Government securities and of the public debt of the State, it was necessary to make the provisions of the Public Debt Act, 1944 (Central Act XVIII of 1944) applicable to this State. To give effect to this proposal, legislation by Parliament was considered desirable and accordingly the State Legislative Assembly passed a resolution under Article 252 of the Constitution to enable Parliament to enact the necessary law. It was not however possible for Parliament to do so and in the meantime Government had to raise a loan of three crores of rupees for financing the State Development Scheme envisaged in the Five Year Plan. Since all duties in connection with the raising of new loans have to be performed by the Reserve Bank, it was necessary to make the provisions of the Public Debt Act, 1944 applicable to the Government securities issued for the purpose referred to above. For this purpose, His Highness the Rajpramukh promul-

[ശ്രീ. കെ. മഞ്ജനാഥപ്പിള്ള]

> gated the Travancore-Cochin Public Debt Ordinance III of 1953 which was later on replaced by Ordinance V of 1953. The Bill is intended to replace Ordinance V of 1953 by an Act of the Legislature."

എന്നാണ് ഇതിന്റെ ഉദ്ദേശമെന്നു പറയുന്നു. റിസർവ്വ് ബാങ്കിന് ഇങ്ങനെയുള്ള അധികാരങ്ങൾ വിട്ടുകൊടുക്കുന്നതു ശരിയാണോ എന്നു ചില ബഹുമാനപ്പെട്ട മെമ്പറന്മാർക്കു സംശയമുണ്ട്. റിസർവ്വ് ബാങ്ക് ഇൻഡ്യയിലെ ഫിനാൻസു സംബന്ധിച്ചുള്ള അതോറിട്ടിയാണ്. ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകൾക്കും ഫിനാൻഷ്യൽ ഹെൽപ്പ് നൽകുന്ന ഒരു സ്ഥാപനമാണ്. ഇന്ന് തിരുവിതാംകൂർ-കൊച്ചിയിൽ കൊച്ചു കൊച്ചു വ്യവസായങ്ങൾ ധാരാളം തല പൊക്കിവരുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചിയിലെ ജനസംഖ്യ വളർന്നുവരുന്നതും ഭൂമി വളരെ കുറവായിരിക്കുന്നതും മാറിയാൽ ഇത്രയധികം ചെറിയ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത മറ്റു യാതൊരു രാജ്യത്തിനുമില്ല. ഇവിടെ ജനങ്ങളുടെ ആവശ്യങ്ങൾ നടത്തുന്നതിന് ധാരാളം വ്യവസായങ്ങൾ ഉണ്ടാകണം. അതിനെല്ലാം റിസർവ്വ് ബാങ്കിന്റെ സഹായം കൂടുതൽ കൂടുതൽ ആവശ്യമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ മാനേജ്മെന്റിൽ വിട്ടുകൊടുക്കുകയാണെങ്കിൽ അവർക്കു നമ്മോടു ചില ചുമതലകളെല്ലാം നിറവേറ്റേണ്ടിവരും. ഇവിടത്തെ ജനസംഖ്യ കണക്കാക്കി കൂടുതൽ ലോൺസും മറ്റും നൽകുന്നതിനു നിർബന്ധിക്കുവാൻ നമ്മുടെ ഗവണ്മെന്റിന് അവകാശമുണ്ടായിരിക്കും. അതുകൊണ്ട് ഈ അധികാരങ്ങൾ വിട്ടുകൊടുക്കുന്നതുകൊണ്ട് സ്റ്റേറ്റിന് ഗുണമല്ലാതെ ദോഷമുണ്ടാകുന്നതല്ല. മാത്രമല്ല ഇൻഡ്യയുടെ ഒരു ചെറുഘടകം മാത്രമായ തിരുവിതാംകൂർ-കൊച്ചി സ്വമേധയാ സാമ്പത്തികതാൽപ്പര്യങ്ങളിൽ നിൽക്കുവാൻ സാധിക്കാത്ത സ്ഥിതിക്ക് ഇങ്ങനെയൊരു സഹായം ആവശ്യമാണ്. നമ്മുടെ സാമ്പത്തികസ്ഥിതി നന്നാകുന്നതോടൊപ്പം ഇൻഡ്യ ഒട്ടുക്ക് ഉള്ള സാമ്പത്തികസ്ഥിതി നന്നാകണം. നാം തിരുവിതാംകൂർ-കൊച്ചിയിലെ പൗരന്മാർ ആയിരിക്കുന്നതുപോലെ ഇൻഡ്യയിലെയും പൗരന്മാർ ആണെന്നുള്ള കാര്യം നാം മറക്കരുത്. അതിനാൽ പബ്ലിക്ക് ഡെറ്റിന്റെ മാനേജ്മെന്റ റിസർവ്വ് ബാങ്കിനു വിട്ടുകൊടുക്കുന്ന ഈ ബില്ലിനോടു ഞാൻ യോജിക്കുന്നു.

Shri A. A. D. Luiz : May I explain for the benefit of this House the difficulties that would be experienced by the Stock Exchanges in India if a Public Debt Bill of this nature is not passed? The securities issued by this Government and held by persons in and outside India will assume a high and definite status if the Reserve Bank of India is authorised to handle the same. If the Travancore-Cochin Government strikes at a new method for handling their Government papers, a method contrary to that adopted by Madras, Bombay, West Bengal and Mysore it is definite that these securities will depreciate in value and one may not be able to improve the value of the securities thereafter. It is to

the advantage of the Government that has issued the securities and definitely to the advantage of the people who are holding and dealing with these securities that they are negotiable in the most easy manner possible. If the holder of the security is resident outside India, he will not be able to negotiate if any institution other than the Reserve Bank of India that is dealing with Government papers is handling these securities as well. You will be paralising the entire set up; you will be actually dislocating the commercial world and lowering the value of the securities if new methods are resorted to. At the same time I may also state that it would be causing a gloomy prospect for the finances of the State. In the present set up especially when the people of the State have to look up to the various stock exchanges to meet their demands, to sell and buy, it is not possible for us to strike a distinction and say that our securities shall not be handled by the Reserve Bank of India, a National institution. In this connection it would be very interesting to consider another aspect of the question. Suppose we authorise a bank within our State to handle these securities, and if that bank happens to have no branch at a particular place where these securities are handled in large quantities, just imagine the difficulties in store for the holder of the securities to negotiate them. I do not think that many of the indigenous banks of this State have satisfactory arrangements to meet the demands of Stock Exchanges. Further, they will not be able to handle a situation when the holder of a security is resident outside India, for all Foreign Exchange is under the control of the Reserve Bank of India. I am not prepared to challenge the learned opinion expressed by Mr. Rághava Kurup and Mr. Panampilli Govinda Menon, but I confidently feel that if the provisions as envisaged in the Bill before the House is not accepted by this House, we will be creating considerable amount of difficulties to the public at large. I am absolutely certain that the value of the securities is going to be considerably hampered if the Bill is not passed forthwith.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഈ ബില്ലിനെ സംബന്ധിച്ച് പല ആക്ഷേപങ്ങളും ഇവിടെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എന്താണ് ഇതിന്റെ യഥാർത്ഥമായ നില? ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത് ഇൻഡ്യൻ പബ്ലിക്ക് ഡെറ്റ് ആക്റ്റ് നമ്മുടെ പബ്ലിക്ക് ഡെറ്റുകളെ സംബന്ധിച്ചിടത്തോളം ഉപയോഗപ്പെടുത്തണമെന്നുള്ളതാണ്. പബ്ലിക്ക് ഡെറ്റ് ആക്റ്റ് സംബന്ധിച്ചുള്ള [illegible] ഇൻഡ്യൻ സെൻട്രൽ ഗവണ്മെന്റിന്റെയും പാർട്ട് എ സ്റ്റേറ്റുകളുടെയും പൊതുക്കടങ്ങൾ മാനേജു ചെയ്യുന്നതു റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ വഴി വേണമെന്നാണ്. ഇങ്ങനെ റിസർവ് ബാങ്കു മാനേജുചെയ്യുന്നതുകൊണ്ട്

[ശ്രീ. എ. താണുപിള്ള.]

പല സൗകര്യങ്ങളും ഗുണങ്ങളും ഉണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുവാൻ കഴിയുന്നതല്ല. എന്നാൽ ഭരണഘടന അനുസരിച്ച് പബ്ളിക്ക് ഡെററ് സ്റ്റേററിന്റെ അധികാരത്തിനു വിധേയമാക്കിക്കൊണ്ട് ഇൻഡ്യ ഒട്ടാകെ പ്രവർത്തിക്കുന്ന ഒരു ബാങ്കുവഴി ഇക്കാര്യം മാനേജു ചെയ്യുന്നതായാൽ ഉണ്ടാകുന്ന സൗകര്യങ്ങളെ പുരസ്കരിച്ച് എല്ലാ സ്റ്റേററുകൾക്കും ആ വ്യവസ്ഥ ബാധകമാക്കുന്നതു സഹായകരമായിരിക്കുമെന്നു കരുതിയാണ് ഇങ്ങനെയുള്ള നിയമം ഉണ്ടാക്കുന്നതിനു ആലോചിച്ചതു്. ഇതിനു മുമ്പ് ഈ സഭ പാസാക്കിയ പ്രമേയത്തെപ്പററി—

ശ്രീ. എൻ. രാഘവക്കുറുപ്പ്: കഴിഞ്ഞതവണ പാസ്സാക്കിയതുപോലുള്ള പ്രമേയം മററു സംസ്ഥാനങ്ങളിൽ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ചില സംസ്ഥാനങ്ങളിൽ പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പാർട്ട് എ സംസ്ഥാനങ്ങളിൽ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: സർ, പാർട്ട് എ സ്റ്റേററുകളും ബി സ്റ്റേററുകളും ഉണ്ടെന്ന് എല്ലാവർക്കും അറിയാം. പബ്ളിക്ക് ഡെററ് ആക്ററ തന്നെ എ സ്റ്റേററുകൾക്കൊക്കെ ബാധകമാണ്. മുമ്പ് നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്ന സ്റ്റേററുകളെ സംബന്ധിച്ചാണ് ഈ തർക്കമുള്ളതു്. അങ്ങനെ ഉള്ള സ്റ്റേററുകളെക്കൂടി ഈ നിയമം ബാധകമാക്കുന്നതിനാണ് മുമ്പ് പ്രമേയം പാസ്സാക്കിയിട്ടുള്ളതെന്നു തോന്നുന്നു. അതിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിൽ ഇല്ല. എന്നാൽ എനിക്കു പറയുവാനുള്ളതു് നാം കഴിഞ്ഞയാണ്ടിൽ പാസ്സാക്കിയതുപോലെയുള്ള പ്രമേയങ്ങൾ നാം പാസ്സാക്കുന്നതിനു മുമ്പും ആയിടയ്ക്കായിട്ടും മററു സ്റ്റേററുകൾ പാസ്സാക്കിയിട്ടുണ്ടെന്നാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു ചോദ്യം.

മി. സ്പീക്കർ: ചോദ്യം ചോദിക്കുന്നതിനെ സംബന്ധിച്ച് ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. ഒരു മിനിസ്റ്ററോ മെമ്പറോ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ആ പ്രസംഗത്തിന്റെ മദ്ധ്യത്തിൽ അതിനു തടസ്സമായി ചോദ്യങ്ങൾ ചോദിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. പ്രസംഗം തീരുന്നതിനെ തുടർന്ന് എത്ര ചോദ്യങ്ങൾ വേണമെങ്കിലും ചോദിക്കാൻ അനുവദിക്കാം. മെമ്പറന്മാരുടെ പ്രസംഗസ്വാതന്ത്ര്യത്തെ തടയത്തക്ക വിധത്തിൽ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല.

Shri N. Raghava Kurup : There are earlier Rulings from the Chair that once a Member has taken his seat, no question shall be addressed to him. That is why, whenever there are mis-statements and when the subject-matter referred to has to be clarified whether it is from Treasury Benches or from other Members, that we put questions for clarification. Those questions are not meant for annoyance, but for clarification, which other members have left unclarified.

മി. സ്പീക്കർ : പ്രസംഗം തീന്നാൽ ഉടനെ പ്രസംഗിക്കുന്ന ആറം ഇരിക്കുന്നതിനു മുമ്പുതന്നെ ചോദ്യം ചോദിക്കാൻ അനുവദിക്കാം. പ്രസംഗം തുടന്നുകൊണ്ടിരിക്കുമ്പോഠം പ്രസംഗിക്കുന്ന ആളിനെ തടസ്സപ്പെടുത്തുന്ന വിധത്തിൽ ചോദ്യം ചോദിക്കാൻ പാടില്ല.

ശ്രീ. കെ. സി. ജാർജ്ജ് : ഞാൻ റൂളിംഗിനെ ചോദ്യംചെയ്യുകയല്ല ചെയ്യുന്നതു്. ഇപ്പറഞ്ഞവിധത്തിലാണെങ്കിൽ വളരെ വിഷമം നേരിടും. പാർലമെൻറിൽ ഇടയ്ക്കു ചോദ്യം ചോദിക്കുന്നുണ്ടു്. പിന്നെ ഹറാസ്സ് (harass) ചെയ്യാനാണെങ്കിൽ സ്പീക്കർക്കു് ഉടനെ തടയാം.

മി. സ്പീക്കർ : ഇതൽഡു ചെയ്യുന്ന മെംബറന്മാരെ സംബന്ധിച്ചിടത്തോളം ഈ റൂളിംഗ് ബാധകമല്ല. എപ്പോഠം ചോദ്യം ചോദിച്ചാലും ഉത്തരം പറയാൻ തയാറുള്ള മെംബറന്മാരിൽ നിന്നും ഉത്തരം എപ്പോഴും വാങ്ങിക്കാം. അവരെ സംബന്ധിച്ചിടത്തോളം ഈ റൂളിംഗ് ബാധകമായിരിക്കുന്നതല്ല.

ശ്രീ. എ. താണുപിള്ള : മററു ബി സ്റ്റേററുകളിൽ പ്രമേയം പാസാക്കിയിട്ടുണ്ടു്. ആ വക കാര്യങ്ങഠം ഒക്കെ ഈ നിയമസഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണു്. എന്നാൽ എന്തോ കാരണവശാൽ സെൻട്രൽ പാർലമെൻറിൽ ഈ പ്രമേയത്തെ ആസ്പദമാക്കി നിയമനിർമ്മാണം ചെയ്യുന്നതിനു സാധിച്ചിട്ടില്ല. അതു ഉദാസീനതയോ മനഃപൂർവ്വം ചെയ്യുതൊ ആണെന്നു വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. വളരെ ജോലികഠം ചെയ്തുവരുന്ന കൂട്ടത്തിൽ ഇക്കാര്യം നിർവ്വഹിക്കുന്നതിനു് സാധിച്ചില്ലെന്നു വിചാരിക്കുന്നതാണു് നല്ലതു്. അങ്ങനെയിരിക്കുമ്പോഠം ഈ ഗവണ്മെൻറു കടമെടുത്തു. ആ കടവും റിസർവ്വു് ബാങ്കു് ആഫ് ഇൻഡ്യാ മുഖാന്തിരമാണു് എടുത്തതു്. അതിനു മുമ്പുതന്നെ റിസർവ്വു് ബാങ്കു് ആഫ് ഇൻഡ്യയും ഈ ഗവണ്മെൻറും തമ്മിൽ ഒരു കരാർ ചെയ്തിരുന്നു എന്നുള്ളതു് കഴിഞ്ഞ പ്രമേയം അവതരിപ്പിച്ചപ്പോഠംതന്നെ വ്യക്തമാക്കിയിട്ടുള്ളതാണു്. ആ കരാർ അനുസരിച്ചു് പബ്ലിക്കു് ഡെററിനെ റിസർവ്വു് ബാങ്കു് ആഫ് ഇൻഡ്യാ മാനേജു് ചെയ്തുകൊള്ളാമെന്നു് ഏററിട്ടുണ്ടു്. അതു ഉത്തമമായിരിക്കുമെന്നു കരുതി ഗവണ്മെൻറു അങ്ങിനെ ചെയ്തു. അതിനു സെൻട്രൽ പാർലമെൻറിൻെറ അംഗീകാരം ഇല്ലാതെയുമിരുന്നു. ആ നിയമം ഏതു രൂപത്തിൽ വേണം എന്നതായിരുന്നു പ്രശ്നം. സെൻട്രൽ ഗവണ്മെൻറിൻെറ പബ്ലിക്കു് ഡെററു് ആക്ററു് പാർട്ടു ബി സ്റ്റേററുകഠംക്കുകൂടി ബാധകമാണെന്നു വരുത്താൻ ആഗ്രഹിച്ചു. പക്ഷെ അതു നടന്നിട്ടില്ല. അതുകൊണ്ടു് നമ്മുടെ പബ്ലിക്ക ഡെററിനെ റിസർവ്വു ബാങ്കു് ആഫ് ഇൻഡ്യയെക്കൊണ്ടു മാനേജു ചെയ്യിപ്പിക്കുന്നതിനായി രാജപ്രമുഖൻ ഒരു ആർഡിനൻസ് പാസാക്കി. ആ ആർഡിനൻസ് നിയമമാക്കേണ്ടതു് ആവശ്യമാണു്. ഇതു് ധനപരമായ ഒരു വലിയ കാര്യത്തെപ്പററി ചെയ്തിട്ടുള്ള ഒരേർപ്പാടാണു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ പല സംഗതികളും നാം ഓർമ്മിക്കണം. ഒന്നാമതായിത്തന്നെ ഇവിടത്തെ ഗവണ്മെൻറു റിസർവ്വു ബാംകുമുഖേന നമ്മുടെ പബ്ലിക്ക ഡെററു മാനേജു ചെയ്യാമെന്നു തീരുമാനിച്ചു് അവരുമായി ഏർപ്പാടുചെയ്തു് കടം എടുക്കുകയും ആ മാനേജുമെൻറു തുടർന്നുവരികയുമാണെന്നുള്ള വസ്തുത നാം ഓക്കണം. അങ്ങനെ

[ശ്രീ. എ. താണുപിള്ള.]

ഇരിക്കുമ്പോൾ ഞാനൊക്കെ അവഗണിക്കത്തക്ക നിലയിൽ ഈ നിയമസഭ ഒരു നില സ്വീകരിക്കുന്നതിനു തക്കതായ കാരണം വല്ലതുമുണ്ടോ എന്നു ചിന്തിക്കേണ്ടതാണ്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയെക്കൊണ്ടു ഈ കാര്യം നടത്തിക്കുന്നതു എത്രയോ ലാഭകരമായ ഒരു കാര്യമാണ്. കഴിഞ്ഞതവണ പ്രമേയം വാദപ്രതിവാദത്തിനു വന്ന അവസരത്തിൽ, ഞാൻ പുറപ്പെടുവിച്ച ചില അഭിപ്രായങ്ങൾ ചില മാന്യസ്നേഹിതന്മാർ ഇവിടെ ഉദ്ധരിച്ചുകേട്ടു. എന്നിരുന്നാലും ഒടുവിൽ ഞാനും എന്റെ പാർട്ടിയും എന്താണു ചെയ്തതു്? ആ പ്രമേയത്തെ അനുകൂലിക്കുകയാണു ചെയ്തതു്. സർ, ഒരു കാര്യവും രണ്ടുവശമില്ലാത്തതായി ഇല്ല. ഏതൊരു പ്രമേയം വാദപ്രതിവാദത്തിനു വന്നാലും, അനുകൂലമായും പ്രതികൂലമായും പല സംഗതികളും പറയാനുണ്ടാവും. അങ്ങനെ ഉത്തമവിശ്വാസത്തോടുകൂടി പങ്കെടുക്കുന്നവർ രണ്ടുവശങ്ങളെക്കുറിച്ചും പ്രസ്താവിക്കും. എന്നാൽ പലതും നോക്കുമ്പോൾ ഏതൊരു നിലയാണു സ്വീകരിക്കേണ്ടതെന്നു തീരുമാനത്തിലാണു ഔചിത്യം അധികം കാണാനുള്ളതു്. അങ്ങനെ അന്നു നമുക്കു തന്നിട്ടുള്ളതായ അവകാശം നാം സെൻട്രൽ പാർലമെന്റിന് വിട്ടുകൊടുക്കുന്നതുകൊണ്ടു ചില ദോഷമുണ്ടെന്നു ഞാൻ പറഞ്ഞുവെങ്കിൽ, ആ ദോഷങ്ങൾക്കൊക്കെ കവിഞ്ഞ ഗുണങ്ങളുണ്ടെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ ആ പ്രമേയത്തിനു അനുകൂലമായി വോട്ടുചെയ്തതെന്നു എന്റെ സ്നേഹിതന്മാർ ധരിക്കാതെപോയതു കഷ്ടമാണ്. ഭരണഘടനയിൽതന്നെ, ഈ വിഷയം സ്റ്റേറ്റുകൾക്കു വച്ചിരിക്കുന്നതു ചില ന്യായങ്ങൾ ഉള്ളതുകൊണ്ടാണ്. എങ്കിലും എല്ലാ കാര്യങ്ങളെയും പറ്റി ചിന്തിക്കുമ്പോൾ ആ അധികാരം സെൻട്രൽ പാർലമെന്റിനു വിടുന്നതു ഉചിതമാണെന്നു കണ്ടാൽ അങ്ങനെ ചെയ്യുന്നതിലും തെറ്റില്ല. അതുകൊണ്ടാണു സെൻട്രൽ പാർലമെന്റിന് നിയമനിർമ്മാണം ചെയ്യാമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതു്. എന്റെ കഴിഞ്ഞവർഷത്തെ പ്രസംഗത്തിലെ ചില അഭിപ്രായങ്ങൾമാത്രം എടുത്തു ഉദ്ധരിച്ച് അതാണു ശരിയെന്നു പറയുകയും, മറ്റഭിപ്രായങ്ങളെ അവഗണിച്ചുകൊണ്ട്, ഞാൻ പ്രമേയത്തെ അനുകൂലിച്ചു വോട്ടുചെയ്തതിനെപ്പറ്റി മൗനം ദീക്ഷിക്കുകയും ചെയ്യുന്നതു ശരിയല്ല. അന്നു ഈ സഭ പബ്ലിക്ക ഡെറ്റ ആക്റ്റ നമുക്കു ബാധകമാകണമെന്നും തീരുമാനം ചെയ്തു. ആ തീരുമാനത്തെ മുൻപിൽ വച്ചുകൊണ്ടായിരിക്കണം അന്നത്തെ ഗവണ്മെന്റ കടം എടുത്തതും. ആ കടം റിസർവ്വ് ബാങ്കുവഴി മാനേജുചെയ്യാമെന്നും തീരുമാനിച്ചു. പക്ഷെ, അന്നു ഈ ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. അസംബ്ലി ഇല്ലാതിരുന്നതുകൊണ്ടു പാസ്സാക്കാൻ കഴിയാതെവന്നു. ഇന്നു നാം എന്താണു വേണ്ടതു്? എന്റെ അഭിപ്രായത്തിൽ നിയമനിർമ്മാണം ചെയ്യണമെന്നാണ്. ആർട്ടിക്കിൾ ൨൫൨-ാം വകുപ്പിനെപ്പറ്റി അഡ്വക്കേറ്റ ജനറലിന്റെ അഭിപ്രായത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. നിയമം ഉണ്ടാക്കാൻ നാം സെൻട്രൽ പാർലമെന്റിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ആ അധികാരം സെൻട്രൽ പാർലമെന്റ ഉപയോഗിക്കുന്നില്ലെന്നേയുള്ളു. അവിടെയുള്ള മറ്റ പല ജോലികളും നിറുത്തിവച്ചുകൊണ്ടു വേണം നമുക്കാവശ്യമുള്ള നിയമംകൂടി നിർമ്മിക്കാനെന്നു നാം ഓർമ്മിക്കണം. ഇന്നു നമുക്കു ഈ നിയമം ആവശ്യമാണ്. നമ്മുടെ മുൻപിലത്തെ പ്രമേയം അനുസരിച്ചു സെൻട്രൽ ഗവണ്മെന്റ നിയമനിർമ്മാണം

ചെയ്യുമ്പോൾ നാം ഇവിടെ എന്തു ചെയ്തിരുന്നാലും അതു സാധുവാകുകയില്ല. അതുകൊണ്ടു ഈ ബില്ലിനെ എല്ലാവരും അനുകൂലിച്ചു പാസ്സാക്കണമെന്നാണു എന്റെ അപേക്ഷ. ഇതിൽ സാങ്കേതികമായ യാതൊരു തടസ്സവുമില്ല. ഇതിൽ യാതൊരു ആശങ്കയ്ക്കും വകയുമില്ല. വാസ്തവം നോക്കിയാൽ ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ലെന്നു മാത്രമല്ല കൂടുതൽ ഗുണമാണുണ്ടാകുക. ഈ ബില്ലിലുള്ള പല സംഗതികളെപ്പറ്റിയും ഇവിടെ പല സ്നേഹിതന്മാരും പ്രസംഗിച്ചു കഴിഞ്ഞു. ഈ ബിൽ പാസ്സാക്കണമെന്നു എന്റെ സ്നേഹിതന്മാരോടു ഞാൻ അപേക്ഷിക്കുന്നു.

Minister for Finance **(Shri P. S. Nataraja Pillai) :** Sir, we had a very elaborate discussion on the whole question and every point has been sufficiently dealt with. I hope the House will be kind enough to accept the motion before the House.

The motion that the Bill be taken into consideration was put and carried.

Clause 2.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3.

The question that clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

Clause 4.

The question that clause 4 stand part of the Bill was put and carried.

Clause 4 was added to the Bill.

Clause 5.

The question that clause 5 stand part of the Bill was put and carried.

Clause 5 was added to the Bill.

Clause 1.

The question that clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and the Title stand part of Bill was put and carried.

The Preamble and Title were added to the Bill.

Shri P. S. Nataraja Pillai : I move that the Travancore-Cochin Public Debt Bill be passed.

Shri A. Achutan : I second it.

The motion that the Travancore-Cochin Public Debt Bill be passed was put and carried.

The Bill was passed.

The Evacuee Interest (Separation) Travancore-Cochin Supplementary Bill.

Chief Minister (**Shri A. Thanu Pillai**) : I beg to introduce the Evacuee Interest (Separation) Travancore-Cochin Supplementary Bill.

Shri P. S. Nataraja Pillai : I second it

Mr. Speaker : The Bill stands introduced.

ശ്രീ. എ. താണുപിള്ള : സർ, നാം ഇപ്പോൾ ഇവിടെ പാസ്സാക്കിയ ബില്ലിനു് അടിസ്ഥാനമായ ആർഡിനൻസുപോലെ, വേറെ ഒരു ആർഡിനൻസു നിയമമാക്കാനാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ൧൯൫൧-ൽ സെൻട്രൽ പാർലമെൻറു് അഭയാർത്ഥികളുടെ വസ്തുക്കളെ സംബന്ധിച്ചു് ഒരു നിയമം പാസ്സാക്കി. അതായതു് അഭയാർത്ഥികൾക്കു് വസ്തുക്കളിൽ മററാളുകളും ചേർന്നു ഒരു കൂട്ടവകാശമുണ്ടെങ്കിൽ, ആ അവകാശം പിരിച്ചു് അഭയാർത്ഥികൾക്കു വേണ്ട സൗകര്യം ചെയ്യുന്നതിനാണു് ഈ ബിൽകൊണ്ടുദ്ദേശിക്കുന്നതു്. ഇങ്ങനെയൊരു നിയമം സെൻട്രൽ ഗവണ്മെൻറു പാസ്സാക്കിട്ടുണ്ടെങ്കിലും നമ്മുടെ സ്റ്റേററിനെക്കൂടി ബാധിക്കണമെങ്കിൽ നമ്മുടെ അനുമതി വേണം. അതിനു് നാം ഇവിടെ ഒരു പ്രമേയം ൧൯൫൧ സെപ്റ്റംബർ ൨൬-ാംനു പാസ്സാക്കിയിട്ടുണ്ടു്. ഇതുപോലെ വേറെ ചില സംസ്ഥാനങ്ങളും പ്രമേയം പാസ്സാക്കിയിട്ടുണ്ടു്. അവയിൽ ചിലതെല്ലാം അവിടെ ഈ ആക്ററു പാസ്സാകുന്നതിനു മുൻപും, ചിലതെല്ലാം അതിനുശേഷവുമാണു്. നമുക്കു ഇവിടെ നിയമസഭയിൽ ഈ ബിൽ പാസ്സാക്കാനും കഴിഞ്ഞില്ല. എന്നു മാത്രമല്ല, ഭരണഘടനയിലെ ചില ആർട്ടിക്കിൾസു സംബന്ധിച്ചു് ആ പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ചു് ഒരു ആർഡിനൻസു് ഇവിടെ ആദ്യം പാസ്സാക്കി. അതു് പിന്നീടു് പുതുക്കേണ്ടിവന്നു. അതിപ്പോൾ നിയമമാക്കുന്നതിനുവേണ്ടി ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണു്. ഈ ബില്ലിലെ പ്രധാനമായ ഒരു വ്യവസ്ഥ ക്ലാസ്സു് ൨ ആണു്.

"The Evacuee Interest (Separation) Act, 1954 (Central Act LXIV of 1951), shall, so far as it relates to any matter enumerated in List II in the Seventh Schedule to the Consti-

tution of India, stand validated and binding as if it had been passed by the Legislature of the State of Travancore-Cochin."

ഇന്നു ഇവിടെ പാസ്സാക്കിയ ഒരു ബിൽ സംബന്ധിച്ചുണ്ടായ വാദപ്രതിവാദംപോലെ ഈ ബില്ലിനെ സംബന്ധിച്ചു് ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. അഭയാർത്ഥികളുടെ വസ്തുക്കളെ സംബന്ധിക്കുന്ന ഒരു ബില്ലാണിതു്. ഇതു് സെൻട്രൽഗവണ്മെന്റ പാസ്സാക്കിയിട്ടുള്ള ഒരു ബില്ലാണു്. അതു് നമ്മുടെ സംസ്ഥാനത്തേയ്ക്കു് ബാധകമാക്കണമെന്നു മാത്രമേയുള്ളൂ. അതുകൊണ്ടു് എല്ലാവരുംകൂടി ഈ ബിൽ പാസ്സാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

I move that the Evacuee Interest (Separation) Travancore-Cochin Supplementary Bill be taken into consideration at once.

Shri P. S. Nataraja Pillai : I second it.

The question that the Bill be taken into consideration was put and carried.

Clause 2.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3.

The question that Clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

Clause 1.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri A. Thanu Pillai : I move that the Bill be passed.

Shri P. S. Nataraja Pillai : I second it.

The question that the Evacuee Interest (Separation) Travancore-Cochin Supplementary Bill be passed was put and carried.

The Bill was passed.

The Assembly adjourned at 4-15 p. m. to meet again at 11 a. m. on Wednesday, the 13th March 1954.

APPENDIX I.

Statement of grants sanctioned by the Government of India.

[Please see Answer to Question No. *93 (2)]

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		1952—1953.		
		Rs.	Rs.	
1	Compensation for revenue gap guaranteed by the Central Government as per F.F.I. agreement.	3,05,33,000	3,05,33,000	
2	Grant-in-aid under Art. 275 (1) of the Constitution as recommended by the Finance Commission.	45,00,000	45,00,000	
3	Interest on Specific Debt taken over by the Centre.	4,01,000	4,01,000	
4	Grant-in-aid for Development Schemes under Art. 275 (1) of the Constitution.	25,000	6,250	Amount drawn represents initial payment of 25 per cent of the grant.
5	Towards liquidating Centre's share of civil pension liability in respect of civil personnel returned on or before 31-3-1950.	2,24,000	2,24,000	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
6	For G. M. F. Schemes.	27,54,350	15,30,402	Adjustment to the credit of the State will be made only on the basis of actual expenditure.
7	For the implementation of the two Community Development Projects in the State.	4,98,000	4,98,000	Out of this only a sum of Rs. 109,315 could be adjusted. The unspent balance of Rs. 3,88,685 is to be set off against the subsequent quarters.
8	Scheme for Artificial Insemination Centres.	26,380	20,758	Represents 50 per cent of the actual recurring expenditure.
9	Palmgur Development Schemes.	23,748	15,549	Do.
10	For financing a Key Village Scheme in the Rogany Milk Supply Association Dairy at Nagercoil.	4,596	1,616	Represents 75 per cent of the actual recurring expenditure.

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
11	For the organisation of Coir Co-operative Societies.	18,400	18,400	
12	Education Development Scheme under the Five Year Plan—Intensive Educational Development in a selected area.	44,346	44,346	Represents the Government of India's share of contribution of 66 per cent of the total un-recurring and 60 per cent of the total recurring expenditure during the year.
13	Education Development Schemes—Grants to State Government and Voluntary Organisations.	52,800	39,600	The sum of Rs. 39,600 drawn is on the basis of actual expenditure.
14	For the organisation of a Pavilion of handicrafts at Quilon on the Golden Jubilee Celebration of the S. N. D. P. Yogam.	7,000	7,000	The grant is based on the actual expenditure.
15	Share for the development of Kora Grass Mat Industry.	15,000	15,000	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
16	Fishery Development Schemes.	21,360	21,360	
17	Road Development Works. Allotment from Central Road Development Fund.	15,42,200	15,42,200	The grant received is credited to a Deposit Head. The expenditure is debited to '50 Civil Works' and an equal amount is transferred to the corresponding Revenue Head from the Deposit Head at the end of each year. An expenditure of Rs. 12,64,629 has been adjusted in 1952-53.
		4,06,91,180	3,94,18,481	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
	1953—1954 (Up to 31-12-1953)			
		Rs.	Rs.	
1	Compensation for Revenue gap guaranteed by the Central Government as per F.F.I. Agreement.	2,80,00,000	2,80,00,000	
2	For liquidating Centre's share of Civil Pension Liability in respect of the Civil personnel retired on or before 31-3-1950.	2,24,000	2,24,000	
3	Extra grant-in-aid under Art. 275 (1) of the Constitution as recommended by the Finance Commission.	45,00,000	45,00,000	
4	Interest on Special Debt taken over by the Centre.	4,01,000	4,01,000	
5	Grant-in-aid under Art. 275 (1) of the Constitution for Development Schemes.	50,000	25,000	Only 50 per cent of the grant is to be drawn initially. The balance will be drawn towards the end of the year.

APPENDIX I—(*contd.*)

Sl. No.	*Brief purpose-*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
6	Grant for the implementation of Community Development Projects in the State.	4,09,000	4,09,000	Rs. 2,61,260 already adjusted. Balance will be adjusted towards the close of the year.
7	Palmgur Development Scheme.	20,150	..	To meet 50 per cent of the recurring expenditure of the scheme.
8	Grant for the various G. M. F. Schemes.	10,88,037	..	Steps are in progress for adjusting the amount due to the State on the basis of actual expenditure.
9	Key Village Centre at Rogany Milk Supply Association at Nagercoil	9,009	..	To meet 75 per cent of the recurring expenditure.
10	Key Village Scheme—Artificial Insemination Centres.	17,590	..	To meet 50 per cent of the total expenditure.

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
11	Grant for specific schemes or works approved by the Planning Commission.	3,25,000	3,25,000	
12	Development of Small Scale Industries—Development of Blacksmitheries and lock manufacture.	16,626	..	
13	Road Development Works—Allotment from Central Road Fund.	7,44,500	7,44,500	
		3,58,04,912	3,46,28,500	

Statement of Subsidy sanctioned by the Government of India.

1952

For the subsidised sale of Food Grains.	3,00,00,000	..

2/203|V

Sl. No.	Brief purpose.	Amount allotted.	Amount drawn.	Remarks.
		Rs.	Rs.	

1953

NIL.

Statement of Loan sanctioned by the Government of India.

1952—1953.

Sl. No.	Brief purpose.	Amount allotted.	Amount drawn.	Remarks.
1	For Community Project Schemes.	1,45,000	1,45,000	
2	For the scheme for the Organisation and Development of Coir Industry on co-operative basis.	2,00,000	2,00,000	
3	For G. M. F. Schemes.	10,30,000	..	For the grant of agricultural loans and publicity and propaganda.
		13,75,000	3,45,000	

APPENDIX I—(*concld.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
	1953-54 (Up to 31-12-1953).			
		Rs.	Rs.	
1	Community Project Schemes.	7,50,000	7,50,000	
2	For financing the withdrawal of demonetised coins.	20,00,000	20,00,000	
3	For G. M. F. Schemes.	6,90,750	..	
4	For financing expenditure on Development Schemes.	1.00,00,000	1,00,00,000	
5	For the purchase and distribution of Ammonium Sulphate.	9,71,500	9,71,500	
6	For G. M. F. Scheme—For supply of electricity for agricultural pumping.	16,60,000	..	
7	For Community Projects—N. E. S. Blocks.	48,000	48,000	
		1,61,20,250	1,37,69,500	

APPENDIX II.

(Please see Answer to Question No. * 99 [8])

Statement showing the sale of Agricultural Implements during 1952-53.

Sl. No.	Name of depots.	Unit.	Spade.	Mammatty.	Cooper Ploughs.	Koonthalies.	Choppers.	Plough share.	Hand forks.	Thumba.	Sickle.	Hatchet.	Total.	Full value. Rs.	As.	P.
1	Nagercoil ..	No.	79	93	..	..	..	..	..	..	..	..	172	473	1	10
2	Bhoothapandy ..	..	100	..	2	..	..	..	..	..	..	..	102	310	0	0
3	Nedumangad ..	..	..	93	..	6	..	..	..	..	..	..	99	296	4	6
4	Neyyattinkara ..	..	..	..	..	2	8	8	..	..	..	..	18	34	15	4
5	Kottarakara ..	..	..	..	..	46	..	23	20	..	..	..	89	213	5	6
6	Adoor ..	..	..	..	3	..	..	..	..	..	..	..	3	45	0	6
7	Pathanamthitta ..	..	..	..	1	339	..	..	..	..	..	..	340	1,345	0	0
8	Thiruvella ..	..	1	..	2	275	..	..	..	7	..	..	285	1,072	5	0
9	Punalur ..	..	..	..	..	19	..	..	..	2	..	..	21	76	9	6
10	Thodupuzha ..	..	..	..	..	4	..	..	..	38	..	..	42	190	8	0
11	Meenachil ..	..	..	..	..	2	..	..	..	..	..	..	2	7	6	0
12	Thripunithura ..	..	24	..	..	..	..	89	..	..	3	43	159	168	4	10
13	Irinjalakuda ..	..	..	..	..	..	..	..	..	..	9	5	14	11	5	4
14	Mala ..	..	..	..	..	..	..	1	..	..	6	..	7	4	8	8
15	Talapilly ..	..	..	..	..	..	..	11	..	..	2	8	21	18	3	0
														4,266	13	6

Ploughs are being sold at concessional price at 2/3 rate and the other implements at 1/2 the rate.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1954.

Wednesday, the 31st March 1954.

Vol. X] OFFICIAL REPORT. [No. 8

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 31st March 1954, with Mr. Speaker in the Chair.

Point of order re: answering of Questions.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരു പായിൻറ ഓഫ് ആർഡർ, സർ, ഓരോ ദിവസവും ഉത്തരം പറയുന്നതിനുവേണ്ടി ൨൫൦-ം ൩൦൦-ം ചോദ്യങ്ങൾ അടങ്ങിയ ഒരു പുസ്തകം അച്ചടിച്ച് ഇവിടെ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പത്തും പന്ത്രണ്ടും ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതോടുകൂടി സമയം തീർന്നുപോയി എന്ന കാരണത്താൽ ബാക്കിയുള്ളവയ്ക്കു് ഉത്തരം ലഭിയ്ക്കുന്നില്ല. ഉത്തരം കിട്ടാൻ ആശിച്ചും കിട്ടുമെന്നു പ്രതീക്ഷിച്ചുമാണ് ചോദ്യങ്ങൾ അയയ്ക്കുന്നതു്. ഇന്നത്തേയ്ക്കു ൩൩ ചോദ്യങ്ങൾ ഉത്തരം ലഭിക്കേണ്ടവയായിട്ടുണ്ട്. അവയിൽ എല്ലാ ചോദ്യങ്ങൾക്കും മറുപടി കൊടുക്കാൻ സാദ്ധ്യമല്ലെങ്കിലും ഭൂരിഭാഗം ചോദ്യങ്ങൾക്കും മറുപടി കൊടുക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശം കൊടുക്കേണ്ടതാണ്.

മി. സ്പീക്കർ: ഓരോ ദിവസവും അച്ചടിച്ച് വിതരണം ചെയ്യിട്ടുള്ള ചോദ്യങ്ങൾക്ക മുഴുവനും ഉത്തരം പറയിക്കണമെന്നുള്ളതു് ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ചുമതലയാണ്. എന്നാൽ ഒരു ചോദ്യം ചോദിക്കുമ്പോൾ ആ ചോദ്യത്തെ സംബന്ധിച്ച് മററു പല ഉപചോദ്യങ്ങൾ ചോദിക്കുന്നതുനിമിത്തം ചോദ്യോത്തരങ്ങൾക്ക അനുവദിച്ചിട്ടുള്ള സമയം മതിയാകാതെ വരുന്നു. നിവൃത്തിയുള്ളിടത്തോളം ഉപചോദ്യങ്ങൾ കുറയ്ക്കുകയാണെങ്കിൽ മിക്കവാറും ഓരോ ദിവസത്തേയ്ക്കും ഉള്ള എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയാൻ സമയം കിട്ടുമെന്നാണ് എനിക്കു തോന്നുന്നതു്. ഈ കാര്യം ബഹുമാനപ്പെട്ട മെമ്പറന്മാരെയാണ് ആശ്രയിച്ചിരിക്കുന്നതു്. ഇതിലേയ്ക്കു് പ്രത്യേക നിർദ്ദേശങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Preparation and publication of cost of living index.

*105 [1] **Shri P. Bhaskaran Nair**: Will the Chief Minister be pleased to state:

(a) how many persons are employed in collecting statistics for preparing cost of living index in the various taluks in the State;

(b) do they regularly supply the requisite information;

(c) do the Government regularly publish cost of living index in the urban and rural areas of the State; and

(d) if not, why?

Minister for Finance (**Shri P. S. Nataraja Pillai**): (a) There is no separate staff. The 30 statistics Assistants in the various taluks, the village officers for Ollur, Pudukad, Chalakudi and Karuvannur, the Tahsildar, Cochin-Kanayannur Taluk, and the District Collector, Trichur, are engaged in the work.

(b) Yes.

(c) Cost of living indices in respect of the following Centres are being published regularly:

Alwaye, Kottayam, Changanacherry, Alleppey, Quilon, Trivandrum, Nagercoil, Kuzhithura, Nedumangad, Kundara, Mundakayam, Punalur, Pathanamthitta, Tiruvalla, Kayamkulam, Pulinkunnu, Shertallai, Palai, Muvattupuzha, Peermade, Perumbavur, Munnar, Ernakulam, Trichur, and the mofussil centres of Ollur, Pudukad, Chalakudi and Karuvannur. Government have recently ordered the publication of the figures in respect of Irinjalakuda, Chittur and Kunnamkulam from March 1954 onwards.

(d) Does not arise in view of answer to part (c).

ശ്രീ. കെ. ഏ. ബാലൻ: ഈ ഡിപ്പാർട്ടുമെൻറ് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് ഗവണ്മെൻറിനു തോന്നുന്നില്ലേ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങിനെ തോന്നിയിട്ടുണ്ട്.

ശ്രീ. കെ. ഏ. ബാലൻ: ഈ ഡിപ്പാർട്ടുമെൻറ് സ്ഥിരപ്പെടുത്തുന്നതിനു വേണ്ടി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. ഏ. ബാലൻ: ആ ഡിപ്പാർട്ടുമെൻറിലേയ്ക്കു ആവശ്യമായ അസിസ്റ്റൻറന്മാരെ നൽകിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇപ്പോഴും ആവശ്യമുള്ള അസിസ്റ്റൻറന്മാർ അവിടെയുണ്ട്.

ശ്രീ. കെ. എ. ബാലൻ: സ്ഥിതിവിവരക്കണക്കുകൾ സംഭരിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന ഇവർക്കു് വല്ല അലവൻസും കൊടുക്കുന്നുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു് പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന ഈ ഉദ്യോഗസ്ഥന്മാർ ഏതു ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണു ജോലിചെയ്യുന്നതു്?

Shri P. S. Nataraja Pillai: A survey for the publication of the cost of living index in the following 7 centres was conducted in 1946 by the Division of Statistics, Department of Research, viz., Alwaye, Kottayam, Changanacherry, Alleppey, Quilon, Trivandrum and Nagercoil. In 1950 sanction was accorded for the preparation and publication of the figures for 15 more centres and it was also done under that Department. The cost of living index figures in respect of the Cochin area were being published by the Board of Revenue. Now it has been ordered to be done by the Research Branch of the Statistics Department.

ശ്രീ. കെ. എ. ബാലൻ: ഈ ഉദ്യോഗസ്ഥന്മാർ ജോലിചെയ്യുന്നതു് യൂണിവേഴ്സിറ്റിയുടെ കീഴിലല്ലേ?

Shri. P. S. Nataraja Pillai: It is published by the Bureau of Statistics in the University from March 1954 onwards. The Bureau of Statistics is under the University.

ശ്രീ. കെ. എ. ബാലൻ: ഈ ഗവണ്മെന്റിനു ഈ കാര്യത്തെ സംബന്ധിച്ചിടത്തോളവും കൂടുതൽ അധികാരം ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇതൊരു സ്പെഷ്യൽ ഡിപ്പാർട്ടുമെന്റാണു്. അതിലേക്കു് പരീക്ഷായോഗ്യതയും കാര്യക്ഷമതയും ഉള്ള വ്യക്തികളെ നിയമിക്കേണ്ടതു് യൂണിവേഴ്സിറ്റിയാണു്. കൂടുതലായി ഗവണ്മെന്റിനു ഇതിൽ അധികാരമില്ല.

ശ്രീ. കെ. എ. ബാലൻ: ഈ ഡിപ്പാർട്ടുമെന്റു് ഗവണ്മെന്റിന്റെ കീഴിൽ ആക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

Shri P. S. Nataraja Pillai: The question is being considered by the Government.

ശ്രീ. ടി. കെ. ദിവാകരൻ: ഇതു് ഒരു പ്രത്യേകമായ ഡിപ്പാർട്ടുമെന്റാക്കേണ്ടതാണെന്നു് ഡാക്ടർ ശിവരാമൻനായർ അഭിപ്രായപ്പെട്ടിട്ടില്ലേ?

Shri P. S. Nataraja Pillai: It is not in the papers with me now. But, Government is considering the question now.

Rockefeller Foundation.

*106 [2] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(a) whether any amount was spent for the visit of the representative of Rockefeller Foundation; and

(b) if so, what is the amount spent for his visit?

Minister for Local self Government (**Shri P. K. Kunju**): (a) Yes.

(b) Rs. 678-14-0.

Shri K. Sattanatha Karayalar: May I know, Sir, which are the places he visited?

Shri P. K. Kunju: He arrived at Ernakulam and travelled from Ernakulam to Cape visiting important centres.

Shri K. Sattanatha Karayalar: Did he visit the University?

Shri P. K. Kunju: I am not in a position to answer that question, Sir.

Shri K. Sattanatha Karayalar: Are we getting any scholarships or fellowships from this Foundation?

Shri P. K. Kunju: They have given in 1953 ten thousand dollars and in 1954 they have sanctioned 7,500 dollars to the University.

Shri K. Sattanatha Karayalar: How many students are benefited by such scholarships?

Shri P. K. Kunju: Those are all details for which I want notice.

Shri K. Sattanatha Karayalar: May I know the branches of studies for which scholarships are given?

Shri P. K. Kunju: From the records in my possession I am not in a position to give any information regarding that. It is stated here that "Besides meeting the expenditure on account of the Nursing Consultant, three Fellowships have been awarded by the Rockefeller Foundation, one each in the years 1945, 1952 and 1953." Moreover, they have given in 1953, 10,000 dollars and in 1954 sanctioned 7,500 dollars to the Department. It is expected that more help will be given by them.

Shri K. Sattanatha Karayalar: May I know who are the students benefited by that?

Mr. Speaker: That question is disallowed.

Shri A. A. D. Luiz: May I know whether the Government is aware that some more concessions were offered to students interested in going for industrial research?

Shri P. K. Kunju: Government is not aware.

Disposal of papers.

*107 [3] **Shri T. P. Sitaraman**: Will the Chief Minister be pleased to state : whether any rule is observed in the Government offices and the secretariat fixing a time limit within which a paper should be disposed of in the hands of each official?

Chief Minister (**Shri A. Thanu Pillai**): There is no rule.

ശ്രീ. ടി. പി. സീതാരാമൻ: ഗവൺമെൻറിലേക്ക് അയയ്ക്കുന്ന കടലാസുകൾക്ക് മറുപടി ലഭിക്കുന്നതിന് വളരെ കാലതാമസം നേരിടുന്നുവെന്ന് പത്രങ്ങളിലും മററും പ്രസ്താവനയുണ്ടായിരുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: പത്രങ്ങളിൽ പ്രസ്താവനയുണ്ടായിരിക്കാം. പക്ഷെ വളരെ കാലതാമസം നേരിടുന്നതായിട്ട് ബോദ്ധ്യമായിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഈ കാര്യം യഥാർത്ഥമാണെന്നു ഗവൺമെൻറിനു ബോദ്ധ്യപ്പെടുകയാണെങ്കിൽ അതിലേയ്ക്കു വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. എ. താണുപിള്ള: നിശ്ചയമായിട്ടും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സെക്രട്ടേറിയററിൽ ഫയലുകൾ വന്നാൽ തീരുമാനമുണ്ടാകാതെ വച്ചു താമസിപ്പിക്കുന്നതിൽ ജനങ്ങൾ വളരെ ഡിസ്കണ്ടൻറ് ആണെന്ന് അറിയാമോ?

ശ്രീ. എ. താണുപിള്ള. പൊതുജനങ്ങൾക്ക് അങ്ങനെയൊരു ഡിസ്കണ്ടൻറ ഉള്ളതായിട്ട് അറിയാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഒരു ഉദ്യോഗസ്ഥൻെറ കൈയിൽ ഒരു പേപ്പർ വന്നാൽ ഇത്ര ദിവസത്തിനകം മേല്പോട്ടേയ്ക്കു അയയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: സാധാരണയായിട്ടു സെക്രട്ടേറിയററ് ഉദ്യോഗസ്ഥന്മാരുടെ കൈയിൽ കിട്ടുന്ന പേപ്പർ മൂന്നു ദിവസത്തിനകം മേല്പോട്ട് അയയ്ക്കണമെന്നാണ് നിർദ്ദേശമുള്ളത്. അതനുസരിച്ച് പ്രവർത്തിക്കുന്നില്ലായെങ്കിൽ അക്കാര്യം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. അബ്ദുൾഖാദർ: ഫയൽ ഇങ്ങനെ വച്ചുതാമസിപ്പിക്കുന്നതു മന്ത്രിമാരുടെ ചെവിയും സെക്രട്ടറിമാരുടെ വായും അടുത്തു ഇരിക്കുന്നതുകൊണ്ടല്ലേ?

ശ്രീ. എ. താണുപിള്ള: മന്ത്രിമാരുടെ ചെവി സെക്രട്ടറിമാരുടെ വായുടെ അടുത്താണെന്നു എനിക്കു തോന്നുന്നില്ല.

Dr. A. R. Menon: May I know whether there are petitions and memorials submitted to Government 18 months ago remaining unanswered?

Shri A. Thanu Pillai: There may be such cases. I will see such things do not happen in future.

Dr. A. R. Menon: I wish you do so, because this is creating a lot of trouble in not getting papers attended to in proper time.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെന്റ മിഷ്യനറിയിലുള്ള അധികാരം വികേന്ദ്രീകരിക്കാതെ കാൎയ്യക്ഷമമായ പ്രവൎത്തനങ്ങൾ നടക്കുകയില്ലായെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള: വികേന്ദ്രീകരണം കാൎയ്യക്ഷമതയെ സംബന്ധിച്ചിടത്തോളം ആവശ്യമാണെന്നു് എനിക്കറിയാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ടോട്ടൻഹാം സിസ്റ്റം ഇവിടെ നടപ്പിലുണ്ടെന്നു് കേൾക്കുന്നു. അതനുസരിച്ചാണോ പ്രവൎത്തനം നടക്കുന്നതു്?

ശ്രീ. എ. താണുപിള്ള: അതെ.

Fee Collected by P. H. Department.

*108 [4] **Shri T. P. Sitaraman:** Will the Chief Minister be pleased to state:

(a) whether any license fee was collected from the factories by the Public Health Department in the non-municipal areas in erstwhile Cochin and Travancore States;

(b) is this system still continued in Travancore-Cochin State; and

(c) what is the amount collected in each District?

Minister for Local Self Government (**Shri P. K. Kunju**): (a) Yes, in respect of Cochin area, and 'No' in respect of Travancore area.

(b) Yes, in the Cochin area.

(c) Rs. 10,265 for the period 1953-54, in Trichur District.

ശ്രീ. ടി. പി. സീതാരാമൻ: സർ, കൊച്ചിൻ ഏരിയായിൽ മാത്രം പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽനിന്നു ഇങ്ങനെ ഒരു ലൈസൻസു ഫീസ് പിരിക്കുന്നതിന്റെ ആവശ്യമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞു്: ൧൦൭൪-ൽ കൊച്ചിൻ ഏരിയായിൽ പഞ്ചായത്താക്ററ് വന്നതുമുതൽ ഉള്ള ലൈസൻസു ഫീസ് സംപ്രദായം അങ്ങനെതന്നെ തുടൎന്നു വരികയാണു്. തിരുവിതാംകൂറിലെ നിയമമനുസരിച്ചു് അങ്ങനെ ഒരു നടപടി തുടങ്ങിയിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിയമങ്ങൾ ഏകീകരിക്കുവാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഡിസ്ട്രിക്ററ് മുനിസിപ്പാലിററീസ് ആക്ററ് പാസ

ക്കപ്പെടുന്നതോടുകൂടി ഈ വക ദോഷങ്ങൾ പരിഹരിക്കപ്പെടുന്നതും ഏകീകരണം ഉണ്ടാകുന്നതുമാണ്.

ശ്രീ. ടി. പി. സീതാരാമൻ: സർ, ഈ ഗവണ്മെൻറിൻെറ നയം നിയമങ്ങൾ എല്ലാം ഏകീകരിക്കണമെന്നാണോ?

ശ്രീ. പി. കെ. കുഞ്ഞ്: ഏകീകരണം ആക്ടിൻെറ സ്വഭാവമനുസരിച്ചിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: ഈ സഭയുടെ തീരുമാനം എല്ലാ നിയമങ്ങളും ഏകീകരിക്കണമെന്നാണെന്ന് ഗവണ്മെൻറിന അറിയാമോ?

Shri. P. K. Kunju: That is a question of policy.

Shri. T. P. Sitaraman: But that had been laid down already. എല്ലാം നിയമങ്ങളും ഏകീകരിക്കേണ്ടതു് ഈ സഭയുടെ അഭിപ്രായമാണെന്ന് അറിയാമോ?

Mr. Speaker: The member can put a definite question. No discussion can be allowed during question time.

Dr. A. R. Menon: Will not serious distinctions bring about discontent to individuals concerned?

Shri P. K. Kunju: Certainly.

Dr. A. R. Menon: Therefore, will the Government remove all such discontent by removing the distinctions between State and State?

Shri P. K. Kunju: Government will look into it.

ശ്രീ. പി. വിശ്വംഭരൻ: രണ്ടു സ്ഥലങ്ങളിലെയും നിയമങ്ങൾ തമ്മിലുള്ള വ്യത്യാസം അവസാനിപ്പിക്കുവാൻ മുൻപിലത്തെ ഗവണ്മെൻറ എന്തെങ്കിലും നടപടി എടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിവില്ല.

Peechi Irrigation Scheme

*109 [5] **Shri T. P. Sitaraman:** Will the Government be pleased to state:

(a) How far the left bank canal of Peechi Irrigation Scheme has progressed; and

(b) Is there any delay for the completion of this part of the scheme?

Minister for Works and Transport (**Shri A. Achuthan**): (a) The excavation of the left bank main canal has been completed to the length of 18 miles comprising 7 sections including a major portion of the cross drainage works. The excavation of the remaining 10 miles of the main canal, with cross drainage works and 7 miles of branch canals are in progress as also the investigation of the remaining branches and distributaries.

(b) No. There has been no delay in completing this part of the scheme in particular.

ശ്രീ. ടി. പി. സീതാരാമൻ: പീച്ചിയുടെ ലെഫ്റ്റ് ബാങ്ക് കനാലിന്റെ പണിക്ക് വലിയ താമസം വന്നിട്ടുണ്ടെന്ന് ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. അച്യുതൻ: ഈ വർക്ക് ചെയ്തു പൂർത്തിയാക്കണമെന്ന് ഉദ്ദേശമുണ്ടായിരുന്നു. പക്ഷേ അതിന്റെ ഇടയ്ക്കു പല വിഷമങ്ങളും വന്നു. പ്രധാനമായിട്ട് താമസം വന്നത് ജോലിയുടെ താമസമല്ല. സിമന്റ് കിട്ടുവാനുള്ളത് കിട്ടിയില്ല. സ്ഥലം അക്വയർ ചെയ്യാൻ കുറച്ചു താമസം ഉണ്ടായി. എന്നല്ലാതെ പ്രത്യേക താമസം നേരിട്ടിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഈ വർക്ക് വേഗം പൂർത്തിയാക്കുന്നതിന് ഗവണ്മെന്റ് ഒന്ന് ശ്രദ്ധിച്ചാൽ കൊള്ളാമായിരുന്നു.

ശ്രീ. എ. അച്യുതൻ: ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്.

Land assignment

*110 [6] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state:

(a) whether it is a fact that a vast area of land to the extent of three to four thousand acres which forms part of an old defunct European Estate with factory buildings and other equipments are now lying fallow in Nedumangad taluk about eight miles north of Ponmudi Estate; and

(b) if so, whether Government would be pleased to make a survey of the place and arrange for allocation of these lands for purposes of cultivation?

Minister for Finance: **Shri P. S. Nataraja Pillai** (a) There is no such vast area which forms part of a defunct estate laying fallow at present at the place specified.

(b) This question does not arise in view of the above answer.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: ഏതു ഡിപ്പാർട്ടുമെന്റ് മുഖാന്തിരമാണ് ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടുള്ളതെന്ന് പറയാമോ?

Shri P. S. Nataraja Pillai : All the departments of Government were asked to give relevant information. From the question itself one can gather that the locality is not specified. Yet information has been secured. There is no such vast area as indicated in the question lying fallow at present in the place specified. But there was a tea estate called Augustin Estate in Mannoorkara village in Nedumangad taluk. The estate was auctioned under the Revenue Recovery Act for arrears of tax and bid by Government for nominal value. This comprises an area of 512 acres and 57 cents. Out of

this an area of 79 acres and 94 cents has been registered in favour of Shri Muthunayagam and Shri Britto Muthunayagam in the year 1105 M. E. The remaining area of 432 acres and 63 cents is 16 miles in the interior of the forest. That is the position.

അദ്ധ്യാപകപ്രശ്നം.

* ൧൧൧. [൧] ശ്രീ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമികാദ്ധ്യാപകരുടെ മെമ്മോറാണ്ടം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) അവരുടെ സത്യാഗ്രഹം എങ്ങനെ അവസാനിച്ചു;

(സി) അവരുടെ അവശതകൾ പരിഹരിക്കാൻ വേണ്ടതു് ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : (എ) ഉണ്ടു്.

(ബി) സത്യാഗ്രഹം പിൻവലിച്ചു.

(സി) നിവൃത്തിയുള്ളിടത്തോളം അവശതകൾ പരിഹരിക്കുന്നതിനെപ്പററി അന്വേഷിക്കുന്നതാണു്.

ശ്രീ. അബ്ദുൽഖാദർ : സംയോജനത്തിനുശേഷം കൊച്ചി വിഭാഗത്തിൽ അവരുടെ ശമ്പളത്തിൽ എന്തെങ്കിലും ഗുണകരമായ വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : രണ്ടു സ്റ്റേററുകളിലേയും ശമ്പളക്രമങ്ങൾ അനുസരിച്ചുള്ള വ്യവസ്ഥകൾ കൊച്ചിയിലെ പ്രാഥമികാദ്ധ്യാപകന്മാരെ സംബന്ധിച്ചും നടപ്പിൽ വരുത്തിയിട്ടുണ്ടു്.

ശ്രീ അബ്ദുൽഖാദർ : കൊച്ചിയിലുള്ളവർക്കു് അത്യധികമായ ശമ്പളംതന്നെയാണു് ഇപ്പോഴും ഉള്ളതെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാമോ? പഴയ ശമ്പളം തന്നെയല്ലേ കൊച്ചിവിഭാഗത്തിലുള്ള അദ്ധ്യാപകന്മാർക്കു് ഇന്നുമുള്ളതു്?

ശ്രീ. എ. താണുപിള്ള : പഴയശമ്പളംതന്നെയാണു്.

ശ്രീ. അബ്ദുൽ ഖാദർ : പ്രാഥമികാദ്ധ്യാപകന്മാരെക്കാളും വളരെ കുറഞ്ഞ ജീവനക്കാർ കൊച്ചിയിൽ ഇപ്പോൾ ഉണ്ടെന്നു് ഗവൺമെന്റിനു് അറിയാമോ?

ശ്രീ. എ. താണുപിള്ള : കുറഞ്ഞ ശമ്പളക്കാർ ധാരാളമുണ്ടു്.

ശ്രീ. കെ. സി. അബ്രഹാം : പ്രാഥമികാദ്ധ്യാപകന്മാരുടെ കുറഞ്ഞ ശമ്പളം ൩൦–൫൦ രൂപ എന്നു് ക്ലിപ്തപ്പെടുത്തിയ ശേഷം ൩൦–൫൦ സ്കെയിലിൽ ഒന്നു രണ്ടു് ഇൻക്രിമെന്റുകൾ വാങ്ങിച്ചിട്ടുള്ളവരുടെ ശമ്പളം ഇപ്പോൾ താഴ്ന്നുപോയിട്ടുണ്ടെന്നു് ഗവൺമെന്റിനു് അറിയാമോ?

ശ്രീ. എ. താണുപിള്ള : സ്ഥിരമായിട്ടുള്ളവരുടെ ശമ്പളം കുറഞ്ഞിട്ടില്ല.

ശ്രീ. കെ. സി. അബ്രഹാം : അവരുടെ ശമ്പളം കുറഞ്ഞിട്ടുണ്ടെന്നു് ഞാൻ പറഞ്ഞാൽ വിശ്വസിക്കാമോ?

ശ്രീ. എ. താണുപിള്ള : സ്ഥിരമായിട്ടുള്ളവരുടെ ശമ്പളം കുറയാൻ കാരണമില്ല. ഒഫിഷിയേററിംഗ് ആയിട്ടുള്ള ആളുകളുടെ ശമ്പളം കുറഞ്ഞിട്ടുണ്ടാവാം.

ശ്രീ. കെ. സി. അബ്രഹാം : എയിഡഡ് സ്കൂളിൽ സ്ഥിരമായിട്ട് ൨൦—൩൦ രൂപ സ്കെയിലിൽ ഇരുന്നു് രണ്ടു മൂന്നു ഇൻക്രിമെൻറ വാങ്ങിച്ചിട്ടുള്ളവരുടെ ശമ്പളം ഇപ്പോൾ കുറഞ്ഞിട്ടുണ്ടെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. താണുപിള്ള : നോട്ടീസുവേണം.

ശ്രീ. കെ. സി. അബ്രഹാം : അങ്ങിനെയുള്ള ആളുകൾക്കു് ശമ്പളം കുറയാതിരിക്കാൻ വേണ്ട ആനുകൂല്യം ചെയ്തുകൊടുക്കുമോ?

ശ്രീ. എ. താണുപിള്ള : അതു് റിക്കാർഡു് നോക്കിയാലേ പറയാൻ കഴികയുള്ളു.

ശ്രീ. എം. പി. മേനോൻ : മന്ത്രിക്കു് ഒരു ദിവസം കിട്ടുന്ന ശമ്പളം ഒരു മാസം ജോലിചെയ്യുന്ന അദ്ധ്യാപകനു് കിട്ടുന്നില്ലെന്നു് അറിയാമോ?

Mr. Speaker : That is a different question.

ശ്രീ. പി. വിശ്വംഭരൻ : എവിടെയാണു് ഈ സത്യഗ്രഹം നടന്നതു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള : ഈ സത്യഗ്രഹം മന്ത്രിയുടെ പടിക്കലും കോൺഗ്രസ്സ് പ്രസിഡൻറിന്റെ പടിക്കലും നടന്നതായിട്ടാണു് അറിയുന്നതു്.

ശ്രീ. ടി. എ. മജീദ് : കോൺഗ്രസ്സ് പ്രസിഡൻറിന്റെ പടിക്കൽ സത്യഗ്രഹം നടന്നതു് കോൺഗ്രസ്സ് പ്രസിഡൻറ് ശമ്പളം ഏകീകരിക്കുന്നതിനുള്ള ആളായതുകൊണ്ടാണോ?

ശ്രീ. എ. താണുപിള്ള : എന്തുകൊണ്ടാണെന്നു് അറിഞ്ഞുകൂടാ.

ശ്രീ. ടി. ഒ. ബാവാ : തിരഞ്ഞെടുപ്പുകാലത്തു നടന്ന ഈ സത്യഗ്രഹം ചില രാഷ്ട്രീയ കക്ഷികളുടെ താല്പര്യപ്രകാരമാണു് ഉണ്ടായതെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. എം. എ. ആൻറണി : ഈ സത്യഗ്രഹം പിൻവലിക്കുവാൻ കാരണമെന്താണു്?

ശ്രീ. എ. താണുപിള്ള : സത്യഗ്രഹം കുറെ കഴിയുമ്പോൾ പിൻവലിക്കും. (ചിരി)

ഹരിജനങ്ങൾക്കുള്ള ഭവനനിർമ്മാണം.

* ൧൧൨. [വ] ശ്രീ. കുട്ടപ്പൻ കോയിക്കൽ* : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൭–൨൮ വർഷത്തിൽ ഹരിജനങ്ങൾക്കായി എത്ര ഭവനങ്ങൾ പണിയിച്ചു; എവിടെയെല്ലാം; എത്ര പണികഴിപ്പിക്കണമെന്നായിരുന്നു പ്ലാൻ;

(ബി) പണികഴിപ്പിച്ച വീടുകളിൽ എല്ലാം ഹരിജനങ്ങൾ താമസമായിട്ടുണ്ടോ;

(സി) താമസക്കാരിൽ നിന്നും വാടക ഈടാക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പ്രതിമാസം എത്ര തുക?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞ്) :

(എ) ൩൭ വീടുകൾ പണിയിച്ചു തുടങ്ങി. പണി പൂർത്തിയായതു ഈ കൊല്ലമാണ്. ഒല്ലൂർ ൨൦, മതിലകത്ത് ൩൩, ചേർത്തല ൧൨. ൧൪൧ വീടുകൾ കെട്ടണമെന്നായിരുന്നു നിശ്ചയിച്ചിരുന്നതു്.

(ബി) ഇല്ല.

(സി) വാടക ഈടാക്കുന്നില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള : ൧൪൧ വീടുകൾ കെട്ടാൻ അനുവദിച്ചിട്ട് അതിത്ര കുറഞ്ഞുപോകാൻ കാരണം എന്താണ്?

ശ്രീ. പി. കെ. കുഞ്ഞ് : ഇത്രയും വീടുകൾ പണിപൂർത്തിയായതാണ്. മറ്റേതാനും വീടുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. അതു് ഏകദേശം പൂർത്തിയാകുന്ന നിലയിൽ എത്തിയിട്ടുണ്ട്.

ശ്രീ. ടി. ഭാസ്കരൻപിള്ള : ഈ ൧൪൧ വീടുകളുടേയും പണി പൂർത്തിയാകാതിരിക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. പി. കെ. കുഞ്ഞ് : അതിനു പല കാരണങ്ങളുമുണ്ട്. കൺട്രാക്റ്റന്മാരുടെ അഭാവം, വീടുകൾക്കാവശ്യമുള്ള സ്ഥലം കിട്ടുവാനുള്ള താമസം, ഇങ്ങനെ പല കാരണങ്ങളുമുണ്ട്.

ശ്രീ. ടി. ഭാസ്കരൻപിള്ള : അതിനുവേണ്ടി അനുവദിച്ച തുക ലാപ്സായിപ്പോയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ് : ലാപ്സായിപ്പോയതായി അറിവില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള : എന്തു മാനദണ്ഡം വച്ചാണ് ഈ വീടുകൾ പണിയുന്നതു്?

ശ്രീ. പി. കെ. കുഞ്ഞ് : പ്രത്യേകാനുകൂല്യം ചെയ്തു് ഹരിജനങ്ങളുടെ സാമൂഹ്യ നില ഉയർത്തണമെന്നുള്ള നയത്തിനും നിർദ്ദേശത്തിനും അനുയോജ്യമായി കാര്യങ്ങൾ അന്വേഷിച്ചു് വേണ്ടവിധം പ്രവർത്തിക്കുന്നതിന് നിയമിതനായ ഉദ്യോഗസ്ഥന്റെ അഭിപ്രായമനുസരിച്ചുമാണ് വീടുപണിയുന്നതു്.

* As the Member was absent, this question was put by Shri T. Bhaskaran Pillai with the permission of the Chair.

ശ്രീ. ടി. ഭാസ്കരൻ പിള്ള : ഇവിടെ വീടില്ലാത്ത കർഷക തൊഴിലാളികൾക്കു വേണ്ടി വീടുപണിയുന്നതിനു തീരുമാനിക്കുന്നതു് ഏതെങ്കിലും സ്ഥാപനങ്ങളുടെ ശുപാർശ അനുസരിച്ചോ അതോ ഗവൺമെൻറ് നേരിട്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഗവൺമെൻറിൽ നിന്നു് നേരിട്ടാണു്.

ശ്രീ. ടി. ഭാസ്കരൻ പിള്ള : കർഷകതൊഴിലാളി യൂണിയൻെറ അഭിപ്രായം ഇക്കാര്യത്തിൽ ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. ഭാസ്കരൻ പിള്ള : വീടുകൾ പണിയിച്ചിട്ടു് രണ്ടു മൂന്നു കൊല്ലമായിട്ടും അതിൽ ആളുകൾ താമസമാക്കാതിരിക്കുന്നതിൻെറ കാരണമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞു് : അവിടെ ആളുകളെ താമസിപ്പിക്കാൻ പോവുകയാണു്. ആളുകൾ കൂട്ടംചേർന്നു് താമസത്തിനായി വരുന്നതു വരെ താമസമില്ലാതെ വീടു് കിടക്കുകയാണു്.

ശ്രീ. ടി. ഭാസ്കരൻ പിള്ള : കൃഷ്ണപുരം നിയോജകമണ്ഡലത്തിൽ വള്ളാക്കാട്ടു് എന്ന സ്ഥലത്തു് കുറെ വീടുകൾ കെട്ടിയിട്ടു മൂന്നു കൊല്ലമായി. പാർപ്പിടമില്ലാത്ത ആളുകൾക്കു് അതു കൊടുക്കാതിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെക്കുറിച്ചു് അറിവില്ല.

ശ്രീ. ടി. ഭാസ്കരൻ പിള്ള : പണി പൂർത്തിയാക്കിട്ടുള്ള വീടുകളിലെല്ലാം ഉടനെ ആളുകളെ താമസിപ്പിക്കുവാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : താമസിക്കുന്നതിനു വീടുകൾ കിട്ടണമെന്നു ആവശ്യപ്പെട്ടുകൊണ്ടു പലരിൽനിന്നും കമ്മീഷണർക്കു അപേക്ഷകൾ കിട്ടിക്കൊണ്ടിരിക്കുകയാണു്. കഴിവതും വേഗം അതിനെക്കുറിച്ചു തീരുമാനം ചെയ്യുന്നതാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പണി പൂർത്തിയായിട്ടുള്ള വീടുകളിൽ താമസത്തിനുവേണ്ടി ഹരിജനങ്ങളിൽ നിന്നും മതപരിവർത്തനം ചെയ്തിട്ടുള്ള അവശസമുദായ ക്രിസ്ത്യാനികൾ ആരെങ്കിലും അപേക്ഷ അയച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : അതു് ഈ ഫയലിൽ കാണുന്നില്ല. അതേപ്പററി അന്വേഷിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : മതപരിവർത്തനംചെയ്ത അവശസമുദായ ക്രിസ്ത്യാനികൾക്കു ഹരിജനങ്ങൾക്കു നൽകുന്ന ഏതാനും ആനുകൂല്യങ്ങൾ നൽകുന്ന കാര്യം ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു് : ഹരിജനങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്കില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : വീടിൻെറ കാര്യത്തിൽ വല്ല ആനുകൂല്യവും അവർക്കുണ്ടോ എന്നാണെൻെറ ചോദ്യം.

ശ്രീ. പി. കെ. കുഞ്ഞു്: ഹരിജനങ്ങൾക്കുള്ള സാമൂഹ്യമായ ചില ആനുകൂല്യങ്ങൾ അവക്ക് ചെയ്തിട്ടുള്ളതായി അറിയാം.

ശ്രീ. ഏ. എ. റഹിം: പാർപ്പിടമില്ലാത്തവക്ക് ഈ വീടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഹരിജനങ്ങളെ ഉദ്ദേശിച്ചാണ് ഗവണ്മെൻറിൽ നിന്നു് ഈ പദ്ധതി ഉണ്ടാക്കിട്ടുള്ളതു്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: കുട്ടനാടൻ സ്ഥലങ്ങളിലുള്ള കർഷകത്തൊഴിലാളികൾക്ക വീടു കെട്ടിക്കൊടുക്കുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കുമോ?

Mr. Speaker: That aspect has been answered already.

ശ്രീ. എം. എ. ആൻറണി: കാലടി എന്ന സ്ഥലത്തു ഒരു ഭവനനിർമ്മാണപദ്ധതി ആരംഭിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: നോട്ടീസു വേണം.

കുറഞ്ഞ കൂലി.

* ൧൧൩. [൯] ശ്രീ. കുട്ടപ്പൻ കോയിക്കൽ: * താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ കുറഞ്ഞകൂലി എന്താണെന്നു നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): (എ) ഇല്ല.

(ബി) കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിലേയ്ക്കു് ഗവണ്മെൻറിനു് റിപ്പോർട്ടു് സമർപ്പിക്കുന്നതിലേയ്ക്കു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടെങ്കിലും കമ്മിററിയുടെ പ്രവർത്തനം ആരംഭിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള: നാട്ടുംപുറങ്ങളിലെ കർഷകരുടെ കുറഞ്ഞ കൂലി നിരക്കു് നിശ്ചയിക്കാത്തതുകൊണ്ടു കൃഷിക്കാരും കർഷകത്തൊഴിലാളികളും തമ്മിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആവക കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിനും കുറഞ്ഞകൂലി ക്ലിപ്തപ്പെടുത്തുന്നതിനുമായിട്ടാണു് ഒരു കമ്മിററിയെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. ടി. ഭാസ്കരൻപിള്ള: അവരുടെ മിനിമംവേജസ്സ് നിശ്ചയിക്കുന്നതിനാണോ ഈ കമ്മിററികൊണ്ടുദ്ദേശിക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതേ.

ശ്രീ. ടി. ഭാസ്കരൻപിള്ള: എന്നാണു് ഈ കമ്മിററിയെ നിയമിച്ചതു്?

* As the Member was absent, this question was put by Shri T. Bhaskaran Pillai with the permission of the Chair.

ശ്രീ. പി. കെ. കുഞ്ഞു്: ൩൩-൧൦-൧൧൨൩-ലാണ് ഈ കമ്മിററി കാൺസ്റ്റിററ്യൂട്ട് ചെയ്തതു്. എന്നാൽ ഇതുവരെ അതിൻെറ പ്രവത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

ശ്രീ. ടി. ഭാസ്കരൻ പിള്ള: കമ്മിററി പ്രവത്തനമാരംഭിക്കുവാൻ ഗവണ്മെൻറിൽനിന്നും വേണ്ട നടപടികൾ നടത്തുമോ?

ശ്രീ. പി. കെ. കുഞ്ഞു്: നടത്താം.

ശ്രീ. ടി. ഭാസ്കരൻപിള്ള: ഇതിലേയ്ക്കു പുതിയ ഒരു കമ്മിററിയെ നിയമിക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതേപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: പറയാം.

൧. ഡയറക്ടർ ആഫ് അഗ്രികൾച്ചർ, തിരുവനന്തപുരം.
൨. ലേബർ കമ്മീഷണർ.

EMPLOYERS' REPRESENTATIVES.

൧. ശ്രീ. കെ. കുഞ്ഞുവറീതു്, മണലൂർ, ചിററൂർ.
൨. ശ്രീ. കെ. എം. കോര, എം. എൽ. എ.
൩. ശ്രീ. എസ്സ്. ശിവരാമകൃഷ്ണയ്യർ, റിട്ടയാർഡ് സർവ്വേ സൂപ്രണ്ട്.

EMPLOYEE'S REPRESENTATIVES.

൧. ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ.
൨. ശ്രീ. പി. രാമസ്വാമിപ്പിള്ള, എം. എൽ. എ.
൩. ശ്രീ. ടി. വി. തോമസ്, എം. എൽ. എ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇതിൽ കൂലിവേലക്കാരുടേയും കർഷകത്തൊഴിലാളികളുടേയും പ്രതിനിധികൾ ആരാണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: തൊഴിലാളി പ്രതിനിധികളായി മൂന്നു പേരെ കാണുന്നുണ്ട്. അതിൽ ആരു് ആരെ പ്രതിനിധീകരിക്കുന്നു എന്നറിയാൻ പാടില്ല.

ശ്രീ. എം. പി. മേനോൻ: ഇങ്ങനെ ഒരു കമ്മിററി നിയമിച്ച് അവരുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഒരു കല്പന പുറപ്പെടുവിക്കുന്നതിനു പകരം ഗവണ്മെൻറിനു സ്വന്തമായി ഒരു കല്പന പുറപ്പെടുവിക്കാൻ അധികാരമില്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: ഈ വക കാര്യങ്ങളിൽ ഒരു കമ്മിററിയുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷമല്ലാതെ അടിയന്തിരമായ ഒരു നില സ്വീകരിക്കണമോ എന്നതിനെക്കുറിച്ച് ഗവണ്മെൻറാലോചിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്മിററിക്കു ഒരു സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: നിയമിച്ചിട്ടുള്ളതായി അറിയുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സെക്രട്ടറിയേയും സ്റ്റാഫിനേയും നിയമിക്കാത്തതുകൊണ്ടല്ലേ ഈ കമ്മിററിയുടെ പ്രവൎത്തനം ആരംഭിക്കാത്തതു്?

ശ്രീ. പി. കെ. കുഞ്ഞു്: അതുകൊണ്ടും വരാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്മിററിക്കു് ഒരു ചെയർമാനുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ: സർ, ഒരു പായിൻറു് ഓഫു് ഓർഡർ: ചോദ്യം ൧൦-൦, ൧൧-൦ ഈ സെഷനിൽ ചോദിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് അതിനിയും ചോദിക്കാമോ?

മി. സ്പീക്കർ: എന്തെങ്കിലും സപ്ലിമെൻററി ക്വസ്റ്റ്യൻസു് ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാവുന്നതാണു്.

പഞ്ചായത്തുകൾക്കു സഹായധനം.

* ൧൧൮. [൧൦] ശ്രീ. ടി. ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്കു എന്തു് തുക വീതമാണു് സഹായധനം നൽകുന്നതെന്നും, അതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇന്നു കൊടുക്കുന്നതിൽ കൂടുതലായി തുക കൊടുത്തു പഞ്ചായത്തുകളുടെ പ്രവൎത്തനം കാൎയ്യക്ഷമമാക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു): (എ) ൧൯൫൦-ലെ പഞ്ചായത്താക്ടു് അനുസരിച്ചു് പഞ്ചായത്തുകൾക്കു മുഴുവൻ ഇതുവരെ രണ്ടായിരം രൂപയിൽ കവിയാത്ത ഒരു തുകയാണു് കൊടുക്കുന്നതു്. പുതിയതായി ഉണ്ടാക്കിയിട്ടുള്ള പഞ്ചായത്തുകൾക്കും ആ തുക കൊടുക്കുന്നുണ്ടു്.

(ബി) ഈ വക കാൎയ്യങ്ങൾ ഗവണ്മെൻറിൻെറ പൎയ്യാലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. ടി. ഭാസ്കരൻ പിള്ള: ഈ രണ്ടായിരം രൂപവീതം കൊടുക്കുന്നുണ്ടു് എന്നു് പറഞ്ഞിട്ടുണ്ടെങ്കിലും രണ്ടായിരം രൂപയിൽ കുറവായി പിരിച്ചിട്ടുള്ള പഞ്ചായത്തുകളുണ്ടെങ്കിൽ അവയ്ക്കു് അത്രയും തുക മാത്രമേ കൊടുക്കുകയുള്ളു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. പി. കെ. കുഞ്ഞു്: പഞ്ചായത്തു ആക്ടു് അനുസരിച്ചു് അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസരണമായി ഗവണ്മെൻറു് പ്രവൎത്തിക്കുന്നുണ്ടു്.

ശ്രീ. ടി. ഭാസ്കരൻപിള്ള: അതല്ല ഞാൻ ചോദിച്ചതു്. ഈ രണ്ടായിരം രൂപായിൽ കുറവായ ഒരു തുക മാത്രം പിരിക്കാൻ കഴിവുള്ള പഞ്ചായത്തുകൾക്കു് ഒരു സ്പെഷ്യൽ ഗ്രാൻറു് വല്ലതും ഗവണ്മെൻറിൽനിന്നും അനുവദിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: അതേപ്പററി ആലോചിക്കാവുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴുള്ള പഞ്ചായത്തുകളിൽ എന്തെങ്കിലും ഭേദഗതികൾ വരുത്താൻ ഗവണ്മെൻറാലോചിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ഉണ്ടു്.

ഇൻഡ്യൻ പ്രധാനമന്ത്രിയുടെ യാത്രച്ചെലവു്.

* ൭൭൬ [൭൭]—ശ്രീ. ടി. ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ഇവിടെവന്ന ഇൻഡ്യൻ പ്രധാനമന്ത്രിയുടെ തിരുവിതാംകൂർ-കൊച്ചി പര്യടനത്തിനായി എന്തു തുക ചെലവായിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഇതു പലതവണ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ആശുപത്രികൾ.

* ൭൭൮ [൭൮] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഒരു വർഷം എത്ര ആശുപത്രികൾ അനുവദിക്കും;

(ബി) ആശുപത്രി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ വല്ലതുമുണ്ടെങ്കിൽ അവകൾ എന്തെല്ലാം;

(സി) ഇലംതൂർ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ടു്;

(ഇ) ടി ആശുപത്രി ഉടൻതന്നെ അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്): (എ) പഞ്ചവത്സരപദ്ധതി അനുസരിച്ചു് ഓരോ [illegible] പത്തു ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു്.

(ബി) സാധാരണയായി താഴെ പറയുന്ന വ്യവസ്ഥകൾ നിറവേററപ്പെടുകയാണെങ്കിൽ മാത്രമേ പുതിയ ആശുപത്രികൾക്കു അനുവാദം നൽകാറുള്ളു.

൧. പ്രസ്തുത സ്ഥലം ഏററവും അടുത്തുള്ള വൈദ്യസ്ഥാപനത്തിൽനിന്നു് അഞ്ചു് മൈലോ അതിൽ കൂടുതലോ ദൂരമുള്ളതായിരിക്കണം.

൨. ആ പ്രദേശത്ത് ൨൦൦൦൦-ൽ കുറയാതെയുള്ള ജനസംഖ്യ ഉണ്ടായിരിക്കണം.

൩. ആശുപത്രികൾക്ക് അനുയോജ്യമായ സ്ഥലവും ഡിപ്പാർട്ടുമെൻറിൻെറ നിർദ്ദേശപ്രകാരം പണികഴിപ്പിക്കപ്പെട്ട കെട്ടിടങ്ങളും ആശുപത്രിക്ക വേണ്ടതായ ഫർണിച്ചറും സ്ഥലവാസികൾ സൗജന്യമായി ഗവണ്മെൻറിലേക്ക വിട്ടുകൊടുക്കേണ്ടതാണ്.

(സി) ഉണ്ട്.

(ഡി) അക്കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

(ഇ) ഇക്കാര്യത്തിൽ ഒരവസാനതീരുമാനം അധികം താമസിയാതെ ഉണ്ടാകുന്നതാണ്.

ശ്രീ. എൻ. ജി. ചാക്കോ: സ്ഥലവും കെട്ടിടവും ഫർണിച്ചറുമെല്ലാം സൗജന്യമായി ഗ്രാമത്തിലുള്ളവർ ഉണ്ടാക്കി കൊടുക്കണമെന്നു പറയുന്നതു വളരെ ബുദ്ധിമുട്ടുകൾക്കിടയാക്കുന്നുണ്ടെന്ന് ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇവിടെ ഈ നയമനുസരിച്ചാണ് ആശുപത്രികൾ അനുവദിക്കാറുള്ളത്.

ശ്രീ. എൻ. ജി. ചാക്കോ: ആ നയം ഒന്നു മാററാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: അതേപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സ്ഥലവും കെട്ടിടവും ഫർണിച്ചറും തരുന്നതിന് ആരും തയ്യാറില്ലെങ്കിൽ ഈ പഞ്ചവത്സരപദ്ധതി അനുസരിച്ച് ആശുപത്രികൾ അനുവദിക്കുന്ന നയം നിന്നുപോകുമോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. കെ. എ. ബാലൻ: പഞ്ചവത്സരപദ്ധതി ആരംഭിച്ചതുമുതൽ ഇതുവരെ എത്ര ആശുപത്രികൾ അനുവദിച്ചിട്ടുണ്ട്?

ശ്രീ. പി. കെ. കുഞ്ഞ്: ൧൯൫൨–൫൩-ൽ ൫

൧൯൫൩–൫൪-ൽ ൭

ശ്രീ. കെ. എ. ബാലൻ: മുനമ്പത്തു ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു ഗവണ്മെൻറ അംഗീകാരം നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: അതേപ്പററി ഇപ്പോൾ എൻെറ കൈവശമുള്ള റിക്കാർഡിൽനിന്നും അറിയാൻ നിവൃത്തിയില്ല.

ശ്രീ. കെ. സി. ജാർജ്ജ്: പഞ്ചവത്സരപദ്ധതി അനുസരിച്ച് എത്ര ആശുപത്രികളാണ് പണിയിക്കണമെന്നുള്ളത്; അതിൽ എത്ര പണിതിട്ടുണ്ട്?

ശ്രീ. പി. കെ. കുഞ്ഞ്: ഇത്രയും ആശുപത്രികൾ പണിതിട്ടുണ്ട്. എത്രയെണ്ണമാണ് പണിയാൻ തീരുമാനിച്ചിട്ടുള്ളതെന്നു എങ്ങിനെ പറയാനാണ്?

ശ്രീ. കെ. സി. ജോർജ്ജ്: അതല്ല എനിക്കറിയേണ്ടതു്. എത്ര ആശുപത്രികൾ പണിയാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പണിതിട്ടുണ്ടു് എന്നും പഞ്ചവത്സരപദ്ധതി എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിൽ എന്തു പുരോഗമനമാണുണ്ടായിട്ടുള്ളതെന്നും മനസ്സിലാക്കുന്നതിനാണു് മറുപടികിട്ടേണ്ടതു്.

ശ്രീ. പി. കെ. കുഞ്ഞു്: എത്ര പുരോഗമനമാണുണ്ടായിട്ടുള്ളതെന്നു് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണു്.

Shri T. S Ramaswami: May I know when this policy of asking the people to give land and building was adopted ?

Shri P. K. Kunju: It was adopted some years ago.

Shri T. S. Ramaswami: What is the year ?

Shri P. K. Kunju: I cannot say that now.

ശ്രീ. ടി. വി. തോമസ്: ആശുപത്രി സ്ഥാപിക്കുന്നതിനു സ്ഥലവും കെട്ടിടവും സൗജന്യമായി കൊടുക്കണമെന്നും മിക്കവാറും മരുന്നുകൾ രോഗികൾതന്നെ വാങ്ങിക്കണമെന്നും ഉണ്ടെങ്കിൽ പിന്നെ പഞ്ചവത്സരപദ്ധതി അനുസരിച്ചു് എന്തു സംഭാവനയാണു് കൊടുക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ആശുപത്രിക്കു വേണ്ട എല്ലാ സംഭാവനകളും ചെയ്തുകൊടുക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതൊരു ഇൻഡയറക്ട് ടാക്സേഷനല്ലേ?

ശ്രീ. പി. കെ. കുഞ്ഞു്: അല്ല.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതി അനുസരിച്ചു് എവിടെയൊക്കെ ആശുപത്രി സ്ഥാപിച്ചിട്ടുണ്ടെന്നു പറയുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആശുപത്രികൾ സ്ഥാപിച്ചതു് പുത്തൻവേലിക്കര, കടമറ്റം, തകഴി, തഴവാ, അഞ്ചൽ, ആറ്റിങ്ങൽ മുതലായ സ്ഥലങ്ങളിലാണു്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കൂട്ടത്തിൽ പെരിനാട്ട് ഒരു ആശുപത്രി സ്ഥാപിക്കുന്നതിന്റെ കാര്യം കൂടി ഉൾപ്പെടുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: നോട്ടീസ് വേണം.

ശ്രീ. പി. ഗോപാലൻ: കുളത്തൂപ്പുഴയിൽ ഒരു ആശുപത്രി അനുവദിച്ചിട്ടുണ്ടോ?

Mr. Speaker: I cannot allow such local grievances to be ventilated here.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: സ്ഥലവും കെട്ടിടവും ഫർണിച്ചറുമെല്ലാം ജനങ്ങൾ സൗജന്യമായി തരണമെന്നുള്ളപ്പോൾ മരുന്നുകൂടി നാട്ടുകാർ വാങ്ങിച്ചുകൊടുക്കണമെന്നും ഗവണ്മെന്റു ആവശ്യപ്പെടുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ഇല്ല.

ശ്രീ. ചെങ്ങരപ്പള്ളി പി. നാരായണൻപോററി: അങ്ങിനെയുള്ളതായി പരാതികൾ വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: ഇല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സ്ഥലവും കെട്ടിടവും ആളുകൾ ഉണ്ടാക്കി കൊടുക്കണമെന്നുള്ള തത്വം പഞ്ചവത്സരപദ്ധതി അംഗീകരിച്ചിട്ടുള്ള തത്വമാണോ?

ശ്രീ. പി. കെ. കുഞ്ഞ്: ഗവണ്മെന്റ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നയമാണ് അത്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് കൊല്ലംതോറും എത്ര ഡിസ്പെൻസറി വീതം പണിയിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ കുഞ്ഞ്: അതിനു നോട്ടീസ് വേണം.

ശ്രീ. ടി. കെ. ദിവാകരൻ: ആയുർവേദാശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്?

Mr Speaker: That question does not arise.

Shri T. K. Divakaran: The question is about hospitals, and I am asking about Ayurvedic hospitals.

ശ്രീ. ടി. എ. മജീദ്: ഈ വ്യവസ്ഥകൾ തന്നെയാണോ മേലും തുടരാൻ പോകുന്നത്?

ശ്രീ. പി. കെ. കുഞ്ഞ്: ഈ വ്യവസ്ഥകൾ ജനങ്ങൾക്ക് വേണ്ടത്ര ഗുണപ്രദമല്ലെന്നുകണ്ടാൽ മാററുന്നതാണ്.

ശ്രീ. ടി. എ. മജീദ്: ഈ നയം ജനങ്ങൾക്കു ഉപയോഗപ്രദമല്ലെങ്കിൽ എത്രയും വേഗത്തിൽ ഗവണ്മെന്റു ഇതു മാററുമോ?

ശ്രീ. പി. കെ. യശോധരൻ: സർ, ഒരു പായിന്റ് ഓഫ് ഇൻഫർമേഷൻ. ഈ ഭാഗത്തിരിക്കുന്ന ആളുകൾക്ക് ചോദ്യം ചോദിക്കുവാൻകൂടി സൗകര്യമുണ്ടാക്കിത്തരണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ആ കാര്യത്തിൽ ഞങ്ങളിരിക്കുന്ന ഭാഗത്തേയ്ക്കുംകൂടി ബഹു: സ്പീക്കർ ശ്രദ്ധിക്കണമെന്നു അപേക്ഷയുണ്ട്.

മി. സ്പീക്കർ: എല്ലാഭാഗത്തും സ്പീക്കർ ശ്രദ്ധിക്കുന്നതാണ്.

മദ്യനിരോധനം.

* ൧൧൭. [൧൩] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മദ്യനിരോധന മേഖലകളിലെ മദ്യം കലന്ന എസ്സൻസ് വില്പന തടയുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള): എസ്സൻസ് വിൽപനയെ തടയുന്നതിനുവേണ്ട നടപടികൾ എടുക്കുന്നുണ്ട്.

In this connection I may say that this Government have decided to revise the Standing Notification now in force, that is, Notification dated 11th June 1953, to be modified and amended so as to prevent effectively the sale of spirituous medicinal drugs which are widely used as a substitute for drink. The amended Notification, most probably, will come into force from to-morrow.

Travancore Co-operative College.

*118. [14] **Shri P. Viswambharan** : Will the Chief Minister be pleased to state what action the Government have taken with regard to the recognition of the Travancore Co-operative College as one of the five regional Co-operative Colleges proposed to be organised under the Government of India scheme for Co-operative training and education ?

Minister for Local Self-Government (**Shri P. K. Kunju**) : The matter is under correspondence with the Government of India.

Travancore Co-operative College

*119. [15] **Shri P. Viswambharan** : Will the Chief Minister be pleased to state :

(*a*) whether any financial assistance from the Travancore-Cochin Government was sought for on behalf of the Travancore Co-operative College; and

(*b*) if so what action has been taken in the matter ?

Minister for Local Self-Government (**Shri P. K. Kunju**) :

(*a*) Yes.

(*b*) The matter is under consideration,

ശ്രീ. പി. വിശ്വംഭരൻ: ആ കാളേജിനു ഗവണ്മെന്റിൽനിന്നും ഇപ്പോഴും എന്തെങ്കിലും ഗ്രാന്റ കൊടുക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാളേജു് നടത്തുന്നതു് സെൻട്രൽ കോവാപ്പറേറ്റീവു് ഇൻസ്റ്റിട്യൂട്ടിന്റെ ആഭിമുഖ്യത്തിലാണു്; ഇൻസ്റ്റിട്യൂട്ടിനു് ഗവണ്മെന്റ ഗ്രാന്റ കൊടുക്കുന്നുണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു് ഡിഗ്രികോഴ്സുള്ള ഒരു കാളേജാണോ?

ശ്രീ. പി. കെ. കുഞ്ഞു്: അല്ല, ഡിപ്ലമാകോഴ്സു മാത്രമേയുള്ളു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഡിപ്ലമാ എടുക്കുന്ന വിദ്യാർത്ഥികൾക്കു് കോവാപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലോ അല്ലെങ്കിൽ അതിനോടു് അനുബന്ധപ്പെട്ട മറ്റേതെങ്കിലും സ്ഥാപനത്തിലോ ഉദ്യോഗം കൊടുക്കാനുള്ള സാദ്ധ്യതയുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: അതിനെപ്പററി ആലോചിക്കുന്നതാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിനുള്ള സാദ്ധ്യത ഇല്ലെങ്കിൽ ഈ ഏർപ്പാട് കുറെ അഭ്യസ്തവിദ്യർക്കു കൂടി തൊഴിലില്ലായ്മ വരുത്തുന്നതിനു സഹായകമാകുകയല്ലേ ചെയ്യുന്നതു്?

ശ്രീ. പി. കെ. കുഞ്ഞു്: ആ വക കാര്യത്തെപ്പററി ഗവൺമെൻറ് ആലോചിക്കുന്നുണ്ടു്.

ശ്രീ എൻ. പരമേശ്വരൻപിള്ള: ഗ്രാമോദ്ധാരണം സംബന്ധിച്ചുള്ള പരിപാടികൾക്കു് ഈ കാളേജിൽ കൊടുത്തുവരുന്ന പരിശീലനം ആവശ്യമാണെന്നു ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ പി. കെ. കുഞ്ഞു്: ആവശ്യമാണു്.

ശ്രീ. എം. ഭാസ്കരൻനായർ: കോവളപ്പെറേറീവു് കാളേജ് അനുവദിച്ചു കൊടുക്കുന്നതിനു് മുമ്പു് ഇൻസ്റ്റിട്യൂട്ടിനു കൊടുത്തിരുന്ന ഗ്രാൻറിനേക്കാൾ കൂടുതൽ ഗ്രാൻറ് അതിനുശേഷം കൊടുക്കുന്നുണ്ടോ?

ശ്രീ. പി. കെ കുഞ്ഞു്: അതിനു് നോട്ടീസുവേണം.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടത്തെ സർവ്വകലാശാലയോടു് അഫിലിയേററ് ചെയ്യുതാണോ ഈ കാളേജ്?

ശ്രീ. പി. കെ. കുഞ്ഞു്: അല്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ എത്രതവണ ഇതിൻെറ പരീക്ഷ നടത്തി കഴിഞ്ഞിട്ടുണ്ടു്?

ശ്രീ. പി. കെ. കുഞ്ഞു്: അതിനും നോട്ടീസുവേണം.

അദ്ധ്യാപകന്മാരുടെ ക്ഷാമബത്ത.

* ഫ ഫ ൦. [൧൩] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ സ്കൂളുകളിലെയും ഗവൺമെൻറ സ്കൂളുകളിലെയും അദ്ധ്യാപകന്മാരുടെ ഡിയർനസ്സ് അലവൻസിൽ വ്യത്യാസമുണ്ടോ;

(ബി) ഈ വ്യത്യാസം മാററി എല്ലാ അദ്ധ്യാപകന്മാരുടെയും ഡിയർനസ്സ് അലവൻസ് തുല്യമാക്കാൻ ഉടൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഉണ്ടു്

(ബി) പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അലവൻസിനെപ്പററി ആലോചിക്കുന്നുണ്ടു്.

ശ്രീ. ടി. എ. മജീദ്: സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യങ്ങളെപ്പററിയോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ഇപ്പോൾ ഒന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകന്മാരും തുല്യമായ ജോലിയല്ലേ ചെയ്യുന്നതു്?

ശ്രീ. എ. താണുപിള്ള: ജോലി സാമാന്യം തുല്യമാണു്.

ശ്രീ. ടി. എ. മജീദ്: ഡിയർനസ്സ് അലവൻസ് വിലക്കൂടുതലിനുവേണ്ടി കൊടുക്കുന്ന അലവൻസല്ലേ; ആ നിലയ്ക്കു് അതിൽ വ്യത്യാസം വരുത്തുന്നതു ശരിയാണോ?

ശ്രീ. എ. താണുപിള്ള: പ്രൈവററ സ്ക്കൂളുകളിൽ അദ്ധ്യാപകന്മാർക്കു് വിലക്കൂടുതൽ അലവൻസു കൊടുക്കേണ്ടതു മാനേജരന്മാരുടെ ചുമതലയാണു്. ഡിപ്പാർട്ടുമെൻറൽ അദ്ധ്യാപകന്മാർക്കുള്ള ശമ്പളവും അലവൻസും പ്രൈവററസ്ക്കൂൾ അദ്ധ്യാപകന്മാർക്കില്ലായെന്നു മനസ്സിലാക്കിക്കൊണ്ടാണു് ഇവരെ നിയമിക്കുന്നതു്. അക്കാര്യത്തിൽ ഗവണ്മെൻറിനു വലിയ ചുമതലയൊന്നുമില്ല. സകലതും ഗവണ്മെൻറിൻെറ ചുമതലയാണെന്നു ചില മാനേജരന്മാർ കരുതുന്നതുപോലെ തോന്നുന്നു. ഡിപ്പാർട്ടുമെൻറൽ സ്ക്കൂളുകളിലുള്ള അദ്ധ്യാപകന്മാർക്കു് ഗവണ്മെൻറ കൊടുത്തുവരുന്നതുപോലെയുള്ള ശമ്പളവും അലവൻസും പ്രൈവററസ്ക്കൂൾ അദ്ധ്യാപകന്മാർക്കു കൊടുക്കുവാൻ മാനേജരന്മാർക്കു് ചുമതലയുണ്ടു്. അവരുടെ ചുമതല ഏറെറടുക്കാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇങ്ങനെ എന്തെങ്കിലും മാനേജരന്മാർ അദ്ധ്യാപകന്മാർക്കു സാമ്പത്തികമായ ആനുകൂല്യങ്ങൾ ചെയ്യുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ചിലർ ചെയ്യുന്നുണ്ടായിരിക്കും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: എന്താനുകൂല്യമാണു് ചെയ്യുന്നതു്?

ശ്രീ. എ. താണുപിള്ള: പറയത്തക്കവണ്ണം യാതൊന്നും ചെയ്യുന്നില്ലെന്നാണു് തോന്നുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ യാതൊന്നും ചെയ്യുന്നില്ലെന്നു വിദ്യാഭ്യാസമന്ത്രിക്കു് ബോദ്ധ്യമായിരിക്കെ പ്രൈവററസ്ക്കൂൾ അദ്ധ്യാപകന്മാർക്കു് വിലക്കൂടുതൽ അലവൻസ് കൊടുക്കേണ്ടതാവശ്യമാണെന്നു് ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: തോന്നുന്നില്ല.

ശ്രീ. കെ. എ. ബാലൻ: അങ്ങനെ വ്യത്യാസം കാണിക്കുന്ന മാനേജുമെൻറിൻെറ പേരിൽ എന്തെങ്കിലും നടപടി നടത്തുവാൻ ഗവണ്മെൻറിനു സാധിക്കുമോ?

ശ്രീ. എ. താണുപിള്ള: സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. എം. പി. മേനോൻ: ഈ അലവൻസിനു് ഇപ്പോൾ എന്തു വ്യത്യാസമാണുള്ളതെന്നും, ഓരോരുത്തർക്കും ഇപ്പോൾ എന്തു അലവൻസ് കൊടുത്തുവരുന്നുവെന്നും പറയാമോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറ സ്ക്കൂളുകളിലുള്ള അദ്ധ്യാപകന്മാരിൽ ൭൫ രൂപവരെ ശമ്പളമുള്ളവർക്കു് ൨൨ രൂപയും അതിനുമേൽ ൮൫ രൂപവരെ ൨൯ രൂപയും അതിനുമേൽ ൧൫൦ വരെ ൩൩ രൂപയും അതിനുമേൽ ൧൯൫ രൂപവരെ ൩൫ രൂപയും അതിനുമേൽ ൩൭൫ രൂപവരെ ശമ്പളത്തിൻെറ ൨൦ ശതമാനവും അതിനുമേൽ ൫൦൦ രൂപ വരെ ശമ്പളത്തിൻെറ ൧൫ ശതമാനവും എന്നാൽ ൬൫ രൂപയിൽ കുറയാതെയും അതിനുമേൽ ൧൦൦൦ രൂപവരെ ശമ്പ

ളത്തിന്റെ ൫൦ ശതമാനവും അലവൻസു കൊടുക്കുന്നതാണ്. പ്രൈവററ സ്കൂളിലെ അദ്ധ്യാപകന്മാർക്ക് ശമ്പളത്തിന്റെ ൫൫ ശതമാനമോ അല്ലെങ്കിൽ ൫൫ രൂപയോ ഏതാണോ കൂടുതൽ ആ തുക കൊടുക്കും. ഇൻകംപ്ലീററ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർക്കോ, കംപ്ലീററ ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർക്കും ൨൦ രൂപയും ൩൦ രൂപയും അലവൻസുകൊടുക്കുന്നു. ഈ വ്യത്യാസം കുട്ടികളുടെ എണ്ണത്തെ ആശ്രയിച്ചാണിരിക്കുന്നതു്. കുട്ടികൾ ൩൦൦-ൽ കുറവാണെങ്കിൽ ൨൦ രൂപയും കൂടിയാൽ ൩൦ രൂപയും അലവൻസുകൊടുക്കും. പ്രൈവററ പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാർക്ക ഗവണ്മെൻറ ൩൦ രൂപ ഗ്രാൻറ മാത്രമാണ് കൊടുക്കുന്നതു്. ഹെഡ്മാസ്റ്റർമാർക്കു് ൩൫ രൂപയും.

ശ്രീ. എം. പി. മേനോൻ: പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ഈ അലവൻസിന്റെ വ്യത്യാസം നികത്താൻ ആലോചിക്കുമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ആലോചിക്കുന്നതാണ്. മുഴുവൻ നികത്താൻ സാദ്ധ്യമാകുമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ: പ്രൈവററ പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും ഗവണ്മെൻറ പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും ഏകീകരിക്കാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: പ്രൈവററ പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാർക്കു് ഗവണ്മെൻറു് ൩൦ രൂപയുടെ ഒരു ഗ്രാൻറ മാത്രമെ കൊടുക്കുന്നുള്ളു. എന്നാൽ ഗവണ്മെൻറ സ്കൂൾ അദ്ധ്യാപകന്മാർക്കു് ശമ്പളമാണ് കൊടുത്തുവരുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെൻറ് കൊടുക്കുന്ന ഗ്രാൻറിനു പുറമെ മാനേജുമെൻറ കൂടുതൽതുക കൊടുത്തുകൊള്ളാമെന്നുള്ള പരസ്പരധാരണയിൽ അല്ലയോ പ്രൈവററസ്കൂളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ആ അടിസ്ഥാനത്തിലാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ഏതെങ്കിലും മാനേജുമെൻറുകൾ കൂടുതൽ രൂപ കൊടുക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: കൊച്ചിയിൽ മുമ്പ് ഒന്നരരൂപ കൂടുതൽ കൊടുക്കണമെന്നുള്ള ഒരേർപ്പാടുണ്ടായിരുന്നു. അതുപോലും കൊടുക്കുന്നില്ലയെന്നുള്ള പരാതി ഗവണ്മെൻറിനു കിട്ടുന്നുണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെയാണെങ്കിൽ അപ്രകാരം ചെയ്യാത്ത മാനേജുമെൻറുകളുടെ സ്കൂളുകളെ മാനേജുമെൻറിൽ നിന്നു വിടുത്തി ഗവണ്മെൻറ ഏറെറടുക്കുകയും അല്ലാത്തപക്ഷം മാനേജർമാരെക്കൊണ്ടു കൂടുതൽ തുക കൊടുപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുമോ?

ശ്രീ. എ. താണുപിള്ള: അതെല്ലാം ഗവണ്മെൻറിന്റെ നയത്തെ ആശ്രയിച്ചിരിക്കുന്ന കാര്യങ്ങളാണ്. ഈ സഭയുടെ പിൻതുണയുണ്ടെങ്കിൽ ഗവണ്മെൻറ ഇക്കാര്യത്തിൽ വേണ്ടതു ആലോചിച്ചു ചെയ്യുന്നതാണ്.

ശ്രീ. പി. വിശ്വംഭരൻ: തിരുവിതാംകൂറിലെ പ്രൈവററ സ്കൂളുകളിലെ അദ്ധ്യാപകന്മാക്കും കൊച്ചിയിലുള്ളവക്കും തമ്മിൽ ശമ്പളത്തിന വ്യത്യാസമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ ഏകീകരിച്ചിട്ടുണ്ടു്.

ശ്രീ. ടി. വി. തോമസ്: തൊഴിൽ ചെയ്യുന്നവക്കു് ഏററവും കുറഞ്ഞ ന്യായമായ വേതനം കിട്ടണമെന്നുള്ള കാര്യത്തിൽ ഗവണ്മെൻറിൻെറ നിലയെന്താണു്?

ശ്രീ. എ. താണുപിള്ള: എല്ലാ തൊഴിലിനും ന്യായമായ വേതനം കിട്ടേണ്ടതു തന്നെയാണു്. പക്ഷേ, ഇവിടെ തൊഴിൽ ചെയ്യിക്കുന്നതു ഗവണ്മെൻറല്ല, മാനേജുമെൻറാണു്.

ശ്രീ. ടി. വി. തോമസ്: എങ്കിൽത്തന്നെയും ഗവണ്മെൻറിൻെറ ആ നയം നടപ്പിൽ വരുത്താൻ എന്തുകൊണ്ടു മാനേജരന്മാരെ നിർബന്ധിക്കുന്നില്ല?

ശ്രീ. എ. താണുപിള്ള: മാനേജരന്മാരെ നിർബന്ധിക്കുകയെന്നു പറഞ്ഞാൽ ഗവണ്മെൻറ മുഴുവൻ ഏറെറടുക്കുക എന്നാണർത്ഥം. അങ്ങനെ പറയുന്നതു മുഴുവൻ ശരിയല്ല. അക്കാര്യത്തിൽ ഗവണ്മെൻറിനെക്കൊണ്ടു കഴിവുള്ളതു് ചെയ്യും. നമ്മുടെ സാമ്പത്തികനിലകൂടി നോക്കണം. ഇക്കാര്യത്തെപ്പററി നമ്മളെല്ലാവരുംകൂടി ആലോചിച്ചു എത്രദൂരം നമുക്കു മുൻപോട്ടുപോകാൻ കഴിയുമോ അത്രത്തോളം അദ്ധ്യാപകന്മാക്കു ഗുണം ചെയ്തുകൊടുക്കാൻ ഗവണ്മെൻറ് തയ്യാറാണു്.

WRITTEN ANSWERS.

ശ്രീപാദം, ഇടവക, കുടിയായ്മകൾ

* ൧൨൧. [൧൭] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ശ്രീപാദം, ഇടവക തുടങ്ങിയുള്ള കുടിയായ്മകൾ അവസാനിപ്പിക്കാൻ ഉടനടി എന്തെങ്കിലുംനടപടി എടുക്കാൻ ഈ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാംനടപടികൾ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): (എ) ഉണ്ടു്.

(ബി) വേണ്ട നടപടികൾ എടുക്കുന്നതാണു്. അവ എന്തെല്ലാമായിരിക്കുമെന്നു പ്രവചിക്കുക സാദ്ധ്യമല്ല.

Industrial Finance Corporation.

* 122. [18] **Shri Avira Tharakan**: Will the Chief Minister be pleased to state:

(*a*) the working capital of the Industrial Finance Corporation set up by the Government; and

(*b*) the amount distributed to the industrialists from the Corporation?

Minister for Finance (**Shri P. S. Nataraja Pillai**) :

(*a*) Rs. 1 crore.

(*b*) No amount has been distributed. The Corporation has only just started functioning.

Labour in Coir Factories.

*123. [20] **Shri Avira Tharakan** : Will the Chief Minister be pleased to state :

(*a*) the number of coir factories which have not yet paid the bonus for the year 1952-53 ; and

(*b*) what action the Government propose to implement the decision taken by the Triparty Conference ?

Minister for Local Self-Government (**Shri P. K. Kunju**) :

(*a*) So far, complaint about non-payment of bonus for the year 1952-53 has been received in respect of only one factory.

(*b*) In case, conciliation fails proper action as contemplated under the Industrial Disputes Act will be taken.

Co-operative Conference.

*124. [26] **Shri N. Parameswaran Pillai** : Will the Chief Minister be pleased to state :

(*a*) What steps Government have taken to implement the resolutions of the Co-operative high level conference held on 15th, 16th and 17th December 1952 ; and

(*b*) Whether the Government propose to do anything further on that ; if so on what lines ?

Minister for local Self Government (**Shri P. K. Kunju**) :

(*a*) The Co-operative high level conference held on 15th, 16th and 17th of December 1952 had passed 45 resolutions. Of these, resolution 1, regarding the formation of an Apex Bank in the State and resolution 28 regarding the election of a non-official Chairman for the Travancore Co-operative Institute Ltd., have been implemented. Resolution No. 5 that there should be one society for 500 families and resolution 10 regarding Government to declare Co-operative Societies as Government's authorised agencies under the Grow More Food Scheme have not been accepted by Government. Government have also been pleased to accept resolutions 8, 20 and 22 relating to the liquidation of bad societies, the organisation of primary Milk Supply Societies and the constitution of the Cochin District Co-operative Union respectively. No further action is necessary on the part of Government on these three

[Shri P. K. Kunju]

resolutions. The other resolutions are under consideration of Government.

(*b*) Yes ; The other resolutions are being examined in detail and orders will be passed on them soon.

മോട്ടോർ ഇൻഷ്വറൻസ്.

* ൧൨൫. [൩൧] ശ്രീ. ജോസഫ് ചാഴികാട്ട്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാഹനങ്ങളിൽ നിന്നുമുള്ള തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇനത്തിൽ ൧൯൫൪ ജനുവരി ൧-ാംനു- വരെ എത്ര സംഖ്യ ഗവണ്മെന്റിൽ ഈടായി ഇരിപ്പുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

൧൯൫൪ ജനുവരി ൧-ാംതീയതിവരെ ഈ ഇനത്തിൽ ഈടായി ഇരിപ്പുള്ള തുക ൩൪,൯൫,൫൬൯ രൂപ ൧൪ അണ ൧ പൈസ ആകുന്നു.

UNSTARRED QUESTIONS.

കലുങ്കുപണി.

൪൧. [൧] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം—പൂവ്വാർ റോഡിൽ മുല്ലൂർ എന്ന സ്ഥലത്തുള്ള ഒരു കലുങ്ക് വാഹനഗതാഗതത്തിന് അപകടകരമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപകടകരമല്ലാത്തവിധം അത് അഴിച്ചു പണിയുന്ന കാര്യത്തിൽ സർക്കാർ ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ശ്രദ്ധിക്കാം.

മജിസ്ട്രേട്ടു സെലക്ഷൻ.

൪൨. [൨] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം മജിസ്ട്രേട്ടു സെലക്ഷൻ നടത്തിയിട്ടുണ്ട്;

(ബി) അതിന് എത്ര പട്ടികജാതിക്കാർ അപേക്ഷിച്ചിരുന്നു; തിരഞ്ഞെടുത്തതിൽ എത്ര പട്ടിക ജാതിക്കാർ ഉൾപ്പെടുന്നു;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ?

ഉത്തരം.

(എ) ഒരു പ്രാവശ്യം.

(ബി) നാലുപേർ അപേക്ഷിച്ചിരുന്നു. അവരിൽ ആരെയും തിരഞ്ഞെടുത്തില്ല.

(സി) നിശ്ചിതയോഗ്യതകൾ അവക്കില്ലാതിരുന്നതുകൊണ്ട്.

കോഴഞ്ചേരി ആശുപത്രി.

൪൩. [ന] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ, പത്തനംതിട്ട എന്നീ താലൂക്കുകളിൽ എത്ര ഗവണ്മെന്റ് ആശുപത്രികളുണ്ട്;

(ബി) ഇതിൽ ഏതെങ്കിലും ആശുപത്രികളിൽ എക്സ്റേ ഉണ്ടോ;

(സി) കോഴഞ്ചേരി ആശുപത്രിയിൽ ഒരു എക്സ്റേ സ്ഥാപിക്കുന്നതിന് വല്ല അപേക്ഷയും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്;

(ഇ) ടി ആശുപത്രിയിൽ ഒരു എക്സ്റേ സ്ഥാപിക്കുന്നതിനു മനസ്സുണ്ടാകുമോ?

ഉത്തരം.

(എ) ൨. തിരുവല്ലാ ആശുപത്രി, കോഴഞ്ചേരി ആശുപത്രി.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ആലോചിക്കുന്നതാണ്.

കർബലാ മൈതാനം.

൪൪. [വ] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കർബലം മൈതാനം ചിലർ കയ്യേറിയതു സംബന്ധിച്ച് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം വെളിപ്പെടുത്തുമോ;

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിനു കാരണമെന്ത്?

ഉത്തരം.

(എ) ൧൯൫൨ ഡിസംബർ ൧൧-ാംനു കൊല്ലം ബിഷപ്പ് റൈററ് റവ: ജറോം ഫർണാൻഡസ് (കൊല്ലം ഫാത്തിമാ കാളേജ് മാനേജർ) ന്റെ പ്രേരണയിൽ ഫാത്തിമാ കാളേജ് വൈസ് പ്രിൻസിപ്പാൾ ഫാദർ തോമസ് ഏകദേശം നൂറോളം വരുന്ന കൂലിക്കാരുമായി ഒരു നിയമവിരുദ്ധസംഘം ചേർന്ന് കൊല്ലം കർബലാ മൈതാനത്തിനടുത്തുള്ള ഏകദേശം ൨൫൦ അടി ചുവര് നശിപ്പിച്ചുവെന്നും വസ്തു കൈവശപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി വാഴവെട്ട് എന്നീ കൃത്യങ്ങൾ ചെയ്യുകയും മുസ്ലിമീങ്ങളുടെ ശ്മശാനത്തിൽ സ്ഥാപിച്ചിരുന്ന നാട്ട് കല്ലു

കൾ ഇളക്കിവിടുകയും അങ്ങനെ മുസ്ലിമീങ്ങളുടെ മതബോധത്തെ വ്രണപ്പെടുത്തുകയും ചെയ്തു എന്നും പരാതി ഉണ്ടായതിന്മേൽ കൊല്ലം പോലീസ് സ്റ്റേഷനിൽ ക്രൈം ൨൧൨/൫൩ ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. പ്രസ്തുത കൃത്യം നിമിത്തം ഏകദേശം ൩൦൦ രൂപയുടെ നഷ്ടം ഉണ്ടായി എന്നും പരാതി ഉണ്ടായിരുന്നു.

(ബി) അന്വേഷണങ്ങൾ നടത്തിയതിൽ പ്രതികളുടെ മേൽ ആരോപിക്കപ്പെട്ടിരുന്ന പരാതികൾ അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടു. മൈതാനം, പരാതിപ്പെട്ട മഹമ്മദ് യൂസഫ് സാഹിബ് ഹാജി അബ്ദുൽ മജീദ് സാഹിബിന്റെ കൈവശമാണിരിക്കുന്നത്. കാളേജ് അധികൃതർ അവർ വളരെക്കാലം മുൻപ് കെട്ടിയ ഒരു ചുവര് മാത്രമാണ് പൊളിച്ചുമാററിയത്. പ്രതികൾ കുററക്കാരല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പോലീസ്സ് കേസ്സ് റഫർ ചെയ്യപ്പെട്ടു.

(സി) ഉദിക്കുന്നില്ല.

Adjournment Motions.

12 noon]

Mr. Speaker : Order, order, please. Question time is over. I have received notice of two adjournment motions. One of them is from Shri K. Balakrishnan regarding starting a Law College in Trivandrum which reads thus :

> "I move that the proceedings of the House be adjourned to discuss the situation arising out of the preparedness of the University to start a Law College in Trivandrum, as expressed by the Pro-Vice-Chancellor to the University in the Senate meeting held on 29-3-54 as and when a suitable building is made available to the University in Trivandrum."

There is no urgency in the matter. Therefore, I rule out the adjournment motion.

ഇതാണ് അടുത്ത പ്രമേയം;

> "കണ്ടറ ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി ഏപ്രിൽ
> ൫-ാംനു- മുതൽ അടച്ചിടുന്നതിനു മാനേജു
> മെൻറ് ഇന്നലെ നോട്ടീസ്സിട്ടിരിക്കുന്നതി
> നാൽ ൨൦൦-ൽപരം തൊഴിലാളികൾക്ക്
> തൊഴിലില്ലാതായിരിക്കുന്നതുമൂലം ഉളവാ
> യിരിക്കുന്ന അടിയന്തിരവും, പൊതുപ്രാധാ
> ന്യമുള്ളതുമായ സ്ഥിതിഗതികളെപ്പററി
> ചർച്ചചെയ്യുവാൻ സഭാനടപടികൾ നിർത്തി
> വയ്ക്കണമെന്നഭ്യർത്ഥിക്കുന്നു."

ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും പറയാൻ ഉണ്ടെങ്കിൽ പറയാം.

ശ്രീ. പി. കെ. കുഞ്ഞു്: സർ, അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു് ഈ നോട്ടീസിന്റെ പകർപ്പു് കിട്ടിയതിൽകവിഞ്ഞു് യാതൊരു അറിവുമില്ല. ഏതായാലും ഈ കാര്യത്തെക്കുറിച്ചന്വേഷിക്കുന്നതാണു്. നോട്ടീസിൽ തന്നെ പറഞ്ഞിരിക്കുന്നതു് ഏപ്രിൽ ൯-ാം തീയതി മുതൽ അടച്ചുപൂട്ടിയിടുവാൻ ഇടയുള്ള ഫാക്ടറിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആളുകൾക്കു് ആ ദിവസംമുതൽ തൊഴിലില്ലാതായിത്തീരുമെന്നാണു്. അപ്പോൾ ഉണ്ടാകാനിടയുള്ള ഗുരുതരമായ സംഭവങ്ങളെ ദീർഘദർശനം ചെയ്തുകൊണ്ടുള്ള ഒരു അടിയന്തിരപ്രമേയം ആണു് ഇതു്. സമീപകാലത്തു സംഭവിച്ചതോ അടിയന്തിര സ്വഭാവമുള്ളതോ ഗുരുതരമായ നില സൃഷ്ടിക്കുന്നതോ ആയ ഒരു പ്രശ്നമായി ഇതു ഇപ്പോൾ പരിഗണിക്കാനാവില്ല. ആ കാര്യം തീരുമാനിക്കേണ്ടതു മിസ്റ്റർ സ്പീക്കറാണു്. ഇതിനെപ്പറ്റി ഗവണ്മെന്റന്വേഷിക്കുന്നതാണു്. ഇതിൽ കൂടുതൽ, ഇതിനെ സംബന്ധിച്ച മറ്റൊരറിവുമില്ലാത്ത സ്ഥിതിക്കു്, എന്തെങ്കിലും പറയണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഏതായാലും ഇങ്ങനെ ഒരു പ്രമേയം ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചതുകൊണ്ടു് ആ ഫാക്ടറി പൂട്ടിയിടാതിരിക്കുവാൻ ഗവണ്മെന്റു് ശ്രദ്ധിക്കുമോ?

ശ്രീ പി. കെ. കുഞ്ഞു്: വേണ്ടതു ചെയ്യാം.

മി: സ്പീക്കർ: അന്വേഷിച്ചു് വേണ്ടതു ചെയ്യാമെന്നുള്ള ഗവണ്മെന്റിന്റെ ഉറപ്പനുസരിച്ചു് ഇപ്പോൾ ഈ പ്രശ്നം ഉദിക്കുന്നില്ല.

Election to the Travancore-Cochin State Aid to Industries Board.

Mr. Speaker: The following Members are declared elected to the Travancore-Cochin State Aid to Industries Board:

Dr. P. P. Antony,

Shri M. P. Menon, and

,, S. Seshadrinatha Sarma.

Nomination of Members to the Rules Committee.

മി: സ്പീക്കർ: ഭരണഘടന ൨൦൮-ാം വകുപ്പു് ൧-ാം ഉപവകുപ്പനുസരിച്ചു് ഈ സഭയുടെ നടപടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു കഴിഞ്ഞ നിയമസഭയിൽനിന്നും ഒൻപതു് അംഗങ്ങൾ അടങ്ങിയ ഒരു റൂൾസ് കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റി ഒരു റിപ്പോർട്ടും ഡ്രാഫ്റ്റ് റൂളുകളും കഴിഞ്ഞ നിയമസഭയിൽ ൧൯൫൨ സെപ്റ്റംബർ ൨൨-ാംനു ഹാജരാക്കിയിട്ടുണ്ടു്. ഇതു് സംബന്ധിച്ച ജോലികൾ തുടന്നു നടത്തി റൂളുകൾ അവസാനമായി ഈ സഭ പാസാക്കുന്നതിനു മുൻപു് ടി റിപ്പോർട്ടും ഡ്രാഫ്റ്റ് റൂളുകളും ഒന്നുകൂടി പരിശോധിച്ചു് ആവശ്യം എന്നു കാണുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി ഈ സഭയിൽനിന്നും ഒരു റൂൾസ് കമ്മിറ്റിയെ നിയമിക്കാമെന്നു വിചാരിക്കുന്നു. ഈ കമ്മിറ്റിയിൽ സ്പീക്കർ ഉൾപ്പെടെ ഒൻപതു മെംബർമാർ ഉണ്ടായിരിക്കുന്നതും, സ്പീക്കർ

[മി. സ്പീക്കർ]

ഈ കമ്മിററിയുടെ അദ്ധ്യക്ഷനായിരിക്കുന്നതും ആണ്. താഴെ പറയുന്ന മെംബർമാരെ ഈ കമ്മററിയിൽ അംഗങ്ങൾ ആയി നിയമിച്ചിരിക്കുന്നു:

(൧) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ
(൨) ,, പി. എസ്സ്. നടരാജപിള്ള
(൩) ,, ടി. വി. തോമസ്
(൪) ,, ടി. കെ. ദിവാകരൻ
(൫) ,, എൻ. നാരായണക്കുറുപ്പ്
(൬) ,, എൻ. എ. നൂർമുഹമ്മദ്
(൭) ,, കെ. പി. ഗോപാലമേനോൻ
(൮) ,, എ. കുഞ്ഞൻനാടാർ.

കമ്മിററിയുടെ കോറം അഞ്ച് ആയിരിക്കും. കമ്മിററി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

Resolutions on Matters of General Public Interest.
Resolution re-Opening of Fair Price Depots.

Mr. Speaker: We will now pass on to resolutions. Mr. Sattanatha Karayalar, do you move your resolution ?

Shri K. Sattanatha Karayalar : Sir, I move: "This House recommends to the Government to take immediate steps to open fair price depots to sell foodgrains at cheap rates in sufficient quantity all over the State."

ஸர், முதல் முதலாக இந்தத் தீர்மானத்தை விளக்கி ஒரு சில வார்த்தைகள் கூறவேண்டிய அவசியம் எனக்கு உண்டு. நான் இந்தத் தீர்மானத்தை இங்கு கொண்டுவந்திருப்பதை, ஒரு சில நண்பர்கள் மத்தியில் சில சந்தேகங்களை கிளப்பி விட்டிருக்கிறது. இந்த ரேஷனிங் ஸிஸ்டத்தை அதாவது இந்த உணவு பங்கீடு முறையை ரத்து செய்யவேண்டுமென்று கேட்டிருக்கிறேனோ என்ற சந்தேகம் சில நண்பர்களின் மனதில் எழுந்துளது. ஆனால், நான் கொடுத்திருந்த முறையில் இந்தத் தீர்மானம் வந்திருக்குமானால், அப்படிப்பட்ட சந்தேகத்திற்கே இடம் கொடுத்திருக்காது என்று நான் எடுத்துக் கூற ஆசைப்படுகிறேன் நான் கொடுத்திருந்த தீர்மானத்தின் பிற்பகுதியை இந்த சபையில் நான் வாசிக்க விரும்புகிறேன். அந்தத் தீர்மானத்தின் பின் பகுதியில் நான் குறிப்பிட்டிருந்தது இதுதான்.

"To accomplish this the Government shall introduce effective procurement from all big land-lords enlisting the co-operation of the small peasants and agriculturists by bringing Agrarian Reforms and explore the possibility of getting more quota of food grains from the centre."

Shri A. Thanu Pillai : How is that relevant ? We are concerned only with procurement.

Shri K. Sattanatha Karayalar : I am strictly within the limits of the resolution.

நான் இதை குறிப்பிட்டது, இந்தத் தீர்மானத்தினுடைய விளக்கமாகும் என்று முதலாவதாகவே சொன்னேன். "பெயர் பிரைஸ் ஷாப்ஸ் (Fair Price Shops), மலிவு தானிய கடைகள் நிறுவ வேண்டுமென்று நான் சொல்வதற்குக் காரணம், இன்று ரேஷன் கடைகளில் கொடுக்கக்கூடிய ரேஷன் தானியங்களின் விலை நியாயமல்லவென்றும், அதன் விலையைக் குறைத்து நியாயமான விலைக்கு விற்கவேண்டும் என்பதாகும். நமது திருவிதாங்கூர்-கொச்சி சமஸ்தானத்திலுள்ள ரேஷன் முறையை பரிசீலனை செய்து பார்த்தால் அவைகளை இரண்டு பெரும் பகுதிகளாக, அல்லது இரண்டு குறிப்பான பகுதிகளாக பிரிக்கலாம். ஒன்று, 'உபரி தாலுகாக்களில் உள்ள கடைகள்; மற்றொன்று, பற்றாக்குறை பிரதேசங்களில் இருக்கக்கூடிய கடைகளும் ஆகும். தமிழகத்தில் வாழக்கூடிய மக்களில் பெரும் பகுதியினரும் உபரி தாலுகாக்களில் வாழுபவர்களாவார்கள். அங்குள்ள நிலைமை வேறு, மற்றிடங்களிலுள்ள நிலைமை வேறு. அங்கு, தற்சமயம் ரேஷன் கடைகள் நல்ல முறையில் நடக்கப்படவில்லை. இது ஏன். அங்ஙனம் நல்ல முறையில் நடக்கப்படவில்லை என்பதைப் பற்றி நாம் சற்று சிந்திக்க வேண்டும். ஒரு வேளை சர்க்கார் நினைக்கலாம், இந்தத் தாலுகாக்களில் ரேஷன் கொடுக்காமல் இருந்துவிட்டால், ரேஷன் கடைகளை மக்கள் உபயோகப்படுத்தாமல் இருந்துவிட்டால், அங்குள்ள ரேஷன் கடைகளையே மூடிவிடலாம் என்று நினைத்திருக்கலாம். ஆனால் அங்குள்ள மக்கள் ரேஷன் வாங்காததற்குக் காரணம், அவர்களுக்கு போதிய அளவு தானியம் கிடைக்கிறதென்பதல்ல, அங்குள்ள மக்களுக்கு மலிவான விலையில் உணவு தானியம் கிடைப்பதால் தான் அவர்கள் இந்த ரேஷன் கடைகளை உபயோகப்படுத்துவதில்லை என்பதும் அல்ல காரணம். வேறு இரண்டு மூன்று காரணங்கள் உண்டு. அவைகளில் மிக முக்கிய காரணத்தை இந்த சோஷியலிஸ்ட் சர்க்காருடைய கவனத்திற்கு கொண்டுவர விரும்புகிறேன். ரேஷன் கடைகளில் தற்சமயம் கொடுக்கக்கூடிய ரேஷன் தானியங்களின் விலை, சாதாரண மக்கள் வாங்கும் சக்திக்கு அப்பால்பட்டதாய் இருக்கின்றது. என்றென்றும் தரித்திரத்தில் உழன்றுகொண்டிருக்கும் ஏழை மக்களுக்கு அவ்வளவு விலை கொடுத்து வாங்குவதற்கு சக்தியில்லை. நெற்றி வேர்வை நிலத்தில் விழ பாடுபட்டு தாம் உற்பத்தி செய்து, தாம் விற்ற நெல்லை திரும்ப வாங்குவதற்கு போதிய பணம் இல்லை, அவர்களிடம். இந்த நிலைமை ஏன் அங்கு வந்துள்ளது என்று நாம் பார்க்கவேண்டும். பொருளாதார நெருக்கடிகள் ஒருபுறம், மற்றொருபுறத்தில் வேலையில்லாத் திண்டாட்டம். இவ்விரண்டாலும் தமிழகத்திலுள்ள மக்களில் பெரும் பகுதியினரும் அல்லலுறுகிறார்கள். அவர்கள் எந்த அளவு அல்லலுறுகிறார்கள் என்பது நான் கூறப்போகும் விஷயத்திலிருந்து நன்கு தெரியும். அதாவது, தமிழ் நாட்டின் சரித்திரத்தில் எந்தக் காலத்திலும், மக்கள் சோளம், கம்பு முதலிய தானியங்களை உபயோகித்தார்களே யன்றி, அதை விட்டு விட்டு மாடுகளுக்

[ஸ்ரீ கெ. சட்டநாத கரையாளர்]

குக் கூட கொடுக்க கூடக்கூடிய புண்ணுக்கு போன்ற தானியங்களை உட்கொண்டார்கள் என்று நீங்கள் யாரும் கேள்விப்பட்டிருக்கமாட்டீர்கள். ஆனால் தற்சமயம் அங்குள்ள பொருளாதார நிலைமை, புண்ணாக்கு போன்றவைகளை மக்கள் உட்கொள்ளக்கூடிய நிலைமைக்கு கொண்டு வந்துவிட்டது. எங்கள் தாலுகாவைப் பொறுத்தமட்டில் குறிப்பாக நான் உறுதியாகச் சொல்ல முடியும், சாதாரண மக்கள் அதிலும் குறிப்பாக நெசவுத் தொழிலாளர்களைப் போன்ற மக்கள் இன்று வேலையில்லாத் திண்டாட்டத்தின் காரணத்தால் கடைகளுக்குச் சென்று கடலைப் புண்ணாக்கை வாங்கி அதை தண்ணீரில் ஊற வைத்து அந்த புண்ணாக்கையும் ஊறவைத்த தண்ணீரையும் சேர்த்து அவித்து அதில் கருப்புக்கட்டியும் சேர்த்து உபயோகிக்கிறார்கள் என்றால், அதை அவர்கள் விரும்பி புசிக்கிறார்கள் என்று யாரும் சொல்ல மாட்டார்கள். இன்று ஒரு மனிதன் இரண்டு மூன்று அணுக்களை வைத்துக் கொண்டு தனது வாழ்க்கையை நடத்தவேண்டுமென்றால் அவன் தனது ஆகாரத்தை இந்த விதம் மாற்றிக் கொள்ளவேண்டியதாய் தான் வந்திருக்கிறது. இன்று நம் நாட்டிலுள்ள ரேஷன் கடைகளை நல்ல முறையில் உபயோகப்படுத்தவேண்டுமேயானால், இம்மக்களின் வாழ்க்கைத்தரத்தில் அடிப்படையான பல மாறுதல்கள் செய்யவேண்டும். அவர்கள் வாங்கும் சக்திக்கு உட்பட்ட நிலையில் ரேஷன் தானியங்களின் விலையைக் குறைத்துக் கொடுக்கவேண்டிய கடமை நமது அரசாங்கத்திற்கு உண்டு என்பதை நான் இச்சந்தர்ப்பத்தில் உங்களுக்கு ஞாபகமூட்ட விரும்புகிறேன். அதல்லாமல், அவர்கள் நான் மேற்கூறியபடியுள்ள உணவுப் பொருள்களை உட்கொள்வார்களேயானால் அவர்களின் உடல் நலம் எந்த அளவிற்குப் பாதிக்கப்படும், எந்த அளவிற்கு அவர்கள் இந்த தேசத்தில் நீண்ட நாட்கள் வாழ முடியும் என்று நீங்கள் சிந்தித்துப்பார்ப்பது நலம். அடுத்தபடியாக, இந்தப் பகுதிகளிலேயுள்ள ரேஷன் காரியத்தைப் பற்றி ஒரு சில வார்த்தைகள் கூற விரும்புகிறேன். நமது திருவிதாங்கூர்-கொச்சி ராஜ்யத்தில் 6000-க்கு அதிகமான ரேஷன் கடைகள் நிலவிலுள்ளன. எல்லா கடைகளிலுமுள்ள நிலைமை இதுதான். அதாவது, ரேஷன் கடைக்குச் சென்று ரேஷன் வாங்கினால் அது அரிசியாய் இருந்தாலும் சரி, அல்லது நெல்லாய் இருந்தாலும் சரி, அதை வாங்கி நமது தாய்மார்கள் முறத்தில் போட்டு புடைத்துவிட்டால் அதில் உள்ள கல், புல்பூண்டுகள் போக, வாங்கியதில் நான்கில் மூன்று பகுதிகூட தேறாது என்று சொன்னால் அது தவறுதல் அல்ல. நாம் கழிந்த தேர்தலில் வோட்டுகள் கேட்கச் சென்ற காலத்தில் பார்த்திருக்கிறோம், ஒவ்வொரு வீட்டிலும் இந்த அரிசி தான் அவர்களுக்கு புசிக்க கொடுக்கப்படுகிறது. இன்று ரேஷன் கடைகளில் கொடுக்கக்கூடிய அரிசியைப் இச்சபையிலுள்ள ஒரு சில நண்பர்களாவது புசித்திருப்பார்கள் என்று நினைக்கிறேன். அந்த அரிசியைக் கொண்டு சமைக்கும்போது, ஒரு தனி நாற்றம் வரும். இந்த நாற்றத்தைத் தாங்குவதற்கு மனிதனுக்கு ஒரு தனி பக்குவம்

ஏற்படவேண்டும். இன்று பல குடும்பங்களிலுமுள்ள பல குழந்தைகளும், சாதம் என்று சொன்னால் அதற்கு இயற்கையான மணம் இதுதான் என்று நினைக்கக்கூடிய அளவிற்கு அது நிரந்தரமாய் விட்டது. ரேஷன் கடைகளில் கொடுக்கக்கூடிய அரிசி மிகவும் மோசமானதாகவும் மிகவும் நாற்றம் உள்ளதாகவும் இருக்கிறது. மாடுகள் கூட புசிக்காத நிலையில் உள்ள அரிசிதான் நமது ரேஷன் கடைகளில் நிரந்தரமாகக் கொடுக்கப்படுகிறது. இதுபோன்ற காரணங்களினால் தான் ரேஷன் கடைகளில் மக்கள் இன்று ரேஷன் வாங்குவதில்லை. ரேஷன் கடைகளுக்குச் சென்றால், எந்த இடங்களில் நெல் விரும்புவார்களோ அங்கு அரிசி கொடுக்கப்படுகிறது. அரிசி வேண்டுமென்று விரும்பும் இடங்களில் நெல் கொடுக்கப்படுகிறது. ஆக ஒரு திடமான நிலை இல்லாத முறையில்தான் ரேஷன் வினியோகம் செய்யப்படுகிறது. புழுங்கல் அரிசி வேண்டும் என்ற இடங்களில் பச்சரிசியும், பச்சரிசி வேண்டுமென்ற இடங்களில் புழுங்கல் அரிசியும் கொடுக்கப்படுகிறது. ஆக ஒன்றுக்கொன்று மாற்றக் கொடுக்கக்கூடிய நிலையில் தான் இந்த ரேஷன் கடைகள் இருக்கிறது. அடுத்ததாக, இந்த ரேஷன் கடைகளில் சென்று வாங்கக்கூடிய அரிசியின் அளவு, நியாயமான அளவு அல்ல. அங்கு, எத்தனையோ கள்ளத்தனங்கள் நடக்கின்றன. அளவு சரியாக இல்லையே என்று சொன்னால் அவர்கள் சொல்கிறார்கள், சர்க்கார் கோடவுன்களில் (Godown) களில் கொடுக்கக்கூடிய அரிசி, இந்த முறையில் தான் கொடுக்கப்படுகிறது. அதை நினைத்துத் தான் கொடுக்கிறார்கள். அதை சரியாக தூக்கிப் பார்த்து வாங்க எங்களால் முடிவதில்லை. ஆகவேதான் நாங்கள் இப்படி கொடுக்கிறோம் என்று ரேஷன் கடைக்காரர்கள் சர்க்காரின் வினியோகப்பகுதியின் பேரில் குற்றம் சுமத்துகிறார்கள். ஆனால் அதன் உண்மை என்னவென்று என்றால் இங்கு கூற முடியாது. அடுத்தபடியாக நான் கூறவேண்டியதென்னவென்றால் இந்த உபரி தாலுகாக்களில் அதாவது கூடுதல் உணவு உற்பத்தி செய்யும் தாலுகாக்களில் இன்று ஒரு மோசமான நிலை ஏற்பட்டிருக்கிறது. ஒரு பறை நெல்லுக்கு, "300 க்யூபிக் இஞ்சஸ்" கொள்ளும் பறை ஒன்றிற்கு, இரண்டு ரூபாய் இரண்டணா கொடுத்து வாங்கி அதே நெல்லை திரும்ப ரேஷன் கடைகளின் மூலம் பறை ஒன்றிற்கு இரண்டு ரூபாய் பத்தணாவீதம் விற்கிறார்கள். ஆக சர்க்காருக்கு பறை ஒன்றிற்கு எட்டணாவீதம் இதன் மூலம் ஆதாயம் கிடைக்கிறது. இந்த எட்டணாவித் தியாசம், பாவப்பட்ட கிருஷிக்காரர்களின், பாவப்பட்ட மக்களின் தலையில்தான் சுமத்தப்படுகிறது. தான் விற்ற நெல்லை, தான் பாடுபட்டு உழைத்துக் கொடுத்த நெல்லை, புல் பூண்டு கலந்த நெல்லை கூடுதல் விலையும் கொடுத்து ஏசதேசம் 25% கூடுதல் விலை கொடுத்து வாங்க வேண்டிய நிலையில் தான் இருக்கிறான் ஏழை கிருஷிக்காரன். ஆக ஒரு பறை நெல்லில், எட்டணா லாபமாக எடுக்கிறார்கள் இச் சர்க்கார் என்று நான் மிகவும் வருத்தத்துடன் சொல்லிக்கொள்கிறேன். இன்று நெல் வினியோகம் செய்வதில் ஏற்படக்கூடிய நஷ்டத்தை இதன் மூலம் ஓரளவு சரிக்கட்டிக் கொள்ளலாமென்று ஒருவேளை மந்திரிகள் தங்களைத் தானே மனசமாதானம் செய்துகொள்ளலாம்,

[ஸ்ரீ. கெ. சட்டநாத கரயாளர்]

தங்களுக்குப் போக மீதி பகுதியிலுள்ள மக்கள் உண்ணவேண்டுமென்று உற்பத்தி செய்து கொடுத்த நெல்லை அவர்களே திரும்பி வாங்கும் போது மிகவும் மோசமான நிலையில், அதிலும் கூடுதல் விலை கொடுத்து வாங்கவேண்டுமென்று வைத்திருப்பதைப் பார்த்தால், ஒருவேளை திருவிதாங்கூர்-கொச்சியிலுள்ள தமிழ் மக்கள் பெரும்பாலும் அதிகம் நெல் உற்பத்தி செய்து கொடுக்கிறார்களே என்று அவர்கள் மீது சுமத்தும் ஒரு இன்டயரக்ட் டாக்ஸேஷன் (Indirect Taxation) ஆகும், இது என்று தான் நினைக்கத் தோன்றுகிறது. இந்த ரேஷன் கடைகளில், இங்கிருக்ககூடிய குறைந்த சம்பளம் வாங்கக்கூடியவர்களுக்குத் தெரியும், எக்ஸ்ட்ரா ரேஷன் கொடுக்கப்படுகிறது என்பது. எக்ஸ்ட்ரா ரேஷன் என்றதொரு ரேஷன் இன்று கொடுக்கப்படுகிறது. நான் ஏற்கனவே குறிப்பிட்டேன், சர்க்கார் பறை ஒன்றிற்கு இரண்டு ரூபாய் இரண்டணா வைத்து நெல் வாங்கி இரண்டு ரூபாய் பத்தணா வைத்து கொடுக்கிறார்கள் என்று. அங்ஙனம் இரண்டு ரூபாய் பத்தணா வைத்துக் கொடுத்தால் சாக்கொன்றிற்கு 36-12-9 ஆகுமானால் இந்த எக்ஸ்ட்ரா ரேஷனுக்கு, சாக்கொன்றிற்கு ரூ. 51-12-9 பைஸா கொடுக்க வேண்டியிருக்கிறது. ஆக இந்த எக்ஸ்ட்ரா ரேஷனின் மூலமும் இச்சர்க்கார் சாக்கொன்றிற்கு 15 ரூபாய் ஆதாயம் எடுக்கிறது. ஆனால் எவ்வளவு பேர் இந்த ரேஷனை வாங்குகிறார்கள் என்று எனக்குத் தெரியாது. ஆனால் இந்த உபரி தாலுகாக்களைப் பொறுத்த மட்டில், அங்குள்ள மக்கள், இதை வாங்குவதேயில்லை என்ற நிலை வந்திருக்கிறதால் இந்த எக்ஸ்ட்ரா ரேஷன் சரக்குகள் கடைகளில் தேங்கித்தான் கிடக்கின்றன. பின்னர், கோதுமையை எடுத்துக் கொண்டால் அதன் விலையைப் பற்றிச் சொல்லவேண்டியதேயில்லை. அதன் விலை மிகவும் உயர்ந்துவிட்டது. நம் மக்களுக்குப் பழக்கமில்லாத இந்த தானியத்தை பழக்கப்படுத்திக் கொண்டு, அதை வைத்து சப்பாத்தி போன்றவைகள் செய்து சாப்பிடலாம் என்று நினைத்தால் அதன் விலையும் உயர்ந்துவிட்டது. கேட்கப்போனால், (No loss no profit) என்ற அடிப்படையில் தான் இதை விநியோகம் செய்கிறோம் என்று சர்க்கார் சொல்லலாம். இன்று இந்த தேசத்தில் நெல் உற்பத்தி செய்யக்கூடிய இந்த கிருஷித்தொழிலாளர்களும், சிறிய நிலச்சுவான்தார்களும் இந்த நிலையில் தங்கள் ரேஷனை வாங்கி உண்ணவேண்டுமென்றிருந்தால், அவர்களுக்கு கூடுதல் நெல் உற்பத்தி செய்யவேண்டுமென்ற உற்சாகம் இருக்க முடியாது. ஆகவே நான் சொல்வதென்னவென்றால் இக்கிருஷிக்காரர்களின் வாழ்க்கையில் நாம் சில அடிப்படையான சில மாறுதல்கள் செய்தால் மாத்திரமே நாம் இன்றைய பொருளாதார நெருக்கடியையும் அதன்மூலம் உணவு பிரச்னையையும் சமாளிக்கமுடியும். இந்தப் பிரச்னைக்குப் பின்னால் மிக பெரிய சிக்கல்கள் உண்டு என்று எனக்குத் தெரியும். இது, ஒரு மாகாணப் பிரச்னை மாத்திரமல்ல, உணவுப் பிரச்னை என்று சொல்லும்போது இன்று அது ஒரு அகில இந்தியப் பிரச்னையாகும்.

நமது திருவிதாங்கூர்—கொச்சி ராஜ்யமானது, ஒரு பற்றாக்குறை ராஜ்யம். நாற்பது % பற்றாக்குறை, அறுபது % பற்றாக்குறை என்றெல்லாம் சர்க்கார் சொல்கிறார்கள். ஒருவேளை அது 50% பற்றாக்குறையாய் இருக்கலாம். ஆனால் இப்பிரச்னையைப்பற்றி சில தினங்களுக்கு முன்பாக நமது முக்கிய மந்திரியவர்கள் குறிப்பிட்டார்கள். "உணவுப் பிரச்னையைப் பொறுத்த மட்டில், மத்திய சர்க்கார் அனுஷ்டிக்கக்கூடிய கொள்கையை தழுவியதாய்தான் இருக்கும், இச்சர்க்காரின் கொள்கையும்;" என்று சொன்னார்கள். மத்திய சர்க்கார் அனுஷ்டிக்கும் கொள்கையைப் பின்பற்றித் தான் நாங்கள் ரேஷனை கூட்டவோ, குறைக்கவோ அல்லது அதன் விலையைக் குறைக்கவோ செய்ய முடியுமேயொழிய நாங்களாக ஒன்றும் செய்ய முடியாது என்று சொன்னார்கள். உண்மையில் இது மத்திய சர்க்கார் கையாளக்கூடிய கொள்கையைப் பின்பற்றியிருப்பினும் நமது சர்க்கார் ஒரு திடமான கொள்கையை கையாளவேண்டும். ரேஷன் விலையில் இத்தனை % குறைக்கப்போகிறோம் என்றதொரு திடமான கொள்கையை இச்சர்க்கார் கைக்கொள்ளவேண்டும்; அதற்கு இணங்கும்படி மத்திய சர்க்காரை நீங்கள் நிர்ப்பந்தப்படுத்தவேண்டும். நமது சமஸ்தானம் வெறும் ஒரு பாலைவனமல்ல. டாளர் சம்பாதித்துக் கொடுக்கக்கூடிய பல விலைமதிப்புள்ள பொருள்கள் விளைவிக்கக்கூடிய சமஸ்தானமாகும், நமது திருவிதாங்கூர்—கொச்சி சமஸ்தானம். இப்படிப்பட்ட சமஸ்தானத்தில் வாழக்கூடிய நமக்கு நியாயமான விலையில் உணவுப் பொருள்கள் கிடைக்கவேண்டும் என்று சொல்வதில் என்ன தவறு இருக்கிறது. நாம் காஷ்க்ராப் (Cash crop) உற்பத்தி செய்கிறோம்; ஆனால் உணவு தானியங்கள் நமக்கு கூடுதல் உற்பத்தி செய்ய முடியவில்லை என்ற காரணத்திற்காக மத்திய சர்க்கார் நம்மீது பாரபட்சம் காண்பிப்பது, தவறாகும். அங்ஙனம் நம் மீது அவர்கள் பாரபட்சம் காண்பிக்கக்கூடாது என்று நாம் அவர்களை நிர்ப்பந்தப்படுத்தவேண்டும். மேலும் அவர்களிடமிருந்து ஒரு கணிசமான தொகை நமக்கு மான்யமாக கிடைக்கத்தான் வேண்டும். அப்படி கிடைத்தாலே நாம் இதை சரிக்கட்டிக் கொண்டு போக முடியும் என்பதை நானும் ஒப்புக்கொள்கிறேன். இரண்டு வருடங்களுக்கு முன்னர் பார்லிமெண்டில் வைத்து இவ்வுணவுப் பிரச்னை பற்றி சர்ச்சைகள் நடந்தபோது சில விஷயங்கள் அங்கு பேசப்பட்டன. தென் இந்தியா என்றும் வட இந்தியா என்றும் உள்ள வேறுபாட்டின் காரணமாக தென் இந்தியா மீது வஞ்சகமான சில, கொள்கைகளை மத்திய சர்க்கார் கையாளுவதாக சில அங்கத்தினர்கள் சொன்னார்கள். மத்திய சர்க்கார் சில இடங்களில் அதாவது, உத்தரப் பிரதேசம், ஒரிஸா, பஞ்சாப் போன்ற மாகாணங்களில் கையாளக்கூடிய கொள்கை, மிகவும் வருந்தத்தக்கதாய் இருக்கிறது. அவ்விடங்களில் சோளம், கோதுமை, நெல் போன்ற தானியங்கள் அபரிமிதமாய் விளைந்தும் கூட அங்கு ஒரு விலை கட்டுப்பாடு மில்லை குறைந்த விலையில் அவைகளை விற்கவேண்டுமென்ற விலை நிர்ணயம் அங்கு இல்லை.

அங்குள்ள பெரு நிலச்சுவான்தார்கள் ஆயிரம், பதினாயிரம் அல்ல, லட்சக்கணக்கான ஏக்கர்களை வைத்துக்கொண்டு பல இடங்க

[ஸ்ரீ. கெ. சட்டநாத கரயாளர்]

ளையும் தரிசாகப் போட்டிருப்பதோடு மட்டுமல்லாமல் கிடைக்கக்கூடிய தானியங்களை நல்ல முறையில் விற்பதுமில்லையென்று, அன்றைய உணவு மந்திரியாய் இருந்த கெ. எம். முன்ஷி அவர்கள் சொன்னார்கள். விலைக் கட்டுப்பாடு வேண்டுமென்று நாம் நிர்ப்பந்தப்படுத்தும் போது அங்குள்ள "காப்பிட்டலிஸ்ட்" பெரிய பணக்காரர்கள் அதை மீறுகிறார்கள், என்றும் கூறினார்கள். மிகவும் ஒரு நய வஞ்சகமான முறையில் அவர்கள் அதை மீறுகிறார்கள் என்றும் குறிப்பிட்டார். அவர்கள், இவ்வுணவு தானியங்களை பிளாக்மார்க்கெட்டில், அதாவது கருஞ்சந்தையில் விற்பதோடு மட்டுமல்லாமல், சர்க்காருக்கு கொடுக்க மறுத்துவிட்டு இத்தானியங்களை அவர்கள் தங்கள் கன்றுகாலிகளுக்கு கொடுக்கிறார்கள். மக்களுக்கு உணவுப் பொருள் கொடுக்க மறுத்துவிட்டு அவைகளை கன்றுகாலிகளுக்கு கொடுக்கிறார்கள் என்று முன்ஷி அவர்களே சொன்னார்கள். அப்படிப்பட்ட மனப்பான்மை பல சமஸ்தான அரசாங்கங்களுக்கும் இருக்கின்றது. அதை நாம் கண்டிக்கவேண்டியது மிக மிக அவசியமாகும். நாம் எல்லோரும் இந்தியரே, நாம் எல்லோரும் ஒரே நேஷனலிட்டியை சேர்ந்தவர்கள் என்றும் கூறப்படுகிறது. நாம் எல்லோரும் ஒரே இனத்தைச் சார்ந்தவர்கள் தான் என்று சொல்லும் கட்சியில் உள்ளவர்கள் இருக்கும் மத்திய அரசாங்கமானது இவ்விதம் வடக்கென்றும் தெற்கென்றும் பட்சபாதம் காட்டினால் அது அவர்களின் பிற்போக்கு மனப்பான்மையை தான் எடுத்துக் காட்டும். அதை இந்த சர்க்கார் கண்டிப்பதோடு பகிரங்கப்படுத்துவதற்கு வேண்டியதைச் செய்யவேண்டும். மீண்டும் நான் சொல்வதென்னவென்றால் இவ்வுணவுப் பிரச்னையை சம்பந்தித்த மட்டில் மத்திய அரசாங்கம் நமக்கு தகுந்தளவிற்கு ஒரு நிவாரணம் கொடுக்கவேண்டும். நமது மக்களுக்கு நாம் மலிந்த விலையில் உணவு தானியங்கள் கொடுக்கும்போது, அதற்கு தகுந்த முறையில் மத்திய சர்க்கார் ஒரு கணிசமான தொகை நிவாரணமாக நமக்குத் தரவேண்டும். அதோடு நமது சர்க்காரும் அதற்காக ஒரு நல்ல தொகையை ஒதுக்கிவைக்கவேண்டும். அடுத்தபடியாக நாம் தினம் தினம் சுமார் ஆயிரம் டன் உணவு தானியங்களின் மேல் சுமார் ஒரு லட்சம் ரூபாய் வரை நஷ்டப்பட்டுக் கொண்டுவருகிறோம் என்று இந்த சபையில் கூறப்பட்டது. அதற்கு அதிகமாக நாம் நஷ்டப்படுவோமேமானால் நம்மால் வரவு செலவை சரிப்படுத்த முடியாது என்று நிதி மந்திரியவர்கள் சொல்லலாம். இன்னொரு வாதம் கூட எழலாம். அதாவது இன்று உணவு தானியத்திற்கு இதுமாதிரி மானியம் கொடுத்தால் அதை எங்கிருந்து கொடுப்பது? மக்களிடமிருந்து வரியாய் பிரித்த தொகையை மறுபடியும் நாம் அவர்களுக்கு மானியமாய் கொடுப்பதென்றால் அது ஒரு "பாட் எக்காணமி" (Bad economy) அதாவது தவறான பொருளாதார தத்துவமாகும் என்று ஒருவேளை கூறலாம். இதற்கு முன்பு இங்கு நடந்த சில சொற்பொழிவுகளில் இப்படி கூறப்பட்டது. அதில் ஓரளவு உண்மை இருக்கலாம், ஆனால் சோஷியலிஸ்ட் சித்தாந்தத்தில் நம்பிக்கை கொண்டிருக்கும்

இன்றைய பி. எஸ். பி. அரசாங்கமானது இதை அந்தக் கண்ணோட்டத்துடன் பார்க்கக்கூடாது என்று சொல்லிக்கொள்கிறேன். சாதாரண மக்களின் வாழ்க்கைத்தரத்தை எப்படி உயர்த்துவது என்று மட்டும்தான் சோஷியலிஸத்தில் நம்பிக்கை கொண்டிருக்கும் இவ்வரசாங்கம் ஆலோசிக்கவேண்டும். எப்படி எப்படி வரி போட்டால் அது சாதாரண மக்களை பாதிக்காது என்று கவனித்து திட்டம் போடவேண்டும். வரிப்பளுவானது இன்று சாதாரண மக்களின் மேல்தான் இருக்கிறது. நான் சொல்வதென்னவென்றால் பெரிய பெரிய நிலச்சுவான்தார்கள் மீதும், பெரிய முதலாளிகள் மீதும், பெரிய பெரிய எஸ்டேட் முதலாளிகள் மீதும் வரி விதித்துக்கிடைக்கக்கூடிய பணத்தைக் கொண்டு சாதாரண மக்களின், ஏழை மக்களின் குறைகளை நீக்குவதற்குள்ள மார்க்கத்தை இந்த பி. எஸ். பி. சர்க்கார் கையாள முன்வரவேண்டுமென்று நான் மிகவும் வினயபூர்வமாக கேட்டுக்கொள்கிறேன். வேறொரு சந்தர்ப்பத்தில் தற்போதைய நிதி மந்திரியவர்கள் குறிப்பிட்டார்கள், "இன்று இந்த தேசத்தில் உள்ள பொருளாதாரம் சீர்படவேண்டுமானால் உற்பத்திப் பெருக்கினால் மாத்திரமே முடியுமென்றும், உற்பத்தி பெருக்கினால் மாத்திரமே விவசாயியின் வாழ்க்கைத்தரத்தை உயர்த்த முடியும் என்றும்," அது மிக மிக உண்மையாகும். ஆனால் இன்றைய விவசாயிகளின் அல்லது கிருஷிக்காரர்களின் நிலை என்ன? விலைவாசி உயர்வினால் பாதிக்கப்பட்டவர்களில் பெரும்பகுதியும் கிருஷிக்காரர்களேயாவார்கள். இன்று அவர்கள் தாங்கமுடியாத கடன் சுமையில் ஆழ்ந்திருக்கிறார்கள். அங்ஙனம் தாங்கமுடியாத கடன் சுமையில் ஆழ்ந்து தத்தளிக்கக்கூடிய கிருஷிக்காரர்களுக்கு இச்சர்க்கார் தகுந்தபடி கடன் நிவாரணங்கள் செய்து கொடுக்கவேண்டுமென்று இச்சர்க்காரை நான் மிகவும் தாழ்மையுடன் கேட்டுக்கொள்கிறேன். அவர்கள் மிகவும் கஷ்டப்பட்டு, பாடு பட்டு உற்பத்தி செய்யக்கூடிய உணவு தானியங்கள் எப்படி, எவ்விதம் அவர்களுக்கு திரும்பக் கிடைக்கிறது என்பதைப் பற்றி இச்சர்க்கார் நன்றாக ஆலோசித்துப் பார்க்கவேண்டும். இவ்வேழை கிருஷிக்காரர்கள் இன்று கடன் சுமையில் ஆழ்ந்திருக்கும் காரணத்தினால் தான் அவர்கள் தானியம் உற்பத்தி செய்த உடனே அதை அவர்களிடமிருந்து பெரிய பெரிய வியாபாரிகள் வாங்கி அதை ஒதுக்கி விடுகிறார்கள். அத்தானியங்களை திரும்ப கொடுப்பதற்கு முன்பு, அதாவது அவைகளை விற்பதற்கு முன்பு அதில் பெரிய லாபத்தையும் சுமத்துகிறார்கள். இன்று இந்நாட்டில் இப்படிப்பட்ட துரோகமான செயலை றைஸ்மில் முதலாளிகள் செய்துகொண்டிருக்கிறார்கள் என்று சொல்லிக்கொள்கிறேன். றைஸ்மில் ஆரம்பிக்கப்பட்ட உடனே ஒவ்வொரு மில்லிலும் ஆயிரக்கணக்கான மூட்டை நெல்கள் ஒதுக்கி வைக்கப்பட்டன. குறைந்த விலையில் நெல் வாங்கி அதை மில்வழி குத்தி, அதை கூடிய விலையில் விற்பது என்பது அவர்களுடைய ஒரு பதிவு நியதியாகும். அறுவடையான உடனே ஆயிரக்கணக்கான கோட்டை நெல்லை பிடிக்கிறார்கள். அதை தினம் தினம் தண்ணீரில் ஊறவைத்தெடுத்து அதைக் குத்துகிறார்கள். இப்படிச் செய்வதால், கைக்குத்தல் மூலம்

[ஸ்ரீ. கெ. சட்டநாத கரயாளர்]

மூட்டை ஒன்றிற்கு ஐம்பத்திநாலு படி அரிசி கிடைத்தால், இந்த றைஸ்மில் மூலம் குத்தினால் அறுபத்திநாலு படி கிடைக்கும். ஆனால் அந்தத் தானியம் வெகு சீக்கிரத்தில் கெட்டுவிடும். அது அழுகுவதால் தான் சீக்கிரம் கெட்டு விடுகிறது. அதோடு மாத்திரமல்ல, பார்ப்பதற்கு அளவு அதிகமாகயிருக்கிறதென்று அதை லாபத்தோடு விற்க முடியும். அதை வாங்கி உபயோகிப்பவர்கள், அதாவது கன்ஸ்யூமரிடம் (Consumers) வரும்போது தான் அதன் முடிவு தெரிகிறது. அந்த அரிசியை வாங்கி அடுப்பில் போட்டு சாதமாக்கும்போது சாதாரணமாக சாதம் என்ன அளவு காணவேண்டுமோ அந்த அளவு காணாது. ஏனெனில் இந்த மில் வழி குத்தும் அரிசியில் சாவியாய் போகவேண்டிய பகுதி அதில் அரிசியாய் பரிணமிக்கிறது. சமைத்தெடுக்கும்போது தான் அந்த சாவி போகிறது. இதனால் நஷ்டப்படுகிறவர்கள் கன்ஸ்யூமர்களும் (Consumers), கொள்ளை லாபமடிக்கும் இடைத்தர வியாபாரிகளும், மில் சொந்தக்காரர்களுமாவார்கள். இந்த நிலைமை மாறவேண்டுமானால் உடனடியாக இந்த றைஸ்மில்களை நிறுத்தவேண்டும். அதோடுகூட விவசாயிகளுக்கு அடிப்படையான சில நன்மைகளும் செய்து கொடுக்க வேண்டும். நான் ஏற்கெனவே கூறியபடி அவர்களுக்கு கடன் நிவாரணம் செய்து கொடுக்கவேண்டும். இன்று அவர்கள் நித்திய கண்டம் பூர்ண ஆயுஸாக வாழக்கூடிய ஸ்திரமில்லாத வாழ்க்கையில் மாறுதல் ஏற்படவேண்டும். அதை மாற்றி கிருஷிக்காரர்கள் வேலை செய்யும் பூமியில் அவர்களுக்கு ஸ்திர அவகாசம் இருக்கவேண்டும். இன்றைய பாட்டம் முறையை நிறுத்தி அதை வாரம் முறையாக மாற்றியமைக்கவேண்டும். அதோடு அவர்களுக்கு வேறு சில சௌகரியங்களும் செய்துகொடுக்கவேண்டும். அது, இன்று இருக்கக்கூடிய ப்ரொக்யூவர்மென்ட் (நெல் எடுப்பு) திட்டத்திலாகும், இன்று இந்நாட்டில் நெல்லெடுப்பு முறை, லெவி ஸிஸ்டப்படியாகும். இது ஒரளவிற்கு ஜனங்களுக்கு அனுகூலம் தான். ஆனால் நான் சொல்வதென்னவென்றால், 3 ஏக்கர் உள்ளவரிடம் நெல் எடுக்கக் கூடாது. 10 ஏக்கருக்கு குறைவாக இருப்பவர்களிடமிருந்து நெல்லெடுக்க இந்த லெவி ஸிஸ்டமும், அதற்கு மேல் இருப்பவர்களிடமிருந்து டோட்டல் ப்ரொக்யூவர்மென்டாயும் இருக்கவேண்டும். 10 ஏக்கருக்கு மேல் நிலம் இருப்பவர்களிடமிருந்து நாம் எல்லா நெல்லையும் எடுக்கவேண்டும், அதாவது அவர்களின் கிருஷிக்கும், குடும்பச் செலவிற்கும் போக மீதியுள்ளதை சர்க்கார் எடுக்க வேண்டும். அவ்விதம் சர்க்கார் நெல்லை எடுத்துக்கொடுப்பார்களேயானால் நெல் மார்க்கெட்டில் அதிகமாகி அவர்களின் இஷ்டம்போல் விற்பதற்கு முடியாமலாகிவிடும். எடுத்த நெல்லை உபரிதாலுகாவின் சுயதேவையை பூர்த்தி செய்த பின்பே எஞ்சியதை மற்ற இடத்திற்கு கொண்டுபோகவேண்டும். அதோடு மாத்திரமல்ல, இந்த சர்க்கார் எந்த விலைக்கு வாங்குகிறதோ அதே விலைக்குத் தான் திரும்பவும் விற்கவேண்டும். பறையொன்றிற்கு இரண்டு ரூபாய் இரண்டணா வீதம் நெல் எடுத்து அதை 2-10-0-க்கு விற்கக்கூடிய முறை மாற

வேண்டும். ரூ. 2–2–0–க்கு வாங்கி ரூ. 2–3–0–க்கு விற்றால் பரவாயில்லை. ஆனால் பறையொன்றிற்கு எட்டணு லாபம் எடுப்பது மிகவும் கூடுதலாகும். அடுத்தபடியாக நான் இச் சர்க்காரை கேட்டுக்கொள்வதென்னவென்றால் விவசாயிகளுக்கு குறைந்த வட்டியில் கடன் கொடுக்கவும், காலாகாலத்தில் அவர்களுக்கு கிருஷிக்கு வேண்டிய ஆயுதங்களை (Agricultural Implements) கொடுக்கவும் நீங்கள் முன்வரவேண்டும். மேலும் கூடுதல் நீர்ப்பாசன திட்டங்களும் கொண்டுவர வேண்டும். இனியும் ஒன்றிரண்டு விஷயங்களைப் பற்றி மாத்திரம் கூறிவிட்டு நிறுத்திவிடுகிறேன். நான் மேற்கூறிய விஷயங்களையெல்லாம் அமுல் நடத்தும்போது இன்றிருக்கக்கூடிய உத்தியோகஸ்தர்களிடமோ அல்லது இன்று இதற்கென்று இருக்கிற இலாகாவிடமோ அமல் நடத்தும்படி விட்டுவிடக்கூடாது என்று நான் இந்த சர்க்காரைகேட்டுக்கொள்கிறேன். பின் வேறு என்னசெய்யவேண்டும்? இதை அமலுக்குக் கொண்டுவர, இந்த சமஸ்தானத்தை பல பகுதிகளாகப் பிரித்து, உபரிதாலுகா, சுயதேவை பூர்த்தியாகும் பகுதி, பற்றாக்குறைபகுதி என இரண்டு மூன்றுபகுதிகளாகப் பிரித்து, ஒவ்வொரு பகுதியிலுமுள்ள கிருஷிக்காரர்கள், விவசாயிகள் போன்றவர்களை கூட்டி ஒரு மகாநாடு நடத்தவேண்டும். நிலமில்லாத விவசாயிகள், தொழிலாளிகள், மக்கள் பிரதிநிதிகள் முதலியோர்களைக் கொண்ட ஒரு பெரிய மகாநாடு கூட்டி அவர்கள் மூலம் ஒரு கமிட்டி நிறுவவேண்டும். அதற்கு ஒரு மத்திய கமிட்டியும் இருக்க வேண்டும். அது இந்த சபையிலுள்ள எதிர் கட்சி அங்கத்தினர்கள், சர்க்கார் தரப்பிலுள்ள அன்பர்கள் அத்தனைபேரும் கொண்ட ஒரு மத்திய கமிட்டியாக நிறுவவேண்டும். ஒவ்வொரு இடங்களிலிருந்து வரும் ரிப்போர்ட்டை வைத்துக்கொண்டு அங்குள்ள விஷயங்களைப் பற்றி பரிசீலனை செய்ய ஒரு நிரந்தர கமிட்டி செயலாற்ற வேண்டும். அந்த கமிட்டியின் மூலமாக மாத்திரம் தான் இந்த நெல்லெடுப்பு, விநியோகம் முதலியவைகள் நடக்கவேண்டும். அப்படி நடத்தினால் மாத்திரமே இது ஒழுங்கான முறையில் நடக்கும். அந்த கமிட்டிகளில் பெரிய நிலச்சுவான்தார்களுக்கோ அல்லது பெரிய முதலாளிகளுக்கோ இடம் பெறக்கூடாது. ஆக, நான் கடைசியாக கூறிக்கொள்வதென்னவென்றால், நான் எனது சிற்றறிவிற்கு எட்டிய விதத்தில் உள்ள அபிப்பிராயங்களை உங்கள் முன் வைத்திருக்கிறேன்; அதை நீங்கள் நல்ல முறையில் பரிசீலனை செய்து கிருஷிக்காரர்களின், விவசாயிகளின் வாழ்க்கைத்தரத்தில் குறிப்பிட்ட மாறுதல்கள் கொண்டுவரவேண்டுமென்றும் அவர்களது வாழ்க்கைத்தரத்தை உயர்த்த வேண்டுவன செய்ய வேண்டும் என்றும் சொல்லிக்கொண்டு, அதற்கு முதல் நடவடிக்கையாக நீங்கள் எல்லோரும் எனது தீர்மானத்தை ஆமோதிக்க வேண்டும் என்றும் கேட்டுக்கொண்டு நான் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. സി. കെ. വിശ്വനാഥൻ : സർ, ചെങ്കോട്ടു മെമ്പർ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അതിനോടനുബന്ധിച്ചു ചില സംഗതികൾകൂടി ഈ സഭയുടെയും, മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താമെന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്ത് അങ്ങോളം

[ശ്രീ. സി. കെ. വിശ്വനാഥൻ]

മിങ്ങോളം ഇന്ന് റേഷൻ ഷാപ്പുകൾ മുഖാന്തിരം അരിവിതരണം നടത്തിവരുന്നുണ്ട്. ന്യായവില ഷാപ്പുകൾ ഏർപ്പെടുത്തി, എല്ലാ സ്ഥലങ്ങളിലും ആവശ്യംപോലെ അരി ലഭിക്കത്തക്കവണ്ണം വ്യവസ്ഥചെയ്യണമെന്നു ഇവിടെ ചെങ്ങന്നൂർ മെംബർ പറയുകയുണ്ടായി. അരി മാത്രമല്ല, അതുപോലെ മററു ഭക്ഷ്യസാധനങ്ങളും ന്യായവില ഷാപ്പുകൾവഴി ലഭിക്കത്തക്ക ഏർപ്പാടുകൾ ചെയ്യണമെന്നാണു എനിക്കു പറയുവാനുള്ളതു്. ഇന്നു രാജ്യത്തിന്റെ അങ്ങോളമിങ്ങോളമുള്ള കർഷകത്തൊഴിലാളികളും മററും ഭൂരിപക്ഷം വളരെ ദുരിതം അനുഭവിച്ചുവരുന്നുണ്ട്. അവർക്കു ഭക്ഷ്യധാന്യവിതരണത്തിലും വലിയ അസംതൃപ്തിയാണുള്ളതു്. അവരുടെ അതൃപ്തികൊണ്ടാണു ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു സാരമായ തോൽവി സംഭവിച്ചതു്. ഇന്നത്തെ മന്ത്രിസഭയ്ക്കു്, കാൺഗ്രസ്സ് കുപ്പായത്തിൽ പൊതിഞ്ഞ പി. എസ്സ്. പി. മന്ത്രിസഭയ്ക്കു ഈ സംഗതി ബോദ്ധ്യംവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇവിടത്തെ പല വ്യവസായങ്ങളും അധഃപതിച്ചുപോയതുനിമിത്തം വളരെയധികം തൊഴിലാളികൾ തൊഴിലില്ലാതെ പട്ടിണിയിലാണ്ടു കഴിയുകയാണു്. കയർ വ്യവസായത്തിൽ ൫൦ ലക്ഷവും, കശുഅണ്ടിയിൽ ൫ ലക്ഷവും, കൈത്തറിനെയ്ത്തിൽ രണ്ടരലക്ഷവും, മററു വ്യവസായങ്ങളിലും കാർഷികരംഗത്തും, അഭ്യസ്തവിദ്യർക്കിടയിലുംകൂടി ഏതാണ്ടു ൨൫ ലക്ഷത്തോളം ആളുകൾക്കു തൊഴിലില്ലായ്മയുണ്ട്.

Mr. Speaker : I would invite the hon. Member's attention to Standing Order 58 which states that the discussion shall be strictly confined to the subject of the resolution, before the House.

ശ്രീ. സി. കെ. വിശ്വനാഥൻ : അതിനാൽ, ഈ വക കാര്യങ്ങൾക്കു പരിഹാരമുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറു ശ്രദ്ധിക്കണം. ഇവിടെ ഒരു അടിയന്തിരസ്ഥിതി നിലവിൽ ഉണ്ട്. പെട്ടിത്തെറിക്കുന്ന സാമ്പത്തിക സാമൂഹ്യകുഴപ്പങ്ങളുണ്ടാവും. ഈ നാട്ടിലെ തൊഴിലാളികൾക്കു ന്യായമായ വിലയ്ക്കു് മററു ആഹാരസാധനങ്ങൾ, അതായതു്, കപ്പ, കടല, പയറു്, ഉഴുന്നു, പരിപ്പ് മുതലായവകൂടി ന്യായവില ഡിപ്പോകൾ വഴി വിതരണം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തു കൊടുക്കണം. വളരെ കുറഞ്ഞ വിലയ്ക്കു കൊടുക്കാൻ സാധിക്കണം. ഇടങ്ങഴിക്കു ൫൦ അണ ചില്ലറ വിലയുള്ള പയറു് മുതലായവയ്ക്കു ഒരു മന്നു കണക്കാക്കി വാങ്ങിക്കുമ്പോൾ, ശരാശരി ഇടങ്ങഴിക്കു ൯ അണ മാത്രമേ വിലയാകുകയുള്ളു. മൊത്തമായി വരുത്തി ആ വിലയ്ക്കു തന്നെ സപ്ലൈകൾ ലഭിക്കുകയാണെങ്കിൽ ഇടങ്ങഴി ഒന്നുക്കു് ൩ അണ ലാഭം കിട്ടും. ഇപ്രകാരം എല്ലാ സാധനങ്ങളും വിൽക്കാൻകൂടി ഏർപ്പാടു ചെയ്യാൽ സാധാരണക്കാർക്കു് ചെറിയ ആശ്വാസം കിട്ടും. അരി വില വകയിൽ ൩ കോടി രൂപാ സർക്കാർ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു ഞങ്ങൾക്കറിയാം. ഇങ്ങിനെ കുറഞ്ഞ വിലയ്ക്കു നല്ല മററു് ആഹാരസാധനങ്ങൾ കിട്ടുകയാണെങ്കിൽ ജനങ്ങൾ സ്വമേധയാ അരിതന്നെ വേണമെന്നുള്ള നിർബന്ധം ഉപേക്ഷിക്കാൻ തുടങ്ങും. കരിഞ്ചന്തയിൽ അരിയുടെ വില കുറയും. അതും പരസ്യമാർക്കററിൽ വരും. അങ്ങനെ അരിയ്ക്കുവേണ്ടി നഷ്ടപ്പെടുന്ന ൩ കോടിയിൽ കുറെ ലാഭിക്കാം. അതിനും ഒരു പരിഹാരമുണ്ടാക്കണം. ഈ സംഗതികളെല്ലാം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ടി. ഒ. ബാവ: സർ, ഈ പ്രമേയത്തിന്റെ തത്വത്തോടു് അനുകൂലിക്കുന്നു. എങ്കിലും ചെങ്കോട്ട മെംബർ സംസാരിച്ച എല്ലാ ഭാഗങ്ങളോടും അനുകൂലിക്കാൻ നിവൃത്തിയില്ല. വാസ്തവത്തിൽ എല്ലാ ഭാഗങ്ങളും നിഷേധിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ഇന്നത്തെ റേഷൻ വിലയെക്കാൾ വില കുറച്ചുകൊണ്ടുള്ള അരിവില്പന ഡിപ്പോകൾ സ്ഥാപിക്കണമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. കൃഷിക്കാരുടെ പക്കലുള്ള നെല്ലു മുഴുവനും ഗവമെന്റു് വാങ്ങിക്കണമെന്നും, അതേ അവസരത്തിൽ അതിനെ വില കുറച്ചു വിൽക്കണമെന്നും അദ്ദേഹം ഇവിടെ പ്രതിപാദിച്ചു. കർഷകന്റെ ഇന്നത്തെ അദ്ധ്വാനവും വ്യയവും മററും നോക്കിയാൽ ഒരു പറ നെല്ലിനു് ൩ രൂപ വില വരുമെന്നു ചെങ്കോട്ട മെംബർക്കു് അറിഞ്ഞുകൂടായിരിക്കും. ഉത്തരതിരുവിതാംകൂറിൽ എഴുപറ വിത്തും, ൧൪൦ രൂപാ വളത്തിന്റെയും മററും വിലയും മററു് അദ്ധ്വാനവും കൂടി ഉണ്ടായിരുന്നാലേ എഴുപതുപറ നെല്ലു് വിളയിക്കാൻ സാധിക്കുകയുള്ളു. അതിനെ പറയ്ക്കു ൨ രൂപാ ൨ അണ വിലവച്ചു വിററാൽ, സർക്കാരിൽനിന്നും കിട്ടുന്ന തുകതന്നെ കൃഷിക്കാരനു നഷ്ടമാണു്. തൊഴിലാളികളുടെ ദയനീയ സ്ഥിതിയെപ്പററി പറയുമ്പോൾ, ഇവിടെയുള്ള കർഷകരുടെ സ്ഥിതികൂടി മനസ്സിലാക്കാതെ പറയുന്നതു കഷ്ടമാണു്. ന്യായവില ഷാപ്പുകൾ സ്ഥാപിക്കുന്ന കാര്യത്തെപ്പററി എനിക്കു ബഹുമാനപ്പെട്ട സഭയോടു് ചില സംഗതികൾ പറയുവാനുണ്ടു്. സാധാരണക്കാർക്കു് ഇന്നു ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നതിനായി നാട്ടിന്റെ എല്ലാ ഭാഗങ്ങളിലും റേഷൻകടകൾ സ്ഥാപിച്ചിട്ടുണ്ടു്. അതു മുഖേനയല്ലാതെ വാങ്ങിക്കേണ്ട ആവശ്യമുള്ളവർക്കു പരസ്യമായി അരി വിൽക്കുന്നതിനു ലൈസൻസു് കിട്ടിയിട്ടുള്ള കടകളുണ്ടു്. ഇവിടത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലു് അവരിൽനിന്നും ന്യായമായ വിലയ്ക്കു വാങ്ങിയാണു് ഈ കച്ചവടക്കാർ വില്പന നടത്തുന്നതു്. സാധുകർഷകനു് ഉല്പാദനച്ചെലവിനുപോലും ഗവമെന്റു് നിശ്ചയിച്ചിരിക്കുന്ന പ്രകാരം നെല്ലിന്റെ വിലകൊണ്ടു് മതിയാകാതെയാണിരിക്കുന്നതു്. ഇവിടെയുള്ള കർഷകർക്കു വിത്തിനും മററുമായി കുറെ നെല്ലു് അനുവദിച്ചുകൊടുത്തിട്ടുണ്ടു്. ഇങ്ങനെയുള്ള നെല്ലു് സാധാരണ കർഷകന്റെ കൃഷിഉല്പാദനച്ചെലവിനു മതിയാകാതെ വരുന്നതുകൊണ്ടു കർഷകന്റെ ആശ്വാസത്തിനുവേണ്ടി കഴിഞ്ഞ കാലത്തു ഗവമെന്റിൽനിന്നും ആസൂത്രണം ചെയ്തു നടപ്പാക്കിയ ഒരു വ്യവസ്ഥയാണു് തുറന്ന മാർക്കററിൽ നെല്ലു വിൽക്കുന്നതിനുവേണ്ടി പരസ്യകമ്പോളങ്ങൾ അനുവദിച്ചിട്ടുള്ളതു്. തന്നിമിത്തം സംസ്ഥാനത്തു ഉല്പാദിപ്പിക്കുന്ന നെല്ലു് ഇവിടെത്തന്നെ വിററഴിയുന്നു. സാധാരണക്കാരന്റെ ആവശ്യങ്ങൾക്കുവേണ്ടി ഇവ അതാതു പ്രദേശങ്ങളിൽ പരസ്യമായി കച്ചവടം ചെയ്യുകയാണു്. ഇന്നു് ഒരു പറ നെല്ലിനു ൩ രൂപ ൪ അണ വില കിട്ടും. ഈ വില കർഷകനെയും സാധാരണക്കാരനെയും വിഷമിപ്പിക്കാത്ത ഒരു റേററാണു്. അതുപോലെതന്നെ സംസ്ഥാനത്തുള്ള റേഷൻ കടകളിൽ ഭക്ഷണസാധനങ്ങൾ വിതരണത്തിനു മതിയാകാതെ വരുന്ന അവസരങ്ങളിൽ പൊതുജനങ്ങൾക്കു പരസ്യകമ്പോളങ്ങളിൽനിന്നും അവ വാങ്ങിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടു്. അതു കൂടാതെ ആവശ്യക്കാർക്കു റേഷൻ മൂന്നു് ഔൺസു് അരി മുതൽ വിലയ്ക്കു കിട്ടുവാൻ ഗവണ്മെന്റു് ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഒരു തുറന്ന മാർക്കററിൽ വില്പന നടത്താൻ ഏർപ്പാടുള്ളതുകൊണ്ടാണു് ഇങ്ങനെ ഭക്ഷ്യസാധനങ്ങളുടെ വില

[ശ്രീ. ടി. ഒ. ബാവ.]

വർദ്ധിക്കാതിരിക്കാൻ ഇടയായിട്ടുള്ളത്. ഇവയൊക്കെ മനസ്സിലാക്കാതെയായിരിക്കും ഇന്നത്തെക്കാൾ കുറഞ്ഞ വിലയ്ക്ക് ഇവിടത്തെ നെല്ലും അരിയും ഒരു ന്യായവില ഡിപ്പോ മുഖാന്തരം വിതരണം നടത്തണമെന്നു ബഹുമാനപ്പെട്ട ചെങ്കോട്ടമെമ്പർ അഭിപ്രായപ്പെട്ടിരിക്കുന്നത്. രാജ്യതാല്പര്യങ്ങളെ സംരക്ഷിക്കാൻവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ സംസ്ഥാനത്തെ സാമ്പത്തികമായ കഴിവ് എത്രത്തോളമുണ്ടെന്നു പരിശോധിക്കുന്നതിനുമുൻപ്, സാധാരണക്കാരെ തൃപ്തിപ്പെടുത്താൻവേണ്ടി കൈക്കൊള്ളുന്ന ഒരു അടവാണ് ഇത്. സർ, ഇത് തികച്ചും അക്രമമാണെന്നാണ് എനിക്കു പറയാനുള്ളത്. പൊതുജനങ്ങൾക്കു റേഷൻ നൽകുന്നവകയിൽ ദിവസന്തോറും ഒരു ലക്ഷം രൂപാവീതം ഗവണ്മെന്റിനു നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കയാണ് എന്നു മുഖ്യമന്ത്രി പറയുമ്പോൾ ഇപ്പോൾ ഉള്ളതിനെക്കാളും കുറഞ്ഞ വിലയ്ക്ക് റേഷൻസാധനങ്ങൾ വിതരണം നടത്തണമെന്നു മുറവിളി കൂട്ടുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ രാജ്യത്തെ സാമ്പത്തികഭദ്രതകൂടി വീക്ഷിക്കേണ്ടതായിട്ടുണ്ട്. റേഷൻവിതരണസമ്പ്രദായത്തിൽ പല തകരാറുകളും ഉണ്ടാകുന്നുണ്ടെന്നു എനിക്കുമറിയാം. കിട്ടുന്ന സാധനങ്ങൾ ചിലപ്പോൾ നല്ലതായിരിക്കയില്ല. മററു ചിലപ്പോൾ അളവിൽ കുറവു വരുന്നു. ഇങ്ങനെയുള്ള കുഴപ്പങ്ങൾ പരിഹരിക്കാവുന്നവയാണ്. ഇതിനുവേണ്ടി റേഷൻസാധനങ്ങൾക്ക് വില കുറയ്ക്കണമെന്നു പറയുന്നതിൽ കാണുന്നത് രാജ്യതാല്പര്യത്തെക്കാൾ പാർട്ടിതാല്പര്യത്തെ മുൻനിറുത്തിക്കൊണ്ടുള്ള ഒരു പ്രകടനമാണ്. ഏതെങ്കിലും തരത്തിൽ ഇവിടത്തെ റേഷൻ സമ്പ്രദായത്തിന് ഒരു വ്യത്യാസം വരുത്തണമെന്നു ആഗ്രഹിക്കുന്നുവെങ്കിൽ, ആറുമാസത്തേയ്ക്കെങ്കിലും വെളിയിൽനിന്നും ആഹാരസാധനങ്ങൾ സ്റ്റാക്കുചെയ്തശേഷം ഇന്നുള്ള നിയന്ത്രണം വേണമെങ്കിൽ മാററാവുന്നതാണ്. ഇപ്പോൾതന്നെ ൩൦ ദിവസം ഉപയോഗിക്കാനുള്ള ഭക്ഷണസാധനങ്ങൾ ഇവിടെ സ്റ്റാക്കുണ്ടെന്നാണു പറയുന്നത്. സംസ്ഥാനത്തു ജനായത്തഭരണം വന്നതിനുശേഷം ഇതിനുമുമ്പ് ഇത്രത്തോളം ദിവസത്തേയ്ക്ക് ഉള്ള സാധനങ്ങൾ സ്റ്റാക്കു ചെയ്യാൻ സാധിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്. ഇപ്പോൾതന്നെ മൂന്നു മാസത്തേയ്ക്കു സ്റ്റാക്കുള്ള നിലയ്ക്ക് ഈ ഗവണ്മെന്റ് ഒന്നുകൂടി ശ്രമിച്ചു ഒരു മൂന്നു മാസത്തേയ്ക്കുള്ള ആഹാരസാധനങ്ങൾകൂടി സ്റ്റാക്കു ചെയ്യുന്നതിന് യാതൊരു വിഷമവും ഇല്ലെന്നാണ് എനിക്കു തോന്നുന്നത്. അപ്രകാരം ആറു മാസത്തേയ്ക്കു ആഹാരസാധനങ്ങൾ സ്റ്റാക്കു വച്ചശേഷം എന്തുകൊണ്ട് ഈ നിയന്ത്രണം എടുത്തുകൂടാ.

ശ്രീ. ടി. വി. തോമസ്: കൺട്രോൾ പിൻവലിക്കണമെന്നുള്ള ഉദ്ദേശം ബഹുമാനപ്പെട്ട മെമ്പറിന്റെ പാർട്ടിയുടെ പോളിസിയാണോ?

ശ്രീ. ടി. ഒ. ബാവ: ഞാൻ പറഞ്ഞത് എന്റെ അഭിപ്രായമാണ്. പാർട്ടിയുടെ അഭിപ്രായമല്ല. സർ, കൃഷിയുമായിട്ടു യാതൊരു ബന്ധവുമില്ലാത്ത ആളുകൾ അല്ലെങ്കിൽ നേതാക്കന്മാർ സാധാരണ തൊഴിലാളികളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി അരിയുടേയും പയറിന്റേയും ഉഴുന്നിന്റേയും മററും കാര്യങ്ങൾ ഉദ്ധരിച്ചു പ്രസംഗധോരണികൾകൊണ്ട് ഈ സഭയിലെ അന്തരീക്ഷം വിറപ്പിക്കയാണ്. അതേസമയം ഇവിടെ ഉഴുന്നും കൃഷി ചെയ്യുന്നില്ല, കടലയും കൃഷി ചെയ്യുന്നില്ല. ഇങ്ങനെയുള്ള

കൃഷിക്കാര്യങ്ങളും മററും സംസാരിച്ചു വൃഥാ നിയമസഭയിലെ സമയം പാഴാക്കുന്നതിനാണു തുടങ്ങുന്നതു്. ഞാൻ രാഷ്ട്രീയരംഗത്തു വന്നിട്ടുള്ളതു് കൃഷിയേയും കച്ചവടത്തേയും ഏതാണ്ടു് മനസ്സിലാക്കിയതിനുശേഷമാണു്. എനിക്കു് കൃഷി എന്നാൽ എന്താണെന്നും ഇന്നയിന്ന കൃഷി ചെയ്താൽ കിട്ടുന്ന ആദായങ്ങൾ ഇത്രയൊക്കെയാണെന്നും നല്ലതുപോലെ അറിയാം. പക്ഷെ സംസ്ഥാനത്തു നിലവിലിരിക്കുന്ന ഉൽപ്പാദനങ്ങളെക്കൂടി മരവിപ്പിക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നതു ശരിയായിരിക്കയില്ല. കൂടുതൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു കർഷകരെ പ്രോത്സാഹിപ്പിക്കുകയാണു് ആദ്യമായി ചെയ്യേണ്ടതു് സർ, കർഷകന്റെ ഇന്നത്തെ വൈഷമ്യങ്ങൾ എന്താണെന്നും അവ പരിഹരിക്കേണ്ടതു് എങ്ങനെയാണെന്നും അന്വേഷിച്ചറിയുന്നതിനുവേണ്ടി എത്രയും വേഗം ഒരു കമ്മിററി ഉണ്ടാകേണ്ടതാണു്. ഞാൻ ഈ പറയുന്നതു യഥാർത്ഥമായ കർഷകരെപ്പററിയാണു്. കർഷകരിൽതന്നെ മൂന്നു വിഭാഗക്കാരുണ്ടു്. കർഷകൻ, ഇടത്തട്ടുകാരൻ, ജന്മി ഇങ്ങനെ മൂന്നു തരക്കാരുണ്ടു്. വൻതോതിൽ വൻപിച്ചു തുകകൾ ചെലവാക്കി കൃഷി നടത്തുന്ന ആളുകളെപ്പററി മാത്രമല്ല ഞാൻ ഈ പറയുന്നതു്. വൻപിച്ച തോതിലായാലും കൊള്ളാം അല്ലെങ്കിലായാലും കൊള്ളാം, രാജ്യത്തെ ഭക്ഷ്യോല്പാദനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന കർഷകർക്കെല്ലാം വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണു്. അതല്ലാതെ ബഹുമാനപ്പെട്ട ചെങ്കോട്ട മെംബർ പറയുന്നതുപോലെ ൧൫ ഏക്കറിൽ കൂടുതലുള്ള കർഷകരിൽനിന്നും അവന്റെ വിളവുകൾ മുഴുവൻ വാങ്ങിക്കണമെന്നും അതിൽ കുറഞ്ഞ കൃഷിക്കാരിൽനിന്നും വാങ്ങിക്കേണ്ടെന്നും പറയുന്നതിനല്ല ഞാൻ ഭാവിക്കുന്നതു്. ഒന്നാമത്തെ കാര്യം തന്നെ ൧൫ ഏക്കറിൽ കൂടുതലുള്ളവർ മിക്കവാറും ജന്മിമാരായിരിക്കും. ൧൫ ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ സ്വയം കൃഷിചെയ്യുന്നവരായിരിക്കുകയുമില്ല. സാധാരണക്കാരനു വല്ലതു് അല്പസ്വല്പസ്ഥലം മാത്രമേ കാണുകയുള്ളു. മാത്രമല്ല, ബഹുമാനപ്പെട്ട മെംബർ മനസ്സിലാക്കിയിരിക്കുന്നതു ൧൫ ഏക്കറിൽ കൂടുതൽ സ്ഥലം ഉള്ളവർ ആണു് കോൺഗ്രസ്സ് പാർട്ടിയിലെ മെംബറന്മാർ എന്നാണു്. അതു വെറും അടിസ്ഥാനരഹിതമാണെന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു. നമ്മുടെ പ്രശ്നം കർഷക തൊഴിലാളികളുടെ കഷ്ടപ്പാടുകളെ പരിഹരിക്കുന്നതിനുവേണ്ടിയാണു പ്രധാനമായിട്ടും ഉള്ളതു്. അതുകൊണ്ടാണു് സാർ, ഞാൻ മുൻപു് പറഞ്ഞതുപോലെ ഈ വകയ്ക്കു് ഒരു കമ്മിററിയെ നിയമിക്കേണ്ടതു് ഏററവും അത്യാവശ്യമാണെന്നു ഞാൻ പറയുന്നതു്.

ശ്രീ. പി. കെ. കുഞ്ഞു്: ഒരു ചോദ്യം.

ശ്രീ. ടി ഒ. ബാവ: ഞാൻ വഴങ്ങുന്നില്ല. സർ, കർഷകന്റെ അദ്ധ്വാനത്തിനും അവന്റെ മുതൽമുടക്കിനും അനുസരിച്ചുള്ള പ്രതിഫലം അവനു കിട്ടുന്നുവെങ്കിൽ മാത്രമേ കൃഷിയിൽ പ്രോത്സാഹനമുണ്ടാകയുള്ളു. കൃഷിയിൽ പ്രോത്സാഹനം ഉണ്ടായെങ്കിൽ മാത്രമേ നമ്മുടെ ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാകുകയുള്ളു. ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാകുമ്പോൾ നാടു് ഒരുവിധം സുഭിക്ഷതയിൽ എത്തും. അതുകൊണ്ടു് കാർഷികോദ്ധാരണത്തിനുവേണ്ടി നമ്മുടെ സകലവിധ കഴിവുകളും വിനിയോഗിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു്, ഈ പ്രമേയത്തിന്റെ തത്വങ്ങളോടു് യോജിച്ചും അവതാരകന്റെ വാദമുഖങ്ങളോടു വിയോജിച്ചും ഉള്ള എന്റെ അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഞാൻ ശ്രീ. കരയാളർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള റസല്യൂഷനെ അനുകൂലിക്കുകയാണ് ചെയ്യുന്നത്. ഞങ്ങൾ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങൾ ആഹാരസാധനങ്ങളുടെ ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളവും ഒരു മിച്ചപ്രദേശമാണ്. വിശേഷിച്ചും തെക്കൻതിരുവിതാംകൂറിൽ പ്രധാനപ്പെട്ട കൃഷി തന്നെയും നെൽക്കൃഷിയാണ്. അങ്ങനെയിരിക്കെ ഇന്നത്തെ ആഹാരസാധനസംഭരണവിതരണസമ്പ്രദായത്തിൽ തിരുവിതാംകൂർ ഗവണ്മെൻറ ഞങ്ങളോട് വളരെ അനീതിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. സർ, കഴിഞ്ഞ യുദ്ധകാലത്ത് വടക്കൻതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഉല്പന്നങ്ങളായ നല്ലമുളകിനും തേങ്ങാക്കും പത്തിരട്ടി വില വർദ്ധിച്ചപ്പോൾ തെക്കൻതിരുവിതാംകൂറിൽ വിളയിക്കുന്ന നെല്ലിനെ സംബന്ധിച്ചിടത്തോളവും അവിടത്തെ കർഷകരോട് യാതൊരുവിധ സൌജന്യവും കാണിക്കാതെയാണ് പെരുമാറിയിട്ടുള്ളത്. അതേസമയം പത്തിരട്ടി വില വർദ്ധിച്ച സാധനങ്ങൾക്ക് കിട്ടിയിട്ടുള്ള അമിതമായ ആദായങ്ങളിന്മേൽ ഒരു ചെറിയ തുകപോലും ഗവണ്മെൻറ വസൂലാക്കാൻ ഭാവിക്കാതെ കണ്ണടയ്ക്കുകയാണ് ചെയ്തത്. അതേ സമയം തെക്കൻതിരുവിതാംകൂറിലെ കർഷകർ പാടുപെട്ടു വിളയിക്കുന്ന നെല്ലിൽനിന്നും ഒരു ഭാഗം ഗവണ്മെൻറ് എടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതായത് രണ്ടു രൂപാ രണ്ടണ വച്ച് ഞങ്ങളിൽനിന്നും നെല്ലുവാങ്ങിച്ച് രണ്ടു രൂപാ പത്തണയ്ക്ക് പൊതുജനങ്ങൾക്ക് വിൽക്കുകയുണ്ടായി. അതുപോലെ തന്നെ റേഷനെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം കൊച്ചീതുറമുഖത്തുനിന്ന് വരുന്ന ചീഞ്ഞതും പൊടിഞ്ഞതുമായ അരി വിതരണംചെയ്യുകയും അതിനു പകരം ഞങ്ങളുടെ സ്ഥലത്തുള്ള നെല്ല് മററുതാലൂക്കുകളിൽ കൊണ്ടുപോകുകയുമാണ് ചെയ്തിട്ടുള്ളത്. കൊച്ചീഹാർബറിൽനിന്നും ചീഞ്ഞ ഭക്ഷണസാധനങ്ങൾ ഞങ്ങൾക്കുതരികയും ഞങ്ങളുടെ നാട്ടിൽനിന്നും ലോറിവച്ചു നല്ല നെല്ല് വടക്കൻതാലൂക്കുകളിലേക്ക് കൊണ്ടുപോകുകയുമാണ് ചെയ്യുന്നതെന്ന് ഞാൻ പറയുമ്പോൾ എത്രമാത്രം അനീതിയാണ്, ഞങ്ങളോടു കാണിച്ചിട്ടുള്ളതെന്ന് ഞാൻ പറയാതെ അറിയാവുന്നതാണ്. ഭക്ഷണസാധനങ്ങളെ സംബന്ധിച്ച് മിച്ചപ്രദേശമായ തെക്കൻ തിരുവിതാംകൂറിൽനിന്നും എടുക്കുന്ന നെല്ല് അവിടെയുള്ളവർക്കു റേഷൻ കൊടുത്തു കഴിഞ്ഞ് അധികമുള്ളതുമാത്രമേ അവിടെനിന്നും കൊണ്ടുപോകാൻ പാടുള്ളുവെന്ന് ഒരു തീരുമാനം ഇതിനുമുൻപ് ഉണ്ടായിട്ടുണ്ട്. എന്നാലും മുൻപിലത്തെ ഗവണ്മെൻറ് ആ തീരുമാനത്തെ അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇന്ന് തെക്കൻ തിരുവിതാംകൂറിലുള്ളവർക്ക് വടക്കൻ തിരുവിതാംകൂറുകാരെ അപേക്ഷിച്ച് റേഷൻ വാങ്ങിക്കാനുള്ള ക്രയശക്തി കുറവാണ്. തോവാള, കൽക്കുളം ഈ താലൂക്കുകളിൽ ഉള്ള സാധുക്കൾ പനകേറി വേണം ജീവിതം കഴിക്കേണ്ടത്. ഈ തൊഴിലുകൊണ്ടുമാത്രം ഏകദേശം മൂന്നു ലക്ഷത്തോളം ആളുകൾ ജീവിച്ചുകൊണ്ടിരിക്കയാണ്. പനയിൽനിന്നും കിട്ടുന്ന അക്കാനികൊണ്ട് കരുപ്പട്ടി ഉണ്ടാക്കിയാൽ ഏഴണയും

എട്ടണയും കിട്ടിക്കൊണ്ടിരുന്നതു് ഇപ്പോൾ പൗണ്ടിനു് ൨ അണവരെ വിലയായിരിക്കുകയാണു്. ഒരു പനയേറിക്കു് ഒരു ദിവസം കിട്ടുന്ന ഒരു രൂപയോ ഒന്നര രൂപയോകൊണ്ടു് അവനും അവന്റെ കുടുംബങ്ങൾക്കും ജീവിതം കഴിക്കാൻ സാധിക്കുന്നില്ല. കാരണം അവൻ ഉൽപ്പാദിപ്പിക്കുന്ന ഈ കരുപ്പട്ടിയുടെ വില കുറഞ്ഞുപോയതാണു്. മറ്റൊരുകാര്യം കരുപ്പട്ടിവ്യവസായത്തിനു പ്രധാനപ്പെട്ട ഒന്നാണു് വിറകു്. അക്കാനിയെടുത്തു് കരുപ്പെട്ടിയായി രൂപാന്തരപ്പെടുത്തണമെങ്കിൽ വിറകിന്റെ ആവശ്യം ധാരാളമായിട്ടുണ്ടു്. തെക്കൻതിരുവിതാംകൂറിൽ ആവശ്യത്തിനു മതിയാകുംവണ്ണം വിറകു് കിട്ടാതാണിരിക്കുന്നതു് ഈ പ്രശ്നത്തെപ്പറ്റി തെക്കൻതിരുവിതാംകൂറുകാർ ഗവൺമെന്റിന്റെ മുൻപിൽ പ്രക്ഷോഭണം കൂട്ടിക്കൊണ്ടിരിക്കയാണു്.

The House rose for lunch at 1 P. M. and re-assembled at 2 P.M. with Mr. Deputy Speaker in the chair.

ശ്രീ. എ. കുഞ്ഞൻനാടാർ (തുടർച്ച): പനയേറ്റത്തൊഴിലാളികളുടേയും വിറകുവെട്ടുതൊഴിലാളികളുടേയും ദുരിതങ്ങളെ
2 P. M. പ്പറ്റിയാണു് ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നതു്. എഫ്.ഏ.സി.റ്റി. എന്ന ഒരു വലിയ കമ്പനി ഇവിടെയുണ്ടു്. ആ കമ്പനിക്കു് ആവശ്യമുള്ള വിറകു് കെടുക്കുന്നതിനുവേണ്ടി ൮൫൯ ചതുരശ്രമൈൽ കാടു് ഒരു ടൺ വിറകിനു് ൮ രൂപാ റോയൽട്ടിവച്ചു് കൊടുത്തിരിക്കുകയാണു്. അതേ സമയത്തു തെക്കൻതിരുവിതാംകൂറിലെ പനയേറ്റതൊഴിലാളികൾക്കു് കുറെ വിറകു് കൊടുക്കണമെന്നു പറയുകയാണെങ്കിൽ അതിനു ഗവൺമെന്റു തയാറാകുന്നില്ല. ഇന്നത്തെ പ്രധാനമന്ത്രിയോടു് എനിക്കു് ഒന്നു പറയുവാനുള്ളതു് ഇന്നു അങ്ങയെ പിൻതാങ്ങിനിൽക്കുന്ന കക്ഷിക്കാർ അങ്ങയെക്കൊണ്ടു് നല്ല കാര്യങ്ങളൊന്നും ചെയ്യുവാൻ സമ്മതിക്കുകയില്ലെന്നുള്ളതാണു്.

നെയ്യാറ്റിൻകര—വിളവംകോടു് താലൂക്കിൽ ഒരു കമ്മ്യൂണിറ്റി പ്രോജക്ടുണ്ടു്. അവിടെയുള്ള ആളുകളിൽ അധികവും പനയേറ്റതൊഴിലാളികളാണു്. അവിടെയുള്ള ആളുകൾക്കു എന്തെങ്കിലും ഗുണം ചെയ്യുവാൻ ഉണ്ടെങ്കിൽ അതു് അവിടത്തെ പനയേറ്റത്തൊഴിലാളികൾക്കാണു്. എന്നാൽ അങ്ങിനെയുള്ള ഈ തൊഴിലാളികൾക്കു് ഈ കമ്മ്യൂണിറ്റിപ്രോജക്ടിൽനിന്നു് യാതൊരു ഗുണവും ഇതേവരെ കിട്ടിയിട്ടില്ല. പിന്നെ അവിടെ ഉള്ളതു് നെയ്ത്തുതൊഴിലാളികളും മത്സ്യതൊഴിലാളികളുമാണു്. അവരുടെ കാര്യത്തിലും അവിടെ ഒന്നും ഇതേവരെ ചെയ്തിട്ടില്ല. ഞാൻ ആ കമ്മ്യൂണിറ്റിപ്രോജക്ടു് അഡ്വൈസറി കമ്മിറ്റിയിലെ ഒരു മെംബറാണു്. നാളിതുവരെ പനയേറ്റത്തൊഴിലാളികൾക്കോ നെയ്ത്തുതൊഴിലാളികൾക്കോ മത്സ്യത്തൊഴിലാളികൾക്കോ ഗുണം കിട്ടുവാനുള്ളതായ യാതൊരു ഏർപ്പാടും അവിടെ ഇതുവരെ ചെയ്തിട്ടില്ല.

തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചും ഈ രാജ്യത്തെ മററു പല പ്രദേശങ്ങളെ സംബന്ധിച്ചും നോക്കുകയാണെങ്കിൽ തൊഴിൽ ഉണ്ടാകുന്നതായ യാതൊരു സംരംഭങ്ങളും ഈ ഗവൺമെന്റിൽനിന്നു് തെക്കൻതിരുവിതാംകൂറിൽ ചെയ്തിട്ടില്ല. ഒന്നുരണ്ടു് ദിവസങ്ങൾക്കുമുമ്പു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി ഈ രാജ്യത്തു് ഏററവും

[ശ്രീ. എ. കുഞ്ഞൻ നാടാർ.]

വലിയ തൊഴിൽദാതാവ് ഗവണ്മെൻറാണെന്നു്. ഈ കൊല്ലക്കാലം കോൺഗ്രസ് ഗവണ്മെൻറ് ഇവിടെ ഭരണം നടത്തിയതിൻെറ ഫലമായി തെക്കൻതിരുവിതാംകൂറിൽ ഒരു ഒററ തൊഴിൽ പുതിയതായി ഉണ്ടാക്കി കൊടുത്തിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. അവിടെ തൊഴിൽ ഉണ്ടാക്കിക്കൊടുത്തില്ല എന്നുമാത്രമല്ല അവിടെ ഉണ്ടായിരുന്ന തൊഴിൽതന്നെ നശിപ്പിക്കുകയാണു് ഈ കോൺഗ്രസ് ഗവണ്മെൻറിൻെറകാലത്തു് ചെയ്തിരുന്നതു്. ഗവണ്മെൻറ് അനേകം കോടിരൂപാ ഓരോ കമ്പനികളിലായി മുടക്കിയിട്ടുണ്ടു്. എന്നാൽ ഒരു ഒററ കമ്പനിപോലും തെക്കൻതിരുവിതാംകൂറിൽ സ്ഥാപിച്ചിട്ടില്ല. അതുപോലെതന്നെ ഗവണ്മെൻറിൻെറ വിദ്യാഭ്യാസനയം നോക്കിയാലും തമിഴ്നാട്ടിൽ വിദ്യാഭ്യാസസംബന്ധമായി യാതൊരു പ്രോത്സാഹനവും ചെയ്തുകൊടുത്തിട്ടില്ല. ഇങ്ങനെ ഏതു വിഷയമെടുത്തുനോക്കിയാലും തമിഴ്നാട്ടിലേക്ക് ഗവണ്മെൻറ് ഒന്നും ചെയ്തിട്ടില്ല എന്നു് കാണുവാൻ സാധിക്കും.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ റെസലൂഷനെപ്പററി സംസാരിക്കുമ്പോൾ ഈ റെസലൂഷനു് സംഗതമായ കാര്യങ്ങളല്ലേ സംസാരിക്കേണ്ടതു്. അദ്ദേഹം ഈ റെസലൂഷനു് സംഗതങ്ങളായ കാര്യങ്ങളല്ല സംസാരിക്കുന്നതു്. അതുകൊണ്ടു് സംഗതങ്ങളായ കാര്യങ്ങളെപ്പററി സംസാരിക്കുവാൻ പറയണമെന്നു് അഭ്യർത്ഥിക്കുന്നു.

Mr. Deputy Speaker: The hon. Member will confine his remarks to the points raised in the resolution.

ശ്രീ. എ. കുഞ്ഞൻനാടാർ: ജനങ്ങൾക്കു് അരി വാങ്ങുന്നതിനുള്ള കഴിവുണ്ടാകണമെങ്കിൽ അതിനു് ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കണം. ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങളാണു് ഞാൻപറഞ്ഞതു്. ബഹുമാനപ്പെട്ടമെംബർ ഡോക്ടർ എ. ആർ. മേനോൻ ഐക്യകേരളത്തെപ്പററി ചില സംഗതികൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിൻെറ വയസ്സിനോടുള്ള ബഹുമാനംകൊണ്ടു് ചില കാര്യങ്ങൾ അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഐക്യതമിഴകമെന്നു പറയുമ്പോൾ നിങ്ങൾ വിഷമിച്ചിട്ടു കാര്യമില്ല. ഐക്യതമിഴകമെന്നു പറയുമ്പോൾ ഐക്യകേരളം വേണമെന്നും അതല്ലാ മദ്രാസിൽ ലയിക്കുകയാണു് വേണ്ടതെന്നും പറയുന്നു.

Mr. Deputy Speaker: We are not discussing about Aikyakeralam just now. We are discussing about foodgrains and fair price shops.

ശ്രീ. എ. കുഞ്ഞൻനാടാർ: ഞങ്ങളുടെ ജീവൽപ്രശ്നങ്ങളും ഈ പ്രശ്നവുമായിട്ടു് എത്രത്തോളം ബന്ധമുണ്ടെന്നു് കാണിക്കുവാനാണു് ഞാൻ ഇതു പറഞ്ഞതു്.

ശ്രീ. ടി. എസ്. രാമസ്വാമി: സർ, ഒരു പായിൻറ് ആഫ് ആർഡർ. തമിഴകം വേണമെന്നുപറയുന്ന ബഹുമാനപ്പെട്ട മെംബർ അതൊന്നു തമിഴിൽ പറയാമോ?

Mr. Deputy Speaker: That is no point of order.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇത്ര ബാലിശമായ ഒരു ചോദ്യം മിസ്റ്റർ രാമസ്വാമിപ്പിള്ളയിൽനിന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഐക്യകേരളത്തെപ്പറ്റി പറയുകയാണെങ്കിൽ എന്തിനാണ് ഈ ഐക്യകേരളമെന്ന് ഞാൻ ചോദിക്കുന്നു. തമിഴ്നാട്ടിൽ ഞങ്ങൾക്ക് അനേകം പ്രശ്നങ്ങൾ ഉണ്ട്. അവിടെ തൊഴിലില്ലായ്മ വളരെയുണ്ട്. അതുപോലെതന്നെ വളരെ രൂക്ഷതരമായിട്ടുള്ള ആഹാരപ്രശ്നം അവിടെയുണ്ട്. ഈ പ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാരമുണ്ടാക്കിട്ട് നിങ്ങൾ കേരളത്തിലിരിക്കണമെന്നു പറഞ്ഞാൽ അതേപ്പറ്റി ഞങ്ങൾക്ക് ആലോചിക്കുവാൻ കഴിയും. ഇവിടത്തെ ജനപ്പെരുപ്പത്തെപ്പറ്റി പ്ലാനിങ്ങ്കമ്മീഷനെക്കൊണ്ട് എന്തെങ്കിലും ചെയ്യിപ്പിക്കണമെന്നു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി. ജനപ്പെരുപ്പത്തെ തടയുവാൻ പ്ലാനിങ്ങ്കമ്മീഷന് എങ്ങനെ സാധിക്കും. പ്ലാനിങ്ങ്കമ്മീഷൻ വിചാരിച്ചാൽ ഇവിടത്തെ സന്താനോൽപ്പാദനം എങ്ങനെ നിയന്ത്രിക്കുവാൻ സാധിക്കും. ജനപ്പെരുപ്പത്തിന് ഒരു പരിഹാരമാർഗ്ഗമായിട്ടാണ് ഐക്യകേരളം വേണം എന്നു പറയുന്നത്. ഇവിടെ പലർക്കും പല വിധത്തിലുള്ള ഐക്യകേരളവാദമുണ്ട്. കോൺഗ്രസ്മെമ്പറന്മാരെ നോക്കുകയാണെങ്കിൽ ൪൫ മെമ്പറന്മാർക്കും ൪൫ തരത്തിലുള്ള ഐക്യകേരളമാണുള്ളത്. ഇവിടത്തെ ജനസംഖ്യ ചതുരശ്രമൈൽ ൧-ന് ൧൦൫൦ ആണെങ്കിൽ മദിരാശിയിൽ ചതുരശ്രമൈലിന് വെറും ൩൦ ആണ്. ലോകത്ത് ജനവാസമുള്ള സ്ഥലങ്ങളിൽ ഒന്നും ഇവിടെയുള്ളതുപോലെയുള്ള ജനപ്പെരുപ്പമില്ല. തൊഴിലിന്റെ പ്രശ്നത്തിലും സാങ്കേതികവിദ്യാഭ്യാസപ്രശ്നത്തിലും ഭക്ഷ്യപ്രശ്നത്തിലും അതുപോലെയുള്ള മറ്റ് എല്ലാ പ്രശ്നങ്ങളിലും പരിഹാരമുണ്ടാക്കാം എന്നു വിചാരിച്ചിട്ടാണ് ഞങ്ങൾ തമിഴകം ആവശ്യപ്പെടുന്നത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : തമിഴ്നാട്ടുകാർ മദിരാശിയിൽ പോയാൽ അവിടെയുള്ള എല്ലാവർക്കും തൊഴിൽ കിട്ടുമോ ?

ശ്രീ. എ. കുഞ്ഞൻനാടാർ : അത് ഞങ്ങളുടെ ആഗ്രഹമാണ്. ചില സംഗതികളിൽ ഈ ഗവർമെന്റ് ഞങ്ങളെ വിസ്മരിച്ചുകളയുകയാണ്. തമിഴകം ശ്രീമാൻ ചാഴിക്കാടനോ പനമ്പിള്ളിയോ ഞങ്ങൾക്ക തരേണ്ട. അതു പിടിച്ചെടുക്കുന്നതിന് ശക്തി ഞങ്ങൾക്കുണ്ട്. രണ്ടര കോടി തമിഴർ ഞങ്ങളുടെ പുറകിൽ ഈ പ്രശ്നത്തെ പിൻതാങ്ങിയിരിക്കുന്നുണ്ട്. നിങ്ങൾക്ക് മലബാറിലേക്ക് പോകണമെന്നുണ്ടെങ്കിൽ ഞങ്ങളെ തമിഴ്നാടോടുകൂടി ചേരാൻ അനുവദിക്കണം. അതിന് നിങ്ങൾ സമ്മതിക്കാതെ ഐക്യകേരളം രൂപീകരിക്കുവാൻ നിങ്ങൾക്ക് സാദ്ധ്യമല്ല. എനിക്കു ശ്രീ. പട്ടം താണുപിള്ളയോടു പറയുവാനുള്ളത് വളരെ ധീരമായ ഒരു നില അദ്ദേഹം ഈ കാര്യത്തിൽ സ്വീകരിക്കണമെന്നാണ്.

Mr. Deputy Speaker : I have already informed the hon. Member that he must confine his speech to fair price shops. The Member is still continuing to speak about Aikyakeralam and Tamilakam. The hon. Member has got only two minuts more.

Shri A. Kunjan Nadar ; I shall take only five minutes more, Sir.

[ശ്രീ. എ. കുഞ്ഞൻ നാടാർ.]

ഐക്യകേരളത്തെപ്പററി പറയുമ്പോൾ ഐക്യതമിഴകം വേണമെന്നാണു് തമിഴ്നാട്ട് കാൺഗ്രസ്സ് ആവശ്യപ്പെടുന്നതു്. ഭാഷാപ്രവിശ്യാവാദം ഇവിടെ പണ്ടേ സമ്മതിച്ചിട്ടുള്ളതാണു്. ഇവിടെ ഡൈസമൺകമ്മിഷൻ വന്നപ്പോൾ ഇവിടെയുള്ള സകല പാർട്ടിക്കാരും ഭാഷാപ്രവിശ്യാവാദമെ സമ്മതിച്ചുകൊടുത്തിട്ടുള്ളതാണു്. ഭാഷാപ്രവിശ്യാവാദം പുത്തായി ഉണ്ടായതല്ല എന്നു കാണിക്കുവാനാണു് ഞാൻ ഇതെടുത്തു പറഞ്ഞതു്.

Shri K. A. Balan : Sir, I rise to a point of order. We want a ruling whether this is relevant to the present discussion.

Mr. Deputy Speaker : The points raised are not relevant to the subject matter. The hon, Member is saying that there is some relationship between Aikyakeralam and this resolution, and so I allowed him to continue his speech. Anyway the hon. Member will finish in a minute or two.

ശ്രീ. എ. കുഞ്ഞൻനാടാർ: അവിടത്തെ വിദ്യാഭ്യാസനയത്തെപ്പററിയാണെങ്കിൽ—

Mr. Deputy Speaker : That is not relevant. Mr. Kunjan Nadar will resume his seat.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: സർ, ഈ പ്രമേയത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയഗതിയോടു് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു ഇന്നു് യാതൊരു പാർട്ടിഅടിസ്ഥാനവും കൂടാതെ, പാർട്ടിക്കു് അതീതമായി നിന്നുകൊണ്ടു്, ഈ രാജ്യത്തെ ജനങ്ങളുടെ പരിതഃസ്ഥിതി വസ്തുതകളെപ്പററി പരിശോധിച്ചു നോക്കുമ്പോൾ ഈ രാജ്യത്തു് ദാരിദ്ര്യം അതികഠിനമായി ഉണ്ടെന്നു പറയുവാൻ എനിക്കു് യാതൊരു മടിയുമില്ല. ഞാൻ മദ്ധ്യതിരുവിതാംകൂറിൽ സാധാരണക്കാരായ ആളുകൾ അധികം ജീവിക്കുന്ന ഒരു സ്ഥലത്തുള്ളവനാണു്. എനിക്കു് നാട്ടുകാരുമായി, സാധാരണക്കാരുമായി, ഇടപഴക്കമുള്ളതുകൊണ്ടു് അവരുടെ സ്ഥിതിഗതികളെപ്പററി നല്ല അറിവുണ്ടു്. ഇന്നു് റേഷൻ വാങ്ങുന്നതിനു് പണമില്ലാതെ അനവധി ആളുകൾ അവിടെ പട്ടിണി കിടക്കുന്നു എന്നുള്ളതു് പരമാർത്ഥമാണു്. ഓരോ ബസ്സ്സ്റ്റാൻഡുകളിലും ചെന്നാൽ യാചകന്മാരെക്കൊണ്ടു് യാത്രക്കാർക്കു് ബസ്സിൽ ഇരിക്കുന്നതിനുപോലും സാദ്ധ്യമല്ലാതായിട്ടുണ്ടു്. ഈ രാജ്യത്തുനിന്നു്, ഒന്നാം മുതൽ മറെറ അററം വരെ യാത്ര ചെയ്തു നോക്കുകയാണെങ്കിൽ കാണാം രോഗികളായും ശരിക്കു് അന്നപാനം ചെയ്യാത്തവരായും വളരെ ആളുകൾ നമ്മുടെ രാജ്യത്തു് ഉണ്ടെന്നു്. നമ്മുടെ അഭിമാനം വിൽക്കത്തക്കവണ്ണം ദാരിദ്ര്യവും രോഗവും ഇവിടെ നടമാടുകയാണു്. ഇതു് ആത്മാർത്ഥതയുടെ അടിത്തട്ടിൽ നിന്നു് ഞാൻ പറയുകയാണു്. സാധാരണക്കാരുടെ പാപ്പരാളിത്തീർക്കുവേണ്ടി സംസാരിക്കുന്നതാണെന്നു് ആരും തെററിദ്ധരിക്കരുതു്. എല്ലാ സ്ഥലത്തും ഡിപ്പോകൾ സ്ഥാപിച്ചു് റേഷൻ വളരെ വിലകുറച്ചു കൊടുക്കുക എന്നുള്ളതിൽ അന്തർഭവിച്ചിരിക്കുന്ന സാമ്പത്തികവിഷമതകളെ അറിഞ്ഞുകൊണ്ടുതന്നെയാണു് ഞാൻ ഈ റസല്യൂഷനെ പിൻതാ

ങ്ങുന്നതു്. രാജ്യത്തു് ദാരിദ്ര്യമുണ്ടെങ്കിൽ നാം അതിനെ അഭിമുഖീകരിക്കേണ്ട എന്നാണു് ഈ സഭയിലെ മെംബറന്മാരോടു് എനിക്കു് ചോദിക്കുവാനുള്ളതു്.

രാജ്യത്തു് പട്ടിണിയും ദാരിദ്ര്യവും ഉണ്ടു്. അതിനു് പരിഹാരം ചെയ്യണമെങ്കിൽ പണം വേണ്ടേ? അതു് നല്ല ഒരു കാര്യമാണു് എന്നും മന്ത്രിമാർ സമ്മതിച്ചിട്ടുള്ളതായും നിയമസഭാനടപടികൾ നോക്കിയാൽ കാണാം. ഗവണ്മെന്റും നിയമസഭയും നല്ലതാണെന്നു സമ്മതിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ അല്ലേ നടപടി നടത്തേണ്ടതു് എന്നാണു് എനിക്കു് പറയുവാനുള്ളതു്. നല്ല കാര്യങ്ങൾ എന്നു് ഈ സഭയിൽ ഗവണ്മെന്റും സമ്മതിച്ചിട്ടു്. അവകൾ നടത്തുന്നതിനു് പണമില്ലെങ്കിൽ അതിനു് പണമുണ്ടാക്കണം. ഈ രാജ്യത്തു് തൊഴിലുണ്ടാക്കുന്നതിനു് പര്യാപ്തമായ അനവധി കാര്യങ്ങളെ സംബന്ധിച്ചു് ഇവിടെ സംസാരിക്കുന്നതു് കേട്ടിട്ടുണ്ടു്. എനിക്കു പറയുവാനുള്ളതു് ഇവിടെ തൊഴിലാളികൾക്കു് ഉൽക്കർഷമില്ലെന്നുതന്നെയല്ല ഇടത്തെ സാധാരണക്കാരായ ആളുകളിൽ ൯൦ ശതമാനത്തിന്റെയും ജീവിതനിലവാരം നിത്യവും അധഃപതിച്ചുവരികയുമാണു്. അതു് ഈ രാജ്യത്തിനു് ദോഷകരമായിട്ടുള്ള ഒരവസ്ഥയാണെന്നു് ബഹു. ഈ സഭയിലെ അംഗങ്ങളെ മനസ്സിലാക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

വിദ്യാർത്ഥികൾ ഉച്ചയ്ക്കു് ആഹാരമില്ലാതെ മയങ്ങി വീഴുന്നതു് ഇവിടെ സാധാരണ സംഭവമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ സ്കൂളുകളിൽ ചെന്നു നോക്കിയാൽ ഈ നാട്ടിൽ ദാരിദ്ര്യം എത്രത്തോളമുണ്ടെന്നു് അറിയാം. കുട്ടികളുടെ മുഖത്തു് അശേഷം രക്തമില്ല. ഈ രാജ്യത്തു് ദാരിദ്ര്യം എത്രത്തോളമുണ്ടെന്നു് ആ കുഞ്ഞുങ്ങളുടെ മുഖം വിളിച്ചു പറയുന്നുണ്ടു്. ശരീരം ശോഷിച്ചു്, വയറു ചാടി, മുഖം വിളറി ഇരിക്കുന്ന കുഞ്ഞുങ്ങളാണു് നമ്മുടെ സ്കൂളുകളിൽ അധികവും. അതിനു പരിഹാരം തേടുക എന്നതു് നമ്മുടെ ഒരു പ്രധാന ആവശ്യമാണു്.

ഇവിടെ ഒരു സോഷ്യലിസ്റ്റു ഗവണ്മെന്റു് സ്ഥാപിച്ചിരിക്കുകയാണു്. ഒരാദർശത്തിൽ പ്രവർത്തിച്ചിരുന്ന ഗവണ്മെന്റു മാറി, മറ്റൊരാദർശത്തിൽ പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റു് ആണു് ഇപ്പോൾ വന്നിരിക്കുന്നതു് എന്നു ജനങ്ങൾ അറിയണം.

"The impress of the personality of the Chief Minister should be felt by the people."

വളരെ പ്രയോജനകരമായ കാര്യങ്ങൾ പലതും ഈ രാജ്യത്തു് ചെയ്യേണ്ടതുണ്ടു്. എന്റെ നേരിട്ടുള്ള അനുഭവം കൊണ്ടാണു് ഞാനിതു പറയുന്നതു്. ഇന്നു് റേഷൻകാർഡിനു് അരി വാങ്ങി ആളുകൾ അതു കൊണ്ടുപോയി ചന്തയിൽ വില്ക്കുകയാണു്. എന്റെ നാട്ടായ ചെങ്ങന്നൂരിലെ ചന്തയിൽ പോയാൽ ഒന്നാംതരം അരി വാങ്ങുവാൻ കിട്ടും. എന്നാൽ റേഷൻ കടകളിൽ കിട്ടുന്നതു് വളരെ വൃത്തികെട്ട അരിയുമാണു്. ഇങ്ങനെ റേഷൻ ഡിപ്പാർട്ടുമെന്റു് എല്ലാ തരത്തിലും അധഃപതിച്ചിരിക്കുകയാണു്. നല്ല അരി ബ്ളാക്കിൽ പോവുകയും ചീത്ത അരി മാത്രം റേഷൻ കടകളിൽ വില്ക്കുകയുമാണു് ഇന്നത്തെ റേഷൻ സമ്പ്രദായത്തിൽ ഡിപ്പാർട്ടുമെന്റു് അംഗീകരിച്ചിട്ടുള്ള പ്രവർത്തനം കൊണ്ടു് വന്നുചേർന്നിരിക്കുന്നതു്. ഇതിനു് നിശ്ചയമായും ഒരു അറുതി

[ശ്രീ. സീ. കെ. രാമചന്ദ്രൻ നായർ]

വരുത്തിയില്ലെങ്കിൽ ഇവിടെ ആരു ഭരിച്ചാലും ഈ രാജ്യത്തെ സാധാരണക്കാരന്റെ ക്ലേശത്തിനു് ഒരു പരിഹാരം ഉണ്ടാകും എന്നു് എനിക്കു വിശ്വാസമില്ല. എനിക്കു പറയുവാനുള്ളതു് റേഷൻ വിതരണസമ്പ്രദായത്തിൽ ഒന്നോ, രണ്ടോ ഗ്രേഡു വച്ചു് ഇത്ര ആദായമുള്ളവക്കു് ഇന്ന വിലയ്ക്കു് റേഷൻ കൊടുക്കുകയും അതിനെക്കാൾ കൂടുതൽ ആദായമുള്ളവക്കു് സ്വല്പം കൂടി കൂടിയ വിലയ്ക്കു് റേഷൻ കൊടുക്കുകയും ഇത്ര വരുമാനം ഉള്ളവക്കു് റേഷൻ വില വളരെ കുറച്ചുകൊടുക്കുകയും ചെയ്യുന്ന വിധത്തിൽ ഇവിടത്തെ റേഷൻ വില്പനസമ്പ്രദായത്തിൽ ഒരു മാററം വരുത്തണമെന്നാണു്.

ഏതെങ്കിലും തരത്തിൽ ഈ സഭയിലെ അംഗങ്ങളെല്ലാം ഒന്നിച്ചു ചേന്നു് ബഹു. മറെറാരു മെംബർ പറഞ്ഞതുപോലെ എല്ലാ പാർട്ടികളും കൂടി ചേന്നുള്ള ഒരു കമ്മിററിയെ രൂപീകരിച്ചു് റേഷൻ വിതരണകാര്യത്തെപ്പററി ഗവണ്മെൻറു് ഗൗരവപൂർവ്വം ആലോചിച്ചു പ്രവത്തിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അങ്ങനെ ചെയ്യുന്നതു് ഈ രാജ്യത്തിന്റെ ഭാവിനന്മയ്ക്കുകൂടി ബന്ധപ്പെട്ട ഒരു കാര്യമായിരിക്കും. രാജ്യത്തു ജനങ്ങൾ നല്ല അരി കിട്ടാതെ പട്ടിണി കിടക്കേണ്ടിവരുന്ന അവസ്ഥ രാജ്യത്തിനു് നല്ല ഭൂഷണമല്ല. അതുകൊണ്ടു് നല്ല അരി വിതരണംചെയ്യുവാനുള്ള ഏർപ്പാടുകളോടുകൂടി ഫെയർ പ്രൈസ് ഡിപ്പോകൾ ഈ രാജ്യത്തു് വർദ്ധിപ്പിക്കണമെന്നുള്ള ഈ റസലൂഷനെ ഞാൻ പിൻതാങ്ങുന്നു. ഇതിലേയ്ക്കു് എന്തെല്ലാം സാമ്പത്തികമായ വിഷമതകൾ ഉണ്ടായാലും ഗവണ്മെൻറും മററ എല്ലാ പാർട്ടികളുംകൂടി യോജിച്ചു് ആത്മാർത്ഥതയോടുകൂടി ഒന്നിച്ചു നിന്നുകൊണ്ടു് പ്രവത്തിക്കണം എന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എം. പി. മേനോൻ: ഒരു ചോദ്യം. മെംബർ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു് പാർട്ടി അംഗത്തിന്റെ നിലയിലാണോ?

ശ്രീ. സീ. കെ. രാമചന്ദ്രൻ നായർ: ഞാൻ സോഷ്യലിസ്ററ പാർട്ടിയിലെ ഒരംഗമാണെങ്കിലും ഇതു് ആ പാർട്ടിയുമായി ബന്ധമുള്ള ഒരു വിഷയമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ നിയമസഭയിൽ രാജ്യത്തിന്റെ താല്പര്യം ഇന്നതാണെന്നും അതനുസരിച്ചു് പ്രവത്തിക്കണമെന്നും ഈ ഗവണ്മെൻറിനെ പറഞ്ഞു മനസ്സിലാക്കേണ്ട ചുമതല എനിക്കുള്ളതുകൊണ്ടു് എന്റെ വ്യക്തിപരമായ അഭിപ്രായമാണു് ഇവിടെ പറഞ്ഞതു്.

ശ്രീ. കെ. സി. ജോർജ്ജ്: അതുകൊണ്ടാണോ,

"the impress of the personality of the Chief Minister should be felt by the people" എന്നു പറഞ്ഞതു്?

Shri C. K. Ramachandran Nair: In Democracy too personality counts. Of course, every body has freedom of thought and expression. Numbers do not matter. It is the man—the personality-that matters.

അതുകൊണ്ടു് ഇതു് ഈ പാർട്ടിയിൽ ബന്ധപ്പെട്ട ഒരു അഭിപ്രായമല്ല എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ്: ഫെയർപ്രൈസ് ഷാപ്പുകളും ഡമോക്രസിയുമായിട്ട് വല്ല ബന്ധവുമുണ്ടോ?

ശ്രീ സി. കെ. രാമചന്ദ്രൻനായർ: ഈ രാജ്യത്ത് വിദ്യാർത്ഥികളും സാധാരണക്കാരുമായ എല്ലാ ആളുകൾക്കും ശരിയായ ആഹാരം ഇല്ലായ്മകൊണ്ടാണ് അവരിൽ പല കുറവുകളും നാം കാണുന്നത്.

ഒരു ബഹു. മെമ്പർ തമിഴ്നാട് മദ്രാസിൽ ലയിക്കുന്നതായിരിക്കും കൂടുതൽ നല്ലതെന്നും അവിടെ ഇവിടത്തേക്കാൾ കൂടുതൽ ആഹാരസാധനങ്ങൾ കിട്ടാൻ വഴിയുണ്ടെന്നും മററും പറയുകയുണ്ടായി. ഇപ്പോൾ എവിടെ നോക്കിയാലും ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയും ദാരിദ്ര്യം കൂടിക്കൂടി വരികയുമാണ് ചെയ്യുന്നത്. ആ സ്ഥിതിക്ക് ഇവിടത്തെ റേഷൻ കടകളിൽ വിതരണം ചെയ്യുന്ന അരി നല്ലതായും വില അല്പം കുറച്ചും കൊടുക്കുവാൻ കഴിയുമെന്നുണ്ടെങ്കിൽ അതു ചെയ്യുവാനാണ് നാം നോക്കേണ്ടത്. അത് തീർച്ചയായും ജനസ്നേഹമുള്ള ഏതൊരു ഗവണ്മെൻറും ചെയ്യുമെന്നാണ് എന്റെ വിശ്വാസവും. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് ഈ വിഷയത്തിൽ ഗവണ്മെൻറിന് എന്തെല്ലാം ചെയ്യുവാൻ കഴിയുമോ അതെല്ലാം ഈ ഗവണ്മെൻറ് ചെയ്യുമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഡി. വിവേകാനന്ദൻ: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഫെയർപ്രൈസ് ഷാപ്പുകൾ ഏർപ്പെടുത്തണമെന്നുള്ള ഈ പ്രമേയം സഭയുടെ അംഗീകരണത്തിനായി അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ അവതാരകൻ ഈ രാജ്യത്ത് നല്ല അരി എല്ലാവർക്കും കിട്ടുന്നതിനുള്ള ഏർപ്പാടുകൾ ഇല്ലാത്തതിനെപ്പററി ദീർഘമായി പ്രസ്താവിക്കയുണ്ടായി. ഞാൻ അദ്ദേഹം പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും യോജിക്കുന്നു. ഈ രാജ്യത്തുള്ള റേഷൻ ഷാപ്പുകളിൽ നല്ല അരി കിട്ടുന്നില്ല. നല്ല അരി കിട്ടുന്നില്ലെന്ന് ഈ രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററംവരെയുള്ള ആളുകൾ പരാതികളുന്നയിച്ചിട്ടുള്ളതാണ്. റേഷൻ ഷാപ്പുകളിലൊന്നിലും നല്ല അരി സാധാരണയായി കിട്ടുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഈ രാജ്യത്ത് വിതരണം ചെയ്യുന്ന അരി മററ സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നതാണ്. നല്ല അരി വാങ്ങിക്കൊണ്ടുവരുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരുന്നിട്ടും നമ്മുടെ റേഷൻ ഷാപ്പുകളിൽ തുടർച്ചയായി വളരെ മോശമായ അരിയാണ് വിതരണം ചെയ്യുന്നത്. ഇവിടെ വിതരണം ചെയ്തുവരുന്ന അരി ഇത്ര വളരെ മോശമാകുന്നതിനുള്ള കാരണമെന്താണെന്ന് ഈ സർക്കാർ ആലോചിച്ചിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. ഗവണ്മെൻറിൽനിന്നും ഭാരിച്ച ശമ്പളവും അലവൻസും കൊടുത്ത് റൈസ് പർച്ചേസിംഗ് ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. അവരെന്താണ് ചെയ്യുന്നതെന്നു മനസ്സിലാകുന്നില്ല. അവരുടെ പരിശ്രമഫലമായി എല്ലാക്കാലത്തും മോശമായ അരി മാത്രമേ കിട്ടുകയുള്ള എന്നു വരുന്നത് ദയനീയമാണ്. ഈ രാജ്യത്തുള്ള റേഷൻകടകളിൽനിന്നും ഇനിയെങ്കിലും നല്ല അരി വാങ്ങുവാൻ കിട്ടുമെന്നുള്ള നില വരുത്താൻ പുതിയ സർക്കാർ തയ്യാറാവണം. ഇന്നത്തെ ദയനീയമായ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. അതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഈ സോഷ്യലിസ്റ്റ് ഗവണ്മെൻറ ചെയ്യുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. സാധാരണക്കാർക്കാവശ്യമുള്ള എല്ലാ ആഹാരപദാർത്ഥ

[ശ്രീ. ഡി. വിവേകാനന്ദൻ]

ങ്ങളും വിലകുറച്ചു കിട്ടുവാനുള്ള സൗകര്യം വേണം. ഇതിൽ ഏററവും പ്രാധാന്യമുള്ളതു് അരിയായതുകൊണ്ടു് ഇത്രയും പറഞ്ഞതാണു്. ഇന്നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും മുഖ്യാഹാരം മരച്ചീനിയാണു്. മരച്ചീനി ഈ നാട്ടിലെ സാധാരണക്കാരുടെ പ്രധാന ആഹാരമാണു്. മരച്ചീനി കിട്ടുവാനുള്ള ബുദ്ധിമുട്ടിനെപ്പററിയും, അതു് ഇവിടെനിന്നും കയററി അയയ്ക്കുന്നതിനെ സംബന്ധിച്ചും ഈ അസംബ്ലിയിൽത്തന്നെ ചോദ്യോത്തരങ്ങൾ ഉണ്ടായി. മരച്ചീനി ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള സാധാരണക്കാരുടെ പ്രധാനാഹാരമായിരുന്നിട്ടും അതിവിടെനിന്നും ധാരാളമായി കയററി അയയ്ക്കുന്നുണ്ടു്. അതുകാരണം മരച്ചീനി ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിലുംകൂടി ആവശ്യത്തിന കിട്ടുന്നില്ലെന്നുള്ള ഒരവസ്ഥയാണു് കാണപ്പെടുന്നതു്. മരച്ചീനി പുറത്തേയ്ക്കു കയററി അയയ്ക്കുന്നതുകൊണ്ടു് കർഷകർക്കു ആദായം കിട്ടുന്നുണ്ടെങ്കിലും നാട്ടിൽ ആവശ്യമുള്ളവർക്കു് വാങ്ങുവാൻ കിട്ടാത്ത ഒരവസ്ഥയാണു് വന്നുചേർന്നിരിക്കുന്നതു്. അതുകൊണ്ടു് മരച്ചീനി കർഷകർക്കു ദോഷം വരാത്ത നിലയിലും ഉപയോഗിക്കുന്നവർക്കെല്ലാം ധാരാളം വാങ്ങാൻ കിട്ടത്തക്കവിധത്തിലുമുള്ള ഏർപ്പാടുകൾ ചെയ്യുന്നതായാൽ അതു് ഏററവും സന്തോഷകരമായിരിക്കും.

തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികുടുംബങ്ങൾ മരച്ചീനിയെ ആശ്രയിച്ചാണു് ജീവിക്കുന്നതു്. എന്നും രാവിലെ അഞ്ചും പത്തും മൈൽ അകലെയുള്ള ചന്തകളിൽ നടന്നുചെന്നാണു് അവർ മരച്ചീനി വാങ്ങുന്നതു്. പലപ്പോഴും ആവശ്യത്തിന മരച്ചീനി കിട്ടാതെ മടങ്ങേണ്ടതായും വരും. അവരുടെ ഈ കഷ്ടപ്പാടിന് ഒരു പരിഹാരമുണ്ടാക്കാൻ തീരപ്രദേശങ്ങളിൽ ന്യായവില ഡിപ്പോകൾ സ്ഥാപിച്ചു മരച്ചീനി വിതരണം ചെയ്യണം. അതുപോലെതന്നെ തൊഴിലില്ലായ്മയിലും പട്ടിണിയിലും കിടന്നു നട്ടം തിരിയുന്ന കയർ—നെയ്ത്തു തൊഴിലാളികേന്ദ്രങ്ങളിലും. അവരുടെയും മുഖ്യാഹാരം മരച്ചീനിയാണു്. അവിടേയും ന്യായവില ഷാപ്പുകൾ അനുവദിക്കണം.

മരച്ചീനിയുടെ കാര്യം ഇവിടെ പ്രത്യേകിച്ചെടുത്തു പറഞ്ഞതാണു്. ന്യായ വില ഷാപ്പുകൾ വഴി ധാന്യവിതരണം നടത്തണമെന്നു പറയുമ്പോൾ, കടല, ഉഴുന്നു മുതലായവയെപ്പററി ബഹുമാനപ്പെട്ട വൈക്കം മെംബർ പറഞ്ഞ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ഇവിടെ ജനങ്ങൾക്കു് ഏററവും ആവശ്യമായ സാധനങ്ങളാണു് ഉഴുന്നു്, കടല മുതലായവ. ഈ സാധനങ്ങൾ ന്യായവില ഡിപ്പോകൾവഴി വിതരണം ചെയ്യുമെങ്കിൽ സാധാരണക്കാരായ ജനങ്ങൾക്കു ഇന്നത്തേതിൽനിന്നു വില കുറച്ചു കിട്ടും. ന്യായവിലഡിപ്പോകൾ സാമാന്യജനതാല്പര്യത്തിനനുഗുണമായ രീതിയിൽ സ്ഥാപിക്കപ്പെടുന്നതു് ഏററവും പ്രയോജനകരമാണു്. സാധാരണക്കാരുടെ താല്പര്യത്തിന വേണ്ടിയും ഇവിടത്തെ ഭക്ഷ്യദൗർല്ലഭ്യം പരിഹരിക്കുന്നതിന വേണ്ടിയും ഭക്ഷ്യധാന്യങ്ങളും മരച്ചീനിയും വിതരണം ചെയ്യുന്ന ന്യായവില ഡിപ്പോകൾ സ്ഥാപിക്കുന്നതിനു് എല്ലാ പരിശ്രമങ്ങളും ചെയ്യുമെന്നും അതിനു് ഈ ഗവൺമെൻറ് തയ്യാറാകുമെന്നുമുള്ള പ്രതീക്ഷയോടുകൂടിയും ഈ പ്രമേയം ഈ സഭ അംഗീകരിക്കുമെന്ന വിശ്വാസത്തോടുകൂടിയും ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എം. മാർക്കോസ്: ഞാൻ ഈ സഭയിലെ ഒരു പുതിയ മെംബറാണെങ്കിലും ഈ റേഷൻ കാര്യത്തെക്കുറിച്ച് രണ്ടു വാക്ക് പറയണമെന്നു വിചാരിക്കുന്നു. ഈ പ്രമേയത്തോടു യോജിച്ചുകൊണ്ടു ചുരുക്കം ചില കാര്യങ്ങൾ ഈ സഭയുടെ മുമ്പിൽ വയ്ക്കണമെന്നു ഞാനാഗ്രഹിക്കുന്നു. എ എ എൻ_ലാണ് റേഷൻ പദ്ധതി ഇവിടെ ആരംഭിച്ചതു്. ഈ പദ്ധതി തുടങ്ങിയ കാലം മുതൽ ഈ അടുത്ത കാലംവരെ ഇതു് പാവപ്പെട്ട ജനങ്ങൾക്കും സാധാരണക്കാർക്കും വളരെ പ്രയോജനകരമായിരുന്നു. എന്നാൽ ഒന്നു രണ്ടു വർഷമായിട്ട് നെല്ലും അരിയും പരസ്യമായി മാർക്കറ്റിൽ വിററുതുടങ്ങിയതിൽ പിന്നെ റേഷൻകൊണ്ടു വലിയ പ്രയോജനമില്ലാതെയുള്ള ഒരു സ്ഥിതിയിൽ എത്തിച്ചേർന്നു. ഈ രീതി തുടരുന്നതുകൊണ്ടു് ചില പാർട്ടി പ്രവർത്തനങ്ങൾക്കു് അതുപയോഗപ്രദമായി തീരും. ഈ രണ്ടുകൊല്ലക്കാലമായി, എന്റെ അറിവുവച്ചുകൊണ്ടു പറയുകയാണു്, ആറു കൊല്ലത്തിനിടയിൽ അഞ്ചു മന്ത്രിസഭ ഇവിടെയുണ്ടായിട്ടുണ്ടു്. ഇതിനൊക്കെ എതിർകക്ഷികൾക്കു് പ്രചരണസൗകര്യത്തിനുവേണ്ടി പൊടിയരി ഭരണം, നെടിയരി ഭരണം എന്നെല്ലാം വിളിച്ചുപറയുന്നതിനു് സാധിച്ചു. ഈ റേഷൻ സമ്പ്രദായത്തിൽ......

ശ്രീ. ടി. കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട മെംബർക്കു് റേഷൻ കടയുമായി വല്ല ബന്ധവുമുണ്ടായിരുന്നോ?

ശ്രീ. പി. എം. മാർക്കോസ്: ഞാനീസഭയിലെ ഒരു പുതിയ മെംബറാണെന്നു നേരത്തെ പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു് എനിക്കു് ആദ്യമായി പറയുവാനുള്ളതു പറഞ്ഞുകഴിഞ്ഞിട്ടു് ചോദ്യങ്ങൾക്കു് മറുപടി പറയുന്നതാണു്.

എ എ എൻ–മുതൽ ഈ റേഷൻ കടക്കാരനാണു് ഞാൻ എന്നു പറയുമ്പോൾ അതിന്റെ വില നിങ്ങൾക്കു മനസ്സിലാക്കാം എന്നു പറയുകയാണു്. റേഷൻ സംബന്ധിച്ച് ഇവിടെ പ്രസംഗിച്ച പലരും നല്ല അരി കിട്ടുന്നില്ലെന്നും റേഷനരിക്കു വില കുറയ്ക്കണമെന്നും ആവശ്യപ്പെട്ടു. അതു സംബന്ധിച്ചു് എനിക്കറിയാവുന്ന ചില മാർഗ്ഗങ്ങളെപ്പററി പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഈ രണ്ടു വർഷക്കാലമായി റേഷൻ മുമ്പോട്ടു തുടരേണ്ട ആവശ്യമില്ലെന്നാണു് വന്നിരിക്കുന്നതു് എന്നു് ഞാൻ ഉൾപ്പെടെ എന്റെ പല സ്നേഹിതന്മാരും ഇവിടെ പ്രസംഗിച്ചതിൽനിന്നും മനസ്സിലാക്കാവുന്നതാണു്. റേഷൻ ഡിപ്പോകൾ ആരംഭിക്കുന്നതിനു മുമ്പു ഹോൾസെയിൽ കച്ചവടക്കാർ ഈ അരി സംഭരിച്ചിരുന്നു. അവർ കൊച്ചിയിൽനിന്നും അരി എടുക്കാൻ പോകുമ്പോൾ നല്ല അരി എടുക്കുന്നതിനു് പല മാർഗ്ഗങ്ങളും വളരെ ജാഗ്രതയും കാണിച്ചിരുന്നു. എന്നാൽ ഡിപ്പോകൾ ആരംഭിച്ചതിനുശേഷം അരി വളരെ മോശമായി കാണുന്നുണ്ടു്. അതു മാത്രമല്ല ഇങ്ങനെ കൊണ്ടുവരുന്ന അരി ഡിപ്പോകളിൽ നനയാതെയും മററും സൂക്ഷിച്ചു വയ്ക്കുന്നതിനു് ഹോൾസെയിൽ കച്ചവടക്കാരെപ്പോലെ ശ്രദ്ധിക്കുന്നില്ല.

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഒരു പായിന്റ ആഫ് ആർഡർ. ഈ സഭയിലെ രണ്ടു മെംബറന്മാർ സഭ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രസ് ഗ്യാലറിയിൽപോയി പത്രപ്രവർത്തകന്മാരോടു സംസാരിക്കുന്നതായി കാണുന്നു. അതേപ്പററി അങ്ങിനെ ചെയ്യാമോ എന്നുള്ളതിനൊരു റൂളിംഗ് വേണം.

Mr. Deputy Speaker: That is a very important point of order. It is not advisable for hon. Members to go and sit in the Press Gallery especially when the House is sitting. Therefore, I give the ruling that although the hon. Members are at liberty to go out of the Chamber, they should not sit in the Press Gallery and be talking to their friends.

ശ്രീ. പി. എം. മാർക്കോസ്: അതുപോലെതന്നെ റേഷൻ കാര്യത്തിൽ പലതരത്തിലുള്ള വിഷമതകൾ റേഷൻ കടക്കാരനതന്നെ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ടു്. ഒരു വിധത്തിൽ പറയുകയാണെങ്കിൽ റേഷൻ വില കൂടുന്നു എന്നും ചുള്ളു് അരി റേഷൻ ഡിപ്പോകളിൽനിന്നും കൺട്രാക്ടറന്മാർ കൊടുക്കുന്നു എന്നും ഉള്ളതു് ഒരു പരമാർത്ഥമാണു്. ഡിപ്പോകളിൽ അരി അളന്നു കൊടുക്കുന്നതും കൺട്രാക്ടറു അനുസരിച്ചാണു്. അവർ നല്ല ചാക്കുകളിൽ വരുന്ന അരി അളന്നു കെട്ടുന്ന അവസരത്തിൽ മാറിയിട്ടു് പുതിയ ചാക്കിൽ നിന്നു പഴയ ചാക്കുകളിൽ അളന്നു കെട്ടി കടക്കാർക്കു കൊടുക്കുന്ന പതിവാണു് ഇന്നു സാധാരണയായി നടന്നുവരുന്നതു്. ഡിപ്പോയിൽ പതുര അണ കൊടുത്തു് വാങ്ങിക്കുന്ന ചാക്കിനു് ൮ അണയാകുന്നു കിട്ടുന്നതു്. അതു കൂടാതെ റേഷൻ കടകളിൽ കിട്ടുന്നതിനേക്കാൾ നല്ല അരി ധാരാളമായി പുറത്തു കിട്ടുമെന്നു് ഇവിടെ പറഞ്ഞു. രണ്ടു മൂന്നു കൊല്ലമായിട്ടു്, നല്ല അരിയും പുറത്തു കിട്ടുന്നതിനേക്കാൾ വിലക്കുറവുമാണെങ്കിൽ മാത്രമേ റേഷൻ കടയിൽ നിന്നും വാങ്ങുന്നുള്ളു.

ശ്രീ. ജോസഫ് ചാഴിക്കാട്: ബഹുമാനപ്പെട്ട മെമ്പർക്കു് ഇപ്പോൾ റേഷൻ കടയുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. എം. മാർക്കോസ്: ഇപ്പോൾ റേഷൻ കടയില്ല. ഇങ്ങനെയുള്ള റേഷൻ സംബന്ധിച്ചുള്ള കാര്യങ്ങൾ ഇന്നു ഭരണത്തിലിരിക്കുന്ന പാർട്ടിയ്ക്കും അറിയാവുന്നതാണു്. ഈ രണ്ടു കൊല്ലക്കാലമായി റേഷൻ കൂടാതെ ആളുകൾക്കു് ജീവിക്കാൻ സാധിക്കുന്നുമുണ്ടു്. എന്നാൽ ന്യായവില ഡിപ്പോകൾ സ്ഥാപിക്കണമെന്നും റേഷൻ വില കുറയ്ക്കണമെന്നും പറയുന്നുമുണ്ടു്. ഈ റേഷൻ സമ്പ്രദായം തന്നെ നിറുത്തുന്നതിനു് സന്ദർഭങ്ങളുമുണ്ടു്. അതു നിറുത്തുന്നതിനു് പരീക്ഷണാർത്ഥം ചില റേഷൻ ഡിപ്പോകൾ നിറുത്തുകയും ചെയ്താൽ വ്യാപാരികൾക്കു് വില കുറച്ചു വില്ക്കുന്നതിനു സാധിക്കും. എന്റെ അറിവു വച്ചുകൊണ്ടു പറയുകയാണെങ്കിൽ കോട്ടയം മുതലായ സ്ഥലങ്ങളിൽ ഇതു പരീക്ഷണാർത്ഥം നിറുത്തുന്നതു് സൗകര്യപ്രദമായിരിക്കും. രണ്ടു മാസക്കാലത്തിനു മുൻപു മുതൽ ഇവിടെ സ്പെഷ്യൽ അരി വിതരണം ചെയ്തു. ഇന്നു് അതു് റേഷൻ കടകളിൽ വെറുതെ വച്ചുകൊണ്ടിരിക്കുന്നതായി അറിയാം. കാരണം വളരെ മോശമായ പച്ചരി ൧൨ അണ വിലയ്ക്കാണു് സ്പെഷ്യലായി കൊടുക്കുന്നതിനു വച്ചിരിക്കുന്നതു്. അതേ സമയം പുറത്തു നല്ല അരി ൧൦ അണ വിലയ്ക്കു് ധാരാളമായി ലഭിക്കുന്നുണ്ടു്. അതുകൊണ്ടു് അഞ്ചും പത്തും ചാക്കുകൾ ഓരോ കടയിൽ വെറുതെ വച്ചിരിക്കുന്നതായിട്ടു കാണാം.

ശ്രീ. കെ. ബാലകൃഷ്ണൻ: മെമ്പറന്മാർ ഈ ഹൗസിൽ ഇരിക്കാതെ പ്രസ്ഗ്യാലറിയിൽ പോയി ഇരിക്കുന്നതിനെ സംബന്ധിച്ചു് ഇവിടെ

പറയുകയുണ്ടായി. പ്രസ്ഗ്യാലറി ഈ ഹൗസിനകത്ത് അല്ലാ എന്നുള്ളതിന് മുമ്പ് ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. പ്രസ്ഗ്യാലറി ഈ ഹൗസിനകത്താണോ എന്നുള്ളതിനെപ്പററി ഒരു റൂളിംഗ് കേട്ടാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ചെയിമ്പറിനകത്തുള്ള ഏതു കാര്യവും നിയന്ത്രിക്കുന്നതിനുള്ള അധികാരം സ്പീക്കർക്കുണ്ട്. അതേപ്പററി ഏതു റൂളിംഗ് കൊടുക്കുന്നതിനും സ്പീക്കർക്കധികാരമുണ്ട്.

Shri N. Raghava Kurup : When the last Assembly was sitting, Mr. E. P. Varghese, a Member went out of his seat and sat in the Press Gallery. Another Member raised a point of order on that. The Speaker ruled that he had no authority to ask any hon. Member to sit in a particular seat. That is a ruling given by the Speaker on a similar occasion. Therefore, in the light of that ruling, I submit that the Members who leave their seats and occupy other seats are within their rights in doing so.

Mr. Deputy Speaker : I have already given a ruling and that ruling stands.

Dr. A. R. Menon : Sir, your ruling is final and you are the sole authority.

ശ്രീ. പി. എം. മാക്കാസ്: റേഷൻ സമ്പ്രദായത്തെപ്പററി എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു് കുട്ടനാടൻ പ്രദേശങ്ങളിലും അതു പോലെ നെല്ലും അരിയും സൗകര്യമായി കിട്ടുന്ന സ്ഥലങ്ങളിലും ഈ റേഷൻ കടകൾ നിറുത്തൽ ചെയ്തു് ന്യായവില ഡിപ്പോകൾ തുടരുന്നതിനും ഏർപ്പാടുകൾ ചെയ്താൽ നല്ലതായിരിക്കുമെന്നാണു്. ഇതിലേയ്ക്കു് ഒരു കാര്യമാണു് ഞാൻ നിർദ്ദേശിക്കുന്നതു്

(Mr. Speaker in the chair.)

ശ്രീ. എം. പി. മേനോൻ: ഇവിടെ അംഗമായിരിക്കുന്ന ഒരാളിനെ പ്രസ്ഗ്യാലറിയിൽ ഇരിക്കാമെന്നു് ഇതിനു മുൻപു് ഒരു റൂളിംഗ് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇരിക്കാൻ പാടില്ല എന്നും ഒരു റൂളിംഗ് ഉണ്ടായി. ഇപ്പോൾ രണ്ടു റൂളിംഗുകൾ ഒന്നു് ഇരിക്കാമെന്നും ഒന്നു് ഇരിക്കാൻ പാടില്ലാ എന്നും ഉള്ള സ്ഥിതിക്കു് അതിൽ ഏതാണു് അംഗങ്ങൾ അനുസരിക്കേണ്ടതു്, എന്നുള്ളതിനെപ്പററി ഒരു റൂളിംഗ് വേണം.

Mr. Speaker : The ruling given by the Chair just now will stand.

ശ്രീ. പി. എം. മാക്കാസ്: ഭക്ഷ്യധാന്യ നിയന്ത്രണം നിറുത്തൽ ചെയ്യുന്നതുകൊണ്ടു് വളരെ വളരെ ഉദ്യോഗങ്ങളും അതിലേയ്ക്കാവശ്യമുള്ള ഡിപ്പോകളും നിറുത്തൽ ചെയ്യാവുന്നതാണു്. കച്ചവടക്കാർ ഒരു ചാക്കു അരി ഒരു സ്ഥലത്തു നിന്നും മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിനു് ചില സമയങ്ങളിൽ വ്യ അണവരെ കൂലി കൊടുക്കേണ്ടതായി വരുന്നു. ചില അവസരങ്ങളിൽ അതു് ഒരു രൂപയും രണ്ടു രൂപവരേയും ആയിരിക്കും. ചില സ്ഥലങ്ങളിൽ വാഹന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടു് വളരെ വിഷമങ്ങൾ അനുഭവിക്കേണ്ടതായി വരുന്നുണ്ടു്.

[ശ്രീ. പി. എം. മാക്കോസ്]

പത്തു പറ കൊള്ളുന്ന ഒരു ചാക്ക നെല്ല് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തു എത്തിക്കുന്നതിനു ൫൪-ം ൨-ം രൂപ ചെലവുചെയ്തു നഷ്ടം സഹിച്ചും കൊണ്ടുപോകുമ്പോൾ റേഷൻ വില കുറച്ചു കൊടുക്കുന്നതിന് ഒരു മാർഗ്ഗം ഞാൻ കാണുന്നതു് ന്യായവില ഡിപ്പോകൾ സ്ഥാപിച്ച് ചില സ്ഥലങ്ങളിൽ കുറഞ്ഞ വിലയ്ക്കു വിതരണം നടത്താൻ സാധിക്കും എന്നാണ്. ഇന്നത്തെ ഭരണകക്ഷിക്ക് അതുമൂലം സമാധാനപരമായി കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കും. ഈ മാർഗ്ഗം ഒന്നു പരിശോധിച്ചു നോക്കുന്നപക്ഷം പലസ്ഥലങ്ങളിലും റേഷൻ നിർത്തലാക്കുന്നതിനും സാധിക്കും.

അതുപോലെതന്നെ രാജ്യത്തുള്ള എല്ലാ റേഷൻ കടകൾക്കും അരി ഇപ്പോൾ വലിയ ചെലവില്ലാതെയാണിരിക്കുന്നതു്. അങ്ങിനെ വില കൂട്ടിക്കൊടുക്കുന്ന അരി പല സ്ഥലത്തും ഇരുന്നു് നഷ്ടപ്പെടുന്നുമുണ്ടു്. ഈ വക കാര്യങ്ങൾ എനിക്കു് അറിവുള്ളതു കൊണ്ടാണു് ഇത്രമാത്രം ഞാൻ പറഞ്ഞതു്. ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഇവിടെ ബഹുമാനപ്പെട്ട മെംബർ ശ്രീ. കരയാളർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. എന്നാൽ ആ പ്രമേയത്തിൽ fair price എന്നും (cheap rate) ചീപ്പ് റേററ് എന്നും ചില ഭംഗിയായ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടു്. ഫെയർ പ്രൈസെന്നും ചീപ്പ് റേറെറന്നും ഒക്കെ പറയുന്നതു് സാഹിത്യത്തിൽ നല്ല പദങ്ങളാണെങ്കിലും അവയുടെ സാരാംശത്തിൽ ചെന്നെത്തുന്നതിന് വളരെ വിഷമമുള്ള സംഗതിയാണ്. തിരുവിതാംകൂർ—കൊച്ചീസംസ്ഥാനം, ലോകത്തിൽ ഏററവും ജനനിബിഡതയുള്ള ഒരു രാജ്യമാണ്. റഷ്യയിൽ ഒരാളിന് ഏകദേശം അറുപത്തേഴര ഏക്കർ ഭൂമിയുണ്ടു്. അമേരിക്കയിൽ ഒരാളിന് ഏകദേശം ൩൦ ഏക്കർ ഭൂമിയും ആസ്ട്രേലിയായിൽ ൩൦൦ ഏക്കർ ഭൂമിയും ഉണ്ടു്. എന്നാൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഒരാളിന് മുപ്പതുസെൻറിൽ കുറവായ ഭൂമി മാത്രമേയുള്ളൂ. ആളൊന്നുക്കു ലഭിക്കാവുന്ന ഈ ൩൦ സെൻറ ഭൂമിയിൽ കൃഷിചെയ്തു വേണം ഈ നാട്ടിലെ ജനങ്ങൾക്ക് ഭക്ഷണസാധനങ്ങൾ ഉണ്ടാക്കാൻ. ഒരു മെംബർ അഭിപ്രായപ്പെട്ടതുപോലെ ഏകദേശം ആയിരത്തിഎണ്ണൂറു ജനങ്ങളോളം ഒരു ചതുരശ്രമൈൽ സ്ഥലത്തു് തിരുവിതാംകൂർ-കൊച്ചീസംസ്ഥാനത്തു താമസിക്കുന്നുണ്ടു്. നമ്മുടെ സംസ്ഥാനം ഭൂമുഖത്തു ഏററം ജനനിബിഡമായ രാജ്യമാണ്. ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനു ആരു വിചാരിച്ചാലും സാധിക്കുന്നതല്ല. നേരെമറിച്ചു് ജനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്യും. അതു ദിവസേന വർദ്ധിച്ചു വരികയുമാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഈ നാട്ടിലെ ജനങ്ങളെ ഭക്ഷണംകൊടുത്തു പോററിക്കൊണ്ടുവരുന്നതിനുള്ള കടമ ഇപ്പോഴത്തെ ഗവണ്മെൻറിനു ഗൗരവമേറിയതായി വന്നിട്ടുണ്ടു്. അതിനുള്ള മാർഗ്ഗങ്ങളെപ്പററി ചിന്തിക്കേണ്ടതാണ്. ഇന്നു ദൈവാധീനംകൊണ്ടു് ഇന്നത്തെ ഗവണ്മെൻറിനു ധീരമായി എന്തെങ്കിലും ചെയ്യുന്നതിന് അനുകൂലമായ എല്ലാ സാഹചര്യങ്ങളുമുണ്ടു്.

ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറയുകയുണ്ടായി, ഹതഭാഗ്യയായ ഒരു സംസ്ഥാനമാണ് നമ്മുടേതെന്ന്. എന്റെ അഭിപ്രായം ഇതു് ഇപ്പോൾ ഒരു സൗഭാഗ്യവതിയായ സംസ്ഥാനമായി തീർന്നിരിക്കുന്നുവെന്നാണ്. നമുക്ക് ജനനാൽത്തന്നെ ജനനേതാവായിരിക്കുന്ന ഒരു പ്രധാനമന്ത്രിയെ കിട്ടിയിട്ടുണ്ട്. അദ്ദേഹം കയറി ഇരിക്കുന്ന കൊച്ചുവള്ളത്തിനുള്ളിൽ അദ്ദേഹത്തിന്റെ ഇടത്തും വലത്തും അമരത്തും സമർത്ഥന്മാരായ മൂന്നു കൂട്ടമന്ത്രിമാരുണ്ട്. അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗസംഖ്യ വളരെ കുറവാണ്. എന്നാൽ മഹാമനസ്കതയോടുകൂടി കാൺഗ്രസ് പാർട്ടി അദ്ദേഹത്തെ നിരുപാധികമല്ലെങ്കിലും, ചില കണ്ടിഷനോടുകൂടിയാണെങ്കിലും സഹകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

മിസ്റ്റർ. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ പ്രമേയത്തെപ്പറ്റി സംസാരിച്ചാൽകൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഈ പ്രമേയം ഇവിടെ പാസ്സാക്കുവാനും പാസ്സായാൽ നടപ്പിൽവരുത്തുവാനും അനുകൂലമായ സാഹചര്യങ്ങൾ ഇവിടെ ഉണ്ടെന്നാണ് ഞാൻ പറയുന്നതു്.

സർ, ഐക്യമുന്നണിക്കാരും പി. എസ്സ്. പി. ക്കാരും തമ്മിൽ തിരഞ്ഞെടുപ്പുകാലത്തിനുമുമ്പു മുതൽ കൂട്ടുകെട്ടായി വർത്തിച്ചിരുന്ന സ്ഥിതിക്ക് ഇന്നത്തെ ഗവൺമെന്റിനു എന്തെങ്കിലും അപകടംവരുന്ന സന്ദർഭത്തിൽ സ്വയരക്ഷയ്ക്കു വേണ്ടി അവർ ഈ ഗവൺമെന്റിനെ കൈവിടുന്നതല്ല. പിന്നെ, തമിഴ്നാട്ടുകാരുടെ കാര്യമാണ്. ഏതാണ്ട് സ്വല്പം ‘‘കൊറവു്’’ അവർക്കുണ്ട്. ഏതോ ചിലതു് സാധിച്ചുകൊടുക്കാമെന്ന് പ്രധാനമന്ത്രി അവർക്കുറപ്പു നൽകുമെങ്കിൽ അവരും ഈ ഗവൺമെന്റിനോടു് സഹകരിക്കുന്നതാണ്. തമിഴ്നാടിന്റെ വടക്കെ അറ്റത്തും മലയാളനാടിന്റെ തെക്കെഅറ്റത്തുമായ തിരുവനന്തപുരത്തു ജനിച്ചുവളർന്ന് അധിവസിക്കുന്ന നമ്മുടെ മുഖ്യമന്ത്രിയ്ക്കു അവരുടെ കാര്യങ്ങൾ മിക്കവാറും അറിയാൻ എളുപ്പമുള്ളതുകൊണ്ട് അവരുടെ സങ്കടനിവൃത്തി വരുത്തുവാൻ വേണ്ടതു ശ്രമിക്കുമെന്നും, അങ്ങനെ ചെയ്തുകൊടുത്താൽ അവർക്കു പാണ്ടിയിൽപോകണമെന്നോ, മദ്രാസിൽപോകണമെന്നോ മേലാൽ പറയുമെന്നു തോന്നുന്നില്ലെന്നുമാണ് എന്റെ വിശ്വാസം. മദ്രാസിൽപോയാൽ അവർക്കു തൊഴിൽകിട്ടുമെന്ന വിചാരമാണ് ഇപ്പോൾ അവർക്കുള്ളതെന്നു തോന്നുന്നു. അതിനുള്ള കാരണം എന്താണെന്ന് നോക്കിയാൽ കാണാൻ പ്രയാസമില്ല. അവർക്കുണ്ടായിരുന്ന തൊഴിൽ ഗവൺമെന്റ് മദ്യനിരോധനനിയമം മൂലം എടുത്തുകളഞ്ഞതാണ്. ആ നിയമം മൂലം പത്തൊൻപതിനായിരം ആളുകൾക്കുണ്ടായിരുന്ന തൊഴിൽ നിറുത്തിക്കളഞ്ഞതുകൊണ്ടാണ് അവരിപ്പോൾ മദ്രാസിൽ ലയിക്കണമെന്നു പറയുന്നതു്. അവരെ ഇപ്പോൾ അവരുടെ തൊഴിൽചെയ്യാൻ, മരംകേറാൻ അനുവദിക്കാമെങ്കിൽ ഞങ്ങൾക്കു എങ്ങും പോകണ്ടായെന്നു അവർ പറയും. അതുകൊണ്ട് ഇന്നത്തെ പി. എസ്സ്. പി. ഗവൺമെന്റ് അവർക്കു കയറാനും ഇറങ്ങുവാനും സൗകര്യമുണ്ടാക്കിക്കൊടുക്കുകയാണ് വേണ്ടതു്. അവർ എത്ര മേൽപ്പോട്ടു കയറിയാലും അന്നുതന്നെ കീഴോട്ടു അത്രയും ഇറങ്ങുകയും ചെയ്യും. അതുകൊണ്ട് പേടിക്കാനില്ല. അവരുടേയും ആനുകൂല്യങ്ങൾ ഈ ഗവൺമെന്റിനു ലഭിക്കുന്ന ഒരു സാഹചര്യമാണ് ഞാനിപ്പോൾ കാണുന്നതു്.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

സർ, ഏതു സാധനത്തിനു നിയന്ത്രണം ഏർപ്പെടുത്തുന്നുവൊ അപ്പോഠം അതിനു വിലകൂടും. ഇതു ഒരു ലോകതത്വമാണ്. ഗവണ്മെൻറ് ഏതെങ്കിലും ഭക്ഷണസാധനത്തിനു വില നിയന്ത്രിക്കുവാൻ നിയമം ഉണ്ടാക്കുകയോ, ഉണ്ടാക്കാൻ ഭാവിക്കുകയോ ചെയ്താൽ ആ സാധനത്തിന് ഉടൻതന്നെ വില കൂടുകയും ധാരാളമായി ബ്ലാക്കുമാർക്കറ്റുകളിൽ അവ വിൽക്കപ്പെടുകയും തന്നിമിത്തം ജനങ്ങഠക്കു കൂടുതൽ ബുദ്ധിമുട്ടിനു ഇടവരികയും ചെയ്യുമെന്നുള്ളതിൽ തർക്കമില്ല. അതുതന്നെയാണ് തിരുവിതാംകൂർ-കൊച്ചിസംസ്ഥാനത്തും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. നെല്ലു മിച്ചമുള്ളതു ഗവണ്മെൻറിലേയ്ക്കു അളക്കണമെന്നു നിയമമുണ്ടായിരുന്നകാലത്തു് ഞങ്ങളുടെ നാട്ടിൽ ഒരു പറ നെല്ലിനു ൩൦ രൂപവരെ വിലകയറി. അന്നു ഗവണ്മെൻറിലേയ്ക്കു ൨ രൂപവച്ചു ൫ പറനെല്ലു വിൽക്കണമെന്നായിരുന്നു നിയമം. പക്ഷെ, ൫ പറനെല്ലിനു ൩൦ രൂപവരെ വിലകിട്ടുന്ന നിലയ്ക്കു ൨ രൂപയ്ക്കു ഗവണ്മെൻറിലേയ്ക്കു വിൽക്കുവാൻ മാത്രം ഈ നാട്ടിലെ ജനങ്ങഠ അത്ര ഭോഷന്മാരല്ലാതെയിരുന്നതുകൊണ്ടു് ഗവണ്മെൻറ് ആശിച്ചതുപോലെ ഗവണ്മെൻറിലേക്കു നെല്ലുകിട്ടിയില്ല. അപ്പോഠം ഗവണ്മെൻറിൽനിന്നും നെല്ലെടുക്കുന്ന പദ്ധതി ഒന്നുമാററി കൃഷിക്കാർക്കു നെല്ല് ഏറക്കുറെ സ്വാതന്ത്ര്യമായി വിൽക്കാമെന്നു അനുവാദംകൊടുത്തതോടുകൂടി ഒരുപറ നെല്ലിൻെറവില ൩൦ രൂപയിൽനിന്നും ൩ രൂപവരെയായി കുറഞ്ഞു. ഇങ്ങനെ നിയന്ത്രണങ്ങഠ എത്രത്തോളം കുറയുന്നോ അത്രത്തോളം സാധനങ്ങളുടെ വില കുറയുകയും ചെയ്യും.

സർ, മരച്ചീനിയും ഈ പ്രമേയത്തിൽ ബന്ധപ്പെട്ട ഒരു കാര്യമാണ്. മരച്ചീനിയുടെ കയററുമതി തടയണമെന്ന് നിയമമുണ്ടായിരുന്ന കാലത്തു് മരച്ചീനികൃഷി അവഗണിക്കപ്പെടുകയാണുണ്ടായതു്. നെല്ല് കൂടുതലായി നിയന്ത്രിക്കപ്പെട്ടപ്പോഠം അല്പം ബുദ്ധിമുട്ടിയാൽ നെൽകൃഷിചെയ്യാമായിരുന്ന സ്ഥലങ്ങളിൽ ഞാൻ കപ്പകൃഷിചെയ്തിരുന്നു. എന്നാൽ കപ്പ കയററുമതി ചെയ്യുന്നതിനെ തടഞ്ഞപ്പോഠം കപ്പകൃഷിചെയ്യുന്നതിൻെറ ചെലവും വേലക്കൂലിയും കണക്കാക്കിനോക്കുമ്പോഠം മുമ്പു കിട്ടുമായിരുന്ന വില ഇപ്പോഠം കിട്ടാതിരിക്കുന്നതുകൊണ്ടു് കൃഷിക്കാർക്കു ഒരുവിധത്തിലും ലാഭകരമല്ലാതെവന്നതിനാൽ ആ കൃഷിയും വേണ്ടെന്ന് വയ്ക്കുകയാണുണ്ടായതു്. എൻെറ മാന്യസ്നേഹിതൻ ശ്രീ. ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിതൊമ്മൻ കഴിഞ്ഞവർഷം ൧൦ ഏക്കറോളം സ്ഥലത്തു് കപ്പയിട്ടു. അയ്യായിരം ആറായിരം രൂപ വളവും കൂലിച്ചെലവുമായി മുടക്കി. കപ്പ പറിക്കുന്ന കാലത്തു ൭ ഏക്കറിലെ കപ്പ പറിച്ചു ലോറിയിൽ കയററി ആലുവായിൽ കൊണ്ടുപോയി വിററു. ഒരു ലോറിക്കപ്പ വിററുകിട്ടിയ വിലയ്ക്കും പുറമെ കുറെസംഖ്യ കയ്യിൽനിന്നും മുടക്കി ലോറിക്കൂലികൊടുത്തു. അതിനാൽ കഴിഞ്ഞകൊല്ലം കൃഷിചെയ്തിരുന്ന കപ്പ ബാക്കി പറിച്ചതെയില്ല. അത്രയും നഷ്ടംകൂടാതെ കഴിക്കാമല്ലോയെന്ന് അദ്ദേഹം കരുതി. സർ, കൃഷി ലാഭകരമല്ലാതിരുന്നാൽ ആ കൃഷിയെ വേണ്ടായെന്നു വയ്ക്കും. ചെലവുകഴിച്ചു തുച്ഛമായ ഒരു ലാഭമെങ്കിലും കപ്പകൃഷിചെയ്യുന്നവനു കിട്ടുന്നില്ലായെങ്കിൽ ആലപ്പുഴയിലും മററും കപ്പകിട്ടണമെന്ന് മുറവിളികൂട്ടുന്ന ആലപ്പുഴ മെംബറോടു് ഞാൻ പറയുന്നു കപ്പ ഇല്ലാതെയാകുവാനാണുപോകുന്നതെന്ന്. അതുകൊണ്ടു് എനിക്കു ഗവണ്മെൻറിനോടു പറയു

വാനുള്ളതു് കൃഷിക്കാരനു് കൃഷിയെ അഭിവൃദ്ധിപ്പെടുത്തത്തക്കവണ്ണമുള്ള ഒരു പരിതഃസ്ഥിതികൂടി സൃഷ്ടിച്ചുകൊടുക്കണമെന്നാണു്. അങ്ങനെ ചെയ്യില്ലെങ്കിൽ കൃഷിനശിക്കുകയും ഭക്ഷണസാധനങ്ങൾ കുറയുകയും ചെയ്യും. ഭക്ഷണസാധനങ്ങൾ കുറയുമ്പോൾ ദാരിദ്ര്യം വർദ്ധിക്കും. ദാരിദ്ര്യംവർദ്ധിച്ചാൽ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കുറഞ്ഞുപോകുകയും അതു ഗവൺമെൻറിനെ അസ്വസ്ഥമാക്കുകയും ചെയ്യും.

സർ, മനുഷ്യർക്കു് ഏററവും പ്രധാനമായ ൨ ആവശ്യങ്ങളാണു് അന്നവും വസ്ത്രവും. ഇവരണ്ടിൽ വസ്ത്രമാണു് ഒരുകണക്കിനു കൂടുതൽ പ്രാധാന്യമുള്ളതു്. അന്നം എവിടെയെങ്കിലും കിട്ടുമോയെന്നു് അന്വേഷിച്ചു പോകുവാനാണെങ്കിലും വസ്ത്രംവേണം. ഇവരണ്ടും അത്യന്താപേക്ഷിതമെങ്കിലും കൂടുതൽ വിലകൊടുത്തുവാങ്ങി കുറഞ്ഞ വിലക്കു ഇവിടെ വിൽക്കേണ്ട ആവശ്യമില്ല. ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കണമെന്നു് എല്ലാവരും പറയുന്നുണ്ടു്. എന്നാൽ പുറത്തുനിന്നും ൩൨ രൂപ വിലയ്ക്കു അരി വാങ്ങി ൨൭ രൂപ വിലയ്ക്കുവിററു വിലകുറയ്ക്കുന്നതും നഷ്ടപ്പെടുന്നതും ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തിയാണെന്നു എനിക്കു തോന്നുന്നില്ല. ഭക്ഷണം പോലെ അത്യാവശ്യമായ സാധനമാണല്ലോ വസ്ത്രവും. എന്നാൽ ഗവൺമെൻറു വിലയ്ക്കുവാങ്ങി കുറഞ്ഞവിലയ്ക്കു ജനങ്ങൾക്കു വസ്ത്രം കൊടുക്കാത്തതെന്തുകൊണ്ടു്? പ്രതിദിനം ഇവിടെ ജനങ്ങൾക്കു നൽകുന്ന അരി ൫ ലക്ഷംരൂപ നഷ്ടപ്പെട്ടുവിൽക്കുക എന്നാണു പറയുന്നതെങ്കിൽ, ഈ ഗവൺമെൻറു ഇങ്ങനെ ദിവസേന ൫ ലക്ഷംരൂപ നഷ്ടപ്പെടുക എന്നു വന്നാൽ ഒടുവിൽ എവിടെ ചെന്നാണു മുങ്ങുന്നതു എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. സെൻട്രൽ ഗവൺമെൻറിൽനിന്നും അതിനും ഇതിനും പണം തരുന്നതുകൊണ്ടാണു് ഈ നഷ്ടം കുറെയൊക്കെ പരിഹരിച്ചുപോകുന്നതു്. എന്നാൽ സെൻട്രൽ ഗവൺമെൻറു് ൫൦ കൊല്ലക്കാലത്തേയ്ക്കു ഇങ്ങനെ നഷ്ടപരിഹാരം ചെയ്യുകയുള്ളുവെന്നു് നിശ്ചയിച്ചിട്ടുണ്ടു്. മാത്രമല്ല, ഓരോകൊല്ലവും കുറേശ്ശ കുറച്ചു കുറച്ചു ൫൦-ാം കൊല്ലത്തിൽ ഈ തുക പൂജ്യമാകുകയും ചെയ്യും. അതുകൊണ്ടു് ദിവസംതോറും ഇങ്ങനെ ഒരുലക്ഷം രൂപവീതം കടത്തിൽ പോകാതിരിക്കത്തക്കവണ്ണം ഇക്കാര്യത്തെപ്പററി പ്രധാനമന്ത്രി വളരെ ഗൗരവമായി ചിന്തിക്കണം. കടം തരാൻ എന്നും ആളുകൾ ഉണ്ടായിരിക്കുകയില്ല. ഒടുവിൽ കടവും കിട്ടാതെയാകും. അതിനാൽ ഭക്ഷണകാര്യത്തിൽ സ്വയംപര്യാപ്തതയിൽ എത്തേണ്ട ചുമതല നമുക്കുണ്ടു്. ഏതാനും വലിയ ഉദ്യോഗസ്ഥന്മാരെ ബംഗാളിലോ ബാംബെയിലോ മററെവിടെയോ അരിയുടെ തരംനോക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്നുകേട്ടു. വലിയ ശമ്പളംകൊടുത്തു അങ്ങിനെ ഉദ്യോഗസ്ഥന്മാരെ വയ്ക്കേണ്ടതില്ല. അവരെ ഇങ്ങോട്ടു മടക്കിവിളിച്ചിട്ടു അവർക്കു കൊടുത്തുകൊണ്ടിരുന്ന ശമ്പളത്തിനു വളംവാങ്ങി സൗജന്യമായിട്ടു് കൃഷിക്കാർക്കു കൊടുത്താൽ അത്രയുംകൃഷി അഭിവൃദ്ധിപ്പെടും. ഈ സംസ്ഥാനത്തു ആവശ്യമില്ലാത്ത ഉദ്യോഗസ്ഥന്മാരെ വളരെ കുറക്കേണ്ടതായിട്ടുണ്ടു്. തിരുവിതാംകൂർ-കൊച്ചിയിൽ ഇപ്പോഴുള്ളതിൽ ൭൦ ശതമാനം ഉദ്യോഗസ്ഥന്മാരെ കുറവുചെയ്യാൻ കഴിയും. അഞ്ഞൂറോ എഴുനൂറോ ആധാരങ്ങൾ രജിസ്റ്റർചെയ്യാൻ ഒരു രജിസ്റ്റർകച്ചേരി ഇരുനൂറോ മുന്നൂറോ സിവിൽ കേസുകൾ വിസ്തരിക്കാൻ ഒരു മുൻസിഫു് കോടതി പത്തോ മുന്നൂറോ ക്രിമിനൽകേസുകൾ നടത്താൻ ഒരു മജിസ്ട്രേട്ടുകോടതി ഇങ്ങനെപോകുന്നു നമ്മുടെ സംസ്ഥാനത്തെ ഭരണം.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

സർ, ഒരു സർച്ചുലൈററ് എടുത്തു സംസ്ഥാനത്തിന്റെ ഭരണകൂടത്തിന്റെ എല്ലാഭാഗങ്ങളും സൂക്ഷിച്ചുനോക്കിയാൽ അനേകം ഉദ്യോഗങ്ങളും കച്ചേരികളും അനാവശ്യമായി ഗവണ്മെന്റു വച്ചുപാലിച്ചുകൊണ്ടു പോകുന്നതായി കാണാൻകഴിയും. മുൻ ഇരുന്ന ഗവണ്മെന്റിന് ഒരു വിഷമമുണ്ടായിരുന്നു. ആളുകൾക്കവേണ്ടി പ്രത്യേകം സ്ഥാനവും സ്ഥാനങ്ങൾക്കവേണ്ടി പ്രത്യേകം ആളുകളും എന്ന നിലയിൽ ഇവിടെ അനവധി ഉദ്യോഗങ്ങൾ ഉണ്ടായിട്ടുണ്ടു്. അവ കണ്ടുപിടിച്ചു കുറവു ചെയ്യണം. ഉദ്യോഗസ്ഥന്മാർ വളരെ കുറവായിട്ടുള്ള സ്ഥാനങ്ങളും യഥാർത്ഥത്തിലുണ്ടു്. എന്റെ ഗ്രാമത്തിൽ ഒരു പ്രൈമറി സ്കൂളുണ്ടു്. അവിടെ ൫ ക്ലാസുണ്ടു്; എന്നാൽ കഴിഞ്ഞ സ്കൂൾവർഷത്തിൽ അവിടെ ശരാശരി ഒരു ദിവസം ഒരു വാദ്ധ്യാരെ ഉണ്ടായിരുന്നുള്ളു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ ആരെങ്കിലും ഇവിടെയിരിപ്പുണ്ടെങ്കിൽ അവർ ഇതിനെപ്പററി ചെയ്യാവുന്ന നടപടികൾ ചെയ്താൽകൊള്ളാം. അങ്ങനെ ആളുകളില്ലാത്ത സ്ഥലങ്ങളും വളരെയുണ്ടു്. ഉള്ളവരെക്കൊണ്ടു കണിശമായും ധാരാളമായും ജോലിചെയ്യിക്കയും നല്ലശമ്പളം കൊടുക്കുകയും വേണം.

അതേസമയത്തുതന്നെ ൪൦൦-ൽപരം വാദ്ധ്യാന്മാരെ പിരിച്ചുവിട്ടതായും കേട്ടു. എന്തായാലും ഞാൻ പറയുന്നതു് ഫെയർപ്രൈസ് ഷാപ്പ് തീർച്ചയായും വേണമെന്നാണു്. ന്യായവില എന്നു പറയുന്നതു് നാം നിശ്ചയിക്കുന്ന വില അല്ല. മി. ചട്ടനാഥക്കരയാളർ പറയുന്നതുപോലെ വാങ്ങിക്കുന്ന വിലയ്ക്കുതന്നെ കൊടുക്കണം. അതായതു് അതിൽനിന്നും ഗവണ്മെന്റിന് യാതൊരു ലാഭവും ഉണ്ടാകരുതു്. അദ്ദേഹത്തിന്റെ ആ അഭിപ്രായത്തോടു് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇപ്പോൾ നാഞ്ചിനാട്ടുള്ള ബഹു. സ്നേഹിതന്മാർ മഹാമനസ്കതയോടുകൂടി, രാജ്യത്തു് ജനങ്ങൾക്ക് അരി ലഭിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി ആജീവനാന്തം പരിശ്രമിക്കുന്നവരാണു്. അവർ അവരുടെ ആവശ്യം കഴിഞ്ഞു് മററുള്ളവർക്കുകൂടി ധാരാളം നെല്ലു കിട്ടത്തക്കവണ്ണം പരിശ്രമിക്കുന്നവരാണു്. അതുകൊണ്ടു് ആ പ്രദേശങ്ങളിൽ ഇപ്പോൾ ന്യായവില ഡിപ്പോകൾ ആവശ്യമില്ല. കുട്ടനാടൻ പ്രദേശങ്ങളിലും ന്യായവില ഡിപ്പോകൾ ആവശ്യമില്ല. പക്ഷെ ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ തൊഴിലാളികൾ ധാരാളം ഉള്ളതുകൊണ്ടു് ആ മാതിരി സ്ഥലങ്ങളിലെ തൊഴിലാളികൾക്ക് സഹായമായി അരി ലഭിക്കത്തക്കവണ്ണം ന്യായവില ഷാപ്പുകൾ തുടങ്ങേണ്ടതത്യാവശ്യമാണു്.

ഇവിടെ ചിലർ പറഞ്ഞു, കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ രാജ്യത്തു് കൊടുത്തുവന്നിരുന്ന അരി വളരെ ചീത്തയായിരുന്നു എന്നു്. അതു് അത്ര ശരിയല്ല. ഷേക്സ്പീയർ പോലും the good is oft interred with the dead എന്നാണു പറയുന്നതു്. ആരും നല്ലതിനെപ്പററി ഒന്നും പറയുന്നില്ല. ചീത്തവല്ലതും ഉണ്ടെങ്കിൽ അതു വിളിച്ചുപറയും. നല്ല അരിയും കഴിഞ്ഞ കാലങ്ങളിൽ ധാരാളം കൊടുത്തിട്ടുണ്ടു്. ചിലപ്പോൾ നല്ല അരി കിട്ടും, ചിലപ്പോൾ ചീത്തയും കിട്ടും, അതുകൊണ്ടു് എപ്പോഴും ചീത്ത അരിയേ നൽകിയുള്ളു എന്നു പറയുന്നതു് ശരിയല്ല. ചില സമയം വരുന്ന കപ്പൽ ചീത്ത അരിയും കൊണ്ടായിരിക്കും വരുന്നതു്. അപ്പോൾ

അതും തരംതിരിക്കുവാൻ നിവൃത്തിയില്ല. ഏതായാലും നമ്മുടെ നാട്ടിന്റെ നാനാ ഭാഗങ്ങളിലും ഭക്ഷണ സാധനങ്ങൾ ധാരാളം മിച്ചമുള്ള പ്രദേശങ്ങളിൽ ഉള്ള റേഷൻ ഡിപ്പോകൾ നിറുത്തിയിട്ട് ഭക്ഷണസാധനങ്ങൾ കൂടുതൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ന്യായവില ഡിപ്പോകൾ സ്ഥാപിച്ച് സാമാന്യജനങ്ങൾക്ക് ന്യായമായവിലക്ക് അരി ലഭിക്കുന്നതിന് വേണ്ട ഏർപ്പാടുചെയ്യുവാൻ ഇന്നത്തെ ഗവണ്മെന്റിനോടപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், செங்கோட்டை மெம்பர் ஸ்ரீமான் சட்டநாத கரயாளர் கொண்டு வந்த தீர்மானத்தை ஆதரித்து ஒன்றிரண்டு வார்த்தைகள் பேச விரும்புகிறேன். இன்று ஸ்ரீ. சட்டநாத கரயாளர், மக்களின் பிரதிநிதி என்ற முறையில் கொண்டுவந்த தீர்மானத்தை இன்று அரசாங்க அலுவலகத்தை அலங்கரிக்கிற மந்திரிகள் ஆதரித்துத்தான் ஆகவேண்டும். கழிந்த சில மாதங்களுக்கு முன்னர் நாங்கள் பல்வேறு மேடைகளிலும் அவர்களுடைய தேர்தல் பிரசாரங்களையும் மற்றும் சில வேளைகளில் பி. எஸ். பி. கட்சி அங்கத்தினர்கள் பிரசங்கங்கள் செய்வதையும் கேட்டிருக்கிறோம். எந்த முறையில் என்று சொன்னால், உழைப்பவர்களுக்கே நிலம்; ஏறுபவர்களுக்கே பனை என்ற சுரத்தில் சாதாரண மக்களை ஏமாற்றக்கூடிய ஒரு வழியாய்த்தான் இருந்தது இவர்களது பிரசங்கங்கள். ஆதலால் இந்தத் தீர்மானத்தை, வாதப்பிரதிவாதம் இல்லாத முறையில் ஏன் நீங்கள் ஆதரிக்கக்கூடாது என்றுதான் ஆறறிவு படைத்த எவனுக்கும் தோன்றும். அதிலும் விசேஷமாக, தோவாளை மெம்பரான ஸ்ரீ. டி. எஸ். ராமஸ்வாமி பிள்ளை இந்தத் தீர்மானத்தை இங்கு கொண்டு வந்த உடன் எழுந்துநின்று அதை ஆதரித்து பேசுவார்கள் என்றுதான் நான் நினைத்தேன். ஆனால் அது கனவாகி விட்டது. கழிந்த சில மாதங்களுக்கு முன்னர், இன்று தோவாளையைப் பிரதிநிதிகரிக்கும் ஸ்ரீ. டி. எஸ். ராமஸ்வாமி பிள்ளை இந்த சட்டநிர்மாண சபையில், அன்று அவர் தோவாளை—அகஸ்தீஸ்வரம் பிரதிநிதியாய் இருந்த காலத்தில், ஒரு தீர்மானத்தை, ஸ்ரீ. சட்டநாத கரயாளர்அவர்கள் கொண்டு வந்திருக்கும் தீர்மானத்தை விட சிறிது கூடுதல் சுரத்திலுள்ள ஒரு தீர்மானத்தை, இங்கு கொண்டு வந்தார்கள். ஸர், அதை நான் உங்கள் சம்மதத்தின் பேரில் இங்கு வாசிக்கலாம் என்று நினைக்கிறேன்:

> "This Assembly resolves that the Government be pleased to take up immediately relief measures such as remission of land tax, water cess, issue of takkavi loans, free supply of seeds and manure to poor peasants, and starting of new industries and public works and opening up of free ration centres and fair price shops in the taluks of Thovala, Agastiswaram and Vilavancode, where acute distress is prevailing due to drought and inability of cultivators for the next season due to drought conditions and utter poverty."

[ஸ்ரீ. எ. சிதம்பரநாத நாடார்]

சோஷியலிஸ்ட் கட்சியானது அரசாங்கத்தில் வந்தவுடனேயே திரு-கொச்சி ராஜ்யத்தில் தேனும் பாலும் பெருக்கெடுத்து ஓடும் என்றாவில் சொற்பொழிவாற்றிய அங்கத்தினர்கள் ஏன் இந்தத் தீர்மானத்தை ஆதரித்து நிறைவேற்றவில்லை என்று கேட்கிறேன்? ஸ்ரீ. சட்டநாத கரயாளர் கொண்டுவந்திருக்கும் தீர்மானமானது, அரசாங்கமானது சம்மதிக்கக் கூடிய அளவிற்கு, சாதாரண மனிதன் ஒப்புக்கொள்ளக்கூடிய அளவுக்கு, பொருளாதாரத் திட்டத்தை ஒப்புக்கொள்ளுகிறவனுக்கு, பொருளாதாரம் என்றால் என்ன என்பதை அறிந்தவனும் ஒப்புக்கொள்ளக்கூடிய அளவிற்கு உள்ள தீர்மானமாகும், இத்தீர்மானம் என்பதை நான் இங்கு எடுத்துச் சொல்ல ஆசைப்படுகிறேன். அன்று ஸ்ரீ. டி. எஸ். ராமஸ்வாமிபிள்ளை கொண்டுவந்த தீர்மானமானது, மிகவும் பொறுப்பற்ற முறையில் அரசாங்கத்தின் நிலை என்றால் என்ன என்பதை அறியாத முறையில், விலையில்லாத முறையில் அரிசியும், விலையில்லாத முறையில் உரமும் கொடுக்க வேண்டுமென்று கொண்டுவந்த தீர்மானத்தை இன்று தனகாரிய மந்திரியாய் இருக்கின்ற ஸ்ரீ. பி. எஸ். நடராஜ பிள்ளையவர்கள் ஆதரித்துப் பேசினார்கள். நான் முன் சொன்னதைப் போல், இந்தத் தீர்மானத்தை இன்று அரசாங்கத்தை கையில் வைத்துக்கொண்டிருக்கிற கட்சியானது யாதொரு விதமான தர்க்கமும் இல்லாமல், யாதொரு வாதப்பிரதிவாதமும் இல்லாமல் இத்தீர்மானத்தை ஆதரித்து, பொது ஜனங்களுக்கு வேண்டியதைச் செய்வார்கள் என்று நம்புகிறேன்.

ശ്രീ. എ. താണു പിള്ള: രേഷനിങ്ങ് കംപ്ലീററായി നിർത്തലാക്കണമെന്നാണോ മെമ്പർ പറയുന്നതു്?

Shri A. Chidambaranatha Nadar: At the close of my speech the Chief Minister will understand.

ஸ்ரீமான் சாழிக்காடன் இரண்டு மூன்று தடவைகள் இந்த சட்ட நிர்மாண சபையில் தென் திருவிதாங்கூரைப் பொறுத்தளவில் ஒன்றிரண்டு வார்த்தைகள் பேசியிருக்கிறார். திருவிதாங்கூரிலுள்ள தென் பகுதியிலிருக்கும் தமிழ் பெரும் மக்கள் அவர்களது வாழ்க்கைத் தரத்தை நடத்திக்கொண்டு போவதற்குள்ள சகல சௌகரியங்களும் அவர்களுக்கு அங்கிருக்கிறது என்று கூறினார்கள். உண்மையில், சாழிக்காடன் அவர்கள் சிதம்பரநாதனைப் போலவோ அல்லது ஒரு எம். பி. மேனோனைப் போலவே உள்ள இளம்பிராயத்தவராய் இருந்தால் அவர்கள் இங்ஙனம் நினைத்திருக்கமாட்டார்கள். சாழிக்காடன் அவர்கள் ஐம்பது வருடங்களுக்கு முன்புள்ள சரித்திரத்தைப்பற்றி நினைக்கிறார் போலும். காங்கிரீட் ரோடையும், கோதையார் அணைக்கட்டைப் பற்றியும் சொல்வார்களாக இருக்கலாம். விளவங்கோடு தாலுகாவிலுள்ள இரண்டு லட்சம் மக்களும் குடிப்பதற்கு தண்ணீர் இல்லாமல் மிகவும் கஷ்டப்படுகிறார்கள் என்று சொன்னால் வட திருவிதாங்கூரிலிருந்து வருகிற பிரதிநிதி

களுக்கு அது ஆச்சரியமாக இருக்கலாம். அந்த நாட்டில் வாழ்கிறேன் என்ற காரணத்திற்காக, தமிழ் மக்களின் பிரதிநிதி என்ற காரணத்திற்காக, அவர்கள் அன்றாட வாழ்க்கையில் படும் துன்பங்களை நான் அறிவதன் காரணமாகத் தான் சொல்கிறேன். நிஷ்பட்சமான முறையில், தமிழன் என்றோ மலையாளி என்றோ வித்தியாசம் பாராமல் நீங்கள் திருவிதாங்கூர் தென் அற்றத்தில் வந்து பார்த்தால் தெரியும், அங்குள்ள மக்கள் படும் கஷ்டங்களை. திருவிதாங்கூரின் தென் பகுதியில் வாழும் மக்கள் நல்ல முறையில் வாழ வேண்டும், அவர்களின் வாழ்க்கைத் தரத்தை உயர்த்த வேண்டும் என்று பேச்சளவில் சொல்லிவிட்டு நின்றால் போதாது. ஸ்ரீ. டி. எஸ். ராமஸ்வாமி அவர்கள் பேசினதுபோல் பேச்சிப்பாறையில் 40 அடிக்கு மேல் தண்ணீர் இருந்தது என்பது அவர்களுக்குத் தெரியும். அவர்களது தொகுதியில் ஓடுகிற தோவாளை சானலிலுள்ள தண்ணீர் எவ்வளவு தூரம் கிருஷிக்கு பயன்பட்டது என்று அவர்களைக் கேட்டால் தெரியும். மனிதனுக்கு உண்ணுவதற்கு உணவும், உடுப்பதற்கு உடையும், குடிப்பதற்கு தண்ணீரும் தேவையாகும். அதில் ஜாதி இல்லை, மதம் இல்லை, பாஷையில்லை. அவன் தமிழனாய் இருந்தாலும் சரி, மலையாளியாய் இருந்தாலும் சரி, கிருஸ்துவனாய் இருந்தாலும் சரி, ஹிந்துவாய் இருந்தாலும் சரி, முஸல்மானாய் இருந்தாலும் சரி, ஆணாய் இருந்தாலும் சரி, பெண்ணாய் இருந்தாலும் சரி அல்லது ஆண்டவனாய் இருந்தாலும் சரி, அதைப் பற்றி கவலையில்லை. சர்க்காரை நடத்துகிறவர்கள் மலையாளியாகவோ அல்லது தமிழனாகவோ இருக்கலாம். ஆனால் ஜாதிமத பேதமற்ற முறையில், தாய் தகப்பன் என்ற முறையில் சர்க்கார் இந்நாட்டில் தண்ணீர் இல்லாதவர்களுக்கு தண்ணீர் கொடுப்பதற்கும், ஆகாரமில்லாதவர்களுக்கு ஆகாரம் கொடுப்பதற்கும், ஆடையில்லாதவர்களுக்கு ஆடை கொடுக்கவும், வீடு இல்லாதவர்களுக்கு வீடு கொடுப்பதற்கும் உள்ள கடமை அரசாங்கத்திற்கு உண்டு. மலையாளி எந்தப் பதவியில் வந்தாலும் சரி, அவன் மேடையில் நின்று எதை பிரசங்கித்தாலும் தமிழ்நாடு என்றவுடன் அவன் சற்று மயங்குகிறான். அதற்கு என்ன செய்வது? தமிழ் மக்களுக்கு அறிந்தோ அறியாமலோ கழிந்த காலத்தில் நான் யாதொருவிதமான குற்றமோ குறையோ செய்யவில்லை என்று ஸ்ரீ. பட்டம் தாணுபிள்ளை சொன்னாலும், பட்ஜெட் பிரசங்கத்தில் அவர்களது மனம் தென் திருவிதாங்கூரில் வரவில்லை. வட திருவிதாங்கூரில் பம்பா நதிக்கு அந்தப் பக்கமும் இந்தப் பக்கமும் உள்ள நிலங்கள் காய்ந்து கிடப்பதை நான் பார்த்திருக்கிறேன் என்று ஸ்ரீ. தாணுபிள்ளை இச்சபையில் கூறினார்கள். தென் திருவிதாங்கூரில் பிறந்தவர் என்ற முறையில், ஆங்கிலத்தில் சொல்வார்கள் 'லோக்கல் பேட்ரியாட்டிஸம்' என்று, அப்படி அவர்கள் தென் திருவிதாங்கூரைப் பற்றி கவனித்திருந்தால் ஒரு பிரதிநிதி என்ற முறையில் நான் அவர்களிடம் இதைப் பற்றி ஒன்றும் சொல்ல தேவையில்லை. அடுத்தபடியாக, விளவங்கோட்டிலுள்ள மக்கள் படும் துன்பத்தை எடுத்துக்கூற இயலாது. நெய்யாற்றின்கரை அணைக்கட்டுத் திட்டமானது ஒரு தனிப்பட்ட ஜாதிக்காக, ஒரு தனிப்பட்ட நபருக்காக, ஆரம்பிக்கப்பட்டது. நாட்டு மக்களுக்கு

[ஸ்ரீ. ஏ. சிதம்பரநாத நாடார்]

நலம் அளிக்கக்கூடிய முறையில், உண்மையான முறையில் நெய்யார் திட்டமானது, மக்களுக்குப் பிரயோஜனகரமாக இருக்க வேண்டுமென்று நீங்கள் விரும்பினால் உடனடியாக நெய்யாற்றின்கரை இடதுகரை கானலை வெட்டுவதற்குள்ள வேலையை தொடங்க வேண்டும். இதைப்பற்றி மந்திரிகளிடமோ அல்லது அந்த இலாகாவை நடத்திச் செல்லுகிற மேல் அதிகாரிகளிடமோ இதைப்பற்றி ஏதாவது சொன்னால் அவர்கள் இதுபற்றிய இன்வஸ்டிகேஷன்கள் ஒன்றும் ஆகவில்லையென்று கூறுகிறார்கள். இதைப்பற்றி எல்லாம் சொல்லிக்கொண்டு போனால், அது எழுத எழுத ஏட்டில் அடங்காது. வலதுகரை கானலை ஒன்பது மைல் வரை வெட்டிய பிறகும் அதைப் பற்றி ஏதாவது இன்வெஸ்டிகேஷன் நடத்தியதுண்டா என்று கேட்டால் தெரியாது என்றுதான் இது சம்பந்தப்பட்ட அதிகாரிகள் சொல்கிறார்கள். இந்தச் கானல் காங்கிரீட் ரோடின் எந்த பகுதி வழி போகிறது என்று கேட்டால் அதற்கும் தெரியாது என்று தான் பதில் சொல்கிறார்கள். ஒரு தனிப்பட்ட நபருக்காக இதை செய்யலாமேயானால், இரண்டு தாலுகாக்களில் வாழக்கூடிய மக்களுக்குப் பிரயோஜனப்படக்கூடிய இடதுகரை கானலை நீங்கள் ஏன் வெட்டக் கூடாது என்றுதான் நான் இந்த இடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன். கோதையார் அணையானது ஐம்பதுவருடங்களுக்கு முன்பு கட்டப்பட்டதாகும். ஐம்பது வருடங்களுக்கு முன்பு இதை கட்ட ஆரம்பித்த காலத்தில் அன்று சிப் எஞ்சினீயராய் இருந்த ஒரு ஆங்கிலேயன், விளவங்கோடு தாலுகாவிலுள்ள மக்களுக்குப் பிரயோஜனகரமாக இருக்க வேண்டிய அளவிற்கு பட்டணங்காலை வெட்டவேண்டுமென்று திட்டமிட்டார்கள். அன்று அதைக் கட்டி முடிக்க சுமார் 20 லட்சம் ரூபாய் வேண்டுமென்று முடிவு கட்டப்பட்டது. இது கழிந்து சுமார் 60 வருடங்களுக்கு மேலான பின்னரும் கூட அதைப்பற்றி இன்றைய அரசாங்கமோ அல்லது கழிந்த கால அரசாங்கங்களுக்கோ நல்ல மனது வரவில்லை என்று நான் மிகவும் வருத்தத்துடன் கூறிக் கொள்கிறேன். நாங்கள் தமிழர்களாய் இருக்கின்ற காரணத்தினால் தானோ நம்மை இவர்கள் இம்முறையில் கஷ்டப்படுத்துகிறார்கள் என்று எனக்குத் தோன்றுமலில்லை. இன்று இந்நாட்டில் தாலுகா வாரியாகவும், ஜாதி வாரியாகவும், தனிப்பட்ட நபர் வாரியாகவும், அரசியல் காரணங்களினாலும் பல வேலைகள் நடக்கின்றன. கழிந்த தேர்தல் காலத்தில், எஸ். எல். பி. ஹைஸ்கூல் மைதானத்தில் வைத்து சில காங்கிரஸ் காரர்கள் பிரசங்கம் செய்தார்கள், இந்த காங்கிரீட் ரோடு காங்கிரஸ் அரசாங்கத்தினால் தான் செய்யப்பட்டது என்றும், கோதையார் அணையானது காங்கிரஸ் அரசாங்கத்தினால் தான் கட்டப்பட்டதென்றும், தனிப்பட்ட ஒவ்வொரு நபருக்கும் வோட்டுரிமை கிடைத்தது காங்கிரஸ் அதிகாரத்தில் வந்ததற்குப் பிறகுதான் என்றும் சொற்பொழிவு ஆற்றக்கூடிய அளவிற்கு இக்காங்கிரஸ்காரர்கள் வந்துவிட்டார்கள் என்று சொன்னால் இதை யாரிடம் போய் சொல்வது. நான் இந்த சபையில் அழுத்தம் திருத்தமாக எடுத்துச் சொல்ல ஆசைப்படுகிறேன்,

இன்று அதிகாரத்திலிருக்கிற பி. எஸ். பி. கட்சிக்காரர்களுக்கு, அவர்கள் நினைத்ததை எல்லாம் செய்யலாம். தென் திருவிதாங்கூரைப் பொறுத்தமட்டில், எப்போதும் உண்ணாவிரதமிருக்கத் தயாராக இருக்கும் ஸ்ரீ. டி. எஸ். ராமஸ்வாமி பிள்ளை, அவர்கள் பிறந்த நாடென்ற முறையில் தோவாளை தாலுகாவிலுள்ள பாமரர்கள், கிருஷிக்காரர்கள், உப்பளம் தொழிலாளிகள், அறுவடை செய்யும் தொழிலாளிகள் முதலியவர்களின் வாழ்க்கைத்தரம் உயர்த்தப் படவில்லை என்று இருந்தால் அவர்கள் வருங்காலத்தில் அதற்காக ஒரு உண்ணாவிரதமிருக்க நேரிடும் என்றுதான் நான் நினைக்கிறேன். இன்றைய சர்க்காருக்கு தென் திருவிதாங்கூர் மக்களின் மேல் நல்லெண்ணம் இருக்குமானால், தென்திருவிதாங்கூரிலுள்ள மக்களுக்கு வேண்டிய உதவிகள் செய்யவேண்டுமென்று இவ்வரசாங்கம் விரும்புமேயானால், பட்டணங்கால், விளாத்துறை லிப்ட் இறிகேஷன் ஸ்கீம், நெய்யாற்றின்கரை இடதுகரை கானல் முதலியவைகளை உடனடியாக நடப்பில் செய்தாகவேண்டும். ஸ்ரீ. பட்டம் தாணுபிள்ளையிடம் திருவிதாங்கூர் தமிழ்நாடு காங்கிரஸ் அங்கத்தினர் ஒருவர் சென்று, பட்டணங்காலை வெட்டித் தந்தால் தேவலை என்று கேட்ட பொழுது, "நீங்கள் சென்னையோடு போகப் போகிறீர்களே, பின் நாங்கள் எதற்காக அங்கு பணத்தை செலவு செய்யவேண்டும்" என்று ஸ்ரீ. பட்டம் தாணுபிள்ளை சொன்னார்கள்.

<u>ശ്രീ. എ. താണുപിള്ള</u>: ഇതു് ആരോടാണു് പറഞ്ഞതെന്നു പറയണം. ഈ അസംബന്ധം ആരു പറഞ്ഞു എന്നു അറിയണം.

<u>ശ്രീ. എൻ. രാഘവക്കുറുപ്പു്</u>: സർ, ഒരു പായിൻറ് ഓഫ് ഓർഡർ; ഒരു മെമ്പർ ചെയ്ത പ്രസംഗത്തെപ്പററി "അസംബന്ധം" എന്നു പറയുന്നതു് ശരിയാണോ?

<u>മി. സ്പീക്കർ</u>: പാർലമെൻററിയായ പദപ്രയോഗം തന്നെയാണു്.

<u>ശ്രീ. എ. താണുപിള്ള</u>: ഏതായാലും ഞാൻ ഇതു് ആരോട് എപ്പോൾ പറഞ്ഞു എന്നു് സഭയെ അറിയിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

<u>ஸ்ரீ. எ. சிதம்பரநாத நாடார்</u>: தேவிகுளம்-பீரிமேடு பிரதிநிதியாகிய ஸ்ரீ. சர்மாவிடம்தான் இதைக் கூறியது. அவர்தான் என்னிடம் இதைப்பற்றி தெரிவித்தது. இதை இங்கு சொல்வதற்கு எனக்கு ஒருவித பயமும் இல்லை. ஆகவே, நான் சொல்வதென்னவென்றால் மலையாளி எந்த ரூபத்தில் வந்தாலும் சரி, அவன் அதிகாரத்தில் வந்துவிட்டால் உடனே மனமாற்றம் ஏற்படுகிறது. ஏன்? தமிழன் இருக்கிறான் தென்திருவிதாங்கூரில். இன்று ஒரு தனிப்பட்ட மலையாளி குடும்பத்திற்காக ஒரு ரோடு வெட்டத் தயாராய் இருக்கிறது இந்த அரசாங்கம். ஆனால் விளவங்கோட்டிலுள்ள தமிழ் மக்கள், 'எங்களுக்கு குடிப்பதற்கு குடி தண்ணீர் கிடைப்பதில்லையே; ஆகவே எங்களுக்கு குடிப்பதற்கு வேண்டிய தண்ணீர் வசதி செய்து தரவேண்டும்' என்று கேட்டால் அதை செய்துகொடுக்க மறுக்கிறது இவ்வரசாங்கம். இதுதான் நீதியா?

[ஸ்ரீ. எ. சிதம்பரநாத நாடார்]

இதுதான் தர்மமா? என்று கேட்கிறேன். நமது திரு-கொச்சி சமஸ்தானத்தில் பதினைந்து லட்சத்திற்கு மேற்பட்ட தமிழர்கள் வாழ்கிறார்கள். நெற்றி வியர்வை நிலத்தில் சிந்த பாடுபட்டு உழைத்து, வரப்பு வெட்டி, மரமடித்து, உரம் சுமந்து, அறுத்துத் தருகிறான் நெல்லை, தமிழன் உங்களுக்கு. உங்களுக்கு நன்றியில்லையா என்று நான் கேட்கிறேன். யாராய் இருந்தாலும் சரி, நன்றி வேண்டும். பெரிய முதலாளியாய் இருந்தாலும் சரி அல்லது ஒரு தொழிலாளியாய் இருந்தாலும் சரி, பணக்காரனாக இருந்தாலும் சரி அல்லது பாவப்பட்டவனாய் இருந்தாலும் சரி, யாராய் இருந்தாலும் நன்றி வேண்டும். தமிழ் பெரும் புலவர் பாடியிருக்கிறார்:

> "எந்நன்றி கொன்றார்க்கும் உய்வுண்டாம், உய்வில்லை
> அந்நன்றி கொன்ற மகர்க்கு"

தாயைக் கொன்றாலும் கூட பாபமில்லை. ஆனால் நன்றி மறத்தல் என்பது மிகப் பெரிய பாவமாகும். பரசுராமன் கதை உங்களுக்குத் தெரிந்திருக்கும். செய்த நன்றியை மறப்பது போல் உள்ள பாவம் வேறு ஒன்றும் கிடையாது. இந்த நாட்டிலுள்ள எல்லா மக்களும், அவன் தமிழனாய் இருந்தாலும் சரி மலையாளியாக இருந்தாலும் சரி, யாராய் இருந்தாலும் சரி எல்லோரும் நல்ல முறையில் வாழ வேண்டும். எங்கள் நாட்டில் விளைகிற நெல்லை எடுத்து வட திருவிதாங்கூர் போன்ற இடங்களுக்குக் கொண்டுசென்று விட்டு, மனிதன் உண்ணாத, நாய்கூட உண்ண விரும்பாத அரிசியைத் தான் நீங்கள் எங்கள் நாட்டுமக்களுக்குத் தருகிறீர்கள். ஆக நான் மிகவும் பணிவோடு இன்றைய சர்க்காரை ஓட்டிச் செல்லும் மந்திரிகளிடம் கேட்டுக்கொள்வது என்னவென்றால், இனிமேலாவது மலையாளி என்றோ, தமிழன் என்றோ வித்தியாசம் பாராட்டாமல் எல்லோரும் இந்நாட்டு மக்கள் என்று நினைத்து தமிழ் மக்களின் குறைகளை நீக்குவீர்கள் என்றுதான் நினைக்கிறேன். ஆகவே, எங்கள். தமிழ் பிரதேசத்தில் உள்ள மக்களுக்கு உணவும், தொழிலும், குடி தண்ணீரும் போன்ற வசதிகளை இந்த சர்க்கார் செய்து தரும் என்ற நம்பிக்கையுடன் நான் எனது பேச்சை முடித்துக்கொள்கிறேன்.

Shri A. A. D. Luiz : Sir, I oppose this resolution. I do not advocate that fair price shops should not be started where there is an emergency to be met, but I am of opinion that such shops should not be continued when that urgency is over. When fair price shops are established, the understanding should be that they be closed as soon as possible and it should be made clear that the people of the locality should make their own arrangements to procure their food requirements.

I am afraid it will have a very bad effect on the grow-more-food efforts of the State and if fair price shops are continued indefinitely it will also weaken the enthusiasm of the people in

the battle for food. We are all very much inclined to be dependent. We would like to be supplied with all our requirements of food with no effort on our part. But there should be a limit to this desire of ours. We should understand that necessity is the mother of invention and our efforts to establish independent sources of supply should be constantly kept alive. Scarcity of food will naturally give people the incentive to look for more food. In early history and in the history of nomadic races we hear of people moving from place to place to look for food and to produce more food. If the people of this country get a direct assurance from the Government that they will purchase foodgrains from wherever it is available, bring it down to the village or town and distribute the same at a lower cost than the purchase price, I am sure, a continuance of this procedure by Government will destroy the stimulus of the people for inventing measures to grow more food. It will destroy the earnest longing of the people of the State to be self-sufficient as regards food. Aggressive planning to produce more food will eventually be rendered.

There is another bad effect which the fair price shops are bound to bring about. Trade will be dulled. Let us look to the years before the war, 1938 for example. We got food-grains at very cheap rates and availability was easy though there were no fair price shops. It was the merchant who played a great role. He got down the foodgrains from places where they were available and distributed in places where they were in demand. There was healthy competition between merchants which formed the price control. That was of the greatest benefit to the citizens of the State. The Government had no responsibility. Now if the Government is going to play the part of the merchants by getting down foodgrains from distant places like Burma, Russia or United States and distributing them to the people, definitely that will be shutting the door for healthy competition among the merchants and killing trade as well. There may be situations such as those which existed during the war period, 1939 to 1946, when Government had to come to the assistance of the people. But now we have all come to normal times and as such Government should not bother about promoting and establishing fair price shops. On the contrary they should encourage private enterprise. If the Government is going to be saddled with this responsibility, they will be destroying the great venture of the country to grow more food and at the same time dulling the spirit of the commercial world. Let us consider for a second the condition in a country like Great Britain where they have to resort to import for all major items of food. Government had to step in only at the time of

[Shri A. A. D. Luiz]

war. They imported foodgrains, opened ration shops and maintained the normal flow of foodgrains and foodstuffs. Why have they not continued with those fair price shops after the war? I am sure that the expert opinion of economists on this matter was accepted. If the Government had continued to play the part of a commercial organisation, invariably one section of the people who look to trade as their occupation, would have been put to great difficulties. At the same time, the spirit of enterprise, adventure and enthusiasm to produce more food would have gradually disappeared. I am of opinion that if there is absolute necessity for fair price shops in a particular district as a result of extraordinary circumstances or under abnormal conditions Government must help the people of that locality. But when they come forward to offer such help they should make it quite clear to the people that it would be the policy of the Government as soon as possible to entrust trade back in the hands of the merchants and to encourage people of the locality to produce more food. There was a time in Our State when we had to look up to fair price shops for help. There was a time when food was not within our control for we had to depend on ship movements and transport facilities to get our minimum requirements. But now there is free trade and easy movements. As a matter of fact, trade is receiving encouragement and nothing should be done to dislocate trade. Contributions which trade can make for the economic betterment of Government should never be ignored. If the Government steps in without reservations and go in the direction of encouraging fair price depots it will not help the people in the long run. Much of the revenue of the State that could be used for nation-building will all be lost in the food grain trade. How long and to what degree the Government can be successful is another important issue. However, let the encouragements of such institutions be limited. I think it will be a fine policy of Government to encourage such shops only to relieve a critical situation. The revenues of the State cannot be constantly diverted to relieve food problems for if that is done those problems will go on existing for ever. I strongly oppose the resolution.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. അതിനുള്ള കാരണങ്ങളിൽ ഒന്നു്, ഇവിടെ ഇപ്പോൾ കൺട്രോൾ നിലവിലിരിക്കുന്നു എന്നുള്ളതാണു്. ആ അവസരത്തിൽ ഫെയർപ്രൈസ്സ് ഷാപ്പുകൾ തുറന്നു ഭക്ഷണസാധനങ്ങൾ കുറഞ്ഞ വിലയ്ക്കു കൊടുക്കുക എന്നുള്ളതു് സാദ്ധ്യമായി വരികയില്ല. കൺട്രോൾ നിലവിലിരിക്കുന്നു എന്നു പറഞ്ഞാൽ റേഷൻഷാപ്പുകൾ നിലവിലിരി

ക്കുന്നു എന്നാണ്. ഇവിടെ ഏതാണ്ട് ന്റ വ ൦ ൦ റേഷൻ ഷാപ്പുകൾ ഉണ്ട്. റേഷൻ കാർഡനുസരിച്ച് അവിടെ ആളുകൾക്ക് ക്ലിപ്തമായ വിലയ്ക്ക് അരി കൊടുക്കുന്നുമുണ്ട്. അങ്ങനെ റേഷൻ ഷാപ്പുകൾ ഉള്ള സ്ഥിതിക്ക് ഫെയർപ്രൈസ് ഡിപ്പോകൾ തുറക്കേണ്ട ആവശ്യം വരുന്നില്ല. റേഷൻ ഡീ കൺട്രോൾ ചെയ്താലേ അങ്ങനെയുള്ള ഡിപ്പോകൾ തുറക്കേണ്ട ആവശ്യം വരികയുള്ളു. ഇലക്ഷൻകാലത്തു പൊതുജനങ്ങളോട് അരി വില കുറച്ചുകൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതിനെ ആസ്പദമാക്കി കൊണ്ടുവന്നിട്ടുള്ള ഒരു പ്രമേയമാണിത്. ഇന്നു തിരുവിതാംകൂർ–കൊച്ചിയിൽ മാത്രമായി അരിവില കുറയ്ക്കുക സാദ്ധ്യമല്ല. ഇൻഡ്യയിലെ മററു സ്ഥലങ്ങളിലുള്ള അരിവിലയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടെ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വില കുറവാണെന്നുകാണാം. ആ സത്യം എല്ലാവർക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു.

തമിഴ്നാട്ടു പാർട്ടിയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി, അവരുടെ നാട്ടിലുണ്ടാകുന്ന നെല്ലെല്ലാം എടുത്തു വടക്കൻ തിരുവിതാംകൂറിൽ കൊണ്ടുപോകുന്നുവെന്ന്. വടക്കൻതിരുവിതാംകൂറിലെ ആളുകളെപോലെ കൃഷി ചെയ്യാനും അതിൽനിന്നും ആദായം ഉണ്ടാക്കാനും മററു സ്ഥലങ്ങളിലുള്ളവർക്ക് സാദ്ധ്യമല്ലതന്നെ. അതിനു ഞാൻ തെക്കൻതിരുവിതാംകൂറുകാരെ വെല്ലുവിളിക്കുന്നു. വടക്കൻതിരുവിതാംകൂറിൽ മലകളിൽ നടത്തുന്ന കൃഷിക്കു താഴെ കിടക്കുന്ന വെള്ളമാണു കൊണ്ടുപോകുന്നതു്. ഇന്നു് ഇൻഡ്യയിലുള്ള പല സ്ഥലങ്ങളിൽനിന്നും അരി ഇവിടെ വരുന്നുണ്ട്. അതിനെക്കാൾ എല്ലാം എത്രയോ നല്ല അരിയാണു വടക്കൻതിരുവിതാംകൂറിൽനിന്നും കിട്ടുന്നതു്. സ്റ്റാർച്ചും പ്രൊട്ടീനുമെല്ലാം ആ അരിയിൽ ഉള്ളതുപോലെ, മററു സ്ഥലങ്ങളിലുള്ള അരിയിൽ കാണുന്നില്ല. അങ്ങനെ വടക്കൻ തിരുവിതാംകൂറുകാർ വളരെ കഷ്ടപ്പെട്ടു കൃഷി നടത്തുന്നവരാണ്. തെക്കൻ തിരുവിതാംകൂറിൽ സാധാരണ സമനിരപ്പായതുകൊണ്ടു കൃഷി നടത്തുന്നതിനു വലിയ വിഷമമൊന്നും നേരിടുകയില്ല. വടക്കൻ തിരുവിതാംകൂറിൽ മലയിടുക്കുകളിൽകൂടി കാളയെ കൊണ്ടുപോയിഉഴുന്നതിനും മററുംവളരെവിഷമിക്കുന്നുണ്ട്.

ഇവിടെ ഭരിച്ചുകൊണ്ടിരുന്ന ഗവണ്മെൻറിൻെറ പേരിൽ ഉന്നയിച്ചിരുന്ന പ്രധാന ആക്ഷേപം ആ ഗവണ്മെൻറ് പണക്കാരെ താങ്ങുന്നു എന്നുള്ളതായിരുന്നു. അത്തരത്തിലുള്ള ഒരു ഗവണ്മെൻറല്ല ഇന്നു് ഇവിടെ നിലവിലിരിക്കുന്നതു്. ഇതു് ഒരു പി. എസ്. പി. ഗവണ്മെൻറാണ്. പി. എസ്. പി. നയപരിപാടികളെ മാത്രം വച്ചുകൊണ്ട് ഭരിക്കുന്ന ഒരു ഗവണ്മെൻറാണ് ഇന്നു നിലവിലുള്ളതു്. ആ ഗവണ്മെൻറിനു ചില നയപരിപാടികളുണ്ട്, അതു് ഒരിക്കലും പണക്കാരെവേണ്ടിയുള്ള ഒരു ഗവണ്മെൻറായിരിക്കുകയില്ല. ആ നില വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ, ഇവിടത്തെ സാധാരണക്കാർക്കും, തൊഴിലാളികൾക്കും മേന്മയുണ്ടാക്കുന്ന ഒരു ഗവണ്മെൻറായിരിക്കും ഇതെന്നു ധൈര്യമായി പറയാൻ കഴിയും. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ പറയുകയുണ്ടായി, അരിയുടെ വില കൂടുതലോ, അരി കിട്ടാഴികയോ അല്ല, ഇവിടത്തെ പ്രശ്നമെന്നും, ഇവിടെ ജനങ്ങൾക്കു വാസ്തവത്തിൽ അരി വാങ്ങി ഉപയോഗിക്കാനുള്ള ക്രയശക്തി കുറഞ്ഞു കുറഞ്ഞു വരുന്നു എന്നതാണു യഥാർത്ഥ പ്രശ്നമെന്നും. രണ്ടുമൂന്നു കൊല്ലങ്ങൾക്കു മുൻപുള്ള സ്ഥിതിയെക്കാൾ ഇന്നു് അരി ധാരാള

[ശ്രീ. കെ. മഞ്ജുനാഥപ്രഭു]

മായും, വില കുറഞ്ഞും കിട്ടുന്നുണ്ട്. എന്നാൽ ഇപ്പോൾ അരി വാങ്ങാനുള്ള ജനങ്ങളുടെ കഴിവ് കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. അതിനൊരു പരിഹാരം കാണണമെങ്കിൽ ഈ നാട്ടിൽ വസ്തുവകകളും നിലങ്ങളും വ്യവസായങ്ങളും കയ്യടക്കിവച്ചിരിക്കുന്ന ആളുകളിൽനിന്നും കൂടുതൽ നികുതി പിരിച്ച് ജനങ്ങൾക്ക് അരിവില കുറച്ചു കൊടുക്കേണ്ടതാണ്. ഏതായാലും പ്രമേയത്തിൽ പറയുന്നതുപോലെ പെട്ടെന്നു നടത്താൻസാദ്ധ്യമുള്ള കാര്യമല്ല അത്. പ്രമേയത്തിൽ അങ്ങനെ പറഞ്ഞിരിക്കുന്നതുതന്നെ ഇപ്പോഴത്തെ... ഗവണ്മെൻറിനെ ഒന്നു തരം താഴ്ത്താൻവേണ്ടിയാണ്. തിരുവിതാംകൂർ-കൊച്ചിയിൽ ധാരാളമാളുകൾ തൊഴിലില്ലാത്തവരായുണ്ട്. തമിഴ്നാട്ടു സ്നേഹിതന്മാർ പറയുന്നു, തമിഴ്നാട്ടിൽ ചേരണമെന്ന്. തമിഴ്നാട്ടിലുള്ള ആളുകൾ ഇവിടെ തൊഴിലിനുവേണ്ടി ധാരാളം വരുന്നുണ്ട്. പാണ്ടിയിൽനിന്നും മററും ധാരാളം തൊഴിലാളികൾ ഇവിടെ വന്നുചേരുന്നുണ്ട്. വെളിയിലെ ... സ്ഥിതിയും നമ്മുടെ നാട്ടിൽനിന്നും ഒട്ടും ഭേദമല്ലെന്നു ഇതിൽനിന്നും നമുക്കു മനസ്സിലാക്കാൻ കഴിയും. ദേവികുളത്തെ കണ്ണൻദേവൻ കമ്പനി കൈവശം വച്ചിരിക്കുന്ന സ്ഥലം ഏററവും ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണ്. അവിടെ ധാരാളം സ്ഥലം തേയിലത്തോട്ട ിന്നിടയ്ക്കു തരിശായി കിടപ്പുണ്ട്. അവിടെ കൃഷി ചെയ്തിരുന്നുവെങ്കിൽ ധാരാളം ധാന്യങ്ങൾ വിളയിപ്പിക്കാൻ കഴിയുമായിരുന്നു. ശ്രീ. ശമ്മ ദേവികുളം പീരുമേടിനെ പ്രതിനിധീകരിച്ചാണു ഇവിടെ വന്നിട്ടുള്ളത്. മെംബറന്മാരേയോ, ഗവണ്മെൻറിനേയോ തെററിദ്ധരിപ്പിക്കാൻ ചില കഥകളെല്ലാം പറയുന്നുവെന്നല്ലാതെ വാസ്തവം പറഞ്ഞാൽ തിരുവിതാംകൂർ കൊച്ചിയിലുള്ള തൊഴിലില്ലായ്മ മുതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ ഇവിടത്തെ ഭക്ഷ്യപ്രശ്നത്തെ സഹായിക്കുന്നതിനോ ഈ തമിഴ്നാട്ട് സ്നേഹിതന്മാർ ശ്രമിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഭക്ഷണകാര്യത്തിൽ പല രീതിയിൽ കഴിയുന്നവരുണ്ട്. ഹൈദരബാദ് മുതലായ സ്ഥലങ്ങളിൽ പച്ചരിമാത്രം ഊണു കഴിക്കുന്നവരുണ്ട്. നമ്മുടെനാട്ടിൽ പുഴുങ്ങിക്കു ിയ അരി ഉപയോഗിക്കുന്നവരാണധികമുള്ളത്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനാവശ്യമുള്ള അരി മുഴവൻ പുറമേനിന്നു വരുത്തുകയാണെങ്കിൽ ഗവണ്മെൻറിനു കൂടുതൽ നഷ്ടം സഹിക്കേണ്ടിവരും. ഗവണ്മെൻറ് ഇനിയും നഷ്ടം സഹിക്കുക എന്നുവെച്ചാൽ, പൊതുജനങ്ങളിൽ നിന്നുതന്നെ ആ നഷ്ടം നികത്തേണ്ടിവരുമെന്നുള്ളതാണ്. ഇവിടെ കാർഷികാദായനികുതിയുണ്ട്. വില്പനനികുതിയുണ്ട്. പക്ഷെ ഇവയിൽ നിന്നെല്ലാം ഇവിടത്തെ പണക്കാർ ഒഴിഞ്ഞുമാറി ഒരു കാശുപോലും കൊടുക്കാതെ രക്ഷപ്പെടുകയാണ്. കാർഷികാദായനികുതി പിരിച്ച് പണം കൂടുതലുണ്ടാക്കാൻ ഗവണ്മെൻറ് ശ്രമിക്കണം. അല്ലാതെ അരി കൂടുതലായി വരുത്തുകയാണെങ്കിൽ ഇപ്പോൾ ഒരു ലക്ഷം രൂപാ നഷ്ടമുള്ളത് ഒന്നരലക്ഷമായി വർദ്ധിക്കും. വാങ്ങിയ വിലയ്ക്കുതന്നെ ഭക്ഷണസാധനങ്ങൾ വിററാൽ നഷ്ടം വരികയില്ലെന്നു ഒരഭിപ്രായമുണ്ട്. വാങ്ങിയവിലയ്ക്കുതന്നെ വിററാലും ആ വിലയ്ക്കു വാങ്ങിക്കുവാൻ നിവൃ ിയില്ലാ ആളുകളാണ് ഇവിടെ അധികമുള്ളത്. അങ്ങനെ സാധുക്കളെ നഷ്ടത്തിലേയ്ക്കു തള്ളിവിടാതെ അവർക്കാവശ്യമുള്ള സഹായങ്ങൾ ഗവണ്മെൻറ് ചെയ്തുകൊടുക്കണം. അതായതു . തൊഴിലു

ളികൾക്ക തൊഴിലുണ്ടാക്കിക്കൊടുക്കത്തക്കവിധത്തിൽ വേണ്ടതു ചെയ്യണം. കർഷകതൊഴിലാളികൾക്ക കൃഷിക്ക് ആവശ്യമുള്ള സ്ഥലങ്ങൾ പതിച്ചു കൊടുക്കണം. അവക്ക താമസത്തിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. സാമാന്യജനങ്ങളുടെ ക്രയവിക്രയശക്തി വർദ്ധിപ്പിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചതിനുശേഷം വേണം ഈ അരിപ്രശ്നത്തിനു പരിഹാരം ഉണ്ടാക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : സർ, ചെങ്കോട്ട മെംബർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അനുകൂലിക്കുന്നു. ന്യായവില ഡിപ്പോകൾ സ്ഥാപിക്കണമെന്നു ആവശ്യപ്പെടുന്ന ആളുകൾക്ക്, ഈ രാജ്യത്തു അന്യായവിലയ്ക്കുള്ള ഡിപ്പോകൾ ഉണ്ടെന്നും അറിയാം. അതു അന്യായം നടത്തിക്കൊണ്ടിരുന്ന ഒരു ഗവണ്മെന്റിന്റെ കാലത്തായിരുന്നു. തൊഴിലാളി നേതാക്കന്മാർ തൊഴിലാളികളുടെ പ്രാതിനിദ്ധ്യം വച്ചുകൊണ്ടു കാർഷികരംഗങ്ങളിൽ കുഴപ്പം സൃഷ്ടിച്ചു തൊഴിൽ സ്തംഭനം ഉണ്ടാക്കുന്നുവെന്നു ആലുവാ മെംബർ ഇവിടെ പറഞ്ഞു. തൊഴിലാളികളെപ്പറ്റിയും, കാർഷികരംഗങ്ങളെപ്പറ്റിയും എനിക്ക ചിലതു പറയാനുണ്ട്. ഈ രാജ്യം ഭക്ഷ്യകാര്യത്തിൽ ഒരു കമ്മിപ്രദേശമാണെന്ന് എല്ലാവർക്കും അറിയാം. ഈ രാജ്യത്തെ കൃഷിക്കാർക്കും, കൃഷിതൊഴിലാളികൾക്കും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അവരുടെ അഭിപ്രായങ്ങളിലും, ചിന്താഗതികളിലും വ്യത്യസ്തമായ ഒരു നിലപാടുണ്ടെന്നും എനിക്കറിയാം.

സർ, ഇന്നിവിടെ അധികാരത്തിലിരിക്കുന്ന ഗവണ്മെന്റ് ഇവിടെ തേനും പാലും ഒഴുക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കഷ്ടപ്പെടുന്ന ആളുകളുടെ ജീവിതനിലവാരം ഉയർത്തുവാൻവേണ്ടി, അവരവർക്ക കഴിവുള്ള വിലയ്ക്കു ഭക്ഷ്യസാധനങ്ങൾ വാങ്ങിച്ചു കഴിക്കുവാൻ തക്കവിധത്തിൽ കുറഞ്ഞ വിലയ്ക്കു വിൽക്കത്തക്കവണ്ണമുള്ള ഡിപ്പോകൾ സ്ഥാപിക്കണമെന്നാണു എന്റെ അഭിപ്രായം. ആലുവാ മെംബർ പറഞ്ഞതുപോലെ വ്യത്യസ്തമായ ഒരു നിലപാട് എനിക്ക സ്വീകരിക്കാൻ നിവൃത്തിയില്ല. കാരണം ഇതൊരു കർഷകരാജ്യമാണ്. ഈ നാട്ടിലെ കർഷകതൊഴിലാളികളുടെ സ്ഥിതി എന്താണെന്നു എനിക്ക ബഹുമാനപ്പെട്ട മെംബറന്മാരെ അറിയിക്കാനുണ്ട്. ഭക്ഷ്യോൽപ്പാദനവികസനത്തിന് വളരെ ഏക്കർ ഭൂമി കൃഷിക്ക പല ആളുകൾക്കും പതിച്ചുകൊടുത്തിട്ടുണ്ട്. സർ, ഇന്നുച്ചയ്ക്കു എനിക്ക ഒരു ലററർ കിട്ടി. കോതമംഗലം മെംബറുടെ നിയോജകമണ്ഡലത്തിൽനിന്നും, അദ്ദേഹത്തിനു വോട്ടുചെയ്ത കാരണത്താൽ, അദ്ദേഹത്തെ ഈ സഭയിൽ അയയ്ക്കണമെന്ന് അവിടത്തെ തൊഴിലാളികൾ നിശ്ചയിച്ചതുകൊണ്ടു അവിടെയുള്ള തൊഴിലാളികളെ കുടിയിറക്കി എന്നാണ് ലററർ. രണ്ടു മൂന്നു ദിവസങ്ങൾക്ക മുൻപ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പോലീസുകാർ, തഹശീൽദാർ മുതലായ ഉദ്യോഗസ്ഥന്മാർ കുടിയിറക്കിനുവേണ്ടി കർശനമായി പ്രവർത്തിച്ചിരുന്നുവെന്ന് ആ കത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : കുടിയിറക്കാൻ പോകുന്നുവെന്നോ അതോ കുടിയിറക്കി വിട്ടുകഴിഞ്ഞുവെന്നോ പറയുന്നതു്?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: കുടിയിറക്കി വിട്ടിട്ടുണ്ടെന്നാണു ഞാൻ പറയുന്നതിന്റെ അർത്ഥം. ഇങ്ങനെ വളരെ തൊഴിലാളികളെ ആ സ്ഥലത്തുനിന്നും കുടിയിറക്കിയിരിക്കുകയാണ്. ഇനിയും കുടിയിറക്കാൻ ശ്രമിച്ചുകൊണ്ടും ഇരിക്കുന്നു.

ശ്രീ. എൻ. ജി. ചാക്കോ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയവും കുടിയിറക്കുമായിട്ട് എന്തു ബന്ധമാണുള്ളതെന്ന് പറയാമോ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: നമ്മുടെ രാജ്യത്തു കർഷകരും തൊഴിലാളികളുമായി വളരെ ബന്ധപ്പെട്ടു ഇരിക്കുന്നതും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ രണ്ടു കൂട്ടർക്കും അഭേദ്യമായ ഒരു ബന്ധം ഉള്ളതുകൊണ്ടും ഭക്ഷ്യപ്രശ്നത്തെ സാരമായി സ്പർശിക്കുന്ന ഒരു പ്രമേയമായതുകൊണ്ടും കർഷകത്തൊഴിലാളികളെപ്പറ്റി പറയേണ്ടിവന്നതാണ്.

ശ്രീ. കെ. സി. ജോർജ്ജ്: ഇന്നും പോലീസുകാർ കുടിയിറക്കുന്നതിനെ സംബന്ധിച്ച് ജന്മിമാരോട് അനുകൂലിക്കുന്നുവെന്ന് പരാതി ഉണ്ടാകുന്നില്ലേ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ഇന്നും പോലീസുകാർ കുടിയിറക്കി വിടുന്നതിൽ പരിശ്രമിക്കുന്നുണ്ടെന്നു പല സ്ഥലങ്ങളിലും നിന്ന് എനിക്കു പരാതികൾ ലഭിച്ചിട്ടുണ്ട്. സർ, അതുകൊണ്ട് പാവപ്പെട്ട കർഷകത്തൊഴിലാളികൾ കേറിക്കിടക്കുന്ന സ്ഥലത്തുനിന്നും ഒഴിപ്പിച്ച് അവരെ നിരാധാരരാക്കി വിടരുതെന്ന് ഞാൻ ഗവണ്മെന്റിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. കർഷകത്തൊഴിലാളികളെ ഇങ്ങനെ ഇറക്കിവിടുന്നതിനും പുറമെ അവരുടെ വേലക്കൂലിയെപ്പറ്റി യാതൊരു നിജമായ വ്യവസ്ഥയും ചെയ്തിട്ടില്ല. ഈ തൊഴിലാളികൾക്കുവേണ്ടി ഒരു മിനിമം വേജസ് കമ്മിററി രൂപീകരിക്കണമെന്ന് ഏതാനും ബഹുമാന്യ മെംബറന്മാർ എനിക്കു മുൻപ് അഭിപ്രായപ്പെടുകയുണ്ടായി. സർ, ആ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ രാജ്യത്തിനുവേണ്ടി ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ അങ്ങേഅററം ദുരിതവും ക്ലേശവും അനുഭവിച്ച് പ്രവൃത്തിയെടുക്കുന്ന ഇത്തരം തൊഴിലാളികളുടെ ദുരിതാശ്വാസങ്ങൾക്കുവേണ്ടി, അവരുടെ ആഹാരത്തിനെങ്കിലും മതിയാകത്തക്കവണ്ണമുള്ള ഒരു കൂലി നിശ്ചയിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. കർഷകർക്ക് ആഹാരത്തിനെങ്കിലും മതിയാകുന്ന കൂലി കൊടുക്കുന്നതിനുവേണ്ടി ഈ ഗവണ്മെന്റും ബഹുമാനപ്പെട്ട മെംബറന്മാരും തയ്യാറാകുന്നപക്ഷം രാജ്യത്തു ഭക്ഷണദൗർലഭ്യം കൂടാതെ സുഭിക്ഷതയിൽ കഴിയാമെന്നുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. അവരുടെ ജീവിതനിലവാരം ഉയർത്തേണ്ടതു് രാജ്യക്ഷേമത്തിന്റെ പേരിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സംഗതിയാണ്. ഇന്നു കാണുന്ന പ്രകൃതിസൗന്ദര്യങ്ങൾ അവരുടെ വിയർപ്പുതുള്ളികളിൽ നിന്നുമാണ് ഉണ്ടായിട്ടുള്ളതു്. ഇന്നു കാണുന്ന ആഹാരസാധനങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ള സുഭിക്ഷതതന്നെ അവരുടെ പ്രയത്നഫലമാണ്. തൊഴിലാളികൾ രാജ്യത്തിനു ഒഴിച്ചുകൂടാൻവയ്യാത്ത ഘടകമാണ്. എന്നാൽ ഗവണ്മെന്റാകട്ടെ മുതലാളിമാരാകട്ടെ ഈ കാര്യം വിസ്മരിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നതു്. ഇന്നലെവരെ കൂലിവേല

ചെയ്തു ജീവിച്ചുകൊണ്ടിരുന്ന ഒരു തൊഴിലാളി ഏതോ ചില അടിയൊഴുക്കിന്റെ ഫലമായി ഒരു മുതലാളിയായി രൂപാന്തരപ്പെടുകയും, അപ്പോൾ മുതൽ തൊഴിലാളികളുടെ കാര്യം പാടെ വിസ്മരിക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള പുത്തൻ മുതലാളിമാരിൽ കുറെ അധികംപേരെ എനിക്കറിയാം. അവർ ഇന്നും തൊഴിലാളി താല്പര്യത്തെ നിഷേധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ദൈനംദിനം അധഃപതിച്ചുകൊണ്ടിരിക്കുന്ന ഇവരുടെ കായികശക്തി വീണ്ടെടുക്കാനുള്ള ശേഷി ഇവക്കില്ലാതാണിരിക്കുന്നത് എന്നു പറയുമ്പോൾ ഇവരുടെ ജീവിതം എത്രത്തോളം ദുഃഖപൂരിതമാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഇങ്ങനെയുള്ള കർഷകത്തൊഴിലാളികൾക്കും അവരെപ്പോലെ അങ്ങേഅറ്റം ദുരിതമനുഭവിക്കുന്ന ഇതരതൊഴിലാളികൾക്കും സംഭവിച്ചിട്ടുള്ള ക്രയശക്തിക്കുറവുനിമിത്തം അവക്ക് റേഷൻ വാങ്ങുന്നതിനുതന്നെയും നിവൃത്തിയില്ലാതാണിരിക്കുന്നത്. ക്രയശക്തിയില്ലാത്ത ഈ കൂട്ടർക്ക് റേഷൻ വിതരണകാര്യത്തിൽ അല്പം വില കുറച്ചുകൊടുക്കണമെന്നുള്ള ഒരു പ്രമേയമാണ് ഇവിടെ എന്റെ സ്നേഹിതൻ ഹാജരാക്കിയിരിക്കുന്നത്. ഞാൻ മുൻപു പറഞ്ഞ വിശദീകരണംകൊണ്ട് പാവപ്പെട്ട കർഷകത്തൊഴിലാളിയുടെ ഇന്നത്തെ സ്ഥിതി ഈ സഭയിലുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അതുപോലെതന്നെ ഗവണ്മെന്റിനും മനസ്സിലായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അതനുസരിച്ച് ബഹുമാനപ്പെട്ട ഗവണ്മെന്റ് പ്രവർത്തിക്കുമെന്നുള്ള പ്രത്യാശയോടുകൂടി ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെപ്പറ്റി പറയുകയാണെങ്കിൽ ഭാഗികമായി അനുകൂലിക്കയും ഭാഗികമായി പ്രതികൂലിക്കുകയുമാണ് ഞാൻ ചെയ്യുന്നത് എന്നു പറഞ്ഞാൽ തത്വങ്ങളോടു ഞാൻ യോജിക്കുന്നു എങ്കിലും പ്രമേയത്തിന്റെ പ്രായോഗികതയിലേക്കു കടക്കുമ്പോൾ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. സർ, സോഷ്യലിസ്റ്റ് പാർട്ടിയുടെ നയപരിപാടികളെ സംബന്ധിച്ച് ഏതാണ്ടൊരു രൂപം രാജ്യവാസികൾക്ക് അറിയാവുന്നതിനു പുറമെ മുഖ്യമന്ത്രി ഈ സഭയിൽ ഒരു വിശദീകരണം നൽകുകയും ഉണ്ടായി. ഈ നിയമസഭയിൽ അതു് പലതവണ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുമുണ്ട്. സോഷ്യലിസ്റ്റ് പാർട്ടി ഗവണ്മെന്റാണ് ഇവിടെ രൂപമെടുത്തിട്ടുള്ളത് എന്നു വിചാരിച്ച് സംസ്ഥാനത്തുള്ള ലക്ഷോപലക്ഷം ജനങ്ങളുടെ കഷ്ടതകളും ദുരിതങ്ങളും നിമിഷനേരംകൊണ്ട് നിർമ്മാർജ്ജനംചെയ്യാൻ സാധിക്കുമെന്ന് വിചാരിക്കയും വേണ്ടാ, സാധിക്കുന്ന ഒരു കാര്യവുമല്ല. നാട്ടിൽ സുഭിക്ഷത ഉണ്ടാക്കുന്നതിനോ സാമ്പത്തികമായ കഴിവുകൾ പൊടുന്നനവെ വർദ്ധിപ്പിക്കുന്നതിനോ തക്കവണ്ണം അത്ര എളുപ്പം രാജ്യത്ത് ഒരു പരിവർത്തനം ഉണ്ടാക്കാൻ സാധിക്കുന്നില്ല. രാജ്യത്താകമാനമുള്ള ജനങ്ങൾക്ക് ആഹാരസാധനം ഒരുവിധമെങ്കിലും ലഭിക്കണമെന്നു പറഞ്ഞാലതിന്റെ അർത്ഥം എനിക്കു മനസിലാക്കാൻ സാധിക്കും. എന്നാൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക രീതി ആഹാരസാധനങ്ങളെ സംബന്ധിച്ച് അവലംബിക്കണമെന്നു പറയുന്നത് എനിക്കു മനസിലാക്കാൻ സാധിക്കുന്നില്ല. എങ്കിലും തൊഴിലാളികൾക്ക് അവരുടെ അധ്വാനത്തെ പരിഗണിച്ചു കൂലിയും ആഹാരസാധനവും കിട്ടുന്നതിനുവേണ്ടി ഒരന്തരീക്ഷം സൃഷ്ടിക്കേണ്ടതു് അത്യാവശ്യമാണ്. അതിനു എത്ര സമയം

[ശ്രീ. കെ. എ. ശിവരാമഭാരതി]

വേണ്ടിവരുമെന്നുള്ളതു് ഞാൻ പറയാതെതന്നെ ബഹു. മെമ്പറന്മാക്കു് അറിയാവുന്നതാണു്. ൪൦ ശതമാനം ആഹാരസാധനമാണു് ഇന്നു നമ്മുടെ സംസ്ഥാനത്തുനിന്നും വിളയിച്ചെടുക്കാൻ സാധിക്കുന്നതു്. ബാക്കിയുള്ള ൬൦ ശതമാനം ആഹാരസാധനങ്ങൾക്കും നാം പുറരാജ്യങ്ങളെയാണു് അപേക്ഷിച്ചിരിക്കുന്നതു്. മാത്രമല്ല അവർ ചോദിക്കുന്ന വില കൊടുക്കുകയും വേണം. സംസ്ഥാനത്തു ആഹാരസാധന വിതരണം സംബന്ധിച്ചു് വർഷന്തോറും ലക്ഷക്കണക്കിനു രൂപാ നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണു് എന്നു പറഞ്ഞാൽ ഒരു ദിവസത്തെ നഷ്ടം ഒരു ലക്ഷം രൂപായാണെന്നു് തീർത്തു പറയാം. ഈ പരിതസ്ഥിതിയിൽ, ആഹാരസാധനങ്ങൾക്കുവേണ്ടി വൻപിച്ച തുക നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ വിതരണസാധനങ്ങളുടെ വില കുറച്ചുകൂടി കുറയ്ക്കണമെന്നു പറയുന്നതു് എന്തു ഉദ്ദേശത്തോടുകൂടിയാണെന്നു മനസ്സിലാകുന്നില്ല. ഇനിയും വില കുറയ്ക്കുന്നപക്ഷം ഇനിയും കൂടുതൽ നഷ്ടം ഉണ്ടാകാനാണു് ഇടയുള്ളതു്. ഇങ്ങനെ കൂടുതൽ കൂടുതൽ നഷ്ടമുണ്ടാക്കി സംസ്ഥാനത്തെ അപകടത്തിൽ ചാടിക്കുന്നതു് ബുദ്ധിപൂർവ്വമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. പല ബഹുമാന്യ മെമ്പറന്മാരും ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു് അനുകൂലിച്ചു് പ്രസംഗിക്കുകയുണ്ടായി. പ്രസംഗിക്കാൻ ആർക്കും സാധിക്കും. പക്ഷെ പ്രായോഗിക വശത്തേക്കു് കടന്നുചെല്ലുമ്പോൾ മാത്രമേ അവയുടെ ഗുരുലഘുത്വം മനസ്സിലാകയുള്ളു. പ്രമേയത്തെ അനുകൂലിച്ചു് സംസാരിച്ച മെമ്പറന്മാരിൽ ഒരാൾ ബഹു. ചിദംബരനാഥനാടാരാണു്. അദ്ദേഹം പറഞ്ഞിട്ടുള്ളതു് "കഴിഞ്ഞ കാലത്തെ തെക്കൻ തിരുവിതാംകൂറിലെ ഉണക്കുമൂലം ഉണ്ടായിട്ടുള്ള കൃഷിനാശങ്ങളെ സംബന്ധിച്ചു കർഷകക്കു് നേരിട്ടിട്ടുള്ള നഷ്ടത്തെ പരിഹരിക്കുന്നതിനുവേണ്ടി ശ്രീ. ടി. എസ്സ്. രാമസ്വാമി ഒരു പ്രമേയം അവതരിപ്പിക്കയും ആ പ്രമേയത്തിലെ മുഴുവൻ സംഗതികളും അനുവദിച്ചിട്ടില്ലെങ്കിൽ ഭാഗികമായി പ്രമേയത്തെ അന്നത്തെ ഗവണ്മെൻറു് പിൻതാങ്ങുകയും അതനുസരിച്ചു് നടപടി എടുത്തു തുടങ്ങുകയും ചെയ്തിട്ടുണ്ടെന്നും അങ്ങനെ എടുത്തിട്ടുള്ള നടപടികൾക്കുവേണ്ടി ഒരു വൻപിച്ച നഷ്ടം ഗവണ്മെൻറിനു ഉണ്ടായിട്ടുണ്ടെന്നും ഇതൊക്കെ നിസ്സാരകാര്യമായ ഇപ്പോഴത്തെ റേഷൻ വിലയെ അല്പമൊന്നു് കുറയ്ക്കുന്നതിനു് എന്താണു് ഗവണ്മെൻറിനു തടസ്സം എന്നുള്ളതു മനസ്സിലാകുന്നില്ല" എന്നാണു് ശ്രീ. നാടാർ ഇവിടെ പ്രസംഗിച്ചതു്. സർ, അവിചാരിതമായി ഉണ്ടായിട്ടുള്ള ഉണക്കുമൂലം തെക്കൻതിരുവിതാംകൂറിൽ അങ്ങനെയുള്ള വൻപിച്ച കൃഷിനാശവും അതുപോലെതന്നെ കർഷകക്കു് വൻപിച്ച കഷ്ടനഷ്ടങ്ങളും വന്നിട്ടുണ്ടെങ്കിൽ ഗവണ്മെൻറു് അതിൽ ഇടപെടേണ്ടതു് അത്യാവശ്യമാണു്. മാത്രമല്ല സംസ്ഥാനത്തിന്റെ ഏതു ഭാഗത്തായാലും അത്തരം ഒരു പതിതസ്ഥിതി ഇനിമേലും ഉണ്ടാകുന്നതായാൽ ഗവണ്മെൻറു് അതിൽ ഇടപെടുകതന്നെ വേണം. സർ, റേഷൻ സാധനങ്ങൾക്കു് വില കുറയ്ക്കണമെന്നു പറയുന്നതു് ഒരസാധാരണ പരിതസ്ഥിതിമൂലം ഉണ്ടായിട്ടുള്ള കാര്യമല്ല. നേരെമറിച്ചു് സംസ്ഥാനത്തു കൃഷി വർദ്ധിപ്പിക്കാൻ അവശ്യംവേണ്ടിയുള്ള സകല ആനുകൂല്യങ്ങളും ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കേണ്ടതാണെന്നു് പറയുന്നതായാൽ അതു ഒരുവിധം ന്യായീകരിക്കത്തക്കതായിരുന്നു. നമ്മുടെ സംസ്ഥാനത്തു അനവധി സ്ഥലങ്ങൾ കൃഷിചെയ്യാൻ സൗകര്യമില്ലാതെയും മനഃപൂർവ്വം കൃഷി

ചെയ്യാതെയും ഇട്ടിരിക്കുന്നുണ്ടു്. തൃശ്ശൂർ താലൂക്കിൽതന്നെയും. കൃഷിചെയ്യാവുന്ന കുറെ അധികം സ്ഥലങ്ങൾ ഇന്നു് വെറുതെ കിടക്കയാണു്. ആ സ്ഥലങ്ങളിൽ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നടപടികൾ കൈക്കൊള്ളുന്നതായാൽ ഇന്നത്തെ ആഹാരപ്രശ്നത്തെ അല്പമൊന്നു സഹായിക്കാനെങ്കിലും സാധിക്കും. സംസ്ഥാനത്തു് ഭക്ഷണസാധനങ്ങൾ കൃഷിചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതോടുകൂടി ആളുകളുടെ ക്രയശക്തി വർദ്ധിക്കുകയും തദ്വാരാ രാജ്യം സാമ്പത്തികമായി പുരോഗമിക്കയും ചെയ്യുമെന്നാണു് എന്റെ അഭിപ്രായം. ഈ ഗവണ്മെന്റും ഗവണ്മെന്റിന്റെ അനുഭാവികളും ആയി സഹകരിച്ചു് പ്രവർത്തിക്കുന്നതായാൽ ഇതുപോലെ ഒരു പ്രമേയത്തിന്റെ ആവശ്യമേ ഇവിടെ ഉണ്ടാകുകയില്ലായിരുന്നു. രാജ്യതാല്പര്യങ്ങളെ മുൻനിറുത്തിവേണം അതായതു് രാജ്യത്തിന്റെ സമ്പത്തിക കഴിവിനെപുരസ്കരിച്ചുവേണം പ്രവർത്തിക്കാൻ. ഇപ്പോൾ ഉള്ളതിൽനിന്നു് ഭക്ഷണസാധനങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുന്ന ഒരു പരിതഃസ്ഥിതിയുണ്ടാകുന്നതുവരെ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെപ്പററി പരിചിന്തിക്കാൻകൂടി സാധിക്കുമോ എന്നു് തോന്നുന്നില്ല. ആ സ്ഥിതിക്കു് ഈ പ്രമേയത്തിന്റെ അവതരണംതന്നെ ഇപ്പോൾ അസംഗതമാണു്. ഞാൻ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ പ്രമേയത്തെ, അതായതു് ശ്രീ. കരയാളർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ, ഞാൻ ശക്തിയായി പിൻതാങ്ങുന്നു. പിൻതാങ്ങുന്നതോടുകൂടി ഒരു കാര്യം ഗവണ്മെന്റിനെ അനുസ്മരിപ്പിക്കുന്നു. രാജ്യത്തെ ഭൂരിപക്ഷമുള്ള സാധാരണ ജനങ്ങളുടെ അടിയന്തിരപ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ചാണു് ഇവിടെ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു് ആഹാരം മനുഷ്യനു് അത്യന്താപേക്ഷിതവും അനുപേക്ഷണീയവുമാണു്. രാജ്യത്തിലെ അദ്ധ്വാനിക്കുന്ന വിഭാഗങ്ങൾ എന്നു ഞാൻ പറയുമ്പോൾ തന്നെ സോഷ്യലിസ്ററ പാർട്ടിയെ ഈ സഭയിൽ കടന്നുകൂടാനും, അധികാരത്തിൽ ഇരിക്കാനും വേണ്ടി അത്യന്തം പരിശ്രമിച്ച ഒരു കൂട്ടരാണു് അവർ എന്നു മനസ്സിലാക്കണം. നാട്ടിലെ സാധുജനങ്ങൾ ഈ മന്ത്രിസഭയുടെ നേരെ അവരുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കപ്പെടുന്നതിനു് ഉററുനോക്കിക്കൊണ്ടിരിക്കയാണു്. നിശ്ചയമായിട്ടും സാധുജനങ്ങളുടെ ആഹാരകാര്യത്തെ സംബന്ധിച്ചിടത്തോളവും അവർക്കു് അനുകൂലമായ ഒരു നിലപാടു് ഗവണ്മെന്റ സ്വീകരിക്കാത്തപക്ഷം അനന്തരഫലങ്ങൾ എന്താകുമെന്നുള്ളതു് ഗവണ്മെന്റ ഭാഗത്തുനിന്നും ചിന്തിക്കേണ്ടതാണു്. സാധുജനങ്ങളുടെസംരക്ഷണമാണു് സോഷ്യലിസ്ററ പാർട്ടിയുടെ ആദർശമെന്നു് വാദിക്കുന്നു എങ്കിൽ ആ ആദർശത്തെ തികച്ചും പരിപാലിക്കുന്നതിനു് ഈ ഗവണ്മെന്റിനു ഇന്നത്തെ സോഷ്യലിസ്ററ ഗവണ്മെന്റിനു തികച്ചും ബാദ്ധ്യതയുണ്ടു്.

അതുപോലെ തന്നെ ഈ രാജ്യത്തു് ഇന്നു വളരെ അധികം ആളുകൾ
എന്തെങ്കിലും ചില മാററങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നുണ്ടു്. ഈ
4 P.M. പ്രമേയത്തിൽ ഗവണ്മെന്റ് എടുക്കുവാൻ പോകുന്ന നിലയെ
ആശ്രയിച്ചാണു് പൊതുജനങ്ങൾ അവരുടെ പ്രതീക്ഷകൾക്കുരൂപം
നിശ്ചയിക്കുവാൻ പോകുന്നതു്. ശ്രീ. ടി. ഓ. ബാവ ഇവിടെ ഉന്നിപ്പറഞ്ഞതുപോലെ രാഷ്ട്രീയപ്രചരണം എന്നനിലയിലല്ല ഞാനിതു പറ

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള.]

യുന്നതു്. ഈ നിയമസഭയ്ക്കകത്തു് ഒരു സൈഡിൽ കടന്നുകൂടിയിരിക്കുന്ന ബഹുമാനപ്പെട്ട സോഷ്യലിസ്ററ മെമ്പർമാർ ഈരാജ്യത്തെ തൊഴിലാളികൾക്കും കർഷകർക്കും സാധാരണക്കാർക്കും സാരമായ പല വാഗ്ദാനങ്ങളും കൊടുത്തുകൊണ്ടാണു് ഇവിടെ പ്രവേശിച്ചിരിക്കുന്നതു്. അവരുടെ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്തുകൊണ്ടാണു്, മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടാണു്, അവർ ഇവിടെ വന്നിട്ടുള്ളതു്. അതുകൊണ്ടാണു് ജനങ്ങൾക്കു പല പ്രതീക്ഷകളും ഉള്ളതു്. പക്ഷേ, ഇവിടെ നടന്ന പ്രസംഗങ്ങളിൽ ജനങ്ങളുടെ ആ പ്രതീക്ഷകളെ പാടെ തകിടം മറിച്ചിരിക്കുകയാണു്. ഈ പ്രമേയത്തിൽ അവധിയൊന്നും പറഞ്ഞിട്ടില്ല. അതുകൊണ്ടു ആറുമാസം അവധി വേണം; ആറുമാസത്തെ അവധി തന്നാൽ ഇതിനെപ്പററി ആലോചിക്കാമെന്നാണു് പറയുന്നതു്. ഈ രാജ്യത്തു് പട്ടിണി കിടക്കുന്ന ആളുകളോടു് ആറുമാസം കാത്തിരിക്കുക, പട്ടിണി ഇല്ലാതാക്കാം എന്നു പറയുന്നതു് ഒട്ടും ശരിയല്ല. ഞങ്ങൾക്കറിയാം സോഷ്യലിസ്ററ പാർട്ടിഭരണത്തിൻകീഴിൽ കോരനു കഞ്ഞി കുമ്പിളിൽതന്നെയാണെന്നു്. ഒരു യൂണിററ അരിക്കു് ഒരണവില കുറവുവരുത്തുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കുവാൻ സോഷ്യലിസ്ററപാർട്ടി തയ്യാറാവുമോ? അങ്ങിനെ ഒരു പദ്ധതി ഈ രാജ്യത്തു് നടപ്പാക്കാൻ സോഷ്യലിസ്ററ പാർട്ടിക്കു ചങ്കൂറമുണ്ടോ എന്നു് അറിയുവാൻ ഇവിടത്തെ ജനങ്ങൾ കാത്തിരിക്കുകയാണു്.

ഈ നാട്ടിൽ കർഷകൻ ഉല്പാദിപ്പിക്കുന്ന നെല്ല മുഴുവൻ പലമാർഗ്ഗങ്ങളിൽകൂടി തട്ടിയെടുത്തു് രാജ്യത്തു് പട്ടിണി വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്ന വളരെ അധികം ജന്മികൾ ഉണ്ടു്. ഇന്നു് അധികാരത്തിൽ വന്നിരിക്കുന്ന സോഷ്യലിസ്ററ് നേതാക്കന്മാർക്കു് അങ്ങിനെയുള്ള ജന്മികളിൽനിന്നു് അവരുടെ മിച്ചനെല്ലെടുത്തു് പിടിച്ചെടുത്തു് ആഹാരപ്രശ്നത്തിനു പരിഹാരം ചെയ്യുവാൻ കഴിയുമോ എന്നു ചോദിച്ചാൽ അതിനു ആറുമാസം കഴിയട്ടെ എന്നു പറഞ്ഞാൽ അതു സാഹസമാണു്. നിങ്ങൾ അതു ചെയ്യുമെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. ഒരു കാര്യം കൂടി എനിക്കു് ഈ ഗവർമ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ടു്. സോഷ്യലിസ്ററ ഗവർമ്മെൻറ് അരിവില കുറച്ചാൽ, കാർഷികനിയമങ്ങൾ നടപ്പാക്കിയാൽ, അതുകൊണ്ടുള്ള ബനിഫിററ് കമ്മ്യൂണിസ്ററ്പാർട്ടിക്കല്ല ഉണ്ടാകുന്നതു്. സോഷ്യലിസ്ററകക്ഷിക്കു പൊതുജനങ്ങളുടെ പിൻതുണ കൂടുതൽ കിട്ടുന്നതായിരിക്കും. ഈ നാട്ടിലെ ജനങ്ങളുടെ മുൻപിൽ നയവും പരിപാടിയും നിരത്തിവച്ചുകൊണ്ടു് അധികാരത്തിൽ വന്നിട്ടു് ആ നയവും പരിപാടിയും അനുസരിച്ചു പ്രവർത്തിക്കാതിരുന്നാൽ, അതിനു സമയം പോരാ എന്നു പറഞ്ഞാൽ അതിനു മറുപടി ഇവിടത്തെ ജനങ്ങൾ തന്നെ സമാധാനം പറഞ്ഞുകൊള്ളും. അതുകൊണ്ടു് ഈ കാര്യത്തിൽ അടിയന്തിരമായ ആശ്വാസം നൽകുവാൻ വേണ്ട ഏർപ്പാടുകൾ ഗവർമ്മെൻറ ചെയ്യണം. വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി കാൺഗ്രസ്സു് കക്ഷി അധികാരത്തിൽ വന്നതു് ഞാൻ ഓർമ്മിക്കുന്നുണ്ടു്. കഴിഞ്ഞ അസംബ്ലിയിൽ ശ്രീ. കളത്തിൽ വേലായുധൻനായർ ട്രഷറിബെഞ്ചിൽ ഇരിക്കുകയായിരുന്നു. ഇന്നു് അദ്ദേഹം പുറത്തുപോകുന്നതിനു വാതിൽവരെ എത്തിയിരിക്കുകയാണു്. അതുപോലെ ഒന്നാമത്തെയും രണ്ടാ

മത്തെയും സ്ഥാനങ്ങളും ട്രഷറിബെഞ്ചിൽ അലങ്കരിച്ചിരുന്ന മാന്യന്മാർ ഇന്നു പ്രതിപക്ഷത്തിരിക്കുകയാണ്. അതുപോലെയുള്ള ഒരനുഭവം അധികാരത്തിൽ ഇരിക്കുന്നവർക്ക് വരാതിരിക്കണമെങ്കിൽ അവർ വളരെ നല്ല കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കണം. പാവപ്പെട്ടവർക്കുവേണ്ടി അടിയന്തിരാശ്വാസ നടപടികൾ എടുക്കാതെ, പാവപ്പെട്ട ആളുകൾക്ക് അടിയന്തിരമായി കിട്ടേണ്ട നന്മകൾ ചെയ്തു കൊടുക്കാതെ ഒരു സർക്കാരിനും ഇവിടെ നിലനിൽക്കുവാൻ സാദ്ധ്യമല്ല എന്ന് ധാർഷ്ട്യത്തോടെ, ഉറപ്പിച്ചുപറഞ്ഞുകൊണ്ടും, ഈ പ്രമേയത്തെ വീണ്ടും വീണ്ടും ശക്തിയായി അനുകൂലിച്ചുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Minister for Finance (**Shri P. S. Nataraja Pillai**): Sir, I think it is my duty to place before the House some significant facts relating to the resolution under consideration. Inevitably in the circumstances in which we are placed, this problem is intrinsically related to finance. Before I touch upon that aspect, I would invite the pointed attention of my hon. friends to the wording of the resolution itself: "......to open fair price depots, to sell foodgrains at cheap rates......" To me it is a contradiction in terms. By sale through fair price depots, it is subsidized sale that is being envisaged. Can the phrases "cheap rate" and "fair price" go together? Again, if it is fair price depots, is the advantage of it to accrue to the consumer or seller? If it is subsidized sale that is aimed at by the mover of the proposition, the wording ought to be different from the text of the wording as it is. I do not know what exactly the hon. mover has in mind. If the resolution relates to subsidized sale, there are retail foodgrain depots all over the country about which this Government can make a declaration tomorrow itself and call them subsidized sale depots or fair price depots.

Let us take into account the facts that exist in the country today. For our population at 12 ounces ration per head, we require 5.65 lakhs tons of grains. But we have not been able to get that much quantity for some years. We have been purchasing grain at a certain rate and selling at a still lower rate all these years. This is the state of affairs all over the country. We are getting grain from Burma and Siam, and also from internal markets such as Madhya Bharat, Uttar Pradesh, Orissa and other places that are surplus States. I am sure my hon. friends are fully aware of this. Government alone have monopoly in selling the foodgrains. That also is known to all. One thing has to be borne in mind in this context. We have not been able to procure more than 3 lakhs tons per annum at the price demanded for our consumption.

In 1953 we imported 3.73 lakhs tons food grains into this State which is only sufficient to give 6 ounce ration per head,

[Shri P. S. Nataraja Pillai]

The sales were effected at a reduced rate than the purchase rate. There are about 6800 ration shops in the State. From 1947 onwards we are having statutory rationing. What is the implication? Every individual of the State, man or woman, is entitled to demand 6 ounce ration from a Government grain depot and Government has to supply it. That is the significance of statutory rationing. It means that Government must hold in stock such quantity as to enable the distribution of 6 ounce ration per head of population. That way, organisation of 6800 ration depots lie scattered all over the State.

The daily off-take from them is something like 1000 tons of grains. I have already brought to the notice of the House the loss sustained by this State on account of the sale of food grains. It works out to a lakh of rupees per diem. That means, the Government of the day are losing a lakh of rupees per diem to enable it to discharge a liability that has been undertaken by them in the matter of statutory rationing. This Government is today giving rice at a subsidized price. The Government is making available to the people food grains at cheaper rates. Throughout the year 6 ounce ration at least is maintained. It follows therefrom that fair price depots are already functioning in the country, selling grains at cheap rates. My friend evidently wants to convert ration depots of the present day into subsidized sale depots. Even now the Government are losing a lakh of rupees daily in their solicitous endeavour to see that people do not feel the pinch of poverty in respect of foodgrains. We, as well as all the members of this House, do realise the average economic level of our citizens. The average purchasing power, in these days of unemployment and under-employment, is low. In these circumstances, taking into account all these facts the Government have decided to subsidize foodgrains to the tune of a lakh of rupees a day so that the people may live in a tolerably decent condition. To more a resolution of this kind and comparing it, as my friend did, with the resolution introduced last time was to say the least, very unkind, because last time the crop failed when there was failure of monsoon, and famine conditions were prevailing. As a member from that area, representing that constituency with his inherent right to point out the grievances, I brought those facts to the notice of Government. Today our attention is drawn to the fact that Government should immediately open fair price shops throughout the country. This term is a misnomer. A fair price shop must be a shop where undue advantage is not taken by the shopowner. It is not a shop where the price is lower than the cost price,

You say it must be a fair price and at the same time, a cheaper price. Where is the comparison? Cheaper than what? Cheaper than ration rates? If that was so, it would have been reasonable.

Shri K. Sattanatha Karayalar: That is the idea.

Shri P. S. Nataraja Pillai: His resolution does not make that clear. If that was the intention, the wording should have been different.

Then he says the subsidy should be increased by two crores more. To say one day that the subsidy should be two crores, and the next day that it should be doubled to four crores is not very reasonable. The members should have moved the motion on the first occasion. They should have said that the subsidy provided herein the budget is not sufficient. On the other hand, nothing was done to bring this matter up and the Budget was accepted.

Shri M. P. Menon: May I remind the hon. Minister that there was only a Vote on Account and no discussion of policy is allowed on the occasion?

Shri P. S. Nataraja Pillai: With due respect to my hon. friend, I may say that the scheduled cut motions could have been used for this discussion. According to me that would have been a very regular procedure. I do not mean to say that now this House is estopped from reopening that issue, but in fairness to all, this is not a fair way of approaching the problem. We are not here to create public opinion but we are here to discuss. We do not look to the outside here, as a matter of fact, the outside world does not exist for us at the present moment. It is only a discussion between us, the decision alone is a matter which concerns the public. Here we are exchanging our opinions so that we may correct and be corrected. So I earnestly plead to the hon. Members to take into consideration the question whether the procedure they have adopted is fair. Knowing fully well the implications of the budget, and knowing that we have provided two crores of rupees as subsidy, to turn round and ask the executive Government to sustain more loss is a position which you should not take.

Shri M. P. Menon: Is that the only ground on which the Minister is opposing this motion?

Shri P. S. Nataraja Pillai: It is one of the grounds. There is another aspect. In a city if there is rationing in one area, free market conditions in another area, and fair price shops in yet another area, all meant to keep the price at a certain level and to control it

[Shri P. S. Nataraja Pillai]

from soaring too high, that will lead to confusion. Fair price, needless, to say, presupposes fairness in dealing. Conditions react on one another to keep the price economic, both for the seller and the buyer. The seller, who is the producer, is assured a price which is above his economic production rate, a rate fair to the consumer. In the free market, demand controls the price, as this is a scarcity article prices have a tendency to become unfair to the consumer. But here again the fair price shop must control the soaring price. These are the principles of a fair price shop, as I understand it. Here in our State we have statutory rationing and price control. The control policy adopted here is to impose a certain quantity as levy on a graduated slab basis on production. The surplus production is with the producer to sell as he likes. That is how, along with the six ounces of rationed article, we have free movement of the food grains so that the price may be at a fair level. The people can meet their demands in full from this free market at competitive prices. The figures for the last year show that the last year's levy brought in only 19,000 tons. But we are guaranteeing to every citizen of the State a daily ration of six ounces at a price which is the cheapest in India. And from where does the subsidy come in? The subsidy is met from the taxes which the 92 lakhs of our countrymen contribute. It is not A or B who is contributing. It is the national income which subsidizes the ration. That is the point we have to bear in mind when we say that the subsidy must be raised. Now hon. Members will realise the full implications of the resolution. If at any time, you feel that the subsidy must be increased you can do it. But the present method of approach is hardly just to your friends who are carrying on the Government. With these few words, I conclude.

Shri P. Ravindran: Sir, I had sent in a motion under Rule 26.

Mr. Speaker: That will come up at 4. 30.

Shri T. S. Ramaswami: Sir, I want to speak on the resolution.

Mr. Speaker: Yes.

ஸ்ரீ. டி. எஸ். ராமஸ்வாமி : ஸர்—

Mr. Speaker: Order, order. It is now 4. 30. p. m. and the House will proceed to the discussion under Rule 26. Mr. Ravindran,

Discussion under Rule 26 *re* Handloom Industry.

ശ്രീ. പി. രവീന്ദ്രൻ: ൧൯൫൮ മാർച്ചുമാസം ൨൬-ാം൹ ൫-ാംനമ്പർ ചോദ്യത്തിന് ഉത്തരം പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി കൈത്തറിവ്യവസായം ഉദ്ധരിക്കുന്നതിനുള്ള പദ്ധതിയുടെ ഒരു അവ്യക്തരൂപം ഈ സഭയ്ക്കു നൽകുകയുണ്ടായി. വളരെ അവ്യക്തമായ ചിത്രമായിരുന്നു അതു്. ആ പദ്ധതിയെപ്പററി പഠിച്ചിടത്തോളം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞ പോരായ്മകൾ ചൂണ്ടിക്കാണിക്കുവാനും സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാണ് ൨൬-ാം റൂൾ അനുസരിച്ചുള്ള ഒരു ചർച്ചയ്ക്ക് ഞാൻ അനുവാദം ആവശ്യപ്പെട്ടതു്. അങ്ങു് സന്മനസ്സോടുകൂടി അനുവദിക്കുകയും ചെയ്തു.

സർ, നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികവും വ്യാവസായികവുമായ സംവിധാനത്തിൽ കൈത്തറിനെയ്ത്തിന് സുപ്രധാനമായ ഒരു സ്ഥാനമുണ്ടു്. ഈ വ്യവസായത്തിനു മാന്ദ്യം നേരിട്ടിട്ടു് വർഷങ്ങൾ പലതു കഴിഞ്ഞു. ഭാരതത്തിൽ ഒട്ടാകെ ഈ വ്യവസായത്തെ പരിപോഷിപ്പിക്കണമെന്നുള്ള മുറവിളി ഉയർന്നുവന്നു. നെയ്ത്തുകാർ നിരന്തരമായി നടത്തിയ പ്രക്ഷോഭണത്തിന്റെ ഫലമായി ഈ വ്യവസായത്തെ പോഷിപ്പിക്കുന്നതിനായി കേന്ദ്രഗവണ്മെൻറ് ഒരു ഫണ്ടു് ഉണ്ടാക്കുവാൻ തീരുമാനിച്ചു. മിൽതുണികൾക്ക് യാർഡിന് മൂന്നു പൈസ എന്ന കണക്കിനു ഒരു സെസ്സ് ഏർപ്പെടുത്തി. അങ്ങിനെ ൫ കോടി രൂപയോളം സെസ്സ് ഫണ്ടു് പിരിച്ചിട്ടുള്ളതിൽ രണ്ടുകോടി എൺപത്തിനാലായിരത്തിൽ പരം രൂപ ഇതിനകം സ്റ്റേററുകൾക്കായി വിതരണം ചെയ്തുകഴിഞ്ഞു. അക്കൂട്ടത്തിൽ ഒൻപതുലക്ഷത്തിഎഴുപത്തിമൂവായിരം രൂപ തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനും ലഭിച്ചിട്ടുണ്ടു്. ഈ തുക വാസ്തവത്തിൽ നമ്മുടെ സംസ്ഥാനത്തിനു ന്യായമായി കിട്ടേണ്ടതിൽ വളരെ കുറവാണെന്നുള്ളതാണ് എനിക്ക് ആദ്യമായി പറയുവാനുള്ളതു്. ഓരോ സ്റ്റേററിലും ചെലവായിക്കൊണ്ടിരുന്ന നൂലിന്റെ അടിസ്ഥാനത്തിലാണ് സെസ്സ് ഫണ്ടു് വീതിച്ചിട്ടുള്ളതു്. മുമ്പു് രണ്ടായിരത്തിഅഞ്ഞൂറ ബെയിൽ നൂലു് വരെ ഈ സംസ്ഥാനത്തു ചെലവായിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അതു നാനൂറും അഞ്ഞൂറും ബെയിൽ നൂലുവരെയായി കുറഞ്ഞിട്ടുണ്ടു്.

മുമ്പു ചെലവായിക്കൊണ്ടിരുന്ന നൂലിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തിനു കിട്ടുവാനുള്ള തുകയ്ക്കുവേണ്ടി കേന്ദ്രഗവണ്മെൻറിനോടു നിവേദനം നടത്തണമെന്നാണ് വ്യവസായവകുപ്പു മന്ത്രിയോടു ഞാൻ ആവശ്യപ്പെടുന്നതു്.

സഹകരണസംഘങ്ങളിൽക്കൂടി നെയ്ത്തുകാർക്കു സഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്നതു്. എന്നാൽ ഫാക്ടറികളിൽ നെയ്യുന്ന തൊഴിലാളികൾക്ക് ഈ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുള്ളതും നാം കാണേണ്ടതാണ്. ഈ പദ്ധതിയുടെ ഒരു ഏകദേശരൂപം ഈ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. സഹകരണസംഘത്തിൽ ഓഹരി എടുക്കുന്ന ഒരു നെയ്ത്തുകാരന് ൨൦ രൂപ ഓഹരി നിശ്ചയിച്ചിട്ടുള്ളതിൽ ൧൫ രൂപ

[ശ്രീ. പി. രവീന്ദ്രൻ.]

വായ്പയായിട്ടു കൊടുക്കുന്നതിന് ഒരു ലക്ഷത്തിഅൻപതിനായിരം രൂപയും കൈത്തറിത്തുണി റീട്ടയിലായി വാങ്ങുന്നവർക്ക് രൂപയ്ക്കു് ഒന്നര അണ എന്ന നിരക്കിൽ ഇളവു് (റിബെററ്) നൽകുന്നതിനു സഹായധനമായി രണ്ടുലക്ഷം രൂപയും ൫൦൦൦ ഒടത്തറികൾ ഷട്ടിൽത്തറികളായി മാററുന്നതിന് സഹായധനമായി ഒരുലക്ഷത്തിഇരുപത്തിഅയ്യായിരം രൂപയും, ൨൦ പുതിയ മാർക്കററിങ്ങ് ഡിപ്പോകൾ സ്ഥാപിക്കുന്നതിന് അമ്പതിനായിരം രൂപയും, ഒരു വാൻ വാങ്ങുന്നതിനു മുപ്പത്തിമൂവായിരം രൂപയും, പ്രസിദ്ധീകരണത്തിനും പ്രചരണങ്ങൾക്കുമായി ൫൦൦൦ രൂപയും, സഹകരണസംഘങ്ങളുടെ പ്രവൎത്തനമൂലധനത്തിനു വായ്പ നൽകുന്നതിനായി നാലു ലക്ഷം രൂപയും അങ്ങിനെ മൊത്തത്തിൽ ഒൻപതുലക്ഷത്തിഎഴുപത്തിമൂവായിരം രൂപയുടെ ഒരു പദ്ധതിയാണ് കേന്ദ്രഗവണ്മെൻറ് ഇപ്പോൾ ആസൂത്രണം ചെയ്തിരിക്കുന്നതു്. വളരെ വൈകിയിട്ടാണെങ്കിലും ഇങ്ങനെ ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നതു് ആശാവഹമാണു്. ഈ പദ്ധതിയെ അപ്പാടെ ഞാൻ എതിൎക്കുകയല്ല. ഞാൻ അതിനെ ഭാഗികമായി പിന്താങ്ങുന്നു. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട പോരായ്മകൾ ചൂണ്ടിക്കാണിക്കുവാനും സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുമാണ് ഞാൻ ശ്രമിക്കുന്നതു്.

ഈ സംസ്ഥാനത്തു് ഏകദേശം എൺപത്തീരായിരത്തിഇരുനൂററിഅമ്പത്തു തറികളുണ്ടു്. ഇതു മദ്രാസിലുള്ള തറികളുടെ മൂന്നിലൊന്നാണു്. അങ്ങിനെ നോക്കുമ്പോൾ മദ്രാസിനു കിട്ടുന്ന തുകയുടെ മൂന്നിലൊന്നു് ഈ സംസ്ഥാനത്തിനു ന്യായമായി ലഭിക്കേണ്ടതാണു്. പക്ഷെ മദ്രാസിനു നീക്കിവച്ചിട്ടുള്ള തുകയുടെ പത്തിലൊന്നു മാത്രമെ നമുക്കു കിട്ടുന്നുള്ളു. മൂന്നിലൊന്നു തറികളുണ്ടെങ്കിലും പത്തിലൊന്നു തുക മാത്രമാണു നമുക്കു കിട്ടിയിരിക്കുന്നതു്. അതുകൊണ്ടു വ്യവസായവകുപ്പുമന്ത്രി നമുക്കുവേണ്ടി കൂടുതൽ തുക കേന്ദ്രഗവണ്മെൻറിൽനിന്നും ആവശ്യപ്പെടേണ്ടതാകുന്നു എന്നാണ് എൻെറ അഭിപ്രായം.

ഈ പദ്ധതിയുടെ ഏററവും വലിയ പോരായ്മയായി എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് നെയ്ത്തുകാരനു് സ്ഥിരമായ ജോലിയും നിശ്ചിതമായ കൂലിയും ഈ പദ്ധതിയിൽ വാഗ്ദാനം ചെയ്യുന്നില്ല എന്നുള്ളതാണു്. സ്ഥിരമായ ജോലിയും നിശ്ചിതമായ കൂലിയും നെയ്ത്തുകാരനു് ലഭിക്കണമെന്നുള്ളതാണു് ഈ പദ്ധതിയുടെ ലക്ഷ്യമെങ്കിൽ, അതിനു് അതു തികച്ചും അപര്യാപ്തമാണെന്നാണു് എൻെറ അഭിപ്രായം. നെയ്ത്തുകാരൻ ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ സഹകരണസംഘങ്ങൾ വാങ്ങിക്കൊള്ളാമെന്നു ഉറപ്പില്ല. സഹകരണസംഘങ്ങളിൽ ശേഖരിക്കുന്നതായ കൈത്തറിത്തുണികൾ മുഴുവനും ഇവിടത്തെ കേന്ദ്രസഹകരണസംഘങ്ങൾ ഏറെറടുക്കുമെന്നുള്ളതിനും വ്യക്തമായ ഉറപ്പില്ല. അങ്ങനെ യാതൊരു ഉറപ്പും ഇല്ലാതിരിക്കുന്ന കാലത്തോളം ഈ പദ്ധതി നെയ്ത്തുകാൎക്ക് പ്രയോജനപ്പെടുമെന്നു എനിക്കു വിശ്വാസമില്ല. ഗവണ്മെൻറിൽനിന്നും കിട്ടുന്ന സഹായംകൊണ്ടു് നൂൽ വാങ്ങി നെയ്ത്തുകാർ നെയ്തുണ്ടാക്കുന്ന കൈത്തറിത്തുണികൾ സഹകരണസംഘങ്ങൾ ഏറെറടുക്കാതെ

യാതൊരു നിവൃത്തിയുമില്ല. അങ്ങനെ നെയ്ത്തുകാരനെ സഹായിക്കുന്നതിനുള്ള യഥാർത്ഥമായ ഒരു ഉറപ്പ് ഈ പദ്ധതിയിൽ ഉള്ളതായി എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. നെയ്ത്തുകാരൻ ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ പ്രൈമറി സൊസൈററികൾ വാങ്ങുമെന്നും, പ്രൈമറി സൊസൈററികൾ ശേഖരിക്കുന്ന വസ്ത്രങ്ങൾ കേന്ദ്രസഹകരണസംഘങ്ങൾ എടുക്കുമെന്നും ഒരു പക്ഷെ ഒരു ധാരണയുണ്ടായിരുന്നാൽത്തന്നെയും കൈത്തറിവസ്ത്രങ്ങൾക്കു കമ്പോളമില്ലാതിരിക്കുന്നിടത്തോളംകാലം ആ ധാരണ അസ്ഥാനത്തിലാകാനേ തരമുള്ളൂ. ഒടുവിൽ മാർക്കററുണ്ടാകുന്നതിന് സാധിക്കാതെ വരികയും തൻമൂലം നെയ്ത്തുകാർക്കു തൊഴിലില്ലാതാകുകയും ചെയ്യുന്നതാണ്. കൈത്തറിവസ്ത്രങ്ങൾക്കു കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പ്രായോഗികമായ പരിപാടികളൊന്നും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ട് എനിക്കു ഒരു നിർദ്ദേശമായിട്ടു പറയാനുള്ളത് ഈ പദ്ധതിയനുസരിച്ചു പ്രൈമറി സൊസൈററികളിൽ ചേരുന്ന നെയ്ത്തുകാർ ഉല്പാദിപ്പിക്കുന്ന കൈത്തറിത്തുണികൾ വാങ്ങിക്കൊള്ളാമെന്ന് പ്രൈമറി സൊസൈററികളും, പ്രൈമറി സൊസൈററികളിൽനിന്ന് അതു ഏറെറടുക്കാമെന്ന് സെൻട്രൽ സൊസൈററികളും ഉറപ്പു നൽകണമെന്നാണ്.

നെയ്ത്തുകാരന് നിശ്ചിതമായ ഒരു കൂലി ലഭിക്കുമെന്നുള്ളതിനും ഈ പദ്ധതിയിൽ ഉറപ്പു കാണുന്നില്ല. നെയ്ത്തുകാരൻ വസ്ത്രങ്ങൾ നെയ്തുകൊണ്ടുവന്നാൽ, അവന്റെ ജോലിക്കനുസരണമായി ജീവിക്കാൻ മതിയായ കൂലി ലഭിക്കേണ്ടതാണ്. എന്നാൽ ന്യായമായ കൂലി കിട്ടുന്നതിനുള്ള ഒരു വ്യവസ്ഥ ഈ പദ്ധതിയിൽ കാണുന്നില്ല. അതുകൊണ്ട് ന്യായമായ കൂലി ലഭിക്കുന്നതിന് ഏർപ്പാടു ചെയ്യേണ്ടതാണ്. എനിക്ക് ഇതു സംബന്ധിച്ചു പറയാനുള്ളതു കൂലി നിശ്ചയിക്കുന്നതിന് ഒരു കമ്മിററി രൂപീകരിക്കണമെന്നാണ്. നിശ്ചിതമായ കൂലി നെയ്ത്തുകാരനു ലഭിക്കാതെ വന്നാൽ, നെയ്ത്തുവ്യവസായം തുടർന്നു നടത്താൻ അവനു കഴിയാതെ വരും. അങ്ങനെ വരുമ്പോൾ ഇന്ന് നെയ്ത്തുകാരനു സഹകരണസംഘങ്ങൾ മുഖാന്തരം നൽകുന്ന സഹായധനം അവനിൽനിന്ന് ഈടാക്കാൻ കഴിയാതെ വരും. സിവിൾകേസുമൂലമേ തുകകൾ ഈടാക്കാൻ കഴിയൂ എന്ന ഒരവസ്ഥയുണ്ടാകും. അങ്ങനെ ഈ പദ്ധതി പരാജയപ്പെടുകയും ചെയ്യും.

പ്രസിദ്ധീകരണത്തിനും, പ്രചരണത്തിനും വേണ്ടി ൫൦൦൦ രൂപ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. "കൈത്തറിവസ്ത്രങ്ങൾ വാങ്ങി നെയ്ത്തുകാരനെ പ്രോത്സാഹിപ്പിക്കുക" "കൈത്തറി വ്യവസായത്തെ സഹായിക്കുക" മുതലായ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടു വലിയ പ്രയോജനമുണ്ടാവുകയില്ല. പ്രസിദ്ധീകരണവും പ്രചരണവും കൊണ്ടുമാത്രം ഈ വ്യവസായത്തിന് അഭിവൃദ്ധിയുണ്ടാകുമെന്ന് എനിക്കു വിശ്വാസമില്ല. എത്ര വാചാലമായ പ്രസംഗങ്ങൾ ചെയ്താലും എത്ര വിപുലമായ പ്രചരണപ്രസിദ്ധീകരണങ്ങൾ നടത്തിയാലും പ്രതീക്ഷയ്ക്കു അനുസരിച്ചു പ്രയോജനം ഉണ്ടാവുകയില്ല. തീപ്പെട്ടിയുടെ പുറത്തു "കൈത്തറിവ്യവസായത്തെ പ്രോത്സാഹിപ്പിക്കുക", "കൈത്തറിവസ്ത്രങ്ങൾ ധരിക്കുക", മുതലായ പരസ്യങ്ങൾ ഒട്ടിക്കുവാൻ ഒരു പദ്ധതിയുള്ളതായി കേട്ടു. അതിന്റെ പ്രയോജനത്തിലും ഞാൻ സംശയാലുവാണ്.

[ശ്രീ. പി. രവീന്ദ്രൻ]

ഈ മിൽത്തുണികളുമായുള്ള മാത്സര്യത്തിൽ കൈത്തറിത്തുണികൾക്ക് അതിജീവിക്കണമെങ്കിൽ, അവ ഭംഗിയും മേന്മയും, ആകർഷകത്വവും ഉള്ളതായിരിക്കണം. നാടൻവസ്ത്രങ്ങൾ ആകർഷകമാക്കുന്നതിന് ഒരു ബ്ലീച്ചിംഗും, കലണ്ടറിങ്ങും പ്ലാൻറ് ഉടനെ സ്ഥാപിക്കുവാൻ ഏർപ്പാടു ചെയ്യേണ്ടതാണ്. കൈത്തറിത്തുണി വാങ്ങുവാൻ ചെല്ലുന്ന ഒരു ഉപഭോക്താവ് വിരൽകൊണ്ടു തുണി സ്പർശിച്ചുനോക്കിയിട്ട് അതിന്റെ പരുപരുത്ത ഇഴകൾ കണ്ടു് അസംതൃപ്തനായി മടങ്ങുകയാണു പതിവ്. ഈ ന്യൂനത പരിഹരിക്കുന്നതിന് ഒരു കലണ്ടറിംഗ് പ്ലാൻറ് സ്ഥാപിക്കേണ്ടതാണ്. മദ്രാസ് ഗവർമെൻറ് അങ്ങനെ ചെയ്യുന്നുണ്ടു്. സാങ്കേതികപരിജ്ഞാനമുള്ള ഒരാളുമായി ഇക്കാര്യത്തെപ്പററി ഞാൻ സംസാരിച്ചതിൽ ഒന്നരലക്ഷം രൂപയുണ്ടെങ്കിൽ ഒരു കലണ്ടറിംഗ് ആൻറ ബ്ലീച്ചിംഗ് പ്ലാൻറ് വാങ്ങിക്കാൻ കഴിയുമെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇതേക്കുറിച്ചു് ആലോചിക്കുമെന്നു ഞാൻ ആഗ്രഹിക്കുന്നു. പുതിയ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒൻപതു ലക്ഷത്തിഎഴുപത്തിമൂവായിരം രൂപ സെസ്സ് ഫണ്ടിൽനിന്നു മാത്രമാണെന്നും ഈ രാജ്യത്തിന്റെ കോപ്പാട്ടം ആയി ഒരൊററക്കാശു പോലും അതിൽ ഇട്ടിട്ടില്ലെന്നും നാം മനസ്സിലാക്കേണ്ടതാണ്. ട്രഷററിന്റെ വകയായി ഒരു തുക സംഭാവന ചെയ്യണമെന്നും, ആ തുക കൊടുത്തെങ്കിലും ഒരു പ്ലാൻറ വാങ്ങാൻ നമുക്കു കഴിയുമെന്നുമാണ് എന്റെ അഭിപ്രായം. ഗവണ്മെൻറിന്റെ കോപ്പാട്ടുകൂടി ഉൾപ്പെടുത്തി ഈ പദ്ധതിയുടെ തുക വർദ്ധിപ്പിക്കേണ്ടതാണ്. ഈ പദ്ധതിയുടെ ഒരു പ്രധാനമായ ന്യൂനതകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സെസ്സ് ഫണ്ട് എത്ര കാലം നിലനിൽക്കുമെന്ന് പ്രവചിക്കുക സാദ്ധ്യമല്ല. ഈ സെസ്സ് ഫണ്ട് അനസ്യൂതമായ സാമ്പത്തികസഹായത്തിന്റെ ഉറവയായിരിക്കുമെന്നു കരുതുന്നതു് അപകടമാണ്.

ഇന്ന് ഇൻഡ്യയിലെ ടെക്സ്റ്റയിൽ വ്യവസായം ഏററവും വലിയ ഒരു സ്തംഭനാവസ്ഥയെ അഭിമുഖീകരിക്കുകയാണ്. പല ടെക്സ്റ്റയിൽ മില്ലുകളും ഇന്നു പൂട്ടിയിടുന്നുണ്ടു്. പ്രതിവർഷം ൫൦൦ കോടി വാരത്തുണിയോളം ഉല്പാദിപ്പിക്കുന്ന ഇൻഡ്യയിലെ മില്ലുകളിൽ പലതും ഇന്ന് അമിതോല്പാദനം മൂലം പൂട്ടിയിടുന്നതായി നാം കാണുന്നുണ്ടു്. ജനങ്ങളുടെ ക്രയശക്തി നശിച്ചതുമൂലവും ശരിയായ കമ്പോളങ്ങൾ ഇല്ലാത്തതുകൊണ്ടും മില്ലുകൾ അടയ്ക്കപ്പെടുന്ന ഈ ഘട്ടത്തിൽ മിൽത്തുണികളിൽനിന്നും ഈടാക്കപ്പെടുന്ന സെസ്സ് ശാശ്വതമാണെന്നു കരുതുന്നതു് അപകടകരമാണ്. വാരയ്ക്കു കാലണ എന്ന നിരക്കിൽ മിൽത്തുണികളുടെ മേൽ നികുതി ചുമത്തി ഈടാക്കുന്ന തുക മിൽത്തുണികളുടെ മാർക്കററ് നഷ്ടപ്പെടുമ്പോൾ കുറഞ്ഞുവരുമെന്നു നമുക്കു കാണാം. സെസ്സ് ഫണ്ട് വർദ്ധിക്കുമെന്നു തൻമൂലം വിശ്വസിക്കുവാൻ ന്യായം കാണുന്നില്ല. മിൽത്തുണികളിൽനിന്നും സെസ്സ് ഈടാക്കുന്നതിൽ പ്രതിഷേധമുള്ള മില്ലുടമകൾ കൈത്തറിവ്യവസായത്തെ സ്തംഭിപ്പിക്കുവാൻവേണ്ടി ഈ പദ്ധതിയെ പരാജയപ്പെടുത്താൻ ശ്രമിക്കും. കുറഞ്ഞ വിലയ്ക്കു് നൂലു നെയ്ത്തുകാരനു ആവശ്യമുള്ള സമയത്തു നൽകുവാൻ മില്ലുടമകൾ വിസമ്മതിച്ചേയ്ക്കും. അതുകൊണ്ടു് ഈ രാജ്യത്തു കൈത്തറിവ്യവസായം സ്ഥിരമായി വളരണമെന്നു

ണ്ടെങ്കിൽ നെയ്ത്തുകാർക്ക് ആവശ്യമുള്ള നൂൽ ന്യായമായ വിലയ്ക്കു യഥാവസരം ലഭിക്കുന്നതിന സൌകര്യമുണ്ടാകണം. അതിനുവേണ്ടി ഒരു സ്പിന്നിംഗ് മിൽ ഈ സംസ്ഥാനത്തു സ്ഥാപിക്കേണ്ടതാണ്. മദ്രാസ് ഗവണ്മെൻറ് അങ്ങനെ ഒരു സ്പിന്നിംഗ്മിൽ സ്ഥാപിക്കുന്നതിന പത്തുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഒരു സ്പിന്നിംഗ്മിൽ സ്ഥാപിക്കുന്നപക്ഷം നെയ്ത്തുകാർക്കു കുറഞ്ഞ വിലയ്ക്കു നൂൽ നൽകുവാൻ നമുക്കു കഴിയും. പുതിയ പദ്ധതി വിജയിക്കണമെങ്കിൽ ഇതു നാം ചെയ്യേ മതിയാവൂ. കൈത്തറി വ്യവസായം പരിപൂർണ്ണമായി നിമ്മജ്ജനം ചെയ്യപ്പെട്ടുപോകാതിരിക്കാൻ അടിയന്തിരമായി നാം ശ്രദ്ധിക്കണം.

അതുപോലെതന്നെ, റിബേററ് നൽകുന്നതിന സഹായധനമായി രണ്ടു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു് അഞ്ചോ അതിൽകൂടുതലോ രൂപയ്ക്കു് തുണി റിട്ടെയിലായി വാങ്ങുമ്പോൾ രൂപയ്ക്കു് ഒന്നര അണ റിബേററ് കൊടുക്കണമെന്നാണ്. അഞ്ചിൽ കുറഞ്ഞ തുകയ്ക്കു തുണി വാങ്ങുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഇതു സംബന്ധിച്ചു എനിക്ക് ധനകാര്യമന്ത്രിയോടു പറയാനുള്ളതു് ഇങ്ങനെ റിബേററ കൊടുക്കുന്നതു് ഒരു രൂപയ്ക്കും, ഒന്നര രൂപയ്ക്കുമൊക്കെ തുണി വാങ്ങുന്ന ആളുകൾക്കും പ്രയോജനപ്പെടത്തക്കവിധം വേണ്ട ഭേദഗതികൾ പദ്ധതിയിൽ വരുത്തണമെന്നാണ്. മദ്രാസ് ഗവണ്മെൻറ് ഭേദഗതി വരുത്തിയിട്ടുണ്ട്. ആ മാതൃക ഈ ഗവണ്മെൻറ് സ്വീകരിക്കണമെന്നാണ് എൻെറ അഭിപ്രായം.

ഈ പദ്ധതിയെക്കുറിച്ച് എനിക്ക് അടുത്തതായി ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണ്. സഹകരണസംഘങ്ങളിൽ ഓഹരിയെടുക്കുന്നതിന നെയ്ത്തുകാരന് പതിനഞ്ചു രൂപയും, സഹായധനമായി നാല്പതുരൂപയും വായ്പയായി ഈ പദ്ധതിയനുസരിച്ച് നൽകുന്നുണ്ട്. ഈ തുക ഇടയ്ക്കുനിന്നു് തട്ടിയെടുക്കുന്നതിനുള്ള ഒരു ഗൂഢശ്രമം ഇപ്പോൾ നടക്കുന്നുണ്ട്. ഇന്നു നെയ്ത്തുകാരില്ലാത്ത നെയ്ത്തുകാരുടെ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. എൻെറ നിയോജക മണ്ഡലത്തിൻെറ ഒരു ഭാഗമായ ചാത്തന്നൂർതന്നെ അവിടത്തെ കോൺഗ്രസ്സ് മണ്ഡലം പ്രസിഡൻറിൻെറ മേൽനോട്ടത്തിൽ ഒരു സഹകരണസംഘം വ്യാജമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവിടത്തെ മററുചില കോൺഗ്രസ്സ് പ്രവർത്തകർ യഥാർത്ഥ നെയ്ത്തുകാരില്ലാത്ത മൂന്നു സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുവാൻ അപേക്ഷിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിൽ വാസ്തവത്തിൽ നെയ്ത്തുകാരനില്ല. യഥാർത്ഥ നെയ്ത്തുകാരൻ സഹകരണസംഘം രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷയുമായി ചെല്ലുമ്പോൾ നേരത്തെതന്നെ ആ പ്രദേശത്തെ ഉൾപ്പെടുത്തി സൊസൈററി രജിസ്റ്റർചെയ്തുപോയി എന്നു പറഞ്ഞു ആഫീസിൽനിന്നും മടക്കി അയയ്ക്കുന്നുണ്ട്. ഓവർലാപ്പിംഗ് വരുമെന്നുള്ള കാരണംപറഞ്ഞാണ് യഥാർത്ഥ നെയ്ത്തുകാരൻെറ അപേക്ഷകൾ നിരസിക്കപ്പെടുന്നതു്. അപ്പോൾ യഥാർത്ഥമായ നെയ്ത്തുകാരൻെറ സഹകരണസംഘങ്ങൾ സ്ഥാപിക്കുവാൻ സാദ്ധ്യമാകുന്നില്ല. പാവപ്പെട്ട നെയ്ത്തുകാരന്നു കിട്ടേണ്ട തുക ഇടയ്ക്കുനിന്നു തട്ടിക്കൊണ്ടുപോകാനുള്ള ഇത്തരം കുടിലതന്ത്രങ്ങളെ കർശനമായി തടയണമെന്നാണ് എനിക്കു വ്യവസായവകുപ്പു മന്ത്രിയോടു പറയാനു

[ശ്രീ. പി. രവീന്ദ്രൻ.]

ള്ളതു്. ഇന്നു നമ്മുടെ മുമ്പിലുള്ള പദ്ധതിയിൽ കേന്ദ്രഗവൺമെന്റ് പഴയ സഹകരണസംഘങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഒരു ചോദ്യത്തിനുത്തരമായി വ്യവസായവകുപ്പുമന്ത്രി പറയുകയുണ്ടായി, പഴയ സഹകരണസംഘങ്ങളെയും ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കാമെന്നു്. അവയുടെ ബൈലാകൾ ഭേദഗതി ചെയ്തുകൊണ്ടു് അപേക്ഷിക്കുന്നപക്ഷം പുതിയ രജിസ്ട്രേഷൻ നൽകുവാൻ ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നു. പഴയ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെപ്പററി ഗുരുതരങ്ങളായ പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. സൊസൈററി വക പണം അപഹരിച്ചിട്ടുള്ളതായി അതിന്റെ പ്രവർത്തകന്മാരുടെപേരിൽ ആരോപണങ്ങൾ ധാരാളമുണ്ടായിട്ടുണ്ടു്. ഒരു സൊസൈററിയുടെ സെക്രട്ടറി ആറായിരം രൂപ അപഹരിച്ചതിനു് ഒരു കേസ്സു് ഇന്നും നെയ്യാററിൻകരയിൽ നടക്കുന്നുണ്ടു്. അങ്ങനെ സംശയകരമായ ഭൂതകാലചരിത്രങ്ങളുള്ള പഴയ സൊസൈററികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതു് അപകടകരമാണെന്നാണു് എന്റെ അഭിപ്രായം. കേന്ദ്രഗവൺമെന്റ് പഴയ സൊസൈററികളെ ഉൾപ്പെടുത്തിയിരുന്നില്ലെന്നുള്ളതു് പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. ഈ പദ്ധതി നെയ്ത്തുകാർക്കു സഹായകമായിത്തീരണമെന്നുണ്ടെങ്കിൽ യഥാർത്ഥനെയ്ത്തുകാരന്റെ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണു്. ഈ പദ്ധതിയിൽക്കൂടി ഇപ്പോൾ പതിനായിരം നെയ്ത്തുകാർക്കാണു് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അതു നെയ്ത്തുകാരനുതന്നെ കിട്ടാൻ വ്യവസ്ഥ ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്. വ്യാജരജിസ്ട്രേഷനെപ്പററി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനോടു ഞാൻ സംസാരിക്കുകയുണ്ടായി. സൊസൈററികൾ സന്ദർശിച്ചു് തറികളുള്ള നെയ്ത്തുകാരനുമാത്രമേ പണം കൊടുക്കുകയുള്ളു എന്നു പറയുകയുണ്ടായി. പക്ഷേ അതിലും ഒരു വലിയ തകരാറുണ്ടു്. പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥൻ വരുമ്പോൾ എവിടെനിന്നെങ്കിലും ഒരു തറി എടുത്തുകൊണ്ടുവന്നു കാണിക്കും. ആ ഉദ്യോഗസ്ഥനെ പ്രലോഭിപ്പിക്കുവാനും, സ്വാധീനപ്പെടുത്തുവാനും നിഷ്പ്രയാസം സാധിച്ചുവെന്നും വരാം. തറികൾ പരിശോധിക്കുന്നതിനു് ഇരുപതു സൂപ്പർവൈസർമാരെ നിയമിക്കണമെന്നു സ്പെഷ്യലാഫീസ്സർ ശുപാർശചെയ്തിട്ടും ഗവൺമെന്റ് ആ ശുപാർശ തള്ളിക്കളഞ്ഞതായിട്ടാണു് അറിയുന്നതു്. പരിശോധിക്കാൻ ഉദ്യോഗസ്ഥന്മാരില്ലെങ്കിൽ പദ്ധതി വിജയിക്കുമോ എന്നു എനിക്കു സംശയമുണ്ടു്. വ്യാജരജിസ്ട്രേഷൻ തടയുന്നതിനു് ഒരു പരിഹാരമാർഗ്ഗം എനിക്കു നിർദ്ദേശിക്കുവാനുണ്ടു്. അതാതു സ്ഥലത്തുള്ള നെയ്ത്തുതൊഴിലാളിസംഘടനകളോടും, അവിടത്തെ പഞ്ചായത്തിനോടും ആലോചിച്ചു് അഭിപ്രായം ആരാഞ്ഞിട്ടുവേണം സൊസൈററികൾ രജിസ്റ്റർ ചെയ്യുവാൻ. ഈ പദ്ധതി നടപ്പിൽവരുത്തുന്നതിനു് ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ കീഴിൽ രണ്ടോ മൂന്നോ ക്ലാർക്കന്മാരുമുണ്ടു്. ആവശ്യമുള്ള സ്റ്റാഫില്ലാത്തതുകൊണ്ടു് രജിസ്ട്രേഷൻ ജോലികൾക്കു വലിയ താമസം നേരിടുന്നുണ്ടു്. പല സ്ഥലങ്ങളിൽനിന്നും തിരുവനന്തപുരത്തു് എത്തീട്ടുള്ള ആളുകൾ സൊസൈററികൾ രജിസ്റ്റർ ചെയ്യുവാൻ താമസം നേരിടുന്നതുകൊണ്ടു് വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നു. വളരെയധികം ജോലി നടത്തേണ്ടതായ ഈ ആഫീസിനു്

